
# അരങ്ങു കാണാത്ത നടൻ

തിക്കോടിയൻ



# അരങ്ങു കാണാത്ത നടൻ

തിക്കോടിയൻ

SAYAHNA FOUNDATION

**Arangu kāṇātta naṭan** (അരങ്ങു കാണാത്ത നടൻ)
(Malayalam: memoir)
Thikkodiyan

Sayahna digital edition published in 2022.

Copyright © 2022, M. Pushpakumari

These electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *Archangel* (1938), by Paul Klee (1879–1940). The image has been taken from Wikimedia Foundation and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 അണിയറ . . . . . 1
2 കേളപ്പജിയുടെ നാടകം . . . . . 7
3 ഭാഗവതരെ കട്ട കേസ്സ് . . . . . 13
4 ഇരമ്പിയ ഒരു നാടകം . . . . . 19
5 ചക്കളത്തിപ്പോരാട്ടം . . . . . 24
6 അന്നത്തെ നാടകം . . . . . 30
7 ഗോവിന്ദേട്ടൻ . . . . . 34
8 ശക്തിപ്രസ്ഥാനത്തിന്റെ കഥ . . . . . 40
9 ശക്തിപ്രസ്ഥാനത്തിന്റെ കഥ . . . . . 44
10 അപ്പുണ്ണിസ്സാമി . . . . . 48
11 നിയമലംഘനത്തിനു രണ്ടു സ്ത്രീകൾ . . . . . 53
12 വീണ്ടും നാടകത്തിലേക്ക് . . . . . 58
13 സ്യമന്തകത്തിലൊരു വേഷം കിട്ടാൻ . . . . . 63
14 യോഗിമഠം . . . . . 68
15 പുതുമകളുടെ തുടക്കം . . . . . 73
16 മംഗളം പാടിത്തീരും മുമ്പെ . . . . . 78
17 കോടതി നാടകവേദിയാവുന്നു . . . . . 84
18 ‘നാഷണല് പാടിയാൽ’ . . . . . 89
19 പതിനായിരത്തിലൊരുവൻ . . . . . 95
20 രാവുണ്ണിയുടെ മന്ത്രവാദം . . . . . 101
21 നാടകവേദിയുടെ സുവർണ്ണദശ . . . . . 106
22 സഞ്ജയന്റെ സൃഷ്ടി . . . . . 112
23 കുരുക്ഷേത്രത്തിലെ ശംഖൊലി . . . . . 117

24 ശനിയൻസഭ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 122
25 ശക്തിമന്ദിരത്തിലെ സായാഹ്നങ്ങൾ . . . . . . . . . . . . . . . . . . . . . . 128
26 വിശ്വരൂപത്തിന്റെ കാലം . . . . . . . . . . . . . . . . . . . . . . . . . . . . . 132
27 സേവനത്തിന്റെ കാല്പാടുകളിൽ . . . . . . . . . . . . . . . . . . . . . . . . . 137
28 വീട്ട്, വിവാഹിതർക്കു മാത്രം . . . . . . . . . . . . . . . . . . . . . . . . . . . . 141
29 മഹായുദ്ധത്തിന്റെ നിഴലിൽ . . . . . . . . . . . . . . . . . . . . . . . . . . . . 145
30 പടക്കളത്തിലേക്ക് . . . . . . . . . . . . . . . . . . . . . . . . . . . . . . . . 149
31 അലിവിന്റെ പൊന്നളക്ക് . . . . . . . . . . . . . . . . . . . . . . . . . . . . . 155
32 അനാഥശിശുക്കളുടെ ലോകം . . . . . . . . . . . . . . . . . . . . . . . . . . . . 161
33 ആതുരാലയങ്ങളിലൂടെ . . . . . . . . . . . . . . . . . . . . . . . . . . . . . . . 166
34 കോഴിക്കോട്ട് അരനൂറ്റാണ്ടു മുമ്പ് . . . . . . . . . . . . . . . . . . . . . . . . . 171
35 കളിതീരാതെ മടങ്ങി . . . . . . . . . . . . . . . . . . . . . . . . . . . . . . . . 176
36 പോലീസ് വേട്ട . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 181
37 ഉദയാസ്തമയങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 187
38 ആകാശവാണിയിലെ എഴുത്തുതൊഴിലാളി . . . . . . . . . . . . . . . . . . 192
39 രാഹുവും കേതുവും . . . . . . . . . . . . . . . . . . . . . . . . . . . . . . . . 198
40 ശനിദശയുടെ ആരംഭം . . . . . . . . . . . . . . . . . . . . . . . . . . . . . . 204
41 ധൃതരാഷ്ട്രരുടെ ഇംഗ്ലീഷ് . . . . . . . . . . . . . . . . . . . . . . . . . . . . . 209
42 റെഡിമെയ്ഡ് സാഹിത്യം . . . . . . . . . . . . . . . . . . . . . . . . . . . . . 214
43 ഓർമ്മയിൽ ചില വൻവേഷങ്ങൾ . . . . . . . . . . . . . . . . . . . . . . . . 220
44 കോൺഫിഡൻഷ്യൽ റിപ്പോർട്ട് . . . . . . . . . . . . . . . . . . . . . . . . . . 225
45 നിധി നേടിത്തന്ന വഴി . . . . . . . . . . . . . . . . . . . . . . . . . . . . . . . 230
46 പഴയ ബന്ധങ്ങളുടെ മഴവില്ലുകൾ . . . . . . . . . . . . . . . . . . . . . . . . 235
47 ആകാശവാണിയിലെ കൂട്ടുകുടുംബം . . . . . . . . . . . . . . . . . . . . . . . 241
48 നാടകത്തിലൊരു പുനർജന്മം . . . . . . . . . . . . . . . . . . . . . . . . . . . 246
49 എല്ലാം വെളുപ്പിക്കുന്ന സോപ്പ് . . . . . . . . . . . . . . . . . . . . . . . . . . 251
50 കേന്ദ്ര കലാസമിതിയുടെ കേളി . . . . . . . . . . . . . . . . . . . . . . . . . 257
51 നാടകകൃത്ത് തടവിൽ . . . . . . . . . . . . . . . . . . . . . . . . . . . . . . . 263
52 തടവറയിൽനിന്നൊരു കന്യാദാനം . . . . . . . . . . . . . . . . . . . . . . . 268
53 കാബൂളിവാല . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 274
54 ആതുരസേവനത്തിൻ കഥ . . . . . . . . . . . . . . . . . . . . . . . . . . . . 279
55 ദൽഹിയിലൊരു സെമിനാർ . . . . . . . . . . . . . . . . . . . . . . . . . . . . 286
56 ദൃക്സാക്ഷിവിവരണം . . . . . . . . . . . . . . . . . . . . . . . . . . . . . . . 292
57 ഒരു പുസ്തകവും കുറെ അപവാദങ്ങളും . . . . . . . . . . . . . . . . . . . . 298

58 ബഷീർ കോഴിക്കോട്ടുകാരനാവുന്നു . . . 302
59 സാനറ്റോറിയത്തിലെ കലാപരിപാടി . . . 307
60 വീണുകിട്ടിയ സിനിമാപ്പാട്ട് . . . 314
61 ആറാൾസംഘം . . . 320
62 മഹാകവി കേളപ്പൻ! . . . 326
63 ഒരു സ്കൂളിന്റെ ജനനം . . . 332
64 പുള്ളിമാൻ . . . 337
65 ഉത്തരായണത്തിന്റെ ഒരുക്കം . . . 342
66 കലാകാരനും അവശതയും . . . 348
67 പത്രാതുരത്വം . . . 353
68 തെയ്യന്റെ കുടിലിലെ കുളികെട്ട് . . . 359
69 നിഷ്പക്ഷനിരൂപണവും തൂലികായുദ്ധവും . . . 364
70 കുക്കുടഘൃതാന്നം . . . 370
71 മംഗളോദയവും ചുവന്ന കടലും . . . 374
72 മലഞ്ചെരുവിലെ പാറക്കെട്ടുകൾ . . . 379
73 അതികായന്മാരുടെ വേർപാട് . . . 384
74 ഓർമ്മകൾകൊണ്ടൊരു കുലുക്കിക്കുത്ത് . . . 390
75 പട്ടം പറപ്പിക്കുന്ന കുട്ടി . . . 395
76 എന്നും താലോലിക്കേണ്ട ഓർമ്മകൾ . . . 401
77 കാര്യസ്ഥന്റെ തല്ല് . . . 407
78 അരങ്ങിലെ വെളിച്ചം . . . 412

— 1 —

# അണിയറ

എല്ലാം അവനൊരു സ്വപ്നം പോലെയാണ് തോന്നിയത്. ആരോ ഒരാൾ മുഖത്ത് ഏതോ പശതേച്ച് വെളുത്ത താടിരോമം ഒട്ടിക്കുന്നു. മറ്റൊരാൾ ഇല്ലാത്ത കുടുമയുണ്ടാക്കി വലത്തെ ചെവിക്കു മുകളിൽ കെട്ടിയുറപ്പിക്കുന്നു. പിന്നെ ഭസ്മരേഖ വരയ്ക്കലും ചന്ദനക്കുറി തൊടുവിക്കലും പുളിയിലക്കരമുണ്ടുടുപ്പിക്കലും രണ്ടാം മുണ്ട് തോളിൽ ഞാത്തിയിടലും...എല്ലാം കഴിഞ്ഞു കൈയിലൊരു ഊന്നുവടി പിടിപ്പിച്ചപ്പോൾ അവർക്കു തൃപ്തിയായി. കൂട്ടത്തിൽ ഒരാൾ അകന്നു നിന്നും അവനെ നോക്കി പ്പറഞ്ഞു:

"ഇപ്പം കിഴവൻ തന്നെ."

"ശരിയായ കിഴവൻ."

രണ്ടാമൻ അതു പൂർത്തിയാക്കി. എന്നിട്ട് രണ്ടുപേരും രസിച്ചു ചിരിച്ചു. അപ്പോൾ, പതിനഞ്ചാം വയസ്സിന്റെ പടിവാതിലിലെത്തി നില്ക്കുന്ന ആ പടുകിഴവൻ നെടുവീർപ്പിട്ടു. എന്താണു നടക്കുന്നതെന്നു ഒരു രൂപവും അവനുണ്ടായിരുന്നില്ല.

ആരായിരുന്നു അവൻ?

ഞാൻ തന്നെ. ഈ ഞാൻ. എന്നെ അവരെല്ലാവരും ചേർന്നു നാടകവേഷം കെട്ടിക്കുകയായിരുന്നു. നന്നെ കുട്ടിയായിരിക്കുമ്പോൾ അമ്മാവന്റെ തോളിലിരുന്നു ഞാനൊരു നാടകം കണ്ടിട്ടുണ്ട്. ആ നാടകത്തെ സംബന്ധിച്ച് ഓർമ്മയിൽ തങ്ങിനില്ക്കുന്നത് ഒരു ശ്രീകൃഷ്ണന്റെ ചിത്രം മാത്രമാണ്. മുമ്പിൽ തൂങ്ങുന്ന തിരശ്ശീലയിൽ നല്ല ഭംഗിയുള്ള ഒരു ശ്രീകൃഷ്ണന്റെ ചിത്രമുണ്ടായിരുന്നു. ശ്രീകൃഷ്ണനു ചുറ്റും പശുക്കളുണ്ടായിരുന്നു. ശ്രീകൃഷ്ണനു തണൽ വിരിച്ചത് വലിയൊരു ആൽമരമായിരുന്നു. ഇടയ്ക്കിടെ ആ തിരശ്ശീല ശ്രീകൃഷ്ണനോടൊപ്പം മുകളിലോട്ടു ചുരുണ്ടു മടങ്ങിപ്പോകും. അപ്പോൾ കലശലായ ദുഃഖം. വീണ്ടും ചുരുളഴിഞ്ഞു തിരശ്ശീല താഴോട്ടു വന്നു ശ്രീകൃഷ്ണനെ കാണിച്ചുതരുമ്പോൾ പരമമായ സന്തോഷം. അതായിരുന്നു എന്റെ മനസ്സിലുള്ള നാടകം; അതുമാത്രം.

അവരിലൊരാൾ എന്നെപ്പിടിച്ച് ഒരു മുക്കാലിയിൽ ഇരുത്തിയിട്ട് പറഞ്ഞു: "അവിടെ ഇരുന്നോ, എങ്ങും പോണ്ടാ. സമയം ആവുമ്പം വന്നു വിളിക്കാം."

സമയമാവുമ്പോഴുള്ള വിളിയും കാത്ത് അവിടെ ഇരിക്കുമ്പോൾ പുറത്തു ജന ബഹളം. എന്താണു സംഭവിക്കുന്നതെന്നറിയാൻ വലിയ മോഹം. ചുറ്റുമുള്ള ഓല മറയിൽ ഒരു തുളയുണ്ടാക്കിയാൽ പുറത്ത് എന്തു നടക്കുന്നു എന്നറിയാം. ആരെ ങ്കിലും വഴക്കു പറയുമോ? പതുക്കെ എഴുന്നേറ്റ് ഓലപ്പഴുതിലൂടെ വിരൽ കടത്തി ഒരു സുഷിരമുണ്ടാക്കി. കഷ്ടിച്ച് ഒരു കണ്ണിലൂടെ പുറം കാഴ്ച കിട്ടും. നോക്കി. ഗ്യാ സ് ലൈറ്റിന്റെ പ്രഭാപൂരത്തിൽ ഒരുപാടാളുകൾ കൂടിനിന്നു ബീഡിവലിച്ച് പുകയൂതു കയും എന്തൊക്കെയോ പറയുകയും പൊട്ടിച്ചിരിക്കുകയും ചെയ്യുന്നു. സോഡാക്കു പ്പികൾ തുറക്കുന്ന ശബ്ദം കേട്ടപ്പോൾ കലശലായ ദാഹം തോന്നി. ചുണ്ടുകൾ നക്കി നനച്ച് കുടിനീരിറക്കി. അപ്പോൾ മുഖത്ത് ഉണങ്ങിപ്പിടിച്ചുനില്ക്കുന്ന പശയുടെ വലിവു വലിയ ശല്യമായി. ഒക്കെപ്പാടെ മാന്തിപ്പൊളിച്ച് കളയാൻ തോന്നി.

വീണ്ടും മുക്കാലിയിൽ ചെന്നിരുന്നു, എപ്പോഴാണു വിളിവരുന്നതെന്നും കാത്തു കൊണ്ട്. മനസ്സിന്റെ അടിത്തട്ടിൽ എവിടെയോ ഒരു നൊമ്പരം. അതോ പേടി യോ? അതെ പേടിതന്നെ. നാടകക്കളിയെക്കുറിച്ചുള്ള പേടി. പലതും പറഞ്ഞു തന്നിട്ടുണ്ട്. പറയേണ്ടതു പഠിപ്പിച്ചിട്ടുമുണ്ട്. വഴിക്രമത്തിൽ എല്ലാം ആലോചിച്ചു. ഒന്നും മറന്നിട്ടില്ല. പക്ഷേ, ജനങ്ങളുടെ മുമ്പിലെത്തുമ്പോൾ പതറിച്ച പറ്റുമോ— അതാണു പേടി. മുമ്പിലുള്ള തിരശ്ശീലയിലെ ശ്രീകൃഷ്ണൻ ചുരുണ്ടു ചുരുണ്ടു മേലോട്ടു പോകുമ്പോൾ അപ്പുറം ജനപ്രളയമായിരിക്കില്ലേ? അവരെ കാണുമ്പോൾ, അവരെ ന്നെ കാണുമ്പോൾ?...ആലോചന മുഴുമിക്കും മുമ്പു ശ്രീകൃഷ്ണന്റെ രൂപം രക്ഷയ്ക്കെത്തി. ശ്രീകൃഷ്ണനും നാടകക്കളിയുമായി ബന്ധപ്പെട്ടുനില്ക്കുന്ന ഒരു പഴയ സംഭവം എന്റെ ഓർമ്മയിലെത്തി.

അന്നു കൊച്ചുകുട്ടിയായിരുന്നു. ഹരിയിലെഴുത്തും ഗണപതിയെഴുത്തുമെല്ലാം മു ത്തച്ഛന്റെ വകയായിരുന്നു. പുറത്താരേയും വിളിച്ചില്ല. മുത്തച്ഛൻ വലിയ പണ്ഡി തനായിരുന്നു. ശ്രീകൃഷ്ണചരിതം മണിപ്രവാളവും അമരവും പഠിച്ചു കഴിഞ്ഞ് ഉറപ്പു ള്ള ഒരടിത്തറയുണ്ടാക്കീട്ട് സ്കൂളിൽ ചേർത്താൽ മതിയെന്നും മുത്തച്ഛൻ തീരുമാനി ച്ചു. ഗണപതിയെഴുത്തിനുശേഷം എന്നെ പഠിപ്പിക്കാൻ ചാത്തുകുരിക്കളെ വരുത്തി. വെളുത്തു തടിച്ച നല്ല ഉയരമുള്ള ഒരാളായിരുന്നു ചാത്തു കുരിക്കൾ, ഉച്ചിയിൽ നാലി ഴരോമമുള്ളത് എപ്പോഴും ഭംഗിയായി ഒതുക്കിവെച്ചിരിക്കും. വായിൽ ഒരു പല്ലുമില്ല. എങ്കിലും, സദാ നേരമ്പോക്കു പറഞ്ഞു ചിരിക്കുന്ന ചാത്തു കുരിക്കളെ ആരും ഇഷ്ട പ്പെടും. ഇളം പൈതലിന്റെ ചിരിയാണ്. മോണ മുഴുവനും പുറത്തു കാട്ടി സ്നേഹത്തി ന്റെ മാത്രം വെളിച്ചമുള്ള ചിരി. കുരിക്കൾ അമരകോശ പദ്യങ്ങൾ പഠിപ്പിക്കാനാണു തുടങ്ങിയത്. നാരായത്തിലൂടെ അക്ഷരങ്ങൾ എഴുത്തോലയിൽ വാർന്നുവീഴുമ്പോ ഴുള്ള 'കിരുകിര' ശബ്ദം കേട്ടിരിക്കാൻ രസമാണ്. ആദ്യദിവസം എഴുത്തു കഴിഞ്ഞു നാരായം മാറ്റിവെച്ച് ചാത്തു കുരിക്കൾ ചൊല്ലി:

യസ്യജ്ഞാനദയാസിന്ധോ-
രഗാധസ്യാനഘാ ഗുണാഃ
സേവ്യതാമക്ഷയോ ധീരാഃ
സ ശ്രീയേ ചാമൃതായ ച.

പദ്യം ചൊല്ലുമ്പോൾ കുരിക്കളുടെ മുഖത്തുണ്ടാവുന്ന ഭാവവും പല്ലില്ലാത്ത വായിലൂടെ പുറത്തു വരുന്ന വാക്കുകൾക്ക് ഉച്ചാരണശുദ്ധി കൈവരുത്താനുള്ള തീവ്രശ്രമവും ഓർത്തപ്പോൾ എല്ലാം മറന്നു മനം കുളുക്കെ ചിരിക്കണമെന്നു തോന്നി. നാശം! മുഖത്തെ പശത്തേപ്പ് ഉണങ്ങിയപ്പോൾ കവിളും താടിയെല്ലുമൊക്കെ ഏതോ ലോഹത്തകിടു കൊണ്ട് ഉണ്ടാക്കിവെച്ചതാണെന്നു തോന്നി. പെട്ടുപോയില്ലേ. ഇനി ദുഃഖിച്ചിട്ടെന്തു കാര്യം? ഇവിടെ ഇപ്പോൾ ആശ്വാസത്തിനു ചാത്തു കുരിക്കൾ തന്നെ ശരണം.

അങ്ങനെ ഒരു ദിവസം നാരായത്തുമ്പും എഴുത്തോലയും ചേർന്നുണ്ടാക്കുന്ന ശബ്ദം കേട്ടുകൊണ്ടു ചാത്തു കുരിക്കളുടെ മുമ്പിലിരിക്കുമ്പോൾ ആരോ മൂന്നു നാലാളുകൾ പടികേറി വരുന്നതു കണ്ടു പരിഭ്രമിച്ചു. കാരണം, അന്നൊക്കെ 'പിടിച്ചുപറിക്കാ'രെന്നൊരു കൂട്ടം ഞങ്ങളുടെ ഗ്രാമത്തിലും പരിസരപ്രദേശത്തുമൊക്കെ ഇടയ്ക്കിടെ വരാറുണ്ടായിരുന്നു. എല്ലാവർക്കും അവരെ പേടിയായിരുന്നു. അവർക്കു കാബൂൾക്കാരെന്നും പേരുണ്ടായിരുന്നു. കുറ്റൻ തലയിൽക്കെട്ടും മുട്ടോളമെത്തുന്ന മേലങ്കിയും കാൽക്കുപ്പായവും ധരിച്ചു മുറ്റിത്തഴച്ച കുട്ടുപുരികത്തിനു താഴെ തീപ്പൊരി പാറുന്ന കണ്ണുകളും, കോളാമ്പിപ്പൂപോലുള്ള മൂക്കും, കൊമ്പൻ മീശയുമായി വരുന്ന പുരുഷന്മാരും ചിത്രപ്പണികളുള്ള പാവാടയും നീളൻ കുപ്പായവും കഴുത്തു നിറയെ കല്ലുമാലയുമണിഞ്ഞു വരുന്ന സ്ത്രീകളും സംഘം ചേർന്നു വരുമ്പോൾ പേടിക്കാതെന്തു ചെയ്യും? വീടുകളിൽ കയറി വന്നു മനസ്സിലാവാത്ത ഏതോ ഭാഷയിൽ അട്ടഹസിക്കുകയും ചിലപ്പോൾ കൈയേറ്റത്തിനു മുതിരുകയും ചെയ്യും. നല്ല സംഭാവന വാങ്ങിയല്ലാതെ അവർ മടങ്ങിപ്പോവില്ല. പടികയറി വരുന്നവർ പിടിച്ചുപറിക്കാരാവുമെന്നു കരുതിയാണ് പരിഭ്രമിച്ചത്. പക്ഷേ, അവർ പാവങ്ങളായിരുന്നു. മുറ്റത്തുകൂടെ നടന്നു തെക്കുവശത്തുള്ള കളപ്പുരയുടെ കോലായിൽ ഭാണ്ഡമിറക്കി അവർ ഒതുങ്ങിപ്പിടിച്ചിരുന്നു. ആശ്വാസം.

അന്നു രാത്രി ഭക്ഷണം കഴിക്കുമ്പോൾ കളപ്പുരയുടെ കോലായിൽ ഇരിക്കുന്നവർ ആരാണെന്നു തിരക്കി. ആരും ഗൗനിച്ചില്ല. പക്ഷേ, അടുക്കളപ്പണിക്കു സഹായിക്കാൻ വീട്ടിൽ താമസിക്കുന്ന മാധവിയമ്മയ്ക്ക്, ഞാനൊരു കുട്ടിയാണെങ്കിലും എന്റെ ചോദ്യത്തിനു ഉത്തരം പറയണമെന്നു തോന്നി.

“മോനേ, അതു നാടകക്കളിക്കാരാ”

“അതെന്തു കളിയാ മാധവ്യമ്മേ”

“മോന് ഇന്നു രാത്രി കാണാല്ലോ. കംസനാടകം. നല്ല കളിയാ. ഉറങ്ങണ്ട കെട്ടോ”

ഭക്ഷണം കഴിച്ച വീട്ടുമുറ്റത്തെ നാടകക്കളി കാണാൻ കാത്തിരുന്നു. വിരിച്ച വെച്ച കിടക്കയിലാണു കാത്തിരുന്നത്. അതുകൊണ്ടായിരിക്കണം, അറിയാതെ ഉറങ്ങിപ്പോയി. രാവിലെ ഉണർന്നെണീറ്റു നേരെ മാധവ്യമ്മയുടെ അടുത്തു ചെന്നു ദുഃഖത്തോടെ നിന്നു.

“അയ്യേ... നീ കിടന്നുറങ്ങീല്ലേ?” മാധവിയമ്മ അവനെ കളിയാക്കി.

“നല്ല കളിയായിരുന്നു. കൃഷ്ണൻ കംസനെ കൊന്നു.”

“കൃഷ്ണനോ, ശ്രീകൃഷ്ണനോ?”

“ആ മോനേ, ശ്രീകൃഷ്ണൻ തന്നെ. ശ്രീകൃഷ്ണനെ കൊല്ലാൻ ആദ്യം ഒരാന വന്നു.”

“ആനയോ?”

അദ്ഭുതവും ദുഃഖവും കലർന്ന ചോദ്യം.

“ജീവനുള്ള ആനയോ?”

“അല്ല മോനേ. ജീവനുള്ള ആനയല്ല. ആന വേഷം.”

“ആന വേഷം?”

“അതെ, ഒരാൾ കമ്പിളി മൂടിപ്പുതച്ചു കുനിഞ്ഞു നില്ക്കും. ഉണ്ണിപ്പിണ്ടികൊണ്ടു ണ്ടാക്കിയ രണ്ടു കൊമ്പും വെച്ച്. അയാൾ കൃഷ്ണനെ കുത്തിക്കൊല്ലാൻ ചെല്ലും. അപ്പോൾ കൃഷ്ണൻ കൊമ്പു രണ്ടും പറിച്ച് ആനയെ ചവിട്ടിക്കൊല്ലും.”

നാടകത്തെപ്പറ്റി ആലോചിക്കാൻ തുടങ്ങുമ്പോഴാണു വിളി:

“വാ, വാ, സമയായി.”

ദൈവമേ, നാടകം തുടങ്ങുന്നു. അയാളുടെ പിറകെ നടന്നു. യവനികയ്ക്കു പിന്നിൽ നിന്നു. സദസ്സിന്റെ മുഴക്കം അപ്പോൾ വ്യക്തമായി കേൾക്കാൻ കഴിഞ്ഞിരുന്നു. അന്നുവരെ പറഞ്ഞതും പഠിപ്പിച്ചതുമൊക്കെ ഓർത്തുകൊണ്ട് ഒന്നും പിഴയ്ക്കരുതേ എന്നു പ്രാർത്ഥിച്ചു കൊണ്ട് നില്ക്കുമ്പോൾ മറ്റൊരാൾ വരുന്നു.

“ഇതാ, ഇവിടെ, ഈ കസേരയിൽ നീ ഇരുന്നോ. ആദ്യത്തെ വിസിൽ കേൾക്കുമ്പോ തയ്യാറെടുക്കണം. രണ്ടാമത്തെ വിസിൽ കേൾക്കുമ്പോ കർട്ടൻ പൊങ്ങും. നീ ഗൗരവത്തിലിരുന്നു അകത്തേക്കു നോക്കി വിളിക്കണം—ആരാ, അവിടെ. അപ്പോൾ കാര്യസ്ഥൻ വരും. ഓർമ്മയില്ലേ? കാര്യസ്ഥന്റെ പിറകെ വരുന്ന പണിക്കർക്ക് കാൽ കഴുകാൻ വെള്ളവും ഇരിക്കാൻ പുൽപ്പായയും കൊണ്ടുവരാൻ കല്പിക്കണം കെട്ടോ. പിന്നെയൊക്കെ പറഞ്ഞപോലെ. ഒന്നും മറക്കരുത്.”

അയാൾ പോയി. ആദ്യവിസിൽ കേട്ടു. കസേരയിൽ ഇരുന്നു. താമസിയാതെ രണ്ടാമത്തെ വിസിൽ. കർട്ടൻ പതുക്കെ ചുറഞ്ഞു മേലോട്ടു കയറാൻ തുടങ്ങി. സദസ്സ് പ്രത്യക്ഷപ്പെടുന്നു. കണ്ണെത്താത്ത ദൂരത്തോളം ഇളകുകയും ആടുകയും ചെയ്യുന്ന തലകൾ. അതിനപ്പുറം കുത്തനെ നില്ക്കുന്ന ജനങ്ങൾ. അവരെവിടംവരെയുണ്ടെന്നു തിട്ടപ്പെടുത്താൻ പ്രയാസം. എല്ലാവരും നോക്കുന്നത് എന്നെയാണ്. അതു

മനസ്സിലായപ്പോൾ നെഞ്ചിൻ കൂടിനകത്തു നിന്നും ഇളം ചൂടുള്ള, കുരുവി കുഞ്ഞിനെപ്പോലൊരു വസ്തു മൂർദ്ധാവും പിളർന്നു മുകളിലോട്ടു പറന്നു പോയി. അതിന്റെ ചിറകടിപോലെ ഹൃദയമിടിപ്പിന്റെ ശബ്ദം ഞാൻ കേട്ടു. ബോധം കെട്ടില്ല. കസേരയിൽ നിന്നു താഴെ വീണില്ല. പഠിച്ചുറപ്പിച്ച ഭാഗങ്ങളൊന്നും എന്നെ കൈവെടിഞ്ഞില്ല. മഹാഭാഗ്യം!

അയിത്താചാരത്തിനും മന്ത്രവാദം പോലുള്ള അന്ധവിശ്വാസങ്ങൾക്കുമെതിരെ യുദ്ധപ്രഖ്യാപനം നടത്തുന്ന ഒരു നാടകമായിരുന്നു അത്. പേരോർക്കുന്നില്ല. നാടകകൃത്തു കേളപ്പജിയായിരുന്നു. ചിലപ്പോഴൊക്കെ നാടകം പഠിപ്പിക്കാൻ അദ്ദേഹവും വരുമായിരുന്നു. സമൂഹനന്മയ്ക്കും സാംസ്കാരികോന്നമനത്തിനും സർവ്വോപരി രാഷ്ട്ര സ്വാതന്ത്ര്യത്തിന്നും വേണ്ടി സദാ പ്രവർത്തിച്ചുപോരുന്ന ആദരണീയനായ കേളപ്പജിയാണു നാടകകൃത്തെന്നറിഞ്ഞ് ഒട്ടനേകമാളുകൾ പല ഭാഗത്തു നിന്നും നാടകം കാണാനെത്തിയിരുന്നു. പാകപ്പിഴകളേറെ പറ്റാത്തതുകൊണ്ടും അഭിനേതാക്കൾ മുഴുവനും എന്നെപ്പോലുള്ള കുട്ടികളായതു കൊണ്ടും, ഓരോ രംഗത്തിന്റെ അവസാനവും നീണ്ട കൈയടികളോടെ സദസ്സ് പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

അങ്ങനെയങ്ങനെ നാടകം പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ, സദസ്സിന്റെ മുൻവരിയിൽ മാന്യസ്ഥാനത്തിരിക്കുന്ന ഒരാൾ എഴുന്നേറ്റു രംഗവേദിയുടെ അടുത്തു വന്നു നിന്നു. അദ്ദേഹം എന്നെ കൈ മാടി വിളിച്ചു. എഴുന്നേറ്റു ചെല്ലാമോ? വിളിക്കുന്നതെന്തിനായിരിക്കും? അറിയാതെ വല്ല അബദ്ധവും പ്രവർത്തിച്ചോ? ഒന്നും നിശ്ചയമില്ല. ഇരുന്നു പരുങ്ങുമ്പോൾ പിറകിൽനിന്നാരോ ശബ്ദമൊതുക്കിപ്പറയുന്നു:

“എഴുന്നേറ്റു ചെല്ല്, വേഗം.”

എഴുന്നേറ്റു ചെന്നു. അദ്ദേഹം ഒരു ഉറുപ്പിക എന്റെ കൈയിൽ വെച്ചുതന്നു. നിസ്സാരമെന്നു പറഞ്ഞു പുച്ഛിക്കരുത്. അന്നത്തെ ഉറുപ്പികയാണ്. എഡ്വേർഡ് ഏഴാമന്റെ കിരീടം വെക്കാത്ത കഷണ്ടിത്തല മുദ്രണം ചെയ്ത ഉറുപ്പിക. അക്യാബ് അരി ചാക്കൊന്നിനു മൂന്നര ഉറുപ്പിക വിലയുള്ള കാലത്തെ ഉറുപ്പിക. രംഗത്ത് എന്നോടൊപ്പമുണ്ടായിരുന്ന മറ്റൊരു കുട്ടിക്കും അദ്ദേഹം പാരിതോഷികം നല്കി. ചെവിടടപ്പിക്കുന്ന കൈയടിയും ചൂളം വിളിയും.

എഡ്വേർഡ് ചക്രവർത്തിയുടെ കിരീടം വെക്കാത്ത തലയെക്കുറിച്ചൊരു കഥയുള്ളത് ഈ അവസരത്തിൽ ഓർത്തുപോകുന്നു. മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഞങ്ങളുടെ കുരിക്കൾ പറഞ്ഞതാണ്. കുട്ടിക്കാലത്ത് ചക്രവർത്തിയാവുന്നതിനെത്രയോ മുമ്പ് അദ്ദേഹം ഒരു കളവുപറഞ്ഞത്രെ. കളവു പറഞ്ഞവർ ചക്രവർത്തിയാവുമ്പോൾ കിരീടംവെക്കാൻ പാടില്ലെന്നാണു നിയമം.

“അതുകൊണ്ട് കുട്ടികളേ, നിങ്ങളാരും ഒരിക്കലും കളവുപറയരുതു കേട്ടോ.”

കുരിക്കൾ കഥ പറഞ്ഞവസാനിപ്പിച്ച് ധർമ്മോപദേശം നടത്തിക്കഴിഞ്ഞപ്പോൾ എന്റെ അടുത്തിരിക്കുന്ന കുഞ്ഞിക്കണ്ണൻ വളരെയേറെ ദുഃഖത്തോടെ പറഞ്ഞു:

"എനിക്കും പറ്റില്ലെടോ കിരീടം വെക്കാൻ, എമ്പാടും കളവു പറഞ്ഞു പോയി."

പാവം കുഞ്ഞിക്കണ്ണൻ! സത്യം മാത്രം പറഞ്ഞു ജീവിച്ച സത്യവ്രതന്മാർക്ക് ഇവിടെ ഒരിക്കലും കിരീടം കിട്ടില്ലെന്ന് പില്ക്കാലത്തവൻ അനുഭവത്തിലൂടെ മനസ്സിലാക്കിയിരിക്കണം.

എനിക്കന്നു പാരിതോഷികം തന്ന ആളെപ്പറ്റി രണ്ടു വാക്കിവിടെ പറയാതിരിക്കുന്നത് സാഹിത്യത്തോടും കലയോടും ചെയ്യുന്ന വലിയൊരപരാധമായിരിക്കും. അതുകൊണ്ടുമാത്രം പറയുകയാണ്. ക്ഷമിക്കുക

ബ്രിട്ടീഷ് മലബാറിൽ ഉൾപ്പെട്ട കുറുമ്പ്രനാട് താലൂക്കിൽ സ്ഥാനം കൊണ്ടും സമ്പത്തുകൊണ്ടും ഒരുകാലത്തു മുൻപന്തിയിൽ നിന്ന 'കൂത്താളി ഇടം'. ഇടത്തിലെ ഒടുവിലത്തെ മൂപ്പിൽ നായരുടെ മൂത്ത മകൻ അപ്പുക്കുട്ടി നമ്പ്യാർ. ദേശീയപ്രസ്ഥാനങ്ങളോട് എന്നും അനുഭാവം പുലർത്തിപ്പോന്ന, കലാകാരന്മാരെ അകമഴിഞ്ഞു പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തുപോന്ന വലിയൊരു മനുഷ്യനായിരുന്നു ശ്രീ നമ്പ്യാർ. ഒരിടെ തന്റെ വീടൊരു കലാകേന്ദ്രമായി അദ്ദേഹം മാറ്റുകയുണ്ടായി. മഹാകവി കുട്ടമത്തിന്റെ ബാലഗോപാലം നാടകം അന്നു മലബാറിൽ അങ്ങോളമിങ്ങോളം ജനപ്രീതി നേടി മുന്നേറുന്ന കാലമായിരുന്നു. ശ്രീ നമ്പ്യാർ ആ നാടകത്തിന്റെ മഹത്ത്വം മനസ്സിലാക്കുകയും അതിനൊരു പുതിയ മാനം നല്കുകയും ചെയ്തു.

മഹാകവിയെ 'തിമിരി'യിൽ നിന്നു ക്ഷണിച്ചുകൊണ്ടുവന്ന് തന്റെ വീട്ടിൽ താമസിപ്പിക്കുകയും ബാലഗോപാലം ആട്ടക്കഥയാക്കി അദ്ദേഹത്തെക്കൊണ്ട് എഴുതിക്കുകയും ചെയ്തു. കഥകളിനടന്മാരെ വരുത്തി, വീടൊരു രംഗമണ്ഡപമാക്കി. വാദ്യക്കാരേയും ഭാഗവതർമാരേയും വരുത്തി. ആശാൻ കരുണാകരപ്പണിക്കരുടെ നേതൃത്വത്തിൽ കഥകളി അഭ്യസിക്കാനും തുടങ്ങി. ഗുരു കുഞ്ചുക്കുറുപ്പിനെപ്പോലെ ലോക പ്രസിദ്ധരായ നാട്യാചാര്യന്മാരിൽ പലരും അന്നു ശ്രീ നമ്പ്യാരുടെ അതിഥികളായിരുന്നു. ആശാൻ ചേമഞ്ചേരി കുഞ്ഞിരാമൻ നായർ കഥകളിയിലെ ആദ്യപാഠങ്ങൾ അവിടെവെച്ചാണു പഠിച്ചത്. സ്വന്തമായി കളിക്കോപ്പുകൾ നിർമ്മിച്ചു; കളിയോഗമുണ്ടാക്കി. വിജയകരമായ നിലയിൽ ബാലഗോപാലം കഥകളി അവതരിപ്പിക്കുകയും ചെയ്തു. കലാലോകത്തിന് മറക്കാൻ വയ്യാത്തവിധമുള്ള വലിയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ശ്രീ നമ്പ്യാർ.

അദ്ദേഹത്തിന്റെ കൈകൊണ്ടു ആദ്യമായും അവസാനമായും അഭിനയത്തിനൊരു പാരിതോഷികം വാങ്ങാൻ കഴിഞ്ഞത് എന്നിലെ നിഷ്കളങ്കനായ കുട്ടിയോട് അദ്ദേഹത്തിനു തോന്നിയ വാത്സല്യം നിമിത്തമായിരിക്കണം. പക്ഷേ, പരിശുദ്ധിയുടെ പ്രോത്സാഹനത്തിന്റെ ആ പാരിതോഷികം കൈനേട്ടം വാങ്ങിയ ഞാൻ അഭിനയത്തിന്റെ ചമയങ്ങൾ ആ രംഗത്തു തന്നെ വിട്ടേച്ചുപോരുകയാണുണ്ടായത്. നന്നാവാൻ വിധിയില്ല; അതുതന്നെ.

— 2 —

# കേളപ്പജിയുടെ നാടകം

അതൊരു യാദൃച്ഛിക സംഭവം മാത്രമായിരുന്നു. കേളപ്പജി ഒരു നാടകമെഴുതിയതും അതിലൊരു കഥാപാത്രമായി രംഗത്തു വരാൻ എനിക്കു കഴിഞ്ഞതും, എങ്ങനെ ഏതു നിലയ്ക്കെന്നു ഞാനിന്നോർക്കുന്നില്ല. ആരാണെന്റെ പേരു നിർദ്ദേശിച്ചതെന്നും അറിയില്ല. ആർക്കോ എവിടെയോ പറ്റിയ തെറ്റുകൊണ്ട് ഞാനതിൽ കടന്നുകൂടി അത്രതന്നെ.

കേളപ്പജി നിസ്വാർത്ഥമതിയായൊരു രാഷ്ട്രീയ നേതാവായിരുന്നു. അയിത്തത്തിന്നും അന്ധവിശ്വാസത്തിനുമെതിരെ അദ്ദേഹം വിട്ടുവീഴ്ചയില്ലാതെ സമരം ചെയ്തിരുന്നു. ഏത് അനീതിയേയും ധീരതയോടെ ചെറുത്തിരുന്നു. അദ്ദേഹം പ്രഗല്ഭമതിയായ ഒരു പത്രാധിപരായിരുന്നു. കലാസ്നേഹിയും സാഹിത്യനിരൂപകനുമായിരുന്നു. എല്ലാവർക്കും ഈ വസ്തുതകൾ നന്നായിട്ടറിയാം. എന്നാൽ അദ്ദേഹമൊരു നാടകകൃത്തായിരുന്നു എന്ന് അദ്ദേഹത്തിന്റെ ജീവിത ചരിത്രകാരന്മാർ പോലും എവിടേയും രേഖപ്പെടുത്തിയതായറിവില്ല. അതാണ് ഒരു യാദൃച്ഛിക സംഭവമെന്ന് ആദ്യമേ പറഞ്ഞുവെച്ചത്.

ഒരു പഴയ തറവാടിന്റെ മുറ്റത്തെ മാവിൻ തണലിലായിരുന്നു നാടക പരിശീലനം. ആദ്യവസാനം ഞങ്ങളെ പരിശീലിപ്പിച്ചതും ഉത്സാഹിപ്പിച്ചതുമെല്ലാം കേളപ്പജിയുടെ ഉറ്റബന്ധുവായ കെ. സി. കിടാവായിരുന്നു. പ്രസിദ്ധനായ ചിത്രകാരനും പ്രതിമാശില്പിയുമായിരുന്നു അദ്ദേഹം. മായാത്തൊരു ചിത്രമായി അദ്ദേഹം ഇന്നും എന്റെ മനസ്സിലുണ്ട്.

ത്വിട്ടോലുമക്ഷികൾ
നരച്ചുവളർന്ന മാറിൽ
തൊട്ടോരു താടി,
ചുളിവീണ പരന്ന നെറ്റി.

സ്നേഹത്തിന്റെ, വാത്സല്യത്തിന്റെ, അപാരമായ സഹിഷ്ണുതയുടെ, അനുഭവസമ്പത്തിന്റെ പ്രകാശം പരത്തുന്ന അദ്ദേഹത്തിന്റെ നോട്ടവും ചിരിയും, ഞങ്ങളുടെ തെ

റ്റുകൾക്കു നേരെ ഇടയ്ക്കിടെ ചലിക്കുന്ന വെളുത്ത കുട്ടപൂരികങ്ങളുടെ താക്കീതും, ഒരു ദിവ്യാനുഭൂതിയായി ഇന്നും ഞാൻ സൂക്ഷിച്ചുപോരുന്നുണ്ട്.

കേളപ്പജി ഇങ്ങനെയൊരു നാടകമെഴുതാനുണ്ടായ സാഹചര്യം എന്തെന്നു മനസ്സിലാക്കാൻ എന്റെ ഗ്രാമത്തെയും പരിസരപ്രദേശങ്ങളെയുംപറ്റി ഏതാനും വാക്കുകളിവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. തെക്ക് വലിയ മലയും പുറമലയും ഓടോക്കുന്നും. ഓടോക്കുന്നിന്റെ ഉച്ചിയിലൊരു വിളക്ക്! എന്നും രാത്രിനേരത്തു കറങ്ങിക്കൊണ്ട് ഇരുണ്ട മരത്തലപ്പുകളിൽ വെളിച്ചത്തിന്റെ ചന്ദനക്കുറി വരയ്ക്കുന്ന വിളക്ക്; ദീപസ്തംഭം! കിഴക്ക് അകലാപ്പുഴ, വടക്ക് നൈവാരണിത്തോടും ക്ഷേത്രവും. പടിഞ്ഞാറ് അറബിക്കടൽ. ഇവയ്ക്കിടയിൽ ചിങ്ങപുരം, പുറക്കാട്ട്, പള്ളിക്കര, തൃക്കോട്ടൂർ (തിക്കോടിയെന്നും പറയും) എന്നീ ഗ്രാമങ്ങൾ, നെല്പാടങ്ങളും കൈത്തോടുകളും തെങ്ങിൻ തോപ്പുകളും ആഴമേറിയ ഇടവഴികളും അമ്പലങ്ങളും പള്ളികളും ധാരാളം ഓലപ്പുരകളും ചുരുക്കം ഓടുമേഞ്ഞ മാളികകളും അവിടെ കാണാമായിരുന്നു. ഇന്ന്, ഇടവഴികൾ മിക്കതും പഞ്ചായത്തു റോഡുകളാണ്. ഓലപ്പുരകളിൽ പലതും ടെറസ്സുകളായി വേഷം മാറിയിരിക്കുന്നു. തെങ്ങിൻ തോപ്പുകൾ കടന്നു കയറി നെല്പാടങ്ങളെ കീഴടക്കിയിരിക്കുന്നു. അന്ധവിശ്വാസങ്ങൾ അവിടെ വേണ്ടുവോളമുണ്ടായിരുന്നു; കൂടപ്പിറപ്പായ മന്ത്രവാദവും. അയിത്താചരണം അതികഠിനമായിരുന്നു. സരസ്വതി ക്ഷേത്രങ്ങളുടെ അന്തരീക്ഷം പോലും അയിത്താചരണം കൊണ്ട് മലീമസമായിരുന്നു.

എന്റെ ക്ലാസ്സിൽ അന്ന് അയിത്ത ജാതിക്കാർ അഞ്ചുപേരുണ്ടായിരുന്നു. അവർക്ക് ഇരിക്കാൻ പ്രത്യേക ബെഞ്ചാണ്. മറ്റു കുട്ടികളോടൊപ്പം കളിക്കാനോ കൂട്ടുചേരാനോ അവർക്കവകാശമില്ല. പഠിക്കാതെ വരുന്നവർക്കും കുറ്റം ചെയ്യുന്നവർക്കും അന്നു കഠിനശിക്ഷ കിട്ടും. നല്ല വയനാടൻ ചൂരൽ കുരിക്കളുടെ മേശയിലുണ്ട്. അതു പുറത്തെടുക്കുമ്പോൾ കുറ്റം ചെയ്തവൻ കൈരണ്ടും ഒരുമിച്ചു മുന്നോട്ടു നീട്ടണം. കൈവെള്ളകൾ മലർത്തിക്കാട്ടണം. ആദരവോടെ, അമ്പലത്തിൽനിന്നു പ്രസാദം വാങ്ങുമ്പോലെ, കുരിക്കളുടെ തല്ലു സ്വീകരിക്കണം. കരയാം. കണ്ണീരൊഴുക്കാം. പക്ഷേ, ശബ്ദം പുറത്തു കേൾക്കരുത്. കേട്ടാൽ ശിക്ഷയുടെ അളവും തൂക്കവും വർദ്ധിക്കും.

എന്നാൽ അയിത്തക്കാരായ കുട്ടികളുടെ കാര്യത്തിൽ ശിക്ഷ നടപ്പാക്കുന്ന രീതി വ്യത്യസ്തമാണ്. അവർ കൈനീട്ടി തല്ലു വാങ്ങാൻ പാടില്ല. കാരണം തല്ലു വീഴുമ്പോൾ അയിത്തം ചൂരലിലൂടെ ഇഴഞ്ഞു കയറി കുരിക്കളുടെ ശരീരത്തിലെത്തും. കുരിക്കൾ ശുദ്ധം മാറും. അയിത്തം വിദ്യുച്ഛക്തി പോലെ തൊട്ടാൽ അള്ളിപ്പിടിക്കുന്ന ഒരു വസ്തുവായിരുന്നു. അതുകൊണ്ടു ശിക്ഷ വിധിക്കപ്പെട്ട അയിത്തക്കാരൻ ഉടുമുണ്ട് മുട്ടോളം പൊക്കി, കണങ്കാലിന്റെ മാംസളമായ ഭാഗം പ്രദർശിപ്പിച്ചുകൊണ്ടു നില്ക്കണം. കുരിക്കൾ ചൂരൽ ആഞ്ഞുവീശി എറിയും. സ്വാഭാവികമായും ജീവനുള്ള ഏതു ജന്തുവും അങ്ങനെയൊരു ആക്രമണം വരുമ്പോൾ തെന്നിമാറുമെന്നു തീർച്ചയല്ലേ?

പലപ്പോഴും ശിക്ഷയ്ക്കു വിധേയനായ കുട്ടി ഏറു വരുമ്പോൾ അങ്ങനെ ചെയ്യും. ഏറു ലക്ഷ്യം പിഴയ്ക്കും. അപ്പോൾ കുരിക്കൾ അലറും:

“എടാ, ഞാൻ ശ്രദ്ധം മാറണോ? ഏ? മാറണോ? മാറിയാൽ നിനക്കു നന്നാവില്ലാ.”

പിന്നെയും എറിയും, പിന്നെയും കുട്ടി മനപ്പൂർവ്വമല്ലാതെ നീങ്ങുകയോ നിരങ്ങുകയോ ചെയ്യും. പിന്നെ രൗദ്രഭീമന്റെ അരങ്ങുതകർക്കലാണ്. ശ്രദ്ധം മാറിയ കുരിക്കൾ മറ്റൊരു കുട്ടിയെ സഹായത്തിനു വിളിക്കും. അയിത്തക്കാരനെപ്പിടിച്ചു ബെഞ്ചിൽ കമിഴ്ത്തി കിടത്തും. സഹായി, കുട്ടിയുടെ കൈ രണ്ടും ബലമായി ബെഞ്ചോടു ചേർത്തു പിടിക്കും. ചൂരൽ ചൂളംവിളിയോടെ ആഞ്ഞാഞ്ഞു പാവപ്പെട്ട കുട്ടിയുടെ പൃഷ്ഠത്തിൽ വീഴും. അയിത്തത്തിന്റെ തേർവാഴ്ച വിദ്യാലയങ്ങളിൽ പോലും അങ്ങനെയായിരുന്നു.

അന്നു കർഷകരെന്ന ഒരു വിഭാഗമേ അവിടെ ഉണ്ടായിരുന്നില്ല. എല്ലാം കുടിയാന്മാർ. വിരലിലെണ്ണാവുന്ന ജന്മിമാർ ഭൂമിയുടെ ഉടമാവകാശം കൈയടക്കിവെച്ചിരിക്കുന്നു. അവരുടെ കീഴിൽ ഭൂമി പാട്ടത്തിനെടുത്തു കൃഷിചെയ്യുന്നവരാണു കുടിയാന്മാർ. ഭൂമിയിൽ അവർക്കു സ്ഥിരാവകാശമില്ല. ആറോ പരമാവധി പന്ത്രണ്ടോ കൊല്ലം കാലാവധിവെച്ചു കുടിയാൻ ഭൂമി ചാർത്തി വാങ്ങുന്നു. വാങ്ങുമ്പോൾ വലിയൊരു സംഖ്യ ‘മാനുഷം’ കൊടുക്കണം. ‘മാനുഷ’മെന്നു കേൾക്കുമ്പോൾ മനുഷ്യനന്മകളുമായി ബന്ധപ്പെട്ട നല്ല കാര്യങ്ങളെന്തെങ്കിലുമാണെന്നു ധരിച്ചുകളയരുത്. ഇന്നാണെങ്കിലതിനെ ’പകിടി’യെന്ന ഓമനപ്പേരിട്ടു വിളിക്കുമായിരുന്നു. കണക്കുപുസ്തകങ്ങളുടെ ഏടുകളിൽ കയറാത്തൊരു വകുപ്പാണത്. ‘മാനുഷ’ത്തിനു പുറമെ, പാട്ടമെന്ന പേരിൽ ഭാരിച്ചൊരു തുക കൊല്ലം തോറും ജന്മിക്കു പൃക്കിക്കുകയും വേണം. ഇതൊക്കെ സംഭവിക്കുന്നത് ആയിരം നാളികേരത്തിനു പതിനഞ്ചു രൂപ വിലയുള്ള കാലത്താണെന്നും ഓർക്കേണ്ടതുണ്ട്. അങ്ങനെ നട്ടെല്ലൊടിക്കുന്ന ബാധ്യതകളോടെ ഭൂമി ഏറ്റുവാങ്ങി കൃഷിചെയ്യുന്ന കുടിയാനു പ്രതിഫലമായി കിട്ടുന്നതു മിക്കവാറും അർദ്ധപ്പട്ടിണിയോ മുഴുപ്പട്ടിണിയോ ആയിരിക്കും.

കുടിയാനെ നശിപ്പിക്കുന്ന മറ്റൊരു മഹാവിപത്തായിരുന്നു ‘മേൽച്ചാർത്ത്’. നിസ്സാര കാര്യങ്ങൾക്കു കൈവശക്കാരനെ ഭൂമിയിൽ നിന്നിറക്കിവിടാൻ ജന്മിക്കു സൗകര്യം നല്കുന്ന നീചവും ക്രൂരവുമായ ഒരു നിയമവ്യവസ്ഥയായിരുന്നു അത്. ജന്മിയെക്കാണുമ്പോൾ തലയിൽനിന്നോ തോളിൽനിന്നോ രണ്ടാം മുണ്ടെടുത്തു കക്ഷത്തു വെച്ചു വാ പൊത്തി ‘ഓച്ഛാനിക്കാത്ത’ കുടിയാന്റെ നേരെ ജന്മി മേൽചാർത്തു പ്രയോഗിക്കുന്നു. ഇതുപോലെ മറ്റനേക കാരണങ്ങൾകൊണ്ടും ജന്മിത്തം അന്നു കുടിയാനെ വഴിയാധാരമാക്കീട്ടുണ്ട്. അന്യന്റെ മുതൽ തട്ടിപ്പറിച്ചെടുക്കാൻ പണപ്പെട്ടിയും തുറന്നു കാത്തിരിക്കുന്നവർ അന്നുമുണ്ടായിരുന്നു. അവരാണു മേൽച്ചാർത്തു വാങ്ങുന്നത്. വാങ്ങിക്കഴിഞ്ഞാൽ സംഗതി കോടതിയിലെത്തുന്നു. പിന്നെ അന്യായമായി—എത്ര അർത്ഥവത്തായ വാക്ക്!—വിധിയായി, വിധിനടത്തലായി.

പ്രഭാതത്തിൽ ഓർക്കാപ്പുറത്ത് ആമീനും പരിവാരങ്ങളും പടികയറി വരുന്നു. തനിക്കും തന്റെ പിന്മുറക്കാർക്കും എന്നും കൈവശം വെച്ച് അനുഭവിക്കാൻ കഴിയുമെന്ന വിചാരത്തോടെ രാവും പകലും കഠിനാധ്വാനം ചെയ്തു കനകം വിളയിച്ച മണ്ണിൽ നിന്നു കുടുംബസമേതം കുടിയാനെ പറിച്ചെറിയുന്നു. കൂട്ടനിലവിളിയോടെ അവർ പെരുവഴിയിലേക്കിറങ്ങുന്നു. ചാർത്താധാരത്തിനു പകരം പെരുവഴിയാധാരം പെരുകുന്നു.

ചരിത്രത്തിന്റെ എഴുതാപ്പുറങ്ങൾ ഇങ്ങനെ എത്രയെത്ര! ഇവിടെ, ഈ നമ്മുടെ കേരളത്തിൽ ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ അടിമ സമ്പ്രദായം നിലവിലുണ്ടായിരുന്നു. പുലയരും ചെറുമക്കളുമായിരുന്നു അടിമകൾ. അവർക്കു സ്വതന്ത്രമായ ജീവിതമില്ല. പറമ്പിനും നിലത്തിനും ജന്മിമാരുള്ള പോലെ അവർക്കും ജന്മിമാരുണ്ടായി. ഒരു ജന്മിയുടെ കീഴിലുള്ള അടിമകൾക്ക് മറ്റാരുടെ കീഴിലും ജോലി ചെയ്യാൻ പാടില്ല. പൊതുവഴികളിൽ നടക്കാൻ പാടില്ല. ജന്മിയുടെ സമ്മതമില്ലാതെ വിവാഹാഘോഷമോ പുളികുടി അടിയന്തരമോ ഒന്നും തന്നെ നടത്തിക്കൂടാ.

കുട്ടിക്കാലത്ത് എന്റെ വീടിന്റെ വരാന്തയിലിരുന്നു നോക്കിയാൽ കിഴക്കു ഭാഗത്തു കണ്ണെത്താത്ത ദൂരത്തോളം പരന്നുകിടക്കുന്ന നെൽപ്പാടം കാണാമായിരുന്നു. പാടത്തിന്റെ നടുവിൽ ചെറിയ ചെറിയ കരകൾ. അതിൽ കഴിഞ്ഞു കൂടുന്നവർ മനുഷ്യഗോത്രത്തിന്റെ മതിൽക്കെട്ടിനു പുറത്തുള്ളവരായിരുന്നു. പൊതു കിണറുകളോ വഴികളോ അവർക്ക് ഉപയോഗിക്കാൻ പാടില്ല. വിദ്യാലയങ്ങൾ അവർക്ക് നിരോധിക്കപ്പെട്ട സ്ഥലമായിരുന്നു.

കുട്ടിക്കാലത്തു പതിവായിരുന്ന ദയനീയ ദൃശ്യങ്ങൾ പലതാണ്. ചിലപ്പോൾ ഒരു പഴയ മുണ്ടിനോ മഴക്കാലത്താണെങ്കിൽ പാടത്തെ ശീതക്കാറ്റിൽനിന്നു പൊറുതിനേടാൻ ഇത്തിരി ഉണങ്ങിയ വിറകിനോ ദീനം പിടിച്ചുകിടക്കുന്ന കുഞ്ഞിനു കൊടുക്കാൻ എന്തെങ്കിലും മരുന്നിനോ യാചിക്കാനവർ വരും. തിരിച്ചറിയാൻ കഴിയാത്തത്ര അകലെ, പറമ്പിന്റെ ഏതെങ്കിലുമൊരു കോണിൽ, അല്പം കുറ്റിക്കാടും മറവുമുള്ള സ്ഥലത്തു പ്രത്യക്ഷപ്പെട്ടു കരയും പോലെ അവർ വിളിക്കും.

”വല്യപെന്നിച്ചാ”

വീട്ടിലെ വയസ്സു മൂത്ത സ്ത്രീകളെ അവർ 'വല്യപെന്നിച്ച്' എന്നു വിളിക്കുന്നു. ഇളമുറക്കാർ 'ചെറിയ പെന്നിച്ച്'മാരാണ്. അതുപോലെ പുരുഷന്മാരെ 'വലിയ പടക്കൊയി'ലെന്നും 'ചെറിയപടക്കൊയി'ലെന്നും വിളിക്കും. ഏതോ വലിയ ബഹുമാനസൂചകമായ അർത്ഥം ആ വാക്കുകൾക്കു കല്പിച്ചിട്ടുണ്ടാവണം. ഏതായാലും ആ വിളി പരമദയനീയമായിരുന്നു. ചിലപ്പോൾ അല്പം കഞ്ഞിവെള്ളത്തിനാണു വിളിച്ചതെങ്കിൽ അതു കൊടുക്കുന്നതും സ്വീകരിക്കുന്നതും വളരെ വിചിത്രമായ രീതിയിലായിരുന്നു. കഞ്ഞിവെള്ളവും കൊണ്ടു ചെല്ലുമ്പോൾ അവർ അകലത്തേക്കോടിപ്പോകണം. കൊണ്ടുചെന്നു കൊടുക്കുന്നവർ തിരിച്ചു വീട്ടിലെത്തിയാലേ അവർക്കതെടുക്കാൻ പാടൂ. ഈ കൊടുക്കലിനും എടുക്കലിനും ഇടയിലുള്ള സമയത്തു കാക്കകൾ പറന്നുവീണ് അവരുടെ ഓഹരി തട്ടിയെടുത്തെന്നും വരും.

ജന്മിമാരുടെ വീട്ടിൽ ആരെങ്കിലും മരിച്ചാൽ അടിമപ്പുലയർ കൂട്ടത്തോടെ വന്നു തീണ്ടാപ്പാടകലത്തു കൂടിയിരുന്നു മാറത്തടിച്ചു നില വിളിക്കണം. അതിനവർക്കു വായ്ത്താരികളുണ്ടായിരുന്നു

ആയ്യോ... ആയയ്യോ, ആയ്യോ ആയയ്യോ...
ഞാളുടെ തമ്പായ്യോ കുഞ്ഞ്യമ്പ്രാനോ
ഞാളുടെ തമ്പായ്യോ മരണപ്പെട്ടോ.
മരണപ്പെട്ടോ, പോയല്ലോ കുഞ്ഞ്യമ്പ്രാനോ
പൊന്നാലെ തടിയല്ലേ ഈ ഇല്ലത്തോ
ഉയിരുകളോ ജീവുകളോ മോളില്ലത്തോ.

ഈ വായ്ത്താരി കുഞ്ഞമ്പ്രാന്റെ ഗുണഗണങ്ങളെ വർണ്ണിക്കുന്നതായി വളരെയേറെ നീട്ടിക്കൊണ്ടുപോകും. പോകാതെ കഴിയില്ല. ശവസംസ്കാരം കഴിയുവോളം കരച്ചിലുണ്ടായിരിക്കണം. അന്നിതിനെ പുലക്കരച്ചിലെന്നാണു പറഞ്ഞുവന്നത്. ഈ കരച്ചിലിന്ന് അവർക്കുള്ള കൂലി കളിക്ക് എണ്ണയും നാഴി അരിയുമാണ്.

കേളപ്പജി മലബാർ കലാപത്തിന്റെ പേരിൽ ജയിൽ ശിക്ഷ അനുഭവിച്ചു പുറത്തുവരുമ്പോൾ ഞങ്ങളുടെ പ്രദേശത്തിന്റെ ഏകദേശചിത്രമിതായിരുന്നു. അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ, തൊഴിലില്ലായ്മ, പട്ടിണി, ഗർഹണീയമായ ജന്മികുടിയാൻ വ്യവസ്ഥയും ജാതിസമ്പ്രദായവും!

യുവാക്കന്മാർ പ്രായേണ അലസരായിരുന്നു. വലിയ ജന്മിമാരുടെ കുടുംബാംഗങ്ങൾക്കു മൂന്നുനേരവും ആഹാരമുണ്ട്. അവർ ജോലിക്കു പോകേണ്ട ആവശ്യമില്ല. വല്ല ജോലിയും ചെയ്യുന്നതു തറവാടിനു അപമാനമാണ്. കുളിച്ചു കുറിതൊട്ട് അലക്കിയ വസ്ത്രവും ധരിച്ചു കുളക്കടവിലോ ആൽത്തറയിലോ അമ്പല വഴിയിലോ ഇരുന്നു സമയം കളയും. അല്ലെങ്കിൽ ചീട്ടുകളിക്കും. പാടത്തു പണിയാൻ അടിമകളുണ്ട്. ഭക്ഷണം പാകം ചെയ്യാൻ അടുക്കളയിൽ ദാസിമാരുണ്ട്. പത്തായം പെറുന്നു; ചക്കി കുത്തി അരിയാക്കുന്നു; ദാസി ചോറു വെച്ചു വിളമ്പുന്നു. പിന്നെന്തിനു പണിയെടുക്കണം?

ജയിൽ വിമുക്തനായ കേളപ്പജിയെ ചെറിയൊരു ഘോഷയാത്രയോടെ ഗ്രാമത്തിലേക്കാനയിച്ചു. അന്നു നാഗസ്വരത്തിനു പകരം മുസ്ലീങ്ങളുടെ മുട്ടും മുരിശുമാണ് ഉപയോഗിച്ചതെന്നു പറഞ്ഞു കേട്ടിട്ടുണ്ട്. സ്വീകരണസമ്മേളനം നടന്നതു പള്ളിക്കരയായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ വളരെപ്പേരൊന്നും വന്നു ചേർന്നില്ല.

ജോർജ്ജ് സാർവ്വഭൗമൻ ഭരിക്കുന്ന കാലമാണ്. 'ചോന്നതൊപ്പിക്കാർ' എന്നറിയപ്പെടുന്ന പോലീസിനെ പേടിച്ചാണു ജനങ്ങൾ ജീവിക്കുന്നത്. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം വേണം; വെള്ളക്കാർ ഒഴിഞ്ഞു പോണം എന്നാരെങ്കിലും പരസ്യമായി ഉറക്കെ പറഞ്ഞാൽ കേൾവിക്കാർ ബോധം കെട്ടു വീഴും. മലപ്പുറത്തും പരിസരപ്ര

ദേശങ്ങളിലും സംഹാരതാണ്ഡവമാടിയ പട്ടാളഭരണത്തിന്റെ കിടിലം കൊള്ളിക്കു ന്ന ഓർമ്മ ജനങ്ങളെ വേട്ടയാടുന്ന സമയമാണ്.

അന്ന് ആ സമ്മേളനത്തിൽ വെച്ചാവണം, ഇതാണു തന്റെ കർമ്മ ക്ഷേത്ര മെന്നദ്ദേഹം തീരുമാനിച്ചത്. സമൂഹ മനസ്സാക്ഷിയെ തട്ടിയുണർത്തുക, അസമ ത്വത്തെ തുടച്ചുമാറ്റുക, യുവാക്കളിൽ സ്വാതന്ത്ര്യബോധമുളവാക്കുക. ഈ ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുടെ ആദ്യ പടിയായി ഒരു ഗ്രാമീണവായനശാല യ്ക്കു രൂപം നല്കുകയാണു ചെയ്തത്. ഒപ്പം ഒരു ഗ്രന്ഥാലയത്തിനു വേണ്ടിയുള്ള ശ്രമ വും. സാമ്പത്തിക പരാധീനതകൊണ്ടു നാശോന്മുഖമായിത്തുടങ്ങിയ ഒരു ബോർഡ് സ്കൂൾ ഉദ്ധരിക്കാനുള്ള ശ്രമവും അതോടൊപ്പമുണ്ടായി. ഉപകരണങ്ങൾക്കും അറ്റ കുറ്റപ്പണികൾക്കും പണമുണ്ടാക്കാൻ നാടകപ്രദർശനമാണു നല്ലതെന്നു കേളപ്പജി തീരുമാനിച്ചു.

ആദർശ പ്രചാരണത്തിന് ഏററവും പറ്റിയ മാധ്യമം നാടകമാണെന്നു മനസ്സി ലാക്കിക്കൊണ്ട് അതിന്റെ സൃഷ്ടിയും അദ്ദേഹം നിർവ്വഹിച്ചു. അനാചാരങ്ങളെ രൂ ക്ഷമായി പരിഹസിക്കുകയും അസമത്വത്തെ കഠിനമായി ആക്ഷേപിക്കുകയും സ്വാ തന്ത്ര്യത്തിന്റെ വെളിച്ചത്തെ വാരിപ്പുണരാൻ ഉദ്ബോധിപ്പിക്കുകയും ചെയ്ത ആ നാ ടകം നിരന്തരമായ കൈയടികളോടെയാണു ജനം സ്വീകരിച്ചത്.

ആ നാടകത്തിലെ യാഥാസ്ഥിതികനായ വൃദ്ധന്റെ ഓർമ്മ ഹരിചന്ദനം പോ ലെ എന്റെ മനസ്സിനെ ഇന്നും കുളിർപ്പിക്കുന്നു.

— 3 —

# ഭാഗവതരെ കട്ട കേസ്സ്

ജന്മിമാർ നിരന്തരമായി കുടിയാന്മാരെ ദ്രോഹിക്കുന്നു. അവർ പരസ്പരം പടവെട്ടുന്നു. എല്ലാം കോടതികളിൽ വെച്ച്. സിവിലായും ക്രിമിനലായും കേസ്സുകൾ നടത്തുന്നതും അന്നത്തെ മുഖ്യ സാംസ്കാരിക പരിപാടിയായിരുന്നു. ഇതിൽ സാംസ്കാരിക നായകന്മാരായി പ്രത്യക്ഷപ്പെടുന്നതു വ്യവഹാര കാര്യസ്ഥന്മാരാണ്. അവർ ജന്മികളുടെ ആശ്രിതന്മാരും ജനശത്രുക്കളുമായിരുന്നു. റജിസ്ട്രാഫീസിലും കോടതിയിലുമായി ഇക്കൂട്ടരുടെ ജീവിതം തളിർക്കുകയും പുഷ്പിക്കുകയും വേരറ്റുണങ്ങി നശിക്കുകയും ചെയ്യുന്നു. അവർക്ക് കോടതികളിൽ നിന്നു വേറിട്ടൊരു ജീവിതമില്ല. ഇടവേളകളിലും ഒഴിവുദിനങ്ങളിലും അവർ പ്രേക്ഷകരെ സംഘടിപ്പിച്ചു കോടതിനടപടികളുടെ മോണോ ആക്ടും മിമിക്രിയും അവതരിപ്പിക്കുന്നു.

ഞങ്ങൾ സ്കൂൾക്കുട്ടികളെ വിളിച്ചിരുത്തി, മോണോ ആക്ടു നടത്തുന്ന ഒരു വ്യവഹാരകാര്യസ്ഥൻ അന്നുണ്ടായിരുന്നു. ഒരു നമ്പ്യാർ. ഒരു ഞായറാഴ്ച ഞങ്ങളെ തേടിവന്നു അമ്പലക്കുളത്തിന്റെ പടവുകളിൽ പിടിച്ചിരുത്തി നമ്പ്യാർ ഒരു പ്രദർശനം നടത്തി. കുറുപ്പു വക്കീലിനെ സംബന്ധിച്ചാണു കഥ. വക്കീൽമാരേയും ജഡ്ജിമാരേയും സംബന്ധിച്ചല്ലാതെ മറ്റു കഥകളൊന്നും നമ്പ്യാർക്കറിയില്ലായിരുന്നു. രാമായണവും ഭാരതവുമൊക്കെ എന്നോ മറന്നു കഴിഞ്ഞിരിക്കുന്നു. നുണയാണെങ്കിലും കേൾക്കാൻ രസമുള്ളതായിരുന്നു നമ്പ്യാരുടെ കഥ. കോടതിനടപടികളൊക്കെ ഇംഗ്ലീഷിലായിരുന്നെങ്കിലും, നമ്പ്യാർക്ക് ഇംഗ്ലീഷ് ഭാഷയിലെ അക്ഷരങ്ങൾ പോലും അറിയില്ലെങ്കിലും വക്കീലന്മാർ തമ്മിലുള്ള വാദവും ജഡ്ജിയുടെ ഇടപെടലുമെല്ലാം ഭംഗിയായവതരിപ്പിക്കും. ഒരിക്കൽ നമ്പ്യാർ ഞങ്ങളോട് ഒരു കേസിന്റെ കഥ വിസ്തരിച്ചതിങ്ങനെയാണ്:

...തുക്ടി സായ്പിന്റെ കോടതിയാണു മക്കളേ, മിണ്ടിയാൽ തല പോകും. ഒരു കാക്ക ഉറക്കെയൊന്നു കരഞ്ഞാൽ ഡഫേദാറെ വിളിച്ചു വെടിവെക്കാൻ കല്പിക്കുന്ന തുക്ടി സായ്പാണ്. കണ്ടാലും സായ്പു തന്നെ. ഉണ്ടക്കണ്ണും നീളൻ മൂക്കും ചെമ്പൻ മുടിയും കൊമ്പൻ മീശയും. പക്ഷേ, തനി സായ്പല്ല. പട്ടാണി സായ്പാണ്. നമ്മളെ

വക്കീലന്മാരൊക്കെ തുക്ലി സായ്പിന്റെ മുമ്പിൽ വിറയ്ക്കും.

ഇന്നലെ ബഹുരസം. പയ്യോളി മുസാവരി ബംഗ്ലാവിലാണ് കോടതി ചേർന്നത്. സായ്പും പരിവാരങ്ങളും എത്തുമ്പോൾ പത്തു മണി. വക്കീലന്മാരും കക്ഷികളും സാക്ഷികളുമൊക്കെ റെഡി. ആരും മൂക്കിലെ ശ്വാസമഴിക്കില്ല. കുതിരവണ്ടിയിറങ്ങി നേരെ ഇടവും വലവും നോക്കാതെ, നടന്നു കസേരയിൽ കേറിയിരുന്നു. പങ്ക വലിക്കുന്ന ചന്തു റഡിയായിട്ടിരിപ്പുണ്ട്. അവൻ വലി തുടങ്ങി. തണുത്ത കാറ്റു തട്ടി സായ്പിന്റെ മുഖത്തെ വിയർപ്പും കുറേശ്ശെ വറ്റിത്തുടങ്ങിയപ്പോൾ അകത്തും തണുപ്പു കേറിയിട്ടുണ്ടാവുമെന്ന വിശ്വാസത്തോടെ വക്കീൽമാർ ഇരുന്നു. എന്നാലുണ്ടല്ലോ, വക്കീൽമാർ ആദരവോടെ സലാം വെക്കുമ്പോൾ മൂപ്പർ കണ്ട ഭാവം നടിക്കില്ല. യമകണ്ടകനാണ്. ടുവാലയെടുത്തു മുഖവും കഴുത്തും തുടച്ചു സായ്പ് നിവർന്നിരുന്നപ്പോൾ നമ്മുടെ കുറുപ്പു വക്കീൽ ഒരു ക്രിമിനൽ പെറ്റീഷൻ ആദരവോടെ സായ്പിന്റെ കൈയിലേക്കങ്ങു കൊടുത്തു. പള്ളിക്കരദേശത്തെ പ്രധാന ജന്മിയുടെ ഒരു ഹരജി. സായ്പ് ഹരജിയിലൂടെ കണ്ണോടിച്ചു.

സുമാർ നാല്പത്തഞ്ചു വയസ്സു പ്രായവും അഞ്ചടി അഞ്ചിഞ്ചു പൊക്കവും ഇരുനിറവും പിൻകുടുമയുമുള്ള ശിപ്പ അയ്യരെന്ന ഭാഗവതർ ഹരജിക്കാരന്റെ വീട്ടിൽ സ്ഥിരമായി താമസിച്ചു മക്കളെ പാട്ടു പഠിപ്പിച്ചുവരും അവസരത്തിൽ ഇക്കഴിഞ്ഞ ഞായറാഴ്ച താഴെ പറയുന്നവരും അക്രമികളും എന്തും ചെയ്യാൻ മടിക്കാത്തവരും പ്രത്യേകിച്ചു ബഹുമാനപ്പെട്ട ചക്രവർത്തി തിരുമനസ്സിലേക്കും അഹിതമായും ദോഷമായുമുള്ള സംഗതികൾ സദാ ആലോചിക്കുകയും പറയുകയും പ്രവർത്തിക്കുകയും തൊഴിലാക്കിയവരുമായ നാലുപേർ ചേർന്നു ഭാഗവതരെ കട്ടു കൊണ്ടു പോയിരിക്കുന്നു...

ഹരജി ഇത്രയും വായിച്ചുതീരും മുമ്പുതന്നെ സായ്പ് ക്ഷോഭിച്ചു. കണ്ണട മൂക്കത്തു നിന്നു വലിച്ചു മാറ്റി, വക്കീലിനെ രൂക്ഷമായി നോക്കി നിരസത്തോടെ ചോദിച്ചു:

“കളവുമുതലിന് എത്ര വയസ്സ്?”

“നാല്പത്തിയഞ്ച്” വക്കീലിന്റെ മറുപടി.

“ആരോഗ്യമെങ്ങനെ?”

“നല്ല ഒന്നാന്തരം ഗുസ്തിക്കാരന്റെ ശരീരം.”

“കള്ളന്മാർ പിടികൂടിയപ്പോൾ കരഞ്ഞു ബഹളം കൂട്ടിയില്ലേ?”

“ഇല്ല. യുവറോണർ, തൊണ്ടിയുടെ വായിൽ തൊണ്ടയോളം ശീല കുത്തിനിറച്ചിട്ടുണ്ടായിരുന്നു. ശ്വാസം കഴിക്കാൻ പോലും തൊണ്ടിക്കു വിഷമമായിരുന്നു.” വക്കീലിന്റെ വിശദീകരണം കേട്ടു തുക്ലി സായിന്റെ മൂക്കു ചുവന്നു. മീശ വിറച്ചു. ഒരട്ടഹാസമാണു പിന്നെ:

“നോൺസെൻസ്”

യുവറോണർക്ക് അസാധ്യമായി കലികയറിയിരുന്നു. ക്രിമിനൽ പെറ്റീഷൻ ഉയർത്തിപ്പിടിച്ചു അദ്ദേഹം പറഞ്ഞു:

“ഞാനിതു കീറി ചവറ്റുകൊട്ടയിലിടും. നാല്പത്തഞ്ചു വയസ്സുള്ള, ഉസ്താക്കാരന്റെ തടിമിടുക്കുള്ള ഒരാളെ കട്ടുകൊണ്ടുപോയത്രേ”

കുറുപ്പു വക്കീൽ എഴുന്നേറ്റുനിന്നു തൊണ്ടയനക്കി, തലയുയർത്തി ഒരു താക്കീതെന്നപോലെ പറഞ്ഞു:

“കീറിയാൽ...?”

“എന്താ കീറിയാൽ?”

കുറുപ്പു വക്കീൽ സ്വരത്തിനല്പം കനവും കടുപ്പവും കൂട്ടി തന്റെ വാക്ക് ആവർത്തിച്ചു.

അടക്കാൻ വയ്യാത്ത ശുണ്ഠിയോടെ തുക്ലി സായ്പ് ഹരജി പിച്ചിച്ചീന്തി ചവറ്റുകൊട്ടയിലേക്കെറിഞ്ഞു. അതുകൊണ്ടരിശം തീരാതെ ചൂറ്റികയെടുത്തു മേശപ്പുറത്തൊരു നാലു വീക്കും വെച്ചുകൊടുത്തു. കുറുപ്പു വക്കീൽ അക്ഷോഭ്യനായി, തന്റെ ഡയറിയും റിക്കാർട്ടും എടുത്തു കക്ഷത്തുവെച്ചു എഴുന്നേറ്റു പാട്ടു പാടുന്ന സ്വരത്തിൽ പതുക്കെ പറഞ്ഞു:

“കീറി”

മറുപടി കേട്ട് ആരും ചിരിച്ചില്ല. തുക്ലിസായ്പിനെ പേടിച്ച്. സായ്പിന്റെ കൈയിൽ അപ്പോഴും ചൂറ്റിക ഉണ്ടായിരുന്നു. പരമസംതൃപ്തിയോടെ കുറുപ്പുവക്കിൽ പുറത്തു കടന്നു പരാതിക്കാരനോടൊപ്പം വണ്ടിയിൽ ചെന്നു കയറി.

“കുറുപ്പുവക്കീലിന്റെ സംതൃപ്തിക്കുള്ള കാരണം നിങ്ങൾക്കു മനസ്സിലായോ മക്കളേ?”

മോണോ ആക്ടിന്റെ അവസാനം ഞങ്ങളോട് നമ്പ്യാരുടെ ഒരു ചോദ്യം. ഞങ്ങൾക്കു മനസ്സിലാവാത്തതു കൊണ്ട് ഉത്തരം പറഞ്ഞില്ല. അതും നമ്പ്യാർ തന്നെ പറഞ്ഞു:

“എടോ, കോടതിനടപടികളൊക്കെ ഇംഗ്ലീഷിലാണ്. അന്യായക്കാർക്കു വക്കീലെന്തു പറഞ്ഞെന്നു മനസ്സിലാവില്ല. കോഴി കൊത്തും പോലെ രണ്ടും നാലും ജഡ്ജിയുമായി പറഞ്ഞു പിരിയണം. അത്രയേ വേണ്ടു. ഫീസ്സ് പോക്കറ്റിലെത്തും...”

നമ്പ്യാർ മോണോ ആക്ടിലൂടെ പ്രദർശിപ്പിച്ച വസ്തുതയ്ക്കു പിറകിലുള്ള കഥ നടന്നതാണെന്നു ഞങ്ങൾ കുട്ടികൾക്കു പോലും കേട്ടറിവുള്ളതായിരുന്നു.

ഗ്രാമീണവായനശാലയുടെ പ്രവർത്തനം പുരോഗമിച്ചപ്പോൾ, തൊഴിലില്ലാതെ ശീട്ടുകളിച്ചും വെടിപറഞ്ഞും സമയം കഴിച്ച യുവാക്കൾക്കു അതൊരാകർഷണകേന്ദ്രമായിത്തീർന്നു. വൈകീട്ടു ധാരാളം പേർ വായനശാലയിൽ വരാൻ തുടങ്ങി. ഗ്രന്ഥശാലയിൽ അംഗസംഖ്യ പെരുകി. പലർക്കും പുസ്തകവായനയിൽ രസം പിടിച്ചു. വായനശാലയ്ക്കും ഗ്രന്ഥശാലയ്ക്കും പ്രവർത്തകർ ഏറെയായി. സാമൂഹ്യ-രാഷ്ട്രീയ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിൽ യുവാക്കൾ താൽപര്യം പ്രദശിപ്പിച്ചു. കേളപ്പജിയുടെ വലംകൈയായി പ്രവർത്തിച്ച ഇ. സി. കുഞ്ഞിക്കണ്ണൻ നമ്പ്യാർ

യുവജന നേതൃത്വം ഏറ്റെടുത്തു. പതുക്കെപ്പതുക്കെ ആലസ്യത്തിൽ നിന്നുണരുന്ന ഗ്രാമത്തിന്റെ ചൈതന്യം പല മേഖലകളിലും പ്രത്യക്ഷപ്പെടാൻ തുടങ്ങി.

മഹാകവി കുട്ടമത്തിന്റെ ബാലഗോപാലം നാടകം മലബാറിൽ അരങ്ങു തകർക്കുന്ന കാലമായിരുന്നു അത്. പിൽക്കാലത്ത് ഓട്ടംതുള്ളലിലൂടെ കേരളമൊട്ടാകെ പ്രസിദ്ധനായ മലബാർ രാമൻനായർ അന്നു നാടകയോഗത്തിലുണ്ടായിരുന്നു. രാമൻ നായരുടെ 'സുശീല'യെ കണ്ടു കണ്ണു നനയാത്ത പ്രേക്ഷകരുണ്ടായിരുന്നില്ല. ഇല്ലായ്മയുടെ, പരമദാരിദ്ര്യത്തിന്റെ യാതനയും വേദനയും പ്രേക്ഷക ഹൃദയങ്ങളെ മഥിക്കുന്ന രീതിയിലാണ് മഹാകവി ആ നാടകം മിനഞ്ഞെടുത്തത്. അതിലങ്ങോളമിങ്ങോളം നിറഞ്ഞു തുളുമ്പിനില്ക്കുന്ന ഭക്തിരസത്തിന്റെ മഹത്വം മറച്ചു കൊണ്ടല്ല ഇതു പറയുന്നത്. ദാരിദ്ര്യത്തിന്റെ മൂർത്തിമദ്ഭാവമായിരുന്നു സുശീലയെന്ന കഥാപാത്രം. രാമൻ നായരുടെ സിദ്ധി ആ കഥാപാത്രത്തെ കണ്ണീരിന്റെ ഗംഗാപ്രവാഹമായി മാറ്റുകയായിരുന്നു. ഹാസ്യനടനായ കോമൻ നായരുടെ സാന്നിധ്യം ആ നാടകത്തിന്റെ മറ്റൊരു സവിശേഷതയായിരുന്നു. അതിൽ നേരമ്പോക്കിനോ ഹാസ്യത്തിനോ പ്രസക്തിയുണ്ടായിരുന്നില്ലെങ്കിലും വിദൂഷകനെന്ന നിലയിൽ കോമൻ നായർ ആ നാടകത്തോടൊപ്പമുണ്ടായിരുന്നു. ഇടവേളകളിൽ മാത്രമേ അദ്ദേഹം പ്രത്യക്ഷപ്പെട്ടിരുന്നുള്ളൂ. ബ്രിട്ടീഷ് സാമ്രാജ്യത്തെ പരോക്ഷമായി ശക്തിപൂർവ്വം എതിർക്കുന്ന ഫലിതങ്ങളായിരുന്നു കോമൻ നായരുടേത്. ഈ നാടകത്തിന്റെ ജനപ്രീതിയിൽ ആകൃഷ്ടരായ യുവജനങ്ങൾ സ്വന്തമായൊരു നാടകം പഠിച്ചു പ്രദർശിപ്പിക്കണമെന്നു കലശലായി ആഗ്രഹിച്ചു. ആഗ്രഹനിവൃത്തിക്കു മുൻകൈയെടുത്തു പ്രവർത്തിച്ചത് ഗ്രാമീണ വായനശാലയുടെ പ്രവർത്തകരായിരുന്നു. എല്ലാവരും ഒരുപോലെ ആഗ്രഹിച്ചതു് ബാലഗോപാലം നാടകമായിരുന്നു.

അഭിനേതാക്കളെ നിർണ്ണയിക്കുമ്പോഴാണ് മുഖ്യമായൊരു വിഷമം നേരിട്ടത്. ശ്രീകൃഷ്ണന്റെ ഭാഗമെടുക്കാൻ പ്രാപ്തനായ ഒരു കുട്ടിയെ കിട്ടാനില്ല. ആകാരസൗഷ്ഠവമുള്ള കുട്ടിക്കു സ്വരശുദ്ധിയില്ല. അഭിനയിക്കാൻ കഴിവുള്ളവർക്കു പാടാൻ വയ്യ. ആകെ കുഴപ്പം. യുവാക്കളായ അഭിനേതാക്കൾക്ക് ഒരു ക്ഷാമവുമുണ്ടായിരുന്നില്ല. തട്ടാടത്തു തറവാട്, അന്നു പള്ളിക്കരദേശത്തും പരിസരത്തും അറിയപ്പെടുന്നു കലാകാരന്മാരുടെ കേന്ദ്രമെന്ന നിലയിലാണ്. ഗോപാലൻനായർ, രാവുണ്ണിനായർ, കുഞ്ഞനന്തൻ നായർ എന്നിങ്ങനെ അരങ്ങിൽ ശോഭിക്കുന്ന പല നടന്മാരും അന്നുണ്ടായിരുന്നു. ഇവരിൽ സംഘടനാ വൈഭവം കൊണ്ടും കരുത്തുകൊണ്ടും ശരീരബലം കൊണ്ടും മുന്നണിയിൽ നിന്നത് കുഞ്ഞനന്തൻ നായരായിരുന്നു.

ശ്രീകൃഷ്ണനുവേണ്ടിയുള്ള അന്വേഷണം ഒടുവിൽ ചെന്നെത്തിയതു് സ്ഥാനിയും പ്രബലനുമായ ഒരു ജന്മിയുടെ വീട്ടിലായിരുന്നു. ജന്മിയെ ആശ്രയിച്ചു കഴിയുന്ന ഒരു കൊച്ചുമിടുക്കനവിടെയുണ്ടായിരുന്നു. നന്നായി പാടും. ശ്രീത്വമുള്ള മുഖം. പക്ഷേ, ഫലമെന്ത്? ജന്മി പുതുമകൾക്കു നേരെ മുഖം തിരിച്ചു നില്ക്കുന്ന ആളായിരുന്നു. വായനശാല സ്ഥാപിച്ചതും യുവാക്കൾ സംഘംചേരുന്നതും ചർച്ചകൾ നടത്തുന്നതും നാടകപ്രദർശനം നടത്തുന്നതുമെല്ലാം ജന്മിക്ക് അരോചകമായിരുന്നു. സാർവ്വഭൗമ

നായ ജോർജ്ജ് ചക്രവർത്തിയുടെ ആരാധകനായിരുന്ന അദ്ദേഹം. ജന്മിമാരുടെ താൽപര്യം സംരക്ഷിക്കാൻ ചക്രവർത്തി തിരുമനസ്സ് എക്കാലവും വാഴണമെന്നും സ്വാതന്ത്ര്യം വേണമെന്ന മുറവിളി കൂട്ടിനടക്കുന്ന വിവരദോഷികളെ പോലീസ് വേണ്ടപോലെ കൈകാര്യം ചെയ്ത് ഒതുക്കണമെന്നും അദ്ദേഹം ആശിച്ചിരുന്നു. ആശയ്ക്കനുസൃതമാംവിധം പലതും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അധീനതയിലാണ് ശ്രീകൃഷ്ണവേഷത്തിനുവേണ്ടി കണ്ടുവെച്ച കുട്ടി. എങ്ങനെ കിട്ടും? പ്രവർത്തകർ ആലോചിച്ച് വിഷമിച്ച് വഴിമുട്ടി നില്ക്കുമ്പോൾ 'നമ്പ്യാർ' പ്രത്യക്ഷപ്പെടുന്നു. ജന്മിയുടെ വ്യവഹാരകാര്യസ്ഥനാണു നമ്പ്യാരെങ്കിലും അദ്ദേഹം ഒരു കായംകുളം വാളായിരുന്നു. വായനശാലാപ്രവർത്തകരേയും ജന്മിയേയും ഒരുപോലെ ഒരേസമയത്തു പ്രീതിപ്പെടുത്തി നിർത്താൻ അദ്ദേഹത്തിനറിയാമായിരുന്നു. വേണ്ട സമയത്തു രണ്ടുപേരേയും കൂട്ടിമുട്ടിച്ച് വഴക്കുണ്ടാക്കാനും നമ്പ്യാർ സമർത്ഥനായിരുന്നു. പരിഹാരമില്ലാത്ത പ്രശ്നത്തിനു മുമ്പിൽ തളർന്നു നില്ക്കുന്ന പ്രവർത്തകർക്ക് അദ്ദേഹം വഴിതെളിയിച്ചുകൊടുത്തു.

"ഒരു കാര്യം ചെയ്യാം. രാത്രി മൂപ്പര് ഉറങ്ങാൻ കിടക്കുന്ന സമയം നോക്കി നിങ്ങൾ വന്നോളൂ. ചെക്കനെ വിളിച്ച് നിങ്ങളെ ഏല്പിക്കാം. നാടകത്തിന്റെ ചൊല്ലിപ്പഠിപ്പു കഴിഞ്ഞു വീട്ടിലെത്തിച്ചാൽ മതി. ആരും അറിയില്ല. ആരോടും പറയുകയും വേണ്ട."

സംഗതി ശുഭം. എല്ലാവർക്കും സന്തോഷമായി. നമ്പ്യാരുടെ പരിപാടിക്കനുസൃതമായി കാര്യങ്ങൾ മുന്നോട്ടു നീങ്ങി. റിഹേഴ്സൽ മുറയ്ക്കു നടന്നു. നാടകം പരിപൂർണ്ണവിജയമാവുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല.

ശുഭദിനങ്ങൾ ഏറെ കടന്നുപോയില്ല. രാത്രിനേരത്തു കുട്ടി പുറത്തു പോകുന്നതും വൈകീട്ടു തിരിച്ചുവരുന്നതും ഭാഗവതരുടെ ശ്രദ്ധയിൽ പെട്ടു. ഒരു അപസർപ്പകനെപ്പോലെ ഭാഗവതർ അന്വേഷണമാരംഭിച്ചു. സംഗതി കണ്ടുപിടിച്ചു. പിന്നെ താമസമുണ്ടായില്ല, ജന്മിയുടെ മുമ്പിൽ ഭാഗവതർ തന്റെ കണ്ടുപിടുത്തം അവതരിപ്പിച്ചു. ആകെ ബഹളം. അന്വേഷണം. തെളിവെടുപ്പ്. നിരോധനാജ്ഞ. സന്ധ്യയ്ക്കു മുമ്പ് കുട്ടിയെ അകത്തിട്ടു പൂട്ടാൻ കല്പന.

നാടകം മുടങ്ങുമെന്നു തീർച്ചയായി. പ്രവർത്തകർക്കിടയിൽ മാന്ദ്യം. നിരാശ. ഭാവിപ്രവർത്തനത്തെ സംബന്ധിച്ച് ആർക്കും ഒരു രൂപവുമില്ല. അപ്പോൾ കണ്ണനന്തൻ നായർ പറഞ്ഞു:

"സാരമില്ല, നാടകം എങ്ങനെയെങ്കിലും നടത്താം. അക്കാര്യത്തിലാരും വിഷമിക്കേണ്ടതില്ല. പക്ഷേ, ഈ കൊടും വഞ്ചനയുണ്ടല്ലോ, ഇതിനു പ്രതികാരം ചെയ്യണം. അതാണാദ്യം വേണ്ടത്."

എല്ലാവരും ആ അഭിപ്രായത്തോടു യോജിച്ചു. അന്നത്തെ രാത്രി ശുഭമുഹൂർത്തം നോക്കി ഭാഗവതരെ കട്ടു. അകലെ ആളൊഴിഞ്ഞൊരു വീട്ടിൽ തടവുകാരനെപ്പോലെ പാർപ്പിച്ചു. കാവൽക്കാരേയും നിയമിച്ചു. തുടർന്ന് ജന്മിയുടെ ആൾക്കാരും

പോലീസും പല വഴികളിലൂടെ അന്വേഷിച്ചു. തുമ്പുകിട്ടാതെ വന്നപ്പോൾ ഹരജിയുമായി ജന്മി കോടതിയെ സമീപിച്ചു. അവിശ്വസനീയവും അത്ഭുതപൂർവ്വവുമായ ആവലാതി കണ്ടു ശുണ്ഠിപിടിച്ച തുക്ടി—സബ്ഡിവിഷനൽ മജിസ്ട്രേട്ട്—ഹരജി കീറി വലിച്ചെറിഞ്ഞതോടെ പ്രശ്നം അവസാനിച്ചു. ഭാഗവതർ മോചിതനുമായി.

— 4 —

## ഇരമ്പിയ ഒരു നാടകം

'ഗ്രാമീണവായനശാല' പ്രകൃതിമനോഹരമായ ചുറ്റുപാടിൽ, ഒരു ചെറിയ പീടിക മുറിയിലാണാരംഭിച്ചത്. കോടനാട്ടുംകുളവും പരദേവതാക്ഷേത്രവും ആൽത്തറയും ഒരു വശത്ത്. മറുവശത്ത് വീതി കൂടിയ ഊടുവഴി. അതിനപ്പുറം പരന്നുകിടക്കുന്ന നെൽപ്പാടം. ജനങ്ങൾക്ക് വരാനും ഒത്തുചേരാനും സൗകര്യപ്രദമായ സ്ഥലം.

വളരെ ക്ലേശിച്ചാണ് സ്ഥലം സമ്പാദിച്ചത്. യാഥാസ്ഥിതികർ ഒറ്റക്കെട്ടായി നിന്നു. കേളപ്പജിക്കെതിരെ അപവാദപ്രചരണം നടത്തി. വായനശാല അപകടമാണ്. അതു ചെറുപ്പക്കാരെ കേടുവരുത്തും. ഈശ്വരവിശ്വാസം തകർക്കും. അമ്പലം അശുദ്ധമാക്കും. തീണ്ടൽ ജാതിക്കാരെക്കൊണ്ട് എല്ലാം തൊട്ടുമുടിച്ചു നശിപ്പിക്കും. കേളപ്പൻനായരുടെ ഉദ്ദേശമിതാണ്. നായരെന്നു പറഞ്ഞിട്ടു കാര്യമെന്ത്? തറവാടിത്തം കളഞ്ഞു കുളിച്ചില്ലേ? സൂക്ഷിക്കണം. പണ്ടു വാമനൻ വന്നില്ലേ ഭൂമി ചോദിക്കാൻ. അതുപോലുള്ള വരവാണിത്. ഒടുവിൽ നാശമായിരിക്കും ഫലം. കൊടുക്കരുത്. ഒരിഞ്ചു സ്ഥലം ആരും കൊടുക്കരുത്.

ആരും കൊടുത്തില്ല. പ്രചാരവേല ഫലിച്ചു. പക്ഷേ, 'വില്യാത്തെ' ഒരു മുസ്ലിം കാരണവരാണ് ഒടുവിൽ സഹായത്തിനെത്തിയത്. അദ്ദേഹം ഒരു പീടികമുറി സൗജന്യമായി കൊടുത്തു. വായനശാല എന്തിനാണെന്നോ അതുകൊണ്ടുള്ള പ്രയോജനമെന്തെന്നോ പൂർണ്ണമായി ധരിച്ചുകൊണ്ടുള്ള സഹായമായിരുന്നോ? അറിഞ്ഞു കൂടാ. ഏതായാലും സ്ഥലം കിട്ടി. വായനശാലയുടെ ഉദ്ഘാടനവും നടന്നു. മാതൃഭൂമിയുടെ സ്ഥാപകനും ആദ്യത്തെ പത്രാധിപരും കറകളഞ്ഞ ദേശഭക്തനുമായിരുന്ന ശ്രീ പി. രാവുണ്ണി മേനോനായിരുന്നു ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്. മുസ്ലിം കാരണവരുടെ സന്മനോഭാവത്തെ തന്റെ ഉദ്ഘാടനപ്രസംഗത്തിലദ്ദേഹം വാഴ്ത്തുകയുണ്ടായി.

പള്ളിക്കരയിലും സമീപപ്രദേശത്തുമുള്ള യുവജനങ്ങളുടെ ആകർഷണ കേന്ദ്രമായിരുന്നു വായനശാല. വൈകുന്നേരങ്ങളിൽ ധാരാളം പേർ ഒത്തുകൂടും. ഒത്തുചേരലും ആശയവിനിമയം നടത്തലും അന്നു പതിവുള്ള കാര്യമായിരുന്നില്ല. അതിനു

ള്ള സൗകര്യമുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ യുവജനങ്ങൾ കൗതുകപൂർവ്വം വായനശാലാ പ്രവർത്തനങ്ങളിൽ പങ്കുകൊണ്ടു. അങ്ങനെ പങ്കുകൊള്ളാൻ ഉത്സാഹത്തോടെ വരുന്നവരെ നിരാശപ്പെടുത്താതെ, രാജ്യനന്മയ്ക്കുതകുന്ന, സമൂഹത്തിന് ഗുണം ചെയ്യുന്ന, സാംസ്കാരികവളർച്ചയെ സഹായിക്കുന്ന, ഏതെങ്കിലും പ്രവർത്തനത്തിൽ പങ്കാളികളാക്കണമെന്ന വിചാരമാണ് നാടകപ്രദർശനമെന്ന ആശയത്തിനു രൂപം നല്കിയത്. അതൊരു ചെറിയ വഴക്കിലെത്തിച്ചു. 'ഭാഗവതർ സംഭവം' ജനങ്ങളെ രണ്ടു ചേരിയിലാക്കി. വളരെ നന്നായെന്നൊരു കൂട്ടർ. അക്രമമായെന്നു മറ്റൊരു കൂട്ടർ. യാഥാസ്ഥിതികരുടെ പക്ഷത്ത് ആൾബലം കുറവായിരുന്നു. പക്ഷേ, പണവും പ്രൗഢിയും ആഢ്യത്തവും അവിടെ മുന്നിട്ടുനിന്നു. പിന്നെ, ഭരണകൂടത്തിന്റെ പിന്തുണയും. അന്ന് വെള്ളക്കാരന്റെ ഭരണത്തിൽ ആരേയും എന്തിനേയും സംശയമായിരുന്നു. അയിത്തോച്ചാടനം മുതൽ കാലിച്ചന്തവരെയുള്ള ഏതു കാര്യവും അവർ സംശയത്തോടെ വീക്ഷിച്ചു. ജനപങ്കാളിത്തമുള്ള എല്ലാ കാര്യങ്ങൾക്കു പിന്നിലും അവർ സാമ്രാജ്യവിരോധം ഒളിഞ്ഞിരിക്കുന്നതായി ധരിച്ചു. ഇവിടേയും അതൊക്കെത്തന്നെ സംഭവിച്ചു.

ചമയപ്പാടുകളുള്ളവരും ഇല്ലാത്തവരുമായ 'ചോന്ന തൊപ്പി'ക്കാർ ഇടയ്ക്കിടെ സന്ദർശനത്തിനെത്തി. ജനങ്ങൾ അത്തരം സന്ദർശനങ്ങളെ ഭീതിയോടെ നോക്കിക്കണ്ടു. പോലീസിന് അന്നെന്തും ചെയ്യാമായിരുന്നു. ആരേയും പിടിച്ചു കൊണ്ടുപോകാമായിരുന്നു. കുറ്റവിചാരണയും തെളിവെടുപ്പുമില്ലാതെ എത്രയെങ്കിലും കാലം തടങ്കലിൽ വെക്കാമായിരുന്നു. ഈ കാരണം കൊണ്ടുതന്നെ, ജന്മിത്തത്തിനെതിരായ ആദ്യത്തെ വിജയം—ഭാഗവതർ സംഭവം—ആഘോഷിക്കാൻ സാമാന്യജനങ്ങൾ അറച്ചുനിന്നു. സന്തോഷം മനസ്സിലൊളിപ്പിച്ചുവെച്ചു. പുറത്തു കാട്ടിയാൽ ജന്മിയുടെ കോപം ഏതു രൂപത്തിലവരെ പിന്തുടരുമെന്നറിഞ്ഞുകൂടായിരുന്നു. എല്ലാ ദുഃഖങ്ങളുടെ പരിഹാരത്തിനും അന്യായത്തിനും അക്രമത്തിനുമെതിരായും പാവപ്പെട്ട ജനങ്ങൾക്കുള്ള ഏകാശ്രയം അന്ന് അമ്പലനടയായിരുന്നു. കൃത്യമായി രണ്ടുനേരവും കുളിച്ചു അമ്പലത്തിൽ ചെന്നു പരാതി ബോധിപ്പിക്കുന്നു. സഹിച്ചു കൂടാത്ത സംഗതികളാവുമ്പോൾ ശ്രീകോവിലിനു നേരേ തിരിഞ്ഞു ആരും കേൾക്കാത്തമട്ടിൽ പറയാനവർക്കു പതിവു വാചകങ്ങളുണ്ട്:

"ഓ, ന്റെ ദൈവേ, നീ കൊടുക്കണേ ആ ദുഷ്ടന്. ഓന്റെ കുടുംബം മുടിഞ്ഞു പോണേ."

കഴിഞ്ഞു. അവിടം കൊണ്ടെല്ലാം അവസാനിപ്പിച്ച് സമാധാനിക്കുന്ന പരമ ശുദ്ധരായിരുന്നു ഗ്രാമീണർ. ആക്ഷേപിക്കാനറിഞ്ഞു കൂടാ. പ്രതിഷേധിക്കാനറിഞ്ഞു കൂടാ. സഹിക്കാൻ നന്നായറിയുന്നതുകൊണ്ടു മാത്രം രക്ഷപ്പെടുന്നവർ.

വിജയാഘോഷം വായനശാലയിൽ കേമമായി നടന്നു. ശ്രീകൃഷ്ണന്റെ വേഷത്തിനു പകരക്കാരനെ കണ്ടെത്തുക വിഷമമായിരുന്നു. എങ്കിലും അതും സാധിച്ചെടുത്തു. പാടാനും അഭിനയിക്കാനും കഴിവുള്ള നല്ലൊരു കുട്ടിയെ കിട്ടി. അവനെവെ

ച്ചുകൊണ്ട് പരിശീലനം മുറയ്ക്കാരംഭിച്ചു. സംഘാടകനും സംവിധായകനും അഭിനേതാവുമെല്ലാമായി, പ്രവർത്തനങ്ങളുടെ സാരഥ്യം വഹിച്ചത് കുഞ്ഞനന്തൻ നായരായിരുന്നു. ബലിഷ്ഠമായ ശരീരം, അന്തസ്സുറ്റ പെരുമാറ്റം, ഫലിതമയമായ സംഭാഷണം, സേവനൗത്സുക്യം. ഏതെതിർപ്പിനെയും നേരിടാനുള്ള ധീരത, സഹിഷ്ണുത. ഇതെല്ലാം ഒത്തുചേർന്ന മനുഷ്യനായിരുന്നു കുഞ്ഞനന്തൻ നായർ. യുവജനങ്ങൾ എന്തിനും എപ്പോഴും അദ്ദേഹത്തിന്റെ പിന്നിലുണ്ടാവും. അതുകൊണ്ട്, പ്രവർത്തനങ്ങൾക്ക് ഒരു വിഷമമുണ്ടായില്ല. എല്ലാം ഭംഗിയായി നടന്നു. മുറയ്ക്കുള്ള പരിശീലനം ഒരു വശത്തും. അനുഗൃഹീത കലാകാരനായിരുന്ന ശ്രീ ടി. കെ. സി. കിടാവിന്റെ നേതൃത്വത്തിൽ അരങ്ങൊരുക്കിന്റെ തകൃതി മറുവശത്ത്. പുതിയ കർട്ടൻ. പുതിയ സെറ്റ്. എല്ലാം പുതിയത്. ക്യാൻവാസിൽ കാടുകളും വീടുകളും പൂർത്തിയാവുന്നു. പശ്ചാത്തല ഭംഗിക്കുള്ളതെല്ലാം ഒരുങ്ങുന്നു. ജനങ്ങൾക്കു പുതിയ അനുഭവം. അവർ കൂട്ടം കൂട്ടമായി വന്ന് അദ്ഭുതങ്ങൾ കണ്ടു പോകുന്നു.

ഒടുവിൽ ആ ദിവസമെത്തുന്നു. വായനശാലയുടെ സമീപത്ത്, കൊയ്ത്തു കഴിഞ്ഞ പാടത്തു പന്തലുയരുന്നു. വിവിധ വർണ്ണങ്ങളിലുള്ള നോട്ടീസുകൾ വിതരണം ചെയ്യുന്നു. മഹാകവി കുട്ടമത്തിന്റെ ബാലഗോപാലം നാടകം അരങ്ങേറുന്ന ദിവസത്തിന്റെ അറിയിപ്പുണ്ടാവുന്നു. പന്തലിന്നകത്തു കടക്കണമെങ്കിൽ, നാടകം കാണണമെങ്കിൽ, ടിക്കറ്റു വാങ്ങണം. അതും പുതിയ അനുഭവം തന്നെ. പ്രവർത്തകർക്കു സംശയമുണ്ടായിരുന്നു. ടിക്കറ്റെടുത്തു നാടകം കാണുന്ന ശീലമില്ലാത്ത ജനങ്ങളാണ്. ഒടുവിൽ ആരും വന്നില്ലെങ്കിൽ മാനം കെടും. പ്രബലനായൊരു ജന്മിയോട്ട് ഏറ്റുമുട്ടി ബലപരീക്ഷ നടത്തി നേടിയെടുത്ത വിജയം പൂർണ്ണമാകണമെങ്കിൽ നാടകം വിജയിക്കണം. വിജയിക്കണമെങ്കിൽ കാശുമുടക്കി ടിക്കറ്റെടുത്തു പ്രേക്ഷകർ അകത്തു കയറണം. പ്രവർത്തകരുടെ സംശയം അസ്ഥാനത്തായിരുന്നു. സന്ധ്യയോടൊപ്പം ജനങ്ങൾ ഒഴുകിയെത്തി. നിറഞ്ഞ സദസ്സ്. നാടകം ഇരമ്പി. രണ്ടഭിപ്രായമില്ല. അന്നോളം അത്ര നല്ലൊരു നാടകം കാണാൻ കഴിഞ്ഞിട്ടില്ലെന്നു പ്രേക്ഷകർ പറഞ്ഞുകേട്ടപ്പോൾ പ്രവർത്തകരുടെ മനസ്സ് നിറഞ്ഞു.

നൈഷധംപോലെ, രുഗ്മാംഗദചരിതം പോലെ, ചില പുരാണ നാടകങ്ങൾ—അതും അപൂർവ്വാവസരങ്ങളിൽ മാത്രം—കാണാനുള്ള സൗകര്യമേ സാധാരണജനങ്ങൾക്ക് അന്നുണ്ടായിരുന്നുള്ളു. അത്തരം നാടകങ്ങളിൽനിന്നെല്ലാം വളരെ വ്യത്യസ്തമായിരുന്നു ബാലഗോപാലം. ഭാഷാനാടകങ്ങളിൽ സാധാരണക്കാരന്റെ ദാരിദ്ര്യദുഃഖം ശക്തിമത്തായി പ്രതിഫലിപ്പിച്ച ആദ്യത്തെ നാടകമാണ് ബാലഗോപാലമെന്നു പറഞ്ഞാൽ വലിയ തെറ്റാവില്ല. അനാഥയായ ഒരു വിധവയുടേയും മകന്റെയും കഥ. നിത്യവൃത്തിക്കുള്ള വകപോലും യാചിച്ചുണ്ടാക്കണമെന്ന ഗതികേടിൽ പുലരുന്ന കുടുംബം. കുറഞ്ഞ കഥാപാത്രങ്ങൾ. വക്രതയൊന്നും ഇല്ലാത്ത കഥാകഥനരീതി. നേരെ ജനഹൃദയങ്ങളിൽ കടന്നുചെല്ലാൻ കഴിവുള്ള ഗാനങ്ങളും സംഭാഷണങ്ങളും നിരന്തരമായ ആരാധനയിലൂടെ, വ്രതചര്യകളിലൂടെ, തപസ്സിലൂടെ

മനുഷ്യനെ ദൈവസന്നിധിയിലേക്കുയർത്തുന്ന പതിവ് വിട്ട്, ദൈവം മണ്ണിലേക്കിറങ്ങിവന്ന ഒരനാഥ ബാലനോടൊപ്പം കളിക്കുകയും ചിരിക്കുകയും അവന്റെ ജ്യേഷ്ഠനായി അഭിനയിക്കുകയും ജ്യേഷ്ഠനെന്ന വിശ്വാസത്തിനു പോറലേല്പിക്കാത്തവിധം പെരുമാറുകയും ചെയ്യുന്ന ഒരു പുതിയ രീതി അവലംബിച്ച എന്നതാണ് ഈ നാടകത്തിന്റെ പ്രത്യേകത. പണ്ഡിതനേയും പാമരനേയും ഒരുപോലെ രസിപ്പിക്കാനുള്ള കഴിവ് ആ നാടകത്തിനുണ്ട്. ജനങ്ങളൊന്നടങ്കം നല്ലതെന്നു വിധിയെഴുതാനുള്ള കാരണവും അതു തന്നെ.

അന്ന് ആ നാടകപ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കുകയും അതിലെ വാധ്യാരുടെ ഭാര്യയായി വേഷമിടുകയും ചെയ്ത കുഞ്ഞിക്കണ്ണൻമാസ്റ്റർ മാത്രമാണ് ഇന്നു ജീവിച്ചിരിപ്പുള്ള ഏകവ്യക്തി. എൺപതിന്റെ അങ്ങേപ്പുറം ആരോഗ്യത്തോടു കൂടിത്തന്നെ കടന്നു നില്ക്കുന്ന മാസ്റ്ററെ ഇയ്യിടെ ഒരിക്കൽ കാണുകയുണ്ടായി. പഴയ കാര്യങ്ങൾ അനുഭവസ്ഥരുടെ മുഖത്തുനിന്നു കേൾക്കുന്നതിലൊരു പ്രത്യേക സുഖമുണ്ടല്ലോ. ആ സുഖമനുഭവിക്കാൻ വേണ്ടി ഞാൻ ചോദിച്ചു:

"എങ്ങനെയുണ്ട് മാഷേ?"

"ബഹുസുഖം."

മാഷ് പറഞ്ഞു. പഴയ നേരമ്പോക്കുകളും രസികത്തങ്ങളും മാഷ് കൈവെടികയോ, മാഷെ കൈവെടികയോ ചെയ്തിട്ടില്ല.

"പഴയ നാടക കാലമൊക്കെ ഓർക്കാറുണ്ടോ?"

"ഓ, ധാരാളം."

മാഷ് ചിരിച്ചു.

"എത്ര വേണമെങ്കിലും ഓർക്കാം. പക്ഷേ, ഒരു കുഴപ്പം. സംഭവങ്ങളൊന്നും പിടികിട്ടുന്നില്ല. ഒക്കെ വഴുതിപ്പോകുന്നു. നല്ല മഞ്ഞുള്ള ദിവസം അതിരാവിലെ പുറത്തിറങ്ങി നോക്കീട്ടുണ്ടോ?"

"ഉണ്ട്."

"നുണ. നിങ്ങളൊക്കെ പ്രഭാതം കണ്ടിട്ടുണ്ടോ? ഈ പ്രഭാതമുണ്ടല്ലോ..."

ഞാൻ ഇടയ്ക്കു കയറി തടഞ്ഞു. ഇല്ലെങ്കിൽ ഒരു വലിയ പ്രഭാഷണംതന്നെ നടത്തിക്കളയും.

"എന്റെ ചോദ്യം, ബാലഗോപാലം നാടകമുണ്ടല്ലോ. അതിനെപ്പറ്റിയാണ്."

മാസ്റ്ററുടെ മുഖം തെളിഞ്ഞു. തുമ്പപ്പൂവിന്റെ വിശുദ്ധിയുള്ള ചിരി വിടർന്നു.

"അഹ്ഹാ, അതൊരു കാലം"

"അ. അതാണെനിക്കറിയേണ്ടത്."

"അതു വരട്ടെ. ഞാൻ പ്രഭാതത്തെപ്പറ്റി പറഞ്ഞില്ലേ. ഈ മഞ്ഞു കാലത്തെ പ്രഭാതത്തിൽ പുറത്തിറങ്ങി നോക്കിയാൽ ഒന്നും വ്യക്തമല്ല. അടുത്തു വന്നാലും ആളെ തിരിച്ചറിയാൻ പറ്റില്ല. അതുപോലെയാ ഇപ്പം ഓർമ്മ. ഒന്നും തെളിയുന്നില്ല.

എത്ര വേണങ്കിലും ഓർമ്മിക്കാം. ഒരു ക്ഷാമോല്യാ. ഈ തുരങ്കമുണ്ടല്ലോ...ടണൽ കണ്ടിട്ടുണ്ടോ?"

"ഇല്ല മാഷേ കണ്ടിട്ടില്ല."

പറഞ്ഞൊഴിഞ്ഞു രക്ഷപ്പെടാനുള്ള ബദ്ധപ്പാടിലാണ ഞാൻ. മാസ്റ്റർ വിടാൻ ഭാവമില്ല.

"തുരങ്കത്തിലൂടെ നടക്കുന്നു. മറുകരയെത്തുന്നു. അവിടെ നിന്ന് തിരിഞ്ഞു നോക്കുന്നു. അപ്പോൾ അങ്ങ് പിറകിൽ, ദൂരെ, ഒരു നുറുങ്ങു വെളിച്ചം. ചന്ദനപ്പൊട്ടില്ലേ, അതുതന്നെ. അതുകണ്ടാൽ അതിന്നപ്പുറത്ത് ഒരു ലോകമുണ്ടെന്നു തോന്ന്വോ? ഇല്ല. എന്റെ ഓർമ്മ ഇപ്പം അങ്ങനെയാ. അങ്ങകലത്തെവിടെയോ ഒരു വെളിച്ചത്തിന്റെ നുറുങ്ങ്. വാരിപ്പിടിക്കാൻ കഴിയുന്നില്ല."

മാസ്റ്റർ നിർത്തി—ചിരിച്ചു. ആ ചിരിയിൽ വേദനയുണ്ടായിരുന്നോ? എന്തോ! മാസ്റ്ററുടെ മൂഡ് മാറുന്നതു കണ്ടു ഞാൻ പറഞ്ഞു:

"ഒരു പാട്ട് വേണല്ലോ മാഷേ."

ഉഷാർ. മാസ്റ്റർ ചെറുപ്പക്കാരനാവുന്നു.

"ഒന്നു മതിയോ പാട്ട്?"

മാസ്റ്ററുടെ ചോദ്യം.

"മാഷിപ്പം പാടാറുണ്ടോ?"

"മനസ്സിൽ. മനസ്സിൽ മാത്രം."

മാസ്റ്റർ പതുക്കെ പറഞ്ഞു. ഞങ്ങൾ രണ്ടുപേരും പൊട്ടിച്ചിരിച്ചു.

— 5 —

# ചക്കളത്തിപ്പോരാട്ടം

വീട്ടിൽ ചില പുസ്തകങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ആരോ ചിലർ ഗ്രാമീണവായനശാലയിൽ അംഗങ്ങളായിട്ടുണ്ട്. അവരുടെ വകയാണ് പുസ്തകം. പരമരഹസ്യമായിട്ടാണു സംഗതി നടന്നത്. മുത്തച്ഛൻ അറിയരുത്. വായനശാല മുതലായ പുത്തൻ പ്രസ്ഥാനങ്ങളോട് ആഭിമുഖ്യമുള്ള കൂട്ടത്തിലായിരുന്നില്ല മുത്തച്ഛൻ. പുസ്തകങ്ങളുടെ കാര്യത്തിൽ, മഹാകാവ്യങ്ങളും പുരാണങ്ങളും മാത്രമേ അദ്ദേഹം അംഗീകരിച്ചിട്ടുള്ളു. മറ്റുള്ളവയൊക്കെ അദ്ദേഹത്തിനു ചവറ്! കൺവെട്ടത്തു കാണാനേ പാടില്ല. അതുകൊണ്ട് രഹസ്യമാർഗ്ഗത്തിലൂടെ വീട്ടിൽ പുസ്തകമെത്തുന്നു. വായനയും രഹസ്യമായിട്ടുതന്നെ.

നാലുകെട്ടുമാളികയായതുകൊണ്ട് ആൾപ്പെരുമാറ്റം കുറഞ്ഞ ചില ഒളിസ്സങ്കേതങ്ങളുണ്ടായിരുന്നു ഞങ്ങളുടെ വീട്ടിൽ. അവിടെ വെച്ചാണു വായന. വായന കഴിഞ്ഞു പുസ്തകങ്ങളൊക്കെ ഭദ്രമായി ഒളിപ്പിക്കും. മുതിർന്നവർ പുസ്തകം എവിടെ ഒളിപ്പിച്ചാലും കണ്ടുപിടിക്കാനുള്ള സൂത്രവിദ്യ ഞാൻ അപ്പോഴേക്കും വശമാക്കിയിരുന്നു. അതു വഴി പുസ്തകമോഷണം ഞാൻ ഒരു തൊഴിലാക്കി വികസിപ്പിച്ചു. വടക്കിനിക്കും 'കോൺ കെട്ടകത്തിനും' കുറുകെ കിടക്കുന്ന ഒരു ഇടനാഴിയുണ്ട്. അതായിരുന്നു എന്റെ സാമ്രാജ്യം. കളവുമുതലും കൊണ്ട് ഞാൻ അതിൽ കടന്നു കൂടും. ഇരുവശങ്ങളിലുമുള്ള വാതിൽ ചാരും. അപ്പോൾ വാതിൽ പഴുതിലൂടെ വെള്ളിവടിപോലെ അകത്തു വീഴുന്ന പ്രകാശത്തിൽ പുൽപ്പായ വിരിച്ചു മലർന്നു കിടന്നു വായന തുടരും. ഏതു പുസ്തകമായാലും കട്ടെടുത്തു വായിക്കും.

അങ്ങനെ കട്ടെടുത്തു വായിച്ച പുസ്തകങ്ങളിൽ ഒരെണ്ണം ഇന്നും എന്റെ മനസ്സിലുണ്ട്: 'ആരോഗ്യസ്തവം', നടുവത്ത് അച്ഛൻ നമ്പൂതിരിയുടെ ആരോഗ്യത്തിനു വേണ്ടി കവികളും മഹാകവികളും ഒത്തു ചേർന്നർപ്പിച്ച പദ്യപുഷ്പാഞ്ജലിയായിരുന്ന 'ആരോഗ്യസ്തവം'. നടുവത്ത് മഹൻ പ്രാർത്ഥന തുടങ്ങിയത് ഇങ്ങനെയാണ്: "ചെരിപ്പിട്ടു താതൻ കുറഞ്ഞൊന്നുലാത്തി..." (ഇല്ല...ഓർമ്മ മുറിയുന്നു. മുഴുമിക്കാൻ കഴിയുന്നില്ല...ഇതാ ഒരു വരികൂടി: "അരിപ്രായമല്പം ക്ഷതം കണ്ടു കാലിൽ...

” അത്രവരെ തോന്നും. ഒരുനാൾ നടുവത്തച്ഛൻ ചെരിപ്പിട്ട നടക്കാനിറങ്ങി. നടത്തം കഴിഞ്ഞു തിരിച്ചുവന്നപ്പോൾ കാലിലൊരു ക്ഷതം കണ്ടു. അതു ക്രമേണ പഴുത്തു വ്രണമായി. അത്യാസന്നനിലയായി. രോഗശമനത്തിനുവേണ്ടി കവികൾ കൂട്ടമായി പ്രാർത്ഥിച്ചു. ആരോഗ്യസ്തവത്തിലുള്ള ശ്ലോകങ്ങൾ വായിക്കാൻ ബഹു രസമായിരുന്നു. വായിച്ചുപോകുമ്പോൾ ചില ശ്ലോകങ്ങൾ അനായാസമായി മനസ്സിൽ പതിയും. അങ്ങനെ പല ശ്ലോകങ്ങളും അന്നു പഠിച്ചിരുന്നു. ഒക്കെ മറന്നു. ഓർമ്മയുടെ കയങ്ങളിൽ വലവീശിയാൽ ഒരു പരൽ പോലും കിട്ടാനില്ല.

എടുത്തു പറയാവുന്ന മറ്റൊരു നേട്ടം കവനകൗമുദിയുടെ പ്രതികൾ പലതും അന്നു വായിക്കാൻ കിട്ടിയതായിരുന്നു. പ്രതിഭാധനരായ പല കവികളുടെയും സൃഷ്ടികൾ. കൂട്ടത്തിൽ കടത്തനാട്ട് വി. പി. ഓമനമ്മ എന്നൊരു കവയിത്രി. അവരുടെ ഒരു കവിത ഒറ്റയിരുപ്പിൽ വായിക്കുകയും പഠിക്കുകയും ചെയ്ത കാര്യം ഓർത്തുപോകുന്നു,

കാട്ടിപോലെ കടുമന്മഥാർത്തിയാൽ
കാട്ടിലെ ജഡതപസ്വി കാന്തയെ
പാട്ടിലാക്കി വിഹരിച്ചതോർക്കിലീ
നാട്ടിലും വലിയ കീർത്തികേടുതാൻ.

ദുമരന്ദരസമാസ്വദിക്കുവാൻ
താമരക്കുളമടുത്തിരിക്കവേ
കാമമോടളി കടന്നലിന്റെ കൂ-
ടാമയപ്രദമണഞ്ഞിടേണമോ?

അഹല്യയെ പ്രാപിച്ചു മുനിശാപം വാങ്ങിക്കൂട്ടിയ ദേവേന്ദ്രന്റെ ദുഷ്ചെയ്തിയെക്കുറിച്ചു ശചീദേവിയുടെ ചിന്ത; അതായിരുന്നു കവിത. ഭാവിയിലേക്കു വലിയൊരു വാഗ്ദാനമായി കവനകൗമുദിയിൽ അന്നു പ്രത്യക്ഷപ്പെട്ട ഓമനമ്മയുടെ കൃതികൾ പില്ക്കാലത്ത് എവിടെയും കണ്ടതായി ഓർക്കുന്നില്ല. മലയാളഭാഷയിലെ അതിപ്രസിദ്ധങ്ങളായ പല കൃതികളും ഗ്രാമീണവായനശാലയുടെ അനുഗ്രഹം ഒന്നുകൊണ്ടു മാത്രം പരിചയപ്പെടാൻ എനിക്കു കഴിഞ്ഞു. അല്ലെങ്കിൽ മഹാകവി ഉള്ളൂരും വള്ളത്തോളും ആശാനുമൊക്കെ എന്റെ ഗ്രാമത്തിൽ എങ്ങനെ എത്തിച്ചേരാൻ?

വായനയ്ക്കിടയിൽ ഒരപകടംപറ്റി. ഒരുനാൾ സാമാന്യം വലിയൊരു പുസ്തകം മോഷ്ടിക്കാൻ കഴിഞ്ഞു. ഇപ്പോൾ ശതാബ്ദി ആഘോഷിക്കുന്ന സാക്ഷാൽ 'ഇന്ദുലേഖ എന്ന നോവൽ പുസ്തക'മായിരുന്നു അത്. അവനെ കൈവശപ്പെടുത്തി ഇടനാഴിയിൽ കടന്നു വാതിൽ ചാരി, വെളിച്ചക്കീറിനെതിരെ ഇരുന്നു വായന തുടങ്ങി. ചുമ്മാ വായിക്കുകയാണ്. വായിക്കുക എന്ന രസത്തിനുവേണ്ടിയുള്ള വായന. അങ്ങനെ വായിച്ചുവരവെ ഇടനാഴിയിൽ സമൃദ്ധമായ വെളിച്ചം കടന്നു വരുന്നു; ആരോ വാതിൽ തുറന്നപോലെ. ആരാണെന്നു നോക്കാൻ കഴിയുംമുമ്പ് എന്റെ ചെവി മുത്തച്ഛന്റെ കൈപ്പിടിയിലൊതുങ്ങി. ഒരു കൈയിൽ ചെവി, മറ്റേ കൈയിൽ

'നോവൽ പുസ്തകം'. നിമിഷത്തിനകം ചിറകുവിടർത്തി നോവൽ പുസ്തകം പുറത്തേക്കു പറന്നു.

മുത്തച്ഛൻ എന്നെ തല്ലിയില്ല. ശകാരിച്ചതുമില്ല. മുത്തച്ഛന് അതിനു കഴിയുമായിരുന്നില്ല. ഏക മകളുടെ മകനായിരുന്നു ഞാൻ. ഞാൻ നന്നേ കുട്ടിയായിരുന്ന കാലത്ത് എന്നെ മുത്തച്ഛന്റെ കൈയിലേല്പിച്ച് അമ്മ മരിച്ചു. അന്നുതൊട്ടു ഞാൻ ഒരു ദൗർബ്ബല്യമായിരുന്നു മുത്തച്ഛന്. അമ്മയ്ക്കു പിറകെ താമസിയാതെ അച്ഛനും മരിച്ചു. അതുകൊണ്ട് എല്ലാവർക്കും എന്നോട് അനുകമ്പയായിരുന്നു. ആരും വഴക്കു പറയില്ല. വിദ്യാലയത്തിന്റെ പടി കടക്കുംവരെ തല്ലിന്റെ വേദന ഞാനറിഞ്ഞിരുന്നില്ല. മാത്രമല്ല, എന്താവണം, എങ്ങനെയാവണം എന്നൊന്നും എന്നെ ആരും പഠിപ്പിച്ചിട്ടില്ല.

ഒരു പ്രദേശത്തിന്റെ പതുക്കെപ്പതുക്കെയുള്ള പരിവർത്തനത്തിനു തുടക്കമിട്ട കഥയാണല്ലോ ഞാൻ പറഞ്ഞുവന്നത്. കേളപ്പജി തുടങ്ങി വെച്ച പരിവർത്തനത്തിൽ പങ്കാളികളാകാൻ യുവാക്കൾ പലരുമുണ്ടായി. വി. കുഞ്ഞനന്തൻ നായരെ ഞാൻ നേരത്തെ പരിചയപ്പെടുത്തി. എന്തിനുംപോന്ന മനുഷ്യൻ. രണ്ടു വാങ്ങാനും നാലു കൊടുക്കാനും പ്രാപ്തൻ. 'ബാലഗോപാലം' നാടകവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളുടെയും ആസൂത്രകൻ അദ്ദേഹമായിരുന്നു. ആ നാടകത്തിന്റെ വിജയം, അതു ജന്മിത്വത്തിനേല്പിച്ച ആഘാതം, തുടർന്നു സാമാന്യ ജനങ്ങളിൽ അതു വളർത്തിയെടുത്ത ആവേശം. എല്ലാം കൂടി ഒത്തുവന്നപ്പോൾ ബഹുജനങ്ങളെ ആകർഷിക്കാൻ പറ്റിയ ഏറ്റവും നല്ല മാധ്യമം നാടകമാണെന്നും കുഞ്ഞനന്തൻ നായർ മനസ്സിലാക്കി. പിന്നെ, നാടകങ്ങളുടെ ഒരു വേലിയേറ്റം തന്നെയായിരുന്നു. വലിയ നെടുമ്പുര കെട്ടിയൊരുങ്ങുന്നു. രംഗവേദി തയ്യാറാവുന്നു. 'ക്ലാസ്' തിരിച്ച് ഇരിപ്പിടങ്ങൾ ഒരുക്കുന്നു. ടിക്കറ്റ് ബൂത്ത് കെട്ടിയുണ്ടാക്കുന്നു. ഒരുക്കങ്ങളൊക്കെയും തൃപ്തികരമായ നിലയിൽ സമാപിച്ചപ്പോൾ തെക്കുനിന്നു വഴിക്കു വഴി നാടകങ്ങളുടെ വരവായി. തമിഴ് നാടകങ്ങൾ!

ആദ്യത്തെ നാടകത്തിന്റെ നോട്ടീസ് വിതരണം! ഓ! അതിനൊരുത്സവത്തിന്റെ മട്ടുണ്ടായിരുന്നു. ഊടുവഴിയിലൂടെ പതുക്കെപ്പതുക്കെ ഒരു ജടുക്ക വണ്ടി വരുന്നു. വണ്ടിയിൽ ഹാർമോണിയമുണ്ട്. മൃദംഗമുണ്ട്. പാട്ടുകാരുണ്ട്. തകർത്ത പാട്ടുകച്ചേരി. പാട്ടു കേട്ട് ഓടിക്കൂടുന്ന കുട്ടികളുടെ ഇടയിലേക്ക് വിവിധ വർണ്ണങ്ങളിലുള്ള നോട്ടീസുകൾ വാരിയെറിഞ്ഞു. കുട്ടികൾ അതു മത്സരിച്ചു പിടിച്ചെടുക്കുന്നു. അതിൽ ആരുടെയോ ഔദാര്യമാണ്, വീട്ടുപടിക്കൽ നിന്നും അദ്ഭുതം കണ്ട് അമ്പരക്കുന്ന എന്റെ കൈയിലും ഒരു നോട്ടീസ് എത്തിച്ചത്.

നോട്ടീസിന്റെ തുടക്കം. "ചക്കളത്തി പോരാട്ടം സകലർക്കും കൊണ്ടാട്ടം'. എന്തു പോരാട്ടം? എന്തു കൊണ്ടാട്ടം? ഒരു പിടിയുമില്ല. അടുത്ത വരിയിൽ വലിയ അക്ഷരങ്ങളിൽ മറെറാരുത്തൻ തെളിഞ്ഞു നില്ക്കുന്നു. 'ദാസൻ മൂലൂക്കിന്റെ തിണ്ടാട്ടം' എന്താണിത്? ആരാണീ ദാസൻ മൂലൂക്ക്? അപ്പോൾ സഹായത്തിനൊരു

വ്യാഖ്യാതാവെത്തി. അയാൾ സംഭവം വിവരിച്ചു. നാടകത്തിന്റെ കഥ 'പാരിജാതപുഷ്പഹരണം'. രുക്മിണിയും സത്യഭാമയും പാരിജാതപുഷ്പത്തിനുവേണ്ടി വഴക്കടിക്കുന്നു. ആ വഴക്കാണ് 'ചക്കളത്തി പോരാട്ടം'. പിന്നെയുള്ളത് 'ദാസൻ മൂലൂക്കിന്റെ തിണ്ടാട്ടം'. ദാസൻ മൂലൂക്ക് എന്നു പറഞ്ഞാൽ നാടകത്തിലെ പ്രസിദ്ധനായ ബഫൂൺ! നാടകത്തിലുടനീളം ബഫൂൺ കാട്ടിക്കൂട്ടുന്ന പരാക്രമത്തിനാണ് തിണ്ടാട്ടമെന്ന പേര്. വിവരണം തൃപ്തിയായി. സംശയമൊക്കെ തീർന്നു.

എല്ലാം കേട്ടുകഴിഞ്ഞപ്പോൾ ഒരു മോഹം. എങ്ങനെയെങ്കിലും നാടകം കാണണം. അതിന്റെ മാർഗ്ഗത്തെക്കുറിച്ചായി പിന്നീടുള്ള ചിന്ത. ആരോടു പറയണം? ആരു സഹായിക്കും? ഞാൻ പരിപൂർണ്ണമായും അപ്പോൾ ഏകാകിയായിക്കഴിഞ്ഞിരുന്നു. ജ്യേഷ്ഠത്തിയുടെ വിവാഹം, മുത്തച്ഛന്റെ മരണം. രണ്ടും അടുത്തടുത്താണു സംഭവിക്കുന്നത്. സ്വാഭാവികമായും മുത്തച്ഛന്റെ മരണത്തോടുകൂടി വീടുവിട്ടിറങ്ങേണ്ടതാണു ഞാൻ. സ്വന്തം തറവാട്ടിലേക്കു പോണം. 'മരുമക്കത്തായം' അനുശാസിക്കുന്നതങ്ങനെയാണ്. അതുണ്ടായില്ല. മുത്തച്ഛന്റെ മരുമക്കൾ, ഞാനവരുടെ കൂടെ താമസിക്കണമെന്നു നിർബ്ബന്ധം പിടിച്ചു. സ്നേഹപൂർവ്വമുള്ള നിർബ്ബന്ധമായതുകൊണ്ട് എന്റെ അമ്മാവൻ മനമില്ലാമനസ്സോടെ സമ്മതം മൂളുകയാണു ചെയ്തത്. അതുകൊണ്ടു ഞാൻ രക്ഷപ്പെട്ടു. അന്നോളം സ്വന്തമെന്നു കരുതിയ വീടും പരിസരവും എന്നെ സ്നേഹിച്ച ജനങ്ങളേയും പിരിഞ്ഞു പോവുകയെന്ന വ്യഥ ഞാനനുഭവിക്കേണ്ടിവന്നില്ല. പരമശിവൻ ജടാഭാരത്തിലേക്കു ഗംഗയൊഴുകിത്താഴുംപോലെ മഴവെള്ളം ഒലിച്ചിറങ്ങുകയും, നിലാവുള്ള രാത്രികളിൽ വെളിച്ചത്തിന്റെ വലിയ പപ്പടം കാച്ചിയിടുകയും ചെയ്യുന്ന നടുമുറ്റവും, ഇരുണ്ട വടക്കിനിയും, സുഖവാസസ്ഥലം പോലെ എങ്ങും തണുപ്പുതരുന്ന 'കോൺകെട്ടക'വും രണ്ടിന്റെയും നടുവിൽ പെരുവഴിപ്രായത്തിൽ കിടക്കുന്ന ഇടനാഴിയും, വിശാലമായ തട്ടിൻ പുറവും, ഇതെല്ലാം ചേർന്ന നാലുകെട്ടും നാലുകെട്ടിനകത്തെ സ്നേഹമുള്ള ജനങ്ങളും ഇന്നെന്റേതാണ്; എന്റെ സ്വന്തം! അഭിലാഷങ്ങളേതും അറിഞ്ഞു നിറവേറ്റി എന്റെ സന്തോഷത്തിൽ ആനന്ദം കൊള്ളുന്നവർ. നാടകം കാണാനുള്ള എന്റെ മോഹം ആരോടും ഞാൻ പറയേണ്ടിവന്നില്ല. മുത്തച്ഛന്റെ മരുമകൻ ഗോവിന്ദേട്ടൻ എന്നെ സഹായിച്ചു. അച്ഛനെപ്പോലെ, ജ്യേഷ്ഠനെപ്പോലെ, സുഹൃത്തിനെപ്പോലെ എനിക്ക് തണലേകി എന്നെ എപ്പോഴും ആശ്വസിപ്പിച്ച ഗോവിന്ദേട്ടൻ ഒരസാധാരണ മനുഷ്യനായിരുന്നു.

ജനത്തിരക്കിലൂടെ നടക്കുമ്പോൾ ഗോവിന്ദേട്ടൻ എന്റെ കൈ മുറുക്കിപ്പിടിച്ചിരുന്നു. അപ്പോൾ എന്റെ മനസ്സിൽ അദ്ഭുതങ്ങളുടെ ആറാട്ടായിരുന്നു. ആദ്യത്തെ അദ്ഭുതം പാടം നിറയെ തെളിഞ്ഞു കത്തുന്ന 'കാന്തവിളക്ക്'. ഞങ്ങൾ ഗ്രാമീണർ 'ഗ്യാസ് ലൈറ്റി'നു കൊടുത്ത പേരാണ് കാന്തവിളക്ക്. മരക്കൊമ്പിലും തുണിന്റെ തലപ്പത്തുമൊക്കെ അവനെ ഇരുത്താം. താഴെ ഒരു കുറ്റിയുണ്ടാവും. അതിൽ നിന്നും ഒരു വള്ളി മേൽപ്പോട്ടു കയറിപ്പോയിട്ടുണ്ടാവും. വള്ളിയുടെ അറ്റത്താണ് 'നരയൻ കുമ്പളങ്ങ' മാതിരി കാന്തവിളക്ക് തൂങ്ങുന്നത്. കുറ്റിക്കരികിൽ നില്ക്കുന്ന

ഒരാൾ ഇടയ്ക്കിടെ കാറ്റടിക്കുന്നതു കാണാം. കാറ്റടിച്ചാൽ വിളക്ക് അണഞ്ഞുപോവുകയല്ലേ പതിവ്? എന്നാൽ, കാന്തവിളക്കങ്ങനെയല്ല, കാറ്റടിക്കുന്തോറും തെളിഞ്ഞു കത്തും. ഇന്ന് കാന്തവിളക്കെവിടെ? ഒരിടത്തും കാണാനില്ല. ശാസ്ത്രത്തിന്റെ വളർച്ച കുട്ടികളുടെ മനസ്സിൽ നിന്നും എന്തെല്ലാം അദ്ഭുത വസ്തുക്കളെ മാറ്റിനിർത്തിക്കളഞ്ഞു!

നെടുംപുരയുടെ അകത്തു കടന്നപ്പോൾ അന്തംവിട്ടുപോയി. സൂചികുത്താനിടമില്ല. ആൾത്തിരക്കത്രയുണ്ട്. എങ്ങും ഇരിക്കാനൊരു സൗകര്യമില്ല. എങ്കിലും ദുഃഖിക്കേണ്ടിവന്നില്ല. ഗോവിന്ദേട്ടനെ എല്ലാവർക്കും അറിയുന്നതുകൊണ്ട് ഞങ്ങൾക്കു സൗകര്യമായൊരിടം കിട്ടി. തിരശ്ശീലയിലെ ചിത്രപ്പണികൾ നോക്കി നോക്കി ഇരിക്കുമ്പോൾ പിറകിൽ നിന്നും ഹാർമോണിയത്തിന്റെ ശബ്ദം. തുടർന്നു പാട്ട്:

പാവനമധുരാനിലയേ
പാണ്ടിരാജ തനയേ.

പലരും ചേർന്നുള്ള പാട്ട്. പാട്ടിന്റെ അവസാനം മണിയടി. തുടർന്നു തിരശ്ശീലയിൽ ഇളക്കം. അതു പതുക്കെ ചുരുണ്ടു ചുരുണ്ടു മേലോട്ടു പോകാൻ തുടങ്ങി. അപ്പോൾ, അതാ പരമ കോമളനായൊരു മനുഷ്യൻ പട്ടുകുപ്പായവും വൈരക്കടുക്കനും കഴുത്തിൽ സ്വർണ്ണമാലയുമുള്ള അയാൾ ഒരു കസേരയിലിരിക്കുന്നു. മുമ്പിൽ വലിയൊരു ഹാർമോണിയമുണ്ട്. ഗോവിന്ദേട്ടൻ ആളെ പരിചയപ്പെടുത്തി:

“അതാണ് ഹാർമോണിയം ചക്രവർത്തി കൃഷ്ണൻകുട്ടിനായർ.” ചക്രവർത്തിയെ മതിവരുവോളം നോക്കിയിരിക്കാൻ എനിക്കു കഴിഞ്ഞില്ല. ആരോ ഒരാൾ അലറിവിളിച്ചു പാടിക്കൊണ്ടു കടന്നുവന്നു. പിന്നെ ബഹളംതന്നെ. ശ്രീകൃഷ്ണനും രുക്മിണിയും സത്യഭാമയും നാരദനുമെല്ലാമുണ്ട്. അവരെയെല്ലാം നിഷ്പ്രഭമാക്കിക്കൊണ്ട് ദാസൻ മൂല്യക്കും ഇടയ്ക്കിടെ വരും. ഞാനിഷ്ടപ്പെട്ടതു മൂല്യക്കിനെയാണ്. വലിയ തമാശക്കാരൻ. ശ്രീകൃഷ്ണനേയും നാരദനേയുമൊക്കെ കണക്കിനു പരിഹസിക്കും. നാടകം കാണാനിരിക്കുന്നവരേയും വെറുതെ വിടില്ല. ഇങ്ങനെയൊക്കെയാണെങ്കിലും കാണികൾക്കു ദാസൻമൂല്യക്കിനെ ഇഷ്ടമായിരുന്നു. അയാളുടെ തല വെളിക്കു കണ്ടാൽ മതി ആളുകൾ അട്ടഹസിച്ചു ചിരിക്കും; ആർപ്പുവിളിക്കും; കൈയടിക്കും. അയാൾ പാടും, നൃത്തം വെക്കും, കഥപറയും. അയാൾ ചെയ്യുന്നതെന്തും ജനങ്ങളെ ചിരിപ്പിക്കാനാണ്. ചിരിച്ചു ചിരിച്ചു തളർന്നുപോയെന്നു പറഞ്ഞാൽ മതിയല്ലോ.

എല്ലാം കഴിഞ്ഞു പുറത്തുകടന്നപ്പോൾ മറ്റാരും മനസ്സിലുണ്ടായിരുന്നില്ല. ദാസൻമൂല്യക്കു മാത്രം. ഇരുട്ടിലൂടെ നടക്കുമ്പോൾ ഗോവിന്ദേട്ടന്റെ ചോദ്യം:

”നാടകം നന്നായോ?” വെറുതെ സമയം കളയാനുള്ള ചോദ്യം.

“ആരെയാണ് നിനക്കേറ്റവും ഇഷ്ടമായത്?”

ഞാൻ പറഞ്ഞു: “ബഫൂൺ.”

ഗോവിന്ദേട്ടൻ ചിരിച്ചു. അപ്പോൾ ഞാനാലോചിച്ചു: ഗോവിന്ദേട്ടനുള്ളതുകൊണ്ടല്ലേ എനിക്കിതൊക്കെ കാണാൻ കഴിഞ്ഞത്? ഈ ഗോവിന്ദേട്ടനെ കിട്ടിയതും എന്തൊരു ഭാഗ്യം.

— 6 —

## അന്നത്തെ നാടകം

നാടകത്തിന്റെ കാര്യത്തിൽ ആ കലാരൂപവുമായുള്ള പരിചയത്തിലും ഇടപഴകലിലും ഞങ്ങടെ നാട്ടുകാർ കുറേയധികം പിന്നോക്കമാണെന്നു ധരിച്ചെങ്കിൽ കുഴപ്പമില്ല. എന്നാൽ, കഥകളി, കൃഷ്ണാട്ടം കളി തുടങ്ങിയ ക്ലാസ്സിക്ക് കലകളിൽ ഞങ്ങളത്ര മോശക്കാരായിരുന്നില്ല. കടത്തനാട്ടു കോവിലകം വക ഒരു കഥകളിയോഗമുണ്ടായിരുന്നു.

വേനൽക്കാലമായാൽ, പ്രമുഖ നായർ തറവാടുകളിൽ യോഗംവക കളി നടക്കാറുണ്ട്.

കടത്തനാട്ടുതമ്പുരാൻ ഭൂമി കുടിയാന്മാർക്ക് ചാർത്തിക്കൊടുക്കുമ്പോൾ, ചാർത്താധാരത്തിൽ കൗതുകകരമായ ഒരിനം എഴുതിച്ചേക്കാറുണ്ടെന്നു കേട്ടിട്ടുണ്ട്. "കാലംതോറും ഇരുപത്തിയഞ്ചുറപ്പികയും പത്തു നാളികേരവും മുൻചൂത് വെട്ടി മടഞ്ഞ ഓല അമ്പതും ഒരു പനസവും ഒരു കഥകളിയും ഇങ്ങ് 'പുക്കിച്ച്' ശീട്ടു വാങ്ങേണ്ടതാകുന്നു." ഈ 'പുക്കി'ക്കേണ്ട വസ്തുക്കൾക്കു മുഴുവനും കഥകളിയടക്കം കോടതി ഒരു വില നിശ്ചയിച്ചിട്ടുണ്ട്. കഥകളി കളിപ്പിക്കാൻ സൗകര്യമില്ലാത്ത കുടിയാൻ കോടതിവില കൊടുത്താൽ മതി. അങ്ങനെ ആധാരനിശ്ചയപ്രകാരമാണോ എന്നു നിശ്ചയമില്ല, കൊല്ലത്തിൽ ഒന്നോ രണ്ടോ കഥകളി കാണാൻ ഞങ്ങൾക്കു സൗകര്യം കിട്ടിയിരുന്നു.

കൃഷ്ണാട്ടം കളിയുടെ കാര്യം മറ്റൊരു രീതിയിലായിരുന്നു. അതെങ്ങനെ സംഭവിച്ചുവെന്നു തെളിയിക്കാൻ രേഖകളില്ല. എട്ടെട്ടു കൊല്ലം കൂടുമ്പോൾ കൃഷ്ണാട്ടം കളി ഞങ്ങളുടെ പ്രദേശത്തെത്തുന്നു. തുണ്ടിയിൽ പുത്തലത്ത്, തുണ്ടിയിൽ പുനത്തിൽ എന്നിങ്ങനെ സ്ഥാനികളായവരുടെ തറവാടുകളിൽ എട്ടു കളിവീതം അരങ്ങേറുന്നു. മാമ്പഴക്കാലത്തിനൊപ്പമാണ് കൃഷ്ണാട്ടംകളി വരുന്നത്. പകൽ മുഴുവൻ, കാറ്റു വരുന്നതും മാമ്പഴം വീഴുന്നതും കാത്തു മാഞ്ചുവട്ടിൽ ഞങ്ങൾ കുട്ടികൾ ഉത്സവം ആഘോഷിക്കാറുണ്ട്. സന്ധ്യയായാൽ കുളിച്ചു ഭസ്മക്കുറി വരച്ചു പാവുമുണ്ടും ചുറ്റി കൃഷ്ണാട്ടം കളിക്കു പുറപ്പെടുന്നു. കളിയാണെന്നു പറഞ്ഞിട്ടു കാര്യമില്ല. കുളിച്ച് അമ്പലത്തിൽ

തൊഴാൻ പോകുന്നൊരു മട്ടുണ്ടതിന്. ഭക്തി വിഷയമല്ലേ. കഥ ശ്രീകൃഷ്ണന്റേതാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെല്ലാം പോകാം. ഒരു നിയന്ത്രണവുമില്ല.

വീട്ടിലെ മുതിന്നവർ കാലേക്കൂട്ടി കഥ പറഞ്ഞു തരും; കൂട്ടത്തിൽ എട്ടുദിവസത്തെ ആട്ടം, ക്രമപ്രകാരം ഏതൊക്കെയെന്നു മനസ്സിലാക്കാനുള്ള ഒരു സൂത്രവും—'അ-കാ-രാ-കം-സ്വാ-ബാ-വി-സ്വ'. അതാണു സൂത്രം. എട്ടക്ഷരം. എട്ടു ദിവസത്തെ കഥയുടെ സൂചന: അ = അവതാരം, കാ = കാളിയമർദ്ദനം, രാ = രാസക്രീഡ, കം = കംസവധം, സ്വ = (രുക്മിണീ) സ്വയംവരം, ബാ = ബാണയുദ്ധം, വി = വിവിദവധം, സ്വ = സ്വർഗ്ഗാരോഹണം.

എട്ടു ദിവസത്തെ കളി കഴിഞ്ഞു പിറ്റേന്നു രാവിലെ പെട്ടിയും ചുമന്നു കളിക്കാർ പുറപ്പെടുമ്പോൾ കണ്ണു നിറയും. ശ്രീകൃഷ്ണനെ പിരിയുന്നതിലുള്ള ദുഃഖം. തലേദിവസം രാത്രി സ്വർഗ്ഗാരോഹണവേളയിൽ കുറേ കരഞ്ഞതാണ്. എല്ലാം ശ്രീകൃഷ്ണനെ ചൊല്ലിയുള്ള ദുഃഖം. അവതാരത്തിലെ കുഞ്ഞായി കണ്ട്, വിഷസർപ്പത്തിന്റെ ഫണത്തിലേറി നൃത്തം ചവിട്ടുന്നതു കണ്ട്, പലപല ദുഷ്ടന്മാരെ വകവരുത്തുന്നതു കണ്ട്, ഗോപസ്ത്രീകളുമായി രാസലീലയാടുന്നതു കണ്ട് അങ്ങനെയങ്ങനെ അടുത്തു പരിചയിച്ച ഞങ്ങൾ കുട്ടികളോടൊപ്പം ശ്രീകൃഷ്ണനുമുണ്ടെന്നൊരു തോന്നൽ.

കളി കഴിഞ്ഞു വീട്ടിലെത്തി ഉറങ്ങാൻ കിടക്കുമ്പോഴും ശ്രീകൃഷ്ണനെപ്പറ്റിയാണ് ചിന്ത. എവിടെയാകും കിടക്കുന്നത്? നല്ല മെത്തയുണ്ടോ? മേടച്ചൂടിൽ വീശിക്കൊടുക്കാനാളുണ്ടോ? ആലോചിച്ചാലോചിച്ച് ഉറങ്ങിപ്പോകും. രാവിലെ ഉണർന്നെണീറ്റാൽ വേഗം സന്ധ്യയാവാനുള്ള പ്രാർത്ഥനയാണ്. സന്ധ്യയായാൽ നേരത്തെ ചെന്നു മുമ്പിൽത്തന്നെ സ്ഥലം പിടിക്കും. അങ്ങനെ ഒരിക്കൽ നാലു തറവാടുകളിൽ കയറിയിറങ്ങി, മുടങ്ങാതെ മുപ്പത്തിരണ്ടു കളി ഞാൻ കാണുകയുണ്ടായി. അതോർക്കുമ്പോൾ ഇന്നും കണ്ണു നനയുന്നു. കൃഷ്ണനെയോർത്തും കൃഷ്ണാട്ടത്തെയോർത്തുമല്ല. ഇന്നത്തെ കുട്ടികളെയോർത്ത്. അവരറിയാതെ, അവരുടെ കുറ്റം കൊണ്ടല്ലാതെ, അവർക്കു നഷ്ടപ്പെട്ടുപോയ സൗഭാഗ്യം. കൃഷ്ണാട്ടം അവർക്കു തിരിച്ചുകിട്ടുമാറാകട്ടെ എന്നു പ്രാർത്ഥിക്കാൻ ഇന്നു വയ്യ. അപ്പോൾ സാമൂതിരി വാഴ്ചയും സാമന്ത പ്രഭുത്വവും ജന്മിത്വവും എട്ടുകെട്ടും നാലുകെട്ടും തറവാടും സ്ഥാനമാനങ്ങളുമൊക്കെ തിരിച്ചു വരട്ടെ എന്നും പ്രാർത്ഥിക്കേണ്ടിവരില്ലേ? അതിനി ഒട്ടും വയ്യല്ലോ.

കുഞ്ഞനന്തൻ നായരുടെ നേതൃത്വത്തിൽ തമിഴ് നാടകങ്ങൾ പ്രദർശിപ്പിക്കാൻ തുടങ്ങിയ കാര്യമാണല്ലോ പറഞ്ഞുവന്നത്. ഇടയിൽ വഴിവിട്ടല്പം സഞ്ചരിക്കേണ്ടിവന്നു. ഞങ്ങളുടെ പ്രദേശത്തു ധാരാളം ഇടവഴികളുണ്ട്. ഓരോ പുരയിടത്തിന്റെ അതിരിലും ആഴമേറിയ ഇടവഴിയാണ്. വീടുകൾ തിരിച്ചറിയാൻ ഉയർന്ന കോണിപ്പടവുകൾ ചവിട്ടിക്കയറി നോക്കണം. ഇല്ലെങ്കിൽ വഴിതെറ്റും. വഴിതെറ്റിയാൽ അവസാനമില്ലാത്തവിധം ഇടവഴികളിലൂടെ ചുറ്റിക്കറങ്ങേണ്ടി വരും. ഈ ഓർമ്മകൾ പകർത്താൻ തൂലികയെടുത്തപ്പോൾ വഴിവിട്ടുള്ള ചുറ്റിക്കറങ്ങലുകൾ കുറേ വേണ്ടിവരുമെന്നു ഞാൻ ഭയപ്പെട്ടതാണ്. അതിവിടെ സംഭവിച്ചുപോയെങ്കിൽ ക്ഷമിക്കുക—നാടകപ്രദർശനത്തിലേക്കുതന്നെ മടങ്ങാം.

ഏഴുദിവസം തുടർച്ചയായി തമിഴ് നാടകങ്ങൾ പ്രദർശിപ്പിച്ചു. 'നല്ലതങ്കാൾ', 'കോവലൻ ചരിതം', 'വള്ളിത്തിരുമണം' തുടങ്ങിയവ. ഏഴിനും ബഹുവർണ്ണ നോട്ടീസുകളുണ്ടായിരുന്നു. ജടുക്കവണ്ടിയും പാട്ടുമുണ്ടായിരുന്നു. നാടകങ്ങളെല്ലാം തന്നെ ജനം കൈയടിച്ചു സ്വീകരിച്ചു. ആഹ്ലാദിച്ചു. ചിരിച്ചാസ്വദിച്ചു. നല്ലണ്ണനും, നല്ലതങ്കാളും, കോവലനും, കണ്ണകിയും എല്ലാം തകർത്തു പാടുകയും അരങ്ങു കുലുക്കി അഭിനയിക്കുകയും ചെയ്തെങ്കിലും ജനം പൂർണ്ണമായും അംഗീകരിച്ച് അഭിനന്ദിച്ചതു വിദൂഷകനെയായിരുന്നു. അയാൾ ആസ്വാദകരുടെ അമ്പറ്റ തോഴനായി. എവിടെയും ഏതു മുഹൂർത്തത്തിലും ഓടിക്കയറിവരുന്നു. കഥ പറയുന്നു; പാട്ടുപാടുന്നു.

ഏഴു മക്കളെ കിണറ്റിൽ എറിഞ്ഞുകൊണ്ട് 'നല്ലതങ്കാൾ' ആത്മഹത്യ ചെയ്ത സന്ദർഭം. പ്രേക്ഷകർ ശ്വാസമടക്കിപ്പിടിച്ചിരിക്കുന്നു. ഇനി എന്തു സംഭവിക്കാൻ പോകുന്നു എന്നറിയാതെ നിശ്ചലരായിരിക്കുമ്പോൾ അതാ കടന്നുവരുന്നു ഒരു ആട്ടിടയൻ. അയാൾ കളി യോഗത്തിലെ വിദൂഷകനാകുന്നു. തോളിലൊരു കമ്പിളി മടക്കിത്തൂക്കിയിട്ടിട്ടുണ്ട്. തണുത്തു വിറച്ചുകൊണ്ടാണു വരവ്. വന്നു ചുറ്റും നോക്കി. എവിടെയെങ്കിലും ഇത്തിരി ചൂടു കിട്ടാനുണ്ടോ എന്നാണു നോട്ടം. അതു മനസ്സിലാക്കാൻ ഡയലോഗിന്റെ ആവശ്യമില്ല. നോക്കിനോക്കി, ഹാർമോണിസ്റ്റിന്റെ മേൽ ദൃഷ്ടി പതിഞ്ഞപ്പോൾ സംഗതി ആകെ മാറി. തണുത്തുവിറച്ചു കൂന്നുകൂന്നു നടന്ന ആൾ സ്പ്രിങ് ആക്ഷൻ കൊണ്ടെന്നപോലെ നിവരുന്നു. റിസ്റ്റ് വാച്ച്, കഴുത്തിലും കയ്യിലും സ്വർണ്ണച്ചങ്ങല, പൊടിമീശ, സിൽക്കു ജൂബ്ബ, സ്വർണ്ണ ഫ്രെയിമുള്ള കണ്ണട, ഹാർമോണിയം ചക്രവർത്തിയുടെ രൂപം കണ്ണിലൂടെ അല്പാല്പമായി രുചിച്ചുകൊണ്ട് ആട്ടിടയനെന്ന വിദൂഷകൻ പതുക്കെപ്പതുക്കെ അയാളെ സമീപിക്കുന്നു. എന്നിട്ടു ആദരവോടെ ചോദിക്കുന്നു.

(സ്വരത്തിൽ ആദരവില്ല. അട്ടഹസിച്ചുതന്നെ പറയണം. ഇല്ലെങ്കിൽ തറട്ടിക്കറ്റുകാർ ഒന്നും കേൾക്കില്ല. മൈക്രോഫോണും ലൗഡ് സ്പീക്കറുമില്ലാത്ത കാലം.)

"സ്നഫ് ഇര്ക്കാ?"

മൂക്കുപൊടിയുണ്ടോ എന്ന്

ചോദ്യം തമിഴിലാണെങ്കിലും ജനം ആർത്തു ചിരിച്ചു. ചൂണ്ടുവിരലും തള്ളവിരലും ചേർത്ത് ഒരുനുള്ളു പുകലപ്പൊടിയെടുക്കുന്ന അഭിനയത്തോടെയാണു ചോദ്യം. തണുപ്പകറ്റാൻ അത് അത്യാവശ്യമെന്നു ധരിപ്പിക്കുകയും ചെയ്യുന്നു. പിന്നെ ദീർഘനേരം ചിരിതന്നെ.

സന്ദർഭം ഒന്നുകൂടി വിശദീകരിക്കട്ടെ. രംഗത്തിന്റെ ഒരു കോണിൽ ഉയർത്തിക്കെട്ടിയ ആൾമറയുണ്ട്. ഒരു കിണർ അവിടെ ഉള്ളതിന്റെ സൂചന. നല്ലതങ്കാൾ ഓരോ കുട്ടിയേയും ഓടിച്ചിട്ടു പിടിച്ചു ആൾമറയ്ക്കപ്പുറത്തേക്കിടുന്നു. അപ്പോൾ തിരശ്ശീലയ്ക്കു പിറകിൽ നിന്നും ആരോ വെള്ളം തേവി വിടുന്നു. ഒരു കുട്ടിയുടെ കഥ കഴിഞ്ഞെന്നർത്ഥം. അങ്ങനെ ഏഴു കുട്ടികളുടെ കഥ കഴിക്കുന്നു. എട്ടാമതു നല്ലതങ്കാളും കിണറ്റിൽ ചാടുന്നു. അങ്ങനെ ഏഴും ഒന്നും എട്ട് ശവം കിടക്കുന്ന കിണറ്റിനടുത്തു നിന്നാണു വിദൂഷകന്റെ ചോദ്യം:

"സ്നഫ് ഇര്ക്കാ?" മൂക്കുപൊടിയുണ്ടോ എന്ന്

ജനത്തിന്റെ ചിരി! അവിടെ കഥയുടെ ഗതിയറ്റു നിലംപതിക്കുന്നു. ചിരിയടങ്ങി, വീണ്ടും കഥയ്ക്കു ജീവൻ വെക്കുന്നു. മിക്കവാറും എല്ലാ നാടകങ്ങളുടെ രീതിയും ഇതായിരുന്നു.

ഈ പരുവത്തിലുള്ള വിദൂഷക പ്രകടനത്തിനു മകുടം ചാർത്തിയ മറ്റൊരു സന്ദർഭം കൂടി ഇവിടെ വിവരിച്ചുകൊള്ളട്ടെ. കോവലൻ ചരിതമാണു വിഷയം. എല്ലാവർക്കും അറിയാവുന്ന കഥ. അതിന്റെ ക്ലൈമാക്സിലേക്കു നീങ്ങുകയാണ്. ചിലമ്പു കട്ട കുറ്റം ആരോപിച്ചു കോവലനെ വധശിക്ഷയ്ക്കു വിധിക്കുന്നു. ശിക്ഷ നടപ്പിലാക്കുന്നു. കണ്ണകിയുടെ രോഷം മധുരാപുരിയിൽ അഗ്നിപ്രളയമുണ്ടാക്കുന്നു. കള്ളം പറഞ്ഞ തട്ടാനെ വകവരുത്താൻ ശൂലവുമായി കണ്ണകി പാഞ്ഞടുക്കുന്നു. മുമ്പിൽ തട്ടാൻ. പിറകിൽ തീപ്പാറുന്ന ശൂലവുമായി കണ്ണകി. രംഗം സജീവം. തട്ടാൻ വേദി ചുറ്റി ഓടുന്നു. തൊട്ടുതൊട്ടില്ലെന്ന മട്ടിൽ കണ്ണകി പിറകെയുണ്ട്. ഇപ്പോൾ കഥ കഴിയുമെന്നു വിശ്വസിച്ചു കാത്തിരിക്കുന്ന ജനം. പിടികൊടുക്കാതെ തട്ടാൻ ഓടുകയാണ്. 'കൊല്ലു കൊല്ലെ'ന്നു ജനം ആർത്തുവിളിക്കുന്നു. തട്ടാൻ ഭാഗം അഭിനയിക്കുന്നതു വിദൂഷകനായതുകൊണ്ടു അത്ര വേഗത്തിൽ കൊല്ലാൻപറ്റുകയില്ല.

ഈ മരണവെപ്രാളത്തിലും വിദൂഷകന്റെ നോട്ടം ജനങ്ങളെ ചിരിപ്പിക്കാനെന്തുണ്ടൊരു വഴിയെന്നാണ്. ഉടനെ അവന്റെ മഹാ പ്രതിഭ ഉചിതമായൊരു വഴി കണ്ടുപിടിച്ചു. ഓടിയോടി സദസ്സിലേക്കവൻ എടുത്തു ചാടുന്നു. എന്നിട്ടു മുൻവരിയിൽത്തന്നെ മാന്യസ്ഥാനത്തിരിക്കുന്ന സ്ഥലത്തെ മുൻസിഫിന്റെയും ഭാര്യയുടേയും ഇടയിൽ തറയിൽ ചമ്രം പടിഞ്ഞങ്ങിരിക്കുന്നു. 'ഉം കാണട്ടെ നിന്റെ വധ'മെന്ന മട്ടിൽ കണ്ണകിയെ നോക്കുന്നു. കണ്ണകിക്കവന്റെ പിറകെ ചാടാൻ പറ്റുമോ? ചാടിയില്ലെങ്കിൽ തട്ടാനെ വധിക്കാൻ പറ്റുമോ? തട്ടാനെ വധിച്ചില്ലെങ്കിൽ നാടകം അവസാനിക്കുമോ? വല്ലാത്ത പ്രതിസന്ധി. ജനം ഒന്നായെഴുന്നേറ്റുനിന്നു. ആർത്തു ചിരിച്ചുകൊണ്ടു തട്ടാനെ നോക്കുന്നു. കണ്ണകി ചാടിവന്നാൽ തട്ടാനോടൊപ്പം തങ്ങളേയും വധിക്കുമോയെന്നു ശങ്കിച്ചു മുൻസിഫും ഭാര്യയും പരുങ്ങുന്നു. ഉൽക്കണ്ഠയുടെ കനം തൂങ്ങിയ നിമിഷങ്ങൾ. ഒടുവിൽ സ്റ്റേജ് മാനേജരും സ്ഥലത്തെ ചില ദിവ്യന്മാരും ചേർന്നു സന്ധി പറഞ്ഞു തട്ടാനെ വേദിയിലെത്തിക്കുന്നു. വധകർമ്മം നടക്കുന്നു. ശുഭമായി അവസാനയവനിക വീഴുന്നു.

— 7 —

# ഗോവിന്ദേട്ടൻ

ഓർമ്മകൾ ഗോവിന്ദേട്ടനെത്തന്നെ വലംവെക്കുന്നു. എനിക്കു മാത്രമല്ല നാട്ടുകാർക്കു മുഴുവനും ഗോവിന്ദേട്ടനായിരുന്നു. അദ്ദേഹത്തിന്റെ ചരിത്രം വൈക്കം സത്യാഗ്രഹത്തിൽ നിന്നു വേണമെങ്കിൽ ആരംഭിക്കാം. മതിയാവില്ല, അല്പം കൂടി പിറകോട്ടു പോകേണ്ടിവരും. ഏതനീതിയും എതിർക്കുന്ന സ്വഭാവം. സാഹസകൃത്യമെന്തിനും തയ്യാർ. ശക്തമായ മനസ്സും ശരീരവും. ആളുകളുമായി വഴക്കുകൂടാറുണ്ട്; അല്ല മദ്യപാനവുമുണ്ടെന്നു ജനസംസാരം. അതു വീട്ടിലറിയുന്നതു മാധവിയമ്മയെന്ന ജനപ്രതിനിധിയിലൂടെയാണ്.

"കേട്ടോ വല്യമ്മേ, ഈ ഗോയിന്നാര് കുറേശ്ശേ കുടിക്കുന്ന്."

വല്യമ്മ ഗോവിന്ദേട്ടന്റെ അമ്മയാണ്. എന്റെ പോറ്റമ്മ. എന്നെ കുളിപ്പിക്കുന്നതും ചോറൂട്ടുന്നതും ഒപ്പം കിടത്തി ഉറക്കുന്നതും അവരാണ്. മാധവിയമ്മ എന്തു പറഞ്ഞാലും മൂളിക്കേൾക്കുകയല്ലാത ഒന്നിനും അവർ വിശദീകരണം തേടാറില്ല. മാധവിയമ്മ ചോദ്യത്തിനെതിരാണ്. ആയമ്മയുടെ മനസ്സ് നിറയെ ഉത്തരങ്ങളും വിശദീകരണങ്ങളുമാണ്. ഞങ്ങളുടെ വീട്ടിൽ ഒരു ദിനപത്രത്തിന്റെ സേവനം കൂടി ആയമ്മ അനുഷ്ഠിച്ചിരുന്നു.

"ഇന്നലെ അടി കലശൽ നടന്നു. ഭഗവതീടെ എഴുന്നള്ളത്തു പള്ളിവേട്ടക്കു പുറപ്പെട്ട സമയം. ഗോയിന്നാര് പുറക്കാട്ടുകാരെ അടിച്ചൂന്ന്. ഭഗവതി കോപം ഉണ്ടാവും. തീർച്ച."

ഗോവിന്ദേട്ടന്റെ അമ്മ അതൊന്നും കേട്ട ഭാവം നടിക്കില്ല. അവർക്ക് രണ്ടാണ്മക്കളാണ്. ഗോവിന്ദേട്ടന്റെ താഴെ ഒരാണും കൂടിയുണ്ട്, ഗോപാലൻ. ഈ സമയത്തു ജോലിയന്വേഷിച്ച് ഗോപാലേട്ടൻ സ്ഥലം വിട്ടിരുന്നു. തമിഴ് നാട്ടിലെവിടെയോ സർവേ ഡിപ്പാർട്ടുമെന്റിൽ ജോലി കിട്ടിയെന്ന് ആരോ പറഞ്ഞുകേട്ടിരുന്നു. പോയതിൽപിന്നെ കത്തൊന്നും കിട്ടീട്ടില്ല. ഗോവിന്ദേട്ടനാണെങ്കിൽ ഏതെങ്കിലുമൊരു രാത്രി അസമയത്തു വന്നു അമ്മയെ വിളിച്ചുണർത്തും. ചോറു വാങ്ങിയുണ്ണും. ഉടനെ സ്ഥലം വിടും. മക്കളെ ചൊല്ലിയാവണം, ഗോവിന്ദേട്ടന്റമ്മ എപ്പോഴും ദുഃഖി

തയായിരുന്നു. പക്ഷേ, എന്തിനാണു ദുഃഖമെന്നോ എന്താണു ദുഃഖത്തിനു കാരണമെന്നോ ആരോടും പറയില്ല. എല്ലാം മനസ്സിലിട്ടു കഴിക്കും.

ഒരിടയ്ക്കു ഗോവിന്ദേട്ടനൊരു കമ്പം: കോൽക്കളി പഠിക്കാൻ. ഏതാനും ചെറുപ്പക്കാരെ സംഘടിപ്പിച്ചു, ആശാനെ വരുത്തി തകൃതിയായി പഠിക്കാൻ തുടങ്ങി. ഗോവിന്ദേട്ടന്റെ അമ്മയുടെ നെഞ്ചിൽ മുഖമമർത്തി അവരെ കെട്ടിപ്പിടിച്ചുറങ്ങാൻ കിടക്കുമ്പോൾ ഞാൻ കാതോർക്കും. കോൽക്കളിപ്പാട്ടു കേൾക്കുന്നുണ്ടോ? ഉണ്ട്. അതിൽ ഗോവിന്ദേട്ടന്റെ ശബ്ദമുണ്ടെന്ന വിചാരം എനിക്കാഹ്ലാദം തരും. ആരറിഞ്ഞു, അന്നൊക്കെ ഗോവിന്ദേട്ടന്റെ അമ്മയും ആ ശബ്ദത്തിനുവേണ്ടി കാതോർത്തിട്ടുണ്ടാവില്ലെന്ന്.

അങ്ങനെയങ്ങനെ കഴിഞ്ഞുവരവെ കോൽക്കളിപ്പാട്ടുകൾ കേൾക്കാനില്ല. പിറ്റേന്നു വൈകിട്ടു മാധവിയമ്മ വാർത്തയുംകൊണ്ടു വരുന്നു:

"ഇനി കോൽക്കളി ഇല്ല. ഗോയിന്നാര് എവിടോ പോയീന്ന്. വെളുപ്പാങ്കാലത്തെ തീവണ്ടീല് കേറുന്നത് ആരോ കണ്ടെന്ന്."

അന്നു ഗോവിന്ദേട്ടന്റമ്മ മൂളിയില്ല. മാധവിയമ്മ കൂടുതലൊന്നും പറഞ്ഞതുമില്ല.

സംഭവം ശരിയായിരുന്നു. കോൽക്കളി കഴിഞ്ഞു രാത്രി അമ്പലച്ചിറയിൽ കുളിക്കാനിറങ്ങി. ചിറക്കടവിൽ വെള്ളമിളകുന്ന ശബ്ദം കേട്ടു മറുകരയിൽ നിന്നാരോ വിളിച്ചുചോദിച്ചു:

"ആരാത്?"

"ഞാനാ—ഗോവിന്ദൻ."

ആരോടും എവിടെവെച്ചും എന്തിനും കൂസലില്ലാതെ മറുപടി പറയും. ചോദ്യകർത്താവ് ഗോവിന്ദേട്ടനെ തേടിവന്നു. പരസ്പരം കുശലം പറഞ്ഞു പരിചയപ്പെട്ടു. ആളെ നേരിട്ടറിയില്ലെങ്കിലും പറഞ്ഞു കേട്ടിട്ടുണ്ട്. അയാൾ മുഖവുര കൂടാതെ സംഗതി പറഞ്ഞു:

"വൈക്കത്തു സത്യാഗ്രഹം നടക്കുകയാണ്. വാളണ്ടിയർമാരെ ആവശ്യമുണ്ട്. സവർണ്ണരുടെ ദ്രോഹം ഭയന്നു പലരും വരാൻ മടിക്കുന്നു. ഗോവിന്ദൻ നായർക്ക് വരാമോ?"

"എവിട്യാ വൈക്കം?" ഒരേ ഒരു ചോദ്യം.

"അങ്ങു തെക്കാ."

"എപ്പ പോണം?"

"എപ്പഴായാലും വേണ്ടില്ല."

സദാ സാഹസികതയ്ക്കു കൊതിക്കുന്ന മനസ്സ്! ഈറനോടെ പുറപ്പെട്ടുപോയി. നാലഞ്ചുനാൾ കൊണ്ടു സംഗതി പ്രചരിച്ചു. മാധവിയമ്മ അക്ഷമയായി. എന്താണു സംഭവമെന്നറിഞ്ഞു കൂടാ. എങ്കിലും എന്തോ കുഴപ്പമുള്ള കാര്യമാണ്. അതാരോടെങ്കിലും പറയാഞ്ഞിട്ടു വിമ്മിട്ടം.

"വല്യമ്മേ, കഷ്ടം തന്ന്യാ. പോലീസുകാരു പിടിക്കും അടിക്കും എന്നൊക്ക്യാ കേട്ടത്. അങ്ങു തെക്കു തെക്കൊരു സ്ഥലത്താണത്രെ പോയത്."

അന്നു ഗോവിന്ദേട്ടന്റമ്മ നിവർന്നിരുന്നു ഒട്ടും പതറാതെ മാധവിയമ്മക്കു മറുപടി കൊടുത്തു.

"പോയിട്ടു വരട്ടെ പെണ്ണേ. ഗോപാലൻ കാര്യത്തിനു പോയി. ഇവൻ വീര്യത്തിനും."

മാധവിയമ്മ ചമ്മി. മാറത്തടിയും നിലവിളിയുമൊക്കെ ഉണ്ടാവുമെന്നു പ്രതീക്ഷിച്ചതാണ്. ഒന്നുമുണ്ടായില്ല.

സത്യാഗ്രഹസമരത്തിന്റെ വിജയകരമായ പരിസമാപ്തിക്കുശേഷമേ ഗോവിന്ദേട്ടൻ തിരിച്ചുവന്നുള്ളൂ. ആ വരവു മായാത്തൊരു ചിത്രമായി ഇന്നും എന്റെ മനസ്സിലുണ്ട്. ശുവെള്ള ഖദറിന്റെ മുട്ടോളമെത്തുന്ന ഒരു ജൂബ്ബ. കുപ്പടം ദോത്തിയും വേഷ്ടിയും. ഗാന്ധിത്തൊപ്പി. നല്ലൊരു മീശ. ധൈര്യമായി മുൻവശത്തെ കോണി കയറിത്തന്നെയാണു വരവ്. ഗോവിന്ദേട്ടൻ പൂജപ്പുര ജയിലിൽ കിടക്കുമ്പോഴാണ് വല്യമ്മാമൻ–എന്റെ മുത്തച്ഛൻ–മരിച്ചത്. വിവരം ആരോ കത്തിലൂടെ അറിയിച്ചിരുന്നു. വന്നു കയറിയ പാടെ, എന്നും മുത്തച്ഛനിരിക്കാറുള്ള ചാരുകസേരയ്ക്കരികിൽ ചെന്നു കണ്ണടച്ചു പ്രാർത്ഥിക്കുമ്പോലെ ഗോവിന്ദേട്ടൻ നിന്നു.

അല്പനിമിഷങ്ങൾക്കുശേഷം നിറഞ്ഞൊഴുകുന്ന കണ്ണുകൾ വേഷ്ടികൊണ്ടു തുടയ്ക്കുന്നതാണു കണ്ടത്. കണ്ണു തുടച്ചു എന്നെ വാരിയെടുത്തു തിണ്ണയിൽ ചെന്നിരുന്നു. ഞാൻ വീർപ്പഴിക്കാൻ കൂടി സമയടുക്കാതെ വിഡ്ഢിത്തങ്ങളനേകം ചോദിച്ചു. എല്ലാറ്റിനും ഗോവിന്ദേട്ടൻ മറുപടി പറഞ്ഞു. എന്താണു സത്യാഗ്രഹമെന്നു ചോദിച്ചപ്പോൾ പഠിപ്പിച്ചുതരാമെന്നു പറഞ്ഞു:

അടുത്തു വന്നുകൂടെ തമ്പുരാനെ—
അയിത്തമാകുമോ?
വഴി നടന്നുകൂടെ തമ്പുരാട്ടീ—
നായിൽ താണവരോ?

"തമ്പുരാനെന്നു പറഞ്ഞാൽ വൈക്കത്തപ്പൻ." ഗോവിന്ദേട്ടൻ വിശദീകരിക്കാൻ തുടങ്ങി.

"വൈക്കം വലിയ ക്ഷേത്രമാണ്. അവിടെ എല്ലാ മനുഷ്യർക്കും അടുക്കാൻ പാടില്ല. അതുകൊണ്ടു സത്യാഗ്രഹികളായ ഞങ്ങൾ ഭഗവാനോടു വിളിച്ചു ചോദിക്കുന്നു; അങ്ങടുത്തുകൂടേ, അയിത്താവ്വോന്ന്.

അതുപോലെ നായ്ക്കൾ നടക്കുന്ന റോഡിലൂടെ ഞങ്ങൾക്ക് നടന്നുകൂടേ? ഞങ്ങൾ നായകളേക്കാൾ താഴ്ന്നവരാണോ തമ്പുരാട്ടീ? ഈ ചോദ്യം അമ്മ മഹാറാണിയോടാണ്."

പാട്ട കൊള്ളാമെങ്കിലും സംഗതി പരമ ബോറായിട്ടെനിക്കു തോന്നി. എനിക്കെന്തു വൈക്കത്തപ്പൻ? എന്തു മഹാറാണി? സംഗതിയുടെ വാലും തലയും പിടികിട്ടാതെ പരുങ്ങുമ്പോൾ ഗോവിന്ദേട്ടൻ പറയുന്നു:

"നിനക്കിതൊന്നും ഇപ്പ പറഞ്ഞാൽ മനസ്സിലാവില്ല. അതുകൊണ്ടു നീയാ പാട്ടുപഠിച്ച നന്നായിട്ടു നിന്റെ സ്കൂളിലെ കുട്ടികൾക്കൊക്കെ ചൊല്ലിക്കൊട്."

സത്യത്തിൽ ഞാനാ പാട്ട മുഴുവനും പഠിച്ചു. ഏറെക്കാലം മനസ്സിൽ സൂക്ഷിക്കുകയും പലരേയും ചൊല്ലിക്കേൾപ്പിക്കുകയും ചെയ്തു. പക്ഷേ, ഇന്ന് രണ്ടുവരിയിലപ്പുറം എനിക്കാ പാട്ട് അറിയില്ല. പാട്ടു മറന്നതിലെന്തിരിക്കുന്നു? ഗോവിന്ദേട്ടനെത്തന്നെ ഈ നാട്ടും എന്നെപ്പോലുള്ളവരും മിക്കവാറും മറന്നു കഴിഞ്ഞില്ലേ?

ഗോവിന്ദേട്ടൻ വൈക്കത്തു പുനർജ്ജനിക്കുകയായിരുന്നു. ഒരു പുതിയ മനുഷ്യൻ. പരമശാന്തൻ എല്ലാവരേയും ഒരുപോലെ കാണുന്നു. ആർക്കും ഏതവസരത്തിലും എന്തു സഹായം ചെയ്യാനും തയ്യാർ. വൈക്കത്തുവെച്ചു കേളപ്പജിയെ അടുത്തറിയാനും പഠിക്കാനും അവസരം കിട്ടുന്നു. താമസിയാതെ ഗുരുസ്ഥാനം നല്കി കേളപ്പജിയെ മനസ്സിൽ പ്രതിഷ്ഠിക്കുന്നു. അവിടന്നിങ്ങോട്ടുള്ള ജീവിതം ത്യാഗസുന്ദരമായിരുന്നു. പല തവണ ജയിൽവാസം വരിച്ചു. വ്യക്തിസത്യാഗ്രഹത്തിനിറങ്ങിത്തിരിച്ചു ബല്ലാരി വരെ നടന്ന് അവിടെ വെച്ചു അറസ്റ്റു വരിച്ചു ജയിലിൽ കിടന്നു.

പിന്നെ ഗോവിന്ദേട്ടന്റെ ജീവിതത്തിലേക്കു കേളപ്പജിയുടെ മകൻ കുഞ്ഞിരാമൻ കിടാവ് കടന്നുവന്നു. രണ്ടുപേരും ചേർന്നു രാജ്യ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ചു. ആഗസ്റ്റ് വിപ്ലവത്തെ തുടർന്നുള്ള നരനായാട്ടിന്റെ നാളുകൾ! കുഞ്ഞിരാമൻ കിടാവ് ഒളിവിൽ പോയി. ഏതു നിമിഷവും അറസ്റ്റ് പ്രതീക്ഷിച്ചുകൊണ്ട് ഗോവിന്ദേട്ടൻ കഴിഞ്ഞു. അധികനാളങ്ങനെ കഴിയേണ്ടിവന്നില്ല. പോലീസ് വന്നു കൂട്ടിക്കൊണ്ടുപോയി. ആഗസ്റ്റ് വിപ്ലവത്തെ തുടർന്നുള്ള അട്ടിമറി പ്രവർത്തനങ്ങളെക്കുറിച്ച്, സ്ഫോടകവസ്തു നിർമ്മാണത്തെക്കുറിച്ച് വിശദമായ വിവരം പോലീസിനറിയണം. എന്നും രാവിലെ പോലിസ് ലോക്കപ്പിൽ നിന്നു ഇറക്കി ഇൻസ്പെക്ടറുടെ വീട്ടിലെത്തിക്കും. അവിടെ വെച്ചു മർദ്ദനമാണ്. തുടർച്ചയായ മർദ്ദനം. ഒന്നും ഒളിച്ചുവെക്കുന്നത് ഗോവിന്ദേട്ടന് ഇഷ്ടമല്ല. നേരായ പ്രവർത്തനം. ആരു ചോദിച്ചാലും ധൈര്യമായി ഉള്ളതു പറയും. പക്ഷേ, അവർക്കാവശ്യമായ ഉത്തരം ഗോവിന്ദേട്ടന്റെ കെയിലില്ലായിരുന്നു. അറിയാവുന്ന കാര്യം ഗോവിന്ദേട്ടൻ പറഞ്ഞു. നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ചെയ്തതാണ്. പുറത്തുപോയാൽ ഇനിയും ചെയ്യും. അതായിരുന്നു ഗോവിന്ദേട്ടന്റെ മറുപടി. പക്ഷേ, അതൊന്നും കേൾക്കാനുള്ള മനസ്സാന്നിധ്യം പോലീസിനപ്പോൾ ഇല്ലായിരുന്നു. ഗോവിന്ദേട്ടന് അറിവുള്ള കാര്യം പറഞ്ഞു കേട്ട് പോലീസ് തളർന്നു പോയി. ഫറൂക്ക് പാലം തകർക്കാൻ സ്ഫോടകവസ്തുക്കൾ തന്റെ തറവാട്ടിൽവെച്ചു താനും കുഞ്ഞിരാമൻ കിടാവും കൂടിയാണുണ്ടാക്കിയതെന്നും കുഞ്ഞിരാമൻ കിടാവാണ് അതു പാലത്തിൽ കൊണ്ടുചെന്നു വെച്ചതെന്നും പറഞ്ഞുകേട്ട പോലീസ് തളർന്നുപോയതിൽ തെറ്റില്ല. ഫറൂക്ക് പാലം

കേസ്സിൽ കോമളം അപ്പട്ടി എന്ന ആളേയും കോരുജിയേയും ശിക്ഷിച്ചുകഴിഞ്ഞിരു ന്നു. ആ വിധിപറഞ്ഞ സെഷൻസ് ജഡ്ജി ഇക്കാലത്ത് കോഴിക്കോട്ടു തന്നെ. ഗോവിന്ദേട്ടനെന്തു ചെയ്യാനൊക്കും? കുറെ ഉപദ്രവിച്ചു. ഒടുവിൽ നിരുപാധികം വി ട്ടയയ്ക്കുകയാണുണ്ടായത്.

ഈ സംഭവം ഇവിടം കൊണ്ടവസാനിക്കുന്നില്ല. ഗോവിന്ദേട്ടൻ നിരന്തരമായ മർദ്ദനമേറ്റ് ആകെ അവശനായി ഇൻസ്പെക്ടറുടെ വീട്ടിൽ അവിടത്തെ ചവിട്ടുക ല്ലിൽ കിടക്കുമ്പോൾ, ആ വഴി സർക്കീട്ടു പോകുന്ന സബ്ബ് ഡിവിഷനൽ മജിസ്ട്രേട്ട്, ഇൻസ്പെക്ടറെ കാണാൻ വന്നു. പടികയറി വന്ന മജിസ്ട്രേട്ട് ഗോവിന്ദേട്ടനെ കണ്ടു ഇൻസ്പെക്ടറോടു ചോദിച്ചു.

"ഇവനോ? ഇവൻ നമ്മളെയൊക്കെ കൊല്ലാൻ വേണ്ടി ബോംബുണ്ടാക്കിയ വനാ. ഫാറൂക്ക് പാലത്തിൽ വെച്ചു പൊട്ടിച്ച ഡയനാമിറ്റ് ഇവന്റെ വീട്ടിൽ വെച്ചാ ഉണ്ടാക്കിയത്."

ഇൻസ്പെക്ടറുടെ മറുപടി കേട്ട് മജിസ്ട്രേട്ട് ഒന്നു മാത്രം പറഞ്ഞു:

"കൊല്ലേണ്ട വർഗ്ഗം."

ഇൻസ്പെക്ടർ ചിരിച്ചു. മജിസ്ട്രേട്ടും ചിരിച്ചു. നിർവികാരനായി അതു കേട്ടുകൊ ണ്ടു ഗോവിന്ദേട്ടൻ കിടന്നു. കഥകളും കവിതകളും നിറഞ്ഞ കാലം പിന്നേയും മുമ്പോ ട്ടു നീങ്ങി. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടി. ഇന്ത്യ റിപ്പബ്ലിക്കായി. ആദ്യത്തെ റിപ്പബ്ലിക്ക് ആഘോഷം. ഞാൻ ആകാശവാണിയിൽ ജോലിയായി പുതിയറ താമസിക്കുന്നു. രണ്ടുദിവസമായി ഗോവിന്ദേട്ടൻ എന്റെ വീട്ടിലുണ്ട്. റിപ്പബ്ലിക് ദിനമായ അന്നു വൈ കീട്ട് നഗരം കാണാൻ ഗോവിന്ദേട്ടനിറങ്ങി. എവിടെയൊക്കെയോ ചുറ്റിക്കറങ്ങി. ഒടുവിൽ എട്ടുമണിക്കു തിരിച്ചുവന്നു. ഈസിച്ചെയറിൽ കയറിക്കിടന്നു ഒരു ബീഡി കത്തിച്ചു പുകവിട്ടു. പിന്നെ എന്തോ അർത്ഥം വെച്ചു മൂളി. അല്പം കഴിഞ്ഞു പതുക്കെ യൊന്നു ചിരിച്ചു.

ഞാൻ സംഗതി തിരക്കി, അപ്പോൾ ഗോവിന്ദേട്ടൻ പറഞ്ഞു:

"മാനാഞ്ചിറ മൈതാനിയിൽ വലിയ ഘോഷം. പലരും പ്രസംഗിക്കുന്നു. അപ്പോൾ, ഒരദ്ഭുതം. ഖദർ ജൂബ്ബയും ഗാന്ധിത്തൊപ്പിയുമായി ഒരാൾ മൈക്കിന ടുത്തു വന്നു നിന്ന് പ്രിയപ്പെട്ട നാട്ടുകാരെ വിളിക്കുന്നു. ഞാൻ സൂക്ഷിച്ചു നോക്കി. എനിക്കു ചിരിയടക്കാൻ കഴിഞ്ഞില്ല. ഞാൻ നിന്നോടന്നു പറഞ്ഞില്ലേ ഒരു മജിസ്ട്രേ ട്ടിനെപ്പറ്റി. അന്ന് ഇൻസ്പെക്ടറുടെ വീട്ടിൽ വന്ന മനുഷ്യൻ? അയാളാണ് പ്രസം ഗിക്കുന്നത്. തെരഞ്ഞെടുപ്പിൽ ഇവിടത്തെ ഔദ്യോഗിക സ്ഥാനാർത്ഥി അയാളാ ണത്രേ! രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി, സ്വാതന്ത്ര്യം സംരക്ഷിക്കാൻ വേണ്ടി എല്ലാ വരും അയാൾക്കു വോട്ടു ചെയ്യണമത്രേ. ഞാൻ ഒരിക്കൽക്കൂടി ചിരിച്ചു. തുടർന്നു കേൾക്കാൻ നില്ക്കാതെ ഓടി. ബാക്കി ചിരിയാണ് ഇപ്പോൾ നിന്റെ മുമ്പിൽ വെച്ചു ചിരിച്ചത്."

ഗോവിന്ദേട്ടന്റെ പിന്നീടുള്ള ജീവിതം, നിർമ്മാണ പ്രവർത്തനത്തിൽ കേളപ്പ ജിയെ സഹായിച്ചുകൊണ്ടിരുന്നു. പേരിനും പ്രസിദ്ധിക്കും വേണ്ടി ഗോവിന്ദേട്ടൻ ഒന്നും ചെയ്തിട്ടില്ല. ചെയ്യാനൊട്ടറിയുകയുമില്ല. ഒടുവിൽ വിനോബാജിക്കു മൂടാടിയു ള്ള വലിയമലയിൽ ദാനഭൂമിയായി കിട്ടിയ സ്ഥലത്ത് ഹരിജൻ കോളണിയുണ്ടാ ക്കുന്ന പ്രവൃത്തിയിൽ മുഴുകിയിരിക്കുമ്പോഴാണ് അന്ത്യമുണ്ടാവുന്നത്. നന്നെ രാവി ലെ വീട്ടിൽ നിന്നെഴുന്നേറ്റ പോകും. മലകയറും. ജോലിക്കാരോടൊപ്പം വൈകു ന്നേരം വരെ നില്ക്കും.

മലമുകളിൽ ഭക്ഷണത്തിനുള്ള സൗകര്യമില്ല. അതിനിടയ്ക്ക് മലയിറങ്ങി വീടെ ത്തിയിട്ടാണു ഭക്ഷണം. അങ്ങനെ ഒരു നാൾ മലയിറങ്ങിവന്ന് ഭക്ഷണത്തിനു മുമ്പി ലിരുന്നപ്പോൾ നെഞ്ചുവേദന. അത് അവസാനത്തിന്റെ ആരംഭമായിരുന്നു. ഡോ ക്ടർ വന്നുചേരാൻ ഇടയുണ്ടായില്ല. എന്നെന്നേക്കുമായി ഗോവിന്ദേട്ടൻ കണ്ണടച്ചു. നിശ്ചലമായ ആ കിടപ്പ് ഇന്നും എന്റെ കൺമുമ്പിലുണ്ട്. 'ഇതാ, എനിക്കു സുഖ മായി വിശ്രമിക്കാൻ സൗകര്യം കിട്ടിയിരിക്കുന്നു'. നിശ്ചേതനമായ മുഖം അങ്ങനെ വിളിച്ചുപറയും പോലെ തോന്നി.

ആളിക്കത്തുന്ന ചിതയുടെ ചുകന്ന വെളിച്ചത്തിൽ വത്സലശിഷ്യന്റെ മൃതദേഹം ചാമ്പലാകുന്നതും നോക്കി കേളപ്പജി നില്ക്കുന്നു! അടുത്ത് സർവ്വ സേവാസംഘത്തി ലെ എസ്. വി. ഗോവിന്ദജിയും.

അനുശോചന മഹായോഗങ്ങൾ നടന്നില്ല. പത്രക്കാരറിഞ്ഞില്ല. എങ്ങനെ അറിയും? ഇവിടെ ഇന്നു പരിഗണനയ്ക്കെടുക്കുന്നത് ത്യാഗത്തിന്റെ മഹിമയാണോ? അതോ സിംഹാസനത്തിന്റെ ഉയരവും കിരീടത്തിന്റെ വലുപ്പവുമാണോ? ഇങ്ങനെ എത്രയെത്ര സ്വാതന്ത്ര്യ ഭടന്മാർ ആരുമറിയാതെ ഈ പുണ്യഭൂമിയിലെ മണ്ണിലലി ഞ്ഞു ചേർന്നു.

— 8 —

# ശക്തിപ്രസ്ഥാനത്തിന്റെ കഥ

നമ്മുടെ ഭരണനിർവ്വഹണം 'വടക്കു' നിന്ന്; അവിടെ നിന്നു തന്നെ നമ്മുടെ രാഷ്ട്രീയ ഭാവി നിർണ്ണയിക്കുന്നതും. ഇങ്ങ് തെക്കുള്ളവർ ഭക്ത ജനങ്ങൾ. താമരമൊട്ടുപോലെ കൂപ്പുകൈ മൂർദ്ധാവിൽ വെച്ചു എന്നും ഭജന നടത്തുന്നവർ.

ശ്രീകോവിലിനെ സമീപിക്കാനോ, മണ്ഡപത്തിൽ കേറി മണിയടിച്ചു തൊഴാനോ അവകാശമില്ലാത്തവർ. ഇന്നും ഈ നടപടിക്രമത്തിൽ ശ്രദ്ധേയമായ വ്യതിയാനമൊന്നും വന്നുചേർന്നതിനു തെളിവില്ല. എന്നാൽ, ഒരു കാലമുണ്ടായിരുന്നു. വടക്കിന്റെ പ്രവർത്തനശൈലിയും ഉപദേശനിർദ്ദേശങ്ങളും അധികാരത്തിന്റെ പേരിലല്ലാതെ തന്നെ ആദരവോടെ സ്വീകരിക്കാൻ കാത്തിരുന്ന കാലം. പഞ്ചാബും ബംഗാളും അന്ന് ആവേശത്തിന്റെ നീരുറവകളായിരുന്നു. സാമ്രാജ്യത്വത്തിനെതിരെ, വിദേശീയമേധാവിത്വത്തിന്നെതിരെ പ്രാണൻ വെടിഞ്ഞു പൊരുതി മുന്നേറിയ ഇതിഹാസപുരുഷന്മാരെ പൂവിട്ടു പൂജിച്ച കാലം. അവരുടെ കാലടിപ്പാടുകൾ പിൻതുടരാൻ ഇവിടത്തെ യുവജനങ്ങൾ ആവേശം കൊണ്ട് മുന്നിട്ടിറങ്ങിയ കാലം.

പുതിയ പുതിയ പ്രസ്ഥാനങ്ങൾ ഉടലെടുക്കുന്നു; സമരതന്ത്രങ്ങൾ രൂപംകൊള്ളുന്നു. എല്ലാം വിദേശമേധാവിത്വത്തിന്റെ കട പുഴക്കാൻ. അതിലൊന്നായിരുന്നു 'ശക്തിപ്രസ്ഥാനം'. പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആചാര്യ ടി. എൻ. വാസ്വാനി. യുവജനങ്ങളെ മാനസികമായും ശാരീരികമായും ശക്തരാക്കുക പ്രസ്ഥാനത്തിന്റെ ലക്ഷ്യമായിരുന്നു. ശക്തിപ്രസ്ഥാനത്തിന്റെ സന്ദേശം താമസിയാതെ രാജ്യം മുഴുവൻ പ്രചരിച്ചു. അതിന്റെ അലയടി ഈ കൊച്ചു കേരളത്തിലും ചലനം സൃഷ്ടിച്ചു. പോരാ, അത് എന്റെ ഗ്രാമത്തിലുമെത്തി. എത്തിയെന്നു മാത്രം പറഞ്ഞാൽ എല്ലാമായില്ല. ഗ്രാമത്തിന്റെ വഴി തെളിയിക്കാനും അതിനു കഴിഞ്ഞു.

മറ്റേതു കാര്യത്തിലുമെന്നപോലെ, ഇതിലും മുന്നിട്ടിറങ്ങിയത് കേളപ്പജിയായിരുന്നു. ഉറ്റ സഹായിയും സഹപ്രവർത്തകനുമായി കുഞ്ഞിക്കണ്ണൻ നമ്പ്യാരും ഉണ്ടായിരുന്നു. ഞങ്ങളന്നു കേളപ്പജിയേയും കുഞ്ഞിക്കണ്ണൻ നമ്പ്യാരേയും കണ്ടത് കേരളത്തിലെ ഗാന്ധിജിയും നെഹ്റുജിയുമായിട്ടായിരുന്നു. ഇന്നാലോചിക്കുമ്പോ

ഴും ഞങ്ങളുടെ കാഴ്ചപ്പാട് പിഴച്ചിട്ടില്ലെന്നു തീർത്തു പറയാം. കാരണം, അവരുടെ ആകൃതിയിലും പ്രകൃതിയിലും ഞങ്ങൾ ദർശിച്ചത് അങ്ങനെയായിരുന്നു. നമ്പ്യാർ യുവജനങ്ങളുടെ ആകർഷണകേന്ദ്രം. വെളുത്തു തടിച്ച ആരും കൗതുകത്തോടെ ഒന്നു നോക്കിപ്പോകുന്ന ശരീരകാന്തി. നരച്ച തലമുടിയും പുരികവും, ഉള്ളിലേക്കു തറച്ചുകയറുന്ന നോട്ടവും തടിച്ചു കുറുതായ ശരീരവുമുള്ള കേളപ്പജിയെ അദ്ദേഹത്തിന്റെ പ്രത്യേകതകൊണ്ട് ആരും രണ്ടു തവണ നോക്കിപ്പോവും. നമ്പ്യാരിൽ സദാ ആവേശം തിളച്ചുമറിയുന്നു. നിസ്തരംഗ സമുദ്രം പോലെ ശാന്തഗംഭീരനാണു കേളപ്പജി. നമ്പ്യാർ സോഷ്യലിസ്റ്റ് ചായ്‌വുള്ള ആദശത്തിനുടമയാണ്. നൂറു ശതമാനം ഗാന്ധിയൻ തത്ത്വങ്ങൾ നടപ്പിലാക്കാൻ വ്രതബദ്ധനാണ് കേളപ്പജി. ഇവരുടെ കൂടിച്ചേരലിൽ, പരിശ്രമത്തിൽ തിക്കോടിയിൽ ഒരു വലിയ സ്ഥാപനമുണ്ടായി: ശക്തിമന്ദിരം.

കോഴിക്കോട്-കണ്ണൂർ റോഡിൽ ഇരുപത്തിരണ്ടാമത്തെ നാഴികക്കല്ലിനടുത്ത് ഏതാണ്ട് രണ്ടേക്കർ സ്ഥലം ചാർത്തി വാങ്ങുന്നു. ചുറ്റും വേലികെട്ടി ഉറപ്പിച്ച്, ആപ്പീസ്സിന്നുള്ള കെട്ടിടം പണിയുന്നു. നിറയെ തെങ്ങും പറങ്കിമാവും മറ്റു ഫലവൃക്ഷങ്ങളും വളർന്നു നില്ക്കുന്ന വിശാലമായ സ്ഥലത്ത്, താമസിയാതെ ഓടു മേഞ്ഞ ഒരു കെട്ടിടം ഉയർന്നുവന്നു. കെട്ടിടത്തിന്റെ തെക്കുവശം, ഒട്ടുമാറി ഒരു കളരിയും സ്ഥാപിച്ചു.

അങ്ങനെ, ആചാര്യ ടി. എൻ. വാസ്വാനിയുടെ മനസ്സിൽ രൂപം പൂണ്ട ശക്തിപ്രസ്ഥാനത്തിന്നു ഇങ്ങു വളരെ തെക്ക്, തിക്കോടിയെന്ന ഗ്രാമത്തിൽ ആർക്കും അഭിമാനിക്കാവുന്നതരത്തിൽ ഒരു സഹോദര സ്ഥാപനമുണ്ടാവുന്നു. മനസ്സിന്നും ശരീരത്തിന്നും ബലം നല്കി യുവജനങ്ങളെ ധീരരായ സ്വാതന്ത്ര്യപ്പോരാളികളാക്കി വളർത്തിക്കൊണ്ടുവരാനുള്ള എല്ലാ പരിപാടികളും അന്നവിടെ ആവിഷ്കരിച്ചിരുന്നു. ഗ്രാമീണവായനശാലയുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചവരെല്ലാം തന്നെ 'ശക്തിമന്ദിര'ത്തിന്റെ പ്രവത്തനങ്ങളിലും സജീവമായി സഹകരിച്ചു.

കളരിപ്പയറ്റഭ്യസിക്കാൻ അനവധി ചെറുപ്പക്കാർ മുമ്പോട്ടുവന്നു. കളരിയഭ്യാസത്തിനു പുറമെ, ബാറിന്മേൽ കളി തുടങ്ങി പല ഇനങ്ങളും അവിടെയുണ്ടായിരുന്നു. അന്നു പരിശീലകരായി വന്നവർ പലരും ഇന്നില്ല. കൂട്ടത്തിൽ ശരീരസൗഷ്ഠവം കൊണ്ടു പലരേയും ആകഷിച്ച രണ്ടുപേർ ഇന്നും എന്റെ മനസ്സിൽ മായാതെ നില്പുണ്ട്. വടിവൊത്ത ശരീരമുള്ള യുവാക്കളെ കാണുന്നത് അതില്ലാത്തവർക്ക് അത്യാനന്ദകരമായിരിക്കും. അതുകൊണ്ടുതന്നെ അവർ രണ്ടുപേരേയും ആ ശരീരത്തിന്റെ ഉടമകളെന്നനിലയിൽ ഇന്നും കൗതുകത്തോടെ ഓർക്കുന്നു. പില്ക്കാലത്തവർ പഠിച്ച് അഭിഭാഷകവൃത്തിയിൽ പേരും പെരുമയും പുലർത്തുകയുണ്ടായി. അതെ; ശക്തമായ ശരീരത്തിലേ ശക്തമായ മനസ്സുണ്ടാവൂ എന്ന തത്ത്വം പ്രചരിപ്പിച്ച ആചാര്യജിക്കു പ്രണാമം. പയ്യോളി ബാറിലെ, ശ്രീ വി. വി. സുബ്രഹ്മണ്യയ്യരും കൃഷ്ണമൂർത്തിയുമാണ് ശക്തിമന്ദിരത്തിലെ കായികാഭ്യാസ പരിശീലനത്തിൽ പങ്കെടുത്ത ആ രണ്ടു യുവാക്കൾ!

'ശക്തിമന്ദിര'ത്തിന്റെ ഉദ്ഘാടനം, ഒരു മഹോത്സവം തന്നെയായിരുന്നു. മന്ദിരവും പരിസരവും അലങ്കരിച്ചൊരുക്കി. തണൽ മരങ്ങളുടെ ശീതളച്ഛായയിൽ പ്രസംഗവേദി ഉയർന്നു. നിശ്ചിതസമയത്തിനു മുമ്പുതന്നെ പല ഭാഗത്തുനിന്നും ജനങ്ങളെത്തിച്ചേർന്നു. ഉദ്ഘാടന യോഗങ്ങളും സാംസ്കാരികസമ്മേളനങ്ങളും ഇന്നത്തെപ്പോലെ സുലഭമല്ലാത്തതുകൊണ്ടു ഗ്രാമീണജനങ്ങൾ വളരെയേറെ താൽപര്യത്തോടെയാണു പങ്കെടുത്തിരുന്നത്. ഉദ്ഘാടനം ആചാര്യ ടി. എൻ. വാസ്വാനിയായിരുന്നു. അദ്ധ്യക്ഷൻ ശ്രീ. മഞ്ചേരി രാമയ്യർ. ഈ കാലമാവുമ്പോഴേക്കു സമ്മേളനങ്ങളിലും യോഗങ്ങളിലും പകലാണെങ്കിൽ പങ്കെടുക്കാനുള്ള സ്വാതന്ത്ര്യം എനിക്കനുവദിച്ചുകിട്ടിയിരുന്നു. അതുകൊണ്ട് എല്ലാം വിസ്തരിച്ചുതന്നെ ഓർമ്മിക്കാനെനിക്കു കഴിയുന്നു.

ഉദ്ഘാടനസമ്മേളനത്തിന്റെ ഒരു പ്രത്യേകത, കാലത്തു പത്തു മണിക്കായിരുന്നു എന്നതാണ്. അന്നു സമ്മേളനങ്ങൾ കാലത്താണെങ്കിൽ എവിടെയും ശോഷിച്ച സദസ്സായിരിക്കും. പക്ഷേ, ഇതങ്ങനെയായിരുന്നില്ല. നല്ല സദസ്സായിരുന്നു. ഉദയസൂര്യനഭിമുഖമായി വിശിഷ്ടാതിഥികൾ ഇരിക്കേണ്ടിവരുന്നത് അവർക്ക് അസൗകര്യമാകുമെന്നു കരുതി പടിഞ്ഞാട്ടേക്കഭിമുഖമായാണ് അന്നു വേദിയൊരുക്കിയിരുന്നത്. ആദ്യമായി മഹാകവി കുട്ടമത്തിനെ കാണാനുള്ള ഭാഗ്യമെനിക്കു സിദ്ധിച്ചതും ആ സമ്മേളനത്തിൽ വെച്ചായിരുന്നു. അദ്ദേഹം ശക്തി പ്രസ്ഥാനത്തിന് ഭാവുകം നേർന്നുകൊണ്ട് ഒരു കവിത ചൊല്ലുകയുണ്ടായി. ആ കനത്ത ശബ്ദം. സ്ഫുടമായി തറപ്പിച്ചു തറപ്പിച്ച് ഓരോ വാക്കും ഉച്ചരിക്കുന്ന പ്രത്യേകരീതി. തടിച്ചു കുറുതായ ശരീരം. ശുഭ്ര ഖദർവസ്ത്രത്തിന്റെ തിളക്കം. അദ്ധ്യക്ഷപീഠത്തിന്റെ വലതുവശം മേശയോടു ചേർന്നു നിന്ന് അതിവിനീതനായി സദസ്സിനെ കൂപ്പി അദ്ദേഹം പ്രസ്ഥാനത്തെ ആശംസിച്ചു.

"ജയിക്കുന്നൂ ശക്തി, ജയിക്കുന്നൂ ശക്തി"—തുടക്കത്തിന്റെ മുഴക്കം ഇന്നും എന്റെ കാതുകളിലുണ്ട്. ദേശീയപ്രബുദ്ധതയ്ക്ക് തിളക്കം കൂട്ടിയ എത്രയെത്ര കവിതകളങ്ങനെ മഹാകവിയുടെ തൂലിക നമുക്കു സമ്മാനിച്ചില്ല! അന്നത്തെ ആ അനുഭൂതിക്കും മഹാകവിയുടെ സ്മരണയ്ക്കും മുമ്പിൽ തലകുനിക്കട്ടെ!

അന്ന്, ശക്തിപ്രസ്ഥാനം പ്രചരിപ്പിക്കാനുദ്ദേശിച്ചുകൊണ്ടു പയ്യന്നൂരിൽ നിന്ന് ഒരു മാസിക പ്രസിദ്ധീകരിച്ചിരുന്നു. പേര് 'ശക്തി'. ഒരു കൊല്ലത്തിലേറെ മുടങ്ങാതെ അതു പ്രസിദ്ധീകരിച്ചെന്നാണറിവ്.

പ്രൊഫസർ രാമമൂർത്തി അന്നത്തെ യുവലോകം ആദരപൂർവ്വം ആരാധിച്ചൊരു ആഭ്യാസിയായിരുന്നു. എന്തായിരുന്നു അദ്ദേഹമെന്നു പറയാൻ വയ്യ. സർക്കസ്സുകാരനായിരുന്നോ, ഗുസ്തി വിദഗ്ധനായിരുന്നോ എന്നൊന്നും അറിഞ്ഞുകൂട. അദ്ദേഹത്തിന്റെ പ്രകടനം മാത്രമേ ഇന്നോർക്കുന്നുള്ളൂ. നാട്ടും വീട്ടും അറിഞ്ഞു കൂട. അഖിലേന്ത്യാ പ്രസിദ്ധി നേടിയ ആളായിരുന്നു.

അദ്ദേഹത്തെ ശക്തിമന്ദിരത്തിൽ ക്ഷണിച്ചുവരുത്തുകയുണ്ടായി. അവിടെവെച്ച് അന്നദ്ദേഹത്തിന്റെ ഒരദ്ഭുത പ്രകടനം കാണാൻ കഴിഞ്ഞു. ഒരു വലിയ ഫോർ

ഡ് കാർ. അതു ചങ്ങലയ്ക്കിട്ടു പിടിക്കുന്നു. എന്നിട്ടു സ്റ്റാർട്ടു ചെയ്യുന്നു. സ്പീഡ് കൂട്ടുന്നു. രാമമൂർത്തി തോളിലും പിറകിലുമായി ബന്ധിച്ച് കൈപ്പിടിയിൽ ഒതുക്കിയ ചങ്ങലയുമായി നില്ക്കുന്നു. മോട്ടോർ കാറിന്റെ എഞ്ചിൻ അലറുകയും വിറയ്ക്കുകയും ചെയ്തതല്ലാതെ അതിന്റെ ചക്രം അവസാനംവരെ ഒരിഞ്ചു മുന്നോട്ടു നീങ്ങുകയുണ്ടായില്ല. ശ്വാസമടക്കിപ്പിടിച്ചു നിന്നവർ മോട്ടോർ കാർ പരാജയം സമ്മതിച്ചു ശ്വാസമൊതുക്കി നിന്നപ്പോൾ ഭൂമി കുലുങ്ങുമാറു കൈയടിച്ച് രാമമൂർത്തിയെ പ്രശംസിക്കുകയുണ്ടായി.

ക്ഷണം കൊണ്ട് ശക്തിമന്ദിരം ജനശ്രദ്ധ പിടിച്ചെടുത്തു. അന്നു മലബാർ മുഴക്കെ അറിയപ്പെട്ടുകയും ആദരിക്കപ്പെട്ടുകയും ചെയ്ത ഓമനപ്പണിക്കരും കോരുക്കുട്ടിപ്പണിക്കരും—രണ്ടുപേരും കളരിയാശാന്മാരാണ്, സഹോദരന്മാരും— ശക്തിമന്ദിരത്തിൽ കളരിയഭ്യാസം പഠിപ്പിക്കാനെത്തിയിരുന്നു. കേളപ്പജിയും കുഞ്ഞിക്കണ്ണൻ നമ്പ്യാരും അവരോടൊപ്പം യുവാക്കളായ മറ്റു പലരും അന്നു പണിക്കന്മാരുടെ ശിക്ഷണത്തിൽ കളരിയഭ്യാസം പരിശീലിക്കുകയുണ്ടായി. ചെറുവടി, ശരീരവടി, കുന്തക്കെട്ടുകാരി തുടങ്ങിയ പയറ്റുമുറകൾ, ചവിട്ടിയുഴിച്ചിൽ, കച്ചകെട്ടി മെയ്യിറക്കഭ്യസിക്കൽ തുടങ്ങി കളരിമുറകൾ പലതും അന്നവിടെ പഠിപ്പിച്ചിരുന്നു. ഓമനപ്പണിക്കരുടെ അദ്ഭുതകരമായ അടവുകളിൽ ഒന്ന് കഠാരിപ്പയറ്റായിരുന്നു. എതിരാളി കഠാരിയുമായി, കുത്തിക്കൊല്ലാനടുക്കുമ്പോൾ രണ്ടാം മുണ്ടുപയോഗിച്ച് അയാളെ പിടിച്ചു കെട്ടുകയെന്ന 'മുറ' പലതവണ കേളപ്പജിയെ പരിശീലിപ്പിക്കുന്നതു ഞങ്ങൾ വലിയൊരു വിഭാഗം ആളുകൾ അദ്ഭുതത്തോടെ നോക്കിനിന്നിട്ടുണ്ട്. ചുരുക്കത്തിൽ അന്നു ശക്തിമന്ദിരത്തിലെ ഓരോ നിമിഷവും കർമ്മനിരതമായിരുന്നു.

ഒരുവശത്തു കായികാഭ്യാസ പരിശീലനം നടക്കുമ്പോൾ മറുവശത്തു മാനസിക വികാസത്തിനുള്ള ക്ലാസ്സുകൾ നടന്നിരുന്നു. ഗാന്ധിയൻ ആദർശത്തെക്കുറിച്ചും അഹിംസാ സിദ്ധാന്തത്തെക്കുറിച്ചും പ്രസിദ്ധരായ പല ദേശീയ നേതാക്കളും അന്നവിടെ ക്ലാസ്സെടുക്കുകയുണ്ടായി.

താമസിയാതെ, ശക്തിമന്ദിരം വിദേശ മേൽക്കോയ്മയ്ക്ക് കണ്ണിലെ കരടായി തീർന്നു. കാലം കറങ്ങുന്നു. രാഷ്ട്രീയാന്തരീക്ഷത്തിൽ കാർമേഘം ഉരുണ്ടുകൂടുന്നു. അകലങ്ങളിൽ ഇടിമുഴക്കത്തിന്റെ പ്രതിധ്വനി ഉയരുന്നു. ഒരു കൊടുങ്കാറ്റിന്റെ വീറോടെ ജനാഭിലാഷം ഉണരുന്നു. അപ്പോൾ, സിവിൽ നിയമലംഘനത്തിന്റെ കനത്ത കാലൊച്ചകൾ അടുത്തടുത്തു വരുന്നതും കാതോർത്തു ശക്തിമന്ദിരം നിലകൊണ്ടു. വരാനിരിക്കുന്ന കാലത്തിന്റെ, സമരത്തിന്റെ, പരിവർത്തനത്തിന്റെ ചരിത്രരേഖയിൽ അതിന്റേതായ സംഭാവനയ്ക്കുള്ള കരുക്കളൊരുക്കുകയായിരുന്നു. സമരമുന്നണിയിലിറക്കാനുള്ള ഊർജ്ജസ്വലരായ പടയാളികളെ പരിശീലനവേദിയിൽ അണിനിരത്തുകയായിരുന്നു—

അപ്പോൾ സർക്കാരിന്റെ ചാരദൃഷ്ടികളും മന്ദിരത്തെ വട്ടം ചുറ്റാൻ തുടങ്ങി.

— 9 —

# ശക്തിപ്രസ്ഥാനത്തിന്റെ കഥ

നമ്മുടെ ഭരണനിർവ്വഹണം 'വടക്കു' നിന്ന്; അവിടെ നിന്നു തന്നെ നമ്മുടെ രാഷ്ട്രീയ ഭാവി നിർണ്ണയിക്കുന്നതും. ഇങ്ങ് തെക്കുള്ളവർ ഭക്ത ജനങ്ങൾ. താമരമൊട്ടുപോലെ കൂപ്പുകൈ മൂർദ്ധാവിൽ വെച്ചു എന്നും ഭജന നടത്തുന്നവർ.

ശ്രീകോവിലിനെ സമീപിക്കാനോ, മണ്ഡപത്തിൽ കേറി മണിയടിച്ചു തൊഴാനോ അവകാശമില്ലാത്തവർ. ഇന്നും ഈ നടപടിക്രമത്തിൽ ശ്രദ്ധേയമായ വ്യതിയാനമൊന്നും വന്നുചേർന്നതിനു തെളിവില്ല. എന്നാൽ, ഒരു കാലമുണ്ടായിരുന്നു. വടക്കിന്റെ പ്രവർത്തനശൈലിയും ഉപദേശനിർദ്ദേശങ്ങളും അധികാരത്തിന്റെ പേരിലല്ലാതെ തന്നെ ആദരവോടെ സ്വീകരിക്കാൻ കാത്തിരുന്ന കാലം. പഞ്ചാബും ബംഗാളും അന്ന് ആവേശത്തിന്റെ നീരുറവകളായിരുന്നു. സാമ്രാജ്യത്വത്തിനെതിരെ, വിദേശീയമേധാവിത്വത്തിന്നെതിരെ പ്രാണൻ വെടിഞ്ഞു പൊരുതി മുന്നേറിയ ഇതിഹാസപുരുഷന്മാരെ പൂവിട്ടു പൂജിച്ച കാലം. അവരുടെ കാലടിപ്പാടുകൾ പിൻതുടരാൻ ഇവിടത്തെ യുവജനങ്ങൾ ആവേശം കൊണ്ട് മുന്നിട്ടിറങ്ങിയ കാലം.

പുതിയ പുതിയ പ്രസ്ഥാനങ്ങൾ ഉടലെടുക്കുന്നു; സമരതന്ത്രങ്ങൾ രൂപംകൊള്ളുന്നു. എല്ലാം വിദേശമേധാവിത്വത്തിന്റെ കട പുഴക്കാൻ. അതിലൊന്നായിരുന്നു 'ശക്തിപ്രസ്ഥാനം'. പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആചാര്യ ടി. എൻ. വാസ്വാനി. യുവജനങ്ങളെ മാനസികമായും ശാരീരികമായും ശക്തരാക്കുക പ്രസ്ഥാനത്തിന്റെ ലക്ഷ്യമായിരുന്നു. ശക്തിപ്രസ്ഥാനത്തിന്റെ സന്ദേശം താമസിയാതെ രാജ്യം മുഴുവൻ പ്രചരിച്ചു. അതിന്റെ അലയടി ഈ കൊച്ചു കേരളത്തിലും ചലനം സൃഷ്ടിച്ചു. പോരാ, അത് എന്റെ ഗ്രാമത്തിലുമെത്തി. എത്തിയെന്നു മാത്രം പറഞ്ഞാൽ എല്ലാമായില്ല. ഗ്രാമത്തിന്റെ വഴി തെളിയിക്കാനും അതിനു കഴിഞ്ഞു.

മറ്റേതു കാര്യത്തിലുമെന്നപോലെ, ഇതിലും മുന്നിട്ടിറങ്ങിയത് കേളപ്പജിയായിരുന്നു. ഉറ്റ സഹായിയും സഹപ്രവർത്തകനുമായി കുഞ്ഞിക്കണ്ണൻ നമ്പ്യാരും ഉണ്ടായിരുന്നു. ഞങ്ങളന്നു കേളപ്പജിയേയും കുഞ്ഞിക്കണ്ണൻ നമ്പ്യാരേയും കണ്ടത് കേരളത്തിലെ ഗാന്ധിജിയും നെഹ്റുജിയുമായിട്ടായിരുന്നു. ഇന്നാലോചിക്കുമ്പോ

ഴും ഞങ്ങളുടെ കാഴ്ചപ്പാട് പിഴച്ചിട്ടില്ലെന്നു തീർത്തു പറയാം. കാരണം, അവരുടെ ആകൃതിയിലും പ്രകൃതിയിലും ഞങ്ങൾ ദർശിച്ചത് അങ്ങനെയായിരുന്നു. നമ്പ്യാർ യുവജനങ്ങളുടെ ആകർഷണകേന്ദ്രം. വെളുത്തു തടിച്ച് ആരും കൗതുകത്തോടെ ഒന്നു നോക്കിപ്പോകുന്ന ശരീരകാന്തി. നരച്ച തലമുടിയും പുരികവും, ഉള്ളിലേക്കു തറച്ചുകയറുന്ന നോട്ടവും തടിച്ചു കുറുതായ ശരീരവുമുള്ള കേളപ്പജിയെ അദ്ദേഹത്തിന്റെ പ്രത്യേകതകൊണ്ട് ആരും രണ്ടു തവണ നോക്കിപ്പോവും. നമ്പ്യാരിൽ സദാ ആവേശം തിളച്ചുമറിയുന്നു. നിസ്തരംഗ സമുദ്രം പോലെ ശാന്തഗംഭീരനാണു കേളപ്പജി. നമ്പ്യാർ സോഷ്യലിസ്റ്റ് ചായ്‌വുള്ള ആദശത്തിനുടമയാണ്. നൂറു ശതമാനം ഗാന്ധിയൻ തത്ത്വങ്ങൾ നടപ്പിലാക്കാൻ വ്രതബദ്ധനാണ് കേളപ്പജി. ഇവരുടെ കൂടിച്ചേരലിൽ, പരിശ്രമത്തിൽ തിക്കോടിയിൽ ഒരു വലിയ സ്ഥാപനമുണ്ടായി: 'ശക്തിമന്ദിരം'

കോഴിക്കോട്-കണ്ണൂർ റോഡിൽ ഇരുപത്തിരണ്ടാമത്തെ നാഴികക്കല്ലിനടുത്ത് ഏതാണ്ട് രണ്ടേക്കർ സ്ഥലം ചാർത്തി വാങ്ങുന്നു. ചുറ്റും വേലികെട്ടി ഉറപ്പിച്ച്, ആപ്പീസ്സിന്നുള്ള കെട്ടിടം പണിയുന്നു. നിറയെ തെങ്ങും പറങ്കിമാവും മറ്റു ഫലവൃക്ഷങ്ങളും വളർന്നു നില്ക്കുന്ന വിശാലമായ സ്ഥലത്ത്, താമസിയാതെ ഓടു മേഞ്ഞ ഒരു കെട്ടിടം ഉയർന്നുവന്നു. കെട്ടിടത്തിന്റെ തെക്കുവശം, ഒട്ടുമാറി ഒരു കളരിയും സ്ഥാപിച്ചു.

അങ്ങനെ, ആചാര്യ ടി. എൻ. വാസ്വാനിയുടെ മനസ്സിൽ രൂപം പൂണ്ട ശക്തിപ്രസ്ഥാനത്തിന്നു ഇങ്ങു വളരെ തെക്ക്, തിക്കോടിയെന്ന ഗ്രാമത്തിൽ ആർക്കും അഭിമാനിക്കാവുന്നതരത്തിൽ ഒരു സഹോദര സ്ഥാപനമുണ്ടാവുന്നു. മനസ്സിന്നും ശരീരത്തിന്നും ബലം നല്കി യുവജനങ്ങളെ ധീരരായ സ്വാതന്ത്ര്യപ്പോരാളികളാക്കി വളർത്തിക്കൊണ്ടുവരാനുള്ള എല്ലാ പരിപാടികളും അന്നവിടെ ആവിഷ്കരിച്ചിരുന്നു. ഗ്രാമീണവായനശാലയുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചവരെല്ലാം തന്നെ 'ശക്തിമന്ദിര'ത്തിന്റെ പ്രവത്തനങ്ങളിലും സജീവമായി സഹകരിച്ചു.

കളരിപ്പയറഭ്യസിക്കാൻ അനവധി ചെറുപ്പക്കാർ മുമ്പോട്ടുവന്നു. കളരിയഭ്യാസത്തിനു പുറമെ, ബാറിന്മേൽ കളി തുടങ്ങി പല ഇനങ്ങളും അവിടെയുണ്ടായിരുന്നു. അന്നു പരിശീലകരായി വന്നവർ പലരും ഇന്നില്ല. കൂട്ടത്തിൽ ശരീരസൗഷ്ഠവം കൊണ്ടു പലരേയും ആകഷിച്ച രണ്ടുപേർ ഇന്നും എന്റെ മനസ്സിൽ മായാതെ നില്പുണ്ട്. വടിവൊത്ത ശരീരമുള്ള യുവാക്കളെ കാണുന്നത് അതില്ലാത്തവർക്ക് അത്യാനന്ദകരമായിരിക്കും. അതുകൊണ്ടുതന്നെ അവർ രണ്ടു പേരേയും ആ ശരീരത്തിന്റെ ഉടമകളെന്നനിലയിൽ ഇന്നും കൗതുക ത്തോടെ ഓക്കുന്നു. പില്ക്കാലത്തവർ പഠിച്ച് അഭിഭാഷകവൃത്തിയിൽ പേരും പെരുമയും പുലർത്തുകയുണ്ടായി. അതെ; ശക്തമായ ശരീരത്തിലേ ശക്തമായ മനസ്സുണ്ടാവൂ എന്ന തത്ത്വം പ്രചരിപ്പിച്ച ആചാര്യജിക്കു പ്രണാമം. പയ്യോളി ബാറിലെ, ശ്രീ വി. വി. സുബ്രഹ്മണ്യയ്യരും കൃഷ്ണമൂർത്തിയുമാണ് ശക്തിമന്ദിരത്തിലെ കായികാഭ്യാസ പരിശീലനത്തിൽ പങ്കെടുത്ത ആ രണ്ടു യുവാക്കൾ!

'ശക്തിമന്ദിര'ത്തിന്റെ ഉദ്ഘാടനം, ഒരു മഹോത്സവം തന്നെയായിരുന്നു. മന്ദിരവും പരിസരവും അലങ്കരിച്ചൊരുക്കി. തണൽ മരങ്ങളുടെ ശീതളച്ഛായയിൽ പ്രസംഗവേദി ഉയർന്നു. നിശ്ചിതസമയത്തിനു മുമ്പുതന്നെ പല ഭാഗത്തുനിന്നും ജനങ്ങളെത്തിച്ചേർന്നു. ഉദ്ഘാടന യോഗങ്ങളും സാംസ്കാരികസമ്മേളനങ്ങളും ഇന്നത്തെപ്പോലെ സുലഭമല്ലാത്തതുകൊണ്ടു ഗ്രാമീണജനങ്ങൾ വളരെയേറെ താൽപര്യത്തോടെയാണു പങ്കെടുത്തിരുന്നത്. ഉദ്ഘാടനം ആ ചാര്യ ടി. എൽ. വാസ്വാനിയായിരുന്നു. അദ്ധ്യക്ഷൻ ശ്രീ. മഞ്ചേരി രാമയ്യർ. ഈ കാലമാവുമ്പോഴേക്കു സമ്മേളനങ്ങളിലും യോഗങ്ങളിലും പകലാ ണെങ്കിൽ പങ്കെടുക്കാനുള്ള സ്വാതന്ത്ര്യം എനിക്കനുവദിച്ചുകിട്ടിയിരുന്നു. അതുകൊണ്ട് എല്ലാം വിസ്തരിച്ചുതന്നെ ഓർമ്മിക്കാനെനിക്കു കഴിയുന്നു.

ഉദ്ഘാടനസമ്മേളനത്തിന്റെ ഒരു പ്രത്യേകത, കാലത്തു പത്തു മണിക്കായിരുന്നു എന്നതാണ്. അന്നു സമ്മേളനങ്ങൾ കാലത്താണെങ്കിൽ എവിടെയും ശോഷിച്ച സദസ്സായിരിക്കും. പക്ഷേ, ഇതങ്ങനെ യായിരുന്നില്ല. നല്ല സദസ്സായിരുന്നു. ഉദയസൂര്യനഭിമുഖമായി വിശിഷ്ടാതിഥികൾ ഇരിക്കേണ്ടിവരുന്നത് അവർക്ക് അസൗകര്യമാകുന്നു കരുതി പടിഞ്ഞാട്ടേക്കഭിമുഖമായാണ് അന്നു വേദിയൊരുക്കിയിരുന്നത്. ആദ്യമായി മഹാകവി കുട്ടമത്തിനെ കാണാനുള്ള ഭാഗ്യമെനിക്കു സിദ്ധിച്ചതും ആ സമ്മേളനത്തിൽ വെച്ചായിരുന്നു. അദ്ദേഹം ശക്തി പ്രസ്ഥാനത്തിന് ഭാവുകം നേർന്നുകൊണ്ട് ഒരു കവിത ചൊല്ലുകയുണ്ടായി. ആ കനത്ത ശബ്ദം. സ്ഫുടമായി തറപ്പിച്ചു തറപ്പിച്ച് ഓരോ വാക്കും ഉച്ചരിക്കുന്ന പ്രത്യേകരീതി. തടിച്ചു കുറുതായ ശരീരം. ശുഭ്ര ഖദർവസ്ത്രത്തിന്റെ തിളക്കം. അദ്ധ്യക്ഷപീഠത്തിന്റെ വലതുവശം മേശയോടു ചേർന്നു നിന്ന് അതിവിനീതനായി സദസ്സിനെ കൂപ്പി അദ്ദേഹം പ്രസ്ഥാനത്തെ ആശംസിച്ചു.

"ജയിക്കുന്നു ശക്തി, ജയിക്കുന്നു ശക്തി"—തുടക്കത്തിന്റെ മുഴക്കം ഇന്നും എന്റെ കാതുകളിലുണ്ട്. ദേശീയപ്രബുദ്ധതയ്ക്കു തിളക്കം കൂട്ടിയ എത്രയെത്ര കവിതകളങ്ങനെ മഹാകവിയുടെ തൂലിക നമുക്കു സമ്മാ നിച്ചില്ല! അന്നത്തെ ആ അനുഭൂതിക്കും മഹാകവിയുടെ സ്മരണയ്ക്കും മുമ്പിൽ തലകുനിക്കട്ടെ!

അന്ന്, ശക്തിപ്രസ്ഥാനം പ്രചരിപ്പിക്കാനുദ്ദേശിച്ചുകൊണ്ടു പയ്യന്നൂരിൽ നിന്ന് ഒരു മാസിക പ്രസിദ്ധീകരിച്ചിരുന്നു. പേര് 'ശക്തി'. ഒരു കൊല്ലത്തിലേറെ മുടങ്ങാതെ അതു പ്രസിദ്ധീകരിച്ചെന്നാണറിവ്.

പ്രൊഫസർ രാമമൂർത്തി അന്നത്തെ യുവലോകം ആദരപൂർവ്വം ആരാധിച്ചൊരു അഭ്യാസിയായിരുന്നു. എന്തായിരുന്നു അദ്ദേഹമെന്നു പറയാൻ വയ്യ. സർക്കസ്സുകാരനായിരുന്നോ, ഗുസ്തി വിദഗ്ധനായിരുന്നോ എന്നൊന്നും അറിഞ്ഞുകൂട. അദ്ദേഹത്തിന്റെ പ്രകടനം മാത്രമേ ഇന്നോർക്കുന്നുള്ളൂ. നാടും വീടും അറിഞ്ഞു കൂട. അഖിലേന്ത്യാ പ്രസിദ്ധി നേടിയ ആളായിരുന്നു.

അദ്ദേഹത്തെ ശക്തിമന്ദിരത്തിൽ ക്ഷണിച്ചുവരുത്തുകയുണ്ടായി. അവിടെവെച്ച് അന്നദ്ദേഹത്തിന്റെ ഒരദ്ഭുത പ്രകടനം കാണാൻ കഴിഞ്ഞു. ഒരു വലിയ ഫോർ

ഡ് കാർ. അതു ചങ്ങലയ്ക്കിട്ടു പിടിക്കുന്നു. എന്നിട്ടു സ്റ്റാർട്ടു ചെയ്യുന്നു. സ്പീഡ് കൂട്ടുന്നു. രാമമൂർത്തി തോളിലും പിറകിലുമായി ബന്ധിച്ച് കൈപ്പിടിയിൽ ഒതുക്കിയ ചങ്ങലയുമായി നില്ക്കുന്നു. മോട്ടോർ കാറിന്റെ എഞ്ചിൻ അലറുകയും വിറയ്ക്കുകയും ചെയ്യുതല്ലാതെ അതിന്റെ ചക്രം അവസാനംവരെ ഒരിഞ്ചു മുന്നോട്ടു നീങ്ങുകയുണ്ടായില്ല. ശ്വാസമടക്കിപ്പിടിച്ചു നിന്നവർ മോട്ടോർ കാർ പരാജയം സമ്മതിച്ചു ശ്വാസമൊതുക്കി നിന്നപ്പോൾ ഭൂമി കുലുങ്ങുമാറു കൈയടിച്ച് രാമമൂർത്തിയെ പ്രശംസിക്കുകയുണ്ടായി.

ക്ഷണം കൊണ്ട് ശക്തിമന്ദിരം ജനശ്രദ്ധ പിടിച്ചെടുത്തു. അന്നു മലബാർ മുഴക്കെ അറിയപ്പെട്ടുകയും ആദരിക്കപ്പെട്ടുകയും ചെയ്ത ഓമനപ്പണിക്കരും കോരുക്കുട്ടിപ്പണിക്കരും—രണ്ടുപേരും കളരിയാശാന്മാരാണ്, സഹോദരന്മാരും—ശക്തിമന്ദിരത്തിൽ കളരിയഭ്യാസം പഠിപ്പിക്കാനെത്തിയിരുന്നു. കേളപ്പജിയും കുഞ്ഞിക്കണ്ണൻ നമ്പ്യാരും അവരോടൊപ്പം യുവാക്കളായ മറ്റു പലരും അന്നു പണിക്കന്മാരുടെ ശിക്ഷണത്തിൽ കളരിയഭ്യാസം പരിശീലിക്കുകയുണ്ടായി. ചെറുവടി, ശരീരവടി, കുന്തക്കെട്ടുകാരി തുടങ്ങിയ പയറ്റുമുറകൾ, ചവിട്ടിയുഴിച്ചിൽ, കച്ചകെട്ടി മെയ്യിറക്കഭ്യസിക്കൽ തുടങ്ങി കളരിമുറകൾ പലതും അന്നവിടെ പഠിപ്പിച്ചിരുന്നു. ഓമനപ്പണിക്കരുടെ അദ്ഭുതകരമായ അടവുകളിൽ ഒന്ന് കഠാരിപ്പയറ്റായിരുന്നു. എതിരാളി കഠാരിയു മായി, കുത്തിക്കൊല്ലാനടുക്കുമ്പോൾ രണ്ടാം മുണ്ടുപയോഗിച്ച് അയാളെ പിടിച്ചു കെട്ടുകയെന്ന 'മുറ' പലതവണ കേളപ്പജിയെ പരിശീലിപ്പിക്കുന്നതു ഞങ്ങൾ വലിയൊരു വിഭാഗം ആളുകൾ അദ്ഭുതത്തോടെ നോക്കിനിന്നിട്ടുണ്ട്. ചുരുക്കത്തിൽ അന്നു ശക്തിമന്ദിരത്തിലെ ഓരോ നിമിഷവും കർമ്മനിരതമായിരുന്നു.

ഒരു വശത്തു കായികാഭ്യാസ പരിശീലനം നടക്കുമ്പോൾ മറുവശത്തു മാനസിക വികാസത്തിനുള്ള ക്ലാസ്സുകൾ നടന്നിരുന്നു. ഗാന്ധിയൻ ആദർശത്തെക്കുറിച്ചും അഹിംസാ സിദ്ധാന്തത്തെക്കുറിച്ചും പ്രസിദ്ധരായ പല ദേശീയ നേതാക്കളും അന്നവിടെ ക്ലാസ്സെടുക്കുകയുണ്ടായി.

താമസിയാതെ, ശക്തിമന്ദിരം വിദേശ മേൽക്കോയ്മയ്ക്ക് കണ്ണിലെ കരടായി തീർന്നു. കാലം കറുക്കുന്നു. രാഷ്ട്രീയാന്തരീക്ഷത്തിൽ കാർമേഘം ഉരുണ്ടുകൂടുന്നു. അകലങ്ങളിൽ ഇടിമുഴക്കത്തിന്റെ പ്രതിധ്വനി ഉയരുന്നു. ഒരു കൊടുങ്കാറ്റിന്റെ വീറോടെ ജനാഭിലാഷം ഉണരുന്നു. അപ്പോൾ, സിവിൽ നിയമലംഘനത്തിന്റെ കനത്ത കാലൊച്ചകൾ അടുത്തടുത്തു വരുന്നതും കാതോർത്തു ശക്തിമന്ദിരം നിലകൊണ്ടു. വരാനിരിക്കുന്ന കാലത്തിന്റെ, സമരത്തിന്റെ, പരിവർത്തനത്തിന്റെ ചരിത്രരേഖയിൽ അതിന്റേതായ സംഭാവനയ്ക്കുള്ള കരുക്കളൊരുക്കുകയായിരുന്നു. സമരമുന്നണിയിലിറക്കാനുള്ള ഊർജ്ജസ്വലരായ പടയാളികളെ പരിശീലനവേദിയിൽ അണിനിരത്തുകയായിരുന്നു.

അപ്പോൾ സർക്കാരിന്റെ ചാരദൃഷ്ടികളും മന്ദിരത്തെ വട്ടം ചുറ്റാൻ തുടങ്ങി.

## — 10 —

# അപ്പുണ്ണിസ്സാമി

താമസിയാതെ 'ശക്തിമന്ദിരം' കേരള രാഷ്ട്രീയത്തിന്റെ സിരാകേന്ദ്രമാവുന്നു. പല ഭാഗങ്ങളിൽ നിന്നും സാമ്രാജ്യത്വത്തിനെതിരായ പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നു.

കുഞ്ഞിക്കണ്ണൻ നമ്പ്യാർ, പ്രസരിപ്പുള്ള ചെറുപ്പക്കാരൻ. പട്ടാളത്തിലുണ്ടായിരുന്ന ജോലി വലിച്ചെറിഞ്ഞ് കേളപ്പജിയുടെ ശിഷ്യത്വം സ്വീകരിച്ച് രാജ്യസേവനത്തിനിറങ്ങിയ ആ ചെറുപ്പക്കാരനെ ഗ്രാമീണർ ആദരവോടെ, സ്നേഹത്തോടെ സ്വീകരിച്ചതിൽ അദ്ഭുതപ്പെടാനില്ല. ചെറിയ തോതിലെങ്കിലും ദേശീയപ്രസ്ഥാനത്തോട് ആഭിമുഖ്യം കാണിക്കുന്നവരെ സാധാരണജനങ്ങൾ അതിരു കവിഞ്ഞു സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. ശക്തിമന്ദിരത്തിന്റെ മുഴുവൻ ചുമതലയും കുഞ്ഞിക്കണ്ണൻ നമ്പ്യാർ ഏറ്റെടുത്തു.

അന്ന് അതിർത്തിഗാന്ധിയെന്ന പേരിൽ ഇന്ത്യ മുഴുക്കെ ആദരവോടെ പ്രകീർത്തിച്ചുപോന്ന ബാദ്ഷാഖാന്റെ—ഖാൻ അബ്ദുൾ ഗാഫർഖാന്റെ—നേതൃത്വത്തിലുള്ള 'ഖുദായി കിത്ത്മത്ഗർ'—ദൈവദാസന്മാർ–എന്ന, ചുവപ്പുകുപ്പായക്കാരായ വാളണ്ടിയർമാരുടെ ത്യാഗോജ്ജ്വലചരിത്രം എങ്ങുമുള്ള യുവജനതയെ ഒന്നുപോലെ ആവേശം കൊള്ളിച്ച കാലമായിരുന്നു. തോക്കു കൊണ്ടു സംസാരിച്ചു ശീലിച്ച അതികായന്മാരായ പത്താൻ പടയാളികൾ, ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തം സ്വീകരിക്കുകയും ബ്രിട്ടീഷ് പട്ടാളക്കാരുടെയും പോലീസുകാരുടെയും ക്രൂരമായ മർദ്ദനങ്ങൾക്കു മുമ്പിൽ അടിപതറാതെ നില്ക്കുകയും, ഒട്ടും ക്ഷോഭിക്കാതെ മർദ്ദനങ്ങൾ ഏറ്റുവാങ്ങുകയും ചെയ്ത കഥകൾ അനുദിനമെന്നോണം പത്രപംക്തികളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. അതുപോലൊരു 'വാളണ്ടിയർ' സംഘടന രൂപീകരിക്കാനുള്ള കൊണ്ടുപിടിച്ച ശ്രമത്തിൽ കുഞ്ഞിക്കണ്ണൻ നമ്പ്യാർ മുഴുകി. അതിർത്തി ഗാന്ധിയുടെ വാളണ്ടിയർമാർക്ക് ചുകപ്പു കുപ്പായമായിരുന്നു. ഇവിടെയും ചുകപ്പു കുപ്പായം തന്നെ വേണമെന്നു തീരുമാനിച്ചു. അങ്ങനെ 'യുവക് സംഘ'മെന്ന ചുകപ്പു കുപ്പായ

സംഘടന താമസിയാതെ രൂപം പൂണ്ടു. സംഘടനയുടെ ആസ്ഥാനം ശക്തിമന്ദിരം തന്നെ.

ഒരു യുവജന സംഘടന ഉണ്ടാവുക; സംഘടനയിലെ അംഗങ്ങൾ ചുകപ്പു കുപ്പായം ധരിക്കുക; ബ്രിട്ടീഷ് മേധാവിത്വത്തെയും അവർക്കു വിടുപണി ചെയ്യുന്ന നാടൻ സായ്പന്മരെയും വിറളിപിടിപ്പിക്കാൻ, ഇതിലധികമെന്തു വേണം? അധികൃതർ 'മന്ദിര'ത്തേയും സംഘടനയേയും ആശങ്കയോടെ വീക്ഷിച്ചു. പല വേഷത്തിൽ, പല ഭാവത്തിൽ അപരിചിതർ വരികയും പോവുകയും ചെയ്തു. നാട്ടുകാർ അവരെ ശ്രദ്ധിച്ചു. അവരുടെ ഓരോ ചലനവും കണ്ടറിയാൻ ആളുകളുണ്ടായി. അപരിചിതരെ കണ്ടാൽ തടഞ്ഞു വെക്കുകയും ചോദ്യം ചെയ്യുകയും പതിവായിത്തീർന്നു. ഈ പതിവിന്റെ ആദ്യത്തെ പരുക്കേറ്റത് അപ്പണ്ണിസാമിയ്ക്കായിരുന്നു.

അപ്പണ്ണിസാമി ആരായിരുന്നു? അതുകൂടി അറിയണ്ടേ? അദ്ദേഹം ആരായാലും ഒരു സംന്യാസിയായിരുന്നില്ല. പിന്നെ 'സാമി'യെന്ന പേരുവീണതോ? ഒരേയൊരു കാരണമേ അതിനുള്ളു. വേഷം ഒറ്റ മുണ്ടാണ്. അതു വലിച്ചു കഴുത്തിൽ ബന്ധിച്ചിടും. കണ്ഠനാളത്തിൽ അപ്പോൾ ഒരു പെരുക്കൽ ചിഹ്നം കാണാൻ കഴിയും. ഏതു നാട്ടുകാരനെന്നാർക്കുമറിയില്ല. ചില കാലങ്ങളിൽ വിഷുപ്പക്ഷി പോലെ വരും, പോകും. വരവിന്റെ കഥ വിളിച്ചു പറയാൻ സാമിക്കൊരു പ്രത്യേക ശബ്ദമുണ്ട്. ഗ്രാമത്തിലേക്കു പ്രവേശിക്കുന്ന ഊടു വഴിയുടെ അറ്റത്തുനിന്നോ, അമ്പലച്ചിറയുടെ വക്കിൽനിന്നോ 'കുത്തിച്ചുളാ'നെപ്പോലെ അപ്പണ്ണിസ്സാമി ഒരു ശബ്ദമുണ്ടാക്കും 'ബ്ഭൂഹാ'. ഗ്രാമത്തിലുള്ള മുഴുവൻ കുട്ടികളും ആ ശബ്ദം കേട്ടു പിടഞ്ഞെഴുന്നേല്ക്കും. ഓടിച്ചെന്നു സാമിയെ വലയം ചെയ്യും. പിന്നെ സാമി മുമ്പിൽ, പുറകിൽ കുട്ടികളും. സാമി 'ബ്ഭൂഹാ', കുട്ടികൾ ഒന്നടങ്കം 'ബ്ഭൂഹാ'. അതൊരു ഘോഷയാത്രയായി ഊടുവഴിയിലൂടെ നീങ്ങും. എവിടം വരെ? അവിടെയാണ് രസം. ഗ്രാമത്തിലെ ഏതു വീട്ടിലാണു സദ്യ നടക്കുന്നതെന്നു നാഴികകൾക്കപ്പുറത്തുനിന്നു തന്നെ മണംപിടിച്ചറിയാനുള്ള ഒരു പ്രത്യേക അവയവം സാമിക്കുണ്ടെന്നാണു നാട്ടുകാരുടെ അഭിപ്രായം. അതെന്തായാലും അപ്പണ്ണിസാമി നയിക്കുന്ന കുട്ടികളുടെ ഘോഷയാത്ര അവസാനിക്കുന്നത് ഒരു സദ്യയുള്ള വീട്ടിന്റെ പടിക്കലാവും. സാമി പടികയറി സദ്യയിൽ ലയിക്കും. കുട്ടികൾ നിരാശയോടെ വീട്ടിലേക്കു മടങ്ങും.

അപ്പണ്ണിസ്സാമിയെപ്പറ്റി രണ്ടു കഥകൾ അന്നു പ്രചരിച്ചിരുന്നു. നുണയാണെങ്കിൽ സാമിയുടെ ആത്മാവു ക്ഷമിക്കട്ടെ. ആദ്യത്തെ കഥ ഇതാണ്: പൊടിപൊടിച്ച ഒരു സദ്യ നടക്കുന്നു. വരാന്തയിലും മുറ്റത്തെ പന്തലിലും പല പന്തികളിലായി അതിഥികളിരിക്കുന്നു. ദേഹണ്ഡക്കാർ വിഭവങ്ങളുമായി അങ്ങുമിങ്ങും ഓടിനടക്കുന്നു. കൂട്ടത്തിൽ ഒരു പന്തിയിൽ സാമിയും സ്ഥലം പിടിച്ചിട്ടുണ്ട്. വിളമ്പുകാർ, പദാർത്ഥങ്ങൾ ഓരോന്നായി വിതരണം ചെയ്തുകൊണ്ടു സാമിയെ കടന്നു പോകുന്നു. എല്ലാവർക്കും സാമിയോടു പ്രത്യേകതയാണ്. ഒരു തവി വീഴേണ്ട സ്ഥലത്ത് സാമിക്കാവുമ്പോൾ രണ്ടു തവി. അങ്ങനെയൊരു സൗജന്യം; സാമിക്കു സന്തോഷം. പല്ലില്ലെങ്കിലും സാമി വീണ്ടും വീണ്ടും വറുത്തുപ്പേരി വാങ്ങുമെന്നാണു വിളമ്പുകാ

രുടെ ഒരു വക്താവിന്റെ റിപ്പോർട്ട്. അങ്ങനെ വിളമ്പലും കഴിക്കലും നടന്നു കൊണ്ടിരിക്കുന്നതിനിടയിൽ 'മത്സ്യം' വരുന്നു. ധൃതിയിൽ വിളമ്പിക്കൊണ്ട് സാമിയുടെ മുമ്പിലെത്തിയപ്പോൾ വിളമ്പുകാരനൊന്നറച്ചുനിന്നു. സാമി ധൃതിയിൽ ശാപ്പാട്ട് തട്ടുകയാണ്. വിളമ്പുകാരനു സംശയം. ഇതൊരു സാമിയാണല്ലോ. അറിയാതെ മത്സ്യം വിളമ്പി മഹാപാപം സമ്പാദിക്കാൻ പറ്റില്ല. ചോദിച്ചിട്ടു വിളമ്പാം. അയാൾ ചോദിച്ചു:

"ഇവിടെ മത്സ്യം കഴിക്ക്യോ?"

അപ്പുണ്ണിസ്സാമി കേട്ടഭാവം നടിച്ചില്ല. മുഖമുയർത്തിയില്ല. വിളമ്പുകാരൻ വീണ്ടും ചോദിച്ചു:

"മത്സ്യം കഴിക്ക്യോന്ന്?"

അരിശം വന്ന സാമി മുഖമുയർത്താതെതന്നെ അലറി:

"ഇവിടെ മനുഷ്യനേം തിന്നും"

മറുപടികേട്ട് പന്തിയിലുള്ളവർ അമ്പരന്നു. വിളമ്പുകാരൻ പിന്നെ ശങ്കിച്ചു നിന്നില്ല.

ഇനി രണ്ടാമത്തെ കഥ. മുഖ്യതൊഴിൽ സദ്യയുണ്ണലാണെങ്കിലും തരംനോക്കി തഞ്ചംനോക്കി സംഭാവന പിരിക്കൽ ഒരു ഉപതൊഴിലായും സാമി സ്വീകരിച്ചിരുന്നു. പിരിവിന്റെ നടപടിക്രമം വിചിത്രമാണ്. രഹസ്യമായി ഒരു നോട്ടുപുസ്തകം സാമി സൂക്ഷിക്കുന്നു. ഭേദപ്പെട്ടവരുടെ വീട്ടിലേ പിരിവിനു കേറുകയുള്ളൂ. പടിക്കലെത്തിയാൽ നോട്ടുപുസ്തകം പുറത്തെടുക്കും. പിന്നെ പെൻസിൽ കൊണ്ടതിൽ എഴുതിച്ചേർക്കും.

"കക്കാട്ടിടം വാഴുന്നവർ വരവ് = 50 ക."

എഴുത്തുകഴിഞ്ഞു പതുക്കെ പടികയറിച്ചെന്നു വാഴുന്നവരെ തൊഴുതു മലർത്തിപ്പിടിച്ച പുസ്തകം മുമ്പിൽ സമർപ്പിക്കും. എന്നിട്ടാദരവോടെ മാറിനിൽക്കും. പുസ്തകമെടുത്തു കണ്ണോടിച്ചു അല്പമൊരമ്പരപ്പോടെ പറയും:

"നല്ല കാര്യം! അമ്പതുറുപ്പികയോ? സാമീ, ഇതൊന്നും ഇവിടെ നടപ്പില്ല. അമ്പതുറുപ്പികയ്ക്ക് ഇപ്പം മൂവായിരം നാളികേരം വേണം. മനസ്സിലായോ?"

വാഴുന്നവർ പുസ്തകം തെല്ലരിശത്തോടെ തിരിച്ചേല്പിച്ച് എഴുന്നേറ്റകത്തു ചെന്ന് സംഭാവന കൊണ്ടുവന്നു സാമിക്കു കൊടുക്കും. ഒരുറുപ്പിക! സാമിയതു വാങ്ങും. ഒട്ടും പരിഭവമില്ല. പരാതിയില്ല. ഒരിക്കൽക്കൂടി വന്ദിച്ചു പടിയിറങ്ങും. പടിയിറങ്ങിയാൽ ആദ്യം ചെയ്യുന്നത് നോട്ടുപുസ്തകത്തിൽ പുതിയൊരു ഇനം എഴുതിച്ചേക്കലാണ്:

"കക്കാട്ടിടം വാഴുന്നവർ പേരിൽ ചെലവ് = 49 ഉറുപ്പിക."

വരവ് 50 ഉറുപ്പിക ചെലവ് 49 ഉറുപ്പിക. കണക്ക് കിറുകിറുത്യം. ഒരു പിശകുമില്ല. ആളെ കാണുന്നതിനുമുമ്പു വരവെഴുതുക. കിട്ടിയ സംഭാവന കഴിച്ചു ബാക്കിയുള്ളത് അയാളുടെ പേരിൽ ചെലവെഴുതുക. അപ്പുണ്ണിസാമിയുടെ ഈ മാതൃക

സ്വീകരിച്ച പിരിവുകാർ ഇന്നും ചിലർ നമ്മുടെ ഇടയിൽ ജീവിച്ചിരിപ്പുണ്ടല്ലോ; രശീതി പുസ്തകവുമായി അമ്പലത്തിന്റെ പേരിലും പള്ളിയുടെ പേരിലും പിരിവിനു നടക്കുന്ന വർ! സാമി തെളിയിച്ച വഴി ഹാ! എത്ര സുന്ദരം!

ശക്തിമന്ദിരത്തിന്റെ പരിസരത്തിൽ അക്കാലത്തൊരുദിവസം സാമി എത്തി പ്പെടുന്നു. ഊരും പേരുമില്ലാത്ത സാമിയെപ്പറ്റി പല കഥകളും പ്രചരിച്ച കൂട്ടത്തിൽ സാമിയൊരു സി. ഐ. ഡി. ആണെന്നും ആരോ തട്ടിവിട്ടിരുന്നു. അതിന്റെ പേ രിൽ സാമിയെ ചിലർ പിടികൂടി കലശലായി ചോദ്യം ചെയ്തു. പോലീസ് മുറയ്ക്കുള്ള ചോദ്യം ചെയ്യലല്ല. വാക്കുകൊണ്ടുള്ള പ്രഹരമായിരുന്നു. ഒടുവിൽ പൊറുതി മുട്ടിയ സാമി ഒരിക്കലും താൻ ഇനി ആ വഴി വരില്ലെന്നു ശപഥം ചെയ്ത് തടി രക്ഷപ്പെടു ത്തി സ്ഥലം വിടുകയാണുണ്ടായത്. പിന്നിട്ട് സാമിയുടെ ശബ്ദം കേട്ട് അവിടത്തെ കുട്ടികൾ ആവേശം കൊണ്ടിട്ടില്ല.

വായനശാലയുടെ പ്രവർത്തകരും നാടകക്കാരുമൊക്കെ യുവക് സംഘ ത്തിൽ ചേർന്നു. എന്നും രാവിലെ ശക്തിമന്ദിരത്തിൽ വാളണ്ടിയർ ട്രെയിനിങ്ങു ണ്ടാവും. പട്ടാളമട്ടിലുള്ള ട്രെയിനിങ്ങാണ്. മാസത്തിലൊരിക്കൽ റോഡിലിറങ്ങി പ്രകടനം നടത്തും. അന്നതിനു ശക്തി പ്രകടനമെന്നു പേരുണ്ടായിരുന്നില്ല. വാ ളണ്ടിയർ ക്യാപ്റ്റനെന്ന നിലയിൽ, വിരിഞ്ഞ മാറിൽ ചുവന്ന കുപ്പായത്തിന്മേൽ സുഭാഷ് ചന്ദ്ര ബോസിന്റെ ബാഡ്ജ് ധരിച്ച കനത്ത അടിവെപ്പുകളോടെ നട ന്നു നീങ്ങുന്ന കുഞ്ഞനന്തൻ നായരെ കാണുമ്പോൾ ഏതു സംഹാരരുദ്രനായ പോ ലീസ് ഓഫീസറും ഒന്നു നടുങ്ങും. പ്രകടനം കാണാൻ എങ്ങും ഗ്രാമീണർ തടിച്ചു കൂടാറുണ്ടായിരുന്നു. അവർക്കറിയാമായിരുന്നു ഈ പ്രകടനം അടിമത്തിനെതിരാ ണെന്ന്; സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരാണെന്ന്. എന്നും ഗ്രാമീണ പാഠശാലയിൽനിന്ന് കൊച്ചുകുട്ടികളുടെ കണ്ഠമുയർത്തുന്ന ഭൂപാലമംഗ ളം കേട്ടു ശീലിച്ചവരാണവർ.

സാർവ്വഭൗമനാം ജോർജ് ഭൂപനേ
സാരമോടെ ഇന്ത്യാരാജ്യം കാത്തുകൊള്ളണേ.

ഇന്ത്യാരാജ്യത്തെ ഒരു കേടും കൂടാതെ തട്ടിപ്പറിക്കാരിൽനിന്നും കൊള്ളക്കാ രിൽ നിന്നും ശത്രുക്കളിൽ നിന്നും രക്ഷിക്കാൻ താണുകേണപേക്ഷിക്കുന്ന ഗാനമാ യിരുന്നു ഭൂപാലംഗളം. പല തവണ ഭക്തിപുരസ്സരം എനിക്കതു പാടേണ്ടിവന്നി ട്ടുണ്ട്. അറിയാതെ, പൊരുളറിയാതെ ഞങ്ങൾ, കുട്ടികൾ, കാലത്തും വൈകീട്ടും അലറിവിളിച്ചിട്ടുണ്ട്. ഇന്നതാലോചിക്കുമ്പോൾ 'ഉഷ്ട്രലഗുഡ'[1] ന്യായത്തിന്റെ ഒളി പ്പിച്ചുവെച്ച ഫലിതത്തെച്ചൊല്ലി ചിരിക്കാതിരിക്കാൻ കഴിയുന്നില്ല. മരുഭൂയിയിലൂ ടെ നടന്നു നീങ്ങുന്ന ഒട്ടകത്തെ, ഗതിവേഗത്തിനുവേണ്ടി സഞ്ചാരി ഇടക്കിടെ തല്ലാ നുപയോഗിക്കുന്ന വടി തല്ലുകഴിഞ്ഞാൽ അതിന്റെ പുറത്തുതന്നെ തിരുകിവെക്കു

1 ഒട്ടകത്തിന് കുറുന്തടി എന്ന ന്യായം

ന്നു. തല്ലാനുള്ള വടി താൻ തന്നെ ചുമന്നു നടക്കുന്ന ഒട്ടകത്തെപ്പോലെയായിരു ന്നു അന്നു ഞങ്ങൾ. ഇന്ത്യയെ ചൂഷണം ചെയ്യുകയും ഇന്ത്യക്കാരെ അടിമകളാക്കി അടിച്ചമർത്തിനിർത്തുകയും ചെയ്യുന്ന വൈദേശിക മേധാവിത്വം ഇവിടെ നിലനിന്നു കാണാൻ പ്രാർത്ഥിക്കുക. കുട്ടികളായ ഞങ്ങൾ മാത്രമല്ല, മുതിർന്നവരായ പലരും അന്ന് ഒട്ടകങ്ങളായിരുന്നു.

ശക്തിമന്ദിരം അടിമത്തത്തിനെതിരായ ശക്തി സംഭരിക്കുന്നു. യുവക് സംഘ ത്തിലെ അംഗങ്ങളെ കാത്ത് ഇന്ത്യൻ പീനൽ കോഡെന്ന കാളസർപ്പം പടിക്കൽ ഉറക്കം നടിച്ചു കിടക്കുന്നു.

— 11 —

# നിയമലംഘനത്തിനു രണ്ടു സ്ത്രീകൾ

അരങ്ങു വിട്ട് അരങ്ങന്വേഷിക്കുന്ന ബദ്ധപ്പാടിൽ വഴിമാറി അല്പം സഞ്ചരിക്കേണ്ടി വന്നു. കാരണമില്ലാതല്ല. അന്നു നാടു മുഴക്കെ മറ്റൊരു മഹാനാടകത്തിന് അരങ്ങൊരുങ്ങുകയായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ നാടകം. സംവിധാനച്ചുമതല മഹാത്മജി ഏറ്റെടുത്തിരിക്കുന്നു. ആദ്യരംഗം ഉപ്പുനിയമ ലംഘനമാണ്. പാവപ്പെട്ടവന്റെ കഞ്ഞിയിലെ ഉപ്പ്. അതിനും നികുതി കൊടുക്കണം. ഉടമാവകാശം സ്ഥാപിക്കാനും വാദിക്കാനും ആർക്കും അർഹതയില്ലാത്ത സമുദ്രം. സമുദ്രമുൾക്കൊള്ളുന്ന വെള്ളം. വെള്ളത്തിലടങ്ങിയിരിക്കുന്ന ഉപ്പ്. ഉപ്പുവെള്ളം കുറുക്കി ഉപ്പുണ്ടാക്കുക. ആർക്കും ചെയ്യാവുന്നതാണ്, തടുക്കാനാർക്കും അവകാശമില്ല. മഹാത്മജിയുടെ പ്രഖ്യാപനമുണ്ടായി. പരസ്യമായി ഉപ്പുനിയമം ലംഘിക്കണം. അധികൃതസ്ഥാനത്തുനിന്നു വരുന്ന എതിർപ്പുകളെന്തും സഹിക്കണം. അക്രമം കാട്ടാതെ, സമാധാനശീലരായി ജനങ്ങൾ മുമ്പോട്ടു വരണം. തങ്ങൾക്കുള്ള അവകാശം സ്ഥാപിച്ചെടുക്കണം. തല്ലോ തടവോ തൂക്കു മരമായാൽപ്പോലും സന്തോഷത്തോടെ സ്വീകരിക്കണം. അഭിഭാഷകർ, കലാശാലാ അദ്ധ്യാപകർ, കലാകാരന്മാർ, ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർ, സ്ഥാനമാനങ്ങളും പദവികളുമില്ലാത്ത സാധാരണക്കാർ, എന്തും സഹിക്കാനുള്ള തയ്യാറെടുപ്പോടെ രംഗത്തിറങ്ങി.

'ശക്തിമന്ദിരം' ഇരമ്പി. ചുകപ്പുകുപ്പായമണിഞ്ഞ സന്നദ്ധ ഭടന്മാർ ഉത്സാഹത്തോടെ നിയമലംഘനത്തിനൊരുങ്ങി. കടൽത്തീരത്തേയ്ക്കു കുറച്ചു ദൂരമേയുള്ളു. എളുപ്പം നടന്നെത്താം. രാവിലെ കുളിയും പ്രാർത്ഥനയും പ്രാതലും കഴിഞ്ഞാൽ, മൂവർണ്ണക്കൊടിയുമേന്തി മുദ്രാവാക്യം വിളിച്ചുകൊണ്ടു യുവസംഘം കടൽത്തീരത്തേക്കു പുറപ്പെടും. ക്യാപ്റ്റൻ കുഞ്ഞനന്തൻനായർ മുമ്പിൽ. അന്നദ്ദേഹത്തിനൊരു ചെറിയ സംശയമുണ്ടായിരുന്നു; സുഹൃദ് സമ്മേളനങ്ങളിൽ രഹസ്യമായി പറയുന്ന ഒരു സംശയം. തടുക്കാതെ, പകരം കൊടുക്കാതെ തല്ലുവാങ്ങുന്ന രീതി അത്ര സുഖമുള്ളതല്ല. പോലീസായാലും ഒന്നിങ്ങട്ട് കിട്ടുമ്പോൾ പലിശകൂട്ടി രണ്ടങ്ങട്ടു കൊടുക്കുന്നതല്ലേ ആണത്തം. അതായിരുന്നു കുഞ്ഞനന്തൻനായരുടെ സംശയം. അതു

സംശയം മാത്രമായിരുന്നു. യൂണിഫാറമണിഞ്ഞാൽ, മൂവർണ്ണക്കൊടിയേന്തിയാൽ ഒരു മാൻകിടാവിനെപ്പോലെ അദ്ദേഹം ശാന്തശീലനാകുമായിരുന്നു.

യുവക് സംഘം മുദ്രാവാക്യം മുഴക്കിക്കൊണ്ടു കടൽത്തീരത്തേക്കു പുറപ്പെട്ടു മ്പോൾ കാഴ്ചക്കാരായി നാട്ടുകാരനേകം പേരുണ്ടാവും. ഇടവഴിക്കിരുപുറവും വേലിക്കെട്ടിനപ്പുറം നിന്ന്, സ്ത്രീകൾ ചുകപ്പുകുപ്പായക്കാരുടെ യാത്ര കൗതുകത്തോടെ നോക്കിക്കാണും. ഉപ്പു കുറുക്കാനുള്ള ചട്ടിയും തീയെരിക്കാനുള്ള ചിരട്ടയും മടലുമൊക്കെ ആദ്യമാദ്യം വാളണ്ടിയർമാർ ചുമന്നു കൊണ്ടുപോവുക പതിവായിരുന്നു. പിന്നെപ്പിന്നെ ഉത്സാഹഭരിതരായ ജനങ്ങൾ, വാളണ്ടിയർമാരെ സഹായിച്ചു. അവർ തന്നെ സമീപപ്രദേശങ്ങളിൽനിന്നും വിറകു ശേഖരിച്ചെത്തിക്കും. അവിടം കൊണ്ടും അവരുടെ ആവേശം അടങ്ങുന്നില്ല. അവരിൽ പലരും അന്നു സ്വന്തമായി ഉപ്പു കുറുക്കിയിരുന്നു. നിയമലംഘനമാണെങ്കിലും പോലീസ് അറച്ചുനിന്നു; ആരും വന്നില്ല. നടപടി ഒന്നുമുണ്ടായില്ല. ബ്രിട്ടീഷ് മേൽക്കോയ്മയുടെ ഔദാര്യമാണെന്നു ധരിക്കരുത്. ഭാരതഭൂഖണ്ഡത്തെ ചുറ്റിവളഞ്ഞു കിടക്കുന്ന കടൽത്തീരം മുഴുവനുമായി എങ്ങുമെന്നോണം തീയും പുകയും ജനത്തിരക്കും നിയമലംഘനവുമായാൽ എവിടെയൊക്കെ പോലീസെത്തും? എല്ലാടവുമെത്താൻ എത്ര മാത്രം പോലീസു വേണം! കുഴപ്പം പിടിച്ച പ്രശ്നമായിരുന്നു. പക്ഷേ, പോലീസിന്റെ സംഖ്യ കുറഞ്ഞതുകൊണ്ടു മാത്രം നടപടിയൊന്നുമില്ലാതെ നിയമലംഘനം കൈയും കെട്ടി കണ്ടു നില്ക്കാൻ മാത്രം വിഡ്ഢികളാണോ സായ്പന്മാർ? അല്ലെന്ന് പിൽക്കാല സംഭവങ്ങൾ തെളിയിച്ചു.

ഇന്ത്യയൊട്ടുക്കും ഉപ്പുനിയമലംഘനം ഒരു വമ്പിച്ച ബഹുജനപ്രസ്ഥാനമായി വളരുന്നു. എങ്ങും ഉത്സാഹഭരിതരായ ജനങ്ങൾ. കുറുക്കിയെടുക്കുന്ന ഉപ്പ് വീടു വീടാന്തരം സത്യാഗ്രഹികൾ കയറിയിറങ്ങി വില്പന നടത്തുന്നു. ഏതു വീട്ടിലുമവർ കയറിച്ചെല്ലും. ഉദ്യോഗസ്ഥനെന്നോ അനുദ്യോഗസ്ഥനെന്നോ നോട്ടമില്ല. വൈകീട്ട് എന്നും പൊതുയോഗമുണ്ടാവും. പല ഭാഗങ്ങളിൽനിന്നും മാറിമാറി നേതാക്കന്മാർ വന്നു പ്രസംഗിക്കും. പൊതു യോഗങ്ങളിൽ സംബന്ധിക്കുന്ന ജനങ്ങൾക്കിടയിലും ഉപ്പുവില്പന നടക്കും. ഓരോ ചെറിയ പൊതി ഉപ്പിലും ബ്രിട്ടീഷ് വിരോധമുണ്ടായിരുന്നു. അതായിരുന്നു ആ പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ വിജയം.

കൊയിലാണ്ടിയിലെ സമരസമിതി ആപ്പീസുമായി ബന്ധപ്പെട്ടായിരുന്നു മോയാരത്ത് ശങ്കരൻ അന്നു പ്രവർത്തിച്ചിരുന്നത്. സത്യാഗ്രഹികൾക്കു നേതൃത്വം കൊടുത്തുകൊണ്ട്, അവരോടൊപ്പം ഉപ്പുവില്പന നടത്തിക്കൊണ്ട്, അന്നു സജീവമായി അദ്ദേഹം രംഗത്തുണ്ടായിരുന്നു. ഒരു ദിവസം ഹൈസ്കൂൾ മൈതാനിയിൽ പ്രചരണയോഗം നടക്കുന്നു. മുഖ്യപ്രാസംഗികൻ മോയാരമായിരുന്നു. അന്നവിടെ ജോലിയിലുണ്ടായിരുന്ന പോലീസ് സബ് ഇൻസ്പെക്ടറുടെ പെരുമാറ്റത്തെക്കുറിച്ച് നിശിതമായ ഭാഷയിൽ മോയാരം പ്രസംഗിക്കുകയുണ്ടായി. ചില പോലീസുദ്യോഗസ്ഥന്മാർ സത്യാഗ്രഹികളെ നീചമായ ഭാഷയിൽ ശകാരിക്കുകയും അപമാനിക്കുകയും ചെയ്തുകൊണ്ട് ബ്രിട്ടീഷ് യജമാനന്മാരുടെ പ്രീതി സമ്പാദിക്കാൻ അന്നു ശ്രമി

ക്കാറുണ്ടായിരുന്നു. ഒരുപക്ഷേ, ആ വകുപ്പിൽപ്പെട്ട ആളായിരിക്കണം അന്നത്തെ സബ്ഇൻസ്പെക്ടർ.

പിറ്റേന്നു രാവിലെ ഉപ്പുകുറുക്കൽ കഴിഞ്ഞു വില്പനയ്ക്കിറങ്ങിയ 'മോയാരം' നേരെ കയറിച്ചെന്നത് സബ് ഇൻസ്പെക്ടറുടെ വീട്ടിലായിരുന്നു. ഇൻസ്പെക്ടർ അസഭ്യവർഷംകൊണ്ടു മോയാരത്തെ സ്വീകരിക്കുകയും സ്വന്തം വീട്ടിന്റെ പൂമുഖത്തിട്ടു തല്ലുകയുംചെയ്തു. നിമിഷം കൊണ്ടു വാർത്ത പ്രചരിച്ചു. വൈകീട്ട് പല ഭാഗങ്ങളിലും പ്രതിഷേധ യോഗങ്ങൾ നടക്കുകയുണ്ടായി. ഇന്ത്യയിലാകമാനമുള്ള സംഭവങ്ങൾ പരിശോധിച്ചാൽ ഒരുപക്ഷേ, ഉപ്പുനിയമലംഘനത്തിന്റെ പിരടിയിൽ വീണ ആദ്യത്തെ തല്ല് അതായിരിക്കണമെന്നു വിചാരിക്കാൻ ന്യായമുണ്ട്. ഒന്നു തീർച്ച: കേരളത്തിലെ ആദ്യത്തെ തല്ല് അതുതന്നെ.

മോയാരം അന്നു ചെറുപ്പക്കാരുടെ സ്നേഹഭാജനമായിരുന്നു. സ്വാതന്ത്ര്യസമരഭടനെന്ന നിലയിൽ മാത്രമല്ല; 'പേരുകേട്ട ഒരു സാഹിത്യകാരൻ എന്ന നിലയിലും. നോവലിസ്റ്റാണ്, ഉപന്യാസകാരനാണ്, പത്രപ്രവർത്തകനുമാണ്. വടകരയിൽനിന്നു പ്രസിദ്ധീകരിച്ച ഒരു പത്രത്തിൽ–പേരോർമ്മയില്ല–ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തേയും, വെള്ളക്കാരന്റെ കൊള്ളരുതായ്മകളേയും തുറന്നുകാട്ടുന്ന ലേഖനങ്ങളിലൂടെ വായനക്കാരുടെ ആദരവു നേടാനദ്ദേഹത്തിനു കഴിഞ്ഞിരുന്നു. അദ്ദേഹം അന്ന് ആ പത്രത്തിൽ വിമർശനരൂപത്തിലെഴുതുമ്പോൾ 'ഉലക്കഭടൻ' എന്ന തൂലികാനാമമാണ് സ്വീകരിച്ചിരുന്നത്.

ഞാനദ്ദേഹത്തെ ആദ്യമായി കാണുന്നത് ശക്തിമന്ദിരത്തിനു സമീപം അന്നു കേളപ്പജിയുടെ മരുമകൾ താമസിച്ചിരുന്ന വീട്ടിൽ വെച്ചാണ്. ഇടയ്ക്കിടെ കേളപ്പജിയുടെ സാന്നിധ്യമുണ്ടാവുന്ന ആ വീട്ടിൽ നേതാക്കന്മാരും സാഹിത്യകാരന്മാരും സദാ വന്നുകൊണ്ടിരിക്കും. അവരെ കണ്ടാൽ ജന്മസാഫല്യം കിട്ടിയ പോലെയാണ്. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തോടു പൊരുതുന്നവർ. പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കുന്നവർ. മരണഭയമില്ലാത്തവർ. പോലീസിനെ ബഹുമാനിക്കാത്തവർ. പാവങ്ങൾക്കു വേണ്ടി, അധഃസ്ഥിതർക്കു വേണ്ടി പ്രയത്നിക്കുന്നവർ. അവരെയൊക്കെ എല്ലാവർക്കും അന്നു സ്നേഹമായിരുന്നു. ബഹുമാനമായിരുന്നു. ഇന്ന് കാലം മാറിയതുകൊണ്ടാവാം, മഹാത്മജിയെപ്പോലും ആക്ഷേപിച്ചു സംസാരിക്കുന്ന മഹാന്മാരുണ്ട്. 'തന്ത'യെന്നു വിശേഷിപ്പിച്ച് കഥയെഴുതുന്ന അവാർഡ് ജേതാക്കളായ വലിയ എഴുത്തുകാരുണ്ട്. ഇതൊന്നും പാടില്ലെന്നു പറയുകയല്ല. അങ്ങനെ പറയാൻ ഞാനാരാണ്? ഒരു കാലഘട്ടത്തിന്റെ കഥ പറയുമ്പോൾ അന്നത്തെ ജനങ്ങളുടെ മനഃസ്ഥിതിയെക്കുറിച്ചും അല്പം പറഞ്ഞു പോയതാണ്. പാക്കിസ്ഥാനടക്കമുള്ള ഈ ഉപഭൂഖണ്ഡത്തിൽ അന്നു മുപ്പത്തഞ്ചുകോടി ജനങ്ങളേ ഉണ്ടായിരുന്നുള്ളു. തോന്നിയവരെ മുഴവനും കേറി തെറിവിളിക്കാനുള്ള 'അഭിപ്രായ സ്വാതന്ത്ര്യം' അന്നാർക്കുമുണ്ടായിരുന്നില്ല. ഭരിക്കാനിരിക്കുന്ന വെള്ളക്കാരന്റെ സ്വഭാവം വേറെയായിരുന്നു.

അതിരിക്കട്ടെ, 'മോയാര'ത്തിനെ കണ്ട കഥയാണല്ലോ പറഞ്ഞു വന്നത്. ഈ പരമ്പരയുടെ തുടക്കത്തിൽ ഒന്നുരണ്ടു പ്രാവശ്യം പരിചയപ്പെടുത്തിയ അനുഗൃഹീത കലാകാരനായിരുന്ന ശ്രീ. ടി. കെ. സി. കിടാവാണ് ഗൃഹനാഥൻ. ഞാൻ ചെന്നുകേറുമ്പോൾ മോയാരം അദ്ദേഹവുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്. കുറിയൊരു മനുഷ്യൻ. മുറിയൻകൈയുള്ള ഖദറിന്റെ കുപ്പായവും, കരയും കുറിയുമില്ലാത്ത മുണ്ടും–ദേശാഭിമാനികളായ പലരുടേയും വസ്ത്രധാരണ രീതി അന്നതായിരുന്നു. പറ്റെ വെട്ടിനിർത്തിയ മുടിയിൽ അവിടവിടെ അല്പസ്വല്പം നര കേറിയിരുന്നു. വിടവുകൾ കൂടുതലുള്ള കുറിയ പല്ലുകൾ പുറത്തു കാട്ടി ചിരിക്കുമ്പോൾ അദ്ദേഹത്തെ കാണാൻ നല്ല ചന്തമായിരുന്നു. ആ ചിരി കുട്ടികളുടേതുപോലെ നിഷ്കളങ്കമായിരുന്നു. സദാ കവിത ചൊല്ലിക്കൊണ്ടിരിക്കും.

അന്ന് ആ വീട്ടിൽ സദാ പ്രസരിപ്പോടെ ഓടിനടന്ന, ഒരു വിദ്യാർത്ഥിനി—'ദേവി', കിടാവിന്റെ മകൾ, പില്ക്കാലത്ത് മിസ്സിസ് സി. എച്ച്. കുഞ്ഞപ്പ—ഇന്ന് കോഴിക്കോട്ടു കൃഷ്ണപിള്ള മന്ദിരത്തിനു സമീപമുള്ള 'പർണ്ണകുടി'യിൽ ഏകാന്തജീവിതം നയിക്കുന്ന ദേവകിയമ്മ—അവരെ ഇന്നും എന്റെ ഗ്രാമം അഭിമാനത്തോടെ സ്മരിക്കുന്നു. വിദ്യാർത്ഥിനിയായ കാലത്ത് നിയമം ലംഘിച്ച് അവർ അറസ്റ്റ് വരിക്കുകയുണ്ടായി. ജയിൽവാസം അനുഭവിക്കുകയും ചെയ്തു.

സംഭവത്തിന്റെ തുടക്കം ഏതാണ്ടിങ്ങനെയാണ്. കൊയിലാണ്ടിയിൽ ഒരു സ്വീകരണമഹായോഗം നടക്കുന്നു. ഹൈസ്കൂൾ മൈതാനിയിൽ അലങ്കരിച്ച പന്തൽ ഒരുങ്ങിയിരിക്കുന്നു. സ്വീകരണത്തിൽ പങ്കെടുക്കുന്നത് മദിരാശിയിലെ ജസ്റ്റിസ് പാർട്ടി നേതാവ് കൂർമ്മവെങ്കിടറെഡ്ഡിയാണെന്നു ഞാനോർക്കുന്നു. ഓർമ്മ മുഴുവനും ശരിയായിക്കൊള്ളണമെന്നില്ല. ജസ്റ്റിസ് പാർട്ടിയുടെ ഒരു നേതാവിനാണു സ്വീകരണമെന്നു തീർച്ച. സ്വീകരണത്തിനു മുൻകയ്യെടുത്തു പ്രവർത്തിച്ചത് അഭിഭാഷകപ്രമുഖനായ ശ്രീ. വി. വി. രാമയ്യരായിരുന്നു. ക്ഷണിക്കപ്പെട്ട അതിഥികളെക്കൊണ്ടു പന്തൽ നിറഞ്ഞു. സമാധാനപരിപാലനത്തിനു പോലീസുകാർ നിരന്നു. മുഖ്യാതിഥി വന്നുചേർന്നു. സമ്മേളന നടപടികൾ ആരംഭിച്ചു. സ്വാഗത പ്രസംഗ വേളയിലോ അതോ മുഖ്യാതിഥിയുടെ പ്രഭാഷണത്തിന്റെ ആരംഭത്തിലോ എന്നു തീർത്തുപറയാൻ വയ്യ. സദസ്സിൽ ആകെ ഒരിളക്കം. ചിലർ പിന്നിലേക്കു തിരിഞ്ഞു നോക്കുന്നു. മറ്റു ചിലർ പിൻതിരിഞ്ഞിരിക്കുന്നു. പിന്നിലതാ 'കേളപ്പജി'. അദ്ദേഹം സദസ്സിനെ അഭിമുഖീകരിച്ചു സംസാരിക്കുകയാണ്. ആകെ ബഹളം. പോലീസ് പറന്നെത്തി കേളപ്പജിയെ അറസ്റ്റ് ചെയ്തു മാറ്റി. ഒപ്പമുണ്ടായിരുന്ന കുഞ്ഞിക്കണ്ണൻ നമ്പ്യാരെ ഭീകരമായി മർദ്ദിച്ചു. അദ്ദേഹത്തിന്റെ കൈയ്ക്കു സാരമായ പരിക്കേറ്റെന്ന വിവരം ക്ഷണനേരംകൊണ്ട് ജനങ്ങളറിയുന്നു. ആകെ ക്ഷുബ്ധമായ അന്തരീക്ഷം. എങ്ങും പോലീസ് മർദ്ദനത്തെക്കുറിച്ചുള്ള സംസാരം.

തുടർന്നുള്ള ദിവസങ്ങൾ, അറസ്റ്റിന്റെയും പോലീസ് മർദ്ദനത്തിന്റെയും കഥകൾ നിറഞ്ഞതായിരുന്നു. കുപ്രസിദ്ധിയാർജ്ജിച്ച പോലീസ് ഭരണമായിരുന്നു

അന്നു കൊയിലാണ്ടിയിൽ. കേളപ്പജിയെ അറസ്റ്റ് ചെയ്തു മാറ്റിയതും കുഞ്ഞിക്കണ്ണൻ നമ്പ്യാരെ മർദ്ദിച്ചതും ദേശാഭിമാനികളായ യുവാക്കളെ ക്ഷോഭിപ്പിച്ചു. ആജ്ഞാലംഘനത്തിനു പിന്നെ ക്ഷാമമുണ്ടായില്ല. ദിവസമെന്നോണം അതു നടന്നു. അന്നൊരു ദിവസം നാട്ടുകാരേയും പോലീസിനേയും അമ്പരപ്പിച്ചുകൊണ്ട് നിയമം ലംഘിക്കാനെത്തിയതു രണ്ടു സ്ത്രീകളായിരുന്നു. ഞങ്ങളുടെ ബോർഡ് ഗേൾസ് സ്കൂളിലെ ഹെഡ്മിസ്ട്രസ് മെറ്റിൽഡ കല്ലനായിരുന്നു. ആ സ്ത്രീകളിലൊരാൾ. അവരുടെ നേതൃത്വത്തിൽ നിയമലംഘനത്തിനെത്തിയതു വിദ്യാർത്ഥിനിയായ ദേവിയും. രണ്ടുപേരെയും അറസ്റ്റ്ചെയ്തു ശിക്ഷിച്ചു. ഒന്നോർക്കണം: ഒരു സ്കൂൾ ടീച്ചറുടെ ജോലിക്കുപോലും സ്ത്രീകൾ മുമ്പോട്ടുവരാത്ത കാലം. അക്കാലത്ത് നിയമം ലംഘിക്കാൻ രണ്ടു സ്ത്രീകൾ മുമ്പോട്ടു വരുന്നു. അതും മർദ്ദനത്തിനു കുപ്രസിദ്ധിനേടിയ കൊയിലാണ്ടി പോലീസിനെ എതിരിട്ടുകൊണ്ട്.

പിന്നീടുള്ള ദിവസങ്ങളിൽ ഉപ്പുനിയമലംഘനത്തെ അതിശക്തിയായിത്തന്നെ ഭരണകൂടം നേരിട്ടു. യുവക് സംഘത്തിലെ ചുകപ്പുകുപ്പായക്കാർ മുഴുവനും ഇരുമ്പഴിക്കുള്ളിലായി. ശക്തിമന്ദിരം ശൂന്യം. സത്യാഗ്രഹികൾക്കു വെച്ചുവിളമ്പി അവരെ സ്നേഹപൂർവ്വം ഊട്ടിയ ചാപ്പൻനായർ ഏകനായി മൂകനായി അടുത്ത രംഗവും പ്രതീക്ഷിച്ച് മന്ദിരത്തിന്റെ വാതിൽപ്പടിയിൽ ഇരുന്നു.

— 12 —

# വീണ്ടും നാടകത്തിലേക്ക്

ഞങ്ങളുടെ ഗ്രാമം ഏതോ ഉണർത്തു പാട്ടിനു വേണ്ടി കാതോർത്തു കിടന്നു. ചലനമില്ല, ചൈതന്യമില്ല. കലാസാംസ്കാരിക പ്രവർത്തകരത്രയും ഇരുമ്പഴിക്കു പിറകിൽ. ദേശീയബോധമുള്ള യുവാക്കളെ പോലീസ് വേട്ടയാടുന്നു. വാർത്തകളിലൂടെ വന്നെത്തുന്നതു മുഴുവനും അറസ്റ്റിന്റെ, മർദ്ദനത്തിന്റെ, കുറ്റവിചാരണയുടെ കഥകൾ. ശക്തിമന്ദിരത്തിലെ കശുമാവിൻ തണലിൽ അരിവെപ്പുകാരൻ ചാപ്പൻ നായർ ഇടയ്ക്കൊരാശ്ചര്യ ചിഹ്നം പോലെ നില്ക്കുന്നതു കാണാം. അദ്ദേഹത്തെ പോലീസും ഉപേക്ഷിച്ച മട്ടാണ്. മന്ദിരത്തിൻറ പ്രധാന ഗേറ്റ് എപ്പോഴും അടഞ്ഞു കിടക്കും. കളരിയിൽ ചുവടുവെപ്പിന്റെ, വായ്ത്താരിയുടെ, വാളും പരിചയും കൂട്ടിമുട്ടുന്നതിൻറ ശബ്ദമില്ല.

അന്ന് വിദ്യാർത്ഥികളായ ഞങ്ങൾ ഒഴിവുകിട്ടുമ്പോഴൊക്കെ തീവണ്ടിയാപ്പീസിൽ ഓടിയെത്തും. തീവണ്ടിക്ക് ഒട്ടും ക്ഷാമമില്ലാത്ത കാലം. രാവിലെയും ഉച്ചയ്ക്കുമുമ്പും പിമ്പുമുള്ള ഇടനേരത്തും വൈകീട്ടും രാത്രിയുമൊക്കെ വണ്ടികളുണ്ടായിരുന്നു. എന്തൊക്കെ കുറ്റം പറയാനുണ്ടെങ്കിലും തീവണ്ടിക്കാര്യത്തിൽ ബ്രിട്ടീഷുകാരെ ആക്ഷേപിക്കാൻ വയ്യ. ലാഭചേതം നോക്കീട്ടല്ല. അവർ വണ്ടി ഓടിച്ചിരുന്നത്. പിന്നെ, എല്ലാ പ്രദേശങ്ങളും അവർക്ക് ഒരു പോലെയായതുകൊണ്ടു പക്ഷഭേദത്തിന്റെയോ അവഗണനയുടെയോ പ്രശ്നം ഉദ്ഭവിക്കുന്നില്ല. ഗവർണർമാർക്കിവിടെ ഭാര്യവീടില്ലാത്തതുകൊണ്ടും അവരെ സമ്മതിദാനത്തിലൂടെ തിരഞ്ഞെടുക്കുന്ന സമ്പ്രദായമില്ലാത്തതുകൊണ്ടും ചില പ്രത്യേക പ്രദേശത്തോടു മമത പുലർത്തി അവിടം വൈകുണ്ഠമാക്കേണ്ട കാര്യവും അവർക്കില്ലായിരുന്നു. അതുകൊണ്ടായിരിക്കണം അന്നു മലബാറുകാരായ ഞങ്ങൾക്കു സമൃദ്ധമായി തീവണ്ടി കിട്ടിക്കൊണ്ടിരുന്നത്.

ഇന്നു കേട്ടാൽ അതീവ അദ്ഭുതമായി തോന്നുന്ന ഒരു കാര്യംകൂടി പറയട്ടെ. ഗ്രാമീണഭാഷയിൽ പറഞ്ഞാൽ 'കണ്ടംവണ്ടി' എന്നൊരേർപ്പാടുകൂടി അന്നുണ്ടായിരുന്നു. എന്നുവെച്ചാൽ മീഡിയം സൈസിലുള്ളൊരു വണ്ടി. അവൻ അതിരാവിലെ കൂവിക്കൊണ്ടു കോഴിക്കോട്ടു നിന്നു വടക്കോട്ടു പുറപ്പെടുന്നു. വടകരയിലെത്തി, അല്പമൊന്നു വിശ്രമിച്ചു തിരിച്ചു കോഴിക്കോട്ടേക്കു തന്നെ വരുന്നു. ഈ പ്രക്രിയ രാത്രി

പത്തു മണിവരെ തുടരുന്നു. യാത്രക്കാർക്കു സുഭിക്ഷം! കൂലിയോ പരമ തുച്ഛം. കോഴിക്കോട്ടു നിന്നു തിക്കോടിക്കു കൊടുക്കേണ്ട കൂലി ആറണ മൂന്നു പൈ. ഇന്നത്തെ കണക്കിൽ 40 പൈസ തികയില്ല. ഒരു കൂട്ട ബീഡിക്ക് ഇന്ന് അതിന്റെ നാലിരട്ടി ചെലവാക്കേണ്ടിവരുന്നില്ലേ? അതു പോട്ടെ. അതൊക്കെ ഇനി പറഞ്ഞിട്ടെന്തു കാര്യം? ഞങ്ങൾ സൗകര്യം കിട്ടുമ്പോഴൊക്കെ തീവണ്ടിയാപ്പീസ്സിൽ പോകുന്ന കാര്യമാണല്ലോ പറഞ്ഞു വന്നത്. അതൊരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയായിരുന്നു. എന്നും ഏതു വണ്ടിയിലും സ്വാതന്ത്ര്യഭടന്മാരുണ്ടാവും. സംഗതി, ജയിൽ മാറ്റമാണ്. കണ്ണൂർ ജയിലിൽനിന്ന് ബല്ലാരി ജയിലിലേക്കും അവിടെനിന്നു കണ്ണൂർക്കും, അതുപോലെ മദിരാശിയിലേക്കും അവിടന്നിങ്ങോട്ടും തടവുകാരെ മാറ്റിക്കൊണ്ടിരിക്കും. ഒന്നിച്ചൊരിടത്തു പലകാലം വെച്ചാൽ തടവുകാർ വല്ല ഗൂഢാലോചനയിലും ഏർപ്പെടുമെന്ന ഭയം കൊണ്ടാവാം അത്തരമൊരു സമ്പ്രദായം അധികൃതർ കൈക്കൊണ്ടത്.

ഞങ്ങൾ പ്ലാറ്റ്ഫോമിൽ അലയുന്നു. തീവണ്ടി വരുന്നു. നില്ക്കുന്നു. കമ്പാർട്ടുമെന്റുകളിൽ കണ്ണെറിഞ്ഞു കൊണ്ടു ഞങ്ങൾ തിരക്കിട്ടു നടക്കുന്നു. അപ്പോൾ യാത്രക്കാർക്കിടയിൽ ഗാന്ധിത്തൊപ്പി കാണുന്നു. ഞങ്ങൾ ഒന്നിച്ചു ചേർന്നു മുദ്രാവാക്യം വിളിക്കുന്നു–

"മഹാത്മാഗാന്ധി കീ –ജേ"

"വന്ദേ മാതരം."

തീവണ്ടിക്കുള്ളിലെ തടവുകാർ ആവേശത്തോടെ മുദ്രാവാക്യം ഏറ്റു വിളിക്കുന്നു. അപ്പോൾ കാവൽ പോലീസ്, ജാലകപ്പഴുതിലൂടെ ബയണറ്റ് പുറത്തേക്കു നീട്ടുന്നു. സാമ്രാജ്യത്വത്തിന്റെ രാക്ഷസ ജിഹ്വപോലുള്ള ആ വസ്തു വെയിലിൽ വെട്ടിത്തിളങ്ങുന്നു. വണ്ടി പതുക്കെ നീങ്ങുന്നു. വണ്ടിക്കകത്തും പുറത്തുമുള്ള എല്ലാവരും മുദ്രാവാക്യത്തിൽ പങ്കെടുക്കുന്നു. വണ്ടി കണ്ണിൽനിന്നു മറയുവോളം മുദ്രാവാക്യം വിളിച്ച് സംതൃപ്തിയോടെ ഞങ്ങൾ മടങ്ങുന്നു.

അക്കാലത്തൊരു ദിവസം രാവിലെ പത്തരമണിക്കു തെക്കുനിന്നു വരുന്ന വണ്ടി. പ്ലാറ്റ്ഫോമിൽ പതിവിലേറെ ജനങ്ങൾ. മിക്കവരും വാർത്തകളറിയാൻ വന്നതാണ്. കോഴിക്കോട്ടു കടപ്പുറത്ത് അതിഭീകരമായ പോലീസ് മർദ്ദനം നടന്നെന്നും നേതാക്കളിൽ പലർക്കും മാരകമായ പരിക്കേറ്റെന്നും വാർത്തയുണ്ടായിരുന്നു. ആരോടെങ്കിലുമന്വേഷിച്ചു സത്യാവസ്ഥ മനസ്സിലാക്കാനുള്ള ബദ്ധപ്പാടായിരുന്നു എല്ലാവർക്കും. ആർക്കും പരസ്പരം ഒന്നും സംസാരിക്കാനില്ല. ഉൽക്കണ്ഠ കൊണ്ടു വിങ്ങിപ്പൊട്ടാറായ നിമിഷത്തിനു വിരാമമിട്ടുകൊണ്ട് തീവണ്ടി വന്നു നിന്നു. ജനം തിരക്കിട്ട് അങ്ങുമിങ്ങും ഓടി. അപ്പോൾ പ്ലാറ്റ്ഫോമിന്റെ തെക്കേ അറ്റത്തുനിന്നു മുദ്രാവാക്യം മുഴങ്ങുന്നു. നിമിഷം കൊണ്ടെല്ലാവരും അവിടെയെത്തി. പതിവു പോലെ തിളങ്ങുന്ന ബയണറ്റ് പുറത്തേക്കു തള്ളി നില്ക്കുന്നുണ്ട്. എന്താണു സംഭവിക്കുന്നത്? വണ്ടിക്കകത്താരെല്ലാമാണുള്ളത്? ചെവിയടപ്പിക്കുംവിധമാണു മുദ്രാ

വാക്യം. തീവണ്ടിക്കടുത്തു ചെല്ലാൻ വിഷമം. അത്രയ്ക്കു തിരക്ക്. ഒരുവിധം ഞെരുങ്ങി ആൾക്കൂട്ടത്തിൽ പഴുതുണ്ടാക്കി, തീവണ്ടിയുടെ ചവിട്ടു പടികൾ കയറിനിന്ന് അകത്തേക്കു നോക്കി. ആദ്യമായി കണ്ണിൽ പെട്ടത്, കേരള സിംഹമെന്ന പേരിൽ വിഖ്യാതനായ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ മുഖമായിരുന്നു. ഒരിക്കലും മറക്കാൻ കഴിയാത്ത കാഴ്ച! തേജസ്സുറ്റ ആ മുഖം ആകെ കരുവാളിച്ചിരിക്കുന്നു. കഴുത്തിൽ ചോരപ്പാടും കല്ലിപ്പുമുണ്ട്. മർദ്ദനത്തിന്റെ ഭീകര മുദ്ര! ഭൗതിക ശരീരത്തിലേറ്റ മർദ്ദനപ്പാടുകൾ, അദ്ദേഹത്തിന്റെ ആത്മാവിൽ നിഴൽ വീശിയിരുന്നില്ല. കറുത്തു മുറ്റിയ മീശയ്ക്കു കീഴെ പൂനിലാവിന്റെ നിറമുള്ള ചിരി അപ്പോഴും പ്രകാശം പൊഴിച്ചിരുന്നു. തൊട്ടടുത്ത് കേളപ്പജിയുണ്ട്. അതിനപ്പുറം കൃഷ്ണപിള്ള. അന്ന് ഏറ്റവും ക്രൂരമായ മർദ്ദനത്തിനു വിധേയനായതു കൃഷ്ണപിള്ളയായിരുന്നു. പോലീസുകാരുടെ കൈയിൽപ്പെട്ട ഒരു ത്രിവർണ്ണപതാക കൃഷ്ണപിള്ള പിടിച്ചെടുത്തു. പോലീസുകാർക്കതു സഹിക്കുമോ? അവർ പതാക വീണ്ടെടുക്കാൻ ശ്രമിച്ചു. പതാക മാറോടു ചേർത്തു പിടിച്ചു കൃഷ്ണപിള്ള കടപ്പുറത്തെ പൂഴിയിൽ കമിഴ്ന്നു കിടന്നു. പത്തുമുന്നൂറു പൊലീസുകാരുണ്ട്. അവരെല്ലാം ചേർന്നു മൽപ്പിടുത്തം നടത്തി. ആവുംപോലെ മർദ്ദിച്ചു. എങ്കിലും തീവണ്ടിമുറിയിൽ കണ്ട കൃഷ്ണപിള്ള ഊർജ്ജസ്വലനായിരുന്നു. അദ്ദേഹം മുദ്രാവാക്യം വിളിയിൽ സജീവമായി പങ്കുചേർന്നു.

മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിനോടും കേളപ്പജിയോടും കൃഷ്ണപിള്ളയോടും ഒപ്പം മാധവനാരും കൃഷ്ണസ്വാമി അയ്യരും ഉണ്ടായിരുന്നു. പിന്നെ ആരൊക്കെയുണ്ടായിരുന്നുവെന്ന് ഓർക്കുന്നില്ല. അന്നത്തെ മർദ്ദനം നേതാക്കന്മാരെ ലക്ഷ്യം വെച്ചുള്ളതായിരുന്നു. ജനങ്ങളിൽ പരിഭ്രാന്തി സൃഷ്ടിച്ച്, ദേശീയപ്രസ്ഥാനങ്ങളിൽ നിന്നു അവരെ അകറ്റാനുള്ള ശ്രമം. പക്ഷേ, ഫലം മറിച്ചാണുണ്ടായത്. വിദേശ മേൽക്കോയ്മയോടും അവർക്കു വിടുപണിചെയ്യുന്ന ഉദ്യോഗസ്ഥന്മാരോടും പോലീസിനോടും അതികഠിനമായ വിദ്വേഷമാണ് ആ സംഭവം സൃഷ്ടിച്ചത്.

ഉപ്പുസത്യാഗ്രഹവും നിയമലംഘനവും പോലീസ് മർദ്ദനവും കുറ്റവിചാരണയും തടവു ശിക്ഷയുമെല്ലാം ഗാന്ധി-ഇർവിൻ സന്ധിയോടെ അവസാനിക്കുന്നു. അങ്ങനെ ഒന്നാം അങ്കത്തിനു തിരശ്ശീല വീഴുന്നു. ചുകപ്പുകുപ്പായക്കാരായ യുവക് സംഘം ജയിൽ വിമുക്തരാവുന്നു. എന്റെ ഗ്രാമം ആഹ്ലാദത്തിമർപ്പോടെ അവരെ സ്വീകരിക്കുന്നു. ഒരു ചെറിയ അദ്ഭുതം. എല്ലാവരും മീശ വളർത്തിയിരിക്കുന്നു. കുഞ്ഞനന്തൻനായർക്കു മീശയുണ്ട്. അച്യുതൻ നായർക്കു മീശയുണ്ട്. കൃഷ്ണൻകിടാവിനു മീശയുണ്ട്. ഗോവിന്ദേട്ടനുമുണ്ടു മീശ. ഞങ്ങൾക്കതിശയമായിരുന്നു. ഞങ്ങളുടെ ദേശത്തന്നോളം നായന്മാരാരും മീശ വെച്ചു കണ്ടിട്ടില്ല. മുതിർന്നവരുടെയിടയിൽ മുറുമുറുപ്പുണ്ടായി. ചിലർ മുഖത്തുനോക്കി മടികൂടാതെ മീശക്കാരോടു ചോദിച്ചു:

"എന്തിനാ ഈ വൃത്തികേട്? നമ്മളു തറവാട്ടുകാരല്ലേ? മാനക്കേടല്ലേ മീശ വെച്ചു നടക്കുന്നത്?"

ഇനിയൊരു കൂട്ടം തറവാടികൾ ന്യായം കണ്ടെത്തി തന്നത്താൻ ആശ്വസിക്കുകയാണു ചെയ്തത്:

"ഓ! ഇനി മീശവെച്ചാലെന്ത് വടിച്ചാലെന്ത്? ജയിലിൽ കിടന്ന പറയനോ പുലയനോ ഉണ്ടാക്കിക്കൊടുത്ത മുത്താറിപ്പുട്ടും തിന്നല്ലേ, വരുന്നത്. ഇവർക്കിനി തറവാടുണ്ടോ, ജാതിയുണ്ടോ?"

ഈ മുറുമുറുപ്പും പ്രതിഷേധവും ആക്ഷേപവും വകവെക്കാതെ മീശപിരിച്ച് മുറുക്കിക്കൊണ്ടും ഓമനിച്ച് മിനുക്കി തലോടിക്കൊണ്ടും അവർ നടന്നു. അങ്ങനെ പലതുകൊണ്ടും വിജയികളായി നടക്കുന്നുണ്ടെങ്കിലും അവരെ അലട്ടാൻ ഒരു പ്രത്യേക പ്രശ്നമുണ്ടായി: തൊഴിലില്ലായ്മ. സന്ധിയുള്ളതുകൊണ്ട് നിയമം ലംഘിക്കാനോ ജയിലിൽ പോകാനോ വയ്യ.

സന്ധിപ്രകാരം സമാധാനപരമായി മദ്യഷാപ്പുകൾ പിക്കറ്റുചെയ്യാനും അതുപോലുള്ള മറ്റു പരിപാടികൾ നിർവ്വഹിക്കാനും അനുവാദമുണ്ടായിരുന്നു. പക്ഷേ, എന്തുകാര്യം? പോലീസ് ഇടപെടാത്ത പിക്കറ്റിങ് പിക്കറ്റിങ്ങാണോ? അതിലെന്തുണ്ടൊരു രസം? എന്നിട്ടും ചിലരതിനു മുതിർന്നു. ചില ദിവസങ്ങളിൽ കള്ളുഷാപ്പിന്റെ മുന്നിൽ ചെന്നുനിന്ന് 'സഹോദരരെ, മദ്യം വിഷമാണ്. അതു കഴിക്കുന്നവൻ നശിക്കുന്നു; അവന്റെ കുടുംബം നശിക്കുന്നു. അതുകൊണ്ട് കള്ളു ചോദിക്കരുത്, വാങ്ങരുത്, കുടിക്കരുത്?' എന്നൊക്കെ ഉപദേശിച്ചുനോക്കി. ചിലർ ഉപദേശം കേട്ടു തിരിച്ചുപോയി. മറ്റു ചിലർ 'നശിക്കുന്നത് ഞാനല്ലേ, എന്റെ കുടുംബമല്ലേ, നിനക്കെന്തെടാ ഇതിൽ കാര്യ'മെന്ന മട്ടിൽ ഷാപ്പിനകത്തു കടന്ന് മതിവരുവോളം കുടിച്ച് സത്യാഗ്രഹിയേയും കളിയാക്കി തിരിച്ചുപോകുന്നു. ഇതുകൊണ്ടാക്കെ, സമാധാനപരമായ പിക്കറ്റിങ് എന്ന പരിപാടി ക്രമേണ പരാജയപ്പെട്ടു. ബ്രിട്ടീഷ് ഗവണ്മെന്റ് ഇതിനിടെ, ഒരു സൂത്രവിദ്യ പ്രയോഗിച്ചു. കള്ളുഷാപ്പും ചാരായഷാപ്പും ബ്രാണ്ടിഷാപ്പുമൊക്കെ മുറയ്ക്ക് ലേലംചെയ്തുകൊടുക്കുകയും മദ്യം കഴിക്കുന്നതു നന്നല്ലെന്നു ചുമ്മാ ഒരു രസത്തിനുവേണ്ടി ഗവൺമെന്റ് ചെലവിൽ പ്രചാരവേലനടത്തുകയും ചെയ്തു. പട്ടണത്തിലും നാട്ടിൻ പുറങ്ങളിലുമുള്ള മർമ്മ സ്ഥാനങ്ങളിൽ വലിയ പരസ്യങ്ങൾ പ്രത്യക്ഷപ്പെട്ടു:

"ഗവണ്മെന്റ് ഉപദേശിക്കുന്നു, മദ്യം കഴിക്കരുതെന്ന്."

അതുകൊണ്ടുമായില്ല. അവിടേയുമിവിടേയുമായി പ്രതിഫലം കൊടുത്ത് ചിലരെ നിയമിച്ചു. എന്തിന്? ചന്തസ്ഥലത്തും ഉത്സവ സ്ഥലത്തുമൊക്കെ ചെന്ന് മദ്യത്തിനെതിരായി പ്രസംഗിക്കാൻ. ഗവണ്മെന്റിന്റെ ഈ അടവ് സമാധാനപരമായ കള്ളു ഷാപ്പ് പിക്കറ്റിങ് തകർക്കാനായിരുന്നു. അല്ലെങ്കിൽ, ഇതുപോലൊരു വിരോധാഭാസമുണ്ടോ? കള്ളു കുടിക്കരുതെന്നുപദേശിക്കാൻ ബ്രിട്ടീഷ് ഗവണ്മെന്റ്! ഈ ചതിപ്രയോഗത്തിന്റെ സാരസ്യമോർത്തു ഗവണ്മെന്റു തന്നെ പലവട്ടം ആർത്തട്ടഹസിച്ചു ചിരിച്ചിട്ടുണ്ടാവും.

പറഞ്ഞുവന്നത് യുവക് സംഘം വാളണ്ടിയർമാരുടെ തൊഴിലില്ലായ്മയാണല്ലോ. അതിനൊരു പ്രതിവിധി കാണാൻ കുഞ്ഞനന്തൻ നായരുടെ നേതൃത്വത്തിൽ ഏതാനും പേർ ഒത്തു കൂടി. പല പരിപാടികളും ആലോചിച്ചു. ഒടുവിൽ ഒരു

നാടകം പഠിച്ച് അരങ്ങേറിയാൽ എന്തെന്നായി. അതിനുള്ള സ്ഥലം, സമയം, അതിൽ പങ്കെടുക്കാൻ കഴിവുള്ളവരുടെ പേരുവിവരം തുടങ്ങിയവയും ആലോചനയ്ക്കു വിഷയമായി. പ്രശ്നങ്ങളോരോന്നിനും പ്രതിവിധി കണ്ടത്തിയപ്പോൾ അരങ്ങേറാനുള്ള നാടകമേതെന്ന് ആലോചനയായി. അല്പം വിഷമമുള്ള കാര്യം. ചരിത്രമായാലും പുരാണമായാലും—അന്നു കൂടുതലും അത്തരം നാടകങ്ങളാണുള്ളത്—പ്രത്യക്ഷമായോ പരോക്ഷമായോ നിലവിലുള്ള ഭരണവ്യവസ്ഥയ്ക്കു പ്രതികൂലമാവുന്ന ഒന്നുംതന്നെ നാടകത്തിൽ വരാൻ പാടില്ല. അതുകൊണ്ട് നാടകം, തിരഞ്ഞെടുക്കാൻ ഒരു ഉപസമിതിയെ നിയമിച്ചുകൊണ്ട് ആദ്യത്തെ കൂടിയാലോചന അവസാനിപ്പിക്കുകയാണുണ്ടായത്.

— 13 —

## സ്യമന്തകത്തിലൊരു വേഷം കിട്ടാൻ

ജയിൽവിമുക്തരായി യുവക് സംഘം പ്രവർത്തകർ ഒത്തുകൂടി നാടകത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. നല്ല ഒരു നാടകമായിരിക്കണം. തമിഴ് നാടകസംഘത്തിന്റെ ചുവടുപിടിച്ച് ഒരു പുതിയ സമിതിയുണ്ടാക്കണം. സമിതിക്കു ഉചിതമായൊരു പേരു വേണം. പറ്റിയ നാടകം തിരഞ്ഞെടുക്കണം. പ്രവർത്തകരുടെ മുമ്പിലുള്ള പ്രശ്നങ്ങൾ ഇതൊക്കെയായിരുന്നു. അന്ന് നാടകം തിരഞ്ഞെടുക്കുക അത്ര വളരെ പ്രയാസമുള്ള കാര്യമായിരുന്നില്ല. പുസ്തക ശാലകളിൽ നാടക ഗ്രന്ഥങ്ങൾ വിരളമായിരുന്നു. എങ്കിലും കിട്ടാവുന്നത്ര ഗ്രന്ഥങ്ങൾ ശേഖരിച്ച് കൂട്ടായിരുന്നു വായിച്ചു; ചർച്ചചെയ്തു. വളരെ പ്രയാസപ്പെട്ടാണെങ്കിലും ഒടുവിൽ തൃപ്തികരമായൊരു തീരുമാനമെടുക്കാൻ കഴിഞ്ഞു. 'സ്യമന്തകം സംഗീതനാടകം' വിയോജനക്കുറിപ്പു കൂടാതെ തന്നെ തിരഞ്ഞെടുപ്പു നടന്നു.

'ഗാന്ധി-ഇർവിൻ സന്ധി' പ്രാബല്യത്തിലുള്ള കാലമാണെന്നു പറഞ്ഞുവല്ലോ. നിയമവിധേയമായ പ്രവർത്തനങ്ങളല്ലാതെ വേറിട്ടൊന്നും അന്നു ചെയ്യാൻ പാടില്ല. ഭരണകൂടത്തെ ആക്ഷേപിക്കുംവിധം വല്ലതും സംഭവിച്ചുപോയാൽ സംഘട്ടനമുണ്ടാവും. സന്ധി പൊളിയും. അതുകൊണ്ട് അച്ചടക്കമുള്ള പ്രവർത്തകരെന്നനിലയിൽ ചെയ്യുന്നതെന്തും വളരെ ആലോചിച്ചും സൂക്ഷിച്ചും വേണം.

സ്യമന്തകം സംഗീത നാടകം ആർക്കും ഒരു കുഴപ്പവും വരുത്തില്ല. ദ്വാപര യുഗത്തിൽ സംഭവിച്ച കഥ. ഏതോ ഒരു യാദവൻ തപസ്സു ചെയ്ത് സൂര്യഭഗവാനിൽനിന്നും ഒരു രത്നം കൈവശപ്പെടുത്തുന്നു. ദിനംതോറും ടൺ കണക്കിൽ സ്വർണ്ണം പെറ്റു കൂട്ടുന്ന രത്നമായിരുന്നു അത്. അതിന്റെ പേരിൽ ചില സംഘട്ടനങ്ങളെല്ലാം നടക്കുന്നു. പാട്ടിലൂടെ, സംഭാഷണത്തിലൂടെ സ്യമന്തകത്തിന്റെ ചരിത്രം ജനങ്ങളെ ധരിപ്പിക്കുമ്പോൾ നാടുഭരിക്കുന്ന ജോർജ്ജ് ഭൂപന് എന്തുണ്ടൊരു ദോഷം വരാൻ? ജോർജ്ജ് ഭൂപന്റെ പ്രതിപുരുഷനായ വൈസ്രോയിക്കോ അതിനു കീഴോട്ട്, സത്യസന്ധമായി സാമ്രാജ്യസേവയനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥവൃന്ദത്തിനോ പരുക്കൊന്നുമേല്പിക്കാത്ത പരിശുദ്ധമായ കഥയല്ലേ 'സ്യമന്തകം' ഉദ്ഘോഷിക്കുന്നത്.

എപ്പോൾ എവിടെ വേണമെങ്കിലും അവതരിപ്പിക്കാം. അങ്ങനെ ആദ്യത്തെ കടമ്പ കടന്നു വീണു.

അഭിനേതാക്കളെ നിർണ്ണയിക്കുന്ന പ്രശ്നമാണിനിയുള്ളത്. സത്രാജിത്ത്, പ്രസേനൻ, ശ്രീകൃഷ്ണൻ, ജാംബവാൻ, സൂര്യൻ–ഇല്ല; സൂര്യഭഗവാൻ രംഗത്തു വരുന്നില്ല. ഒരു അശരീരി ശ്ലോകത്തിലൂടെ സൂര്യഭഗവാന്റെ കാര്യം നാടകത്തിൽ ഒതുക്കിട്ടുണ്ട്. എന്നിട്ടും ഒരു നൂലാമാല, സ്റ്റേജ് മാനേജർ വരുത്തിവെച്ചു. നാടകപരിശീലനവും അരങ്ങേറ്റവും ഒക്കെ വരുമ്പോൾ സംഗതികൾ പിരിമുറുക്കം കൂട്ടും. നൂലാമാലയുടെ കാര്യം അപ്പോൾ മറന്നുപോയെങ്കിലോ എന്നു കരുതി. അതിവിടെ പറഞ്ഞു കളയാം. സത്രാജിത്തിനെ സംബോധന ചെയ്തനുഗ്രഹിച്ചുകൊണ്ട് രത്നം നല്കുന്നതാണ് അശരീരിശ്ലോകത്തിലുള്ളത്. സ്റ്റേജ് മാനേജർ പറഞ്ഞു, നമുക്ക് സൂര്യനെ കാണിക്കണമെന്ന്. അതെങ്ങനെ തരപ്പെടുമെന്നായി മറ്റു ചിലർ. മാനേജർക്കു സംഗതി നിസ്സാരം. "ഒരു പീഞ്ഞപ്പലക വൃത്താകൃതിയിൽ കോണുകളോടു കൂടി മുറിച്ചെടുക്കുക; പിന്നെ, വെള്ളിത്തകിടുകൊണ്ടു പൊതിയുക. എന്നിട്ടതൊരു തിരിക്കുറ്റിയിൽ ഉറപ്പിക്കുക. തിരിക്കുറ്റിയുടെ അറ്റത്തു ചരടു ചുറ്റുക. ഒരാൾ കീഴെ നിന്നു ചരടു പിടിച്ചു വലിക്കുക. അപ്പോൾ തകിടു പൊതിഞ്ഞ സൂര്യൻ കറങ്ങും. ജനം അന്തം വിട്ടു കൈയടിക്കും."

മാനേജരുടെ അഭിപ്രായം സ്വീകരിക്കുകയും ഇതു പലപ്പോഴായി പ്രയോഗിച്ചു നോക്കുകയും ചെയ്തിട്ടുണ്ട്. അപ്പോഴൊക്കെ ചില്ലറക്കുഴപ്പങ്ങൾ നേരിടാതിരുന്നിട്ടില്ല. ചിലപ്പോൾ ചരടു പൊട്ടും. സൂര്യൻ പിറകോട്ടു തിരിയും. മറ്റു ചിലപ്പോൾ, ചരടു വലിക്കുമ്പോൾ തിരിക്കുറ്റി അനങ്ങാൻ കൂട്ടാക്കില്ല. അപ്പോൾ സൂര്യൻ നിശ്ചലനാവും. സൂര്യൻ തിരിഞ്ഞാലും തിരിഞ്ഞില്ലെങ്കിലും പ്രേക്ഷകർക്കൊരുപോലെ. അവരനങ്ങില്ല. നാടക വേദിയിൽ അപ്പഴപ്പോഴായി സംഭവിക്കാറുള്ള തെറ്റുകളും വങ്കത്തങ്ങളുമൊക്കെ അവർ മാപ്പാക്കുക പതിവാണ്. അതു കൊണ്ട് ഏതു പരീക്ഷണം നടത്താനും ഭയപ്പെടേണ്ടതില്ല. പക്ഷേ, നാടകം കഴിയുമ്പോൾ എന്നും സ്റ്റേജ് മാനേജരെ മറ്റുള്ളവരൊറ്റക്കെട്ടായി നിന്ന് കശക്കിവിടാറുണ്ട്. കാരണം, എന്നും ചരടുവലിക്കുന്നത് മാനേജരാണ്, തന്റെ കണ്ടുപിടുത്തമായതുകൊണ്ട് അതു കൈകാര്യം ചെയ്യേണ്ടതു താനാണെന്ന ഭാവത്തിൽ.

അഭിനേതാക്കളെ നിർണ്ണയിക്കുന്ന കാര്യത്തിൽ കടക്കാൻ പ്രയാസമുള്ള വലിയൊരു കടമ്പ! 'സ്യമന്തക'ത്തിൽ രണ്ടു സ്ത്രീ കഥാപാത്രങ്ങളുണ്ട്. രുക്മിണിയും ജാംബവതിയും. രുക്മിണി സുന്ദരിയാണെന്നു നമുക്കു നേരത്തെ അറിയാം. ജാംബവതിയോ? അവൾ സുന്ദരിയാണോ? ഒരു തന്തക്കരടിന്റെ മകൾ സുന്ദരിയാവുന്നതെങ്ങനെ? ഇതിത്രയൊന്നും ആലോചിക്കേണ്ട വിഷയമല്ല. ജാംബവതി പരമസുന്ദരിയാണെന്ന സൂചന നാടകത്തിലുണ്ട്. ശ്രീകൃഷ്ണൻ സ്യമന്തകവും തേടി കാട്ടിലെത്തുന്നു. പ്രസേനന്റെ മൃതശരീരം കാണുന്നു. പ്രസേനൻ കഴുത്തിൽ ചാർത്തിക്കൊണ്ടുപോയ മാല കാണാനില്ല. മാലയുടെ പതക്കമായി സ്യമന്തകമുണ്ടായിരുന്നു. അന്വേഷണം ആകെ അട്ടിമറിയുന്നു. ആരാണ് പ്രസേനനെ കൊന്നു സ്യ

മന്തകം മോഷ്ടിച്ചത്? ആലോചിച്ചു നില്ക്കുമ്പോൾ ഒരു സിംഹത്തിന്റെ കാലടിപ്പാടുകൾ. ശ്രീകൃഷ്ണൻ കാലടിപ്പാടുകൾ നോക്കി നോക്കി സഞ്ചരിക്കുന്നു അപ്പോൾ വഴിയരികിലൊരു തലമുടിനാര്. ഇവിടെ നാടകത്തിനൊരപസർപ്പക രീതി കൈവരുന്നു. ശ്രീകൃഷ്ണൻ ആ മുടിനാരെടുക്കുന്നു. അതിലൂടെ കുറ്റാന്വേഷണത്തിന്റെ പിരികൾ ഉടച്ചെടുക്കാൻ ശ്രമിക്കുന്നു—ഇങ്ങനെ ഒരു ശ്ലോകത്തിലൂടെ:

അറ്റംകെട്ടിയപാടിതിങ്കലധുനാ കാണുന്നു, സൗരഭ്യവും
ചുറ്റിക്കെട്ടിയപാടുമിശ്ശിരസിജം ദീർഘം പരം കോമളം.
കറ്റക്കാറണിവേണിയാളൊരുവൾതൻ ലോലാംഗുലീലാളനം
പറ്റിക്കൊണ്ടു സുഖിച്ചതാണിതു, ബലാലറ്റിങ്ങു വീണു ദൃഢം.

ഇനി സംശയിക്കാനുണ്ടോ? ജാംബവതി പരമസുന്ദരിതന്നെയല്ലേ? ജാംബവതി സുന്ദരിയായതിൽ ആർക്കുമൊരു പരാതിയുമുണ്ടാകേണ്ട ആവശ്യമില്ല. നാടകക്കാരുടെ കാര്യം അങ്ങനെയാണോ? എവിടെ കിട്ടും ഒരു സുന്ദരിയെ? പെൺപള്ളിക്കൂടത്തിൽ കുട്ടികളെ പഠിപ്പിക്കാൻ ഒരു വാദ്ധ്യാരമ്മയെ പോലും കിട്ടാനില്ലാത്ത കാലം. പിന്നെങ്ങനെ നാടക വേദിയിലേക്കൊരു സുന്ദരിയെ കിട്ടും? എന്തു ഗതി? 'മാലേയം വിറകാക്കുന്നു, മലയത്തിൽ പുളിന്ദികൾ' എന്നുണ്ടല്ലോ. ഇഷ്ടം പോലെ എടുത്തു പെരുമാറാൻ പുരുഷന്മാരെത്രയെങ്കിലുമുണ്ട്. അവരിലാരയെങ്കിലും പരീക്ഷിക്കാം. ഒത്തുകിട്ടിയാൽ ഭാഗ്യം. ജയിൽ വിമുക്തരിൽ സ്ത്രീ വേഷത്തിനു കൊള്ളാവുന്നവർ ചുരുക്കം. അല്പസ്വല്പം പറ്റിക്കാമെന്ന പരുവത്തിലുള്ളവർ മീശ കളയാൻ തയ്യാറല്ല. കുഴഞ്ഞില്ലേ പ്രശ്നം. 'ഓ! രുക്മിണി ഞാനാവാം. പക്ഷേ, മീശയെടുക്കാൻ വയ്യാ' എന്ന പിടിവാശിക്കാരോടെന്തു പറയാൻ?

അന്വേഷണം സംഘത്തിനു പുറത്തേക്കു നീണ്ടു. നല്ല കെട്ടിക്കാഴ്ച വേണം. സ്വരശുദ്ധിയുണ്ടാവണം. പാടാൻ കഴിയണം. കെട്ടിക്കാഴ്ചയുള്ളവർക്ക് ഹാവഭാവാദികളില്ലെങ്കിൽ കുഴപ്പം. ഇതു രണ്ടുമുള്ളവർക്കു സ്വരശുദ്ധിയില്ലെങ്കിലോ? ഏറെ കുഴപ്പം. നല്ല സാരിയും ചുറ്റി, പൂചൂടി, കണ്ണെഴുതി, തിലകവും തൊട്ട് വേദിയിൽ പ്രത്യക്ഷപ്പെട്ട് പരുക്കൻ ശബ്ദത്തിൽ പാടാൻ തുടങ്ങിയാൽ പ്രേക്ഷകർ കൂവില്ലേ? തുടർച്ചയായ അന്വേഷണങ്ങളിലൂടെ കെട്ടിക്കാഴ്ചയും സ്വരശുദ്ധിയും സംഗീത ജ്ഞാനവും ഉള്ള രണ്ടു ചെറുപ്പക്കാരെ ഒടുവിൽ കണ്ടു കിട്ടുന്നു. കുഞ്ഞിക്കേളു പണിക്കരെന്ന ഒരു സഹൃദയൻ രുക്മിണിയുടെ വേഷമെടുക്കാൻ സന്നദ്ധൻ. കൃഷ്ണൻനായരെന്ന മറ്റൊരു സഹൃദയൻ ജാംബവതിയാവാനൊരുക്കം. എല്ലാ പ്രശ്നങ്ങളും അവസാനിച്ച് നാടകപരിശീലനത്തിനുള്ള തുടക്കമിട്ടു.

ചിങ്ങപുരത്തൊരു ചെറിയ മൈതാനമുണ്ട്. ചെറുതെങ്കിലും നല്ല ഭംഗിയുള്ള മൈതാനം. ഒരുകാലത്ത് കാരകളിക്കവിടം പ്രസിദ്ധമായിരുന്നു. ഓണക്കാലത്ത് അമ്പെയ്ത്തിന്റെ വേദിയും അവിടം തന്നെ. അവിടവിടെ അരിമ്പാറപോലെ പൊന്തി നില്ക്കുന്ന കറുത്ത പാറ. അതിനപ്പുറം, ഒരു ഇലഞ്ഞിത്തറയും കാഞ്ഞിരത്തറയും. തറയ്ക്കു തൊട്ട് പാഴ്ച്ചെടികൾ മുളച്ചുപൊങ്ങി മുക്കാലും മൂടിക്കിടക്കുന്നൊരു കിണർ.

വെള്ളിയാഴ്ച ഉച്ചയ്ക്ക് ആ കിണറിലേക്കാരും നോക്കാൻ പാടില്ല. നോക്കിയാൽ വെള്ളത്തിനു പകരം രക്തം കാണുമത്രേ. അങ്ങനെയൊരു വിശ്വാസം പ്രചരിച്ചതിനു പിറകിൽ പണ്ടുപണ്ട് ഏതോ കാലത്തു നടന്നൊരു കഥയുണ്ട്. കഥ ഇങ്ങനെയാണ്:

മൈതാനത്തു നിന്ന് എട്ടോ പത്തോ പറമ്പിട കിഴക്കോട്ടു മാറിയാണ് കൊങ്ങന്നൂർ ദേവീക്ഷേത്രം. നാട്ടുകാരത്രയും അകമഴിഞ്ഞാരാധിക്കുന്ന ദേവിയാണ്. ധനുമാസത്തിൽ അവിടെ ഉത്സവം നടക്കുന്നു. അന്നും ഇന്നും ഒരുപോലെ ആഘോഷപൂർവ്വം നടക്കുന്ന ഉത്സവമാണ്. ആറാട്ടോടുകൂടി അഞ്ചുദിവസത്തെ ഉത്സവം അവസാനിക്കുന്നു. അന്ന്, ആറാട്ടുദിവസം രാത്രി നടക്കുന്ന ഒരു പ്രത്യേക ചടങ്ങുമായി ബന്ധപ്പെട്ടതാണു കഥ. ദേവി, ഭദ്രകാളിയായി രൂപം മാറി ദാരികനുമായി ഏറ്റുമുട്ടുന്നു. പരസ്പരം വെട്ടിയും തടുത്തും മുന്നേറിയും പിന്മാറിയും അതിഭയങ്കരമായ പോരു തന്നെ നടക്കുന്നു. പോരിന്റെ അന്ത്യത്തിൽ ദാരികന്റെ തലവെട്ടി, ദേവി ദുഷ്ടനിഗ്രഹം നിർവ്വഹിക്കുന്നു. ഈ ചടങ്ങ് 'കൊറ' എന്ന പേരിലാണറിയപ്പെടുന്നത്. ഉത്സവത്തിന്റെ ഭാഗമെന്ന നിലയിലാണിത് ആചരിക്കുന്നതെങ്കിലും പെണ്ണുങ്ങൾക്കും കുട്ടികൾക്കും ഈ ചടങ്ങു കാണാൻ പാടില്ലെന്നാണ് വെപ്പ്.

കൊറ കഴിഞ്ഞു പിറ്റേന്നു രാവിലെ ഭഗവതിയുടേയും ദാരികന്റെയും ഉടുപുടവകൾ അലക്കുകാരൻ വീട്ടിലെത്തിക്കുന്നു. അടുത്ത ഉത്സവനാൾവരെ അത് അലക്കി സൂക്ഷിക്കുകയാണു പതിവ്. അങ്ങനെ ഒരു തവണ ഉത്സവം കഴിഞ്ഞ് ഉടുപുടവകൾ അലക്കുകാരകന്റെ വീട്ടിലെത്തിച്ചപ്പോൾ അവിടെ രണ്ടു കുട്ടികൾ മാത്രമാണുണ്ടായിരുന്നത്. മുതിർന്നവരൊക്കെ അലക്കാൻ പോയിരുന്നു. ഒരു നേരമ്പോക്കെന്ന നിലയിൽ കുട്ടികൾ ഉടുപുടവകൾ എടുത്തണിയുന്നു. വീട്ടിലെ അരിവാളും മടവാളും ആയുധമാക്കുന്നു. അവർ കളിച്ചുകൊണ്ട് അങ്കം വെട്ടാൻ തുടങ്ങുന്നു. വെട്ടിവെട്ടി, കുട്ടികളിൽ ആവേശം പടർന്നു കയറുന്നു. അവരിറങ്ങിയോടുന്നു. മൈതാനത്തുള്ള കിണറിന്നടുത്തെത്തുന്നു. കിണറ്റിൻ കരയിൽ വെച്ച് അങ്കംവെട്ടു പാരമ്യത്തിലെത്തുന്നു. ഭഗവതിയുടെ ഉടയാടയണിഞ്ഞ കുട്ടി ദാരികന്റെ തലയറുത്തു കിണറ്റിൽ നിക്ഷേപിക്കുന്നു. കഥ അവസാനിക്കുന്നു. ഇതുമായി ബന്ധപ്പെടുത്തിയായിരിക്കണം വെള്ളിയാഴ്ച ഉച്ചയ്ക്കു കിണറ്റിലാരും നോക്കാൻ പാടില്ലെന്നു നിയമമായത്. ഈ കഥയിൽ കഴമ്പുണ്ടായാലും ഇല്ലെങ്കിലും ഇന്നും പലരുമിതു വിശ്വസിച്ചുപോരുന്നു.

സ്ത്രീകഥാപാത്രങ്ങൾക്കു പറ്റിയ രണ്ടു പേരെ കിട്ടിയപ്പോൾ നാടകസമിതി എന്നു വേണമെങ്കിലും ഉദ്ഘാടനം ചെയ്യാമെന്നായി. സമിതിക്കൊരു പേരുവേണമല്ലോ. അതത്രയൊന്നും ചിന്തിക്കേണ്ടി വന്നില്ല. ദേശത്തിന്റെ ദേവി, കൊങ്ങന്നൂർ ഭഗവതി. ഭഗവതി അടുത്തുള്ളപ്പോൾ മറ്റൊരു പേരന്വേഷിക്കുന്നതെന്തിന്?—'ഭഗവതീവിലാസം നാടകക്കമ്പനി'. സമിതിയല്ല. കമ്പനി. തമിഴ് നാട്ടിൽ നിന്നു വരുന്ന സംഘങ്ങളെല്ലാം തന്നെ കമ്പനിപ്പേരിലാണ്. എന്തിനു കുറയ്ക്കണം. കിടക്കട്ടെ കമ്പനി തന്നെ. അങ്ങനെ കമ്പനിയും രൂപം പൂണ്ടു.

ഇനിയുള്ളതു പരിശീലനമാണ്. അതിനു തെരഞ്ഞെടുത്ത സ്ഥലം ഒരു പെൺ പള്ളിക്കൂടമാണ്. മൈതാനത്തിന്റെ തെക്കെ അതിരിൽ അന്നൊരു പെൺ പള്ളിക്കൂടമുണ്ടായിരുന്നു. നാടക പരിശീലനത്തിനു രാത്രി തോറും സ്കൂൾ കെട്ടിടം വിട്ടു കൊടുക്കാൻ മാനേജർക്കു സന്തോഷം. അങ്ങനെ ആഴ്ചയും പക്കവും നോക്കി—രാത്രിയായതുകൊണ്ടു രാഹുകാലം നോക്കേണ്ടിവന്നില്ല—നല്ലൊരു നേരത്തു പരിശീലനം ആരംഭിച്ചു. ശ്രീകൃഷ്ണന്റെ വേഷത്തിനു രണ്ടു പേർ. നാടകപ്പകുതിയോളം ശ്രീകൃഷ്ണനായി രംഗത്തു വരുന്നതു സ്ഥലത്തെ അദ്ധ്യാപകനായിരുന്ന സി. ടി. പത്മനാഭൻനായർ. പാതിക്കു ശേഷം ശ്രീകൃഷ്ണന്റെ വേഷമെടുക്കുന്നതു കുഞ്ഞനന്തൻനായർ. സത്രാജിത്തായിട്ടു കൃഷ്ണൻ കിടാവും ജാംബവാനായിട്ടു പത്മനാഭൻ നായരും. തിരക്കിട്ടു പാത്രദാനം നടക്കുമ്പോൾ, പിറകിലൊരാൾ ശ്രദ്ധാപൂർവ്വം നില്പുണ്ടായിരുന്നു: പേരുവിളിക്കുമോ വിളിക്കുമോ എന്ന ജിജ്ഞാസയോടെ. അതു ഞാനായിരുന്നു. എനിക്കരങ്ങിൽ കേറാനുള്ള സൗകര്യം കിട്ടണേ ഭാഗവതീ.

— 14 —

# യോഗിമഠം

ഒത്താശക്കാരും സഹായികളും പാട്ടുകാരും താളവാദ്യക്കാരുമെല്ലാം ഒത്തുകൂടി ആലോചിച്ച് ആളോഹരി ഭാഗംവെച്ചു. എനിക്കു മാത്രം ഓഹരിയില്ല. നല്ല വിഷമ മുണ്ടായിരുന്നു. അതൊട്ടും പുറത്തു കാട്ടാതെ നടന്നു. അപ്പോഴാണു മനസ്സിലായത് കൂട്ടത്തിലാർക്കോ എന്റെ പേരിൽ അല്പം അനുകമ്പയുണ്ടെന്ന്. നാടകത്തിലൊരു ചെറിയ റോൾ എനിക്കും അനുവദിച്ചു കിട്ടി. പ്രസേനകുമാരൻ നായാട്ടിനു പുറ പ്പെടുന്നു. സ്യമന്തകരത്നം ഒരു മാലയിൽ കോർത്തു കഴുത്തിലണിഞ്ഞിരിക്കുന്നു. അകമ്പടിക്കു രണ്ടു പേർ—കാര്യസ്ഥന്മാരാണോ ഭടന്മാരാണോ, ഒന്നും അറിഞ്ഞു കൂടാ—നാടകത്തിലുണ്ട്. അവർക്കു വിശേഷിച്ചൊന്നും ചെയ്യാനില്ല. പ്രസേനകു മാരൻ വേദിയിൽ ചുറ്റിനടക്കുമ്പോൾ ആദരവോടെ പിറകെ ചുറ്റിനടക്കണം. കൈ യിലൊരു കുന്തവും പിടിക്കണം. സംഗതി നായാട്ടാണല്ലോ. പ്രസേനകുമാരന്റെ അകമ്പടിക്കാരിലൊരാൾ ഞാനാണ്. എനിക്കു ശകലം ഡയലോഗുണ്ടായിരുന്നു. വെറും രണ്ടു വരിയിൽ ഒതുങ്ങുന്ന ഡയലോഗ്:

"ഒരു കടുവയെ കണ്ടാൽ പപ്പടം കാച്ചിയെടുക്കും പോലെ ഈ കുന്തംകൊണ്ടു ഞാനവനെ കുത്തിയെടുക്കും." ഇതല്പം വീരസ്യത്തോടെ പറയണം. പറഞ്ഞു തീരും മുമ്പ് ജനം ചിരിക്കണം. ഞാനാലോചിച്ചു. ചിരിക്കണമെങ്കിൽ ഹാസ്യം വേണ്ടേ? ഇതിലെവിടെയുണ്ട് ഹാസ്യമെന്ന അന്വേഷണമായി പിന്നെ. വളരെ ക്ലേശിച്ചൊരു തീരുമാനത്തിലെത്തി: കാച്ചിയ പപ്പടമാവണം. സാരമില്ല, അവനെ പപ്പടംപോ ലെതന്നെ കാച്ചിക്കളയാം. മനസ്സിരുത്തി പലതവണ വായിച്ചുറപ്പിച്ചു. കുന്തം പിടി ച്ചും പിടിക്കാതെയും അവനെ ഉരുവിട്ടു വശത്താക്കി.

റിഹേഴ്സൽ ആദ്യദിവസം. പ്രസേനൻ നായാട്ടിനു പുറപ്പെടുന്നു. ഞാനും പുറ പ്പെടുന്നു. പ്രസേനൻ ചുറ്റി നടക്കുന്നു; ഞാനും ചുറ്റി നടക്കുന്നു. അങ്ങനെ ചുറ്റിനട ക്കുമ്പോൾ ഡയലോഗിന്റെ ഊഴം വരുന്നു. ശബ്ദത്തിന് ഇടർച്ചയുണ്ടായിരുന്നെങ്കി ലും ഞാൻ ഒട്ടും പിഴയ്ക്കാതെ അവനെ പറഞ്ഞൊപ്പിച്ചു. സദസ്സിനെ നോക്കി നെടു വീർപ്പിട്ടു. അവിടെ നെടുവീർപ്പനാവശ്യമായിരുന്നു. ബ്രാക്കറ്റിനകത്ത് നാടകകൃത്ത്

അങ്ങനെയൊരെണ്ണം എഴുതിപ്പിടിപ്പിച്ചിരുന്നില്ല, പക്ഷേ, എന്റെ പരിഭ്രമം, എന്നെക്കൊണ്ടതു ചെയ്യിച്ചു. ഡയലോഗ് തീർന്നപ്പോൾ ജനം ചിരിച്ചില്ല. ഞാനാകെ തളർന്നു. ആരുടെ മുഖത്തു നോക്കാനും ധൈര്യമില്ല. വളരെ വിമ്മിട്ടത്തോടെ ആ രാത്രി കഴിച്ചു.

റിഹേഴ്സൽ രണ്ടാം ദിവസം. ആസ്വാദകരുടെ എണ്ണം കൂടിയിരിക്കുന്നു. ആരോടും ചോദിക്കാതെ ആരുടെ ഉപദേശവും തേടാതെ, അന്നു ഞാനൊരു തീരുമാനക്കുട്ടത്തു: ആസ്വാദകരെ ചിരിപ്പിച്ചേ അടങ്ങൂ. അല്പമൊന്നഭിനയിക്കണം. പപ്പടം കാച്ചുന്നത് അത്ര വലിയ കാര്യമാണോ? പല തവണ കണ്ടതല്ലേ? ജീവനോടെ ഒരു കടുവയെ കണ്ടിട്ടില്ലെന്ന വസ്തുത വെറും സത്യം. പക്ഷേ, കടുവയുടെ ചിത്രം, എത്രയെങ്കിലും കണ്ടിട്ടില്ലേ? അനുഭവജ്ഞാനത്തിനു ഇതൊക്കെ ധാരാളം. കടുവയുടെ ഭീകരമായ നോട്ടം. തിളച്ച വെളിച്ചെണ്ണയിൽ കിടന്നു എരിപൊരിക്കൊള്ളുന്ന പപ്പടം. കുന്തമുയരുന്നു. കടുവ പപ്പടമാവുന്നു. അപ്പോൾ വെള്ളം വെള്ളം പോലെ, അല്ലെങ്കിൽ മണിമണിപോലെ ഡയലോഗ് പുറത്തുവരുന്നു. ജനം ആർത്തു ചിരിക്കുന്നു.

പ്രസേനനോടൊപ്പം ധൈര്യമായിട്ടുതന്നെ വേദിയിലെത്തി. എന്തിന്നു ഭീരുവാകണം? അഭിനയിക്കാനൊരുങ്ങിയല്ലേ വന്നത്. ചുറ്റിനടപ്പു കഴിഞ്ഞു ഡയലോഗിന്റെ ഊഴം വന്നു. അഭിനയിച്ചു പറയാൻ തുടങ്ങിയതുകൊണ്ടാവണം സംഗതിയാകെ പിഴച്ചു. കടുവയ്ക്കു പകരം പപ്പടവും കുന്തത്തിനു പകരം കടുവയും കുഴഞ്ഞു മറിഞ്ഞു വന്നപ്പോൾ കൈ വിറച്ചു. കുന്തം നിലത്തുവീണു. ജനം ആസ്വദിച്ചു ചിരിച്ചു. ആ ചിരിക്കു ചരമഗീതത്തിന്റെ ശബ്ദമായിരുന്നു. അന്നത്തെ ആ സംഭവത്തോടെ, ഞാനെന്ന ആ കാര്യസ്ഥന്ന് അരങ്ങുകാണേണ്ടിവന്നിട്ടില്ല. അഭിനയജീവിതത്തിൻറ—അങ്ങനെയൊന്നുണ്ടായിരുന്നുവെങ്കിൽ—അന്ത്യം അതോടെ വന്നു.

ഞാനാരോടും പരിഭവിച്ചില്ല. പിണങ്ങിപ്പിരിയാൻ തുനിഞ്ഞതുമില്ല. ഒരു നാടകമാകുമ്പോൾ സഹായികളും ഒത്താശക്കാരും വേണ്ടി വരുമല്ലോ. അതിനും വേണമല്ലോ അഭിനയശേഷി. അതുകൊണ്ടു തൃപ്തിപ്പെടാമെന്നുവെച്ചു. റിഹേഴ്സൽ കാണാൻ വരുന്നവരെ സ്വീകരിച്ചിരുത്തുക. അഭിനേതാക്കൾക്കും പക്കമേളക്കാർക്കും ദാഹജലമെത്തിച്ചുകൊടുക്കുക. ക്ഷീണം തോന്നുമ്പോൾ അടുത്തുള്ള അതൃമാൻകുട്ടിയുടെ കടയിൽ ചെന്നു ചായയും പുട്ടും അടിക്കുക. ഇതൊക്കെ എന്റെ തൊഴിലുകളായിരുന്നു. അതൃമാൻകുട്ടി വിശാലഹൃദയനായിരുന്നു. കടം തരുന്ന കാര്യത്തിൽ ഒരു പിശുക്കും കാണിക്കാത്ത ഉദാരശിരോമണി. നാടകക്കാരോടു വലിയ വാത്സല്യം. അവർക്കെത്ര വേണമെങ്കിലും കടം കൊടുക്കാൻ എപ്പോഴും തയ്യാർ. നാടകവിജയത്തിന്ന് അതൃമാൻകുട്ടിയുടെ സംഭാവന വളരെ വലുതായിരുന്നു. അരങ്ങിനു പുറത്ത്. ആകാശം മുട്ടുന്ന ഒരു വലിയ കഥാപാത്രമായി അതൃമാൻകുട്ടി വളർന്നു നിന്നു. റിഹേഴ്സൽ തുടങ്ങിയതോടെ, അതൃമാൻകുട്ടി രാത്രിയുദ്ധം ആരംഭിച്ചു. പാതിര കഴിവോളം തിരക്കു തന്നെ. ആസ്വാദകർ വിശപ്പും ദാഹവും ഉള്ളവരാണല്ലോ. അവരെ വഴിയാംവണ്ണം സേവിക്കേണ്ടത് തന്റെ ചുമതലയാണെന്നു മനസ്സിലാക്കി

വിഭവങ്ങളിൽ വൈവിദ്ധ്യം വരുത്തി. പുട്ടും കടലയിലൊതുങ്ങാതെ പഴക്കുലകളി ലേക്കും പൂവുള്ള 'ബിസ്ക്കോ'ത്തിലേക്കും അന്ത്രമാൻകുട്ടിയുയർന്നു. ബീഡിക്കു പുറമെ 'ആന മാർക്ക്' സിഗരറ്റും വില്പനയ്ക്കെത്തി; കൂട്ടത്തിൽ അബ്ദുള്ളയെന്ന ചുറുചുറുക്കുള്ള സഹായിയും.

സന്ധ്യയ്ക്കു മുമ്പു തന്നെ ജനം മൈതാനിയിലേക്ക് ഒഴുകിയെത്താൻ തുടങ്ങും. ഇലഞ്ഞിത്തറയിലും പാറപ്പുറത്തും യോഗിമഠത്തിന്റെ മുമ്പിലുള്ള ആൽത്തറയിലും കാത്തിരിക്കും. മംഗളഗാനം തുടങ്ങിയാൽ എല്ലാവരും പള്ളിക്കൂടത്തിനകത്തു കയ റിയിരിക്കും.

പാവന മധുരാനിലയേ
പാണ്ടിരാജ തനയേ...

കുഞ്ഞുകുട്ടി പരാധീനങ്ങളടക്കം നാടകസമിതിയുമായി ബന്ധപ്പെട്ട എല്ലാവ രും ചേർന്നാണു മംഗളഗാനം പാടുന്നത്. ദേശാതിർത്തി ഭേദിച്ചും ചിലപ്പോളതി ന്റെ ശബ്ദം യാത്ര തുടരാറുണ്ട്. സമൂഹഗാനമായതു കൊണ്ട് ഒരു ദിവസം ഞാനും കൂട്ടത്തിൽ ചേർന്നൊന്നലറി. ആശാന്റെ സ്ഥാനം അലങ്കരിച്ചുപോരുന്ന കുഞ്ഞന ന്തൻനായർ പാടുന്നതിനിടയിൽ തിരിഞ്ഞ് എന്നെ തറപ്പിച്ചുനോക്കി. ജാലറ പി ടിച്ച കൈകൊണ്ടു തലയ്ക്കു കിഴുക്കാനൊരുങ്ങിയത് ഇന്നും ഞാൻ അഭിമാനത്തോ ടെ സ്മരിക്കുന്നു. അഭിമാനമെന്ന പദം ചുമ്മാ അലങ്കാരത്തിനുവേണ്ടി പ്രയോഗിച്ച തല്ല. അന്ന് ആ നോട്ടവും താക്കീതുമില്ലായിരുന്നെങ്കിൽ മറ്റേതെങ്കിലും സമൂഹഗാ നത്തിൽ കടന്നുചെന്നു വാപൊളിച്ച കൈയോടെ തല്ലും വാങ്ങി ഞാൻ പോരേണ്ടി വരുമായിരുന്നു. ആ ഗതികേടിൽനിന്നെന്നെ രക്ഷിച്ച നോട്ടവും ആ മുഹൂർത്തവും അഭിമാനത്തോടെയല്ലാതെ മറ്റെങ്ങനെ ഞാൻ സ്മരിക്കും?

ദിവസം കഴിയുന്തോറും റിഹേഴ്സൽ കാണാൻ ആസ്വാദകർ കൂടിക്കൂടിവന്നു. അയൽ പ്രദേശങ്ങളിൽനിന്നും ആളുകളെത്താൻ തുടങ്ങി. ഉത്സവകാലത്തെന്ന പോലെ മൈതാനം നിറഞ്ഞുനിന്നു. അന്ത്രമാൻകുട്ടിയുടെ ചായക്കടയിൽ വികാസ പരിണാമത്തിന്റെ അടയാളം കാട്ടിക്കൊണ്ടു പഴക്കുലകൾ നിരനിരയായി തൂങ്ങാൻ തുടങ്ങി. ഈ ബഹളത്തിലൊന്നും പങ്കു ചേരാതെ ഒതുങ്ങിക്കൂടിയ ഒരേയൊരു സ്ഥാ പനം അവിടെയുണ്ടായിരുന്നതു യോഗിമഠമാണ്. അതിന്റെ ചരിത്രം വിവരിക്കാ തെ മുമ്പോട്ടു നീങ്ങാൻ വയ്യ. അതു വിവരിക്കണമെങ്കിൽ ഇനിയും പിറകോട്ടു പോ കേണ്ടതുണ്ട്.

മൈതാനത്തിന് ഒരു പേരുണ്ട്: ചിങ്ങപുരത്തുപറമ്പ്. ചെറിയ മൈതാനമാ യതുകൊണ്ടാവണം പറമ്പെന്നു പേരുവന്നത്. ഈ മൈതാനത്തിന്റെ തെക്കും വട ക്കും രണ്ടു പള്ളിക്കൂടങ്ങൾ. തെക്കുള്ളതു പെൺപള്ളിക്കൂടം. അവിടെയാണു റിഹേ ഴ്സൽ. വടക്കുള്ളത് ആൺ പള്ളിക്കൂടം. അതിനു തൊട്ടുതന്നെ ചിങ്ങപുരം വിഷ്ണു ക്ഷേത്രം. ക്ഷേത്രത്തിനു തൊട്ട് 'ചിറ'. മൈതാനത്തിന്റെ കിഴക്ക്, പൂമഠം, യോ ഗി മഠം, പട്ടർമഠം. ഇതിൽ പൂമഠം, ഒരു കുടുംബം പാർക്കുന്ന വീടിന്റെ പേരാണ്.

പട്ടർ മഠവും അതുപോലെ ഒരു ബ്രാഹ്മണകുടുംബത്തിന്റെ വാസസ്ഥലമാണ്. സംഭവം നടക്കുന്ന കാലത്തു പൂമരത്തിൽ പൂവോ പട്ടർ മഠത്തിൽ പട്ടരോ ഉണ്ടായിരുന്നില്ല. യോഗിമഠത്തിൽ മഠത്തിന്റെ സ്ഥാപകനായിരുന്ന രാമയോഗിയുടെ ശിഷ്യന്മാർ ചിലർ ഉണ്ടായിരുന്നു. അവിടെ മുറയ്ക്കു കഞ്ചാവുവലി നടക്കാറുണ്ടെന്നു പലരും പറഞ്ഞു കേട്ടിട്ടുണ്ട്. രാമയോഗിക്കു നാട്ടുകാർ പണിയിച്ചുകൊടുത്തതായിരുന്നു യോഗിമഠം. ഓട്ടുമേഞ്ഞ വൃത്തിയുള്ള ചെറിയൊരു കെട്ടിടം. ചുറ്റും പൂമരങ്ങളുണ്ടായിരുന്നു. മുമ്പിൽ ശുദ്ധജലം ധാരാളമുള്ളൊരു കിണറും കിണറിന്നടുത്തു കന്നുകാലികൾക്ക് എപ്പോഴും വന്നു വെള്ളം കുടിക്കാൻ സൗകര്യപ്പെടുത്തിവെച്ച വലിയൊരു കൽത്തൊട്ടിയും.

രാമയോഗി എവിടെനിന്നു വന്നെന്ന് എനിക്കറിഞ്ഞുകൂടാ. കുട്ടിയായിരിക്കുമ്പോൾ ഞാനദ്ദേഹത്തെ കണ്ടിട്ടുണ്ട്. ഇടയ്ക്കിടെ വീട്ടിൽ വരും. മുരിങ്ങയില വളരെ ഇഷ്ടമാണ്. കെട്ടുകെട്ടായി മുരിങ്ങയില പറിച്ചുകൊണ്ടു പോകും. എന്നോടു ചിരിക്കും. മുത്തച്ഛനുമായി വളരെ നേരം കഥപറഞ്ഞിരിക്കും. മുത്തച്ഛനു രാമയോഗിയെ ബഹുമാനമായിരുന്നു. രാമയോഗിയെ മാത്രമല്ല, കാവിയുടുത്തു വരുന്ന ആരേയും മുത്തച്ഛൻ സന്ന്യാസിയെന്നു കരുതി ബഹുമാനിക്കുന്നു. അപ്പുണ്ണിസ്സാമിപോലും ഇടയ്ക്കിടെ വീട്ടിൽ വന്നു ഊണുകഴിച്ചു ദക്ഷിണയും വാങ്ങി പോകാറുണ്ട്.

ഇവരിൽ നിന്നെല്ലാം വളരെ വ്യത്യസ്തനായിരുന്നു രാമയോഗിയുടെ പ്രധാന ശിഷ്യൻ ഗോപാലദാസ്. കണ്ടാൽ മഹാഭാരതത്തിലെ ഭീമനെ ഓർമ്മിപ്പിക്കും. സാക്ഷാൽ ഭീമനെയല്ല. ദൂരദശനിൽ പ്രത്യക്ഷപ്പെടുന്ന ഭീമൻ. ഒരു വലിയ വ്യത്യാസമുണ്ട്. ഗോപാലദാസിന്റെ ശരീരം മാംസളമായിരുന്നില്ല. അവയവങ്ങൾ കരിങ്കല്ലിൽ കൊത്തിയെടുത്ത പോലെ ദൃഢതരമായിരുന്നു. പൂർവ്വാശ്രമത്തിൽ ഗോപാലദാസിന്റെ പേർ ഗോപാലൻനായരെന്നായിരുന്നു. പേരും പ്രശസ്തിയുമുള്ള തറവാട്ടിലെ ഒരംഗം. സന്ന്യാസവൃത്തി സ്വീകരിച്ചശേഷമാണ് ഞാനദ്ദേഹത്തെ കാണുന്നത്. മുത്തച്ഛനെ കാണാൻ ചിലപ്പോഴൊക്കെ വീട്ടിൽ വരും. അന്നദ്ദേഹത്തിനു വലത്തു കാൽ ഉണ്ടായിരുന്നില്ല. തുടയുടെ പാതിയിൽ വച്ച് അതു മുറിച്ചുമാറ്റിയിരുന്നു. കൃത്രിമക്കാലുപയോഗിച്ചാണ് നടത്തം. ഇടത്തു കൈക്കു തീരെ സ്വാധീനമുണ്ടായിരുന്നില്ല. അതു ശോഷിച്ചു ശരീരത്തോടു പറ്റിപ്പിടിച്ചു നില്ക്കും. തികച്ചും പ്രയോജന ശൂന്യമായിരുന്നു അത്. നീണ്ടു വളർന്ന താടിയുണ്ട്.

വീട്ടുമുറ്റത്തു വന്നു കൃത്രിമക്കാൽ അഴിച്ചുമാറ്റി ഒറ്റക്കാലിൽ തുള്ളിത്തുള്ളി ഉമ്മത്തേക്കു കയറുമ്പോൾ പിറകിൽ ഞാന്നുകിടക്കുന്ന ജടാഭാരം കാറ്റേറ്റു വികസിക്കുകയും ചുരുങ്ങുകയും ചെയ്യും. അപ്പോൾ ഗംഗയെ ആവാഹിക്കാൻ നില്ക്കുന്ന പരമശിവന്റെ ഒരു ചിത്രമുണ്ടല്ലോ—രാജാരവിവർമ്മ വരച്ചത്—ആ ചിത്രം ഓർമ്മവരും.

വരാന്തയിലിരുന്നു മുത്തച്ഛനുമായി സംസാരിക്കുമ്പോൾ എന്നെ കണ്ടെന്നു വരികിൽ വിളിക്കും. കാടുപിടിച്ചുകിടക്കുന്ന മീശയ്ക്കു പിറകിൽ തിളങ്ങുന്ന പല്ലുകൾ കാട്ടിക്കൊണ്ടു ചിരിക്കും. ചോരപ്പടലങ്ങളെമ്പാടുമുള്ള കണ്ണുകളിലേക്കു നോക്കി പേടിയോടെ ഞാൻ ഓടിമറയും.

അദ്ദേഹത്തെ ആദ്യമൊക്കെ എനിക്കു ഭയമായിരുന്നു. പിന്നെപ്പിന്നെ അതു മാറി. ഞാൻ അടുത്തു ചെല്ലും. അദ്ദേഹം എന്നെ പിടിച്ചു മടിയിലിരുത്തും. അഷ്ടഗന്ധത്തിന്റെ മണമായിരുന്നു അദ്ദേഹത്തിന്ന്. മുറിച്ചു മാറ്റപ്പെട്ട കാലിന്റെ അവശിഷ്ടത്തിലേക്ക് ഇടയ്ക്കിടെ അല്പം പേടിയോടെ ഞാൻ നോക്കാറുണ്ടായിരുന്നു. ക്രമേണ ആ പേടിയും മാറി, ആ വലിയ മനുഷ്യനെ ഞാനിഷ്ടപ്പെട്ടു. ഇന്നും അദ്ദേഹത്തെ ഓർക്കുമ്പോൾ ശ്വസിക്കുന്ന കാറ്റിൽ അഷ്ടഗന്ധത്തിന്റെ മണമുണ്ടെന്ന് എനിക്കു തോന്നാറുണ്ട്.

ഗോപാലദാസ് മഠത്തിലുള്ളപ്പോൾ രാമയോഗി ദേശസഞ്ചാരത്തിനിറങ്ങും. രാമയോഗി സഞ്ചാരം കഴിഞ്ഞു മടങ്ങിയെത്തിയാൽ ഗോപാലദാസ് സ്ഥലംവിടും. മഠത്തിലിരിക്കുമ്പോൾ ഗോപാലദാസ് കൃത്രിമക്കാൽ ഉപയോഗിക്കാറില്ല. ഒറ്റക്കാലിൽ തുള്ളിത്തുള്ളി നടക്കും. അമ്പലച്ചിറയിൽ കുളിക്കാൻ പോകുന്നതും ഒറ്റക്കാലിൽത്തന്നെ. പരസഹായമില്ലാതെ, ഒരു കൈകൊണ്ട് ഏതു ജോലിയും ചെയ്യും. അതു പോലെ ഒറ്റക്കാലിൽ എത്ര ദൂരം വേണമെങ്കിലും സഞ്ചരിക്കും.

അദ്ദേഹത്തെപ്പറ്റി പറഞ്ഞു കേട്ട, രസകരമായൊരു കഥയുണ്ട്. ഓണക്കാലത്തു രണ്ടു ദേശക്കാർ തമ്മിൽ അമ്പെയ്ത്തു മത്സരം നടക്കും. ചിലപ്പോൾ ചിങ്ങപുരം ദേശക്കാർ പുറക്കാട്ടുദേശക്കാരോടും പള്ളിക്കരദേശക്കാർ ചിങ്ങപുരക്കാരോടും മത്സരിക്കും. മത്സരവേദി എന്നും ചിങ്ങപുരത്തുപറമ്പുതന്നെ. അമ്പെയ്ത്തിന്റെ കളമൊരുക്കുന്നത് യോഗിമഠത്തിനടുത്താണ്. മത്സരം എപ്പോഴും ദേശക്കാർ തമ്മിലുള്ള തല്ലിലാണു കലാശിക്കുക.

ഒരിടെ പള്ളിക്കരക്കാരും ചിങ്ങപുരക്കാരും മത്സരത്തിലേറ്റുമുട്ടി ഇടഞ്ഞു. കൂട്ടത്തല്ലു നടന്നു. മഠത്തിലിരുന്നു ഗോപാലദാസ് ഇതെല്ലാം കാണുന്നുണ്ടായിരുന്നു. അദ്ദേഹത്തിനു സഹിച്ചില്ല. തുള്ളിത്തുള്ളി ബഹളത്തിന്റെ നടുവിൽ ചെന്നു ചിങ്ങപുരത്തുകാർക്കു വേണ്ടി തല്ലാനാരുങ്ങി. കൈവീശലിന്റെ കാറ്റു മതിയായിരുന്നു പത്തുപേരെ നിലംപരിശാക്കാൻ. നിമിഷം കൊണ്ട് പള്ളിക്കരക്കാർ ഓടി രക്ഷപ്പെട്ടുവെന്നാണു കഥ.

ഗോപാലദാസിന്റെ കാലും കൈയും നഷ്ടപ്പെട്ടത് ഒരു ധീരസാഹസിക കഥയായി ജനങ്ങൾക്കിടയിൽ പ്രചരിച്ചിരുന്നു. അതുകൂടി പറയാതെ യോഗി മഠത്തിന്റെ കഥ അവസാനിക്കുന്നില്ല.

— 15 —

# പുതുമകളുടെ തുടക്കം

ധനുമാസം പൂരം നാളിൽ കൊങ്ങന്നൂർ ഭഗവതിയുടെ ആറാട്ട്. തലേന്നാൾ പള്ളിവേട്ട. അന്നു രാത്രി കിഴക്കോട്ടെഴുന്നള്ളത്ത്. 'തീവെട്ടി'യുടെ വെളിച്ചത്തിൽ വെട്ടിത്തിളങ്ങുന്ന നെറ്റിപ്പട്ടം ചാർത്തിയ ആന. ആനപ്പുറത്തു ഭഗവതിയുടെ തിടമ്പ്. ആനയ്ക്കു മുമ്പിൽ, പട്ടുടുത്തു തെച്ചിമാല ചാർത്തി, പള്ളിവാളേന്തി നടക്കുന്ന വെളിച്ചപ്പാട്. 'നടത്തം' ചൊല്ലി നീങ്ങുന്ന അനേകം ഭക്തജനങ്ങൾ. ഇടുങ്ങിയ ഇടവഴികളിലൂടെ, 'പള്ളിവേട്ട'യ്ക്കുള്ള പുറപ്പാട് വാദ്യ മേളങ്ങളുടെ അകമ്പടിയോടെ കിഴക്കോട്ടു നീങ്ങുന്നു. കിഴക്കാണ 'പുറക്കാട്', അവിടെയാണ് പള്ളി വേട്ട. ഇടവഴികൾക്കിരുവശവുമുള്ള വീട്ടുപറമ്പുകളുടെ പടിക്കൽ പന്തലിട്ടലങ്കരിച്ച്, നിലവിളക്കും നിറപറയുമായി, പലപല കുടുംബങ്ങൾ കാത്തുനില്ക്കുന്നു. ഭഗവതിയുടെ വെളിച്ചപ്പാട് എല്ലാടവും ഒരുപോലെ സന്ദർശിച്ച് അനുഗ്രഹം ചൊരിയുന്നു.

എഴുന്നള്ളത്ത് അവസാനിക്കുന്നത് 'നരിയംപുള്ളി' വയലിലാണ്. കന്നിക്കൊയ്ത്തു കഴിഞ്ഞു ഈർപ്പമൊതുങ്ങിയ വയലിൽ എഴുന്നള്ളത്ത് എത്തുമ്പോൾ അവിടമൊരു ജനസമുദ്രമാവും. അവിടെ വെച്ചാണ് പള്ളി വേട്ടയ്ക്കുള്ള മുന്നൊരുക്കങ്ങൾ. വയലിന്റെ പടിഞ്ഞാറുവശം 'മംഗലശ്ശേരി' തറവാട്ട്. അവിടത്തെ കാരണവർ വ്രതശുദ്ധിയോടെ വന്നു 'നായാട്ടുവിളി' നടത്തുന്നു. നായാട്ടിൽ ആചരിക്കേണ്ട നിയമങ്ങളും ശ്രദ്ധിക്കേണ്ട കാര്യങ്ങളും 'വിളി'യിലടങ്ങിയിരിക്കും.

"നാലുപുറവുമൊന്നിച്ചുനില്ലോ..."

മൂന്നു തവണ ഉച്ചത്തിലങ്ങനെ വിളിക്കുമ്പോൾ ജനം നിശ്ശബ്ദരായി കേൾക്കുകയും 'വിളി'യിലെ പൊരുൾ വഴിയാംവണ്ണം മനസ്സിലാക്കിയതിന്റെ അടയാളമായി ഒടുവിൽ ഒന്നിച്ചു കൂവുകയും ചെയ്യുന്നു. വേട്ടക്കാർക്കുള്ള നിർദ്ദേശങ്ങളോടെ 'വിളി' വീണ്ടും തുടരുന്നു.

"വായ്പ്പിടിയിൽ വീണ ദിക്കറിയോ?" നായാട്ടുവിളിയുടെ അവസാനം എഴുന്നള്ളത്തു പിന്നേയും കിഴക്കോട്ടു നീങ്ങി. 'നരിയംപുള്ളി' വയലിന്റെ കിഴക്കേ അറ്റത്ത് 'കമ്മനക്കുള'ത്തിന്റെ കരയിലെത്തി നില്ക്കുന്നു. കുളക്കരയിലുള്ള കൽമണ്ഡപത്തിൽ

ഭഗവതിയുടെ തിടമ്പെഴുന്നള്ളിച്ച് വെക്കുന്നു. തുടർന്നു മേളം, കരിമരുന്നുപ്രയോഗം, പിന്നെ മടക്കെഴുന്നള്ളത്ത്. ഇരുണ്ട, ഇടുങ്ങിയ ഇടവഴികളിലൂടെ പുരുഷാരം എഴുന്നള്ളത്തോടൊപ്പം ഞെങ്ങിഞെരുങ്ങി നടക്കുമ്പോൾ, ഉന്തും കശപിശയും അടികലശലും ചിലപ്പോഴുണ്ടായെന്നുവരും. പക്ഷേ, വളരെ വളരെ വിരളമായിരുന്നു. കാരണം എഴുന്നള്ളത്തു നീങ്ങുമ്പോൾ അടികലശലുണ്ടാക്കുന്നവൻ, പിന്നീടൊരിക്കലും ഉത്സവം കാണില്ലെന്നൊരു വിശ്വാസം നിലവിലുണ്ടായിരുന്നു. വരും കാലത്തെ ഉത്സവത്തിനു മുമ്പ് ഒന്നുകിലവൻ മരിക്കും. അല്ലെങ്കിൽ നാടുവിട്ടും. ഈ വിശ്വാസമുണ്ടായിട്ടും, ചിലപ്പോൾ ചില അക്രമങ്ങളൊക്കെ നടക്കാറുണ്ട്.

കരുമനക്കണ്ടിയിലെ ഗോപാലൻ നായർ എന്തിനും പോരുന്നവനായി, എടുത്തു ചാട്ടക്കാരനായി, ധീരനായി വാഴുന്ന കാലം. ഉഗ്രശരീരിയായ ഗോപാലൻ നായരെ എതിരിടാൻ ദേശത്തന്നൊരാളുമില്ല. രണ്ടാമത്തെ വാക്കിനു ഗോപാലൻ നായർ കയർക്കും. കയർത്താൽ തല്ലും. തല്ലുകൊള്ളുന്നവൻ വീഴും. ചന്ദനത്തടിയിൽ കടഞ്ഞെടുത്തപോലുള്ള ശരീരം. പൗരുഷം തുളുമ്പുന്ന മുഖം. ആരുടെ മുമ്പിലും തല കുനിക്കാത്ത, ഏതു സാഹസകൃത്യത്തിനും ഒരുമ്പെടുന്ന സ്വഭാവം. എഴുന്നള്ളത്തിനിടയിൽ പലവട്ടം ഗോപാലൻനായർ തല്ലുണ്ടാക്കിയതായി പറഞ്ഞു കേട്ടിട്ടുണ്ട്. അതിലെത്ര സത്യമുണ്ടെന്നറിഞ്ഞുകൂടാ. അദ്ഭുത കഥകൾ പലതും ഗോപാലൻനായരെ സംബന്ധിച്ച് അന്നു പ്രചാരത്തിലുണ്ടായിരുന്നു.

ഒരുനാൾ അമ്പലച്ചിറയിലിറങ്ങി കാലും മുഖവും കഴുകി പടവുകൾ ചവിട്ടിക്കയറുമ്പോൾ അവിടെ ഒരു ജോഡി പുതിയ ചെരിപ്പു കാണുന്നു. പിന്നെ സംശയമുണ്ടായില്ല. അതു കാലിലിട്ട് ഗോപാലൻ നായർ നടന്നു. അപ്പോൾ ചിറക്കടവിൽ കുളിക്കുകയായിരുന്ന അമ്പലത്തിലെ ശാന്തിയുടേതായിരുന്നു ചെരിപ്പെന്നു കേട്ടിട്ടുണ്ട്. ശാന്തി താണുകേണപേക്ഷിച്ചിട്ടും ഗൗനിക്കാതെ, ചെരിപ്പ് തിരിച്ചേൽപ്പിക്കാതെ ഗോപാലൻനായർ പോയത്രേ. പുതിയ ചെരിപ്പും ചവുട്ടിപ്പോകുന്ന ഗോപാലൻനായർ ഒരു പരിചയക്കാരനെ വഴിയിൽ കണ്ടുമുട്ടുന്നു. അയാൾ, തന്റെ വീട്ടിനു മുകളിൽ വീഴാറായ നിലയിൽ ചാഞ്ഞു നില്ക്കുന്ന ഒരു തെങ്ങ് മുറിച്ചുനീക്കാനുള്ള ശ്രമത്തിലായിരുന്നു. വെട്ടുകാരനെ വരുത്തിയപ്പോൾ, കമ്പകെട്ടി വലിക്കാൻ മൂന്നുനാലാളെങ്കിലും വേണ്ടിവരുമെന്നു മനസ്സിലാക്കി, ആളെ സംഘടിപ്പിക്കാനിറങ്ങിയതായിരുന്നു ആ പരിചയക്കാരൻ. ആവശ്യം കേട്ടറിഞ്ഞ ഗോപാലൻ നായർ പറഞ്ഞു:

"ഒരു തെങ്ങു വലിച്ചു മാറ്റാൻ നാലഞ്ചാളുകളൊന്നും വേണ്ടടോ. നീ ഇങ്ങു വാ. ഞാനൊരുത്തൻ മതി. ഉം. എന്താടാ സംശ്യം?"

അയാളോടൊപ്പം ഗോപാലൻനായർ നടന്നു. വീടെത്തി. തെങ്ങിൽ കമ്പ കെട്ടിയപ്പോൾ കമ്പയുടെ ഒരറ്റം ഗോപാലൻ നായർ പിടിച്ചു. വെട്ടു തുടങ്ങി. തെങ്ങ് ആടിയുലഞ്ഞു വീഴാൻ തുടങ്ങിയപ്പോൾ ഗോപാലൻനായർ പിടി മുറുക്കി. പിറകോട്ടു വലിച്ചു. തെങ്ങു ചരിഞ്ഞു ഗോപാലൻനായരുടെ നേർക്കു വരുന്നു. ഗോപാലൻ നായർ, ക്രമത്തിൽ പിന്നോട്ടു നടക്കുന്നു. അപ്പോൾ കഷ്ടകാലം പോലെ പിറകി

ലൊരു എലിമട. ഒരു കാൽ എലിമടയിൽ താഴുന്നു. പിന്നോട്ടു നീങ്ങാൻ വയ്യ. ഉഗ്രവേഗതയിൽ താണുവരുന്ന തെങ്ങു കാത്തു നിന്നില്ല. അതു ഭയങ്കരശബ്ദത്തോടെ ഗോപാലൻനായരുടെ ശരീരത്തിൽ വീഴുന്നു. കണ്ടു നിന്നവർ ഉറക്കെ നിലവിളിക്കുന്നു. ഒരു കനത്ത തല്ലു തടുക്കുംപോലെ ഇടത്തുകൈകൊണ്ടു ഗോപാലൻ നായർ തെങ്ങിനെ തട്ടിമാറാൻ ശ്രമിക്കുന്നു. ശ്രമത്തിനിടയിൽ എലിമടയിൽ കുടുങ്ങിയ കാലു പൊട്ടുന്നു. തട്ടിമാറ്റാൻ ശ്രമിച്ച കൈ തകരുന്നു. തെങ്ങുവീഴാതെ വീടു രക്ഷപ്പെട്ടെങ്കിലും തെങ്ങു വീണു കരുമനക്കണ്ടിയിലെ ഗോപാലൻ നായരുടെ ശരീരത്തിന്റെ പകുതിഭാഗം നഷ്ടപ്പെടുന്നു. മഞ്ചലിൽ ഏറ്റി കോഴിക്കോട്ടെ ആശുപത്രിയിലെത്തിച്ചു. ഗോപാലൻ നായർ സുഖം പ്രാപിച്ചപ്പോൾ ഒരു കാലില്ല. ഒരു കൈ ദുർബ്ബലവും. ആ സംഭവത്തെത്തുടന്നാണ് ഗോപാലൻനായർ, രാമയോഗിയുടെ ശിഷ്യത്വം സ്വീകരിച്ചതും ഗോപാലദാസായി മാറിയതും. ഒരു കൈയും ഒരു കാലും മാത്രം അവശേഷിച്ച നിലയിലും ഗോപാലദാസ് കരുത്തനായിരുന്നു.

പള്ളിക്കൂടത്തിനകത്തു നാടക പരിശീലനം നടക്കുമ്പോൾ രാമയോഗിയും ഗോപാലദാസും യോഗിമഠത്തിൽ ഉണ്ടായിരുന്നില്ല. എങ്കിലും, യോഗിമഠവുമായി ബന്ധപ്പെട്ട്, പ്രഭാതസ്നാനവും ചന്ദനക്കുറിയും കുറച്ചു ഭക്തിയും മുറയ്ക്കു കഞ്ചാവ് വലിയുമായി, ചിലരവിടെ അവശേഷിച്ചിരുന്നു. മഠത്തിൽനിന്ന് ആദ്യം പോയതു രാമയോഗിയായിരുന്നു. പതിവു യാത്രയാണെന്നേ ജനം വിചാരിച്ചുള്ളു. എന്നെങ്കിലും യോഗി മടങ്ങിയെത്തുമെന്നവർ ധരിച്ചു. അങ്ങനെ കാലം കഴിയുമ്പോൾ ഒരു ദിവസം ഗോപാലദാസും മഠംവിട്ടിറങ്ങി. ഗോപാലദാസും താമസിയാതെ തിരിച്ചെത്തുമെന്നു തന്നെ ജനം ധരിച്ചു. ആ ധാരണ മാറാതെ അവരൊക്കെ മരിച്ചു മണ്ണടിഞ്ഞു.

അവിടെയൊരു യോഗിമഠം ഉണ്ടായിരുന്നെന്നു പറഞ്ഞാൽ ആരും ഇന്നതു വിശ്വസിക്കില്ല.

രാമയോഗിയുടെയും ഗോപാലദാസിന്റെയും അഭാവത്തിൽ മഠത്തിന്റെ കാര്യം ശ്രദ്ധിച്ചതു ഗോപാലദാസിന്റെ മരുമകനായിരുന്നു. നിത്യപൂജയും വിളക്കുവെപ്പുമെല്ലാം അദ്ദേഹത്തിന്റെ വകയായിരുന്നു. ഏറെനാൾ അതും നടന്നില്ല. ഒരു ദിവസം നേരം പുലർന്നപ്പോൾ മഠത്തിന്റെ വാതിൽ തുറന്നു കണ്ടില്ല. പൂജയും നടന്നില്ല. അന്വേഷണത്തിൽ അറിവായത് മരുമകനും നാടുവിട്ടെന്നാണ്. ഇന്നോളം ഇവരാരും തിരിച്ചെത്തീട്ടില്ല. അവരെ സ്മരിക്കാനും അവരുടെ തിരിച്ചുവരവു പ്രതീക്ഷിക്കാനും അവിടെയിന്നാരുമില്ല.

മഠത്തിന്റെ മുമ്പിലൊരു നല്ല ആൽത്തറയുണ്ടായിരുന്നു. എന്നും സന്ധ്യയ്ക്കു മഠത്തിലെ വിളക്കു കാണാൻ ഏറെപ്പേർ ആ തറയിൽ വന്നിരിക്കും. തെളിഞ്ഞ ആകാശത്തിനു കീഴിൽ തണുത്ത കാറ്റേറ്റ് അരയാലിലകളുടെ നാമജപം കേട്ടുകൊണ്ട് ആൽത്തറയിലിരിക്കുന്നതു നല്ലൊരനുഭവമായിരുന്നു. രാമയോഗിയേയും ഗോപാലദാസിനേയും മരുമകനേയും പ്രതീക്ഷിച്ചുകൊണ്ട് അവിടെയിന്നുള്ളത് പഴകിപ്പൊളിഞ്ഞൊരു ഇലഞ്ഞിത്തറ മാത്രം.

യോഗിമഠം എന്നോ തകർന്നു വീണു പോയി. മഠത്തിന്റെ സ്ഥാനത്ത് വെറ്റിലക്കൊടി വളർന്നു നില്ക്കുന്നത്, അല്പനാൾ മുമ്പ് അതിലെ കടന്നുപോകുമ്പോൾ, ദുഃഖത്തോടെ കണ്ടു. സായം സന്ധ്യകളിലെ തണുപ്പു കാറ്റിന്റെ സുഖകരമായ ഓർമ്മയോടെ തിരിഞ്ഞു നോക്കിയപ്പോൾ ആൽത്തറയും അവിടെയില്ല. മൈതാനത്തിന്റെ മുക്കാൽഭാഗവും ഒരു സ്കൂളിന്റെ കെട്ടിടങ്ങൾ കൈയേറിയിരിക്കുന്നു. ആകാശം നക്ഷത്രപ്പൊട്ടു തൊടാൻ മുഖം നോക്കുന്ന വാൽക്കണ്ണാടിപോലെ തെളിമയാർന്ന ആ മൈതാനത്തിന്റെ നാശം ഒരു ഗ്രാമത്തിന്റെ മുഴുവൻ സാംസ്കാരിക ജീവിതത്തിനേറ്റ തകർച്ചയായി അനുഭവപ്പെട്ടു. വേദനിക്കാൻ തുടങ്ങിയപ്പോൾ ഉള്ളിൽനിന്നാരോ ഉപദേശിക്കുമ്പോലെ തോന്നി.

എന്തിനു ദുഃഖിക്കണം? ഇന്നെല്ലാം കച്ചവടമല്ലേ? മരവും മൈതാനവും ആരാധനാലയങ്ങളും യോഗിമഠങ്ങളും സ്കൂളുകളും കലാസാംസ്കാരിക പ്രവർത്തനങ്ങളുമെല്ലാം വ്യാപാരകേന്ദ്രങ്ങളല്ലേ. ഗ്രാമങ്ങൾ തോറും പണ്ടുള്ളവരുണ്ടാക്കിവെച്ച കുളങ്ങളിന്നെവിടെ? എല്ലാം തൂർത്ത് മണിമന്ദിരങ്ങളുണ്ടാക്കിയില്ലേ? അവിടവിടെ പച്ചപ്പ് നിലനിർത്താൻ ആസൂത്രണം ചെയ്തുവെച്ച, സർപ്പക്കാവുകൾ ഇന്നെവിടെയുണ്ട്? എല്ലാം വെട്ടിത്തെളിയിച്ച്, മരത്തടികൾകൊണ്ടു വ്യാപാരം നടത്തിയില്ലേ? സർപ്പക്കാവും മഠവും ആരാധനാലയങ്ങളുമെല്ലാം അന്ധവിശ്വാസമാണെന്നു പ്രചരിപ്പിച്ച വ്യാപാരികൾക്ക് ശാസ്ത്രപുരോഗതിയുടെ പേരിൽ വാദ്യസംഗീതം മുഴക്കി ഇന്ന് 'ഇക്കോളജി'യുടെ പേരിൽ മുതലക്കണ്ണീർ പൊഴിച്ചിട്ടെന്തു പ്രയോജനം? അരനേരത്തെ ആഹാരത്തിനു വകയൊരുക്കിത്തന്ന നെൽപ്പാടങ്ങളോടു കാണിച്ച ക്രൂരത. മാപ്പർഹിക്കുന്നുണ്ടോ? പാടങ്ങളിലും വ്യാപാരം കയറിയില്ലേ? അവിടമിന്ന് മുക്കാലും 'കമേഴ്സ്യൽ ക്രോപ്പി'ന്റെ വിളയാട്ടമല്ലേ? റബ്ബറും യൂക്കാലിപ്റ്റസും അക്വേഷ്യയും വളന്ന് ആകാശം മൂടിനില്ക്കുകയല്ലേ? നീലാകാശം കണ്ടു നിർവൃതിയടയാനുള്ള സൗകര്യം നശിച്ചുകൊണ്ടിരിക്കുകയല്ലേ? ഇങ്ങനെ ചോദ്യങ്ങൾ ഇനിയുമെത്ര ബാക്കി കിടക്കുന്നു. ആരോടാണിതു ചോദിക്കേണ്ടത്? ആരോടാണീ വ്യഥ പറയേണ്ടത്?

ഓ! പറഞ്ഞു പറഞ്ഞു കാടുകയറി. ഭഗവതീവിലാസം നാടകക്കമ്പനിയിലാണല്ലോ തുടക്കമിട്ടത്. 'സ്യമന്തകം' തിരഞ്ഞെടുത്തതും റിഹേഴ്സൽ ആരംഭിച്ചതും പറഞ്ഞു കഴിഞ്ഞു. അതു പറയാൻ തുടങ്ങിയപ്പോഴാണ് യോഗിമഠവും ഗോപാലദാസും ഇടയ്ക്കു കയറിവന്നത്. ശിലാരേഖപോലെ മനസ്സിൽ പതിഞ്ഞ ആ ഓർമ്മകൾ മാറ്റി നിർത്താൻ കഴിഞ്ഞില്ല. നാടകത്തിന്റെ റിഹേഴ്സൽ തുടങ്ങിയപ്പോൾ പല അഭിപ്രായങ്ങൾ പൊങ്ങി വന്നു. മംഗളഗാനത്തിനുപയോഗിക്കുന്ന 'പാവനമധുരാനിലയെ' മാറ്റണം. പകരം, കൊങ്ങന്നൂർഭഗവതിയെ സ്തുതിക്കുന്നൊരു ഗാനമാവണം. ഈ അഭിപ്രായത്തോടാർക്കും എതിർപ്പുണ്ടായില്ല. അപ്പോൾ ഒരു പ്രശ്നമുത്ഭവിച്ചു: മംഗളഗാനം രചിക്കാനാരുണ്ട്? ഏകാഭിപ്രായത്തിൽ എല്ലാവരും ഒരേ ഒരു പേരുച്ചരിച്ചു: 'രാമൻനായര് മാഷ്'. അദ്ദേഹം ദേശത്തിന്റെ മുഴുവൻ മാഷായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യത്വം വരിക്കാത്ത ആരും ഞങ്ങളുടെ, പ്രദേശത്തുണ്ടായിരുന്നില്ല. ഭാഷാപരമായ ഏതു കാര്യത്തിനും സമീപിക്കാവുന്ന രാമൻനായരുമാഷ്

ഒരു നല്ല കവികൂടിയായിരുന്നു, മാഷെ സമീപിച്ചപ്പോൾ. അദ്ദേഹം വളരെ സന്തോഷത്തോടെ അപേക്ഷ സ്വീകരിക്കുകയും മംഗളഗാനം എഴുതുകയും ചെയ്തു.

കൊങ്ങന്നൂരംബികേ–
പാഹി, മൂകാംബിക...

മംഗളഗാനം എല്ലാവർക്കും ഇഷ്ടപ്പെട്ടു. 'പാവനമധുരാനിലയെ' മാറി നിന്നു. പകരം കൊങ്ങന്നൂരംബ വന്നു.

ഒരഭിപ്രായം കൂടി ഉണ്ടായി. അത് ആസ്വാദകരുടെ പക്ഷത്തുനിന്നായിരുന്നു. നാടകാരംഭത്തിൽ സൂത്രധാരനും നടിക്കും പകരം ബാലപ്പാർട്ടായിരിക്കണം. നാടകാവതരണത്തിൽ പുത്തനായി വന്നുചേർന്ന പരിഷ്കാരമാണ്. അതുകൊണ്ട് ആ രീതി സ്വീകരിച്ചേ പറ്റൂ എന്നായി. അതു സ്വീകരിക്കുമ്പോഴുള്ള വിഷമം, കൊള്ളാവുന്ന രണ്ടു കുട്ടികളെ കണ്ടുപിടിക്കണമെന്നതാണ്. പുതിയ പരിഷ്കാരമല്ലേ, അല്പം ബുദ്ധിമുട്ടിയാലും വേണ്ടില്ലെന്നായി തീരുമാനം. അങ്ങനെ പലപല അന്വേഷണങ്ങൾക്കു ശേഷം പറ്റിയ രണ്ടു ബാലനടന്മാരെ കിട്ടി. രണ്ടുപേരും പാടാൻ കഴിവുള്ളവരായിരുന്നു. അടുത്ത കാര്യം ബാലപ്പാർട്ടിന്റെ പ്രവേശനപ്പാട്ടായിരുന്നു. അന്ന് കുട്ടികളായാലും മുതിർന്നവരായാലും അഭിനേതാക്കൾ പ്രവേശനപ്പാട്ടു പാടണം. അതു നിർബ്ബന്ധമാണ്. ആസ്വാദക പക്ഷവും ഈ അഭിപ്രായക്കാരായിരുന്നു. ഏതു പാട്ടു വേണമെന്നായി പിന്നത്തെ ചിന്ത, ഏതെങ്കിലും പാട്ടു പാടിയാൽ പോരാ. അല്പമൊരു പുരോഗമനം വേണം. പാട്ടിലൊരു സന്ദേശവും ഉണ്ടായിരിക്കണം. ഈ വഴിക്കുള്ള അന്വേഷണത്തിൽ മഹാകവി കുട്ടമത്തിന്റെ ഒരു ഗാനമാണ് കണ്ടെത്തിയതും സ്വീകരിച്ചതും:

ക്ഷത്രിയൻ ഞാ,നിവൻ വൈശ്യ-
നിവൻ ശൂദ്രൻ–ഇത്യാദി
ജാതി ഭ്രമം...

എന്നു തുടങ്ങുന്ന ജാതിവ്യത്യാസത്തിനും അയിത്താചരണത്തിനുമെതിരായ ആ ഗാനം തെരഞ്ഞെടുക്കുമ്പോൾ, വരാനിരിക്കുന്ന ആപത്ത് നാടകപ്രവർത്തകർ ഒട്ടും അറിഞ്ഞിരുന്നില്ല.

— 16 —

## മംഗളം പാടിത്തീരും മുമ്പെ

കൊങ്ങന്നൂർ ഭഗവതിക്ഷേത്രത്തിന്റെ പടിഞ്ഞാറും വടക്കും ഓരോ കുളം. പടിഞ്ഞാറ് 'പുത്തൻകുളം'. വടക്ക 'കൊങ്ങിണിക്കുളം'. പുത്തൻകുളം അതിന്റെ പേരു പോലെ പുത്തനായിത്തന്നെ നില്ക്കുന്നു. കൊങ്ങിണിക്കുളമാവട്ടെ, ഏതോ വിദൂരഭൂതകാലത്തിന്റെ നഷ്ടാവശിഷ്ടം പോലെ പടവുകളിടഞ്ഞും തകർന്നും കിടപ്പാണ്. എങ്കിലും 'കൊങ്ങന്നൂർ ക്ഷേത്ര'മെന്നും 'കൊങ്ങിണി'ക്കുളമെന്നും പറഞ്ഞുകേൾക്കുമ്പോൾ, ചരിത്രഗവേഷകന്മാർക്കു കണ്ടെത്താൻ പറ്റിയതെന്തോ ആ പേരിൽ അടങ്ങിയിട്ടുണ്ടെന്നു തോന്നും." ക്ഷേത്രദർശനത്തിനു വരുന്നവർ കൂടുതലും കുളിക്കുന്നത് കൊങ്ങിണിക്കുളത്തിലാണ്. 'പുത്തൻകുളം' ബ്രാഹ്മണർക്കും ബ്രാഹ്മണവൃത്തി സ്വീകരിച്ചിട്ടുള്ളവർക്കും നീക്കിവെച്ചിരിക്കുകയാണ്. ഇത് അന്നത്തെ കാര്യം.

അന്നൊരു ദിവസം ഉച്ചപ്പൂജയ്ക്കടുത്തു ഒരാൾ കൊങ്ങിണിക്കുളത്തിൽ കുളിച്ച് ക്ഷേത്രദർശനം നടത്തി പുറത്തു കടക്കുന്നു. നിവർത്തിപ്പിടിച്ച ശീലക്കുടയുടെ പുറത്തു നനഞ്ഞ തോർത്തുമുണ്ട് തോരാനിട്ട് അയാൾ അമ്പലപ്പുറവഴിയിലൂടെ, പടിഞ്ഞാട്ടു നടക്കുന്നു. ചിങ്ങപുരത്തു പറമ്പത്തെത്തുന്നു. അതുമാൻകുട്ടിയുടെ ചായപ്പീടികയിൽ കയറുന്നു. അപ്പോൾ അവിടെ കൂടിയിരുന്നു വെടി പറയുന്ന നാടകപ്രവർത്തകർ അയാളെ ശ്രദ്ധിക്കുന്നു. കേവലം അപരിചിതൻ. അന്യദേശക്കാരൻ. ആരായിരിക്കും അതെന്ന ചിന്തയായി. അന്വേഷിച്ചറിയാൻ തന്നെ തീരുമാനമെടുത്തു. ഊരും പേരും തിരക്കി. പേരു ഗോവിന്ദ മേനോൻ. ജോലി നാടകസംഘങ്ങൾക്കു കർട്ടൻ വരച്ചുകൊടുക്കൽ. സ്വദേശം അല്പം തെക്ക്. സ്ഥലപ്പേര്, ഞാൻ മറന്നു. കർട്ടൻ വരപ്പിനു പുറമെ, 'മെയ്ക്കപ്പും' അറിയാം. കുറേശ്ശെ മൃദംഗം വായിക്കും. പാടാനും കഴിവുണ്ട്. എല്ലാറ്റിനും പുറമെ നാടക സംഘക്കാർക്ക് ആവശ്യമുണ്ടെങ്കിൽ ബഫൂൺ വേഷം ധരിക്കാനും തയ്യാർ.

തേടിയവള്ളി കാലിൽ തടഞ്ഞപ്പോഴുണ്ടാവുന്ന സന്തോഷം. അപ്പോൾ ശ്രോതാക്കൾ അനുഭവിച്ചു. അന്നു വൈകീട്ട് റിഹേഴ്സലിനു മേനോൻ മൃദംഗം വായിച്ചു. എല്ലാവർക്കും തൃപ്തി. ഭഗവതീവിലാസം നാടകക്കമ്പനിക്ക് കർട്ടൻ വേണം. 'മെ

യ്ക്കപ്പി'നു ആളു വേണം. ഒരു ബഫൂണിനെ കിട്ടുന്നതും വളരെ സന്തോഷം. എല്ലാം തികഞ്ഞ മേനവനെ നിയമിക്കാൻ പിന്നെ താമസമുണ്ടായില്ല. ഗോവിന്ദ മേനോന്റെ വരവും ഭാവിശ്രേയസ്സിന്റെ ലക്ഷണമായി എല്ലാവരും കൊണ്ടാടി. മേനോന്ന് താമസിക്കാനും കർട്ടൻ വരയ്ക്കാനും സൗകര്യമുള്ളൊരു വീട്ടു കണ്ടുപിടിച്ചു. താമസിയാതെ അദ്ദേഹത്തിന്റെ കുടുംബമെത്തി. അനുജൻ രാമൻമേനോൻ മൃദംഗം വായനയിൽ വിദഗ്ധൻ. ഭേഷ്! അത്യാവശ്യം അഭിനയിക്കാനും ചുരുങ്ങിയമട്ടിൽ മെയ്ക്കപ്പും വേണ്ടി വന്നാൽ ഒരു പാട്ടുപാടാനും രാമൻമേനോന്ന് കഴിവുണ്ടായിരുന്നു. അതും നല്ലതു്.

തുടർന്ന് മറ്റൊരു ഭാഗ്യം കൂടി വരുന്നു. വടക്ക്, എടക്കാട്ടുനിന്ന് ഒരു ഭാഗവതരെത്തുന്നു; ഗോപാലൻ നമ്പ്യാർ, ഒന്നാന്തരം ഹാർമോണിസ്റ്റ്. ശാസ്ത്രീയ സംഗീതത്തിൽ അഗാധജ്ഞാനമുള്ള മനുഷ്യൻ. പരമ ശാന്തനും നല്ല കവിയും ഗാനരചയിതാവും കൂടിയായിരുന്നു ഗോപാലൻ നമ്പ്യാർ. എല്ലാവരും അദ്ദേഹത്തെ വളരെയേറെ ഇഷ്ടപ്പെടുകയും ബഹുമാനിക്കുകയും ചെയ്തു. അപ്പോൾ പുതിയൊരു കുഴപ്പം നേരിടുന്നു. മദിരാശിയിലും മറ്റുമുള്ള വലിയ വലിയ നാടകക്കമ്പനികളിൽ ഹാർമോണിസ്റ്റായിരുന്ന പരിചയവും പ്രശസ്തിയും നേടിയ ഗോപാലൻനമ്പ്യാർക്കു വായിക്കാൻ നല്ലൊരു 'ചവിട്ടാർമോണിയം' വേണ്ടതല്ലേ? അതെങ്ങനെയുണ്ടാക്കും? പുതിയൊരെണ്ണം വാങ്ങാൻ കാശെവിടെ? ഗോപാലൻ നമ്പ്യാർ ഏതു പെട്ടി വായിക്കാനും ഒരുക്കമാണ്. ഇന്നതേ വായിക്കൂ എന്ന ശാഠ്യമോ ദുരഭിമാനമോ അദ്ദേഹത്തിനില്ല. എങ്കിലും നാടകക്കമ്പനിക്കൊരന്തസ്സൊക്കെയില്ലേ? അദ്ദേഹം വായിക്കുന്നതു് 'ചവിട്ടാർമോണിയം' തന്നെയാവണം. അതിനുള്ള വഴിയപ്പറ്റി ചിന്തിച്ചപ്പോൾ ഒരു കുറുക്കുവഴി കിട്ടി. അപ്പോൾ കമ്പനി ഉപയോഗിച്ചു കൊണ്ടിരുന്ന ഒരു ചെറിയ ഹാർമോണിയം ഒന്നു പരിഷ്കരിക്കുക. ഒരാശാരിയെ വിളിച്ച് അതിനൊരു 'ചവിട്ട്' ഘടിപ്പിക്കുക. താൽക്കാലികാവശ്യത്തിനതു മതിയാവും. പിന്നെ, കമ്പനിയുടെ ധനസ്ഥിതി മെച്ചപ്പെടുമ്പോൾ പുതിയൊരെണ്ണം വാങ്ങുകയും ചെയ്യാം. അങ്ങനെ ആശാരി വന്നു, 'ചവിട്ട്' ഘടിപ്പിച്ചു. ബലം പരിശോധിക്കാൻ കുഞ്ഞനന്തൻനായർ തന്നെ. അദ്ദേഹം 'ചവുട്ടി' വായിച്ചു. കൊള്ളാം. കുഞ്ഞനന്തൻനായരുടെ 'ചവിട്ട്' താങ്ങുന്ന പെട്ടി മറ്റാരു ചവുട്ടിയാലും തകരാൻപോകുന്നില്ല, തീർച്ച.

ഗോപാലൻ നമ്പ്യാരും 'ചവിട്ടാർമോണിയ'വും ചേർന്നപ്പോൾ റിഹേഴ്സലിന്നു കൊഴുപ്പുകൂടി. പ്രേക്ഷകർ വർദ്ധിച്ചു. സന്ധ്യയ്ക്കു മുമ്പു തന്നെ സ്കൂൾഹാൾ നിറയും. പിന്നീടു വരുന്നവർ വാതിൽപ്പഴുതിലും ജാലകപ്പഴുതിലും തടിച്ചുകൂടും. ബാക്കിയുള്ളവർ വരാന്തയിലും മൈതാനത്തിലുമായി നിലയുറപ്പിച്ച് ശ്രോതാക്കളായി റിഹേഴ്സൽ ആസ്വദിക്കും. ചിലപ്പോൾ പാതിരവരെയും അതിനപ്പുറവും റിഹേഴ്സൽ നീണ്ടു നില്ക്കും. മുഖ്യകഥാപാത്രമായ ശ്രീകൃഷ്ണന്റെ ഭാഗം രണ്ടുപേരാണ് അഭിനയിക്കുന്നതു്. ആദ്യത്തെ പകുതിയിൽ ശ്രീകൃഷ്ണനാവുന്നതു് സി. ടി. പത്മനാഭൻനായരെന്ന അദ്ധ്യാപകൻ. രണ്ടാമത്തെ പകുതിയിൽ കുഞ്ഞനന്തൻനായരും. ഓരോ അഭിനേതാവിനെക്കുറിച്ചും പ്രേക്ഷകർക്കു വ്യക്തമായ അഭിപ്രായമുണ്ടായിരുന്നു.

"പത്മനാഭൻനായരുമാഷുടെ ശ്രീകൃഷ്ണൻ കൊള്ളാം. നല്ല കെട്ടിക്കാഴ്ചയുണ്ടാവും. തലയിൽ പീലിക്കിരീടം വരുമ്പോൾ മുഖത്തൊരു പുതിയ തേജസ്സൊക്കെ വരും."

"അതൊക്കെ സമ്മതിച്ചു. പക്ഷേ, കുഞ്ഞനന്തൻനായരുടെ ശ്രീകൃഷ്ണനോടു കിടപിടിക്കാനാവില്ല. എന്തൊരു ശരീരം. ആ നടത്തത്തിന്റെ ആനച്ചന്തം ഒന്നു മതി ജനങ്ങളുടെ കൈയടി വാങ്ങാൻ."

"സമ്മതിച്ചു. സത്യം പറഞ്ഞാൽ കുഞ്ഞനന്തൻനായരുടെ ശ്രീകൃഷ്ണൻ ഭാരതയുദ്ധത്തിൽ തേർതെളിക്കുന്ന ശ്രീകൃഷ്ണനെപ്പോലിരിക്കും."

"എന്നാൽ മാഷുടെ ശ്രീകൃഷ്ണൻ രാസക്രീഡയിൽ ഗോപസ്ത്രീകളുടെ നടുവിൽ നൃത്തംവെക്കുന്ന ശ്രീകൃഷ്ണനെപ്പോലിരിക്കും."

രണ്ടു വിഭാഗത്തിന്റെ വാദവും കുറച്ചൊക്കെ സത്യത്തോട് അടുത്തുനില്ക്കുന്നതായിരുന്നു. രണ്ടു പേരുടെയും ശരീരഘടനയിലുള്ള അന്തരമാണ് ഈ അഭിപ്രായങ്ങളിലൊക്കെ മുഴച്ചുനിന്നത്. പ്രേക്ഷകരുടെ പ്രശംസ മുഴുവനും പിടിച്ചെടുത്തത് സ്ത്രീകഥാപാത്രങ്ങളായിരുന്നു. യൗവ്വനത്തിലേക്കു കാലെടുത്തുവെച്ച പ്രായം—പുരുഷചൈതന്യം വെട്ടിത്തെളിഞ്ഞു വരുന്ന കാലം. ആ കാലത്താണ് കുഞ്ഞിക്കേളുപ്പണിക്കരെന്ന ചെറുപ്പക്കാരൻ രുക്മിണിയുടെ വേഷമെടുക്കുന്നത്. അത്രയോ അതിലധികമോ യുവത്വം തുളുമ്പുന്ന കൃഷ്ണൻനായർ ജാംബവതിയുടെ വേഷമെടുക്കുന്നു. രണ്ടുപേരും ഒന്നിനൊന്നു മത്സരിച്ചു കൊണ്ടാണ് എന്നും അഭിനയിച്ചത്. സാധാരണവേഷത്തിൽ മുണ്ടും ഷർട്ടും ധരിച്ച് ഒരു യുവതിയുടെ ഹാവഭാവങ്ങൾ പ്രദർശിപ്പിച്ച് പ്രശംസ പറ്റുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. പണിക്കരുടെ രുക്മിണി ഒരു കൊച്ചുസുന്ദരിയായിരുന്നു. പിണക്കത്തിലും ഇണക്കത്തിലും ഒരു യുവതി പ്രദർശിപ്പിക്കുന്ന മുഴുവൻ അടവുകളും പണിക്കരുടെ അഭിനയത്തിൽ ഇണങ്ങിച്ചേർന്നിരുന്നു.

എന്നാൽ, കൃഷ്ണൻനായരുടെ ജാംബവതിയാകട്ടെ തികഞ്ഞ ഗൗരവക്കാരിയും. അയാളുടെ ശരീരപ്രകൃതിയും അതിനൊത്തതായിരുന്നു. ഇടയ്ക്ക് ഞങ്ങളിൽ ചിലർ 'ഹെഡ് മിസ്ട്രസ്സ്' എന്നു വിളിച്ച് കൃഷ്ണൻ നായരെ പരിഹസിക്കുമായിരുന്നു. പാവം കൃഷ്ണൻ നായർ. അകാലത്തുതന്നെ ഈ ലോകത്തോടു വിടപറയേണ്ടിവന്നു. സ്വകാര്യ ജീവിതത്തിൽ പരമ ശുദ്ധനുംരസികനും ഫലിതപ്രിയനുമായ കുഞ്ഞിക്കേളുപ്പണിക്കർ വടകരയ്ക്കടുത്ത് മണിയൂരുള്ള സ്വന്തം വീട്ടിൽ സുഖമായിക്കഴിയുന്നു. അതുപോലെ പില്ക്കാലത്ത് ഭഗവതീവിലാസം നാടകക്കമ്പനിയുടെ ഹാർമോണിസ്റ്റായിരുന്ന പി. കെ. അച്യുതൻ നായരും കുടുംബ സമേതം സുഖമായി കഴിയുന്നു. അല്പനാൾ മുമ്പേ അദ്ദേഹത്തെ കാണാനും പൂർവ്വപരിചയം പുതുക്കാനും കുശലപ്രശ്നം നടത്താനും പഴയ കാലങ്ങൾ അയവിറക്കാനും ഒരു ഫോട്ടോ എടുക്കാനും അവസരമുണ്ടായത് വലിയൊരു സൗഭാഗ്യമായി ഞാൻ കരുതുന്നു.

ഭഗവതീവിലാസം നാടകക്കമ്പനിയിൽ വേറെയും പ്രമുഖരായ പലരുമുണ്ടായിരുന്നു. സ്വാതന്ത്ര്യ സമരഭടനായിരുന്ന അച്യുതൻ നായർ. അദ്ദേഹമായിരുന്നു സ്റ്റേജ് മാനേജർ. നല്ല ആരോഗ്യവും ചുറുചുറുക്കുമുണ്ടായിരുന്ന അച്യുതൻ നായർക്ക്

അന്നു നാടകമെന്ന ഒരേയൊരു ചിന്തയായിരുന്നു എപ്പോഴും. അതുപോലെ മറ്റൊരു സ്വാതന്ത്ര്യഭടനായിരുന്നു ടി. പി. കൃഷ്ണൻകിടാവ്. നന്നായി പാടും. പുല്ലാങ്കുഴൽ വായിക്കും. മൂളിപ്പാട്ടില്ലാതെ കൃഷ്ണൻ കിടാവിനെ കാണാൻ കഴിയില്ല. നടക്കുമ്പോഴും ഇരിക്കുമ്പോഴുമെല്ലാം പാട്ടു മൂളിക്കൊണ്ടിരിക്കും. അല്ലെങ്കിൽ പുല്ലാങ്കുഴൽ വായിക്കും, സത്രാജിത്തെന്ന യാദവന്റെ ഭാഗമായിരുന്നു കിടാവ് അഭിനയിച്ചത്.

പിന്നെയുള്ള ഒരു പ്രധാന വേഷം ജാംബവാന്റേതാണ്. ആ ഭാഗം എം. പദ്മനാഭൻ നായർക്കുള്ളതായിരുന്നു. സ്യമന്തകം നാടകത്തിനുവേണ്ടി ഏറ്റവും വലിയ ത്യാഗമനുഭവിച്ചത് അദ്ദേഹമായിരുന്നു. എങ്ങനെയെന്നുവെച്ചാൽ, മനുഷ്യനെ കുരങ്ങാക്കാനും മറ്റും പറ്റിയ ഉപകരണങ്ങൾ അന്നെവിടെയും കിട്ടാനുണ്ടായിരുന്നില്ല. നാടൻമട്ടിലുള്ള മെയ്ക്കപ്പ് കൊണ്ടു വേണം കുരങ്ങനെ സൃഷ്ടിക്കാൻ. അതിനുള്ള ഉപായം കണ്ടുപിടിച്ചത് സ്റ്റേജ് മാനേജരെന്നാണ് എന്റെ ഓർമ്മ. ചടങ്ങ് ഇങ്ങനെയായിരുന്നു: ഒരു പാത്രത്തിൽ ഗോതമ്പപ്പശ കാച്ചിയെടുക്കും. ആറിക്കഴിഞ്ഞാൽ അതു വേഷക്കാരന്റെ ശരീരത്തിൽ സർവ്വാംഗം തേക്കും. തേപ്പിനുമേലെ പഞ്ഞിയെടുത്ത് ഒട്ടിക്കും ഈ പ്രക്രിയ സർവ്വാംഗമാണന്നോക്കണം. അങ്ങനെ പശ തേച്ച് പഞ്ഞിപറ്റിച്ച്, നടനെ അണിയറയുടെ ഒരു മൂലയിൽ ഒരു സ്റ്റൂളിൽ ഇരുത്തും. വസ്ത്രമെന്നു പറയാൻ ഒരു ലങ്കോട്ടിയും ലങ്കോട്ടിക്കു പിറകിൽ തുന്നിപ്പിടിപ്പിച്ച ഒരു വാലും. കഴിഞ്ഞു. ജാംബവാൻ സ്റ്റൂളിൽ ഇരിക്കുന്നു. പശയും പഞ്ഞിയും നല്ല പോലെ ഉണങ്ങി ശരീരത്തിൽ ഒട്ടിപ്പിടിക്കണ്ടതുകൊണ്ടു മണിക്കൂറുകൾക്കുമുമ്പുതന്നെ ജാംബവാന്റെ മേയ്ക്കപ്പു തുടങ്ങും. മറ്റുള്ളവർ നേരമ്പോക്കു പറഞ്ഞും ചിരിച്ചും രസിച്ചും അണിയറയിൽ ബഹളം വെക്കുമ്പോൾ ജാംബവാൻ ദുഃഖിതനായി, മൗനിയായി മൂലയിൽ കഴിയണം. ഒന്നനങ്ങിയാൽ പഞ്ഞി അടർന്നു വീഴുമെന്ന ഭയം. പശ ഉണങ്ങാൻ തുടങ്ങുമ്പോൾ ശരീരമാകെ വലിഞ്ഞു പിടിക്കും. ചുണ്ടും കവിളുമൊക്കെ ഏതോ ലോഹത്തകിടു കൊണ്ടു പൊതിഞ്ഞ പോലെ തോന്നും. മടുക്കുമ്പോൾ ഒരു ബീഡി ചോദിച്ചു വാങ്ങി വലിക്കാൻ പോലും ആ നടനു കഴിഞ്ഞിരുന്നില്ല . ആരെയെങ്കിലും വിളിക്കണമെന്നു തോന്നിയാൽ, എന്തെങ്കിലും ചോദിച്ചുവാങ്ങണമെന്നു തോന്നിയാൽ ലോഹത്തകിടുകൊണ്ടുള്ള ചുണ്ടിലൂടെ പുറത്തുവരുന്ന അക്ഷരങ്ങൾക്കു വ്യക്തതയുണ്ടാവില്ല. കേൾക്കുന്നവർക്ക് ആശയം പിടികിട്ടില്ല. അങ്ങനെ മണിക്കൂറുകളോളം കഴിയേണ്ടി വന്നതുകൊണ്ടാണ് അദ്ദേഹം നാടകത്തിലെ ഏറ്റവും വലിയ ത്യാഗിയാണന്നാ ആദ്യമേ പറഞ്ഞു വെച്ചത്.

റഹേഴ്സലിന്റെ കാലത്ത് ഒരു ദിവസം പൊതുജനാഭിപ്രായത്തെ മാനിച്ച് മേനോന്റെ ബഫൂൺ രംഗപ്രവേശം ചെയ്തു.

കാറ്റടിക്ക്ത് കാറ്റടിക്കിത്
കതകില്ലാത്ത സങ്കടം
കതക് ക്കീഴെ നായ് പട്ക്ക്ത്
വടിയില്ലാത്ത സങ്കടം.

ബഫൂൺ പ്രവേശനപ്പാട്ടോടെ രംഗത്തെത്തിയപ്പോൾ ജനം ആർത്തട്ടഹസിച്ചു ചിരിച്ച് കൈകൊട്ടി മേനവനെ സ്വീകരിച്ചു. പ്രോത്സാഹന പ്രകടനത്തിൽ ആവേശം കൊണ്ടു മേനോൻ തുടർന്നൊരു ശ്ലോകം ചൊല്ലുന്നു. അതു ചൊല്ലിക്കേട്ട പടി, ഞാൻ ഇവിടെ പകർത്തുന്നു:

വ്യാസായ വിഷ്ണുരൂപായ
വിഷ്ണുരൂപായ വ്യാസവേ,
നമോസ്തു ബ്രഹ്മനിധയേ,
വാസിഷ്ഠായ നമോ നമഃ.

ശ്ലോകത്തിനു പിറകെ വ്യാഖ്യാനം വരുന്നു: 'വ്യാസായ വിഷ്ണു രൂപായ'. വ്യാസൻ വിഷ്ണുവിനോട്ട് ഒരു രൂപ കടം വാങ്ങുന്നു. 'വിഷ്ണു രൂപായ വ്യാസവേ'. വിഷ്ണു ആ രൂപ വ്യാസനു തിരിച്ചു കൊടുക്കുന്നു. പക്ഷേ, 'നമോസ്തു ബ്രഹ്മനിധയേ', ബ്രഹ്മാവിന്റെ അടുത്ത് വിഷ്ണു പരാതി ബോധിപ്പിക്കുന്നു. എന്നിട്ടോ? 'വാസിഷ്ഠായ നമോ നമഃ' വസിഷ്ഠനെ തൂക്കിക്കൊല്ലാൻ വിധിയാവുന്നു. ഈ വ്യാഖ്യാനം പരമാവധിയായിരുന്നു. പിന്നങ്ങോട്ടു ദീർഘനേരത്തേക്കു റിഹേഴ്സൽ നടത്താൻ കഴിയാതെ വന്നു. അത്രയ്ക്ക് ആഹ്ലാദമായിരുന്നു ജനത്തിന്; അതിനൊത്ത പ്രകടനവും.

അങ്ങനെ ഒരു സമ്പൂർണ്ണ നാടകത്തിന്റെ വീറോടെ മുറയ്ക്കു റിഹേഴ്സൽ നടക്കുകയും ഒടുവിൽ അരങ്ങേറാൻ തീയതി കുറിക്കുകയും ചെയ്തു. മൈതാനത്തിന്റെ കിഴക്കേയറ്റത്ത് പട്ടർമഠത്തിന്റെ തൊടിയിൽ വലിയ നെടുമ്പുര കെട്ടിയൊരുക്കി, പല വർണ്ണങ്ങളിലുള്ള ഒന്നാന്തരം നോട്ടീസ് അച്ചടിപ്പിച്ചു. റിസർവ്ഡ് സീറ്റ്, കസേര, ബെഞ്ച്, തറ എന്നിങ്ങനെ നാലു തരം ടിക്കറ്റുകൾ നാലു വർണ്ണങ്ങളിൽ തയ്യാറാക്കി. മുൻകൂർ ടിക്കറ്റുകൾ ചെലവഴിച്ചു. അങ്ങനെ ആ ദിവസവും വന്നെത്തി. അരങ്ങേറ്റത്തിന്റെ തീയതി നിശ്ചയിച്ച ദിവസംതൊട്ടുതന്നെ എങ്ങും ഒരു ഉത്സവത്തിന്റെ പ്രതീതിയായിരുന്നു. എന്നാൽ, അരങ്ങേറ്റ ദിവസം ഒരു മഹോത്സവത്തിന്റെ മേളക്കൊഴുപ്പാണുണ്ടായിരുന്നത്. ഉച്ച മുതൽ മൈതാനത്ത് ജനങ്ങൾ വന്നുചരാൻ തുടങ്ങി. രാത്രി കൃത്യം ഒൻപതര മണിക്കാണു നാടകം തുടങ്ങുന്നത്. എന്നാൽ, സന്ധ്യയോടൊപ്പംതന്നെ ഫുൾഹൗസ്. ബൂത്തിനു മുമ്പിൽ, ടിക്കറ്റിനുവേണ്ടി പരമമായ ബഹളം. അകത്തു നില്ക്കാൻ പോലും പഴുതില്ല

ഒൻപതരമണി. സ്റ്റേജ് മാനേജർ ജാംബവാന്റെ ശരീരം പരിശോധിച്ചു. കുഴപ്പമില്ല. പഞ്ഞി നല്ലപോലെ പറ്റിപ്പിടിച്ചിരിക്കുന്നു. പശ പാകത്തിന് ഉണങ്ങിയിരിക്കുന്നു. നാടകം തുടങ്ങുന്നതു സത്രാജിത്തിന്റെ തപസ്സോടുകൂടിയാണ്. തപസ്സിൽ ഒരു പാട്ടുണ്ട്. ആ പാട്ടിന്റെ അവസാനം ഒരു അശരീരിയുണ്ട്. അതു ശ്ലോകമാണ്. അശരീരി സൂര്യന്റേതാണെന്നാണു വെപ്പ്. അശരീരിയുടെ അന്ത്യത്തിൽ സൂര്യൻ തിരിയണം. വട്ടത്തിൽ വെട്ടി കോണുകളുണ്ടാക്കി ഗിൽട്ട് കടലാസ് ഒട്ടിച്ച് നിറം പിടിപ്പിച്ച സൂര്യനാണ്. സൂര്യന്റെ പിറകിൽ നീണ്ടുനിന്ന ആക്സിലിൽ നൂലും ചുറ്റിയിട്ടുണ്ട്. അതു പിടിച്ചു വലിക്കുമ്പോൾ സൂര്യൻ കറങ്ങും. സ്റ്റേജ് മാനേജർ ജാംബവാ

നെ വിട്ടു നേരെ ചെന്നതു് സൂര്യനെ പരിശോധിക്കാനാണു്. ചരടു പിടിച്ചു വലിച്ചു. കറങ്ങുന്നുണ്ടു്. കൊള്ളാം. പരിശോധന മുഴുവനും കഴിഞ്ഞപ്പോൾ സമയം ഒമ്പ തരയിൽനിന്നു നീങ്ങിയിരിക്കുന്നു. മാനേജരുടെ വിസിൽ. പൂജാമണിയുടെ കിലുക്കം. സദസ്സിലെ അസ്വസ്ഥതയും പിറുപിറുപ്പും അവസാനിക്കുന്നു. അഷ്ടഗന്ധപ്പുക ചുരുളുകളായി പൊങ്ങി സൈഡ് കർട്ടനിലൂടെ ഇഴഞ്ഞു് സദസ്യരുടെ ഇടയിലേക്കു കടന്നു. രണ്ടാമത്തെ വിസിൽ. മംഗളഗാനത്തിന്റെ ആരംഭം കുറിച്ചുകൊണ്ടു് ഹാർമോണിയം ശബ്ദിച്ചു. സദസ്സ് ശ്വാസമടക്കിപ്പിടിച്ച് ഇരിക്കുന്നു. മംഗളഗാനം തുടങ്ങി. അഭിനേതാക്കൾ മുഴുവൻ, അതിൽ പങ്കെടുക്കണം. എന്നാണു നിയമം. പല്ലവി പാടിക്കഴിഞ്ഞു. അനുപല്ലവിയിലേക്കു കടക്കാൻ തുടങ്ങുമ്പോൾ പുറത്തു കൊട്ടും ബഹളം. ബഹളത്തിന്റെ അലയടിയിൽ മംഗളഗാനം മുഴങ്ങുന്നു. എന്താണു സംഭവിക്കുന്നതു്?

ശ്രീകൃഷ്ണന്റെ വേഷം ധരിച്ച കുഞ്ഞനന്തൻ നായർ ഈർഷ്യയോടെ ശ്രദ്ധിക്കുന്നു. ഏതു വലിയ ബഹളമായാലും കുഞ്ഞനന്തൻ നായരുടെ തല കണ്ടാൽ അവസാനിക്കും. അതിനുള്ള വഴിയില്ല. ഇപ്പോൾ തലയിൽ പീലിക്കിരീടമാണ്. ആലോചിച്ചിരിക്കാനിടയില്ല. അതിനു മുമ്പേ കുഞ്ഞനന്തൻനായരേയും അന്വേഷിച്ച് ഒരു സബ് ഇൻസ്പെക്ടറും ഹെഡ്കോൺസ്റ്റബിളും ഏതാനും പോലീസുകാരും അണിയറയിൽ എത്തി.

“എവിടെ പ്രൊപ്രൈറ്റർ?”

ഇൻസ്പെക്ടറുടെ ചോദ്യം. കുഞ്ഞനന്തൻനായർ ക്ഷോഭംകൊണ്ടു വിറയ്ക്കുകയാണ്, എന്തും സംഭവിക്കാം. എന്തു സംഭവിച്ചാലും കുഴപ്പം നാടകസംഘത്തിനാണ്. ഭഗവതീവിലാസം നാടകക്കമ്പനിയുടെ ആരംഭം മുതൽ സാമ്പത്തികമായും മറ്റുവിധത്തിലും സഹായിച്ചുകൊണ്ടിരുന്ന കീളത്ത് ചെറിയോമനനായർ—അദ്ദേഹം പേരും പ്രസിദ്ധിയുമുള്ള ഒരു തറവാട്ടിലെ അംഗമാണ്—മുമ്പോട്ടു വന്ന് നാടകത്തിന്റെ പ്രൊപ്രൈറ്റർ താനാണെന്ന് ഇൻസ്പെക്ടറോടു പറഞ്ഞു. ഉടനെ പ്രൊപ്രൈറ്ററുടെ പേരിൽ നിരോധനാജ്ഞ നടത്തി ഇൻസ്പെക്ടർ മടങ്ങി. ജനം അന്തം വിട്ടിരുന്നു. നാടകം നിരോധിച്ചെന്നു കേട്ട് അകാലമൃത്യു കടന്നുവന്ന ഒരു വീട്ടിൽ നിന്നെന്നപോലെ അവർ തലയും താഴ്ത്തി മിണ്ടാതെ കടന്നുപോയി. അന്നു കല്ലേറിന്റെയും തീവെപ്പിന്റെയും കാലമായിരുന്നില്ല.

എന്താണു നാടകം നിരോധിക്കാൻ കാരണം? എന്തിനും കാരണം വേണമല്ലോ. മഹാകവി കുട്ടമത്തിന്റെ ഗാനം—ജാതിവ്യത്യാസത്തിനെതിരെ ജനങ്ങളെ പ്രബുദ്ധരാക്കാനെഴുതിയ ഗാനം—

ക്ഷത്രിയൻ ഞാനിവൻ വൈശ്യ-
നിവൻ ശൂദ്രൻ, ഇത്യാദി ജാതിഭ്രമം…

— 17 —

## കോടതി നാടകവേദിയാവുന്നു

നാടകനിരോധനത്തിനു പിറകിൽ ഏതോ കറുത്ത കൈയുണ്ടെന്നു ജനസംസാരം. ഭരണചക്രം തിരിക്കാൻ മുകളിൽ വൈസ്രോയിയുടെ കൈ. ഇങ്ങുതാഴെ അധികാരിയുടെ കൈയും. ക്രിമിനലായും സിവിലായുമുള്ള എല്ലാ അത്യാഹിതങ്ങൾക്കും ശരണം പ്രാപിക്കേണ്ടതു അധികാരിയെ. ആരെങ്കിലും കെട്ടിത്തൂങ്ങി മരിച്ചാൽ, കിണറിലോ, കുളത്തിലോ വീണു മരിച്ചാൽ, അധികാരിയുടെ യാദാസ്ത് ചെല്ലണം. എങ്കിലേ അന്വേഷണത്തിനു പോലീസെത്തുകയുള്ളു. പോലീസ്, അധികാരിയിൽ പ്രവേശിച്ചും അധികാരി പോലീസിൽ പ്രവേശിച്ചും 'കൂടുവിട്ടു കൂടുമാറും' ശൈലിയിലാണ് അന്നു ഭരണം നടന്നത്. അതു കൊണ്ടു തന്നെ അധികാരിയെ ജനം പുറമെ സ്നേഹിക്കും പോലെ, ആദരിക്കും പോലെ, ഭാവിച്ചും അകമെ വെറുത്തും ശപിച്ചും കഴിഞ്ഞു കൂടി. നാടകനിരോധനത്തിന്റെ പേരിലും ജനം അധികാരിയെത്തന്നെ പഴിച്ചു. അധികാരിയല്ല, വൈസ്രോയിതന്നെ ഇടപെട്ടാലും കീഴടങ്ങുന്ന പ്രശ്നമില്ലെന്നു പ്രവർത്തകർ തീരുമാനിച്ചു. നിരോധനാജ്ഞ ലംഘിച്ച് അറസ്റ്റു വരിച്ചു ജയിലിൽ പോകണോ? അതോ, നാടക പ്രവർത്തനമുപേക്ഷിച്ച് ഒന്നും സംഭവിക്കാത്ത മട്ടിൽ ഒതുങ്ങിക്കൂടണോ? എന്താണു വേണ്ടതെന്നാലോചിച്ചു. വിഷമിക്കുമ്പോൾ കേളുനായരുടെ അഭിപ്രായം വരുന്നു:

"കേസ്സു കൊടുക്കണം."

ബ്രിട്ടീഷുകാരുടെ കോടതി ബഹിഷ്കരിച്ച്, നിയമം ലംഘിച്ചു കഴിയുന്നവർ കോടതി കയറുകയോ? ഒരിക്കലും സാധ്യമല്ലെന്നു പ്രവത്തകർ.

"മറ്റു വഴിയില്ല."

കേളുനായർ ഉറപ്പിച്ചും തറപ്പിച്ചും ആവർത്തിക്കുന്നു.

"കേസ്സ് കൊടുത്തേ പറ്റൂ. നല്ലൊരു വക്കീലിനെവെച്ചു വാദിക്കണം. അനുകൂലമായ വിധി കിട്ടും. അതിനുള്ള ലോ പോയന്റ് ഇതിലുണ്ട്."

ഈ കേളുനായർ ഒരു അസാധാരണ വ്യക്തിത്വത്തിനുടമയായിരുന്നു. കണ്ടാൽ വെറും നാടൻകൃഷിക്കാരൻ. കുടുമപോലും മുറിച്ചിട്ടില്ല. അതു നീട്ടിക്കെട്ടിവെച്ച മട്ടി

ലാണ്. മുഖ്യ തൊഴിൽ വെറ്റിലക്കൃഷി. പുറമെ അല്പം കോടതിക്കാര്യവും. മെലിഞ്ഞ്, അധികം ഉയരമില്ലാത്ത ശരീരപ്രകൃതിയാണ്. കോടതിക്കാര്യങ്ങൾക്കു പുറത്തിറങ്ങുമ്പോൾ മാത്രം കുപ്പായം ധരിക്കും. അല്ലാത്തപ്പോൾ തോളിലൊരു രണ്ടാംമുണ്ട് കാണും; മഞ്ഞു കാലത്ത് തൊപ്പിയായും ഉഷ്ണ കാലത്തു വിശറിയായും കുളിക്കുമ്പോൾ തോർത്തായും രൂപം മാറുന്ന രണ്ടാം മുണ്ട്. നാടകപ്രവർത്തനത്തിന്റെ ആരംഭകാലം മുതല്ക്കേ അത്യുത്സാഹിയായി കേളുനായർ അതിനൊപ്പമുണ്ടായിരുന്നു. കുഴപ്പമുള്ള പ്രശ്നങ്ങൾക്കു അപായമില്ലാത്ത പരിഹാരം നിർദ്ദേശിക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു.

ഇതൊക്കെയാണ്, ഇതു മാത്രമാണ് കേളു നായരെന്നു ധരിച്ചിരിക്കുമ്പോഴാണ് അതു സംഭവിക്കുന്നത്. ഒരു മഹാദ്ഭുതം, റിഹേഴ്സൽ നടക്കുമ്പോൾ രാമൻ മേനോൻ എന്നും മൃദംഗംവായനയ്ക്കുണ്ടാവും. ഒരുദിവസം ഏതോ കാരണത്താൽ രാമൻ മേനോൻ വന്നില്ല. മൃദംഗം വായിക്കാൻ ആരുണ്ടെന്നു അന്വേഷണമായപ്പോൾ എല്ലാവരേയും അമ്പരപ്പിച്ചുകൊണ്ടു കേളുനായർ മുന്നോട്ടു വന്നു മൃദംഗമെടുക്കുന്നു. തകർത്തു വായിക്കുന്നു. ആ നല്ല മനുഷ്യനോട് എനിക്കു പരമമായ ആദരവ് തോന്നി. എനിക്കാണെങ്കിൽ അന്നോളം ഒന്നും നേടാനോ പഠിക്കാനോ കഴിഞ്ഞിട്ടില്ല. അഭിനയത്തിന്റെയും പാട്ടിന്റെയും കാര്യം പോട്ടെ. സൈഡ് കർട്ടന്റെ പിറകിൽ മറഞ്ഞുനിന്നു പ്രോംപ്റ്റ് ചെയ്യാൻ പോലും കഴിവുനേടാത്ത ഞാൻ ആരാധനാഭാവത്തിൽ അദ്ദേഹത്തെ സമീപിച്ചു. എവിടെവെച്ച് എങ്ങനെ മൃദംഗം വായന വശത്താക്കിയെന്നാണെനിക്ക് അറിയേണ്ടത്. ഉടനെ വിശദീകരണം വരുന്നു:

“നീ നിന്റെ മുത്തച്ഛനെ കണ്ടിട്ടുണ്ടോ?”

എങ്ങനെ മറുപടി പറയും? എന്നെ കൊച്ചുന്നാളിലെടുത്തുവളർത്തിയ മുത്തച്ഛനെ കണ്ടിട്ടില്ലെന്നു പറയാൻ എങ്ങനെ കഴിയും? ഏറെ പരുങ്ങേണ്ടിവന്നില്ല. കേളുനായർ തുടന്നു പറയുന്നു:

”നിന്നെ എടുത്തുവളർത്തിയ മുത്തച്ഛനല്ല, അച്ഛന്റെ അച്ഛനെപ്പറ്റിയാണു പറയുന്നത്. കോയിത്തിനാരി രൈരുകിടാവ്.”

അച്ഛനെപ്പോലും കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്ത ഞാൻ വാസ്തവത്തിൽ നെടുവീർപ്പിടേണ്ടതാണ്. പക്ഷേ, അതുണ്ടായില്ല. ഒരിക്കലും കാണാനിടവരാത്തവരെച്ചൊല്ലി നെടുവീർപ്പിട്ടിട്ടെന്തു കാര്യം? കേളുനായർ തുടരുന്നു:

“അദ്ദേഹം വലിയൊരു മനുഷ്യനായിരുന്നു. സ്വന്തം തറവാട്ടു മുറ്റത്ത് ഒരു സ്ഥിരം നാടക വേദിയുണ്ടാക്കി, ദിവസങ്ങളോളം മാസങ്ങളോളം ശാകുന്തളം പ്രദർശിപ്പിച്ചിരുന്നു. നാട്ടുകാർ നിരന്തരമായി വന്നു നാടകം കണ്ടു രസിച്ചിരുന്നു. സ്വന്തം തറവാട്ടിലെ ആദായമെടുത്താണ് അദ്ദേഹമിതൊക്കെ ചെയ്തത്. ഇന്നു നിനക്കെന്തു തോന്നുന്നു? നമ്മൾ ഈ 'സ്യമന്തകം' പ്രദർശിപ്പിക്കാൻ ടിക്കറ്റടിച്ചു വിറ്റില്ലേ, എന്നാൽ, അന്നിങ്ങനെയൊന്നുമായിരുന്നില്ല. ശാകുന്തളം അവതരിപ്പിച്ചത് വെള്ളരിനാടകമായിട്ടല്ല. എല്ലാ ചട്ടവട്ടങ്ങളോടും കൂടി. ദുഷ്യന്തൻ നായാട്ടിനു വന്നത്

തേരിലാണ്. കുതിരയെ പൂട്ടി, സാരഥി തെളിച്ചുകൊണ്ടു വരുന്ന തേര്. മനസ്സിലായോ? സ്വന്തം പെട്ടിയിലെ പണമെടുത്തും തറവാട്ട് കടംവരുത്തിയും നാടകം പ്രദർശിപ്പിക്കാൻ ഇന്നെത്രപേരെ കിട്ടും? എടോ, ഞാനദ്ദേഹത്തിന്റെ ഒരാശ്രിതനായിരുന്നു. അന്നവിടെ മൃദംഗം പഠിപ്പിക്കാനും വയലിൻ പഠിപ്പിക്കാനും സംഗീതം പഠിപ്പിക്കാനും വിദ്വാന്മാരെ നിയമിച്ചിരുന്നു. ആ തിരക്കിനിടയിൽ കണ്ടും കേട്ടും ഞാനും കുറച്ചൊക്കെ മനസ്സിലാക്കി."

ഇപ്പോൾ ഞാൻ നെടുവീർപ്പിടുന്നു. കാരണം, കേളുനായർ പറഞ്ഞു കേട്ട ബദ്ധപ്പാടിലും തിരക്കിലുമൊക്കെ ഞാനുണ്ടായിരുന്നെന്നു വെക്കുക. പാട്ടു പഠിക്കാനോ മൃദംഗം വായിക്കാനോ എനിക്കു കഴിഞ്ഞെന്നുവരില്ല. അതിനുള്ള ജന്മസിദ്ധമായ വാസനയെനിക്കില്ല. അതല്പം വേണമല്ലോ കൈവശം.

കേസുകൊടുക്കണമെന്ന കേളുനായരുടെ അഭിപ്രായം മനമല്ലാമനസ്സോടെയാണെങ്കിലും എല്ലാവരും സ്വീകരിച്ചു. പ്രൊപ്രൈറ്റർ ചെറിയോമന നായർ പ്രത്യേകിച്ചും. അദ്ദേഹം വലിയ വാശിക്കാരനായിരുന്നു. എന്തു സംഭവിച്ചാലും വേണ്ടില്ല, നാടകം കളിക്കണം. എത്ര പണം ചെലവായാലും, സർവ്വവും മുടിഞ്ഞു പോയാലും കെട്ടിയൊരുക്കിയ കൊട്ടകയിൽ ഒരു ദിവസമെങ്കിലും സ്യമന്തകം അവതരിപ്പിക്കണം. അങ്ങനെ കേളുനായരും ചെറിയോമനനായരും കേസു നടത്താനുള്ള പരിപൂർണ്ണമായ ചുമതല ഏറ്റെടുക്കുന്നു.

നാടകം കോടതികയറുന്നു. സത്രാജിത്തും പ്രസേനനും ശ്രീകൃഷ്ണനും ജാംബവാനും മറ്റും അഭിഭാഷക ശബ്ദത്തിലൂടെ ന്യായാധിപന്റെ മുന്നിൽ അണിനിരക്കുന്നു. കോടതി നാടകവേദിയാവുന്നു. പ്രോസിക്യൂട്ടർ പാടുന്നു:

ക്ഷത്രിയൻ ഞാ,നിവൻ വൈശ്യ-
നിവൻ ശൂദ്രൻ, ഇത്യാദി ജാതിഭ്രമം...

പാട്ടിനു പിറകെ വാദം വരുന്നു. ജാതിഭ്രമമോ? ജാതിയൊരു ഭ്രമമാണോ? ഒരു വ്യവസ്ഥയല്ലേ? പണ്ടു പണ്ട് ഉള്ള ഒരു വ്യവസ്ഥയല്ലേ? നൂറ്റാണ്ടുകളായി നിലനിന്നു പോരുന്നതല്ലേ? അതിനെ ഭ്രമമെന്നു പറയാമോ? അതു നിഷേധിക്കാൻ, അതിനെ ആക്ഷേപിക്കാൻ, ഇവിടത്തെ നിയമവ്യവസ്ഥ ആർക്കെങ്കിലും അധികാരം കൊടുത്തിട്ടുണ്ടോ? ഇത് ചക്രവർത്തി തിരുമനസ്സിലേക്കെതിരായുള്ള ഒരു ഗൂഢാലോചനയാണ്. വേദ കാലത്തേതോ ഒരു മഹാൻ ജനക്ഷേമം മുൻനിർത്തി രൂപ കല്പനനല്കിയ 'ചാതുർവർണ്യം' ഭ്രാന്തെന്നും ഭ്രമമെന്നും പറഞ്ഞു നിരാകരിക്കാൻ ആർക്കും അവകാശമില്ല.

അവകാശമുണ്ടായാലും ഇല്ലെങ്കിലും മുഴുവൻ വാദവും ശ്രദ്ധാപൂർവ്വം കേട്ട് ബഹുമാനപ്പെട്ട കോടതി, നാടകനിരോധം നിലനില്ക്കത്തക്കതല്ലെന്നു വിധിച്ചു. ആഹ്ലാദത്തോടെ, ജയഭേരിയോടെ ചെറിയോമന നായരും കേളുനായരും കോടതിവിട്ട് പുറത്തിറങ്ങി. പിന്നെ നാടക പ്രദർശനത്തിനുള്ള ഒരുക്കങ്ങൾ ധൃതിപിടിച്ചു നടന്നു. പുതിയ നോട്ടീസുകളും ടിക്കറ്റുകളും തയ്യാറായി. രംഗസജ്ജീകരണങ്ങൾ നിരന്നു.

പ്രദർശനദിവസമെത്തി. എല്ലാം ഭദ്രം. എവിടെയുമൊരു വീഴ്ചയില്ല. കാത്തിരുന്ന മുഹൂർത്തത്തിനു സാക്ഷ്യം വഹിക്കാൻ കൊട്ടക നിറച്ചും ജനങ്ങൾ വന്നുകൂടി. സ്റ്റേജ് മാനേജരുടെ ആദ്യവിസിൽ മുഴങ്ങി. മംഗളഗാനം തുടങ്ങി. മുൻകർട്ടൻ ഉയർന്നു. തപസ്സിരിക്കുന്ന സത്രാജിത്തിനെ ജനം കണ്ടു. സൂര്യന്റെ അശരീരി ശ്ലോകരൂപത്തിൽ മുഴങ്ങി. സ്റ്റേജ് മാനേജർ അച്യുതൻനായരുടെ മേൽനോട്ടത്തിൽ, ഒരു പാകപ്പിഴവുമില്ലാതെ സൂര്യൻ കറങ്ങി. കറങ്ങുന്ന സൂര്യൻ മദ്ധ്യത്തിൽ നിന്ന് സാവകാശം സ്യമന്തക രത്നം താഴോട്ടു താഴോട്ടുവരുമ്പോൾ. സത്രാജിത്ത് ആദരവോടെ അതു സ്വീകരിച്ചു. ജനം കൈയടിച്ച് അഭിനന്ദനം രേഖപ്പെടുത്തി. ചുരുക്കത്തിൽ, അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം ജനസമ്മതി നേടിക്കൊണ്ട് സ്യമന്തകം പരിപൂർണ്ണമായ വിജയം കൈവരിച്ചു. എല്ലാവർക്കും സന്തോഷം. അതുമാൻകുട്ടിക്കും അബ്ദുള്ളയ്ക്കും പരമ സന്തോഷം. അന്ന് ചായപ്പീടികയിൽ തകർത്ത വില്പനയായിരുന്നു.

കൊച്ചുകൊച്ച് അത്യാഹിതങ്ങളില്ലാതെ, ഈ ദുനിയാവിൽ ഇന്നോളം ഒരു നാടകവും അവതരിപ്പിച്ചിട്ടുണ്ടാവുകയില്ലെന്നാണ് അനുഭവത്തിൽനിന്നു മനസ്സിലാക്കേണ്ടത്. സ്യമന്തകത്തെ സംബന്ധിച്ച് ഇതെത്രയും പരമാർത്ഥമായിരുന്നു, ആദ്യത്തെ അത്യാഹിതം ആദ്യ മുഹൂർത്തത്തിൽ തന്നെ സംഭവിക്കുന്നു. അന്നു നിലവിലുണ്ടായിരുന്ന മുൻകർട്ടൻ പരമദ്രോഹിയായിരുന്നു. അനായാസമായി ചുരുണ്ടു ചുരുണ്ട് മേലോട്ടു കേറിപ്പോകേണ്ടതിനു പകരം അവൻ പാതിയോളം കയറി ഒരു നില്പുണ്ട്. അനങ്ങാംപാറ പോലെ. പിന്നെ, ചരടുവലിച്ചാൽ, ബലംപ്രയോഗിച്ചാൽ, വലിക്കാരന്റെ മറുവശമാണ് പൊങ്ങുക. അപ്പോൾ അവനൊരു ചീനവലയുടെ ഛായ കൈവരും. ആ നില്പിൽ അല്പം വൈരൂപ്യമുണ്ടെന്നല്ലാതെ അത്യാഹിതമൊന്നുമില്ല. പക്ഷേ, രംഗം അവസാനിച്ചു കർട്ടൻ വീഴേണ്ട സമയത്ത് അവൻ തേങ്ങോ കവുങ്ങോ വീഴുംപോലെ ശക്തിയായി താഴോട്ടു വരുന്നു. അപ്പോൾ ഹാർമോണിസ്റ്റിന്റെ സമീപം മേശപ്പുറത്തിരുന്ന് മൃദംഗം വായിക്കുന്ന ആളുടെ തലയില്ലാതെ മറ്റെങ്ങും അവൻ വീഴില്ല. അങ്ങനെ മുൻകർട്ടൻ ശക്തിയായി വീണ് രോമം മുഴുവനും നശിച്ച് തഴമ്പുകട്ടിയ തലയുടെ ഉടമസ്ഥനായിത്തീർന്ന ഒരാൾ ഞങ്ങളുടെ ഇടയിൽ അന്നുണ്ടായിരുന്നു. അയാൾക്കതിൽ പരിഭവമോ പരാതിയോ, ഉണ്ടായിരുന്നില്ല. മുൻകർട്ടന്റെ കൈയേറ്റത്തിൽനിന്നു രക്ഷ നേടാൻ വേണ്ടി അയാൾക്കു സ്ഥലംമാറി ഇരിക്കാമായിരുന്നു. പക്ഷേ, ഒരിക്കലും അങ്ങനെ ചെയ്യില്ല. അങ്ങനെ ചെയ്താൽ സദസ്സയാളെ കാണില്ല. ഹാർമോണിസ്റ്റിനെപ്പോലെ അദ്ദേഹത്തെയും സദസ്സു കാണേണ്ടതല്ലേ? അതെ, കണ്ടേ പറ്റൂ. അതുകൊണ്ടദ്ദേഹം മൗനമായി ഓരോ വീഴ്ചയും സഹിക്കുന്നു.

സ്യമന്തകത്തിന്റെ വിജയം പ്രവർത്തകരിൽ ആവേശമുണർത്തി. കൊട്ടക മിക്കവാറും ഒരു സ്ഥിരം നാടകവേദിയായി. അവിടെ വീണ്ടും വീണ്ടും സ്യമന്തകം പ്രദർശിപ്പിച്ചു. ഒറ്റനാടകത്തിലൊതുങ്ങി നില്ക്കാതെ സ്യമന്തകത്തിനു പിന്തുടർച്ചക്കാരെ കണ്ടെത്താനുള്ള ശ്രമവും നടന്നു. അങ്ങനെ, ഉഷാനിരുദ്ധം വരുന്നു. തിലോത്തമ

വരുന്നു. ഇതു പരിശീലിച്ചുകൊണ്ടിരിക്കുമ്പോഴും സ്യമന്തകം ഇടയ്ക്കിടയ്ക്ക് പ്രദർശിപ്പിക്കേണ്ടിവരും. അത്തരമൊരവസരത്തിലാണ് രണ്ടാമത്തെ അത്യാഹിതം.

സ്യമന്തകത്തിൽ ഒരിടത്ത് നാടകകൃത്തിന്റെ ഒരു നിർദ്ദേശമുണ്ട്. രുക്മിണിയും ശ്രീകൃഷ്ണനും മണിമഞ്ചത്തിലിരുന്നു പകിടകളിക്കുന്നു എന്നാണു നിർദ്ദേശം. ഈ നിർദ്ദേശം, അല്പമാരാശയക്കുഴപ്പത്തിനു വഴിവെച്ചു. എന്താണ് മണിമഞ്ചം? അതെങ്ങനെ സൃഷ്ടിച്ചെടുക്കും? ദീർഘമായ ചർച്ചയ്ക്കു ശേഷം ഒരു തീരുമാനത്തിലെത്തി. സ്റ്റേജിന്റെ പിറകിൽ നാലു മുളങ്കാലുകൾ നാട്ടുക. അതിനു മുകളിൽ പലകകൾ ആണിയടിച്ചു ചേർക്കാനുള്ള സൗകര്യമുണ്ടാക്കുക. അതിനു മാളികപ്പുറത്തുള്ള 'സിററൗട്ടി'ന്റെ ചന്തം വരുത്തുക. അവിടെ യിരുന്ന് രുക്മിണിയും ശ്രീകൃഷ്ണനും പകിട കളിക്കട്ടെ. നിർദ്ദേശം അംഗീകരിച്ചു കഴിഞ്ഞാൽ ബാക്കിയുള്ള ചുമതല സ്റ്റേജ് മാനേജർക്കാണ്. അദ്ദേഹം അത് ഭംഗിയായി നിർവ്വഹിച്ചു. തന്റെ മനോധർമ്മം പ്രയോഗിച്ചു പല നിറത്തിലുള്ള ഏതാനും വിളക്കുകളും അവിടെ ഘടിപ്പിച്ചു. സംഗതി കൊള്ളാം. നല്ല ചന്തം.

നാടകം തുടങ്ങി. കോണിവെച്ചു കയറുന്ന മണിമഞ്ചമാണ്. കയറേണ്ടത് കുഞ്ഞനന്തൻനായരെപ്പോലെ ഒരു വലിയ മനുഷ്യൻ. രുക്മിണിയുടെ വേഷമെടുക്കുന്ന കുഞ്ഞിക്കേളപ്പണിക്കർ അത്ര കനമുള്ള ആളൊന്നുമല്ല. ഒപ്പിക്കാം. രണ്ടുപേരും മണിമഞ്ചത്തിൽ കയറിപ്പറ്റി, മുൻ കർട്ടൻ മനമില്ലാമനസ്സോടെ പൊങ്ങി, മൃദംഗക്കാരൻ മുകളിലേക്കു നോക്കി മൂർധാവിൽ തടവി. രംഗം ആരംഭിക്കുന്നു. പാട്ടിലാണു തുടക്കം:

ഈരാറിന്നു ഞാൻ പകിട
കളിച്ചിട്ടുമളവിൽ
ഓരോന്നിവണ്ണം...

ശ്രീകൃഷ്ണൻ രുക്മിണിയോടു പരിഭവിച്ചു സംസാരിക്കുന്ന പാട്ടാണ്. പാടുമ്പോൾ പകിട ഉരുട്ടിക്കൊണ്ടിരിക്കും. ഉരുട്ടിയുരുട്ടി ഊക്കോടെ നിലത്തറിയും. അങ്ങനെയാണു പതിവ്. അന്നും അതു ചെയ്തു. അപ്പോൾ മണിമഞ്ചത്തിന്റെ ഏതോ ഭാഗത്ത് എന്തോ പൊട്ടുമ്പോലൊരു ശബ്ദം. പൊട്ടിയത് മുളങ്കാലാണ്. താമസമുണ്ടായില്ല. ഭൂമിയുടെ ആകർഷണശക്തി തെളിയിച്ചുകൊണ്ട്, മണിമഞ്ചം നിലം പൊത്തി; ഒപ്പം ശ്രീകൃഷ്ണനും രുക്മിണിയും! ശ്രീകൃഷ്ണൻ അപകടത്തിൽനിന്നു രക്ഷപ്പെട്ടു. രുക്മിണിയുടെ കാര്യത്തിൽ മറിച്ചാണു സംഭവിച്ചത്. വലിയ ആപത്തൊന്നും പറ്റിയില്ലെങ്കിലും ചില്ലറ പരിക്കുകൾ ഏറ്റുവാങ്ങേണ്ടിവന്നു—ഇതുപോലെ ആപത്തധികമില്ലാത്ത എത്രയെത്ര അത്യാഹിതങ്ങൾ!

— 18 —

# 'നാഷണല് പാടിയാൽ'

ഗതാഗത സൗകര്യങ്ങളൊന്നുമില്ലാത്ത ഒരു നാട്ടിൻപുറം. പാടവും തോടും കടന്നു നടന്നുതന്നെ എത്തേണ്ട സ്ഥലം. അവിടെ, നാടക പ്രദർശനത്തിനു വേണ്ടി ഒരു വലിയ കൊട്ടക കെട്ടിയുണ്ടാക്കുക. നിത്യേനയെന്നോണം നാടകപ്രദർശനം നടക്കുക. സന്ധ്യയാകുമ്പോൾ ജനം കൊട്ടകയ്ക്കു മുമ്പിൽ തടിച്ചുകൂടുക. ടിക്കറ്റെടുത്ത് അകത്തു കയറി നാടകം കാണുക. ഇതു സംഭവിച്ചത് പത്തമ്പതു കൊല്ലങ്ങൾക്കു മുമ്പാണെന്നു പറഞ്ഞാൽ ഇന്നാരും അത്രവേഗത്തിൽ വിശ്വസിക്കുകയില്ല. വിശ്വസിച്ചേ പറ്റൂ. 'ഭഗവതീവിലാസം നാടകക്കമ്പനി'. എന്റെ ഗ്രാമത്തിൽ അങ്ങനെയൊരു ചരിത്രം സൃഷ്ടിച്ചിരുന്നു. ചിങ്ങപുരം മൈതാനിയുടെ ഓരത്തുണ്ടായിരുന്ന ആ കൊട്ടകയിൽ നിന്ന് രാവും പകലുമൊരുപോലെ, അന്ന് സംഗീതം ഒഴുകിയിരുന്നു. ഹാർമോണിയത്തിന്റെയും മൃദംഗത്തിന്റെയും ശബ്ദം ഉയർന്നിരുന്നു. നാടക പ്രവത്തകരെല്ലാവരും കൊട്ടകയിൽത്തന്നെ താമസം. അമ്പലച്ചിറയിൽ കുളി. അതുമാൻകുട്ടിയുടെ കടയിൽ ഭക്ഷണം. നിരന്തരമായ സംഗീതാഭ്യസനം.

നാടകത്തിൽ അന്ന് പാട്ടിനാണു പ്രാമുഖ്യം. പ്രേമാഭ്യർത്ഥന നടത്തുന്നതും പോർവിളി മുഴക്കുന്നതും കുശലപ്രശ്നം നടത്തുന്നതുമെല്ലാം പാട്ടിലാണ്. രംഗവേദിക്കു പിറകിൽ ടെയ്പ്പ് റിക്കാർഡർവെച്ച് പ്രവർത്തിപ്പിച്ച്, അതിൽനിന്നു പുറത്തുവരുന്ന പാട്ടിനൊപ്പം വാപിളർന്നും ചുണ്ടുകൾ ചലിപ്പിച്ചും അപസ്മാര ചേഷ്ട കാണിച്ച്, താനൊരു ഗായകനാണെന്നു സദസ്സിനെ തെറ്റിദ്ധരിപ്പിക്കാനുള്ള കൗശലമൊന്നും അന്നുണ്ടായിരുന്നില്ല. വേഷമിട്ടവനാക്കെ പാടണം. സ്വരശുദ്ധിയും താളബോധവുമുണ്ടായാൽ വളരെ നന്നു. അതെല്ലാം കുറവായാലും ഒപ്പിക്കാം. കാരണം, അഭിനയ ശേഷിയും സംഗീതാഭിരുചിയും ഒത്തിണങ്ങിയവരെ കിട്ടാൻ പലപ്പോഴും വിഷമമായിരിക്കും. അതുകൊണ്ട് അപാകത ഏറെയില്ലാത്ത മട്ടിൽ രണ്ടും ഒത്തുചേർന്നവരെക്കൊണ്ടു കാര്യം ഒപ്പിച്ചെടുക്കുകയാണു പതിവ്. നാടകത്തിലെ പാട്ടിനെപ്പറ്റി പറയുമ്പോൾ രസകരമായ ഒരു സംഭവം ഓർത്തുപോവുകയാണ്. സന്ദർഭത്തിനു നിരക്കില്ലെങ്കിൽക്കൂടി അതിവിടെ പറഞ്ഞു കൊള്ളട്ടെ.

ഗോവിന്ദേട്ടന്റെ കൈയും പിടിച്ച്, ഒരു നാടകം കാണാൻ പോയപ്പോഴുണ്ടായതാണ്. കടൽത്തീരത്ത് തെങ്ങിൻതോപ്പിനിടയിൽ ഒരിടത്താണ് വേദി കെട്ടിയൊരുക്കിയത്. പൂഴിപ്പരപ്പിൽ ജനം അടിഞ്ഞു കൂടിയിരിക്കുന്നു. നാടകം സീതാദുഃഖമാണ്. സീതാദുഃഖമെന്നു പറയുമ്പോൾ നാടകത്തിന്റെ ഇതിവൃത്തം വിവരിക്കേണ്ട ആവശ്യമില്ലല്ലോ. നാടകാരംഭത്തിൽ സൂത്രധാരനും നടിയും പ്രവേശിക്കുന്നു. സദസ്സിനെ വന്ദിക്കുന്നു. നടി സൂത്രധാരനോടു പാട്ടിൽ ചോദിക്കുന്നു: "ആര്യപുത്രാ, ഈ മഹാസദസ്സിനെ എങ്ങനെ എന്തുകൊണ്ടു നാം സന്തോഷിപ്പിക്കണം?" അപ്പോൾ സൂത്രധാരൻ മറുപടി പറയുന്നു: "നമുക്ക് സീതാദുഃഖം എന്ന നാടകം കൊണ്ടു ഇവരെ മതിമറന്നു സന്തോഷിപ്പിച്ചു കളയാം." നടിക്ക് ചെറിയൊരു സംശയം: "ആരുടെ നാടകമാണിത്?" "ആരാണിതിന്റെ കർത്താവ്?" സൂത്രധാരന്റെ മറുപടി വരുന്നു. ഈ ഭാഗം മാത്രം ഗാനമായി ഇവിടെ പകർത്താം:

ആണ്ടിമാസ്റ്ററാൽ കൃതം—എ. വി.
ആണ്ടി മാസ്റ്ററാൽ കൃതം.

ഗാനം ഇവിടെയെത്തുമ്പോൾ നാടകകൃത്ത് സൈഡ് കർട്ടന്റെ അരികിലൂടെ രംഗത്തു വരികയും ഗ്യാസ് ലൈറ്റിന്റെ വെളിച്ചം പാകമാണോ എന്നു പരിശോധിക്കുകയും അതിന്റെ തിരി ചെറുതായൊന്നു നീട്ടി, വന്നവഴിയെ തിരിച്ചുപോവുകയും ചെയ്യുന്നു. അപ്പോൾ നാടക കൃത്തിനെ കണ്ടറിഞ്ഞ ജനം കൈയടിച്ചും ചൂളംവിളിച്ചും അഭിനന്ദനം രേഖപ്പെടുത്തുന്നു. തന്റെ ആസ്വാദകരെ നേരിലൊന്നു കാണാനും ആസ്വാദകരുടെ മുമ്പിൽ തന്നെ പ്രദർശിപ്പിക്കാനും നാടകകൃത്തു സ്വീകരിച്ച നടപടിക്രമം എത്ര നിർദ്ദോഷമാണ്. മൈക്രോഫോണിന്റെ കഴുത്തിൽ കേറിപ്പിടിച്ചു വെളിച്ചപ്പാടിനെപ്പോലെ അലറിവിളിക്കുന്ന ഇന്നത്തെ നാടകകൃത്തും സീതാദുഃഖത്തിന്റെ സൃഷ്ടി കർത്താവും തമ്മിൽ എന്തൊരന്തരം! തന്റെ സൃഷ്ടിക്കുള്ള പ്രേരകമായ വസ്തുതയെക്കുറിച്ചോ കഥാബീജം തനിക്കു വീണു കിട്ടിയ സ്ഥലത്തെക്കുറിച്ചോ നാടകം പരുവപ്പെടുത്തിയെടുക്കുമ്പോൾ താനനുഭവിച്ച 'ഗർഭപ്രസവാദി' ദുഃഖത്തെപ്പറ്റിയോ ഒരക്ഷരം അദ്ദേഹം പറയുന്നുണ്ടോ? ചുമ്മാ, ഒരു പാവത്താനെപ്പോലെ, കടന്നുവരുന്നു. വെളിച്ചത്തിലാണു നോട്ടം. വിളക്കിലാണു ശ്രദ്ധ. വിളക്കിന്റെ തിരി സാവകാശം നീട്ടി ഒന്നും സംഭവിക്കാത്തപോലെ തിരിച്ചുപോകുന്നു. അട്ടഹാസമില്ല; വാചാടോപമില്ല. നാടക കലയെപ്പറ്റി ആധികാരിക ഭാഷണമില്ല. നാടകം കാണാൻ വന്നവരെ നാടകം കാണിക്കുന്നു. അത്രതന്നെ. അതിൽക്കവിഞ്ഞൊന്നുമില്ല.

നാടകത്തിലെ പാട്ടിനെപ്പറ്റിയാണല്ലോ പറഞ്ഞുവന്നത്. ഇടയിൽ വിട്ടു പോയൊരു കാര്യമിവിടെ സൂചിപ്പിക്കട്ടെ. നാടക പ്രദർശനം നടത്തുമ്പോൾ സംഭവിച്ച ചില വിപത്തുകളെപ്പറ്റി മുമ്പേ പറഞ്ഞിട്ടുണ്ട്. രുക്മിണിയും കൃഷ്ണനും മണിമഞ്ചത്തിൽനിന്നു വീണതും രുക്മിണിക്ക് അസാരമായ പരിക്കുപറ്റിയതും. ഇതു സംഭ

വിച്ചത് നാടക പ്രദർശനം നടക്കുമ്പോഴല്ല. റിഹേഴ്സലിന്റെ സമയത്താണ്. പകിട കൈയിലിട്ട് ഉരുട്ടിക്കൊണ്ട് ശ്രീകൃഷ്ണൻ പാടുന്നു:

ഈരാറിനു ഞാൻ
പകിടകളിച്ചിട്ടുമളവിൽ
ഓരോന്നിവണ്ണം, നീ
പറയരുതേ, അയി സുമുഖീ...(ഈരാ.)

കളിയിലുണ്ടാവുന്ന അല്പമായൊരു പിണക്കത്തിന്റെ സൂചനയോടെയാണു പാട്ടു തുടങ്ങുന്നതും പകിട ശക്തിയായി നിലത്തെറിയുന്നതും ഏറിന്റെ ഊക്കിലായിരിക്കണം മണിമഞ്ചത്തിന്റെ കാലുകളിൽ ഒന്നു തകരുന്നതും മണിമഞ്ചത്തോടൊപ്പം അഭിനേതാക്കൾ ഭൂസ്പർശം നടത്തുന്നതും.

ഇതുപോലെ വേറൊരു സംഭവം. ജാംബവാനു വേണ്ടി ഒരു വലിയ ‘ഗുഹ’ തയ്യാറാക്കിയിരുന്നു. അതിന്റെ കാരണം ഇന്നും എനിക്കു പിടികിട്ടിയിട്ടില്ല. ജാംബവാൻ ഗുഹയിലാണു താമസമെന്നു നാടക പ്രവർത്തകരെ ആരാണു ധരിപ്പിച്ചതെന്ന് എനിക്കറിഞ്ഞുകൂടാ. നാടകകൃത്ത് അങ്ങനെ എഴുതിപ്പിടിപ്പിച്ചിട്ടുണ്ടോ എന്നും ഓർക്കുന്നില്ല: ഏതു നിലയിലായാലും വളരെയേറെ ബുദ്ധിമുട്ടി സ്റ്റേജ് മാനേജർ അച്യുതൻനായരുടെ മേൽനോട്ടത്തിൽ ഒരു ‘ഗുഹ’ ഒരുക്കിയിരുന്നു. ഈ ഗുഹയെ ചുറ്റിപ്പറ്റിയാണ് അടുത്ത അത്യാഹിതം. ഈ കാലഘട്ടമാവുമ്പോഴേക്കും ‘സ്യമന്തകം’ ഊരുവിട്ട് ഊരിലേക്കു പ്രദർശനം നടത്താനാരംഭിച്ചിരുന്നു. വടകര, കൊയിലാണ്ടി മുതലായ പട്ടണങ്ങളിലേക്കും ‘ഭഗവതീവിലാസം നാടകക്കമ്പനി’ എത്തിച്ചേർന്നിരുന്നു.

വടകരയിലാണ് സംഭവിച്ചത്. റെയിൽവേ സ്റ്റേഷനു സമീപമാണ് കൊട്ടക ഒരുക്കിയത്. ആസ്വാദകർ അനേകമെത്തിച്ചേർന്നിരുന്നു. വലിയ സദസ്സ്. സാമാന്യം ഭേദപ്പെട്ട നിലയിൽ തന്നെ നാടകം മുന്നേറുന്നു. ജനം നിശ്ശബ്ദമായി ആസ്വദിക്കുന്നു. അങ്ങനെ കാട്ട് വരുന്നു. ജാംബവാന്റെ ഗുഹ പ്രത്യക്ഷപ്പെടുന്നു. ശ്രീകൃഷ്ണൻ പാടിക്കൊണ്ടു പ്രവേശിക്കുന്നു. ശ്രീകൃഷ്ണന്റെ കാല്പെരുമാറ്റം കേട്ട് ജാംബവാൻ ക്ഷുബ്ധനാവുന്നു. തന്റെ അനുമതികൂടാതെ ഒരു പ്രാണിപോലും വാസസ്ഥലത്തു പ്രവേശിക്കാറില്ല. ആരാണീ ധിക്കാരി? ജാംബാവാൻ പാടുന്നു. ക്ഷോഭം വന്നാലും അന്ന് പാട്ടിലൂടെയാണ് അതു പ്രദർശിപ്പിക്കുന്നതെന്നു പറയേണ്ടതില്ലല്ലോ. ജാംബവാൻ പാട്ടിലൂടെ അരങ്ങേറി:

“നില്ലുനില്ലെടാ, നില്ലുനില്ലെടാ.”

പാട്ടു മുഴുവനിവിടെ പകർത്തേണ്ടതില്ല. തുടക്കമിങ്ങനെയാവുമ്പോൾ അതിനപ്പുറമെന്തായിരിക്കുമെന്ന് ഊഹിക്കാൻ പ്രയാസമില്ലല്ലോ. അങ്ങനെ പാടിക്കൊണ്ട് പരമമായ ശുണ്ഠിയോടെ ജാംബവാൻ ഗുഹയിലൂടെ മുമ്പോട്ടു വരുമ്പോൾ ഗുഹയുടെ നിർമ്മാണത്തിനുപയോഗിച്ച കയർ ജാംബവാന്റെ കാലിൽ കുടുങ്ങുന്നു. മുമ്പോട്ടുള്ള പ്രയാണം തടയപ്പെടുന്നു. നിന്നേടത്തു നിന്നുതന്നെ പാടേണ്ടിവരുന്നു. മുന്നരങ്ങിൽ

വെച്ച് ശ്രീകൃഷ്ണനുമായി ഏറ്റുമുട്ടാതെ നാടകം മുമ്പോട്ടു നീങ്ങില്ല. രംഗം അവസാനിക്കില്ല. ആകെ കുഴപ്പം.

അപ്പോൾ സ്ഥലകാലബോധം കൈ വെടിഞ്ഞു പോയ ഒരു ജോലിക്കാരൻ മടവാളുമായി ജാംബവാനെ സമീപിക്കുന്നു. മുണ്ട് മാടിക്കെട്ടി തലയിലൊരു കെട്ടും കെട്ടിയാണ് നാടകത്തിലില്ലാത്ത ഈ നടൻ രംഗപ്രവേശം ചെയ്തത്. ഒരു കുരങ്ങന്റെ വേഷത്തിലായിരുന്നുവെങ്കിൽ ജനം സഹിച്ചേനേ. അസ്ഥാനത്തു വന്ന നടനെ ജനം സ്വീകരിച്ചതു കൂവലോടെയാണ്. കൂവൽ കേട്ടമ്പരന്ന ശ്രീകൃഷ്ണൻ ഒന്നും ചെയ്യാനാവാതെ നിന്നു. അപ്പോൾ സ്റ്റേജ് മാനേജരുടെ പ്രതിഭയുണർന്നു. അദ്ദേഹത്തിന്റെ കൈയിലെ വിസിൽ ഉഗ്രമായി ശബ്ദിച്ചു. അവിടെയും അവസാനിപ്പിക്കാതെ മാനേജർ അലറിവിളിച്ചു: 'കർട്ടേൻ'. വിസിലും വിളിയും കേട്ട് മുൻകർട്ടൻ ബോധംകെട്ട് മൃദംഗവായനക്കാരന്റെ തലയിൽ ഉഗ്രശബ്ദത്തോടെ വന്നുവീഴുന്നു. ആ വീഴ്ചയെപ്പറ്റി മൃദംഗവിദ്വാൻ പിന്നീടു പറഞ്ഞതിങ്ങനെയാണ്:

"അതൊരു വീഴ്ചയായിരുന്നു. നല്ല തറവാട്ടുകാരന്റെ വീഴ്ച. തലമണ്ട പിച്ചളക്കുടം പോലെ മുഴങ്ങി. കണ്ണിൽനിന്നു പൊന്നീച്ച പറന്നു."

മറ്റു കുഴപ്പങ്ങളൊന്നുമില്ലാതെ വടകരയിലെ നാടകം അവസാനിച്ചു. നാടകമെന്ന കലാരൂപം, വെട്ടിമുറിച്ച്, ഏച്ചുകൂട്ടി, എഡിറ്റ് ചെയ്യാൻ പറ്റിയതല്ലല്ലോ. അപ്പോൾ ഇങ്ങനെ ചില ചെറിയ ന്യൂനതകളും പാകപ്പിഴകളും പോരായ്മകളുമൊക്കെ കണ്ടെന്നുവരും. ഇങ്ങനെ ചിലതില്ലെങ്കിൽ നാടകത്തിന്റെ ആസ്വാദ്യത പൂർണ്ണമാകുമോ?

പ്രേമാഭ്യർത്ഥനയ്ക്കും പോർവിളിക്കും കുശലപ്രശ്നത്തിനുമൊക്കെ അന്നു പാട്ടാണെന്നു പറഞ്ഞല്ലോ. അതിനുമാത്രമല്ല, മദ്ധ്യസ്ഥതയ്ക്കും അന്നു പാട്ടു തന്നെയായിരുന്നു. 'തിലോത്തമ' നാടകത്തിലെ ഒരു പാട്ട് ഇതിനെ ന്യായീകരിക്കുന്നു. സുന്ദനും ഉപസുന്ദനും തിലോത്തമയിൽ കലശലായ ഭ്രമം. സുന്ദരീ, പരമസുന്ദരീ എന്നു വിളിച്ചുകൊണ്ടു അവളെ സ്വന്തമാക്കാൻ രണ്ടുപേരും കിണഞ്ഞു പരിശ്രമിക്കുന്നു. പരിശ്രമം മൂത്തു വക്കാണത്തിലെത്തുന്നു. രണ്ടുപേരും മുറയ്ക്കൊരു യുദ്ധം തന്നെ നടത്തിക്കളയുമെന്നു വന്നപ്പോൾ തിലോത്തമ മധ്യസ്ഥത പറയുന്നു; പാട്ടിലൂടെ:

നിങ്ങളീ രണ്ടു പേരുമേ,
തങ്ങളിൽ പോരു പോരുമേ,
ഭംഗിയല്ലീ നില
എങ്ങുമേ കാണ്മീലാ...

അതാണു മട്ട്, സത്രാജിത്തിനൊരിക്കൽ പറ്റിയ അമളി രസമുള്ളതാണ്.

ശ്രീകൃഷ്ണനും സത്രാജിത്തുമൊക്കെ അന്നു കോട്ടു ധരിക്കുമായിരുന്നു. കോട്ടെന്നു പറഞ്ഞാൽ സാധാരണ കോട്ടല്ല, അതിന് 'ജിംകി' കോട്ടെന്നു പേര്. ആ പേര് എങ്ങനെ വന്നുവെന്നറിഞ്ഞു കൂടാ, എല്ലാവരും പറയുന്നതു കേട്ട് ഞാനും അങ്ങനെ പറയാൻ തുടങ്ങിയതാണ്. അതിവിടെയും പറഞ്ഞെന്നു മാത്രം. തെറ്റോ

ശരിയോ എന്നറിഞ്ഞു കൂടാ. എന്തെങ്കിലുമൊരു പദം കൊണ്ടതിനെ സൂചിപ്പിക്കണ മല്ലോ. അതുകൊണ്ടു മാത്രം പറഞ്ഞതാണ്.

നാടകം കഴിഞ്ഞാൽ കോട്ടഴിച്ച് ഒരു പെട്ടിയുള്ളതിൽ എല്ലാവരും സൂക്ഷിക്കും. പിന്നെ പുറത്തെടുക്കുന്നത് അടുത്ത നാടകത്തിന്റെ മേക്കപ്പ് തുടങ്ങുമ്പോഴാണ്, ഒരു ദിവസം മേക്കപ്പ് കഴിഞ്ഞു കോട്ടും ധരിച്ച സത്രാജിത്ത് തപസ്സിരുന്നു. സൂര്യൻ പ്രത്യക്ഷപ്പെടണം. സ്യമന്തകം നല്കണം. അതുവരെ തപസ്സിരിക്കണം. അന്നും അതുപോലിരുന്നു. അപ്പോഴാണ് കോട്ടിനടിയിൽ ഏതോ 'ജന്തു' സഞ്ചരിക്കുന്ന തായി അനുഭവപ്പെട്ടത്. അനങ്ങാൻ വൈക്യോ? മുമ്പിൽ ഉറ്റു നോക്കിയിരിക്കുന്ന സദസ്സല്ലേ? ജന്തു പതുക്കെ പുറത്തുവന്നു അല്പമൊന്നു വിശ്രമിച്ച്, പിന്നെ നല്ല കണ ക്കിനൊരു കുത്തുകൊടുത്തു. ഒന്നനങ്ങാനോ എഴുന്നേറ്റ് ഓടാനോ പാടുണ്ടോ? എട്ടെട്ടു ഭാരം കനകത്തെ നിത്യേന പെറ്റുകൂട്ടുന്ന രത്നമല്ലേ കിട്ടാൻ പോകുന്നത്. കടിച്ചു പിടിച്ചു സർവം സഹിച്ച് അനങ്ങാതിരുന്നു. ഒടുവിൽ സൂര്യനിൽ നിന്ന് രത്നം വാങ്ങി എഴുന്നേറ്റു ചുറ്റിനടക്കുന്നതിനു പകരം സത്രാജിത്ത് നേരെ അണിയറയി ലേക്കോട്ടമാണ്. അണിയറയിലെത്തി കോട്ടഴിച്ച് വലിച്ചെറിഞ്ഞപ്പോൾ അതാ കിടക്കുന്നു ഒരു വലിയ കരിന്തേൾ. ശിവ! ശിവ! എന്താ ഇതു കഥയെന്നു കണ്ടുനി ന്നവരനുതപിക്കുമ്പോൾ സത്രാജിത്ത് വേദനകൊണ്ടു പുളയുകയായിരുന്നു. സ്റ്റേജ് മാനേജർ മാത്രം അനുതപിക്കാൻ നില്ക്കാതെ അങ്ങുമിങ്ങും ഓടിനടന്നു അടുത്ത രം ഗത്തിനുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരുന്നു.

ഒരു അത്യാഹിതംകൂടി രേഖപ്പെടുത്താതെ വയ്യ. കൊയിലാണ്ടി മഠത്തിൽ സ്കൂൾ ഹാളിൽ നാടകം കളിക്കുന്നു. മുന്നൊരുക്കക്കാരായ ഞങ്ങളിൽ ചിലർ കാല ത്തുതന്നെ അവിടെയെത്തി. ഓരോരുത്തരെ ചുമതലകളേല്പിക്കുകയാണ്. ഉദ്യോ ഗസ്ഥന്മാർക്കും പ്രമാണിമാർക്കും കോംപ്ലിമെന്ററി പാസ്സ് കൊടുക്കണം; ക്ഷണി ക്കണം. അതിന്റെ ചുമതല ആരേറ്റെടുക്കുമെന്നായി. ഒടുവിൽ അതെന്റെ തലയിൽ വീണു. പാസ്സുകളൊക്കെ വാങ്ങി കവറിലിട്ട് അഡ്രസ്സെഴുതി ഞാൻ പുറപ്പെട്ടു. സാ മാന്യം ഭേദപ്പെട്ട നിലയിലാണ് പുറപ്പാട്. ഒരു വേഷ്ടിയുള്ളത് ഷർട്ടിനു മേലെ, 'സുഭാഷ്ബോസ്' മട്ടിൽ പുതച്ചു, തലമുടിയെല്ലാം ഭംഗിയായി ഒതുക്കി, രണ്ടുവട്ടം കണ്ണാടിയിൽ നോക്കി ഞാൻ യാത്ര പുറപ്പെട്ടു! അന്ന് സുഭാഷ് ചന്ദ്രബോസെന്നു പറഞ്ഞാൽ ചെറുപ്പക്കാർക്ക് ആവേശമായിരുന്നു. അദ്ദേഹത്തിന്റെ രൂപം മുദ്രണം ചെയ്ത ബാഡ്ജ് ധരിക്കുക, അദ്ദേഹം പുതയ്ക്കും പോലെ വേഷ്ടി പുതയ്ക്കുക. കണ്ണാടി നോക്കിയപ്പോൾ എനിക്കാകെ സംതൃപ്തിയായിരുന്നു. ആദ്യമായി കേറിയത് പ്ര മുഖനായ ഒരഭിഭാഷകൻ വീട്ടിലായിരുന്നു. അദ്ദേഹം സന്തോഷത്തോടെ ക്ഷണം സ്വീകരിച്ച് കൃത്യസമയത്തുതന്നെ വരാമെന്നേറ്റു. പിന്നെയും രണ്ടുനാലു വീടുകളിൽ കേറി. സ്കൂൾ മാനേജരുടെ വീടറിയാൻപാടില്ലായിരുന്നു. അന്വേഷിച്ചു. സാമാന്യം ഭേദപ്പെട്ടൊരു വീട്ടിന്റെ മുമ്പിലെത്തി. പടിക്കൽ കണ്ട ആളോട് ആരുടെ വീടെന്ന് അന്വേഷിച്ചു. പോലീസ് ഇൻസ്പെക്ടറുടെ വീടെന്നു മനസ്സിലായി. അവിടെയും കൊ ടുക്കണം കോംപ്ലിമെന്ററി. ഗെയിറ്റ് കടന്നു മുറ്റത്തെത്തി. പുറത്താരുമില്ല. ഇന്ന

ത്തെപ്പോലെ കാണുന്ന വാതിലിന്നടുത്തൊക്കെ കാളിങ് ബല്ല് ഒരുക്കിവെച്ച കാലമല്ലത്. വിദ്യുച്ഛക്തിതന്നെ പല സ്ഥലത്തും എത്തീട്ടില്ല. മുറ്റത്തു നിന്നു പലവട്ടം ഞാൻ ചുമച്ചു. അകത്തുള്ളവരുടെ ശ്രദ്ധയാകർഷിക്കാൻ വേറെയും ചില ക്രിയകൾ ചെയ്തു. ഒരാൾ പുറത്തുവന്നു. ഇൻസ്പെക്ടറാണോ മറ്റൊരെങ്കിലുമാണോ എന്നു തിരിച്ചറിയാൻ പറ്റില്ല. ഞാൻ കോംപ്ലിമെന്ററി പാസ്സ് എടുത്തു നീട്ടി. അദ്ദേഹമതു സ്വീകരിച്ചു. ഒന്നമർത്തി മൂളി ഒരു ചോദ്യം:

"കളിയെവിടെയാ?"

"മഠത്തിൽ സ്കൂളിൽ"

"എന്തു കളിയാ?"

"സ്യമന്തകം"

"ഉം!"

വീണ്ടും അമർത്തി മൂളി. ഞാൻ തിരിഞ്ഞു നടന്നു. ഗെയിറ്റിലെത്തിയപ്പോൾ പിറകിലാരോ കൈതട്ടുന്ന ശബ്ദം. തിരിഞ്ഞു നോക്കി. ശങ്കിച്ചുനിന്നു. അപ്പോൾ അദ്ദേഹം മാടിവിളിക്കുന്നു. ഞാൻ ചെന്നു. മുറ്റത്തെത്തിയപ്പോൾ താൻ ചായ കഴിച്ചോ എന്നു ചോദിക്കുന്നില്ലേ, അതു പോലെ അദ്ദേഹം പറയുന്നു:

"നായിന്റെ മോനേ, നേഷനൽ സോങ് പാടിയാൽ ചവുട്ടി എല്ലാറ്റിന്റെയും എല്ലു ഞാനൊടിക്കും."

മറുപടിക്കു കാത്തുനില്ക്കാതെ അദ്ദേഹം അകത്തേക്കു പോയി. ഇനി അഥവാ മറുപടിക്കു കാത്തുനിന്നെന്നു വരട്ടെ. ഞാനെന്തു പറയും? ഞാനല്ലല്ലോ പാടുന്നത്. എങ്കിലും സംബോധന അത്ര കൊള്ളില്ലെങ്കിൽപോലും അദ്ദേഹത്തിന്റെ അവതരണരീതിയുണ്ടല്ലോ, അതു സുന്ദരമായിരുന്നു. ആ നടപടിക്രമം ഒന്നിച്ചുവെച്ചാലോചിക്കുമ്പോൾ അതു തികച്ചും നാടകീയമായിരുന്നു എന്ന് ഇപ്പോൾ തോന്നുന്നു .

— 19 —

# പതിനായിരത്തിലൊരുവൻ

പുതിയ അരങ്ങ്, പുതിയ വേഷം, 'മാക്ക് മില്യൻസായ്പ്' പാഠപുസ്തകം. മുമ്പിൽ, ദാരിദ്ര്യത്തിന്റെ പല്ലും നഖവുമേല്പിച്ച മുറിപ്പാടോടെ വന്നിരിക്കുന്ന പൈതങ്ങൾ. അവരുടെ കണ്ണിൽ ഒരേയൊരു വികാരം: വിശപ്പ്. ഈർപ്പം മുറ്റിനില്ക്കുന്ന ആ കണ്ണുകളിലേക്കു നോക്കി, അദ്ധ്യാപകന്റെ ഭാഗം അഭിനയിക്കാൻ തുടങ്ങിയപ്പോൾ സഭാകമ്പമുണ്ടായില്ല. പകരം നീറിപ്പിടിക്കുന്ന വേദനയായിരുന്നു മനസ്സു നിറയെ.

അദ്ധ്യാപക ജോലി സ്വീകരിച്ചത് തുച്ഛമായ ശമ്പളത്തിനുവേണ്ടിയോ, സാക്ഷരത പ്രചരിപ്പിക്കാനോ ആയിരുന്നില്ല. പകരംവീട്ടുകയായിരുന്നു ലക്ഷ്യം. കൊച്ചുനാളിൽ എന്റെ കുരിക്കളിൽനിന്നു ഏറ്റുവാങ്ങിയ തല്ല്, ആർക്കെങ്കിലും പലിശയും ചേർത്തു കൊടുക്കണം. ക്രിമിനൽ കേസ്സിൽപെടാതെ അന്നു തല്ലു കൊടുക്കാൻ കഴിയുന്ന ഒരേയൊരു തൊഴിലായിരുന്നു അധ്യാപനം. അറ്റവയറിനു മേലെ കീറിപ്പൊളിഞ്ഞ മുണ്ടും ചുറ്റി മുമ്പിൽ വന്നിരിക്കുന്ന പൈതങ്ങളെ കണ്ടപ്പോൾ നടുങ്ങി. എങ്ങനെ തല്ലും? അധ്യാപക ജോലിയിലെ ആദ്യത്തെ ആശാഭംഗം! സാരമില്ല, ആവതും ഒട്ടിപ്പിടിച്ചുനില്ക്കാൻതന്നെ തീരുമാനിച്ചു.

'സ്യമന്തകം' ഇപ്പോൾ ഒരോർമ്മ മാത്രമാണ്. ജന്മകൃത്യം സാധിച്ച 'ഭഗവതീവിലാസം നാടകക്കമ്പനി' അതിന്റെ സ്വാഭാവികമായ അന്ത്യം വരിക്കുക തന്നെ ചെയ്തു. പ്രവർത്തകർ പലവഴി ചിന്നിച്ചിതറി. ചിലർ വീണ്ടും നിയമം ലംഘിച്ചു ജയിലിലെത്തി. മറ്റു ചിലർ, ഉപജീവനം തേടി നാടുവിടുകയാ, ചില്ലറ ജോലികളിൽ അഭയം തേടുകയോ ചെയ്തു.

നാടകക്കമ്പനിയുടെ ജന്മകൃത്യം സാധിച്ചെന്നു പറഞ്ഞതു വെറുതെയല്ല. ഗ്രാമീണജനതയിൽ നാടക പ്രേമം സൃഷ്ടിക്കാനതിന്നു കഴിഞ്ഞു. പണ്ടെങ്ങുമില്ലാത്ത വിധം ഒരു ഉണർവ്വുണ്ടാക്കാനും കഴിഞ്ഞു. ഉണർവ്വിന്റെ തെളിവെന്ന പോലെ മുക്കിലും മൂലയിലും 'കുട്ടിസ്യമന്തക'ങ്ങൾ മുളപൊട്ടി. എവിടെ നോക്കിയാലും നാടകം. ഒഴിവുസമയങ്ങളിലും ദിവസങ്ങളിലും വിദ്യാർത്ഥികൾ നാടകം പഠിക്കുന്നു. വലിയ ആർഭാടമില്ലാതെ, ഒതുങ്ങിയ മട്ടിൽ അരങ്ങേറുന്നു. ഉത്സാഹത്തിമർപ്പോടെ മുതിർ

ന്നവരതു കാണാനും ആസ്വദിക്കാനുമെത്തുന്നു. ചിലപ്പോൾ മുൻകർട്ടനുപയാഗിക്കു ന്നത് ഉടുമുണ്ടായിരിക്കും. മുഖത്തു തേപ്പിനു ചോക്കുപൊടി ഉപയോഗിച്ചെന്നുവരും. എന്തൊക്കെയായാലും നാടകമല്ലേ. കാണാനാളുകളുണ്ട്. കുറ്റങ്ങളും കുറവുകളും എത്രയൊക്കെയുണ്ടായാലും 'കുട്ടി സ്യമന്തകം' ജനങ്ങൾ വേണ്ടുവോളം ആസ്വദിച്ചു.

മലബാറിലെ—ക്ഷമിക്കണം, അങ്ങനെയൊരു പേരുച്ചരിക്കാൻ പാടില്ലെ ന്നും അതു പോലൊരു ഭൂപ്രദേശം ഈ ദുനിയാവിലില്ലെന്നും ഏതോ ഒരു ദിവ്യൻ എവിടെയോവെച്ച് ഉദ്ഘോഷിച്ചെന്നും, പല ദിവ്യന്മാർ ഒരുമിച്ചതിനു ശിങ്കിടിപാ ടിയെന്നും കേട്ടു. ക്ഷമിക്കണം. ദിവ്യന്മാർ മുഴുവനും ക്ഷമിക്കണം—ഇവിടെ വിവരി ക്കാൻ പോകുന്നത് ചരിത്രവുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ടു മലബാറെന്ന് ഇടയ്ക്കിടെ പറഞ്ഞു പോകുന്ന പെരുംകുറ്റപ്പാടു പൊറുത്തേ പറ്റൂ. മലബാറിൽ അന്നു ണ്ടായിരുന്ന പതിന്നാലായിരം എയിഡഡ് അദ്ധ്യാപകരിൽ ഒരുവനായിട്ടാണ് ഞാൻ ജോലിയിൽ കയറിയത്. കോഴ കൊടുത്തില്ല. അന്ന് അമ്പതിനായിരവും, ലക്ഷവും കൊടുക്കാൻ പ്രാപ്തിയുള്ള ഉദ്യോഗാർത്ഥികളോ വാങ്ങാൻ കഴിവും കരു ത്തുമുള്ള സ്കൂൾ മാനേജർമാരോ ഉണ്ടായിരുന്നില്ല. ബ്രിട്ടീഷ് ഗവണ്മെന്റ്, ദയാദാ ക്ഷിണ്യം കൊണ്ടു നിരക്ഷരകുക്ഷികളായ പ്രജകൾക്ക് അക്ഷരവിദ്യ നല്കാൻ കല്പി ച്ച കണ്ടുപിടിച്ചതായിരുന്നു പ്രൈവറ്റ് മാനേജ്മെന്റ് സമ്പ്രദായം. ചെറുകിട ജന്മി മാരേയോ, ചില്ലറ വ്യാപാരികളേയോ കണ്ടുപിടിച്ചു വിദ്യാലയം നടത്താൻ കരാറു കൊടുക്കുന്നു. കരാറിന്റെ പ്രതിഫലമായി ആണ്ടുതോറും 'ഗ്രാന്റ്' എന്ന പേരിൽ ഒരു നിശ്ചിത സംഖ്യയും കൊടുക്കുന്നു. മാനേജർമാർ അതു വാങ്ങി അദ്ധ്യാപകർ ക്കിടയിൽ വീതിക്കുന്നു. ഈ വാങ്ങലും വീതിക്കലും അക്കാലത്തു സീമാതീതമായ ആക്ഷേപങ്ങൾക്ക് ഇടവരുത്തിട്ടുണ്ട്. അതുപോലെ അദ്ധ്യാപകരുടെ ജോലിസ്ഥി രതയെപ്പറ്റിയും മാനേജ്മെന്റ് സമ്പ്രദായത്തിന്റെ കെടുതിയെപ്പറ്റിയും ഗ്രാന്റ് നല്കു ന്ന രീതിയെപ്പറ്റിയും നാടു നീളെ കലശലായ ആക്ഷേപമുണ്ടായിരുന്നു. ദേശാഭി മാനികളായ നേതാക്കന്മാരും ബുദ്ധിജീവികളുമൊക്കെ ഈ സമ്പ്രദായത്തെ കടു ത്ത വാക്കുകൾകൊണ്ട് ആക്ഷേപിച്ചിട്ടുണ്ട്. ഒരു തെളിവിതാ. സഞ്ജയന്റെ ഒരു ആക്ഷേപഹാസ്യകവിതയിൽ നിന്നു ചില വരികൾ:

ഗ്രാന്റു നീ വേഗമുറങ്ങാൻ ഒരു
ബാന്റു സംഗീതം തുടങ്ങാം.
കണ്മണി, നീയുറങ്ങെന്റെ പൊന്നു-
പെണ്മണിത്തയ്യലേ ഗ്രാന്റേ,
......
പൈതലിൻ പൂമേനി കാണാൻ പ്രേമ-
ക്കാതലിൻ പുഞ്ചിരി കാണ്മാൻ,
അമ്മ കൊതിപ്പതു പോലെ യോഗി
ബ്രഹ്മത്തെ ധ്യാനിക്കുമ്പോലെ.

ഏകാഗ്രഭാവനയാലേ—നിന്നെ-
പ്പൂകുന്നു മാനേജർ ചാലേ.
ആർക്കറിയാവൂ, ഹാ, നിന്റെ ഗൂഢ-
മാർഗ്ഗസഞ്ചാരങ്ങൾ ഗ്രാന്റേ?

ഈ ഗൂഢ മാർഗ്ഗസഞ്ചാരം അവസാന വിശകലനത്തിൽ അധ്യാപകനു ദോഷം വരുത്തുന്നതായി കാണാം. പരിശോധനാ ഉദ്യോഗസ്ഥന്റെ പേനത്തുമ്പിലൂടെ തിരിയുന്ന ശുപാർശയിലൂടെ, പല പല ഫയലുകളിൽ കയറിയിറങ്ങി, വെട്ടും തിരുത്തും കൈപ്പറ്റി കൊല്ലാവസാനത്തിൽ രൂപം കൊള്ളുന്ന ഗ്രാന്റ്, അതിൽ രേഖപ്പെടുത്തിയ തുക. എങ്ങനെ ഏതളവിൽ ഏതു തോതിൽ തട്ടിപ്പടച്ചുണ്ടാക്കിയതാണെന്ന് ദിവ്യജ്ഞാനമുള്ളവർക്കു പോലും കണ്ടു പിടിക്കാനാവില്ല. സഞ്ജയൻ ഒടുവിൽ എത്തിച്ചേരുന്നത് ഈ നിഗമനത്തിലാണ്:

മാരിചൊരിഞ്ഞു കഴിഞ്ഞുള്ളൊരു
കാറ്റുപോൽ കട്ടികുറഞ്ഞു
തിണ്ണെന്നു മാനേജർകൈയിൽ പുതു-
വെണ്ണപോൽ കാളിടും തീയിൽ
ചേരുന്നുരുകി നീ; പിന്നെ സ്കൂളി-
ലാരുണ്ടു കാണുന്നു നിന്നെ.

അദ്ധ്യാപക ജോലിക്കുള്ള പ്രതിഫലമെന്ന നിലയിൽ അവതരിപ്പിക്കുന്ന ഗ്രാന്റ് ആളിക്കത്തുന്ന തീയിൽ ഉരുകിപ്പോകുന്ന വെണ്ണ പോലെ എങ്ങോ നാശമടയുന്നു.

അദ്ധ്യാപകർക്ക് ഉദ്യോഗസ്ഥിരത ഇല്ലാത്തതായിരുന്നു മാനേജ്മെന്റ് വ്യവസ്ഥയുടെ മറ്റൊരു മഹാശാപം. കാരണമില്ലാതെ എപ്പോൾ വേണമെങ്കിലും മാനേജർക്ക് അദ്ധ്യാപകനെ പിരിച്ചുവിടാം. എന്റെ ഒരനുഭവം! ആദ്യമായി അദ്ധ്യാപകവൃത്തിയിൽ കയറുന്നു. പുതിയ ജോലി. പുതിയ കുപ്പായം. കാലത്തെ എഴുന്നേറ്റു കുളി. മുടി ചീകിവെക്കൽ. ചന്ദനപ്പൊട്ടു തൊടൽ. വഴിനീളെ വീടുകൾ തോറും കയറിയിറങ്ങി കുട്ടികളെ അന്വേഷിക്കൽ. മടിയന്മാരെ തെരഞ്ഞു പിടിക്കൽ. എല്ലാം ചിട്ടയായി നടക്കുന്നു. ഒന്നിലും വീഴ്ച വരുത്തുന്നില്ല. മാക്ക്മില്യൻ സായ്പ് ചമച്ച പാഠപുസ്തകത്തിലെ കവിതകൾ തട്ടുപൊളിയൻ രീതിയിൽ ഉറക്കെച്ചൊല്ലുന്നു. കറുപ്പുപലകയിൽ അതെഴുതിക്കൊടുക്കുന്നു. ഒരു മഹാപണ്ഡിതന്റെ, ദിവ്യന്റെ, മട്ടിൽ കുട്ടികളുടെ മുമ്പിൽ അഭിനയിക്കുന്നു. വാ പൊളിച്ചു മുമ്പിലിരിക്കുന്നത് പാവങ്ങളാണെന്നറിഞ്ഞിട്ടും, അവരോടു പൂർണ്ണമായ സഹതാപമുണ്ടായിട്ടും ഇടയ്ക്കിടെ ഓരോ തല്ലു കൊടുക്കാൻ മറന്നില്ല. കാരണം, നല്ല മാഷാവാൻ അന്നു കുട്ടികളെ തല്ലുകതന്നെ വേണം; ഇല്ലെങ്കിൽ ആർക്കുമൊരു മതിപ്പില്ല. അതുകൊണ്ടു തല്ലി. പശ്ചാത്താപത്തിന്റെ പുണ്യതീർത്ഥമൊഴുക്കി ഇന്നും ഞാനാ തെറ്റു കഴുകിക്കളയാൻ ശ്രമിക്കുകയാണ്.

അങ്ങനെ അഞ്ചു മാസം ജോലി ചെയ്തു. ഒരു ദിവസമെങ്കിലും മുടങ്ങിയിട്ടില്ല. വയ്യെങ്കിലും കൃത്യസമയത്ത് സ്കൂളിലെത്തും. ഞാനൊഴിച്ച് അവിടെയുള്ളവരെല്ലാം താപ്പാനകളായിരുന്നു. പരിചയസമ്പന്നർ. തങ്ങളുടെ ജോലിയെപ്പറ്റി ബോധമുള്ളവർ. നശ്വരമാണു ജോലിയെന്നു മനസ്സിലാക്കിയവർ. പാകമായി പഴുത്തു കണ്ണിയിൽ തൂങ്ങിനില്ക്കുന്ന ഒരു മാമ്പഴം പോലെ നേരിയൊരു കാറ്റു തട്ടിയാൽ അടർന്നു. താഴെ വീഴാൻ പാകത്തിലായിരുന്നു അവരെന്ന് എനിക്കറിഞ്ഞു കൂടായിരുന്നു. പക്ഷേ, അവരൊക്കെ അത് നല്ലപോലെ മനസ്സിലാക്കി, അതിനനുസരിച്ച് തങ്ങളുടെ ജീവിതവും ജോലിയുടെ രീതിയും പാകപ്പെടുത്തിവെച്ചിരുന്നു.

എനിക്ക് എന്നെപ്പറ്റി വലിയ മതിപ്പു തോന്നി. ജോലിയിലുള്ള എന്റെ ആത്മാർത്ഥത മാതൃകാപരമാണെന്നു ഞാൻ വിശ്വസിച്ചു. ആരോടുമത് തുറന്നു പറഞ്ഞില്ലെന്നുമാത്രം. എന്താണെന്റെ ശമ്പളം? എനിക്കറിഞ്ഞുകൂടാ. എന്നാണ് ശമ്പളം കിട്ടുക? അതും അറിഞ്ഞു കൂടാ. സത്യത്തിൽ എനിക്കു മാത്രമല്ല, എന്റെ സഹപ്രവർത്തകർക്കും അത് അറിഞ്ഞു കൂടായിരുന്നു. ചിലപ്പോൾ ഒരു കൊല്ലം പൂർത്തിയാകുമ്പോൾ ഗ്രാന്റ് വരും. എങ്ങനെ വരുന്നു, എതിലേ വരുന്നു. എന്നറിഞ്ഞു കൂടാ, വന്നാൽ ബഹളമാണ്. അദ്ധ്യാപകരുടെ ബഹളം. മാനേജരെ തേടിയുള്ള ബഹളം. ഗ്രാന്റ് കിട്ടിയാൽ അല്പദിവസങ്ങൾ മാനേജർ അപ്രത്യക്ഷനാവും. എവിടെ പോയെന്നു ആർക്കുമറിയില്ല. അദ്ധ്യാപകർ അന്വേഷിച്ചന്വേഷിച്ചു മടുത്തു. "കണ്ണാ നീയെവിടെ?" എന്നു പാടി തളരുമ്പോൾ അദ്ദേഹം പ്രത്യക്ഷപ്പെടും. അടക്കിപ്പിടിച്ച ശബ്ദത്തിൽ ഗവണ്മെന്റിനെ ശകാരിക്കും. പരിശോധനാ ഉദ്യോഗസ്ഥനെ വഴക്കു പറയും. വിദ്യാഭ്യാസരീതിയെ തെറിവിളിക്കും. പക്ഷേ, ഗ്രാന്റിന്റെ കാര്യം, അദ്ധ്യാപകർ ഒരു വർഷമായി കാത്തിരി ക്കുന്ന അവരുടെ പ്രതിഫലത്തിന്റെ കാര്യം, കമാന്നൊരക്ഷരം മിണ്ടില്ല. എല്ലാ തെറിയും പൂരപ്പാട്ടും കഴിഞ്ഞ് ഒടുവിലാണ് സംഗതി പുറത്തു ചാടുന്നത്. മാനേജർ പറയുന്നു:

"വയ്യാ, എനിക്കു വയ്യാ."

"എന്താ കാര്യം?" അദ്ധ്യാപകർ ചോദിക്കുന്നു.

"സ്കൂൾ നടത്താൻ എന്നെക്കൊണ്ടു വയ്യ; ആർക്കു വേണമെങ്കിലും നടത്താം. ഞാനീ നിമിഷം ഒഴിഞ്ഞു തരാം."

"എന്താ മാനേജർ പറയുന്നത്?"

"ഇത്തവണ കിട്ടിയ ഗ്രാന്റിന്റെ തുക അറിയാമോ?"

"എത്രയാ?" അദ്ധ്യാപകർ കോറസ്സായി ചോദിക്കുന്നു.

"മുന്നൂറു രൂപ. ഏഴു പേർക്ക് മുന്നൂറു രൂപ വീതിക്കണം. ഒരാൾക്കെത്ര കിട്ടും? ഇതാണോ ശമ്പളം? ഇങ്ങനെയാണോ ശമ്പളം കൊടുക്കേണ്ടത്?"

അദ്ധ്യാപകരുടെ മനസ്സ്, മുന്നൂറിനെ ഏഴുകൊണ്ടു ഹരിക്കുകയും ഹരിച്ചുകിട്ടിയ തുക വീണ്ടും പന്ത്രണ്ടു കൊണ്ട് ഹരിക്കുകയും ചെയ്യുന്ന തിരക്കിലായിരുന്നു. ഒടുവിൽ ഉത്തരം കിട്ടുമ്പോൾ, ബോധക്ഷയത്തിന്റെ വക്കിൽ കാൽ തളർന്നു വീഴുന്നു.

വീണേടത്തു കിടന്ന് മാനേജർ കൊടുക്കുന്നത് വാങ്ങുന്നു. ശഠിക്കാനോ കണക്കു പറയാനോ വയ്യ. അങ്ങനെയെങ്കിൽ ചെയ്ത നിമിഷം തൊട്ട് അദ്ധ്യാപകനു ജോലിയില്ല. ഇത്രയും പറഞ്ഞുപോയത് പിൽക്കാലാനുഭവം വെച്ചു കൊണ്ടാണ്.

തുടങ്ങിയത് എന്റെ ആദ്യ ജോലിയിലാണല്ലോ. മടങ്ങിപ്പോകാം. അഞ്ചു മാസം സത്യസന്ധമായി ജോലി നോക്കിയെന്നു പറഞ്ഞല്ലോ. ആറാമത്തെ മാസത്തിന്റെ പിറവിദിവസം, എന്നു വെച്ചാൽ ഒന്നാം തീയതി. പതിവുപോലെ കുളിച്ചു കുറിയിട്ട്, കൃത്യസമയത്തു സ്കൂളിലെത്തുന്നു. ഹാജർ പട്ടികയിൽ ഒപ്പുവെക്കാൻ സഹപ്രവർത്തകരോടൊപ്പം മാനേജരുടെ മേശയ്ക്കരികിൽ എത്തുന്നു. പട്ടിക നിവർത്തി ഓരോരുത്തരായി ഒപ്പിട്ടു പിരിയുന്നു. അവസാനത്തെ ഊഴം എന്റേതാണ്. സ്റ്റീൽ പെൻ മഷിക്കുപ്പിയിലാഴ്ത്തി, വലിച്ചെടുത്തു കുടഞ്ഞ്, കുനിഞ്ഞു ഹാജർപട്ടികയിലേക്കു നോക്കുമ്പോൾ എന്റെ പേരവിടെയില്ല. ഞാൻ സഹപ്രവർത്തകരുടെ മുഖത്തു നോക്കി. എങ്ങും ഒരു ഭാവഭേദമില്ല. പിന്നെ ഞാനായിട്ടെന്തിനു ഭാവഭേദം കാട്ടുന്നു? ഞാൻ മിണ്ടാതെ തിരിഞ്ഞു നടന്നു. ആരോടും ഒന്നും പറയാതെ പടിയിറങ്ങി.

അതോടെ എല്ലാം അവസാനിച്ചില്ല. അവസാനിക്കുന്നുമില്ല. കാരണം കൂടാതെ എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാനുള്ള അധികാരം കയ്യിലിരിക്കുമ്പോൾ ജോലി നൽകാൻ മാനേജർമാർ മടിക്കില്ല. ശല്യമാണ്, ഗുണമില്ല, ലാഭമില്ല എന്നൊക്കെ തോന്നിയാൽ പറഞ്ഞു വിടാം. ഈ വ്യവസ്ഥ നിമിത്തം താമസിയാതെ എനിക്കു ജോലി കിട്ടുന്നു. ഇത്തവണ ഒരു പെൺപള്ളിക്കൂടത്തിലാണ് ചെന്നുപെട്ടത്. ചിട്ടയിൽ നടക്കുന്ന സ്കൂൾ; പരിഷ്കരിച്ച മട്ടിൽ വേഷം ധരിക്കുന്ന അദ്ധ്യാപകർ. പാട്ടും ഡാൻസുമൊക്കെ പഠിപ്പിക്കുന്നുണ്ട്. ഇടയ്ക്കു ഹാർമോണിയത്തിന്റെയും ചിലങ്കയുടെയും ശബ്ദമുണ്ടാകും. അതൊരു സുഖം തന്നെ. പ്രാഥമികവിദ്യാലയമാണെങ്കിലും ഹൈസ്കൂൾ ശൈലിയിലാണു നടത്തിപ്പ്. അദ്ധ്യാപകരിൽ ചിലർ കോട്ട് ധരിക്കുന്നു. മറ്റു ചിലർ കോട്ടിനു മീതെ വേഷ്ടി ചുറ്റുന്നു. തരക്കേടില്ലെന്ന അഭിപ്രായമുണ്ടായി. പക്ഷേ, കോട്ടു ധരിക്കണമെന്നു മാനേജർ ഒരിക്കലും എന്നെ നിർബ്ബന്ധിച്ചില്ല. അതുകൊണ്ടു തന്നെ അങ്ങനെയൊരപരാധം ചെയ്യേണ്ടിയും വന്നില്ല. ഞാനിപ്പഴാലോചിക്കുകയാണ്. അന്നെങ്ങാനും കോട്ടു ധരിക്കണമെന്നു മാനേജർ നിർബ്ബന്ധിച്ചിരുന്നെങ്കിൽ എന്റെ സ്ഥിതി എന്താകുമായിരുന്നു? വയ്യെന്നു പറഞ്ഞാൽ ഉടനെ പിരിച്ചുവിട്ടും. ആവാമെന്നു സമ്മതിച്ചാൽ അന്നു പൊതുവിൽ പാശ്ചാത്യസംസ്കാരത്തോടു പുച്ഛവും വെറുപ്പുമുള്ള കാലം. കഴിയുന്നതും ഖദർ ധരിക്കണമെന്ന നിർബന്ധമുള്ള കാലം. ദൈവാധീനമെന്നു പറയട്ടെ, മാനേജർ അങ്ങനെയൊന്നും ചെയ്തില്ല. അതിലെനിക്ക് അദ്ദേഹത്തോടിന്നും നന്ദിയുണ്ട്.

പക്ഷേ, കാര്യം മറ്റൊരു വഴിക്കു തിരിഞ്ഞു. വിധി ആർക്കെങ്കിലും തടുക്കാനാവുമോ? ഒരുനാൾ രാവിലെ സ്കൂളിൽ കടന്നുചെന്നപ്പോൾ മാനേജർ സ്ഥലത്തുണ്ട്. ഞാനെന്റെ ക്ലാസ്സിൽ ചെന്നിരുന്നു. അല്പ നിമിഷം കഴിഞ്ഞപ്പോൾ ഒരു കുട്ടി എന്നെ സമീപിക്കുന്നു. കടലാസ് ചുരുൾ എന്റെ മേശപ്പുറത്തു വെക്കുന്നു. ഞാനതെടുത്തു ചുരുൾ നിവർത്തി വായിക്കുന്നു.

“ഇന്നു മുതൽ നിങ്ങളുടെ സാർവീസ് ഇവിടെ ആവശ്യമില്ലാത്തതുകൊണ്ടു നിങ്ങളെ പിരിച്ചുവിട്ടിരിക്കുന്നു.”

ഇതിൽ ഒരക്ഷരമെങ്കിലും മാറീട്ടില്ല. എല്ലാ വാക്കുകളും അന്നു മാനേജർ എഴുതിയതുതന്നെ. കഷ്ടകാലത്തിന് ആ കടലാസ് നഷ്ടപ്പെട്ടുപോയി. ഇല്ലെങ്കിൽ മാനേജ്മെന്റ് സമ്പ്രദായത്തിന്റെ ഗർഹണീയതയ്ക്ക് ഇന്നത് ഒരൊന്നാന്തരം രേഖയാവുമായിരുന്നു.

കടലാസ് ചുരുൾ നിവത്തി വായിക്കുമ്പോൾ എന്റെ കൈ വിറച്ചില്ല. ഉദ്വേഗംകൊണ്ടു ഹൃദയമിടിപ്പു കൂടിയില്ല. ഏതു നിമിഷവും ഇതു സംഭവിക്കാമെന്ന മട്ടിലായിരുന്നു ഞാൻ ജോലിചെയ്തിരുന്നത്. ഞാൻ മാത്രമല്ല, എന്റെ വർഗ്ഗത്തിൽപ്പെട്ട, മലബാറിലെ പതിന്നാലായിരം അദ്ധ്യാപകന്മാർ മുഴുവനും. ഉദ്യോഗസ്ഥിരതയ്ക്കു വേണ്ടി, നേരിട്ടുള്ള ശമ്പളത്തിനുവേണ്ടി കൊതിച്ചിരുന്ന പതിന്നാലായിരത്തിനെ കർമ്മ നിരതരാക്കാനും സമരസന്നദ്ധരാക്കാനും ആഹ്വാനം നല്കിക്കൊണ്ട് അന്നു രംഗത്തിറങ്ങാൻ ശക്തരായ ചില അദ്ധ്യാപകരുണ്ടായി. അവരുടെ പിന്നിലണിനിരക്കാൻ അദ്ധ്യാപകർ സന്നദ്ധരായി. അങ്ങനെ മലബാർ എയിഡഡ് സ്കൂൾ അദ്ധ്യാപക സംഘടന ജന്മം പൂണ്ടു. അദ്ധ്യാപക സംഘടനയുടെ ഐതിഹാസിക സമരം മലബാറിന്റെ ചരിത്രത്തിൽ വർണ്ണോജ്ജ്വലമായ ഒരദ്ധ്യായം എഴുതിച്ചേർത്തു.

— 20 —

# രാവുണ്ണിയുടെ മന്ത്രവാദം

വിദ്യാഭ്യാസ മേഖലയിലെ എയിഡഡ് സമ്പ്രദായം ഒരു ഇന്ദ്രജാലക്കളിപോലെയായിരുന്നു. “വാന്ന് പറഞ്ഞാൽ വാ, പോന്ന് പറഞ്ഞാൽ പോ”. ഈ കളിയിൽ കുടുങ്ങി സത്യവും മിഥ്യയും തിരിച്ചറിയാൻ വയ്യാതെ അദ്ധ്യാപകർ വരികയും പോവുകയും ചെയ്തുകൊണ്ടിരുന്നു. ഉദ്യോഗസ്ഥിരത ഇല്ലാത്തതിലോ ‘മാസപ്പടി’ക്കു പകരം കൊല്ലപ്പടി’ ആയതിലോ, തുച്ഛമായ പ്രതിഫലത്തുക ഒരു മൂന്നാമന്റെ കൈയിൽ ഏല്പിക്കുന്നതിലോ മറ്റു പലർക്കുമെന്നപോലെ എനിക്കും അതൃപ്തിയോ അമർഷമോ പ്രതിഷേധമോ ഒന്നും ഉണ്ടായിരുന്നില്ല. എല്ലാം നിയമത്തിന്റെ കളി.

നല്ല കെട്ടിടം വിദ്യാലയത്തിനാവശ്യമാണെന്നു മാനേജർക്കോ ഗവൺമെന്റിനോ അന്നു നിർബ്ബന്ധമുണ്ടായിരുന്നില്ല. ചോർന്നൊലിച്ച് ഭിത്തികൾ പൊട്ടിപ്പൊളിഞ്ഞും വൃത്തിഹീനമായി കിടക്കുന്ന കെട്ടിടങ്ങളായിരുന്നു അധികവും, എന്നാൽ, വർഷാന്തപ്പരീക്ഷയെന്ന സുദിനം വന്നു ചേരുമ്പോൾ സംഗതികളാകെ മാറും. പരീക്ഷയ്ക്കു വരുന്നത് ‘ഡെപ്യൂട്ടി ഇൻസ്പെക്ടർ’ എന്ന ഉദ്യോഗസ്ഥനാണ്. ഇന്നു വിദ്യാഭ്യാസവകുപ്പിൽ അങ്ങനെയൊരു തസ്തിക ഉണ്ടോ എന്നറിഞ്ഞുകൂടാ. അദ്ദേഹം പരമാധികാരിയായിരുന്നു. അദ്ദേഹത്തിന്റെ വാക്കും എഴുത്തും അന്നു നിയമമായിരുന്നു. അലംഘനീയമായ നിയമം. ഒരു അദ്ധ്യാപകന്റെ ജീവിതം നാശമാക്കിക്കളയാനും ഒരു വിദ്യാലയത്തിന്റെ അംഗീകാരം കുളത്തിലിറക്കാനും ശക്തിയുള്ള തായിരുന്നു അദ്ദേഹത്തിന്റെ പെന്നിലെ മഷി. കൊല്ലത്തിലൊരു തവണയേ അദ്ദേഹത്തിന്റെ സന്ദർശനം പതിവുള്ളൂ. നഞ്ഞെന്തിനു നാനാഴി? അന്നാവട്ടെ, അദ്ധ്യാപകന്മാർ ഭയപരിഭ്രമങ്ങളിൽ മുഴുകി കഴിയണം. അദ്ദേഹത്തിന്റെ മുമ്പിൽ ആർക്കും ഇരിക്കാൻ പാടില്ല. സംഹരിച്ചു കളയും. പരിശോധനകഴിഞ്ഞു സ്ഥലംവിടുവോളം അദ്ധ്യാപകർ കുന്തം പോലെ നില്ക്കണം. സർവ്വജ്ഞരായതുകൊണ്ടും ഇവരിൽ പലരും അധ്യാപകരുടെ മുമ്പിൽ വെച്ച് വിദ്യാർത്ഥികളോടു ചോദ്യങ്ങൾ ചോദിക്കുകയും വിദ്യാർത്ഥികൾ പിഴച്ചു പറയുന്ന ഓരോ ചോദ്യത്തിനും അദ്ധ്യാപകനെ പരസ്യമായി ശകാരിക്കുകയും ചെയ്യും. അവിടം കൊണ്ട് അവസാനിച്ചെങ്കിൽ പൊറുക്കാ

മായിരുന്നു. ഒരു പടികൂടി മുമ്പോട്ടു കയറി കുട്ടികളുടെ മുമ്പിൽവെച്ച് അദ്ധ്യാപകൻ വിജ്ഞാനത്തെ അളക്കുന്ന സമ്പ്രദായവും അവരിൽ ചിലർക്കുണ്ടായിരുന്നു.

ഈ വർഷാന്തപ്പരിശോധനയെന്ന കടമ്പ ചാടിക്കടക്കുന്നതിൽ അദ്ധ്യാപകരും മാനേജരും ഒത്തൊരുമയോടെ ചെയ്തു തീർക്കുന്ന സാഹസ കൃത്യങ്ങൾ പലതാണ്. ദിവസങ്ങളോളം ഉറക്കൊഴിച്ചു ജോലിചെയ്യണം. ഭിത്തികളിലെ പൊട്ടും പൊളിയും സൂത്രവിദ്യ പ്രയോഗിച്ചു മറച്ചുവെക്കണം. വെൺകളി പൂശണം. വാതിലിനും ജനലിനും മുകളിലായി വൃത്തിയുള്ള അക്ഷരങ്ങളിൽ "ഈശ്വരൻ രാജാവിനെ കാത്തു രക്ഷിക്കട്ടെ" എന്നെഴുതിവെക്കണം. ജോർജ്ജ് ചക്രവർത്തിയുടേയും മഹാരാജ്ഞിയുടേയും പടം വർണ്ണക്കടലാസിൽ മാലയുണ്ടാക്കി അലങ്കരിക്കണം. പിന്നെ ആപ്തവാക്യങ്ങൾ പലതും ഇംഗ്ലീഷിലും മലയാളത്തിലും ഭിത്തിയിൽ പലവാറും എഴുതിക്കണം. കുരുത്തോല കൊണ്ടു കെട്ടിടത്തിനു ചുറ്റും അലങ്കാരം തൂക്കണം. അങ്ങനെ ഇൻ സ്പെക്ടറുടെ കണ്ണിൽ പൊടിയിട്ട് ഇൻസ്പെക്ഷൻ റിപ്പോർട്ട് നല്ല രീതിയിൽ എഴുതിക്കിട്ടാൻ ത്യാഗങ്ങൾ പലതുമനു സഹിക്കണ്ടിയിരുന്നു.

എന്നാൽ, ഏറ്റവും വലിയ ത്യാഗം സഹിക്കേണ്ടതു് കുട്ടികളെ തേടിപ്പിടിച്ചു കൊണ്ടുവരുന്ന കാര്യത്തിലായിരുന്നു. രക്ഷിതാക്കൾ ജോലിക്കു പോകുന്ന വീടുകളിൽ കൊച്ചുകുട്ടികളെ നോക്കി മുതിർന്ന കുട്ടികൾ വീട്ടിലിരിക്കുന്നു. ഏതെങ്കിലും കുളമോ പുഴയോ അടുത്തുണ്ടെങ്കിൽ ചിലർ ചൂണ്ടയിടാൻ പോകുന്നു. കുന്നിൻചെരിവിലും പാടത്തും പുഴവക്കിലും കല്ലുവെട്ടുകുഴിയിലുമൊക്കെ അന്വേഷിച്ചുനടന്നു വേണം കുട്ടികളെ ആട്ടിത്തെളിച്ചുകൊണ്ടുവരാൻ. ഈ വർഷാന്ത പരീക്ഷയെന്ന വസ്തു ഒരു വലിയ അക്കിടി പറ്റിക്കുന്നുണ്ട്. ഇൻസ്പെക്ടറുടെ ആപ്പീസിൽനിന്ന് വർഷാന്തപ്പരീക്ഷയ്ക്കുള്ള തീട്ടൂരം വരുന്നതു് അദ്ധ്യാപകന്റെ നട്ടെല്ലൊടിക്കാൻ പാകത്തിലാണ്. "ജനവരി മാസം പത്താം തീയതിയോ പതിന്നാലു ദിവസം മുമ്പോ പിമ്പോ" വർഷാന്തപരീക്ഷ നടക്കുമെന്നാണ് തീട്ടൂരം വിളംബരം ചെയ്യുന്നതു്. വശക്കേടു നോക്കണേ, പതിന്നാലു ദിവസം മുമ്പും പിമ്പുമെന്നു പറയുമ്പോൾ ഇരുപത്തിയെട്ടു ദിവസം കുട്ടികളെ തേടിപ്പിടിച്ച് അദ്ധ്യാപകർ ക്ഷീണിച്ചേ പറ്റൂ. ഈ ഇരുപത്തെട്ടിനിടയിൽ ഏതെങ്കിലുമൊരു ദിവസം ഇൻസ്പെക്ടർ ചാടിക്കേറി വന്നാൽ, അന്നു കുട്ടികളുടെ ഹാജർ കുറഞ്ഞു പോയാൽ, സംഗതി കുഴഞ്ഞതുതന്നെ. ഗ്രാന്റിൽ ഉഗ്രമായ 'കട്ട്' സംഭവിക്കും. കട്ട് സംഭവിച്ചാൽ പ്രതിഫലത്തുക കാര്യമായി കുറയും. കുറഞ്ഞു കിട്ടുന്ന സംഖ്യയിൽ മാനേജരുടെ കട്ടും കൂടി ചാടിവീണാൽ കുരങ്ങൻ അപ്പം തൂക്കിയ കഥതന്നെ. അതുകൊണ്ട് വർഷാന്തപരീക്ഷയുടെ നാളുകൾ അദ്ധ്യാപകൻ വ്രതശുദ്ധിയോടെ ജോലിചെയ്യുന്നു.

ഇതുപോലൊരവസരത്തിൽ ഞങ്ങളുടെ വിദ്യാലയത്തിൽ ഒരു ചെറിയ സ്ഫോടനം. ഇന്നത്തെ നിലയിലുള്ള മാരകമായ സ്ഫോടനമല്ല. രാവുണ്ണി കുരിക്കളാണ് കഥാനായകൻ–ഒന്നാം ക്ലാസ്സിനെ 'ശിശുത്തരം' എന്ന ഓമനപ്പേരിട്ടു വിളിച്ചുവരുന്നു. രാവുണ്ണികുരിക്കൾ 'ശിശുത്തര'ത്തിലെ സർവ്വാധിപതിയാണ്. അവിടെ കുട്ടികളെ തേടിപ്പിടിച്ചെത്തിക്കുന്നതു് എളുപ്പമുള്ള സംഗതിയല്ല. കൊച്ചുകുട്ടികളായതു

കൊണ്ട് പലതിനെയും തോളിലേറ്റിക്കൊണ്ടുവരണം. അതു വലിയ സാഹസമായതുകൊണ്ട കുരിക്കൾ ഒരു 'ഡക്ക' വേല പ്രയോഗിക്കുന്നു. സ്കൂൾ പിരിയുന്ന നേരത്ത് 'സ്റ്റാൻഡ്, സിറ്റ്' എന്നിങ്ങനെ നാലഞ്ചു പ്രാവശ്യം ഉറക്കെ പറഞ്ഞു കുട്ടികളിൽ ഒരു പുതുചൈതന്യമുണ്ടാക്കുന്നു. ഉറക്കച്ചടവൊക്കെ മാറി അല്പം ഉന്മേഷത്തിന്റെ അടയാളം കുട്ടികളുടെ മുഖത്തു പ്രത്യക്ഷപ്പെടുമ്പോൾ കുരിക്കളുടെ പ്രഭാഷണം വരുന്നു. നാളെ പരീക്ഷയാണ്; കേട്ടോ. എല്ലാവരും കേട്ടോ. ഇൻസ്പെക്ടർ വരുന്ന ദിവസം. എല്ലാവരും കുളിച്ച് കുറിതൊട്ട്, അലക്കിയ മുണ്ടുടുത്തു നേരത്തേ വരണം. മനസ്സിലായോ?" പ്രഭാഷണത്തിന്റെ അവസാനം ക്ലാസ്സുവിടുന്നു. പരമ ദുരിതത്തിൽനിന്നു മോചനം നേടിയ കുട്ടികൾ ആർത്തുവിളിച്ചു പുറത്തേക്കോടുന്നു. പിറ്റേദിവസം സംഗതിക്കു കൊഴുപ്പുകൂടുന്നു. കുട്ടികളിൽ പലരും കുളിച്ചിട്ടുണ്ട്, കുറിതൊട്ടിട്ടുണ്ട്. അലക്കിയ വസ്ത്രം ധരിച്ചിട്ടുമുണ്ട്. കൊള്ളാം! തന്റെ സൂത്രം ഫലിച്ചതിൽ കുരിക്കൾ സന്തോഷിച്ചു. സഹപ്രവർത്തകരുടെ മുമ്പിൽ വിജയ കഥ പ്രഖ്യാപിക്കുകയും ചെയ്തു.

എന്നും വൈകീട്ട് രാവുണ്ണികുരിക്കളിതാവർത്തിച്ചു. "സ്റ്റാന്റ് സിറ്റ്...എല്ലാവരും നേർത്തെ കുളിച്ചു കുറിതൊട്ട്..." പ്രഭാഷണം അവസാനിപ്പിച്ചു കുട്ടികൾ പിരിഞ്ഞു പോവാൻ തുടങ്ങി. ഒരു വീരൻ മാത്രം അവിടെ അവശേഷിക്കുന്നു. അവന്റെ പേർ കുഞ്ഞിക്കണ്ണൻ. അവൻ ബഞ്ചിലിരിക്കുന്നു. രാവുണ്ണികുരിക്കൾ അന്തംവിട്ടു നോക്കുന്നു. അപ്പോൾ കുഞ്ഞിക്കണ്ണൻ കിടക്കുന്നു. കുരിക്കൾ ചോദിക്കുന്നു:

"എന്തെടാ കുഞ്ഞിക്കണ്ണാ?"

കുഞ്ഞിക്കണ്ണൻ നിശ്ശബ്ദം.

"നിനക്കെന്തു പറ്റി?"

അതിനും മറുപടിയില്ല.

"വയ്യേ? എന്താ പോവാത്തത്?"

അപ്പോൾ കുഞ്ഞിക്കണ്ണൻ കിടന്ന കിടപ്പിൽ തലപൊക്കാതെ. സാവകാശം മറുപടി പറയുന്നു:

"ഇനി ഞാൻ പരീച്ച കയിഞ്ഞേ പോന്ന് ള്ളു."

കുരിക്കൾ നാലുപുറവും ജാള്യത്തോടെ നോക്കി. തന്റെ പരാജയത്തിനാരെങ്കിലും സാക്ഷി നിൽക്കുന്നുണ്ടോ? ഇല്ല; ആരുമില്ല. ഭാഗ്യം. കുരിക്കൾ കുഞ്ഞിക്കണ്ണനെ പറഞ്ഞാശ്വസിപ്പിച്ചും പ്രലോഭിപ്പിച്ചും പതുക്കെ പടികടത്തിവിട്ടു.

അങ്ങനെ എന്തൊക്കെയെന്തൊക്കെ വിചിത്രസംഭവങ്ങൾക്കു സാക്ഷ്യം വഹിച്ചതാണ് അന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം. കുഞ്ഞു വയസ്സിൽത്തന്നെ പരമ രസികനായിരുന്ന കുഞ്ഞിക്കണ്ണൻ ഇന്ന് ഏതു മേഖലയിൽ എങ്ങനെ എവിടെ ജീവിക്കുന്നു എന്നറിഞ്ഞുകൂടാ. എവിടെയായാലും കുഞ്ഞിക്കണ്ണനിതു വായിച്ചു സ്വയം അഭിനന്ദിക്കുമെന്നു തീർച്ച.

അന്നത്തെ വിദ്യാഭ്യാസരീതിയുടെ ഏകദേശസ്വഭാവം മനസ്സിലാക്കാൻ രാവുണ്ണികുരിക്കളിലൂടെ ഒന്നുരണ്ടനുഭവങ്ങൾ കൂടി കുറിക്കട്ടെ. അന്ന് ഡെപ്യൂട്ടി ഇൻസ്പെക്ടറായി ഉന്നത ജാതിയിൽപ്പെട്ട ഒരാൾ ചക്രവാതം പോലെ പരിസരം കിടിലം കൊള്ളിച്ചുകൊണ്ടു വരികയുണ്ടായി. ഉഗ്രമൂർത്തി, അദ്ധ്യാപകരേയും മാനേജരേയും നാട്ടുകാരെത്തന്നേയും വിരട്ടാൻ മടിയില്ലാത്ത മനുഷ്യൻ. സ്കൂളിൽ വന്നു രജിസ്റ്ററുകൾ പരിശോധിച്ച് ഒപ്പിട്ടു കഴിഞ്ഞാൽ വലിച്ചെറിയുകയാണു പതിവ്. പക്ഷികളെപ്പോലെ അന്തരീക്ഷത്തിലൂടെ പറക്കുന്ന രജിസ്റ്ററുകൾ ഓടിപ്പിടിക്കാൻ ആദരവോടെ രണ്ടദ്ധ്യാപകർ തയ്യാറായി നിൽക്കണം. അദ്ദേഹത്തിന്റെ ശൂണ്ഠിയും എടുത്തുചാട്ടവും ബഹളവുമെല്ലാം കണ്ടും കേട്ടും ജനങ്ങളൊരഭിപ്രായം തമ്മിൽത്തമ്മിലന്നു രേഖപ്പെടുത്തുകയുണ്ടായി "സാമി കൈക്കുലിക്കാരനാണ്." കൈക്കൂലിക്കാർ അക്കാലത്തങ്ങനെയായിരുന്നത്രേ. ക്രോധവും ശകാരവും എടുത്തുചാട്ടവുമൊക്കെ തന്റെ വിഹിതം തനിക്കു കിട്ടാനുള്ള ബദ്ധപ്പാടിന്റെ ലക്ഷണമായിരുന്നു.

കൊല്ലത്തിലൊരിക്കൽ സ്കൂളിലേക്കു കടന്നുവരികയെന്ന സമ്പ്രദായത്തിന് അദ്ദേഹം മാറ്റം വരുത്തി. അങ്ങനെയിരിക്കുമ്പോൾ ഒരു നാൾ ഓടിച്ചാടി വരും, ബഹളംകൂട്ടും. അത്തരമൊരു സന്ദർഭം. രാവുണ്ണികുരിക്കളുടെ ദിനചര്യ അല്പമൊന്നിവിടെ വിവരിക്കേണ്ടിയിരിക്കുന്നു. അദ്ധ്യാപകവൃത്തിക്കു പുറമെ മന്ത്രവാദമെന്ന ഉപതൊഴിലും അദ്ദേഹത്തിനുണ്ടായിരുന്നു. തന്ത്രവും മന്ത്രവും ഹോമവുമായി രാത്രി ഉറക്കൊഴിക്കുന്ന കുരിക്കൾ, വൈകിയാണു ക്ലാസ്സിലെത്തുന്നത്. എത്തിക്കഴിഞ്ഞാൽ ഇടംവലം നോക്കാതെ കുട്ടികളോടു നോക്കിയെഴുതാൻ കല്പിക്കും. പിന്നെ കസേരയിൽ കയറി കാലുരണ്ടും മടക്കി കയറ്റിവെച്ച്, കൈകൾകൊണ്ടു ചുറ്റിപ്പിടിച്ച്, വീഴില്ലെന്നുറപ്പുവരുത്തി ഒരിരുപ്പാണ്. ഇരുന്നു കഴിഞ്ഞാൽ പിന്നെ താമസമില്ല. പതുക്കെ കൂർക്കം വലിക്കും. കുട്ടികൾ സന്തോഷത്തോടെ ബഹളം വെക്കും. അങ്ങനെ ഒരുദിവസം രാവുണ്ണി കുരിക്കൾ സുഷുപ്തിയിലാവുകയും കുട്ടികൾ ബഹളം വെക്കുകയും ചെയ്യുന്ന സമയത്ത് അദ്ദേഹം കയറിവരുന്നു. ഇരപിടിക്കാൻ വരുന്ന ഒരു കടുവയെപ്പോലെ ഇൻസ്പെക്ടർ. അനേകം ബട്ടണുകൾ കഴുത്തോളം മുറുക്കിനിർത്തിയ കറുത്ത ഷട് കോട്ട്, പാളസ്സാറ്റ്, കസവുതൊപ്പി. കക്ഷിയെക്കണ്ടു അധ്യാപകരൊന്നടക്കം എഴുന്നേറ്റു നിന്നു. ആരും ശ്വാസംവിട്ടില്ല. എങ്ങും നിശ്ശബ്ദത. ഇൻസ്പെക്ടറുടെ സൂക്ഷ്മദൃഷ്ടി, കത്തിയമ്പുപോലെ നേരെ രാവുണ്ണി കുരിക്കളുടെ കസേരയിൽ ചെന്നു പതിക്കുന്നു. എന്തും സംഭവിക്കാം. ആർക്കും ഒന്നും പറയാൻ വയ്യ; ഊഹിക്കാനും. ഇൻസ്പെക്ടർ സാവകാശം നടന്നു. എല്ലാ കണ്ണുകളും അദ്ദേഹത്തെ പിൻതുടർന്നു. ഇൻസ്പെക്ടർ അടുത്തു ചെന്നു കുരിക്കളുടെ തോളിൽ കൈവെച്ചു. കുട്ടികളാരോ തന്നെ ധിക്കരിച്ചതാവുമെന്ന ധാരണയിൽ കുരിക്കൾ കൈ തട്ടിമാറ്റി അലറി:

"പോടാ, പോ. പോയി നോക്കിയെഴുത്."

ഇൻസ്പെക്ടർ വീണ്ടും തോളിൽ തട്ടി. ഇത്തവണ പേരു വിളിച്ചു കൊണ്ടാണു തട്ടിയത്.

ശബ്ദം കേട്ട് കുരിക്കളുടെ പ്രതിഭ, കണക്കുകൂട്ടി. ഇതു തന്റെ കാലൻ തന്നെ. സംശയിക്കാനില്ല. എങ്കിലും സംഗതി പൂർണ്ണമായി മനസ്സിലാക്കാൻ കുരിക്കൾ പാതിക്കണ്ണു തുറന്നു. കറുത്ത കോട്ട്, പട്ടാളച്ചിട്ടയിലുള്ള ബട്ടണുകൾ. പിന്നെ താമസമുണ്ടായില്ല, ഒരു ചാട്ടത്തിനു കുരിക്കൾ ഇൻസ്പെകളുടെ കാല് തന്റെ കൈപ്പിടിയിലാക്കി, കണ്ണു തുറക്കാതെ തന്നെ വിലപിച്ചു:

"സ്വാമിയേ ശരണം."

അനങ്ങിയാൽ വീഴുമെന്നും, വീണാൽ നട്ടെല്ലു തകരുമെന്നും, നട്ടെല്ലു തകർന്നാൽ അദ്ധ്യാപകവൃന്ദത്തെ വിരട്ടാനാവില്ലെന്നും മനസ്സിലാക്കിയ ഇൻസ്പെക്ടർ ക്ഷോഭമടക്കി പറഞ്ഞു:

"വിട് രാവുണ്ണി."

"സ്വാമ്യേ ശരണം."

"കാലുവിടാൻ."

"ക്ഷമിക്കണം സാമീ."

"ക്ഷമിച്ചു രാവുണ്ണി, ഒരു വട്ടമല്ല പലവട്ടം—"

കുരിക്കൾ പിടിവിട്ടെഴുന്നേറ്റ് ശ്രീരാമചന്ദ്രന്റെ മുമ്പിൽ ഹനുമാനെന്നപോലെ ഭക്ത്യാദരപുരസ്സരം നിന്നു. മറ്റദ്ധ്യാപകർ ഒരു വധശിക്ഷയ്ക്കു സാക്ഷ്യം വഹിക്കുന്നവരെപ്പോലെ പരവശരായി നിന്നു. അപ്പോൾ അത്ഭുതം സംഭവിക്കുന്നു:

"രാവുണ്ണി, ഉറക്കം സുഖായോ?"

കുരിക്കൾ തലകുനിച്ചു. ഇൻസ്പെക്ടർ തുടർന്നു.

"ഉറക്കം വന്നാൽ ആരും ഉറങ്ങും. സാരമില്ല. തന്നോടുള്ള ചോദ്യമതല്ല. എവിടെ തന്റെ ക്ലാസ്സിലെ കുട്ടികൾ?"

"അയ്യോ സ്വാമീ, ഇന്നൊരു കല്യാണമുണ്ടിവിടെ."

അത് അക്കാലത്തുള്ള റഡീമേഡ് ഉത്തരമാണ്. ഉത്സവക്കാലത്താണെങ്കിൽ ഉത്സവം. മഴക്കാലത്താണെങ്കിൽ വെള്ളപ്പൊക്കം. അല്ലാത്ത അവസരങ്ങളിലൊക്കെ കല്യാണം. ഇൻസ്പെക്ടർ എന്തോ ആലോചിച്ചു നില്ക്കുമ്പോൾ കുരിക്കൾ പറയുന്നു:

"ഇന്നുമുണ്ട്, നാളെയുമുണ്ട് കല്യാണം."

ഇൻസ്പെക്ടർ പല്ലുകടിച്ചു മുരണ്ടു.

"നിനക്കു നിത്യകല്യാണം ഭവിക്കട്ടെ, രാവുണ്ണീ."

— 21 —

# നാടകവേദിയുടെ സുവർണ്ണദശ

"എന്താ ജോലി?"

നാട്ടിൻപുറത്തെ ശുദ്ധാത്മാവായ കാർന്നോപ്പാട്ട് എതു ചെറുപ്പക്കാരനെ കണ്ടാലും ചോദിക്കും. ആത്മാർത്ഥമായ ചോദ്യമാണ്. ഭേദപ്പെട്ട ജോലിയാണെങ്കിൽ തന്റെ പേരക്കുട്ടിയേയോ മരുമകളേയോ കെട്ടിച്ചുകളയാമെന്ന സ്വാർത്ഥവിചാരമൊന്നും ആ ചോദ്യത്തിനില്ല. ചെറുപ്പക്കാർ വെറുതെ തെക്കുവടക്ക നടന്നു കേട്ടുവരരുതല്ലോ. എവിടെയെങ്കിലും പറ്റിപ്പിടിച്ചുനിന്നു നന്നാവണ്ടതല്ലേ? അങ്ങനെയൊരു വിചാരം മാത്രമേ കാർന്നോപ്പാടിന്റെ ചോദ്യത്തിനു പിറകിലുള്ളു. എന്നാൽ, അങ്ങ് എന്റെ ഗ്രാമത്തിൽ ഏതു കാണാപ്പാടിന്റെ മുന്നിലും ചൂളാതെ നിവർന്നു നിന്നു പറയാവുന്നൊരു മറുപടി ചെറുപ്പക്കാർക്കുണ്ടായിരുന്നു.

"മാഷ്."

"എന്താ ശമ്പളം?"

കാർന്നോപ്പാടിന്റെ അടുത്ത ചോദ്യം. അവിടെ വശക്കേടുവരുന്നു. എന്താണു ശമ്പളമെന്ന് അതു കൈനീട്ടി വാങ്ങുന്ന അധ്യാപകനോ എണ്ണിപ്പെറുക്കി അധ്യാപകനെ ഏല്പിക്കുന്ന മാനേജർക്കോ മാനേജരുടെ പേരിൽ ബില്ലെഴുതിക്കൊടുക്കുന്ന വിദ്യാഭ്യാസവകുപ്പിനോ അറിഞ്ഞുകൂടായിരുന്നു. കൂട്ടലും കിഴിക്കലും കഴിഞ്ഞു കൊല്ലത്തിലൊരിക്കൽ, പ്രതിഫലമായി ഗ്രാന്റ് എന്ന പേരിലതു പെറ്റുവീഴുന്നു. അത്ര തന്നെ. അതുകൊണ്ടുതന്നെ ശമ്പളത്തുക ഇന്നതെന്നു പറയാൻ ദൈവം പോലും വിചാരിച്ചാൽ കഴിയുയിരുന്നില്ല.

നിജസ്ഥിതി, ഇതൊക്കെയായിരുന്നാലും ഒരു ജോലിയുണ്ടല്ലോ, നാലാളോടു പറഞ്ഞു നടക്കാമല്ലോ. അതു ധാരാളം എന്ന വിചാരമായിരുന്നു ചെറുപ്പക്കാർക്ക്. അല്പം വൃത്തിയുള്ളൊരു ഷർട്ടും നെറ്റിയിലൊരു ചന്ദനപ്പൊട്ടും കണ്ടാൽ ഗ്രാമവിദ്യാലയത്തിലെ അധ്യാപകനാണതെന്ന് ആർക്കുമങ്ങു പറയാൻ കഴിയുമായിരുന്നു. അധ്യാപക വൃത്തി നേടിയെടുക്കാൻ ഒട്ടും പ്രയാസമുണ്ടായിരുന്നില്ല. ശിപാർശ

യെ കോഴയോ ആവശ്യമില്ലായിരുന്നു. ആ ഒരൊറ്റ കാരണം കൊണ്ടാവണം എനിക്കും അധ്യാപകനാവാൻ കഴിഞ്ഞത്.

ഏതു ജോലിക്കും അതിന്റേതായ ബാദ്ധ്യതകളും ക്ലേശങ്ങളുമുണ്ടാവുമല്ലോ. എന്നാൽ, അധ്യാപകവൃത്തിക്ക് ഏറിയകൂറും അതുണ്ടായിരുന്നില്ല. കുട്ടികളെ സ്കൂളിൽ അയച്ചു പഠിപ്പിക്കണമെന്നു വിചാരമുള്ള രക്ഷാകർത്താക്കൾ വളരെ വിരളം. മുമ്പിൽ കുട്ടികളില്ലാത്ത അധ്യാപകനെങ്ങനെ ജോലിചെയ്യാൻ കഴിയും? അയാളെ നമുക്ക് അലസനെന്നു വിളിക്കാമോ? എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ എന്റെ ജോലി ഒരു പരിധിയോളം ഒപ്പുപട്ടികയിൽ ഒതുങ്ങിനിന്നു. 'ചുര'മിറങ്ങുന്ന ബസ്സിലെ ഡ്രൈവറെപ്പോലെയായിരുന്നു അന്നു ഞാൻ. തടിയനങ്ങാതെ, പെട്രോൾ ചെലവഴിക്കാതെ, മനഃപ്രയാസം കൂടാതെ സാവകാശം മുമ്പോട്ടൊഴുകുക. 'നിയന്ത്രണചക്രം' ചൊവ്വെ പിടിച്ചു കൊടുത്താൽ മതി. എങ്ങും കൂട്ടിമുട്ടരുതല്ലോ. കൂട്ടിമുട്ടിയങ്കിൽ നിമിഷം കൊണ്ടു തകർത്തുകളയാൻ എതിരെ വരുന്ന മാനേജ്മെന്റുണ്ട്. പിന്നെയും സൂക്ഷിക്കണം. ചിലപ്പോൾ ഹോണടിക്കാതെ, മുന്നറിയിപ്പില്ലാതെ ഡെപ്യൂട്ടി ഇൻസ്പെക്ടർ എന്ന 'സ്റ്റീം റോളർ' വരും. അതിന്റെ കാറ്റു മതി സർവ്വനാശം വിതയ്ക്കാൻ. മാനേജ്മെന്റിനെ ഒഴിഞ്ഞു മാറാനുള്ള സൂത്രം എനിക്കു നല്ല വശമായിരുന്നു. കൊല്ലാവസാനം 'വിഷുക്കൈനേട്ട'ത്തിനു മാനേജരുടെ മുമ്പിൽ ചെല്ലുമ്പോൾ മുഖം ചുളിക്കരുത്; കൈയിൽ കിട്ടുന്ന സംഖ്യ എണ്ണിനോക്കരുത്. പിശകരുത്. ഇത്രയേ വേണ്ടൂ. ഒരിക്കലും എനിക്കതു ചെയ്യേണ്ടിവന്നിട്ടില്ല. കാരണം, രണ്ടു നേരത്തെ ആഹാരം വീട്ടിൽനിന്നു സൗജന്യമായി കിട്ടും. പിന്നെ ചായകുടി. അതുമാൻകുട്ടിയെന്ന അവതാരപുരുഷൻ ആശീർവാദത്തിനു വേണ്ടി കൈയുയർത്തി നില്ക്കുമ്പോൾ എന്തിനു പിശകലും പിണക്കവും. ഒന്നും വേണ്ട. ജീവിതം ശാന്തമായി സരളമായി ഒഴുകട്ടെ; അതു മതി.

സഹൃദയരായ രണ്ടു സഹപ്രവർത്തകർ അന്നവിടെയുണ്ടായിരുന്നു: ഗോവിന്ദൻ നായരും കൃഷ്ണൻനായരും, രണ്ടുപേർക്കും സാഹിത്യത്തിൽ വലിയ കമ്പം. കൃഷ്ണൻനായർ ഏകസന്ധഗ്രാഹിയായിരുന്നു. ഒരു പദ്യം ഒരുതവണ കേട്ടാൽ ഉടനെ ഹൃദിസ്ഥമാക്കും. വള്ളത്തോളും ഉള്ളൂരുമൊക്കെ നാത്തുമ്പിലാണ്. ഗോവിന്ദൻനായർ മികച്ച ആസ്വാദകൻ. കാണാതെ പഠിക്കാൻ വൈഭവമുണ്ടായിരുന്നില്ലാ; എന്നെപ്പോലെ ഞങ്ങൾ മൂന്നുപേരും ചേർന്നു നിരന്തരമായ സാഹിത്യസല്ലാപം നടത്തി. മഹാകവിത്രയം, അന്നു ഞങ്ങളുടെ വിദ്യാലയത്തിലെ നിത്യസന്ദർശകരായിരുന്നു.

കൃഷ്ണൻനായർ ഇന്ന് ഒരോർമ്മ മാത്രമാണ്. "ഇഷ്ടന്മാർ വെടിയുന്നു ഹാ! ഇവിടമാണധ്യാത്മവിദ്യാലയം" എന്ന് അവസാനശ്വാസത്തിൽപ്പോലും അദ്ദേഹം ഉരുവിട്ടിരിക്കണം. കവിതയോടത്രയ്ക്കു കമ്പമായിരുന്നു.. അവിടെ ചെലവഴിച്ച ദിവസങ്ങൾ, മാസങ്ങൾ, സാക്ഷരതാപ്രചാരണത്തിൽ വലിയ മുതൽക്കൂട്ടുണ്ടാക്കിയില്ലെങ്കിലും ഞങ്ങളെ സംബന്ധിച്ച് ഏറെ നേട്ടങ്ങൾക്കു കളമൊരുക്കിത്തന്നു.

പകൽ അധ്യാപനത്തിന്റെ പേരിൽ സാഹിത്യസല്ലാപം. രാത്രി, അടുത്ത പ്രദേശത്തെവിടെയെങ്കിലും കഥകളിയോ നാടകമോ ഉണ്ടെങ്കിൽ ചെന്നു കാണൽ. ജീവിതം ഒരു ലളിതസംഗീതം പോലെ എന്നു വേണമെങ്കിൽ പറയാം.

അക്കാലത്താരു, ദിവസം കേട്ടു വടകരയിൽ പി. എസ്. വി. നാട്യസംഘത്തിന്റെ നാടകമുണ്ടെന്ന്. വൈദ്യരത്നം പി. എസ്. വാരിയർ, പ്രഗല്ഭനായ ഒരു ഭിഷഗ്വരനാണെന്നു കേട്ടിട്ടുണ്ട്; സമൂഹനന്മയ്ക്കു വേണ്ടി നല്ല കാര്യങ്ങൾ പലതും ചെയ്തുകൊണ്ടിരിക്കുന്ന വലിയൊരു മനുഷ്യസ്നേഹിയാണെന്നും. അദ്ദേഹം ഒരു നാടകസമിതിക്കു രൂപം നല്കിയെന്നും, സ്വന്തമായി നാടക രചന നടത്തിയിട്ടുണ്ടെന്നും പരമശിവവിലാസം നാടകക്കമ്പനി, മലയാള നാടകവേദിക്കു പുതിയ രൂപവും ഭാവവും പ്രദാനം ചെയ്തിട്ടുണ്ടെന്നുമൊക്കെ പറഞ്ഞറിഞ്ഞപ്പോൾ എന്തു ക്ലേശം സഹിച്ചും ഒരു നാടകം കാണണമെന്നു തീരുമാനിച്ചു.

ഇതിലെന്തു ക്ലേശമെന്നു ശങ്കിക്കുന്നവരുണ്ടാവും പറയാം. എന്റെ ഗ്രാമത്തിൽ നിന്നു വടകരയ്ക്കുള്ള ദൂരം ഒൻപതു നാഴിക. ബസ്സില്ല. തീവണ്ടി മാത്രം ശരണം— രാത്രി എട്ടര മണിക്കു ശേഷം ഓടുന്ന തീവണ്ടികളൊന്നും അന്നുണ്ടായിരുന്നില്ല. ഒൻപതരയ്ക്കു തുടങ്ങി മൂന്നു മണിക്കൂർ നീണ്ടുനില്ക്കുന്ന നാടകം കണ്ടു തിരിച്ചുപോരേണമെങ്കിൽ നടക്കണം. നടന്നേ പറ്റൂ. അവിടെയും കുഴപ്പമുണ്ട്. തിക്കോടിക്കും വടകരയ്ക്കുമിടയിൽ കിടക്കുന്ന 'മൂവരാട്ട്' കടവിന്ന് അന്നു പാലമില്ല. കടത്തു തോണി മാത്രമാണ് ആശ്രയം. പത്തുമണിക്കുശേഷം കടത്തുതോണി കിട്ടുമോ എന്നും നിശ്ചയമില്ല. ക്ലേശത്തിനിത്രയും കാരണങ്ങൾ മതിയല്ലോ. പക്ഷേ, ഇവിടംകൊണ്ട് അവസാനിക്കുന്നില്ല. വടകരയ്ക്കു പോകുന്നതു തീവണ്ടിയിലാവാം. വണ്ടിക്കൂലി അന്നത്തെ കണക്കിനു 2 ണ 3 പൈ. അതു കൈക്കലാക്കണമെങ്കിൽ, പതിനൊന്നു നാളികേരം വേണം. ആയിരം നാളികേരത്തിനു പതിനഞ്ചു രൂപ മാത്രം വില കിട്ടുന്ന കാലം. അതെന്തെങ്കിലുമാവട്ടെ; പതിനൊന്നു നാളികേരമെവിടെ കിട്ടും? വല്യമ്മാവന്റെ കണ്ണുവെട്ടിക്കണം. കക്കണം. ഈ പ്രതിബന്ധങ്ങളത്രയും മുമ്പിലുണ്ട്. എനിക്കും പരമശിവവിലാസം നാടകക്കമ്പനിക്കുമിടയിൽ. പാലമില്ലാത്ത ഒരു പുഴ, പതിനൊന്നു നാളികേരം, പോരാ, തറടിക്കറ്റിന്റെ വിലയായ ഒരു രൂപയ്ക്കു വീണ്ടും അറുപത്തിനാലു നാളികേരം. നാളികേരത്തിനും എനിക്കുമിടയിൽ സിംഹം പോലുള്ള വല്യമ്മാവൻ, പിന്നെ പാതിരാപ്പുറത്തുള്ള നടത്തം. ഇതെല്ലാം തരണം ചെയ്യാൻ പണ്ടു തച്ചോളിക്കുറുപ്പ് പൊന്നാപുരം കോട്ട പിടിക്കാൻ പുറപ്പെട്ട പോലെ ധീരതയോടെ ഞാനും പുറപ്പെട്ടു.

കൈപിടിച്ചു നടത്തിക്കുന്ന കാലം കഴിഞ്ഞു പോയതുകൊണ്ട് ഗോവിന്ദേട്ടന്റെ സഹായമുണ്ടായില്ല. പകരം ചില കൂട്ടുകാരുണ്ടായിരുന്നു. തീവണ്ടിയിലായിരുന്നു യാത്ര. വടകര എത്തിയപ്പോൾ നാടകം തുടങ്ങാൻ ഏറെ സമയം ബാക്കി കിടക്കുന്നു. ചൊവ്വാഴ്ച ചന്തയ്ക്കു വരുന്നവർ വടകരയുടെ വിശേഷം പറഞ്ഞു കേൾക്കാറുണ്ട്. ഒന്നു ചുറ്റിക്കറങ്ങി വരാമെന്നുവെച്ചു. അവിടവിടെ മുനിഞ്ഞു കത്തുന്ന പഞ്ചായത്തു

വിളക്കുകൾ ഇരുട്ടിനോടു പടവെട്ടി തളരുകയായിരുന്നു. തപ്പിയും തടഞ്ഞും ചെമ്മണ്ണ നിരത്തിന്റെ നീളമളന്നു. അഞ്ചു വിളക്കും അടയ്ക്കാത്തൊരുവും പരോന്തലയും കാണണം . പക്ഷേ, അഞ്ചു വിളക്കിനടുത്തുവച്ച് ആഗ്രഹമുപേക്ഷിച്ചു. അഞ്ചുവിളക്കും പഞ്ചായത്തുവിളക്കാണ്. അതിന്റെ പ്രഭയിൽ വിളക്കു തന്നെ കാണാനില്ല. മതി. അടയ്ക്കാത്തൊരുവും പരോന്തലയും കാണണ്ട. മടങ്ങി കൊട്ടകയുടെ അടുത്തെത്തി. റെയിൽവെ സ്റ്റേഷനടുത്താണ് കൊട്ടക. ഒറ്റയും തെറ്റയുമായി ജനം വരാൻ തുടങ്ങിയിരിക്കുന്നു. മാടോള്ളയിൽ കണ്ണന്റെ പ്രസിദ്ധപ്പെട്ട ചായക്കട അടുത്തു തന്നെയുണ്ട്. അവിടെ കയറി ചായകുടിച്ചു തിരിച്ചുവരുമ്പോഴേക്ക് ടക്കറ്റിനുവേണ്ടിയുള്ള യുദ്ധം ആരംഭിച്ചിരിക്കുന്നു. അന്നു 'ക്യൂ' സമ്പ്രദായം നിലവിലില്ലാത്തതുകൊണ്ട് തിരക്കുള്ളേടത്തൊക്കെ യുദ്ധം തന്നെയാണ്. ഏറെ മൽപ്പിടുത്തത്തിനുശേഷം ടിക്കറ്റ് വാങ്ങി അകത്തു കടന്നു. വലിയ കൊട്ടകയാണ്. രംഗവേദി അങ്ങകലെ. തറയിൽ, പൂഴികൊണ്ടു കുമ്പാരമുണ്ടാക്കി ഞങ്ങളിരുന്നു. കഥ സമ്പൂർണ്ണ രാമായണമായിരുന്നു. കർട്ടൻ ആദ്യമായി തുറന്നപ്പോൾ വിസ്മയം. രംഗങ്ങളോരോന്നും കഴിയുമ്പോൾ വിസ്മയം കൂടിക്കൂടിവന്നു. ഇലക്ട്രിക് സീനാണന്നു പറഞ്ഞു. ഇലക്ട്രിസിറ്റി എന്ന വസ്തു എന്താന്നു പോലും അറിഞ്ഞു കൂടാത്ത ഗ്രാമീണരായ ഞങ്ങൾ വിസ്മയം കൊണ്ടു ക്ഷീണിച്ചുപോയെന്നു പറഞ്ഞാൽ മാത്രം എല്ലാമാവുമോ? സംശയമാണ്. ശേഖരപ്പണിക്കരുടെ ഹനുമാൻ! അതാ സമുദ്രം! സമുദ്രമെന്നു പറഞ്ഞാൽ അലയടിച്ചിളകിമറിയുന്ന സമുദ്രം. ഹനുമാൻ ധ്യാനനിരതൻ. ലങ്കയിലേക്കു ചാടാനുള്ള ഒരുക്കം. അമർന്നു പൊങ്ങിയ ശേഖരപ്പണിക്കർ ആകാശത്തിലൂടെ ലങ്കയെ ലക്ഷ്യം വെച്ച് കുതിക്കുന്നു. ഈശ്വരാ, ഇത് നാടകമാണോ? ഇത് ശേഖരപ്പണിക്കരോ അതോ സാക്ഷാൽ ഹനുമാനോ? ആരും സംശയിച്ചു പോകും. ഏതാനും അടി നീളവും വീതിയും മാത്രമുള്ള സ്റ്റേജിൽ എങ്ങനെ ഈ മഹാസമുദ്രം സൃഷ്ടിച്ചു? ശേഖരപ്പണിക്കരെപ്പോലൊരു വെറും മനുഷ്യന് എങ്ങനെ ആകാശസഞ്ചാരത്തിനു കഴിയുന്നു? കേവലം ഗ്രാമീണരായ ഞങ്ങളുടെ അനുമാനത്തിനും അപ്പുറമായിരുന്നു അവിടെ പ്രദർശിപ്പിച്ച അദ്ഭുതങ്ങളോരോന്നും. അച്യുതൻ നായരുടെ രാവണൻ! കാഴ്ചയിൽ പരമഗംഭീരൻ. അഭിനയത്തിലും അതുല്യൻ. പക്ഷേ, ശബ്ദം. അതിനു വേണ്ടത്ര ഗാംഭീര്യമില്ല. അദ്ദേഹം സംഭാഷണത്തിന്നു മുതിരുമ്പോൾ ആസ്വാദകരുടെ ഇടയിൽ നേരിയ പിറുപിറുപ്പുണ്ടാവുന്നു. എങ്കിലും അതൊന്നും നാടകത്തിന്റെ അതിശയകരമായ മേന്മയെ ബാധിക്കുന്നില്ല. ശബ്ദത്തിന്റെ ന്യൂനത ആകാരത്തിന്റെ മഹിമ ലഘൂകരിക്കുന്നു. സമയം പോയതറിഞ്ഞില്ല. മൂന്നു മണിക്കൂർ മൂന്നു നിമിഷമായി ചുരുങ്ങി. ലങ്കാദഹനം. ബന്ധനസ്ഥനായി രാവണന്റെ മുമ്പിൽ ഹനുമാൻ. രാവണൻ സിംഹാസനത്തിലിരുന്നു തന്റെ മുമ്പിൽ നിന്ന കുരങ്ങനെ പുച്ഛത്തോടെ നോക്കുന്നു. ഹനുമാൻ അക്ഷോഭ്യൻ. ഓ! തന്റെ കനകസിംഹാസനം എനിക്കെന്തെന്നമട്ടിൽ ഹനുമാൻ രാവണനേയും നോക്കുന്നു. ഉടനെ രംഗവേദി ഇന്ദ്രജാലവേദിയാകുന്നു. ചുറ്റിച്ചുറ്റി പൊക്കുന്ന ഹനുമാന്റെ വാൽ ഒരു ഭദ്രാസനമാവുന്നു. അതു സിംഹാസനത്തെ അധഃകരിച്ച് ഉയരുന്നു. ഹനുമാൻ അതിലിരുന്നു

കൊണ്ട്. രാവണനുമായി സംഭാഷണം നടത്തുന്നു. ആസ്വാദകരുടെ ഹസ്തതാഡനം ഇരമ്പിയുയരുന്നു.

നാടകം കഴിഞ്ഞു പുറത്തിറങ്ങിയപ്പോൾ മുമ്പിൽ നീണ്ടു പരന്നു കിടക്കുന്ന നിരത്ത്. അതിന്റെ ഏതോ ഒരറ്റം എന്റെ ഗ്രാമപ്രദേശത്ത് അരുകുചേർന്നു പോകുന്നു എന്നോർത്തപ്പോൾ അല്പമൊരാശ്വാസം. ഇരുട്ടാണ്. എങ്ങും ഒരു തീപ്പൊരിയുടെ പ്രകാശം പോലുമില്ല. നാടകം കണ്ട ആവേശം കൊണ്ടായിരിക്കണം, ഇരുട്ടും നീണ്ടുകിടക്കുന്ന വഴിയും പ്രശ്നമുണ്ടാക്കിയില്ല. ഇരുട്ടിൽ തപ്പിത്തടഞ്ഞു നടക്കുന്നത് വടകരയിലാണെങ്കിലും മനസ്സ് ത്രേതായുഗത്തിലായിരുന്നു. ത്രേതായുഗത്തിലെ മനുഷ്യരും കുരങ്ങുകളും കാണിക്കുന്ന അദ്ഭുതകൃത്യങ്ങൾ വേണ്ടിവന്നാൽ എടുത്തു പ്രയോഗിക്കാൻ കഴിയുമെന്നൊരു തോന്നൽ ഉള്ളിലെവിടെയോ. ആ നാടകം അത്ര വലിയ സ്വാധീനം ചെലുത്തിയിരുന്നു.

നടന്നുനടന്ന് മൂരാട്ട് കടവിലെത്തി. ചത്ത പോലെ കിടക്കുന്ന പുഴ. അടരടരായി പുഴയിലേക്കു ഇറങ്ങിവരുന്ന ഇരുട്ട്. "കടത്തുവള്ളം യാത്രയായി... യാത്രയായി". ഇന്നാണെങ്കിൽ ആ ഇരുട്ടിൽ നിന്നുകൊണ്ട് ഉറക്കെ പാടാമായിരുന്നു. 'യാത്രയായി' എന്നു രണ്ടുവട്ടമല്ല, പലവട്ടം. കടവത്തുവള്ളം കിട്ടാനുള്ള ഉപായം ഉറക്കെയുറക്കെ കൂവലാണ്. ഞങ്ങൾ കൂവി; കണ്ഠം പൊട്ടുമാറു പലവട്ടം. അക്കരെ പ്രതിധ്വനിമാത്രം.

"എന്തു വഴി?"

ഇരുട്ടിലാരോ ചോദിച്ചു.

"ശേഖരപ്പണിക്കരെ പ്രാർത്ഥിക്കാം."

ആരോ മറുപടി പറയുകയും ചെയ്തു.

അപ്പോൾ ഒരു കാര്യം വ്യക്തമായി.

'സമ്പൂർണ്ണരാമായണം' കണ്ട് ജനം ഹനുമാൻ സ്ഥാനത്തു ശേഖരപ്പണിക്കരെ കുടിവെച്ചിരിക്കുന്നു. തെക്കൻ സമുദ്രത്തിന്റെ തീരത്തു ഗതികെട്ടു നിന്ന കുരങ്ങന്മാരെപ്പോലെ ഞങ്ങൾ മൂവരാട്ടുകടവത്ത് നില്ക്കുകയാണ്. അക്കരെ ചെന്നുചേരാനുള്ള വഴിയാലോചിക്കുകയാണ്.

അപ്പോൾ വിദഗ്ധോപദേശം വരുന്നു:

"നമുക്കു റെയിൽപ്പാലം കടക്കാം."

"കടക്കാം."

"കടക്കാം."

എല്ലാവരും ഒരുക്കം. ആരും വിരോധം പറഞ്ഞില്ല. മടിച്ചുനിന്നതുമില്ല. അങ്ങനെ ഇരുട്ടിലൂടെ തപ്പിത്തടഞ്ഞു ഞങ്ങൾ റയിലിലെത്തി. അവിടെയെത്തി, നോക്കിയപ്പോഴാണു പാലത്തിനു നീളം കൂടുതലുണ്ടെന്നു തോന്നിയത്. മറ്റുള്ളവർക്കതു തോന്നിയോ എന്നറിഞ്ഞു കൂടാ. ഞാനും ഞാനും ഭീരുവല്ലെന്നു തെളിയിക്കാനുള്ള

ഊഴമായിരുന്നു പിന്നെ. അതുകൊണ്ടുതന്നെ ആരും ഒന്നും മിണ്ടിയില്ല. പാലത്തിലേക്കു കയറിയതുമില്ല. നീണ്ട നിശ്ശബ്ദതയ്ക്കു ശേഷം ഒരറിയിപ്പ്:

"എന്നാൽ നടക്കാം"

സൂക്ഷിച്ചു സൂക്ഷിച്ചാണു നടപ്പ്. എല്ലാവരും പാലത്തിൽ കയറി. ഒരു സ്ലീപ്പർ കഴിഞ്ഞ് മറ്റൊന്നിലേക്കുള്ള ദൂരം തിട്ടപ്പെടുത്താനുള്ള ശ്രമമായി. കാൽ നിരക്കി വെച്ച് ആദ്യത്തെ ടെസ്റ്റ് കഴിഞ്ഞു. പിന്നെ പുറപ്പാടാണ്. ഇടം വലം നോക്കാനോ പിൻതിരിയാനോ ആർക്കും ധൈര്യമില്ല. പതുക്കെപ്പതുക്കെ, കുറച്ചു ദൂരം പിന്നിട്ടപ്പോൾ ഓർക്കാപ്പുറത്തൊരു വിപത്ത്, മഞ്ഞു വീണ നനഞ്ഞ സ്ലീപ്പറും പുഴവെള്ളവും തിരിച്ചറിയാൻ കഴിയുന്നില്ല. സ്ലീപ്പറുകൾ തമ്മിലുള്ള വിടവു തന്മൂലം കണ്ടുപിടിക്കാനും കഴിയുന്നില്ല. വിടവു കണ്ടുപിടിക്കാൻ കഴിയാതെ മുമ്പോട്ടു പോയാൽ, പോക്കിലൊരു ചുവടു പിഴച്ചാൽ കോട്ടപ്പുഴയ്ക്കാഹാരമാകും. എല്ലാവരും അതോർത്തോ എന്നറിഞ്ഞുകൂടാ. ഞാനോർത്തു. ഓർത്തപ്പോൾ എന്റെ മുട്ടു വിറച്ചു. സായ്പിനെ കാണുമ്പോൾ കവാത്തു മറക്കുന്നവനെപ്പോലെ ഞാനന്ധാളിച്ചുനിന്നു. തിരിച്ചു നടന്നാലോ? അപ്പോഴും കുറേ സ്ലീപ്പറുകൾ പിന്നിടണം. മുമ്പോട്ടും പിമ്പോട്ടുമുള്ള ഗതി മുടങ്ങിയിരിക്കുന്നു. ഇനിയുള്ളത് അധോഗതിമാത്രം. ഇതാണു പ്രാർത്ഥനയുടെ സമയം. മരണഭീതി കീഴടക്കിയ മനസ്സുണ്ടോ പ്രാർത്ഥിക്കാൻ കൂട്ടാക്കുന്നു? ചുരുക്കത്തിൽ എങ്ങനെയോ തപ്പിയും തടഞ്ഞും പാലം കടന്നു രക്ഷപ്പെട്ടെന്നു പറഞ്ഞാൽ മതിയല്ലോ. ഹനുമാനാണോ ശേഖരപ്പണിക്കരാണോ ഇനി, സാക്ഷാൽ പടച്ച തമ്പുരാൻ തന്നെയാണോ അന്നു ഞങ്ങളെ രക്ഷിച്ചതെന്നു തീർത്തുപറയാൻ വയ്യ.

പരമശിവവിലാസം നാടകക്കമ്പനി മലയാളനാടകവേദിക്കു നല്കിയ മികവുറ്റ സംഭാവനയുടെ മഹത്ത്വം കണക്കിലെടുക്കുമ്പോൾ. ഞങ്ങളുടെ ക്ലേശം ഒരിക്കലും അസഹനീയമായി തോന്നിയിരുന്നില്ല. ഭാരിച്ച മറ്റനേകം ജോലികളുണ്ടായിട്ടും, തിരക്കിനിടയിൽ സമയം കണ്ടെത്തി, നാടകരചനയിൽ മുഴുകാനും ഒരു നാടകസമിതിക്കു രൂപം നല്കി മികച്ച നാടകങ്ങൾ പ്രദർശിപ്പിക്കാനും സന്മനസ്സുകാണിച്ച ആ മഹാപുരുഷന്റെ സ്മരണയ്ക്കു മുമ്പിൽ മലയാള നാടകവേദി എന്നും തലകുനിക്കേണ്ടതാണ്. നാടകവേദിയുടെ ചരിത്രമെഴുതുന്നവരോടു പറയട്ടെ, ഇതാ ഇവിടെ, ഇവിടെയൊരു സുവർണ്ണദശ. മറവിയിൽ മായാൻ തുടങ്ങുന്നു. അറിയുക, ആദരിക്കുക, ശാശ്വത പ്രതിഷ്ഠ നല്കുക.

— 22 —

# സഞ്ജയന്റെ സൃഷ്ടി

കുട്ടികളെ പഠിപ്പിക്കലും എങ്ങാനും നാടകമുണ്ടെങ്കിൽ മുടങ്ങാതെ ചെന്നു കാണലും കൂട്ടുകാരൊത്തു കവിത വായിക്കലും സ്ഥിരം തൊഴിലാക്കിയ ഞാൻ ഇപ്പോൾ ഒരു യുവകവിയാണ്. 'ഇതാരു പറഞ്ഞു' എന്നാണു ചോദ്യമെങ്കിൽ, ആളെ തേടി വിഷമിക്കേണ്ടതില്ല; ഞാൻ തന്നെയാണു പറഞ്ഞത്. എനിക്കങ്ങനെ പറയാതിരിക്കാൻ വയ്യാത്തതുകൊണ്ടു പറഞ്ഞതാണ്. പിന്നെ, ചുമ്മാ അങ്ങു പറഞ്ഞതല്ല, നല്ല പിൻബലത്തോടെ തന്നെ. അന്നു ഞാൻ ഒട്ടേറെ കവിതകളെഴുതുകയുണ്ടായി. മാത്രമല്ല, ഈ യുവകവിക്ക് അന്നു സ്വന്തമായൊരു പേരുപോലും ഉണ്ടായിരുന്നു: പി. കുഞ്ഞനന്തൻനായർ തിക്കോടി. പേരിന്റെ അവസാനം വ്യക്തമായും ദേശപ്പേരെഴുതിച്ചേർത്തില്ലെങ്കിൽ കവിതയുടെ ഉടമ ഞാനാണെന്നു നാലാളെങ്ങനെ അറിയും? എന്റെ ദേശത്തും സമീപപ്രദേശത്തുമെല്ലാം അന്ന് കുഞ്ഞനന്തൻനായരെന്ന പേരുകാർ പലരുണ്ടായിരുന്നു ഞാൻ ക്ലേശിച്ചു കവിതയെഴുതുക, എന്നിട്ടതിന്റെ ഉടമാവകാശം മറ്റാരെങ്കിലും തട്ടിയെടുക്കുക.

> എന്റെ ദൈവമേ, പരമസങ്കടം
> പാതിരാവിലും കപ്പ മോഷണം.

എന്ന് എന്നെപ്പോലൊരു കവി എവിടെയോ പണ്ടു സഹിക്കാൻ വയ്യാത്തതുകൊണ്ട് എഴുതിപ്പോയിട്ടുണ്ട്. പാതിരാവിലും കപ്പമോഷണം നടത്തുന്ന ലോകമാണിത്.

കവിതയെഴുത്തിന്റെ ക്ലേശത്തെക്കുറിച്ചു പറഞ്ഞല്ലോ. അതൊരു വല്ലാത്ത ക്ലേശം തന്നെയാണ്. നല്ലൊരാശയം, പദങ്ങൾക്കർത്ഥം, അലങ്കാരഭംഗി ഇതൊക്കെ വേണം കവിതയ്ക്കെന്നു ശഠിക്കുന്നവർ ശരിക്കും ആ ക്ലേശം മനസ്സിലാക്കിയവരാണ്. കവിതയിൽ ചെന്നുകേറാനും അവിടെ ചടഞ്ഞുകൂടാനും മോഹിക്കുന്നവർക്ക് അന്നു കുറുക്കുവഴികളില്ല. പരമമായ ക്ലേശം സഹിച്ചേപറ്റൂ. പള്ളിക്കര ഗ്രാമീണ വായനശാലയുടെ ഓർമ്മയ്ക്കുമുമ്പിൽ തലകുനിച്ചുകൊണ്ടു പറയട്ടെ. മാക് മി

ല്ലൻ സായ്പിന്റേതല്ലാത്ത പുസ്തകങ്ങൾ വേറെ ചിലതു് ഈ ലോകത്തുണ്ടെന്നു കാട്ടിത്തന്നതു് ആ വായനശാലയാണ്. അവിടെനിന്നു വീട്ടിലെത്തുന്ന പുസ്തകങ്ങൾ, മലർത്തിവെച്ച് പ്രയാസപ്പെട്ട് അക്ഷരങ്ങൾ കൂട്ടിച്ചേർത്തുകൊണ്ടാണു കൊച്ചുന്നാളിൽ വായന തുടങ്ങിയതു്. അർത്ഥമറിയില്ല, പൊരുളറിയില്ല. എന്നാലും വായന തന്നെ. പിന്നെപ്പിന്നെ പ്രായം കൂടിക്കൂടിവന്നപ്പോൾ വായനയിൽ രസം പിടിച്ചു. അക്കാലത്തു് . സമാരാധ്യനായ രാമൻനായരു മാഷ് സഹായത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഉപദേശവും നിയന്ത്രണവും ജന്മവാസനയ്ക്കു വളവും വെള്ളവുമായിത്തീർന്നു. അദ്ദേഹം കൈ പിടിച്ചു നടത്തിച്ചു. മഹാകാവ്യങ്ങളുടെ ശില്പഭംഗി പരിചയപ്പെടുത്തി. വ്യാഖ്യാനത്തിന്റെ കോൽപ്പന്തവും തെളിയിച്ച് ഇരുണ്ട ഇടനാഴികളിലെ ഭിത്തിയിലമർന്ന ദേവാസുരരൂപങ്ങളെ കാട്ടിത്തന്നു; കറുത്തിരുണ്ട പാറക്കെട്ടുകളുടച്ച് തെളിനീരുറവകൾ ഒഴുക്കിത്തന്നു.

ഇതെല്ലാമായിട്ടും കവിതയെഴുതാനുള്ള ധൈര്യം കൈവന്നില്ല. സംസ്കൃത വൃത്തത്തിലും ദ്രാവിഡ വൃത്തത്തിലുമായി മഹാകവികളുടെ കൃതികൾ പലതും ഹൃദിസ്ഥമാക്കിയിട്ടുണ്ട്. അതൊക്കെ ആവർത്തിച്ചാവർത്തിച്ചു ചൊല്ലി രസിക്കുമ്പോൾ ഒരു കപടസൂത്രം പിടികിട്ടി. ഏതെങ്കിലും ഒരു ശ്ലോകം വൃത്തിയായി എഴുതുക. അതിൽ അവിടവിടെയായി ഏതാനും പദങ്ങൾ വെട്ടുക. വെട്ടിയ പദങ്ങൾക്കു പകരം എന്റേതായ പദങ്ങൾ ചേർക്കുക. അങ്ങനെ ചേർത്തിവെച്ചു വായിക്കുക. വായിച്ചു. രണ്ടുനാലു തവണ വായിച്ചു. ഒരു കുഴപ്പവുമില്ല. വൃത്തഭംഗം അശേഷമില്ല. മൂലശ്ലോകത്തിന്റെ ആശയം? അയ്യോ, അതു് പൊട്ടിത്തകർന്നുപോയിരിക്കുന്നു. എന്റെ പദങ്ങൾക്കർത്ഥമുണ്ടെങ്കിലും മൂലശ്ലോകത്തിലെ മറ്റു പദങ്ങളുമായി അതു പൊരുത്തപ്പെടുന്നില്ല. പോരടിച്ചുനിൽക്കുന്നു. സംഗതി അങ്ങനെയൊക്കെയാണെങ്കിലും അവനും ഒരു ശ്ലോകമാണല്ലോ. ഈ കപടസൂത്രം പലനാൾ പ്രയോഗിച്ചുകഴിഞ്ഞപ്പോൾ സ്വന്തം പദങ്ങൾ മാത്രമുപയോഗിച്ച് ഒരുവനെ സൃഷ്ടിക്കാൻ ശ്രമിച്ചു. ശ്രമം ഫലിച്ചു. അതിലൊരാശയമുണ്ടായിരുന്നു. പദങ്ങൾ പരസ്പരം ഇണങ്ങിച്ചേരുന്നവിധം അർത്ഥമുള്ളവയായിരുന്നു; ജയിച്ചു.

ജയം സ്വന്തം നോട്ടുപുസ്തകത്തിൽ ഒതുങ്ങിക്കൂടി. വെളിച്ചം കാണാൻ വഴിയില്ല. പിന്നെ ഞാനൊരു കവിതക്കാരനാണെന്ന് ഉറ്റ സുഹൃത്തുക്കളോടുപോലും പറയാൻ നാണം. സംസ്കൃതവൃത്തത്തിൽ കുറേ എഴുതിക്കഴിഞ്ഞപ്പോൾ ദ്രാവിഡവൃത്തത്തിലേക്കു കടന്നു. 'പാടിനീട്ടാമിച്ഛപോലെ'യെന്നാണല്ലോ അവിടത്തെ നിയമം. അതുകൊണ്ട് വായനക്കാരൻ നീട്ടിയും കുറുക്കിയും ചൊല്ലട്ടേയെന്നു തീരുമാനിച്ചുകൊണ്ട് എഴുതി. ധാരാളമെഴുതി. ഇനിയോ? ഇതൊക്ക ആർക്കു കൊടുക്കും? ആരിതു സ്വീകരിക്കും?

ആലോചിച്ചാലോചിച്ചു വിഷമിക്കുമ്പോൾ ഒരു വഴി കണ്ടെത്തി. മാതൃഭൂമി പത്രാധിപസമിതിയിലംഗമായിരുന്ന ശ്രീ ടി. പി. സി. കിടാവിനെ അറിയും. അദ്ദേഹം എന്നും രാവിലെ തിക്കോടിയിൽനിന്നു കോഴിക്കോട്ടേക്കു പോകും. വൈകീട്ടു

തിരിച്ചുവരികയും ചെയ്യും. സീസൺ ടിക്കറ്റിൽ യാത്രചെയ്യുന്നതുകൊണ്ട് റെയിൽവെ സ്റ്റേഷനിൽ വെച്ചു പലപ്പോഴും കണ്ടിട്ടുണ്ട്. അല്ലാതെയും അറിയാം. ഒരേ ദേശക്കാരാണല്ലോ. അദ്ദേഹത്തെ ഉപയോഗപ്പെടുത്താമെന്നു തീരുമാനിച്ചു. പക്ഷേ, എന്തു പറയും? കവിത എഴുതിയിട്ടുണ്ടെന്നു പറയാൻ വലിയ

സങ്കോചം. മാതൃഭൂമിയിൽ പ്രസിദ്ധപ്പെടുത്താനാണെന്നു പറഞ്ഞ് കൊടുത്താലോ? അദ്ദേഹമതു വായിച്ചുനോക്കി "ഓ, ഇതു കൊള്ളി"ല്ലെന്നു പറഞ്ഞ് തിരിച്ചു തന്നാൽ നിന്നനില്പിൽ അവിടെ മരിച്ചുവീഴില്ലേ? മതി. ഒന്നും വേണ്ട. ഒരു സുഖത്തിനല്ലേ കവിതയെഴുതുന്നത്. ആ സുഖം അനുഭവിച്ചു തൃപ്തിപ്പെട്ടുകൊള്ളാം. മനസ്സുണ്ടോ സമ്മതിക്കുന്നു. ഏതു വഴിക്കെങ്കിലും ഒരു കവിത അച്ചടിച്ചുവരണം. വന്നേ കഴിയൂവെന്നു മനസ്സ് ശാഠ്യം പിടിക്കുന്നു. മനസ്സിന്റെ പ്രേരണയ്ക്കു വഴങ്ങി ഒടുവിൽ ഒരു ദിവസം, നല്ല വെള്ളക്കടലാസിൽ, കഴിയുന്നതും വൃത്തിയായി ഒരു കവിത പകർത്തിയെഴുതി. കവറിൽവെച്ച് ഒട്ടിച്ചു. പുറത്തു വിലാസമെഴുതി: 'പത്രാധിപർ, മാതൃഭൂമി ആഴ്ചപ്പതിപ്പ്'. കാലത്തെ റെയിൽവേ സ്റ്റേഷനിലെത്തി ശങ്കിച്ചുശങ്കിച്ച് മി. കിടാവിനെ സമീപിച്ചു. കവർ വെച്ചുനീട്ടി. അദ്ദേഹമതു വാങ്ങി ഒന്നും പറയാതെ ജുബ്ബയുടെ പോക്കറ്റിൽ തള്ളി. നെഞ്ചിടിപ്പുണ്ടായിരുന്നു; നെറ്റിയിൽ വിയർപ്പ് പൊടിയുന്നുണ്ടായിരുന്നു. അദ്ദേഹം ഒന്നും പറഞ്ഞില്ലെങ്കിലും ചിരിച്ചപോലെ തോന്നി. അതെ ചിരിച്ചുതന്നെ. എന്നോടു തന്നെയാവണം. അപ്പോൾ അവിടെ മറ്റാരുമുണ്ടായിരുന്നില്ലല്ലോ. ആശ്വാസം.

പിന്നെ കാത്തിരിപ്പാണ്. ആഴ്ചപ്പതിപ്പ് വന്നു. വാങ്ങി. ആരുടെ ശ്രദ്ധയിലും പെടാതെ ധൃതിയിൽ പേജുകൾ മറിച്ചുനോക്കി. 'പി. കുഞ്ഞനന്തൻനായർ തിക്കോടി' ഉണ്ടോ? ഇല്ല. കുഞ്ഞനന്തൻനായർ മാത്രമല്ല, തിക്കോടിക്കാരാരും ഇല്ല. അരിശമാണോ? ആശാഭംഗമാണോ? അതോ ദുഃഖമാ? ഇതു മൂന്നും ഒരുമിച്ചാണെന്നു പറഞ്ഞാലും അധികമാവില്ല.

അങ്ങനെ ദിവസങ്ങളും ആഴ്ചകളും പൊഴിഞ്ഞുവീഴുമ്പോൾ അതാ വരുന്നു അവൻ. അതെ; അവൻ തന്നെ. തലക്കെട്ട് നോക്കി. അതിനു ചുവടെ പേരു നോക്കി. കറക്ട്, വള്ളിപുള്ളി വ്യത്യാസമില്ല. രണ്ടിനും കീഴെ അവൻ കിടക്കുന്നു. കുഞ്ഞനന്തൻനായരുടെ ആദ്യത്തെ കവിത: 'വീണ്ടും കരയട്ടെ.' ശകുനപ്പിഴ. തലക്കെട്ടു വേണ്ടായിരുന്നു. പറഞ്ഞിട്ടെന്തു കാര്യം? അച്ചടിച്ചുവന്നില്ലേ?

രാമൻ നായര് മാഷെ കാണാതെ നടന്നു. അദ്ദേഹം എന്തു പറയുമോ ആവോ! എന്തും പറയട്ടെ. കവിതയുള്ള ആഴ്ചപ്പതിപ്പും കക്ഷത്തു വെച്ച് അന്നും പിറ്റേന്നും വണ്ടിവരുന്ന നേരത്താക്കെ റയിൽവെ സ്റ്റേഷനിൽ ചെന്നു. പ്ലാറ്റ്ഫോറത്തിലൂടെ തലങ്ങും വിലങ്ങും നടന്നു. പരിചയക്കാരെ കാണുമ്പോൾ, ആഴ്ചപ്പതിപ്പെടുത്തു വീശി. ചൂടു സഹിക്കാത്തപോലെ. ഇവർക്കൊക്കെ എന്തുപറ്റിയോ, ആവോ? ഒരുത്തനെങ്കിലും ചോദിക്കണ്ടേ കക്ഷത്തെന്താണെന്ന്. ഇല്ലെങ്കിൽ ഒന്നു കാണട്ടെടോ എന്നു പറഞ്ഞ് വാങ്ങി നോക്കിക്കൂടേ? ഒരു കവിത എഴുതിപ്പോയ അപരാ

ധത്തിനു പരിചയക്കാരെ മുഴുവനും തേടിപ്പിടിച്ച് ഇതു കാണിച്ചുകൊടുക്കാനും ഭേദ്യം ചെയ്തു വായിപ്പിക്കാനും കഴിയുമോ? ഛേ, എന്തൊരു ലോകം?

അധികനാൾ ഒളിച്ചുനടക്കാൻ പറ്റിയില്ല. രാമൻനായരുമാഷെ കാണുന്നു. പതിവില്ലാത്ത മട്ടിൽ അദ്ദേഹം അകമറിഞ്ഞു ചിരിക്കുന്നു. പരിഹസിക്കയാണോ? ആവില്ല. തെറ്റു കണ്ടാൽ ശകാരിക്കയല്ലാതെ പരിഹസിക്കുന്ന പതിവ് അദ്ദേഹത്തിനില്ല. ചിരിച്ചുകൊണ്ടുതന്നെ അദ്ദേഹം പറഞ്ഞു:

"നിന്റെ കൃതി വായിച്ചു."

ഞാൻ തലകുനിച്ച് കാൽ നഖംകൊണ്ടു പൂഴിയിൽ ചിത്രം വരച്ചു നിന്നു.

"നിനക്കെവിടെ നിന്നീ തലക്കെട്ട് കിട്ടി? ഇടപ്പള്ളിക്കവികളിൽ നിന്നാണോ? അറംപറ്റും, സൂക്ഷിച്ചോ."

മറുപടിയെന്ന നിലയിൽ ഞാൻ മനസ്സിൽ പറഞ്ഞു:

"മാഷേ, അറംപറ്റിക്കഴിഞ്ഞില്ലേ? കൊച്ചുനാളിൽ അമ്മയച്ഛന്മാർ പിരിഞ്ഞു. താമസിയാതെ വാത്സല്യനിധിയായ മുത്തച്ഛനും പോയി. കണ്ണിൽ നനവില്ലെങ്കിലും എന്റെ മനസ്സുനിറയെ കണ്ണീരാണു മാഷേ."

തുടർന്നു മാഷ് പലതും ഉപദേശിച്ചു. വിഷാദാത്മകത്വം കൊള്ളില്ലെന്നും ഏതു വേദനയും കരുത്തോടെ സഹിച്ചു ജീവിതം ഒരു പൊട്ടിച്ചിരിപോലെ മനോഹരമാക്കാൻ കഴിയണമെന്നും പറയുന്നതിനിടയിൽ അദ്ദേഹം ചോദിച്ചു:

"നീ ഗീത വായിക്കാറില്ലേ?"

മാഷോടു കള്ളംപറയാൻ വയ്യാത്തതുകൊണ്ടു ഞാൻ മിണ്ടിയില്ല. കവിതയോടൊപ്പം പ്രേമവും ഉള്ളിൽ കടന്നുകൂടിയ സമയമാണ്. അപ്പോൾ പിന്നെ ഗീതയെപ്പറ്റിയും മറ്റും ചിന്തിക്കാനെവിടെ നേരം?

ഇന്ന്, ഇപ്പോൾ, ഇവിടെവെച്ച് പ്രേമത്തെപ്പറ്റി പറയാനിട വന്നതും ഞാനാ രാശയക്കുഴപ്പത്തിൽ വഴുതിവീണിരിക്കുന്നു. കവിതയാണോ, പ്രേമമാണോ ഏതാണാദ്യം മനസ്സിൽ കടന്നുകൂടിയത്? കണ്ടുപിടിക്കാൻ കഴിയുന്നില്ല. രണ്ടും ഒരേസമയത്തു ശക്തിമത്തായ നിലയിൽ കടന്നുകൂടിയതായിരിക്കണം. ഇന്നതു രണ്ടും അവിടെയില്ലാത്തതുകൊണ്ട് ഈ അന്വേഷണം വ്യർത്ഥമാണ്. ഏതായാലും കവിതയ്ക്കു ശക്തമായ പ്രചോദനം നല്കാൻ പ്രേമത്തിനു കഴിഞ്ഞു എന്നു തീർച്ച. തുടർന്ന് എന്റെ കവിതകൾ പലതും മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രത്യക്ഷപ്പെട്ടു. ഏതോ സമർത്ഥമായ കൈകൾ വെട്ടിയും തിരുത്തിയും അതിനൊക്കെ അന്നു ചാരുത ചേർത്തിരുന്നു.

അങ്ങനെയിരിക്കുമ്പോൾ ഒരു കവിത എന്റെ ജാതകം തിരുത്തിത്തരികയുണ്ടായി. അതുകൂടി ഇവിടെ പറഞ്ഞുകൊള്ളട്ടെ, എന്റെ ഓർമ്മകളിവിടെവെച്ചു മുട്ടിത്തിരിഞ്ഞ് വഴിമാറാൻ പലവട്ടമുഴറി നോക്കി. അങ്ങനെ വഴിമാറാൻ പറ്റാത്ത വിധം ഇനി പറയാൻ പോകുന്ന സംഭവം ഒരു കരിങ്കൽ ഭിത്തിയായി ഇവിടെ നില്ക്കുന്നു. മിസ്റ്റർ കിടാവിന്റെ കൈയിൽ ഞാനേല്പിക്കുന്ന കവിതകളിൽ ചിലതു വെ

ളിച്ചം കാണാറില്ല. കൊള്ളാത്ത ഉരുപ്പടിയാവുമെന്നു കരുതി. ഞാൻ സമാധാനിക്കും. അദ്ദേഹമാവട്ടെ തന്റെ യാത്രയിൽ വണ്ടി നില്ക്കുന്ന എല്ലാ സ്റ്റേഷനിൽ നിന്നും പല പല സുഹൃത്തുക്കളുമായി ഇടപെട്ട് അവരേല്പിക്കുന്ന വാർത്തകളും മറ്റും വാങ്ങി തന്റെ ജുബ്ബയുടെ കീശയിൽ നിക്ഷേപിക്കുന്ന പതിവുണ്ട്. കൂട്ടത്തിൽ ചിലപ്പോൾ എന്റെ കവിതയുണ്ടാവും. ആപ്പീസിലെത്തിയാൽ എല്ലാംകൂടി വാരി തന്റെ മേശവലിപ്പിലിടും. പിന്നെ, സാവകാശമതു തിരഞ്ഞെടുത്ത് അതതു ചെന്നുചേരേണ്ട സ്ഥലത്തെത്തിക്കും.

'സഞ്ജയൻ' മാസിക നടക്കുന്ന കാലമായിരുന്നു അത്. സഞ്ജയനന്ന് മാതൃഭൂമിയിൽ നിത്യസന്ദർശകനായിരുന്നു. മി. കിടാവിന്റെ കസേരയിലാണിരിക്കുക. ഒരു ദിവസം അവിടെയിരുന്നു മേശവലിപ്പിലെ കടലാസുകൾ ചിലതെടുത്തു തിരിച്ചും മറിച്ചും നോക്കുന്നതിനിടയിൽ രണ്ടു കവിതകളദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെടുന്നു. അതിലൊരെണ്ണം തനിക്കു വേണമെന്നു പറഞ്ഞ് അദ്ദേഹം കൊണ്ടുപോകുന്നു. ഇത്രയും മാതൃഭൂമി ആപ്പീസിൽ. ഇനി സംഭവത്തിന്റെ ചുരുളഴിയുന്നത് തിക്കോടിയിലാണ്. അന്നു ഞാൻ സഞ്ജയൻമാസിക പതിവായി വാങ്ങിയിരുന്നു. പുതിയ ലക്കം കൈയിൽ വന്നു. വാങ്ങി വീട്ടിലെത്തി കമ്പോടുകമ്പ് വായിക്കാൻ തുടങ്ങി. പതിവുപോലെ വൈകിട്ട് എന്റെ സുഹൃത്തു വന്നു. സഞ്ജയൻ മാസിക രണ്ടാമതു വായിക്കുന്നത് അദ്ദേഹമാണ്. മാസികയുംകൊണ്ട് അദ്ദേഹം പോയി. പിറ്റേന്നു മാസിക തിരിച്ചുതരാൻ വേണ്ടി വന്ന അദ്ദേഹം എന്നോടൊരു ചോദ്യം:

"ആരാണീ തിക്കോടിക്കാരൻ?"

എനിക്കു ചോദ്യം മനസ്സിലായില്ല. സുഹൃത്തു തുടർന്നു:

"ഇതു നോക്കെടോ, ഒരു വിദ്വാൻ ഇതിലൊരു കവിതയെഴുതിയിരിക്കുന്നു. താനും ഞാനുമറിയാത്ത ഈ തിക്കോടിക്കാരൻ വങ്കനാരാണ്?"

ഞാൻ കവിത പേർത്തും പേർത്തും വായിച്ചു. ഒടുവിൽ എനിക്കു വെളിച്ചം കിട്ടി! ആ കവിതയിൽ എന്റേതായ നാലേനാലു വരിയുണ്ട്. ആഗോള യുദ്ധത്തിനു തയ്യാറെടുക്കുന്ന ഹിറ്റ്ലറുടെ പേരിൽ കലശലായ ശുണ്ഠിവന്നു സഹിക്കാഞ്ഞിട്ട് വളരെ ഗൗരവമായി ഞാനൊരു കവിതയെഴുതി. ആ കവിതയാണ് സഞ്ജയനെടുത്തു വെട്ടിത്തിരുത്തി ഹാസ്യകവിതയാക്കി പ്രസിദ്ധീകരിച്ചത്. കവിത മാറ്റിയതിനു പുറമേ പി. കുഞ്ഞനന്തൻനായർ തിക്കോടിയെ അദ്ദേഹം 'തിക്കോടിയ'നാക്കുകയും ചെയ്തു. അങ്ങനെ ഞാൻ തിക്കോടിയനായി. എന്റെ മറ്റേ പേർ ഇന്നാർക്കുമറിയില്ല; എനിക്കും.

— 23 —

## കുരുക്ഷേത്രത്തിലെ ശംഖൊലി

കടൽപ്പുറത്തെ മണൽപ്പരപ്പുപോലെ നനഞ്ഞു കുതിർന്ന മനസ്സ്. ഓർമ്മകൾ തിരമാലകൾ പോലെ അടിച്ചുകയറിവരുന്നു. ആഴക്കടലിൽ നിന്ന് ചപ്പുചവറുകളും ഉടഞ്ഞ കക്കത്തൊണ്ടുകളും വാരിക്കൊണ്ടു വന്ന് വിതറുന്നു. 'ഓം'കാരം മുഴക്കി ജീവിതസാഫല്യം നേടാൻ പിറവിയെടുത്ത് ബാലമരണത്തിന്റെ പിടിയിൽപ്പെട്ടു പോയ 'കുട്ടിശംഖു'കളും ചിലപ്പോൾ കൂട്ടത്തിലുണ്ടാവും. എങ്ങാനും മുത്തുച്ചിപ്പികളുണ്ടോ എന്നു തിരയാൻ തുടങ്ങുമ്പോൾ വീണ്ടും പ്രൂഫ് തിരുത്താൻ തിരയെത്തുന്നു. എല്ലാം തട്ടിത്തെറിപ്പിച്ചു കടൽ വെള്ളത്തിൽ കലക്കുന്നു. അപ്പോൾ ഒന്നുമില്ലാത്ത അവസ്ഥ. ശൂന്യത...! ആ ശൂന്യതയിൽ ഒരു തലയോട്ട് പ്രത്യക്ഷപ്പെടുന്നു. കണ്ണുകളുടെ സ്ഥാനത്തു രണ്ടു കറുത്ത കുഴികൾ. കണ്ണൻചിരട്ട പോലെ പിളർന്നു നില്ക്കുന്ന വായ. അവിടെ ഒളിച്ചുകളി നടത്തുന്ന ഒരു ഞണ്ടിൻകുഞ്ഞ്. ഇടയ്ക്കത് കണ്ണിൻ കുഴിയിലൂടെ കൊറുങ്ങുകൾ പുറത്തു കാട്ടി പ്രപഞ്ചത്തിന്റെ നേർക്കു വെല്ലുവിളി ഉയർത്തുന്നു. സദാഅലസനായ കടൽക്കാറ്റ്, ആ തലയോട്ടിൽ ശബ്ദം നിറയ്ക്കുന്നു. ശ്രദ്ധിക്കുക:

> കുട്ടികൾ പഠിച്ചില്ലെങ്കിൽ ബ്രിട്ടനെന്തു നഷ്ടപ്പെടാൻ?
> ബ്രിട്ടീഷുകാരൻ 'സ്റ്റാത്ത'മിന് സങ്കടമെന്തു?
> അടങ്ങുകില്ലിനി ഞങ്ങൾ സ്വകാര്യ മാനേജുമെന്റിൻ-
> അടിത്തറ പറപ്പിക്കാതടങ്ങുകില്ലാ.

ദശകങ്ങൾക്കു മുമ്പ് വിദ്യാഭ്യാസമേഖലയിലെ സ്വകാര്യ മാനേജുമെന്റ് സമ്പ്രദായത്തിനെതിരെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തോട് പടവെട്ടി മലബാറിന്റെ വിരിമാറിൽ വീണ വീരസ്വർഗ്ഗമടഞ്ഞ ഒരു ഉൽകൃഷ്ടാശയത്തിന്റെ തലയോടാണത്. ആ തലയോടിന്റെ ചരിത്രമറിയണമെങ്കിൽ ഏകസ്വരത്തിലാരംഭിച്ച് പിന്നെപ്പിന്നെ സംഘഗാനത്തിന്റെ രൂപം പൂണ്ട് ഒടുവിൽ പതിന്നാലായിരം കണ്ഠങ്ങൾ ഏറ്റുപാടിയ സമരഗാഥയുടെ പൊരുളറിയണമെങ്കിൽ പല ദശകങ്ങൾ പിന്നിലേക്കു നാം സഞ്ചരിക്കണം.

ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അടിവേരിൽ യുവഭാരതവീര്യം ആഞ്ഞടിക്കുന്ന കാലം. എങ്ങും അറസ്റ്റ്. എവിടേയും ലാത്തിത്തല്ല്. ജയിലറകൾ നിറകുടം. കൊലമരത്തിനു കൊയ്ത്തുകാലം. വെറുതെ നടക്കുന്ന നിർദ്ദോഷികളെപ്പോലും പിടിച്ചകത്താക്കാനുള്ള നിയമം—വാണ്ടറിങ് അറസ്റ്റ്—കലിതുള്ളി വെളിച്ചപ്പെടുന്ന കാലം. ആ കാലത്താണ്. മലബാറിലെ മലഞ്ചെരിവുകളിലും നദീതടങ്ങളിലും നഗരവീഥികളിലും പ്രതിധ്വനി ചേർത്തുകൊണ്ട് എയിഡഡ് അദ്ധ്യാപകർ സമരഗാഥകൾ മുഴക്കി നീണ്ടുനീണ്ട ജാഥകൾ നടത്തിയത്. മുദ്രാവാക്യങ്ങൾ ഉദ്ഘോഷിച്ചത്.

അദ്ധ്യാപനം—രാഷ്ട്രസേവനം!

സ്വകാര്യ മാനേജ്മെന്റ്സമ്പ്രദായം—അവസാനിപ്പിക്കുക.

സാമ്പത്തിക നേട്ടങ്ങളോ ഉദ്യോഗസ്ഥിരതപോലുമോ അന്ന് അദ്ധ്യാപകരുടെ ലക്ഷ്യമായിരുന്നില്ല. മഹത്തായൊരു ലക്ഷ്യത്തിനു വേണ്ടി അവർ സംഘം ചേർന്ന് സമരംചെയ്തു. അദ്ധ്യാപനം രാഷ്ട്രസേവനമായി അംഗീകരിക്കണം. മാനേജ്മെന്റ് സമ്പ്രദായം അവസാനിപ്പിക്കണം. ഈ ലക്ഷ്യം വെച്ചുകൊണ്ട് പൊന്നാനിമുതൽ ചിറയ്ക്കൽവരെയുള്ള 10 താലൂക്കുകളിലെ പതിന്നാലായിരത്തോളം വരുന്ന എയിഡഡ് അദ്ധ്യാപകരെ ഏകോപിപ്പിക്കുക; വേണ്ടിവന്നാൽ ലക്ഷ്യം നേടാൻ സമരം നടത്തുക എന്നതായിരുന്നു ആ തീരുമാനം. 1934-ലാണ് ആദ്യത്തെ സംഘംചേരലും, സമ്മേളനം നടത്തലുമുണ്ടായത്; തലശ്ശേരിവെച്ച്. 1936-ൽ രണ്ടാം സമ്മേളനം വടകരയിലായിരുന്നു. അത്ര വലിയ പ്രാതിനിധ്യമൊന്നും അന്ന് യൂണിയന് അവകാശപ്പെടാൻ കഴിയുമായിരുന്നില്ല. യൂണിയൻ സന്ദേശം പതുക്കെപ്പതുക്കെ പ്രചരിക്കാൻ തുടങ്ങിയതേയുള്ളൂ.

അന്നൊരുദിവസം ഖദർധാരിയായ ഒരു യുവാവ് ഞങ്ങളുടെ വിദ്യാലയത്തിൽ കടന്നുവന്നു. വെളുത്ത് ഏറെ പൊക്കമില്ലാത്ത ശരീരം, വശ്യമായ പുഞ്ചിരി, നിമിഷം കൊണ്ട് ആരേയും കീഴ്പ്പെടുത്താൻ കഴിയുന്ന സംഭാഷണശൈലി, പ്രസരിപ്പുള്ള നടത്തം, സൗമ്യമായ പെരുമാറ്റം. ആളാരെന്ന് ആർക്കും അറിഞ്ഞുകൂടാ. അദ്ദേഹം സ്വയം പരിചയപ്പെടുത്തി: പി. ആർ. നമ്പ്യാർ. ചീനംവീട് എച്ച്. ഇ. സ്കൂൾ അദ്ധ്യാപകൻ. കൂടുതൽ വിശദീകരണം ആവശ്യമില്ലായിരുന്നു. കേട്ടിട്ടുണ്ട്. അദ്ധ്യാപകയൂണിയന് വടകരയിൽ ഒരു നേതാവുണ്ടെന്നു കേട്ടിട്ടുണ്ട്. രണ്ടക്ഷരം മാത്രമുള്ള ഒരു നേതാവ്: 'പി. ആർ.' അദ്ദേഹമാണ് മുമ്പിൽ നില്ക്കുന്നതെന്നും സ്വയം പരിചയപ്പെടുത്തുന്നതെന്നും മനസ്സിലായപ്പോൾ ആദരവാണോ സന്തോഷമാണോ കൂടുതലെന്നു തിട്ടപ്പെടുത്താൻ കഴിയാത്ത മാനസികാവസ്ഥയിലായിരുന്നു ഞാൻ.

"ഇരിക്കണം സർ."

ഞാൻ കസേര നിരക്കിയിട്ടു. അദ്ദേഹം ഇരുന്നു. ചോർന്നൊലിച്ച് വികൃതമായ ഭിത്തികളിൽ നോക്കി, ആടാത്ത പെൻഡുലവുമായി എട്ടുകാലിവലയും പൊടിയും മൂടി മൗനിയായി തൂങ്ങുന്ന ക്ലോക്കിലേക്കു നോക്കി. ചിരിച്ചുകൊണ്ടദ്ദേഹം ചോദിച്ചു:

“എങ്ങനെ സമയമറിയുന്നു?”

ഞാൻ ഉത്തരം പറഞ്ഞില്ല.

“സ്കൂൾ തുടങ്ങാനും പിരിയാനും സമയമറിയണ്ടേ?”

കൂടുതൽ ചോദ്യങ്ങൾ കൂടുതൽ കുഴപ്പങ്ങളിൽ കൊണ്ടെത്തിക്കുമെന്നു ഭയപ്പെട്ടു ഞാൻ പറഞ്ഞു:

“പത്തേകാലിനു വടക്കോട്ടുള്ള ലോക്കൽവണ്ടി വരുമ്പോൾ ക്ലാസ്സു തുടങ്ങും?”

“പിരിയുന്നതോ?”

ചോദ്യം വളരെ ഗൗരവത്തിലായിരുന്നു. ഞാൻ ശബ്ദമൊതുക്കി ഒരപരാധിയെപ്പോലെ മറുപടി പറഞ്ഞു:

“നാലേകാലിനു തെക്കോട്ടും ഒരു വണ്ടിയുണ്ട് സാർ.”

അതുവരെ ഒതുക്കിനിത്തിയ ചിരിയുടെ നിയന്ത്രണം വിടുന്നു. പി. ആർ. മാത്രമല്ല, ഇത്തവണ എല്ലാവരും ചിരിച്ചു. ചിരിച്ചുകൊണ്ടുതന്നെ അദ്ദേഹം പറയുന്നു:

“ഇതെനിക്കു യൂണിയൻ മീറ്റിങ്ങിൽ പറയാൻ പറ്റിയ വിഷയമാണ്. ഇവിടത്തെ മാനേജ്മെന്റ് സമ്പ്രദായം വിദ്യാലയങ്ങൾ നടത്തുന്നതിന്റെ ഒന്നാന്തരമൊരുദാഹരണമാണിത്.”

യൂണിയന്റെ സന്ദേശം പ്രചരിപ്പിക്കാനും, മെമ്പർമാരെ ചേർക്കാനും ഉദ്ദേശിച്ചായിരുന്നു പി. ആറിന്റെ സന്ദർശനം. ഞങ്ങളെല്ലാവരും യൂണിയനിൽ അംഗങ്ങളായി. ആവുക മാത്രമല്ല, പി. ആറാണ് പ്രചാരവേലയ്ക്കിറങ്ങുന്നതെങ്കിൽ പതിന്നാലായിരത്തിനേയും അണിനിരത്താൻ വിഷമമുണ്ടാവില്ലെന്നു ഞങ്ങൾ തീരുമാനിക്കുകയും ചെയ്തു. താമസിയാതെ യൂണിയനെ സംബന്ധിക്കുന്ന വാർത്തകൾ ദിവസമെന്നോണം പത്രപംക്തികളിൽ സ്ഥലം പിടിക്കാൻ തുടങ്ങി. പുതിയ പുതിയ നേതാക്കന്മാരുടെ പ്രസംഗങ്ങളും ഫോട്ടോകളും പ്രത്യക്ഷപ്പെടാൻ തുടങ്ങി. പി. എം. കുഞ്ഞിരാമൻനമ്പ്യാർ—അദ്ധ്യാപകസമൂഹത്തിനു മുഴുവനും കുഞ്ഞിരാമേട്ടൻ—ടി. സി. നാരായണൻനമ്പ്യാർ. പി. ആറിനെപ്പോലെ അദ്ദേഹവും രണ്ടക്ഷരത്തിൽ പ്രസിദ്ധൻ: ടി. സി. നാലാമതൊരാൾ വി. രാവുണ്ണി. അദ്ദേഹം കോഴിക്കോട്ടുകാരൻ. ഗണപതിസ്കൂളിലോ മറ്റോ അദ്ധ്യാപകനായിരുന്നു. ഈ നാലു പേരും മലബാറിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ യൂണിയന്റെ സന്ദേശം പ്രചരിപ്പിച്ചുകൊണ്ടു സഞ്ചരിച്ചു. യൂണിയൻ ശക്തിപ്രാപിച്ചു. ഉദ്യോഗസ്ഥമേധാവിത്വത്തിനും മാനേജർമാർക്കും വിറളി. കാര്യത്തിന്റെ പോക്ക് അപകട മേഖലയിലേക്കാണെന്നവർ തീരുമാനിച്ചു. മാനേജർമാക്ക് സംഘടനയുണ്ടായി. ഉദ്യോഗസ്ഥവൃന്ദവും ഗവണ്മെന്റും അവരെ പ്രോത്സാഹിപ്പിച്ചു. ആശീർവദിച്ചു. അദ്ധ്യാപക സംഘടനയെ പൊളിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു. പദ്ധതിയിലെ ആദ്യത്തെ ഇനം ഭീഷണിയായിരുന്നു. യൂണിയനിൽ അംഗമായാൽ ജോലിയിൽ നിന്നു പിരിച്ചുവിടുമെന്ന ഭീഷണി. വാക്കിലൂടെയുള്ള ഭീഷണി വിലപ്പോവില്ലെന്നു വന്നപ്പോൾ അവിടെയുമിവിടെയുമായി ചില പിരിച്ചുവിടൽ നടന്നു. അതിലൊന്നായിരുന്നു കൊയിലാണ്ടിയിലെ മഠത്തിൽ സ്കൂൾകുഴ

പ്പം. അവിടെ ജോലിചെയ്തിരുന്ന എല്ലാവർക്കും സമ്മതനായിരുന്ന ശ്രീ കെ. പി. പദ്മനാഭൻ മാസ്റ്ററെ അകാരണമായി മാനേജർ പിരിച്ചുവിട്ടു. അത് തീക്കൊള്ളി കൊണ്ടുള്ള തല ചൊറിയലായിരുന്നു. മലബാറിൽ അങ്ങോളമിങ്ങോളമത് കോളി ളക്കമുണ്ടാക്കി.

1937 ഒക്ടോബർ 17—മലബാറിലെ എയിഡഡ് സ്കൂൾ അദ്ധ്യാപകരുടെ ഐതിഹാസിക സമരത്തിന്റെ ഒന്നാമദ്ധ്യായം എഴുതിത്തുടങ്ങിയതന്നാണ്. മഠത്തിൽ സ്കൂളിൽനിന്നു പിരിച്ചുവിട്ട പദ്മനാഭൻ മാസ്റ്ററോടൊപ്പം എല്ലാ അദ്ധ്യാപക രും മുഴുവൻ കുട്ടികളും അന്നു സ്കൂൾ വിട്ടു പുറത്തിറങ്ങി. അങ്ങനെ പുറത്തിറങ്ങിയവരെ സഹായിക്കാനും അവർക്കുവേണ്ടി ഒരു സ്കൂൾ പുതുതായി തുടങ്ങാനും പൗരമുഖ്യന്മാർ മുമ്പോട്ടു വന്നു. അവർക്കന്നു നേതൃത്വം നല്കിയത് കൊയിലാണ്ടി ബാറിലെ പ്രമുഖ അഭിഭാഷകനായിരുന്ന ശ്രീ. ഇ. കുഞ്ഞിക്കണ്ണൻ നായരായിരുന്നു. ഏതു നല്ല കാര്യത്തിനും മുൻകൈയെടുത്തു പ്രവർത്തിക്കാൻ സദാ സന്നദ്ധനായിരുന്ന അദ്ദേഹം പ്രസിഡണ്ടായി ഒരു കമ്മിറ്റി രൂപീകരിച്ചു. മിഷ്യൻകാരുടെ വക ഒഴിഞ്ഞു കിടന്നിരുന്ന ഒരു സ്കൂൾ കെട്ടിടം അന്നവിടെയുണ്ടായിരുന്നു. മിഷ്യൻകാരതു സൗജന്യമായി സ്കൂൾ നടത്തിപ്പിനു വിട്ടുകൊടുത്തു. താമസിയാതെ പി. സി. സ്കൂൾ എന്ന പേരിൽ അവിടെ പുതിയ സ്ഥാപനം രൂപം കൊള്ളുകയും ചെയ്തു. ബഹുജനങ്ങളുടെ ഉദാരമായ സഹായം കൊണ്ടു കുട്ടികൾക്കു സൗജന്യമായി ഉച്ചഭക്ഷണം നല്കാനും സ്കൂളിന്റെ നടത്തിപ്പിനു വേണ്ട സംഖ്യ കണ്ടെത്താനും കഴിഞ്ഞു.

മററുള്ളവരുടെ ഔദാര്യം കൊണ്ടുമാത്രം ഒരു സ്ഥാപനം, ദീർഘകാലം നടത്തിക്കൊണ്ടുപോകാൻ കഴിയില്ലെന്നറിയാമായിരുന്ന ശ്രീ. കുഞ്ഞിക്കണ്ണൻനായർ സ്കൂളിന് അംഗീകാരം നേടിയെടുക്കാനുള്ള ശ്രമം തുടങ്ങി. അന്ന്, എന്റെ, ഓർമ്മ ശരിയാണോ എന്തോ, മദിരാശി സംസ്ഥാനത്തിൽ കോൺഗ്രസ് ഒരു ഇടക്കാല മന്ത്രിസഭ രൂപീകരിച്ച കാലമായിരുന്നു. ഡോക്ടർ സുബ്ബരായൻ വിദ്യാഭ്യാസവകുപ്പിന്റെ ചുമതല വഹിക്കുന്നു. ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ടറുടെ പദവി വഹിച്ചത് ഒരു സായ്പായിരുന്നു: 'സ്റ്റാത്തം.'

മലബാർ ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ കൗൺസിൽ എന്ന സ്ഥാപനം പൂർണ്ണമായും അന്നു കോൺഗ്രസ്സിന്റെ വരുതിയിലായിരുന്നു. പ്രസിഡൻറ് ശ്രീ. കെ. പി. കുഞ്ഞിശങ്കരമേനോൻ. രാമവർമ്മ രാജ, കെ. പി. ആർ. ഗോപാലൻ, കേളപ്പജി തുടങ്ങിയവർ കൗൺസിൽ അംഗങ്ങളും. പി. സി. സ്കൂളിന് അംഗീകാരം നല്കാൻ കൗൺസിൽ ഭൂരിപക്ഷത്തോടെ തീരുമാനിച്ചു. മദിരാശിയിലും ഈ പ്രശ്നത്തിന്റെ പേരിൽ കോളിളക്കമുണ്ടായി. മലബാർ എഡ്യൂക്കേഷനൽ കൗൺസിലിന്റെ തീരുമാനം അംഗീകരിക്കുകയേ വഴിയുള്ളൂ. ഡോക്ടർ സുബ്ബരായൻ ഡയരക്ടർ 'സ്റ്റാത്ത'മിനു സ്കൂൾ സന്ദർശിക്കാനും സത്വര നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നല്കി. സായ്പ് സ്കൂൾ സന്ദർശിക്കാനെത്തി. എന്തൊക്കെ വൈമനസ്യമുണ്ടായാലും മനഃപ്രയാസമനുഭവപ്പെട്ടാലും സായ്പിനു കാലുമാറി ചവിട്ടാൻ പ്രയാസമുണ്ടായിരുന്നു.

മദിരാശി ഭരിക്കുന്നതു കോൺഗ്രസ്സാണ്. ഒടുവിൽ സ്കൂളിന് അംഗീകാരം കിട്ടുക തന്നെ ചെയ്തു. ഇതിൽ എക്കാലവും സ്മരിക്കേണ്ട ചില കാര്യങ്ങളുണ്ട്. ആദ്യത്തേതു ശ്രീ. കുഞ്ഞിക്കണ്ണൻ നായരുടെ നിസ്സ്വാർത്ഥസേവനം. അദ്ദേഹം അവസാന കാലം വരെ സ്കൂൾ കമ്മിറ്റിയുടെ ചെയർമാനും കറസ്പോണ്ടന്റുമായിരുന്നു. രണ്ടാമത്തേത് സമരത്തിന്നനുകൂലമായ പ്രചാരവേലയ്ക്കിടയിൽ നടത്തിയ സമ്മേളനങ്ങളിലും പൊതുയോഗങ്ങളിലും അന്നു പങ്കെടുത്തവരുടെ പ്രസംഗങ്ങൾ. അക്കൂട്ടത്തിൽ എക്കാലവും മറക്കാത്ത ഒരു പ്രസംഗമായിരുന്നു അന്നു കൊയിലാണ്ടി മൈതാനിയിൽ ചേർന്ന മഹായോഗത്തിൽ ശ്രീ മധുരവനം കൃഷ്ണക്കുറുപ്പ് ചെയ്തത്. “ഇതാ, ഇതാണ് അദ്ധ്യാപകസമൂഹത്തിന്റെ കുരുക്ഷേത്രം. ഇവിടെ ധർമ്മവും അധർമ്മവും ഏറ്റുമുട്ടുന്നു. ധർമ്മം ജയിച്ചേ പറ്റൂ.” ഇന്നും ആ വാക്കുകൾ ഉള്ളിൽ മുഴങ്ങുകയാണ്. സമരത്തിന്റെ ഒന്നാമദ്ധ്യായം സംഘട്ടനങ്ങളേറെയില്ലാതെ അവസാനിച്ചെങ്കിലും രണ്ടാമദ്ധ്യായം രൂക്ഷമായ, നിർദ്ദയമായ പല സംഭവങ്ങളും നിറഞ്ഞതായിരുന്നു.

— 24 —

## ശനിയൻസഭ

മഠത്തിൽ സ്കൂൾസമരവും അതിന്റെ വിജയകരമായ പരിസമാപ്തിയും അദ്ധ്യാപക സമൂഹത്തിൽ ആവേശമുയർത്തി. സംഘടനയിൽ അവർക്കുണ്ടായിരുന്ന വിശ്വാസം കൂടുതൽ ബലപ്പെട്ടു. മലബാറിൽ അങ്ങോളമിങ്ങോളം യൂണിയൻ ശാഖകൾ രൂപംപൂണ്ടു. ചുറുചുറുക്കും തന്റേടവുമുള്ള ചെറുപ്പക്കാർ യൂണിയൻ ഭാരവാഹികളായി ചുമതലയേറ്റെടുക്കാൻ മുമ്പോട്ടുവന്നു. എവിടേയും ജനങ്ങളുടെ പരിപൂർണ്ണ സഹകരണമുണ്ടായി. അവർക്ക് അദ്ധ്യാപകനെ നിരാകരിക്കാനോ തള്ളിപ്പറയാനോ എങ്ങനെ കഴിയും? ഗ്രാമീണ ജീവിതത്തിന്റെ ഒരവിഭാജ്യഘടകമായിരുന്നു അന്നദ്ധ്യാപകൻ. ഏതു നല്ല പ്രസ്ഥാനത്തോടുമൊപ്പം അദ്ധ്യാപകനുണ്ടായിരുന്നു. നാട്ടിന്റെ സ്വാതന്ത്ര്യം നേടിയെടുക്കാനുള്ള സമരത്തിലുണ്ട്, സാമൂഹ്യസേവനത്തിലും ആതുരശുശ്രൂഷയിലും അദ്ധ്യാപകനുണ്ട്. അദ്ധ്യാപകന്റെ പ്രശ്നം ജനത്തിന്റെ മുഴുവനും പ്രശ്നമാണെന്ന് എയിഡഡ്, അദ്ധ്യാപക സമരത്തിന്റെ ചരിത്ര രേഖകളിൽ കാണാൻ ഒട്ടും പ്രയാസമില്ല.

പ്രതീക്ഷിക്കാത്തത്ര വേഗത്തിലാണു സംഘടന ശക്തിപ്രാപിച്ചത്. കേന്ദ്രസംഘടനയുടെ കീഴിൽ, ഫലപ്രദമായി പ്രവർത്തിക്കുന്ന ഘടകങ്ങൾ, ചിറയ്ക്കൽ തൊട്ടു പൊന്നാനിവരെയുള്ള പത്തു താലൂക്കുകളിലും നിലവിൽവന്നു. കുറുമ്പ്രനാടു താലൂക്കിന്റെ പ്രസിഡണ്ടായി തിരഞ്ഞെടുത്തത് ശ്രീ. കെ. ജി. കിടാവിനെയായിരുന്നു. സെക്രട്ടറിയായി ശ്രീ. കെ. പി. പത്മനാഭനേയും ജോയന്റ് സെക്രട്ടറിയായി എന്നേയും.

മഠത്തിൽ സ്കൂൾ സമരം വഴി അപ്പോഴേക്കും മിസ്റ്റർ പത്മനാഭൻ ഒരു 'ഹീറോ' ആയിക്കഴിഞ്ഞിരുന്നു. താലൂക്കു യൂണിയന്റെ ആദ്യത്ത ശ്രമം മിക്കവാറും എല്ലാ റവന്യൂ ഫർക്കകളിലും കീഴ്ഘടകങ്ങൾ സംഘടിപ്പിക്കലായിരുന്നു. ഒട്ടും പ്രയാസമില്ലാതെ അതു സംഘടിപ്പിക്കാൻ കഴിഞ്ഞു. ഏതുൾനാട്ടിൽ ചെന്നാലും ഹൃദയപൂർവ്വമായ സ്വീകരണം: സഹകരണം. ഏതു നിലയിൽ എന്തു സഹായം ചെയ്യാനും ജനം തയ്യാർ. കീഴ്ഘടകങ്ങളുടെ രൂപീകരണത്തെത്തുടർന്ന് എല്ലാ സ്ഥലത്തും

സമ്മേളനങ്ങൾ നടത്തി. പി. ആർ. നമ്പ്യാർ, പി. എം. കുഞ്ഞിരാമൻ നമ്പ്യാർ, ടി. സി. നാരായണൻ നമ്പ്യാർ തുടങ്ങിയ നേതാക്കന്മാർ എല്ലാ സമ്മേളനങ്ങളിലും പങ്കെടുത്തു. മൂന്നു നേതാക്കന്മാരും മൂന്നു രീതിയിലാണു പ്രസംഗത്തിലൂടെ ജനങ്ങളേയും അദ്ധ്യാപകരേയും ബോധവാന്മാരാക്കിയത്. നർമ്മം തുളുമ്പുന്ന ശൈലിയിൽ നാടൻകഥകളും പഴഞ്ചൊല്ലുകളും കലർത്തി വാക്കിനു വാക്കിനു ശ്രോതാക്കളെ ചിരിപ്പിച്ചുകൊണ്ടിരുന്നു പി. ആറിന്റെ പ്രസംഗം.

സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പോരാളിയായിരുന്ന പി. എം.-ന്റെ പ്രസംഗം സിംഹഗർജ്ജനമായിരുന്നു. അതു കേട്ടിരിക്കുന്നവർക്ക് ഏതോ വലിയൊരു സംഭവം ആസന്നമായിരിക്കുന്നു എന്ന തോന്നലുണ്ടാവും. ടി. സി. ക്കു ഫലിതമുണ്ട്. വേണ്ടെടത്തു ഗൗരവമുണ്ട്. ശ്രോതാക്കളെ എത്രനേരമെങ്കിലും പിടിച്ചിരുത്താനുള്ള പാടവമുണ്ട്. പ്രസംഗിച്ചുകൊണ്ടു ടി. സി. മുൻനടക്കുകയാണെങ്കിൽ ഒരു മടിയും കൂടാതെ ശ്രോതാക്കളദ്ദേഹത്തെ എങ്ങോട്ടു വേണമെങ്കിലും പിൻതുടരുമായിരുന്നു; പ്രതിബന്ധങ്ങളേതും ഗൗനിക്കാതെ. അത്രയ്ക്കു കഴിവുറ്റതായിരുന്നു, ഫലപ്രദമായിരുന്നു ടി. സി. യുടെ പ്രസംഗം. ഈ മൂന്നുപേരോടൊപ്പം ഒരു രണ്ടാംനിരയും നേതൃത്വത്തിലേക്കു സാവകാശം നടന്നടുക്കുകയായിരുന്നു. ടി. സി. നാരായണക്കുറുപ്പ്, സി. സി. നായർ, കെ. വി. കുഞ്ഞിക്കണ്ണൻ നായർ, കറളിക്കണ്ടി കുഞ്ഞിരാമൻ നായർ, ഉണ്ണിക്കിടാവ് അങ്ങനെ എണ്ണിയെണ്ണിപ്പറയാവുന്ന അദ്ധ്യാപകർ ഒട്ടുവളരെപ്പേർ സംഘടനയ്ക്കു ചൈതന്യം പകരാൻ മുന്നോട്ടു വന്നു. ഓർമ്മയിൽ നിന്നു വഴതിപ്പോയവർ ക്ഷമിക്കട്ടെ.

അടുത്ത ഊഴം മാനേജർമാരുടേതായിരുന്നു. അദ്ധ്യാപക യൂണിയൻ ശക്തിപ്രാപിച്ചുവരുന്നതിൽ മാനേജർമാരിൽ ചിലർക്ക് അങ്കലാപ്പുണ്ടായി. അവർക്കും വേണം ഒരു യൂണിയനെന്നായി. യൂണിയന്റെ രൂപീകരണവും അദ്ധ്യാപകർക്കുനേരെ വാളോങ്ങലും ഒരുമിച്ചായിരുന്നു. കണ്ണാടിപ്പറമ്പു സ്കൂളിൽനിന്നു ടി. സി. നാരായണൻനമ്പ്യാരെ പിരിച്ചുവിട്ടു. യൂണിയന്റെ കടയ്ക്കൽത്തന്നെ കത്തിവെച്ചുകൊണ്ട് മാനേജർമാർ ഊറ്റംകൊണ്ടു. മാനേജേഴ്സ് യൂണിയൻ സെക്രട്ടറിയായിരുന്ന ശ്രീ. ടി. എച്ച്. കൃഷ്ണൻ നായർ മേലടിയിലുള്ള തന്റെ സ്കൂളിൽ നിന്ന് ഒരദ്ധ്യാപകനെ പിരിച്ചുവിട്ടു. അങ്ങനെ പല സ്ഥലങ്ങളിലും പിരിച്ചുവിടൽ നടത്തിക്കൊണ്ട് മാനേജർമാർ ഒരു സംഘട്ടനത്തിനു കളമൊരുക്കി. മാനേജ്മെന്റ് സമ്പ്രദായമെന്ന മാൻതോൽപ്പുതപ്പിനുള്ളിൽ ഉറക്കം നടിച്ചു കിടന്നതു ബ്രിട്ടീഷ് സിംഹമായിരുന്നു. മനുഷ്യരക്തത്തിന്റെ സ്വാദ് അനുഭവിച്ചറിഞ്ഞ സിംഹം. ആ സിംഹത്തിന്റെ വാലിൽ കേറിയാണു പിടിക്കുന്നതെന്നു യൂണിയൻ നേതാക്കന്മാക്കു വ്യക്തമായി അറിയാമായിരുന്നു. അറിഞ്ഞുകൊണ്ടു തന്നെ അവർ സിംഹത്തെ ഉണർത്തി. അതു സടകുടഞ്ഞെഴുന്നേറ്റു. പല്ലും നഖവും പുറത്തുകാട്ടി അലറി. പി. എം. പറഞ്ഞു:

“അതെ; സ്വാതന്ത്ര്യസമരമുഖത്തു നമ്മളൊരു രണ്ടാം നിരയുടെ ഉദ്ഘാടനമാണു നടത്തുന്നത്.”

മാനേജർമാർക്കതു മനസ്സിലായില്ലാ, ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ സേവിക്കുന്ന ഉദ്യോഗസ്ഥന്മാർക്കതു മനസ്സിലായില്ല. സാമ്രാജ്യത്വത്തെ താങ്ങിനിർത്തുന്ന തൂണുകളായി വർത്തിക്കുന്ന അംശം അധികാരിമാർക്കതു മനസ്സിലായില്ല. ഇവരെല്ലാവരും ചേർന്നു യൂണിയനെ നശിപ്പിക്കാനൊരുങ്ങി. പിരിച്ചുവിടലായിരുന്നു അവരുപയോഗിച്ച ഏറ്റവും വലിയ ആയുധം. പിരിച്ചുവിടപ്പെട്ടവർ യൂണിയനെ വിവരമറിയിക്കുന്നു. യൂണിയൻ ബന്ധപ്പെട്ട അധികൃതരെ സമീപിക്കുന്നു. ആക്ഷേപം ബോധിപ്പിക്കുന്നു. മറുപടിയില്ല. നിവേദനം, ആക്ഷേപം, പ്രതിഷേധം ഇതെല്ലാം നിത്യമെന്നോണം സംഭവിച്ചുകൊണ്ടിരിക്കുകയും, അദ്ധ്യാപകസമൂഹത്തിൽ അമർഷത്തിന്റെ കൊടുങ്കാറ്റുയരുകയും ചെയ്യുന്ന സവിശേഷ സന്ദർഭത്തിലാണ് അദ്ധ്യാപക യൂണിയൻ ഒരു പ്രത്യേകസമ്മേളനം തലശ്ശേരിവെച്ചു ചേരുന്നത്.

മദിരാശിയിലെ ഇടക്കാല ഗവണ്മെന്റിലെ വിദ്യാഭ്യാസമന്ത്രി ഡോക്ടർ സുബ്ബരായനാണു സമ്മേളനം ഉദ്ഘാടനം ചെയ്തത്. മലബാറിന്റെ നാനാഭാഗത്തുനിന്ന് അദ്ധ്യാപക ജാഥകൾ തലശ്ശേരിയിൽ എത്തിച്ചേർന്നിരുന്നു. മുദ്രാവാക്യങ്ങളും ഗാനങ്ങളും കൊണ്ടു സമ്മേളനസ്ഥലവും പരിസരവും മുഖരിതമായി. അദ്ധ്യാപകരോടൊപ്പം ബഹുജനങ്ങളും ചേർന്ന് അവിടമൊരു ജനസമുദ്രം സൃഷ്ടിച്ചു. രോഷാകുലരായിരുന്നു അദ്ധ്യാപകർ. അവർ എന്തു ത്യാഗം സഹിക്കാനും തയ്യാറാണെന്ന് ഉച്ചൈസ്തരം ഉദ്ഘോഷിച്ചു. മന്ത്രിയെ ഇരുത്തിക്കൊണ്ട് ആ സമ്മേളനത്തിൽ ടി.സി. അന്നു ചെയ്ത പ്രസംഗം, അവിടെ പങ്കെടുത്തവരുടെ മനസ്സിൽ ഇന്നും പച്ചപിടിച്ചുനില്പുണ്ടാവും. അത്രയ്ക്കു ഗംഭീരമായിരുന്നു ആ പ്രസംഗം. പ്രസംഗത്തിന്റെ സ്വരവും പ്രകടനത്തിന്റെ മട്ടും ഒരു കാര്യം വ്യക്തമായി മന്ത്രിയെ ധരിപ്പിച്ചു: മാനേജ്മെന്റ് സമ്പ്രദായം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തിൽ നിന്നു അദ്ധ്യാപകസമൂഹം ഒരിഞ്ചുപോലും; പിൻവാങ്ങാൻ തയ്യാറില്ല. തടവറയോ തൂക്കുമരമോ ഏതു കിട്ടിയാലും സ്വീകരിക്കും, വിട്ടുവീഴ്ചയില്ല. മന്ത്രിക്കു വ്യക്തമായ മറുപടി പറയാൻ വയ്യായിരുന്നു. അതു കൊണ്ടദ്ദേഹം യൂണിയനെ തൃപ്തിപ്പെടുത്തുമാറുള്ള പ്രസ്താവനകളൊന്നും ചെയ്തില്ലെന്നാണോർമ്മ. ഏതായാലും, സമ്മേളനം യൂണിയന്റെ പരാജയമാണെന്നും വലിയ പ്രതീക്ഷയോടെ ക്ഷണിച്ചുവരുത്തിയ വിദ്യാഭ്യാസമന്ത്രി ഒട്ടും സുഖകരമല്ലാത്ത അവസ്ഥയിലാണു തിരിച്ചുപോയതെന്നും അദ്ധ്യാപകർക്കു സമരപ്പനിയാണെന്നും പനിച്ചുപനിച്ച് ഒടുവിൽ യൂണിയൻ ഇല്ലാതാവുമെന്നും മറുപക്ഷം പ്രചാരവേല നടത്തി. പ്രചാരവേലയോടൊപ്പം അദ്ധ്യാപകരെ ദ്രോഹിക്കുന്ന നടപടി കൈക്കൊള്ളുകയും ചെയ്തു.

അക്കാലത്ത് അദ്ധ്യാപകരെ ആവേശം കൊള്ളിച്ച പടപ്പാട്ടുകളിൽനിന്നു ചില വരികൾ ഓർമ്മിക്കുന്നു:

ഭാരതത്തിൽ ശാന്തി നേടാൻ, ജീവിതമർപ്പിക്കപ്പെട്ട
ഗുരുവരാ—ജയിലിലേക്കോ നിന്റെ പ്രയാണം
കുട്ടികൾ പഠിച്ചില്ലെങ്കിൽ ബ്രിട്ടനെന്തു നഷ്ടപ്പെടാൻ

ബ്രിട്ടീഷു കാരൻ 'സ്റ്റാത്താ' മിന്റ് സങ്കടമെന്ത്?
അടങ്ങുകില്ലിനി ഞങ്ങൾ സ്വകാര്യ മാനേജ്മെന്റിൻ
അടിത്തറ പറപ്പിക്കാതടങ്ങുകില്ലാ!

ഇന്നലെയോളം കൊച്ചു കിടാങ്ങളെ
പൊന്നുമക്കളെപ്പോലെ പഠിപ്പിച്ചോർ
ഇന്നവരെങ്ങും ജയിലിൽ, നരകത്തിൽ
കല്ലറയിൽ, കൊതുകിൻ തറവാട്ടിൽ
ഭീതിയില്ലെ നിനക്കു നിയമമേ
നീതികേടിനു ചൂട്ടുകാണിക്കുവാൻ
നാണമില്ലേ നിനക്കു ഭരണമേ
നാട്ടിലിത്തരമാപത്തു സൃഷ്ടിക്കാൻ
നാളെയിനി പ്രഭാതത്തിൻ കിരണങ്ങൾ
ഊഴിയിൽ വന്നു വീഴേണമെങ്കിലോ
ടീച്ചർമാർതൻ സമസ്താവകാശവും
വെച്ചുതന്നേക്കധികൃതവർഗ്ഗമേ—

ഇനിയുള്ള കാലം സമരകാലം. എല്ലാവരുടെ മനസ്സും മന്ത്രിച്ചു. നേതാക്കന്മാർ ഒരുമിച്ചിരുന്നു തലപുകഞ്ഞാലോചിച്ചു. സമരം അനിവാര്യമാണ്. അതെങ്ങനെ നടത്തും? അദ്ധ്യാപകർ ഒന്നടക്കം പണിമുടക്കി വിദ്യാലയങ്ങൾ അടച്ചിടുന്ന സമരം വയ്യ. ഇന്നുള്ള പൊതുജനാനുകൂല്യം നഷ്ടപ്പെടും. കുട്ടികൾ വെറുതെ ഇരിക്കേണ്ടിവരും. അവരുടെ പഠിപ്പു മുടങ്ങും. ഇലയ്ക്കും മുള്ളിനും കേടില്ലാത്തൊരു വഴി കണ്ടെത്തണം. അങ്ങനെ ആലോചിച്ചാലോചിച്ചു കണ്ടെത്തിയ വഴി 'ഗുരുജനസമാജ' ബഹിഷ്കരണമായിരുന്നു.

ഈ ഗുരുജനസമാജമെന്നു പറയുന്നതിനു മറെറാരു പേരുകൂടിയുണ്ട്: ശനിയൻ സഭ. എല്ലാ മാസവും ഏതെങ്കിലുമൊരു ശനിയാഴ്ച ഏതാനും സ്കൂളുകളിലെ അദ്ധ്യാപകർ ഒരിടത്ത് ഒത്തുചേരുക. ഡെപ്യൂട്ടി ഇൻസ്പെക്ടറുടെ 'ഡർബാറെ'ന്നും ഈ ശനിയൻസഭയ്ക്കു പേരു നല്കാവുന്നതാണ്. അദ്ധ്യാപകർ ഒത്തു ചേരുന്നതു മിക്കവാറും ഡപ്യൂട്ടി ഇൻസ്പെക്ടറുടെ പ്രസംഗം കേൾക്കാനാണെന്നും അന്നു പലരും ധരിച്ചിരുന്നു. നടപടിക്രമങ്ങൾ ആ ധാരണയ്ക്ക് ആക്കം കൂട്ടുന്നവിധമായിരുന്നു. ഇൻസ്പെക്ടർ വരും, സ്വയം ആദ്ധ്യക്ഷ്യം വഹിക്കും, സെക്രട്ടറി കഴിഞ്ഞ യോഗത്തിലെ മിനിട്ട്സ് വായിക്കും. ഈ സെക്രട്ടറി എപ്പോഴും ഗവൺമെന്റ് സ്കൂളിലെ ഒരു അദ്ധ്യാപകനായിരിക്കും. അങ്ങനെയുള്ളവർക്കു വിധേയത്വം കൂടുമല്ലോ. ഇൻസ്പക്ടറെപ്പോലെ അദ്ദേഹത്തിനും സ്വന്തമാണല്ലാ ഗവണ്മെന്റ്. മിനിട്ട്സ് വായന കഴിഞ്ഞാൽ അദ്ധ്യക്ഷൻ പ്രസംഗിക്കും. അതോടെ സഭ കഴിയുന്ന പതിവാണു മിക്കവാറും. അദ്ദേഹത്തിന് എത്ര വേണമെങ്കിലും നീട്ടി പ്രസംഗിക്കാം. വിനീതവിധേയരാണല്ലോ മുമ്പിലിരിക്കുന്നത്. അദ്ധ്യാപകരുടെ അച്ചടക്കം, ഗ്രന്ഥപാരായണത്തിലൂടെ വിജ്ഞാനം വികസിപ്പിച്ചെടുക്കേണ്ട ആവശ്യകത, എന്നുവേണ്ട ക്ഷമ, അഹിംസ, പച്ചക്കറി

ഭക്ഷണം, പ്രഭാതസ്നാനം, നാമജപം വരെ ആ പ്രസംഗം ചെന്നെത്താറുണ്ട്. ചില ഇൻസ്പെക്ടർമാർ, സാഹിത്യാദി കലകളിൽ ഞങ്ങൾക്കും പ്രാവീണ്യമുണ്ടെന്നു തെളിയിക്കാൻ ശനിയൻ സഭയിൽ ചില പുതിയ പരിപാടികൾ അവതരിപ്പിക്കും. അവയിലൊന്നായിരുന്നു സാഹിത്യവിനോദം. സംഗതി ലളിതമാണ്. ഏതെങ്കിലുമൊരു അദ്ധ്യാപകൻ ഒരു കവിത കൊണ്ടുവന്നു ചൊല്ലും; അതിലെ ആസ്വാദ്യത വെളിപ്പെടുത്തുമാറ് പ്രസംഗിക്കുകയും ചെയ്യും. വള്ളത്തോളും കുമാരനാശാനും ഉള്ളൂരും ജീയുമൊക്കെ അങ്ങനെ ഞങ്ങളുടെ ശനിയൻ സഭയിൽ ഇടയ്ക്കിടെ വന്നുപോകാറുണ്ടായിരുന്നു.

യൂണിയനും അധികൃതരും കലശലായി ഇടഞ്ഞു നില്ക്കുന്ന കാലം. അന്നൊരു ശനിയൻസഭയിൽ സാഹിത്യവിനോദം എന്റെ വകയായിരുന്നു. ഞാൻ മഹാകവികളുടെ കവിതയൊന്നും കൊണ്ടുപോയില്ല. അക്കാലത്തു മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രത്യക്ഷപ്പെട്ട ഒരു കവിത എനിക്കു വളരെ ഇഷ്ടമായി. 'രാവണന്റെ രണ്ടു വാക്ക്' എന്നായിരുന്നു കവിതയുടെ പേര്. കവിയെ ഓർക്കുന്നില്ല. രാമബാണമേറ്റു മൃത്യുപൂകാൻ തുടങ്ങുന്ന രാവണൻ തന്റെ സഹോദരനായ വിഭീഷണനോടു പറയുന്ന രണ്ടു വാക്കാണു കവിതയുടെ ഇതിവൃത്തം.

"ഉറ്റസോദരൻ ഭവാനൊറ്റുകാരനായി നിന്നു, മാറ്റാരേ സഹായിച്ച മാററിത്തത്താഴി"ലാണ് എന്നെ കൊല്ലുന്നത്. അല്ലാതെ രാമസായകമല്ലെന്നു രാവണൻ പയുന്നു. ഇതു സന്ദർഭത്തിനു വളരെ ഇണങ്ങുമെന്നെനിക്കു തോന്നി. യൂണിയനു പുറത്തുനിന്നും അധികൃതരേയും മാനേജ്മെന്റിനേയും സേവിക്കുന്ന അദ്ധ്യാപകരുടെ ചെയ്തികളെ കളിയാക്കാനും പറ്റും. അങ്ങനെയാണു കവിത ചൊല്ലാനും വ്യാഖ്യാനിക്കാനും ഞാനൊരുമ്പെട്ടത്. ഇൻസ്പെക്ടർ ക്ഷോഭിച്ചു. ടീച്ചർ മാനേജർമാരായി സദസ്സിലുണ്ടായിരുന്നവർ ക്ഷോഭിച്ചു. മറ്റുള്ളവർ കൈയടിച്ച് അഭിനന്ദിക്കുകയും ചെയ്തു.

ശനിയൻസഭ ഒരു പ്രവൃത്തിദിവസമായി കണക്കാക്കുന്നതുകൊണ്ട് അതിൽ പങ്കെടുക്കാതിരിക്കുന്നതു നിയമലംഘനമാണ്. ബഹിഷ്കരണമാവുമ്പോൾ കുറ്റം ഇരട്ടിക്കുകയും ചെയ്യുന്നു. യൂണിയന്റെ ആഹ്വാനം അനുസരിച്ച് ഭൂരിപക്ഷം ബഹിഷ്കരണത്തിൽ പങ്കെടുത്തു. പങ്കെടുത്തവരുടെ പേരിൽ നിയമനടപടികൾ കൈക്കൊള്ളാൻ ഡിപ്പാർട്ട്മെന്റ് ഒരുക്കം കൂട്ടുമ്പോൾ ബഹിഷ്കരണ പരിപാടിയിൽ പങ്കെടുക്കാത്ത ന്യൂനപക്ഷത്തെ കൈകാര്യം ചെയ്യേണ്ടത് ഏതു വിധമായിരിക്കണമെന്നു യൂണിയൻ ആലോചിക്കുകയായിരുന്നു. യൂണിയനോടു സഹകരിക്കാതെ അകത്തു കയറിക്കൂടുന്നവരെ പിക്കറ്റുചെയ്യണമെന്നു തീരുമാനമെടുത്തു.

പിക്കറ്റിങ് ആരംഭിച്ചു. അപ്പോൾ അതൊരു ബഹുജനപ്രസ്ഥാനത്തിന്റെ രൂപം കൈക്കൊള്ളുകയാണു ചെയ്തത്. പിക്കറ്റിങ് കാണാനും അകത്തു കയറുന്നവരെ നാണം കെടുത്താനും നാട്ടുകാരൊരുപാടു വന്നുചേർന്നു. അവർ ഒത്തുചേർന്നു വലിയൊരു മതിൽക്കെട്ടുപോലെ ശനിയൻ സഭ നടക്കുന്ന ഹാൾ വലയം ചെയ്തു. ആർക്കും കടക്കാൻ കഴിയുന്നില്ല. ഡെപ്യൂട്ടി ഇൻസ്പെക്ടർമാർ പല സ്ഥലത്തുനിന്നും

അകത്തു കടക്കാൻ കഴിയാതെ മടങ്ങേണ്ടിവന്നു. ചില സ്ഥലങ്ങളിൽ തലേന്നാൾ രാത്രി സ്കൂളിൽ കയറിക്കൂടിയ ചില അദ്ധ്യാപകരെ ജനം കൂവി എലിയെ പുകച്ചു ചാടിക്കുമ്പോലെ വെളിയിൽ ഇറക്കുകയും, വാദ്യഘോഷങ്ങളോടെ കത്തിച്ചുപിടിച്ച ചൂട്ടുകൾ തെളിയിച്ചുകൊണ്ടു പട്ടാപ്പകൽ ഘോഷയാത്രയായി വീടുകളിലോളമെത്തിക്കുകയും ചെയ്ത സംഭവങ്ങളും ഉണ്ടായിരുന്നു. ചിലേടത്ത് ഒരുത്സവച്ഛായതന്നെ കാണപ്പെട്ടിരുന്നു. വെള്ള കീറുന്നതിനു മുമ്പു ജനമെത്തും. പിക്കറ്റിങ്ങിനുള്ള വാളണ്ടിയർമാർ വരുംമുമ്പെ ജനം കെട്ടിടം വളയും. അന്ന് ഒഴുക്കിനെതിരെ നീന്തി, യൂണിയനെ വർജ്ജിക്കുന്നവർക്കു 'കരിങ്കാലി'യെന്നു പേരില്ലായിരുന്നു. പകരം ജനങ്ങൾ അപ്പപ്പോൾ പല പേരുകളിലും അവരെ വിശേഷിപ്പിച്ചു.

സടകുടഞ്ഞെഴുന്നേറ്റു ഗർജ്ജിച്ച സിംഹം ചാടിവീഴാൻ പിന്നെ താമസിച്ചില്ല. പിക്കറ്റിങ്ങിനെത്തിയ അദ്ധ്യാപകരെ അറസ്റ്റു ചെയ്തു. പലരെയും തല്ലി. ക്രൂരമായ മർദ്ദനങ്ങൾ വേറെയും ചിലതുണ്ടായി. കീഴൽ പ്രദേശത്തെ ഒരു സ്കൂൾ പിക്കറ്റുചെയ്ത അദ്ധ്യാപകരെ പോലീസ് പൊക്കിയെടുത്ത് അടുത്തുള്ള മുൾക്കുമ്പാരത്തിലേക്കു വലിച്ചെറിയുകയുണ്ടായി. സമരം അനിശ്ചിതമായി നീണ്ടു. മർദ്ദനം കണ്ടു നിന്ന ജനങ്ങൾ ക്ഷോഭിച്ചു. ഏതു നിമിഷവും ഒരു ഏറ്റുമുട്ടലുണ്ടാവും. എവിടെയും അതു സംഭവിക്കാം. ആ നിലയിൽ കാര്യമെത്തിയപ്പോൾ സർവന്റ്സ് ഓഫ് ഇന്ത്യാ സൊസൈറ്റിയുടെ പശ്ചിമതീരത്തെ പ്രവർത്തകരും ആതുരസേവാനിരതരുമായ ശ്രീ വി. ആർ. നായനാരും കേളപ്പജിയും രംഗത്തു വരുന്നു. അവരുടെ പ്രയത്നത്തിലൂടെ, അധികാരികളും യൂണിയൻ നേതാക്കളുമായുള്ള നിരന്തരസമ്പർക്കത്തിലൂടെ, കൂടിയാലോചനയിലൂടെ, ഇലയ്ക്കും മുള്ളിനും കേടില്ലാത്തൊരു സന്ധിനിർദ്ദേശം അവർ മുമ്പോട്ടു വെക്കുകയും ഇരുവിഭാഗത്തുമുള്ളവർ അതു സ്വീകരിക്കുകയും സമരം അവസാനിക്കുകയും ചെയ്തു.

— 25 —

## ശക്തിമന്ദിരത്തിലെ സായാഹ്നങ്ങൾ

സ്ഥലം കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ കോഴിക്കോട്ട് കേന്ദ്രത്തിലുള്ള പി. എസ്. വി. നാടകശാല. സമയം രാത്രിയുടെ ആദ്യയാമം. സംഘർഷഭരിതമായ അന്തരീഷം. ഞങ്ങൾ കുറേപ്പേർ സന്ദർശക ഗാലറിയിൽ സ്ഥലം പിടിച്ചിരിക്കുന്നു. വേണ്ടുവോളം സംഘട്ടനമുള്ള സംഭവമാണെങ്കിലും അവിടെ നടക്കുന്നതു നാടകമല്ല. കേരള പ്രദേശ് കോൺഗ്രസ്സിന്റെ പ്രത്യേക സമ്മേളനമാണ്. ശക്തിപ്രാപിച്ചു വരുന്ന സോഷ്യലിസ്റ്റ് ഗ്രൂപ്പും അടിപതറാതെ കോൺഗ്രസ്സിൽത്തന്നെ ഉറച്ചുനില്ക്കുന്നവരുടെ വിഭാഗവും തമ്മിൽ അതുവരെ അണിയറയ്ക്കകത്തു വെച്ചു നടത്തിയ ശീതസമരം, മറനീക്കി പുറത്തുവരുന്നെന്ന വാർത്ത കേട്ടാണു ഞങ്ങൾ വന്നത്. സന്ദർശകഗാലറി നിറഞ്ഞിരുന്നു.

ഇടത്തും വലത്തും പ്രത്യക്ഷമായിത്തന്നെ ചേരിതിരിഞ്ഞു നേതാക്കന്മാർ ഇരുന്നു. കേളപ്പജി, കോഴിപ്പുറത്തു മാധവമേനോൻ, കുട്ടിമാളു അമ്മ, സി. കെ. ഗോവിന്ദൻനായർ, കുഞ്ഞിശ്ശങ്കരമേനോൻ; എം. പി. ഗോവിന്ദമേനോൻ, കോങ്ങാട്ടിൽ രാമൻ മേനോൻ തുടങ്ങിയവർ വലതുവശത്തും ഇ. എം. എസ്., കൃഷ്ണപിള്ള, ഇ. സി. കുഞ്ഞിക്കണ്ണൻ നമ്പ്യാർ, എ. കെ. ജി., മൊയാരം തുടങ്ങിയവർ ഇടതുവശത്തും! അധ്യക്ഷസ്ഥാനത്തു ജനാബ് അബ്ദുറഹിമാൻ സാഹിബ്, സമ്മേളന നടപടികൾ ആരംഭിച്ചു. എം. പി. ഗോവിന്ദമേനോന്റെ അസ്ത്രശസ്ത്രങ്ങൾക്കെതിരെ ഇ. പി. ഗോപാലന്റെ പ്രത്യസ്ത്രങ്ങൾ വരുന്നു. അവ പരസ്പരം ഏറ്റുമുട്ടി തീപ്പൊരി ചിതറുന്നു. കേളപ്പജിയോട്ട് എ. കെ. ജി. എതിരിടുന്നു. കോഴിപ്പുറത്തിന്റെ വെല്ലുവിളിക്കു കൃഷ്ണപിള്ളയുടെ മറുപടി വരുന്നു. അങ്ങനെ പലരുമന്യോന്യം ഏറ്റുമുട്ടുന്നു. എല്ലാവരേയും ഓർക്കാൻ കഴിയുന്നില്ല. എങ്കിലും എത്രമേൽ അന്തസ്സുള്ള ആശയപ്പോരായിരുന്നു അത്! വ്യക്തിവിദ്വേഷക്കറ പുരളാതെ, അപവാദത്തിന്റെ മാലിന്യം കലരാതെ, തികച്ചും ആദർശത്തിലുറച്ചു നിന്നുകൊണ്ടുള്ള ന്യായവാദം. ആർക്കുമാരേയും കീഴടക്കാൻ കഴിയാതെ അണികളിൽനിന്ന് ആരേയും അടർത്തിയെടുക്കാൻ പറ്റാതെ, യാത്രയുടെ യാമങ്ങൾ പിന്നിട്ടുകൊണ്ടു നീണ്ടു പോയ ആ സമ്മേളനത്തിന്റെ

ഓർമ്മയ്ക്കു മരണമില്ല. അതിന്നും മനസ്സിൽ പച്ചപിടിച്ചുനില്ക്കുന്നു.

സമ്മേളനം കഴിഞ്ഞ് കേറിക്കിടക്കാൻ ഒരിടവുമന്വേഷിച്ചു ഞങ്ങൾ നടന്നു. കടത്തിണ്ണകളൊക്കെ കൈയേറിക്കഴിഞ്ഞിരിക്കുന്നു. വെസ്റ്റ് കോസ്റ്റ് ഇലക്ട്രിക് കമ്പനിയുടെ തെരുവുവെളിച്ചത്തിൽ പല പല സ്ഥാപനങ്ങളുടെ ബോർഡുകൾ വായിച്ചുകൊണ്ടു ഞങ്ങൾ നടന്നു. അന്ന് ആകാശം മുട്ടുന്ന റസ്റ്റാറണ്ടുകളോ സന്ദർശകർക്ക് അഭയം നല്കുന്ന ലോഡ്ജുകളോ കോഴിക്കോട്ടില്ല. അവസാന രക്ഷ റെയിൽവേ സ്റ്റേഷനാണ്. അവിടെ പഴനി യാത്രക്കാർ കാലേക്കൂട്ടി വിരിച്ചുകിടന്ന് ഉറക്കം തുടങ്ങിയിരിക്കുന്നു. എന്തു ചെയ്യണമെന്നറിയാതെ വലഞ്ഞു നില്ക്കുമ്പോൾ 'ശാരദാ വിലാസം നായർ ഹോട്ടൽ' ഓർമ്മയിൽവന്നു. ഉടമസ്ഥൻ കേളുനായർ തലചായ്ക്കാനൊരിടം തരുമെന്നു കരുതി മിഠായിത്തെരുവിലൂടെ വടക്കോട്ടു നടന്നു. ഡട്ട് ഏൻറ് കമ്പനിയുടെ വടക്കു മാറി വലത്തോട്ടൊരിടവഴിയിലൂടെ അല്പം നടന്നാൽ ശാരദാ വിലാസം നായർ ഹോട്ടലിലെത്തും. ചെറിയൊരു വീട്. വരാന്ത ചാണകം മെഴുകിയതാണ്. അവിടെ ആരൊക്കെയൊ കിടന്നുറങ്ങുന്നു. വരാന്തയുടെ കഴുക്കോലിൽ ഒരു റാന്തൽ മുനിഞ്ഞു കത്തുന്നുണ്ട്. കിടന്നുറങ്ങുന്നവരുടെ കൂട്ടത്തിൽ കേളുനായരെ കണ്ടെത്താൻ ശ്രമിച്ചു. സാധിച്ചില്ല. ഒടുവിൽ, വാതിലിൽ മുട്ടിവിളിച്ചു. ഉറക്കച്ചടവോടെ വന്നു കേളുനായർ വാതിൽ തുറന്നു. ഞങ്ങൾ സങ്കടം പറഞ്ഞു. താമസമുണ്ടായില്ല. അകത്തു പോയി. ഒരു പഴയ തഴപ്പായയുംകൊണ്ടു തിരിച്ചുവന്നു. വക്കും മൂലയുമൊക്കെ കീറിത്തുടങ്ങിയതെങ്കിലും ഒരു പട്ടുകിടക്കയെപ്പോലെ ഏറ്റുവാങ്ങി. ഞാനദ്ദേഹത്തിന്റെ മുഖത്തു തെല്ലൊരപേക്ഷയോടെ നോക്കി. മറ്റൊന്നുമല്ല—ഒരു തലയണ കിട്ടിയാൽ വേണ്ടില്ലെന്ന മോഹം. ദയാലുവായിരുന്നു കേളുനായർ. തലയ്ക്കു വെക്കാൻ അദ്ദേഹം ഓരോ പലക തന്നു ഞങ്ങൾക്ക്. അവിടെ ഉണ്ണാനിരിക്കുന്നതു പലകയിലാണ്. മേശയും കസേരയുമൊന്നും ഹോട്ടലുകളിൽ അന്നു പതിവില്ലായിരുന്നു. കീറിയ തഴപ്പായയും പലകയുമുപയോഗിച്ച്, നായർ ഹോട്ടലിന്നു നന്ദി പറഞ്ഞു കൊണ്ടു ഞങ്ങൾ കിടന്നു.

ആയിടയ്ക്കാണു കെ. പി. സി. സി. വാളണ്ടിയർ ട്രെയിനിങ് ആരംഭിച്ചത്. അന്ന് പ്രസിഡണ്ട് ജനാബ് അബ്ദുറഹിമാൻ സാഹിബ്ബായിരുന്നു. കോൺഗ്രസ് സംഘടനയുടെ ആഭിമുഖ്യത്തിൽ, ചെലവിൽ, തിരഞ്ഞെടുക്കപ്പെട്ട വാളണ്ടിയർമാർക്കു പരിശീലനം നല്കുക. അതിനുവേണ്ടി തിരഞ്ഞെടുത്ത സ്ഥലം തിക്കോടി ശക്തിമന്ദിരമായിരുന്നു. കളരിപ്പയറ്റും സൂര്യനമസ്കാരവും മറ്റും മറ്റുമായി യുവജന ചൈതന്യത്തിന്റെ കേന്ദ്രബിന്ദുവായി വർത്തിച്ച ശക്തിമന്ദിരം നിയമലംഘന പ്രസ്ഥാനത്തെ തുടർന്ന് അല്പകാലം പ്രവർത്തനരഹിതമായി കിടക്കുകയായിരുന്നു. പരിശീലന കേന്ദ്രത്തിന്റെ ആരംഭത്തോടെ വീണ്ടുമതു സജീവമായി.

ആദർശധീരരായ പത്തുമുപ്പതു യുവാക്കൾ—കൃത്യമായ എണ്ണം ഓർക്കുന്നില്ല. അതുപോലെ മുഴുവൻ പേരുകളും—നാടിന്റെ സ്വാതന്ത്ര്യം നേടിയെടുക്കാൻ സമരരംഗത്തിറങ്ങിയവർ, ലാത്തിയും ജയിൽ വാസവും പരിചയിച്ചവർ. അവരായിരുന്നു വാളണ്ടിയർമാർ. അവരെ കാണുക, അവരുമായി പരിചയപ്പെടുക—വലിയ

കാര്യമായിരുന്നു. ശക്തിമന്ദിരം വീടിന്നടുത്തായതുകൊണ്ടു വൈകീട്ടെന്നും ഞാന വിടെയെത്തും. വാളണ്ടിയർമാരുടെ കൂട്ടത്തിൽ എനിക്കു വളരെയടുത്തു പരിചയമു ള്ള ശ്രീ എം. കണാരനുണ്ടായിരുന്നു. (ഇന്ന് കോഴിക്കോട്ടുകാർ പരക്കെ അദ്ദേഹ ത്തെ അറിയുന്നതു കണാരേട്ടൻ എന്ന പേരിലാണ്). പിന്നെ എന്റെ ഗോവിന്ദേട്ട നും കണാരനിലൂടെ; ഗോവിന്ദേട്ടനിലൂടെ അവിടെയുള്ള പലരേയും ഞാൻ പരിചയ പ്പെട്ടു. യുവകവി കൊങ്ങശ്ശേരി കൃഷ്ണൻ, പട്ടാമ്പിയിൽ നിന്നുള്ള ശ്രീ ഇ. പി. ഗോപാ ലൻ, ഒറ്റപ്പാലത്തുനിന്നു വന്ന കുഞ്ഞുണ്ണിനായർ, അങ്ങനെയങ്ങനെ പലരേയും.

ഇ. പി. ഗോപാലൻ ഒരു ഒന്നാംതരം പ്രാസംഗികനായിരുന്നു. എന്റെ ദേശ ത്തും കൃഷിക്കാരുടെ ഒരു മീറ്റിങ് വിളിച്ചുകൂട്ടി ഗോപാലനെക്കൊണ്ടു പ്രസംഗിപ്പി ക്കുകയുണ്ടായി. അന്നോളം എന്റെ ഗ്രാമം അങ്ങനെയൊരു പ്രസംഗം കേട്ടിട്ടില്ല. ഇതെന്റെ അഭിപ്രായമല്ല. നാട്ടുകാർ ഒന്നടങ്കം പറഞ്ഞു. അനായാസമായി, വാ ക്കുകൾക്കു ക്ലേശിക്കാതെ, ആശയം പടിപടിയായി ജനങ്ങളിലേക്കൊഴുക്കിക്കൊ ണ്ട് അക്ഷരശൂന്യർക്കുപോലും എളുപ്പത്തിൽ മനസ്സിലാവാൻ പാകത്തിൽ മണിക്കൂ റുകളോളം, ഒരു വീർപ്പഴിക്കാൻ പോലും സമയമെടുക്കാതെ അദ്ദേഹം പ്രസംഗിക്കു മായിരുന്നു. ചെറുപ്പക്കാരും മുതിർന്നവരും ഒരു പോലെ അതിശയമെന്നു പറഞ്ഞ് അഭിനന്ദിച്ച പ്രസംഗമായിരുന്നു അത്.

വാളണ്ടിയർ ക്യാപ്റ്റൻ സർദാർ ചന്ത്രോത്തായിരുന്നു. പട്ടാളച്ചിട്ടയിലുള്ള യൂ ണിഫോമും പരിശീലനവുമായിരുന്നു വാളണ്ടിയർമാർക്കു കിട്ടിയിരുന്നത്. പരിശീ ലനം കാണാൻ ഗ്രാമീണർ പലരും വരുമായിരുന്നു. അവർക്കതൊരു പുതിയ കാ ഴ്ചയും അനുഭവവുമായിരുന്നു. ദേശത്തും പരിസരത്തുമുള്ള അധികാരിമാരിൽ അത് അമ്പരപ്പാണുളവാക്കിയത്. കരുണാനിധിയായ ജോർജ്ജ് ചക്രവർത്തി എന്തു കൊണ്ട് ഈ പട്ടാളപരിശീലനം നിരോധിക്കുന്നില്ലെന്ന് അവരിൽ ചിലർ ചോദി ക്കാൻ തുടങ്ങി. ദ്രുതഗതിയിൽ രാജ്യത്തിനു വന്നുകൊണ്ടിരിക്കുന്ന മാറ്റം അവരറിയു ന്നില്ല. അറിഞ്ഞാൽത്തന്നെ അംഗീകരിക്കാൻ കൂട്ടാക്കുന്നുമില്ല. ബ്രിട്ടീഷ് ചക്രവർ ത്തിയില്ലാത്തൊരു ഭരണം അവർക്കന്നു സങ്കല്പിക്കാൻ കൂടി കഴിഞ്ഞിരുന്നില്ല.

എന്നും വൈകീട്ടു മന്ദിരത്തിനു പുറത്തുള്ള പുൽത്തകിടിയിൽ ഒരു സഹൃദയ സദസ്സ് ചേരുമായിരുന്നു. കൊങ്ങശ്ശേരി കൃഷ്ണനാണ് സജീവമായി പങ്കെടുത്തിരുന്ന ത്. കഥകളെക്കുറിച്ചും കവിതകളെക്കുറിച്ചുള്ള നിരൂപണങ്ങൾ നടക്കും. ആയിടയ്ക്ക് എനിക്കൊരബദ്ധം പറ്റി. കലശലായ പ്രേമം വരുമ്പോഴും ശുണ്ഠിവരുമ്പോഴും വൈ രാഗ്യമുദിക്കുമ്പോഴുമൊക്കെ ഞാനിരുന്നു കവിതയെഴുതിക്കളയും. അങ്ങിനെയാണ ല്ലോ ഹിറ്റ്ലറോട് ശുണ്ഠിവന്നിട്ടു ഞാനൊരു 'മനം മടുപ്പിക്കുന്ന കേക' സൃഷ്ടിച്ചത്. ഇവിടേയും അതുപോലെ സംഭവിച്ചു. വാളണ്ടിയർമാരുടെ പരിപാലനവും താമസം വിനാ സമരരംഗത്തേക്കിറങ്ങാനുള്ള അവരുടെ തയ്യാറെടുപ്പും എന്നിൽ വലിയ മതി പ്പുളവാക്കി. ഞാൻ ചെന്നിരുന്ന് ഒരു കവിതയെഴുതി. അതു വാളണ്ടിയർമാർക്കുള്ള ആഹ്വാനമായിരുന്നു. 'പോവുക മുന്നോട്ട്' എന്ന തലക്കെട്ട് കൊടുത്തു പതിവുപോ ലെ ഒരുനാൾ രാവിലെ റെയിൽ സ്റ്റേഷനിലെത്തി, ദയാലുവായ ശ്രീ ടി. പി. സി. കി

ടാവിനെ ഏല്പിച്ചു. അദ്ദേഹമതു് വാങ്ങി ജൂബ്ബയുടെ കീശയിൽ നിക്ഷേപിച്ചു. വണ്ടി വരുവോളം നാട്ടു കാര്യങ്ങളോരോന്നു സംസാരിച്ചുകൊണ്ടു നിന്നു. അല്ലാതെ കവിതയെപ്പറ്റിയോ സാഹിത്യത്തെപ്പറ്റിയോ ഒരക്ഷരം ഉരിയാടിയില്ല. അദ്ദേഹം എന്നും അങ്ങനെയായിരുന്നു. സാഹിത്യത്തിൽ താല്പര്യമില്ലാത്തതുകൊണ്ടല്ല. അതു് വേണ്ടുവോളമുണ്ടായിരുന്നു. പക്ഷേ, എന്നെപ്പോലൊരു കന്നിക്കാരനോടു സാഹിത്യം പറഞ്ഞാൽ ആരോഗ്യത്തിനു ചേരില്ലെന്നു് അദ്ദേഹം കരുതിയിരിക്കണം.

ഏതായാലും ആ കവിത താമസിയാതെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചു. അന്നു സായന്തന സന്ദർശനത്തിനു് ഞാൻ ശക്തിമന്ദിരത്തിലെത്തിയതു് അല്പം അന്തസ്സോടുകൂടിയായിരുന്നു. ഒരു കാര്യം മാത്രം ചെയ്തില്ല. മാതൃഭൂമി ആഴ്ചപ്പതിപ്പു് കൈയിൽ കരുതിയില്ല. ഞാനവിടെ എത്തും മുമ്പുതന്നെ സദസ്സു് ചേർന്നിരുന്നു. എന്റെ കവിത വായിച്ചു്, അതിനെപ്പറ്റിയുള്ള വിമർശനം നടന്നുകൊണ്ടിരിക്കുമ്പോഴാണു് ഞാൻ സദസ്സിൽ കടന്നു ചെല്ലുന്നതു്. കൊങ്ങശ്ശേരി പറഞ്ഞു:

“കവിത കൊള്ളാം.”

”കൊള്ളാമെന്നുവെച്ചാൽ?” കൂട്ടത്തിൽ ഒരാൾ.

“പറയാം!” കൊങ്ങശ്ശേരിയുടെ അഭിപ്രായം വരുന്നു:

“വൃത്തം പിഴയ്ക്കാതെ, ഭംഗിയുള്ള വാക്കുകൾ നിരത്തിയാൽ കവിതയാവുമോ? ഇതാണോ, ഇങ്ങനെയാണോ ആഹ്വാനം? ചൈതന്യം വേണ്ടേ? നമ്മളെന്തിനൊരുങ്ങുന്നവരാണ്? ഒരു വലിയ സാമ്രാജ്യത്തോടുള്ള സമരത്തിന്, അപ്പോൾ വാക്കുകൾ തീയുണ്ടകളാവണം ഇതിൽ കാര്യമുണ്ടു്. സമ്മതിക്കുന്നു. പക്ഷേ, അതു് ആവിഷ്കരിച്ചതു് ശീലാവതിമട്ടിലാണ്. അങ്ങനെ പോരാ.”

കൊങ്ങശ്ശേരിയുടെ നിരൂപണം ആരേയും ചൊടിപ്പിക്കില്ല. ഞാനാ നിരൂപണത്തിലെ ആശയം എന്റെ വാക്കുകളിൽ ഇവിടെ വിവരിച്ചതാണ്. ഇതു കേട്ടാൽ ഒരു പക്ഷേ, ഏതു കവിക്കും ശുണ്ഠി വന്നേക്കും എന്നാൽ കൊങ്ങശ്ശേരിയോടെനിക്കാദരവു തോന്നി. പറഞ്ഞതിൽ കാര്യമുണ്ടെന്നും തോന്നി.

ഇതുപോലെ എത്രയെത്ര സായാഹ്നങ്ങൾ! ശക്തിമന്ദിരത്തിൽ വെച്ചാണ് പി. സി. ജോഷി, ബാട്‌ലിവാല, രാമമൂർത്തി മുതലായ ഇടതുപക്ഷ നേതാക്കന്മാരെ ഞാൻ കണ്ടതു്. ആ വാളണ്ടിയർപരിശീലനം ഒരു വലിയ സംഭവമായിരുന്നു. അന്നു് അവിടെനിന്നും പരിശീലനം സിദ്ധിച്ചു പുറത്തുപോയവരിൽ ഒരു വലിയ വിഭാഗമാണു് മലബാറിൽ കമ്മ്യൂണിസത്തിനു് അടിത്തറയിട്ടതു്. കൊങ്ങശ്ശേരിയും കുഞ്ഞുണ്ണിനായരും ഇ. പി. ഗോപാലനും എം. കണാരനുമൊക്കെ ആ വിഭാഗത്തിൽ പെടുന്നു. ഇനിയും വളരെപ്പേരുണ്ടു്. പേരുകൾ വ്യക്തമായോർക്കാൻ കഴിയുന്നില്ല. എന്നാൽ എന്റെ ഗോവിന്ദേട്ടൻ മാത്രം പഴയ കോൺഗ്രസ്സുകാരനായി, കേളപ്പജിയുടെ വത്സലശിഷ്യനായി മരണംവരെ വർത്തിച്ചു.

— 26 —

# വിശ്വരൂപത്തിന്റെ കാലം

മാതൃഭൂമിയുടെ പുതിയ പ്രസിദ്ധീകരണം വരുന്നു: 'വിശ്വരൂപം'. പത്രാധിപർ പാറപ്പുറത്തു സഞ്ജയൻ. സഹൃദയ ലോകം മതിമറന്ന് ആഹ്ലാദിച്ചു. വിശ്വരൂപത്തിനു വേണ്ടി ആകാംക്ഷയോടെ കാത്തിരുന്നു. പ്രസിദ്ധീകരണം മാതൃഭൂമിയുടേതാവുക, പത്രാധിപത്യം സഞ്ജയൻ ഏറ്റെടുക്കുക. 'ആനന്ദലബ്ധിക്കിനിയെന്തു വേണം?'

പക്ഷേ, എന്റെ മനസ്സ് നിറച്ചും പരിഭ്രാന്തിയായിരുന്നു. കാരണം സഞ്ജയൻ മാസിക നടക്കുന്ന കാലത്തായിരുന്നല്ലോ എന്റെ 'മനം മടുപ്പിക്കുന്ന ഒരു കേക്' സഞ്ജയന്റെ അനുഗൃഹീത തൂലിക വെട്ടിത്തിരുത്തി ചിന്തേരിട്ടു മിനുക്കി വെളിച്ചം കാണിച്ചതു്; എനിക്കൊരു പേരും നൽകിയത്. ആ പേരിൽ ഒരു കവിതയെഴുതി വിശ്വരൂപത്തിനയച്ചാലെന്തെന്ന ആലോചന രൂപംകൊണ്ടപ്പോൾ ആകെ അസ്വാസ്ഥ്യം. 'വിശ്വരൂപം' ഹാസ്യമാസികയാണ്, അതിലേക്കുള്ള ഉരുപ്പടി മുഴുഹാസ്യമായിരിക്കണം. അതെന്നെക്കൊണ്ടു സാധിക്കുമോ? ഗൗരവപൂർവ്വമെഴുതിയ എന്റെ കവിതയിലാണ് അദ്ദേഹം ഹാസ്യം കണ്ടെത്തിയത്. ഇവിടെ ഇപ്പോൾ വേണ്ടതു് ഹാസ്യമാണ്. ഹാസ്യമെന്ന സങ്കല്പത്തിൽ വല്ലതും കുത്തിക്കുറിച്ചുണ്ടാക്കിയെന്നു വെക്കുക. അതെങ്ങനെ സഞ്ജയനയച്ചു കൊടുക്കും? കനിഞ്ഞരുളിയ വരം, ഭസ്മാസുരനെപ്പോലെ ദാതാവിന്റെ നേർക്കു തന്നെ പ്രയോഗിക്കുന്നതു നന്ദികേടല്ലേ? ഹാസ്യകവിത പോയിട്ട് വെറും കവിതതന്നെ എന്നെക്കൊണ്ടെഴുതാനാവില്ല. അദ്ധ്യാപകസമരത്തിന്റെ ബദ്ധപ്പാടിൽ എഴുത്തും വായനയുമൊക്കെ മാറ്റിവെച്ചതാണ്. ഇനി ആ വഴിക്കൊന്നും സഞ്ചരിക്കാനാവില്ല. മോഹം മോഹമായി മനസ്സിൽക്കിടന്ന് വറ്റിപ്പോട്ടെ. ജാഥയും പൊതുയോഗവും പ്രസംഗവുമായിട്ടുതന്നെ കഴിയാം. അതു മതി.

മനസ്സ് മരഞ്ചാടിയെപ്പോലെ കുസൃതികാട്ടുന്നു. അടങ്ങിനില്ക്കുന്നില്ല. അങ്ങുമിങ്ങും ചാടുന്നു. 'വേണ'മെന്ന കൊമ്പിൽനിന്നും 'വേണ്ടെ'ന്ന കൊമ്പിലേക്ക്. ചാടിച്ചാടി 'വേണ'മെന്ന കൊമ്പിൽ ഇരിപ്പുറപ്പിക്കുന്നു. പിന്നെ താമസമുണ്ടായില്ല. എഴുത്തു തുടങ്ങി. കവിത തന്നെ. എഴുതിയെഴുതി ഒരുപാടെഴുതി. വായിച്ചുനോ

ക്കി വെട്ടിത്തിരുത്തി ശരിയാക്കി. വീണ്ടും വായിച്ചു. എവിടെയാണു ഹാസ്യമെന്നു കണ്ടുപിടിക്കാനുള്ള ശ്രമമായി. കഴിയുന്നില്ല. ഒടുവിൽ മുഴുവൻ ധൈര്യവും സംഭരിച്ച് കവിതയെഴുതിയ കടലാസ് വൃത്തിയായി മടക്കി, കവറിലിട്ട് വിലാസമെഴുതി, തപാൽപ്പെട്ടിയിൽ നിക്ഷേപിച്ചു. ഇത്തവണ കവിത അയയ്ക്കുന്ന കാര്യത്തിൽ ശ്രീ ടി. പി. സി. കിടാവിനെ ബുദ്ധിമുട്ടിച്ചില്ല.

അതെന്റെ ഒരു ഔദാര്യമായിരുന്നില്ല. വെറും ഭീരുത്വം. 'വിശ്വരൂപ'ത്തിലേക്കെന്നു പറഞ്ഞ് അദ്ദേഹത്തെ ഏല്പിച്ചിട്ട് അത് സഞ്ജയൻ സ്വീകരിച്ചില്ലെങ്കിലോ? മറ്റാരുമറിഞ്ഞില്ലെങ്കിലും കിടാവ് അറിയില്ലേ? ആരുമറിയാതിരിക്കുകയാണു നല്ലത്. കവിത പകർത്തിയെഴുതുമ്പോൾ 'ചിറകുണ്ടെങ്കിൽ' എന്ന അതിന്റെ തലക്കെട്ടിനു ചുവടെ വൃത്തിയായി 'തിക്കോടിയൻ' എന്നെഴുതാൻ മറന്നു പോയില്ല. അങ്ങനെ കവിതയയച്ചു കാത്തിരുന്നു. ദിവസത്തിനു നീളം കൂടുതലായിരുന്നു. രാത്രിക്ക് ഉറക്കത്തിന്റെ കഴിവു നഷ്ടപ്പെട്ടിരുന്നു. വിശ്വരൂപത്തിലേക്കു കവിത അയച്ചുകൊടുത്ത വിവരം ഞാനും തപാൽപ്പെട്ടിയുമല്ലാതെ മറ്റാരുമറിഞ്ഞിരുന്നില്ല. ആ ഒരൊറ്റ കാരണംകൊണ്ടു പരിഭ്രമത്തിനൊട്ടു ശമനമുണ്ടായിരുന്നു. പരസ്യത്തിൽ അറിയിച്ച പ്രകാരം നിശ്ചിത തിയതിക്കു തന്നെ വിശ്വരൂപം പുറത്തിറങ്ങി. അതു ചൂടോടെ വാങ്ങി. മറ്റുള്ളവരിൽ നിന്ന് അകന്നു മാറി താളുകൾ മറിക്കുമ്പോൾ നെഞ്ചിൻകൂടിൽ തുടികൊട്ടു നടക്കുന്നുണ്ടായിരുന്നു. ആദ്യത്തെ രണ്ടു പേജ് പരസ്യം. മൂന്നാമത്തെ പേജ് പ്രത്യക്ഷപ്പെട്ടപ്പോൾ അതാ കിടക്കുന്നു എന്റെ കവിത ഒരു പേജിൽ പാതിയിൽ കവിത. മറ്റേ പാതിയിൽ മഹാനായ ആർട്ടിസ്റ്റ് 'എം. ബി'യുടെ[1] ഒരു കാർട്ടൂൺ. എന്റെ കവിതയുമായി ബന്ധപ്പെട്ട കാർട്ടൂണായിരുന്നു അത്.

പക്ഷേ, എനിക്കതു കണ്ടപ്പോൾ തോന്നിയത് കവിതയെ വശത്താക്കാൻ, ഞാൻ കിടന്നു മോങ്ങുന്നതുപോലെയാണ്. കാര്യമെന്തൊക്കെയായാലും വള്ളിപുള്ളി മാറ്റംവരുത്താതെ കവിത മുഴുവനായി പ്രത്യക്ഷപ്പെട്ടു കണ്ടപ്പോൾ വലിയ അഭിമാനം തോന്നി. സഞ്ജയനെപ്പോലെ മഹാനായ ഒരു സാഹിത്യകാരന്റെ അംഗീകാരം കിട്ടിക്കഴിഞ്ഞെന്ന തോന്നലാണ് എന്നെ അഭിമാനിയാക്കിയത്. കാര്യം അവിടെയും നിന്നില്ല. ഒട്ടുനാൾ കഴിഞ്ഞപ്പോൾ എനിക്കൊരു മണിയോർഡർ വരുന്നു. ആദ്യത്തെ മണിയോർഡർ. സാഹിത്യ സൃഷ്ടിക്കുള്ള ആദ്യത്തെ പ്രതിഫലം. പത്തുരൂപ. മണിയോർഡർ കൂപ്പണിൽ ഇങ്ങനെ എഴുതിയിരിക്കുന്നു, വടിവുള്ള കൈയക്ഷരങ്ങളിൽ: "വിശ്വരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയ കവിതയ്ക്കുള്ള നാമമാത്രമായ പ്രതിഫലം സ്വീകരിക്കുക." കീഴെ ഒപ്പിട്ടത് മാധവൻനായരാണ്; സാക്ഷാൽ 'മാധവജി'.

---

[1] മാതൃഭൂമിയില് രേഖാചിത്രം വരച്ചുകൊണ്ടിരുന്ന ഭാസ്കരനെ ഹാസ്യരചനാരംഗത്തേക്ക് ആനയിച്ചു. എം. ആർ. നായർ തന്റെ മനസ്സിനും മാസികയ്ക്കും ഇണങ്ങുന്ന ശൈലിവിശേഷമുള്ള ഭാസ്കരനെ കണ്ടെത്തിയതാണ്, വിശ്വരൂപത്തിന്റേയും സഞ്ജയന്റേയും സവിശേഷ വ്യക്തിത്വത്തിനും വലിയ ജനപ്രീതിക്കും കാരണമായത്.

മനസ്സു നിറയെ കവിതയുള്ള 'മാധവജി' സ്നേഹസമ്പന്നനായ ഒരു വലിയ മനുഷ്യനായിരുന്നു. കരിമ്പുഴയിൽനിന്നടിച്ചു വരുന്ന തണുപ്പു കാറ്റേറ്റ് തഴച്ചുവളരുന്ന കവുങ്ങിൻതോപ്പിന്റെ നടുവിലുള്ള വീട്ടിൽ നിന്നാണ് മാധവജി വരുന്നത്. സഞ്ജയനും വിശ്വരൂപവും വായിക്കാൻ കഴിഞ്ഞവരോട് മാധവജിയുടെ സർഗ്ഗപ്രതിഭയെപ്പററി പറഞ്ഞറിയിക്കേണ്ടതില്ല, 'പാരഡി' യിൽ അദ്ദേഹത്തിനു തുല്യനായി അദ്ദേഹം മാത്രമേയുള്ളൂ. പേരും പ്രസിദ്ധിയും കൊതിക്കാതെ തികച്ചും ഒരു മുനിയപ്പോലെ നിസ്സംഗനായിരുന്നു അദ്ദേഹം. എങ്ങും പോകാതെ, ആരെയും കാണാതെ, കവിതയോടു വിടപറഞ്ഞ്, അനന്യസാധാരണമായ സർഗവാസനയെ ചുരുട്ടിക്കൂട്ടി ഒരു മൂലയിൽ മാറ്റി വെച്ച്, തന്റെ കവുങ്ങിൻ തോപ്പിന്റെ ഇരുണ്ട തണലിൽ ഏകാകിയായി അവസാനനാളുകളദ്ദേഹം കഴിച്ചുകൂട്ടി.

അന്നൊരിക്കൽ മാതൃഭൂമിയിലെ കുഞ്ഞപ്പേട്ടനോടും രാംജിയോടുമൊപ്പം ഞാനദ്ദേഹത്തെ ചെന്നു കാണുകയുണ്ടായി. വീട്ടുവരാന്തയിൽ, ഒരു കട്ടിലിൽ അദ്ദേഹം ഇരിക്കുകയായിരുന്നു. ആയിരക്കണക്കിൽ വായനക്കാരെ പൊട്ടിച്ചിരിപ്പിച്ച 'മാധവജി' ഞങ്ങളെക്കണ്ടു ചിരിക്കാൻ ശ്രമിച്ചു. വിളറിയ ചിരി. അന്ത്യനാളിനെ മാടിവിളിച്ചടുപ്പിക്കുന്ന മഹാരോഗം അദ്ദേഹത്തെ വലയം ചെയ്തിരുന്നു.

സംസാരിക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹം അവശത മറന്നു. മുനിയുടെ മനസ്സ്, ദേഹാസ്വാസ്ഥ്യത്തെ പിടിച്ചു പിറകോട്ടു മാറ്റുകയും ജന്മസിദ്ധമായ നർമ്മബോധത്തെ തൊട്ടുണർത്തുകയും ചെയ്യുന്നതാണു പിന്നീടു ഞങ്ങൾ കണ്ടത്. ഏറെ നേരമദ്ദേഹവുമായി വർത്തമാനം പറഞ്ഞിരുന്നു വിടപറയുമ്പോൾ ആ കണ്ണുകൾ ജലാർദ്രങ്ങളായോ? ആയെങ്കിൽ അത് ഒരിക്കലും ദൗർബ്ബല്യമായി കണക്കാക്കാൻ വയ്യ. കുഞ്ഞപ്പേട്ടനും രാംജിയും മറ്റുമായി അത്രയേറെ അടുപ്പത്തിൽ കഴിഞ്ഞതാണ്. കൈകൂപ്പിക്കൊണ്ടദ്ദേഹം എഴുന്നേറ്റു നിന്നു. ഞങ്ങൾ മുറ്റത്തിറങ്ങി നടവഴിയിലൂടെ പടിക്കലേക്കു നടക്കുമ്പോഴും ആ നില്പു തന്നെ. അതും അവസാനത്തെ കാഴ്ചയായിരുന്നു. കൂപ്പുകൈകൾക്കിടയിൽ അടക്കിപ്പിടിച്ച സൗഹൃദവുമായി നില്ക്കുന്ന മാധവജിയുടെ രൂപം ഇന്നും മനസ്സിലുണ്ട്.

'വിശ്വരൂപ' ത്തിന്റെ പ്രവർത്തനം. അന്നു മുഴുവനായും ഏറ്റെടുത്തു നടത്തിയത് മാധവജിയായിരുന്നു. ആദ്യത്തെ കവിത പ്രത്യക്ഷപ്പെട്ടു കണ്ട ആവേശത്തോടെ ഞാൻ വീണ്ടും വീണ്ടും എഴുതി. മിക്കവാറും എല്ലാ ലക്കങ്ങളിലുമെന്നുതന്നെ പറയാം കവിതയായും ലേഖനമായും എന്റെ സൃഷ്ടികൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. ഇടയ്ക്കു മാധവജി അഭിനന്ദനപൂർവ്വം ഒന്നോ രണ്ടോ വരി എഴുതി അറിയിക്കും. അതെനിക്കു കൂടുതൽ പ്രചോദനമേകും. തുടർന്നെഴുതാൻ ഉത്സാഹം തരും. വിശ്വരൂപം നിലച്ചതോടെ ആ വഴിക്കുള്ള പ്രവർത്തനം നിലച്ചു. ഒരരങ്ങു വേണമല്ലോ എന്തെങ്കിലും ചിലതു പ്രവർത്തിച്ചു കാണിക്കാൻ.

ഇപ്പോൾ എനിക്കു ജോലിയില്ല. അദ്ധ്യാപക സമരത്തിന്റെ ബഡ്ഢപ്പാടിൽ അതു നഷ്ടപ്പെട്ടു. ദുഃഖിച്ചില്ല. മാനജ്മെന്റ് സമ്പ്രദായത്തിൻ കീഴിൽ അന്നു ജോലി

സ്ഥിരത ആർക്കുമുണ്ടായിരുന്നില്ലല്ലോ. പിരിച്ചുവിടൽ നിത്യസംഭവം. ജോലിയില്ലാതെ അലഞ്ഞു നടക്കേണ്ട ഗതികേടിൽ ഞാൻ പെട്ടില്ല. എന്റെ ഗ്രാമത്തിൽ എന്നെപ്പോലെ പലരും അന്നുണ്ടായിരുന്നു. പ്രഭാതത്തിൽ എഴുന്നേറ്റു അമ്പലച്ചിറയിൽ ചെന്നു കുളിക്കും. കൊങ്ങന്നൂരംബയെ വലംവെച്ചു തൊഴുത് പ്രസാദം വാങ്ങും. പ്രാതൽ കഴിച്ച് ശീട്ടുകളിക്കാനിരിക്കും. ശീട്ടുകളി ബഹുരസമായിരുന്നു അന്ന്. അതിനായി ഒന്നുരണ്ടു കേന്ദ്രങ്ങളുണ്ടായിരുന്നു. രാവും പകലും വ്യത്യാസമില്ലാതെ കളിക്കും. എനിക്കാരേയും പേടിക്കേണ്ടിയിരുന്നില്ല. ഗോവിന്ദേട്ടൻ അധിക സമയവും ജയിലിലായിരിക്കും. അല്ലെങ്കിലും അല്പം ശീട്ടുകളിച്ചുപോയാൽ ഒരുവന്റെ ജീവിതം ഉടഞ്ഞു തകർന്നു പോകുമെന്നും മറ്റും വിചാരിക്കുന്ന കൂട്ടത്തിലായിരുന്നില്ല ഗോവിന്ദേട്ടൻ. ആരും ശാസിക്കാനില്ലാത്തതുകൊണ്ട്, ആർക്കും വഴങ്ങേണ്ടതില്ലാത്തതുകൊണ്ട് ഞാൻ മുറയ്ക്കു ശീട്ടു കളിച്ചു. എഴുത്തില്ല, വായനയില്ല. കാര്യമായ ഒരു പ്രവൃത്തിയുമില്ല. കൃത്യസമയത്ത് ആഹാരം കഴിക്കുന്ന പതിവുമില്ല.

അങ്ങനെയങ്ങനെ ദിവസം തള്ളിനീക്കുന്ന കാലത്ത് ഒരു വൈകുന്നേരം തിക്കോടി റെയിൽവേ സ്റ്റേഷനിലെത്തി. ചുമ്മാ, ഒരു രസത്തിനു പുറത്തിറങ്ങിയതാണ്. പതിവില്ലാത്ത വിധം ശീട്ടുകളിക്കു കൂട്ടുകാരെ കണ്ടെത്താൻ കഴിയാത്തതുകൊണ്ട് ഇറങ്ങിത്തിരിച്ചതാണ്. സന്ധ്യയായപ്പോൾ സ്റ്റേഷനടുത്തുള്ള ഒരു ഒഴിഞ്ഞ പറമ്പിൽ പെട്രോമാക്സ് കത്തുന്നതു കണ്ടു. അതിന്റെ വെളിച്ചത്തിനു ചുറ്റും ഏതാനും പേർ കൂടിനില്ക്കുന്നുണ്ട്. സംഗതി എന്തെന്നറിയാനുള്ള കൗതുകത്തോടെ അങ്ങോട്ടു നടന്നു. അവിടെ ഒരു ഐത്തോച്ചാടനയോഗം നടക്കാൻ പോകുന്നു. കുഴപ്പം പിടിച്ച കാര്യമാണ്. ഐത്തത്തിന് നല്ല സ്വാധീനമുള്ള കാലമാണ്. ആരാണു പ്രസംഗിക്കാൻ വരുന്നതെന്വേഷിച്ചപ്പോൾ ആരോ ശ്രീ. വി. ആർ. നായനാരുടെ പേരു പറഞ്ഞു കേട്ടിട്ടുണ്ട്. സാമൂഹ്യപ്രവർത്തകനാണ്. ഹരിജനോദ്ധാരണത്തിനുവേണ്ടി മുഴുവൻ സമയവും പ്രവർത്തിക്കുന്ന മനുഷ്യനാണ്. അവർക്കു വേണ്ടി സ്കൂളുകൾ നടത്തുന്നുണ്ട്.

അപ്പോൾ ഒരാശയം തോന്നി. ജോലിയില്ലാതെ നടക്കുകയാണ്. ശ്രീ നായനാർ പ്രശസ്തമായ നിലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. അതിലേതെങ്കിലുമൊന്നിൽ കയറിപ്പറ്റാൻ കഴിയുമോ? അദ്ദേഹത്തെ കണ്ടു പറഞ്ഞാൽ ഗുണമുണ്ടാകുമോ? വല്ല ശിപാർശയുമില്ലാതെ നേരിട്ടു ചെന്നു പറഞ്ഞ് ജോലി സമ്പാദിക്കുന്നത് അത്ര എളുപ്പമല്ലെന്ന് അറിയാം. എങ്കിലും, ഭാഗ്യം പരീക്ഷിക്കാമെന്നു തന്നെ തീരുമാനിച്ചു. ശ്രീ നായനാരേയും കാത്തു നിന്നു. അദ്ദേഹം താമസിയാതെ വന്നെത്തി. നടന്നാണു വന്നത്. നേരെ ആൾക്കൂട്ടത്തിലേക്കു കടന്നു. അവിടെ തയ്യാറാക്കിവെച്ച മേശപ്പുറത്ത് അദ്ദേഹം കയറി നിന്നു.

തുടുത്ത മുഖം. വിശാലമായ നെറ്റി. തിളങ്ങുന്ന കണ്ണുകൾ. മുട്ടോളമെത്തുന്ന ഷട് കോട്ട്. കറുത്ത തൊപ്പി. ഉത്തരേന്ത്യക്കാരായ നേതാക്കന്മാർ ഉപയോഗിക്കുന്ന മട്ടിലുള്ളത്. ഖദർ മുണ്ട്. പ്രഭാഷണം തുടങ്ങി. ഒച്ചയും ബഹളവും വെല്ലുവിളികളുംകൊണ്ടു ശ്രോതാക്കളെ അമ്പരപ്പിക്കുംവിധമുള്ള പ്രഭാഷണമായിരുന്നില്ല. സൗ

മ്യമായ അവതരണം, ഉച്ചഭാഷിണിയില്ലാത്ത കാലമായിട്ടും എല്ലാവർക്കും വ്യക്തമായി കേൾക്കാവുന്നമട്ടിൽ ആവശ്യമുള്ള വാക്കുകൾക്ക് ശക്തമായ ഊന്നൽ കൊടുത്തുകൊണ്ടാണദ്ദേഹം സംസാരിച്ചത്. എതിരാളികളിൽ പോലും മതിപ്പുളവാക്കുന്ന മട്ടിലായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം.

യോഗം കഴിഞ്ഞു. ജനങ്ങൾ പിരിഞ്ഞു പോകാൻ തുടങ്ങിയപ്പോൾ ഞാനദ്ദേഹത്തിന്റെ പിറകെ കൂടി.

“ഒന്നു പറയാനുണ്ടായിരുന്നു.”

അദ്ദേഹം തിരിഞ്ഞുനിന്നു. സൂക്ഷിച്ചു നോക്കി. മറ്റുള്ളവരെ വെറുപ്പിക്കുന്ന ലക്ഷണമൊന്നും കാണാത്തതുകൊണ്ടാവണം അദ്ദേഹം സൗമ്യമായി ചോദിച്ചു:

“എന്താ വേണ്ടത്?”

”എനിക്കിപ്പോൾ ജോലിയില്ല.”

ഞാൻ നിർത്തി നിർത്തി പറഞ്ഞു.

“അദ്ധ്യാപക സമരത്തിൽ ജോലി നഷ്ടപ്പെട്ടു.”

അദ്ധ്യാപക സമരത്തോട് അനുഭാവമുള്ള ആളായിരുന്നു അദ്ദേഹം. സമരം മാന്യമായി പര്യവസാനിപ്പിക്കാൻ പരിശ്രമിച്ചവരുടെ കൂട്ടത്തിൽ അദ്ദേഹമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മറുപടിക്കു കാത്തു നില്ക്കാതെ ഞാൻ തുടർന്നു പറഞ്ഞു:

“എനിക്കു ഡി. എം. ആർ. ടി. യിൽ ഒരു ജോലി തരണം.”

”അടുത്ത മാസം ആദ്യം ഗോപാലപുരത്തു വന്ന് എന്നെ കാണൂ.”

അദ്ദേഹം ചിരിച്ചോ? തീർത്തുപറയാൻ വയ്യ. എപ്പോഴുമുള്ള ശാന്തഭാവമായിരുന്നു മുഖത്ത്. കൂടുതൽ പറയാതെ അദ്ദേഹം നടന്നു.

അവിചാരിതമായ ആ കൂടിക്കാഴ്ച ജീവിതത്തിന്റെ ഭാവിയെ മറച്ചുനിന്ന യവനിക ഉയർത്തുകയായിരുന്നു; എന്റെ മുമ്പിൽ മറ്റൊരു അരങ്ങു പ്രത്യക്ഷപ്പെടുകയായിരുന്നു.

— 27 —

# സേവനത്തിന്റെ കാല്പാടുകളിൽ

കോഴിക്കോട്-കണ്ണൂർ ഹൈവേ! അന്ന്, അപൂർവ്വമായി ഒരു മോട്ടോർവാഹനം കടന്നുപോയാൽ സമീപപ്രദേശങ്ങളെ കാഷായ വസ്ത്രം ധരിപ്പിക്കുന്ന ചെമ്മൺ പാതയായിരുന്നു അത്. ആ പാതയിലൂടെ, കൊയിലാണ്ടിയിൽനിന്നു വടക്കോട്ടും തിക്കോടിയിൽ നിന്നു തെക്കോട്ടും പഴയ കണക്കിലൊരു മൂന്നു നാഴിക നടന്നാൽ മൂടാടി വില്ലേജിലെത്തും. അവിടെ നിരത്തുവക്കിൽ നിറച്ചും താമര പൂത്തു നില്ക്കുന്ന ഒരു കുളമുണ്ട്; 'പാലക്കുളം'. കുളത്തിനരികിലൂടെ വടക്കോട്ടു നടന്നു തീവണ്ടിപ്പാത മുറിച്ചു കടന്നാൽ, മേലോട്ടു മേലോട്ട് കയറിപ്പോകുന്ന ഒരിടവഴി കാണാം. ആ വഴി 'ഗോപാലപുര'ത്തെ പ്രധാന ഗേറ്റിലെത്തുന്നു. അല്പം കിതപ്പുണ്ടാവും. സാരമില്ല. ഗേറ്റിൽ നിന്നു കിതപ്പാറ്റാം. ആരും കാണില്ല. വെറുതെ നില്ക്കണമെന്നില്ല. ചുറ്റുമൊന്നു കണ്ണോടിക്കാം. അന്തസ്സിനുവേണ്ടി വിഹഗവീക്ഷണം നടത്തുന്നു എന്നു പറയാനും വിരോധമില്ല.

ഇടതുവശത്തു കശുമാവിൻതോട്ടമാണ്. വലതുവശത്ത് ഒട്ടു മാവ്, സപ്പോട്ട, മധുരനാരകം, പുളി, പിലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളാണ്. ഇടയ്ക്കിടെ ഓലമേഞ്ഞ ചെറിയ വീടുകൾ. ഹരിജന വിദ്യാർത്ഥികൾക്കു താമസിച്ചു പഠിക്കാനുള്ള ഹോസ്റ്റൽ. സ്കൂൾ കെട്ടിടം; അതിനോടു ചേർന്നു പ്രധാന അദ്ധ്യാപകനു താമസിക്കാനുള്ള അല്പം ഭേദപ്പെട്ടൊരു വീട്; കളിസ്ഥലം. നെയ്ത്ത്, നൂൽപ്പ്, കടലാസ് നിർമ്മാണം തുടങ്ങിയ കൈത്തൊഴിൽ പരിശീലിപ്പിക്കാനുള്ള വലിയൊരു ഷെഡ്ഡ്. മൊത്തത്തിൽ ഇതായിരുന്നു 'ഗോപാലപുരം'. പഴയ കാലത്ത് കുറുനരികളും മുള്ളൻപന്നികളും മേഞ്ഞു നടന്ന പാവൂർ കുന്നിന്റെ രണ്ടാം ജന്മം.

കുന്നിന്റെ കിഴക്കെ ചരിവിലാണ് കേളപ്പജിയുടെ 'ഒതയോത്ത്' വീട്. ഹരിജനോദ്ധാരണത്തിനുള്ള മുഖ്യകേന്ദ്രമായി പരിവർത്തനപ്പെടുത്താനുദ്ദേശിച്ചു കേളപ്പജി വാങ്ങുകയും പില്ക്കാലത്ത് ശ്രീ നായനാർ അത് ഏറ്റെടുക്കുകയും 'ദേവധാർ മലബാർ പുനരുദ്ധാരണ സംഘ'ത്തിന്റെ മുഖ്യകേന്ദ്രം അവിടെ സ്ഥാപിക്കുകയുമാണുണ്ടായത്. 'ഡി. എം. ആർ. ടി.' എന്ന ചുരുക്കപ്പേരിൽ ആ സംഘം അറിയപ്പെട്ടു.

സംഘം മലബാറിന്റെ പല ഭാഗങ്ങളിലായി മാതൃകാ വിദ്യാലയങ്ങൾ നടത്തിയിരു ന്നു. പേരിൽ മാത്രമല്ല, പ്രവർത്തന ശൈലിയിലും ആ വിദ്യാലയങ്ങളത്രയും മാതൃ കകൾതന്നെയായിരുന്നു; അർപ്പണ മനസ്സുകളായ അവിടത്തെ അദ്ധ്യാപകർ ഡി. എം. ആർ. ടി. വർക്കർ എന്ന പേരിലാണറിയപ്പെട്ടത്.

രാവിലെ കുളിയും കുറിയും കഴിഞ്ഞ് ഞാൻ പുറപ്പെട്ടു. തന്നെ വന്നു കാണാൻ ശ്രീ നായനാർ പറഞ്ഞിരുന്നല്ലോ. ഒരു ജോലി തേടിപ്പോകുന്നവന്റെ ആകാംക്ഷ യോ പരിഭ്രമമോ ഒന്നും ഉണ്ടായിരുന്നില്ല. അതിയായ ആഗ്രഹമുണ്ടായിരുന്നു. 'ഡി. എം. ആർ. ടി. വർക്ക'റെന്ന നിലയിൽ നല്ലവരായ മറ്റദ്ധ്യാപകർക്കൊപ്പം ജോ ലിചെയ്യാൻ കൊതിയായിരുന്നു. ചെമ്മൺപാത ഒഴിവാക്കി, കുറുക്കുവഴിയിലൂടെ 'മല' കേറിക്കടന്നാണു പോയത്. വഴിനീളെ ഗോപാലപുരത്തെപ്പറ്റിയുള്ള ചിന്തയാ യിരുന്നു. ഒരിക്കലവിടെ പോയിട്ടുണ്ട്. സ്കൂൾ വാർഷികത്തിൽ കുട്ടികളഭിനയിക്കു ന്ന നാടകം കാണാൻ. ഖദർധാരികളും വിനയപൂർവ്വമായ പെരുമാറ്റത്തിനുടമകളും ഉത്സാഹികളുമായ അവിടത്ത അദ്ധ്യാപകരോട് എന്തെന്നില്ലാത്ത ആദരവു തോ ന്നിയിരുന്നു. നല്ല ബഞ്ചില്ലാതെ, ഇരിക്കാൻ പറ്റിയ കസേരയില്ലാതെ, ക്ലോക്കില്ലാ തെ, പഞ്ഞം പിടിച്ച മാനേജ്മെന്റ് സ്കൂളിൽനിന്നും എന്നെങ്കിലുമൊരു മോചനം കിട്ടുമെന്നും തെളിഞ്ഞ മനസ്സോടെ, അദ്ധ്യാപനം രാഷ്ട്ര സേവനമാണെന്ന ബോ ധത്തോടെ പ്രവർത്തിക്കാൻ പറ്റിയൊരു സ്ഥാപനം കണ്ടെത്തുമെന്നും അന്നവിടെ വെച്ച് എന്റെ മനസ്സ് എന്നോടു പറഞ്ഞിരുന്നു. പാടുന്നവരും പാട്ടെഴുതുന്നവരും നാടകരചന നടത്തുന്നവരും സംവിധാനം ചെയ്യുന്നവരും അഭിനയിക്കുന്നവരുമായ പല അദ്ധ്യാപകരെയും പരിചയപ്പെടാനുള്ള അവസരം കൈവന്നത് വലിയ ഭാഗ്യ മായി കരുതിയിരുന്നു.

'സത്യവതീപരിണയ'മാണ് അന്ന് അവതരിപ്പിച്ച നാടകം. ഹരിജനബാല ന്മാർ സമർത്ഥമായി അഭിനയിച്ചു. നാടകത്തിലുടനീളം അയിത്തത്തിനെതിരായ, ഉച്ചനീചത്വത്തിനെതിരായ, ജാതിവ്യത്യാസത്തിനെതിരായ സന്ദേശം മുഴങ്ങിക്കേ ട്ടിരുന്നു. ഒരു കൊച്ചുകുട്ടി—അവനവതരിപ്പിച്ച കഥാപാത്രം ഏതെന്ന് ഓർമ്മയി ല്ല—അന്ന് അരങ്ങത്തുവെച്ചു സദസ്യരോട് ഗാനരൂപത്തിലൊരു ചോദ്യം:

മുക്കുവന്മാരുടെ മുത്തച്ഛനല്ലേ,
മുഖ്യമാം വേദങ്ങൾ വ്യാസിച്ച ദിവ്യൻ?

അല്ലേ, സത്യമല്ലേ? അവിടെയെങ്ങാനും ജാതിവ്യത്യാസമുണ്ടായിരുന്നോ? അയിത്താചരണമുണ്ടായിരുന്നോ?

ആലോചിച്ചാലോചിച്ച് വഴി പിന്നിട്ടതും കുത്തനെയുള്ള ഇടവഴി കയറിയതും ഗോപാലപുരത്തെ പ്രധാന ഗേറ്റിലെത്തിയതും അറിഞ്ഞില്ല. നേരെ നടന്ന് ഹെ ഡ് മാസ്റ്ററുടെ വീട്ടിലെത്തി. ഖദർ ജൂബ്ബയുടെ പോക്കറ്റിൽ കൈ തിരുകിക്കൊണ്ടു പൂമുഖത്തേക്കു കടന്നു വന്ന അദ്ദേഹം ചിരിച്ചു. പിന്നെ കൈകൂപ്പി. ആ കൂപ്പുകൈയ്ക്കു

മുമ്പിൽ ആദ്യത്തെ കീഴടങ്ങൽ. ഇരിക്കാൻ പറഞ്ഞു. ഞാനിരുന്നപ്പോൾ അദ്ദേഹവും ഇരുന്നു. ചോദിക്കാതെ തന്നെ ഞാനെന്റെ പേരു പറഞ്ഞു. ഏറെനാളത്തെ പരിചയമുള്ള ഒരാളെപ്പോലെ അദ്ദേഹം വീണ്ടും ചിരിച്ചു. എഴുന്നേറ്റു പുറത്തേക്കിറങ്ങി. ഒപ്പം നടന്ന് 'ഗോപാലപുരം' എന്താണ്, എങ്ങനെയാണെന്ന് അദ്ദേഹം കാണിച്ചു തന്നു. വിവരിച്ചു തന്നു. വീടുകൾ ഓരോന്നായി കയറിയിറങ്ങി. വീട്ടിനുടമകളെ പരിചയപ്പെടുത്തി.

"കക്കുഴി കൊറുമ്പൻ."

ഹരിജനകാരണവർ കുടുംബസമേതം താമസിക്കുന്ന വീട്. കുട്ടികൾ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നു. പിന്നെ വെള്ളൻ, പറയൻ—എല്ലാ പേരും ഓർക്കുന്നില്ല. മുഴുവൻ വീടുകളും കയറിയിറങ്ങി എല്ലാവരെയും പരിചയപ്പെട്ടു. ഹരിജനകുടുംബങ്ങൾ താമസിക്കുന്ന വീടുകൾക്കിടയിൽ അദ്ധ്യാപകരുടെ വീടുകളുമുണ്ട്. സംവിധാനം അങ്ങനെയാണ്, അദ്ധ്യാപകർ മുഴുവനും തന്നെ സവർണ്ണരായിരുന്നു എന്ന കാര്യം ഇവിടെ ഉറപ്പിച്ചു പറയേണ്ടതുണ്ട്.

ഹരിജനങ്ങൾ, സാവകാശം അറിവിന്റെ വെളിച്ചത്തിലേക്ക് അടുക്കാൻ തുടങ്ങുന്നതേയുള്ളു. സ്വതന്ത്രമായി വഴിനടക്കാനുള്ള അവകാശം കിട്ടിയിട്ടില്ല. സവർണ്ണ കുട്ടികളോടൊപ്പം ഇരുന്നു പഠിച്ചുകൂടാ. പഠിക്കണമെങ്കിൽ അവർക്കു വേണ്ടി പ്രത്യേകമായി സ്ഥാപനങ്ങളുണ്ടാക്കണം. അങ്ങനെയുള്ള സ്ഥാപനത്തിന്റെ പേരായിരുന്നു 'പഞ്ചമ സ്കൂൾ' എന്ന്. എന്നാൽ 'ഗോപാലപുരം' അന്നു കാട്ടിയ മാതൃക അദ്ഭുതകരമായിരുന്നു. സവർണ്ണരുടെ കുട്ടികൾ പഠിക്കണമെങ്കിൽ ഗോപാലപുരത്ത് ഹരിജനങ്ങൾക്കുവേണ്ടി സ്ഥാപിച്ച സ്കൂളിൽ വന്നുചേരണം. പ്രസിദ്ധരായ അദ്ധ്യാപകർ, ഒന്നാംതരം കെട്ടിടം, പുതുപുത്തൻ ഉപകരണങ്ങൾ. ആർക്കും വരാം, ചേരാം, പഠിക്കാം. പക്ഷേ, അയിത്തം ഉപേക്ഷിക്കണം. പഠിക്കാനും വലുതാവാനും മോഹമുള്ള കുട്ടികൾ അവിടെ വന്നു ചേർന്നു പഠിച്ചു. അയിത്തം അവരെ തടഞ്ഞില്ല.

എല്ലാ വീടുകളും കയറിയിറങ്ങി എല്ലാവരെയും പരിചയപ്പെട്ട് ഹെഡ് മാസ്റ്ററുടെ വീട്ടിലേക്കു മടങ്ങുമ്പോൾ ഞാനദ്ഭുതപ്പെടുകയായിരുന്നു, ഈ പരിചയപ്പെടുത്തലുകളൊക്കെ എന്തിനെന്ന്. ഒരു സന്ദർശകൻ മാത്രമാണോ ഞാൻ? ഉദ്യോഗാർത്ഥിയല്ലേ? ശ്രീ നായനാരെവിടെയുണ്ട്? അദ്ദേഹത്തെ കണ്ടില്ലല്ലോ. ഒരു മാന്യാതിഥിയെപ്പോലെ എല്ലാം കാണിച്ചുതന്നു തിരിച്ചയയ്ക്കാനാണോ ഭാവം? മനസ്സിൽ നൂറു നൂറു ചോദ്യങ്ങൾ ഉദിച്ചെങ്കിലും ഒന്നും പുറത്തുവന്നില്ല. ഹെഡ് മാസ്റ്റർ ആപ്പീസുമുറിയിൽ കയറി എനിക്കൊരു കസേര നിരക്കിയിട്ടു തന്നു. അദ്ദേഹം ഇരുന്നു. മേശ തുറന്നു ഏതൊക്കെയോ കടലാസുകൾ വലിച്ചു പുറത്തിട്ടു. എന്തൊക്കെയോ വായിച്ചുനോക്കി; അല്പ നിമിഷങ്ങൾക്കുശേഷം തലയുയർത്തി എന്നോടു ചോദിച്ചു:

"ഇന്നു തന്നെ ചേരുന്നോ?'

ചോദ്യത്തിന്റെ പൊരുൾ പിടികിട്ടാതെ അന്തംവിട്ടിരുന്ന ഞാൻ. ഹെഡ് മാസ്റ്റർ തുടർന്നു പറയുന്നു:

“ഇന്നുതന്നെ വേണമെന്നു നിർബന്ധമില്ല. സൗകര്യമുള്ള ഏതു ദിവസവുമാവാം.”

ഹരജിയില്ല, ഉത്തരവില്ല. ജോലി കിട്ടിയിരിക്കുന്നു. ആഹ്ലാദം കൊണ്ടു വീർപ്പുമുട്ടുന്ന ഞാൻ പറഞ്ഞു:

“ഇന്നുതന്നെ സാർ. ഇന്നുതന്നെ ചേർന്നോളാം.”

അങ്ങനെ ഏറെനാൾ കൊതിച്ച, സ്വപ്നം കണ്ടിരുന്ന ശുഭമുഹൂർത്തം എന്റെ മുമ്പിൽ പൊട്ടിവിടരുന്നു. ഞാൻ, ഞാനിപ്പോൾ ഒരു ഡി. എം. ആർ. ടി. വർക്കറാണ്. കേവലം അദ്ധ്യാപകനെന്ന പദവി മാത്രമല്ല, പ്രവർത്തകനെന്ന പദവികൂടി എനിക്കുണ്ട്. ഈ പദവിക്ക്; ഭാരിച്ച ഉത്തരവാദിത്വത്തിന് ഞാനർഹനാണോ? ആണെന്നോ അല്ലെന്നോ എനിക്കറിഞ്ഞുകൂടാ. ഞാൻ പ്രാർത്ഥിച്ചു: എന്നെ അർഹനാക്കണേ, നായനാരെന്ന വലിയ മനുഷ്യന്റെ കാൽപ്പാടുകൾ പതിഞ്ഞ വഴിത്താരയിലൂടെ ഇഴഞ്ഞു നീങ്ങാനുള്ള കരുത്തെങ്കിലുംഎനിക്കു നല്കേണമേ!

## — 28 —

# വീട്ട്, വിവാഹിതർക്കു മാത്രം

പുതിയ ചുറ്റുപാട്ട്; പുതിയ പ്രവർത്തനശൈലി. സ്നേഹസമ്പന്നരായ സഹപ്രവർത്തകർ. അധികാരത്തിന്റെ ലഹരി തീണ്ടാത്ത പ്രധാനാദ്ധ്യാപകൻ. അച്ചടക്കത്തോടെ പുലരുന്ന വിദ്യാർത്ഥികൾ. അഹിതമായ വാക്കുകളോ ആക്രോശങ്ങളോ, മാനേജ്മെന്റ് സമ്പ്രദായത്തിന്റെ മനംമടുപ്പിക്കുന്ന പഴഞ്ചൻചിട്ടകളോ, വർഷാന്ത ഗ്രാന്റിനെ സംബന്ധിക്കുന്ന ഉൽക്കണ്ഠയോ, വാദകോലാഹലങ്ങളോ ഒന്നുമില്ലാത്ത ശുദ്ധമായ അന്തരീക്ഷം. അദ്ധ്യാപകരും അദ്ധ്യേതാക്കളും സുഹൃത്തുക്കളെപ്പോലെ പുലരുന്നു. എങ്ങും സൗഹൃദത്തിന്റെ വിശുദ്ധി. അതായിരുന്നു 'ഗോപാലപുരം'. ഭാരതം കണ്ട സമുന്നതരായ നേതാക്കളിൽ എന്തുകൊണ്ടും അഗ്രസ്ഥാനമലങ്കരിച്ച ഗോപാലകൃഷ്ണ ഗോഖലെയുടെ നാമത്തിൽ പ്രവത്തിക്കുന്ന ഒരു സ്ഥാപനം; "ഗോപാലപുരം' മറ്റൊന്നാവാൻ വഴിയില്ലല്ലോ.

കൊതിച്ചതൊന്നും അന്നോളം കൈവരാത്തതിലുള്ള എന്റെ ദുഃഖം അവിടെവെച്ചവസാനിക്കുന്നു. ഞാനിപ്പോൾ 'ദേവധാർ മലബാർ പുനരുദ്ധാരണ സംഘ'ത്തിലെ ഒരു പ്രവർത്തകനാണ്. വെറും മാഷല്ല; പ്രവർത്തകൻ. ആ വാക്കിനു പിന്നിൽ സേവനത്തിന്റെ മാധുര്യമുണ്ട്. 'അദ്ധ്യാപനം രാഷ്ട്രസേവന'മെന്ന മുദ്രാവാക്യം കണ്ണും പൊട്ടുമാറ് പലതവണ ആർത്തുവിളിക്കേണ്ടി വന്നപ്പോഴൊന്നും, സേവനത്തിന്റെ യാഗശാലയിൽ എന്നെങ്കിലും എത്തിച്ചേരുമെന്നു ഞാൻ വിചാരിച്ചതല്ല. പക്ഷേ, വിധി എന്നെ ഇവിടെക്കൊണ്ടെത്തിച്ചിരിക്കുന്നു. ഇവിടെ ഹോമത്തിനുള്ള വിറകു ശേഖരിക്കാനുള്ള എളിയ കഴിവെങ്കിലും എന്നിലുദിപ്പിക്കേണമേ എന്നു പ്രാർത്ഥിച്ചു കൊണ്ടാണ് ഹെഡ് മാസ്റ്റർ ശ്രീ ഗോവിന്ദവാരിയരുടെ പിറകെ ഞാൻ എനിക്കുവേണ്ടി അനുവദിച്ചുതന്ന ക്ലാസ്സിലേക്കു കയറിച്ചെന്നത്. എനിക്കു മുമ്പേ പ്രബലരായ പലരും ഇരുന്ന കസേര; വിജ്ഞാനം പൊട്ടിവിരിയുന്ന വിരൽത്തുമ്പുകൊണ്ടു ധിഷണാശാലികളായ പലരും അറിവിന്റെ ചിത്രം വരച്ച കറുപ്പുപലക. എന്നെ കൗതുകത്തോടെ നോക്കിയിരിക്കുന്ന വിദ്യാർത്ഥികൾ. എല്ലാം എനിക്കു സ്വപ്നസദൃശമായിരുന്നു. അർദ്ധബോധാവസ്ഥയിലായിരുന്നു എന്റെ മന

സ്സെന്നു പറഞ്ഞാൽ തെറ്റില്ല.

"ഇതു കുഞ്ഞനന്തൻ മാഷാണ് കേട്ടോ."

ഹെഡ് മാസ്റ്ററുടെ ശബ്ദം എന്നെ ഉണർത്തി.

"ഇനി ഇദ്ദേഹമായിരിക്കും നിങ്ങളുടെ മാഷ്."

ചടങ്ങു കഴിഞ്ഞ് ഹെഡ് മാസ്റ്റർ പിരിഞ്ഞപ്പോൾ ഞാൻ വിദ്യാർത്ഥികളുമായി ചങ്ങാത്തമുറപ്പിക്കാൻ പരിശ്രമിച്ചു. ആദ്യത്തെ ഇനം പേരു ചോദിക്കലായിരുന്നു.

"നീലാണ്ടൻ"

കറുത്തു തടിച്ച് കുറുതായൊരു കുട്ടി എഴുന്നേറ്റുനിന്നു പറഞ്ഞു. അടുത്ത ഊഴം മെലിഞ്ഞവന്റേതായിരുന്നു.

"സോമൻ."

അങ്ങനെ വഴിക്കുവഴി എല്ലാവരും പേരു പറഞ്ഞു. പരിചയപ്പെടലിന്റെ ആദ്യ പടവു കേറിയപ്പോൾ മനസ്സ് തണുത്തു. എന്റെ നോട്ടവും നടത്തവും ഭാവവും മാറിയിരിക്കുന്നു. എല്ലാറ്റിലും അല്പമൊരന്തസ്സിന്റെ ഛായ. തിക്കോടി നിന്നു മൂടാടിക്കു ദിവസവും നടക്കണം. നിരത്തുവഴിയാവുമ്പോൾ ദൂരം കൂടുതലുണ്ട്. കുറുക്കു വഴി തേടിയാൽ ദൂരം കുറയുമെങ്കിലും ക്ലേശം കൂടും. 'ചാക്കര'ക്കടവു കടന്ന് 'വലിയമല' കേറിയിറങ്ങിയാൽ സംഗതിക്ക്, എളുപ്പമുണ്ട്. ക്ലേശിച്ചാലും വേണ്ടില്ല, മലകേറ്റം തന്നെ നല്ലതെന്നു തീരുമാനിച്ചു. അങ്ങനെ കുറുക്കുവഴിക്കുള്ള യാത്ര തുടങ്ങിയപ്പോഴാണ് ഒരു കാര്യം വ്യക്തമായത്, നീലാണ്ടനും സോമനും മറ്റും 'ചാക്കര'ക്കടവിനു ചുറ്റുമുള്ള സ്ഥലങ്ങളിലാണു താമസം. ജോലിയിൽ പ്രവേശിച്ചു രണ്ടു ദിവസം കഴിഞ്ഞപ്പോൾ നീലാണ്ടാനെ കണ്ടില്ല. പിറ്റെദിവസം സോമനുമില്ല. അങ്ങനെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഹോസ്റ്റലിലെ കുട്ടികൾ മാത്രമായി. പുറമെനിന്നു വരുന്ന കുട്ടികളെ കാണാനില്ല. അന്വേഷിച്ചപ്പോൾ അവർ ചില പ്രത്യേക കാലങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുന്നവരാണെന്നു മനസ്സിലായി. മലമുകളിൽ കശുമാങ്ങകൾ പഴുക്കാൻ തുടങ്ങുമ്പോൾ നീലാണ്ടനും കൂട്ടരും വരില്ല. അറബിക്കടലിൽ 'കടുക്ക' പറിക്കുന്ന കാലം വരുമ്പോഴും അവർ സാക്ഷരതയിൽനിന്നു വിട്ടുനില്ക്കും. അതാണു പതിവ്.

സംഗതിയുടെ പൂർണ്ണരൂപം പിടികിട്ടിയപ്പോൾ എനിക്കു വാശിയായി. ഞാൻ പതിവിലും നേരത്തെ വീട്ടിൽനിന്നു പുറപ്പെടും. വലിയ മലയിലെ കുറ്റിക്കാടുകളിലന്വേഷിക്കും. ചാക്കരക്കടവിനടുത്തു മീൻ പിടിക്കുന്ന കുണ്ടുകുളങ്ങളുടെ തീരങ്ങൾ തേടും. കശുമാവിൻ കൊമ്പിലോ, കുണ്ടുകുളത്തിനു നടുവിലോ, മകരംചിറയുടെ ചളിയിലോ നീലാണ്ടനെ കണ്ടെത്തും. സോമനെയും കൂട്ടുകാരേയും കണ്ടെത്തും. കണ്ടാൽ ആദ്യമൊന്നു പതറും. പിന്നെ വിളറും. അതു കഴിഞ്ഞു സന്തോഷത്തോടെ, ഉത്സാഹത്തോടെ എന്റെ പിറകെ വരും. ഹെഡ് മാസ്റ്റർക്കു വലിയ അദ്ഭുതം. നീലാണ്ടനും സോമനും കൂട്ടുകാരും പതിവായി ക്ലാസ്സിൽ വരുന്നു. കുഞ്ഞനന്തൻമാഷുടെ ഇന്ദ്രജാലം കൊള്ളാമെന്നായി. പക്ഷേ, ഹെഡ് മാസ്റ്ററുണ്ടോ എന്റെ വശക്കേടറിയുന്നു. പാടത്തെ ചളിയിലും മലമുകളിലെ കുറ്റിക്കാട്ടിലുമലയുന്ന നിമിഷങ്ങളുടെ

പാരവശ്യമറിയുന്നു. എങ്കിലും ആ അലച്ചിലിൽ ഒരു സുഖം ഉണ്ടായിരുന്നു. സംതൃപ്തിയുണ്ടായിരുന്നു. ആദ്യമായി ശ്രീ വി. ആർ. നായനാരുടെ മുഖത്തുനിന്നു കേട്ടതും അയിത്തോച്ചാടനത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ആഹ്വാനമായിരുന്നു. ജോലിക്കു വേണ്ടിയുള്ള എന്റെ അപേക്ഷയ്ക്കു "എന്നെ വന്നു കാണൂ; ശ്രമിക്കാ"മെന്നു പറഞ്ഞുകേട്ടതും ആ മുഖത്തുനിന്നുതന്നെ. അപ്പോൾ അദ്ദേഹത്തിന്റെ ആദർശം പ്രചരിപ്പിക്കാനുള്ള ഏതു പരിശ്രമവും, എന്നെ സംബന്ധിച്ച്, ഒരിക്കലും ക്ലേശകരമായി എനിക്കു തോന്നീട്ടില്ല.

ഗോപാലപുരത്തെ ജോലിയും അവിടത്തെ ജീവിതരീതിയും പ്രകൃതി മനോഹരമായ അന്തരീക്ഷവും എനിക്കെന്തെന്നില്ലാത്ത ഉന്മേഷം നല്കി. കൊച്ചുകൊച്ചു വീടുകൾ. ഹരിജനങ്ങളും അദ്ധ്യാപകരും ഇടകലർന്നു തൊട്ടുതാട്ട വീടുകളിൽ കുടുംബസമേതം കഴിയുന്നു. എന്തുകൊണ്ടിവിടെയൊരു കൊച്ചുവീട്ടിൽ താമസിച്ചുകൂടാ? ഇത്രയും മനസ്സിനിണങ്ങിയൊരു സ്ഥലം വേറെയുണ്ടാവുമോ? വിശാലമായ തോട്ടമുണ്ട്. ഫലവൃക്ഷങ്ങളുടെ തണലുണ്ട്. ധാരാളം ശുദ്ധജലം കിട്ടുന്ന കിണറുകളുണ്ട്. കളിസ്ഥലമുണ്ട്. കൂട്ടിനു സംസ്കാരസമ്പന്നരായ സുഹൃത്തുക്കളുണ്ട്, ഇവിടമങ്ങു വീടാക്കിയാലെന്ത്? തറവാടാക്കിയാലെന്ത്?

കൂടുതൽ ആലോചിച്ചു വിഷമിക്കാതെ ഹെഡ് മാസ്റ്ററെ ചെന്നു കണ്ടു മനസ്സിരിപ്പറിയിച്ചു:

"സാർ, എനിക്കിവിടെ താമസിച്ചാൽ കൊള്ളാമെന്നുണ്ട്."

ഹെഡ് മാസ്റ്റർ എന്റെ മുഖത്തു സൂക്ഷിച്ചു നോക്കി അല്പനേരം മൗനിയായിരുന്നു. ഞാനതു ശ്രദ്ധിക്കാതെ തുടർന്നു:

"ഒഴിഞ്ഞ വീടു വല്ലതുമുണ്ടെങ്കിൽ ഒന്നെനിക്കനുവദിച്ചുതരണം."

"കൊള്ളാം." ഹെഡ്മാസ്റ്റർ ചിരിച്ചു.

"ഇവിടെ കുടുംബസമേതമാണു താമസിക്കേണ്ടത്. അവിവാഹിതർക്കു തനിച്ചു താമസിക്കാൻ വീടു കൊടുക്കില്ല. മാഷ് തനിച്ചല്ലേ?"

കുഞ്ഞനന്തൻമാഷ്ക്ക് 'അല്ലെ'ന്നു പറയാൻ അപ്പോൾ അവകാശമുണ്ടായിരുന്നില്ല. മനസ്സിൽ പ്രേമമുള്ളതുകൊണ്ടു മാത്രം ആർക്കെങ്കിലും വിവാഹിതനെന്നവകാശപ്പെടാൻ കഴിയുമോ? മൗനിയായി നില്ക്കുന്ന കുഞ്ഞനന്തൻ മാഷെ നോക്കി ഹെഡ് മാസ്റ്റർ ഒരു ഫലിതം പറഞ്ഞു:

"ക്ഷണത്തിൽ വിവാഹം കഴിച്ചുവരൂ. ഇദ്ദേ, ആ ഗേറ്റിനടുത്തുള്ള വീടുണ്ടല്ലോ, അതു തന്നെ തരാം. അതിലെ താമസക്കാരൻ ഇനി വരില്ല. എന്താ തയ്യാറുണ്ടോ? എങ്കിൽ നാളെത്തന്നെ വൈറ്റ് വാഷ് ചെയ്യിച്ചു ക്ലീനാക്കി, താക്കോൽ കൈയിൽത്തരാം."

ഒരു അവിവാഹിതന്റെനേർക്കുള്ള വെല്ലുവിളിയായിരുന്നു അത്. മുഖവിലയ്ക്കു തന്നെ അതു സ്വീകരിക്കാൻ കുഞ്ഞനന്തൻ മാഷ് തീരുമാനിച്ചു.

വധുവിനെ അന്വേഷിക്കേണ്ടതില്ല. ജാതകപ്പൊരുത്തം നോക്കേണ്ടതില്ല. മാതാപിതാക്കന്മാരുടെ സമ്മതം തേടേണ്ടതില്ല. ആകെ ജീവിതത്തിലൊരു താങ്ങും തണലുമായി വർത്തിക്കുന്നതു ജ്യേഷ്ഠത്തിയാണ്. അവരൊരിക്കലും ഈ അനിയന്റെ ഹിതത്തിനു മുമ്പിൽ മുഖം കറുപ്പിച്ചിട്ടില്ല. പിന്നൊന്നു ഗോവിന്ദേട്ടനാണ്. എന്റെ വധു ഗോവിന്ദേട്ടന്റെ മരുമകളാണ്. അവിടെയും പ്രതിബന്ധമില്ല. ആകെയുള്ള പ്രശ്നമിതാണ്: ആരിതിനു മുൻകൈയെടുക്കും? അതു ചിന്തിക്കേണ്ട കാര്യമില്ല. എന്റെ വിവാഹം. ഞാൻ തന്നെ അതിനു മുൻകൈയെടുക്കണം. ജ്യേഷ്ഠത്തിയെ ചെന്നു കണ്ടു. വല്ലാത്ത സങ്കോചം എന്തു പറയണം? എങ്ങനെ പറയണം? ഞാൻ അമ്മയെപ്പോലെ കരുതുന്ന ജ്യേഷ്ഠത്തി. പക്ഷേ, അമ്മയോടെടുക്കാവുന്ന സ്വാതന്ത്ര്യമൊന്നും അന്നോളമെടുത്തിട്ടില്ല. ഇക്കാര്യത്തിൽ അങ്ങനെയൊരു സ്വാതന്ത്ര്യമെടുത്തേ പറ്റൂ. ഇല്ലെങ്കിൽ കാര്യമൊന്നും നടക്കില്ല.

"അമ്മു ഏടത്തി!"

"എന്താ?"

"എനിക്ക് ...അല്ല...ഞാൻ വിവാഹം കഴിക്കാൻ തീരുമാനിച്ചു."

നിർത്തിനിർത്തി വളരെ വിഷമിച്ചാണു ഞാൻ പറഞ്ഞത്. എന്റെ വധു ആരാണെന്ന് ജ്യേഷ്ഠത്തിക്കറിയാം. അതുകൊണ്ടു ചോദ്യമുണ്ടായില്ല. ഞാൻ തുടർന്നു പറഞ്ഞു:

"താലികെട്ടും പുടവകൊടുക്കലും ആളെ ക്ഷണിച്ചു കൂട്ടലും വാദ്യഘോഷവുമൊന്നും എനിക്കു വേണ്ടാ. അമ്മു ഏടത്തി ചെന്നു വിളിച്ചു കൊണ്ടുവന്നാൽ മതി. മറ്റൊരു ചടങ്ങും ആവശ്യമില്ല."

ഒരു നീണ്ട നെടുവീർപ്പായിരുന്നു മറുപടി. എന്റെ വാക്കുകൾ തീനാളം പോലെ ആ മനസ്സിൽ ചെന്നു വീണിട്ടുണ്ടാവും. വിവാഹ കാര്യങ്ങളിലും മറ്റും ചടങ്ങുകളും മാമൂലുകളും ലംഘിക്കുന്നതിലുള്ള പ്രയാസം കുറച്ചൊന്നുമാവുകയില്ല. എല്ലാ പ്രയാസങ്ങളും വൈഷമ്യങ്ങളും വേദനകളും ഉള്ളിലൊതുക്കി ഒരക്ഷരം പോലും മറുപടി പറയാതെ, എന്റെ പേരിലുള്ള ഈ വാത്സല്യത്തിന്റെ ബലത്തിൽ ഊന്നി നിന്നുകൊണ്ട് അനുകൂലഭാവത്തിൽ അവർ തലയാട്ടി. ഞാനാ കണ്ണുകളിലേക്കു നോക്കി. അവിടെ നനവുണ്ടോ? എങ്ങനെ നനയാതിരിക്കും? ചെറുപ്പത്തിന്റെ ധാർഷ്ട്യത്തിനു മുമ്പിൽ, ധിക്കാരത്തിനു മുമ്പിൽ എത്രയെത്ര കണ്ണുകളിങ്ങനെ നനഞ്ഞിട്ടുണ്ടാവുമെന്ന ചിന്തയിൽ അഭയം തേടി ഞാനും മൗനിയായി.

ഞാനിപ്പോൾ വിവാഹിതനാണ്. ഗോപാലപുരത്തെ പ്രധാന ഗേറ്റിനരികിലുള്ള കൊച്ചുവീട്ടിൽ, കുടുംബസമേതം താമസിക്കുന്നു. ഗോപാലപുരത്തിന്റെ സൗഹൃദം അനുഭവിച്ചുകൊണ്ട്, പ്രകൃതി സൗന്ദര്യം ആസ്വദിച്ചുകൊണ്ട്, മനുഷ്യരൊക്കെ ഒന്നാണെന്ന വിശ്വാസ പ്രമാണത്തിൽ കൂടുതൽ ഉറച്ചുനിന്നു കൊണ്ട്, നായനാരെന്ന മഹാനായ മനുഷ്യസ്നേഹിയുടെ ആദർശത്തിനും പ്രവർത്തനത്തിനും കളങ്കമേല്പിക്കാതെ, മങ്ങലേല്പിക്കാതെ സാധാരണക്കാരോടൊപ്പം സാധാരണക്കാരനായി ജീവിക്കുന്നു.

— 29 —

# മഹായുദ്ധത്തിന്റെ നിഴലിൽ

എന്നും പുലരുന്നത് നല്ലദിവസം. പുതിയ അറിവുകൾ. അനുഭവങ്ങൾ. ജാതിയുടെ വേലിക്കെട്ടില്ലാത്ത കുന്നിൻപുറം, പല വീടുകളിലായി കഴിയുന്ന ഒരേ കുടുംബം. പരാതിയില്ല. പരിഭവമില്ല. അസൂയയില്ല. ഉച്ചനീചത്വങ്ങളില്ല. ഹെഡ് മാസ്റ്ററായും 'ഒരേ കുടുംബ'ത്തിലെ കാരണവരായും ഗോവിന്ദവാര്യർ മാസ്റ്ററുണ്ട്.

ഒരുപാടു ക്ലേശം സഹിക്കുന്ന മനുഷ്യൻ. ഗോഖലെ ഹയർ എലിമെന്ററി സ്കൂൾ, നെയ്ത്തു പരിശീലനകേന്ദ്രം, കടലാസ് നിർമ്മാണകേന്ദ്രം. പിന്നെ വിശാലമായ കുന്നിൻപുറത്തെ കശുമാവിൻ തോട്ടം, പൈനാപ്പിൾ കൃഷി. ഇതിന്റെയെല്ലാം മേൽനോട്ടവും സംരക്ഷണവും ചുമതലയും വാരിയർ മാസ്റ്റർക്കാണ്. വെള്ള കീറുമ്പോൾ വീടുവിട്ടിറങ്ങും. അകം കൂടുന്നത് ചിലപ്പോൾ പാതിരാകഴിഞ്ഞാവും. കാൽമുട്ടുകൾക്കു കീഴോട്ടിറങ്ങി നില്ക്കുന്ന ഖദർജുബ്ബയുടെ അറ്റം കാറ്റിൽ പറത്തിക്കൊണ്ട്, ഏറെ പൊക്കവും തടിയുമില്ലാത്ത, വെളുവെളെ വെളുത്ത വാരിയർ മാസ്റ്റർ കുന്നിറങ്ങി വരുമ്പോൾ നളചരിതത്തിലെ അരയന്നത്തെ പലകുറി ഞാനോർത്തുപോയിട്ടുണ്ട്. ജുബ്ബയുടെ ഇടവും വലവുമുള്ള കീശ വളരെ പ്രസിദ്ധമായിരുന്നു, കാറ്റു നിറച്ച തലയണപോലെ, ഇരുവശങ്ങളിലത് എപ്പോഴും വീർത്തു കിടക്കും. തീപ്പെട്ടി, ബീഡി, പലചരക്കുകടയിലെ കണക്കുപുസ്തകം, വലിയൊരു പേഴ്സ്, മുനയൊടിഞ്ഞ പെൻസിൽ, റേഷൻ കാർഡ്, ഹോസ്റ്റലിലെ കുട്ടികൾക്കു വേണ്ടി വാങ്ങാനുള്ള വസ്തുവഹകളുടെ ശീട്ട്, അങ്ങനെ പറഞ്ഞാൽ തീരാത്ത അനേകം ഉരുപ്പടികളുടെ വിശ്രമത്താവളമായിരുന്നു മാസ്റ്ററുടെ കീശ. ഒഴുക്കൻമട്ടിൽ തട്ടിവിടാൻ പറ്റാത്ത ഒരു വസ്തു ആ കൂട്ടത്തിലുള്ളത് മാസ്റ്ററുടെ പേഴ്സാണ്. അവനെപ്പററി രണ്ടുവാക്ക്.

നാലായി മടങ്ങിക്കിടക്കുന്ന പേഴ്സ്. നിവർത്തി നിലത്തു വിരിച്ചാൽ ചെറിയ കുട്ടികളെ കിടത്തി ഉറക്കാൻ പറ്റും. പഴ്സിന്റെ വലുപ്പം മനസ്സിലായല്ലോ. അതിന്നു അറകൾ പലതുണ്ട്, നോട്ടിന്നു വേറെ, ചില്ലറയ്ക്കു വേറെ. ഫോട്ടോ ഘടിപ്പിക്കാനും പെൻസിലോ പേനയോ തിരുകിവെക്കാനും പറ്റിയ സ്ഥലം വേറെ. എന്നാൽ ഈ പ്രദേശങ്ങളൊന്നും തന്നെ മാസ്റ്റർ ഉപയോഗിക്കാറില്ല. അതെല്ലാം പുറം പോക്കാ

യിക്കിടക്കും. എങ്കിലും കീശയുടെ വിടവിലൂടെ തല പുറത്തു കാട്ടി പേഴ്സ് കിടക്കുന്നതു കണ്ടാൽ, എതു മര്യാദക്കാരനും ഒന്നു പോക്കറ്റടിക്കാൻ കൊതി തോന്നും. പഴ്സിന്റെ വലുപ്പം കണ്ട് ആരെങ്കിലും സഹായത്തിനുവേണ്ടി മാസ്റ്ററെ സമീപിച്ചെന്നു വരട്ടെ. അപ്പഴാണു തമാശ.

"പറയാൻ മടീണ്ട് മാഷെ."

"ഉം. എന്താ?"

"ആകെ വിഷമം. റേഷൻ വാങ്ങീട്ടില്ല. ഒരഞ്ചുറുപ കിട്ടിയാൽ..."

പറഞ്ഞു തീരാനിടയില്ല, മാസ്റ്റർ കീശയിൽനിന്നു പേഴ്സ് വലിച്ചെടുക്കും . പ്രാരബ്ധക്കാരൻ ആശ്വാസം കൊള്ളുന്നു. വലിച്ച കൈയിലെടുത്ത പേഴ്സിന്റെ ചുരുൾ നിവത്തുന്നു; വായ പിളർത്തുന്നു. അപ്പോൾ കുന്നിൻപുറത്തെ കിണറുപോലെ അഗാധമായൊരു പ്രദേശം, കാണുന്നു. മാസ്റ്റർ അതിൽ കൈകടത്തി ഒന്നു കുലുക്കുന്നു. ചില്ലറകളുടെ ശബ്ദം. കുലുക്കി വാരിയെടുത്തു കൈമലർത്തിക്കാട്ടുന്നു. തേമാനം സംഭവിച്ച മൂന്നു കാലണത്തുട്ട്, വ്യാപാരികളാരും സ്വീകരിക്കാത്ത നിറം മങ്ങിയ 'ഒരണ' നാണ്യം, തുരുമ്പു പിടിച്ച ഒരു താക്കോൽ, പിന്നെ കടലാസ് നുറുങ്ങുകൾ അനേകം. കഴിഞ്ഞു.

"ഇതാണാകെ എന്റെ കൈമുതൽ. മനസ്സിലായോ?"

വാരിയർ മാസ്റ്ററുടെ പേഴ്സിനുമുന്നിൽ, വിശദീകരണത്തിനു മുന്നിൽ, അപേക്ഷകൻ തന്റെ പ്രാരബ്ധം മറക്കും. വാരിയർമാസ്റ്റർ എന്നും പ്രാരബ്ധക്കാരനായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ പെരുമാറ്റത്തിലും പ്രവൃത്തിയിലും അതിന്റെ സൂചന അല്പം പോലും കാണില്ല.

വല്ലാത്തൊരു കാലഘട്ടത്തിലായിരുന്നു വാരിയർ മാസ്റ്റർ ഗോപാലപുരത്തിന്റെ ഭരണഭാരം കേയേറ്റത്. മഹായുദ്ധത്തിന്റെ കെടുതി, അവശ്യവസ്തുക്കളുടെ ദൗർലഭ്യം. അരിയില്ല, തുണിയില്ല. രോഗികൾക്കു മരുന്നില്ല. പരാതി കേൾക്കേണ്ടവർക്കു സമയമോ സൗകര്യമോ ഇല്ല. യുദ്ധമുന്നണിയിലേക്കുള്ള വിഭവങ്ങൾ സമാഹരിച്ചെത്തിച്ചുകൊടുക്കാനുള്ള ബദ്ധപ്പാടിലാണ് അധികൃതർ മുഴക്കെ. വാഗണുകൾ ഓടുന്നതു യുദ്ധമുന്നണിയിലേക്ക്. പെട്രോളും മണ്ണെണ്ണയും ഒഴുകുന്നതു യുദ്ധമുന്നണിയിലേക്ക്. തീവണ്ടികളുടെ എണ്ണം ചുരുങ്ങുന്നു. ബസ്സുകളുടെ ഓട്ടം നിലയ്ക്കുന്നു. എല്ലാമെല്ലാം മഹായുദ്ധത്തിൽ ഹോമിക്കുന്നു. നാടാകെ ദാരിദ്ര്യത്തിന്റെ പിടിയിലാണ്. നാട്ടിനെ നയിക്കേണ്ടവർ, നാട്ടാരുടെ വിഷമം കണ്ടറിഞ്ഞ് പരിഹാരം തേടേണ്ടവർ, ജയിലറകളിലാണ്.

എന്നാൽ യാതനകളുടെ ഈ ഇരുണ്ട നാളുകളിൽ ആശ്വാസത്തിന്റെ ഒരു കൈത്തിരിയുമേന്തി എവിടെയൊക്കെ സേവനമാവശ്യമുണ്ടോ അവിടെയൊക്കെ പാഞ്ഞെത്തുന്ന ഒരു മഹാനുണ്ടായിരുന്നു മലബാറിൽ: ശ്രീ വി. ആർ. നായനാർ. മലബാർ ഡിസ്ട്രിക്ട് റിലീഫ് കമ്മിറ്റി, ദേവധാർ മലബാർ റികൺസ്ട്രക്ഷൻ ട്രസ്റ്റ് (ഡി. എം. ആർ. ടി.), ഹരിജൻ സേവക സംഘം, ഭാരതസേവാ സംഘം തുടങ്ങി

പല സ്ഥാപനങ്ങളിലും ഉത്തരവാദപ്പെട്ട സ്ഥാനം വഹിച്ചുപോന്ന അദ്ദേഹം ലക്ഷദ്വീപ് സമൂഹങ്ങളിലും തന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ എത്തിച്ചിരുന്നു. യാത്രാസൗകര്യം അല്പം പോലുമില്ലാത്ത ആ നാളുകളിൽ നാടൻവഞ്ചികളിൽ കേറി എന്നെങ്കിലും എത്തിച്ചേരുമെന്ന പൊള്ളയായ ആശ്വാസത്തോടെയാണു ദ്വീപിലേക്ക് ആളുകൾ പോയിക്കൊണ്ടിരുന്നത്. നായനാരും അതു പോലെ വഞ്ചികയറി. ആ യാത്രയെക്കുറിച്ച് അന്നു മാതൃഭൂമി ആഴ്ചപ്പതിപ്പിൽ അദ്ദേഹം തുടർച്ചയായി എഴുതിയിരുന്നു.

ഇതു സന്ദർഭവശാൽ പറഞ്ഞെന്നേയുള്ളു. ശ്രീ നായനാരുടെ നാനാമുഖങ്ങളായ പ്രവർത്തനങ്ങളിൽപ്പെട്ട ഗോപാലപുരത്തിന്റെ കാര്യമാണല്ലോ പറഞ്ഞുവന്നത്. ഗോപാലപുരം പോലെ രണ്ടു പ്രമുഖ കേന്ദ്രങ്ങൾ വേറെയുമുണ്ടായിരുന്നു. നെടിയിരിപ്പിലും താനൂരിലും. പുറമേ ആദിവാസികളുടെ അഭിവൃദ്ധിക്കുവേണ്ടി അവർക്കിടയിൽ സാക്ഷരത പ്രചരിപ്പിക്കാൻവേണ്ടി നിലമ്പൂരിനടുത്ത അമരമ്പലത്തും വയനാട്ടിലും കേന്ദ്രങ്ങൾ പലതുണ്ടായിരുന്നു. ഈ കേന്ദ്രങ്ങളിലെല്ലാം തന്നെ പ്രഗല്ഭരായ അദ്ധ്യാപകർ സേവനമനുഷ്ഠിച്ചുപോന്നു. ശ്രീ പി. എം. കൃഷ്ണൻകുട്ടിനായർ, അദ്ദേഹത്തിന്റെ സഹോദരനായ രാമൻകുട്ടിനായർ; രണ്ടു പേരും സഹൃദയരും സാഹിത്യാദി കലകളിൽ പ്രവീണരുമായിരുന്നു. അതുപോലെ സംഗീതജ്ഞനായ ശ്രീ കുട്ടികൃഷ്ണ മേനോൻ, കവിയും അഭിനേതാവും സംവിധായകനുമായ എം. കെ. കുഞ്ഞിരാമൻമാസ്റ്റർ, വാർധാ ആശ്രമത്തിൽ പരിശീലനം കഴിച്ചെത്തിയ പി. പി. മേനോൻ മാസ്റ്റർ. ഇനിയുമെത്രയോ പ്രവർത്തകരുണ്ട്. എല്ലാവരുടെ പേരും ഓർമ്മിക്കാൻ വിഷമം. ഇവരിൽ പലരുമൊത്തു പ്രവർത്തിക്കാൻ കഴിഞ്ഞ മഹാഭാഗ്യത്തിന്റെ സ്മരണ അക്ഷരങ്ങളായി, വാക്കുകളായി രൂപപ്പെടുത്താനുള്ള ഒരു എളിയ ശ്രമം മാത്രമാണിത്.

ഡി. എം. ആർ. ടി. യിലെ വിദ്യാലയങ്ങൾ കേവലം അക്ഷരവിദ്യ പഠിപ്പിക്കാൻ മാത്രമുള്ള സ്ഥാപനങ്ങളായിരുന്നില്ല. ഉപജീവനമാർഗ്ഗം നേടാനുള്ള കൈത്തൊഴിലുകളും അവിടെ പരിശീലിപ്പിച്ചിരുന്നു. വാർധയിൽനിന്ന് പരിശീലനം കഴിഞ്ഞെത്തിയ ശ്രീ പി. പി. മേനോൻ, ഗോപാലപുരത്ത് കടലാസ് നിർമ്മാണത്തിൽ പരിശീലനം നല്കാൻ ഒരു കേന്ദ്രം സ്ഥാപിച്ചു. വിദ്യാഭ്യാസവകുപ്പ് ഈ കേന്ദ്രത്തിന് അംഗീകാരം നല്കുകയുണ്ടായി. ഇവിടെനിന്നു പരിശീലനം കഴിഞ്ഞു സർട്ടിഫിക്കറ്റുമായി പുറത്തുവരുന്നവർക്കു വിദ്യാലയങ്ങളിൽ കൈത്തൊഴിൽ പരിശീലിപ്പിക്കാനുള്ള അർഹത സിദ്ധിച്ചിരുന്നു.

അന്നു മലബാറിന്റെ വിവിധ ഭാഗങ്ങളിൽനിന്നു കൈത്തൊഴിൽ പരിശീലനത്തിന്നു ധാരാളം യുവാക്കൾ ഗോപാലപുരത്ത് എത്തിച്ചേരുകയുണ്ടായി. പില്ക്കാലത്തു കമ്മ്യൂണിസ്റ്റ് നേതാവായിക്കഴിഞ്ഞ ശ്രീ പി. വി. കുഞ്ഞിക്കണ്ണനും പ്രസിദ്ധ സാഹിത്യകാരനായ ശ്രീ പി. സി. കുട്ടികൃഷ്ണനും (ഉറൂബ്) ഗോപാലപുരത്തെ തൊഴിൽ പരിശീലന കേന്ദ്രത്തിലെ അന്തേവാസികളായിരുന്നു. അതുപോലെ പലരും. മുഖ്യമായും പരിശീലിച്ചതു കടലാസുനിർമ്മാണം തന്നെ. കടലാസിന് അത്രയേറെ ക്ഷാ

മമുണ്ടായിരുന്നു. ഗ്രണനിലവാരത്തിന്റെ കാര്യത്തിൽ വളരെയൊന്നും അവകാശ വാദം നടത്താൻ കഴിഞ്ഞില്ലെങ്കിലും ഗോപാലപുരം നിർമ്മാണ പ്രക്രിയയിലൂടെ പുറത്തുവന്ന കടലാസ്, അത്യാവശ്യകാര്യങ്ങൾക്കു പലതിനും ഉപയോഗിക്കാൻ പറ്റിയതായിരുന്നു.

ഒരുവശത്തു തൊഴിൽ പരിശീലിക്കുന്നവർ, അതിനപ്പുറം ഹോസ്റ്റലിലെ കുട്ടികൾ. രണ്ടിനുമിടയിൽ ഗോവിന്ദൻ കുട്ടി മാസ്റ്ററുടെ നെയ്ത്തുശാല. ഓരോ നിമിഷവും അന്നു ഗോപാലപുരം സജീവമായിരുന്നു. ഹോസ്റ്റലിലെ കുട്ടികൾക്ക് അധ്യാപകർ ജ്യേഷ്ഠസഹോദരന്മാരായിരുന്നു. അവരിൽ പലരും എന്റെ വീട്ടിൽ ഒഴിവുസമയം നോക്കി ഓടിവരും. അവർക്കവിടെ എല്ലാ സ്വാതന്ത്ര്യവുമുണ്ടായിരുന്നു. നിഷ്കളങ്കമായിരുന്നു അവരുടെ സ്നേഹം. കുഞ്ഞമ്പുവും ഗോപാലനും പഴയങ്ങാടിയിൽനിന്നു വന്ന രണ്ടു കുട്ടികൾ. ഗോപാലൻ തടിമിടുക്കുള്ള കുട്ടിയായിരുന്നു. ഏതു ജോലി ചെയ്യാനും മടിയില്ലാത്ത കുട്ടി. കുഞ്ഞമ്പു അങ്ങനെയായിരുന്നില്ല. ശാന്തശീലനായിരുന്നു. സംസാരിക്കുന്നതുപോലും വളരെ പതുക്കെ. നടക്കുന്നതും അതുപോലെ; നിലമറിയാതെ. ഗോപാലൻ ഭൂമികുലുക്കും. സംസാരിക്കുമ്പോൾ ഗോപാലന്റെ വായിൽനിന്നു വാക്കുകൾ തിക്കിത്തിരക്കിയാണു പുറത്തുചാടുക. ഞാനിതോർക്കുമ്പോൾ ഗോപാലനും കുഞ്ഞമ്പുവും ജീവിതത്തിന്റെ ഉയർന്ന മേഖലയിലെവിടെയോ വർത്തിക്കുകയാവാം. ഗോപാലപുരം വിട്ടതിൽ പിന്നെ രണ്ടുപേരേയും എനിക്കു കാണാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ ജീവിതത്തിന്റെ ഓരോ ദശാസന്ധിയിൽ കണ്ടുമുട്ടുകയും വേർപിരിയുകയും ചെയ്ത എത്ര കഥാപാത്രങ്ങൾ! ഓരോരോ രംഗങ്ങളായി, അങ്കങ്ങളായി ആട്ടം കഴിഞ്ഞ് അണിയറയിലേക്കു പിൻവലിയുമ്പോൾ യവനിക താഴുന്നു. അങ്ങനെ കയറുകയും ഇറങ്ങുകയും ചെയ്യുന്ന യവനിക ഇനി ഉയരുന്നത് എക്കാലത്തും മലബാറിനു ഉൾക്കിടിലത്തിലൂടെ മാത്രം ഓർക്കാൻ കഴിയുന്ന ഒരു മഹാവിപത്തിന്റെ ദൃശ്യവേദിയിലേക്കാണ്.

— 30 —

## പടക്കളത്തിലേക്ക്

ലണ്ടൻപട്ടണത്തിന്റെ മുകളിൽ ജർമ്മൻ വിമാനം ഇരമ്പിപ്പറക്കുന്നു. ഇംഗ്ലീഷുകാരന്റെ വീട്ടുമുറ്റത്തും നാലുകെട്ടിന്റെ മോന്തായത്തിലും നടുമുറ്റത്തും ബോംബുകൾ അഴിച്ചു ചൊരിയുന്നു. പ്രധാനമന്ത്രിയും സെക്രട്ടറിമാരും രാജകുടുംബാംഗങ്ങളും ഭൂഗർഭത്താവളത്തിൽ ചെന്നു പതുങ്ങി പ്രാണൻ രക്ഷിക്കുന്നു.

“ഭേഷ്! സായ്പിനതു കിട്ടണം; അങ്ങനെതന്നെ കിട്ടണം. അവന് ഉന്മൂലനാശം വരണം.”

മഹായുദ്ധത്തിന്റെ വാർത്ത വായിച്ചു ജനം ആഹ്ലാദിച്ചു. ജർമ്മൻകാരനെ അഭിനന്ദിച്ചു. ശത്രുവിന്റെ ശത്രുവിനോടവർക്കു പരമമായ സ്നേഹം. ഏതു് ഓണംകേറാമൂലയിലും നാലാളൊത്തുചേരുന്നിടത്തു് മറ്റൊരു നാട്ടുവിശേഷമില്ല. നേരിൽ കണ്ടതുപോലെ എല്ലാവരും യുദ്ധകാര്യങ്ങൾ വിവരിക്കുന്നു. എന്നാൽ, ഈ ബഹളത്തിനിടയിൽ ജനമറിയാതെ പലതും സംഭവിക്കുകയായിരുന്നു. ഭരണതലത്തിൽ പുതിയ വകുപ്പുകൾ രൂപം കൊള്ളുന്നു. തസ്തികകൾ ജനിക്കുന്നു. അവശ്യവസ്തുക്കൾ കമ്പോളങ്ങളിൽനിന്ന് അപ്രത്യക്ഷമാവുന്നു. അറിയാതെ വിഭവങ്ങൾ ചോർന്നു പോകുന്നു. ജനങ്ങൾക്കിടയിൽ വീതിക്കാൻ ഗവണ്മെന്റിന്റെ കൈയിൽ ദുർഭിക്ഷം മാത്രം അവശേഷിക്കുന്നു. അതിന്റെ വിതരണരീതി സുഗമമാക്കാൻ വകുപ്പുകളും ഉദ്യോഗസ്ഥന്മാരുമുണ്ടാവണം. അതുണ്ടായി. പർച്ചേസ് വകുപ്പും സപ്ലൈ വകുപ്പും രൂപംകൊണ്ടു. പുതിയ വകുപ്പുകളിൽ ഇൻസ്പെക്ടർമാരും ആപ്പീസർമാരുമുണ്ടായി. നെൽകൃഷിക്കാരന്റെ പേടിസ്വപ്നം പോലെ ഗ്രാമങ്ങൾതോറും പർച്ചേസിങ് ഇൻസ്പെക്ടർമാർ സഞ്ചരിച്ചു. അവരുടെ സൈക്കിൾ ബെൽ കർഷകന്റെ മരണമണി പോലെ മുഴങ്ങി. ഇല്ലാത്ത വസ്തുക്കളുടെ ‘ന്യായ’മായ വിതരണത്തിനു താലൂക്കുകൾതോറും സപ്ലൈ ആപ്പീസർമാർ ഫയൽക്കൂമ്പാരങ്ങളുമായി പ്രത്യക്ഷപ്പെട്ടു. ആപ്പീസ് വരാന്തയിലും തൊടിയിലും ജനം തപസ്സിരുന്നു.

ഇവിടെ മറ്റൊരത്ഭുതം സംഭവിക്കുന്നു. പുതിയ തസ്തികകളിൽ ആളുകളെ കണ്ടെത്താൻ വിഷമം. ഒഴിവുകളുണ്ട്. അപേക്ഷകരില്ല. തൊഴിലില്ലായ്മയ്ക്കു പക

രം ആളില്ലായ്മയെന്ന പ്രതിഭാസം. അപ്പോൾ ഭരണക്കണ്ണു വിദ്യാലയങ്ങൾക്കുനേരെ നീണ്ടു. കഴിവുള്ള അധ്യാപകർ പുതിയ തസ്തികകളിലേക്കു വലവീശിപ്പിടിക്കുന്നു. മാനേജ്മെന്റ് സമ്പ്രദായത്തിന്റെ ഹീനതയിൽനിന്നു മോചനം നേടാൻ കൊതിച്ചു കൊണ്ടിരുന്ന ചിലർ ഈ സന്ദർഭമുപയോഗിച്ചു 'കൂടുവിട്ടു കൂടു മാറ്റം' നടത്തി. അവരിൽ ഒരാളായിരുന്നു എന്റെ ബഹുമാന്യ സുഹൃത്ത് മമ്മൂഞ്ഞി മാസ്റ്റർ, നല്ലൊരു സഹൃദയനും ഗ്രന്ഥപാരായണത്തിൽ അതീവ തൽപരനും ധാരാളം നല്ല നല്ല പുസ്തകങ്ങളുടെ ഉടമയുമായ മമ്മൂഞ്ഞി മാസ്റ്റർ വടകരയിലുള്ള താലൂക്ക് സപ്ലൈ ആപ്പീസിലെ ഹെഡ്ക്ലാർക്കായതു് അങ്ങനെയാണ്. സപ്ലൈ ആപ്പീസിൽ എപ്പോഴും തിരക്കാണ്. കുട്ടിയുടെ ചോറൂണു നടത്തണമെങ്കിൽ, മകളുടെ വിവാഹം ആഘോഷിക്കണമെങ്കിൽ, എന്തിനു ചെറിയ തോതിലൊരു കുറിക്കല്ല്യാണം കഴിക്കണമെങ്കിൽപ്പോലും സപ്ലൈ ആപ്പീസറുടെ അനുമതിവേണം. അല്പം പഞ്ചസാരയോ അരിയോ കിട്ടണമെങ്കിൽ ആപ്പീസറുടെ പെർമിറ്റു വേണം. അരിയും പഞ്ചസാരയുമില്ലാതെ എങ്ങനെ ചോറൂണും വിവാഹവും മറ്റും ആഘോഷിക്കും? അതുകൊണ്ട് എന്നും ആപ്പീസിൽ കടന്നുചെല്ലാനും ഹെഡ്ക്ലാർക്കിന്റെ മുമ്പിൽ കസേര വലിച്ചിട്ടിരിക്കാനും സ്നേഹത്തിന്റെ പേരിൽ എനിക്ക് അനുമതിയുണ്ടായിരുന്നു.

അതൊരു വലിയ ബഹുമതിയായി, എന്റെ തൊപ്പിയിൽ പുതിയ തൂവലായി വന്നുചേർന്നപ്പോൾ ഞാനാകെ വിഷമിച്ചു. ആവശ്യക്കാർ എന്നേയും വലയം ചെയ്യാൻ തുടങ്ങി. ഞാൻ പറഞ്ഞാൽ മമ്മൂഞ്ഞി മാസ്റ്റർ എന്തും ചെയ്യുമെന്നാണ് ജനങ്ങളുടെ വിശ്വാസം. എന്തും പറയാനെനിക്കു പറ്റുമോ? നായനാരുടെ കീഴിൽ ജോലിചെയ്യുന്ന ഡി. എം. ആർ. ടി. പ്രവർത്തകനല്ലേ ഞാൻ? വഴിവിട്ടു സഞ്ചരിക്കുന്നതും ശിപാർശയ്ക്കു വേണ്ടി ആപ്പീസുകളിൽ കയറിയിറങ്ങുന്നതും ആപ്പീസർമാരുടെ സേവ പിടിക്കുന്നതും എനിക്കു യോജിച്ചതാണോ? അതിമഹത്തായി ജനം കരുതിപ്പോരുന്ന ഒരു സ്ഥാപനത്തിന് എന്റെ പ്രവൃത്തി കളങ്കം ചേർക്കാൻ പാടുണ്ടോ? ഇല്ലെന്നു നന്നായറിഞ്ഞിട്ടു രക്ഷപ്പെടാനുള്ള പഴുതുകൾ അടയുകയായിരുന്നു. ഇവിടെ ഈ വിഷമസന്ധിയിൽ എന്നെ രക്ഷിക്കാനെത്തിയതു് എന്റെ അഭിനയപാടവമായിരുന്നു. അരങ്ങു കണ്ടില്ലെങ്കിലും എന്നിലെവിടെയോ ഉറങ്ങിക്കിടന്ന അഭിനയചാതുരി അന്നാദ്യമായി ഉണർന്നു പ്രവർത്തിക്കാൻ തുടങ്ങി. ആവശ്യക്കാർക്കും മമ്മൂഞ്ഞി മാസ്റ്റർക്കും പോറലേല്ക്കാതെ എന്റെ തടി രക്ഷപ്പെടുത്താൻ അഭിനയശേഷിക്കു മാത്രമേ കഴിഞ്ഞുള്ളു. എന്നിട്ടും ഇന്നോളം ഒരു നാടകസംഘവും എന്നെ അഭിനയിക്കാൻ ക്ഷണിച്ചില്ലല്ലോ—അരങ്ങു കാണിച്ചില്ലല്ലോ—എന്ന വിചാരം എന്നെ ദുഃഖിപ്പിക്കുന്നു.

പറഞ്ഞുവന്നതു് അവശ്യവസ്തുക്കളുടെ ക്ഷാമത്തെപ്പറ്റിയാണല്ലോ. ഇടത്തരക്കാരും അതിനു ചോടെയുള്ളവരും മരിച്ചു ജീവിക്കുകയായിരുന്നു. ഒരാഴ്ചയ്ക്കു കിട്ടുന്ന റേഷൻ അര നേരത്തെ ആഹാരത്തിനു പോലും തികയില്ല. കരിഞ്ചന്തയിലാണെങ്കിൽ തീപിടിച്ച വില. സാധാരണക്കാരന്റെ ചിന്തയ്ക്കപ്പുറമായിരുന്നു അവിടത്തെ

നിലവാരം. ആകെ വിഷമം. ആർക്കും ആരേയും സഹായിക്കാൻ കഴിയാത്ത ചുറ്റുപാട്. ഗോപാലപുരവും ഈ ദുഃസ്ഥിതിയിൽത്തന്നെയായിരുന്നു. പക്ഷേ, ഒന്നുണ്ട്: ഞങ്ങൾ കൂട്ടായി, സന്തോഷത്തോടെ എല്ലാം സഹിച്ചിരുന്നു. റേഷൻകൊണ്ടു കഴിഞ്ഞുകൂടാൻ പരമാവധി ശ്രമിച്ചിരുന്നു. ഇടയ്ക്കെങ്ങാനും ഒരു പരിചയക്കാരൻ വിരുന്നുവന്നുപോയാൽ സംവിധാനമാകെ പിഴയ്ക്കും. വിരുന്നിന്റെ ക്ഷീണം തീരണമെങ്കിൽ ആഴ്ചകളോളം പിശുക്കിപ്പിടുത്തം വേണ്ടിവരും. അതുകൊണ്ടും കഴിയില്ലെന്നു വരുമ്പോൾ വാരിയർമാസ്റ്ററെ സമീപിക്കും.

"സാർ."

"അഃ എന്താ?"

"ചോദിക്കാൻ വിഷമമുണ്ട്."

"വിഷമിക്കണ്ടാ."

"ഉണ്ടെങ്കിൽ..."

മുഴുവൻ പറയാതെ ഞാൻ പരുങ്ങും. മാസ്റ്ററുടെ കാര്യം എനിക്കു നല്ലപോലെ അറിയാം. ഭാര്യയുണ്ട്; രണ്ടുമൂന്നു ചെറിയ കുട്ടികളും. കുട്ടികളുടെ റേഷൻ വേവിച്ചെടുത്താൽ ഒരു ലക്കോട്ട് പറ്റിക്കാൻ പോലും തികയില്ല. അങ്ങനെ വിഷമിക്കുന്ന മാസ്റ്ററോട് എന്റെ ഇല്ലായ്മ പറയാൻ എനിക്കു മടിയുണ്ട്. മടിച്ചിട്ടെന്തു കാര്യം? ആരോടെങ്കിലും, ഒന്നു പറയാനെങ്കിലും കഴിയണ്ടേ. മിണ്ടാതെ പരുങ്ങുന്ന എന്റെ മുഖത്തു നോക്കി കാര്യം മനസ്സിലാക്കിയ പോലെ മാസ്റ്റർ ചോദിക്കുന്നു:

"പഞ്ചസാരയാണോ?"

ചോദിച്ചു കഴിഞ്ഞു മാസ്റ്റർ അകത്തു നോക്കി ഉറക്കെ മകനെ വിളിക്കുന്നു:

"പ്രഭാകരാ."

"അല്ല മാസ്റ്ററെ, പഞ്ചസാരയല്ലാ."

"പിന്നെ?" മാസ്റ്ററുടെ ചോദ്യം.

"ഉണ്ടെങ്കിൽ ഒരു അരസ്സേർ അരി..."

പറഞ്ഞു മുഴുമിക്കും മുമ്പേ മാസ്റ്റർ എഴുന്നേല്ക്കുന്നു. ഒന്നും മിണ്ടാതെ പാരവശ്യത്തോടെ നടക്കുന്നു. പിന്നെ മുറ്റത്തേക്കിറങ്ങുന്നു. ഇറങ്ങുമ്പോൾ പറയുന്നു:

"വരൂ."

മാസ്റ്റർ മുമ്പിലും ഞാൻ പിറകിലുമായി കുന്നിറങ്ങുന്നു. എങ്ങട്ടെന്നു ചോദിക്കാതെ ഞാനും ഒപ്പം നടക്കുന്നു. തെല്ലിട നടന്നപ്പോൾ മാസ്റ്റർ പറയുന്നു:

"നമുക്കു ചെരിയക്കൻചെട്ട്യാരെ ഒന്നു കാണാം."

പലചരക്കുകട നടത്തുന്ന ആളാണു ചെട്ടിയാർ. ഗോപാലപുരത്തെ അധ്യാപകർ വീട്ടാവശ്യങ്ങൾക്കുള്ള സാധനങ്ങൾ വാങ്ങുന്നതു ആ കടയിൽനിന്നാണ്. കുന്നിറങ്ങി തീവണ്ടിപ്പാതയിൽ കയറി ഞങ്ങൾ നടക്കുന്നു. പരസ്പരം ഒന്നും സംസാരിക്കുന്നില്ല. എന്റെ മനസ്സു നിറയെ ദുഃഖമാണ്. പട്ടിണികിടക്കുന്നതിലുള്ള ദുഃഖമല്ല. എന്നെ വിശ്വസിച്ച് എന്റെ കൂടെ കുന്നിൻപുറത്തു കഴിയാൻ തീരുമാനിച്ച

വന്ന എന്റെ ഭാര്യയെ പട്ടിണിക്കിടരുതല്ലോ. മാസ്റ്ററോടൊപ്പം എവിടെ പോകാനും ഞാൻ തയ്യാറായിരുന്നു. പക്ഷേ, ചെരിയക്കൻ ചെട്ടിയാരെ കണ്ടിട്ടു പ്രയോജനമില്ലെന്ന് എന്റെ മനസ്സ് ആവർത്തിച്ചാവർത്തിച്ച് എന്നോടു പറയുന്നു.

അപ്പോൾ വാരിയർ മാസ്റ്റർ തിരിഞ്ഞുനിന്ന് എന്നോടു ചോദിക്കുന്നു:

"റേഷൻകടയിൽ നിന്നു 'ബജ്റ' വാങ്ങിയോ?"

"വാങ്ങിയില്ല." ഞാൻ പറഞ്ഞു.

"അതെന്താണ്?"

"എങ്ങനെയാണു പാകപ്പെടുത്തേണ്ടത് എന്നൊന്നും അറിഞ്ഞു കൂടല്ലോ."

"ഓ, ഒന്നും അറിയാനില്ലെന്നേ. ഞങ്ങളതു വാങ്ങി ചട്ടിയിലിട്ടു വറുത്തു നല്ല പോലെ ഇടിച്ചു ശർക്കരയും കൂട്ടി ഉരുട്ടി ഉണ്ടയാക്കി കുട്ടികൾക്കു കൊടുത്തു. അവർക്ക് ഇഷ്ടമായി. ഞങ്ങൾക്കും."

ഒടുവിൽ പറഞ്ഞ ഞങ്ങൾക്കും എന്ന വാക്കു പതുക്കെയാണു മാഷ് പറഞ്ഞത്, അരി കിട്ടണമെങ്കിൽ തോതനുസരിച്ചു ഗോതമ്പ്. ബജ്റ, സൂജി ഇതൊക്കെ വാങ്ങണമെന്നു നിബ്ബന്ധമാണ്. ഇല്ലെങ്കിൽ അരി തരില്ല. ഗവണ്മെന്റ് കല്പനയാണെന്നു റേഷൻ കടക്കാരു പറയും. ബജ്റയെപ്പറ്റിയായിരുന്നിരിക്കണം, ഒരപവാദം നാട്ടുനീളെ പ്രചരിച്ചിരുന്നു. യുദ്ധമുന്നണിയിൽ മരിച്ചുവീഴുന്ന പട്ടാളക്കാരുടെ പല്ല് പുഴക്കിയെടുത്തു റേഷനോടൊപ്പം വിതരണം ചെയ്യുകയാണെന്ന്. അതു വിശ്വസിച്ചാലുമില്ലെങ്കിലും അരിക്കു പകരം അമൃതം തന്നാലും സ്വീകരിക്കാൻ മനസ്സു തയ്യാറായിരുന്നില്ല. ഒരു നേരമെങ്കിലും ചോറുണ്ണണം. ഉണ്ണണമെന്നു നിബ്ബന്ധം പിടിക്കാത്തവൻ മലയാളിയാവില്ല.

"അപ്പോൾ മാഷേ." വാരിയർ മാസ്റ്റർ ചോദിക്കുന്നു.

"ബജ്റയും സൂജിയുമൊന്നും വാങ്ങാറില്ലേ?"

"വാങ്ങിയില്ലെങ്കിൽ അരി കിട്ടില്ലല്ലോ സാർ."

"വാങ്ങിയിട്ടെന്തു ചെയ്യുന്നു?"

"വല്ലവർക്കും കൊടുക്കും."

"കൊടുക്കണ്ടെന്നു ഞാൻ പറയില്ല. പക്ഷേ, ഒരാഴ്ച അതൊക്കെ വാങ്ങി എന്റെ വീട്ടിലേക്കയയ്ക്കൂ. എങ്ങനെ പാകപ്പെടുത്തണമെന്നു ഞാൻ പഠിപ്പിച്ചുതരാം."

മാസ്റ്ററുടെ ഒടുവിലത്തെ വാക്ക്, തീവണ്ടിപ്പാതയുടെ ഓരത്തെവിടെയോ നിന്നു പുറപ്പെട്ട ഒരു കൂട്ടനിലവിളിയിൽ മുങ്ങിപ്പോയി. എന്താണു സംഭവമെന്ന് അന്വേഷിച്ചറിയാൻ ഞങ്ങൾ പാതവിട്ടിറങ്ങി. അല്പമകലെ പാടത്തിന്റെ നടുവിലുള്ള ഒരു കൂരയിൽനിന്നാണു നിലവിളി. ഞങ്ങളങ്ങട്ട് നടന്നു. മുറ്റത്തു ചെന്നു നിന്നപ്പോൾ വരാന്തയിൽ വിറങ്ങലിച്ചുകിടക്കുന്ന ഒരു മൃതദേഹത്തിനു ചുറ്റും കൂടി സ്ത്രീകളും കുട്ടികളും നിലവിളിക്കുകയാണ്. നിലവിളി കേട്ട് ആരും ഓടിയെത്തിയില്ല. എന്താണു സംഭവമെന്നു ചോദിച്ചപ്പോൾ ആ ഭീകരസത്യം പുറത്തുവന്നു:

“കോളറ.”

മലബാറിൽ അവിടെയുമിവിടെയുമായി ചില ചേരിപ്രദേശങ്ങളിലും പാവപ്പെട്ട ചിലരുടെ വീട്ടുകളിലും കോളറയുണ്ടെന്ന കേട്ടതല്ലാതെ, സമീപ പ്രദേശത്തെങ്ങും അതെത്തിയതായറിവില്ല. എന്നാൽ, ഇപ്പോളിതാ, ആ ഭീകര സത്യം, ക്രൂരമായ വിപത്ത്, അതിന്റെ കഴുകൻ കൊക്കിൽ ഒരു പാവപ്പെട്ട ജീവിതത്തെ കൊത്തിപ്പറിച്ചു നില്ക്കുന്നു.

ഏതോ യക്ഷിക്കഥയിലുൾപ്പെട്ട വിചിത്രകഥാപാത്രങ്ങളെപ്പോലെ ഞാനും വാരിയർ മാസ്റ്ററും മടങ്ങി നടന്നു. അരിയുടെ കാര്യം രണ്ടു പേരും മറന്നു. ഇപ്പോൾ മുമ്പിലുള്ള പ്രശ്നം വിശപ്പല്ല, ആഹാരമല്ല; മരണം. പാടത്തും തീവണ്ടിപ്പാതയിലും കുന്നിൻചെരിവിലും ഇടവഴിയിലും അതുണ്ട്. പതുങ്ങിപ്പതുങ്ങി പിറകെ സഞ്ചരിക്കുന്നു, പഴുതു കിട്ടുമ്പോൾ ചാടിവീഴാൻ തയ്യാറെടുത്തുകൊണ്ട്.

അന്നു രാത്രി വേണ്ടപോലെ ഉറക്കം കിട്ടിയില്ല. കോളറയുടെ ആക്രമണത്തിൽനിന്ന് എങ്ങനെ രക്ഷപ്പെടുമെന്ന വിചാരം കൊണ്ടല്ല; മറിച്ച് ഈ വിപത്തിൽനിന്നും നാടിനെങ്ങനെ മോചനം ലഭിക്കും? അതിനുള്ള വഴിയെന്ത്? ഔഷധമെന്ത്? എന്നെല്ലാമുള്ള ആലോചനയായിരുന്നു മനസ്സു നിറയെ.

കാലത്തു നായനാരെത്തി; പ്രഭാതം പോലെ മനസ്സിന് സമാധാനവും ശാന്തിയും നല്കിക്കൊണ്ട്. എവിടെനിന്നു വരുന്നെന്നറിയില്ല. എന്നും അങ്ങനെയാണ്. മുന്നറിയിപ്പില്ലാതെ കയറിവരും. അപ്പോൾ ഗോപാലപുരം സജീവമാകും. കുട്ടികൾ ആഹ്ലാദം കൊണ്ടു തുള്ളിച്ചാടും. മുതിർന്നവർ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ആശ്വാസം കൊള്ളും. ഏതു പ്രശ്നങ്ങൾക്കും ലളിതമായ മട്ടിൽ പരിഹാരം കണ്ടെത്താൻ അദ്ദേഹത്തിനുള്ള കഴിവ് അസാധാരണമായിരുന്നു. ശാന്തമായ, സൗമ്യമായ പെരുമാറ്റത്തിലൂടെ എല്ലാവരെയും തൃപ്തിപ്പെടുത്താൻ കഴിവുള്ള സ്വഭാവത്തിനുടമയായിരുന്നു അദ്ദേഹം. തെറ്റേതിനും മാപ്പുണ്ട്. ആരോടും കടുപ്പിച്ച വാക്കുകൾ പറയില്ല. ഗോപാലപുരത്തിനാകെ സന്തോഷത്തിന്റെ വെളിച്ചം നല്കി, പലരുമായി കുശലപ്രശ്നം നടത്തി, ഒരു പകൽ കഴിച്ചുകൂട്ടി അദ്ദേഹം യാത്രപറയും. അതാണു പതിവ്.

എന്നാൽ, ഇത്തവണ സംഗതിയാകെ മാറിയിരിക്കുന്നു. അസാധാരണമായ ഗൗരവം. കാര്യമായൊന്നും സംസാരിക്കുന്നില്ല. അല്പനേരം എന്തോ ആലോചിച്ചു മൗനമായിരുന്നശേഷം കുന്നിൻപുറത്തുള്ള എല്ലാവരേയും വിളിച്ചുകൂട്ടാൻ അദ്ദേഹം പറഞ്ഞു. എല്ലാവരും വന്നു ചേർന്നപ്പോൾ അദ്ദേഹത്തിന് കുറച്ചുമാത്രമേ പറയാനുണ്ടായിരുന്നുള്ളു. അതു കോളറയെപ്പറ്റിയായിരുന്നു. എങ്ങനെ ആ മഹാവിപത്തിനെ നേരിടണമെന്നതിനെപ്പറ്റിയായിരുന്നു. സ്വന്തം ജീവന് സാമാന്യത്തിലേറെ വിലകല്പിച്ച് മറ്റുള്ളവരെ സഹായിക്കുകയെന്ന ഉത്തമമായ കർത്തവ്യത്തിൽനിന്നും ആരും പിന്മാറരുതെന്നും അദ്ദേഹം ഉപദേശിച്ചു. ജനസേവനമായിരിക്കണം പരമമായ ലക്ഷ്യം. ആതുര ശുശ്രൂഷയിലൂടെ മർത്ത്യജന്മത്തെ ശുദ്ധീകരിച്ചെടുക്കണം.

അതിനുള്ള സന്ദർഭമാണ് വന്നുചേർന്നത്. ധീരമായി ഈ വിപത്തിനെ നേരിടുക. കോളറ നിർമ്മാർജ്ജനത്തിനുള്ള വാളണ്ടിയർമാരായി എല്ലാവരും രൂപാന്തരപ്പെടണം. നാട്ടിനും നാട്ടാർക്കും പരമമായ സഹായം നല്കാൻ തയ്യാറെടുത്തുനിൽക്കണം. ഇവിടെ പ്രത്യക്ഷപ്പെട്ടത് വെറും തുടക്കമാണ്. പിറകെ വരുന്ന മഹാവിപത്തിനെതിരെ പൊരുതാനുള്ള കരുത്തു നിങ്ങളോരോരുത്തരും സമ്പാദിക്കണം.

— 31 —

## അലിവിന്റെ പൊന്നളക്ക്

അങ്ങ് യൂറോപ്പിൽ, ജർമ്മൻ പട്ടാളം ജൈത്രയാത്ര നടത്തുമ്പോൾ, ബോംബെ റിഞ്ഞ് ലണ്ടൻപട്ടണം തവിടുപൊടിയാക്കുമ്പോൾ, ഇങ്ങ് മലബാറിൽ 'കോളറ', 'മൃതവർഷിണി' രാഗം ആലപിക്കുകയായിരുന്നു. രണ്ടും ഫലത്തിൽ ഒന്നുതന്നെ. മനുഷ്യദുഃഖത്തിന്റെ ഭാഗം ചേർന്നു ചിന്തിക്കുമ്പോൾ ഒരു വ്യത്യാസവുമില്ല. നിറഭേദവും ജാതിഭേദവും മതഭേദവും രാജ്യഭേദവും കണ്ണീരിന്റെ ഉപ്പിൽ മാത്രം കലർപ്പു ചേർക്കുന്നില്ല. അവിടെയുമിവിടേയും നൊമ്പരം കൊള്ളുന്ന ആത്മാക്കൾക്കാവശ്യം അലിവിന്റെ ലേപനം മാത്രം. പോരും കൊലയും കൊതിക്കുന്നവർ, പ്രചരിപ്പിക്കുന്നവർ, മനുഷ്യവർഗ്ഗത്തിൽ പരമനിസ്സാരമായൊരു ശതമാനം മാത്രമാണ്. അവരാണ് ഇവിടെ പരക്കെ അശാന്തിയും ഭീതിയും വളർത്തുന്നത്. അവരെ എല്ലാവരും അറിയുന്നു; ഭയപ്പെടുന്നു.

എന്നാൽ, ബോംബുവർഷം നടക്കുന്ന മഹായുദ്ധങ്ങൾക്കു നടുവിലും മരണം ചുടലനൃത്തമാടുന്ന മഹാമാരികൾക്കിടയിലും അലിവിന്റെ പൊന്നളക്കുമായി സഞ്ചരിക്കുന്ന അപൂർവ്വം ചില വ്യക്തികൾ എന്നും ഇവിടെയുണ്ടായിരുന്നു. അവരെ ഓർമ്മിക്കാനും ആദരിക്കാനും അവരുടെ ജന്മശതാബ്ദി ആഘോഷിക്കാനും സമൂഹത്തിന് അവസരം കിട്ടാറില്ല. കാരണം, ജനപ്രതിനിധിസഭയിലോ ഭരണചക്രം തിരിക്കുന്നവർക്കിടയിലോ അവരുണ്ടായിരിക്കില്ല. അവർ തങ്ങൾക്കു പിറകിൽ പ്രശസ്തിയുണ്ടോ എന്ന് പിൻതിരിഞ്ഞുനോക്കി നടന്നുപോയവരല്ല. വഴി നീളെ മുദ്രാവാക്യം വിളിച്ച് ജനശ്രദ്ധ ആകർഷിച്ചവരല്ല. പരാർഥമായ പ്രവർത്തനങ്ങളുടെ തളർച്ചയിൽ അല്പവിശ്രമത്തിനുപോലും ഒരു വഴിയമ്പലത്തിൽ കേറി തലചായ്ച്ചവരല്ല. അവർ ഏകാന്തപഥികരായിരുന്നു. അവർക്കു നടന്നു കടക്കാനുള്ള വഴി ദുർഘടം പിടിച്ചതായിരുന്നു.

'കോളറ' കൊയ്ത്തു നടത്തിയ, മരണം ചുടലനൃത്തമാടിയ മലബാറിലെ ഉൾനാടൻവീഥിയിലൂടെ അന്നൊരു ഏകാന്ത പഥികൻ സഞ്ചരിച്ചു: ശ്രീ വി. ആർ. നായനാർ. 'കോളറ'യുടെ കടന്നാക്രമണത്തിൽ രക്ഷാകർത്താക്കൾ നഷ്ടപ്പെട്ട് അനാ

ഥരായിത്തീർന്ന കുട്ടികളെ വാത്സല്യത്തോടെ വാരിയെടുത്തു പുല്കി, അഭയം നല്കുകയെന്ന മഹാപ്രയത്നത്തിൽ അദ്ദേഹത്തിനു കൈമുതലായുണ്ടായിരുന്നത് അലിവിന്റെ പൊന്നുളക്കം മാത്രം. യാതന കണ്ടറിഞ്ഞും കേട്ടറിഞ്ഞും അദ്ദേഹം ഓടിയടുക്കുന്നു. അനാഥശവങ്ങൾ മറവുചെയ്യുന്നു; അനാഥശിശുക്കളെ കൈയേല്ക്കുന്നു; രോഗികളെ ശുശ്രൂഷിക്കുന്നു; രോഗത്തിന്റെ വ്യാപ്തി തടയാൻ പ്രതിരോധപ്രവത്തനങ്ങൾ നടത്തുന്നു. എവിടെ നായനാരെത്തുന്നോ അവിടെയൊക്കെ അനുയായികളുണ്ടാവുന്നു. ഹൃദയാലുക്കളായ യുവാക്കൾ അദ്ദേഹത്തോടൊപ്പം ഏതു പ്രവർത്തനത്തിനും തയ്യാറാവുന്നു. 'കോളറ'യുടെ കറുത്തിരുണ്ട നിഴലിൽ, ഭീതിപൂണ്ടു വിറങ്ങലിച്ചു കിടന്ന ഗ്രാമങ്ങളിൽ, ആദ്യ കിരണങ്ങളുടെ പ്രകാശവും ചൂടുമെന്നപോലെ നായനാരെത്തിച്ചേരുന്നു. ഇരുളും ഭീതിയും വിട്ടകലുന്നു. അങ്ങനെ നായനാരുടെ അശ്രാന്തപരിശ്രമത്തിലൂടെ ആരോരുമില്ലാതെ, മണ്ണടിഞ്ഞു പോകേണ്ട നിരവധി ജീവിതങ്ങൾക്ക് മലബാറിന്റെ മണ്ണിൽ അഭയകേന്ദ്രങ്ങളുണ്ടായി. തണലും തണുപ്പുമുണ്ടായി. വടക്ക്, മാടായി മുതൽ തെക്ക് വലപ്പാടുവരെ. അവിടവിടെയായി അനാഥമന്ദിരങ്ങൾ ഉയർന്നുവന്നു; ജാതിമതഭേദമില്ലാത്ത അഭയകേന്ദ്രങ്ങൾ. അനാഥമന്ദിരങ്ങളിലെ അന്തേവാസികൾക്ക് ഒരു മതമേ ഉണ്ടായിരുന്നുള്ളൂ നിഷ്കളങ്കത. അവരൊന്നുമറിയുന്നില്ല. ഒന്നും അന്വേഷിക്കുന്നില്ല. വിശക്കുമ്പോൾ ഭക്ഷണം കിട്ടണം. വയറുനിറഞ്ഞാൽ അല്പം കളിക്കണം. കളിച്ചു തളരുമ്പോൾ എവിടെയെങ്കിലും വീണുറങ്ങണം. ജനിച്ച വീടില്ല; ജന്മംനല്കിയ മാതാപിതാക്കളില്ല. ആചാരാനുഷ്ഠാനങ്ങളൊന്നും പഠിച്ചിട്ടില്ല. പഠിപ്പിച്ചിട്ടുമില്ല. ഏതോ ജാതി; ഏതോ മതം; ഒന്നുമറിഞ്ഞു കൂടാ.

പത്രങ്ങളിൽ നായനാരുടെ പ്രസ്താവന വരുന്നു. പതിനഞ്ചോളം കേന്ദ്രങ്ങളിലായി ഏതാണ്ടെഴുന്നൂറ്റിയമ്പത് നിരാധാരരായ കുട്ടികളെ വളർത്തണം. അതിന് ചെലവിനു വക കണ്ടെത്തണം. മുതൽമുടക്കായിട്ട് വന്നുചേരാനിരിക്കുന്നത് ഹൃദയാലുക്കളായ മനുഷ്യസ്നേഹികളുടെ ഔദാര്യം മാത്രമാണ്. ആ ഔദാര്യത്തിനു വേണ്ടി അപേക്ഷിച്ചുകൊണ്ടുള്ളതായിരുന്നു പ്രസ്താവന. ജനം ഉടനടി പ്രതികരിച്ചു. ഇന്ത്യയ്ക്കകത്തുനിന്നും പുറത്തുനിന്നും സംഭാവനകൾ ഒഴുകിയെത്തി. ഭാരത സേവാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പുതിയ പ്രസ്ഥാനം എസ്. ഐ. എസ്. ഓർഫനേജ് (S. I. S. Orphanage) എന്ന പേരിൽ അറിയപ്പെട്ടു (Servents of India Society Orphanage).

ധാരാളം ജോലി ചെയ്യാനുള്ള ഒരു പ്രത്യേക വകുപ്പാവുകയും അതിന്റെ ആപ്പീസ് കോഴിക്കോട്ടെ ആര്യഭവൻ ബിൽഡിങ്ങിന്നടുത്തുള്ള ഒരു മാളികയിൽ സ്ഥാപിക്കയും ചെയ്തതോടെ പ്രവത്തനങ്ങൾക്ക് അടുക്കും ചിട്ടയും കൈവരുന്നു. കേന്ദ്രങ്ങളുടെ മുഴുവൻ മേൽനോട്ടത്തിന്നും കുട്ടികളുടെ ക്ഷേമം അടിക്കടി ചെന്നന്വേഷിക്കാനും അവരുടെ ആരോഗ്യകാര്യങ്ങളിൽ അപ്പപ്പോൾ ശ്രദ്ധചെലുത്തി വിദഗ്ദ്ധോപദേശം തേടാനും തരാതരംപോലുള്ള ശുശ്രൂഷകൾക്ക് നേതൃത്വം നല്കാനും ഒരു ഇൻസ്പെക്ടറെ നിയമിക്കുന്നു. അറിയപ്പെട്ടൊരു സാഹിത്യകാരനും ഒന്നാംതരം പ്രഭാഷ

കനും സ്വാതന്ത്ര്യ സമരഭടനുമായ ശ്രീ എൻ. പി. ദാമോദരനെയാണ് ഇൻസ്പെക്ടറു ടെ ചുമതല ഏല്പിച്ചത്. എൻ. പി. ദാമോദരൻ, ഇൻസ്പെക്ടർ, എസ്. ഐ. എസ്. ഓർഫനേജസ്. ആപ്പീസ് കാര്യങ്ങൾ ശ്രദ്ധിക്കാൻ, ശ്രീ എം. കെ. കുഞ്ഞിരാമൻ മാസ്റ്ററെ നിയമിച്ചു. സാഹിത്യരസികനും കവിയും കലാകാരനുമെല്ലാമായിരുന്ന കു ഞ്ഞിരാമൻ മാസ്റ്റർ ആരംഭകാലം മുതൽക്കുതന്നെ ഡി. എം. ആർ. ടി. പ്രവർത്തക നാണ്. നായനാർ സദാ സഞ്ചാരിയായിരുന്നു. ഭാരത സേവാസംഘത്തിന്റെ പ്ര വർത്തനങ്ങൾ പടിഞ്ഞാറൻതീരത്തങ്ങോളമിങ്ങോളം ചിതറിക്കിടന്നതിന്റെ മേൽ നോട്ടം വഹിക്കാനുള്ളതുകൊണ്ട് ഒരിടത്തുതന്നെ ഏറെ തങ്ങാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. നായനാർ സർവ്വവ്യാപിയാണെന്നു പറയാറുണ്ടെങ്കിലും അത്യാ വശ്യകാര്യത്തിന് അദ്ദേഹത്തെ തേടിനടക്കാനാരെങ്കിലും പുറപ്പെട്ടാൽ, ശരിക്കും വട്ടംകറങ്ങും. ചിലപ്പോൾ മംഗലാപുരത്താവും. മറ്റു ചിലപ്പോൾ കൊച്ചിയിലാവും. അങ്ങനെ സഞ്ചരിച്ചു സഞ്ചരിച്ച് നേരെ പൂനയിലെത്തിയെന്നും വരും. അവിടെയാ ണല്ലോ ഭാരതസേവാസംഘത്തിന്റെ തലസ്ഥാനം. അതിപ്രസിദ്ധനായ പണ്ഡിറ്റ് ഹൃദയനാഥകുൻസ്രുവായിരുന്നു. അന്നു സംഘത്തിന്റെ അദ്ധ്യക്ഷൻ. മലബാറിൽ നായനാർ നിർവ്വഹിച്ചു പോരുന്ന പ്രശസ്തമായ സേവനത്തിൽ അദ്ദേഹം അതീവ സന്തുഷ്ടനായിരുന്നു. നായനാർ ആരംഭിക്കുന്ന ഏതു പ്രസ്ഥാനത്തിനും അദ്ദേഹ ത്തിന്റെ ആശീർവാദവും പിന്തുണയുമുണ്ടായിരുന്നു.

നായനാരുടെ സേവന തൽപരതയുമായി ബന്ധപ്പെട്ട ഒരു കാര്യം കൂടി ഇവി ടെ കുറിക്കട്ടെ. വ്യക്തമായ കാലം ഓർമ്മിക്കുന്നില്ല. ഒരു വലിയ കൊടുങ്കാറ്റിനെ ത്തുടർന്നുണ്ടായ കെടുതിയാണു വിഷയം. ലക്ഷദ്വീപ് സമൂഹങ്ങളിൽ ഉഗ്രമായി വീശിയടിച്ച കൊടുങ്കാറ്റ് അവിടത്തെ ജനജീവിതത്തെ അടിപുഴക്കിക്കളഞ്ഞു. തു ടന്ന് എങ്ങും കഷ്ടപ്പാടിന്റെയും പട്ടിണിയുടെയും വിളയാട്ടം. ദ്വീപുകാരുടെ യാത നകളറിഞ്ഞ നായനാർ അലിവിന്റെ പൊന്നളക്കുമായി ദ്വീപിലേക്കു പുറപ്പെട്ടു. യാ ത്രാസൗകര്യം അശേഷമില്ല. ദ്വീപുകാർ ഇടയ്ക്ക് കൊപ്രയുമായി വന്നു തിരിച്ചു പോ കുന്ന നാടൻവഞ്ചിയല്ലാതെ മറ്റാശ്രയമില്ല. പലപ്പോഴും വഞ്ചിയുടെ അമരത്തിരി പ്പ് അനിശ്ചിതത്വമായിരിക്കും. കോഴിക്കോട്ടുനിന്ന് ലക്ഷദ്വീപിലേക്കു പുറപ്പെടുന്ന വഞ്ചി ആഴ്ചകൾക്കോ മാസങ്ങൾക്കോ ശേഷം മംഗലാപുരത്തോ മറ്റെവിടയെങ്കിലു മോ എത്തിച്ചേർന്നെന്നുവരും. ഇതെല്ലാം അറിഞ്ഞു കൊണ്ടു തന്നെ, അദ്ദേഹം പു റപ്പെട്ടു. ദുരിതാശ്വാസപ്രവർത്തനത്തിൽ നിന്നും അദ്ദേഹത്തെ പിൻതിരിപ്പിക്കാൻ പ്രതിബന്ധങ്ങൾക്കൊന്നിനും തന്നെ കഴിഞ്ഞിരുന്നില്ല.

ആ യാത്രയിലുണ്ടായ അനുഭവങ്ങളെക്കുറിച്ചും ദ്വീപിലെ പ്രവർത്തനങ്ങളെപ്പ റ്റിയും അന്നു മാതൃഭൂമി ആഴ്ചപ്പതിപ്പിലദ്ദേഹം എഴുതിയിരുന്നു. എന്നാൽ ആ അനുഭ വങ്ങളിലൊന്ന് പില്ക്കാലത്ത് അദ്ദേഹത്തിന്റെ മുഖത്തുനിന്നുതന്നെ കേൾക്കാനെനി ക്കു കഴിഞ്ഞിട്ടുണ്ട്. ഒരു സുഹൃത്തുമായദ്ദേഹം വർത്തമാനം പറഞ്ഞിരിക്കുകയാണ്. അപ്പോൾ സുഹൃത്തു ചോദിച്ചു:

"ദ്വീപുയാത്ര എങ്ങനെയുണ്ടായിരുന്നു? പലപ്പോഴും ചോദിക്കണമെന്നു വിചാരിച്ചതാണ്."

നായനാർ ചിരിച്ചു. ആർത്തട്ടഹസിക്കുന്ന സ്വഭാവമില്ല. ചുണ്ടല്പമൊന്നു വികസിക്കും; അത്രതന്നെ. പക്ഷേ, ചിരിയുടെ പ്രകാശം കാണാൻ ആ കണ്ണുകളിലേക്കു നോക്കണം. ആ ചിരി പ്രേരണ നല്കിയതു സന്തോഷമാണോ അതോ പരിഹാസമാണോ എന്നറിയാൻ അവിടെ നോക്കിയേ പറ്റൂ. ചിരിക്കു ശേഷം നായനാർ പറഞ്ഞു:

"എല്ലാ യാത്രയും ഒരു പോലെ തന്നെ."

"എന്നാലും കണ്ണെത്താത്ത കടലല്ലേ. പേടിയാവില്ലെ?"

"പേടിയോ? അതെന്തിന്? കരയിലൂടെ സഞ്ചരിക്കുമ്പോൾ പേടിയാവാറുണ്ടോ?"

"എന്നാലും സമ്മതിക്കണം."

"സമ്മതിക്കേണ്ടതു കടലിനെ. അപായം കൂടാതെ നമ്മളെയാക്കെ സഞ്ചരിക്കാനനുവദിക്കുന്നല്ലോ."

സുഹൃത്തു വിടാൻ ഭാവമില്ല. കുത്തിക്കുത്തി ചോദിക്കുന്നു. അങ്ങനെയുണ്ടല്ലോ ചിലർ. യാത്രയുടെ ക്ലേശം. അതു സഹിക്കാനുള്ള മനക്കരുത്ത്. കടൽ യാത്രയിലെ ധീരസാഹസികത. ഇതൊക്കെ നായനാരുടെ മുഖത്തുനിന്നു പറഞ്ഞു കേൾക്കാനുള്ള താൽപര്യമാണ് സുഹൃത്തിന്. നായനാരുണ്ടോ വഴങ്ങുന്നു. തന്നെപ്പറ്റിയോ അന്യരെപ്പറ്റിയോ എന്തെങ്കിലും പറഞ്ഞു രസിച്ചു നശിപ്പിക്കാൻ മാത്രം ഒഴിവു സമയം അദ്ദേഹത്തിനില്ല. സുഹൃത്തു വീണ്ടും ചോദ്യം:

"വഞ്ചിയിൽ ഭക്ഷണത്തിനുള്ള സൗകര്യമുണ്ടോ?"

"ഉണ്ട്." പൊറുതിമുട്ടിയ നായനാർ പറഞ്ഞു: "കടലിൽനിന്നു മീൻ പിടിക്കും. മീനും പരിപ്പും അരിയും ഒരു പാത്രത്തിലിട്ടു വേവിക്കും. ഉപ്പും ചേർക്കും. അല്പം മുളകും."

"ഇതാണോ ഭക്ഷണം?" സുഹൃത്തിനദ്ഭുതം.

"ഇതെങ്ങനെ തിന്നും?"

നായനാർ വീണ്ടും ചിരിച്ചു. ആ കണ്ണുകളിൽ പരിഹാസമുണ്ടായിരുന്നു.

"ഇതുപോലും തിന്നാൻ കിട്ടാത്ത എത്ര മനുഷ്യർ ഈ നാട്ടിലുണ്ട്."

"എന്നാലും നായനാരെ, നിങ്ങളെ സമ്മതിക്കണം."

"വരട്ടെ. അല്പം കൂടി കേട്ടിട്ടു സമ്മതിച്ചാൽ മതി."

ഒരുതരത്തിലും തന്നെ ഒഴിവാക്കില്ലെന്നും ജോലിചെയ്യാൻ അനുവദിക്കില്ലെന്നും മനസ്സിലാക്കിയ നായനാർ ആ സുഹൃത്തിനുവേണ്ടി, അയാളുടെ സംതൃപ്തിക്കുവേണ്ടി ഇത്രയും കൂടി പറഞ്ഞു:

"നമുക്കൊക്കെ പ്രകൃതിയുടെ വിളിയെന്നൊന്നുണ്ടല്ലോ."

"ശരി ശരി, കേൾക്കട്ടെ." സുഹൃത്തിന് ഉന്മേഷം.

“ഈ പ്രകൃതിയുടെ വിളിക്ക് കടലിലെങ്ങനെ മറുപടി കൊടുത്തെന്നറിയണ്ടേ?”

“വേണം, വേണം.”

“എന്നാൽ കേട്ടോളൂ. വഞ്ചിയുടെ കൊമ്പിൽ ഒരു വടി കെട്ടി വെച്ചിട്ടുണ്ടാവും. കൊമ്പിൽ കൈ കോർത്തുപിടിച്ച് വടിയിൽ ചവുട്ടിയിരിക്കുക. കീഴെ ഇളകിമറിയുന്ന കടൽ.” മറുപടി അങ്ങനെയാണ്.

“എന്റമ്മോ!”

വടക്കൻ നമ്പ്യാർ തലയിൽ കൈവെച്ച് ആശ്ചര്യപ്രകടനം നടത്തി.

ഇത്രയും ഈ സംഭാഷണം ഇവിടെ കുറിച്ചതു നായനാരുടെ പ്രവർത്തനശൈലിയെക്കുറിച്ച് ഒരേകദേശചിത്രം കിട്ടാനാണ്. ഭക്ഷണമില്ലാതെ, ഉറക്കമില്ലാതെ, വിശ്രമമെന്തെന്നറിയാതെ എപ്പോഴും തൊഴിലില്ലാത്തവരെക്കുറിച്ച്; പട്ടിണിക്കാരെക്കുറിച്ച്, നിസ്സഹായരായ രോഗികളെക്കുറിച്ച് ചിന്തിച്ചും പ്രവർത്തിച്ചും കഴിഞ്ഞൊരു മനുഷ്യനായിരുന്നു നായനാർ. അദ്ദേഹം നേതൃത്വം നല്കി പരിപോഷിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളിലൊന്നിൽ ഹിമാലയസാനുക്കളിൽ പുല്ലുപറിക്കുന്നവനെപ്പോലെയെങ്കിലും കയറിപ്പറ്റാൻ കഴിഞ്ഞ എന്റെ ജീവിതം എത്ര ധന്യം.

ഗോപാലപുരത്തുള്ള പ്രവർത്തകരും കോളറയ്ക്കെതിരായുള്ള പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ചിരുന്നു. ‘കോളറ’യെന്നു കേട്ടാൽ ഞെട്ടിവിറച്ചിരുന്നവർ ഔഷധപ്പൊതികളുമായി വീടുവീടാന്തരം കയറിയിറങ്ങുന്നു. ആർക്കും ഭയമില്ല, അറപ്പില്ല. വൃത്തികേടിലൂടെ രോഗം പകരുമെന്നറിഞ്ഞുകൂടാത്ത പാവപ്പെട്ടവരുടെ പരിസരങ്ങൾ വെടുപ്പാക്കാൻപോലും അവർ സന്നദ്ധരായിരുന്നു. അവനവനെപ്പറ്റി ധാരാളം ചിന്തിക്കുകയും മറ്റുള്ളവരെ കേവലം അവഗണിക്കുകയും ചെയ്യുന്നവർക്കാണ് പ്രശ്നങ്ങളേറെ. അവർക്കാണ് അറപ്പും ഭയവും കൂടുതൽ. സേവനൗത്സുക്യമുള്ളവരിൽ അറപ്പും വെറുപ്പും ഉണ്ടാവില്ല. മരണഭയം കർത്തവ്യ നിർവ്വഹണത്തിൽനിന്ന് അവരെ പിന്തിരിപ്പിക്കില്ല.

കോളറ മരണം മുഖത്തോടുമുഖം കണ്ടൊരു ദിവസം. ഗോപാലപുരത്തുനിന്ന് ഒരു സന്ദേശവുമായി ഞാൻ കോഴിക്കോട്ടു വരുന്നു. വണ്ടിയിറങ്ങി മാനാഞ്ചിറ മൈതാനം മുറിച്ചു കടന്നു പോലീസ് ആപ്പീസ് വലംവെച്ച് നേരെ കിഴക്കോട്ടു നടക്കുന്നു. എനിക്കെത്തിച്ചേരേണ്ടതു പൂതേരി ബിൽഡിങ്ങിലാണ്. അവിടെയൊരു മുറിയിൽ ശ്രീ ശങ്കുണ്ണി നമ്പ്യാരുണ്ടാവും. അദ്ദേഹം ഹരിജൻ സേവാസംഘത്തിന്റെ സെക്രട്ടറിയാണ്. പ്രശസ്തമായ നിലയിൽ ബിരുദമെടുത്ത് നേരെ ജനസേവനത്തിനിറങ്ങിയ വലിയ മനുഷ്യൻ. കണ്ടാൽ വെളുത്തു മെലിഞ്ഞു ശുഭ്രമായ ഖദർ വസ്ത്രമണിഞ്ഞ് വിനയപൂർവ്വമുള്ള പെരുമാറ്റത്തിലൂടെ മറ്റുള്ളവരെ തന്നിലേക്കാകർഷിച്ചടുപ്പിക്കുന്ന മനുഷ്യൻ. പുതിയറ വാട്ടർ ടാങ്കിന്നടുത്ത് ഒരു കൊച്ചുവീട്ടിൽ താമസിക്കുന്നു.

പൂതേരി ബിൽഡിങ്ങിലാണ് ഹരിജൻ സേവാ സംഘം ആപ്പീസ്. എപ്പോഴും ആപ്പീസിൽ കാണും. ആപ്പീസിലില്ലാത്തപ്പോൾ ഖദറിന്റെ ഒരു ചെറിയ ബാഗും തൂക്കിപ്പിടിച്ച നടക്കുകയാവും. ഹരിജൻ സേവാസംഘത്തിനു പ്രതിമാസം സംഭാവന നല്കുന്നവരുണ്ട്. അതെല്ലാം നടന്നു പിരിപ്പിക്കണം. ആപ്പീസിലെ ക്ലാർക്കും മാനേജരും ശിപായിയുമെല്ലാം ശങ്കുണ്ണിനമ്പ്യാരാണ്. നോക്കണം, ഉന്നതബിരുദമെടുത്ത മനുഷ്യൻ! അനായാസമായി ഗവണ്മെന്റ് ജോലിയിൽ കയറാം. വല്ല ഡെപ്യൂട്ടി കലക്ടറോ അതുപോലുള്ള മറ്റു വല്ല ജോലിയിലോ കയറിപ്പറ്റി സുഖിക്കാം. അതൊക്കെ വേണ്ടെന്നുവെച്ച് ഹരിജനസേവനത്തിന്നിറങ്ങിയ ശങ്കുണ്ണിനമ്പ്യാരെ കാണുന്നതു് അദ്ദേഹത്തിന്റെ സ്നേഹം നിറഞ്ഞ, പ്രകാശം തൂവുന്ന ചിരി കണ്ടുകൊണ്ട് മുന്നിലിരിക്കുന്നതു് വലിയൊരനുഭവമാണ്. പോലീസാപ്പീസ് വലം വെച്ച് ധൃതിയിൽ നടക്കുന്ന ഞാൻ ഒരു സത്യം മനസ്സിലാക്കുന്നത് അപ്പോഴാണ്. കടകളൊന്നും തുറന്നിട്ടില്ല. അത്യാവശ്യം മനുഷ്യർ വലിച്ചോടുന്ന റിക്ഷകൾ ഇടയ്ക്കൊക്കെ പോകാറുള്ള വഴിയാണ്. ഇന്ന് അതും കാണുന്നില്ല. വഴിപോക്കരുമില്ല. എന്തു പറ്റിയെന്നാലോചിച്ച നടന്നു പൂതേരി ബിൽഡിങ്ങിനടുത്തെത്തിയപ്പോൾ സംഗതി പിടികിട്ടി. അവിടെ വരാന്തയിലൊരു മൃതദേഹം. കോളറകൊണ്ടു മരിച്ചതാണ്. മറവുചെയ്യാനാരുമെത്തീട്ടില്ല. ഒരു ചെറിയ ഉൾക്കിടിലമുണ്ടായി. ധൃതിയിൽ കോണിപ്പടവുകൾ കയറി ഹരിജൻ സേവക് സംഘം ആപ്പീസിലെത്തിയപ്പോൾ ശങ്കുണ്ണിനമ്പ്യാരവിടെയുണ്ട്. ഉണ്ടാവുമെന്നു വിചാരിച്ചതല്ല. അദ്ദേഹം ശവസംസ്കാരത്തിന് ഏർപ്പാടുചെയ്യുന്ന ധൃതിയിലായിരുന്നു!...അദ്ദേഹത്തിന്റെ ചിരിക്കു മുന്നിൽ ഹൃദയമൊരു കൂപ്പുകൈയായി മാറുന്നതായി എനിക്കു തോന്നി.

— 32 —

## അനാഥശിശുക്കളുടെ ലോകം

അതൊരു യുദ്ധമായിരുന്നു. പട്ടാളക്കാരില്ലാത്ത, വെടിയുണ്ടകളില്ലാത്ത യുദ്ധം. വഴിനീളെ മരണം ചൊരിഞ്ഞു കൊണ്ടു മുന്നേറിയ യുദ്ധം: 'കോളറ'. കണ്ണീരിന്റെ കഥകളുമായി എന്നും നായനാരുടെ ആപ്പീസിൽ ജനങ്ങളെത്തുന്നു. എങ്ങും അനാഥശിശുക്കൾ. അവർക്കഭയകേന്ദ്രം വേണം; ഭക്ഷണവും വസ്ത്രവും വേണം; തല ചായ്ക്കാനിടം വേണം...മക്കളെപ്പോലെ സ്നേഹിക്കാൻ കഴിവുള്ള ആളുകൾ വേണം. ഇതെല്ലാം കൊടുക്കാൻ കഴിയുന്ന ഒരേയൊരാൾ നായനാരാണെന്നു ജനം വിശ്വസിക്കുന്നു.

ക്ഷമയോടെ അപേക്ഷകളും നിവേദനങ്ങളും കേട്ടു പല ഭാഗങ്ങളിലേക്കും പ്രവർത്തകരെ അയയ്ക്കുന്നു. കൂട്ടത്തിൽ എന്നേയും. എനിക്കു നിർദ്ദേശിച്ചുതന്ന സ്ഥലം 'ഫറൂക്കാ'ണ്. അവിടെ പല സ്ഥലത്തായി അനാഥശിശുക്കളുണ്ട്. അവരെ കണ്ടെത്തണം. സ്ഥലത്തെ നല്ലവരായ ജനങ്ങളുടെ സഹായസഹകരണങ്ങളോടെ കേന്ദ്രം ആരംഭിക്കണം.

ഞാനല്പം പരിഭ്രമത്തോടെയാണു സ്ഥലത്തെത്തിയത്. പരിചയക്കാരെന്നു പറയാൻ ആരുമില്ല. ചില പേരുകൾ ഞാൻ അന്വേഷിച്ചു മനസ്സിലാക്കിയിരുന്നു. സന്മനസ്സുള്ളവരാണ്; സഹായിക്കാൻ മടിക്കാത്തവരാണ്. സേവന പാരമ്പര്യമുള്ളവരാണ്. ആദ്യമായി അവരിൽ ചിലരെ കണ്ടെത്തി. ഡോക്ടർ പി. കെ. രാമൻ! ഡിസ്പെൻസറിയുടെ പടിക്കലെത്തിയപ്പോൾ മനസ്സു പറഞ്ഞു: 'വേണ്ടാ. തിരക്കുള്ള ഡോക്ടറായിരിക്കും. വല്ലതും മുഴവനായി പറയാൻ പോലും സമയം കിട്ടിയെന്നുവരില്ല. കാണാതെ മടങ്ങുന്നതാണു ഭംഗി.'

മനസ്സിന്റെ കല്പന കേട്ടു മടങ്ങിയാൽ ഞാനല്ല, നായനാരുടെ പ്രസ്ഥാനമാണു പരാജയപ്പെടുന്നത്. അതു വയ്യ. രണ്ടും കല്പിച്ച് അകത്തു കയറി. കാല്പെരുമാറ്റം കേട്ടു ഡോക്ടർ മുഖമുയർത്തി ചിരിച്ചു. ആളാരെന്നന്വേഷിച്ചറിയാൻ പോലും സമയമെടുക്കാതെ സ്നേഹനിർഭരമായ ഒരു പുഞ്ചിരിയോടെ എന്നെ സ്വാഗതം ചെയ്തു. എന്നോടിരിക്കാൻ പറഞ്ഞു. ആശ്വാസമായി. ഞാനാരെന്നും എന്തിനാണു

ഡോക്ടറെ കാണാൻ ചെന്നതെന്നും പറഞ്ഞു കേട്ടപ്പോൾ അദ്ദേഹം കൂടുതൽ സന്തുഷ്ടനായി. കമ്പോണ്ടറെ വിളിച്ചു. തടിച്ചു കുറുതായൊരു ചെറുപ്പക്കാരൻ. ഡോക്ടറും കമ്പോണ്ടറും ദേശീയപ്രസ്ഥാനത്തോട് ഒട്ടിച്ചേർന്നു പ്രവർത്തിക്കുന്നവരാണ്. കമ്പോണ്ടറെ കണ്ടപ്പോൾ ഡോക്ടർ പറയുന്നു:

“കുട്ടാ ഇതാരെന്നു മനസ്സിലായോ? ആരെങ്കിലും വരാതിരിക്കില്ലെന്നു ഞാൻ പറഞ്ഞില്ലേ? ഇനി അനാഥമന്ദിരത്തിനൊരു കെട്ടിടം കണ്ടെത്തണം.”

“പൂതേരിക്കാരുടെ ഒരു വീടു സൗജന്യമായി തന്നിരിക്കുന്നു.”

“ഉവ്വോ, നന്നായി.” ഡോക്ടർ ഉത്സാഹഭരിതനായി.

“ഇനി എന്തൊക്കെ ആവശ്യമുണ്ടോ അതൊക്കെ അപ്പപ്പോൾ പറഞ്ഞോളണം. എല്ലാം നമുക്കു ശരിപ്പെടുത്താം. ഒഴിവുസമയം മുഴുവനും ഇനി കുട്ടൻ നിങ്ങളോടൊപ്പമുണ്ടാവും.”

ഒരു വലിയ ഭാരമിറക്കിവെച്ചവനെപ്പോലെ ഞാൻ ആശ്വാസം കൊണ്ടു.

വിശ്രമമില്ലാത്ത പ്രവത്തനമായിരുന്നു പിന്നീട്. എല്ലാറ്റിനും കമ്പോണ്ടർ മുമ്പിലുണ്ട്. അന്നു തന്നെ വേറേയും ചിലരെ കണ്ടു. ചെറിയൊരു കച്ചവടവും കമ്മ്യൂണിസ്റ്റ് പ്രവർത്തനവുമായി കഴിയുന്ന ‘തുമ്പേട്ടൻ’. എല്ലാ സഹായങ്ങളും തുമ്പേട്ടൻ നായനാരുടെ പ്രസ്ഥാനത്തിന് അടിയറ വെക്കുന്നു. പൊതുകാര്യപ്രസക്തനും വ്യവസായിയും കേരളാ ടൈൽവർക്സിന്റെ ഉടമയുമായ ശ്രീ കുട്ടനേയും അന്നുതന്നെ കണ്ടു. നിർലോഭമായ സഹായം നല്കാമെന്ന് ആദ്യവാക്കിൽത്തന്നെ അദ്ദേഹം സമ്മതിക്കുന്നു. എന്തൊരു പ്രോത്സാഹനം! മറുത്തൊരു വാക്കാരും പറഞ്ഞില്ല. മുഷിപ്പു തോന്നിക്കുന്ന പെരുമാറ്റം എവിടെയും ഉണ്ടായില്ല.

കമ്പോണ്ടറും ഞാനും പിന്നീട് അനാഥശിശുക്കളേയും അന്വേഷിച്ചിറങ്ങി. പറഞ്ഞു കേട്ടതിലേറെ ദയനീയമായിരുന്നു ഞങ്ങൾക്കനുഭവപ്പെട്ട കാര്യങ്ങൾ.

ഫറൂക്ക് റെയിൽവേ സ്റ്റേഷനിൽനിന്നു തീവണ്ടിപ്പാളത്തിലൂടെ തെല്ലിട തെക്കോട്ടു നടന്ന്, ഔട്ടർ സിഗ്നലിനടുത്തു ചെന്നു പാടത്തിറങ്ങുക. പിന്നീടു പടിഞ്ഞാട്ടു കുറേ പോയാൽ മന്ദിരത്തിനുവേണ്ടി അനുവദിച്ചുകിട്ടിയ വീട്ടിലെത്തും. വിശാലമായ പുരയിടമാണ്. ധാരാളം തെങ്ങുണ്ട്. ഉണങ്ങിയ മടലും മട്ടലും യഥേഷ്ടം വീണുകിടക്കുകയാണ്. വിറകിനൊട്ടും ക്ഷാമമില്ല. വീടും മോശമല്ല. അവിടെ ആദ്യം ഇരുപത്തി അഞ്ചു കുട്ടികളെ വെച്ചുകൊണ്ടു പ്രവർത്തനമാരംഭിച്ചു. ഭക്ഷണം പാകം ചെയ്യാനും വെള്ളം നിറയ്ക്കാനും മറ്റുമുള്ള പാത്രങ്ങൾ മിക്കവാറും ഉദാരമനസ്കരായ ജനങ്ങളിൽനിന്നു സംഭാവനയായി കിട്ടി. അരിവെപ്പിനും വീടും പരിസരവും വൃത്തിയാക്കാനുമൊക്കെ അതതിനു പറ്റിയ ആളുകളെ നിയമിച്ചു. കുട്ടികളിൽ പലർക്കും പലവിധ രോഗങ്ങളുമുണ്ടായിരുന്നു. മിക്കവരും ക്ഷീണിതരായിരുന്നു. രോഗികളുടെയും ക്ഷീണിതരുടെയും കാര്യത്തിൽ ഉൽക്കണ്ഠപ്പെടേണ്ടിവന്നില്ല. അവരുടെ ശുശ്രൂഷയും ചികിത്സയും ഡോക്ടർ പി. കെ. രാമനും അദ്ദേഹത്തിന്റെ കമ്പോണ്ടറും ഏറ്റെടുത്തു. കൃത്യമായ വൈദ്യ പരിശോധന, വേണ്ടത്ര ഔഷധങ്ങൾ. ഒന്നിനും ക്ഷാമമില്ല.

കുട്ടികളെ വളർത്തുന്ന കാര്യത്തിൽ എന്തു വേണമെങ്കിലും ചെലവാക്കാം, ഒട്ടും പിശുക്കരുതെന്നാണ് നായനാരുടെ നിർദ്ദേശം.

എന്നും വൈകീട്ട് അന്വേഷണമാണ്. ചളിപ്പാടങ്ങളിലെ കൂരകളിലും റയിലോരത്തെ കുടിലുകളിലും ഞങ്ങളന്വേഷിച്ചു ചെല്ലും. കമ്പോണ്ടർക്ക് എല്ലാ സ്ഥലങ്ങളുമറിയാം. വഴിയന്വേഷിച്ചു വിഷമിക്കേണ്ട കാര്യമില്ല. അങ്ങനെ നടക്കുന്നതിനിയിൽ യാദൃച്ഛികമായി ഞങ്ങളെ അമ്പരപ്പിച്ചുകളഞ്ഞ ഒരു സംഭവമുണ്ടായി. ഫറൂക്ക ടൗണിൽത്തന്നെ.

ഞാനും കമ്പോണ്ടറും കൂടി നടക്കുമ്പോൾ ഒരു പീടികയുടെ ചരിവിൽ, ഭിത്തിയും ചാരി രണ്ടു കുഞ്ഞുങ്ങളിരിക്കുന്നു. ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും. ഞങ്ങൾ അടുത്തു ചെന്നു അവരെ സൂക്ഷിച്ചുനോക്കി. അവർക്കൊരു വികാരവുമില്ല. അല്പനേരമങ്ങനെ സൂക്ഷിച്ചുനോക്കിയ ശേഷം ആൺകുട്ടിയോടു ഞാൻ ചോദിച്ചു:

"എന്താ നിന്റെ പേര്?"

"ബീരാൻ." ഒട്ടും സങ്കോചമില്ലാത്ത മറുപടി.

"ഇവളാരാ?" പെൺകുട്ടിയെച്ചൂണ്ടി ഞാൻ ചോദിച്ചു. മണ്ണും പൊടിയും നിറഞ്ഞ കുപ്പായത്തിനടിയിൽ കൈതിരുകി അവൾ ചൊറിയുകയാണ്. കേട്ട ഭാവമില്ല. പക്ഷേ, ബീരാൻ ഉത്തരം പറയുന്നു:

"അനിയത്തി."

"പേര്"

"ബീവാത്തു."

ബീരാൻ പറയുന്നതൊന്നും അവൾ ശ്രദ്ധിക്കുന്നില്ല. കഴുത്തിലും മാറിലും തലയിലും നിർത്താതെ ചൊറിയുകയാണവൾ.

"വീടെവിടെയാ?" എന്റെ അടുത്ത ചോദ്യം.

"വീടില്ലാ." ബീരാന്റെ മറുപടി.

"അപ്പോൾ, താമസം?"

"ഇബിടെ."

ഇരിക്കുന്ന നിലം തൊട്ടുകാണിച്ചു ബീരാൻ പറയുന്നു. ഞാനറിയാതെ ഞെട്ടി. മഴയിൽനിന്നോ വെയിലിൽനിന്നോ രക്ഷനേടാൻ പറ്റിയ സ്ഥലമല്ലത്. അവിടം രണ്ടു കൊച്ചുകുട്ടികൾ വീടാക്കിയിരിക്കുന്നു. ആ സ്ഥലത്തിന്റെ കിടപ്പും കുട്ടികളുടെ ഇരിപ്പും അല്പനേരം നിശ്ശബ്ദനായി നോക്കിനിന്നു ഞാൻ അടുത്ത ചോദ്യത്തിലേക്കു കടന്നു:

"ഉമ്മയും ബാപ്പയുമെവിടെ?"

"ഉമ്മാനെ ഉപ്പ കൊന്നു. ഉപ്പാനെ പോലീസ് ത്തുക്കി."

ബീരാന്റെ മറുപടി. വികാരലേശമില്ലാത്ത മറുപടി. അതു പരമാവധിയായിരുന്നു. ഞാനും കമ്പോണ്ടറും പരസ്പരം നോക്കി. അടുത്ത നടപടി എന്താവണ

മെന്ന് ഞങ്ങളാലോചിക്കുകയായിരുന്നു. എന്റെ കാര്യത്തിൽ സംശയത്തിനിടമില്ല. മനുഷ്യസ്നേഹപരമാണ് നായനാരുടെ പ്രവർത്തനം. അവിടെ നിയമത്തിന്റെ നൂലാമാലയിൽ കുടുങ്ങി ഒന്നും തടസ്സപ്പെടാൻ പാടില്ല. ‘ബോണഫൈഡ് ഓർഫ’നെന്നു താസിൽദാരുടെ സർട്ടിഫിക്കറ്റില്ലെങ്കിൽ കുട്ടികൾക്കു അലവൻസ് കിട്ടില്ല. അതുകൊണ്ട് അങ്ങനെയുള്ള കുട്ടികളെ മാത്രമേ, ഓർഫനേജിൽ ചേർക്കാൻ പാടുള്ളൂ എന്നാണ് അധികൃതരുടെ നിർദ്ദേശം. പക്ഷേ, അച്ഛനമമ്മയും ജീവിച്ചിരിക്കുമ്പോൾ പട്ടിണികിടക്കാൻ വിധിക്കപ്പെട്ട എത്രയോ കുട്ടികളുണ്ടായിരുന്നു. നല്ല ഭക്ഷണവും വസ്ത്രവും തേടി അതുപോലുള്ള കുട്ടികളേയും കൊണ്ടു രക്ഷാകർത്താക്കൾതന്നെ പലപ്പോഴും അദ്ദേഹത്തെ സമീപിക്കാറുണ്ട്. അങ്ങനെയുള്ളവർക്കാർക്കും തന്നെ നിരാശരായി തിരിച്ചു പോകണ്ടിവന്നിട്ടില്ല. “ആർക്കാണു വിശപ്പ്, അവർക്കാണു ഭക്ഷണം കൊടുക്കേണ്ടത്. ആർക്കാണു രോഗം അവർക്കാണു ചികിത്സ. നമ്മുടെ പ്രസ്ഥാനം നിയമം നടപ്പാക്കാനല്ല, അനാഥരെ സംരക്ഷിക്കാനാണ്.” നായനാരുടെ ഈ നിർദ്ദേശമുള്ളപ്പോൾ ഞാനെന്തിനു ശങ്കിച്ചുനില്ക്കണം? കമ്പോണ്ടറോടു ഞാൻ പറഞ്ഞു:

“നമുക്കിവരെ കൊണ്ടുപോകാം; വളർത്താം.”

കമ്പോണ്ടർക്ക് സമ്മതം. പക്ഷേ, കുട്ടികൾ വന്നില്ലെങ്കിലോ എന്നു കമ്പോണ്ടർ സംശയിക്കുന്നു. യാതൊരു നിയന്ത്രണവുമില്ലാതെ തെരുവിൽ കഴിയുന്നവർ നമ്മുടെ വരുതിയിൽ നില്ക്കാനിഷ്ടപ്പെടുമോ? കമ്പോണ്ടറുടെ ആശങ്ക അടിസ്ഥാനരഹിതമല്ല. എങ്കിലും ചോദിച്ചു നോക്കാമെന്നു ഞാൻ തീരുമാനിച്ചു.

“ബീരാൻ, എന്റെ കൂടെ വരാമോ? ബീവാത്തുവിനെയും വിളിക്ക്. നിങ്ങൾക്കു നല്ല വീടു തരാം. ഭക്ഷണം തരാം. പുതിയ വസ്ത്രങ്ങൾ തരാം. നിങ്ങളെ ആരും ദ്രോഹിക്കില്ല. എന്താ സമ്മതമാണോ? ഏ.”

ആങ്ങളയും പെങ്ങളും പരസ്പരം നോക്കുന്നു. പിന്നെ ഞങ്ങളെ നോക്കുന്നു. വീണ്ടും പരസ്പരം നോക്കുന്നു. അവരൊരു തീരുമാനമെടുക്കാൻ വിഷമിക്കുകയാണ്.

നിമിഷങ്ങൾ വളരെ പതുക്കെയാണു നീങ്ങുന്നത്. ബീരാന്റെ മുഖത്തു ഗൗരവം, കണ്ണുകളിൽ തിളക്കം. അവൻ എഴുന്നേറ്റു. അനിയത്തിയുടെ കൈക്കു പിടിച്ചു കല്പിച്ചു:

“ബാടീ.”

ഇപ്പോൾ ബീരാനും ബീവാത്തുവും മന്ദിരത്തിലെ അന്തേവാസികളാണ്. ബീവാത്തുവിന്റെ തല മുഴുവനും ചൊറിപിടിച്ച് പഴുത്തിരുന്നു. തലമുടി ജടപിടിച്ചിരുന്നു. ശരീരം മുഴുക്കെ അഴുക്കായിരുന്നു. അന്നു വൈകീട്ട് കമ്പോണ്ടർ ഏതാനും ഔഷധങ്ങളും ഒരു കത്രികയുമായി വന്നു. ബീവാത്തുവിന്റെ തലമുടി പറ്റെ വെട്ടി. മരുന്നു പുരട്ടി. ഞങ്ങൾ രണ്ടുപേരും കൂടി അവളെ കുളിപ്പിച്ചു. അവൾക്കുവേണ്ടി തയ്ച്ചുകൊണ്ടുവന്ന പൂക്കളുള്ള പാവാടയും ജമ്പറും ധരിപ്പിച്ചു. പാവം. എന്തൊരോമനത്തമുള്ള

കുട്ടി. ഇതെഴുതുമ്പോൾ എന്റെ മനസ്സ് അവരെ അന്വേഷിക്കുകയാണ്. അവരിന്നു ണ്ടോ? ഉണ്ടെങ്കിൽ എവിടെ എങ്ങനെ ജീവിക്കുന്നു? യാദൃച്ഛികമായി നിരത്തോര ത്തുവെച്ച് കണ്ടുമുട്ടിയ എന്നെ അവരിന്നോർക്കുന്നുണ്ടാവുമോ?

ഒരു മാസം ഞാൻ അവരോടൊപ്പം അവിടെ അനാഥമന്ദിരത്തിൽ കഴിഞ്ഞു. അപ്പോൾ നായനാരുടെ നിർദ്ദേശം വരുന്നു. മന്ദിരത്തിന്റെ നടത്തിപ്പിനുവേണ്ടി പുതിയൊരു വാർഡനെ നിയമിച്ചിരിക്കുന്നു. ഞാൻ താമസിയാതെ കോഴിക്കോ ട്ടുള്ള ആപ്പീസിലെത്തണം. കുട്ടികളെ പിരിഞ്ഞു പോകാൻ എനിക്കു വിഷമമുണ്ടാ യിരുന്നു. പല ജാതിയിൽനിന്ന്, മതത്തിൽനിന്ന്, ചുറ്റുപാടിൽനിന്ന്, പാരമ്പര്യ ത്തിൽ നിന്ന് വന്ന കുട്ടികൾ. കളങ്കമേശാത്ത മനസ്സിന്റെ ഉടമകൾ. സ്നേഹിക്കാ നല്ലാതെ മറ്റൊന്നും അറിയാത്തവർ. അന്യചിന്തകളില്ലാത്തവർ. സ്വാർത്ഥക്കറ പുരളാത്തവർ. എവിടെയായാലും അവർ എന്റെ കുട്ടികളായിരിക്കുമെന്ന വിചാര ത്തോടെയാണ് ഞാനവരോടു വിട ചോദിച്ചത്. ഡോക്ടർ പി. കെ. രാമന്റെയും കു ട്ടൻ കമ്പോണ്ടറുടെയും തുമ്പേട്ടന്റെയും സംരക്ഷണത്തിലാണ് ഞാനവരെ വിട്ടേച്ചു പോരുന്നതെന്ന വിചാരം എനിക്കു പരമമായ ആശ്വാസം നൽകിയിരുന്നു. ആപ്പീ സിൽ എത്തിയപ്പോഴാണു സംഗതിയുടെ കിടപ്പു ഞാൻ മനസ്സിലാക്കുന്നത്. അതു വരെ ആപ്പീസ് അസിസ്റ്റന്റായി പ്രവർത്തിച്ചിരുന്ന കുഞ്ഞിരാമൻ മാസ്റ്റർ അസു ഖം ബാധിച്ച് അവധിയിൽ പോയിരിക്കുന്നു. ആ കസേരയിൽ ഞാനിരിക്കണം. നായനാരുടെ നിർദ്ദേശമാണ്. ഇഷ്ടമായാലും അനിഷ്ടമായാലും അതു സ്വീകരിച്ചേ പറ്റൂ. അങ്ങനെ ഞാനാ കസേരയിൽ കയറിയിരുന്നു. ആ മുഹൂർത്തം അദ്ധ്യാപക ജീവിതത്തോട് എന്നെന്നേക്കുമായി വിട പറയാനുള്ള കളമൊരുക്കുകയാണെന്ന് അപ്പോൾ എനിക്കറിഞ്ഞുകൂടായിരുന്നു.

പുതിയ ജോലി ഏറെക്കുറെ കണക്കെഴുത്താണ്, ഓർഫനേജുകളിൽനിന്നു മാസാരംഭത്തിൽ ചെലവുകളുടെ വൗച്ചറും സ്റ്റേറ്റ്മെന്റുമായി വാർഡന്മാർ വരും. അതൊക്കെ ഒത്തുനോക്കുക. കണക്കുപുസ്തകത്തിൽ ചേർക്കുക. പിശകുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിക്കുക. കണക്കിൽ കാണിച്ച സംഖ്യ കൊടുക്കാൻ വിരോധ മില്ലെന്നു കുറിപ്പെഴുതുക. ഇൻസ്പെക്ടറുടെ മേശപ്പുറത്തെത്തിക്കുക. ഇൻസ്പെക്ടർ അതു പരിശോധിച്ച് നായനാർക്കെത്തിക്കും . പിന്നെ, ഓർഫനേജുകളിൽ നി ന്നു രോഗബാധിതരായി ആശുപത്രിയിലെത്തുന്ന കുട്ടികളെ രണ്ടുനേരവും സന്ദർശിച്ച് അവരുടെ സുഖവിവരമന്വേഷിക്കുക. നായനാരുമായി ബന്ധപ്പെട്ട ഒട്ടേറെ സ്ഥാപ നങ്ങളിൽ നിന്നെത്തിച്ചേരുന്നവരെ യഥായോഗ്യം സ്വീകരിക്കുക. അവരുടെ ആവ ശ്യങ്ങൾ അന്വേഷിച്ചറിയുക. അതു നായനാരുടെ ശ്രദ്ധയിൽപ്പെടുത്തുക. അതും എന്റെ ചുമതലയിലായിരുന്നു. അങ്ങനെ തിക്കോടിയിൽ ജനിച്ചുവളർന്ന ഞാൻ തികച്ചുമൊരു കോഴിക്കോട്ടുകാരനായിത്തീരാനുള്ള വിധിയുടെ നിർദ്ദേശത്തിന്റെ ആദ്യപടവിൽ ഇപ്പോൾ കയറിനില്ക്കുകയാണ്.

— 33 —

# ആതുരാലയങ്ങളിലൂടെ

കോഴിക്കോട്ടുനഗരത്തിൽ ഹജ്ജൂർറോഡും കോർട്ട് റോഡും സന്ധിക്കുന്ന സ്ഥലം. പണ്ട് മങ്ങാട്ടച്ചൻ ജീവത്യാഗത്തിലൂടെ മഹാലക്ഷ്മിയുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയത് അവിടെയാണെന്ന് ഐതിഹ്യം. എന്നും എപ്പോഴും അവിടെ ലക്ഷ്മീവിളയാട്ടമുണ്ടെന്നും ജനം കരുതിപ്പോന്നു.

പ്രസിദ്ധമായ ഡട്ട് ആന്റ് കമ്പനി ഒരുകാലത്തവിടെയായിരുന്നു. ഈ കാലമാവുമ്പോഴേക്ക് കമ്പനിയുടെ സ്ഥാനത്ത് ഒരു വസ്ത്രവ്യാപാരകേന്ദ്രമാണ്. അതിന്റെ മുകൾത്തട്ടിലായിരുന്നു ഭാരത സേവാസംഘത്തിന്റെ ആപ്പീസ്, ആപ്പീസിൽ മൂന്നുപേർ: ശ്രീ നായനാരും എൻ. പി. ദാമോദരനും ഞാനും. നായനാർ താമസം താനൂരാണ്. ഏറെ തിരക്കുള്ള അദ്ദേഹം ആപ്പീസ് കാര്യങ്ങളിൽ ഇടപഴകാൻ സമയം കണ്ടെത്തിയത് വളരെ ക്ലേശിച്ചായിരുന്നു. പല സ്ഥലങ്ങളിലായി ഓടിനടക്കുന്നതിനിടയിൽ ആപ്പീസിൽ കയറിവരും. വന്നാൽ തുടർച്ചയായി മൂന്നോ നാലോ ദിവസം ജോലിയിൽ മുഴുകിയിരിക്കും. അപ്പോൾ ഉണ്ണാനും കാപ്പി കഴിക്കാനുമൊക്കെ മറന്നെന്നുവരും. രാത്രി വൈകുവോളം ജോലിചെയ്തു തളരുമ്പോൾ മേശപ്പുറത്തു കയറിക്കിടന്ന് ഒന്നു മയങ്ങും. അത്രതന്നെ. സുഖവിശ്രമത്തിനുള്ള സംവിധാനങ്ങളൊന്നുമില്ല. അതിലൊട്ടു ശ്രദ്ധയുമില്ല. എൻ. പി. ദാമോദരൻ ഓർഫനേജുകളുടെ ഇൻസ്പെക്ടറാണ്. അതുകൊണ്ട് എന്നും സർക്കീട്ടിലായിരിക്കും. പിന്നെയുള്ളത് ഞാനാണല്ലോ. നൈറ്റ് വാച്ച്മാനായും ആപ്പീസ് മാനേജരായും ക്ലാർക്കായും പ്യൂണായും മാറിമാറി വേഷമിടേണ്ട ചുമതലയായിരുന്നു എനിക്ക്.

നായനാർ ആപ്പീസിലുള്ള സമയത്തൊക്കെ വലിയ തിരക്കായിരിക്കും. രാഷ്ട്രീയപ്രവർത്തകരും സാഹിത്യകാരന്മാരും സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരും പത്രപ്രവത്തകരും അവശരും ആലംബഹീനരും തൊഴിലില്ലാത്തവരുമായി പല തരക്കാർ ഇടതടവില്ലാതെ വന്നുകൊണ്ടിരിക്കും. എല്ലാവരോടും ഒരേനിലയിലുള്ള പെരുമാറ്റം. ആവശ്യക്കാരാരായാലും വൃഥാ വാചകമടിച്ച് ദ്രോഹിക്കില്ല. ചുരുങ്ങിയ വാക്കുകളിലൂടെ കാര്യം മനസ്സിലാക്കും. തൊഴിലില്ലാ

ത്തവരാണെങ്കിൽ എവിടെയെങ്കിലും ഒഴിവുണ്ടന്നവർ പറയുന്നപക്ഷം, ഉടനെ ടൈപ്പ്റൈറ്റർ വലിച്ചടുപ്പിച്ച് സ്ഥാപനത്തിന്റെ മേധാവിക്കൊരു കത്ത് ടൈപ്പുചെയ്തു കൊടുക്കും. മേധാവി പരിചിതനോ അപരിചിതനോ എന്ന നോട്ടമില്ല.

ഒരു ചെറിയ സംഭവം. എന്റെ നാട്ടിൻപുറത്തു നിന്നും പാവപ്പെട്ട ഒരു രോഗി സഹായം തേടി എത്തുന്നു. എനിക്കെന്തു ചെയ്യാൻ കഴിയും? ഞാൻ നായനാരെ സമീപിച്ച് വിവരം ധരിപ്പിക്കുന്നു. ഉടനെ രോഗിയുടെ പേരുവിവരം ചോദിച്ചറിയുന്നു. ജില്ലാ മെഡിക്കൽ ആപ്പീസർക്ക് ഒരു കത്ത് ടൈപ്പുചെയ്തു തരുന്നു. കത്തിന്റെ ചുരുക്കമിതാണ്: രോഗി നിരാധാരനാണ്. രോഗം അർബുദമാണ്. മദിരാശി അയച്ച് വിദഗ്ധചികിത്സയ്ക്കുള്ള സൗകര്യമുണ്ടാക്കണം. കത്തുംകൊണ്ടു രോഗിയോടൊപ്പം ഞാനും ആസ്പത്രിയിലേക്കു ചെന്നു. മെഡിക്കൽ ആപ്പീസർ ഓപ്പറേഷൻ തിയേറ്ററിലുണ്ട്. ഞങ്ങൾ കാത്തിരുന്നു. ഉച്ചതിരിഞ്ഞാണ് ഡോക്ടർ വന്നുചേരുന്നത്. വന്ന ഉടനെ മേശപ്പുറത്തുള്ള കത്തുകളും അപേക്ഷകളും ഒന്നൊന്നായി പരിശോധിച്ച് പേരുകൾ വിളിക്കുന്നു. അങ്ങനെ ഞങ്ങളുടെ ഊഴമെത്തുന്നു. പേരു വിളിച്ചപ്പോൾ ഞാനാണ് കടന്നുചെന്നത്. അദ്ദേഹം അല്പം ക്ഷോഭിച്ചതുപോലെ തോന്നി.

“ആരാണീ നായനാർ? ഡോക്ടറാണോ? രോഗിയെ പരിശോധിച്ച് രോഗനിർണ്ണയം ചെയ്യേണ്ടതു് ഞാനല്ലേ? ഈ നായനാർക്കിതിലെന്തു കാര്യം?”

കാര്യം പിശകാണെന്നു മനസ്സിലാക്കി ഞാൻ വളരെ താഴ്മയോടെ പറഞ്ഞു:

“സാർ, നായനാർ ഞങ്ങളുടെ രക്ഷിതാവാണ്. അതുകൊണ്ടു അദ്ദേഹത്തെ കണ്ടു കത്തു വാങ്ങിയതാണ്.”

എന്റെ പാരവശ്യം കണ്ടതുകൊണ്ടാവണം ഡോക്ടർ അല്പം തണുത്തു.

“ആരായാലെന്താ? ഈ രോഗിയെ ഇവിടെ കിടത്തി ചികിത്സിക്കാം. മദിരാശിയിലേക്ക് അയയ്ക്കേണ്ട കാര്യം തീരുമാനിക്കേണ്ടതു ഞാനാണ്, നായനാരല്ല. ഇവിടെ കിടത്തി ചികിത്സിക്കുന്നതു സമ്മതമാണോ?”

“ആണേ.” ഞാൻ കരയുംപോലെ പറഞ്ഞു.

അങ്ങനെ രോഗിയെ അഡ്മിറ്റ് ചെയ്തു. ഒരു ശസ്ത്രക്രിയയ്ക്കു ശേഷം സുഖം പ്രാപിച്ചു. അയാൾ വീട്ടിലേക്കു തിരിച്ചു. പക്ഷേ, ഈ സംഭവത്തെത്തുടർന്ന്, മെഡിക്കൽ ആപ്പീസർ നായനാരുടെ സുഹൃത്തും ആരാധകനുമായിത്തീരുന്നു. നായനാർ, ആരെന്നും അദ്ദേഹത്തിന്റെ ജീവിതലക്ഷ്യമെന്തെന്നും പിന്നീടാണ് ഡോക്ടർ മനസ്സിലാക്കുന്നത്. ഇതുപോലെ വിചിത്രമായ പല സംഭവങ്ങളും അന്നെനിക്കനുഭവപ്പെട്ടിട്ടുണ്ട്. അതൊക്കെ വിസ്തരിക്കാനിവിടെ ഇടമില്ലല്ലോ.

അന്നു മലബാർ കലക്ടർ മി. ബുഷയർ എന്ന സായ്പായിരുന്നു. അന്നത്തെ സായ്പന്മാർ നാട്ടുകാരെ ശത്രുക്കളായി കരുതിപ്പോന്നു. ബംഗ്ലാവും ഹജ്ജൂരാപ്പീസ്സുമല്ലാതെ മറ്റൊരു ലോകം അവർക്കു പരിചിതമായിരുന്നില്ല. മാറിമാറി വരുന്ന കലക്ടർമാർക്കൊക്കെ നായനാർ പരിചിതനായിരുന്നു. ഡിസ്ട്രസ് റിലീഫ് കമ്മറ്റിയുടെ

ചെയർമാൻ എപ്പോഴും കലക്ടറായിരിക്കും. സെക്രട്ടറി നായനാരും. അതുകൊണ്ടു ള്ള പരിചയം.

ഒരുദിവസം വൈകീട്ട് ആപ്പീസിന്റെ മരക്കോണി ചവുട്ടിത്തകർത്തു കൊണ്ട് കലക്ടർ കയറിവരുന്നു. സായ്പിനെക്കണ്ടു ഞാനാകെ അമ്പരന്നു. എന്റെ മുമ്പിൽ സായ്പ്; സായ്പിന്റെ മുമ്പിൽ ഞാൻ. മറ്റാരുമില്ല. സായ്പ് ദ്രുതഗതിയിൽ ഇംഗ്ലീഷ് പദങ്ങൾ ചവച്ചു തുപ്പുന്നു. എന്താണു പറയുന്നതെന്ന് ഒരു പിടിയുമില്ല. പകരം പറ യാൻ എന്റെ ഈടുവെപ്പിലുള്ള ഇംഗ്ലീഷ് പദങ്ങൾ വളരെ പരിമിതം. അതാവട്ടെ ഞാനുച്ചരിച്ചുകേട്ടാൽ തന്റെ മാതൃഭാഷയാണെന്നു സായ്പിനൊട്ടു മനസ്സിലാവുകയുമി ല്ല. പിന്നെ ആശയവിനിമയത്തിനു എന്റെ സ്വാധീനത്തിലുള്ളത് കഥകളിപ്രയോ ഗമാണ്, ഞാനതു പ്രയോഗിക്കാൻ തുടങ്ങിയപ്പോൾ സായ്പിന് എന്നെ അനുകരി ക്കണമെന്നു തോന്നി. അങ്ങനെ ഞങ്ങൾ കഥകളിയിലൂടെ അല്പസമയം ആശയ വിനിമയം നടത്തി. ഒരു കാര്യം എനിക്കു വ്യക്തമായി, സായ്പ് നായനാരെ തേ ടി വന്നതാണ്. പക്ഷേ, എന്റെ മറുപടി അശേഷവും സായ്പിനു പിടികിട്ടിയില്ലെന്ന് അദ്ദേഹത്തിന്റെ ധൃതിയിലുള്ള രക്ഷപ്പെടൽ കണ്ടപ്പോഴെനിക്കു തോന്നി.

പിന്നീടാണറിയുന്നത് സായ്പൊരു മധ്യസ്ഥനായിട്ടു വന്നതാണെന്ന്. അനാ ഥശാലകളിൽ, വളർത്തുന്ന മുസ്ലിം കുട്ടികളെ തങ്ങൾക്ക് വിട്ടുകിട്ടണമെന്ന ആവ ശ്യവുമായി ഒരു മുസ്ലിം സംഘടന നായനാരെ സമീപിച്ചു. അവരുടെ ആവശ്യത്തി നു വഴങ്ങാൻ നായനാർ ഒരുക്കമായിരുന്നില്ല. മുസ്ലിം കുട്ടികളെ വളർത്തുന്ന അനാ ഥശാലകളിൽ വാർഡനായിട്ടും അരിവെപ്പുകാരായിട്ടുമൊക്കെ മുസ്ലിങ്ങളെത്തന്നെ യാണ് നിയമിച്ചിരുന്നത്. മാത്രമല്ല, മതപഠനത്തിനുള്ള സൗകര്യവും ചെയ്തിരുന്നു. ഇത്രയെല്ലാം ചെയ്തിട്ടും മുസ്ലിം കുട്ടികളെ ഹിന്ദുക്കൾ വളർത്താൻ പാടില്ലെന്നൊരാവ ശ്യം മുമ്പോട്ടുവെച്ചത് നായനാരെ കലശലായി വേദനിപ്പിച്ചു. അതുകൊണ്ടു മാത്രം ഇക്കാര്യത്തിൽ അദ്ദേഹം ശാഠ്യം പിടിച്ചു. വഴക്കിലോ സംഘട്ടനങ്ങളിലോ താൽ പര്യമുള്ള വ്യക്തിയായിരുന്നില്ല അദ്ദേഹം. വിട്ടുകിട്ടണമെന്നും വിട്ടുതരില്ലെന്നുമുള്ള വാദം ക്രമേണ ഒരു വഴക്കിലെത്തിച്ചേരുമെന്ന ധാരണകൊണ്ടാവണം മി. ബുഷ യർ മാധ്യസ്ഥ്യത്തിനൊരുങ്ങിയത്. വിശദാംശത്തിലേക്കു കടക്കുന്നില്ല. ഒടുവിൽ മുസ്ലിം കുട്ടികളെ വിട്ടുകൊടുക്കാമെന്നു നായനാർ മനമില്ലാമനസ്സോടെ സമ്മതിക്കു കയാണു ചെയ്തത്.

കോളറയുടെ കഴുകൻകൊക്കിൽനിന്നു രക്ഷപ്പെട്ട പാവങ്ങളെ പട്ടിണിയും ക്ഷാമവും ഒത്തൊരുമിച്ചാക്രമിക്കാൻ തുടങ്ങി. ആഹാര വസ്തുക്കൾ എവിടെയും കി ട്ടാനില്ല. അരി അല്പവും, അരിയോടൊപ്പം, ആഹരിക്കാൻ പറ്റാത്ത വസ്തുക്കളേറെ യും റേഷനായി കിട്ടുന്നു. നിരന്തരമായ പട്ടിണി പലരേയും രോഗഗ്രസ്തരാക്കുന്നു. അഭിശപ്തമായ ഈ കാലഘട്ടത്തെ നേരിടാൻ നായനാർ പുതിയൊരു പ്രസ്ഥാനം ആരംഭിക്കുന്നു. ഉൾനാടൻ ഗ്രാമങ്ങളിൽ അത്യാവശ്യമെന്നു ബോധ്യപ്പെട്ട സ്ഥല ങ്ങളിൽ 'സേർവിന്ത്യാ' ഡിസ്പെൻസറികൾ സ്ഥാപിച്ചു. ഡിസ്പെൻസറികളിൽ ബി രുദധാരികളായ ആയുർവ്വേദ ഡോക്ടർമാരെ നിയമിച്ചു. വൈദ്യപരിശോധനയും

ഔഷധവും സൗജന്യം. പത്തോളം കേന്ദ്രങ്ങളിലങ്ങനെ സൗജന്യവൈദ്യസഹായത്തിന്നു സൗകര്യമുണ്ടാക്കി. അതിലൊരു സ്ഥാപനം മുക്കത്താണു നടത്തിയിരുന്നത്. അവിടെ ഡോക്ടറായി സേവനമനുഷ്ഠിച്ച കൃഷ്ണൻകുട്ടി വൈദ്യർ കോഴിക്കോട്ടുണ്ട്. ബാങ്ക് റോഡിൽ കെ. എം. ഫാർമസി എന്ന സ്ഥാപനത്തിൽ അദ്ദേഹം ഇപ്പോഴും ജോലിചെയ്യുന്നു. 'സാഹിത്യവൈദ്യൻ' എന്നു കൂടി അദ്ദേഹത്തിനൊരു പേരുണ്ട്. പില്ക്കാലത്ത് അദ്ദേഹത്തിന്റെ ഫാർമസിയിൽ ഒ. വി. വിജയൻ, ഉറൂബ്, പൊറ്റെക്കാട്ട്, അക്കിത്തം തുടങ്ങിയവർ നിത്യസന്ദർശകരായിരുന്നു. എന്നും വൈകീട്ട് ഫാർമസി സാഹിത്യ ചർച്ചയ്ക്കുള്ള വേദിയായി മാറും.

'സേർവിന്ത്യാ ഡിസ്പെൻസറി' സ്ഥാപിക്കാനുള്ള ശ്രമത്തിനു തൊട്ടുമുമ്പേ, ഒരു മെഡിക്കൽ സർവെ നടത്തിയിട്ടുണ്ടായിരുന്നു. ഡോക്ടർ കോട്ട്നിസ്സിനോടൊപ്പം ചൈനയിലേക്കു പോയ മെഡിക്കൽ മിഷ്യനിലെ ഒരംഗത്തിന്റെ മേൽനോട്ടത്തിലായിരുന്നു സർവ്വേ നടത്തിയത്. അദ്ദേഹത്തിന്റെ പേര് ഞാനോർക്കുന്നില്ല. മെഡിക്കൽ സർവ്വേക്കു നേതൃത്വം കൊടുക്കാൻ കൽക്കത്തയിൽ നിന്നു വന്നുചേർന്ന അദ്ദേഹത്തോടൊപ്പം വേറെയും ഡോക്ടർമാരുണ്ടായിരുന്നു. അവർക്കൊരു വഴികാട്ടിയായി വടക്കെ മലബാറിൽ പലേടത്തും അന്നെനിക്കു സഞ്ചരിക്കേണ്ടിവന്നിട്ടുണ്ട്.

ഏതെല്ലാം തുറകളിൽ എന്തെല്ലാം പ്രവത്തനങ്ങൾ! എല്ലാം പാവങ്ങൾക്കുവേണ്ടി. നായനാർ ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതുമെല്ലാം അനാഥ പതിതോദ്ധാരണം എന്ന ലക്ഷ്യംവെച്ചുകൊണ്ടായിരുന്നു. സാമ്പത്തിക പരാധീനതയെ ഭയപ്പെട്ട് ചെയ്യേണ്ട കാര്യം ഒരിക്കലും ചെയ്യാതിരുന്നിട്ടില്ല. അദ്ദേഹം ആരംഭിക്കുന്ന ഏതു പ്രവർത്തനത്തിലും പിന്തുണനൽകാൻ ഇവിടെ നല്ലവരായ മനുഷ്യരനേകമുണ്ടായിരുന്നു. സേർവിന്ത്യാ ഡിസ്പെൻസറിയുടെ പ്രവർത്തനത്തിലും അനാഥശാലകളിലെ കുട്ടികളുടെ ആരോഗ്യകാര്യങ്ങളിലും വളരെ ശ്രദ്ധാലുവായി അന്നു പ്രവർത്തിച്ച ഒരാളുണ്ടായിരുന്നു: കാളൂർ നീലകണ്ഠൻവൈദ്യർ. ഇടയ്ക്കിടെ ആപ്പീസിൽ വന്ന് അദ്ദേഹം നായനാരുമായി ചർച്ചനടത്തും. അതുപോലെ സാമ്പത്തിക കാര്യങ്ങളിലും മറ്റും അദ്ദേഹത്തെ ഉപദേശിക്കാൻ ഒരു ഉത്തമസുഹൃത്തെന്നനിലയിൽ എന്നും വരാറുള്ളതു ജില്ലാ ബാങ്ക് സെക്രട്ടറി ശ്രീ രാമൻകുട്ടിനായരായിരുന്നു. മലബാറിൽ പരസ്പരസഹായ പ്രസ്ഥാനത്തിനു നല്ല തുടക്കമിട്ടതും വിജയത്തിൽനിന്നു വിജയത്തിലേക്ക് ആ പ്രസ്ഥാനത്തെ ഉയർത്തിക്കൊണ്ടു വന്നതും ശ്രീ. രാമൻകുട്ടി നായരായിരുന്നു. നായനാരും രാമൻകുട്ടി നായരും ഒത്തു ചേർന്നു നടത്തുന്ന ദീർഘദീർഘമായ ചർച്ചകൾ എപ്പോഴും ഓർഫനേജ് പ്രസ്ഥാനത്തെയും സേർവിന്ത്യാ ഡിസ്പെൻസറികളേയും കുറിച്ചായിരിക്കും. ഈ ചർച്ചകളിൽ എന്നും മുടങ്ങാതെ പങ്കെടുക്കുന്ന രണ്ടു പേരുണ്ടായിരുന്നു: കുഞ്ഞപ്പേട്ടനും പി. കെ. രാമനും. ഇവരെല്ലാവരും ഒത്തുചേരുന്ന സായാഹ്നങ്ങൾ അതീവ ഹൃദ്യങ്ങളായിരുന്നു. മിതഭാഷിയായ നായനാർ വാചാലനാവുന്നതും ആ ഒത്തുചേരലിൽത്തന്നെ. ചിലപ്പോൾ രാമൻകുട്ടിനായരും

പി. കെ. രാമനും വന്നില്ലെന്നു വരും. പക്ഷേ, കുഞ്ഞപ്പേട്ടൻ എത്തും. ആപ്പീസ് പിരിഞ്ഞു പോകുമ്പോൾ നായനാരെ സന്ദർശിക്കും.

ഒരു ചെറിയ നടത്തം. അങ്ങനെയുള്ള ഒരു സന്ദർഭത്തിലുണ്ടായ സംഭാഷണം അതേപടി ഞാനിവിടെ രേഖപ്പെടുത്തട്ടെ. രൈരേട്ടൻ എന്നാണ് കുഞ്ഞപ്പേട്ടൻ നായനാരെ വിളിക്കുന്നത്. സംഭാഷണമിതാ:

"എന്താ രൈരേട്ടനു സുഖല്ലേ?"

"സുഖക്കേടൊന്നുമില്ല."

"പിന്നെ വല്ലാതിരിക്കുന്നല്ലോ. എന്തുപറ്റി?"

"ഇന്നലെ അല്പം നടന്നു."

"എവിടയ്ക്ക്?"

ചോദ്യം ഈ ഘട്ടത്തിലെത്തിയപ്പോൾ നായനാർ അല്പമൊന്നു ശങ്കിച്ചു മൗനിയായി. കുഞ്ഞപ്പേട്ടൻ വിട്ടില്ല. കുത്തിക്കുത്തി ചോദിച്ചു. മടിച്ചുകൊണ്ടാണെങ്കിലും ഒടുവിൽ നായനാർ സംഗതി വിവരിക്കുന്നു:

"ഇന്നലെ ഏഴു മണിവണ്ടിക്കു താനൂരിൽനിന്നും ഇങ്ങട്ടു വരാൻ തുടങ്ങിയതാണ്. സ്റ്റേഷനിൽ വന്നു ടിക്കറ്റെടുത്തു വെയറ്റിങ് റൂമിൽ ചെന്നിരുന്നു. കലശലായ ഉഷ്ണം. കോട്ടഴിച്ചുവെച്ചു പുറത്തിറങ്ങി നിന്നു. നല്ല കാറ്റുണ്ടായിരുന്നു. വണ്ടി സൈറ്റായ ബെല്ലു കേട്ടു തിരിച്ചു വന്നെന്റെ കൊട്ടെടുത്തിട്ടു, പോക്കറ്റിൽ തപ്പിയപ്പോഴാണ് സംഗതി മനസ്സിലായത്. പേഴ്സവിടെയില്ല. ആരോ അടിച്ചുകൊണ്ടുപോയിരിക്കുന്നു. ഒപ്പം ടിക്കറ്റും. പിന്നെ വീട്ടിലേക്കു മടങ്ങാൻ തോന്നിയില്ല. ഏതായാലും പുറപ്പെട്ടില്ലേ. നടക്കാമെന്നു വെച്ചു.

"എങ്ങട്ട്?" കുഞ്ഞപ്പേട്ടൻ അദ്ഭുതത്തോടെ ചോദിച്ചു.

"കോഴിക്കോട്ടേക്കുതന്നെ; ഞാനിങ്ങ് നടന്നു."

കുഞ്ഞപ്പേട്ടൻ സ്തംഭിച്ചിരുന്നു. കഥ കേട്ടു വാതിലിന്നടുത്തു നിന്ന ഞാൻ എന്നോടുതന്നെ ചോദിച്ചു: താനൂരുനിന്നു കോഴിക്കോട്ടേക്കു നടക്കുകയോ? അദ്ഭുതം! അദ്ദേഹത്തെ അറിയാത്തവരായി, ബഹുമാനിക്കാത്തവരായി താനൂർ പ്രദേശത്താരുമില്ല. റെയിൽവേസ്റ്റേഷനിലും അദ്ദേഹത്തെ സ്നേഹാദരങ്ങളോടെ ഓർക്കുന്നവരേയുള്ളു. ഇതെല്ലാമുണ്ടായിട്ടും അദ്ദേഹം ആരുടെ ഔദാര്യത്തിനും കാത്തുനില്ക്കാതെ, സഹായം തേടാതെ ആ രാത്രി കോഴിക്കാട്ടേക്കു നടന്നു. അതായിരുന്നു നായനാർ.

— 34 —

## കോഴിക്കോട് അരനൂറ്റാണ്ടു മുമ്പ്

കോഴിക്കോടുപട്ടണം! പ്രായമേറെച്ചെന്ന മുത്തശ്ശി. മുത്തശ്ശിക്കൊരു 'വെറ്റിലപ്പാട്ടി'യുണ്ട്. കൈതോലകൊണ്ടു നെയ്തുണ്ടാക്കിയത്. മൂന്നാക്കി മടക്കി ഏതു നേരവും മടിയിൽ തിരുകി നടക്കുന്ന ആ പാട്ടിക്കും മുത്തശ്ശിയോളംതന്നെ പ്രായം വരും. മുത്തശ്ശി അറിയാതെ അതൊന്നു തുറന്നുനോക്കിയാൽ ആരും വിസ്മയിക്കും. വെറ്റിലടയ്ക്കയ്ക്കു പുറമെ ഏതാനും ചെമ്പകാശും എരട്ടിമധുരത്തിന്റെ നാമ്പും, കുട്ടികൾക്കു പാലിൽ തഴച്ചു കൊടുക്കാനുള്ള 'വയമ്പിന്റെ തുണ്ടും അപസ്മാരത്തിനു മണപ്പിക്കാനുള്ള നെയ്യ് അടക്കം ചെയ്ത കുപ്പിയും, ഏലമെലവംഗം തുടങ്ങിയ സുഗന്ധവസ്തുക്കളും അതിലുണ്ടാകും. ഏറിയ കാഴ്ചകൾ കണ്ട മുത്തശ്ശിയാണ്. ഏലമലക്കാറ്റും എലവംഗക്കാറ്റും. ചന്ദനക്കാറ്റും മുത്തശ്ശിക്കിഷ്ടമാണ്. പക്ഷേ, അറബിക്കടലിലെ ഉപ്പോരുതട്ടി വരുന്ന കാറ്റിലാണ് മുത്തശ്ശി പുളകം പുതയ്ക്കുന്നത്.

അമ്പലമണിമുഴങ്ങുമ്പോൾ മുത്തശ്ശി തകൃതിയായി നാമം ജപിക്കുന്നു. ബാങ്കുവിളി കേൾക്കുമ്പോൾ മുത്തശ്ശി കൃത്യമായി നമസ്കരിക്കുന്നു. കാറ്റും കോളും കടലിരമ്പവും കണ്ടു തഴമ്പിച്ച മുത്തശ്ശി. എന്നും കടൽ വെള്ളത്തിൽ നീന്തിക്കുളിച്ചു മാനാഞ്ചിറയിൽ മുഖം നോക്കി മുടി വകഞ്ഞ്, അടുത്തുള്ള മൈതാനിയിൽ കാലുനീട്ടിയിരുന്ന് വെറ്റിലപ്പാട്ടി തുറന്ന് വെറ്റില ഞരമ്പു കളഞ്ഞു ചുണ്ണാമ്പുതേച്ചു ചുരുട്ടി വായിൽ തിരുകി, ഒപ്പം അടയ്ക്കാപ്പൊടിയുമിട്ടു ചവച്ചു. ഈറൻമുടിയുണക്കിയും, പകലന്തിയോളം പണിയെടുത്തു ജീവിതഭാരം ലഘൂകരിച്ച് പരസ്പരം കലഹിക്കാതെ വിശ്വസിച്ചും സ്നേഹിച്ചും കഴിയുന്ന മക്കളെച്ചൊല്ലി ആശ്വസിച്ചും അഭിമാനിച്ചും കഴിയുന്നു. ആ മുത്തശ്ശിയുടെ തറവാട്ടിലെ ഒരകന്ന ചാർച്ചക്കാരൻ പയ്യനായിട്ടു ഞാനും ഇപ്പോൾ ഇവിടെ പുലരുന്നു.

പട്ടണം ചുറ്റാൻ എനിക്കന്നൊരു സൈക്കിളുണ്ട്. ദശകങ്ങൾക്കപ്പുറം ഇത് എടുത്തു പറയാവുന്ന വസ്തുതയല്ലാതെ മാറിയേക്കാം. എന്നാൽ ഇന്നു ഞാനിതിൽ അഭിമാനം കൊള്ളുന്നു. ഹജ്ജൂരാപ്പീസിൽ കോട്ടും ടൈയും ധരിച്ച് വരുന്ന എത്ര പേർക്കു സൈക്കിളുണ്ട്—വളരെ കുറച്ചുപേർക്കു മാത്രം. സ്റ്റേറ്റ് ബാങ്കിലെ കാഷ്യർ

സൈക്കിളോടിച്ചു കടന്നുപോകുന്നതു പലതവണ കണ്ടിട്ടുണ്ട്. ഞാനഭിമാനിക്കുന്ന തിൽ തെറ്റുണ്ടോ? കലക്ടർസായ്പിനല്ലാതെ ഹജ്ജൂരിൽ ആർക്കുണ്ടൊരു കാറ്? ആർക്കുമില്ല. ഹജ്ജൂരാപ്പീസിലും സ്റ്റേറ്റുബാങ്കിലും താലൂക്കാപ്പീസിലും പോസ്റ്റാപ്പീസിലു മൊക്കെ ഞാൻ സൈക്കിളിൽ ലാൻഡ് ചെയ്യുന്നു. വി. ഐ. പി. ഏർപ്പാടില്ലാത്തതുകൊണ്ടുമാത്രം സൈക്കിളുണ്ടായിട്ടും ഞാനൊരു വി. ഐ. പി. ആയില്ല.

ഒരു നിമിഷം—'കോൺടെസ്സ'കളും, 'ബെൻസു'കളും, 'മാരുതി'കളും ഒഴുകുന്ന ഇന്നത്തെ കോഴിക്കോടുസിറ്റി എവിടെ? ഏതാനും ജടുക്കാവണ്ടികളും, മഹാദ്ഭുതംപോലെ ഇടയ്ക്കും തലയ്ക്കും ഓടുന്ന ചില കാറുകളും മാത്രം കണ്ടു ശീലിച്ച കോഴിക്കോട്ടു മുനിസിപ്പാലിറ്റി എവിടെ? ആൾത്തിരക്കുകൊണ്ട് അല്പശല്യമനുഭവിക്കണമെങ്കിൽ അന്നു മിഠായിത്തെരുവിലെത്തണം; അതും സന്ധ്യനേരത്ത്. ഇന്നു നിലയ്ക്കാത്ത ജനപ്രവാഹം അനുഭവപ്പെടുന്ന മൊയ്തീൻപള്ളി റോഡ് അന്നു ജനശൂന്യമായിരുന്നെന്നു പറഞ്ഞാൽ ആരുണ്ട് വിശ്വസിക്കാൻ? മൊയ്തീൻ പള്ളി റോഡിലായിരുന്നു നഗരത്തിലെ മുഖ്യ അറവുശാല. അന്ന് അവിടെനിന്നുയരുന്ന ദുർഗന്ധം മിഠായിത്തെരുവിലോളം അടിച്ചുകയറിവന്നിരുന്നു. മുത്തശ്ശിയുടെ വെറ്റിലപ്പാട്ടി പോലെ പല മടക്കായി കിടക്കുന്ന നഗരത്തിൽ എത്തിപ്പെടുന്ന അപരിചിതർ മാത്രമേ അന്നു മൊയ്തീൻപള്ളി റോഡിലൂടെ സഞ്ചരിക്കാറുള്ളൂ. ആലക്തികവെളിച്ചം കൊണ്ടു രാവു പകലാക്കുന്ന മാവൂർ റോഡിന്റെ കഥയും മറിച്ചായിരുന്നില്ല. വയനാട്ട് റോഡിൽനിന്ന് ഒരു ചുകന്ന റിബൺ പോലെ കിഴക്കോട്ട് ശ്മശാനത്തിന്റെ അരികിലോളം നീണ്ടു കിടക്കുന്ന ചെമ്മൺ പാതയാണ് ഇന്നത്തെ മാവൂർറോഡെന്നു പറഞ്ഞാൽ പറഞ്ഞവനെ വളഞ്ഞിട്ടു ജനം തല്ലില്ലേ?

ഏതോ വിദേശ നഗരത്തിന്റെ പാരഡിപോലെ നിരനിരയായി പൊങ്ങിവന്ന കോൺക്രീറ്റ് സൗധങ്ങളും, റോഡിന്റെ നട്ടെല്ലിൽ നിന്നു കൂണുപോലെ പൊട്ടിമുളച്ചുയർന്നു പകൽ വെളിച്ചം പരത്തുന്ന തെരുവുവിളക്കുകളും, തെരുവുവിളക്കുകൾ വകഞ്ഞു മാറ്റി ഇടത്തും വലത്തുമായി ഓടിക്കോളാൻ അനുവാദം നല്കിയ നിരവധി നിരവധി വാഹനങ്ങളുടെ തിരക്കും കൂടിച്ചേർന്ന്, അരനൂറ്റാണ്ടു കഴിഞ്ഞു കോഴിക്കോട്ടു തിരിച്ചെത്തുന്ന ഒരുവനെ നിമിഷത്തിനകം ബോധരഹിതനാക്കിക്കളയും. സ്റ്റേഡിയമില്ല; പൂതേരി ക്വാർട്ടേഴ്സിനു കിഴക്കുവശം ഇപ്പോൾ പോലീസുകാർക്കുള്ള വാസസ്ഥലം ഏത്തവാഴത്തോട്ടമായിരുന്നെന്നു പറയുന്നവനെ കൈയോടെ പിടിച്ച് ആരും കുതിരവട്ടം കാണിക്കും. കല്ലായി റോഡിലും വയനാട്ട് റോഡിലും റെഡ്ക്രോസ് റോഡിലും തിരക്കില്ല. റെഡ്ക്രോസ് റോഡിൽ ആകെയുള്ള തിരക്ക് രാവിലെ കോടതി ചേരുന്ന സമയത്താണ്. വക്കീലന്മാരെ കേറ്റിക്കൊണ്ടു നാലഞ്ചു ജടുക്കകൾ കടന്നു പോകും. മൂന്നോ നാലോ കാറുകളും. തീർന്നു. ആ വഴി ജനങ്ങൾ കടന്നുപോകുന്നതു കാണണമെങ്കിൽ ഞായറാഴ്ച വൈകുന്നേരമാകണം. കുറച്ചുപേരെങ്കിലും ബീച്ചിൽ കാറ്റുകൊള്ളാൻ പോകുന്നത് ആ നേരത്താണ്.

നഗരം മുഴുക്കെ ചെമ്മൺ പാതകളാണ്. പുറമെനിന്നു നഗരത്തിലേക്കു വന്നു ചേരുന്നതും ചെമ്മൺ പാതകൾതന്നെ. ബസ്സുകൾ പരസ്പരം മത്സരിച്ചോടി മനുഷ്യ

രെ കൊല്ലുകയും കെട്ടിടങ്ങൾ തകർക്കുകയും ചെയ്യുന്ന സമ്പ്രദായം അന്നില്ല. നില മ്പൂരുനിന്നും മലപ്പുറത്തുനിന്നും മഞ്ചേരിനിന്നും വരുന്ന ഓരോ ബസ്സ്. പിന്നെ, തെങ്ങിലക്കടവിലേക്കു പോകുന്ന ഒരു ബസ്സ്; പേരാമ്പ്രനിന്നും കുറ്റ്യാടിനിന്നും വരുന്ന ഓരോ ബസ്സ്; കഴിഞ്ഞു. മത്സരിക്കാൻ സൗകര്യമില്ലാത്തതുകൊണ്ട് അവർ മത്സരിച്ചില്ല. വന്നാലവർക്കു തങ്ങാനാവുന്ന താവളം മാതൃഭൂമി ആപ്പീസിന്റെ തെക്കുവശത്ത് 'കൊട്ടത്തളം' പോലൊരിടമായിരുന്നു.

ഇത്രയും പറഞ്ഞതു കോഴിക്കോടിന്റെ നിജസ്ഥിതി തെളിയിക്കാനല്ല. ഞാനൊരു വിദഗ്ധനായ സൈക്കിളോട്ടക്കാരനായിരുന്നെന്നു വല്ലവരും തെറ്റിദ്ധരിച്ചെങ്കിലോ എന്നു പേടിച്ചാണ്. ഇത്രയും ശാന്തമായ, തിരക്കില്ലാത്ത, എപ്പോഴും ഒഴിഞ്ഞു കിടക്കുന്ന വീഥിയിലൂടെ ഏതു കണ്ണുപൊട്ടനും അന്നു സൈക്കിളോടിക്കാമായിരുന്നു. അതുകൊണ്ടു ധൈര്യമായി ഞാനും അങ്ങനെ ചെയ്തു. കോഴിക്കോടിന്റെ അന്നത്തെ സ്ഥിതി വരച്ചുകാട്ടാൻ ഒരു കൊച്ചു കഥകൂടി ഇവിടെ പറഞ്ഞുകൊള്ളട്ടെ. എന്റെ ഒരു ആത്മസുഹൃത്തിനെ സംബന്ധിച്ച് അന്നു പ്രചരിച്ചൊരു കഥയാണ്.

സുഹൃത്തു നടാടെ കോഴിക്കോട്ട് സന്ദർശിക്കുവാൻ വരുന്നു. തീവണ്ടിയും ബസ്സുമൊന്നും കണ്ടു പരിചയിക്കാത്ത ഒരു ഉൾനാട്ടിൽനിന്നാണു വരവ്. തീവണ്ടിയിൽ നടാടെ കേറി. തീവണ്ടി കൂവിവിളിച്ചു പായാൻ തുടങ്ങിയപ്പോൾ തെല്ലൊരു പരിഭ്രമം. ആരെയെങ്കിലും സഹായത്തിന് ഒപ്പം വിളിക്കാമായിരുന്നെന്നൊരു തോന്നൽ. അങ്ങനെ പരിഭ്രമിച്ചുകൊണ്ടു വണ്ടിയിലിരിക്കുമ്പോൾ വണ്ടി പല പല സ്റ്റേഷനുകളിൽ നില്ക്കുന്നു; വീണ്ടും ഓടുന്നു. ഒടുവിൽ ആ കുതിപ്പു ചെന്നവസാനിച്ചത് ഒരു പടിഞ്ഞാറ്റപ്പുരയുടെ അകത്താണ്. രാത്രി പോലെ ഇരുട്ടു പരക്കുന്നു. അവിടവിടെ പൂമൊട്ടു വിരിയും പോലെ വിളക്കു തെളിയുന്നു. ഉന്തുവണ്ടിക്കാരും നടന്നുവില്പനക്കാരും ചേർന്നു വിളിച്ചുകൂവുന്നതിന്റെ ബദ്ധപ്പാടിൽ സുഹൃത്തു കൂടുതൽ അമ്പരന്നു. കോഴിക്കോട്ടെത്തിയെന്നു മനസ്സിലാക്കാൻ തന്നെ വിഷമിച്ചു. പലരോടും ചോദിച്ചു. ചിലർ മറുപടി പറഞ്ഞു. തീവണ്ടിക്കൊരു പടിഞ്ഞാറ്റപ്പുരയുള്ള കാര്യം ആദ്യമായി മനസ്സിലാക്കിക്കൊണ്ടദ്ദേഹം വണ്ടിയിറങ്ങി നടക്കുന്നു. മറ്റു യാത്രക്കാർക്കൊപ്പം നിരത്തിലെത്തി. ഉദ്ദിഷ്ടലക്ഷ്യത്തിലേക്കു സാവകാശം നീങ്ങി. ഒടുക്കം വണ്ടികൾക്കു വഴിമാറിയും തന്നോടൊപ്പം നടക്കുന്നവർ കൂട്ടിമുട്ടാതേയും സൂക്ഷിച്ചു നടന്ന്, ഇന്നത്തെ പസിഫിക് സ്റ്റോറിന്റെ മുമ്പിലെത്തി. അന്നവിടെ ഡട്ട് ആൻറ് കമ്പനിയാണ്. കോഴിക്കോട്ടെ മികച്ച വ്യാപാരസ്ഥാപനം. അവിടെ, നിരത്തിന്റെ നടുവിൽ ഒരു പോലീസുകാരൻ നില്ക്കുന്നു. അപ്പോൾ നടേയുള്ളതിനൊപ്പം പുതിയൊരമ്പരപ്പം അകത്തു കടന്നുകൂടി. പോലീസുകാരൻ കൈയുയർത്തി കാട്ടിയപ്പോൾ എതിർദിശയിൽ നിന്നു വന്ന ജട്കാവണ്ടി നിന്നു. അല്പനിമിഷങ്ങൾക്കു ശേഷം പോലീസുകാരൻ കൈയാംഗ്യത്തിലൂടെ അനുമതികൊടുത്തപ്പോൾ കുതിരകൾ ചലിച്ചു. വണ്ടി നീങ്ങി.

സുഹൃത്തു സംശയിച്ചു നിന്നു. പിന്നൊരു ജടുക്ക, പിന്നൊരു സൈക്കിൾ. പോലീസുകാരന്റെ അനുമതിയില്ലാതെ ഒന്നും കടന്നു പാകുന്നില്ല. തനിക്കും താമസിയാതെ അനുമതി കിട്ടുമെന്നാശ്വസിച്ച് അദ്ദേഹം കാത്തുനിന്നു. വാഹനങ്ങൾ ഒന്നും വരാതായപ്പോൾ പോലീസുകാരൻ ചുമ്മാ നിന്നു സ്വപ്നം കാണുകയായിരുന്നു. മറ്റുള്ളവർ വരുന്നതും കടന്നു പോകുന്നതുമൊന്നും കാണാതെ പോലീസുകാരന്റെ അനുമതിയും കാത്ത് അയാളെത്തന്നെ സൂക്ഷിച്ചു നോക്കിനിന്ന സുഹൃത്ത് ഒടുവിൽ ക്ഷമകെട്ട് പാതി കൈയാംഗ്യവും പാതി വചനവുമായി അനുമതിക്കഭ്യർത്ഥിച്ചു. സംഗതി മനസ്സിലാക്കിയ പോലീസുകാരൻ ബൂട്ട് നിലത്ത് അമർത്തിച്ചവുട്ടി അട്ടഹസിച്ചു:

"പോ."

സുഹൃത്ത് പ്രാണനും കൊണ്ട് ഓടിപ്പോയെന്നാണു കഥ. അന്നത്തെ മിഠായിത്തെരുവിന്റെ കഥ അതിമനോഹരമായി, എസ്. കെ. പൊറ്റെക്കാട്ട് എന്ന മഹാനായ കാഥികൻ പറഞ്ഞു വെച്ചിട്ടുണ്ട്; തെരുവിന്റെ കഥയിലൂടെ. അതിലെ ഒരു മുഖ്യകഥാപാത്രമാണല്ലോ മമ്മത്. അല്പം പ്രാന്തും, പ്രാന്തോടു ചേർന്ന കള്ളുകുടിയും, വൃശ്ചിക ദംശനംപോലെ കുട്ടികളുടെ ദ്രോഹവും. ഇതു മൂന്നും ചേർന്ന മമ്മതിന്റെ രൗദ്രവേഷം പലതവണ ഞാൻ കണ്ടിട്ടുണ്ട്.

ഒരു ദിവസം രാത്രി. പത്തുപത്തരമണിയായിട്ടുണ്ടാവും. ഉറങ്ങാൻ വട്ടം കൂട്ടുമ്പോൾ ആപ്പീസിലേക്കുള്ള മരക്കോണി അതിഭയങ്കരമായി ശബ്ദിക്കുന്നതു കേട്ടു. നായനാർ വരാൻ വഴിയില്ല. രാത്രിവണ്ടികളൊക്കെ പോയിരിക്കുന്നു. ആരായിരിക്കുമെന്നോർത്തിരിക്കുമ്പോൾ, കയറി വരുന്നു; മുമ്പിൽ നായനാർ, പിറകിൽ മമ്മത്. ഞാനന്തം വിട്ടുനിന്നു. മമ്മതിന്റെ നെറ്റിയിൽനിന്നു ചോരയൊഴുകുന്നു. എന്നും പതിവുള്ളതാണ്. കുട്ടികൾ ദ്രോഹിച്ചതാവും. നായനാർ അകത്തുകടന്നു തൊപ്പിയെടുത്തു മേശപ്പുറത്തു വെച്ചു, മുഖത്തെ വിയർപ്പൊപ്പി തെല്ലൊരു ചിരിയോടെ പറഞ്ഞു:

"ഇവൻ ഇന്നിവിടെ ഈ കോറിഡോറിൽ കിടന്നോട്ടെ?"

ഞാൻ സമ്മതിച്ചു മൂളി. നായനാരുടെ അഭിപ്രായത്തെ എതിർക്കാൻ ഞാനാര്? നായനാർ തുടർന്നു പറയുന്നു:

"പാവം! കുട്ടികളിവനെ വല്ലാതെ ദ്രോഹിക്കുന്നു. ചോരയൊലിക്കുന്നതു കണ്ടില്ലേ? ഇത്തിരി കോട്ടനെടുത്തു കൊടുക്കൂ. അതൊക്കെ ഒപ്പിക്കളയട്ടെ. ഇവിടെ മരുന്നു വല്ലതുമുണ്ടോ?"

"ഉണ്ട്."

"എങ്കിലതും കൊടുക്കൂ. പിന്നെ പുതിയൊരു പായ. ഒരു ബെഡ് ഷീറ്റും. എന്താ?"

ഇങ്ങനെയൊക്കെയല്ലേ വേണ്ടതെന്ന അർത്ഥത്തിൽ അദ്ദേഹമെന്നെ നോക്കി. ഞാനദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചു കോട്ടണും മരുന്നുമായി മമ്മതിനെ

സമീപിച്ചു. മമ്മതുണ്ടോ മരുന്നു വെക്കുന്നു? പുത്തൻ പായയും ബക്കിങ്ങാം കർണാട്ടിക്ക് മില്ലിന്റെ ഒരു ബെഡ് ഷീറ്റും മമ്മതിനു കൊടുത്തു. ഇതിനൊന്നും ആപ്പീസിൽ ഒരു ക്ഷാമവുമുണ്ടായിരുന്നില്ല. തകർത്തു പെയ്യുന്ന മഴക്കാലത്ത് ജോലിയില്ലാതെ പട്ടിണികിടക്കുന്ന ഹരിജനങ്ങളെക്കൊണ്ടു പായ നെയ്യിക്കുകയും നല്ല വില കൊടുത്ത് അതെല്ലാം വാങ്ങി ആപ്പീസിൽ സൂക്ഷിക്കുകയും ചെയ്യും. ആവശ്യം വരുമ്പോൾ അനാഥമന്ദിരത്തിലേക്ക് അയച്ചുകൊടുക്കും. എന്നാലും അഞ്ചോ ആറോ കെട്ടു പായ എപ്പോഴും ആപ്പീസിലുണ്ടാവും. അതുപോലെ മീൻ പിടുത്തത്തൊഴിലാളികൾ പട്ടിണികിടക്കുമ്പോൾ നൂലു വാങ്ങിച്ച് അവരെക്കൊണ്ടു വല കെട്ടിക്കുകയും പതിവുണ്ട്. അതും ആപ്പീസിൽ വാങ്ങി സൂക്ഷിക്കും. ഇതൊന്നും വ്യാപാര ബുദ്ധിയോടെ ചെയ്യുന്നതല്ല. പാവങ്ങളുടെ പട്ടിണി മാറ്റണം; അതു മാത്രമായിരുന്നു നായനാരുടെ ലക്ഷ്യം. അഃ, മമ്മതിന്റെ കാര്യം. മമ്മത് മരുന്നു വെച്ചില്ല. പായ വിരിച്ച് ബഡ്ഷീറ്റ് കൊണ്ട് അടിമുടി മൂടിക്കിടന്നു. പുതപ്പിനുള്ളിൽനിന്നു പല്ലിറുമ്മുന്ന ശബ്ദം അപ്പോഴും കേൾക്കാനുണ്ടായിരുന്നു—കുട്ടികളോടുള്ള രോഷം.

അല്പം കഴിഞ്ഞ് നായനാർ എന്നെ വിളിച്ചു. വളരെ സന്തുഷ്ടനാണ്. മമ്മതിനെ കുട്ടികളിൽ നിന്നു രക്ഷിക്കാൻ കഴിഞ്ഞതിലുള്ള സന്തോഷമാവും. ചുണ്ടിന്റെ കോണിലെവിടെയോ ഒരു ചെറിയ കുസൃതി ചിരിയായി വിരിയുന്നുണ്ടോ എന്നെനിക്കു സംശയം. നായനാർ പറഞ്ഞു:

“കേട്ടോ, മമ്മതിനി എന്നും ഇവിടെ നിൽക്കട്ടെ. നമുക്കവനെ ശിപായിയാക്കാം.”

ഇത്രയും പറഞ്ഞു. മറ്റെവിടെയോ നോക്കിക്കൊണ്ടദ്ദേഹം മൗനിയായിരുന്നു. എനിക്കൊന്നും പറയാനുണ്ടായിരുന്നില്ല. അദ്ദേഹം തുടരുന്നു:

”ഞാനിവിടത്തെ മാനേജർ. നിങ്ങൾ ക്ലാർക്ക്. മമ്മത് ശിപായിയും. സംഗതി കൊള്ളാം, ഇല്ലേ?”

എനിക്കുറക്കെ പൊട്ടിച്ചിരിക്കണമെന്നു തോന്നി. ഞാനൊരിക്കലും നിയന്ത്രണമില്ലാതെ, അദ്ദേഹത്തിന്റെ മുമ്പിൽ പെരുമാറീട്ടില്ല. അതുകൊണ്ടു മാത്രം ചിരിച്ചില്ല. ഇന്നും ഏതു വലിയ ദുഃഖത്തിലും ആ ഫലിതം എന്നെ ചിരിപ്പിക്കാറുണ്ട്.

— 35 —

# കളിതീരാതെ മടങ്ങി

തിരക്ക കൂടിയ ദിവസങ്ങൾ. ശ്രീ നായനാർ താനൂരിൽനിന്ന കോഴിക്കോട്ടേക്ക താമസം മാറ്റി. അദ്ദേഹത്തിന്റെ ദ്വിതീയ പത്നിയും അമ്മയില്ലാത്ത കൊച്ചുമകൾ ഗിരിജയും. ഗിരിജയ്ക്കന്ന് ഏതാണ്ടു നാലുവയസ്സുണ്ടാവും. ശരിക്കോർക്കുന്നില്ല; ഊഹമാണ്. വാടകവീട്ട് പറയഞ്ചേരിയിലാണ്. താമസം തുടങ്ങി രണ്ടു ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞു:

"വീട്ടിലേക്ക വന്നോളൂ; ഇനി അവിടെ താമസിക്കാം."

ഞാൻ തലചൊറിഞ്ഞു മിണ്ടാതെ നിന്നു.

"കൊതുകടിയും സഹിച്ച് ഇവിടെ ആപ്പീസിൽ കഴിയണ്ട. അവിടെ ധാരാളം സ്ഥലമുണ്ട്. വന്നോളൂ."

ആ അപാരവാത്സല്യത്തിനു മുമ്പിൽ ഞാൻ വീണ്ടും മൗനിയായി. തുടർന്നദ്ദേഹം ഒന്നും പറഞ്ഞില്ല. എനിക്കെന്തോ വൈമനസ്യമുണ്ടെന്നു മനസ്സിലാക്കിയിരിക്കും. എനിക്കൊരു വൈമനസ്യവുമുണ്ടായിരുന്നില്ല. ആപ്പീസ് വിട്ടുമാറാനുള്ള മടിയായിരുന്നു. പട്ടണത്തിൽ അലഞ്ഞു തിരിയുന്ന, എന്റെ ചില സുഹൃത്തുക്കൾ വൈകീട്ടു ചേക്കേറാൻ വരുന്നത് എന്റെ ആപ്പീസിലാണ്. കൂട്ടത്തിൽ പ്രത്യേകമോർക്കുന്ന രണ്ടുപേർ: ആവള ടി. കുഞ്ഞിരാമക്കുറുപ്പും കെ. എ. കൊടുങ്ങല്ലൂരും രണ്ടുപേരും നല്ല രാഷ്ട്രീയക്കാരാണന്ന്. എനിക്കങ്ങനെയൊന്നുമില്ല. രണ്ടുപേരോടും ഞാൻ പലപ്പോഴും വിവരമില്ലാതെ വാദിക്കാറുണ്ടായിരുന്നു. ശബ്ദഘോഷത്തിൽ ഞാൻ ജയിക്കും. തത്ത്വത്തിൽ അവരും, അവർ പഠിച്ചവരായിരുന്നു; അപ്പോഴും പഠിച്ചുകൊണ്ടിരിക്കുന്നവരായിരുന്നു. അതുപോലെ വേറെയും ചില സുഹൃത്തുക്കളെനിക്കുണ്ടായിരുന്നു. അവരെ കാണുന്നതും അവരുമായി മേളിക്കുന്നതുമെല്ലാം ആപ്പീസ് സമയം കഴിഞ്ഞിട്ടാണ്. ആഹാരത്തിന് അടുത്തുതന്നെ ആര്യഭവനുണ്ട്. സിനിമ കാണാൻ രാധാതിയേറ്റർ തൊട്ടടുത്താണ്. ശ്രീ നായനാരോടൊപ്പം താമസിച്ചാൽ ഈ സുഖങ്ങളൊക്കെ നഷ്ടപ്പെടും. 'സുഖങ്ങൾ വെറും ജാലങ്ങ'ളാണെന്നു പഠിപ്പിച്ച

കവിവാക്യമൊന്നും ശ്രദ്ധിക്കേണ്ട പ്രായമായിരുന്നില്ല അന്ന്. അതുകൊണ്ട് ആപ്പീസിൽത്തന്നെ ചടഞ്ഞുകൂടാൻ തീരുമാനിച്ചു.

അന്നു തിരക്കു കൂടിയ ദിവസങ്ങളാണെന്നു പറഞ്ഞല്ലോ. നായനാർ കോഴിക്കോട്ടേക്കു താമസം മാറിയതോടെ മിക്ക ദിവസങ്ങളിലും ആപ്പീസിൽ വന്നിരിക്കും. അതോടെ സന്ദർശകരുടെ ബഹളവും ആരംഭിക്കും. സമൂഹത്തിന്റെ താഴേപടവിലുള്ളവർ തുടങ്ങി ഉന്നത ശ്രേണിയിൽ വർത്തിക്കുന്നവരടക്കം പലരും വന്നുകൊണ്ടിരിക്കും. എല്ലാവർക്കും അദ്ദേഹത്തിന്റെ സേവനം ആവശ്യമുണ്ട്. ആരേയും അദ്ദേഹം മുഷിപ്പിക്കില്ല. എത്ര ചെറിയ കാര്യമായാലും ശ്രദ്ധയോടെ കേൾക്കും. അക്ഷമ എന്തെന്നറിഞ്ഞു കൂടാ. മനുഷ്യനന്മയെ മുൻനിർത്തിയുള്ള ഏതു പ്രസ്ഥാനത്തെയും സഹായിക്കാനദ്ദേഹം തയ്യാറായിരുന്നു. രാഷ്ട്രീയ പരിഗണനയില്ലാതെ ആരോടും സഹകരിക്കും.

ഈ പ്രവർത്തന ശൈലി ചിലപ്പോഴൊക്കെ അദ്ദേഹത്തെ വിഷമിപ്പിക്കാറുണ്ട്. കോൺഗ്രസ്സുകാർ അദ്ദേഹത്തെ കമ്മ്യൂണിസ്റ്റെന്നും കമ്മ്യൂണിസ്റ്റുകാർ അദ്ദേഹത്തെ കോൺഗ്രസ്സെന്നും പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഈ രണ്ടു വിഭാഗത്തിൽ മാത്രമല്ല, സോഷ്യലിസ്റ്റുകാർക്കിടയിലും അതുപോലുള്ള മറ്റു സംഘടനകളിൽ അംഗങ്ങളായവർക്കിടയിലും അദ്ദേഹത്തിനു ധാരാളം സുഹൃത്തുക്കളുണ്ടായിരുന്നു. ആരെന്തു വിളിച്ചാലും പറഞ്ഞാലും അദ്ദേഹത്തിലതു പ്രത്യേകിച്ചൊരു വികാരവും സൃഷ്ടിക്കാറില്ല. ആരുടെ കൂടെയും സേവനത്തിനിറങ്ങാൻ ചെറിയൊരു നിമിഷത്തിന്റെ താമസം മാത്രം; മേശപ്പുറത്തുള്ള തൊപ്പിയെടുക്കണം തലയിൽ വെക്കണം—റെഡി.

അന്നൊരു ദിവസം രാവിലെ രണ്ടുപേർ ആപ്പീസിൽ കയറി വരുന്നു. ഉദ്ദേശ്യം ചോദിച്ചറിയാതെതന്നെ ഞാനവർക്ക് ആപ്പീസ് മുറിയിലേക്കു വഴികാണിച്ചു. അദ്ദേഹം അവിടെയിരുന്ന് എന്തോ ടൈപ്പ് ചെയ്യുകയാണ്. ആഗതർ അകത്തു കടന്നപ്പോൾ ടൈപ്പ്റൈറ്ററിന്റെ ശബ്ദം നിലച്ചു. പിന്നെ സംഭാഷണമാണ്. ആഗതർ വളരെ പതുങ്ങിയും പരുങ്ങിയും സംസാരിക്കുന്നതുകൊണ്ട് എന്താണവരുടെ ഉദ്ദേശ്യമെന്ന് ഇപ്പുറത്തിരിക്കുന്ന എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. ശ്രീ നായനാരുടെ വാക്കുകൾ വളരെ വ്യക്തമായിരുന്നു.

“അഃ എന്താ? എന്താ വിശേഷം?”

ദീർഘകാലത്തെ പരിചയമുള്ളവരോടെന്നവിധം നായനാർ ചോദിക്കുന്നു, മറുപടി പിറുപിറുപ്പമാത്രം, അദ്ദേഹം തുടർന്നു ചോദിക്കുകയും തന്നെത്താൻ പറയുകയും ചെയ്യുന്നു:

”സമ്മേളനമോ?...നല്ലത്...എന്ത്? ഞാനോ? ഞാൻ സമ്മേളനത്തിൽ പങ്കെടുക്കണമെന്നോ?...അവിടെ എത്തിച്ചേരാൻ വഴിയുണ്ടോ? പയ്യന്നൂരിൽ വണ്ടിയിറങ്ങിയാൽ അങ്ങോട്ട് വല്ല വാഹനവും കിട്ടുമോ?...അഃ കിട്ടില്ലെന്ന്... അപ്പോൾ നടന്നുതന്നെ വരണം...മറ്റാരേയും അന്വേഷിച്ചില്ലേ?...ആരും വരില്ലെന്നോ?...അപ്പോൾ ഞാൻ തന്നെ വരണമെന്ന്. ശരി; എങ്ങനേയും സമ്മേളനം

നടന്നല്ലേ പറ്റൂ. ഞാൻ വരാം. ഒരു കാര്യം. വണ്ടി വരാൻ നേരത്ത് സ്റ്റേഷനിൽ ആരെങ്കിലും ഉണ്ടാവണം…ശരി.

ആഗതർ വളരെ സന്തോഷത്തോടെ യാത്രപറഞ്ഞു. പിരിഞ്ഞു പോകുന്നത് ഞാൻ കണ്ടു. അദ്ദേഹത്തിന്റെ ആ മനോഭാവത്തിനു മുന്നിൽ ആരും നമസ്കരിച്ചു പോകും. അദ്ദേഹം ഒട്ടും സുഖമില്ലാതിരിക്കുന്ന സമയമാണ്. കാലിലെ എക്സിമ വളരെ കൂടുതലായിരിക്കുന്നു. നീരും പഴപ്പുമുണ്ട്. നടക്കുമ്പോൾ കലശലായ വേദനയും. ചെല്ലുന്നേടത്തൊക്കെ അദ്ദേഹത്തിന്റെ അസുഖം കണ്ടറിഞ്ഞ് വിദഗ്ധരായ ചില വൈദ്യന്മാർ തയ്യാറാക്കിക്കൊടുത്തയച്ച ആസവാരിഷ്ടങ്ങളും ഘൃതങ്ങളുമൊക്കെ കുപ്പികളിലായും ഭരണികളിലായും ആപ്പീസിൽ ഇരിപ്പുണ്ട്. ഒന്നും കഴിക്കാറില്ല. കഴിക്കാനിട കിട്ടാറുമില്ല. എന്നിട്ടും അദ്ദേഹം സമ്മതിച്ചു. ഏറെനാഴിക നടന്നു ഒരു ഉൾനാടൻ ഗ്രാമത്തിലെ സമ്മേളനത്തിൽ പങ്കെടുക്കാമെന്ന്.

അന്നൊരു ബുധനാഴ്ചയായിരുന്നു. അതെ, ഓർമ്മ തെറ്റിയിട്ടില്ല. തെറ്റാൻ കാരണമില്ലെന്നു വഴിയേ മനസ്സിലാവും. അടുത്ത വെള്ളിയാഴ്ചയാണ് സമ്മേളനം. വ്യാഴാഴ്ച പുറപ്പെടണം. ഇല്ല; അദ്ദേഹം പോവില്ല. ഒരു കമ്പിയടിക്കാൻ പറയും. ആരോഗ്യസ്ഥിതി അത്ര മോശമാണ്. പിന്നെ, സമ്മേളനത്തെപ്പറ്റി അദ്ദേഹം ഒന്നും പറഞ്ഞു കേട്ടിരുന്നില്ല. അത്രയും ആശ്വാസം. മറന്നുപോവട്ടെ. ഇതെല്ലാം എന്റെ മനക്കോട്ടകൾ മാത്രമാണ്. വ്യാഴാഴ്ച ആപ്പീസിൽ വന്നു കയറിയതും എന്നെ വിളിച്ചു:

“ഞാനിന്ന് പയ്യന്നൂർക്കു പോകും.” എന്താണു പറയേണ്ടതെന്ന് എനിക്കൊരു പിടിയുമില്ല. ആ പോക്കു തടയണമെന്നു കലശലായ മോഹം. എന്തു പറയും? എങ്ങനെ പറയും? തുടർന്നെന്തോ പറയാൻ തുടങ്ങുന്നതിനു മുൻപേ ഞാൻ അദ്ദേഹത്തോടു പറഞ്ഞു:

“നടന്നുപോകാൻ വലിയ ബുദ്ധിമുട്ടല്ലേ? കാലിനു സുഖമില്ലല്ലോ.”

അദ്ദേഹം ചിരിച്ചു. അഹിതമായി വല്ലതും പറഞ്ഞു കേട്ടാലൊരു ചിരിയുണ്ട്; ആ ചിരി. ചിരിക്കു മുമ്പിൽ ഞാൻ ചൂളി.

“അതൊന്നും സാരമില്ല. ഞാനിന്നു പോകും. ശനിയാഴ്ച മോളുടെ പിറന്നാളാ.”

ഗിരിജയുടെ പിറന്നാൾ.

“അതൊന്നാഘോഷിച്ചുകളയാം. എന്താ?”

ഗിരിജയുടെ പിറന്നാളാഘോഷിക്കുന്നത് എനിക്കു പരമസന്തോഷമാണ്. എനിക്ക് മാത്രമല്ല, അദ്ദേഹവുമായി ഇടപഴകുന്ന എല്ലാവർക്കും.

“ഒരുകാര്യം ചെയ്യണം. എന്തൊക്കെ ഒരുക്കങ്ങൾ വേണമെന്നു ഞാൻ പറയേണ്ടല്ലോ. എല്ലാം വേണം. എല്ലാവരെയും വിളിക്കണം. ആരേയും വിട്ടുപോകരുത്. ഞാൻ ശനിയാഴ്ച മംഗലാപുരം മെയിലിനു ഇവിടെയെത്തും. അപ്പോൾ ക്ഷണിച്ചവരെല്ലാം വീട്ടിലുണ്ടാവണം. എല്ലാം ഒരുങ്ങിയിരിക്കണം.”

അദ്ദേഹം വ്യാഴാഴ്ച പയ്യന്നൂർക്കു പോയി. വെള്ളിയും ശനിയും എനിക്കു തിരക്കിട്ട ജോലിയായിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്തുക്കളെ മുഴുവനും നേരിൽക്കണ്ടു ക്ഷണിച്ചു. വിഭവങ്ങളൊരുക്കി. നാലരയ്ക്കും അഞ്ചിനുമിടയിലോ അതോ അഞ്ചിനും അഞ്ചരയ്ക്കുമിടയിലോ എപ്പോഴാണ് മെയിൽവണ്ടി വരുന്നതെന്നു വ്യക്തമായി ഇപ്പോൾ ഓർക്കുന്നില്ല. ഏതായാലും വൈകീട്ട് പാർട്ടിയുടെ സമയത്ത് അദ്ദേഹം എത്തും. എത്താതിരിക്കില്ല.

സുഹൃത്തുക്കൾ ഓരോരുത്തരായി വന്നുതുടങ്ങി. കുഞ്ഞപ്പേട്ടൻ, രാമജി, രാമൻകുട്ടി നായർ അങ്ങനെ പലരും. നേരമ്പോക്കു പറഞ്ഞും. ചിരിച്ചും നായനാരുടെ വരവും കാത്ത് എല്ലാവരും സമയം കഴിച്ചു. അഞ്ച്, അഞ്ചര. അദ്ദേഹം വരില്ലേ? വണ്ടിതെറ്റിയോ? പരിഭ്രമമായി. ആഹ്ലാദത്തിമിർപ്പോടെ ആഘോഷിക്കേണ്ട പിറന്നാൾ; അതിലൊരപസ്വരം കലരുകയോ? ഇല്ല; അങ്ങനെ സംഭവിക്കില്ല, വണ്ടി വൈകിയതാവും. വണ്ടി വന്നാലും സ്റ്റേഷനിൽനിന്നു പറയഞ്ചേരിയെത്താൻ സമയമെടുക്കില്ലേ? റിക്ഷവലിക്കുന്നത് മാധവൻനായരാണെങ്കിൽ വേഗത്തിലിങ്ങെത്തുമെന്നും കൂട്ടത്തിലാരോ പറഞ്ഞു. റിക്ഷക്കാരുടെ കൂട്ടത്തിൽ തടിമിടുക്കുള്ള ആളായിരുന്നു മാധവൻനായർ.

സമയം പിന്നേയും നീങ്ങി. ഇപ്പോൾ ആരും ഒന്നും സംസാരിക്കുന്നില്ല. സന്ധ്യയുടെ ചുവപ്പുരാശി പതുക്കെ മങ്ങി. ഇരുട്ടു പരക്കാൻ തുടങ്ങി. ആർക്കും ഒന്നും പറയാനില്ല. ഊഹാപോഹങ്ങളൊക്കെ അവസാനിച്ചിരിക്കുന്നു. അദ്ദേഹം വരില്ലെന്നുറപ്പായി. പാർട്ടി നടന്നില്ല. പരസ്പരം ഒന്നും സംസാരിക്കാതെ, ഓരോരുത്തരായി യാത്രപോലും പറയാതെ, പടികടന്നു നടന്നു. ഇരുട്ടിൽ അലിഞ്ഞലിഞ്ഞ് ഇല്ലാതായി.

ആ ഇരുട്ടിന്റെ ശൂന്യതയിലേക്കു നോക്കി മിണ്ടാതെ ഞാനെത്ര നേരം നിന്നോ; അറിഞ്ഞുകൂടാ. ഒന്നും അറിയാതെ, അച്ഛൻ വന്നില്ലെന്ന സത്യത്തിന്റെ ഗൗരവം മനസ്സിലാക്കാതെ അവിടമെല്ലാം ഓടി നടക്കുന്ന കൊച്ചുമോളെ നോക്കി നെടുവീർപ്പിടുന്ന മിസ്സിസ് നായനാരുടെ അടുത്തു ചെന്നു ഞാൻ യാത്രപറഞ്ഞു. ശനിയാഴ്ച വൈകിട്ടു എന്നും നാട്ടിലേക്കു പോകുന്ന പതിവുണ്ട്. അതു മുടക്കേണ്ടെന്നു കരുതി ഞാനും പടിയിറങ്ങി.

മനസ്സുനിറയെ അസ്വസ്ഥതയായിരുന്നു. എന്തുകൊണ്ടെന്നു മനസ്സിലാക്കാൻ കഴിയാത്ത അസ്വസ്ഥത. ഞായറാഴ്ച പുലർന്നു. കുടുംബത്തോടൊത്തു സന്തോഷിച്ചു കഴിയേണ്ട ദിവസമാണ്. എന്തോ ഒരുന്മേഷക്കുറവ്. തിരിച്ചു കോഴിക്കോട്ടെത്തിയാൽ മതിയെന്ന തോന്നലായിരുന്നു അന്നുമുഴുവൻ. അങ്ങനെ ഒരു മുഷിപ്പിൻ ദിവസമവസാനിപ്പിച്ച് തിങ്കളാഴ്ച കാലത്തെ വണ്ടിക്ക് ഞാൻ കോഴിക്കോട്ടെത്തുന്നു. എന്നുമെന്ന പോലെ മാതൃഭൂമി ആപ്പീസിൽ കയറി. ഒരു പത്രം കൈവശപ്പെടുത്തി എന്റെ ആപ്പീസിലേക്കു നടക്കുന്നു. നടക്കുമ്പോൾ പത്രം നിവർത്തി ഒന്നോടിച്ചു നോക്കുന്നു. അതാ, എഡിറ്റോറിയൽ പേജിൽ ശ്രീ നായനാരുടെ പടം. പടം

കണ്ടയുടനെ തീരുമാനിച്ചു, അദ്ദേഹം പുതിയ ഏതോ പ്രസ്ഥാനത്തിന് തുടക്കമിട്ടിട്ടുണ്ടെന്ന്.

പടത്തിനോടു ചേർന്ന വാർത്ത വായിക്കാൻ തുടങ്ങിയപ്പോൾ എന്റെ കാലിനടിയിൽനിന്നു ഭൂമി തെന്നിപ്പോകും പോലെ, അക്ഷരങ്ങൾ മങ്ങിമറയും പോലെ. മുന്നിൽ പരന്ന ശൂന്യത. ആ വാർത്ത ആയിരം ഫണമുള്ളൊരു സർപ്പത്തെപ്പോലെ. എന്റെ മർമ്മങ്ങൾ തോറും കൊത്തുന്നു; എന്റെ ബോധമണ്ഡലം മുഴുവനും ഇരുട്ടു വ്യാപിക്കുന്നു. അലമുറകൊള്ളുന്ന, മൂകതയിൽ മുങ്ങുന്ന അനാഥാലയങ്ങൾ എന്റെ മനസ്സിന്റെ താളം തെറ്റിക്കുന്നു. അവരുടെ ഭാവിയെന്ത്? അവർക്കിനി ആശ്രയമാര്?

അന്നു മാതൃഭൂമി എഴുതിയ മുഖപ്രസംഗത്തിലെ ചെറിയൊരംശം ഇവിടെ കുറിക്കട്ടെ:

“മലബാറിലെ പൊതുജീവിതത്തിന്നു ശ്രീമാൻ വി. ആർ. നായനാരുടെ നിര്യാണംകൊണ്ടുണ്ടായിട്ടുള്ള നഷ്ടം നികത്താനാവാത്ത ഒന്നാണെന്ന് അതിശയോക്തിസ്പർശം കൂടാതെ പറയാം. രാഷ്ട്രനിർമ്മാണപരമായ പ്രസ്ഥാനങ്ങളിൽ അദ്ദേഹം വഹിച്ചിരുന്ന സർവ്വപ്രഥമമായ സ്ഥാനം മലബാറിലെ വിദൂരഗ്രാമങ്ങളിലെ അനഭിജ്ഞ ജനങ്ങൾക്കു കൂടിയും അവരുടെ നിത്യജീവിതത്തിൽ അനുഭവപ്പെട്ടിരിക്കത്തക്കവണ്ണം അത്രയും പ്രകടമാണ്. സദായാസവും സദാ പ്രസന്നവുമായ അദ്ദേഹത്തിന്റെ സരളസ്വഭാവം മലബാറിന്നു ഒരു നേട്ടമായിരുന്നു. ഭാരത സേവാസംഘത്തിന്റെ മലബാർ ശാഖയുടെ ജീവനാഡി, ഹരിജന സേവാസംഘം തുടങ്ങിയ നിർമ്മാണപ്രസ്ഥാനങ്ങളുടെ പ്രമുഖ പ്രവർത്തകൻ, പൊതുജീവിതത്തിന്റെ കാതലായ ഭാഗങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ അതതുകാലത്തു ശേഖരിച്ചുവെക്കുകയെന്ന അനാകർഷകവും വിഷമകരവും, എന്നാൽ അതിപ്രധാനവുമായ പ്രവൃത്തിയിൽ പ്രത്യേകവൈദഗ്ദ്ധ്യം നേടിയ രാജ്യസേവകൻ, എല്ലാറ്റിലും ഉപരിയായി ഏറ്റവും ഹൃദയാലുവായ ഒരു മനുഷ്യൻ—ഇതായിരുന്നു ശ്രീ വി. ആർ. നായനാർ. സ്വാർത്ഥസുഖങ്ങളെ സംബന്ധിച്ചേടത്തോളം അദ്ദേഹം മിക്കവാറും ഒരു യോഗിയായിരുന്നു…”

— 36 —

## പോലീസ് വേട്ട

അകാലത്ത് വഴിവിളക്കു പൊലിഞ്ഞു. വഴിനീളെ ഇരുട്ടു പരന്നു. ഒരു കൈത്തിരി കൊളുത്തി കാണിക്കാൻപോലും ആരും മുമ്പോട്ടു വന്നില്ല. കഴിവുറ്റ വ്യക്തികളും സ്ഥാപനങ്ങളും ഇല്ലാഞ്ഞിട്ടല്ല. ഏറ്റെടുക്കേണ്ട ചുമതലയുടെ മഹാഭാരം തോളിലേറ്റാനുള്ള ഭയം; വൈമനസ്യം.

നാഥന്റെ വേർപാടിൽ അനാഥാലയങ്ങളും സൗജന്യ വൈദ്യസഹായ കേന്ദ്രങ്ങളും മാതൃകാ വിദ്യാലയങ്ങളും അനാഥങ്ങളായ കൂട്ടത്തിൽ എന്റെ ജീവിതവും അനാഥമായെന്ന തോന്നൽ. കൂടു തകർന്ന പറവക്കുഞ്ഞുങ്ങൾ ആർത്തനാദത്തോടെ പലവഴി പറന്നു. അപ്പോൾ ഒരമ്മ ഫ്ലോറൻസ് നൈറ്റിംഗേലിനെപ്പോലെ മക്കളെ വാരിപ്പുല്കാനും ഓമനിച്ചുവളർത്താനും മനക്കരുത്തോടെ മുമ്പോട്ടുവന്നു; മിസ്സിസ് നായനാർ! മക്കളെ പ്രസവിക്കാത്ത അമ്മ. കെട്ടിവെപ്പോ ബാങ്ക് ബാലൻസോ ഇല്ലാത്ത അമ്മ. ഉദാരമനസ്കരായ ജനങ്ങളിൽ പരിപൂർണ്ണ വിശ്വാസമുള്ള അമ്മ. നായനാരുടെ നിസ്വാർത്ഥ സേവനങ്ങളിൽ ഒരളവോളം പങ്കുവഹിച്ച അമ്മ. പെൺകുട്ടികൾക്കു മാത്രമായി കോഴിക്കോടിനടുത്ത എരഞ്ഞിപ്പാലത്തു സ്ഥാപിച്ചിരുന്ന അനാഥാലയം അവർ ഏറ്റെടുത്തു. അതാണ് 'നായനാർ ബാലികാസദനം'. നായനാർ തുടങ്ങിവെച്ച സ്ഥാപനങ്ങളിൽ ഒരേയൊരെണ്ണം ഇന്ന് അവശേഷിക്കുന്നത് ഈ ബാലികാസദനമാണ്.

1945 മുതൽ '85 വരെ സദനത്തിന്റെ നടത്തിപ്പ് മാതൃകാപരമായി അവർ നിർവ്വഹിച്ചു. ആരംഭകാലത്ത് ഒട്ടേറെ ക്ലേശങ്ങൾ അവർ സഹിക്കേണ്ടിവന്നു. അവരുടെ സഹോദരൻ ശ്രീ വാസുമേനോൻ സദനത്തിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചു. ഇന്നും പ്രവർത്തിക്കുന്നു. ആദർശനിഷ്ഠനായ ഒരു കോൺഗ്രസ് പ്രവർത്തകനായി ജീവിതമാരംഭിച്ച വാസുമേനോൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുകയും ഏറെക്കാലം ജയിലിൽ കിടക്കുകയും ചെയ്തിട്ടുണ്ട്. ഈ സഹോദരീ-സഹോദരന്മാർ ഏകമനസ്സോടെ പ്രവർത്തിച്ചാണ് സദനത്തിലെ അന്തേവാസികളെ അല്ലലും അലട്ടുമറിയാതെ വളർത്തിയത്. അമ്മ അവരോടൊപ്പം ജീവിച്ചു.

ഒപ്പം ഉണ്ണുകയും ഉറങ്ങുകയും ചെയ്തു. ഒടുവിൽ അവർക്കിടയിൽ കിടന്നു തന്നെ എന്നെന്നേക്കുമായി, ചാരിതാർത്ഥ്യത്തോടെ കണ്ണടയ്ക്കുകയുംചെയ്തു.

യാദൃച്ഛികമെന്നു പറയട്ടെ, സദനത്തിന്റെ ഭരണ സമിതി അംഗങ്ങൾ അമ്മയുടെ അഭാവത്തിൽ അവർ ദീർഘകാലം, പ്രശസ്തമായ നിലയിൽ നിർവ്വഹിച്ചുപോന്ന പദവി, ഈ എളിയവനായ എന്നിൽ ഏല്പിക്കുകയാണു ചെയ്തത്. യാദൃച്ഛികമെന്നു പറഞ്ഞത് വെറുതെയല്ല. 1943-ൽ, ശ്രീ നായനാർ ഒരുദിവസം എന്നെ വിളിച്ച് ഒരു ജോലിയേല്പിച്ചു:

"നമുക്ക് പെൺകുട്ടികൾക്കായി ഒരു സദനം വേണം. അനാഥാലയങ്ങളിലെ പെൺകുട്ടികളെയെല്ലാം ഇവിടേക്കു വരുത്താം. എരഞ്ഞിപ്പാലത്ത് ഒരു കെട്ടിടം കിട്ടീട്ടുണ്ട്. നിങ്ങൾ തൽക്കാലം അവിടെ താമസിച്ച് പുതിയ സദനം ആരംഭിക്കണം. അതു ഭംഗിയായി നടത്താൻ വേണ്ടതൊക്കെ ചെയ്യണം."

ശ്രീ നായനാരുടെ നിർദ്ദേശം, അതെന്തായാലും എത്ര വലുതായാലും, സന്തോഷത്തോടെ ഏറ്റെടുക്കുക. ഞാൻ മാത്രമല്ല, എല്ലാവരും അങ്ങനെയാണു ചെയ്തത്. ബാലികാസദനത്തിന്റെ തുടക്കവും അങ്ങനെയായിരുന്നു. കാലാന്തരത്തിൽ അതിന്റെ പ്രവർത്തനത്തിൽ പങ്കുവഹിക്കാനുള്ള സന്ദർഭം ഇന്നിതാ വീണ്ടും വന്നുചേർന്നിരിക്കുന്നു. യാദൃച്ഛികമെന്നല്ലാതെ മറ്റെന്തു പറയാൻ?

പറഞ്ഞുവന്നത് ശ്രീ നായനാരുടെ മരണാനന്തരമുള്ള കാര്യങ്ങളാണല്ലൊ. സ്ഥാപനങ്ങളൊന്നും തുടർന്നു പ്രവത്തിക്കുമെന്നതിനു ലക്ഷണം കണ്ടില്ല. ചുമതല ഏറ്റെടുക്കാൻ വന്നത് കേരളത്തിനു പുറത്തുള്ള ഒരാളായിരുന്നു. അദ്ദേഹത്തിന് ഒന്നിലും താൽപര്യമുള്ളതായി തോന്നിയില്ല. റിക്കാർഡ് പരിശോധിക്കലും, വരവു ചെലവു കണക്കൊപ്പിക്കലും, ഉടനെ അടച്ചുപൂട്ടേണ്ട സ്ഥാപനങ്ങളുടെ സ്ഥിതിവിവരങ്ങൾ ശേഖരിക്കേണ്ട ധൃതിയും മാത്രമേ അദ്ദേഹത്തിൽ കണ്ടുള്ളു. ഇനിയും പിടിച്ചുനില്ക്കുന്നതിലർത്ഥമില്ല. അടച്ചുപൂട്ടുകയെന്ന നശീകരണകർമ്മത്തിൽ പങ്കാളിയാവാൻ വയ്യ. തിരിച്ചു പോകാം. വഞ്ചിയില്ലാത്തതുകൊണ്ട് തിരുനക്കരെത്തന്നെ നില്ക്കേണ്ട ആവശ്യമില്ലല്ലൊ. ഒഴുക്കുനോക്കി തുഴഞ്ഞു കളയാം. പുറപ്പെട്ടേടത്തെത്താം. പിന്നെ ആലോചിച്ചുനിന്നില്ല. തിക്കോടിക്ക് ടിക്കറ്റെടുത്തു.

വണ്ടിയിലിരിക്കുമ്പോൾ അനാഥക്കുട്ടികളെപ്പറ്റി ഓർത്തില്ല; ആദിവാസികൾക്കായുള്ള വിദ്യാലയങ്ങളെപ്പറ്റി ഓർത്തില്ല; സേർവിന്ത്യാ ഡിസ്പെൻസറികളെപ്പറ്റി ഓർത്തില്ല; അവിടെ നിത്യമെന്നോണം ചികിത്സയ്ക്കെത്തിച്ചേരുന്ന പാവപ്പെട്ട നാട്ടിൻപുറക്കാരെപ്പറ്റി ഓർത്തില്ല. ഓർക്കാഞ്ഞതു മനപ്പൂർവ്വമാണ്, ഓർത്തിട്ടു കാര്യമില്ല. എന്നെപ്പോലെ ദുർബ്ബലനായ ഒരാൾ ഓർത്തിട്ടെന്ത്, ഓർക്കാഞ്ഞിട്ടെന്ത്? വിധിപോലെ വരട്ടെയെന്നു കരുതി. അവരെയെല്ലാം മനസ്സിൽ നിന്നു പുറത്താക്കി വാതിലടച്ചാണ് ഞാൻ നാട്ടിലേക്കു പുറപ്പെട്ടത്. അതുകൊണ്ട് എന്നെപ്പറ്റി ചിന്തിക്കാൻ മനസ്സിൽ വേണ്ടുവോളം ഇടം കിട്ടി.

തിരിച്ച വീണ്ടും മാനേജ്മെന്റിന്റെ കീഴിൽ എവിടെയെങ്കിലും കയറിപ്പറ്റണോ? അതോ കടലാസും മഷിയും ശേഖരിച്ച നിരന്തരമായി എഴുത്തു തുടങ്ങണോ? എഴുതി പ്രതിഫലം വാങ്ങി ജീവിക്കാൻ ശ്രമിക്കണോ? വയ്യ; കടലാസിനു ഭയങ്കര ക്ഷാമം. പിന്നെ, എഴുത്തു പണികൊണ്ടു മാത്രം ജീവിച്ചുകളയണമെങ്കിൽ പ്രതിഭ വേണ്ടുവോളമുണ്ടാവണം. അല്പപ്രതിഭയുമായി എഴുതി ജീവിച്ചുകളയാമെന്നു തീരുമാനിച്ചു പുറപ്പെട്ടാൽ കവിതയിലും കഥയിലും നാടകത്തിലുമൊന്നും ഒതുങ്ങിക്കഴിക്കാൻ പറ്റില്ല. ഉഗ്രൻ നോവലുകളുണ്ടാക്കണം. പരത്തി പരത്തി പറയണം. സിനിമാരംഗങ്ങൾ മനസ്സിൽ കണ്ടുകൊണ്ടു ലൈംഗികതയും അടിപിടിയാദികളും ബലാത്സംഗങ്ങളുമൊക്കെ എഴുതിപ്പിടിപ്പിക്കണം. അതിനും വേണം മറ്റൊരുതരത്തിലുള്ള പ്രതിഭ. രണ്ടുമില്ലാത്തവൻ ഞാൻ. എനിക്കങ്ങനെ തോന്നാത്തതു നല്ലവരായ സഹൃദയരുടെ ഭാഗ്യം. ആലോചിച്ചാലോചിച്ചിരിക്കുമ്പോൾ വണ്ടി ഓടുകയായിരുന്നു. ഇടയിലൊരു ശബ്ദം കേട്ടു:

"ചേമഞ്ചേരി."

ജാലകപ്പഴുതിലൂടെ നോക്കി. അതെ, ചേമഞ്ചേരി തന്നെ. സ്വാതന്ത്ര്യസമരചരിത്രത്തിൽ പൊന്നക്ഷരങ്ങളിൽ എഴുതപ്പെട്ട ചേമഞ്ചേരി! ആഗസ്റ്റ് വിപ്ലവത്തെ തുടർന്ന് നാടിനുവേണ്ടി ബലിദാനത്തിനൊരുങ്ങിയ മാധവൻ കിടാവിന്റെയും അപ്പ നായരുടെയും ഉണ്ണി നായരുടെയും തിളക്കമാർന്ന രൂപം മനസ്സിൽ തെളിഞ്ഞു വന്നു. പ്ലാറ്റ്ഫോമിൽ അങ്ങുമിങ്ങും നടക്കുന്ന ആൾക്കൂട്ടത്തിൽ അവരെ തേടിയിട്ടു കാര്യമില്ല. പോലീസുകാരവരെ നിരന്തരമായി വേട്ടയാടുകയാണ്. കിട്ടിയാൽ കൊല്ലും. അത്രയ്ക്കു ശത്രുതയുണ്ട്. ഏറെ നാളായി രാവും പകലും അന്വേഷിച്ചുനടന്നിട്ടു പിടികിട്ടാത്ത പുള്ളികളാണ്. ഭയങ്കമായ കുറ്റംചെയ്ത് ഒളിവിൽ പോയതാണ്. ആഗസ്റ്റ് ഒമ്പതിനാരംഭിച്ച് നാടാകെ പടന്നുപിടിച്ച, രൂക്ഷമായ സമരത്തിന്റെ തിരക്കിൽ, ഒരുനാൾ പ്രഭാതത്തിലുണർന്നപ്പോൾ ചേമഞ്ചേരിയിലെ ജനങ്ങൾ അമ്പരന്നുപോയി. അവരുടെ റെയിൽവേ സ്റ്റേഷനും റജിസ്ട്രാപ്പീസും തലേന്നാൾ രാത്രി അഗ്നിക്കിരയായിരിക്കുന്നു. പോലീസ് വാനുകൾ ഇരമ്പിപ്പായുന്നു. അന്വേഷണം, അറസ്റ്റ്, ചോദ്യം ചെയ്യൽ. മാധവൻ കിടാവും അപ്പനായരും ഉണ്ണിനായരുമെന്ന ത്രിമൂർത്തികളെ മാത്രം പിടി കിട്ടിയില്ല. അവരുടെ പൊടിപോലും പോലീസിനു കണ്ടെത്താൻ കഴിഞ്ഞില്ല. പോലീസിനു വാശി, മാനക്ഷയമേറ്റതിലുള്ള പക. തളരാത്ത അന്വേഷണം. ഈ ബഹളത്തിനിടയിലും പറന്നു നടക്കുന്ന പോലീസിന്റെ കണ്ണുവെട്ടിച്ച്, കാണേണ്ടവരെ കാണുകയും മുറപോലെ കാര്യങ്ങൾ നടത്തുകയും ചെയ്തു കൊണ്ട് മൂവരും ആവശ്യമെന്നു തോന്നുന്ന സ്ഥലങ്ങളിലൊക്കെ അവരുടെ സാന്നിദ്ധ്യംകൊണ്ട് ആവേശം നല്കാറുമുണ്ടായിരുന്നു.

ചേമഞ്ചേരി റെയിൽവേ സ്റ്റേഷന്ന് അല്പമകലെ തെക്കുപടിഞ്ഞാറായി കിടക്കുന്ന ഒരു കുന്നുണ്ട്; പൊന്തോട്ടുകുന്ന്. കുന്നിനൊരൈതിഹ്യമുണ്ട്: മഹാവിഷ്ണുവിന്റെ ദ്വിതീയാവതാരം, കൂർമ്മാവതാരം. എല്ലാ അവതാരങ്ങൾക്കും അതതിന്റേതായ നല്ലൊരു ലക്ഷ്യമുണ്ടല്ലോ. ആ ലക്ഷ്യം നിറവേറുന്നതോടെ അവതാരകാലം

അവസാനിക്കുന്നു. അതുപോലെ അവതാരലക്ഷ്യം സാധിച്ച ഭഗവാൻ വൈകുണ്ഠത്തിലേക്കു മടങ്ങുമ്പോൾ. തന്റെ പുറന്തോട്ട്, ഊരി സമുദ്രതീരത്തു നിക്ഷേപിക്കുന്നു. അങ്ങനെ നിക്ഷേപിച്ച പുറന്തോടാണ് പിൽക്കാലത്ത് പൊൻതോട്ടം പൊന്തോടുമായി പരിണമിച്ചത്. ഭഗവാനിതു ചേമഞ്ചേരി നിക്ഷേപിക്കാൻ കാരണമെന്തെന്നു ചോദിച്ചാൽ എന്റെ കൈയിൽ മതിയായ വിശദീകരണമില്ല. എന്നല്ല, ഈ കുന്നിനെപ്പറ്റി പറഞ്ഞതും എതിഹ്യം വിവരിച്ചുതന്നതും കുഞ്ഞിരാമൻ കിടാവാണ്; കേളപ്പജിയുടെ മകൻ.

ഗോപാലപുരത്തു താമസിക്കുന്ന കാലം. കുന്നിന്റെ കിഴക്കെ ചരുവിലാണ് കേളപ്പജിയുടെ വീട്. പടിഞ്ഞാറെ അറ്റത്ത് എന്റെ പാർപ്പിടവും. അതിനടുത്തുള്ള ഗേറ്റ് കടന്നാണ് കേളപ്പജിയും കുഞ്ഞിരാമൻ കിടാവുമൊക്കെ കുന്നിൻപുറത്തുള്ള വീട്ടിലേക്കു പോകുന്നത്. അന്നൊരു ദിവസം കിടാവു വീട്ടിൽ വന്നു രസകരമായൊരു സംഭവം വിവരിച്ചു. നേരം രാവിലെ നാലുമണി. നല്ല ഇരുട്ട്. ചേമഞ്ചേരി നിന്നു റെയിലിലൂടെ നടന്നു മൂടാടിക്കു യാത്രയാണു കിടാവ്. കൊയിലാണ്ടി റെയിൽവേസ്റ്റേഷൻ കടന്നു കുറച്ചു മുമ്പോട്ടു നീങ്ങിയിരിക്കുന്നു. അപ്പോൾ പിറകിൽ നിന്നു സമൃദ്ധമായ വെളിച്ചം. സ്റ്റേഷനിൽ നിർത്തിയിട്ട ഒരു ഗുഡ്സ് വണ്ടി പുറപ്പെടുകയാണ്. വെളിച്ചം തെളിഞ്ഞപ്പോൾ കിടാവിനു പരിഭ്രമമായി. ആരെങ്കിലും തന്നെ കാണുമോ എന്ന പരിഭ്രമം. ധൃതിയിൽ നടന്നു. അപ്പോൾ റെയിലിലൂടെ തനിക്കഭിമുഖമായി രണ്ടാളുകൾ നടന്നുവരുന്നു.

"ആരെടാ അത്?"

കനപ്പെട്ട ചോദ്യം. കിടാവ് അറിയാതെ ഞെട്ടി. രണ്ടു പോലീസ് ആപ്പീസർമാരാണു വരുന്നത്. തന്നെ പിടിക്കുന്നതിലോ ജയിലിലയയ്ക്കുന്നതിലോ പരിഭ്രമമില്ല. തന്റെ തലയിൽ ഒരു ഭാണ്ഡമുണ്ട്. അതു പോലീസിന്റെ കൈയിൽ അകപ്പെടുന്നതബദ്ധം. അധികനേരം ആലോചിക്കാൻ സമയമില്ല. കിടാവൊരു ശുദ്ധ പാവത്താൻ സ്വരത്തിൽ മറുപടി പറഞ്ഞു:

"ഞാനാണേ!"

"എവിടെ പോന്നെടാ ഈ നേരത്ത്?"

"പയ്യോളി ചന്തയിലേക്കാണേ!"

"എന്തടാ തലയിലൊരു ഭാണ്ഡം?"

"ഇതു നാലു തോർത്തുമുണ്ടാണേ! നേരത്തെ ചന്തയിലെത്തി ഇതു വിററിട്ടു വേണം..."

"മതിമതി. ഇനി അസമയത്ത് ഈ വഴിക്കൊന്നും കാണരുത്. കണ്ടാൽ ചവുട്ടി എല്ലു ഞാനൊടിക്കും. ഉം...പോയ്ക്കോ."

സമ്മതം കിട്ടേണ്ട താമസം കിടാവ് ധൃതിപിടിച്ചു നടന്നു. തലയിലെ ഭാണ്ഡക്കെട്ടിൽ 'സ്വതന്ത്രഭാരത'ത്തിന്റെ പ്രതികളായിരുന്നു. സ്വാതന്ത്ര്യസമരഭടന്മാർക്കുള്ള നിർദ്ദേശങ്ങളും സമരതന്ത്രങ്ങളുമെല്ലാം രഹസ്യമായി അച്ചടിച്ച് വിതരണം ചെ

യ്യുന്ന പത്രം. ആ പത്രം വാങ്ങുന്നതും വായിക്കുന്നതും സൂക്ഷിക്കുന്നതും ഗവണ്മെന്റ് നിരോധിച്ചിരുന്നു. അന്ന് അങ്ങനെ അദ്ഭുതകരമാംവിധം രക്ഷപ്പെട്ടതുകൊണ്ട് 'സ്വതന്ത്രഭാരത'ത്തിന്റെ ചരിത്രം കിടാവിൽനിന്നുതന്നെ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു.

തുടക്കത്തിൽ 'സ്വതന്ത്രഭാരത'ത്തിന്റെ എഡിറ്റിങ്ങും പ്രസിദ്ധീകരണവും ഏറ്റെടുത്തു നടത്തിയതിൽ പ്രധാന പങ്കുവഹിച്ചത് ശ്രീ വി. എ. കേശവൻനായരും എൻ. വി. കൃഷ്ണവാരിയരുമായിരുന്നു. കുടകിലൊരു പ്രസ്സിൽനിന്നാണ് മുദ്രണം ചെയ്തത്. ആരും അറിയാതെ. പ്രസ്സിലുള്ളവർക്ക് മലയാളലിപിയോ ഭാഷയോ അറിയാത്തതുകൊണ്ട് ആർക്കും ഒരു സംശയത്തിനുമിടയില്ലാതെ പത്രം മുറയ്ക്കു പുറത്തിറങ്ങി. പക്ഷേ, ഏറെ താമസിയാതെ ഒറ്റുകൊണ്ടോ, പ്രസ്സിൽ മുദ്രണത്തിന്റെ ചുമതലയേറ്റ ആളുടെ അശ്രദ്ധകൊണ്ടോ പോലീസിന്റെ പിടിയിൽ അകപ്പെടുകയാണുണ്ടായത്. അതോടെ പത്രം നിലച്ചില്ല. പിന്നീടുള്ള ചുമതല ഏറ്റെടുത്തതു കിടാവാണ്. മാധവൻകിടാവിന്റെയും ഉണ്ണിനായരുടേയും അപ്പനായരുടേയും സഹായസഹകരണത്തോടെ ചേമഞ്ചേരിയിലാണു പത്രത്തിന്റെ പ്രവർത്തനം പിന്നെ നടന്നത്. ത്രിമൂർത്തികളുടെ സംരക്ഷണയിലായതുകൊണ്ടു പോലീസിനെ ഭയപ്പെടേണ്ടതില്ല. ഏതു വഴിക്ക്, എങ്ങനെ പോലീസ് വന്നാലും മുൻകൂട്ടി വിവരം കിട്ടാനുള്ള സംവിധാനം അവിടെയുണ്ടായിരുന്നു. അവിടെ ഒറ്റുകാരില്ല. എതിരാളികൾ വല്ലവരും ഉണ്ടെങ്കിൽത്തന്നെ പ്രത്യക്ഷത്തിലെന്തെങ്കിലും പ്രവർത്തിക്കാനവർക്കു ധൈര്യവുമില്ല. അങ്ങനെ പ്രവർത്തനം സുഗമമായി നടന്നുവരവേ, പോലീസിന്റെ ചാരദൃഷ്ടി ചേമഞ്ചേരിയിൽ ഒരു കറുത്ത പുള്ളി കണ്ടെത്തുന്നു. ദീർഘകാലമായി ഒളിപ്രവർത്തനം നടക്കുന്ന സ്ഥലമാണ്. ലാഘവബുദ്ധിയോടെ നേരിടാൻ പറ്റില്ല. വമ്പിച്ച സന്നാഹത്തോടെ തന്നെ പുറപ്പെടണം. പോലീസ് പക്ഷത്ത് അതിനുള്ള ഒരുക്കങ്ങളാണു നടന്നത്.

ഏറെ താമസിച്ചില്ല. ഒരുനാൾ അർദ്ധരാത്രി റോഡുവഴിയും റയിൽവഴിയും. വലിയൊരു പടതന്നെ എല്ലാ സജ്ജീകരണങ്ങളോടും കൂടി പുറപ്പെട്ടു. ആർക്കും വഴതിമാറാനോ ചോർന്നുപോകാനോ പഴുതനുവദിക്കാത്ത വിധം പോലീസ് സേന മുന്നേറി. പകലത്തെ ക്ലേശകരമായ ജോലി കഴിഞ്ഞു കൂട്ടുകാർ താവളത്തിൽ കിടന്നുറങ്ങുകയാണ്. നാലു ഭാഗത്തുനിന്നും പോലീസ് അടിവെച്ചടുക്കുന്നു. വീടുകളായ വീടുകളിൽ നിന്നെല്ലാം നായ്ക്കൾ കുരച്ചു ലഹളകൂട്ടാൻ തുടങ്ങി. അപകടം മണത്തറിഞ്ഞ കൂട്ടുകാർ കുഞ്ഞിരാമൻ കിടാവിനെ വിളിച്ചുണർത്തി വിവരം പറഞ്ഞു. ഉടനെ പുറപ്പെടണം. മുദ്രണം ചെയ്ത പത്രങ്ങളും പ്രസ്സും കിടക്കപ്പായയിൽ കെട്ടിയെടുത്തു നാലു പേരും പുറപ്പെട്ടു. എവിടേക്കാണെന്നു കുഞ്ഞിരാമൻ കിടാവിന് ഒരു രൂപവുമില്ല. മാധവൻകിടാവും കൂട്ടുകാരും ആ കൂരാക്കൂരിരുട്ടിൽ മുൻനടന്നു വഴികാട്ടി. ഭാരം ചുമന്നുകൊണ്ടു കല്ലും മുള്ളും ഇല്ലിപ്പടർപ്പും നിറഞ്ഞ വഴിയിലൂടെ അവർ പൊന്തോട്ടുകുന്നിലെത്തി. കുന്ന് അവർക്ക് അഭയം നല്കി. അവിടെ ഇരുന്നുകൊണ്ട് പോലീസുകാർ വീടുകൾ പരിശോധിക്കുന്നതും ആളുകളെ ഭേദ്യം ചെയ്യുന്നതും അവർ കണ്ടു. നി

രാശതയോടെ, കോപത്തോടെ, ആരേയും കിട്ടാതെ, ഒന്നും സാധിക്കാതെ പോലീസ് സംഘം തിരിച്ചുപോയപ്പോൾ അവർ കുന്നിറങ്ങി കടപ്പുറത്തേക്കു നടന്നു. വഞ്ചിയിൽ ചുമടിറക്കി. അവർ തണ്ടുവലിച്ചു. അപ്പനായരും കൂട്ടുകാരും പലപ്പോഴും പോലീസിന്റെ പിടിയിൽ നിന്നു രക്ഷപ്പെടാൻ അറബിക്കടലിനെയാണാശ്രയിച്ചത്.

മറ്റേതോ ഒരു യുഗത്തിൽ ഭഗവാൻ നിക്ഷേപിച്ച പുറന്തോട് ഒരു ഐതിഹ്യമായി ഇന്നോളം നിലനിന്നു. ഇന്നാവട്ടെ സ്വാതന്ത്ര്യം നേടാനുള്ള മഹായജ്ഞത്തിൽ പങ്കാളികളായ, പരമധീരരായ, ഏതാനും യുവാക്കൾക്ക് എതിരാളികളുടെ ആയുധം തടുക്കാനുള്ള പരിച പോലെ ആ പുറന്തോട് നിന്നുകൊടുത്ത കഥയും നമ്മൾ കേട്ടു. ഇനി നൂറ്റാണ്ടുകൾ പൊഴിഞ്ഞു പൊഴിഞ്ഞു വീഴുമ്പോൾ, കാലം കടന്നു കടന്നു പോകുമ്പോൾ പൊന്തോടുകുന്നെന്ന ഈ കർമ്മസാക്ഷി ആർക്കൊക്കെ എന്തിനൊക്കെ അഭയം കൊടുക്കുമെന്നാരറിഞ്ഞു?

— 37 —

# ഉദയാസ്തമയങ്ങൾ

വീണ്ടും എന്റെ ഗ്രാമത്തിൽ, എന്റെ വീട്ടിൽ. ശ്രീ നായനാരുടെ അകാലവിയോഗമേല്പിച്ച ആഘാതത്തിൽനിന്നു എനിക്കു മുക്തി നേടാൻ കഴിയുന്നില്ല. വിരസങ്ങളായ ദിവസങ്ങൾ എങ്ങനെയോ തള്ളിനീക്കുന്നു. പഴയ കൂട്ടുകാരെ പലരേയും കാണാനില്ല. ചിലർ പട്ടാളത്തിലാണ്. മറ്റു ചിലർ ജീവിത പ്രാരബ്ധങ്ങളുമായി മല്ലടിച്ചു കഴിയുന്നു. പഴയ ഒത്തുചേരലോ ചർച്ചയോ ശീട്ടുകളിയോ ഒന്നുമില്ല. പൊതുവിൽ ഗ്രാമം തന്നെ പാതി മരിച്ച മട്ടിലാണ്. അവശ്യവസ്തുക്കൾക്കു ഭയങ്കരക്ഷാമം. റേഷൻകടകൾക്കു മുമ്പിൽ അമ്മമാരും പെണ്ണുങ്ങളും ഭജനമിരിക്കുന്നു. ഓരോ ആഴ്ചയും ഭക്ഷ്യവിതരണം ഓരോ മട്ടിലാണ്. ചിലപ്പോൾ ആഴ്ചയിൽ നാലുദിവസം. മൂന്നു ദിവസമായി ചുരുങ്ങുന്ന സന്ദർഭങ്ങളും വിരളമല്ല. ആഴ്ചയിലെ ഏഴു ദിവസങ്ങൾക്കു മുഴുവനായും റേഷൻ കിട്ടാറില്ല. പന്ത്രണ്ട് ഔൺസ് അരിയെന്നു റിക്കാർഡിൽ കാണും. അതു പലപ്പോഴും ആറായി ചുരുങ്ങുകയും ശിഷ്ടമുള്ള ആറ് ഔൺസ് വടക്കുനിന്ന് ഇറക്കുമതിചെയ്യുന്ന അതിവിചിത്രമായ പേരോടുകൂടിയ ധാന്യങ്ങൾകൊണ്ടു തികയ്ക്കുകയും ചെയ്യും. ഈ ധാന്യങ്ങളെക്കുറിച്ചു ഗ്രാമത്തിലെ ഒരു കാരണവർ ഒരു കഥ പറഞ്ഞു:

കാരണവർ റേഷൻകടയിൽ അല്പം വൈകിച്ചെന്നതുകൊണ്ട് അരി കലാശിച്ചിരിക്കുന്നു. കാരണവരാണെങ്കിൽ അരിക്കു പുറമെയുള്ള വസ്തുക്കളൊന്നും വാങ്ങാറില്ല. 'കടിക്കുന്ന പട്ടിയെ ആരെങ്കിലും വിലയ്ക്കു വാങ്ങാറുണ്ടോ' എന്നാണു കാരണവരുടെ ചോദ്യം. അരി തീർന്നുപോയെന്നു കേട്ട് കാരണവർ അന്തംവിട്ടു. ഒരു നേരമെങ്കിലും വയറിലേക്കെന്തെങ്കിലും എറിഞ്ഞുകൊടുക്കാതെ പറ്റുമോ? മനുഷ്യന് എല്ലാറ്റിലും വലുതു വിശപ്പല്ലേ? അതിനുപശാന്തി കണ്ടില്ലെങ്കിൽ മരിച്ചുപോവില്ലേ? മഹായുദ്ധത്തേയും യുദ്ധത്തിൽ മുൻകൈയെടുത്തു പ്രവർത്തിക്കുന്ന പേരറിഞ്ഞുകൂടാത്ത ദുഷ്ടന്മാരേയും കഠിനമായി ശപിച്ചുകൊണ്ടു കാരണവർ സഞ്ചിയും പണവും റേഷൻകാർഡും കൊടുത്തു. എന്താണ് അളന്നു സഞ്ചിയിലിടുന്നതെന്നു നോക്കിയതേയില്ല. കിട്ടിയതും കൊണ്ടു വീട്ടിലേക്കു മടങ്ങി. ബജ്റയാണോ സൂജി

യാണോ ഗോതമ്പാണോ ഒന്നുമറിഞ്ഞുകൂടാ. അറിഞ്ഞു കൂടാത്ത വസ്തുവായതുകൊണ്ട്, ദോശചുടാൻ അടുക്കളയിലേക്കു വിളിച്ചുപറഞ്ഞു. കാരണവർ വിശന്ന വയറുമായി അക്ഷമയോടെ ദോശയ്ക്കു വേണ്ടി കാത്തിരുന്നു. അടുക്കളയിൽ വറക്കലും ഇടിക്കലും ഘോഷം. ഒടുവിൽ ഒട്ടു താമസിച്ചാണെങ്കിലും ദോശ മുമ്പിലെത്തി. വിശപ്പിന്റെ കാഠിന്യംകൊണ്ടു കിട്ടിയ പാടെ കാരണവർ ഒരു കഷണം പറിച്ചെടുത്തു വായിൽ തിരുകി. കാർണവർ പറഞ്ഞതാണ്:

"ഥൂ! അശ്രീകരം. വായിലിട്ടു കടിച്ചപ്പം പല്ല് ദോശയിൽ കുരുങ്ങി. ആകെ മൊത്തം അഞ്ചാറു പല്ലേ വായിലവശേഷിച്ചിട്ടുള്ളൂ. അതാണു ദോശയിൽ കുടുങ്ങിപ്പോയത്. എത്ര ശ്രമിച്ചിട്ടും പല്ലു വിടുർത്താൻ കഴിയുന്നില്ല. മെഴുകുപോലൊരു വസ്തു. ചവയ്ക്കുമ്പോൾ അതു റബ്ബറാവുന്നു. ഓ! പ്രാരബ്ധം. എന്തിനു പറയുന്നു. ഒരു കണക്കിനു കഷ്ടപ്പെട്ടു പുറത്തേക്കു വലിച്ചെടുത്തു മുറ്റത്തേക്കെറിഞ്ഞു. ഒപ്പം മുമ്പിലുള്ളതും. വിശന്നു മരിച്ചാൽ മരിക്കട്ടെ. ഈ ചവച്ചാൽ ചവയാത്ത വസ്തു വയറ്റിലേക്കു പോണ്ടാ. പോയാ വശക്കേടാവും. എന്താ ഇനി വഴീന്നാലോചിച്ചിരിക്കുമ്പം അതാ വരുന്നു, ഒരു കാക്ക. അതു പാറി മുറ്റത്തുവീണു. ദോശയും കൊത്തി പറക്കുന്നു. പ്ലാവിൻ കൊമ്പിൽ ചെന്നിരിക്കുന്നു. പിന്നെ കാക്കേടെ മരണക്കളിയാണ്. ദോശ കൊക്കിൽ കുടുങ്ങി. വിടുന്നില്ല. മരക്കൊമ്പിൽ വെച്ചടിച്ചു. നഖം കൊണ്ടു മാന്തിപ്പൊളിച്ചു. ദോശ കൊക്കിൽത്തന്നെ. ഒടുവിൽ ഏറെനേരത്തെ അദ്ധ്വാനത്തിനു ശേഷം ദോശ കൊക്കിൽനിന്നു വേർപെടുന്നു. താഴെ വീഴുന്നു. കാക്ക പ്രാണനും കൊണ്ടു പറന്നുപോകുന്നു. പിന്നെ ഇന്നോളം ആ കാക്ക എന്റെ തൊടിയിൽ വന്നിട്ടില്ല. ദോശ ആ കിടപ്പിൽ കിടന്നു വളരെക്കാലം. ഒരു പ്രാണിയും തൊട്ടില്ല."

കാരണവർ കഥ പറഞ്ഞവസാനിപ്പിച്ചപ്പോൾ കേട്ടുനിന്നവരാരും ചിരിച്ചില്ല. അവരെല്ലാവരും റേഷൻവസ്തുക്കളുടെ കൊടുംശാപമനുഭവിക്കുന്നവരാണ്. മാത്രമല്ല, കളിയും ചിരിയും മറന്നപോലെയായിരുന്നു എന്റെ ഗ്രാമം. കാരണവരുടെ കഥയിൽ അതിശയോക്തിയുണ്ടാവാം! പക്ഷേ, ആ അതിശയോക്തിക്കു പിറകിൽ പൊള്ളുന്ന ഒരു സത്യമുണ്ട്: ഗ്രാമത്തിന്റെ വിശപ്പ്.

ഇടയ്ക്കു ഞാൻ വീട്ടിൽ നിന്നു പുറത്തിറങ്ങും. ഞാൻ കളിച്ചുവളർന്ന, ഓടിനടന്ന സ്ഥലങ്ങളിലൂടെ ലക്ഷ്യമില്ലാതെ ചുറ്റിയലയും. എന്റെ നാവിൻതുമ്പിൽ കുഞ്ഞുനാളിൽ സ്വർണ്ണംകൊണ്ട് ആദ്യാക്ഷരങ്ങൾ കുറിച്ച കുരിക്കളുടെ സ്കൂൾ. ഒരിക്കൽ ഞാനവിടെ അദ്ധ്യാപകനായിരുന്നു. സ്കൂളിന്റെ ഓരം ചേർന്നു നടക്കുമ്പോൾ ഒരു പദ്യശകലം, പതുക്കെ ഒഴുകിവരുമ്പോലെ തോന്നി:

നിന്നെ കൊല്ലാനൊരാൾ വന്നാൽ
നീ വിഷാദിക്കയില്ലയോ?
പരസ്പരസ്നേഹമോടെ
വർത്തിക്കേണ്ടവരാണു നാം.

അത് എന്റെ ശബ്ദമാണോ? ഞാനാണോ ആ പദ്യം ചൊല്ലുന്നത്? ഒരു നിമിഷാർദ്ധത്തിലുദയംകൊണ്ട തെറ്റിദ്ധാരണ. ഒരിക്കൽ, അതുവഴി കടന്നു പോയവർ പലരും എന്റെ ശബ്ദം കേട്ടിരിക്കും. സ്കൂളിന്റെ മുറ്റത്തോടു ചേർന്നു പരന്നുകിടക്കുന്ന കൊച്ചുമൈതാനത്തിന്റെ തെക്കു കിഴക്കേ മൂലയിലുള്ള ആൽത്തറ ഒഴിഞ്ഞു കിടക്കുന്നു. ആരെയും കാണാനില്ല. എന്നും സായങ്കാലത്തിവിടെ കാറ്റുകൊള്ളാനും സൊള്ളാനുമെത്തുന്നവരൊക്കെ എവിടെ? ആൽത്തറയ്ക്കപ്പുറമുള്ള യോഗിമഠത്തിലേക്കു നോക്കി. ആളനക്കമില്ല; വിളക്കില്ല. ഒരു ഗ്രാമം പതുക്കെപ്പതുക്കെ മരിക്കുകയാണല്ലോ. യോഗിമഠത്തിനപ്പുറമായിരുന്നു ഭഗവതീവിലാസം നാടകക്കമ്പനി കെട്ടിയുയർത്തിയ കൊട്ടക. അവിടമിപ്പോൾ, കുറ്റിക്കാട്ടുകൾ വളർന്നു നില്ക്കുന്നു. എങ്ങോ ഒരു മഹായുദ്ധം. അതിന്റെ ദുഷിച്ച മാരകമായ ഫലം ഇഴഞ്ഞിഴഞ്ഞ് എന്റെ ഗ്രാമത്തിലുമെത്തിയിരിക്കുന്നു; സർവ്വസംഹാരത്തിന്.

അങ്ങനെയിരിക്കുമ്പോൾ ഒരുനാൾ ഒരു കൊച്ചു കാറിൽ എന്നെ, അന്വേഷിച്ച് ഒരാൾ വരുന്നു. കോഴിക്കോട്ടുള്ളപ്പോൾ കണ്ടു പരിചയിച്ച മനുഷ്യനാണ്. ഒരു ഇൻഷുറൻസ് കമ്പനിയുടെ. ഇൻസ്പെക്ടർ. അദ്ദേഹം എന്നെ ഉപദേശിച്ചു; ലോകത്തിൽ വെച്ച് ഏറ്റവും ഉൽകൃഷ്ടമായത് ഇൻഷൂറൻസിലെ ജോലിയാണെന്ന് എന്നെ പഠിപ്പിക്കാൻ ശ്രമിച്ചു. ഒരു ഏജന്റാവാൻ നിർബ്ബന്ധിച്ചു. എന്താണ്, എങ്ങനെയാണ് ഇൻഷുറൻസ് ജോലിയെന്നറിഞ്ഞുകൂടാത്ത ഞാൻ അദ്ദേഹത്തിന്റെ ഉപദേശം സ്വീകരിച്ചു. ചുമ്മാ ഇരിക്കുകയല്ലേ, നിർദ്ദോഷമായ ജോലി, ജനസേവനമെന്ന ലക്ഷ്യം, നല്ല വരുമാനം. ഞാൻ ഏജന്റായി. എന്നെ തള്ളപ്പക്ഷി കുഞ്ഞുങ്ങളെ എന്നപോലെ, അദ്ദേഹം പറക്കാൻ പഠിപ്പിക്കുന്നു. സുഹൃത്തുക്കളെ കാണുക, അവരോട്ട് ഇൻഷ്വരൻസിന്റെ ഗുണഗണങ്ങൾ വാചാലമായി സംസാരിക്കുക, വീഴ്ത്തുക, പോളിസി എടുപ്പിക്കുക, പണം വാങ്ങുക, വാങ്ങിയ പണം കമ്പനിക്കയച്ചു കമ്മീഷൻപറ്റുക. ജോലിയിൽ പ്രവേശിച്ച് ഏറെ താമസിയാതെ സംഗതിയുടെ ദുർഘടം പിടിച്ച കിടപ്പു മനസ്സിലായി. താമസിയാതെ മിത്രങ്ങൾ മുഴുവൻ ശത്രുക്കളാകുമെന്നും എന്നെ കാണുമ്പോൾ പരിചയക്കാർ മുഴുവനും ഓടിയൊളിക്കാൻ തുടങ്ങുമെന്നും മനസ്സിലായപ്പോൾ, പതുക്കെ പരുക്കില്ലാതെ കെണിയിൽനിന്നു ഞാൻ തലയൂരി. പിന്നെ ദീർഘകാലം ഞാൻ ഇൻസ്പെക്ടറെ ഒളിച്ചുനടന്നു.

ഇപ്പോൾ കെട്ടിയിട്ട തോണി തള്ളിയപോലാണെന്റെ സ്ഥിതി. എങ്ങോട്ട് എത്ര ഊക്കിൽ തള്ളിയാലും കയറിന്റെ നീളംവരെ ഒഴുകി കെട്ടിയ സ്ഥലത്തേക്കു തന്നെ തോണി തിരിച്ചുവരുന്നു. ഞാനും എന്റെ വീട്ടുവരാന്തയിൽ തിരിച്ചെത്തുന്നു.

അക്കാലത്ത് എന്റെ അയൽപക്കത്ത് ഒരു വക്കീൽ താമസമുണ്ടായിരുന്നു: ശ്രീ പി. കെ. നാരായണൻ നായർ. കോടതിയിലൊന്നും പോകാറില്ല. വെറുതെ ഇരിപ്പാണ്. പരാതിക്കാരായ ഗ്രാമീണർക്കു ഹരജികളെഴുതിക്കൊടുക്കും. പ്രതിഫലമൊന്നും വാങ്ങില്ല. സേവനം. മറ്റു തൊഴിലൊന്നുമില്ല. ഒഴിവുസമയം ധാരാളം. ഞങ്ങൾ എന്നും കാണും. പല കാര്യങ്ങളെപ്പറ്റിയും സംസാരിക്കും. അങ്ങനെ സംസാരിക്കുന്നതിനിടയ്ക്ക് ഒരുദിവസം അദ്ദേഹം പറഞ്ഞു:

“ഒരു ദിനപത്രം തുടങ്ങിയാൽ വേണ്ടില്ലെന്നുണ്ട്.”

“കൊള്ളാവുന്ന സംഗതിയാണ്” ഞാൻ പ്രോത്സാഹിപ്പിച്ചു.

“പരിചയസമ്പന്നനായ ഒരു പത്രാധിപരെ കിട്ടീട്ടുണ്ട്.” അദ്ദേഹം പറഞ്ഞു.

“എം. പി. നാരായണൻ നായർ.”

നാരായണൻനായരെ നന്നായറിയാം. ‘പൗരശക്തി’യിൽ സബ് എഡിറ്ററായിരുന്നു. ‘അമ്പി’ എന്ന തൂലികാനാമത്തിൽ ധാരാളം ഹാസ്യലേഖനങ്ങളെഴുതീട്ടുണ്ട്. ഏറെക്കാലമായി കോഴിക്കോട്ടു താമസമാണ്. പി. കെ. നാരായണൻ നായരും എം. പി. നാരായണൻ നായരും ചേർന്നു ‘ദിനപ്രഭ’യെന്ന ദിനപത്രം ആരംഭിച്ചു. പത്രാധിപ സമിതിയിൽ വി. എം. ബാലചന്ദ്രൻ, മി. മുഹമ്മദ്കുഞ്ഞി, എം. ടി. ബാലകൃഷ്ണൻനായർ, മി. അബ്ദുറഹിമാൻ എന്നിവരോടൊപ്പം ഞാനും അംഗമായിരുന്നു. കോർപ്പറേഷൻ ബസ്സ്സ്റ്റാൻഡ് നിലകൊള്ളുന്ന സ്ഥലത്ത് അന്നു ചെറുതും വലുതുമായ വീടുകളായിരുന്നു. ആര്യവൈദ്യ വിലാസിനി വൈദ്യശാലയുടെ ഉടമയായ, കാളൂർ നീലകണ്ഠൻവൈദ്യരുടെ വക ഒരു മാളികവീടുള്ളത് ദിനപ്രഭയുടെ ഓഫീസിനുവേണ്ടി വിട്ടുതന്നു. ഞാൻ തിക്കോടിയിൽനിന്നു കോഴിക്കോട്ടേക്ക് എന്നും തീവണ്ടിവഴി വരും. തിരിച്ചു പോകും.

എത്രകാലം ‘ദിനപ്രഭ’ നിലനിന്നു എന്നെനിക്കറിഞ്ഞുകൂടാ. സ്വാതന്ത്ര്യസിദ്ധിക്കുശേഷവും കുറേനാൾ ആ പത്രമുണ്ടായിരുന്നു. അവിടെ ജോലിചെയ്യുന്ന കാലത്ത് എനിക്കൊരു കുഞ്ഞു പിറന്നു. അധികം താമസിയാതെ എന്റെ ഭാര്യ മരിക്കുകയും ചെയ്തു. ഒരു സുഖത്തിനൊരു ദുഃഖം; ഒരു നേട്ടത്തിനൊരു നഷ്ടം. പ്രപഞ്ചനീതി അതാണല്ലോ. അതുകൊണ്ട് രണ്ടും ഞാനേറ്റുവാങ്ങി; ഒന്ന്, അത്യാഹ്ലാദത്തോടെ, മറ്റേതു അതീവദുഃഖത്തോടെ. ഭാര്യയുടെ വേർപാടിനുശേഷം ഞാൻ ദിനപ്രഭയിൽ പോയില്ല. പത്രം പിന്നീടേറെനാൾ ജീവിച്ചതുമില്ല.

അന്ന് എന്റെ വിചാരം എന്റെ ഗ്രാമത്തിൽത്തന്നെ ഒതുങ്ങിക്കഴിയണമെന്നായിരുന്നു. കഷ്ടിച്ചു കഴിഞ്ഞുകൂടാനുള്ള വകയുണ്ട്. ഒരു നാടൻ കൃഷിക്കാരനാവുക. ഹോമിയോപ്പതി പഠിച്ചു കുട്ടികളെ സൗജന്യമായി ചികിത്സിക്കാനുള്ള ഏർപ്പാടു ചെയ്യുക. നഗരജീവിതവും അതിന്റെ ആർഭാടവും ധൂർത്തും പൊള്ളത്തരവും അഭിനയവും ഒന്നും വേണ്ട. ഒതുങ്ങിക്കഴിയുക. കഴിവിനൊത്തു മറ്റുള്ളവരെ സഹായിക്കുക. അതായിരുന്നു ചിന്ത. അതിനുവേണ്ടി ചില്ലറ ഒരുക്കങ്ങൾ ചെയ്യുന്ന തിരക്കാണു പിന്നെ. വീട്ടിനടുത്തു പാടത്ത് ഒരു അരയേക്കർ സ്ഥലം വാങ്ങി. അതിനോടു തൊട്ടു തറവാട്ടുഭാഗത്തിൽ കിട്ടിയ ഒരു പുരയിടം കൈവശപ്പെടുത്തുകയും ചെയ്തു. എനിക്കും എന്റെ മകൾക്കും ചെലവിനുള്ള നെല്ലു പാടത്തു കൃഷിചെയ്തെടുക്കാം. പുരയിടത്തിൽനിന്നു കിട്ടുന്ന വരുമാനംകൊണ്ടു മറ്റു കാര്യങ്ങൾ നിവൃത്തിക്കുകയും ചെയ്യാം. ഒരു ചെറിയ കെട്ടിടം വെക്കണം. അവിടെ കുട്ടികളുടെ സൗജന്യചികിത്സയ്ക്കുള്ള സൗകര്യം ഉണ്ടാക്കുക.

ഏവം മൊട്ടിനകത്തിരുന്നളി

മനോരാജ്യം തുടർന്നീടവേ
ദൈവത്തിൻ മനമാരു കണ്ടു
പിഴതാൻ ദന്തീന്ദ്രനപ്പത്തിനീം.

കോഴിക്കോട്ടുനിന്നു കുഞ്ഞപ്പേട്ടന്റെ ഒരു കത്തു വരുന്നു. അതിന്റെ ഉള്ളടക്കം ഇങ്ങനെയായിരുന്നു:

"കത്തു കിട്ടിയ ഉടനെ, താമസിക്കരുത്, ആകാശവാണിയിൽ ചെന്നു കോന്നിയൂർ ആർ. നരേന്ദ്രനാഥൻനായരെ കാണുക. അമാന്തിക്കരുത്. അടിയന്തരമാണ്."

കത്തെഴുതിയതു കുഞ്ഞപ്പേട്ടനാണ്. സംഗതി എന്തായാലും അനുസരിക്കുകയേ നിവൃത്തിയുള്ളൂ. എന്താണെന്നന്വേഷിക്കാൻ മിനക്കെട്ടില്ല. ഞാൻ കോഴിക്കോട്ടു പോകാനും കോന്നിയൂർ ആർ. നരേന്ദ്ര നാഥനെ കാണാനും തീരുമാനിച്ചു.

— 38 —

# ആകാശവാണിയിലെ എഴുത്തുതൊഴിലാളി

ആകാശവാണിയുടെ കോഴിക്കോട്ടു കേന്ദ്രം പെറ്റുവീഴുന്നതു 1950 മെയ് മാസത്തിലാണല്ലോ. കുഞ്ഞപ്പേട്ടന്റെ കത്തു കിട്ടുന്നത് അതേവഷം സെപ്റ്റംബർ മാസത്തിലും. കത്തിൽ സൂചിപ്പിച്ച കോന്നിയൂർ ആർ. നരേന്ദ്രനാഥൻനായരെ ഒരിക്കൽ കണ്ടു പരിചയിച്ചിട്ടുണ്ട്. സെപ്റ്റംബർ 13-ാം തീയതി. കൃത്യമായി ഓർക്കാൻ കാരണം അന്ന് സഞ്ജയന്റെ ചരമദിനമായിരുന്നു. സഞ്ജയനെക്കുറിച്ച് ഒരു പ്രഭാഷണം തയ്യാറാക്കി ആകാശവാണിയുടെ കോഴിക്കോട്ടു കേന്ദ്രത്തിൽ എത്തണമെന്ന് എനിക്കൊരു ഉത്തരവു കിട്ടുന്നു. ഉത്തരവിൻപടി ഞാൻ സംഗതി തയ്യാറാക്കി കേന്ദ്രത്തിലെത്തുന്നു. ശ്രീ കോന്നിയൂരാണ് എന്നെ വിളിച്ചു സ്റ്റുഡിയോവിൽ കൊണ്ടുപോയതും പ്രഭാഷണം വായിച്ച് സമയ പരിധിയിൽ ഒതുക്കിനിർത്താനുള്ള രീതികളും മറ്റും മനസ്സിലാക്കിച്ചുതന്നതും. പ്രക്ഷേപണവിഷയത്തിൽ എന്റെ ആദ്യ ഗുരു ശ്രീ കോന്നിയൂരാണോ? തറപ്പിച്ചു പറയാൻ വയ്യ. സ്വാതന്ത്ര്യ ലബ്ധിയെത്തുടർന്ന് മദിരാശിയിലെ 'വാനൊലി' കേന്ദ്രം മലയാളികൾക്കും അല്പസ്വല്പമൊക്കെ പ്രക്ഷേപണ സൗകര്യം ചെയ്തുകൊടുക്കണമെന്ന നിർദ്ദേശം ഉണ്ടായി. അന്നു മലയാളികൾക്കു സ്വന്തമായി പ്രക്ഷേപണ കേന്ദ്രമുണ്ടായിരുന്നില്ല. പുതിയ നിർദ്ദേശപ്രകാരം അവിടെയും ഇവിടെയും കിടക്കുന്ന ചില മലയാളികളെ പ്രക്ഷേപണത്തിനുവേണ്ടി മദിരാശി നിലയം ക്ഷണിക്കാറുണ്ട്. കൂട്ടത്തിൽ ഒരു ക്ഷണം എനിക്കും കിട്ടി, ശരിക്കും പറയേണ്ടത് നറുക്കു വീണെന്നാണ്. അത് 1948-ലായിരുന്നു. പ്രഭാഷണവിഷയം 'എന്നെ ഏറ്റവും ചിരിപ്പിച്ച നിമിഷങ്ങൾ'.

നിമിഷങ്ങൾ പെറുക്കിക്കൂട്ടി മാല കൊരുത്ത് ആ മാലയും കൊണ്ടു ഞാൻ മദിരാശിയിലെത്തി. അന്വേഷിച്ചുപിടിച്ച് നിലയം കണ്ടെത്തുന്നു. അപ്പോൾ സത്യത്തിൽ അല്പം പരിഭ്രമിക്കാതിരുന്നില്ല. എന്താണ്, എങ്ങനെയാണ് പ്രക്ഷേപണമെന്ന് ഒരു പിടിയുമില്ല. ഈ പ്രക്ഷേപണമെന്നു പറയുന്നത് വല്ല വലിയ ഗോപുരത്തിന്റെ മുകളിലും കേറിനിന്ന് ഉറക്കെ പാടുകയായിരിക്കുമോ, വായിക്കുകയായിരിക്കുമോ? അങ്ങനെ വിചാരിക്കാൻ എന്നെ സംബന്ധിച്ച ചില ന്യായങ്ങളൊക്കെയു

ണ്ട്. എന്റെ ജന്മദേശത്തൊരു ദീപസ്തംഭമുണ്ട്. സാമാന്യം ഭേദപ്പെട്ട സ്തംഭം. രാത്രി മുഴുവൻ അത് കറങ്ങിക്കൊണ്ടിരിക്കും. അവിടെ ഞാൻ പോയിട്ടുണ്ട്. സ്തംഭത്തിൽ കയറീട്ടുമുണ്ട്. എനിക്കും കിട്ടണം പണം എന്നു പറഞ്ഞിട്ടില്ല. അതു കത്തിക്കുന്നതും തിരിക്കുന്നതും സമൃദ്ധമായ വെളിച്ചം ചുറ്റും പ്രസരിപ്പിക്കുന്നതും ലൈറ്റ് കീപ്പർമാരാണ്. പ്രക്ഷേപണമെന്നു പറയുന്നത് അങ്ങനെ വല്ല ഏർപ്പാടുമായിരിക്കുമോ? ആണെങ്കിൽത്തന്നെ വളരെയേറെ പരിഭ്രമിക്കാനില്ല. ദീപസ്തംഭത്തിൽ പലകുറി കേറീട്ടുണ്ട്. തല ചുറ്റീട്ടില്ല.

മദിരാശിയിലെ വാനൊലി നിലയത്തിൽ എത്തി സന്ദർശകമുറിയിൽ കയറി ഇരിപ്പുറപ്പിച്ചു. ഒരു ശിപായി കൂട്ടിക്കൊണ്ടുപോയി ഇരിക്കാൻ പറഞ്ഞതുകൊണ്ടു മാത്രം ഇരുന്നതാണ്. അപ്പോ! എന്തൊരു സന്ദർശകമുറി! എന്തെല്ലാം അലങ്കാരങ്ങൾ! സിംഹാസനങ്ങളെ വെല്ലുന്ന കസേരകൾ. മിനുമിനുങ്ങനെ മിന്നുന്ന 'പൂപ്പാത്രങ്ങൾ' പൊന്നു കൊണ്ടാണെന്നു തോന്നിക്കുംവിധം തിളങ്ങുന്ന 'വെണ്ണീർ പാത്രങ്ങൾ' (ആഷ് ട്രേ). ഒന്നും പറയണ്ടാ, തിക്കോടിക്കാരൻ വിയർത്തുകുളിച്ച് വിവശനായി സിംഹാസനങ്ങളൊന്നിൽ 'ഇരുന്നു—എന്നാൽ ഇരുന്നില്ല' എന്നമട്ടിൽ എന്താ പറയേണ്ടത്, ആ സിംഹാസനത്തിനു ചേർന്നത് സംസ്കൃതമാണ്— ഉപവിഷ്ടനായി.

രാത്രി ഏഴേമുക്കാലിനോ മറ്റോ ആണ് പ്രക്ഷേപണം. സ്വല്പം പരിഭ്രമിച്ചതുകൊണ്ട് നേരത്തെ കേറി സ്ഥലം പിടിച്ചതാണ്. കോടതിയിലെപ്പോലെ വല്ല ഹാജരുവിളിയോ മറ്റോ ഉണ്ടെങ്കിൽ ആളെ കാണാതെ പോയാൽ അപകടമല്ലേ എന്ന ചിന്തകൊണ്ടാണു നേരത്തെ കേറിപ്പറ്റിയത്. അവിടെ ചുമ്മാ ഇരിക്കുമ്പോൾ മനുഷ്യജീവിതത്തിന്റെ ഓരോരോ അന്തേല്ലായ്മകളെപ്പറ്റി ഓർക്കുകയായിരുന്നു.

കുട്ടിക്കാലത്തു 'പെട്ടിപ്പാട്ട്' വന്നിട്ടുണ്ടെന്നു കേട്ട് അതു കാണാൻ കുറെയേറെ ബുദ്ധിമുട്ടീട്ടുണ്ട്. കുറ്റ്യോത്ത് അസൈനാർ എന്നാരാളുടെ കടയിലാണ് പെട്ടിപ്പാട്ട്—ഗ്രാമഫോൺ—വന്നത്. ഞങ്ങൾ ഏതാനും കുട്ടികൾ അതു കാണാനും അതിലൂടെ മനുഷ്യനില്ലാതെ മനുഷ്യൻ പാടുന്നതു കേൾക്കാനും ചെന്നു നിന്നിട്ടുണ്ട്. 'പൂങ്കാവിനോദമേ' എന്നൊരു പാട്ടു കേട്ടു പുളകം കൊണ്ടിട്ടുണ്ട്. കാലം കുറച്ചുകൂടി നീങ്ങിയപ്പോൾ റേഡിയോ എന്നൊരു വസ്തു വരുന്നു. അതിന്റെ അതിശയങ്ങൾ ജനം അവിടെയും ഇവിടെയും ഇരുന്നു പറയുന്നു. അനേകം കാതം അകലങ്ങളിലുള്ള ശബ്ദം പിടിച്ചെടുത്ത് നിങ്ങളുടെ കാതുകളിലെത്തിക്കുന്ന മഹാദ്ഭുതം! അവനെയൊന്നു കാണണം. അവന്റെ ശബ്ദമൊന്നു കേൾക്കണം. അതിൽ നിന്നു പുറത്തുവരുന്നത് ശകാരമായാലും വേണ്ടില്ല കേട്ടേ കഴിയൂ എന്നായി. അതിനുള്ള സൗകര്യമെങ്ങനെ സിദ്ധിക്കും? എവിടെയുണ്ട് റേഡിയോ? അന്വേഷിച്ചന്വേഷിച്ച് കണ്ടെത്തി. കോഴിക്കോട്ടു പോയാൽ മാതൃഭൂമിയിൽ ചെന്നു റേഡിയോവും കണ്ട് തിരിച്ചുപോരാൻ കഴിയുമെന്ന സന്തോഷവാർത്ത ആരോ അറിയിക്കുന്നു. പിന്നെ താമസിച്ചില്ല. മാതൃഭൂമിയിലെത്തി. ഞങ്ങൾ മൂന്നുനാലു പേരുണ്ട്. അന്നവിടെ റേഡിയോവിനു ഒരു പാപ്പാൻ ഉണ്ടായിരുന്നു. ഒരു വലിയ മരപ്പെട്ടിയിൽ സൂക്ഷിച്ചു വെച്ച ആ

വസ്തുവിനെ പാപ്പാൻ തുറന്നു കാട്ടിത്തരുന്നു. ഞങ്ങൾ ശ്വാസമടക്കിപ്പിടിച്ചു നില്ക്കുന്നു. 'ഘർ ഘർ' പിന്നെ കിളികളുടെ കരച്ചിൽ. മനുഷ്യശബ്ദം മാത്രമില്ല. അപ്പോൾ പാപ്പാൻ പറയുന്നു:

"ഇപ്പോൾ എവിടേയും പ്രോഗ്രാമില്ല."

ഞങ്ങൾ നിരാശതയോടെ മടങ്ങി. എങ്കിലും അദ്ഭുതവസ്തുവിനെ കാണാൻ കഴിഞ്ഞല്ലോ. അതു മതി. ശാസ്ത്ര പുരോഗതിക്കു സാക്ഷ്യം വഹിക്കാൻവേണ്ടി അനുഭവിച്ച ത്യാഗങ്ങളെക്കുറിച്ചാലോചിച്ചു വാനൊലി നിലയത്തിലെ സന്ദർശക മുറിയിലിരിക്കുമ്പോഴാണ് ഒരു മാന്യദേഹം എന്റെ മുമ്പിലെത്തുന്നത്. അദ്ദേഹത്തിന്റെ ഭാവം കണ്ടാൽ എന്നെ അന്വേഷിച്ചു വന്നതാണെന്നു തോന്നും. ഈശ്വരാ! ഇതു മദിരാശിയാണ്. ഇദ്ദേഹവുമായി സംസാരിക്കുമ്പോൾ ഏതു ഭാഷയെയാണ് ഞാൻ കൊല ചെയ്യേണ്ടത്? ഇംഗ്ലീഷിനെ കൊല്ലണോ തമിഴിനെ കൊല്ലണോ? രണ്ടിലൊരു കൊലയ്ക്കൊരുങ്ങി നില്ക്കുമ്പോൾ അദ്ദേഹം സംസാരിക്കുന്നു. ഒന്നാന്തരം മലയാളത്തിൽ:

"വരൂ വരൂ, നമുക്കു സ്റ്റുഡിയോവിലേക്കു പോകാം?"

ആശ്വാസമായി. അദ്ദേഹത്തെ പിൻതുടർന്നു സ്റ്റുഡിയോവിലേക്കു നടക്കുമ്പോൾ വീണ്ടും അദ്ദേഹം സംസാരിക്കുന്നു:

"എന്റെ പേര് കെ. എം. കെ. കുട്ടി."

അദ്ദേഹം കോഴിക്കോട്ടുകാരൻ. സ്വന്തം വീട് ചാലിയത്ത്. മാന്യമായ പെരുമാറ്റം. പ്രായത്തിനും ജോലിക്കും നിരക്കാത്ത വിനയം. നിഷ്കളങ്കമായ ചിരി! ആ പ്രായത്തിൽ അതുപോലൊരു ലാവണത്തിലിരിക്കുന്ന ആളിൽ സാധാരണ കണ്ടു വരുന്ന പ്രൗഢിയോ തലക്കനമോ ഇല്ല. അതെന്റെ പ്രതീക്ഷയ്ക്കെതിരായിരുന്നു. ഏതെങ്കിലുമൊരു ദൊരസ്വാമി എന്നെ തമിഴിലും ഇംഗ്ലീഷിലും പൊതിരെത്തല്ലി പതം വരുത്തുമെന്നായിരുന്നു പ്രതീക്ഷ. ഈശ്വരാധീനം! അതൊന്നും സംഭവിച്ചില്ലല്ലോ. നല്ല മലയാളി. കോഴിക്കാട്ടുകാരൻ. അദ്ദേഹത്തോടൊപ്പം സ്റ്റുഡിയോവിൽ കടന്നു.

ആദ്യത്തെ കാൽവെപ്പിൽത്തന്നെ തണുത്തു വിറച്ചു. അന്നോളം കൃത്രിമക്കാറ്റ് ഏറ്റിട്ടില്ല. ശ്വസിച്ചിട്ടില്ല. സ്വകാര്യം പറയട്ടെ: ഒരു ജനൽപ്പഴുതോ സുഷിരംപോലുമോ ഇല്ലാത്ത ഭിത്തികളാൽ ചുറ്റപ്പെട്ട മുറിയിൽ—അതും കൊടും ചൂടിനു വിളികേട്ട മദിരാശി നഗര ത്തിൽ—എങ്ങനെ വന്നുചേരുന്നു ഈ 'ഊട്ടിത്തണുപ്പെ'ന്നാലോചിച്ച് ഞാൻ വിഷമിക്കുകയായിരുന്നു. ചോദിച്ചറിയുന്നതു സ്ഥിതിക്കു പോരായ്മ. തിക്കോടിക്കാരനുണ്ടോ അന്നോളം എയർ കണ്ടീഷൻ അനുഭവിച്ചിട്ട്? അന്നനുഭവിച്ചത് എയർകണ്ടീഷനാണെന്ന് വളരെ കഴിഞ്ഞ് അനുഭവത്തിലൂടെ മനസ്സിലാക്കേണ്ടിവന്നു. എന്നെ ഒരു കസേരയിലിരുത്തി മറ്റൊന്നിൽ അദ്ദേഹവും ഇരുന്നു. പിന്നെ എന്റെ പ്രഭാഷണം വായിക്കലാണ്. ഭിത്തിയിൽ ഒരു ക്ലോക്കുള്ളതു ചുവന്ന സൂചി കൊണ്ടു നിമിഷങ്ങളെ തട്ടിപ്പുറകോട്ടിടുന്നതും നോക്കിക്കൊണ്ട് അദ്ദേ

ഹമെന്റെ പ്രഭാഷണം ശ്രദ്ധിക്കുന്നു. കേട്ടു കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു സംതൃപ്തി. ആകാശവാണിയെന്നു പറഞ്ഞാൽ സമയമാണ്; സമയമയം. എല്ലാം നിമിഷങ്ങളുടെ പാളിച്ചകൂടാതെ സമയപരിധിയിൽ ഒതുക്കണം, ഒതുങ്ങണം. അങ്ങനെ ഒതുങ്ങിക്കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ നിർദ്ദേശം വരുന്നു:

"അതാ, ആ ക്ലോക്കിന്റെ മുകളിലുള്ള ചുകപ്പു ലൈറ്റ് പ്രകാശിക്കും. അപ്പോൾ വായിക്കാൻ തുടങ്ങണം. മറ്റു ശബ്ദങ്ങളൊന്നും ഉണ്ടാവരുത്. ലൈറ്റ് വന്നുകഴിഞ്ഞാൽ ഇവിടെയുണ്ടാകുന്ന ഏതു ശബ്ദവും ആകാശത്തിൽ പോകും. ശ്രോതാക്കൾ കേൾക്കും. അതു കൊണ്ടു സൂക്ഷിക്കണം."

ചുകന്ന ലൈറ്റിൽ കണ്ണുനട്ടിരിക്കുമ്പോൾ ഹൃദയമിടിപ്പിനു ശബ്ദവും വേഗവും കൂടിവരുമ്പോലെ. അങ്ങനെ കാത്തിരിക്കുമ്പോൾ ലൈറ്റ് വന്നു. വായന തുടങ്ങി. എങ്ങനെയൊക്കെയോ കലാശിപ്പിച്ചു. ചുകപ്പ് ലൈറ്റ് നീങ്ങി. അപായസൂചന മാറിയപ്പോൾ അദ്ദേഹം എന്നെ അഭിനന്ദിച്ചു:

"നന്നായി, വളരെ നന്നായി. ചെക്ക് വാങ്ങീട്ടു പോകണം. അവിടെ പുറത്തൊരാളിരിപ്പുണ്ട്. അയാളെ കണ്ടാൽ മതി."

പ്രക്ഷേപണവിഷയത്തിൽ എന്റെ ആദ്യഗുരു ശ്രീ കെ. എം. കെ. കുട്ടി തന്നെ. നരേന്ദ്രനാഥൻനായർക്കു രണ്ടാം ഗുരുവിന്റെ സ്ഥാനം നല്കാനേ നിവൃത്തിയുള്ളൂ...

കുഞ്ഞപ്പേട്ടന്റെ നിർദ്ദേശപ്രകാരം ഞാൻ നരേന്ദ്രനാഥൻ നായരെ കാണാൻ ആകാശവാണിയിലെത്തുന്നു. അന്ന് ഒക്ടോബർ രണ്ടാം തീതിയായിരുന്നു. ഗാന്ധിജയന്തി ദിവസം. തെറ്റാതെ ഓർക്കാൻ പ്രത്യേക കാരണമുണ്ട്. അതു പറയാം. അതിനു മുമ്പേ ചിലതു പറയാനുണ്ട്. പറഞ്ഞു തീരുമ്പോൾ അതൊരു പക്ഷേ, വെളിവായേക്കും. ഞാൻ ആകാശവാണിയിലെത്തുന്നത് വൈകീട്ടാണ്. ഒഴിവുദിനമായതു കൊണ്ട് ആൾത്തിരക്കുണ്ടായിരുന്നില്ല. നരേന്ദ്രനാഥൻനായരെ വേഗം കാണാൻ കഴിഞ്ഞു.

"അഃ കുഞ്ഞപ്പനായരുടെ കത്തു കിട്ടിയിരിക്കും?"

"ഉവ്വ്."

"വരൂ, നമുക്കു മുകളിലേക്കു പോകാം."

കെട്ടിടത്തിന്റെ തെക്കുവശത്തുള്ള വലിയ മരക്കോണി കയറി മുകളിലെത്തി. നീണ്ട ഇടനാഴി. ഇടനാഴിക്കിരുവശവും വിശാലമായ മുറികൾ. നരേന്ദ്രനാഥൻ നായരുടെ മുറിയിൽ ഞങ്ങളെത്തി അഭിമുഖമായി ഇരുന്നു. സംഗതി വിവരിച്ചു. എനിക്കൊരു ജോലി തരാമെന്ന്. പ്രക്ഷേപണത്തിനുള്ള സാമഗ്രികൾ എഴുതിയുണ്ടാക്കുക. അതു മറ്റുള്ളവരോടൊപ്പം പ്രക്ഷേപണം ചെയ്യുക. വലിയ വിഷമമൊന്നുമില്ല. എല്ലാം കണ്ടുമനസ്സിലാക്കാനേയുള്ളൂ. ക്ഷണത്തിൽ വശമാകും. അങ്ങനെ സംഗതിയുടെ വിവരണം കഴിഞ്ഞ് അദ്ദേഹം ബിസിനസ്സിലേക്കു കടന്നു:

"ഇന്നുതന്നെ വേണമെങ്കിൽ ജോലിയിൽ പ്രവേശിക്കാം."

ഞാൻ പെട്ടെന്നൊരുത്തരം പായാൻ വിഷമിച്ചു. എന്റെ വീട്ടിൽ നിന്നു വിട്ടുനില്ലാൻ എനിക്കല്പം പ്രയാസമുണ്ടായിരുന്നു. അതു പറഞ്ഞാൽ കാരണമന്വേഷിക്കും. കാരണം പറയാൻ ഞാനുദ്ദേശിച്ചിരുന്നില്ല. പറഞ്ഞാൽ സഹതാപത്തിന്റെയും മറ്റുമായ ചില കാര്യങ്ങൾ പുറത്തെടുക്കേണ്ടിവരും. ഏറെനേരം ആലോചിച്ചിരിക്കാനുള്ള സൗകര്യം തരാതെ അദ്ദേഹം എഴുന്നേറ്റു.

"വരൂ നമുക്കു സ്റ്റേഷൻ ഡയരക്ടറെ കാണാം."

ഒന്നും പറയാതെ ഞാനദ്ദേഹത്തെ പിന്തുടർന്നു. ഡയരക്ടറുടെ മുറിയിലെത്തി. ശ്രീ. മധുസൂദനപ്പണിക്കരെന്നൊരാളാണ് ഡയരക്ടറെന്നു പറഞ്ഞു കേട്ടിരുന്നു. പക്ഷേ, ഞങ്ങൾ കടന്നുചെന്ന മുറിയിൽ ഇരിക്കുന്ന മാന്യൻ ശ്രീ പണിക്കരായിരുന്നില്ല. പേരു ശക്തിധരൻനായരാണെന്നു മനസ്സിലാക്കി—അദ്ദേഹം ഒരു ഡയരക്ടറുടെ അന്തസ്സും ഗൗരവവും പുലർത്തിക്കൊണ്ടുതന്നെ എന്നോടു സംസാരിച്ചു. ജോലി സ്വീകരിക്കാൻ ആവശ്യപ്പെട്ടു. കേവലം നാട്ടിൻപുറക്കാരനായ ഞാൻ വിനയപൂർവ്വം പറഞ്ഞു:

"എനിക്കു തൽക്കാലം നാട്ടിൽനിന്നു വിട്ടുനില്ലാൻ വയ്യ. ജോലി കിട്ടുന്നപക്ഷം കാലത്തെ വണ്ടിക്കിവിടെ എത്താം. വൈകീട്ടു തിരിച്ചു പോകാം. അങ്ങനെയാണെങ്കിൽ..."

"അതു വയ്യ." മുഴുവൻ പറഞ്ഞു തീരും മുമ്പേ ഡയരക്ടർ നിർദ്ദേശിച്ചു: "രാത്രി ഒമ്പതുമണിവരെ ഉണ്ടാവണം. ട്രാൻസ്മിഷൻ കഴിഞ്ഞിട്ടേ പോകാൻ പറ്റൂ. എന്നും അങ്ങനെ വേണമെന്നില്ല. ഡ്യൂട്ടിയുള്ളപ്പോൾ ഇവിടെ നില്ക്കുകതന്നെ വേണം."

ഞാൻ നിരസിച്ചെന്നു പറഞ്ഞാൽ അധികപ്രസംഗമാവില്ലേ? വിനയപൂർവ്വം ഞാൻ പിൻവാങ്ങിയെന്നിവിടെ രേഖപ്പെടുത്തട്ടെ. ജോലിയോടുള്ള അതൃപ്തിയല്ല. എന്താണ്, എങ്ങനെയാണു ജോലിയെന്നറിയില്ലല്ലോ. എന്റെ അസൗകര്യം ഡയരക്ടറുടെ വാക്കു സ്വീകരിക്കാൻ എന്നെ സമ്മതിച്ചില്ല. നാടൻ മട്ടിൽ കൈകൂപ്പി ഞാൻ വിടവാങ്ങി. അപ്പോഴും ഒപ്പം നടക്കുന്ന നരേന്ദ്രനാഥൻനായർ പറയുന്നുണ്ടായിരുന്നു:

"ഒന്നുകൂടി ആലോചിക്കൂ. ഇപ്പറഞ്ഞ കാര്യങ്ങളൊന്നും ഈ ജോലി നിരസിക്കാൻ മാത്രമുള്ളതല്ല."

സത്യത്തിൽ എന്റെ നിസ്സഹായത എന്നെ വിലക്കി. വെറുതെ ഇരിക്കുന്നവനെ വിളിച്ചൊരു ജോലി നല്കാമെന്നുവെച്ച സന്മനസ്സിന്റെ മുമ്പിൽ ഞാൻ കീഴടങ്ങേണ്ടതായിരുന്നു. എനിക്കതിനു കഴിഞ്ഞില്ല.

ഇറങ്ങി നടന്നു. ഗേറ്റിലെത്തിയപ്പോൾ വടക്കുനിന്നു ബീച്ച് റോഡിലൂടെ എനിക്കഭിമുഖമായി കേളപ്പജി വരുന്നു. അദ്ദേഹം അടുത്തെത്തി, പതിവുപോലെ നിശ്ശബ്ദനായി അല്പനിമിഷം എന്നെ തറപ്പിച്ചു നോക്കി. പിന്നെ ചോദിച്ചു:

"നീയെവിടെ പോയിരുന്നു?" ഞാൻ സംഗതി മുഴുവനും വിവരിച്ചു.

എല്ലാം കേട്ടുകഴിഞ്ഞപ്പോൾ ഒരു ചോദ്യം:

“ജോലി വേണ്ടെന്നുവെച്ചോ?”

“ഉം.” ഞാൻ മൂളി. പ്രതികരണമൊന്നുമുണ്ടായില്ല. അല്പം ഗൗരവത്തിലൊരു നോട്ടം. ഒരു ശബ്ദം:

“വാ.”

ഞാൻ പിറകെ നടന്നു. ശ്രീ ശക്തിധരൻനായരുടെ മുറിയിൽ ഞങ്ങൾ രണ്ടു പേരുമെത്തി. പിന്നെന്തു നടന്നെന്നു വിവരിക്കുന്നത് വൃഥാസ്ഥൂലതയാവില്ലേ? ഞാൻ കീഴടങ്ങി. ആകാശവാണിയിലെ ഒരു എഴുത്തുതൊഴിലാളിയായിക്കൊള്ളാമെന്നു സമ്മതിച്ചു. ഇവിടെ അരങ്ങുകാണാത്ത നടൻ രണ്ടാമങ്കം അവസാനിക്കുകയും മൂന്നാമങ്കത്തിലെ യവനിക നീങ്ങാനുള്ള കല്പനയ്ക്കു കാതോർത്തിരിക്കുകയുമാണ്.

— 39 —

## രാഹുവും കേതുവും

ഒരു പുതിയ ലോകം. എന്നു പറഞ്ഞാൽ എല്ലാമായോ? ഇല്ല. അന്നോളം അടുത്തു പരിചയപ്പെടാത്ത ഉടുപ്പ്, നടപ്പ്, ഭാഷ, പെരുമാറ്റം. ആൾ ഇന്ത്യാ റേഡിയോവിന്റെ അകത്തളം കണ്ടപ്പോൾ ഞാനൊന്നു പകച്ചു. എന്റെ ഗ്രാമത്തിലോ ഞാൻ ജോലിചെയ്ത വിദ്യാലയങ്ങളിലോ ഭാരത സേവാസംഘത്തിന്റെ ആപ്പീസിലോ എനിക്കു കാണാനിടവരാത്ത ഏതോ പ്രത്യേകത; ഇണങ്ങിച്ചേരാനും പൊരുത്തപ്പെടാനും ഏറെ വിഷമമുണ്ടെന്നു തോന്നിക്കുന്ന അന്തരീക്ഷം. എങ്ങനെ പെരുമാറണം. ഏതുതരത്തിലുള്ള ഔദാര്യപ്രകടനവുമായി ആപ്പീസർമാരെ സമീപിക്കണം? ആരോടിണങ്ങിച്ചേരണം? ഏതാണബന്ധം ഏതാണു സുബന്ധം? ഒരു എത്തും പിടിയുമില്ല. കേളപ്പജിയുടെ നിർദ്ദേശത്തിനു വഴങ്ങി കരാറിൽ ഒപ്പുവെച്ചുപോയി.

അത്ര നിസ്സാരമൊന്നുമല്ല കരാർ. ഭാരതസർക്കാരുമായുള്ള ഉടമ്പടിയാണ്. രാഷ്ട്രപതിയുമായി നേരിട്ടുള്ള കരാർ. സാമാന്യം വലിപ്പമുള്ള കടലാസിൽ അച്ചടിച്ചുവെച്ച നിയമങ്ങളും നിർദ്ദേശങ്ങളും ഏറെയുണ്ടായിരുന്നു. അതിൽ എന്റെ ചുമതല പ്രത്യേകമായി നിർദ്ദേശിച്ചിരുന്നു. പ്രക്ഷേപണത്തിനുള്ള ഉരുപ്പടികൾ എഴുതിത്തയ്യാറാക്കുക, ആവശ്യപ്പെടുന്ന നേരത്തും സമയത്തും പരിപാടികളിൽ പങ്കെടുക്കുക. പ്രതിഫലം മാസത്തിൽ നൂറുരൂപ. കരാറിന്റെ കാലാവധി ഒരു മാസം. എന്നു വെച്ചാൽ, മാസാവസാനം വേണമെങ്കിൽ എന്നെ പറഞ്ഞു വിടാം. ഇപ്പോൾ എന്റെ ആലോചനയും പരിഭ്രമവും അവിടെയാണ്. മാസാവസാനം പിരിച്ചുവിടുമോ? പിരിച്ചുവിടാതിരിക്കാൻ ഞാൻ പ്രത്യേകമായി എന്തെങ്കിലും ചെയ്യേണ്ടതുണ്ടോ?

കരാറുപണിചെയ്ത ശീലമുണ്ടെങ്കിൽ പരിഭ്രമിക്കേണ്ട ആവശ്യമില്ലായിരുന്നു. കരാറെന്നു കേട്ടാൽ എന്റെ മനസ്സിൽ പാഞ്ഞു കേറി വരുന്നത് ചന്തുക്കുട്ടിമേസ്തിരിയാണ്. എന്റെ വീട്ടിനടുത്തു താമസിക്കുന്ന ചന്തുക്കുട്ടിമേസ്തിരി. ഇരിങ്ങൽപാറ വെട്ടിപ്പൊളിച്ചു ചീളുകളാക്കി നിരത്തിലെത്തിക്കുകയും നിരത്തിന്റെ കുണ്ടും കുഴിയും തൂർക്കുകയും ചെയ്യുക. അതായിരുന്നു മേസ്തിരിയുടെ പണി. മേസ്തിരി കരാറു

പണിയിലൂടെ മോശമല്ലാത്ത സമ്പാദ്യത്തിനുടമയായി. അങ്ങനെ എനിക്കും ആശ്വസിക്കാമോ? കാലാന്തരത്തിൽ ഈ കരാറുപണി എന്നേയും ഒരു മേസ്തിരിയാക്കിത്തീർക്കുമോ? ആലോചന ഇത്രത്തോളമെത്തിയപ്പോൾ ഒരപകടത്തിന്റെ ഗന്ധം മൂക്കിലേക്കടിച്ചു കയറി. കരാറിന്റെ കാലാവധി ഒരു മാസമല്ലേ. ഇത്ര ചുരുങ്ങിയ കാലയളവിലെങ്ങനെ മേസ്തിരിയാവാൻ കഴിയും? ദൈവമേ, തിളയ്ക്കുന്ന ചട്ടിയിൽ നിന്നു ജ്വലിക്കുന്ന അടുപ്പിലോ ഞാൻ വന്നു വീണത്. ഏതുനിമിഷം വേണമെങ്കിലും ജോലിക്കാരെ പിരിച്ചുവിടാമെന്ന ദുരധികാരം കൈവശം വെച്ചിരിക്കുന്ന മാനേജ്മെന്റ് സമ്പ്രദായത്തോടു വിടപാഞ്ഞ ഞാൻ ഇവിടെ അഭിമുഖീകരിക്കാൻ പോകുന്നതും അസ്ഥിരതയാണോ? എനിക്കു വിധിച്ചത് ആയുഷ്കാലം മുഴുവൻ അസ്ഥിരതയാണോ?

കോന്നിയൂർ ആർ. നരേന്ദ്രനാഥൻനായരുടെ മുമ്പിലാണ് നേരെ ചെന്നത്. അങ്ങനെ വേണമല്ലോ. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമാണല്ലോ ഇതെല്ലാം സംഭവിച്ചത്. ജോലിയിൽ പ്രവേശിക്കാൻ ഒരുങ്ങി വരുമ്പോൾ വലതുകാൽ വെച്ചാണോ പടികടന്നതെന്നറിഞ്ഞു കൂടാ. നിമിത്തങ്ങളിലും പൊരുത്തങ്ങളിലും വിശ്വാസമില്ലാത്തതു കൊണ്ട് അതു ശ്രദ്ധിച്ചില്ലെന്നാണു പറയേണ്ടത്. ചിരിച്ചുകൊണ്ടു നരേന്ദ്രനാഥൻനായർ എന്നെ സ്വീകരിച്ചു. ചിരിച്ചുകൊണ്ട് വർത്തമാനം പറയുന്ന ശീലം. സൗമ്യമായ പെരുമാറ്റം. അദ്ദേഹമെനിക്കു നിർദ്ദേശങ്ങൾ തന്നു. ജോലിയുടെ സ്വഭാവം വിവരിച്ചു. പരിഭ്രമിക്കാനൊന്നുമില്ലെന്നും അല്പദിവസത്തെ പരിചയം കൊണ്ട് എല്ലാം നേരെയാവുമെന്നും പറഞ്ഞു് എന്നെ ആശ്വസിപ്പിച്ചു.

തേൻകൂടുപോലെ സദാ മുഖരിതമായ സ്ഥലം. ചെറിയ കെട്ടിടം, അതിലൊതുക്കാൻ കഴിയാത്തത്ര ആപ്പീസർമാരും കലാകാരന്മാരും ഗുമസ്തന്മാരും എഞ്ചിനീയർമാരും. പ്രക്ഷേപണത്തിനുവേണ്ടി 'നീട്ട'യച്ച് പുറത്തുനിന്നു വരുത്തിയവർ വേറേയും. ആകെ ബഹളം. എനിക്കായി നിർദ്ദേശിച്ച ഇരിപ്പിടവും തേടി. ഞാൻ പുറപ്പെട്ടു. കെട്ടിടത്തിന്റെ മുകൾത്തട്ടിൽ മരക്കൂടുപോലുള്ള ഒരു ചായ്പിലാണ് ഞാൻ ചെന്നിരിക്കേണ്ടതെന്നു മനസ്സിലായി. അകത്തു കടന്നപ്പോൾ അവിടെ കൊട്ടും ബഹളം. ഒന്നുരണ്ടു മേശകളും ഏതാനും കസേരകളും അവിടെ കിടപ്പുണ്ട്. അവിടെ അപ്പോഴുള്ളവർ കസേരയിലിരിക്കുന്നില്ല. ഒരാൾ മേശപ്പുറത്തു ചമ്രം പടിഞ്ഞിരുന്നു മുറുക്കുന്നു. അദ്ദേഹത്തിനു ചുറ്റും നിന്നു വെടിപറഞ്ഞു ചിരിക്കുന്നവരിൽ ഒരാൾ എന്നെ സ്വാഗതം ചെയ്തു:

"വര്വാ വര്വാ."

അതു പി. സി. കുട്ടികൃഷ്ണനായിരുന്നു. അന്ന് 'ഉറൂബാ'യിട്ടില്ല. പി. സി. യെ നേരത്തെ പരിചയമുണ്ട്. വെറ്റിലയിൽ ചുണ്ണാമ്പു തേച്ചുകൊണ്ട് പി. സി. പറയുന്നു:

"താനെന്തെടോ പരുങ്ങുന്നത്? ഇങ്ങട്ട് വന്നാട്ടെ. ഇവരാരും തന്നെ പിടിച്ചു വിഴുങ്ങാൻ പോകുന്നില്ല. അറിയില്ലേ തനിക്കിവരെ? ഇതു ബാലകൃഷ്ണമേനോൻ—ഞങ്ങളൊക്കെ 'ബാലേച്ചമാൻ' എന്നു വിളിക്കുന്നു."

കോച്ചാട്ടിൽ ബാലകൃഷ്ണമേനോന്റെ പേരു ധാരാളം കേട്ടിട്ടുണ്ട്. മികച്ച നടൻ, ഗായകൻ, നാടൻകലകളിൽ പ്രവീണൻ. ബാലകൃഷ്ണമേനാൻ എന്നെ അംഗീകരിച്ചു കൊണ്ടു തലകുലുക്കി. പി. സി. പരിചയപ്പെടുത്തൽ തുടരുകയാണ്:

"ഇതു ഭാസ്കരൻ."

ഞാൻ തെല്ലൊരു വിസ്മയത്തോടെ ഭാസ്കരന്റെ മുഖത്തു തുറിച്ചു നോക്കുന്നതു കണ്ട് പി. സി. പറയുകയാണ്:

"അതേടോ. സാക്ഷാൽ പി. ഭാസ്കരൻ."

വായനയിലൂടെ അറിയുകയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന യുവകവി പി. ഭാസ്കരനെ അടുത്തു കണ്ടപ്പോൾ, പരിചയപ്പെട്ടപ്പോൾ നിസ്സീമമായ ആഹ്ലാദം. ബാലകൃഷ്ണമേനോനും ഭാസ്കരനും പി. സി. യുമെല്ലാം ചേർന്ന ഒരു സഹൃദയസംഘത്തിലാണ്, കലാകാരന്മാരുടെ സമൂഹത്തിലാണ് ഞാൻ വന്നു ചേർന്നതെന്നും ഇനിയങ്ങോട്ട് അവരോടൊപ്പമാണു ഞാൻ ജോലിചെയ്യേണ്ടതെന്നും മനസ്സിലായപ്പോൾ എന്റെ പരിഭ്രമവും മടുപ്പുമെല്ലാം അവസാനിച്ചു. ഒരു മാസമെങ്കിൽ ഒരു മാസം ഇവരോടൊപ്പം കഴിയുന്നതു വലിയ നേട്ടം തന്നെ. വീണ്ടും പി. സി. യുടെ ശബ്ദം:

"താനെന്തെടോ മിഴിക്കുന്നത്? അടുത്തു വരൂ. സംഘത്തിലേക്കു ചേർന്നു നില്ക്കു. തനിക്കീ നില്ക്കുന്ന ആളെ മനസ്സിലായോ? ഇതാണ് സാക്ഷാൽ പദ്മനാഭൻനായർ."

പുതുമയുടെ ഘോഷയാത്ര. ധാരാളം കേൾക്കുകയും അറിയുകയും അറിവിലൂടെ സ്നേഹിക്കുകയും ബഹുമാനിക്കുകയും എന്നെങ്കിലും ഒരു ദിവസം പരിചയപ്പെടണമെന്നു കൊതിക്കുകയും ചെയ്ത വ്യക്തികളാണ് എന്റെ മുമ്പിൽ. ആഹ്ലാദം കൊണ്ടെനിക്കു വീർപ്പുമുട്ടി.

ഇതിനിടയിൽ വെറ്റിലമുറുക്കു കഴിഞ്ഞു ബാലകൃഷ്ണമേനോൻ എഴുന്നേറ്റു. സ്റ്റുഡിയോവിൽ പരിപാടിയുടെ റിഹേഴ്സലുണ്ട്. പദ്മനാഭൻ നായർ മുൻകടന്നു നടന്നു. പിറകെ ഭാസ്കരനും. ഞാനും പി. സി. യും ബാക്കിയായി. പി. സി. യുടെ ഇരിപ്പിടത്തിനടുത്താണ് എന്റെ കസേരയും മേശയും. പി. സി. ഇരുന്നു, ഞാനും; തെല്ലു നേരത്തെ മൗനത്തിനുശേഷം പി. സി. ചോദിക്കുന്നു:

"താനെന്തിനെടോ ഈ വലയിൽ വന്നുവീണത്?"

ചോദ്യത്തിന്റെ പൊരുൾ കിട്ടാതെ ഞാൻ വിഷമിച്ചു. എനിക്കു മുമ്പേ വലയിൽ കുടുങ്ങിയ ആളാണ് ചോദിക്കുന്നത്. പൊരുളെങ്ങനെ പിടികിട്ടും? പി. സി. യുടെ വിശദീകരണം വരുന്നു:

"ഇവിടെ പരമ ബോറാണെടോ. കലയും സംസ്കാരവുമെന്നൊക്കെ നമ്മൾ പുറമേനിന്നു കേൾക്കുന്നു. ആവേശം കൊള്ളുന്നു. ഇതു കലാകേന്ദ്രവുമൊന്നുമല്ല. വെറും ഗവണ്മെന്റാപ്പീസ്. ഉത്തരവുകളും മെമ്മോകളും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും കൊമ്പൻ സ്രാവുകളെപ്പോലെ ഇളകിമറിയുന്ന ഒരു കൊച്ചുകടൽ. സാരമി

ല്ല. വന്നുപെട്ടില്ലേ. നമുക്കിവിടെ ഒരു സൗകര്യമുള്ളതെന്താണെന്നുവെച്ചാൽ മടുക്കുമ്പോൾ ഇറങ്ങിപ്പോകാം."

പി. സി. തെല്ലിട മൗനിയാവുന്നു. പിന്നെ ഒരു നെടുവീർപ്പ്, വീർപ്പിന്റെ അവസാനം ശബ്ദം ഒതുക്കിപ്പിടിച്ചൊരു ചോദ്യം:

"തന്റെ മകളെങ്ങനെയിരിക്കുന്നു?"

"നന്നായിരിക്കുന്നു."

"അവൾക്കു കൂട്ടിനാരുണ്ട്?"

"നമുക്കെല്ലാം ഒരു കൂട്ടുണ്ടല്ലോ."

പി. സി. എന്നെ തറപ്പിച്ചുനോക്കുന്നു. പിന്നെ തന്നോടുതന്നെ പറയുന്നു:

"ദൈവം. അതെ; ആ വിശ്വാസം നന്ന്...താമസിക്കാൻ വീടന്വേഷിച്ചോ?"

"ഇല്ല."

"വീടു വേണ്ടേ?"

"വേണ്ട."

"ഏ?"

"വീടെടുത്തു പാർക്കാൻ പറ്റില്ല പി. സി. സഹായത്തിനൊരാളെ കിട്ടാൻ വിഷമം"

പി. സി. വീണ്ടും മൗനിയാവുന്നു. കണ്ണടച്ചിരുന്നാലോചിക്കുന്നു. ഹൃദയാലുവായ പി. സി. എന്നും അങ്ങനെയായിരുന്നു. മറ്റുള്ളവരുടെ ഏതു് ചെറിയ, ദുഃഖത്തിലും അസാധാരണമാംവിധം വികാരം കൊള്ളുക. അതദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു.

"ഇവിടെ താമസിക്കാതെ. തനിക്കെങ്ങനെ ഈ ജോലിയിൽ തുടരാൻ കഴിയും?"

"വണ്ടിക്കു വരണം." ഞാൻ പറഞ്ഞു: "സീസൺ ടിക്കറ്റെടുത്തു കളയാം."

"ഇവിടെ രാത്രിയും ജോലിയുണ്ടെന്നു തന്നോടാരും പറഞ്ഞില്ലേ?"

"പറഞ്ഞു."

"പിന്നെങ്ങനെ വണ്ടിക്കു വരാനും പോകാനും കഴിയും?"

"രാത്രി പതിനൊന്നേമുക്കാലിന്ന് വടക്കോട്ടൊരു വണ്ടിയുണ്ട്."

"കൊള്ളാം. അതു തന്റെ തിക്കോടിയിൽ എത്തുന്ന സമയം?"

"കൃത്യമായി പുറപ്പെടുന്നപക്ഷം, ഒന്നരമണി. ഇല്ലെങ്കിൽ രണ്ടു മണി."

"പറയാനെത്ര എളുപ്പം." പി. സി. ക്കു ശുണ്ഠി വന്നു.

"എടോ, താൻ തന്നെ നശിപ്പിക്കും. തന്റെ കുഞ്ഞിനെ നിരാധാരമാക്കും. ഈ യാത്രയൊന്നും പറ്റില്ല. ആരോഗ്യം തകരും. തനിക്കു വല്ലതും വന്നുപോയാൽ ആ കുഞ്ഞിനാരുണ്ട് പിന്നെ?"

ഉത്തരമില്ലാത്തതുകൊണ്ടു ഞാൻ മിണ്ടാതിരുന്നു. പി. സി. യും പിന്നെ മിണ്ടിയില്ല. അങ്ങനെ മിണ്ടാതിരിക്കുമ്പോൾ ഞങ്ങളുടെ മുറിയിൽ സ്ഥാപിച്ച ലൗഡ്സ്പീക്കർ ശബ്ദിക്കാൻ തുടങ്ങി. നാടൻ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ ഒരു പഴയ പാട്ടു കേൾക്കാൻ തുടങ്ങി.

പെണ്ണേ, പെണ്ണേ പെൺകൊടിയെ,
നിന്റെ ആങ്ങളമാരെങ്ങു പോയി?

ഞാനാദ്യമായി കേൾക്കുന്ന പാട്ട്. പി. സി. യുമായുള്ള സംവാദത്തിലൂടെ മനസ്സിലടിഞ്ഞു കൂടിയ വിഷാദത്തിന്റെ മൂടൽമഞ്ഞു സൂര്യപ്രകാശത്തിലെന്നപോലെ ആ പാട്ടിന്റെ ലയത്തിൽ അലിഞ്ഞലിഞ്ഞില്ലാതായി. എന്റെ കൗതുകം ശ്രദ്ധിച്ചിട്ടാവും പി. സി. പറഞ്ഞു:

“ആ പാടുന്നത് ബാലകൃഷ്ണമേനോനാണ്.”

അപ്പോൾ പാട്ടിന്റെ രണ്ടാമത്തെ നട അതിമനോഹരമായ ഒരു സ്ത്രീശബ്ദത്തിലൂടെ ഒഴുകിവീഴാൻ തുടങ്ങി:

ആങ്ങളമാരാ മലമേൽ ചെറു-
ച്ചൂരലിനായ് പോയിതല്ലൊ.

പാട്ടിൽ ലയം പിടിച്ചപോലെ പി. സി. എഴുന്നേല്ക്കുന്നു.

“വരൂ. നമുക്കു സ്റ്റുഡിയോവിലേക്കു പോകാം. തനിക്കതൊക്കെയൊന്നു കാണണ്ടേ? ഇനി ഇരുന്നു നിരങ്ങേണ്ട സ്ഥലമല്ലേ.?”

പി. സി. യുടെ പിറകെ നടന്നു. സ്റ്റുഡിയോവിലേക്കു കടക്കുന്നതിനു മുമ്പേ എത്തിച്ചേരുന്നത് ഒരു ഇടനാഴിയിലാണ്. പ്രതിദ്ധ്വനി കൊണ്ട് പരിപാടികൾ അലങ്കോലപ്പെടാതിരിക്കാൻ വേണ്ടി ഭിത്തികളിൽ ചില സംവിധാനങ്ങളൊക്കെ ഏർപ്പെടുത്തിട്ടുണ്ട്. ഇടനാഴിയുടെ ഇടതുവശത്ത് ആദ്യമായി കാണുന്നത്. കൺട്രോൾ റൂം എഞ്ചിനീയർമാരുടെ സങ്കേതം. അടഞ്ഞുകിടക്കുന്ന വാതിലിന്റെ മദ്ധ്യത്തിൽ, ഒരു ചെറിയ വൃത്തത്തിൽ കണ്ണാടി പതിച്ചിട്ടുണ്ട്. അതിലൂടെ അകത്തേക്കു നോക്കാം.

നോക്കി. അവിടെ വിവിധ യന്ത്രങ്ങൾ. ഇയർഫോൺ ഘടിപ്പിച്ചിരിക്കുന്ന എഞ്ചിനീയർമാർ. മുമ്പോട്ടു നടന്നു. വലതുവശത്ത് പ്രഭാഷണത്തിനുള്ള സ്റ്റുഡിയോയാണ്. അതിമനോഹരമായ കാർപ്പറ്റ് വിരിച്ചു സൂക്ഷിച്ചുവെച്ച മുറി. പാട്ടു കേൾക്കുന്നത് മ്യൂസിക്ക് സ്റ്റുഡിയോവിൽനിന്നാണ്. എല്ലാം വിവരിച്ചു പറഞ്ഞു തന്നുകൊണ്ട് മ്യൂസിക് സ്റ്റുഡിയോവിന്റെ വാതിൽ തുറന്നു. പി. സി. അകത്തു കടന്നു. പിറകെ ഞാനും. അവിടെ തകർത്ത റിഹേഴ്സലാണ്. പി. സി. യുടെ പിറകെ കടന്ന പുത്തൻചരക്കിനെക്കണ്ട് പാട്ടു നിർത്തി എല്ലാവരും നോക്കുന്നു. അവിടെയും പി. സി. തന്നെ പുരോഹിതൻ. ഇടയിലൊന്നു പറയട്ടെ, റിട്ടയർ ചെയ്തു പിരിഞ്ഞുപോകുന്നതു വരെ എന്റെ പുരോഹിതൻ അവിടെ പി. സി. യായിരുന്നു. കേ

ട്ടപാടെ ഒട്ടും ചിന്തിക്കാതെ ഏതിനുനേർക്കും എടുത്തു ചാടുന്ന എന്റെ സ്വഭാവത്തിന് തോട്ടിവെച്ച നിയന്ത്രണം നല്കിപ്പോന്നതും പി. സി. യായിരുന്നു. സ്റ്റുഡിയോവിൽ കടന്ന ഉടനെ പരിചയപ്പെടുത്തലെന്ന കർമ്മത്തിൽ മുഴുകി പി. സി.:

"ഇത് ലക്ഷ്മീദേവി. ഇവിടെ അനൗൺസറാണ്. ഉഗ്ര നടി. ഏതു റോളും അനായാസമായി കൈകാര്യംചെയ്യും."

ഞാനവരെ വണങ്ങി. ഒതുക്കവും വിനയവും വേണ്ടേടത്ത് അറിഞ്ഞു പ്രദർശിപ്പിക്കുന്ന ലക്ഷ്മീദേവി, ഒരു ഇളയസഹോദരിയുടെ മട്ടിൽ എന്നെ അഭിവാദ്യം ചെയ്തു. പി. സി. സ്വയംവരകന്യകയ്ക്കൊപ്പമുള്ള സഖിയെപ്പോലെ മുമ്പോട്ടു നീങ്ങി.

"ഇതാ, ഈ ഇരിക്കുന്നതാണ് മായാനാരായണൻ. ഇപ്പോൾ കേട്ട പാട്ടിന് സ്വരം നല്കിയ ഇവിടത്തെ അനൗൺസർ. ലളിതഗാനങ്ങളും ശാസ്ത്രീയ ഗാനങ്ങളും നാടൻശീലുകളും സുന്ദരമായി പാടും."

കോളേജിൽനിന്നും ഇറങ്ങിവന്നു ജോലിയിൽ പ്രവേശിച്ച പോലെ തോന്നും മായാനാരായണനെ കണ്ടാൽ. അത്രയ്ക്കും ചെറുപ്പം. പി. സി. യുടെ പരിപാടി അധികനേരം തുടരാൻ ബാലകൃഷ്ണമേനോൻ അനുവദിച്ചില്ല. റിഹേഴ്സൽ ആരംഭിച്ചു. കൂട്ടത്തിൽ ചേർന്ന് പത്മനാഭൻ നായരും പാടുന്നതു കണ്ടു ഞാൻ വിസ്മയിച്ചു. കാരണം അദ്ദേഹം പാടുമെന്നെനിക്കറിഞ്ഞുകൂടായിരുന്നു. കണ്ടാലും അങ്ങനെ തോന്നുകയില്ലായിരുന്നു.

അങ്ങനെ ഇരുപത്തിയാറുകൊല്ലം എഴുത്തുതൊഴിലാളിയായി പ്രവർത്തിച്ച സ്ഥാപനത്തിൽ ഞാനെന്റെ ആദ്യദിവസത്തിന്റെ ഉദ്ഘാടനം പി. സി. യുടെ നേതൃത്വത്തിൽ നിർവ്വഹിക്കുന്നു. രാഹുകാലത്ത് ഉദ്ഘാടനംചെയ്യെന്ന ദുഷ്പേരു സമ്പാദിച്ച പ്രക്ഷേപണ കേന്ദ്രം ഒരു 'കേതു'വിന്റെ സാന്നിദ്ധ്യം കൂടി വന്നതിൽ സന്തോഷിച്ചോ ദുഃഖിച്ചോ എന്നറിയേണമെങ്കിൽ വരാനിരിക്കുന്ന സംഭവങ്ങൾക്കു വേണ്ടി കാത്തിരുന്നേ പറ്റൂ.

— 40 —

# ശനിദശയുടെ ആരംഭം

ആദ്യദിവസങ്ങളിൽ ഞാനൊരു കാഴ്ചക്കാരൻ. 'അങ്ങാടി വാണിഭ'മറിയാത്ത ആട്ട്. എല്ലാവർക്കും എന്നോടു ദയ, സ്നേഹം. കറുത്ത മുഖം എവിടെയുമില്ല. ഞാൻ പ്രക്ഷേപണകേന്ദ്രത്തിലെ ഇടനാഴിയിലും മട്ടുപ്പാവിലും കാന്റീനിലും അലസമായി നടന്നു സമയം കളഞ്ഞു. നടത്തത്തിനിടയിൽ സ്റ്റുഡിയോ വാതിലിന്റെ കണ്ണാടി ത്തുളയിലൂടെ നോക്കും, അകത്തെന്താണു നടക്കുന്നതെന്നറിയാൻ, പരിപാടിയുള്ള സമയമാണെങ്കിൽ വാതിലിനു മുകളിൽ ചുകന്ന വെളിച്ചമുണ്ടാവും. ആരും വാതിൽ തുറക്കരുത്, അകത്തു കടക്കരുത് എന്ന താക്കീത്. കൺട്രോൾ റൂമിൽ ആദിശേ ഷൻ എന്നൊരു എഞ്ചിനീയറുണ്ട്. അദ്ദേഹം സദാ 'ഇയർഫോണും' ഘടിപ്പിച്ച് എങ്ങാനുമൊരു അപശബ്ദം കേൾക്കുന്നുണ്ടോ, എവിടെയെങ്കിലും അപാകം സം ഭവിക്കുന്നുണ്ടോ എന്നു ശ്രദ്ധിച്ചുകൊണ്ടിരിക്കും. വല്ലതും അനുഭവപ്പെട്ടാൽ ഉടനെ അവിടെ പറന്നെത്തും, പരിഹാരം തേടും. അങ്ങനെ വേണമല്ലോ. പ്രക്ഷേപണ കേന്ദ്രമെന്നു പറയുന്നതുതന്നെ ആകെക്കൂടി ഒരു വലിയ ശബ്ദമല്ലേ? കാതുള്ളവൻ കേൾപ്പിൻ, കണ്ണില്ലാത്തവരും കേൾപ്പിൻ, സർവ്വമാനജനസമൂഹവും കേൾപ്പിൻ എന്നാണല്ലോ പ്രക്ഷേപണകേന്ദ്രത്തിന്റെ മുദ്രാവാക്യം.

പതുക്കെപ്പതുക്കെ ഞാൻ കണ്ടും കേട്ടും മനസ്സിലാക്കാൻ തുടങ്ങി. പക്ഷേ, ഞാൻ തളർന്നുവീണത് 'ഇൻസ്റ്റന്റ്' സാഹിത്യത്തിനു മുമ്പിലാണ്. അവനെ വേ ണമെങ്കിൽ 'ഉടനടി' സാഹിത്യമെന്നു വിളിക്കാം. ക്ഷണംകൊണ്ടു സൃഷ്ടി നടക്ക ണം. ഉടനെത്തന്നെ പ്രക്ഷേപണം ചെയ്യണം. സൃഷ്ടികൾക്കു മുഴുവനും സമയപരി ധിയുണ്ട്. എല്ലാം പരിധിക്കുള്ളിലൊതുങ്ങണം. ഏറരുത്. കുറയരുത്. പത്തുമിനു ട്ടാണെങ്കിൽ പത്തുമിനുട്ട്. നിമിഷത്തിനിപ്പുറം നില്ക്കാനോ അപ്പുറം കടക്കാനോ പാ ടില്ല. എന്റെ ദൈവമേ! ഇതെങ്ങനെ സാധിക്കും? ആലോചിക്കാനിടയില്ല. എഴുതി ക്കഴിഞ്ഞതൊരാവൃത്തി വായിച്ചുനോക്കി, തെറ്റുണ്ടെങ്കിൽ തിരുത്താൻ സമയമില്ല. എല്ലാം ബദ്ധപ്പാടിൽ നടക്കുന്നു.

ഭംഗിയായി മുറിച്ച് അടുക്കിവെച്ച കടലാസ്, അതു തന്നിലേക്കു വലിച്ചടുപ്പി

ക്കുന്നു. പി. സി. യുടെ തൂലിക ചലിക്കുന്നു. അക്ഷമയോടെ അപ്പുറം പദ്മനാഭൻ നായർ കാത്തു നില്ക്കുന്നു. അല്പനേരത്തെ കാത്തുനില്പിനുശേഷം പദ്മനാഭൻനായർ പറയുന്നു:

"എഴുതിയേടത്തോളം ഇങ്ങു തരണം പി. സി. സമയമില്ല. ഒന്നു വായിച്ചുനോക്കണ്ടേ. എല്ലാരും സ്റ്റുഡിയോവിൽ കാത്തുനില്പാണ്."

പി. സി. കേൾക്കുന്നില്ല, ശ്രദ്ധിക്കുന്നില്ല. സൃഷ്ടികർമ്മത്തിലേർപ്പെടുമ്പോൾ പി. സി. പരിസരബോധം വെടിയുന്നു. പട്ടണത്തിനടിത്തട്ടും 'പർവ്വതഗുഹാന്തര'മാക്കുന്നു. പി. സി. യുടെ അനുമതിക്കു കാത്തുനില്ക്കാതെ എഴുതിയേടത്താളം താളുകൾ ചെറുക്കിക്കൂട്ടി പദ്മനാഭൻനായർ ഓടുന്നു. ഓട്ടത്തിൽ എന്നെയും വിളിക്കുന്നു:

"വരണം, നിങ്ങളും വരണം."

ഞാനോ? ഞാനെന്നോടുതന്നെ ചോദിച്ചു. എന്നെക്കൊണ്ടെന്തു കാര്യം? ഈ ബദ്ധപ്പാടിൽനിന്നു തളരാനല്ലാതെ ഞാനെന്തിനു പറ്റും? പാടാനറിയില്ല, അഭിനയിച്ചു പറയാനും വയ്യ. വിളിക്കുന്നതു പദ്മനാഭൻനായരല്ലേ? ശരി, പൊയ്ക്കളയാം. ഞാൻ പദ്മനാഭൻ നായരുടെ പിറകെ സ്റ്റുഡിയോവിൽ കടന്നു. അവിടെ ബാലകൃഷ്ണമേനോനെന്ന ബാലേച്ചമ്മാനും ലക്ഷ്മീദേവിയും രാമചന്ദ്രനുമെല്ലാം കാത്തിരിപ്പുണ്ട്.

കൈയിലുള്ള കടലാസുകൾ വീതിച്ചുകൊടുത്ത് പദ്മനാഭൻനായരും കൂട്ടത്തിലിരിക്കുന്നു. ഞാനെന്തു ചെയ്യണം? ആരും ഒന്നും പറയുന്നില്ല. നിമിഷംകൊണ്ടു ബാലേച്ചമാൻ 'മമ്മദ്ക്കാ'യാവുന്നു. ലക്ഷ്മീദേവി 'നാണിമിസ്ട്രസ്സാ'വുന്നു. രാമചന്ദ്രൻ ഗ്രാമപ്രദേശത്തെ ഒരു കർഷകനാവുന്നു. അവിടെ ശബ്ദത്തിലൂടെ ഒരു ആൽത്തറയുണ്ടാവുന്നു. ഗ്രാമാന്തരീക്ഷം പിറന്നു വീഴുന്നു. കൈയിൽ കിട്ടിയ കടലാസിൽ പി. സി. ഒരുക്കിയ കഥാപാത്രങ്ങളെല്ലാംതന്നെ ആൽത്തറയ്ക്കലിരുന്നു ദൈനംദിന കാര്യങ്ങളെക്കുറിച്ചു സംസാരിക്കുന്നു. ഉടനീളം ഫലിതത്തിന്റെ ശർക്കരപ്പാവുപുരട്ടിയെടുത്ത രൂപകമായിരുന്നു അത്. പി. സി. യുടെ സംഭാഷണത്തിന്റെ ചൂടും ചടുലതയും ഉടനീളം ഉദ്ഘോഷിക്കുന്ന സുന്ദരശില്പം. അപൂർണ്ണമെങ്കിലും ആസ്വാദനീയം.

റിഹേഴ്സൽ കഴിഞ്ഞു് അടുത്ത ഭാഗം വന്നുചേരാൻവേണ്ടി എല്ലാവരും കാത്തിരിക്കുമ്പോൾ സ്റ്റുഡിയോവിന്റെ വാതിൽ തുറക്കുന്നു. വരുന്നതു ശ്രീ ഭാസ്കരനാണ്. കൈയിൽ ഒരു ഇൻസ്റ്റന്റ് ഗാനമുണ്ട്. പിറകെ മായാ നാരായണൻ വരുന്നു. തുടർന്നു ഗോട്ടുവാദ്യം അയ്യങ്കാരും വീണയുമായി മി. തമ്പിയും പുല്ലാംകുഴലെടുത്തു ശ്രീകൃഷ്ണനും പിന്നെ മൃദംഗവായനയ്ക്കു സുന്ദരയ്യരും പുതുക്കോട്ട കൃഷ്ണനും എത്തിച്ചേരുന്നു. നിറഞ്ഞ സദസ്സ്. ആനന്ദലബ്ധിക്കിനിയെന്തു വേണം? നീണ്ട ചുകപ്പുസൂചി തെറ്റിത്തെറിപ്പിച്ചു കൊണ്ട് ഭിത്തിയിലിരിക്കുന്ന ക്ലോക്കിലാണ് പദ്മനാഭൻനായരുടെ കണ്ണ്. സമയം, വിലപിടിച്ച സമയം, വിലപിടിച്ച നിമിഷങ്ങളായി കൊഴിഞ്ഞു വീണുകൊണ്ടിരിക്കുന്നു. പ്രക്ഷേപണകാലം അടുത്തടുത്തുവരുന്നു. ഇതിനിടയിൽ മമ്മ

ദ്ക്ക, ആൽത്തറ വിട്ടു ബാലേച്ചമ്മാനാവുന്നു. ഒരു നാടൻപാട്ടിന്റെ ശീലു മൂളിക്കൊണ്ടു മറ്റുള്ളവരെ ക്ഷണിക്കുന്നു.

"ബാക്കി സ്ക്രിപ്റ്റു വരുമ്പോഴേക്കും നമുക്കീ പാട്ടൊന്നു നോക്കിക്കളയാം. ഇന്നു നാട്ടിൻപുറത്തു പ്രക്ഷേപണം ചെയ്യാനുള്ളതാണ്."

എല്ലാവർക്കും ഉത്സാഹമായി. നാടൻ വാദ്യോപകരണങ്ങൾ ശബ്ദിച്ചു. സംഘഗാനം ബാലകൃഷ്ണമേനോന്റെ നേതൃത്വത്തിൽ. പാട്ടു തുടങ്ങിയപ്പോഴാണു മനസ്സിലാവുന്നത്, എല്ലാവരും പാടും. രാമചന്ദ്രൻ പോലും പതുക്കെ സംഘഗാനത്തിൽ ചേരുന്നു. ലക്ഷ്മീദേവി വിട്ടുകൊടുക്കാൻ ഭാവമില്ല. അല്ലാ, പദ്മനാഭൻനായരും പാടുന്നല്ലോ. എല്ലാം എനിക്കു പുതുമയായിരുന്നു, അമ്പരപ്പായിരുന്നു. പ്രക്ഷേപണകേന്ദ്രത്തിൽ ജോലിക്കു കേറുന്നവർ കണിശമായും അറിഞ്ഞിരിക്കേണ്ട കാര്യം: അല്പം പാടാൻ വശമുണ്ടായിരിക്കണം. അഭിനയിക്കാനുള്ള കഴിവും വേണം. ഇല്ലെങ്കിൽ കേറിയവന്റെ ജന്മം വ്യർത്ഥം. ഉള്ളിൽ തട്ടിയ പ്രാർത്ഥനയോടുകൂടി പത്തു ജന്മം പിറന്നു കഴിഞ്ഞാലും സംഗീതം വശത്താക്കാൻ കഴിയാത്ത ഞാൻ അവിടെ അപ്പോൾ അവരുടെ കൂട്ടത്തിൽ ഒറ്റപ്പെട്ടുനിന്നു.

ശക്തി കുറഞ്ഞ ട്രാൻസ്മിറ്ററെന്ന ഒരു കുറ്റം മാത്രമേ കോഴിക്കോട്ടു നിലയത്തിനുണ്ടായിരുന്നുള്ളു. തുടക്കത്തിൽത്തന്നെ പ്രഗല്ഭരായ ഭരണകർത്താക്കളുടെ സേവനമതിനു കിട്ടി. അസിസ്റ്റന്റ് സ്റ്റേഷൻ ഡയറക്ടർ ശ്രീ മധുസൂദനപ്പണിക്കർ. പ്രോഗ്രാം എക്സിക്യൂട്ടീവ് ശ്രീമതി മീനാക്ഷി. പ്രോഗ്രാം അസിസ്റ്റന്റുമാരായി കോന്നിയൂർ ആർ. നരേന്ദ്രനാഥൻനായർ, പദ്മനാഭൻനായർ, ഇ. എം. ജെ. വെണ്ണിയൂർ, പുരുഷോത്തമൻനായർ, ട്രാൻസ്മിഷൻ അസിസ്റ്റന്റുമാരായി പ്രേമൻനായരും നാരായണൻ നായരും. ഇവരിൽ മിക്കവരും പിൽക്കാലത്ത് സ്റ്റേഷൻ ഡയറക്ടർമാരായി പെൻഷൻപറ്റി. ഓരോ വിഭാഗത്തിലും അതതു വിഷയത്തിൽ പ്രാപ്തരായവർ വേറെയുമുണ്ട്. എല്ലാവരുടെ പേരും ഓർക്കാൻ കഴിയുന്നില്ല.

തുടക്കത്തിൽ എല്ലാ വിഭാഗത്തിലും പരിപൂർണ്ണത നേടിയ കേന്ദ്രമായിരുന്നു കോഴിക്കോട്ട്. ചുരുക്കം മാസങ്ങളിൽ പേരും പ്രസിദ്ധിയും നേടിക്കൊണ്ടങ്ങനെ കഴിഞ്ഞു പോന്നു. അപ്പോഴാണ് അത്യാഹിതം സംഭവിക്കുന്നത്. കാരണമെന്തെന്ന് ആർക്കും അറിഞ്ഞു കൂടാ. ഒരു നശിച്ച മുഹൂർത്തത്തിൽ ദൽഹിയിൽനിന്ന് ഉത്തരവു വരുന്നു. പ്രോഗ്രാം സ്റ്റാഫിനെ—കരാറുപണിക്കാരെയൊഴിച്ച് മറ്റെല്ലാവരേയും—തിരുവനന്തപുരത്തേക്കു മാറ്റിയിരിക്കുന്നു. പകരക്കാരെ ആരെയും നിയമിച്ചില്ല. ആരും വന്നതുമില്ല. പ്രോഗ്രാം നടത്തിപ്പിനുള്ള അലോട്ടുമെന്റും അതോടൊപ്പം വെട്ടിക്കുറച്ചു. പരിപാടി നടത്താൻ പുറത്തുനിന്നും കലാകാരന്മാരെ ക്ഷണിച്ചുവരുത്തുന്ന പതിവും അതോടെ നിന്നു. ഫണ്ടില്ല. നിത്യനിദാനത്തിനുപോലും പണമില്ലാത്ത ഒരവസ്ഥയിലേക്കു കേന്ദ്രം ചുരുങ്ങിക്കൂടി. അനൗൺസർമാരേയും കരാറുപണിക്കാരായ ആർട്ടിസ്റ്റുമാരേയും വെച്ചുകൊണ്ട് എല്ലാ പരിപാടികളും നടത്തണമെന്നായി. റേഡിയോ തുറന്നാൽ അടയ്ക്കുന്നതുവരെ ഒരേ ശബ്ദം കേട്ടു ശ്രോതാക്കൾ

തളർന്നു. നാട്ടിൻപുറം പരിപാടിയിൽ തക്കാളിക്കൃഷിയെപ്പറ്റിയും നെൽകൃഷിയിലെ ചാഴിക്കേടിനുള്ള പ്രതിവിധിയെക്കുറിച്ചും സംസാരിച്ചുകൊണ്ടിരുന്ന കലാകാരൻതന്നെ തുടർന്നു വരുന്ന ചരിത്ര നാടകത്തിൽ സാമൂതിരിപ്പാടായി അഭിനയിക്കേണ്ട ഗതികേടിനു വിധേയനാവേണ്ടിവന്നു.

കോഴിക്കോട്ടുകേന്ദ്രത്തിന്റെ ദുഷ്ക്കാലത്തിന്റെ ആരംഭം ഇവിടെ കുറിക്കുന്നു. നാടകമായാലും പ്രഭാഷണമായാലും ചിത്രീകരണമായാലും രണ്ടുപേർ തുടർച്ചയായി എഴുതിക്കൊള്ളണം: ഞാനും പി. സി. യും. മറ്റാരുമില്ല. മഹിളാലയം, ബാലരംഗം, നാട്ടിൻപുറം, ആഴ്ചയിൽ അര മണിക്കൂറും പതിനഞ്ചു മിനിട്ടും ദൈർഘ്യമുള്ള രണ്ടു നാടകങ്ങൾ, മാസത്തിൽ ഒരു മണിക്കൂർ ദൈർഘ്യമുള്ള ഒരു നാടകം. ഇതെല്ലാം ഒന്നിടവിട്ട് ഞങ്ങളെഴുതണം, എഴുതിക്കഴിയുന്നതോടെ ബാധ്യത തീരുന്നില്ല. അതു റിഹേഴ്സ് ചെയ്യണം. അതിലെ കഥാപാത്രങ്ങളാവുകയും വേണം. നാടകത്തിന്റെയോ ചിത്രീകരണത്തിന്റെയോ സ്ക്രിപ്റ്റുകൾ പുറത്തു നിന്നു വാങ്ങാൻ പാടില്ല. പണമില്ല.

കേന്ദ്രത്തിനു ശനിദശ. അവിടെ ജോലിചെയ്യുന്ന ഞങ്ങൾക്കും ശനിദശ. എന്റെ രാശിക്കളത്തിൽ ശനിയോടൊപ്പം ഗുളികനും ചേർന്നു കൊണ്ടാണു വേട്ട തുടങ്ങിയത്. രാത്രി പ്രക്ഷേപണം കഴിഞ്ഞു ഞാൻ പുറത്തിറങ്ങും. എല്ലാവരും കുടുംബത്തെത്തി ആഹാരം കഴിച്ചു ഉറങ്ങാൻ കിടക്കുമ്പോൾ ഞാൻ കോഴിക്കോട്ടു നഗരത്തിൽ ലക്ഷ്യമില്ലാതെ നടക്കും. കാരണം എന്റെ വീട് വളരെ അകലെ. അവിടെ എന്നെ കൊണ്ടുചെന്നെത്തിക്കുന്ന തീവണ്ടിയും വളരെ അകലെ. രാത്രി പതിനൊന്നു മണി അമ്പത്തഞ്ചുമിനിട്ടാണ് എന്നെ കൊണ്ടു പോകാൻ അവൻ വരേണ്ട സമയം. അതിന്റെ സമയപ്പട്ടിക നോക്കുമ്പോൾ ചില ഷൂസ് കമ്പനിക്കാരുടെ കാഷ്ബിൽ ഓർത്തു പോകും. നാല്പത്തഞ്ചു രൂപാ തൊണ്ണൂറ്റെട്ടു പൈസ. അങ്ങനെയൊരു ബില്ല്. അതുപോലെ പതിനൊന്നു മണി അമ്പത്തഞ്ചു മിനിട്ടെന്നൊരു സമയക്കണക്ക്. പന്ത്രണ്ടായാൽ ഏതോ വലിയ അത്യാഹിതം സംഭവിക്കുമെന്ന മട്ടിൽ. ഏതായാലും വീടെത്താതെ വയ്യ. കാലത്തെ ഉണർന്നെണീക്കുമ്പോൾ എന്റെ മകൾ അച്ഛനെ തേടും. കണ്ടില്ലെങ്കിൽ അവൾ കലശലായി ശാഠ്യം പിടിക്കും. നടന്നും നിന്നും വഴിയിൽ കണ്ടുമുട്ടുന്ന സുഹൃത്തുക്കളെ വർത്തമാനം പറഞ്ഞു ഹിംസിച്ചും ഞാൻ സമയത്തെ തള്ളിമാറ്റിക്കൊണ്ട് സ്റ്റേഷനിൽ എത്തും. പട്ടികയിൽ പറഞ്ഞ നേരത്തൊന്നും ആ വണ്ടി വരില്ല. എങ്ങനെയെങ്കിലും വന്നു ചേർന്നാൽത്തന്നെ അതിൽ കേറി സുഖമായി ഇരിക്കാൻ പറ്റില്ല. ഇരുന്നാൽ ചിലപ്പോൾ വടകരയോ തലശ്ശേരിയോ എത്തിയെന്നു വരും. മനസ്സാലെ പോകുന്നതല്ല. 'ഉറക്കമാം കോഴി' കൊത്തി വലിച്ചു കൊണ്ട് പോകുന്നതാണ്.

ഒരിക്കൽ അതുപോലെ ഒരപകടം. വണ്ടി വന്ന് കേറാൻ നോക്കുമ്പോൾ അങ്ങോളമിങ്ങോളം പട്ടാളക്കാർ കീഴടക്കിയിരിക്കുന്ന വണ്ടി. പ്ലാറ്റ്ഫോമിൽ ഉടനീളം നിരങ്ങി ഒരു ഗതിയുമില്ലെന്നു കണ്ടപ്പോൾ, പട്ടാളക്കാരല്ലേ. കീഴടങ്ങിക്കളയാമെന്നു കരുതി ഒരിടത്തു കയറി. നോക്കുമ്പോൾ രണ്ടു പട്ടാളക്കാരുടെ നടുവിൽ

ഒരല്പം ഒഴിവു കണ്ടു. ഒരബദ്ധം ചെയ്യുന്നമട്ടിൽ ആ ഒഴിവിൽ ഈ സിവിലിയൻ പതുങ്ങി. ചൂടുള്ള കുപ്പായത്തിൽ പൊതിഞ്ഞതായിരുന്നു പട്ടാളക്കാരുടെ ശരീരം. നല്ല പതുപതുപ്പുള്ള വസ്ത്രം. ജാലകത്തിലൂടെ അടിച്ചുവരുന്ന ശീതക്കാറ്റിന്റെ ദുസ്സഹത മാറ്റാൻ പട്ടാളച്ചൂട്ട് ഉപകരിച്ചു. സുഖം. പിന്നെ കണ്ണു മിഴിക്കുമ്പോൾ കാണുന്നതു വടകര റെയിൽവേ സ്റ്റേഷനാണ്. ബോർഡ് വായിച്ചുനോക്കി ഉറപ്പാക്കേണ്ട കാര്യമില്ല. പുറത്ത് 'അരിച്ചക്കര അരിച്ചക്കര' എന്ന വിളി. അതു വടകരയ്ക്കു മാത്രമുള്ള പ്രത്യേകതയാണ്. പരിഭ്രമിച്ചു ചാടിയിറങ്ങി ചുറ്റിലും നോക്കി. ആരുമില്ല. ടിക്കറ്റു ചോദിച്ചുകൊണ്ട് ആരും വരുന്നില്ല; ഭാഗ്യം. മൂന്നാംക്ലാസ്സുകാർ വിശ്രമിക്കുമിടം തേടി നടന്നു. അവിടെ ചെന്ന് ഒരു ചാരു ബഞ്ചിലിരുന്നു. കുശലം പറയാൻ മൂട്ട വന്നു. സിംഹം വന്നു കുശലം പറഞ്ഞാലും ഉള്ളിൽ കേറാത്ത മാനസികാവസ്ഥയിലായിരുന്നു അപ്പോൾ. വീട്ട് ഒമ്പതു നാഴിക അകലെ കിടക്കുന്നു. എന്നെയും കാത്ത് ഓലച്ചൂട്ടുമായി എന്റെ ഗോവിന്ദേട്ടൻ സ്റ്റേഷനിൽ നില്ക്കുന്നു. അബദ്ധംപറ്റി ഗോവിന്ദേട്ടാ, ക്ഷമിക്കണം. ഞാനിപ്പോൾ വടകരയാണ്. കാലത്തെ വണ്ടിക്ക് ഇവിടെനിന്നു തിരിച്ചു കോഴിക്കോട്ടേക്കു തന്നെ പോകും. അല്ലാതെ പറ്റില്ല. ഞാൻ കരാറുപണിക്കാരനാണെന്നു അറിയാമല്ലോ. എനിക്കു ലീവില്ല. അവധി ദിവസമില്ല. അതുകൊണ്ടു പോയേ പറ്റൂ.

ഗോവിന്ദേട്ടനോട്ട് മാപ്പു പറഞ്ഞുകൊണ്ട് വടകര റെയിൽവേ സ്റ്റേഷനിലെ ചാരുബഞ്ചിൽ കാലത്തെ വണ്ടിയും പ്രതീക്ഷിച്ചു ഞാനിരുന്നു. കോഴിക്കോട്ടെത്താൻ. ആകാശവാണിയിൽ ചെന്ന് എന്നെ കാത്തിരിക്കുന്ന കടലാസുകളിൽ അക്ഷരങ്ങൾ കോറിയിടാൻ.

— 41 —

# ധൃതരാഷ്ട്രരുടെ ഇംഗ്ലീഷ്

എന്റെ രാത്രിഞ്ചരത്വം ഏറെക്കാലം തുടരാൻ കഴിഞ്ഞില്ല. പാതിരാവിലെ തീവണ്ടിയാത്ര എന്റെ ആരോഗ്യത്തിനു നേർക്കു ഭീഷണിയുയർത്തി. ഞാൻ കോഴിക്കോട്ടൊരു വീടന്വേഷിച്ചു. അപ്പോഴേക്കും എനിക്കു ചില സുഹൃത്തുക്കളെ നേടിയെടുക്കാൻ കഴിഞ്ഞിരുന്നു. സാഹിത്യവൈദ്യന്റെ വൈദ്യശാല മുഖേനയാണ് അതു സാധിച്ചത്. എന്റെ പ്രയാസം മനസ്സിലാക്കി സുഹൃത്തുക്കളെല്ലാം ചേർന്നു ശ്രമിച്ചു. എനിക്കൊരു വീടു കണ്ടുപിടിച്ചു. കിണറുണ്ട്; നല്ല വെള്ളം. ലൈറ്റുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ കണ്ണടച്ചുകളയുന്ന വിദ്യുച്ഛക്തി വിതരണരീതി കോഴിക്കോടിനെ അന്ന് ഒട്ടും അലട്ടിയില്ല. കൊച്ചുവീട്. വൃത്തിയുള്ളത്. മുറ്റമുണ്ട്; തൊടിയുണ്ട്. എന്റെ മകൾക്ക് ഓടിക്കളിക്കാൻ വേണ്ടുവോളം ഇടമുണ്ട്. വാടക മുപ്പതു രൂപ.

ശമ്പളം നേരത്തെ പറഞ്ഞ നൂറു രൂപയിൽത്തന്നെ നിൽക്കുകയാണ്. എന്നിട്ടും ധീരതയോടെ ആ വീട് വാടകക്കെടുക്കാമെന്നു ഞാൻ തീരുമാനിച്ചു. അതികഠിനമായ തണുപ്പുകൊണ്ടു വിറയ്ക്കുന്നവൻ ഉടുമുണ്ടഴിച്ചു പുതച്ച് ഉറങ്ങാൻ കിടന്നപോലെയായിരുന്നു എന്റെ സ്ഥിതി. തലയും മുഖവും മൂടാൻ തുടങ്ങിയാൽ കാലാകെ തണുപ്പുകൊണ്ടു മരവിക്കും. കാലു മൂടാൻ ശ്രമിച്ചാൽ തലയും തോളും മുഖവും വെറുങ്ങലിക്കും. രണ്ടു തലയും ഒരുപോലെ രക്ഷിക്കാൻ കഴിയുന്നില്ല. വാടക കൊടുത്താൽ ഭക്ഷണച്ചെലവിനു ബാക്കിയുള്ള തുക തികയില്ല. പതിവു മട്ടിൽ ഭക്ഷണം കഴിച്ചു ജീവിച്ചു കളയാമെന്നുവെച്ചാൽ വാടകകൊടുക്കാൻ പറ്റില്ല. എത്തിയേടത്ത് എത്താമെന്ന വിചാരത്തോടെ വീട്ടിന്റെ താക്കോൽ ഏറ്റുവാങ്ങി. 'പകിടി'യെന്നോ അഡ്വാൻസെന്നോ പണയമെന്നോ പേരു പറഞ്ഞു താമസക്കാരനോട്ട് ഭീമമായ സംഖ്യ വസൂലാക്കുന്ന രീതി നടപ്പിലായിട്ടില്ല. ദൈവത്തിനു സ്തുതിയായിരിക്കട്ടെ.

ഒരു പുതിയ പ്രശ്നം. ഞാനും എന്റെ കുഞ്ഞും ചേർന്നാൽ ഒരു കുടുംബമാവില്ലല്ലോ. എന്റെ കസിൻ കരുണാകരൻ എന്നോടൊപ്പം പ്രാരബ്ധം പങ്കിടാൻ തയ്യാറായി വന്നു. പിന്നെ എന്റെ ഒരു കൊച്ചു മരുമകൾ—രാധ—അച്ഛനമ്മമാരെ പിരിഞ്ഞ് എന്നോടൊപ്പം കഴിയാൻ ഒരുങ്ങിവന്നു. അങ്ങനെ ഞങ്ങളൊരു കുടുംബമാ

യി, അല്പസ്വല്പം ഉപകരണങ്ങളുമായി വീട്ടിൽ കടന്നിരുന്നു. ഇനിയോ? എങ്ങനെയെങ്കിലും ജീവിക്കുക. ആ എങ്ങനെയെങ്കിലുമുള്ള ജീവിതം നാട്ടിൽ എനിക്കുണ്ടായിരുന്ന ഭൂസ്വത്തിന്റെ വലിയൊരംശം അന്യാധീനപ്പെടുത്തി. ആപ്പീസ്സിൽ കഠിനമായ ജോലി. വീട്ടിൽ പ്രാരബ്ധം, എങ്ങനെയെങ്കിലും കടിച്ചുപിടിച്ചു പ്രാരബ്ധം സഹിച്ചെങ്കിലും അതു മറ്റുള്ളവരിൽനിന്നു മറച്ചുപിടിച്ച് ഭവ്യതനടിക്കാനാണു വിഷമിച്ചുപോയത്.

അഞ്ഞൂറും ആയിരവും അതിലേറെയും ശമ്പളം വാങ്ങുന്നവർ ആപ്പീസ്സുകാറിൽ വീട്ടാവശ്യത്തിനുള്ള പച്ചക്കറി വാങ്ങാൻ പോകുമ്പോൾ അതേ നിരത്തിലൂടെ പൊരിവെയിലിൽ വിയർത്തുകുളിച്ച് ആപ്പീസ്സിലേക്കു ഞാൻ ഓടുന്നുണ്ടാവും. ഒരഞ്ചു മിനിട്ടു താമസിക്കാൻ പാടില്ല. അതാണു നിയമം. താമസിച്ചുപോയാൽ അറ്റൻഡൻസ് രജിസ്റ്ററിൽ ചുകന്ന മഷിയുടെ അടയാളം വീഴും. ആരെങ്കിലും താമസിക്കുന്നുണ്ടോയെന്നു ഉറ്റുനോക്കി ചുകന്ന മഷിയുമായി ഒരാൾ എപ്പോഴും കാത്തിരിക്കുന്നുണ്ടാവും. പിന്നെ ഓടാതെ കഴിയുമോ?

അങ്ങനെ ഓടിയും നടന്നും തണുപ്പുകാലത്തു വിറച്ചുവിറച്ചും വേനൽക്കാലത്തു വിയർത്തു വിയർത്തും ജോലിചെയ്യുമ്പോൾ ഇടയ്ക്കു ടൈപ്പു ചെയ്ത ചില കടലാസുകൾ കിട്ടും. ഞങ്ങളതിനെ ഇണ്ടാസ്സ് എന്നു വിളിക്കുന്നു. ചിലപ്പോളത് 'മെമ്മോ' ആയിരിക്കും; മറ്റു ചിലപ്പോൾ എക്സ്പ്ലനേഷൻ ആയിരിക്കും. അല്ലെങ്കിൽ ഡ്യൂട്ടി നിർദ്ദേശിച്ചുകൊണ്ടു ള്ള അറിയിപ്പായിരിക്കും. എല്ലാം ഇണ്ടാസ്സ് തന്നെ. ഇന്നിന്നാൾ ഇന്ന ചുമതല നിർവ്വഹിക്കണമെന്നും ഉത്തരവായി കിട്ടുന്ന ഇണ്ടാസ്സ്. ചിലപ്പോൾ നേരമ്പോക്കും അമ്പരപ്പുമൊക്കെ ഉണ്ടാക്കിയെന്നുവരും. ഒരു മാസം എന്തൊക്കെ എഴുതണം, എവിടെയൊക്കെ പോണം, ഏതെല്ലാം പരിപാടികളിൽ പങ്കെടുക്കണമെന്നു നിർദ്ദേശിക്കുക മാത്രമല്ലാ, എഴുതേണ്ട നാടകങ്ങളുടെ തലക്കുറിപ്പും അതിലുണ്ടാവും. എന്നു വെച്ചാൽ മേലധികാരത്തിൽനിന്നു ഒരു പേരു നിർദ്ദേശിക്കുന്നു. ആ പേരിനെ ന്യായീകരിക്കുമാറു ഞങ്ങൾ നാടകമെഴുതണം.

അതു കാണുമ്പോൾ ത്രുക്കുതേനിന്റെ ഓർമ്മവരും. ആദ്യം മരക്കൊമ്പിലല്പം മെഴുക് ചെറിയ തോതിൽ പറ്റിച്ചുവയ്ക്കും. പിന്നെ അതിൽ ഈച്ചകൾ പറ്റംപറ്റമായി പറന്നു വീണ് വലിയൊരു കൂട്ട് ഒരുക്കിയെടുക്കുന്നു. പലപ്പോഴും ഞാനെഴുതേണ്ടേ നാടകത്തിന്റെ തലക്കുറിപ്പു കണ്ടു ഞാൻ പരിഭ്രമിച്ചുപോയിട്ടുണ്ട്. ഞാനൊരു തേനീച്ചയല്ലല്ലോ. പിന്നെങ്ങനെ ചെറിയതോതിൽ പറ്റിച്ചുവെച്ച മെഴുകിൽ ഞാനൊരു കൂടുണ്ടാക്കിയെടുക്കും?

ഒരിക്കൽ ഒരു മഹാദ്ഭുതമുണ്ടായി. ഒരു 'ഇണ്ടാസ്സ് കൈയിൽ കിട്ടി വായിച്ചു നോക്കുമ്പോൾ അതാ കിടക്കുന്നു. ഒരു ഭയങ്കരൻ. ബർണാഡ് ഷായും ഇബ്സനും ഭാസനും കാളിദാസനുമൊക്കെ. ആദ്യ വായനയിൽത്തന്നെ, തലക്കെട്ടു കണ്ട് അന്തംവിട്ട് നാടകരചനയുപേക്ഷിച്ചു നാടുവിടും. അത്രയ്ക്കു ഭയങ്കരൻ. അവന്റെ പേര് 'കപ്പൽച്ചേതം'. ഈ പേരിലൊരു നാടകമെഴുതണം. അതു ഞാൻതന്നെ എഴുതണം. ഒരു മകളുള്ളതുകൊണ്ടു ഞാൻ നാടുവിട്ടില്ല. ഏതെങ്കിലും ഒരു അന്യദേ

ശത്തിനു ഒരു അജ്ഞാതശവം സംഭാവന ചെയ്യുമില്ല. ധൈര്യമായി നാടകമെഴുതി. ശ്രോതാക്കളിൽ എത്ര പേർ ധൈര്യമായിരുന്ന് അതു കേട്ടെന്നെനിക്കറിഞ്ഞു കൂടാ—

"സ്ഫുടതാരകൾ കൂരിരുട്ടിലുണ്ട്" ഉണ്ട്, മഹാകവിയുടെ വാക്കു പിഴച്ചില്ല. ശ്രമകരമായ ജോലിയിലും, അനാവശ്യവും അസംബന്ധവുമെന്നു തീർത്തു പറയാവുന്ന നിയന്ത്രണങ്ങളിലും നിയമങ്ങളിലും കിടന്നു വിഷമിക്കുമ്പോൾ കലാകാരന്മാർക്കിടയിലുണ്ടായിരുന്ന ഐക്യവും സൗഹൃദവുമാണു എനിക്ക് ആശ്വാസം നല്കിയത്. അതുപോലെ പ്രക്ഷേപണത്തിൽ അറിയാതെ വന്നുചേരുന്ന അബദ്ധങ്ങളും പരിപാടികളിൽ പങ്കെടുക്കാൻ വരുന്ന വി. എ. പി. മാർ പലപ്പോഴും പ്രദർശിപ്പിക്കുന്ന അല്പത്തങ്ങളും അജ്ഞതകളും രസകരങ്ങളായിരുന്നു; നേരമ്പോക്കിനു വകതരുന്നവയും.

ഒരിക്കൽ ഒരു വി. ഐ. പി. പ്രഭാഷണത്തിനു വന്നു. അങ്ങനെയുള്ളവർ വരുമ്പോൾ പ്രക്ഷേപണ കേന്ദ്രത്തിലെ വി. ഐ. പി. മാർ തന്നെ തിക്കിത്തിരക്കി സ്വീകരണത്തിനെത്തിച്ചേരും. അവരുടെ ബഹുജനസമ്പർക്ക പരിപാടി അതിൽ ഒതുങ്ങി നില്ക്കുന്നു. അന്നും ആ വി. ഐ. പി. പ്രഭാഷണത്തിനുള്ള സ്റ്റുഡിയോവിൽ കടന്നു തനിക്കായുള്ള കസേരയിൽ ഇരുന്നു. അദ്ദേഹം നേരത്തെ എഴുതി തയ്യാറാക്കി അയച്ചിരുന്ന പ്രഭാഷണം അദ്ദേഹത്തെ ഏല്പിച്ചു വായിക്കേണ്ട രീതിയും സമയത്തിൽ ഒതുക്കിനിർത്തേണ്ടതിന്റെ ആവശ്യകതയും മറ്റും പറഞ്ഞു ധരിപ്പിച്ചു. എല്ലാം ഒരു പുച്ഛഭാവത്തോടെ കേട്ട വി. ഐ. പി. പറയുന്നു:

"ഹൊ, ഇതാണോ പ്രക്ഷേപണം? വിശാലമായ മൈതാനിയിൽ, പതിനായിരക്കണക്കിലാളുകളെ പിടിച്ചിരുത്തി, മണിക്കൂറുകളോളം പ്രസംഗിക്കുന്നവനാണു ഞാൻ. ആളൊഴിഞ്ഞൊരു മുറി. പതിനഞ്ചു മിനിട്ടു സമയം. എന്നിട്ടും നിങ്ങളിതിനെ പ്രഭാഷണമെന്നു വിളിക്കുന്നോ, ഹേ? നിങ്ങളുടെ കത്തിൽ ടോക്ക് (Talk) എന്ന് എഴുതിക്കണ്ടു തെറ്റിദ്ധരിച്ചാണു ഞാൻ വന്നത്. ഇനി ഈ അബദ്ധം പറ്റില്ല."

ഇത് ഒരു ഉദാഹരണം. ഇനി മറ്റൊന്ന്. ഒരു പത്രാധിപർ. അദ്ദേഹത്തിനു റേഡിയോ നാടകങ്ങളിൽ പങ്കെടുക്കണമെന്നു കലശലായ മോഹം. ശബ്ദ പരിശോധന എന്ന കടമ്പ കടക്കേണ്ട ആവശ്യമൊന്നുമില്ല. പരിപാടിയുടെ ചുമതല വഹിക്കുന്ന ആൾക്ക് ഇഷ്ടമാണെങ്കിൽ ആരേയും വിളിച്ച് അകത്തുകയറ്റി പരിപാടിയിൽ പങ്കെടുപ്പിക്കാം. പത്രാധിപരല്ലേ, ആഗ്രഹം പ്രകടിപ്പിച്ചു കേൾക്കേണ്ട താമസം, അദ്ദേഹം ക്ഷണിച്ചു. പത്രക്കാരെ പ്രക്ഷേപണ കേന്ദ്രത്തിനും വലിയ ഭയമാണ്. അവർ വല്ലതും എഴുതിക്കൂട്ടിയാൽ കുഴപ്പമല്ലേ? പത്രാധിപർ വന്നു. നാടകം ആരുടേതാണെന്നോ എന്താണെന്നോ ഒന്നുമില്ല. റിഹേഴ്സൽ തകൃതിയായി നടന്നു. പ്രക്ഷേപണത്തിന്റെ സമയമെത്തി. മൈക്രോഫോണിനു ചുററും അഭിനേതാക്കൾ അണിനിരന്നു. ചുമർക്ലോക്കിന്റെ നെറുകയിൽ ചുകപ്പുവെളിച്ചം കത്തി. നാടകത്തിന്റെ അനൗൺസ്മെന്റ് തുടങ്ങി. ഒന്നു മനസ്സിലാക്കണം. അന്നു പ്രക്ഷേപണം; ഫുട്ബാളിലെ സഡൻ ഡത്തു പോലെയാണ്. ഏതു ശബ്ദവും, അത് അപശബ്ദമായാൽപ്പോലും, ആകാശത്തിൽ പോകും. ശ്രോതാക്കളുടെ ചെവിയിലെത്തും.

റിക്കാർഡിങ്ങും എഡിറ്റിങ്ങും നടപ്പിൽ വരാത്ത കാലം. അതാണു സഡൻ ഡത്തെന്നു പറഞ്ഞത്.

നാടകം പുരോഗമിക്കുന്നു. പത്രാധിപർ മോശമല്ലാത്ത നിലയിൽ സംഗതി കൈകാര്യം ചെയ്യുന്നു. അങ്ങനെയിരിക്കുമ്പോൾ പ്രതാധിപർ വഹിക്കുന്ന കഥാപാത്രവും മറ്റൊരു കഥാപാത്രവും തമ്മിലുള്ള സംഭാഷണത്തിനിടയിൽ ബ്രാക്കറിൽ ചിരി എന്നു എഴുതിച്ചേർത്തതു് പത്രാധിപരുടെ ശ്രദ്ധയിൽപ്പെടുന്നു. അല്പം പരിഭ്രമിച്ച് അടുത്തു നില്ക്കുന്ന ആളോട്ട് ഉറച്ച ശബ്ദത്തിൽത്തന്നെ ചോദിച്ചു:

“ഇതു് കമ്പൽസറിയാണോ?”

സഡൻ ഡത്ത്! ആ സഡൻ ഡത്ത് വാണം പോലെ ആകാശത്തിലേക്കു കുതിച്ചു. കേട്ടു നിന്നവർക്കു നേരമ്പോക്ക്. എന്തു കാര്യം? കലയിലല്ലാതെ ജീവിതത്തിൽ ചിരിക്കാനോ കരയാനോ, അവിടെ പറ്റില്ല. കേട്ടുനിന്നവർ ചിരിയൊതുക്കാൻ പരമാവധി പരിശ്രമിക്കേണ്ടിവന്നു.

അതുപോലെ നൂറ്റവരുടെ പിതാവായ ധൃതരാഷ്ട്രർ ഞങ്ങളുടെ സ്റ്റുഡിയോവിൽ വന്നു ഒരിക്കൽ ഇംഗ്ലീഷ് സംസാരിച്ചിട്ടുണ്ട്. സന്ദർഭമിതാണ്. ‘ഭഗവദ്ദൂതാ’ണ് നാടകം. കോഴിക്കോട്ടെ നാടകവേദിയിലെ മികച്ചൊരു നടനും അനേകം ശിഷ്യസമ്പത്തുള്ള പ്രൊഫസറും ഹാസ്യ സാഹിത്യകാരനും സഞ്ജയന്റെ സഹപ്രവർത്തകനും മറ്റുമായിരുന്ന ശ്രീ സൂര്യനെഴുത്തച്ഛൻ–സൂര്യമുൻഷിയെന്നും സൂർജിയെന്നും പരക്കെ അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്ന സഹൃദയൻ–അദ്ദേഹം കേന്ദ്രത്തിലെ പരിപാടികളിൽ പതിവായി പങ്കെടുക്കുന്ന പ്രധാനികളിൽ ഒരാളായിരുന്നു. സ്റ്റേജിലെ ചിരപരിചയം നിമിത്തം സഹനടന്റെ മുഖത്തു നോക്കിയല്ലാതെ അദ്ദേഹത്തിനു സംസാരിക്കാൻ പറ്റില്ല. ‘ഭഗവദ്ദൂതി’ൽ അദ്ദേഹം ധൃതരാഷ്ട്രരുടെ ഭാഗമാണ് അഭിനയിച്ചിരുന്നത്. കടലാസിലും മുഖത്തും മാറിമാറി നോക്കിയാണഭിനയം. നീണ്ട ഒരു സംഭാഷണം അവസാനിച്ചു. അടുത്തിലേക്കു കടക്കേണ്ട ഘട്ടം വന്നപ്പോൾ തുടർച്ച നഷ്ടപ്പെട്ടു. അടുത്തു പറയേണ്ട ഭാഗം കാണുന്നില്ല. ഉടനെ അദ്ദേഹത്തെ ചേർന്നുനില്ക്കുന്ന ആൾ വിരൽകൊണ്ടു സ്ഥലം ചൂണ്ടിക്കൊടുക്കുന്നു. സൂര്യമുൻഷി ആശ്വാസത്തോടെ, ആഹ്ലാദത്തോടെ, സംഭാഷണം തുടരുന്നു:

“യേസ്, യേസ്... ഉണ്ണീ സുയോധനാ!”

സഡൻ ഡത്ത്. ആ ആശ്വാസത്തോടെയുള്ള “യേസ് യേസ്’ അങ്ങ് ആകാശത്തിൽ കയറി.

പില്ക്കാലത്ത് എവിടെവെച്ച് കണ്ടാലും രസകരമായ ഈ സംഭവം ആവർത്തിച്ചു പറഞ്ഞു് ആ വലിയ മനുഷ്യൻ പൊട്ടിച്ചിരിക്കുമായിരുന്നു.

പ്രക്ഷേപണം കഴിഞ്ഞു് ബദ്ധപ്പെട്ടു വീട്ടിലേക്കു മടങ്ങുമ്പോൾ ഒരേയൊരുവിചാരമാണ്. എന്റെ മകൾ കരുണാകരനെ വിഷമിപ്പിച്ചോ? ശാഠ്യം കൊണ്ടു രാധയെ ശല്യപ്പെടുത്തിയോ? ഇല്ല. ഞങ്ങളുടെ വീട്ടിനടുത്ത് ഒരു നല്ല കുടുംബം താമസിച്ചിരുന്നു. കുട്ടികളും, മുതിർന്നവരും ഒരുപോലെ സ്നേഹസമ്പന്നർ. അവിടത്തെ

ദാക്ഷായണി എന്ന കുട്ടി–ഇപ്പോൾ അമ്മയും വല്യമ്മയുമൊക്കെ ആയിക്കഴിഞ്ഞിട്ടുണ്ടാകും—എന്റെ മകളുമായി വലിയ അടുപ്പത്തിലായിരുന്നു. അവളവിടെ സുഖമായി, സന്തോഷമായി, കുട്ടികളോടൊപ്പം കളിച്ചുതിമർക്കുന്നതു കണ്ടുകൊണ്ടാണു ഞാൻ വീടെത്തുക. ദാക്ഷായണിയെ അവൾ ദാച്ചേടത്തി എന്നു വിളിച്ചു. ദാച്ചേടത്തിയിൽനിന്നു അവളെ വിടുർത്തി വീട്ടിലേക്കു കൊണ്ടു പോവാൻ ഞാനേറെ വിഷമിക്കണമെന്നായി.

ഊരും പേരും അറിയാത്ത, കുറ്റമൊന്നും ചെയ്യാത്ത, പാവങ്ങളെപ്പോലും നിർദ്ദാക്ഷിണ്യം കൊന്നൊടുക്കുന്ന ഈ ലോകത്ത്  നിസ്വാർത്ഥ സ്നേഹത്തെപ്പറ്റി ആലോചിക്കാനും പറയാനും എന്തൊരു സുഖം.

— 42 —

# റെഡിമെയ്ഡ് സാഹിത്യം

ഡയറിയെഴുത്തു ശീലിക്കാത്തതിലുള്ള ദുഃഖം ചില്ലറയല്ല. ഓർമ്മയ്ക്ക് കാലിടറുന്നു. സംഭവങ്ങൾ കീഴ്മേൽ മറിയുന്നു. അപ്രധാനമായ പലതും അതുകൊണ്ട് ഈ ഓർമ്മക്കുറിപ്പിൽ സ്ഥലം പിടിക്കുകയും പ്രധാനമെന്നു എനിക്കു തോന്നിയ ചിലതു പറയാതെ വിട്ടു പോവുകയും ചെയ്യുന്നു. അങ്ങനെ വിട്ടുപോയതിൽ ഒരു സംഭവമാണ് ആകാശവാണിയോട് ശ്രീ പി. ഭാസ്കരന്റെ വിടപറയൽ. ആരും പറയാതെ, ആരുടെ ഉത്തരവിനും കാത്തുനില്ക്കാതെ, ഒരു ദിവസം ഭാസ്കരൻ പടിയിറങ്ങിപ്പോയി. പ്രക്ഷേപണ കലയിൽ പ്രവീണരായ രണ്ടുപേർ–പദ്മനാഭൻനായരും ഭാസ്കരനും–കോഴിക്കോടിനു നഷ്ടപ്പെട്ടു. ഭാസ്കരന്റെ അഭാവം ഞങ്ങളെ വളരെയേറെ ദുഃഖിപ്പിച്ചു. പദ്മനാഭൻ നായരുടെ കാര്യത്തിൽ ദുഃഖിച്ചിട്ടു പ്രയോജനമുണ്ടായിരുന്നില്ല. അദ്ദേഹം ഒരു ഗവണ്മെന്റുദ്യോഗസ്ഥനായിരുന്നു അന്ന്, എപ്പോഴും സ്ഥലംമാറ്റത്തിനു വിധേയനാവാൻ വിധിക്കപ്പെട്ട ആൾ. ഭാസ്കരൻ അങ്ങനെയായിരുന്നില്ലല്ലോ.

ക്രൗഞ്ചമിഥുനങ്ങളിലൊന്നിന്റെ വിയോഗത്തിൽ വിഷാദത്തിന്റെ കവിത ചൊല്ലിയ വാല്മീകിമഹർഷിയെപ്പോലെ തീർച്ചയായും ആകാശവാണി നിലയം ഭാസ്കരന്റെ വേർപാടിൽ വിലപിച്ചിട്ടുണ്ടാവണം. കാരണം, സംഗീതസംവിധായകനായ ശ്രീ കെ. രാഘവനും ഭാസ്കരനും പൂവും മണവും പോലെ, താളവും ശ്രുതിയും പോലെ, സാഹിത്യത്തിന്റെയും സംഗീതത്തിന്റെയും അനുഭൂതി വർഷിച്ചുകൊണ്ടാണ് നിലയത്തിന്റെ പേരും പ്രശസ്തിയും പെരുപ്പിച്ചുപോന്നത്. ഭാസ്കരൻ കവിയാണല്ലോ. തന്റെ ഒഴിച്ചുപോക്കിലൂടെ ക്രാന്തദർശിയാണെന്ന് അദ്ദേഹം തെളിയിക്കുകകൂടി ചെയ്തു. അന്നൊഴിഞ്ഞു പോയില്ലെങ്കിൽ ഒഴിപ്പിക്കുമെന്ന കാര്യം തീർച്ചയായിരുന്നു. കമ്മ്യൂണിസമെന്ന പേരു പറയുകയോ കേൾക്കുകയോ എഴുതുകയോ ചെയ്യാൻ പാടില്ലാത്ത കാലം. 'കമ്യൂ'മെന്നോ 'കമഠ'മെന്നോ 'കമല'മെന്നോ എവിടെയെങ്കിലും എഴുതിപ്പോയെങ്കിൽ അവിടെ സംശയദൃഷ്ടി പതിക്കുന്ന കാലം; പിന്നെങ്ങനെ ഭാസ്കരനെപ്പോലൊരാളെ വെച്ചുപൊറുപ്പിക്കും?

ഏതൊക്കെ പദങ്ങൾ, ഏതൊക്കെ പേരുകൾ, എന്തെല്ലാം സംഭവങ്ങൾ ആകാശവാണിക്കു നിഷിദ്ധമെന്ന് ആർക്കും ഒരു പിടിയുമുണ്ടായിരുന്നില്ല. അതതുകാലം ഭരിക്കുന്ന ആപ്പീസർമാരുടെ ഇഷ്ടാനിഷ്ടങ്ങൾക്കും അറിവിനുമനുസരിച്ചാണതൊക്കെ തീരുമാനിക്കുന്നത്. അതുകൊണ്ടുള്ള ദുരിതമനുഭവിക്കുന്നതോ എഴുത്തുതൊഴിലാളിയും.

ചെറുതെങ്കിലും ക്രൂരമായൊരു സംഭവം. കേട്ടുകഴിയുമ്പോൾ. അല്പം നേരമ്പോക്കിനു വകയുള്ളതുകൊണ്ടു വിട്ടു കളയാൻ മനസ്സുവരുന്നില്ല. ഒരു നിരൂപണപ്രബന്ധം. പേരും പ്രശസ്തിയുമുള്ള ഒരു സാഹിത്യകാരൻ തയ്യാറാക്കിയതാണ്; പ്രക്ഷേപണത്തിനുവേണ്ടി. അതിന്റെ ചുമതല വഹിക്കുന്നതു പി. സി. യാണ്. പി. സി. യുടെമേലെ ഒരു പ്രോഗ്രാം ആപ്പീസറുമുണ്ട് അദ്ദേഹം 'അപ്രൂവ്ഡ്' എന്നെഴുതി അനുമതി നല്കി ഒപ്പിട്ടാലേ പി. സി. ക്കതു പ്രക്ഷേപണത്തിനെടുക്കാവൂ. പ്രബന്ധം പ്രോഗ്രാം ആപ്പീസറുടെ മുമ്പിലെത്തി. നിമിഷങ്ങൾക്കകം ആർത്തട്ടഹസിച്ചു ചിരിച്ചുകൊണ്ട് പി. സി. എന്റെ മുമ്പിലെത്തുന്നു.

"എടോ, നിയ്യൊക്കെ എവിടുന്നു പഠിച്ചെടോ സാഹിത്യം? ഒരു ചുക്കും അറിഞ്ഞുകൂടാത്തവർ. ദാ, നോക്കു. ഇതെന്താണെന്നു നോക്കു. നോക്കിയാൽ പോരാ, ശരിക്കു വായിക്കു."

"ശയ്യാഗുണം." ഞാൻ വായിച്ചു കഴിഞ്ഞ് പി. സി. യോടു ചോദിക്കുന്നു:

"ഇതിലെന്താ പി. സി. ഒരു വിശേഷം?"

പി. സി. വീണ്ടും വീണ്ടും ചിരിക്കുകയാണ്. ചിരിച്ചു കുഴഞ്ഞു കൊണ്ട് പി. സി. പറയുന്നു:

"എടോ, അശ്ലീലമാണ്. നീയൊക്കെ കണ്ണും പൂട്ടി ഇതുപോലെ പല പദങ്ങളും എഴുതിവെക്കാറില്ലേ? ഇനിയെങ്കിലും പഠിച്ചോളൂ. 'ശയ്യ' എന്നുവെച്ചാൽ 'കിടക്ക'. ഗുണമെന്നുവെച്ചാൽ 'ഗുണം' തന്നെ. അതുകൊണ്ടെടോ, ഇത് അശ്ലീലമാകുന്നു."

"ഇതാരുടെ കണ്ടുപിടുത്തം?" ഞാൻ ചോദിച്ചു.

"എന്റെ പ്രോഗ്രാം ആപ്പീസർ പറയുന്നു ഇതശ്ലീലമാണ്, പ്രക്ഷേപണത്തിനു പറ്റില്ല, വെട്ടിക്കളയണം എന്ന്.

പി. സി. പറഞ്ഞവസാനിപ്പിച്ചപ്പോൾ ഞാനും ചിരിച്ചു. ചിരിക്കാതെന്തു ചെയ്യാൻ? കണ്ണുനീർത്തുള്ളിയിൽ പറഞ്ഞപോലെ അങ്ങനെ കരച്ചിലും പുഞ്ചിരിയും കലർന്നു മൂടലിനുമേലെ മൂടൽ വീണ്ടും. ഞങ്ങളുടെ ജീവിതം മുമ്പോട്ടു നീങ്ങി. നിർഭാഗ്യമെന്നു പറയട്ടെ, ഇക്കാലമെത്തുമ്പോഴേക്കും കോഴിക്കോട്ട്-തിരുവനന്തപുരം നിലയങ്ങൾ തമ്മിൽ ഒരു ശീതസമരം ആരംഭിച്ചുകഴിഞ്ഞിരുന്നു. കേവലം അനാവശ്യമായ കാര്യം. അധികാരസ്ഥാനത്തിരിക്കുന്ന ഏതോ ഒരു വ്യക്തിക്കോ അല്പം ചില വ്യക്തികൾക്കോ അധികാരൗദ്ധത്യം കാണിക്കാൻ മനപ്പൂർവ്വം കരുപ്പിടിപ്പിച്ചെടുത്ത ഒരു കുസൃതിയാണ്, കോഴിക്കോട്ടുനിലയത്തിനു അധോഗതിയുണ്ടാക്കിയതും

ഒന്നായി ഒരേ മനസ്സോടെ കഴിയേണ്ടവരെ അനാവശ്യമായ തെറ്റിദ്ധാരണയിലൂടെ അകറ്റിയതും. കോഴിക്കോട്ടെ പത്രങ്ങളും പൊതുജനങ്ങളും പ്രതിഷേധത്തിന്റെ വഴിയിലൂടെ സഞ്ചരിക്കാൻ തുടങ്ങി. ഏറെക്കഴിയും മുമ്പേ കേന്ദ്രമന്ത്രിസഭയിൽ പ്രക്ഷേപണത്തിന്റെ ചുമതല ഡോക്ടർ കേഷ്കർ ഏറ്റെടുത്തു. മാതൃഭൂമി തുടങ്ങിയ പത്രങ്ങളിൽ ആക്ഷേപങ്ങളും വിമർശനങ്ങളും, കേശവമേനോനെപ്പോലെ, കേളപ്പജിയെപ്പോലെ ഉന്നതസ്ഥാനീയരായ നേതാക്കളുടെ പ്രസ്താവനകളുമെല്ലാം ചേർന്നു സംഭവത്തിന് ഏതാണ്ടൊരു പ്രക്ഷോഭത്തിന്റെ നിറം കിട്ടിയപ്പോൾ കേന്ദ്രമന്ത്രി തന്നെ അന്വേഷണത്തിനായി കോഴിക്കോട്ടെത്തി. ശ്രീ കെ. എ. ദാമോദരമേനോനെപ്പോലുള്ള നേതാക്കന്മാർ നിലയത്തിലെത്തി മന്ത്രിയെ നേരിൽ കണ്ടു നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി. നിവേദനത്തിന്റെ ഫലത്തെക്കുറിച്ച് അന്നും ഇന്നും എനിക്കൊന്നും പറയാൻ കഴിയില്ല. പക്ഷേ, പിരിമുറുക്കത്തിനൊരയവു കിട്ടി.

ശ്രീ കേഷ്കർ പ്രക്ഷേപണ വകുപ്പിൽ കാര്യമായ വ്യതിയാനം വരുത്താൻ ആത്മാർത്ഥമായ ശ്രമം നടത്തിയെന്നതിനു തെളിവുകൾ പലതുണ്ടായി. പരിപാടിയുടെ ഉത്തരവാദിത്വം അതതു വിഷയങ്ങളിൽ പ്രാവീണ്യം സിദ്ധിച്ചവരിൽ ഏല്പിക്കണമെന്നും അർഹരായവരെ കണ്ടുപിടിച്ചു നിയമിക്കണമെന്നും അദ്ദേഹം ഉത്തരവിട്ടു. അങ്ങനെയാണ് മഹാകവി ജി. ശങ്കരക്കുറുപ്പും കേശവദേവും കൈനിക്കര കുമാരപിള്ളയും സി. ജെ. തോമസുമെല്ലാം ആകാശവാണിയിൽ പ്രൊഡ്യൂസർമാരായി വന്നത്. എന്തു തിളക്കമുള്ള സംഭവം! പൊതുജനശ്രദ്ധ പിടിച്ചു പറ്റാനും ശ്രോതാക്കളുടെ ആദരവും പ്രശംസയും വേണ്ടുവോളം നേടിയെടുക്കാനും പ്രക്ഷേപണവകുപ്പിനും ഇതിലേറെ എന്തെങ്കിലും ചെയ്യാനുണ്ടോ? ഈ പരിവർത്തനദശയിലാണു പി. സി. കുട്ടികൃഷ്ണൻ പ്രൊഡ്യൂസറാവുന്നതും, കോഴിക്കോടിന്റെ, ശനിദശയ്ക്കു നേരിയ തോതിൽ പരിഹാരമുണ്ടാവുന്നതും.

ശ്രീ പി. വി. കൃഷ്ണമൂർത്തി കോഴിക്കോട്ട് നിലയത്തിന്റെ അസി. സ്റ്റേഷൻ ഡയരക്ടറായി വരുന്നു. ഒരു കലാകേന്ദ്രം എങ്ങനെ ഭരിക്കണം, എങ്ങനെ ജനപ്രീതി നേടണം, ജനഹിതം മനസ്സിലാക്കി എങ്ങനെ പരിപാടികൾ ആസൂത്രണം ചെയ്യണം എന്നൊക്കെയുള്ള കാര്യങ്ങൾ ഞങ്ങൾക്കു മനസ്സിലാവുന്നത് അദ്ദേഹത്തിന്റെ വരവോടുകൂടിയാണ്.

എക്സ്പ്ലനേഷനല്ല, മെമ്മോ അല്ല, ഇണ്ടാസല്ല, കർക്കശ നിയമങ്ങളുടെ നൂലാമാലയല്ല, പ്രക്ഷേപണ നിലയത്തിന്റെ ഭരണമെന്ന് ആശ്വാസത്തോടെ ഞങ്ങൾ മനസ്സിലാക്കുന്നതും അപ്പോൾത്തന്നെ. ആദ്യമായും അവസാനമായും നിലയത്തിന്റെ ചുമതല നല്ല പരിപാടികൾ പ്രക്ഷേപണം ചെയ്യലാണെന്നും അദ്ദേഹം ഞങ്ങളെ ധരിപ്പിച്ചു. കാളിങ് ബെല്ലും ശിപായിയും വാതിലടച്ചുപൂട്ടിയ ആപ്പീസുമുറിയും ഞങ്ങളുടെ മുമ്പിൽ തടസ്സം സൃഷ്ടിച്ചില്ല. എപ്പോൾ വേണമെങ്കിലും അദ്ദേഹത്തെ കാണാം. അന്വേഷിച്ചു ചെല്ലേണ്ട ആവശ്യമില്ല. ഞങ്ങളുടെ ഇടയിലേക്ക്, സ്റ്റുഡിയോവിലേക്ക് അദ്ദേഹം ഇറങ്ങിവരും. ഒപ്പം നിലത്തിരിക്കും. റിഹേഴ്സലുകളിൽ

സജീവമായി പങ്കെടുക്കും. സംഗീതപരിപാടിയാണെങ്കിൽ അദ്ദേഹം മൃദംഗമോ ഘടമോ വായിക്കാനിരിക്കും. അതിലൊക്കെ അദ്ദേഹം വിദഗ്ദ്ധനായിരുന്നു.

ഒരിക്കൽ അദ്ദേഹം എന്നെ വിളിച്ച് ഒരു പാട്ടു വേണമെന്നു പറഞ്ഞു. എന്തു പാട്ടാണ്, എങ്ങനെയാണെഴുതേണ്ടതെന്നായി എന്റെ വിചാരം. എനിക്കുണ്ടോ തമിഴിലോ ഇംഗ്ലീഷിലോ പാട്ടെഴുതാൻ കഴിയുന്നു? അദ്ദേഹത്തിനു മലയാളം എഴുതാനോ വായിക്കാനോ പറ്റില്ലെന്നനിക്കറിയാമായിരുന്നു, പിന്നെ ഞാനങ്ങനെ പാട്ടെഴുതും? ഞാൻ നിന്നു സംശയിക്കുന്നതെന്തെന്നു ക്ഷണത്തിലദ്ദേഹത്തിനു മനസ്സിലായി. പരിഹാരത്തിനു പിന്നെ താമസമുണ്ടായില്ല. പാട്ടെഴുതുക. അതു പിന്നെ റോമൻ ലിപിയിൽ പകർത്തി അദ്ദേഹത്തിനു കൊടുക്കുക. ശരി, അങ്ങനെയെങ്കിലങ്ങനെ. ഞാനെഴുതി.

“വരൂ, നീ, വൈണികാ…” തുടർന്ന് ഒരു പാട്ടിന്റെ വരികൾ മുഴുവനും പൂർത്തിയായി. റോമൻലിപിയിൽ പകർത്തി അദ്ദേഹത്തെ ഏല്പിച്ചു. പിന്നെ ട്യൂൺചെയ്യുന്ന തിരക്കാണ് അതു കഴിഞ്ഞദ്ദേഹം സ്റ്റുഡിയോവിലെത്തുന്നു. എന്നെ പിടിച്ച് അടുത്തിരുത്തുന്നു. ആളെവിട്ടു മായാ നാരായണനെ വരുത്തി പാട്ട് പഠിപ്പിക്കുന്നു.

’വരൂ നീ വൈണികാ…’

‘രൂ’ എന്ന് ഉച്ചരിക്കാൻ അദ്ദേഹത്തിനു വിഷമം. വേറെയും ചില അക്ഷരങ്ങളുടെ ഉച്ചാരണത്തിൽ സ്വല്പം കുഴപ്പമുണ്ടെന്നല്ലാതെ ബാക്കിയെല്ലാം വളരെ കണിശമായിരുന്നു.

ഇതെന്റെ ഒരു ചെറിയ അനുഭവം മാത്രം. ഇതുപോലെ പലർക്കും പല നല്ല അനുഭവങ്ങളും അക്കാലത്തുണ്ടായിട്ടുണ്ട്. വളരെ വേഗത്തിലാണദ്ദേഹം കോഴിക്കോട്ടുകാരുടെ സ്നേഹാദരങ്ങൾ പിടിച്ചുപറ്റിയത്, ഒരേസമയം സ്റ്റേജിലവതരിപ്പിക്കുകയും പ്രക്ഷേപണം ചെയ്യുകയെന്ന അതിസാഹസികമായ സമ്പ്രദായം നടപ്പാക്കിയതും അദ്ദേഹം തന്നെ. എസ്. കെ. പൊറ്റെക്കാടിന്റെയും എന്റെയും ചില നാടകങ്ങൾ അങ്ങനെ അവതരിപ്പിച്ചു പ്രക്ഷേപണം ചെയ്തിട്ടുണ്ട്. ഇതിനൊരപവാദമെന്ന നിലയിൽ പില്ക്കാലത്തുണ്ടായ ഒരു സംഭവം ഇപ്പോൾത്തന്നെ ഇവിടെ കുറിച്ചുകൊള്ളട്ടെ.

ഒരാപ്പീസർ ശിപായിയെ വിട്ട് എന്നെ വിളിപ്പിക്കുന്നു. എന്റെ മുമ്പിലദ്ദേഹം ഒരിക്കലും ചിരിച്ചിട്ടില്ല. ഗൗരവം ചോർന്നുപോയാലോ എന്നു ശങ്കിച്ചിട്ടാവും. ഞാൻ ആപ്പീസ് മുറിയിൽ കടന്ന ഉടനെ.

അദ്ദേഹം വളരെ ഗൗരവത്തിൽ പറയുന്നു:

“ഒരു സംഗീത ശില്പം വേണം?”

ഞാൻ മിണ്ടാതെ കേട്ടുനിന്നു.

“ഉടനെ വേണം. ആരുണ്ടെഴുതാൻ?”

ചോദ്യം കേട്ടാൽ കോഴിക്കോട്ട് എഴുത്തും വായനയുമറിയുന്നവർ ആരുമില്ലെന്നു തോന്നും. ഞാൻ സാവകാശം പറഞ്ഞു:

“ആരെയെങ്കിലും കണ്ട് എഴുതിക്കാം”

“അതൊന്നും നടപ്പില്ല.” അദ്ദേഹം തിരക്കുകൂട്ടുന്നു:

“ഉടനെ വേണ്ടതാണ്. ഇവിടെ എഴുതാൻ പറ്റുന്നവരാരെങ്കിലുമുണ്ടോ?”

അതൊരു വെല്ലുവിളിയാണന്നെനിക്കു തോന്നി. അതിനെ നേരിടാതിരിക്കുന്നതു മൂഢത്വമാണെന്നും.

“ഞാനെഴുതാം.”

ഒരു പാവത്താനെപ്പോലെ ഞാൻ പറഞ്ഞു.

“നിങ്ങളോ?”

അദ്ദേഹം സംശയാലുവായി, ക്രുദ്ധനായി എന്നെ അടിമുടി നോക്കി. എഴുതാമെന്നല്ലാതെ മറ്റൊന്നും ഞാൻ പറയണ്ടതില്ലല്ലോ. ഞാൻ മിണ്ടാതെ നില്ക്കുമ്പോൾ അദ്ദേഹത്തിന്റെ നിർദ്ദേശം വരുന്നു:

“ദേശാഭിമാനം തിളക്കുന്നതായിരിക്കണം. ശത്രുവിനെ എതിരിടാനുള്ള കരുത്തു ജനിപ്പിക്കുന്നതായിരിക്കണം. എഴുതാമോ?”

എഴുതാമെന്ന് ആവർത്തിച്ചതല്ലാതെ മറ്റൊന്നും ഞാൻ പറഞ്ഞില്ല. അപ്പോൾ രാജ്യാതിർത്തിയിൽ ചില്ലറ കുഴപ്പം നടക്കുന്ന കാലമായിരുന്നു. അത് എനിക്കും അറിയാവുന്ന കാര്യമായതുകൊണ്ട് അദ്ദേഹത്തിന്റെ മനസ്സിലിരിപ്പ് എനിക്കു വേഗം പിടികിട്ടി.

ആപ്പീസ് മുറിയിൽനിന്ന് പുറത്തു കടന്ന ഉടനെ ഞാൻ ശ്രീ രാഘവനെ സമീപിച്ചു. രാഘവനന്ന് എല്ലാവർക്കും മാഷായിരുന്നു. സംഗീതത്തിലുള്ള അവഗാഹമായ പാണ്ഡിത്യത്തിനു പുറമേ, നർമ്മഭാഷണത്തിനും അതിപ്രസിദ്ധനുമായിരുന്നു മാഷ്.

“മാഷേ, രക്ഷിക്കണം?”

മാഷ് എന്തിനും തയ്യാറാണ്. രക്ഷിക്കാനും വേണ്ടിവന്നാൽ ശിക്ഷിക്കാനും. ചുരുങ്ങിയ തോതിലൊരു ഗുസ്തിക്കാരന്റെ അംഗചലനവും ഭാവവുമുള്ള മാഷ് എന്റെ അഭ്യർത്ഥന കേട്ടു ചിരിച്ചു. ആ ചിരിക്ക് മെർക്കുറി ലൈറ്റിന്റെ ശോഭയാണ്. ഞാൻ സംഗതി പറഞ്ഞു. ഇതൊരു വെല്ലുവിളിയാണ്. ഇതു നേരിടണം മാഷെ. സഹായമില്ലാതെ വയ്യാ.

“വഹിച്ചു കളയാം. അവനെ കാച്ചിക്കളയാം.”

മാഷ് ധൈര്യം തന്നു. പിന്നെ കടലാസും പെന്നും ഞാനും എന്റെ പരിമിതമായ ഭാവനയും കവിതാ വാസനയും ചേർന്നുള്ള സമരമാണ്; ഘോരസമരം. കേകയിലും കാകളിയിലും ‘ഗുണമേറും ഭർത്താവി’ലുമൊക്കെ കവിതയെന്ന പേരിൽ പലതും പടച്ചുവിട്ടതിനു പുറമേ ആകാശവാണിയിൽ കയറിയശേഷം അറ്റകൈയ്ക്ക് മാഷുടെ നിർബ്ബന്ധത്തിനു വഴങ്ങി ചില ഗാനങ്ങളെഴുതിയെന്നല്ലാതെ ഞാനതിലൊരു വിദഗ്ധനൊന്നുമല്ലല്ലോ. അതുകൊണ്ട് നന്നെ ക്ലേശിക്കേണ്ടിവന്നു.

പിറ്റേന്നു സംഗീതശില്പവുമായി ഞാൻ ആപ്പീസിലെത്തി. സാധനം രാഘവൻ മാസ്റ്ററുടെ കൈയിലേല്പിച്ചു. പേര് 'യാഗശില'. കേരള ചരിത്രവുമായി വളരെയേറെ ബന്ധപ്പെട്ടുകിടക്കുന്ന 'Sacrifice rock'. വെള്ള്യാൻകല്ല്, അതിനെ ചുറ്റപ്പറ്റി പോർച്ചുഗീസുകാർ അറബിക്കടലിലും പടിഞ്ഞാറൻ തീരത്തും കാട്ടിക്കൂട്ടിയ വിക്രിയകളിൽനിന്നെടുത്ത ഒരു സംഭവമാണ് ഞാൻ സംഗീതശില്പത്തിന്റെ ഇതിവൃത്തമാക്കിയത്. മാസ്റ്ററതു പരമസുന്ദരമായി ട്യൂൺചെയ്ത് ആർക്കും കുറ്റം പറയാനാവാത്ത ഒരു സംഗീതശില്പമാക്കി. പ്രഗല്ഭരായ ഗായകരെ പങ്കെടുപ്പിച്ചു. ഒടുവിൽ പ്രക്ഷേപണം കഴിഞ്ഞു ദൽഹിക്കയച്ചപ്പോൾ അവരത് നേഷണൽ പ്രോഗ്രാമിൽ പെടുത്തുകയും എല്ലാ പ്രവിശ്യകളിലുമുള്ള പ്രക്ഷേപണ നിലയങ്ങളും ഏക കാലത്തതു പ്രക്ഷേപണം ചെയ്യുകയുമുണ്ടായി.

ഞാൻ കൃഷ്ണമൂർത്തിയിലേക്കുതന്നെ മടങ്ങട്ടെ. അദ്ദേഹത്തിന്റെ കാലത്താണ് കെ. എ. കൊടുങ്ങല്ലൂർ ഒരു അവധൂതനെപ്പോലെ ആകാശവാണിയിൽ കടന്നുവരുന്നത്. കൊടുങ്ങല്ലൂരിൽ ഒളിഞ്ഞിരിക്കുന്ന കലാകാരനെ, ആത്മാർത്ഥതയുള്ള ധീരനായ മനുഷ്യനെ, കണ്ടെത്താൻ കൃഷ്ണമൂർത്തിക്കധികം താമസം വേണ്ടിവന്നില്ല. നിലയത്തിലെ ഒരു കലാകാരനായി സന്തോഷത്തോടെ അദ്ദേഹം കൊടുങ്ങല്ലൂരിനെ സ്വീകരിച്ചു. തുടർന്നു മറ്റൊരു പ്രതിഭാശാലിയായ സുഹൃത്തും ആകാശവാണിയിൽ എന്നോടൊപ്പം ജോലിചെയ്യാനെത്തിച്ചേരുന്നു—കവി കക്കാട്. ഹാ, എന്തൊരാശ്വാസം! ആത്മാർത്ഥതയോടെ സഹകരിച്ചു പ്രവർത്തിക്കുന്ന സുഹൃത്തുക്കളോടൊപ്പം സുഖദുഃഖങ്ങൾ പങ്കിടാൻ കഴിയുന്നത് എത്ര വലിയ ഭാഗ്യം.

— 43 —

## ഓർമ്മയിൽ ചില വൻവേഷങ്ങൾ

ഏതു വലിയ സമുദ്രത്തിലും ദ്വീപുകളുണ്ടാവുമെന്ന് ആരോ പറഞ്ഞിട്ടുണ്ടല്ലോ. അതുപോലെ അമാവാസി രാവിൽ നാട്ടുവെളിച്ചവും. ഇങ്ങനെ അന്വേഷിക്കാൻ തുടങ്ങിയാൽ ആശ്വാസപ്രദങ്ങളായ പല വസ്തുക്കളും ഈ പ്രപഞ്ചത്തിലുണ്ടെന്നു കണ്ടെത്താൻ കഴിയും. ഈ പ്രപഞ്ചത്തിലെന്നപോലെ എന്റെ ജീവിതത്തിലും. 'കപ്പൽച്ചേതം' പോലുള്ള തലക്കെട്ടുകളുടെ ചുവടെ നാടകമെഴുതിവെക്കാൻ വിധിക്കപ്പെട്ട എനിക്ക് മറ്റു വല്ല തൊഴിലിനും പോകാൻ തോന്നാത്തതെന്തുകൊണ്ട്? കല്ലു ചെത്താനോ മരം വെട്ടാനോ നിരത്തമർക്കുന്ന കൂറ്റൻ കരിങ്കല്ലുരുട്ടാനോ ഞാനെന്തുകൊണ്ടു പോയില്ല? ഇത്തരം ചിന്തകൾ മനസ്സിൽ നോവിന്റെ കനൽ വാരിച്ചൊരിയുമ്പോൾ, എനിക്കാശ്വാസമരുളുന്ന ദ്വീപുകൾ സാഹിത്യാദികലകളുടെ രാജവീഥിയിൽ നാഴികക്കല്ലുകൾ നാട്ടി കടന്നുപോയ മഹാത്മാക്കളായിരുന്നു.

സമയം നട്ടുച്ച. കാന്റീനിൽ നിന്ന് ഭക്ഷണം കഴിച്ച്, എന്നെ കാത്തിരിക്കുന്ന ഏതോ ബോറൻ പരിപാടിയിൽ പങ്കെടുക്കാൻ സ്റ്റുഡിയോവിലേക്കു പോവുകയാണ് കോറിഡോറിൽ കടന്നപ്പോൾ, കേൾക്കാൻ സുഖമുള്ള ശബ്ദത്തിൽ ആരോ ചൊല്ലുന്ന കവിത ഉച്ചഭാഷിണിയിലൂടെ ഒഴുകി വരുന്നു. നിന്നു ശ്രദ്ധിച്ചപ്പോൾ ഭാഷ മലയാളമല്ലെന്നു മനസ്സിലായി. എങ്കിലും അകലെ നിന്നു കേട്ടാൽ മലയാളമാണെന്നു തോന്നും. ഏതായാലും ദ്രാവിഡകുടുംബത്തിലുള്ളതുതന്നെ. സന്ദേഹമില്ല. ആരായിരിക്കുമെന്നറിയാൻ അവിടെത്തന്നെ കാത്തുനിന്നു. പരിപാടി കഴിയുവോളം ആ കവിത കേട്ടുകൊണ്ടു നിന്നു. അവസാനത്തെ അനൗൺസ്മെന്റ് വരുന്നു—കർണ്ണാടകത്തിലെ ആസ്ഥാനകവി ശ്രീ ഗോവിന്ദ പൈ പേരു കേട്ടപ്പോൾ ആളെ കാണാൻ ആഗ്രഹമായി. നിമിഷങ്ങൾക്കകം വാതിൽ തുറന്നു മഹാകവി പുറത്തുവരുന്നു. പിറകെ പി. സി. യും. ഞാനദ്ദേഹത്തെ തൊഴുതു. അദ്ദേഹം കൈകൂപ്പാൻ തുടങ്ങിയപ്പോൾ പി. സി. പറഞ്ഞു:

"തിക്കോടിയൻ." ആസ്ഥാനകവി ആവേശഭരിതനായി മുന്നോട്ടു വരുന്നു. എന്നെ ആശ്ലേഷിക്കുന്നു. ഞാനൊരു മരപ്പാവയെപ്പോലെ നില്ക്കുന്നു. കാരണം,

കർണ്ണാടകത്തിലെ ആസ്ഥാനകവി ആര്? ഞാനാര്? ബോട്ടണിക്കാരൻ പറയു മ്പോലെ, ഞാൻ വെറും 'മലാബറിക്കാ-തിക്കോട്സ്റ്റിക്കാ'. ഏതോ എഴുത്തുകാര നെന്നു സങ്കല്പിച്ച്. എന്നെപ്പോലൊരുത്തനെ ആശ്ലേഷിക്കാൻ അദ്ദേഹത്തെ പ്രേ രിപ്പിച്ചത് ഹൃദയനൈർമ്മല്യമല്ലാതെ മറ്റെന്താണ്? ഇതുപോലൊരു വിശിഷ്ട വ്യ ക്തിയെ കാണുന്നതും അദ്ദേഹത്തിന്റെ സ്പർശമേല്ക്കുന്നതും ഒരു വലിയ ഭാഗ്യമായി ഞാനിന്നും കരുതുന്നു. എന്നെ പരിഹസിക്കരുത്.

ഇതു പോലെ മറ്റൊരിക്കൽ മഹാകവി വള്ളത്തോളിന്റെ അതീവ ചാരുതയു ള്ള കടാക്ഷമേൽക്കാനും എനിക്കവസരമുണ്ടായി, മഹാകവിയെ സദസ്സുകൾ പല തിലും ഞാൻ കണ്ടിട്ടുണ്ട്. പ്രസംഗം കേട്ടു രസിച്ചിട്ടുണ്ട് എന്നാൽ അദ്ദേഹത്തിന്റെ അടുത്തു നിന്ന്, തോളിൽ വാത്സല്യത്തോടെ തട്ടിക്കൊണ്ടു എന്നെ പ്രോത്സാഹിപ്പി ക്കും പോലെ രണ്ടേരണ്ട് അക്ഷരം പറഞ്ഞ ഒരു സന്ദർഭമുണ്ടാക്കിയത് ആകാശ വാണിയും പി. സി. യും തന്നെ. മഹാകവി സ്റ്റുഡിയോവിലുണ്ടെന്നറിഞ്ഞു ഞങ്ങൾ കുറേ ആരാധകർ കോറിഡോറിൽ ചുറ്റിപ്പറ്റിനിന്നു. അദ്ദേഹം പരിപാടി കഴിഞ്ഞു പുറത്തുവരുന്നു. ഞങ്ങളെ കണ്ടപ്പോൾ നിന്നു. ഉടനെ പി. സി. തന്റെ കൈവെള്ള യിൽ എന്തോ എഴുതി ക്കാണിച്ചു. കൈവെള്ളയിലെ അക്ഷരങ്ങളിൽനിന്ന് മുഖമു യർത്തി അദ്ദേഹമെന്നെ നോക്കി. ഏതോ ആലോചനയിലെന്നപോലെ പുരികം വളയുന്നു. വിശാലമായ നെറ്റിയിൽ ചുളിവുണ്ടാവുന്നു. എന്നോടടുത്തുനിന്നു എന്റെ തോളിൽ വാത്സല്യത്തോടെ തട്ടിക്കൊണ്ടു ചിരിച്ചു. ചിരിക്കു പുറമേ രണ്ടക്ഷരം, സ്വ രം, പുറത്തു വരുന്നു: "അഃ അഃ" മനസ്സിലെന്താണെന്നും ഉച്ചരിച്ച സ്വരത്തിന്റെ പൊ രുളെന്തെന്നും സ്വന്തം പ്രാണനെപ്പോലെ കഥകളിയെ സ്നേഹിച്ച മഹാകവിയുടെ മു ഖത്തു നോക്കിത്തന്നെ മനസ്സിലാക്കണം. ഞാനതു മനസ്സിലാക്കി, എന്നെ അനുഗ്ര ഹിച്ചതാണെന്ന്. എനിക്കതു മതി. ഇങ്ങനെ ചില അനുഗ്രഹങ്ങളും ആശ്ലേഷങ്ങളു മുണ്ടായിരുന്നില്ലെങ്കിൽ, തിരിഞ്ഞു നോക്കുമ്പോൾ ആശ്വാസം നല്കുന്ന നിമിഷങ്ങൾ ഏതെങ്കിലും എന്റെ ജീവിതത്തിലുണ്ടാവുമായിരുന്നോ?

ഒരിടയ്ക്ക് സന്ദർശക മുറിയിൽ അസാധാരണമായ ആൾത്തിരക്കു കാണുന്നു. എന്താണു വിശേഷമെന്നറിയാൻ അങ്ങോട്ടു ചെന്നു. ആകാശവാണിയിലെ സ്വീക രണമുറിയുടെ നിലത്ത് ഒരാൾ കിടക്കുന്നു! ഒരു പുല്പായ വിരിച്ച്, കുറെ പുല്പായകൾ ചുരുട്ടി ഒരു തലയണയാക്കിവെച്ച് ഒരാൾ സുഖമായി മലർന്നു കിടക്കുന്നു. തലയുടെ ഭാഗത്തു ഭവ്യതയോടെ ആകാശവാണിയിലെ സംഗീതവിദ്വാന്മാർ കൂടിനില്ക്കുന്നുണ്ട്. കിടക്കുന്ന ആൾ എന്തൊക്കെയോ സംസാരിക്കുന്നു. കേട്ടു നില്ക്കുന്നവർ ചിരിക്കുന്നു. തിരക്കിലൂടെ എത്തിനോക്കി.

സാക്ഷാൽ ചെമ്പൈ വൈദ്യനാഥഭാഗവതർ. ആരെ കണ്ടാലും വിളിക്കും. "വര്വാ, വര്വാ, എന്തൊക്കെയുണ്ട് വിശേഷം?" പാട്ടുകാരോടും തോട്ടക്കാരോടും ഒരേ പെരുമാറ്റം. ഭേദഭാവം അശേഷമില്ല. ഒരിക്കൽ പ്രശസ്ത ചിത്രകാരനായ അക്കിത്തം നാരായണൻ പറഞ്ഞ കഥ ഓർത്തുപോവുകയാണ് ഈയവസര ത്തിൽ. നാരായണൻ മദിരാശിയിൽ പഠിക്കുന്ന കാലം. ചിത്രകലയോടെന്നപോ

ലെ സംഗീതത്തോടും കലശലായ ഭ്രമം. അസാരം പാടുകയും ചെയ്യും. അതു പോരാ, കാര്യമായി കുറച്ച പഠിക്കണമെന്നായി, ഗുരുവിനെ തേടുമ്പോഴാണ് വൈദ്യനാഥ ഭാഗവതരെ ഓർമ്മ വന്നത്. അദ്ദേഹം മദിരാശിയിൽ താമസമാണ്. ഒരു സുഹൃത്തിനെയും കൂട്ടി നാരായണൻ ഭാഗവതരെ കാണാൻ ചെന്നു. ഊരും പേരുമൊക്കെ പറഞ്ഞപ്പോൾ എന്താണ് ജോലിയെന്നന്വേഷിച്ചു. നാരായണൻ പറഞ്ഞു പെയിന്ററാണെന്ന്. ആഹാ. അദ്ദേഹത്തിന് സന്തോഷായി. ഉടനെ പറഞ്ഞു, അകത്തു രണ്ടു പഴയ ഇരുമ്പുപെട്ടി കിടപ്പുണ്ട്, അതൊന്ന് പെയിന്റ് ചെയ്തുകൊണ്ടു വരണമെന്ന്. നാരായണൻ മിണ്ടിയില്ല. ചിരിച്ചതുമില്ല. അദ്ദേഹം ചിരിച്ചു. എല്ലാം മനസ്സിലാക്കിക്കൊണ്ട് ഒരു ഫലിതം പൊട്ടിച്ചതാണ്. സംഭാഷണത്തിൽ ഇടയ്ക്കിടെ അതുണ്ടാവും. പരിഹസിച്ചുകഴിഞ്ഞ് അടുത്തവാക്കിന് ഭാഗവതർ നാരായണനോടു പറഞ്ഞു, പിറ്റേദിവസം തന്നെ പഠിത്തം തുടങ്ങിക്കോളാൻ. നാരായണനു പരമസന്തോഷമായി. ആ വലിയ മനുഷ്യൻ അങ്ങനെയായിരുന്നു.

ആകാശവാണിയിൽ എല്ലാവരും അദ്ദേഹത്തിനു ശിഷ്യരായിരുന്നു. വന്ന ഉടൻ തിരക്കിട്ടു ചെന്നു സ്റ്റേഷൻ ഡയരക്ടരെ കാണുക, അവിടെയിരുന്നു വർത്തമാനം പറയുക തുടങ്ങിയ പതിവൊന്നുമില്ല. വന്നപാടെ നേരെ സന്ദർശകമുറിയിൽ തറയിൽ പുല്പായ വിരിച്ച് കിടക്കും കാണേണ്ടവർക്ക് അങ്ങോട്ടു ചെല്ലാം. ചെന്നാൽ സുഭിക്ഷമായിട്ടു ഫലിതം കേൾക്കാം. സർവ്വാരാധ്യനായ വൈദ്യനാഥഭാഗവതരാണോ ഈ കിടക്കുന്നത്? സംസാരിക്കുന്നത്? കാണുന്നവർക്ക് അദ്ഭുതം തോന്നും.

ഒരുദിവസം അങ്ങനെ കിടക്കുമ്പോൾ എന്നെ കാണുന്നു. ഞാനാരാണെന്ന് അദ്ദേഹത്തിന്നറിയാൻ വഴിയില്ല. ആരാധകർക്കൊപ്പം അവിടെ കൂടിനില്ക്കുന്നവരിൽ ഒരുത്തൻ, ആകാശവാണിയിലെ ഒരു ജീവനക്കാരൻ, അത്രേയുള്ളൂ. അതു മതി. സ്റ്റേഷൻ ഡയരക്ടറോട് പെരുമാറുംപോലെ പെരുമാറും. അദ്ദേഹം എന്നെ വിളിച്ച് അടുത്തു നിർത്തി പറയാൻ തുടങ്ങുന്നു:

"നശിച്ചു, എല്ലാം പോയി. ഈ കർഷകബില്ല് വന്നതോടെ ഉണ്ണാനുള്ള വഹ പോയി. ഇനി ഇങ്ങനെ ആകാശവാണിയും മറ്റും തരുന്ന ഭിക്ഷകൊണ്ടു വേണം കഴിയാൻ."

കുടിയാന്മാരുടെ കൈവശമുള്ള വല്ല ഭൂമിയും നഷ്ടപ്പെട്ടിരിക്കും. പാട്ടം കിട്ടാതായിരിക്കും. അതിന്റെ നൈരാശ്യമാണ് പക്ഷേ, അതു പറയുമ്പോഴും അദ്ദേഹത്തിന്റെ സ്വരത്തിലോ വാക്കിലോ പാരുഷ്യം കാണാൻകഴിയില്ല. അത്ര വലിയ മനുഷ്യനായിരുന്നു! അദ്ദേഹത്തെ കാണുക, അദ്ദേഹവുമായി സംസാരിക്കുക, അദ്ദേഹത്തിന്റെ സ്വരമാധുരിയും സംഗീത ജ്ഞാനവും ആസ്വദിക്കുക ഇതിനൊക്കെ ഭാഗ്യംചെയ്യേ പറ്റൂ.

രംഗമണ്ഡപത്തിലെ മറ്റൊരു ചിത്രം. നടുവിരലിനും മോതിര വിരലിനുമിടയിൽ എരിയുന്ന സിഗരറ്റ്, ഇടയ്ക്കിടെ വിരൽ മിടിച്ചു കൊണ്ട് സിഗരറ്റിന്റെ ചാരം തെറിപ്പിക്കുന്നു. സംസാരിക്കുമ്പോൾ അല്പം ധൃതിയുണ്ടെങ്കിലും പറയുന്നതെന്തും ഒരു

പ്രൗഢപ്രബന്ധംപോലെ രുചികരം. വികാരഭേദത്തിന്നനുസരിച്ച് വർണ്ണം മാറുന്ന കവിൾത്തടം. മഹാകവി ശങ്കരക്കുറുപ്പിന്റെ ഇരിപ്പിടം ഇപ്പോൾ ആകാശവാണിയിലെ സന്ദർശകമുറി. പരികർമ്മിയായി പി. സി. അടുത്തുണ്ട്. ഒരു സിഗരറ്റ് ചാരമാവേണ്ട നേരം മാത്രമായിരുന്നെങ്കിലും, ആ വാഗ്ധോരണിയുടെ ആസ്വാദ്യത അതികേമം തന്നെയായിരുന്നു.

ഒരു ദിവസം വൈകീട്ടു ജോലി കഴിഞ്ഞു പിരിഞ്ഞുപോരുമ്പോൾ പി. സി. എന്നോടു പറഞ്ഞു:

"നാളെ ഞാൻ വരില്ല."

"വേണ്ട."

"പറയുന്നതു മുഴുവനങ്ങട്ട് കേൾക്കെടോ. നാളെ താനൊരു ഗൗരവമായ കാര്യം ചെയ്യാനുണ്ട്."

"എന്താവോ?"

"നാളെ വൈലോപ്പിള്ളി വരും."

"അതുകൊണ്ട്?"

"താൻ പ്രത്യേകം ശ്രദ്ധിച്ച് അദ്ദേഹത്തെ സ്വീകരിച്ച് വേണ്ടതൊക്കെ ചെയ്യണം."

എനിക്കതു വളരെയേറെ സന്തോഷമുള്ള കാര്യമായിരുന്നു. അതു കൊണ്ടു ഞാൻ വൈമനസ്യമൊന്നും പറഞ്ഞില്ല. പി. സി. തുടരുന്നു:

"നമ്മുടെ ആളുകളിൽ ചിലർക്കു വകതിരിവു കുറവാണ്."

"ഈ അഭിപ്രായത്തോട്ട് ഞാൻ പൂർണ്ണമായി യോജിക്കുന്നു."

"അതുകൊണ്ടാണു പറയുന്നത്. താൻ വൈലോപ്പിള്ളി വരുമ്പോൾ അവിടെത്തന്നെയുണ്ടാവണം. അദ്ദേഹത്തിനു മുഷിച്ചിലുണ്ടാവുന്ന കാര്യമൊന്നും സംഭവിക്കരുത്."

"ഇല്ല."

ഞാൻ ആണയിട്ടുറപ്പിച്ചു പറഞ്ഞു. പിറ്റേന്നു വൈലോപ്പിള്ളയുടെ ഫോൺ വരുന്നു. അദ്ദേഹം കോഴിക്കോട്ടെത്തിയിരിക്കുന്നു. താമസിക്കുന്ന ഹോട്ടലിന്റെ പേരു പറഞ്ഞു. ഞാൻ ഉടനെ ഒരു ഓട്ടോറിക്ഷ വിളിച്ചു അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവന്നു. കവിത കൊണ്ടുവന്നിട്ടുണ്ട്. പക്ഷേ, ഒരിക്കൽ വായിച്ചുനോക്കി ചില തിരുത്തലൊക്കെ വരുത്തണം. അതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തു. ഉണ്ണാറായപ്പോൾ ചെന്നു വിളിച്ചു. ഉണ്ടുകഴിഞ്ഞപ്പോൾ അദ്ദേഹം. ചോദിച്ചു:

"പിന്നെ, ഇതു നാളെയായാൽ വല്ല വിരോധവും ഉണ്ടോ?"

"ഇല്ല; ഒരു വിരോധവുമില്ല. നാളെ റിക്കാഡ് ചെയ്യാം."

"ശരി. എന്നാൽ അങ്ങനെയാവാം."

ഞാനദ്ദേഹത്തെ ഒരു ഓട്ടോറിക്ഷയിൽ ഹോട്ടലിൽ കൊണ്ടുചെന്നു വിട്ടു. പിറ്റേന്നു രാവിലെ വീണ്ടും കൂട്ടിക്കൊണ്ടുവന്നു. വെട്ടലും തിരുത്തലും കൂട്ടിച്ചേർക്കലും

മറ്റുമായി ഉച്ചയോടെ സംഗതി ശരിപ്പെട്ടു. കവിത റിക്കാർഡ് ചെയ്തു. അദ്ദേഹത്തെ കേൾപ്പിച്ചു. എല്ലാം കഴിഞ്ഞു പുറത്തുകടന്നപ്പോൾ ഞാൻ പതുക്കെ ചോദിച്ചു:

"ഈ കവിത...?"

"ഏ, എന്താ?" അദ്ദേഹത്തിനാകെ ഒരു വിഷമം. ചോദിക്കേണ്ടായിരുന്നു എന്നു എനിക്കപ്പോൾ തോന്നി: "എന്താ പറയൂ."

"പെരുന്തച്ചന്റെ മകനെന്നാണല്ലോ കവിതയുടെ പേര്?" അദ്ദേഹത്തിന്റെ വിഷമം വർദ്ധിക്കുന്നു:

"പേരിലെന്താ കുഴപ്പം?"

"കുഴപ്പം പേരിലുമില്ല; കവിതയിലുമില്ല."

"പിന്നെ?"

"ഇതു രണ്ടിലുമില്ലാത്ത മറ്റെവിടെയോ കുഴപ്പമുണ്ടെന്നൊരു തോന്നൽ."

അദ്ദേഹം മൗനിയായി. മൗനം നീണ്ടുപോകുന്നു. കൊള്ളരുതായ്മ ചെയ്തുപോയവനെപ്പോലെ ഞാൻ വിഷണ്ണനായി. ആ സന്ദർഭത്തിൽ നിന്ന് എങ്ങനെ രക്ഷപ്പെടണമെന്നാലോചിച്ചു വിഷമിക്കുമ്പോൾ അദ്ദേഹം ചോദിക്കുന്നു:

"കുഴപ്പമുണ്ടെന്നു തോന്നിയോ??

"ഇല്ല. തോന്നിയില്ല. എന്നല്ല കവിതതന്നെ ഒന്നാന്തരമായിരിക്കുന്നു."

"ഉം." അദ്ദേഹം മൂളി. അധികം സംസാരിച്ച് കൂടുതൽ വങ്കത്തമുണ്ടാക്കാതെ കഴിക്കാൻ റിക്കാർഡിങ്ങിനു ശേഷമുള്ള നടപടികളിലേക്ക് ഞാൻ ധൃതിയിൽ പ്രവേശിച്ചു.

എല്ലാം കഴിഞ്ഞ് ഹോട്ടലിലേക്കു പോകുമ്പോൾ അദ്ദേഹം എന്തൊക്കെയോ ചിന്തിച്ചുറപ്പിച്ചമട്ടിൽ പറഞ്ഞു:

"ആ കവിതയിൽ ചിലതൊക്കെ കാണും. എല്ലാവരും കാണില്ല. പക്ഷേ, കാണേണ്ടവർ കാണും."

അപ്പോൾ ആ മുഖത്ത് അല്പം ചിരിയുണ്ടായിരുന്നു. എനിക്കാശ്വാസമായി. ഹോട്ടലിൽ ചെന്ന ഉടനെ അദ്ദേഹം പറഞ്ഞു:

"എനിക്കു വേണ്ടി വളരെ ബുദ്ധിമുട്ടി?"

"ഇല്ല. എനിക്കു ബുദ്ധിമുട്ടൊന്നുമില്ല."

"രണ്ടു ദിവസമായില്ലേ നിങ്ങൾ ബുദ്ധിമുട്ടുന്നു. ഇതൊക്കെ, അല്ല എങ്ങനെ സാധിക്കുന്നു. ഏ? മറ്റുള്ളവർക്കു വേണ്ടി സമയവും മറ്റും ഇങ്ങനെ വ്യയം ചെയ്യാൻ?"

"എനിക്കിതു സന്തോഷമാണ്. വളരെ സന്തോഷം. മാഷേപ്പോലെ ഒരു വലിയ മനുഷ്യനെ കാണുന്നതും ബന്ധം സ്ഥാപിക്കാൻ കഴിയുന്നതും എന്നെപ്പോലുള്ളവർ വല്യ കാര്യമായിട്ടാണ് കരുതുന്നത്."

"നന്ദി പറയുന്നില്ല."

ഞങ്ങൾ പിരിഞ്ഞു.

— 44 —

## കോൺഫിഡൻഷ്യൽ റിപ്പോർട്ട്

ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും, പഠിപ്പിക്കുന്നവരും പഠിക്കുന്നവരും, കല്പിക്കുന്നവരും 'എറാൻ' മൂളികളും, പ്രക്ഷേപണ കർമ്മത്തിലേർപ്പെട്ടവരും അതാസ്വദിക്കുന്നവരും എഴുത്തുകാരും നിരൂപകരും ഒക്കെ ഇടയ്ക്കിടെ അല്പം വങ്കത്തം പറയുകയോ പ്രവർത്തിക്കുകയോ ചെയ്തില്ലെങ്കിൽ നമ്മുടെയൊക്കെ ജീവിതം വൃഥാവിലാകും. വങ്കത്തം പ്രവർത്തിക്കുന്നവരും അതിന്റെ ഫലമനുഭവിക്കാൻ വിധിക്കപ്പെട്ടവരും ഒരുപോലെ ഓർത്തോർത്തു ചിരിക്കണം; അതാണു പരമ സുന്ദരമായ വങ്കത്തം. വെറുതെ കാര്യം മനസ്സിലാക്കാതെ വങ്കത്തത്തിന്റെ പേരിൽ പിണങ്ങുന്നതും വഴക്കുകൂടുന്നതും വ്യർത്ഥം.

ഇരുപത്തിയാറു കൊല്ലം അച്ചടക്കത്തോടെ, മേലധികാരത്തിലെ ഉത്തരവുകൾ അക്ഷരംപ്രതിയനുഷ്ഠിച്ച ജോലിചെയ്ത് പിരിഞ്ഞു പോന്ന എന്റെ സമ്പാദ്യത്തിന്റെ കണക്കറിയണ്ടേ? എന്റെയും എന്നെ ഭരിച്ചവരുടേയും എന്റെ പേരിൽ ശ്രുണ്ഠിയെടുത്തവരുടേയും എനിക്ക് 'ഇണ്ടാസ്സ്' അടിച്ചുതന്നവരുടേയും എന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ചീത്തയാക്കിയവരുടേയും വങ്കത്തങ്ങളുടെ സ്മരണ; അതുമാത്രമാണന്റെ സമ്പാദ്യം. പെൻഷന്റെ പേരിൽ ഒരു പൈസ തന്നിട്ടില്ല; തരുന്നുമില്ല. സർവ്വീസിന്റെ ആദ്യത്തെ പതിന്നാലു കൊല്ലം. കരാറുപണിതന്നെ. ഗവണ്മെന്റ് ജീവനക്കാർക്കവകാശപ്പെട്ട യാതൊരാനുകൂല്യങ്ങളും തന്നിരുന്നില്ല; ഡിയർനസ് അലവൻസ് പോലും. പറഞ്ഞില്ലേ, ആകെ കിട്ടിയത് കുറേയേറെ വങ്കത്തങ്ങളുടെ സ്മരണ. എന്നോടൊപ്പം ജോലിചെയ്തവൻ മാസാരംഭത്തിൽ കൃത്യമായി പെൻഷൻ തുക വാങ്ങാൻ ട്രഷറിയിലേക്കു പോകുമ്പോൾ ഞാൻ വീട്ടിലിരുന്നു കഴിഞ്ഞ കാലത്തെ വങ്കത്തങ്ങളെ താലോലിച്ചു രസിക്കുകയാവും—ഏറെക്കുറെ എല്ലാ മാസത്തിന്റെ തുടക്കത്തിലും ഞാനിപ്പോൾ ആലോചിക്കുന്നത് എനിക്കു പെൻഷൻ തരാതെ കഴിച്ചുകൂട്ടിയ പ്രക്ഷേപണ വകുപ്പിന്റെ വങ്കത്തത്തെക്കുറിച്ചാണ്. ഓർത്തോർത്തു ചിരിക്കാൻ വകയുള്ള വങ്കത്തമല്ലേ?

ഇതെഴുതുന്ന ദിവസം 1-ാം തീയതിയല്ലാത്തതുകൊണ്ടും ജോലിയിൽ നിന്നും

പിരിഞ്ഞു പോന്നിട്ട് 14 കൊല്ലം കഴിഞ്ഞുപോയതു കൊണ്ടും പെൻഷനെന്ന ധർമ്മപ്പെട്ടിയുടെ കാര്യം ഞാൻ ഓർക്കുന്നില്ല. എങ്കിലും ചിരപരിചയം മൂലം എന്റെ മനസ്സ് തരം കിട്ടുമ്പോഴൊക്കെ ആകാശ വാണിയിൽ ഓടിക്കയറുന്നു. എന്നിട്ട്, പണ്ട് ഏതോ ഒരു സംസ്കൃത കവി ചൊല്ലിയ പോലെ "തത്ത്ര തത്രൈവ രമതേ." അതവിടെത്തന്നെ രമിക്കുന്നു. അതുകൊണ്ടു പറഞ്ഞു പോവുകയാണ്.

ഒരു ഓണക്കാലം. ഓണം, തിരുവാതിര, വിഷു, ക്രിസ്മസ്, പെരുന്നാളെന്നൊക്കെ പറഞ്ഞാൽ ആകാശവാണിക്ക് ഒരുതരം ഹാലിളക്കമാണ്. പരിപാടികൾ അനേകം ആസൂത്രണംചെയ്യുന്നു. പാട്ടായും നാടകമായും ചിത്രീകരണമായും പ്രഭാഷണമായും ഏറെ ദിവസങ്ങൾ ഓണമിട്ടു കലക്കും. നാട്ടിൻപുറം പരിപാടിയിലൊരു നാടകം, മഹിളാലയത്തിലൊരു നാടകം, ബാലരംഗത്തിലൊരു നാടകം, നാടകത്തിലുമൊരു നാടകം—അങ്ങനെ എല്ലാ വകുപ്പിലും. "ആകാശവാണിയിൽ ഓണം കേറാമൂലയെന്നൊരു വകുപ്പുണ്ടെങ്കിൽ അവിടേയും ഒരു നാടകം. എല്ലാംകൂടി ചേർന്ന് അന്തരീക്ഷം കലക്കുമ്പോൾ ശ്രോതാവെന്ന നിർഭാഗ്യവാൻ നെഞ്ചിൽ കൈവെച്ചു പ്രാർത്ഥിക്കുന്നുണ്ടാവും. "പടച്ചവനേ, ഇനിയൊരോണവും ക്രിസ്മസ്സും പെരുന്നാളും ഈവഴി കടന്നുപോകല്ലേ"യെന്ന്.

ഇതുപോലൊരാഘോഷവേളയാണ് ഞാൻ പറഞ്ഞുവരുന്നത്. ഓണാഘോഷം തന്നെ. ഇരിക്കാനും നില്ക്കാനും സമയമില്ല. തിരക്കു പിടിച്ച സൃഷ്ടി, റിഹേഴ്സൽ, പ്രക്ഷേപണം. ഒന്നു കഴിഞ്ഞു മറ്റൊന്ന്. അപ്പോൾ അതു സംഭവിക്കുന്നു. മഹിളാലയത്തിന്റെ ചുമതല വഹിക്കുന്ന ആൾ ധൃതികൂട്ടി ഓടിവരുന്നു. ഓണത്തെപ്പറ്റി ഒരു ചിത്രീകരണം. അതിലൊരു അച്ഛന്റെ ഭാഗം ഞാൻ അഭിനയിക്കണം. ഓടി സ്റ്റുഡിയോവിൽ കയറി. വാതിലടച്ചതും ചുവപ്പുവിളിച്ചം കത്തി. പരിപാടി ആരംഭിച്ചു. മിക്കവാറും നിലയത്തിലെ ആർട്ടിസ്റ്റുമാരൊക്കെയുണ്ട്. ഒരു തവണ വായിച്ചുനോക്കാൻ കൂടി കഴിഞ്ഞിട്ടില്ല. പ്രക്ഷേപണം തുടങ്ങി. ഞാൻ കടലാസുയർത്തി അഭിനയിച്ചുകൊണ്ടു വാത്സല്യത്തോടെ വിളിച്ചു:

"മോളേ."

വിളി കേട്ടത് നിലയത്തിലെ ഒരു ആർട്ടിസ്റ്റാണ്, അപ്പുറം പി. സി. യുണ്ട് പിന്നെയും ആരൊക്കെയോ ഉണ്ട്. തമ്മിൽ തമ്മിൽ പറയേണ്ടതു പറയുന്നു. അച്ഛൻ മകളോട്ട്, മകൾ അതിഥിയോട്ട്. അങ്ങനെ പറഞ്ഞു വരുമ്പോഴാണ് മുമ്പിലൊരു ചതിക്കുഴി. എന്തെന്നുവെച്ചാൽ എന്റെ മകൾ ചിത്രീകരണത്തിൽ ഒരു അഞ്ചുവയസ്സുകാരിയാണ് അതാരും മനസ്സിലാക്കിയില്ല. അടുത്ത വാചകം ഞാനെന്റെ മകളോടു പറയേണ്ടത്:

"മോളേ, മുണ്ടു മുഷിക്കണ്ടാ. അഴിച്ചു അയയിലിട്ടേക്കു. നാളെ കുളികഴിഞ്ഞിട്ടുടുക്കാം."

എപ്പോൾ എവിടെവെച്ചു വേണമെങ്കിലും ഉടുമുണ്ട് ഉരിഞ്ഞു മാറ്റാനുള്ള പ്രായക്കാരിയല്ല എന്റെ മുന്നിലിരിക്കുന്നത്. ശ്രോതാക്കൾ പതിവായി കേട്ടുപരിചയിച്ച

ശബ്ദം: എന്റെ മുമ്പിലുള്ള കടലാസിൽ എഴുതിവെച്ചത് അതേപടി വായിച്ചപോയെങ്കിലുള്ള ഭീമമായ അപകടത്തെക്കുറിച്ചോർത്തു ഞാൻ വിയർത്തു. ഏറനേരം വിഷമിക്കാൻ പറ്റില്ല. പ്രക്ഷേപണത്തിൽ അനാവശ്യമായ നിശ്ശബ്ദത പാടില്ല; പെട്ടെന്നൊരുപായം. 'ഓണസ്സദ്യ'യെന്നാണല്ലോ ചിത്രീകരണത്തിന്റെ പേര്. സദ്യകഴിഞ്ഞുള്ള ഒരു ഏമ്പക്കം, അല്പം ഗൗരവമായിട്ടുതന്നെ അവനെ ഞാൻ പുറത്തുവിട്ടു. അപ്പോൾ ഞാൻ മുമ്പിലുള്ള ചതിക്കുഴിയിൽനിന്നു രക്ഷനേടാനുള്ള വഴി ചിന്തിക്കുകയായിരുന്നു. ഒരേമ്പക്കം കൊണ്ടു മതിയായില്ല. ഒരുവനെക്കൂടി തട്ടി. ഈ നേരംകൊണ്ട് അപകടങ്ങൾ ഒഴിവാക്കാൻ ഒരു പേജ് മാറ്റിവെച്ചു. അതിനപ്പുറമുള്ളത് സൂക്ഷിച്ചു കൈകാര്യം ചെയ്തു. ഗുരു കാരണവന്മാരുടെ കടാക്ഷം ഹേതുവായി ഒരു വങ്കത്തംകൊണ്ടു മറ്റൊരു മഹാവങ്കത്തത്തെ മാറ്റിവിട്ടു.

പരിപാടി കഴിഞ്ഞു വിജയഭേരി മുഴക്കി എല്ലാവരും കൂടി സ്റ്റുഡിയോവിൽനിന്നും പുറത്തു കടന്നപ്പോൾ എന്നെയും കാത്ത് ഇടനാഴിയിലൊരു പുതിയ വങ്കത്തം നില്ക്കുന്നു.

"തിരുവനന്തപുരത്തുനിന്ന് ഒരു ഫോണുണ്ട്."

എനിക്കു തിരുവനന്തപുരത്തുനിന്നു ഫോണോ? കല്ലായിൽനിന്നോ ഫറോക്കിൽനിന്നോ പോലും എന്നെയാരും വിളിക്കാനില്ല. ഞാൻ ഓടിച്ചെന്നു റിസീവറെടുത്തു. അപ്പുറം പരുഷമായ ശബ്ദം:

"പി. കെ. നായരാണോ?"

"അതെ."

"ഇപ്പോൾ സ്റ്റുഡിയോവിൽനിന്നു കേട്ട ശബ്ദം?"

ഓ! എന്റെ ഏമ്പക്കമാണല്ലോ ഈ കുറ്റാന്വേഷണത്തിലെ ഒന്നാം പ്രതി. ഞാൻ മിണ്ടാതെ കേൾക്കുകയായിരുന്നു.

"ഇനി മേലിൽ ഇത്തരമൊരു ശബ്ദം കേട്ടാൽ..."

അപ്പുറം പറയേണ്ട ആവശ്യമില്ല. കഴുത്തു പിടിച്ചു പുറത്താക്കുമെന്നാവണം അദ്ദേഹം ഉദ്ദേശിച്ചത്. അതിനധികാരമുള്ള ആളായിരുന്നു. ഞാനാവട്ടെ കരാറു പണിക്കാരനും. അന്നു കോഴിക്കോട്ടു കേന്ദ്രം ഭരിച്ചത് തിരുവനന്തപുരത്തു നിന്നായിരുന്നു. കേന്ദ്രം ആരംഭിച്ച് ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ നിലവിൽവന്ന വ്യവസ്ഥ. താക്കീതോടെ ശബ്ദം നിലച്ചു.

എന്റെ മനസ്സാകെ അസ്വസ്ഥമായിരുന്നു. കല്പനകേട്ടു മിണ്ടാതെ തിരിച്ചുപോന്നതിൽ ഞാൻ എന്നെ കുറ്റപ്പെടുത്തി. ഓണസ്സദ്യയാണ്. മൂക്കുമുട്ടെ ഭക്ഷണം കഴിച്ചാൽ ഒന്നോ രണ്ടോ ഏമ്പക്കമിടുന്നതു സ്വാഭാവികമാണ് എന്നൊക്കെ എനിക്കു പറയാമായിരുന്നു. ഒന്നും മിണ്ടാതെ കുറ്റമേറ്റതു ശരിയായില്ല. ഈവക വിചാരങ്ങൾ എന്നെ രോഷാകുലനാക്കി. എന്തു കാര്യം? ഇന്നാണെങ്കിൽ ഞാൻ ചിരിക്കുമായിരുന്നു. നമ്മുടെയൊക്കെ ജീവിതത്തിന്റെ ആകത്തുക കണക്കുകൂട്ടിയിടുമ്പോൾ മിച്ചം വരുന്നതു ചിരി മാത്രമല്ലേ?

ശ്രീ പി. വി. കൃഷ്ണമൂർത്തിയുടെ ഭരണകാലത്തെപ്പറ്റി ഞാൻ സൂചിപ്പിച്ചല്ലോ. പ്രക്ഷേപണകേന്ദ്രത്തിന്റെ ഏറ്റവും നല്ല കാലമായിരുന്നു അത്. വിദ്യുച്ഛക്തി എത്തിനോക്കാത്ത ഉൾനാടൻ ഗ്രാമങ്ങളിലുള്ളവർക്ക് എന്താണ് എങ്ങനെയാണ് പ്രക്ഷേപണമെന്നു കാണിച്ചുകൊടുക്കാൻ മി. കൃഷ്ണമൂർത്തി എന്നും മുൻകൈയെടുത്തിരുന്നു. ജനറേറ്ററും ഡിസ്ക് റിക്കാർഡറുകളും ചുമന്നുകൊണ്ട് സാങ്കേതികവിദഗ്ധരും കലാകാരന്മാരും അന്നു നാട്ടിൻപുറങ്ങളിലെത്തിയിരുന്നു. ആകാംക്ഷയോടെ ഒത്തുകൂടുന്ന ആയിരക്കണക്കിൽ ഗ്രാമീണരുടെ മുമ്പിൽ നാടകങ്ങൾ പ്രദർശിപ്പിക്കുകയും ഗാനമേളകൾ നടത്തുകയും ചെയ്തിരുന്നു. കലാപരിപാടികൾ ആസ്വദിക്കാനാ റേഡിയോ പരിപാടികൾ പോലും കേൾക്കാനോ സൗകര്യമില്ലാത്ത, ഭാഗ്യംസിദ്ധിക്കാത്ത ഗ്രാമീണ ജനത തങ്ങളുടെ ജീവിതത്തിലെ ഏറ്റവും വലിയ അനുഭവമായി അന്നതിനെ കണക്കാക്കിയിരുന്നു. കൃഷ്ണമൂർത്തിക്കുള്ള സ്ഥലമാറ്റ കല്പന വന്നപ്പോൾ നിലയത്തിലുള്ളവർ മാത്രമല്ല, മലബാർ പ്രദേശത്തെ പൗരാവലിയിൽ വലിയൊരു വിഭാഗം തന്നെ വേദനിച്ചിരുന്നു എന്നതിന് അന്നു പത്രങ്ങൾ മി. കൃഷ്ണമൂർത്തിയെക്കുറിച്ചെഴുതിയ പത്രാധിപക്കുറിപ്പുകൾ സാക്ഷ്യംവഹിക്കുന്നു.

കൃഷ്ണമൂർത്തിയുടെ മാറ്റത്തോടെ കേന്ദ്രത്തിന്റെ സ്ഥിതി വീണ്ടും പരുങ്ങലിലാവാൻ തുടങ്ങി. ഒരു സ്വതന്ത്ര സ്റ്റേഷനെന്ന പദവി വീണ്ടെടുക്കാൻ പിന്നെയും കുറേക്കാലം കാത്തിരിക്കേണ്ടിവന്നു. പ്രാദേശിക ചിന്താഗതി തീണ്ടാത്ത ഒരു ആപ്പീസർക്കു വേണ്ടിയായിരുന്നു ആ കാത്തിരിപ്പ്. ശ്രീ എം. എസ്. ഗോപാലൻ എന്ന അസിസ്റ്റന്റ് സ്റ്റേഷൻ ഡയർക്ടരുടെ വരവോടെ ഉയർത്തെഴുന്നേല്പിന്റെ കാലം പുലരാൻ തുടങ്ങി. അല്പനാളുകൾ കൊണ്ടദ്ദേഹം കേന്ദ്രത്തിന്റെ മുഴുവൻ ചരിത്രവും മനസ്സിലാക്കി. നാട്ടിന്റെ സ്ഥിതി, ജനതയുടെ സ്ഥിതി, കേന്ദ്രത്തിലെ ജീവനക്കാരുടെ സ്ഥിതി—എല്ലാം നല്ലപോലെ മനസ്സിലാക്കി അദ്ദേഹം പ്രവർത്തിച്ചു. വിട്ടുവീഴ്ചയില്ലാത്ത, വളരെ കണിശക്കാരനായ, അതേസമയം ജോലിക്കാരുടെ വിഷമങ്ങൾ മനസ്സിലാക്കി അനുഭാവപൂർവ്വം പെരുമാറാനും പ്രവർത്തിക്കാനും വശമുള്ള ആളായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന്റെ ഭരണകാലത്ത് എനിക്കുണ്ടായ ഒരനുഭവം അതിലഘുവാണെങ്കിലും ഇവിടെ രേഖപ്പെടുത്താതെ വയ്യ. ജോലിയിൽ പ്രവേശിച്ച് അധികനാൾ കഴിയും മുമ്പ് ഒരു ദിവസം അദ്ദേഹം എന്നെ വിളിപ്പിച്ചു. ഞാൻ മുറിയിൽ കടന്നുചെല്ലുമ്പോൾ എന്റെ സർവ്വീസ് രജിസ്റ്ററും മുമ്പിൽ വെച്ച് അദ്ദേഹം ഇരിക്കുകയായിരുന്നു. കണ്ടയുടനെ മുമ്പിലുള്ള ഫയലിൽനിന്ന് ഒരു കടലാസ് പൊക്കിയെടുത്ത് അദ്ദേഹം എന്നോടു ചോദിച്ചു:

"ഇതെന്താണ്?"

എനിക്കൊന്നും മനസ്സിലായില്ല. ഉത്തരം പറയാതെ ഇരിക്കുന്ന എന്റെ കൈയിൽ അദ്ദേഹം ആ കടലാസ് തന്നു. അതെന്റെ കാൺഫിഡൻഷ്യൽ റിപ്പോർട്ടായിരുന്നു. അദ്ദേഹം തുടർന്നു ചോദിക്കുന്നു:

“ഇതെങ്ങനെ പറ്റി?”

“എനിക്കറിയില്ല സാർ.”

“പിന്നെ?”

ഞാൻ ഒന്നും പറഞ്ഞില്ല. എനിക്കൊന്നും പറയാനുണ്ടായിരുന്നില്ല. എന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ചീത്തയാക്കാൻ ഒരു ആപ്പീസർക്കു തോന്നി; ചീത്തയാക്കി. അതിനദ്ദേഹത്തെ പ്രേരിപ്പിച്ച ചേതോവികാരം എനിക്കെങ്ങനെ അറിയും? ഞാൻ മിണ്ടാതിരിക്കുന്നതു കണ്ട് വീണ്ടും അദ്ദേഹം ചോദിക്കുന്നു:

“ഇതിന് എക്സ്പ്ലനേഷൻ കൊടുത്തോ?”

“ഇല്ല.”

“എന്തുകൊണ്ട്?”

ഞാൻ ഉത്തരം പറയാതെ കൈ മേലോട്ടുയർത്തുക മാത്രം ചെയ്തു. ദൈവമുണ്ടല്ലോ മുകളിലെന്ന സൂചനയാണ് ഞാനതുകൊണ്ടുദ്ദേശിച്ചതെന്നു മനസ്സിലാക്കി. അദ്ദേഹം പറയുന്നു:

“ദൈവം മുകളിലുണ്ടാവാം; പക്ഷേ, ദൽഹിയിൽ കാണില്ല.”

ആ നിമിഷം, അവിടെ വെച്ച് എന്നെക്കൊണ്ടദ്ദേഹം എക്സ്പ്ലനേഷനെഴുതി വാങ്ങിച്ചു. അദ്ദേഹത്തിന്റെ ആ നല്ല മനസ്ഥിതിക്കു ഞാൻ നന്ദിയുള്ളവനാണ്. എങ്കിലും, എന്നെപ്പോലൊരു കരാറുപണിക്കാരന് അതുകൊണ്ടൊക്കെ എന്തു പ്രയോജനം? എനിക്കു പ്രമോഷൻ തടസ്സം നീങ്ങേണ്ടതില്ലല്ലോ. എന്നാലും എന്റെ പേരിൽ ഒരു ചീത്തപ്പേരു രേഖയിൽ കലർന്നു കിടക്കേണ്ടെന്നാവും അദ്ദേഹം ധരിച്ചത്. അത്രയും നല്ലത്. ആർക്കായാലും ചീത്തപ്പേരു ഭൂഷണമല്ലല്ലോ. ഒരു അസിസ്റ്റന്റ് സ്റ്റേഷൻ ഡയറക്ടറായി വന്ന മി. എം. എസ്. ഗോപാലൻ, കോഴിക്കോടു നിലയത്തെ സ്വതന്ത്രമാക്കുകയും, സ്റ്റേഷൻ ഡയറക്ടറായി പ്രമോഷൻ നേടുകയും ചെയ്തുകൊണ്ടാണ് കോഴിക്കോടു വിട്ടത്.

— 45 —

# നിധി നേടിത്തന്ന വഴി

'നിധി'—എന്നെ തേടി വന്ന തലക്കെട്ട്, എന്റെ മേശപ്പുറത്തു മലർന്നു കിടക്കുന്നു. ഇനി അവനെയെടുത്ത് ഊതി വീർപ്പിക്കണം. പിന്നെ വലിച്ചുനീട്ടണം. എന്നിട്ടൊരു മുപ്പതു മിനുട്ട് നാടകമാക്കി. റോക്കറ്റു പോലെ ആകാശത്തേക്കു വിടണം. ജനത്തിനുവേണ്ടി ജനം എഴുതി, ജനം ശബ്ദം നല്കി ആകാശത്തേക്കു വിടുന്ന വസ്തുവിന് റേഡിയോ നാടകമെന്നാണല്ലോ പേര്. ഞാൻ തലക്കെട്ടിൽ കടന്നുപിടിച്ച് ചിന്തിക്കാൻ തുടങ്ങി. നിധി കട്ടെടുക്കണോ കണ്ടു കിട്ടണോ? അതോ എന്റെ നിധി മറ്റാരെങ്കിലും മോഷ്ടിക്കണോ? ഇതൊന്നുമല്ലെങ്കിൽ ഈ നിധിക്കൊരു പ്രതിനിധിയെ കണ്ടെത്താൻ ശ്രമിക്കണോ? ആലോചന നീളുംതോറും ഞാനറിയാതെ എന്റെ മനസ്സിൽ രോഷം നിറയുകയായിരുന്നു. ആരോടെങ്കിലും ഒന്നു കയർക്കണം. വാക്കുകൊണ്ടെങ്കിലും ഒരു സംഘട്ടനം ഉണ്ടാക്കണം. അല്ലാതെ ഈ രോഷം അടങ്ങില്ല. ഇതുപോലുള്ള സന്ദർഭങ്ങൾ പലതും അന്നു ദുർലഭമായിരുന്നില്ല. നല്ലവരായ സഹപ്രവർത്തകരുമായി ഏറ്റുമുട്ടേണ്ടിവന്നിട്ടുണ്ട്; ശത്രുവിനെപ്പോലെ പെരുമാറീട്ടുണ്ട്. അതെല്ലാം ഇന്നാലോചിക്കുമ്പോൾ ലജ്ജയുണ്ട്, ദുഃഖമുണ്ട്.

ഇതു പറയുമ്പോൾ ഒരു മുട്ടൻവഴക്കിന്റെ കഥ ഓർമ്മയിലെത്തുകയാണ് സത്യത്തിൽ അക്കഥ ഇന്നും എന്റെ സ്വസ്ഥതയെ അലട്ടാറുണ്ട്. എനിക്കു മേലധികാരിയായി അന്നൊരു സ്ത്രീ ആപ്പീസറുണ്ടായിരുന്നു. അന്യദേശത്തുനിന്നൊന്നും വന്നവരല്ല. പരിചയമുള്ള ആപ്പീസർ. മേലധികാരിമാരെ നിയമിക്കുന്നതു വെറും അലങ്കാരത്തിനുവേണ്ടിയല്ലല്ലോ. കീഴാളർ, സത്യസന്ധമായി ജോലിചെയ്യുന്നുണ്ടോ, അവർ പിഴകളേതാനും വരുത്തുന്നുണ്ടോ എന്നും മറ്റും അന്വേഷിക്കുക, പിഴകൾ വരുത്തുന്നുണ്ടെങ്കിൽ ഉചിതമായ ശിക്ഷനല്കുക. അവരെ നേർവഴിക്കു നടത്തുക. ഇതിനൊക്കെ വേണ്ടിയായിരിക്കണമല്ലോ അവരെ നിയമിക്കുന്നത്.

മേലധികാരിയെന്ന അവസ്ഥയും പദവിയും ഇവിടെയുണ്ടാക്കിയതു ബ്രിട്ടീഷുകാരാണ്. അവർക്കു നേറ്റീവ്സിനെ വിശ്വാസമല്ല. തരം കിട്ടിയാൽ തോല്പിക്കുന്ന വർഗ്ഗം. അവരുടെ നടപടികൾ വീക്ഷിക്കാനും കുറ്റം ചെയ്താലും ഇല്ലെങ്കിലും

അവരെ ഇടയ്ക്കിടയ്ക്ക് ശിക്ഷിക്കാനും ഭയപ്പെടുത്താനും പടിപടിയായി ഒന്നിനുമേലെ മറ്റൊന്നായി മേലധികാരിമാരെ സൃഷ്ടിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്തു. അതപ്പടി പാരമ്പര്യസ്വത്തുപോലെ നമ്മുടെ ബ്യൂറോക്രസി ആദരവോടെ ഏറ്റെടുത്തു സ്വതന്ത്ര ഇന്ത്യയിൽ അങ്ങോളമിങ്ങോളം നടപ്പാക്കി. 'സാർ' വിളിയും 'ഉത്തര'വോതലും പഴയ രാജവാഴ്ചയിലെ 'മുമ്പിൽതളിയും ചിരുതവിളിയും' പോലെ ഇവിടെ നിലനിന്നു. അതൊരാചാരമായി, വഴക്കമായി, ശീലമായി നമ്മുടെ ഭരണ മണ്ഡലത്തിൽ ശുദ്ധജലതടാകത്തിൽ 'പൂപ്പൽ' പോലെ പൊങ്ങിനിന്നു. ഇതാണു ഭരണം, ഇങ്ങനെയാണു ഭരണം എന്ന് എല്ലാവരുമങ്ങു വിശ്വസിച്ചു.

സായ്പ് 'നേറ്റീ'വിനോടെന്നപോലെ വിട്ടുവീഴ്ചയില്ലാതെ, മേലാളർ കീഴാളരോടു പെരുമാറാൻ തുടങ്ങി. അടഞ്ഞ വാതിലും കോളിങ് ബെല്ലും സന്ദർശകരെ തടഞ്ഞു നിർത്തുന്ന ശിപായിയും "അനുവാദമില്ലാതെ അകത്തു കടക്കരുതെ'ന്ന ബോർഡും, ഇന്ദ്രജാലക്കാരന്റെ അണിയറപോലെ പരമരഹസ്യങ്ങൾ സൂക്ഷിക്കാനെന്ന വിധം സംവിധാനം ചെയ്ത ആപ്പീസുമുറിയും അകത്തിരിക്കുന്നതും പുറത്തു നില്ക്കുന്നതും 'നേറ്റീ'വാണെന്ന ബോധം എല്ലാവരുമങ്ങു കൈവിട്ടു. അങ്ങനെ ഇവിടെ ജന്മി-മുതലാളിമാർക്കും മേലെ പുതിയൊരു വർഗ്ഗമുണ്ടായി; 'ബ്യൂറോക്രാറ്റ്'. അതിന്നും ഇവിടെ ഭരിക്കുന്നു; നാളേയും ഭരിക്കും. അതിന്റെ നില്പും നടപ്പും കണ്ടാൽ യുഗാവസാനംവരെ അതിന്റെ ഭരണമല്ലാതെ മറ്റൊന്നും ഇവിടെ ഉണ്ടാവാൻ പോകുന്നില്ലെന്നു തോന്നും.

പറഞ്ഞുവന്നത് എന്റെ ആപ്പീസറുടെ കാര്യമാണല്ലൊ. ബ്യൂറോക്രസിയുടെ അല്പം അസ്കൃത അവർക്കും ഉണ്ടായിരുന്നു. ഞങ്ങൾ ഒരേ മുറിയിൽ വളരെ അകലെയല്ലാതെയാണ് ഇരിപ്പെങ്കിലും ആവശ്യങ്ങൾ നേരിട്ടു സംസാരിക്കുന്ന പതിവു വളരെ വിരളമായിരുന്നു. ഇടയ്ക്കിടെ എനിക്ക് 'ഇണ്ടാസു'കൾ കിട്ടിക്കൊണ്ടിരിക്കും. ഇണ്ടാസുകൾ കുമ്പാരം കൂടിയപ്പോൾ, എനിക്കങ്ങട്ട് ഇണ്ടാസയയ്ക്കാൻ അധികാരമില്ലാത്തതു കൊണ്ട്, ഞാൻ കേറി വാചകമടിച്ചു. അതല്പം രൂക്ഷമായിരുന്നു എന്നാണ് എന്റെ ഓർമ്മ.

അവിടെ കുഴപ്പം ആരംഭിക്കുന്നു. എന്റെയും അവരുടെയും രണ്ടു സ്റ്റേഷന്റെയും പരമാധികാരി അന്നു തിരുവനന്തപുരത്താണ്. ആക്ഷേപം അവിടെയെത്തി. അദ്ദേഹം പുറപ്പെട്ടുവന്നു. അന്വേഷണം, സാക്ഷിവിസ്താരം, തെളിവെടുപ്പ്, പണ്ട് ശീവോളി എഴുതിവെച്ചപോലെ, 'അവിടമൊരു തിരുവാങ്കോട്ട് ഹൈക്കോർട്ട്' തന്നെ. ഏറെ വിസ്തരിക്കുന്നില്ല. പരമാധികാരി എനിക്കല്പം ഉപദേശം തന്നു പിരിയുകയാണുണ്ടായത്. അതൊരു പക്ഷേ, നല്ലനടപ്പിനുള്ള താക്കീതായിരിക്കണം. എന്നെ മറ്റൊന്നും ചെയ്യാൻ പറ്റില്ലല്ലോ. പ്രമോഷനുണ്ടെങ്കിലല്ലേ അതു തടഞ്ഞുവെക്കാൻ പറ്റൂ. പിന്നെ എളുപ്പം ചെയ്യാൻ കഴിയുന്ന കൃത്യം പറഞ്ഞുവിടലാണ്. അതുണ്ടായില്ല. പരമാധികാരിയുടെ ദയ, അല്ലാതെന്തു പറയാൻ?

ഞാൻ പുറപ്പെട്ടതു 'നിധി'യുംകൊണ്ടാണല്ലോ. അതെ, അവനെ പൊക്കിയെടുത്തു മനസ്സുനിറയെ രോഷവുമായി വീട്ടിലെത്തുമ്പോൾ രാത്രി ഒമ്പതുമണി. അത്താ

ഴം കഴിച്ചു നിധി കുഴിച്ചെടുക്കണം. ഇല്ലെങ്കിൽ പിറ്റേന്നവനെ, ആകാശത്തു വിടാൻ പറ്റില്ല. ആരോടെങ്കിലും ഒന്നു കയർത്തു രോഷം കളയണമെന്നു വിചാരിച്ചതു ലാഭം. ആരോടു കയർക്കാൻ? മകളും മരുമകളും നല്ല ഉറക്കമാണ്; രണ്ടും കൊച്ചു കുട്ടികൾ. പിന്നെ ഒരു സേവകനുള്ളതും കുട്ടി തന്നെ. മുനിഞ്ഞു കത്തുന്ന മണ്ണെണ്ണവിളക്കിനു മുമ്പിലിരുന്ന് അവൻ ഉറക്കം തൂങ്ങുകയാണ്. ഞങ്ങൾക്കെല്ലാം കൂടിയുള്ള ഏക സഹായി കരുണാകരനും ഉറങ്ങിയിരിക്കുന്നു.

രോഷം കളയാൻ ഉറക്കം തൂങ്ങുന്ന സേവകന്റെ ചെവി പിടിച്ച് തിരുമ്മിയാലോ എന്നാലോചിച്ചു. അടുത്തു ചെന്നപ്പോൾ അവന്റെ ചേഷ്ടകൾ നോക്കിനില്ക്കാനാണ് തോന്നിയത്. തല കനംപിടിച്ച് പതുക്കെ മുമ്പോട്ടു താണുവരും. പാതി വഴിയെത്തുമ്പോൾ അറ്റു തൂങ്ങും. താടി നെഞ്ചിൽച്ചെന്നിടിക്കും. ഉടനെ ഒരു ഞെട്ടലോടെ നിവർന്നിരുന്നു കണ്ണു തുറന്നു നോക്കും. ഒന്നും കാണില്ല. വീണ്ടും കൺപോളകൾ പതുക്കെ അടയും. തല കനംപിടിച്ചു തൂങ്ങാൻ തുടങ്ങും. ആവർത്തന വിരസത അശേഷമില്ലാതെ കാണാൻ പറ്റിയ നല്ലൊരു കലാപ്രകടനം അല്പനേരമങ്ങനെ നിന്നപ്പോൾ മനസ്സിനൊരയവു കിട്ടി. അവനെ പതുക്കെ കുലുക്കി വിളിച്ചു. പാവം! ഉറക്കച്ചടവോടെ എഴുന്നേറ്റു താനെന്തോ വലിയൊരപരാധം ചെയ്ത മട്ടിൽ എന്നെ നോക്കി. അടുക്കളയിലേക്കോടി. ഞങ്ങൾ ഒരുമിച്ച് അത്താഴം കഴിച്ചു. ഞാൻ മണ്ണെണ്ണ വിളക്കുമായി നിധി കുഴിക്കാൻ ചെന്നിരുന്നു.

മണ്ണെണ്ണവിളക്കിനെപ്പറ്റി പരാമർശിക്കുന്നതിനുമുമ്പ് മറ്റൊരു കാര്യം ഞാൻ വിശദീകരിക്കേണ്ടതുണ്ടായിരുന്നു. ഇടയിൽ ഒരു വീടു മാറ്റമുണ്ടായി, മകൾ എഴുത്തിനിരുത്തേണ്ട പ്രായമായി. ഏതെങ്കിലും വിദ്യാലയത്തിനടുത്ത് ഒരു വീടു കിട്ടണം. അല്ലാതെ പറ്റില്ല. വാഹനത്തിലും മറ്റും അയയ്ക്കണമെങ്കിൽ അതിനുള്ള ധനസ്ഥിതി വേണമല്ലോ. തിരക്കിട്ട് അന്വേഷണം ആരംഭിച്ചു. സബ് ജയിലിന്നടുത്തു ഒരു വീടു കണ്ടെത്തി. വിവരമറിഞ്ഞപ്പോൾ പി. സി. പറഞ്ഞു:

"കൊള്ളാം. തന്നെപ്പോലൊരു ക്രിമിനൽ ചെന്നുചേരേണ്ട സ്ഥലം തന്നെ. വീട്ടിൽനിന്നു നേരെയങ്ങു കേറിയാൽ മതിയല്ലോ."

കേട്ടുനിന്നവർ ചിരിച്ചു. ഞാനും. മനസ്സിന്റെ പിരിമുറുക്കം കളയാനുള്ള ഏകമൂലിക എപ്പോഴും പി. സി. യുടെ കയ്യിലുണ്ടാവും.

വീട്ടിൽ വിദ്യുച്ഛക്തി ഉണ്ടായിരുന്നില്ല. തെക്കുമുഖമായി നീളത്തിൽ കിഴക്കു പടിഞ്ഞാറായി കിടക്കുന്ന ഒരു വീടായിരുന്നു അത്. വേണമെങ്കിൽ ഹാർമോണിയം പോലുള്ള വീടെന്നു പറയാം. കാരണം, നാലു കുടുംബങ്ങൾക്കു പാർക്കാനുള്ള വീടായിരുന്നു അത്. ഒന്നാംമുറി, രണ്ടാംമുറി, മൂന്നാംമുറി, നാലാംമുറി എന്നായിരുന്നു ആ വീടുകൾക്കുള്ള പേര്. എനിക്കു കിട്ടിയതു മൂന്നാം മുറിയായിരുന്നു. ഹാർമോണിയമെന്നു പറഞ്ഞതു വെറുതെയല്ല. ഓരോ മുറിക്കും ഓരോ ശബ്ദവും ശ്രുതിയുമായിരിക്കുമല്ലോ. അതുകൊണ്ടു പറഞ്ഞതാണ്. അന്നൊക്കെ വീട്ടിലേക്കു പോകുമ്പോൾ വഴിയിൽ കണ്ടുമുട്ടുന്ന അപരിചിതർ ചോദിക്കും:

“എവിട്യാ, ലൈൻ മുറിയിലാണോ താമസം? പുതുതായിട്ടു വന്നതാണല്ലേ?”

അതെയെന്നു മറുപടി പറയും. പുതിയൊരു വിജ്ഞാനം കൈവരുന്നു. പാർപ്പിടത്തിന്റെ പേര് ‘ലൈൻമുറി’. ഒന്നാമത്തെ മുറിയിൽ പവനന്റെ സഹോദരിയും ഭർത്താവും കുട്ടികളുമാണു താമസം. രണ്ടാമത്തെ മുറിയിൽ കോഴിപ്പുറത്തു ശങ്കരമേനോനും കുടുംബവും. നാലാമത്തെ മുറിയിൽ പുലാക്കാട്ട് ശങ്കരവാരിയർ മാസ്റ്ററും കുടുംബവും, വിദ്യുച്ഛക്തിയില്ലെങ്കിലെന്ത്? എനിക്കു പരമസന്തോഷമായി. മകൾക്കു കളിക്കാൻ യഥേഷ്ടം കൂട്ടുകാർ. മകളോടും മരുമകളോടും ഒരമ്മയെപ്പോലെ വാത്സല്യം കാട്ടുന്ന പവനന്റെ സഹോദരി പത്മിനിയമ്മ. എന്തിനു വിദ്യുച്ഛക്തിവെളിച്ചം? അയൽക്കാരുടെ സ്നേഹവാത്സല്യങ്ങളുടെ വെളിച്ചത്തിൽ രാത്രിയും ഞങ്ങൾക്കു പകൽ പോലെ തോന്നി. സദാ ചിരിയും കളിയും അട്ടഹാസവും തന്നെ. കുട്ടികളെപ്പറ്റി ഉൽക്കണ്ഠപ്പെടേണ്ട ആവശ്യമില്ല. നാലാം മുറിയിൽ ചെസ്സ് കളിക്കാം. ഒന്നിലും രണ്ടിലും എപ്പോഴും ചെല്ലാം. ഒരേ കുടുംബം. നമ്പറുകൾ നാലാണെങ്കിലും വീട് ഒന്ന്. ഒന്നേയൊന്ന്.

നാലു മുറികളിലുമുള്ള കുട്ടികളുറങ്ങുന്നു; മുതിർന്നവരുറങ്ങുന്നു. എന്റെ മേശപ്പുറത്തു കടലാസ് കൂമ്പാരം. പെൻസിലും കാർബൺ പേപ്പറും. ചുരുങ്ങിയതു നാലു കോപ്പിയെങ്കിലുമെടുക്കണം. നാടകമെഴുത്തോടൊപ്പം കാർബൺകോപ്പിയും ഉണ്ടായിവരണം. സമരമെന്നോ യജ്ഞമെന്നോ എന്തു പേരിട്ടു വിളിച്ചാലും കൊള്ളാം. പിറ്റേന്നു രാവിലെ നിധികുംഭവുംകൊണ്ട് ആപ്പീസിലെത്തിയേ പറ്റൂ.

നിറഞ്ഞ നിശ്ശബ്ദത. ഒരു പെരുമ്പാമ്പിനെപ്പോലെ, ഉറക്കം, കാൽവിരലുകളിൽ കേറിപ്പിടിച്ചു പതുക്കെപ്പതുക്കെ വിഴുങ്ങാൻ തുടങ്ങുന്നു. വിഴുങ്ങിയേടം മുഴുവൻ മരവിക്കുന്നു. മരവിപ്പ് മുകളിലോട്ടു മുകളിലോട്ടു പടർന്നു കയറുന്നു! ദൈവമേ, ഏതെങ്കിലും മലമൂട്ടിൽ ചെന്നു രണ്ടു നാലേക്കർ ഭൂമി വാങ്ങി; റബ്ബർതയ്യോ, തെങ്ങിൻതയ്യോ വെച്ചു വളമിട്ടും നനച്ചും വളർത്തിക്കൊണ്ടുവരാൻ എന്തുകൊണ്ടെനിക്കു തോന്നിയില്ലാ? എന്തിനെന്റെ യുവത്വം ഞാനിവിടെ ഹോമിക്കുന്നു? ഉറക്കം വരുമ്പോൾ ചുരുണ്ടുകൂടിക്കിടക്കാനുള്ള സ്വാതന്ത്ര്യം പോലുമില്ലല്ലോ. ആലോചനയ്ക്കു വിരാമമെന്നോണം അകലത്തെവിടയോ ഒരു കോഴി കൂവുന്നു! കനോലിത്തോട്ടിലൂടെ മരത്തിരപ്പം തുഴഞ്ഞു വരുന്നവൻ ആരെയോ ഉറക്കെ വിളിച്ചുണർത്തുന്ന ശബ്ദം കേൾക്കുന്നു. എന്റെ മരവിപ്പ് അകലുന്നു. പുതിയ ചൈതന്യം കൈവരുന്നു. എഴുതിത്തീർന്ന കടലാസുകൾ പെറുക്കിക്കൂട്ടി ഞാനെണ്ണിനോക്കുന്നു. കുഴപ്പമില്ല. ഒരു നാലു പേജും കൂടി എഴുതിയാൽ സമയം കൃത്യമാവും. മുപ്പതു മിനുട്ട്.

ഞങ്ങൾ റിഹേഴ്സലിന്നിരുന്നു. ആരും ആരേയും പഠിപ്പിക്കേണ്ടതില്ല. എല്ലാം നിലയാംഗങ്ങൾതന്നെ. ഏതെങ്കിലും പൊരുത്തക്കേടു കണ്ടാൽ പറഞ്ഞു നേരെയാക്കാൻ ബാലകൃഷ്ണമേനോനുണ്ട്. ഏതു റോളും അനായാസമായി കൈകാര്യം ചെയ്യും. നിധിയിൽ മുഖ്യകഥാപാത്രങ്ങളുടെ ഭാഗം കൈകാര്യം ചെയ്തതു ലക്ഷ്മീദേവിയും ബാലകൃഷ്ണ മേനോനുമായിരുന്നു. റിഹേഴ്സൽ കഴിഞ്ഞു പ്രക്ഷേപണം തുടങ്ങിയ

പ്പോൾ, ബാലകൃഷ്ണമേനോനും ലക്ഷ്മീദേവിയും ചേർന്ന് എന്റെ നിർജ്ജീവമായ കൃതിക്ക് അതീവ ചൈതന്യം നല്കുകയായിരുന്നു. പ്രക്ഷേപണം കഴിഞ്ഞിട്ടും ലക്ഷ്മീദേവിക്ക് അവരുടെ ദുഃഖം നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അവർ കരഞ്ഞു കൊണ്ടേയിരിക്കുന്നതു കണ്ട് എല്ലാവരും അമ്പരന്നു. ഒരു പാവപ്പെട്ട വേലക്കാരന്റെ ജീവിതകഥയായിരുന്നു അത്. ഒരു കുടുംബത്തിനുവേണ്ടി ആയുസ്സിന്റെ മുക്കാൽ ഭാഗവും ഹോമിച്ചുകളഞ്ഞ് അവസാനകാലത്ത് അവഗണനയും അവഹേളനവും കുടുംബാംഗങ്ങളിൽനിന്നു സഹിക്കേണ്ടിവന്ന വേലക്കാരന്റെ കഥ. ബാലകൃഷ്ണ മേനോനായിരുന്നു വേലക്കാരൻ. അദ്ദേഹത്തിന്റെ അനിതരസാധാരണമായ അഭിനയപാടവമാണ് ഒപ്പം പങ്കെടുത്തവരേയും കേട്ടുനിന്നവരേയും കരയിച്ചത്.

'നിധി' എന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. അതുകൊണ്ടാണ് ഇത്രയും പറഞ്ഞുപോയത്.

പ്രക്ഷേപണം കഴിഞ്ഞതിന്റെ പിറ്റേദിവസം രാവിലെ ദേശപോഷിണി ഗ്രന്ഥശാലയുടെ രണ്ടുമൂന്നു പ്രവർത്തകർ എന്റെ വീട്ടിൽ വന്നു. അവർക്ക് നിധിയെ പ്രശംസിച്ച പലതും പറയാനുണ്ടായിരുന്നു. അങ്ങനെ പറഞ്ഞു നിർത്തിയെങ്കിൽ കുഴപ്പമില്ലായിരുന്നു. അവർക്കു നിധിയെ ഒരു സ്റ്റേജ് നാടകമാക്കി മാറ്റിയെഴുതിക്കൊടുക്കണം. ഗ്രന്ഥശാലയുടെ വാർഷികോത്സവംവരുന്നു. അന്നവതരിപ്പിക്കാനാണ്. പേരും പ്രശസ്തിയുമുള്ള നടന്മാർ പലരുമുണ്ട് ദേശപോഷിണിയിൽ. അവർ എല്ലാ കൊല്ലവും നാടകം അവതരിപ്പിക്കും. പ്രഗല്ഭരായ നാടകകൃത്തുക്കളുടെ കൃതികളാണതിനുവേണ്ടി തിരഞ്ഞെടുക്കുന്നത്. ദേശപോഷിണി വാർഷികം കോഴിക്കോട്ടുകാർക്ക് ഒരു ഉത്സവമാണ്. ഇതെല്ലാം അറിയുന്ന ഞാൻ അവരോടെന്തു പറയണം? അന്നോളം ഞാനൊരു സ്റ്റേജ്നാടകമെഴുതീട്ടില്ല. എന്നെ നാടകകൃത്തായി ആരും അറിയില്ല. ഞാൻ മടിച്ചു. വയ്യെന്നു പറഞ്ഞ് ഒഴിയാൻ ശ്രമിച്ചു. അവർ വിടാൻ ഭാവമില്ല. നിധിതന്നെ വേണം അവർക്ക്. അവരുടെ സ്നേഹപൂർവ്വമായ നിർബ്ബന്ധത്തിനു മുമ്പിൽ എന്റെ കഴിവുകേടുകൾ മറന്നുകൊണ്ട് എനിക്കു സമ്മതം മൂളേണ്ടിവന്നു. ഞാൻ ഇപ്പോൾ നില്ക്കുന്നതൊരു വഴിത്തിരിവിലാണ്. ഈ വഴി എന്നെ എവിടെ കൊണ്ടെത്തിക്കുമെന്നു നിശ്ചയമില്ലാതെയാണു യാത്രയ്ക്കൊരുങ്ങി ഞാനിവിടെ നില്ക്കുന്നത്.

— 46 —

## പഴയ ബന്ധങ്ങളുടെ മഴവില്ലുകൾ

ദേശപോഷിണിയിലെ ഊർജ്ജസ്വലരായ പ്രവർത്തകർ എന്റെ രാവുകൾക്കും പകലുകൾക്കും പൊറുതികേട് സൃഷ്ടിക്കാൻ തുടങ്ങി. രാവിലെ രണ്ടു പേരാണെങ്കിൽ, വൈകിട്ട് ആപ്പീസ് കഴിഞ്ഞു വീട്ടിലെത്തുമ്പോൾ മൂന്നു പേരാവും വിവരം തിരക്കാനെത്തുന്നത്.

"നാടകം എത്രത്തോളമായി?"

ഞാൻ ചിരിക്കും. നിറംകെട്ട ചിരി. ചോദ്യകർത്താവിനെ തൃപ്തിപ്പെടുത്താൻ പറ്റിയ ഉത്തരങ്ങളൊന്നും കൈവശമില്ലാത്തപ്പോൾ ആരും അങ്ങനെ ചിരിക്കും. കർണ്ണന്റെ കവചകുണ്ഡലങ്ങൾപോലെ, പിറവിയിൽത്തന്നെ എന്നോടൊപ്പമുള്ള അലസതയും കർമ്മവിമുഖതയും അവരുണ്ടോ അറിയുന്നു? പിന്നെയും ചോദ്യം:

"തയ്യാറായോ?"

ചിരി.

"ഇനി കുറച്ചേ ദിവസമുള്ളു. നല്ലപോലെ പഠിച്ചുറപ്പിച്ചല്ലാതെ 'ദേശപോഷിണി' നാടകം പ്രദർശിപ്പിക്കാറില്ല."

ചിരി.

"ഇന്നു തരാമോ?"

അവിടെ ചിരിയില്ല. നെടുവീർപ്പ്. അപ്പോഴേക്കും ചോദ്യകർത്താക്കളെ തൃപ്തിപ്പെടുത്താനുള്ള ഒരു നല്ല കള്ളം ഞാൻ കണ്ടെത്തും:

"ഇന്നു പറ്റില്ല. നാളെ തരാം. പണിയെല്ലാം കഴിഞ്ഞിരിക്കുന്നു. ഒന്നു പകർത്തെഴുതേണ്ട താമസം."

"എന്നാൽ നാളെ കാലത്തു വരാം." അവർ എഴുന്നേല്ക്കുന്നു. സൗമ്യമായി ചിരിക്കുന്നു. പടിയിറങ്ങി നടക്കുന്നു.

ഇനിയോ? ഞാനെന്നോടുതന്നെ ചോദിക്കുന്നു. എനിക്കുള്ള ഉത്തരവും എന്റെ കൈയിലില്ല. അങ്ങനെ പരാജയമെന്തെന്നറിയാത്ത ദേശപോഷിണിയി

ലെ പ്രവർത്തകർ പതിവായി രണ്ടു നേരവും വരുന്നു, എന്റെ മറുപടി എന്തായാലും അതു കേട്ടു സന്തോഷം അഭിനയിച്ചു പിരിയുന്നു. അവർ നാടകക്കാരാണല്ലോ. അഭിനയിക്കാനറിയുന്നവർ. അവരുടെ മുമ്പിൽ ഈ 'അരങ്ങു കാണാത്ത നട'ന്റെ അഭിനയം തവിടുപൊടിയായി. കവചകുണ്ഡലങ്ങൾ—ദൂരദശനിൽ കണ്ടപോലെ—അവർ പിഴുതുവാങ്ങി; ഞാൻ നാടകം കൊടുത്തു. വളരെ ക്ലേശിച്ചും പരിഭ്രമിച്ചുമാണു നാടകം എഴുതിത്തീർത്തത്. കാരണം രാത്രിയിലേ ഒഴിവുസമയമുള്ളു. മുനിഞ്ഞു കത്തുന്ന മണ്ണെണ്ണവിളക്കാണു സഹായി. എഴുതുന്നതാണെങ്കിൽ എന്റെ ആദ്യത്തെ നാടകവും!

റിഹേഴ്സൽ, തുടങ്ങി. ആരെല്ലാമാണ് അഭിനേതാക്കൾ? ആശാൻ കരുണാകരൻനായർ മുഖ്യകഥാപാത്രം. 'സംഗീതനൈഷധം', 'ഹരിശ്ചന്ദ്രചരിതം' തുടങ്ങിയ അനേകനാടകങ്ങൾ അഭിനയിച്ചും സംവിധാനകർമ്മം നിർവ്വഹിച്ചും പ്രസിദ്ധനായ ആശാൻ. താൻ കൈകാര്യംചെയ്ത എല്ലാ നാടകങ്ങളും മനഃപാഠമാണ്, ഒറ്റയ്ക്ക് ഒരു നാടകം പാട്ടോടുകൂടി അഭിനയിച്ചു കാണിച്ചുതരും. ആശാനോടൊപ്പം സുപ്രസിദ്ധ നടൻ കുഞ്ഞാണ്ടി. ദേശപോഷിണിയുടെ ജീവനാഡിയായി അവസാനശ്വാസംവരെ പ്രവർത്തിച്ച ബാലകൃഷ്ണപിള്ള, നെല്ലിക്കോടു ഭാസ്കരൻ–അന്നു പുതുമുഖമാണ് ഭാസ്കരൻ–ഭാസ്കരന്റെ സഹോദരി—കോമളം, മാതൃഭൂമിയിലെ എഞ്ചിനീയറായിരുന്ന നാരായണൻനായർ, പോസ്റ്റൽ സർവ്വീസിലെ ഉദ്യോഗസ്ഥനായ എ. വി. ഭാസ്കരൻ നായർ. അഭിനേതാക്കൾ പിന്നെയുമുണ്ട്. പേരുകൾ എന്നോ മറന്നുപോയിരിക്കുന്നു. അവരൊക്കെ ക്ഷമിക്കട്ടെ. ആരായിരുന്നു സംവിധാനം ചെയ്തത്? ഒ. സി. എന്ന രണ്ടക്ഷരത്തിൽ അറിയപ്പെടുന്ന ദേശപോഷിണിയുടെ സെക്രട്ടറിയായ ഒ. ചോയിക്കുട്ടി. പ്രവർത്തകരുടെ നിർബ്ബന്ധം മൂലം ചില ദിവസങ്ങളിൽ റിഹേഴ്സൽ കാണാൻ എനിക്കു പോകേണ്ടിവന്നു. മടിച്ചുമടിച്ചാണു പോയത്. പേടി. എന്റെ സൃഷ്ടി നാടകമാകുമോ? കൊള്ളില്ലെന്നുകണ്ടു പാതിവഴിയിൽ ഉപേക്ഷിക്കുമോ? അന്ത്യനാളിൽ നാടകം രംഗത്തെത്തുമ്പോൾ പ്രേക്ഷകർ കൂവുമോ? ഒന്നും തീരുമാനിക്കാനാവാത്തതുകൊണ്ടുള്ള പേടി. എന്റെ പേടി മറ്റുള്ളവർ മനസ്സിലാക്കാത്തതുകൊണ്ടാവണം, നാടകം രംഗത്തെത്തുകതന്നെ ചെയ്തു.

വലിയൊരു പുരുഷാരത്തിനിടയിൽ അന്നു പ്രേക്ഷകനായി ഞാനുമുണ്ടായിരുന്നു. എന്റെ നെഞ്ചിടിപ്പ്വളരെ വ്യക്തമായി എനിക്കു കേൾക്കാൻ കഴിഞ്ഞതും അന്നാണ് വിസ്തരിക്കുന്നില്ല. ഇതുവരെ ഒളിച്ചുവെച്ചൊരു കാര്യം പറയട്ടെ: നാടകത്തിന്റെ പേര് 'പഴയ ബന്ധം'. ആകാശവാണിയിലെ 'നിധി' ദേശപോഷിണിയുടെ അരങ്ങിലെത്തിയപ്പോൾ 'പഴയ ബന്ധ'മായി.

തുടർന്നു ദേശപോഷിണിയുടെ വാർഷികദിനത്തിനു നാടകമെഴുതേണ്ട ചുമതല എനിക്കായി. ഞാൻ സന്തോഷത്തോടെ ഏറ്റെടുത്ത ചുമതലയാണെന്നു തെറ്റിദ്ധരിക്കരുത്. അത്തരം അബദ്ധങ്ങളൊന്നും. ഞാൻ ചെയ്യാറില്ല. ദേശപോഷിണിയിലെ പ്രവർത്തകരുമായുള്ള ബന്ധം അപ്പോഴേക്കും അത്രമേൽ ദൃഢതരമായിക്കഴിഞ്ഞിരുന്നു. അവരുടെ ആത്മാർത്ഥത, തളരാത്ത പരിശ്രമശീലം, ഗ്രന്ഥശാല

യ്ക്ക വേണ്ടി എന്തും ചെയ്യാനുള്ള സന്നദ്ധത. ഇതെല്ലാം കണ്ടും അനുഭവിച്ചും ഞാന വർക്ക് അടിമയായിക്കഴിഞ്ഞിരുന്നു. ആ അടിമത്തം എനിക്കു ഗുണമേ ചെയ്തിട്ടുള്ളൂ. ഗുണം മാത്രം ചെയ്യുന്ന ചില അടിമത്തവും ഈ ദുനിയാവിലുണ്ടല്ലോ. ഭാഗ്യം.

പുതിയ പാർപ്പിടത്തിലുള്ളവരുമായി ഞങ്ങൾ വളരെവേഗം ഇഴുകിച്ചേർന്നു. ഒന്നാം മുറിയിലെ ശ്രീ ആർ. കെ. പണിക്കരും രണ്ടാംമുറിയിലെ ശ്രീ ശങ്കരമേനോനും പരസ്പരസഹായവകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാരായിരുന്നു. നാലാംമുറിയിലും ഞങ്ങൾ ചെല്ലുമ്പോൾ ഒരു ഡെപ്യൂട്ടി ഡയറക്ടർ തന്നെയായിരുന്നു—ശ്രീ ശിവരാമമേനോൻ. അല്പദിവസങ്ങൾക്കുശേഷം അദ്ദേഹം താമസം മാറ്റി. പകരം അവിടെ പുലാക്കാട്ടു ശങ്കരവാരിയർമാസ്റ്ററും കുടുംബവും വന്നു. വാരിയർ മാസ്റ്റർ അന്നു സാമൂതിരി കോളേജ് ഹൈസ്കൂളിലെ അദ്ധ്യാപകനായിരുന്നു. മിതഭാഷിയായ ശ്രീ വാരിയർ മാസ്റ്റർ സൗമ്യനും സാഹിത്യാദികലകളിൽ പ്രവീണനുമായിരുന്നു. ശങ്കരമേനോനാവട്ടെ പരമശാന്തൻ. തന്റെ ചവുട്ടടിയേറ്റ് ഒരു ഉറുമ്പിനുപോലും ദ്രോഹമേല്ക്കരുതെന്നു ചിന്തിച്ചു കൊണ്ടാണ് നടത്തം. കുട്ടികളോടൊപ്പം അവരെപ്പോലെ കളിക്കാനും ചിരിക്കാനും പെരുമാറാനും. അദ്ദേഹത്തിനു ഉത്സാഹമായിരുന്നു. ആർ. കെ. പണിക്കർ പുറമേയുള്ള കാഴ്ചയിൽ ഒരു ഡെപ്യൂട്ടി ഡയറക്ടർ തന്നെ. നടപ്പും നോട്ടവുമൊക്കെ അതുതന്നെ. പക്ഷേ, അടുത്തു പെരുമാറുന്നവർക്കു സൽക്കാരപ്രിയനും സംഭാഷണപ്രിയനുമായ ഒരു നല്ല മനുഷ്യനെ കാണാൻ കഴിയും. തിയോസോഫി പ്രസ്ഥാനവുമായി അദ്ദേഹത്തിന് അടുത്ത ബന്ധമുണ്ടായിരുന്നു.

തുടക്കത്തിലേ ഞാൻ പറഞ്ഞല്ലോ, ഞങ്ങളുടെ വസതിയായ 'ലൈൻമുറി' ഹാർമോണിയം പോലെ ആയിരുന്നുവെന്ന്. അക്ഷരാർത്ഥത്തിൽ അതു ശരിയായിരുന്നു. ഹാർമോണിയത്തിലെ ഓരോ കട്ടയിൽ നിന്നും പുറപ്പെടുന്ന ശബ്ദം വ്യത്യസ്തമായിരുന്നെങ്കിലും അതു സ്നേഹത്തിന്റെ ശബ്ദമായിരുന്നു. ആ ശബ്ദത്തിൽ സംഗീതമുണ്ടായിരുന്നു. വളരെ വേഗത്തിൽ എന്റെ മകളും മരുമകളും മൂന്നു മുറികളിലേയും കുടുംബങ്ങളിൽ സ്വത്തവകാശംപോലും ഉണ്ടെന്നു തോന്നിക്കുന്ന അംഗങ്ങളായിക്കഴിഞ്ഞു. പവനന്റെ സഹോദരി, മിസ്സിസ് ആർ. കെ. പണിക്കർ എന്റെ മകൾക്ക് എല്ലാ കാര്യങ്ങളും അറിഞ്ഞു ചെയ്യാൻ തയ്യാറായിരുന്നു. പകൽ മുഴുവൻ ഒരു പള്ളിക്കൂടത്തിന്റെ അന്തരീക്ഷമായിരുന്നു ഞങ്ങളുടെ ലൈൻമുറിക്ക്. എപ്പോഴും കുട്ടികളുടെ ബഹളം. കളിയും ചിരിയും തമ്മിൽത്തല്ലും വഴക്കും. എന്നാൽ ഒരു കുട്ടിയും ഒരു കുടുംബത്തിനും അന്യമായിരുന്നില്ലാ എന്ന അദ്ഭുതം അവിടെ അന്നുണ്ടായിരുന്നു. കുട്ടികൾ തമ്മിലുള്ള വഴക്കു കുട്ടികളിൽ ഒതുങ്ങി നിന്നു. അതൊരിക്കലും പരിധിവിട്ടു മുതിർന്നവരുടെ ചിന്തയിലേക്കു കയറിച്ചെന്നു സ്വൈരംകെടുത്തിയില്ല. അങ്ങനെ അല്ലലില്ലാത്ത, അലട്ടില്ലാത്ത ദിവസങ്ങൾ നീങ്ങിക്കൊണ്ടിരിക്കുമ്പോൾ ഒന്നാംമുറിയിൽ 'പവനൻ' കേറിവരുന്നു. കുട്ടികളും മുതിർന്നവരും ഒരുമിച്ചു പറയുന്നു: "പവനൻ വന്നു, പവനൻ വന്നു." കറുത്തുമുറ്റിയ താടിയുണ്ടായിരുന്നു അന്നു പവനന്. അദ്ദേഹവും കളിതമാശക്കാരൻ തന്നെ, കുഴപ്പമില്ല. താടിയുണ്ടായിട്ടും കുട്ടികളദ്ദേഹത്തെ പേടിച്ചില്ല. അവർ പവനന്റെ സുഹൃത്തുക്കളാവാൻ ഏറെ സമയമെടുത്തി

ല്ല. എന്റെ മകൾ പവനനെ 'താടിയമ്മാവൻ' എന്നു വിളിക്കാൻ തുടങ്ങി. ആരു പറഞ്ഞു കൊടുത്തു പഠിപ്പിച്ചാണ് അങ്ങനെ വിളിക്കാൻ തുടങ്ങിയതെന്നെനിക്കറിഞ്ഞുകൂടാ. അവളുടെ വിളി കേൾക്കുമ്പോൾ കറുത്ത താടിക്കുള്ളിലൂടെ പൊട്ടി വിടരുന്ന പവനന്റെ ചിരി കൗതുകമുണർത്തുന്നതായിരുന്നു. ഇത്തിരി കഴിയുമ്പോൾ 'പവനൻ' താടിയമ്മാവനെന്നപേരിൽ അറിയപ്പെടാൻ തുടങ്ങുമോ എന്നുകൂടി ഞാനന്നു ഭയപ്പെട്ടിരുന്നു.

ലൈൻമുറിയിൽ പവനനെന്ന താടിയമ്മാവൻ അന്നു തുന്നൽക്കുരുവിയെപ്പോലെയായിരുന്നു. അങ്ങനെയിരിക്കുമ്പോൾ ശരംപോലെ വന്നു കൂടണയുന്നതു കാണാം. ഉടനെ പറന്നകലുകയും ചെയ്യും. കൂടണയുന്ന നേരത്തു ഞങ്ങളിൽ ചിലരദ്ദേഹത്തെ വലയം ചെയ്യും. ലോകവാർത്തകളും രാഷ്ട്രീയ കാര്യങ്ങളും എപ്പോഴുമദ്ദേഹം കൊത്തിപ്പെറുക്കി കൊണ്ടുവരും. കക്ഷത്തു് ഒരുകെട്ട് വൃത്താന്ത പത്രവുമുണ്ടായിരിക്കും. മുഖ്യതൊഴിൽ പത്രപ്രവർത്തനമായിരുന്നു. ഏതു പത്രത്തിലെന്നു കൃത്യമായി ഓർക്കാൻ കഴിയുന്നില്ല. പൗരശക്തിയിലും ദേശാഭിമാനിയിലുമൊക്കെ അദ്ദേഹമുണ്ടായിരുന്നതായറിയാം.

ശ്രീ. ആർ. കെ. പണിക്കർ തിയോസോഫിയുമായി ബന്ധപ്പെട്ടതിലൂടെയായിരിക്കണം അവിടത്തെ കുട്ടികളെല്ലാം 'ലോട്ടസ് സർക്കിൾ' എന്ന കുട്ടികളുടെ സംഘടനയിൽ അംഗങ്ങളായിരുന്നു. ലോട്ടസ് സർക്കിൾ തിയോസോഫിയുടെ ബാലജന വിഭാഗമായിരുന്നു എന്നാണെന്റെ അറിവ്. പണിക്കരുടെ മൂത്തമകൻ വേണുഗോപാൽ അന്നു ലോട്ടസ് സർക്കിളിന്റെ സെക്രട്ടറിയായിരുന്നു. ജോറായി പ്രസംഗിക്കും. വിദ്യാലയങ്ങളിൽ നടക്കുന്ന മത്സരപരിപാടികളിലൊക്കെ പങ്കെടുക്കും. സമ്മാനം വാങ്ങുകയും ചെയ്യും. തിയോസഫിയുടെ കോഴിക്കോട്ടെ ആസ്ഥാനമായ ആനിഹാളിൽ എല്ലാ ഞായറാഴ്ചയും ലോട്ടസ് സർക്കിളിന്റെ പരിപാടികളുണ്ടായിരിക്കും. മഞ്ചേരി കമലമ്മയും അഡ്വക്കേറ്റ് ഗോപാലകൃഷ്ണയ്യരും പിൽക്കാലത്തു രജിസ്ട്രേഷൻ എ. ജി. യായി റിട്ടയർ ചെയ്ത ശ്രീ വി. കെ. മാധവനും ലോട്ടസ് സർക്കിളിന്റെ രക്ഷാധികാരികളായിരുന്നു. ബേബി സ്വാമിനാഥൻ എന്ന പ്രസരിപ്പുള്ള ഒരു ചെറുപ്പക്കാരൻ. അന്നു ലോട്ടസ് സർക്കിളിന്റെ ജീവനാഡിയായി പ്രവർത്തിച്ചിരുന്നു. ശാന്ത, വിമല, രാധ, ഗീത തുടങ്ങിയ മിടുമിടുക്കികളായ പെൺകുട്ടികളും ഗോപാലകൃഷ്ണൻ, ശിവരാമകൃഷ്ണൻ, വേണു, ശങ്കരൻകുട്ടി തുടങ്ങിയ ആൺകുട്ടികളും ചേർന്നു ലോട്ടസ് സർക്കിളിന്റെ എല്ലാ പരിപാടികൾക്കും അന്നു നിറപ്പകിട്ടേകിയിരുന്നു. പാടാനും അഭിനയിക്കാനും കഴിവുള്ള മറ്റനേകം കുട്ടികളും അന്നു ലോട്ടസ് സർക്കിളിൽ അംഗങ്ങളായിരുന്നു. എല്ലാവരുടെ പേരും ഓർക്കാൻ കഴിയാത്തതിൽ ദുഃഖമുണ്ട്. തിയോസോഫി പ്രസ്ഥാനത്തിന്റെയും ലോട്ടസ് സർക്കിളിന്റെയും ഒക്കെ തലപ്പത്തു് ഇവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിച്ചും വേണ്ടസമയത്തു് ഉപദേശ-നിർദ്ദേശങ്ങൾ നല്കിയും പ്രവർത്തിച്ചു പോന്ന ഒരു വലിയ മനുഷ്യനുണ്ട്: ശ്രീ ടി. സി. കുട്ടികൃഷ്ണൻ മാസ്റ്റർ! ഇന്നും അദ്ദേഹം കോഴിക്കോട്ടെ തിയോസഫി പ്രസ്ഥാനത്തിന്റെ ജീവനാഡിയായി പ്രവർത്തിച്ചു വരുന്നു. പേരിലും പ്രസിദ്ധിയിലും നോ

ട്ടമില്ല. നിശ്ശബ്ദമായ സേവനം! ജോലിയിലിരിക്കുമ്പോഴും ജോലിയിൽനിന്നു പിരിഞ്ഞു വിശ്രമിക്കേണ്ട കാലം വന്നപ്പോഴും മനസ്സു ചെല്ലുന്നേടത്തു ശരീരത്തെ കൊണ്ടു ചെന്നെത്തിക്കാൻ വിഷമമനുഭവപ്പെടുന്ന വാർദ്ധക്യത്തിലും തളരാത്ത മനസ്സിന്റെ ഉടമയായി സേവനത്തിന്റെ മാർഗ്ഗത്തിൽ ക്ലേശിച്ചാണെങ്കിലും ഇന്നും മുമ്പോട്ടു നടന്നുനീങ്ങുന്ന കുട്ടികൃഷ്ണൻ മാസ്റ്ററെ മനസ്സു കൊണ്ടു വണങ്ങാതെ ഈ ഓർമ്മക്കുറിപ്പ് തുടരാൻ പ്രയാസമുണ്ട്.

ആകാശവാണിയിലെ ബാലരംഗം പരിപാടിയിൽ നിറപ്പകിട്ടാർന്ന പരിപാടികളവതരിപ്പിക്കുന്നവരുടെ കൂട്ടത്തിൽ ലോട്ടസ് സർക്കിൾ മുൻപന്തിയിലായിരുന്നു. ശ്രീ പി. വി. കൃഷ്ണമൂർത്തി സ്റ്റേഷൻ ഡയറക്ടറായിരുന്നപ്പോൾ, ലോട്ടസ് സർക്കിളിന്റെ പ്രവർത്തനങ്ങൾ വളരെയേറെ കൗതുകത്തോടെയായിരുന്നു അദ്ദേഹം വീക്ഷിച്ചത്. അവരുടെ കഴിവിൽ അദ്ദേഹത്തിനു വലിയ മതിപ്പായിരുന്നു. ഒരിക്കൽ റേഡിയോ വാരാഘോഷത്തിന്റെ സമയത്ത് അദ്ദേഹം എന്നെ വിളിച്ച് ഒരു കാര്യമേല്പിച്ചു; രംഗത്തവതരിപ്പിക്കുമ്പോൾത്തന്നെ പ്രക്ഷേപണം നിർവ്വഹിക്കാനും കഴിയുന്ന ഒരു നാടകമെഴുതണം. അതു ലോട്ടസ് സർക്കിളിലെ കുട്ടികളെക്കൊണ്ടു ഭംഗിയായി അവതരിപ്പിക്കുകയും വേണമെന്ന്.

ശ്രമകരമായ ജോലിയാണ്. മുതിർന്നവർക്കുപോലും ചുവടു തെറ്റും. ഒട്ടും അശ്രദ്ധ പാടില്ല. മണിമണിപോലെ സംഭാഷണങ്ങൾ കൈമാറണം. അഭിനയത്തിൽ ശ്രദ്ധചെലുത്തുമ്പോൾ സംഭാഷണത്തിന്റെ കാര്യം വിസ്മരിച്ചുപോവരുത്. നിമിഷാർദ്ധത്തിലെ നിശ്ശബ്ദത പോലും ശ്രോതാവിനെ മുഷിപ്പിക്കും. സംഭാഷണത്തിൽ മാത്രം ശ്രദ്ധിച്ച് അഭിനയം അവതാളത്തിലായാൽ കാണാനിരിക്കുന്നവർക്ക് മടുക്കും. അവരുടെ ഇടയിൽ അസഹിഷ്ണുക്കളുണ്ടെങ്കിൽ കൂവിയെന്നും വരും. അപ്പോൾ, പൂവും മണവുംപോലെ അഭിനയവും സംഭാഷണവും ഇഴുകിച്ചേർന്നാലേ നാടകം വിജയിക്കൂ.

നാടകമെഴുതി 'മഴവില്ല്'ന്നു പേരിട്ടു. ലോട്ടസ് സർക്കിളിനെ ഏല്പിച്ചു. ബേബി സ്വാമിനാഥന്റെ സംവിധാനത്തിൽ രക്ഷാധികാരികളുടെ മേൽനോട്ടത്തിൽ ലോട്ടസ് സർക്കിളിലെ കുട്ടികളതു പഠിച്ച് അതീവ മനോഹരമായി, അപാകം അല്പവുമേല്പിക്കാതെ 'മഴവില്ല്' വർണ്ണഭംഗിക്കുറവു തട്ടാതെ രംഗത്തവതരിപ്പിച്ച് ഒരു വലിയ സഹൃദയസദസ്സിന്റെ മുക്തകണ്ഠമായ പ്രശംസ നേടുക തന്നെ ചെയ്തു. വിമലയും ഗോപാലകൃഷ്ണനും ശിവരാമകൃഷ്ണനും വേണുവും നാടകഭാഷയിൽ പറഞ്ഞാൽ അരങ്ങു തകർക്കുക തന്നെ ചെയ്തു.

അക്കാലത്ത് എന്റെ മകളും മരുമകളും ലോട്ടസ് സർക്കിളിൽ സജീവമായി പങ്കെടുത്തിരുന്നു. ലൈൻമുറിയിലെ കുട്ടികളുടെ നേതാവ് ഒന്നാം മുറിയിലെ വേണുഗോപാലനായിരുന്നു. ലോട്ടസ് സർക്കിളിന്റെ സെക്രട്ടറി കൂടിയായിരുന്നല്ലോ വേണുഗോപാലൻ; താടിയമ്മാവന്റെ മരുമകൻ. അപ്പോൾ നേതൃസ്ഥാനം ഏറ്റെടുത്തതിൽ അതിശയിക്കാനൊന്നുമില്ല. ഇതൊക്കെ ഓർക്കുമ്പോഴും പറയുമ്പോഴും

പഴയ കാലത്തിന്റെ പരിമളം എന്നെ പൊതിയുകയാണ്. അന്നത്തെ കൊച്ചു കുട്ടികൾ ഇന്നു വലിയവരായി പല മേഖലകളിലായി ജോലി ചെയ്യുന്നു. വേണുഗോപാൽ പാലക്കാട്ടെ ബാറിലെ ഒരു അഭിഭാഷകനാണിന്ന്. മറ്റൊരു വേണുഗോപാലും കൂടിയുണ്ടായിരുന്നതു വലിയൊരു അത് ലറ്റായി, കോച്ചായി, സ്പോർട്സ് സംഘാടകനായി വളരുന്നു. കലാകാരന്റെ ഒരു കൊച്ചുതാടിയും വെച്ചു നടക്കുന്ന വേണുഗോപാലനെ ഇടയ്ക്കൊക്കെ ഇപ്പോൾ കോഴിക്കോട്ടു നഗരത്തിൽ ഞാൻ കണ്ടുമുട്ടാറുണ്ട്. പഴയ സ്നേഹം മറന്നില്ല. എന്തൊരാശ്വാസം!

— 47 —

## ആകാശവാണിയിലെ കുട്ടുകുടുംബം

തട്ടീട്ടും പോണില്ല
ചോണനുറുമ്പ്
മുട്ടീട്ടും പോണില്ല
ചോണനുറുമ്പ്.

കുഞ്ഞുണ്ണിമാഷ് നയിക്കുന്ന സംഘഗാനം. കുട്ടികൾ ഏറ്റുപാടുന്നു. സ്ഥലം ആകാശവാണിയുടെ 'മച്ചകം', സമയം ഞായറാഴ്ച രാവിലെ. പതിവു 'ബാലരംഗം' പരിപാടി നടക്കുകയാണ്. കേൾക്കാൻ ഇമ്പമുള്ള നാടൻപാട്ട്. കുഞ്ഞുണ്ണിമാഷ്ക്ക് രസം, കുട്ടികൾക്കു രസം. കേൾക്കുന്നവർക്കു ഹരം. കുഞ്ഞുണ്ണിമാഷുടെ മനസ്സ് നിറച്ചും, ശരീരം നിറച്ചും നാടൻപാട്ടുകളാണ് പഴമയിൽ നിന്ന്, പാരമ്പര്യത്തിൽ നിന്നു കുഞ്ഞുണ്ണിക്കവി പിറന്നെന്നു പറഞ്ഞാൽ തെറ്റാവില്ല. പരിപാടിയിൽ ഹരംപിടിച്ച്, 'മച്ചക'ത്തിന്റെ വാതിൽപ്പഴുതിലൂടെ നോക്കി. കുഞ്ഞുണ്ണിമാഷെ കാണാനില്ല. എല്ലാം കുട്ടികൾ. ഇതെന്തതിശയം! ശബ്ദമുണ്ട്; മാഷില്ല. അങ്ങനെ നോക്കി നോക്കി നില്ക്കവേ, പരിപാടി കഴിഞ്ഞു കുട്ടികൾ എഴുന്നേല്ക്കുന്നു. അപ്പോഴും കുഞ്ഞുണ്ണി മാഷില്ല. മച്ചകത്തുനിന്നു പുറത്തുകടന്നു വരാന്തയിലെത്തിയപ്പോൾ കുഞ്ഞുണ്ണിമാഷെ കാണാൻ ചെന്നു. കണ്ടുപിടിക്കാൻ അല്പം വിഷമിച്ചെന്നു പറഞ്ഞാൽ അതിശയിക്കരുത്. ആകൃതിയിലും പ്രകൃതിയിലും കുട്ടികളിലൊരു കുട്ടിയായി നില്ക്കുന്ന കുഞ്ഞുണ്ണിമാഷെ വേർതിരിച്ചെടുക്കാൻ നന്നെ അടുത്തുതന്നെ ചെല്ലേണ്ടിവന്നു. "എനിക്കു പൊക്കം കുറവാണെന്നെ പൊക്കാതിരിക്കുവിൻ." മി. പുരുഷോത്തമൻനായരാണ് കുഞ്ഞുണ്ണിമാഷെ പരിചയപ്പെടുത്തിയത്. കുഞ്ഞുണ്ണിമാഷ് അന്നു രാമകൃഷ്ണാശ്രമം ഹൈസ്കൂളിലെ അദ്ധ്യാപകനാണ്. താമസവും ആശ്രമത്തിലാണ്. കണ്ടപ്പോൾ കെട്ടും മട്ടും ആശ്രമവാസത്തിനു ചേർന്നതുതന്നെയെന്നു തോന്നി. ഞങ്ങളുടെ പരിചയത്തിനല്പം മൂപ്പെത്തിയപ്പോൾ എനിക്കൊരു സത്യം മനസ്സിലായി. സൗഹൃദത്തിന്റെ കാര്യത്തിൽ കുഞ്ഞുണ്ണിമാഷ് ഒരു 'ബാങ്കാ'ണെന്ന്. നിക്ഷേപിക്കുന്ന തുക പലിശയോടുകൂടി തിരിച്ചേല്പിക്കുന്ന 'ബാങ്ക്'. കുഞ്ഞുണ്ണിമാഷും കുട്ട്യോളും

പങ്കെടുക്കുന്ന ദിവസം ബാലരംഗം പരിപാടി ഇരമ്പും. അതിനോടു കിടപിടിക്കാവുന്ന പരിപാടി അവതരിപ്പിക്കുന്നത് പിന്നെ ലോട്ടസ് സർക്കിളായിരുന്നു. രണ്ടു കൂട്ടരും പരിപാടിയുടെ കാര്യത്തിൽ കിടമത്സരം തന്നെ നടത്തി.

ബാലരംഗം പരിപാടികൾ ആസൂത്രണം ചെയ്ത് അവതരിപ്പിക്കുന്ന 'ബാലേട്ടൻ' അന്ന് മി. പുരുഷോത്തമൻനായരായിരുന്നു. അദ്ദേഹം ബ്യൂറോക്രസിയുടെ പരിവേഷമില്ലാത്ത, സഹപ്രവർത്തകരോട് അധികാരസ്വരത്തിൽ സംസാരിക്കാത്ത, പെരുമാറ്റത്തിന്റെ പരുക്കൻരീതിയിലൂടെ പേരുദോഷം വരുത്താത്ത ഒരു ആപ്പീസറായിരുന്നു. മറ്റു ജോലിത്തിരക്കിലും ഉത്തരവാദിത്വത്തിനുമിടയിൽ 'ബാലരംഗ'ത്തിന്റെ ജോലികൂടി നിർവ്വഹിക്കാൻ ബുദ്ധിമുട്ടു തോന്നിയതുകൊണ്ടാവണം അതിന്റെ ചുമതല ഏറ്റെടുക്കാൻ അദ്ദേഹമെന്നെ നിർബ്ബന്ധിച്ചു. മറുത്തു പറയാൻ കാരണങ്ങൾ പലതുണ്ടായിരുന്നെങ്കിലും ഞാൻ വഴങ്ങുകയാണു ചെയ്തത്. കുട്ടികളെ എനിക്കിഷ്ടമാണ്. അവരോടൊപ്പം കളിക്കാനും ചിരിക്കാനും കിട്ടുന്ന അവസരങ്ങളൊന്നും ഞാൻ പാഴാക്കാറില്ല. തന്നെയുമല്ല, ജോലിഭാരത്തിന്ന് അല്പമൊരു അയവുകിട്ടിയ സന്ദർഭമായതുകൊണ്ട് ഏറ്റെടുത്തുകളയാമെന്നുതന്നെ തോന്നി.

ഈ കാലമാവുമ്പോഴേക്ക്, കക്കാട്ടും അക്കിത്തവും വന്നുചേർന്ന് കരാറു പണിക്കാരുടെ കുടുംബം അല്പമൊന്നു വികസിച്ചുകഴിഞ്ഞിരുന്നു. പരസ്പരം പരാതി പറയാനും ദുഃഖം പങ്കുവെക്കാനും ആളുണ്ടാവുന്നതൊരാശ്വാസമാണല്ലോ. ഇവിടെ രണ്ടു പേരുകൾ കൂടി പറഞ്ഞുകൊള്ളട്ടെ: വിനയനും കരുമല ബാലകൃഷ്ണനും പില്ക്കാലത്ത് ഞങ്ങളുടെ കുടുംബത്തിലേക്കു കടന്നുവന്നവരാണ്. ഈ ചരിത്രം അവരുടെ കാലഘട്ടം വരെ കടന്നുചെല്ലാത്തതുകൊണ്ട്, സ്മരണയുടെ പട്ടികയിൽ പേരു ചേർത്ത് അവരോടൊപ്പം ജോലി ചെയ്യാനുള്ള ഭാഗ്യം അനുവദിച്ചതന്നതിനുള്ള നന്ദി രേഖപ്പെടുത്തിക്കൊണ്ട് മറ്റൊരു ഭാഗ്യത്തിന്റെ കഥകൂടി ഇവിടെ കുറിക്കട്ടെ. അനുഗ്രഹീത നടനും അനശ്വര നാടകകൃത്തുമായിരുന്ന പി. ജെ. ആന്റണിയും അതുപോലെ, ടി. കെ. സി. വടുതലയും ആകാശവാണിയിൽ കുറഞ്ഞകാലം കരാറുപണിയിൽ ഏർപ്പെട്ടിരുന്നു. അവരോടൊപ്പം നന്നേ കുറഞ്ഞ കാലമാണെങ്കിലും ജോലിചെയ്യാനവസരം കിട്ടിയതും വലിയ ഭാഗ്യം തന്നെ.

അക്കിത്തവും കക്കാട്ടും പി. സി. യും ചേർന്ന് വെറ്റിലമുറുക്കിനുള്ള രംഗമൊരുക്കുന്നതു കണ്ടുനില്ക്കാൻ ബഹുരസമാണ്, വെറ്റിലയിൽ ചുണ്ണാമ്പു തേക്കാൻ തുടങ്ങുമ്പോൾ സാഹിത്യചർച്ച മുളപൊട്ടും.

വെറ്റിലയുടെ മൂക്ക് നുള്ളിയെറിഞ്ഞ് ചുണ്ണാമ്പെടുക്കാൻ തുടങ്ങുമ്പോഴാവും പി. സി. ക്ക് ആധുനിക കവിതയോട്ട് അമർഷം തോന്നുക. പിന്നെ ചുണ്ണാമ്പു വേറെ, വെറ്റില വേറെ. കാര്യം നടക്കില്ല. കാളിദാസനും ഭവഭൂതിയും ഉള്ളൂരും. വള്ളത്തോളുമൊക്കെ ശബ്ദഘോഷത്തിലൂടെ അവിടെ അവതരിക്കുകയായി. കക്കാടിനുമുണ്ട് വേദോപനിഷത്തുകൾ തൊട്ടു 'എലിയറ്റ്' വരെ പലതുമെടുത്ത് ഉദ്ധരിക്കുവാൻ. അക്കിത്തത്തിനോ കൈയിൽ കോപ്പേറെയുണ്ടെങ്കിലും സംഭാഷണത്തിൽ അത്ര താൽപര്യമില്ല.

അതിനൊരു പ്രത്യേക കാരണവുമുണ്ട്. സാഹിത്യ ചർച്ചയിൽ കക്കാടും പി. സി. യും പ്രവേശിച്ചുകഴിയുമ്പോഴേക്ക് അക്കിത്തം മുറുക്കു തുടങ്ങും. വെറ്റില മുറുക്ക് ഉപേക്ഷിച്ചിട്ടോ, അതിലമാന്തം കാട്ടീട്ടോ അക്കിത്തത്തിനു വേറൊരു കാര്യമില്ല. വായിൽ നിറയെ മുറുക്കാനുള്ളപ്പോൾ എങ്ങനെ സാഹിത്യസിദ്ധാന്തങ്ങൾ പ്രസംഗിക്കാൻ കഴിയും? ഒരിടെ, അക്കിത്തത്തിന് അവാർഡു കിട്ടിയപ്പോൾ അനുമോദിക്കാൻ വേണ്ടി സുഹൃത്തുക്കൾ ഒത്തുചേർന്ന ഒരു യോഗത്തിൽവെച്ച്, ആശംസ നടത്തുമ്പോൾ ഞാനദ്ദേഹത്തിന്റെ വെറ്റിലമുറുക്കിനെ ഒന്നു കളിയാക്കി. ഞാൻ പറഞ്ഞു: "അവാർഡ് നേടിയ എന്റെ സുഹൃത്ത് അക്കിത്തം സദാ മുറുക്കിച്ചുവപ്പിച്ചു നടക്കുന്ന ഉണ്ണിനമ്പൂരിയാണ്." കേട്ടിരിക്കുന്നവരോടൊപ്പം അക്കിത്തവും ചിരിച്ചു. ചിരിക്കുക മാത്രമല്ല, അദ്ദേഹം എനിക്കു മാപ്പു നല്കുകയും ചെയ്തു. ആ നല്ല മനോഭാവത്തിന്റെ ഉടമയായതുകൊണ്ടാണ് അക്കിത്തത്തെ ഞാൻ ഉണ്ണിനമ്പൂരിയെന്നു വിശേഷിപ്പിച്ചത്. അവസരം കിട്ടിയാൽ ഇനിയും ഞാനങ്ങനെത്തന്നെ പറയും. ഒന്നിലും അത്യാവേശം കാട്ടാത്ത, പ്രസരിപ്പശേഷമില്ലാത്ത, നിഷ്കളങ്ക മനസ്സിനുടമയായ അക്കിത്തം. ഉണ്ണിതന്നെ; മുറുക്കിച്ചുവപ്പിച്ചുനടക്കുന്ന ഉണ്ണി.

കക്കാട്ട് എല്ലാറ്റിലും കുറഞ്ഞൊരാവേശം കാണിക്കുന്ന മട്ടായിരുന്നു. ഏതു കാര്യത്തിലും മുൻകൈയെടുക്കാൻ സദാ സന്നദ്ധം. പരിപാടികൾ തയ്യാറാക്കുന്നതിലും അവതരിപ്പിക്കുന്നതിലും പ്രദർശിപ്പിക്കുന്ന ഉത്സാഹവും ബദ്ധപ്പാടും റിക്രിയേഷൻ ക്ലബ്ബിലെ കളികളിൽ ഏർപ്പെടുമ്പോഴും കക്കാടിനൊപ്പമുണ്ടാവും. നല്ലൊരു ഷട്ടിൽ കോക്ക് കളിക്കാരനായിരുന്നു കക്കാട്ട്.

ഞങ്ങൾ ഒരുമിച്ച് ഒരു സ്ഥലത്തു ചേരുമ്പോൾ എല്ലാമറിഞ്ഞും കേട്ടും മനസ്സിലാക്കിയും, എന്നാൽ ഒന്നുമറിയാത്ത മട്ടിൽ ജോലിയിൽ മുഴകിയും പിശുക്കൻ പണസ്സഞ്ചി തുറക്കും പോലെ, ഏറെ പോറുതി മുട്ടിയാൽ ചുണ്ടനക്കി ഒന്നോ രണ്ടോ വാക്കു പറഞ്ഞും സമാധിസ്ഥനായ മുനിയെപ്പോലെ ഇരിക്കുന്ന ഒരാൾ എപ്പോഴും അവിടെയുണ്ടാവും. അതു കൊടുങ്ങല്ലൂരായിരുന്നു. തനിക്കു ചുറ്റുമുയരുന്ന ശബ്ദഘോഷത്തിൽ സിദ്ധാന്തത്തിലോ പദപ്രയോഗത്തിലോ അബദ്ധം കടന്നുകൂടുമ്പോൾ, കൊടുങ്ങല്ലൂർ ചിരിക്കും, അട്ടഹസിച്ചു ചിരിക്കും. എന്തിനുള്ള ചിരിയെന്നറിയാത്തതു കൊണ്ട് അപ്പോൾ ശബ്ദഘോഷം നിലയ്ക്കും. താനല്ല ചിരിച്ചതെന്നമട്ടിൽ, താനേർപ്പെട്ട ജോലിയിൽ മുഴകിയിരിക്കുന്ന കൊടുങ്ങല്ലൂരിന്റെ മുഖത്തു നോക്കി, വികാരങ്ങൾ പെറുക്കിക്കൂട്ടി ഒരു നിഗമനത്തിലെത്താൻ ഞങ്ങൾക്കെന്നല്ല ആർക്കും സാദ്ധ്യമാവുകയില്ല. കാരണം, അവിടെ വികാരം പ്രത്യക്ഷപ്പെടുന്നത് വളരെ അപൂർവ്വം.

ഞങ്ങൾ രണ്ടുപേരും തൊട്ടുതൊട്ടിരുന്നു ജോലിചെയ്യുന്നു. അന്നു കേന്ദ്രം ഭരിക്കുന്ന ആപ്പീസർ ഒരു പട്ടാളച്ചിട്ടക്കാരനായിരുന്നു. ശുദ്ധാത്മാവാണെങ്കിലും ആളുകളെ വിരട്ടുന്ന കാര്യത്തിൽ വലിയ അമാന്തമൊന്നും കാണിച്ചിരുന്നില്ല. പെട്ടെന്നാണദ്ദേഹം മുറിയിൽ കടന്നുവന്നത്. ആൾപ്പെരുമാറ്റം കേട്ടാൽ ജോലി ചെയ്യുന്നതിനിടയ്ക്കു തലപൊക്കിനോക്കുന്ന സമ്പ്രദായം കൊടുങ്ങല്ലൂരിനില്ല. എന്റെ സ്വഭാവം

മറിച്ചാണ്. നോക്കുക മാത്രമല്ല, വേണ്ടേടത്തല്പം ഔദാര്യം കാട്ടാനും ഞാൻ മടിക്കാറില്ല. അദ്ദേഹം കടന്ന ഉടനെ കാണുന്നതു കൊട്ടുങ്ങല്ലൂരിന്റെ മേശപ്പുറത്തു ചിതറിക്കിടക്കുന്ന ഉണക്കവെറ്റിലയും ചുണ്ണാമ്പുപൊടിയും മറ്റുമാണ്. അപ്പോൾ ഉള്ളിലെ പട്ടാളക്കാരനുണർന്നു. റൈഫിളിന്റെ കാഞ്ചിയിൽ വിരൽ. പിന്നെ കൊട്ടുംബഹളം. എല്ലാം കൊട്ടുങ്ങല്ലൂരിന്റെ നേർക്ക്. ജീവിതത്തിലൊരിക്കലെങ്കിലും വെറ്റലയോ ചുണ്ണാമ്പോ കൊട്ടുങ്ങല്ലർ തൊട്ടതായറിവില്ല. ആപ്പീസർ ശ്രുണ്ടിയെടുത്തു പലതും പറഞ്ഞു. കുറച്ചു താക്കീതും വലിച്ചെറിഞ്ഞു ചവുട്ടിത്തകർത്തു കടന്നുപോയി.

ഞാൻ അമ്പരന്നിരിക്കുകയായിരുന്നു. എന്തുകൊണ്ടു താൻ മുറുക്കാറില്ലെന്ന് കൊട്ടുങ്ങല്ലൂർ പറഞ്ഞില്ല? അല്പം മുമ്പ് അക്കിത്തം മുറുക്കു വട്ടം കഴിഞ്ഞ് എഴുന്നേറ്റുപോയ സ്ഥലമാണെന്നു കൊട്ടുങ്ങല്ലൂരിനറിഞ്ഞു കൂടായിരുന്നോ? ഈ മൗനം കൊട്ടുങ്ങല്ലൂരിനെ ഒരു കുറ്റവാളിയാക്കുകയാണല്ലോ. എന്തിനുവേണ്ടി, ചെയ്യാത്ത കുറ്റം കൊട്ടുങ്ങല്ലർ ഏറ്റെടുത്തു? കൊട്ടുങ്ങല്ലൂർ അപ്പോഴും പഴയപടി നിർമ്മമനായി ഇരിക്കുകയാണ്. ഞാൻ ചോദിച്ചു:

"എന്താ കൊട്ടുങ്ങല്ലൂരേ, ഈ കാണിച്ചത്? ഏ? ഇതൊന്നും ചെയ്തതു് നിങ്ങളല്ലെന്നെങ്കിലും പറയാമായിരുന്നില്ലേ? ആരേയും കുറ്റപ്പെടുത്തേണ്ട; സമ്മതിച്ചു. പക്ഷേ, സ്വയം കുറ്റമേറ്റതെന്തിന്?"

കൊട്ടുങ്ങല്ലൂർ മിണ്ടുന്നില്ല. കേട്ട ഭാവമില്ല. ഞാൻ വീണ്ടും ചോദിച്ചു:

"നിങ്ങൾക്കിതു നിഷേധിക്കാമായിരുന്നില്ലേ?"

കൊട്ടുങ്ങല്ലർ ചിരിച്ചു. തുടരൻ ചിരി. നിമിഷങ്ങളോളം അങ്ങനെ ചിരിച്ചുകഴിഞ്ഞ് കൊട്ടുങ്ങല്ലൂർ പറയുകയാണ്:

"ആ വിദ്വാന്റെ മുഖത്തു നോക്കിയാൽ ചിരിച്ചു പോവും. ഞാൻ പ്രയാസപ്പെട്ടു ചിരി നിയന്ത്രിക്കുകയായിരുന്നു. അല്ലെങ്കിൽ അക്കിത്തത്തിനുവേണ്ടി ഈ കുറ്റം ഏറ്റെടുത്താൽ എനിക്കെന്താ കുഴപ്പം?"

അതായിരുന്നു കൊട്ടുങ്ങല്ലർ. ശബ്ദഘോഷമില്ലാതെ, വികാരപ്രകടനമില്ലാതെ, വീഴ്ചകൾ മനുഷ്യ സാധാരണമാണെന്നു മനസ്സിലാക്കി, അതിന്റെ പേരിൽ വാക്കുകൾ ചെലവഴിച്ചു സമയം പാഴാക്കുന്നതു് വങ്കത്തമാണെന്നു കരുതി, ഉറ്റ തോഴനായി മൗനത്തെ സ്വീകരിച്ച ആളായിരുന്നു കൊട്ടുങ്ങല്ലർ. അക്കിത്തത്തെയും കക്കാടിനേയും കൊട്ടുങ്ങല്ലൂരിനേയും അതുപോലെ മറ്റു പലരെയുംപറ്റി ഓർക്കാനും പറയാനും എത്രയെത്ര കാര്യങ്ങൾ!

ബാലരംഗത്തിന്റെ കാര്യമാണല്ലോ പറഞ്ഞുവന്നത്. അതിന്റെ ചുമതല ഞാനേറ്റെടുത്തു. ജീവിതത്തിന്റെ ദുഃഖഭാരമിറക്കി വെക്കുന്ന ഒരത്താണിയായിരുന്നു എനിക്കു പരിപാടി. എന്നും ഞായറാഴ്ച രാവിലെ കുട്ടികൾ വരുന്നു. അവർ എനിക്കു ചുറ്റുമിരുന്നു പാടുന്നു; ആർത്തു വിളിക്കുന്നു. സന്തോഷഭരിതരായി നൃത്തം വെയ്ക്കുന്നു. ഒരോ പരിപാടി കഴിയുമ്പോഴും കേരളത്തിന്റെ നാനാഭാഗത്തുനിന്നും കൊച്ചുകൂട്ടുകാരുടെ കത്തുകൾ വരുന്നു. കാപട്യമറിയാത്ത മനസ്സുകൾ, പെറുക്കിക്കൂട്ടുന്ന വാക്കു

കൾ. സ്നേഹത്തിന്റെ നൂലിൽ കോർത്തൊരുക്കിയ മാലകളായിരുന്നു ആ കത്തുക ളെല്ലാം. എന്തൊരിഷ്ടമാണവർക്ക്. സ്വന്തം കുടുംബത്തിലെ വാത്സല്യനിധിയായ ഒരു ചേട്ടനോടെന്നപോലെ അവർ കത്തിലൂടെ സംസാരിക്കുന്നു. അവരുടെ ദുഃഖം, ആഹ്ലാദം, അവരുടെ ആശ, അവരുടെ സ്വപ്നം അതെല്ലാം ആ കത്തുകളിലുണ്ടാവും. ചില കൂട്ടുകാർ പണ്ഡിതന്മാരായ നിരൂപകന്മാരെപ്പോലെ പരിപാടികളുടെ കുറ്റങ്ങ ളും കുറവുകളും നിരത്തിവെച്ചു കൊണ്ടാവും എഴുതുക. അങ്ങനെ എനിക്കു കണക്കി ല്ലാത്ത അനിയന്മാരും അനിയത്തിമാരുമുണ്ടായി. സ്വന്തം ജീവിതത്തിൽ അനുഭവി ക്കാൻ കഴിയാത്ത ഭാഗ്യമായിരുന്നു അത്.

അന്നു കോഴിക്കോട്ടു കേന്ദ്രത്തിന്റെ പ്രക്ഷേപണശക്തി ഒന്നേകാൽ കിലോ വാട്ടായിരുന്നു. ഒരിക്കൽ വിനോദസഞ്ചാരത്തിന്നിറങ്ങിയ രണ്ടു ജർമ്മൻകാർ കേ ന്ദ്രം സന്ദർശിക്കാൻ എത്തി. അവർ എല്ലാം നടന്നു കണ്ടു. ഒടുവിൽ ഒരു ചോ ദ്യം, ട്രാൻസ്മിറ്ററിന്റെ ശക്തിയെക്കുറിച്ച്. ഒന്നേകാൽ കിലോവാട്ടെന്നു കേട്ട് അവർ പൊട്ടിച്ചിരിച്ചു. കാരണം, ഇതുപോലുള്ള ട്രാൻസ്മിറ്ററുകൾ അവരുടെ രാജ്യത്ത് സ്കൂൾ ക്കുട്ടികൾക്കു പരീക്ഷണം നടത്തി പൊട്ടിച്ചു കളയാൻ വേണ്ടി പതിവായി കൊടുക്കു മത്രെ. ഇതു പറഞ്ഞത്, ഇത്രയും ശക്തി കുറഞ്ഞ ട്രാൻസ്മിറ്റർ ഉപയോഗിച്ചു പ്രക്ഷേ പണം ചെയ്യുന്ന പരിപാടികൾ ശ്രദ്ധിച്ചു കേൾക്കാൻ അന്നൊക്കെ നമ്മുടെ കുട്ടിക ളനുഭവിച്ച ക്ലേശം എത്രമാത്രമായിരിക്കുമെന്നു സൂചിപ്പിക്കാനാണ്. തിരുവനന്തപു രത്തു കൈതമുക്കിൽ നിന്നു എല്ലാ ആഴ്ചയും കൃത്യമായി കത്തെഴുതുന്ന നാലു കൊച്ചു കൂട്ടുകാരുണ്ടായിരുന്നു അന്ന്. തുടക്കത്തിൽ എഴുതിച്ചേർത്ത രണ്ടുപേരുകൾ മാത്ര മേ ഇന്ന് ഓർമ്മയുള്ളു. വീട്ടുപേരും മറന്നു. റാണി, ഷാജി–ഇങ്ങനെ രണ്ടു പേർ മായാതെ മനസ്സിൽ നില്ക്കുന്നു. പരിപാടികൾ വളരെ ശ്രദ്ധിച്ചു കേട്ടു, ശ്രദ്ധേയമായ അഭിപ്രായങ്ങൾ നിർദ്ദേശിച്ചുകൊണ്ടായിരുന്നു അവരുടെ കത്തുകളധികവും! കൈ തമുക്കെന്നെ സ്ഥലപ്പേര് ആദ്യമായി കേൾപ്പിച്ചതും, ആ സ്ഥലവുമായി അഭേദ്യ മായ ഒരു ബന്ധം എന്നിലുളവാക്കിയതും റാണി, ഷാജി തുടങ്ങിയ കൊച്ചുകൂട്ടുകാരാ ണ് 'നമ്മളൊന്നെന്ന്' പഠിച്ച കൂട്ടുകാരേ, നിങ്ങൾക്കെന്റെ അകം നിറഞ്ഞ നന്ദി.

— 48 —

# നാടകത്തിലൊരു പുനർജന്മം

അന്ന് ആകാശവാണിയിൽ ജോലിചെയ്യുന്ന ഞങ്ങൾക്കു സമയം പരമദുഷ്ടനായ ഒരു വില്ലനായിരുന്നു. അവൻ ഞങ്ങളെ നിരന്തരം വേട്ടയാടുന്നു. അവൻ ചുമർ ക്ലോക്കിനകത്തു കയറിയിരുന്ന് ഉടൽ മറച്ച് ഉഗ്രനാടകമാടുന്നു. അവന്റെ മുമ്പിൽ, അതിമാനുഷരെന്നു നടിക്കുന്ന, ആപ്പീസ്സർമാർപോലും വിറച്ചു വീഴുന്നു. അവൻ നീതിമാന്മാരുടെ രക്തത്തിനുവേണ്ടി സദാ കൊതിക്കുന്നു. അവനെ ഒരു നിശ്ചിത ബിന്ദുവിൽ കുരുക്കിട്ടു പിടിച്ചു വേണമല്ലോ പരിപാടി നടത്താൻ. ഇലക്ട്രോണിക് യുഗം പിറന്ന്, പരിപാടിക്കു മുൻകൂട്ടി റിക്കാർഡ് ചെയ്ത് ശുദ്ധമാക്കി, പിഴ പെറുക്കിയെറിഞ്ഞു വില്ലൻ വിളയാട്ടം കളഞ്ഞു പ്രക്ഷേപണകർമ്മം നിർവ്വഹിക്കുന്ന നല്ലനാളുകൾ വരുന്നേയുള്ളു.

അന്നൊരു ദിവസം രാത്രി എട്ടു മണിയോടു പതുക്കെ പതുക്കെ അടുക്കുന്നു. അറുപതു മിനിട്ടു ദൈർഘ്യമുള്ള ഒരു നാടകം. പകൽ മുഴുവൻ പഠിച്ചൊരുക്കി. പ്രക്ഷേപണത്തിനുവേണ്ടി അഭിനേതാക്കൾ, സ്റ്റുഡിയോവിൽ ഒത്തുകൂടിയിരിക്കുന്നു. സമയമെന്ന വില്ലനെ അറുപതു മിനുട്ടിൽ പിടിച്ചൊതുക്കി നിർത്തിയിരിക്കുന്നു. എട്ടിനു തുടങ്ങി ഒമ്പതിനു കണിശമായി അവസാനിച്ചേ പറ്റൂ. ഒൻപതിന്ന് ഇംഗ്ലീഷ് വാർത്തയാണ് ദൽഹിയിൽനിന്നു വരുന്നവൻ. അവൻ അജയ്യൻ, അനിരുദ്ധൻ. പ്രാദേശിക പരിപാടികൾ നിശ്ചിത സമയത്തിനപ്പുറം കടക്കാൻ ശ്രമിച്ചാൽ വീശിക്കളയും. അതുകൊണ്ട്, അവസാന റിഹേഴ്സലിൽ സമയം കൃത്യമായി തിട്ടപ്പെടുത്തിയാണ് സ്റ്റുഡിയോവിൽ കടന്നത്. ആകാശത്തിലേക്കുയർന്നു പറക്കാൻ ചിറകു വിരുത്തി ഒരുങ്ങി നില്ക്കുന്നതു ഒരു ചരിത്രനാടകമാണ്. ശിവജിയുടെ വീരസാഹസിക ചരിത്രമാണ്

ശബ്ദഘോഷങ്ങളിലൂടെ പുറത്തു ചാടേണ്ടത്. സംവിധാന സ്ഥാനീയനായ ആപ്പീസർ അനൗൺസ്മെന്റ് ചാനൽ തുറക്കാനുള്ള ഒരുക്കത്തോടെ ഘടികാരത്തിൽ കണ്ണുംനട്ടിരിപ്പാണ്. വില്ലന്റെ കാൽപ്പെരുമാറ്റം വ്യക്തമായി കേൾക്കുമാറ് സ്റ്റുഡിയോവിൽ നിശ്ശബ്ദത തളംകെട്ടിനില്ക്കുന്നു. ടക്ക്, ടക്ക്, ടക്ക് വില്ലൻ കേറി എട്ടു

മണിയുടെ മൂർദ്ധാവിൽ ചവിട്ടുറപ്പിച്ചു നില്ക്കുന്നു. ചാനൽ തുറക്കുന്നു; അനൗൺസ്മെന്റ് വരുന്നു. നാടകം തുടങ്ങുന്നു.

സംഘട്ടനങ്ങൾ ധാരാളമുള്ള നാടകമാണ്. വെട്ടും തടവും, വിറളി പിടിച്ച കുതിരകളുടെ ആരവം, ആർത്തിരമ്പുന്ന സൈനികരുടെ ആക്രോശം. പാകപ്പിഴയില്ലാതെ നാടകം പുരോഗമിക്കുന്നു. ആപ്പീസർ വില്ലനെ നോക്കുന്നു. പ്രക്ഷേപണത്തിനുള്ള സ്ക്രിപ്റ്റ് നോക്കുന്നു. നോട്ടം മാറിമാറി സഞ്ചരിക്കുമ്പോൾ അപായകരമായ ഒരു ആശങ്ക ആപ്പീസറെ പിടികൂടുന്നു. ഇവൻ അറുപതു മിനുട്ടിൽ ഒതുങ്ങില്ല. നാടകം അപൂർണ്ണമായവസാനിച്ചാൽ മാനക്കേടാണ്. വല്ലതുമൊരുപായം തേടണം. അപ്പോൾ മനോധർമ്മമുദിക്കുന്നു. ശബ്ദമില്ലാതെ ചാടിയെഴുന്നേറ്റ് അദ്ദേഹം അഭിനേതാക്കളെ സമീപിക്കുന്നു. സ്ക്രിപ്റ്റിൽ അവശേഷിച്ചുകിടക്കുന്ന രംഗങ്ങളിൽ നിന്ന് ഒരെണ്ണം കൈവശപ്പെടുത്തുന്നു. അത് ആകാശത്തിലേക്കു വിടേണ്ടെന്നു കൈമുദ്രകളിലൂടെ നിർദ്ദേശം കൊടുക്കുന്നു. തിരിച്ചു ചെന്നു വില്ലനെ നോക്കിക്കൊണ്ടു വീണ്ടും ഇരിക്കുന്നു. അങ്ങനെ ഇരിക്കുമ്പോൾ നാടകം ഭരതവാക്യത്തോടടുക്കുന്നു. സമയം പിന്നെയും ഒരു എട്ടു മിനിട്ടു അവശേഷിക്കുന്നതായി ഘടികാരം സൂചിപ്പിക്കുന്നു. ആശങ്ക പതിന്മടങ്ങു ശക്തിയോടെ തിരിച്ചു വരുന്നു. വയ്യ. ഇതൊരിക്കലും വയ്യ. അദ്ദേഹം പിന്നെയും എഴുന്നേല്ക്കുന്നു. ധർമ്മസങ്കടത്തിൽപ്പെട്ടുഴലുന്നു. അപ്പോൾ വീണ്ടും പഴയ മനോധർമ്മം രക്ഷയ്ക്കെത്തുന്നു. ഒഴിവാക്കിവെച്ച രംഗം കൊണ്ടുചെന്നു കൊടുത്ത് അതും കൂടി ആകാശത്തിലേക്കു വിടാൻ നിർദ്ദേശമുദ്ര കാണിക്കുന്നു. സംഗതി നിർദ്ദേശപ്പടി നടക്കുന്നു. നാടകം ഒമ്പതുമണിക്ക് അവസാനിക്കുന്നു. ശുഭം.

ആപ്പീസർക്ക് ആനന്ദം. അഭിനേതാക്കൾക്കഭിമാനം. വിജയഭേരിയോടെ എല്ലാവരും പുറത്തു കടക്കുന്നു. അപ്പാൾ പരിപാടികൾ കേട്ട് അപ്പപ്പോൾ അഭിപ്രായം കുറിക്കാൻ ചെവികൂർപ്പിച്ചിരിക്കുന്ന ആപ്പീസർ ഒരു ചോദ്യം:

“നാടകത്തിൽ പുനർജന്മമുണ്ടോ?”

ആർക്കും ഒന്നും മനസ്സിലായില്ല. ഡ്യൂട്ടി ആപ്പീസർ വിശദീകരിക്കുന്നു:

“മരിച്ചു പോയൊരു കഥാപാത്രം അവസാനരംഗത്തു വന്നു വളരെ ഭംഗിയായി അഭിനയിച്ചിരിക്കുന്നു.”

ശരിയാണ്. ബദ്ധപ്പാടിൽ ആരും ശ്രദ്ധിച്ചില്ലെന്നേയുള്ളൂ. സമയ ഭീതിയിൽ മാറ്റിവെച്ച രംഗത്തുള്ള ഒരു കഥാപാത്രം—ശിവജിയുടെ പിതാവായിരുന്നോ? ശരിക്കോർമ്മയില്ല, ആരുമാവട്ടെ—മരണമടയുന്നു. അങ്ങനെ മരണമടഞ്ഞ കഥാപാത്രമാണ് വില്ലന്റെ വിക്രിയമൂലം അവസാന ഭാഗത്തു പ്രത്യക്ഷപ്പെട്ടതും ആപ്പീസർക്ക് ആപത്തു വരുത്തിയതും.

പിറ്റേന്നു ആപ്പീസിലാകെ പിറുപിറുപ്പും അടക്കിപ്പിടിച്ച ചിരിയും. രക്ഷയില്ല. നാടകകൃത്തിൽ നിന്ന് ആക്ഷേപമില്ലാതെ കഴിക്കണം. അല്ലെങ്കിൽ രക്ഷയില്ല. സ്റ്റേഷൻ ഡയറക്ടരുടെ നിർദ്ദേശം അതായിരുന്നു. ആരായിരുന്നു നാടകകൃത്ത്? അനുഗൃഹീത കവിയും ടാഗോർ കൃതികളുടെ ആദ്യ പരിഭാഷയുടെയും നിരവധി വിശിഷ്ടഗ്രന്ഥങ്ങളുടെയും കർത്താവുമായ ശ്രീ വി. ഉണ്ണിക്കൃഷ്ണൻ നായർ!

അദ്ദേഹത്തെപ്പറ്റി ഓർക്കുമ്പോഴൊക്കെ മഹാകവി വള്ളത്തോൾ മറ്റൊരു മഹാനായ വ്യക്തിയെ പ്രകീർത്തിച്ച വരികളാണന്റെ ഓർമ്മയിലെത്തുക. മാതൃഭൂമിയുടെ സ്ഥാപകനായിരുന്ന ശ്രീ. കെ. മാധവൻ നായരുടെ അകാലചരമത്തിൽ; മഹാകവി, അകംനൊന്ത് എഴുതിയ സന്ദേശത്തിൽ ഇങ്ങനെയൊരു ഭാഗമുണ്ട്.

കറുത്തു കുറുതായ വപുസ്സ്,
വെളുത്തു നെടുതായ മനസ്സ്.

ഇവിടെ ശ്രീ ഉണ്ണിക്കൃഷ്ണൻ നായരെ സംബന്ധിച്ചാവുമ്പോൾ അതിലൊരു ചെറിയ മാറ്റമേ വേണ്ടൂ വെളുത്തു നെടുതായ വപുസ്സ് എന്നു മാത്രം. ആരോടും കയർക്കാനറിയാത്ത മനുഷ്യൻ. സൗമ്യമായ പെരുമാറ്റം. സദാ ശാന്തത കളിയാടുന്ന മുഖം. വസ്ത്രം പോലെ വെണ്മയേറിയ ചിരി; ചിരിപോലെ വെണ്മയേറിയ വസ്ത്രം. അദ്ദേഹത്തെ സംബന്ധിക്കുന്നതെന്തും വെണ്മയായിരുന്നു. അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ദുഃഖത്തിന്റേയോ നിരാശയുടേയോ കരിനിഴലുണ്ടാവില്ല. എപ്പോഴും ആശയുടെ സൗമ്യപ്രകാശം പ്രസരിച്ചുകൊണ്ടിരിക്കും. നാടകകൃത്ത് അദ്ദേഹമായത് എന്റെ ആപ്പീസറുടെ ഭാഗ്യം. എങ്ങും ആരുമറിയാതെ, ആപ്പീസിന്റെ നാലുചുമരുകൾക്കകത്ത് ആ സംഭവം ആറിത്തണുത്തില്ലാതായെന്നു പറഞ്ഞാൽ മതിയല്ലോ.

ഇത് ആപ്പീസർമാർക്കു മാത്രം സംഭവിക്കാറുള്ള കാര്യങ്ങളായി ആരും തെറ്റിദ്ധരിച്ചുകളയരുത്. ഞങ്ങളും ഇതുപോലുള്ള പല പല വങ്കത്തങ്ങൾ കാട്ടിയവരാണ് എന്തുകൊണ്ട് അത്തരമൊന്നു വിശദീകരിക്കുന്നില്ലെന്നു ചോദിച്ചാൽ ഉത്തരം വളരെ ലളിതം. കുഞ്ചൻ നമ്പ്യാർ പണ്ട് പറഞ്ഞുവെച്ചിട്ടുണ്ട്,

നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലന്റെ ലലാടം തന്നിൽ
ചേറുപുരണ്ടതു കണ്ടാലതു വില-
പേറില്ലാത്തൊരു കസ്തൂരിക്കുറി

എന്നു പ്രശംസിക്കുന്ന നാട്ടിൽ എന്നെപ്പോലൊരു സാധാരണക്കാരന്റെ വങ്കത്തം കേട്ടിട്ടാർക്കെന്തു പ്രയോജനം?

ലൈൻ മുറിയിലെ വാസം ക്രമേണ രസകരമായി ഭവിക്കുന്നു. ഒന്നാംമുറിയിൽ 'താടിയമ്മാവ'നെന്ന പവനൻ. പവനനെ കാണാൻ രാഷ്ട്രീയക്കാരും പത്രപ്രവർത്തകരും ഇടതടവില്ലാതെ വന്നുകൊണ്ടിരിക്കും. മഹാകവി കുട്ടമത്തിന്റെ അടുത്ത ബന്ധുക്കളായതുകൊണ്ട് സാഹിത്യകാരന്മാരും ആസ്വാദകരും അവിടെയെത്തുന്നു. അവരിൽ പലരേയും പരിചയപ്പെടാനും അവരുമായി സൗഹൃദബന്ധം പുലർത്താനും എനിക്കവസരം സിദ്ധിച്ചു. എന്റെ വാസസ്ഥലമായ മൂന്നാംമുറിയിൽ. ഒരു നിത്യ സന്ദർശകനുണ്ടായിരുന്നു, അന്ന്–സി. ജി. പുതിയറയെന്നു ഞങ്ങളൊക്കെ വിളിക്കുന്ന—സി. ഗോപാലകൃഷ്ണൻ, തപാൽ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ. സി.

ജി. യുടെ പേരിവിടെ പ്രത്യേകമെടുത്തു പായാനൊരു കാരണമുണ്ട്; അന്നദ്ദേഹ മൊരു യുവകവിയായിരുന്നു. നല്ല കവിതകളെഴുതിയിരുന്നു. നല്ല ഗാനങ്ങളും. രാജാ തിയേറ്ററിനു വേണ്ടി ഞാനെഴുതിക്കൊടുത്ത ഒരു നാടകത്തിൽ സി. ജി. യുടെ വക ഏതാനും നല്ല ഗാനങ്ങളുണ്ടായിരുന്നു. നമ്മളിന്നു കേൾക്കുന്ന ചില ഗാനങ്ങളെപ്പോലെ അർത്ഥമില്ലാത്ത വാക്കുകൾ കോർത്തിണക്കിയെടുത്തവയായിരുന്നില്ലാ സി. ജി. യുടേത്. നല്ല കവിയും ഗാനരചയിതാവുമെന്നതിനു പുറമേ നാടകം, സിനിമ തുടങ്ങിയ കലാസൃഷ്ടികളെ ഗൗരവബുദ്ധിയോടെ സമീപിച്ചു നിരൂപണം ചെയ്യാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. എല്ലാ കഴിവുകളും വഴിക്കെവിടെയോ ചുമടിറക്കി, അദ്ദേഹം മുമ്പോട്ടു പോയി. തുടർന്നൊന്നും കേൾക്കാതായി. നമ്മുടെ വെള്ളക്കോളറുകാരായ ബുദ്ധിജീവികളിൽ പതിവായി കണ്ടുവരുന്ന ദുരന്തം.

മറ്റൊരു സഹൃദയ സുഹൃത്ത് വി. ആർ. പണിക്കരായിരുന്നു. അന്നദ്ദേഹം കോഴിക്കോട്ടെ ഒരു പ്രസിദ്ധീകരണശാലയിൽ ജോലി ചെയ്തിരുന്നു. എന്നെ എങ്ങനെയോ അദ്ദേഹം ഇഷ്ടപ്പെട്ടു. അദ്ഭുതമെന്നു പറയട്ടെ, പലർക്കും കഴിയാത്തൊരു കാര്യം. ഇഷ്ടപ്പെടുക മാത്രമല്ല, എന്റെ ബുദ്ധിമുട്ടിലും കഷ്ടപ്പാടിലും പങ്കാളിയാവാൻ തീരുമാനിച്ചു കൊണ്ട് അദ്ദേഹം എന്നോടൊപ്പം വന്നു താമസിച്ചു. പണിക്കർ കവിയായിരുന്നു. നോവലിസ്റ്റായിരുന്നു. നല്ല ആസ്വാദകനുമായിരുന്നു. ആധുനിക കവികളുടെ ഒട്ടുമുക്കാലും സൃഷ്ടികൾ അദ്ദേഹത്തിനു മനഃപാഠമായിരുന്നു. അദ്ദേഹം വൈലോപ്പിള്ളി തുടങ്ങി പലരുടേയും ആരാധകനായിരുന്നു. ഇന്ന് അദ്ദേഹം കവിതയെഴുതുന്നുണ്ടോ? നോവലെഴുതുന്നുണ്ടോ? അതോ പട്ടാമ്പിയിലുള്ള തന്റെ വീട്ടിൽ എണ്ണതേച്ചു കുളിച്ച്, സുഖമായുണ്ട്, അല്പം പകലുറങ്ങി ഒരു കൊച്ചുജന്മിയെപ്പോലെ കഴിയുകയാണോ? എന്തോ, ഒന്നും അറിഞ്ഞുകൂടാ. അറിയണമെന്ന് എന്നും ആഗ്രഹിക്കും. കഴിയാറില്ല. അങ്ങനെയാണെല്ലാവർക്കും ജീവിതം.

ഒന്നാം മുറിയിൽ, പവനനോടൊപ്പം താമസിക്കുന്ന മേക്കുന്നത്ത് കമ്മാരൻ നായർ, ലൈൻമുറിയിലെ സാഹിത്യസദസ്സിലെ ഒരു പ്രമുഖാംഗമായിരുന്നു. അദ്ദേഹം കവിയാണ്, നിരൂപകനാണ്, പണ്ഡിതനാണ് എന്നു ഞാനെഴുതിപ്പിടിപ്പിക്കേണ്ട ആവശ്യമൊന്നുമില്ല. ആ മണ്ഡലങ്ങളിലൊക്കെ അറിയപ്പെട്ടുപോരുന്ന ഒരു വ്യക്തിയാണദ്ദേഹം. അദ്ദേഹത്തെപ്പോലെ മിക്കവാറും ഒന്നാംമുറിയിൽ കണ്ടുവരുന്ന ഒരാളായിരുന്നു മേക്കുന്നത്ത് കുഞ്ഞികൃഷ്ണൻനായർ. കമ്മാരൻ നായരുടെ ജേഷ്ഠൻ. എനിക്കും അദ്ദേഹം ജേഷ്ഠനായിരുന്നു. ഒതുങ്ങിയ മട്ട്. ബഹളവും ബദ്ധപ്പാടുമില്ലാത്ത ജീവിതരീതി. കഥകളി, അനുഷ്ഠാന കലകൾ തുടങ്ങിയവയിൽ അതീവ പാണ്ഡിത്യം. നല്ല കവി, ഗദ്യകാരൻ—ഈ നിലയിലെല്ലാം പണ്ട് പേരു കേട്ടു പരിചയിച്ച അദ്ദേഹത്തെ കാണാനും അടുത്തു ബന്ധപ്പെടാനും ഇടയായത് ഒന്നാംമുറിയിൽ വെച്ചാണ്. പി. കെ. ബ്രദേഴ്സിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട്ടു നിന്നാരംഭിച്ച 'ഉദയം' മാസികയുടെ പത്രാധിപരായിരുന്നു അദ്ദേഹം. എന്റെ ആദ്യത്തെ ഹാസ്യകവിതാ സമാഹാരം പുസ്തകരൂപത്തിൽ പ്രകാശനം ചെയ്യുന്നതിൽ

മേക്കുന്നത്ത്  കുഞ്ഞികൃഷ്ണൻ നായരുടെ സന്മനസ്സും സഹായവും വലിയൊരു പങ്കു വഹിച്ചിട്ടുണ്ടെന്ന കാര്യം ഇവിടെ കൃതജ്ഞതയോടെ സ്മരിക്കട്ടെ.

— 49 —

# എല്ലാം വെളുപ്പിക്കുന്ന സോപ്പ്

രൈരപ്പൻ!

അലക്കുകാരൻ രൈരപ്പൻ. തൊട്ടതെന്തും അഴുക്കു കളഞ്ഞു ശുവെള്ളയാക്കുന്ന രൈരപ്പൻ. വൈകിയാണെങ്കിലും നിന്റെ ഓർമ്മയുമായി ഓടിയെത്തിയ ഈ പ്രഭാതത്തിനു നന്ദി. നിന്നെ ഞാൻ മറന്നെങ്കിൽ എനിക്കു മാപ്പില്ല. നിന്റെ ഓർമ്മയിലൂടെ എനിക്കു പുനർജ്ജന്മം കൈ വന്നിരിക്കുന്നു; എനിക്കും നിനക്കും ജന്മം നല്കിയ നമ്മുടെ കൊച്ചുഗ്രാമത്തിൽ.

അമ്പലച്ചിറയുടെ ഒഴുക്കിന്മുഖം. അവിടെ വസ്ത്രം അലക്കുന്ന കൈത്തോടിലേക്കു ശബ്ദഘോഷത്തോടെ ചാടിവീഴുന്ന വെള്ളം. വെള്ളച്ചാട്ടത്തിന്റെ ശ്രുതിക്കൊത്തു നൈഷധത്തിലെയും രുഗ്മാംഗദചരിതത്തിലെയും പാട്ടുകൾ മധുരമായി പാടുന്ന രൈരപ്പൻ. സംഗീതത്തിൽ നിന്റെ ആദ്യഗുരു വെള്ളച്ചാട്ടമായിരുന്നു. പാടിപ്പാടി നീയൊരു കലാകാരനാവുന്നു. എല്ലാ രാത്രികളിലും നീ നാടകസംഘമുള്ളേടത്ത് ഓടിയെത്തുന്നു. പകൽ വിശ്രമമില്ലാത്ത അദ്ധ്വാനം. രാത്രി കലാസപര്യ. നാടകയോഗങ്ങളിലെ ആശാന്മാർക്കു നീ പ്രിയങ്കരനായിരുന്നു. അവർക്കു വേണ്ടി ഏതു ജോലി ചെയ്യാനും നീ തയ്യാറായിരുന്നു. അങ്ങനെ അഴുക്കുവസ്ത്രങ്ങളും മനുഷ്യമനസ്സും വെളുപ്പിക്കുന്ന ജോലിയിലൂടെ നീ വളർന്നു. ഉത്സാഹത്തിന്റെയും ആഹ്ലാദത്തിമിർപ്പിന്റെയും കാലമായിരുന്നു അത്. അവിടെയുമിവിടെയും കൊച്ചുകൊച്ചു നാടകസംഘങ്ങൾ. സംഗീതസാന്ദ്രമായ നിമിഷങ്ങൾ കൊണ്ട് അനുഗ്രഹം ചൊരിഞ്ഞുനിന്ന രാവുകൾ. നമ്മുടെ ഗ്രാമം ദരിദ്രമാണെങ്കിലും ഗ്രാമീണരായ നമ്മുടെ മനസ്സ് വളരെ വളരെ സമ്പന്നമായിരുന്നു.

എല്ലാം ഒരു സ്വപ്നം പോലെ പൊലിഞ്ഞു പോയി. ഇല്ലേ രൈരപ്പാ? ഏതോ ഇന്ദ്രജാലവടിയുടെ ചലനം നമ്മുടെ സൗഭാഗ്യമത്രയും ഇല്ലാതാക്കി. നമ്മൾ പല വഴി പിരിഞ്ഞു. കാലത്തിൻ ഇടിവാളേറ്റ് വസന്താരംഭത്തിൽ കരിഞ്ഞു പോയി. എന്റെ പാതി ജീവൻ പൊഴിഞ്ഞു വീണ മണ്ണിൽ നിന്നും ഞാനും ഓടിപ്പോന്നു. നിത്യദുഃഖത്തിന്റെ നഗരപ്രാന്തത്തിലൊരു കൂടൊരുക്കി പുലരാൻ. അങ്ങനെ നല്ലതു മുഴുവ

നുമുപേക്ഷിച്ച്, നഗരത്തിന്റെ നഞ്ഞു കുടിച്ച പുലരുന്ന ഞാൻ ചില അവധിദിവസങ്ങളിൽ, ദാഹാർത്തൻ കുടിവെള്ളത്തിനെന്നപോലെ, നമ്മുടെ ഗ്രാമത്തിൽ ഓടിയെത്തുന്നു. ചിരപരിചയത്തിന്റെ കാൽപ്പാടുകൾ നോക്കിനോക്കി നെടുവീർപ്പിട്ട നടക്കുന്നു. ഓർമ്മയില്ലേ രൈരപ്പാ? അന്നൊരു ദിവസം അമ്പലച്ചിറയുടെ അതിരിലൂടെ ഞാൻ നടന്നുവരുന്നു. നീ കൈത്തോടിലെ അലക്കു കല്ലിൽ അഴുക്കുവസ്ത്രങ്ങൾ ആഞ്ഞാഞ്ഞടിക്കുന്നു. നിന്നെ കണ്ട സന്തോഷത്തോടെ ഞാൻ ചോദിക്കുന്നു:

"സുഖം തന്നെയല്ലേ, രൈരപ്പാ?"

വെള്ളച്ചാട്ടത്തിന്റെ ശബ്ദത്തിൽ എന്റെ ചോദ്യം മുങ്ങിപ്പോയതുകൊണ്ടാവണം ആകെ നനഞ്ഞു കുതിർന്ന നീ ചിരിച്ചുകൊണ്ട് തോട്ടിൽനിന്നു കയറിവരുന്നു.

"സുഖം തന്നെ; പരമസുഖം."

ആ മറുപടി ഞാൻ പ്രതീക്ഷിച്ചതല്ല. കലാപരമായ പ്രവർത്തനങ്ങൾ പാടെ നശിച്ചുപോയ ഗ്രാമത്തിലെ ജീവിതം രൈരപ്പനെ സംബന്ധിച്ച് ഒട്ടും സുഖകരമാവില്ലെന്നെനിക്കറിയാമായിരുന്നു. എന്നിട്ടും പരമസുഖമെന്നു പറയുന്നു. ഞാൻ അന്വേഷണം മറ്റൊരു വഴിക്കു തിരിച്ചു:

"ഇപ്പോൾ നാടകസംഘമൊന്നുമില്ലല്ലോ. എങ്ങനെ സമയം കളയുന്നു?"

"ഉണ്ട്."—രൈരപ്പന്റെ മറുപടി. "ചെറുതായൊരു സംഘം ഞാൻ തുടങ്ങീട്ടുണ്ട്."

"ഉവ്വോ"

എനിക്ക് ഉത്സാഹമായി. രൈരപ്പൻ സ്വന്തമായി ഒരു നാടക സംഘം ഉണ്ടാക്കിയിരിക്കുന്നു. നല്ലത്. പഴയ പ്രസ്ഥാനങ്ങൾ എരിഞ്ഞടങ്ങിയ ചാരത്തിൽ നിന്ന് ഒരു തീപ്പൊരി തപ്പി എടുത്തു ഊതിപ്പെരുപ്പിക്കാൻ പിൻതലമുറയിൽ ഒരാളുണ്ടായല്ലോ. ഭാഗ്യം. രൈരപ്പനെ അനുമോദിച്ചുകൊണ്ടു ഞാൻ ചോദിച്ചു:

"ഏതാം നാടകം?"

"സ്യമന്തകം തന്നെ."

"ആശാൻ?"

"ആശാനില്ല."

"പിന്നെ?"

"സെൽഫ് ഷേവിങ്."

രൈരപ്പന്റെ മറുപടി കേട്ടു ഞാനല്പനിമിഷങ്ങളോളം അന്തംവിട്ടു നിന്നു. സ്വാശ്രയശീലത്തിനാവണം അവനൊരു പുതിയ വാക്കു കണ്ടെത്തിയിരിക്കുന്നു— 'സെൽഫ്, ഷേവിങ്'. ഇന്നു രൈരപ്പൻ ജീവിച്ചിരിപ്പുണ്ടോ എന്നറിഞ്ഞു കൂടാ. ഉണ്ടെങ്കിൽ എന്തു ചെയ്യുന്നു എന്നും അറിഞ്ഞു കൂടാ. എതായാലും രൈരപ്പൻ ഒരു ക്രാന്തദർശിയാണ്; സംശയമില്ല. അടുത്തു കഴിഞ്ഞ ഏതാനും കാലംവരെ മലയാള നാടകവേദി രൈരപ്പന്റെ ഭാഷയിൽ പറഞ്ഞാൽ 'സെൽഫ് ഷേവി'ങ്ങിന്റെ പിടിയിലായിരുന്നല്ലോ; പ്രതിഭാശാലിയായ ഒരു സംവിധായകന്റെ അഭാവത്തിൽ.

ഞാൻ എന്റെ ലൈൻമുറിയിലിരുന്ന് ആകാശവാണിക്കു വേണ്ടി കടലാസിൽ, കുത്തിക്കുറിക്കുകയും വിത്തെറിയുകയും ചെയ്യുന്ന തിരക്കിലാണ്, മുന്നറിയിപ്പില്ലാതെ രൈരപ്പൻ മനസ്സിലേക്കു കടന്നുവന്നത്. കൊള്ളാവുന്ന കഥാപാത്രമായതുകൊണ്ട് അവന്റെ സ്മരണ ഇവിടെ കുറിച്ചെന്നേയുള്ളൂ.

ലൈൻമുറിയിലെ വാസം അല്പം കൊള്ളാവുന്നതാണെന്നു നേരത്തെ പറഞ്ഞുവെച്ചല്ലോ. പവനനെ തേടി വരുന്നവർ പലരും എന്റെ പരിചയക്കാരാവുന്നു. സത്യം പറഞ്ഞാൽ എനിക്കന്നു പവനനോട്, അനല്പമായ അസൂയയുണ്ടായി. എല്ലാവരും തേടിവരുന്നതു പവനനെ. എന്നെ ആർക്കും വേണ്ട; ആരും അറിയുകയുമില്ല. അങ്ങനെയിരിക്കുമ്പോൾ ഒരുദിവസം പ്രഭാതത്തിൽ പവനന്റെ വീട്ടുവരാന്തയിൽ മൂന്നുപേർ മൂടിപ്പുതച്ചുറങ്ങുന്നു. ഒരാൾ പവനനാണെന്ന കാര്യത്തിൽ സംശയമില്ല. പുതപ്പിനുള്ളിലെ മറ്റു രണ്ടുപേർ ആരായിരിക്കും? ഉണരട്ടെ. അന്വേഷിച്ചറിയാം. ബദ്ധപ്പെടേണ്ട ആവശ്യമില്ലല്ലോ. അന്വേഷണം പല്ലുതേപ്പും കുളിയുമൊക്കെ കഴിഞ്ഞിട്ടാവാമെന്നു വെച്ചു. പ്രഭാത കൃത്യങ്ങൾ കഴിഞ്ഞു തിരിച്ചെത്തിയപ്പോൾ വരാന്തയിൽ രണ്ടു ചെറുപ്പക്കാർ ഇരിക്കുന്നു. പവനനില്ല. അപരിചിതരുടെ മുമ്പിൽ ഞാനല്പം പരുങ്ങി ഇത്തിരി കഴിഞ്ഞു പവനൻ അകത്തുനിന്നു കടന്നുവന്നു. അപ്പോഴും പതിവു ബദ്ധപ്പാടുണ്ട്. വീട്ടിനകത്തുനിന്നു കടന്നുവരികയാണെന്നു തോന്നില്ല. ഇതാ വഴിയിലൂടെ അടിയന്തരകാര്യത്തിനു തിരക്കിട്ടു പോകുമ്പോൾ കണ്ടുമുട്ടിയ പോലെ. പവനൻ എപ്പോഴും അങ്ങനെയാണ് മുഖവുരയില്ലാതെ പവനൻ പരിചയപ്പെടുത്തലിന്നു മുതിർന്നു.

"ഇത് എം. ജി. എസ്. നാരായണൻ. പിന്നെ, ഇദ്ദേഹമുണ്ടല്ലോ എം. ഗംഗാധരൻ, എം. ജി. എസ്സിന്റെ അമ്മാവനാണ്."

എന്നെ കളിയാക്കുകയാണെന്നെനിക്കു തോന്നി. കാരണം, കണ്ടാൽ അമ്മാവൻ എം. ജി. എസ്. ആണെന്നു തോന്നും. പവനന്റെ വാക്കു വിശ്വസിച്ചാലും ഇല്ലെങ്കിലും രണ്ടുപേരെയും ഞാനന്നു പരിചയപ്പെട്ടു; അവർ എന്നെയും. പിൽക്കാലത്തു വളർന്നു വികസിച്ച സൗഹൃദത്തിന്റെ മുന്നോടിയായിരുന്നു ആ കൂടിക്കാഴ്ചയെന്നോർക്കുമ്പോൾ ഇന്ന് അതിയായ ആഹ്ലാദമുണ്ട്. രണ്ടാളും ഇന്നു ഡോക്ടർമാരാണ്. ചികിത്സിക്കാൻ ലൈസൻസെടുത്ത ഡോക്ടർമാരല്ലാത്തതുകൊണ്ട് ഇന്നും ധൈര്യമായവരെ സമീപിക്കാനെനിക്ക് കഴിയുന്നു.

മറ്റൊരുദിവസം. നേരം ഉച്ചയോടടുക്കുന്നു. ഞാനെന്റെ ഏക ചാരുകസേരയിൽ മലർന്നുകിടന്നു മനോരാജ്യം വിചാരിക്കുകയാണ്. അപ്പോൾ ഒരാൾ കയറിവരുന്നു. എന്റെ വീടിനു നേർക്കാണ്. പവനനെ അന്വേഷിച്ചു വരുന്ന ആളായിരിക്കും. ഒന്നാം മുറി കാണിച്ചു കൊടുക്കാമെന്നു വിചാരിച്ചു ഞാനെഴുന്നേറ്റു. അദ്ദേഹം നേരെ എന്റെ വരാന്തയിലേക്കു കയറി. ഞാൻ ഇരിക്കാൻ ക്ഷണിച്ചു. അദ്ദേഹം ഇരുന്നു. ഞാൻ നിന്നു. അല്ലാതെ വഴിയില്ല, ഏക ചാരുകസേരയാണ്. നിലത്തിരിക്കാൻ വയ്യാത്തതുകൊണ്ടാണ് നിന്നത്. ആരായിരിക്കും? എന്തിനു വന്നതായിരിക്കും? അതിഥി ആരായാലും എന്തിനു വന്നെന്നു ചോദിക്കുന്നത് മര്യാദ കേടല്ലേ!

എന്താണാരു പോംവഴി. വിവരം തിരക്കാനെന്നാലോചിച്ച ഞാൻ പരുങ്ങുമ്പോൾ അദ്ദേഹം പറയുന്നു:

"ഞാൻ മലയാറ്റൂർ രാമകൃഷ്ണനാണ്."

ആളെ കേട്ടിട്ടുണ്ട്. ഞാൻ തൊഴുതു. അദ്ദേഹം തുടരുന്നു:

"വിശ്വരൂപം എന്നൊരു മാസിക ആരംഭിച്ചിരിക്കുന്നു. നിങ്ങളൊക്കെ വല്ലതും എഴുതണം."

ശിവ ശിവ! ഞാൻ എനിക്കുവേണ്ടിയും അദ്ദേഹത്തിനുവേണ്ടിയും മനസ്സിൽ ജപിച്ചു. എന്റെ എഴുത്തെന്ന അവസ്ഥ ആകാശവാണിയിലേക്കു ചുരുണ്ടുകൂടിക്കഴിഞ്ഞിരിക്കുന്നു. പുറത്ത് ഇലവെച്ചു വിളമ്പുന്ന സമ്പ്രദായം മറന്നുപോയിരിക്കുന്നു. അകത്തു വിഭവങ്ങളും കുറവാണ്. എന്തു പറഞ്ഞാണ് അദ്ദേഹത്തെ സന്തോഷിപ്പിക്കേണ്ടതെന്നറിയാതെ ഞാൻ കുഴങ്ങി. ഒടുവിൽ ഒരുപായത്തിൽ ചെന്നെത്തി:

"ഇയ്യിടെ ഒന്നും എഴുതാറില്ല. അടുത്തു സൗകര്യത്തിൽ വല്ലതും എഴുതി അയച്ചുകൊള്ളാം."

ആദ്യമായി കാണുന്ന എന്നെ അവിശ്വസിക്കേണ്ട കാര്യമില്ലാത്തതുകൊണ്ടാവണം എന്റെ വാക്കുകൾ മുഖവിലയ്ക്കെടുത്ത് അദ്ദേഹം യാത്രപറഞ്ഞു പടിയിറങ്ങി. പടിക്കലോളം പിന്തുടർന്നു നടന്നു പിരിയുമ്പോൾ ഒരിക്കൽക്കൂടി ഞാൻ കൈകൂപ്പി. ഞാനെഴുതിയോ? ഇല്ല. അദ്ദേഹത്തിനെന്നല്ല ആർക്കും ഞാനൊന്നും അക്കാലത്തെഴുതിയില്ല. ഇതുപോലെ വേറെയും ചിലരെന്നെ സമീപിച്ചിട്ടുണ്ട്, ഹാസ്യലേഖനത്തിനും കവിതയ്ക്കും വേണ്ടി. എന്റെ മനസ്സിൽ ഹാസ്യം മാത്രമല്ല കവിതയും ചത്തു മരവിച്ചു പോയ ഒരു കാലമായിരുന്നു അത്. അവർക്കൊക്കെ എന്റെ പേരിൽ മനംമടുപ്പു തോന്നിയിട്ടുണ്ടാവണം.

മലയാറ്റൂർ എന്റെ വീട്ടിൽ വന്നതും എന്നെ കണ്ടതും ചിലരോടൊക്കെ ഞാനന്നു പറഞ്ഞതായോർക്കുന്നു. പക്ഷേ, പിന്നീട് അദ്ദേഹത്തെ കാണാനവസരമുണ്ടായപ്പോൾ പലവട്ടം ഇതു ചോദിക്കണമെന്നു വിചാരിച്ചതാണ് എങ്കിലും ധൈര്യമുണ്ടായില്ല. കാരണം ഒരബദ്ധമെനിക്കു പറ്റീട്ടുണ്ട്; വലിയൊരബദ്ധം. ഇടപ്പള്ളി കവികളുടെ കൃതികളേതും അത്യാർത്തിയോടെ വായിക്കുകയും പഠിക്കുകയും സന്ദർഭം കിട്ടുന്നേടത്തുവച്ചു മറ്റുള്ളവരെ ചൊല്ലിക്കേൾപ്പിക്കുകയും ചെയ്യുന്ന കാലമായിരുന്നു അത്. അത്രയ്ക്കു ഭ്രമം.

അക്കാലത്തൊരിക്കൽ ഇടപ്പള്ളി രാഘവൻപിള്ള കൊയിലാണ്ടിയിൽ വരുന്നു. എന്റെ സുഹൃത്തുക്കളായ അദ്ധ്യാപകരിൽ ചിലരുടെ ആതിഥ്യം സ്വീകരിച്ചുകൊണ്ടു താമസിക്കുന്നു. നല്ല ചെറുപ്പക്കാരൻ. സംഗീതാത്മകമായി കവിത ചൊല്ലും. ഇടപ്പള്ളി രാഘവൻ പിള്ളയുടെ കവിത രാഘവൻപിള്ള തന്നെ ചൊല്ലിക്കേൾക്കുന്നതിലുള്ള സുഖമൊന്നാലോചിച്ചുനോക്കൂ. സായൂജ്യമെന്നല്ലാതെ മറ്റെന്തു പറയാൻ? പ്രതിഭാശാലിയുടെ നോട്ടം, ഭാവം, ചലനം. കവിയുടെ അർദ്ധനിമീലിത

നേത്രം. ചിലപ്പോൾ മൗനം. മൗനത്തിനു പിറകെ വാചാലത സ്വപ്നത്തിൽ മയങ്ങിയിരിക്കുന്ന സമയത്ത് ചുണ്ടുകളിൽ നേർമ്മയുള്ള ചിരി. ഭാവന ചിറകുവിരുത്തുമ്പോൾ കടലാസും പേനയും തേടുന്നു. വരികൾ വാർന്നുവീഴുന്നു. ശ്വാസമടക്കിപ്പിടിച്ച് ചുറ്റിലുമിരിക്കുന്ന ആരാധകരെ നോക്കി മന്ദഹസിക്കുന്നു. കടലാസിൽ വാർന്നു വീണ വരികൾ മധുരാലാപമായി പുറത്തേക്കൊഴുകുന്നു. ആരാധകർ വിസ്മയം കൊണ്ടു തളരുന്നു. തളർത്തിത്തളർത്തി കുറേ നാളുകൾക്കുശേഷം ആരാധകരെ ദുഃഖിപ്പിച്ചുകൊണ്ടു രാഘവൻ പിള്ള വിടവാങ്ങുന്നു. പിന്നെ ഒരു തെക്കൻകാറ്റിലൂടെ ഒരു നാൾ സത്യം ഒഴുകി വരുന്നു. അതു രാഘവൻപിള്ളയായിരുന്നില്ല. ഒരു പൗണ്ഡ്രുക വേഷധാരി. ഈ അമളി മനസ്സിലുള്ളതുകൊണ്ട് മലയാറ്റൂരിനെ കണ്ടപ്പോഴൊന്നും എന്റെ മനസ്സിലെ സംശയം ചോദിക്കാൻ കഴിഞ്ഞില്ല. അന്ന് എന്റെ വീട്ടിൽ കയറിവന്ന ആളുടെ രൂപം നിശ്ശേഷമായും മനസ്സിൽനിന്നു മാഞ്ഞു പോയിരുന്നു.

മലയാറ്റൂർ കോഴിക്കോടു കലക്ടറായി വരുന്നു. ഞങ്ങൾ ആകാശ വാണിക്കാർ എപ്പോഴും കുറച്ചു സോപ്പ് കരുതുന്ന കൂട്ടക്കാരാണ്. കലക്ടറോ, അതുപോലുള്ളവരോ, പത്രാധിപന്മാരോ, വേറെ വല്ല വി. ഐ. പി. കളോ വന്നുചേർന്നാൽ ഞങ്ങൾ സമൃദ്ധമായി സോപ്പ് ഉപയോഗിക്കും. നുരയും പതയുമില്ലാത്ത സോപ്പ്. മലയാറ്റൂർ കലക്ടറായി വന്നപ്പോഴും ആരോ അല്പം സോപ്പുപയോഗിച്ചു കാണും. അദ്ദേഹത്തിന്റെ പ്രഭാഷണം ബംഗ്ലാവിൽ വെച്ചു റിക്കാർഡ് ചെയ്യാനാണ് തീരുമാനിച്ചത്. എന്റെ മേലധികാരി പറയുന്നു കലക്ടറുടെ ബംഗ്ലാവിൽ ചെന്ന് പ്രഭാഷണം റിക്കാർഡ് ചെയ്യാൻ. സത്യം പറയണമല്ലോ. മലയാറ്റൂരാണ് കലക്ടറെന്നറിഞ്ഞിട്ടും എനിക്കു ഭയമുണ്ടായിരുന്നു. കലക്ടറല്ലെ. ഞാനും എന്റെ തലമുറയും, കുട്ടിക്കാലം മുതൽ കലക്ടറായിട്ട് വെള്ളക്കാരന്റെ രൂപമാണ് മനസ്സിൽ വരച്ചുവെച്ചത്. ഒരിക്കലും ഞങ്ങളാരും ഒരു കലക്ടറെ നേരിൽ കണ്ടിട്ടില്ല. പിന്നെയല്ലേ ബംഗ്ലാവിൽ കേറിച്ചല്ലുന്നത്. നാട്ടുകാരൻ കലക്ടറുടെ മുഖത്തു നിന്ന് ആട്ടു തന്നെ കിട്ടിയാലും കുഴപ്പമില്ലെന്ന വിചാരത്തോടെ ഞാൻ പെട്ടിയും തൂക്കി പുറപ്പെട്ടു. കലക്ടറുടെ പടിക്കലെത്തിയപ്പോൾ നെഞ്ചിടിപ്പുണ്ടായി. അവിടെ തോക്കും ബയണറ്റുമായി ഒരു പോലീസുകാരൻ പാറാവുനില്ക്കുന്നു. കടക്കാമോ, മുന്നോട്ടു നടക്കാമോ എന്ന സംശയമായി. ശങ്കിച്ചു ശങ്കിച്ചുള്ള നടത്തം തികച്ചും നവോഢയുടേതായിരുന്നു. സ്വീകരണമുറി ഉഗ്രം. ഉപകരണങ്ങൾ അത്യുഗ്രം. അലങ്കാരങ്ങൾ അതിഗംഭീരം.

കളക്ടർ ഗൗരവം ചോർന്നു പോകാത്ത സ്നേഹത്തോടെ സ്വീകരിച്ചിരുത്തി. കുശലം പറഞ്ഞു. കാപ്പി തന്നു. നല്ല കൊഴുപ്പുള്ള കാപ്പി. ബംഗ്ലാവിനു ചേർന്ന. കലക്ടറുടെ പദവിക്കു ചേർന്ന കാപ്പിതന്നെ. ഞാൻ കാപ്പി കഴിക്കുന്നതിനിടയിൽ അദ്ദേഹം അകത്തു പോയി ഒരു നോവലിന്റെ കയ്യെഴുത്തുപ്രതി എടുത്തു കൊണ്ടുവന്നു: 'ഡോക്ടർ വേഴാമ്പൽ'. ഞാനതു കുറെ വായിച്ചു. ഇരിക്കുമ്പോഴും വായിക്കുമ്പോഴും തൊട്ടുമുമ്പേ കാപ്പി കഴിക്കുമ്പോഴുമൊക്കെ എന്റെ മനസ്സ് വിശ്വരൂപത്തിനുവേണ്ടി ലേഖനം ചോദിച്ച മുഖം തേടുകയായിരുന്നു. ഇതദ്ദേഹമായിരിക്കുമോ? ആ ചുറ്റുപാടിൽ സംശയനിവാരണത്തിനുവേണ്ടി അങ്ങനെയൊരു ചോദ്യം തൊടുക്കാൻ

കഴിയാത്തതിന് എന്നെ ഭീരു എന്നു വിളിക്കാൻ പറ്റുമോ? ഏതായാലും കുശലവും കാപ്പിയും അല്പം നോവലുവായനയുമൊക്കെ കഴിഞ്ഞു പ്രഭാഷണം റിക്കാർഡ് ചെയ്തു യാത്ര പറഞ്ഞു പിരിയുമ്പോഴും എന്റെ മനസ്സ് ആശങ്കാകുലമായിരുന്നു. ഇന്നും അത് അങ്ങനെത്തന്നെയാണ് ആയിരിക്കുകയും ചെയ്യും.

— 50 —

# കേന്ദ്ര കലാസമിതിയുടെ കേളി

ഞങ്ങളുടെ ലൈൻമുറിക്കു ചുറ്റും വാഴകളുണ്ടായിരുന്നു. കണ്ണിനു കുളിർമ്മ നല്കുന്ന പച്ചപ്പിലേക്കു നോക്കിയിരിക്കാൻ രസമാണ് വാഴക്കുടപ്പനിലെ തേനുണ്ണാനെത്തുന്ന അണ്ണാരക്കണ്ണന്മാരും തണൽ തേടി വിശ്രമത്തിനെത്തുന്ന പലവിധം കിളികളും ചേർന്ന് പകൽ മുഴുവനും സംഗീതോത്സവം നടത്തും.

വാഴക്കൂട്ടത്തിനപ്പുറം ഒരു പഴയ മുള്ളുവേലിയാണ്. വേലിക്കു പുറത്ത് ഒരു കൊച്ചുവീട്. ആൾപ്പാർപ്പില്ല. എപ്പോഴും അടഞ്ഞു കിടക്കും. അയലത്ത് അങ്ങനെയൊരു വീടുണ്ടാവുന്നതു മനസ്സിനു ശല്യമാണ് രാത്രി വല്ലതും വായിക്കാനോ എഴുതാനോ തുടങ്ങുമ്പോൾ അവിടെ എന്തോ ശബ്ദം കേൾക്കുന്നതായി തോന്നും. എഴുന്നേറ്റു ജാലകത്തിന്നടുത്തു ചെന്നു നോക്കും. തടയൊടിഞ്ഞ് ഇലകൾ തൂങ്ങിയ തന്തവാഴകൾ ഇരുട്ടിൽ മനുഷ്യരൂപം കൈക്കൊള്ളുന്നു. നോക്കിക്കൊണ്ടുനില്ക്കേ അവയിൽ ചിലതു കൈവീശുകയും തലയാട്ടുകയും ചെയ്യുന്നു. സംശയിക്കാനില്ല. അതൊരു ഭാർഗ്ഗവീനിലയം തന്നെ. പിന്നെ വൈകില്ല. ജാലകം ഭദ്രമായടച്ചു വന്നു വിളക്കു നല്ല പോലെ തെളിയിച്ച് ഉറങ്ങാൻ കിടക്കും.

അങ്ങനെ കഴിയവെ ഒരു ദിവസം പ്രഭാതത്തിൽ വാഴക്കൂട്ടത്തിന്നപ്പുറത്തു ശബ്ദഘോഷം. ആരൊക്കെയോ സംസാരിക്കുന്നു. വാതിലുകൾ തള്ളിത്തുറക്കുകയും ഉച്ചത്തിലുച്ചത്തിൽ എന്തൊക്കെയോ വിളിച്ചുപറയുകയും ചെയ്യുന്നു. സംഗതി തേടി അന്വേഷണസംഘം പുറപ്പെടുന്നു. വേലിക്കെട്ടിന്നിപ്പുറം അന്വേഷണസംഘം. അപ്പുറം അപരിചിതർ. വൈകാതെ അന്വേഷണ സംഘത്തിൽ ചിലർ തിരിച്ചെത്തുന്നു. വിവരം കിട്ടി. ഒഴിഞ്ഞു കിടക്കുന്ന വീട്ടിൽ താമസിക്കാനൊരാളെത്തിയിരിക്കുകയാണ്. ആരെന്ന ചോദ്യത്തിനു വിചിത്രമായ മറുപടി: 'ദേവൻ'. സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ദേവനല്ല. മനുഷ്യരുടെ ഇടയിലുള്ള ദേവൻ. 'മാതൃഭൂമി'യിൽ ഉദ്യോഗം സ്വീകരിച്ചു കൊണ്ട് കോഴിക്കോട്ടെത്തിയ ദേവൻ, അമ്പരന്നില്ല. ദേവൻ വരുന്നുണ്ടെന്നു നേരത്തേ കേട്ടിരുന്നു. പൂർവ്വപരിചയവുമുണ്ട്. സാഹിത്യപരിഷത് സമ്മേളനം കോഴിക്കോട്ടുവെച്ച് നടന്നപ്പോൾ അന്നു മദിരാശിയിൽ പഠി

ക്കുന്ന ദേവൻ സമ്മേളനത്തിൽ പങ്കെടുക്കാൻ വന്നതായിരുന്നു. അപ്പോൾ കണ്ടിട്ടുണ്ട്. പരിചയപ്പെട്ടിട്ടുമുണ്ട്. നന്നായി. അയലത്തൊരു കലാകാരൻ വന്നുചേർന്നതു വളരെ നന്നായി. താമസിയാതെ മുള്ളുവേലിക്കൊരു പഴുതുണ്ടായി. അതിലൂടെ ഗതാഗതം. ഒഴിവു കിട്ടുമ്പോഴൊക്കെ ദേവസന്നിധിയിൽ ഞാനെത്തും. എന്റെ മകളും. അവൾക്കു ബഹുരസം. അവിടെ ചായക്കൂട്ടുകൾ, ബ്രഷുകൾ പലതരം കടലാസ് ധാരാളം. അല്പദിവസംകൊണ്ട് എന്റെ മകൾ ദേവാലയം അവളുടെ കളിവീടാക്കി മാറ്റി. അവൾക്കവിടെ പൂർണ്ണസ്വാതന്ത്ര്യം, ഏതു കടലാസുമെടുക്കാം. ബ്രഷ് ചായത്തിൽ മുക്കാം. ഇഷ്ടമുള്ളതെന്തും വരയ്ക്കാം. ദേവൻ ശപിച്ചില്ല. ചിരിച്ചുകൊണ്ട് അനുഗ്രഹം ചൊരിയുക മാത്രം ചെയ്തു.

അന്ന് ദേവന് മുമ്പോട്ടു നീട്ടിവളർത്തിയ താടിയും പിറകോട്ടൊതുക്കി താഴ്ത്തി വെച്ച തലമുടിയും ജൂബ്ബയും തോളിലൊരു തോർത്തും ചുണ്ടത്ത് സദാ പുകയുന്ന പൈപ്പും ഉണ്ടായിരുന്നോ? ഓർമ്മിക്കാൻ കഴിയുന്നില്ല. ഇല്ലെന്നാണെന്റെ വിശ്വാസം. ഉണ്ടെങ്കിൽ എന്റെ മകൾ ദേവനുമായി അത്രമേൽ അടുക്കാനുള്ള ധീരത കാട്ടുമായിരുന്നില്ല. ദേവൻ അവളെ 'ഉമ്മാച്ചു' എന്നു വിളിച്ചു. മാതൃഭൂമി വാരികയിൽ ഉറൂബിന്റെ 'ഉമ്മാച്ചു' ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തുന്ന കാലമായിരുന്നു. വളരെയേറെ പ്രശസ്തി നേടിയ നോവൽ.

ദേവന്റെ 'ഉമ്മാച്ചു' വിളി അനുകരിക്കാൻ അന്നവിടെ വേറെയും പലരുമുണ്ടായിരുന്നു. ഗുരുവായൂരപ്പൻ കോളേജിൽ ലക്ചററായി വന്നുചേർന്ന എം. ജി. എസ്. നാരായണൻ നിത്യസന്ദർശകനായിരുന്നു. അതുപോലെ 'നല്ല മുഖം' പദ്മനാഭനും. കോഴിക്കോട്ടെ നാടകപ്രേമികൾക്കിടയിൽ 'നല്ല മുഖം' എന്ന ബിരുദം പദ്മനാഭനു സമ്മാനിച്ചതാരെന്ന് ഇപ്പോൾ ഓർക്കുന്നില്ല. ഉറൂബോ അതു പോലെ മറ്റു വല്ലവരുമോ ആയിരിക്കണം. നാടകത്തിൽ നല്ല പേരെടുത്ത പദ്മനാഭൻ പിന്നീട് 'രാരിച്ചൻ എന്ന പൗരനി'ൽ നായകവേഷം ധരിക്കുകയും നായികയുടെ പിറകെ നടന്നു ഒരു മരത്തണലിൽ നിന്ന് "പണ്ടു പണ്ടു നിന്നെ ഞാൻ കണ്ടനാളയ്യാ?" എന്നൊരു പാട്ടു പാടുകയുമുണ്ടായി. മരം എന്തെന്നു വ്യക്തമല്ല. ഏറെ താമസിയാതെ പദ്മനാഭൻ സെൻട്രൽ എക്സൈസിൽ ജോലി കിട്ടി, കോഴിക്കോടിനോടും അഭിനയ കലയോടും വിടപറഞ്ഞു പിരിയുകയാണുണ്ടായത്.

ഇക്കാലത്ത് ഒരു ചെറിയ സംഭവമുണ്ടായി. ചാലപ്പുറത്തെ ഗണപതി ഹൈസ്കൂൾ പരിസരത്ത് 'ആരോഗ്യ-വിദ്യാഭ്യാസ-വ്യവസായ' പ്രദർശനം നടക്കുകയാണ് അന്നതൊരു വലിയ സംഭവമായിരുന്നു.

മലബാറിന്റെ തലസ്ഥാനമായ കോഴിക്കോട്ടു നടക്കുന്ന പ്രദർശനം. ഒട്ടേറെ ജനങ്ങളെ ആകർഷിച്ചുവന്നു. പ്രദർശനത്തിന്റെ പേരു പോലെ തന്നെ, കാണാനും പഠിക്കാനും ആസ്വദിക്കാനും ഒട്ടേറെ ഇനങ്ങളവിടെ ഒരുക്കമായിരുന്നു. അന്നൊരു ദിവസം പ്രദർശനനഗരിയിലൂടെ നടന്നുനീങ്ങുമ്പോൾ ശ്രീ. വി. അബ്ദുള്ളയെ കാണാനിടയായി. ഞങ്ങൾ വളരെ നാളുകൾക്കുശേഷം കണ്ടുമുട്ടുകയാണ്. അദ്ദേഹം

എന്റെ നാട്ടുകാരൻ. തിക്കോടിക്കാരൻ. പക്ഷേ, പഠിപ്പും താമസവുമൊക്കെ കേരളത്തിനു പുറത്ത്. മിസ്റ്റർ അബ്ദുള്ളയെ പൂർണ്ണമായി പരിചയപ്പെടുത്തണമെങ്കിൽ അല്പനിമിഷത്തേക്കു ഞാനെന്റെ നാട്ടിൽ ചെന്നേ പറ്റൂ.

തിക്കോടി റെയിൽവേസ്റ്റേഷനു പടിഞ്ഞാറും കിഴക്കുമായി അന്ന് അറിയപ്പെടുന്ന രണ്ടു തറവാടുകൾ. പലതിൽ രണ്ടെണ്ണം. പടിഞ്ഞാറുള്ളതു വൈദ്യരകം തറവാട്. അവിടെ മൊയ്തുഹാജി, കുഞ്ഞാലിഹാജി എന്നീ രണ്ടു സഹോദരന്മാർ. വളരെ പ്രസിദ്ധിയുള്ള തറവാടാണ്. ധാരാളം സ്വത്ത്. കുഞ്ഞാലിഹാജി ഒരിക്കൽ ഡിസ്ട്രിക്ട് ബോർഡ് മെമ്പറായിരുന്നു. അറയ്ക്കൽ രാജകുടുംബത്തിൽ നിന്നാണു വിവാഹം കഴിച്ചത്. മൊയ്തുഹാജി തറവാട്ടിൽ കാരണവരെന്ന നിലയിലും നാട്ടുപ്രമാണി എന്ന നിലയിലും വളരെ പ്രസിദ്ധൻ. തീവണ്ടി യാത്രയൊരുങ്ങി റെയിൽവേ സ്റ്റേഷനിൽ വന്നിരിക്കുമ്പോൾ അദ്ദേഹം ചുരുട്ടുവലിക്കുമായിരുന്നു. വമ്പൻ ചുരുട്ട്. അതുപോലുള്ള ചുരുട്ട് ഞങ്ങടെ ഗ്രാമത്തിലില്ല. അതു റങ്കൂൺചുരുട്ടാണെന്ന് അറിവുള്ള വർ അന്നു പറഞ്ഞു കേട്ടിട്ടുണ്ട്.

ഈ രണ്ടുപേരുടെയും മരുമകനാണ് മിസ്റ്റർ അബ്ദുള്ള. അഡ്വക്കേറ്റ് ബി. പോക്കർ സാഹിബിന്റെ മകൻ.

ഇനി പറയാനുള്ളതു റെയിൽവേ സ്റ്റേഷന്റെ കിഴക്കുവശത്തുള്ള തറവാടിനെപ്പറ്റിയാണ്. അതുകൂടി പറഞ്ഞില്ലെങ്കിൽ അതു തിക്കോടി എന്ന പേരിലറിയപ്പെടുന്ന തൃക്കോട്ടൂർ ഗ്രാമത്തിന്റെ ചരിത്രത്തോടു ചെയ്യുന്ന വലിയൊരനീതിയായിരിക്കും. 'വണ്ണാൻകണ്ടിയിൽ' എന്നാണ് തറവാട്ടുപേര്. അവിടെ രണ്ടു സഹോദരന്മാർ. ചെറിയക്കൻ വൈദ്യരും രാമൻവൈദ്യരും. ചെറിയക്കൻവൈദ്യർ അതിപ്രസിദ്ധനായിരുന്നു. വൈദ്യശാസ്ത്രത്തിലുള്ള നൈപുണ്യത്തോടൊപ്പം കറകളഞ്ഞ ദേശഭക്തിയും പുലർത്തിപ്പോന്ന വിശിഷ്ട വ്യക്തിയായിരുന്നു. അദ്ദേഹം. മരണംവരെ ഖദറല്ലാതെ മറ്റൊരു വസ്ത്രവും അദ്ദേഹം ഉപയോഗിച്ചിട്ടില്ല. കേളപ്പജി തുടങ്ങിയ നേതാക്കന്മാർ പലപ്പോഴും വൈദ്യരുടെ ആതിഥ്യം സ്വീകരിക്കാൻ വന്നു ചേരുമായിരുന്നു. സഹോദരൻ രാമൻവൈദ്യർ വൈദ്യവിഷയത്തിൽ ജ്യേഷ്ഠനോളം പ്രസിദ്ധനല്ലെങ്കിലും സാമുദായിക കാര്യങ്ങളിൽ നേതൃത്വം വഹിക്കുകയും സമൂഹത്തിൽ അപ്പോഴപ്പോഴായി പൊട്ടിപ്പുറപ്പെടുന്ന അസ്വസ്ഥതകളും കലഹങ്ങളും പറഞ്ഞൊതുക്കുകയും ചെയ്യുന്ന കാര്യത്തിൽ അതിവിദഗ്ദ്ധനായിരുന്നു. ജ്യേഷ്ഠൻ ഗാന്ധിഭക്തൻ. അനുജൻ ഭക്തനല്ലെങ്കിലും വിരുദ്ധനായിരുന്നില്ല. രണ്ടുപേരും രണ്ടു തരത്തിൽ ജനങ്ങളുടെ ആദരവുനേടിയവരായിരുന്നു. ഇവിടെ ചെറിയൊരു വൈരുദ്ധ്യം അനുഭവപ്പെടാനിടയുണ്ട് പടിഞ്ഞാറുള്ള തറവാട്ടിനു വൈദ്യരകമെന്ന പേരുണ്ടെങ്കിലും അവിടെ വൈദ്യവിഷയം കൈകാര്യം ചെയ്യുന്നവരാരുമില്ല. അതുപോലെ കിഴക്കുള്ള തറവാട്ടിന്റെ പേരു വണ്ണാൻകണ്ടി എന്ന്. അവിടെ വൈദ്യരുണ്ട്. ഈ വൈരുദ്ധ്യം എങ്ങനെ വന്നു ചേർന്നെന്നറിയാൻ വല്ല സ്ഥലപ്പേരു ഗവേഷകരെയും സമീപിക്കേണ്ടിവരുമെന്നു തോന്നുന്നു.

ഇത്രയും ഓർത്തുപോയതു പ്രദർശന നഗരിയിൽ നിന്നുകൊണ്ടാണെന്നും എന്റെ സമീപം മിസ്റ്റർ അബ്ദുള്ളയുണ്ടെന്ന കാര്യവും ഞാൻ മറക്കുന്നില്ല. അവിടെ നിന്നു കൊണ്ട് ഞങ്ങൾ പല കാര്യങ്ങളും സംസാരിച്ചു. കേരളത്തിനു പുറത്തുള്ള തന്റെ അനുഭവംവെച്ചുകൊണ്ട് നാടകകലയെപ്പറ്റി അദ്ദേഹം പലതും സംസാരിച്ചു. നാടകവേദിയെപ്പറ്റി അദ്ദേഹം ധാരാളം പഠിച്ചിട്ടുണ്ടെന്ന് അപ്പോൾ മനസ്സിലായി. പറഞ്ഞുവന്ന കൂട്ടത്തിൽ, നാടകോത്സവത്തിന്റെ കാര്യവും വന്നു. എന്തുകൊണ്ടു കോഴിക്കോട്ടൊരു നാടകോത്സവം നടത്തിക്കൂടാ എന്നദ്ദേഹം ചോദിക്കുന്നു. കൊള്ളാവുന്ന കാര്യമാണെന്നു ഞാൻ. ഈ സംഭാഷണമാണ് പിൽക്കാലത്തു നാടകോത്സവം നടത്താനുള്ള പ്രേരണയ്ക്ക് മിസ്റ്റർ അബ്ദുള്ളയുടെ മനസ്സിൽ വിത്തിട്ടതെന്നു ഞാൻ കരുതുന്നു.

തുടർന്നുള്ള നാളുകൾ ഉത്സാഹത്തിന്റേതായിരുന്നു. കോഴിക്കോട്ട് അന്നുണ്ടായിരുന്ന 'കലാസമിതി' താമസിയാതെ മലബാർ കേന്ദ്ര കലാസമിതിയായി വികസിക്കുന്നു. പി. സി., പൊറ്റെക്കാട്ട്, എൻ. വി. കൃഷ്ണവാരിയർ, ഏതു കാര്യത്തിൽ മുന്നിട്ടിറങ്ങിയാലും വിശ്രമമില്ലാതെ ജോലി ചെയ്യുന്ന കെ. പി. രാമൻനായർ, ആളുകളെ സംഘടിപ്പിക്കാനും വിഭവങ്ങൾ സമാഹരിക്കാനും അതീവ നൈപുണ്യമുള്ള മുല്ലവീട്ടിൽ അബ്ദുറഹ് മാൻ, വി. അബ്ദുള്ള, കൊടുങ്ങല്ലൂർ, ദേവൻ, പട്ടത്തുവിള കരുണാകരൻ, എൻ. പി. മുഹമ്മദ്, പവനൻ എന്നിങ്ങനെ പ്രഗല്ഭരായ പലരും കേന്ദ്ര കലാസമിതിയുടെ പ്രവർത്തകരായിത്തീർന്നു. പ്രവർത്തകരുടെ മുഴുവൻ പേരും ഇവിടെ കുറിക്കാൻ കഴിഞ്ഞെന്ന് എനിക്കഭിപ്രായമില്ല. പെട്ടെന്ന് ഓർമ്മയിൽ തിക്കിത്തിരക്കി വന്നവരാണിവിടെ പ്രത്യക്ഷപ്പെട്ടത്.

ആദ്യത്തെ നാടകോത്സവം പ്രഖ്യാപിച്ചു. ഉത്സവത്തിൽ പങ്കെടുത്തു മത്സരിക്കാൻ പുതിയ നാടകങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു പത്രങ്ങളിൽ അറിയിപ്പു വന്നു. നല്ല പ്രതികരണമായിരുന്നു. ധാരാളം പുതിയ നാടകങ്ങൾ പല ഭാഗത്തുനിന്നും സമിതിക്ക് അയച്ചു കിട്ടുകയുണ്ടായി. എന്നാൽ എന്നെ സംബന്ധിക്കുന്ന ഒരു വിപത്ത് ഈ സംരംഭത്തിനു പിന്നിൽ ഒളിഞ്ഞു നില്പുണ്ടായിരുന്നു. അറിയിപ്പു വന്ന ദിവസം വൈകീട്ടു ദേശപോഷിണിയിലെ, പ്രവർത്തകർ മിസ്റ്റർ കുഞ്ഞാണ്ടിയുടെ നേതൃത്വത്തിൽ ഒരു വൻ പടയായിട്ട് എന്റെ പാർപ്പിടത്തിൽ എത്തുന്നു. ചുമ്മാ നിവേദനമോ അപേക്ഷയോ സമർപ്പിക്കാനല്ല സമരത്തിനൊരുമ്പെട്ടു കൊണ്ടുതന്നെ. ഞാൻ ദുർബ്ബലൻ. സമരസേനാനികളുടെ മുമ്പിൽ മുട്ടുമടക്കി. അവർ ഒന്നടങ്കം ആക്രോശിച്ചു: "നാടകോത്സവത്തിനൊരു നാടകമെഴുതണം. അതു നിങ്ങളെഴുതണം. എഴുതിയേ തീരൂ. ദേശപോഷിണി കലാസമിതിക്കു നാടകോത്സവത്തിൽ പങ്കെടുക്കണം. എടുക്കാതെ വയ്യ."

മുട്ടുമടക്കി. കീഴടങ്ങി, വൈവശ്യത്തോടെ ഞാൻ സമ്മതിച്ചു:

"എഴുതാം. എന്നു വേണം?"

"നാടകം സമർപ്പിക്കേണ്ട തീയതിയും സമയവുമൊക്കെ ഈ അറിയിപ്പിലുണ്ട്. വായിച്ചാലറിയാം."

കൂട്ടത്തിൽ നിന്ന് ഒരു പ്രവർത്തകൻ ദിനപത്രമെടുത്തു മുമ്പോട്ടു നീട്ടി. ഞാൻ വാങ്ങിയില്ല. വാങ്ങേണ്ട ആവശ്യമില്ലായിരുന്നു. തീയതിയും സമയവുമൊക്കെ നേരത്തെ ഞാൻ മനസ്സിലാക്കിയിരുന്നു. എന്റെ സമ്മതം ബലമായി പിടിച്ചു വാങ്ങീട്ടേ പ്രവർത്തകർ തിരിച്ചു പോയുള്ളു.

ഞാൻ നാടക രചനയെന്ന യജ്ഞത്തിൽ മുഴുകി. എസ്. കെ., പി. സി., അബ്ദുള്ള, അബ്ദുറഹിമാൻ, കൊടുങ്ങല്ലൂർ തുടങ്ങിയവർ പണപ്പിരിവിന്നിറങ്ങി. മിസ്റ്റർ അബ്ദുറഹിമാന് അന്നൊരു വാൻ ഉണ്ടായിരുന്നു. വളരെ പ്രസിദ്ധമായ വാൻ. അതിൽ യാത്രക്കാരെ കുത്തി നിറച്ചു കൊണ്ടുപോകുമ്പോൾ ഏതോ സർക്കസ്സ് കമ്പനിക്കാർ വന്യ മൃഗങ്ങളെ കൊണ്ടു പോവുകയാണെന്നു തോന്നും. ഡ്രൈവർ മിസ്റ്റർ അബ്ദുറഹിമാൻതന്നെ. 80 മൈലിൽ കുറഞ്ഞ സ്പീഡ് അബ്ദുറഹിമാന് അറിഞ്ഞു കൂടാ.

ഒരിക്കൽ പിരിവുകാരെയും കേറ്റി ഓടിച്ചുപോകുമ്പോൾ വാൻ ഒരു കുണ്ടിൽ ചാടി ഒന്നു വിരണ്ടപ്പോൾ പി. സി. ഇരിപ്പിടത്തിൽ നിന്നു മേലോട്ടൊരു കുതിപ്പ്. തല ഇരുമ്പുകൊക്കയിൽ ചെന്നിടിച്ചു. പിരിവു കഴിഞ്ഞു തിരിച്ചുവരുമ്പോൾ പി. സി. യുടെ തലയിൽ ബാന്റേജുണ്ടായിരുന്നു. അങ്ങനെ അനേകം വീരസാഹാസ കഥകൾ ആ വാനിനെക്കുറിച്ചു പറയാനുണ്ട്. അതിൽ സഞ്ചരിച്ചിട്ടു പരിക്കു പറ്റിയിട്ടില്ലെങ്കിലും എനിക്കും ചെറുതായ ചില അമളികൾ പറ്റീട്ടുണ്ട്.

മി. അബ്ദുറഹിമാൻ എന്നും അന്യരെ സഹായിക്കാൻ വൈമുഖ്യം കാണിക്കാത്ത മനുഷ്യനായിരുന്നു. ആപത്തിലോ ബുദ്ധിമുട്ടിലോ അകപ്പെട്ട ഒരാളെ സഹായിക്കാൻ വേണ്ടിവന്നാൽ ഏതു സാഹസ കൃത്യത്തിലേർപ്പെടാനും അദ്ദേഹം മടിക്കില്ല. അമിതമായ ഗൗരവവും അതീവ വലാളിത്യവും ഇടകലർന്നതായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവം. ചിലപ്പോൾ ജോലി കഴിഞ്ഞു പുറത്തിറങ്ങുമ്പോൾ ആകാശവാണിയുടെ പടിക്കൽ അദ്ദേഹത്തിന്റെ വാൻ കിടപ്പുണ്ടാവും. കണ്ട ഉടനെ വിളിക്കും. കേറാൻ പറയും. അടിയന്തരകാര്യമാണെന്നു പറഞ്ഞു വാഹനം വിടും. അതൊരു പക്ഷേ, അനന്തമായ ചുറ്റിക്കറങ്ങലാവും. അല്ലെങ്കിൽ ഏതെങ്കിലും റസ്റ്റാറണ്ടിൽ ക്കേറി അല്പനേരമിരുന്നു സൊള്ളി, കാപ്പി കുടിച്ചു പിരിയലാവും.

ഒരിക്കൽ അതു പോലെ സഞ്ചരിക്കുമ്പോൾ ഒരു സന്ധ്യയ്ക്കു ആൾത്തിരക്കു കൂടിയ മിഠായി തെരുവിന്റെ നടുവിൽ വാൻ പെട്ടെന്നു നില്ക്കുന്നു.

"ഛെ, അബദ്ധംപറ്റിയല്ലോ"

വാഹനത്തിൽ കയറാനല്ലാതെ അതിന്റെ മെക്കാനിസാംമൊന്നും നിശ്ചയമില്ലാത്ത ഞാൻ അപ്പോൾ ഉൽക്കണ്ഠയോടെ ചോദിച്ചു:

"എന്താ?"

"ഇതു നിന്നു പോയല്ലോ. താനൊന്നിറങ്ങി തള്ളിയാട്ടെ."

ശുദ്ധാത്മാവായ ഞാൻ പുറത്തിറങ്ങി ആൾക്കൂട്ടത്തിന്റെ നടുവിൽ നിന്നു മുക്കിയും മൂളിയും വാൻ തള്ളുന്നു. അങ്ങനെ ഏറെ ക്ലേശിച്ചു വിയർക്കുമ്പോൾ വാഹനം

മുരളുന്നു. മുമ്പോട്ടു നീങ്ങുന്നു ഞാൻ ഓടിക്കേറി ഇരിക്കുന്നു. ഇരുന്നു കഴിഞ്ഞപ്പോൾ മി. അബ്ദുറഹിമാന്റെ പൊട്ടിച്ചിരി കേൾക്കുന്നു. സംഗതി ലളിതം—നാലാളുടെ മുമ്പിൽ വെച്ച് എന്നെക്കൊണ്ടു വണ്ടി തള്ളിക്കാനുള്ള ഒരു സൂത്രമായിരുന്നു അത്.

അയച്ചുകിട്ടിയ നാടകങ്ങളിൽ നിന്ന് ഏഴെണ്ണം സമിതി തിരഞ്ഞെടുത്തു. ഏഴിന്റെയും പേരോർക്കുന്നില്ല. കെ. ടി. മുഹമ്മദിന്റെ 'കറവറ്റ പശു', ചെറുകാടിന്റെ 'സ്വതന്ത്ര', എന്റെ 'ജീവിതം'. ഈ മൂന്നു നാടകങ്ങളാണ് മത്സരത്തിൽ വിജയിച്ചത്. നാടക രചനയ്ക്ക് ആദ്യസമ്മാനം കെ. ടി. യ്ക്ക്. രണ്ടാം സമ്മാനം എനിക്കും ചെറുകാടിനും വീതിച്ചുകൊണ്ട്. അവതരണത്തിനുള്ള സമ്മാനം ദേശപോഷിണിക്ക്.

ടൗൺഹാളിൽ തിങ്ങിനിറഞ്ഞ ഒരു വലിയ സദസ്സിനു മുമ്പിലാണ് ഏഴു നാടകങ്ങളും അവതരിപ്പിച്ചത്. ഏഴു ദിവസവും അക്ഷരാർത്ഥത്തിൽ ഉത്സവം തന്നെയായിരുന്നു. എന്റെ 'ജീവിതം' ദേശപോഷിണി പരമാവധി ഉജ്ജ്വലമാക്കി. കുഞ്ഞാണ്ടി, എ. വി. ഭാസ്കരൻ നായർ, ലക്ഷ്മീദേവി, നെല്ലിക്കോട്ട ഭാസ്കരൻ, ആശാൻ കരുണാകരൻനായർ തുടങ്ങിയ അഭിനേതാക്കൾ, നാടകഭാഷയിൽ പറഞ്ഞാൽ രംഗത്തു ജീവിക്കുകയായിരുന്നു. സി. പി. രാഘവന്റെ മേക്കപ്പും രംഗസജ്ജീകരണവും അതീവ നോഹരമായിരുന്നു. 'ജീവിതം' രംഗത്തവതരിപ്പിച്ചു കണ്ടപ്പോൾ എന്റെ ഉള്ളിൽ നിന്ന് ആരോ പതുക്കെ മന്ത്രിച്ചു:

'നിനക്കും ചെറുതായൊരു നാടകമൊക്കെ എഴുതാൻ കഴിയും.'

— 51 —

## നാടകകൃത്ത് തടവിൽ

അകലെ, ആൾക്കൂട്ടത്തിൽ ശ്രീ കെ. പി. രാമൻനായരുടെ 'ബൈക്ക്' തിരകൾ മുറിച്ചു തീരം തേടുന്ന കൊച്ചോടം പോലെ അടുത്തടുത്തുവരുന്നു. അപ്പോൾ എസ്. കെ.'യുടെ ചുണ്ടിൽ ഒരു ശ്ലോകാർദ്ധം പൊട്ടിവിടരുന്നു: "ചാടായിവന്നു ചകടാസുരൻതാൻ ചാടാനൊരുമ്പെട്ടു മുകുന്ദഗാത്രേ." കൂട്ടച്ചിരിയാണു പിന്നെ. ചിരിയുടെ മുഴക്കം കെട്ടടങ്ങും മുമ്പേ രാമൻ നായർ മുറിയിൽ കടന്നുവരുന്നു. കയ്യിൽ വലിയൊരു കടലാസ് കെട്ടുണ്ട്; നാടകോത്സവത്തിന്റെ കത്തിടപാടുകളും പ്രമാണങ്ങളും മറ്റുമാണ്. അതൊക്കെ കൃത്യമായി സൂക്ഷിക്കുകയും തന്നോടൊപ്പം കൊണ്ടുനടക്കുകയുമാണു പതിവ്. ബൈക്കിന്റെ പിൻചക്രത്തോടു ചേർന്ന് ഒരു തുത്തനാകപ്പെട്ടിയുണ്ട്. എപ്പോഴും ഭദ്രമായി പൂട്ടിയിടുന്ന പെട്ടി. അതിൽ വസ്തുവഹകളുടെ അടിയാധാരങ്ങളും സാഹിത്യാദികലകളുടെ അടിസ്ഥാന പ്രമാണങ്ങളും താൻ പങ്കുകൊണ്ടു പ്രവർത്തിക്കുന്ന സംഘടനകളുടെ കൃത്യമായ വരവു ചെലവു കണക്കുകളും പിന്നെ ജോലിത്തിരക്കിനിടയിൽ കിട്ടുന്ന ഒഴിവു സമയത്ത് എഴുതിയ കവിതകൾ മുദ്രണം ചെയ്തു വന്ന ആനുകാലികങ്ങളും അതിൽ കാണും. അതിനെ വേണമെങ്കിൽ സഞ്ചരിക്കുന്ന 'റിക്കാർഡ് റൂ'മെന്നു വിശേഷിപ്പിക്കാം. ഒരു തെറ്റുമില്ല.

രാവിലെ എട്ടുമണിക്കു രാമൻനായർ തന്റെ ഹംസരഥത്തിൽ കയറുന്നു, പിന്നെ ചക്രങ്ങൾ ചലിക്കുന്നു; ഒപ്പം കർമ്മ പരിപാടികളും ചലിക്കുന്നു. പന്നിയങ്കര ഗ്രന്ഥശാലയുടെ കാര്യങ്ങളന്വേഷിക്കണം, കേന്ദ്ര കലാസമിതി ആപ്പീസിൽ തന്നെ കാത്തിരിക്കുന്ന പ്രവർത്തകരെ ചെന്നു കണ്ട് അടിയന്തരസ്വഭാവമുള്ള കാര്യങ്ങൾ ചർച്ചചെയ്യണം. പിന്നെ നഗരത്തിലെവിടെയെങ്കിലും അക്ഷരശ്ലോകമത്സരം നടക്കുന്നുണ്ടെങ്കിൽ അതിനു വേണ്ട ഒത്താശകൾ ചെയ്യണം—കൂട്ടത്തിൽ പറയട്ടെ, അക്ഷരശ്ലോക മത്സരത്തിലെ അജയ്യനായ ഒരു പോരാളികൂടിയാണു രാമൻ നായർ—എല്ലാറ്റിനും പുറമെ പത്തുമണിയടിക്കുന്നതിനു മുമ്പ് കോടതിയിലെത്തുകയും വേണം. അങ്ങനെ ഒരു നിമിഷമെങ്കിലും പാഴാക്കാതെ, നിരന്തരമായി ജോലിയിൽ മുഴുകിക്കൊണ്ടു രാമൻ നായർ വീടണയുന്നതു ചിലപ്പോൾ അർദ്ധരാത്രിയും

അതുകഴിഞ്ഞുമായിരിക്കും.

നാടകോത്സവത്തിന്റെ അദ്ഭുതാവഹമായ വിജയത്തിൽ രാമൻ നായർ വഹിച്ച പങ്ക് അത്യനഘമാണ്. മുമ്പൊരിക്കൽ സ്മരിച്ചതാണെങ്കിലും രണ്ടുപേർകൂടി രാമൻ നായരോടൊപ്പം തുല്യനിലയിൽ പ്രവർത്തിച്ചവരുണ്ട്: ശ്രീ വി. അബ്ദുള്ളയും മുല്ലവീട്ടിൽ അബ്ദുറഹിമാനും. മി. അബ്ദുള്ളയുടെ നാടകകലയെ സംബന്ധിച്ച അടിസ്ഥാനപരമായ അറിവും ജനസ്വാധീനവും, മി. അബ്ദുറഹിമാന്റെ സംഘടനാപാടവവും, എന്തിലും മുന്നിട്ടിറങ്ങാനുള്ള മനക്കരുത്തും, കുഴഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും, മുഖം നോക്കാതെ തീരുമാനങ്ങളെടുക്കാനുമുള്ള രാമൻ നായരുടെ കഴിവും കഠിനാദ്ധ്വാനവും ഒത്തുചേർന്നപ്പോൾ, കലാസമിതിയുടെ മറ്റു പ്രവർത്തകരിലത് അളവില്ലാത്ത ചൈതന്യം സൃഷ്ടിക്കുക തന്നെ ചെയ്തു.

നാടകോത്സവത്തിന്റെ അഭൂതപൂർവമായ വിജയം മലബാറിലങ്ങോളമിങ്ങോളമുള്ള നാടകപ്രേമികൾക്ക് ഉണർവ്വിന്റെ ഉദയരശ്മിയായി ഭവിച്ചു. നാട്ടിൻ പുറങ്ങളിലും നഗരങ്ങളിലുമായി പുതിയ കലാ സമിതികൾ രൂപംകൊണ്ടു. നാടക പ്രവർത്തകരുണ്ടായി. നാടകകൃത്തുക്കളുണ്ടായി; നടീനടന്മാരുണ്ടായി. പുതിയൊരു ആസ്വാദനസംസ്കാരമുണ്ടായി. എന്നും പുതിയ നാടകങ്ങൾ അരങ്ങേറുകയെന്ന അദ്ഭുതവുമുണ്ടായി. കോഴിക്കോട്ട് ടൗൺ ഹാൾ ബുക്ക് ചെയ്യുന്ന രജിസ്റ്റർ പരിശോധിക്കുന്നപക്ഷം നാടക പ്രവർത്തകരിൽ അന്നുണ്ടായ ആവേശത്തിന്റെ ശരിയായ കണക്കെടുക്കാൻ കഴിയും. രണ്ടാമത്തെ നാടകോത്സവവും ഒരു വൻവിജയമായിരുന്നു. 'ഉറൂബി'ന്റെ 'തീകൊണ്ടു കളിക്കരുത്' എന്ന നാടകവും, ലോട്ടസ് സർക്കിളിലെ കുട്ടികളുടെ 'പ്രേതഭൂമി' എന്ന സംഗീതനാടകവും, 'പ്രഭാതം ചുകന്നതെരുവി'ലെന്ന നാടകവും അത്തവണ എടുത്തുപറയാവുന്ന മികവുറ്റ സംഭാവനകളായിരുന്നു. 'പ്രേതഭൂമി'യുടെ കർത്താവ് ബേബിയും 'പ്രഭാതം ചുകന്ന തെരുവി'ന്റെ രചയിതാവും സംവിധായകനും ശ്രീ എ. കെ. പുതിയങ്ങാടിയുമായിരുന്നു.

ഇത്രയും ഓർത്തപ്പോഴാണ് ഒരു കാര്യം മനസ്സിനെ അലട്ടാൻ തുടങ്ങിയത്. അലട്ടിൽനിന്നു രക്ഷപ്പെടാൻ വേണ്ടി ഞാൻ എന്നെ പ്രതിയാക്കി ചോദ്യം ചെയ്യാനാരംഭിച്ചു. താനിതുവരെ എന്തൊക്കയാണോർത്തത്? ചുമ്മാ അതുമിതും പറയുകയും, മറ്റുള്ളവരെ പുകഴ്ത്തുകയും ചെയ്യുന്ന തിരക്കിൽ തന്റെ കാര്യം നിശ്ശേഷം ഒഴിച്ചു നിർത്തിയതെന്താണ്? തനിക്കു പരാജയമില്ലേ? തന്റെ ജീവിതവുമായി ബന്ധപ്പെട്ട കൊള്ളരുതായ്മകളും ക്രൂരതകളും ഒക്കെ താൻ മറച്ചുപിടിക്കുകയോണോ? ഒരുവിഭാഗം ജനങ്ങൾക്കു വേണ്ടത് അത്തരം കാര്യങ്ങളല്ലേ? ചൂരും ചൊണയുമില്ലാത്ത കാര്യങ്ങൾ നിർബ്ബന്ധമാണെങ്കിൽ തനിച്ചിരുന്നു ചിന്തിച്ചാൽ പോരേ? ഉറക്കെ ചിന്തിച്ചു മറ്റുള്ളവരെ കേൾപ്പിക്കുന്നതെന്തിന്?

സമ്മതിച്ചു. പക്ഷേ, ഞാൻ കീഴടങ്ങാൻ ഭാവമില്ല. ഈ ചോദ്യം ചെയ്യലിൽ പിറകിലുള്ള മനോഭാവം അസ്സലായി ഞാൻ മനസ്സിലാക്കുന്നു. പക്ഷേ, ഒരു കാര്യമുണ്ട്. പിൽക്കാലത്തു ദുഃഖിക്കേണ്ടിവരുന്ന രീതിയിൽ ഞാനൊന്നും ഉറക്കെ ഓർ

ക്കാൻ പോകുന്നില്ല. വൃത്തികേടുകൾ, കളവുകൾ, ക്രൗര്യങ്ങൾ ഇതൊക്കെ എഴുത്തുകാരന്റെ ധീരതയായി എഴുതിപ്പിടിപ്പിക്കാൻ എന്നെക്കൊണ്ടാവില്ല. ഒരുകാലത്ത് ഇവിടെ ഇത്തരമൊരു വാദഗതിയുണ്ടായിരുന്നു. പടിഞ്ഞാറൻ പുസ്തകങ്ങൾ വായിച്ച് ലൈംഗിക കാര്യങ്ങളും, കൊലപാതകങ്ങളും ക്രൂരകർമ്മങ്ങളുമൊക്കെ തുറന്നടിച്ചെഴുതാൻ തുടങ്ങിയൊരുകാലം. ക്ഷമിക്കണം, ആ കാലത്തിന്റെ സന്തതിയായിട്ടാണല്ലോ 'അഞ്ചു ചീത്ത കഥ'കളും[1] അതു പോലെ മറ്റു ചില കൃതികളും നമുക്കു കിട്ടിയത്. അത്തരം കൃതികൾക്കു ജന്മം നല്കിയവർ പിൽക്കാലത്ത് പ്രസംഗവേദിയൽ കയറി 'മ' പ്രസിദ്ധികരണങ്ങളെ തെറിപറഞ്ഞതിനു ഇവിടെ വേണ്ടുവോളം രേഖകളുണ്ട്. ഒരിക്കൽക്കൂടി പറയട്ടെ; ക്ഷമിക്കുക. ഞാനന്റെ ഓർമ്മകളിലേക്കു തിരിച്ചുപോകുന്നു.

നാടകോത്സവത്തിന്റെ പ്രവർത്തനങ്ങളിൽ മുഴുകിക്കഴിയുന്ന കാലത്ത് ഞാനെന്റെ പാർപ്പിടത്തിൽ സുഭിക്ഷം അനുഭവിക്കുകയായിരുന്നെന്ന് ആരും തെറ്റിദ്ധരിച്ചു കളയരുത്. വീട്ടുവാടക കൊടുക്കാൻ പലപ്പോഴും കഴിയാറില്ല. വീട്ടുടമ വാടക ചോദിക്കാൻ വരുന്നതു പുരയിടത്തിലെ നാളികേരം ഇടീക്കാൻ വരുമ്പോഴാണ്. അന്നു ഞാൻ അകത്തു കയറി ഒളിക്കും. വീട്ടുടമ വരും. എന്റെ നെഞ്ചിടിക്കും, അദ്ദേഹം എന്നെ അന്വേഷിക്കുന്നപക്ഷം മകൾ സത്യം പറയാതിരിക്കില്ല. വാടക ബാക്കിയോ കുറഞ്ഞ ശമ്പളമോ ഒന്നും അവളെ ബാധിക്കുന്ന കാര്യമല്ലല്ലോ. എന്താണ് വീട്ടുടമയെന്നും താമസിക്കുന്ന വീട് അന്യന്റേതാണെന്നും അവൾക്കറിയില്ല.

അതുപോലെ ഈർച്ചപ്പൊടിക്കാരൻ വരും. ഈർച്ചപ്പൊടിക്ക് അറക്കപ്പൊടിയന്നും പേരുണ്ട്. ഈർച്ചപ്പൊടിയാണ് അടുപ്പു കത്തിക്കാനുപയോഗിക്കുന്നത്. അന്നു ഗ്യാസ് എന്നു പറയുന്നത് വയറിലല്ലാതെ അടുപ്പിലില്ല. കുറഞ്ഞ വിലയ്ക്ക് ഈർച്ചപ്പൊടി കിട്ടും. അതു കൊണ്ടതു വാങ്ങുന്നു. വിറകിന് കൂടുതൽ വിലയാണ്. വാങ്ങാൻ പറ്റില്ല. ഈർച്ചപ്പൊടിവില്പനക്കാരൻ പ്രായം കൂടിയ ഒരു കോയയായിരുന്നു. വായിൽ പല്ലൊന്നുമില്ല. ചുമടു തലയിലേറ്റി അയാൾ നടന്നു വരുമ്പോൾ പലപ്പോഴും എന്റെ മനസ്സ് വേദനിച്ചിട്ടുണ്ട്. ജീവിക്കാൻവേണ്ടിയുള്ള ബദ്ധപ്പാടിൽ താങ്ങാൻ വയ്യാത്ത ഭാരം ചുമക്കുന്നു. അല്ലെങ്കിൽ ഞാനെന്തിനു കോയയുടെ പേരിൽ വേദനിക്കുന്നു? ഞാൻ ചുമക്കുന്നതും ചുരുങ്ങിയ ഭാരമാണോ? മാസാരംഭത്തിൽ ശമ്പളത്തോടൊപ്പം കിട്ടുന്ന നാടകങ്ങളുടെ നീണ്ട ലിസ്റ്റ് എന്റെ ബുദ്ധിക്കു പേറാൻ പറ്റുന്ന ഭാരമാണോ? ആ ഭാരവും വെച്ചു മണ്ണെണ്ണവിളക്കിന്റെ പകയുമേറ്റ് ഞാൻ സൃഷ്ടികർമ്മം നടത്തുന്നതു കണ്ടു പോയെങ്കിൽ കോയയും എന്റെ പേരിൽ വേദനിക്കില്ലേ? കോയ നല്ലവനായിരുന്നു. ഈർച്ചപ്പൊടി കടം തരും. മാസം കൂടുമ്പോൾ

[1] കേരളത്തിലെ അതി പ്രശസ്തരായ അഞ്ച് സാഹിത്യകാരന്മാരുടെ വിവാദമായ അഞ്ച് കൃതികളാണ് ഈ കഥാസമാഹാരത്തില് ഉണ്ടായിരുന്നത്. തകഴിയുടെ 'നാട്ടിന്പുറത്തെ വേശ്യ', എസ്. കെ. പൊറ്റക്കാടിന്റെ 'കള്ളപ്പുഷ്ഠ', വൈക്കം മുഹമ്മദ് ബഷീറിന്റെ 'ഭാര്യയുടെ കാമുകന്', കേശവദേവിന്റെ 'പവിത്ര', പൊന്കുന്നം വര്ക്കിയുടെ 'വിത്തുകാള' എന്നീ കഥകളാണ് സമാഹാരത്തില് ഉണ്ടായിരുന്നത്.

കാശുകൊടുത്താൽ മതി. ഒരിക്കലും തീർത്തുകൊടുത്തിട്ടില്ല. അദ്ദേഹം ബാക്കി ചോദിക്കുകയുമില്ല. എന്നാലും കോയ വരുമ്പോൾ ഞാൻ അകത്തു കേറി ഒളിക്കും. അതു തീർത്തും അനാവശ്യമായിരുന്നു. യാദൃച്ഛികമായി വഴിയിൽവെച്ച് വല്ലപ്പോഴും കണ്ടു മുട്ടിയാൽ കുടിശ്ശിക പിരിപ്പിക്കുന്നതിനുപകരം പല്ലില്ലാത്ത മോണകാട്ടി നിഷ്കപടമായ ചിരി സമ്മാനിച്ച് അദ്ദേഹം ക ടന്നുപോകും.

ഈ കോയയേയും എന്നെയും ശ്രീ കെ. പി. രാമൻനായരേയും, കഥാപാത്രങ്ങളാക്കി പിൽക്കാലത്ത് രണ്ടുപേർ ചേർന്ന് ഒരു നോവലെഴുതുകയുണ്ടായി. ഞങ്ങൾ മാത്രമല്ല കഥാപാത്രങ്ങൾ. വേറെയും അനേകമാളുകളുണ്ട്. ഈർച്ചപ്പൊടിക്കാരനെ പേടിച്ച കക്കൂസിൽ കേറിയൊളിച്ച ഒരു കഥാപാത്രമുണ്ടതിൽ; അയാളുടെ വീട്ടിൽ കള്ളപ്പൊന്നു തിരയാൻ പോലീസ് വരുന്ന ഒരു സംഭവവും. ഈർച്ചപ്പൊടിക്കാരന് പേടിച്ചൊളിക്കേണ്ട ഗതികേടിലകപ്പെട്ട ഒരാളെ എനിക്കറിയാമായിരുന്നു. അതു ഞാനല്ലാതെ മറ്റാരുമല്ല. അതുകൊണ്ട് ആ കഥാപാത്രം ഞാൻതന്നെയെന്നു തീരുമാനിക്കാൻ എനിക്കു വിഷമമുണ്ടായില്ല.

നാടകോത്സവവുമായി ബന്ധപ്പെട്ട ഒരു ചെറിയ കാര്യം കൂടി ഇവിടെ സ്മരിക്കട്ടെ. ഓരോ കൊല്ലം കഴിയും തോറും നാടകോത്സവത്തിന്റെ മികവ് കൂടിക്കൂടിവരികയായിരുന്നു. പ്രേക്ഷകർക്കു സൗകര്യമായിരുന്നു നാടകമാസ്വദിക്കാനുള്ള നല്ല തിയേറ്റർ ഇല്ലാത്തതു കൊണ്ട് ഒരു കൊട്ടക തന്നെ കെട്ടിയുണ്ടാക്കേണ്ടിവന്നു. ഇന്ന് ഇൻകം ടാക്സ് ഓഫീസ് നിലകൊള്ളുന്ന സ്ഥലം അന്ന് ഒഴിഞ്ഞു കിടക്കുകയായിരുന്നു. അവിടെയാണ് കൊട്ടക കെട്ടിയൊരുക്കിയത്. ഉത്സവത്തിൽ പങ്കെടുക്കുന്നത് എഴു കലാസമിതികളാണ്. വിധിനിർണ്ണയിക്കാനെത്തിയതു പി. ഭാസ്കരനും കെ. പദ്മനാഭൻനായരും സിനിമാ നടി കുമാരിയുമായിരുന്നു. സിനിമാനടിയെന്നു മാത്രം പറഞ്ഞാൽ പോരാ, നീലക്കുയിലിലെ നായികയെന്ന നിലയിൽ അനേകം ആരാധകരുള്ള ‘കുമാരി’യെന്നുതന്നെ പറയണം. നിറഞ്ഞ സദസ്സിൽ ആദ്യത്തെ നാടകം അരങ്ങേറി.

പിറ്റേന്ന് മി. അബ്ദുള്ളയും അബ്ദുറഹിമാനും വൈകീട്ട് ആകാശവാണിയിൽ വന്നു. ഒരു കാര്യം പറയാനുണ്ടെന്ന ഭാവത്തിൽ എന്നെ കാറിൽ കയറ്റി, നേരേ ചെന്നതു് ജംബ്യസ്റ്റോറിലാണ്. പട്ടണത്തിലെ മികച്ച വ്യാപാര സ്ഥാപനം. അന്നതു് മാനേജ്ചെയ്യുന്നതു് പി. അബ്ദുള്ളയായിരുന്നു. കെട്ടിടത്തിന്റെ ഒരു വശത്തുള്ള കോണികേറി ഞങ്ങൾ മൂന്നുപേരും മുകൾത്തട്ടിലെത്തി. അവിടെ ഒരു മേശയ്ക്കു ചുറ്റുമുള്ള കസേരയിൽ ഇരുന്നു. അപ്പോൾ അവിടെ മി. ഭാസ്കരനും ഉണ്ടായിരുന്നു എന്നാണെന്റെ ഓർമ്മ. മേശപ്പുറത്ത് അട്ടിയായി മുറിച്ച് അടുക്കിവെച്ച എഴുത്തു കടലാസ്. പിന്നെ പെന്ന്, പെൻസിൽ, കാർബൺ പേപ്പർ എന്നിവയെല്ലാമുണ്ട്. നിർദ്ദോഷ വസ്തുക്കൾ. ശ്രദ്ധിച്ചില്ല. ചായ വന്നു. അതു കുടിക്കുന്നതിനിടയിൽ മി. അബ്ദുറഹിമാൻ പറഞ്ഞു:

“ഇത്തവണ നാടകോത്സവം ഭീമമായ നഷ്ടത്തിൽ കലാശിക്കും.”

കഷ്ടം തന്നെ; സംഗതി കുഴപ്പമാണല്ലോ എന്നോർത്തുകൊണ്ട് ഞാൻ മിണ്ടാതിരുന്നു. അപ്പോൾ മി. അബ്ദുള്ള പറയുന്നു:

"നഷ്ടം പരിഹരിക്കാൻ ഒരു വഴി കണ്ടെത്തണം."

"ഒരു പുതിയ നാടകം അവതരിപ്പിക്കണം." മി. അബ്ദുറഹിമാനാണു പറയുന്നത്. "ഇവിടെ അടൂർ ഭാസിയുണ്ട്, പദ്മനാഭൻ നായരുണ്ട്, കുഞ്ഞാണ്ടിയുണ്ട്, ലക്ഷ്മീദേവിയുണ്ട്, വാസുദേവൻ നായരുണ്ട് (സിനിക്), കൊച്ചപ്പനുണ്ട്. എല്ലാറ്റിനും പുറമേ കുമാരിയുണ്ട്. ഇവരെയെല്ലാം വെച്ചുകൊണ്ട് ഒരു നാടകം."

"നമ്മുടെ നഷ്ടം പരിഹരിക്കാൻ ഈയൊരു വഴിയേ ഉള്ളൂ." മി. അബ്ദുള്ളയാണു പറഞ്ഞത്.

കൊള്ളാവുന്ന സംഗതിയാണെന്ന് എനിക്കും തോന്നി. കുമാരിയും അടൂർ ഭാസിയും മറ്റും രംഗത്തു വരുന്നതറിഞ്ഞാൽ തീർച്ചയായും ജനം ഇരമ്പിക്കേറും. സംശയിക്കാനില്ല.

"അപ്പോൾ ഏതാണ് നാടകം?" ഞാൻ ചോദിച്ചു.

"അതു പറയാനാണു വിളിച്ചത്." മി. അബ്ദുറഹിമാൻ വളരെ ഗൗരവത്തിലാണു പറയുന്നത്.

"നാടകം താനെഴുതണം. ഇന്നു രാത്രി ഇവിടെ വെച്ചെഴുതണം. ഇതാ കടലാസും മറ്റെഴുത്തുസാമഗ്രികളും. ഞങ്ങൾ പോകുന്നു. വാതിൽ പുറത്തുനിന്നു പൂട്ടും. രക്ഷപ്പെടാൻ പഴുതില്ല. പുറത്തേക്കു ചാടാമെന്നുവെച്ചാൽ മരിക്കും. രാത്രി ഭക്ഷണം, ചായ മുതലായവ ഇവിടെയെത്തും.

മി. അബ്ദുറഹിമാൻ എഴുന്നേറ്റു.

"അയ്യോ ചതിക്കരുത്." ഞാൻ കരയുമ്പോലെ പറഞ്ഞു: "എനിക്കു വീട്ടിൽ പോണം. എന്റെ മകൾക്കിവിടെ ആരുമില്ല."

"പരിഭ്രമിക്കേണ്ട." മി. അബ്ദുള്ള പറഞ്ഞു: "അതെല്ലാം വേണ്ട മട്ടിൽ ഏർപ്പാടുചെയ്തിട്ടുണ്ട്. സൗകര്യമായി ഇരുന്ന് എഴുതിക്കൊള്ളണം. സാധിച്ചെങ്കിൽ കാർബൺകോപ്പിയുമെടുക്കണം. കാലത്തെ കാണാം."

മി. അബ്ദുള്ളയും എഴുന്നേറ്റു.

"ഗുഡ് നൈറ്റ്."

അബ്ദുറഹിമാൻ കോണിപ്പടവുകളിറങ്ങാൻ തുടങ്ങി. എന്റെ മുമ്പിൽ വാതിൽ കൊട്ടിയടയുന്നു. മേശപ്പുറത്തു പെന്നും പെൻസിലും ദ്വന്ദ്വയുദ്ധത്തിനുള്ള കുന്തങ്ങൾ പോലെ എന്റെ മനസ്സമാധാനത്തെ കുത്തിക്കീറാൻ തക്കവണ്ണം കിടക്കുന്നു. ഒരു നാടകം വേണം. പ്രശസ്തരായ നടീനടന്മാക്കഭിനയിക്കാൻ. ഒരു രാത്രിയുടെ ദൈർഘ്യത്തിലൂടെ നാടകം ജനിക്കണം. ഞാൻ നെടുവീർപ്പിട്ടു. അടഞ്ഞ വാതിൽ. രക്ഷപ്പെടാൻ പഴുതില്ല. അഃ ഇങ്ങനെയും ഒരനുഭവം.

— 52 —

# തടവറയിൽനിന്നൊരു കന്യാദാനം

'ജംബു' സ്റ്റോഴ്സിന്റെ മുകൾത്തട്ടിലെ വരാന്തയ്ക്കു പകുതി ചുമരേയുള്ളു. ബാക്കി ഭാഗത്ത് ഇരുമ്പുവലയോ കണ്ണാടിച്ചില്ലോ ഇല്ല. വേണമെങ്കിൽ അതിലൂടെ പുറത്തുചാടാം. ചാടിയാൽ താഴെ, നിരത്തിൽ ചെന്നുവീഴും. വീണാൽ ഞാനും എഴുതാനേല്പിച്ച നാടകവും ഒരുമിച്ചു മരിക്കും. പാതിചുമരിൽ കൈമുട്ടുകളൂന്നി അവിടെ നിന്നു. കീഴെ സ്റ്റോറിൽ നിന്നു ശബ്ദമൊന്നുമില്ല. എല്ലാവരും കടയടച്ചു പോയിട്ടുണ്ടാവും. എന്നും കാണുമ്പോൾ സുന്ദരമായി ചിരിക്കുന്ന എന്റെ നാട്ടുകാരൻ 'കുട്ടൂസ്സ'യും സ്ഥലം വിട്ടിരിക്കും. സാരമില്ല; ആർക്കും എന്നെ വേണ്ടാ. ഏകാന്തതടവിന് വിധിക്കപ്പെട്ടിരിക്കയാണല്ലോ...ഒരു സൈക്കിൾ യാത്രക്കാരൻ തുരുതുരെ ബെല്ലടിച്ചുകൊണ്ടു നിരത്തിലൂടെ കടന്നുപോവുകയാണ്. ആശ്വാസം! ഞാൻ തനിച്ചല്ല.

കഴിഞ്ഞതെല്ലാം ഒരു നേരമ്പോക്കായിരിക്കും. മി. അബ്ദുറഹിമാൻ തമാശ പറഞ്ഞതാവും; വാതിൽ പുറത്തുനിന്നു പൂട്ടിയിട്ടുണ്ടാവില്ല. ചെന്നു തുറക്കാം. പതുക്കെ രക്ഷപ്പെടാം. നാടകോത്സവം നഷ്ടത്തിൽ കലാശിക്കുമെങ്കിൽ കലാശിക്കട്ടെ. ഇങ്ങനെ ലോക്കപ്പ് മർദ്ദനം നടത്തിയാലൊന്നും നാടകം ജനിക്കില്ല.

വാതിൽ ശക്തിയായി പുറത്തേക്കു തള്ളി; അനക്കമില്ല. പിറകോട്ടു വലിച്ചു. ഊഹും. പുറത്തു കടന്ന് രക്ഷപ്പെടാനുള്ള അത്യാഗ്രഹത്തോടെ തള്ളലും വലിയും പലതവണ നടന്നു. തളർന്നു പിന്തിരിഞ്ഞു. പഴയസ്ഥാനത്തു വന്നിരുന്നു. ഉള്ളിൽ ജ്വലിക്കുന്ന രോഷം. മുമ്പിൽ മേശപ്പുറത്തു കടലാസ്, പെന്ന്, പെൻസിൽ, ബീഡി, സിഗരറ്റ്, തീപ്പെട്ടി, ഫ്ലാസ്ക്. അതിൽ ചായയുണ്ടായിരിക്കും. വേണ്ടാ, ഒന്നും വേണ്ടാ. എലിക്കെണിയിൽ കുടുക്കിയിട്ട് ചായ തരുന്നു! ഈ ഗൂഢാലോചന കുറച്ചു മുമ്പേ തുടങ്ങിയതാണ്. തുടക്കത്തിൽത്തന്നെ മനസ്സിലാക്കാനുള്ള ബുദ്ധിയുണ്ടായില്ല. ശ്രീ സി. ജെ. തോമസ്സും പി. ഭാസ്കരനും മറ്റും ചേർന്ന് ബീച്ച് ഹോട്ടലിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പുതിയൊരു നാടകം വേണമെന്ന അഭിപ്രായം പൊങ്ങിവന്നിരുന്നു. കൂട്ടത്തിലാരോ എന്റെ നേർക്കു വിരൽചൂണ്ടിയപ്പോൾ ഞാൻ വയ്യെന്നു പറഞ്ഞ് ഒഴിഞ്ഞതാണ്. അപ്പോൾ മി. ഭാസ്കരൻ എന്തായിരുന്നു പറഞ്ഞത്?

“ഛെ, ച്ഛമ്മാ എഴുതണം. തനിക്ക് എളുപ്പത്തിൽ കഴിയും. അടൂർ ഭാസിയും കുമാരിയും ലക്ഷ്മീദേവിയും കുഞ്ഞാണ്ടിയും മറ്റുമുള്ളതല്ലേ. മോശാവില്ല. ഞാനൊരുപായം പറയാം. തിരുവിതാംകൂർ ഭാഗത്തുനിന്നു കൃഷിഭൂമി അന്വേഷിച്ചു മലബാറിലേക്കു വരുന്ന ഒരു കുടുംബം. അതു കുമാരിയും അടൂർ ഭാസിയുമാട്ടെ. അവർ വന്നുചേരുമ്പോൾ ഉണ്ടാവുന്ന പ്രശ്നങ്ങൾ, സംഘട്ടനങ്ങൾ തുടങ്ങിയവയൊക്ക തനിക്കെളുപ്പത്തിൽ ചിത്രപ്പെടുത്താൻ കഴിയും. ഭാഷയുടെ കാര്യത്തിൽ ക്ലേശിക്കണ്ടാ. താനെന്തെഴുതിയാലും കുമാരിയും ഭാസിയും അവരുടെ ശൈലിയിലേ സംസാരിക്കു. പ്രശ്നം തീർന്നില്ലേ?”

മി. ഭാസ്കരന്റെ നിർദ്ദേശം മനസ്സിൽക്കിടന്നു മുളപൊട്ടാൻ തുടങ്ങി. എന്തുകൊണ്ട് ആ വഴിക്കു ചിന്തിച്ചുകൂടാ? എങ്ങനെ ഈ വെല്ലുവിളി നേരിട്ടുകൂടാ? “അരിശം കൊണ്ട് അരി വേവില്ലെ”ന്ന് അറിഞ്ഞു കൂടേ. ക്ഷമിക്കു. സമയമുണ്ട്. വാച്ചിലേക്കു നോക്കു. പത്തു മണി ആവുന്നതേയുള്ളു. രാത്രിയുടെ മുക്കാൽ ഭാഗം മുമ്പിലുണ്ട്. അവർ വരട്ടെ. അധ്വാനശീലരായ കൃഷിക്കാർ; കന്നിമണ്ണു തേടി വരട്ടെ. മനസ്സിന്റെ മുതുകിൽ ചാട്ടവാർ വീഴുന്നു. ഒരു വെളിച്ചപ്പാടിന്റെ ഹാലിളക്കമാണു പിന്നെ. കാർബൺ പേപ്പർ വെച്ചുകൊണ്ടുതന്നെ എഴുത്തുതുടങ്ങി—

...പാലായിൽനിന്നു വക്കച്ചനെന്ന കൃഷിക്കാരൻ പുറപ്പെടുന്നു. ഒപ്പം യുവതിയായ മകളും. അവരെത്തിച്ചേരുന്നത് വടക്കേമലബാറിലെ ഒരു യാഥാസ്ഥിതിക നായർകുടുംബത്തിൽ. ശുദ്ധാത്മാവായ കാരണവർ അവരെ സ്വീകരിക്കുന്നു. സഹായിക്കുന്നു...

ഒന്നാംവട്ടം കോഴി കൂകുമ്പോൾ അവസാനരംഗത്തിന്റെ മിനുക്കു പണിയിലാണ്. അതവസാനിച്ചപ്പോൾ ആദ്യം മുതൽ ഒരു വട്ടം മനസ്സിരുത്തി വായിച്ചു. അവിടെയും ഇവിടെയും ചില തിരുത്തലുകൾ നടത്തി. കുഴപ്പമില്ല. അല്പം കൂടി സമയമുണ്ടായിരുന്നെങ്കിൽ കൂടുതൽ മെച്ചപ്പെടുത്താമായിരുന്നു. പോട്ടെ; സാരമില്ല. ഒരു പേരുവേണമല്ലോ ഈ നാടകത്തിന്. പലതും ആലോചിച്ചു. ഒടുവിൽ ‘കന്യാദാനം’ എന്നു പേരിട്ടു. ഇവിടെ കന്യക കന്നിമണ്ണാണ്. ; താലികെട്ടാനെത്തുന്ന നവവരൻ, അന്നോളം കൃഷിയുടെ മഹത്ത്വമറിയാതെ, കൈവശഭൂമി മുഴുവനും വിറ്റ് ദീവാളികുളിച്ച ഒരു ചെറുപ്പക്കാരൻ. അവനാണ് കന്നിമണ്ണിനെ കെട്ടുന്നത്.

സ്ഥലം മി. അബ്ദുറഹിമാന്റെ ആപ്പീസ്. അവിടെത്തന്നെ കലാസമിതിയുടെ ആപ്പീസും. മി. സി. ജെ. തോമസ്, പി. ഭാസ്കരൻ, പത്മനാഭൻനായർ, ബാലകൃഷ്ണമേനോൻ, മി. അബ്ദുള്ള, രാമൻ നായർ വാസുദേവൻനായർ (സിനിക്) എന്നിങ്ങനെ പ്രഗല്ഭരായ ഒട്ടേറെപ്പേർ ചുറ്റുമിരിക്കുന്നു; നടുവിൽ നാടകകൃത്തും. പാവം! കൂടിയിരിക്കുന്നവരിൽ പലരും അവന്റെ പേരിൽ അനുതപിക്കുന്നുണ്ട്. വായന തുടങ്ങി. ആരും ഒന്നും പറയുന്നില്ല. കുറ്റം പറയാൻ ആരെങ്കിലുമുണ്ടാവും, തീർച്ച. നടക്കട്ടെ; ആക്ഷേപമോ അഭിനന്ദനമോ എന്തും നടക്കട്ടെ...

വായന കഴിഞ്ഞു മുഖമുയർത്തിയപ്പോൾ പി. അബ്ദുറഹിമാന്റെ തെളിഞ്ഞ മുഖമാണ് മുമ്പിൽ. മി. അബ്ദുള്ളയുടെ മുഖത്തു നോക്കി. കുഴപ്പമില്ല. രാമൻനായർ

അത്ര എളുപ്പത്തിലൊന്നും തന്റെ വികാരം പുറത്തുകാട്ടുന്ന പ്രകൃതക്കാരനല്ല. നോക്കി. അവിടെ നിരാശതയില്ലെന്നു തീർച്ച. ആരും അഭിപ്രായം പറയാതെ നിശ്ശബ്ദത മുറ്റിനില്ക്കുന്ന ആ മുഹൂർത്തത്തിൽ, മി. അബ്ദുറഹിമാൻ പറഞ്ഞു:

“ഇന്നു തന്നെ റിഹേഴ്സൽ തുടങ്ങണം. ഇനി താമസിച്ചുകൂടാ. ലക്ഷ്മീദേവിയെ ഉടൻ വിവരമറിയിക്കണം. ബാക്കി മിക്കവാറും ഇവിടെ തന്നെയുണ്ടല്ലോ. ഇല്ലാത്തവരെ തേടിപ്പിടിക്കേണ്ട ഭാരം രാമൻ നായർക്കാണ്.”

അതെ, ഭാരം ഏറിയകൂറും രാമൻനായർക്കു തന്നെ. പിന്നെ താമസമുണ്ടായില്ല; രാമൻ നായരുടെ ബൈക്കിന്റെ ചക്രമുരുളാൻ. അന്നുച്ചയാവുമ്പോഴേക്കും മി. തെരുവത്തു രാമന്റെ വീട്ടിൽ എല്ലാവരേയും സംഘടിപ്പിച്ചെത്തിച്ചു രാമൻനായർ. സംവിധായകന്റെ വേഷമിട്ടത് മി. പത്മനാഭൻനായരോ ഭാസ്കരനോ എന്നു തിട്ടപ്പെടുത്തി പറയാൻ വിഷമം. ഓർക്കുന്നില്ല. രണ്ടിലൊരാളാണ് തീർച്ച, അതോ രണ്ടു പേരും ചേർന്നാണോ സംവിധാനകർമ്മം നിർവ്വഹിച്ചത്? അല്ലെങ്കിൽ അത്ര കടന്നു ചിന്തിച്ച് സത്യം കണ്ടെത്തുന്നതെന്തിന്? ഒത്തൊരുമിച്ച് ഒറ്റ മനസ്സായിട്ടല്ലേ എല്ലാവരും പ്രയത്നിച്ചത്. ആദ്യദിവസം മുഴുവനായൊന്നു വായിക്കാനേ കഴിഞ്ഞുള്ളൂ. അപ്പോഴേക്കും സന്ധ്യയായി. കുമാരിയും ഭാസ്കരനും സി. ജെ. തോമസ്സും നാടകോത്സവത്തിന്റെ വിധികർത്താക്കളാണ് കൃത്യസമയത്തുതന്നെ അവരെ കൊട്ടകയിലെത്തിക്കണം, കുമാരിയുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും വേണം. സന്ധ്യമുതൽ പ്രധാന ഗേറ്റിൽ ജനം തടിച്ചുകൂടി നില്ക്കും. നാടകോത്സവത്തിൽ പങ്കെടുക്കാനുള്ള ബദ്ധപ്പാടല്ല. കുമാരിയെ ഒരു നോക്കു കാണണം. അവർ സഞ്ചരിക്കുന്ന കാറിന്റെ പുറത്ത് എവിടെയെങ്കിലുമൊന്നു തൊടണം. സായൂജ്യം നേടണം. ജനത്തിന്റെ നോട്ടമതാണ് അവരുടെ കണ്ണുവെട്ടിച്ചു വേണം അകത്തു കടക്കാൻ. ഇല്ലെങ്കിൽ ബഹളമാവും. ആരാധന പലവിധമാണല്ലോ. സിനിമാ താരങ്ങളോടുള്ള ആ സാധനയാവുമ്പോൾ അതിനൊരു കലാപത്തിന്റെ സ്വഭാവം കൈവരുന്നതും പലപ്പോഴും കണ്ടിട്ടുണ്ട്.

‘കന്യാദാന’ത്തിന്റെ റിഹേഴ്സലിന് ഇനി വെറും മൂന്നു പകൽ. റിഹേഴ്സൽ ക്യാമ്പിലും കുഴപ്പമുണ്ട്. കുമാരിയുടെ സാന്നിദ്ധ്യം ജനം മണത്തറിയുന്നു. ക്യാമ്പ് വളയുന്നു. പുറത്ത് അപാരമായ ബഹളമുണ്ടാക്കുന്നു. രക്ഷയില്ല. ‘നീലക്കുയി’ലെന്ന പടം വരുത്തിക്കൂട്ടിയ വിനയാണ്. ആ പടത്തിലൂടെ കുമാരി പ്രശസ്തിയുടെ കൊടുമുടിയിലെത്തി നില്ക്കുന്ന കാലം. ജനങ്ങൾക്കവരെ കാണണം തങ്ങളുടെ അഭിനന്ദനമറിയിക്കണം. സംഗതി വളരെ നിർദ്ദോഷമാണ്. പക്ഷേ, റിഹേഴ്സൽ നടക്കണ്ടേ, കുമാരിയെ പരുക്കു കൂടാതെ തിരിച്ചയയ്ക്കണ്ടേ? റിഹേഴ്സൽ നടത്തിയ മൂന്നു പകലത്തെ ബദ്ധപ്പാടും കഷ്ടപ്പാടും ഭയങ്കരമായിരുന്നു. എങ്ങനെയൊക്കെയോ റിഹേഴ്സൽ ഒരു വിധം ഒപ്പിച്ചു. ഇതിനിടയിൽ കൊച്ചപ്പനെന്ന അഡ്വക്കറ്റ് എറണാകുളത്തു നിന്നു വന്നുചേരുന്നു. അദ്ദേഹവും നീലക്കുയിൽ ഫെയിം തന്നെ. വെറുതെ വിടാൻ പാടുണ്ടോ? ‘കന്യാദാന’ത്തിൽ കൊച്ചപ്പനും പങ്കാളിയാവണം. അപ്പോൾ മി. ഭാസ്കരന്റെ നിർദ്ദേശം വരുന്നു:

“കൊച്ചപ്പൻ നാടകത്തിൽ കയറട്ടെ. ഒരു ‘റോള’ങ്ങു പതിച്ചു കൊടുക്കു.”

എന്തു റോളാണു കൊടുക്കേണ്ടത്? എങ്ങനെയാണു കൊടുക്കേണ്ടത്? അതിനും പ്രതിവിധി ഭാസ്കരൻ കണ്ടുപിടിക്കുന്നു:

“മലയോരത്തു കപ്പക്കൃഷിനടക്കട്ടെ. കപ്പക്കൃഷി നശിപ്പിക്കാൻ പെരുച്ചാഴികൾ വരട്ടെ. ചെരുച്ചാഴിയെ കെണിവെച്ചു പിടിക്കുന്ന ഒരു വിദഗ്ദ്ധനുണ്ടാവട്ടെ. അതു കൊച്ചപ്പനാവട്ടെ.”

ശുഭം. കൊച്ചപ്പൻ എലിപിടുത്തക്കാരനാവുന്നു. മലയോരങ്ങളിലൂടെ സഞ്ചരിച്ച് ‘എലിപിടുത്തം വേണോ എലിപിടുത്തം വേണോ’ എന്നു വിളിച്ചുചോദിച്ച് പ്രതിഫലംപറ്റി എലിപിടിച്ച് ഉപജീവനം കഴിക്കുന്നു കൊച്ചപ്പൻ.

ഏഴു ദിവസത്തെ നാടകോത്സവം അവസാനിച്ച് എട്ടാം ദിവസം പുലരുന്നു. അന്നാണ് ‘കന്യാദാനം’ അരങ്ങത്തെത്തുന്നത്. സന്ധ്യയ്ക്കു മുമ്പുതന്നെ പ്രേക്ഷകരുടെ തിരക്കാരംഭിക്കുന്നു. ഒമ്പതുമണിക്കു പതിവു ചടങ്ങുകൾ തുടങ്ങി. രംഗപൂജയും മണിനാദവുമെല്ലാമുണ്ട്. പക്ഷേ, അഭിവാദന ഗാനമില്ല. എന്നല്ല, നാടകത്തിൽ ഒരു ഗാനവുമില്ല. കൊട്ടക നിറഞ്ഞു കഴിഞ്ഞു. കൊട്ടകയ്ക്കു പുറത്തുള്ള മരക്കൊമ്പുകളിലും പ്രേക്ഷകരുണ്ടായിരുന്നു. നാടകം പുരോഗമിക്കുന്തോറും പ്രേക്ഷകരിൽ നിന്ന്, അഭിനന്ദനത്തിന്റെ ചെറിയ സൂചനകൾ പുറപ്പെടുന്നു. അങ്ങനെ ഒരു കുഴപ്പവുമില്ലാതെ, ചിരിക്കേണ്ടിടത്തു ചിരിച്ചും സഹതപിക്കേണ്ടിടത്തു സഹതപിച്ചും പ്രേക്ഷകരിൽനിന്നു നല്ല പ്രതികരണമുണ്ടാവുന്നതിനിടയിൽ മരക്കൊമ്പിലിരിക്കുന്ന പ്രേക്ഷകരിൽ ഒരാൾ കുമാരിയെ ലക്ഷ്യം വെച്ച് ഉറക്കെ വിളിച്ചു പറയുന്നു. ഒരു പാട്ടുപാടാൻ. സംഗതി കുഴഞ്ഞു. എങ്ങനെയോ ആ രംഗം കലാശിപ്പിച്ചു ഗ്രീൻ റൂമിലെത്തിയ കുമാരി കരയുകയായിരുന്നു. അവർക്കു പാടാൻ വശമില്ല. പാടണമെന്ന ആവശ്യത്തിനു മുമ്പിൽ അവർ തളരുകയായിരുന്നു. മാത്രമല്ല, പ്രേക്ഷകന്റെ ഏതാവശ്യവും ബഹളവും സിനിമാക്കാർക്കൊരു പ്രശ്നമല്ലല്ലോ. എന്തു സംഭവിച്ചാലും അവരൊന്നുമറിയില്ല. നാടകാവതരണവേളയിൽ സംഭവിക്കുന്ന ഇത്തരം അപശബ്ദങ്ങൾ കേട്ടു പരിചയവുമില്ല കുമാരിക്ക്. ലക്ഷ്മീദേവിയും മറ്റുള്ളവരും ചേർന്ന് അവരെ പറഞ്ഞാശ്വസിപ്പിച്ചു. കുഴപ്പമൊന്നുമില്ലാതെ നാടകം അവസാനിപ്പിക്കുകയും ചെയ്തു. നാടകോത്സവംകൊണ്ടുണ്ടായ നഷ്ടം പരിഹരിക്കാൻ കന്യാദാനത്തിനു കഴിഞ്ഞോ? അറിഞ്ഞു കൂടാ. അന്വേഷിച്ചില്ലാ; അതിനുള്ള ധൈര്യമില്ലാത്തതുകൊണ്ട്.

കേന്ദ്ര കലാസമിതിയുടെ ആരംഭത്തിനു മുമ്പും കോഴിക്കോട്ടു നാടകമുണ്ടായിരുന്നില്ലേ? ഉണ്ടായിരുന്നു. സമിതികളോ? അതും ഉണ്ടായിരുന്നു. നിസ്വാർത്ഥമതികളായ കലാകാരന്മാർ വിയർപ്പൊഴുക്കി വളർത്തിയെടുത്ത സമിതികളാണ് ഇവിടെ നാടകപ്രസ്ഥാനത്തിന്റെ ജീവൻ കെട്ടുപോകാതെ നിലനിർത്തിയതെന്ന കാര്യം നമുക്കു മറന്നുകൂടാ.

ആദികാല നാടക പ്രവർത്തകരിൽ സ്മരിക്കേണ്ട പേരുകളിൽ പ്രമുഖം ആശാൻ കരുണാകരൻ നായരുടേതാണ്. അദ്ദേഹമിന്നില്ല. പക്ഷേ, അദ്ദേഹത്തിന്റെ സംഭാവന വിലമതിക്കുന്നവരുടേയും അദ്ദേഹത്തെ ആദരവോടെ സ്മരിക്കുന്നവരുടേയും ഒരു തലമുറ ഇന്നും ഇവിടെയുണ്ട്. കരുണാകരൻനായരോടൊപ്പം, വേദികളിൽ പ്രത്യക്ഷപ്പെട്ട അപ്പുനായർ വാദ്ധക്യസഹജമായ അവശതയോടെ ഒതുങ്ങിക്കഴിയുന്നു. ഇ. ആന്റ് എസ്സിലെ ഒരു എളിയ ജീവനക്കാരനായിരുന്ന അപ്പുനായർക്ക് നാടകമെന്നു പറഞ്ഞാൽ രണ്ടാം പ്രാണനായിരുന്നു. അനേകം നാടകങ്ങളിലഭിനയിച്ചിട്ടുണ്ട്. അതുപോലെ, അപ്പുനായരുടെയും കരുണാകരൻ നായരുടെയും രണ്ടാം തലമുറയാണെങ്കിലും കുട്ടിക്കാലം മുതലേ നാടക കലയുമായി ബന്ധപ്പെട്ട വ്യക്തിയായിരുന്നു നെല്ലിക്കോട്ട് ഭാസ്കരൻ. ഭാസ്കരനെ ജനമിന്നറിയുന്നത് സിനിമാതാരമായിട്ടാണെങ്കിലും, നാടകവേദിയായിരുന്നു ഭാസ്കരന്റെ വീടും തറവാടും. ഭാസ്കരന്റെ അകാലവിയോഗം നാടകവേദിക്കാണ് ഭീമമായ നഷ്ടം വരുത്തിവെച്ചത്. ഇനിയൊന്നുള്ളത്, തപാൽ വകുപ്പിൽനിന്നു പെൻഷൻപറ്റി കുടുംബത്ത് വിശ്രമ ജീവിതം നയിക്കുന്ന എ. വി. ഭാസ്കരൻനായരാണ്. ഏതു കഥാപാത്രത്തെയും അനായാസമായി അവതരിപ്പിക്കാൻ കഴിയുന്ന ഭാസ്കരൻ നായർ തന്റെ അഭിനയപാടവം മുഴുവനായി പ്രദർശിപ്പിക്കുന്നത് ഹാസ്യകഥാപാത്രങ്ങളിലാണ്. മൂന്നുനാലു ദശകങ്ങളായി, വേദിയിൽ അതുല്യനായ നടനായും, രചനയിൽ മികവുറ്റ നാടകകൃത്തായും ഇന്നും തളരാതെ പ്രവർത്തിക്കുന്ന വാസുപ്രദീപ്, പ്രസ്ഥാനത്തിലെ ഒരു നാഴികക്കല്ലാണ്. എഞ്ചിനീയർ നാരായണൻനായരേയും ശാന്താദേവിയേയും, വേദിയോടും ജീവിതത്തോടും എന്നോ വിടവാങ്ങി പിരിഞ്ഞു പോയ ലീലയേയും ഹാജി അബ്ദുറഹിമാനേയും മാറ്റിനിർത്തി മലയാളനാടകവേദിയെപ്പറ്റി ചിന്തിക്കാനാവുമോ? സ്ത്രീകൾ, നാടകവേദിയിൽ പ്രത്യക്ഷപ്പെടാത്ത കാലത്ത്, ധൈര്യമായി മുന്നോട്ടു വന്നു അഭിനയ കലയിൽ തന്റേതായൊരു വ്യക്തിത്വം പ്രദർശിപ്പിച്ച ശ്രീമതി പ്രിയദത്തയ്ക്കു നാടക വേദിയുടെ ചരിത്രം എഴുതുമ്പോൾ അപ്രധാനമല്ലാത്തൊരു സ്ഥാനം കൊടുക്കാതെ പറ്റുമോ? ശ്രീമതി വിലാസിനി, അവരുടെ സഹോദരി പുഷ്പ, ലീലാ ഒണ്ടേൽ, മറ്റിൽഡ, ഇരിങ്ങൽ നാരായണി—ഇങ്ങനെ ചിന്തിക്കാൻ തുടങ്ങുമ്പോൾ, എന്റെ മനസ്സ് കാടുകേറുന്നു. പേരുകൾ പിടികിട്ടാത്ത പലരും എന്റെ മുമ്പിലുണ്ട് പക്ഷേ, എങ്ങനെ എന്തുപറഞ്ഞിവിടെ രേഖപ്പെടുത്തും? ക്ഷമിക്കുക. ക്ഷമിക്കുക

ബ്രദേഴ്സ് മ്യൂസിക്ക് ക്ലബ്ബ്! ശ്രീ കെ. ടി. മുഹമ്മദിന്റെ ഔരസ സന്തതി. കെ. ടി. യുടെ മികവുറ്റ സംഭാവനകൾക്കു മുഴുവനും അടിത്തറ പാകിയത് ഇവിടെയാണ്. ‘ഇത് ഭൂമി’ ഇവിടെ ജനിച്ചു. കോഴിക്കോടിന്റെ നാടക ചൈതന്യം ഇവിടെ ഈ ക്ലബ്ബിൽ വിടർന്നു വികസിച്ചു. അതിന്റെ സൗരഭ്യം കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ വീശി. തീർന്നില്ല, കേരളത്തിന്റെ അതിർത്തികൾ അതിലംഘിച്ചും വീശി. മലയാള നാടകത്തിന്റെ മാദക, പരിമളം നാടെങ്ങും പരത്തി. അതു പോലെ

എം. എസ്സ്. ഡ്രാമാറ്റിക്ക് അസോസിയേഷൻ, അതിന്റെ ജീവനാഡിയായി പ്രവർത്തിച്ചു. പി. എൻ. എം. ആലിക്കോയ നടനും ഗായകനും നാടകകൃത്തും. മി. ബി. മുഹമ്മദ്! അദ്ധ്യാപകജീവിതത്തിൽ നിന്നു പെൻഷൻ പറ്റി പിരിഞ്ഞു വിശ്രമ ജീവിതം നയിക്കുന്ന ഒന്നാന്തരമൊരു നടനാണ്. നാടകകൃത്തും, മാഷുടെ മുസ്ലീം സ്ത്രീവേഷം—ഒരിക്കൽ കണ്ടവർ ആയുഷ്ക്കാലത്തതു മറക്കില്ല, അത്രയ്ക്ക മനോഹരമായിരുന്നു. സംഗതി ഇതെല്ലാമാണെങ്കിലും മാഷെ, കോഴിക്കോട്ടുകാർ വിളിക്കുന്നതു കവിയെന്നാണ്. മാറ്റൊരു പേരു വിളിച്ചാൽ അദ്ദേഹം ഇന്നു വിളി കേൾക്കുമോ? സംശയമാണ്. ഇനി സുബാഷ് തിയറ്റേഴ്സ്. പ്രശസ്ത സിനിമാനടനായ ശ്രീ ബാലൻ കെ. നായരുടെ നേതൃത്വത്തിൽ രൂപം കൊണ്ട സംഘടന. ബാലൻ കെ. നായർ സിനിമയിലേക്കു കടന്നപ്പോൾ, സുബാഷ് തിയറ്ററിൽ വെളിച്ചം കെട്ടു. അതു പ്രവർത്തനരഹിതമായി. നാടക പ്രസ്ഥാനത്തിനു കരുത്തേകിയ മറ്റൊരു സംഘടനയാണ് ആഹ്വാൻ ആർട്സ് ക്ലബ്ബ്. അതിന്റെ ചുക്കാൻ പിടിക്കുന്ന മി. സെബാസ്റ്റ്യൻ ഗായകനാണ്; സംഗീത സംവിധായകനാണ്, ഇനിയുമുണ്ട് സംഘടനകൾ പലതും. ഓർമ്മയ്ക്കു കാലിടറുന്നു. ഇവിടേയും ക്ഷമാപണം.

യുനൈറ്റഡ് ഡ്രാമാറ്റിക് അസോസിയേഷൻ. കൊല്ലം തോറും പുതിയ നാടകമിറക്കുക ഒരു വ്രതമാക്കിയെടുത്ത ഈ സമിതി വളരെയേറെ നടന്മാരെ വളർത്തീട്ടുണ്ട്. എ. കെ. പുതിയങ്ങാടിയെന്ന നാടകകൃത്ത് ഈ സമിതിയുടെ ജീവവായുവായി പ്രവർത്തിക്കുന്നു. പിന്നണി ഗായകനും ഗാനരചയിതാവുമായ കെ. ആർ. ബാലകൃഷ്ണൻ, സിനിമയിലും നാടകത്തിലും ഹാസ്യനടനായി പ്രശംസ പിടിച്ചുപറ്റിയ കുഞ്ഞാവ. അങ്ങനെ ഓർക്കാൻ എത്രയെത്ര പേരുകൾ! ഇവരൊക്കത്തന്നെ കേന്ദ്രകലാസമിതിയുടെ സജീവ പ്രവർത്തകരുമായിരുന്നു.

— 53 —

## കാബൂളിവാല

'കന്യാദാന'ത്തിന്റെ കഥ പറഞ്ഞു. ഇനി പറയാനുള്ളതു കാബൂളിവാലയുടെ കഥയാണ്. കോഴിക്കോട്ടുപട്ടണം ടാഗോർ ജന്മശതാബ്ദിയാഘോഷത്തിന്റെ തിരക്കിലാണ്. പൗരാവലി യോഗംചേർന്ന് ആഘോഷപരിപാടികളുടെ നടത്തിപ്പിൽ ഒരു സമിതിയെ തിരഞ്ഞെടുത്തു. സമിതിയുടെ അധ്യക്ഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. കെ. എൻ. പിഷാരടി. കൺവീനർ മിസ്സിസ് കേണൽ രാജൻ. ട്രഷറർ ശ്രീ ബാലഗംഗാധര മേനോൻ. അദ്ദേഹം മുനിസിപ്പൽ കമ്മീഷണറായിരുന്നു. വിശ്വഭാരതിയിൽ ഉപരിപഠനം നടത്തി ബിരുദം നേടിയ വ്യക്തിയെന്ന നിലയിലും കമ്മീഷണറെന്ന നിലയിലും സമിതിയിലുള്ള അദ്ദേഹത്തിന്റെ സാന്നിധ്യം എല്ലാവരും അന്നു വളരെയേറെ വിലമതിച്ചിരുന്നു. പൗരമുഖ്യരും കലാസാംസ്കാരികരംഗത്തെ പ്രവർത്തകരും മറ്റുമായി സമിതിയിൽ പ്രശസ്തരായ വേറേയും അംഗങ്ങളുണ്ടായിരുന്നു. എല്ലാവരുടെ പേരും ഓർക്കുന്നില്ല.

സമിതിയുടെ ആദ്യത്തെ യോഗം മെഡിക്കൽ കോളേജിൽ പ്രിൻസിപ്പലിന്റെ മുറിയിലാണു ചേർന്നത്. കെട്ടിടത്തിന്റെ പ്രവൃത്തി മുഴുമിക്കാത്തതുകൊണ്ട്, കോളേജ് താൽക്കാലികമായി അന്നു പ്രവർത്തിച്ചുപോന്നതു ബീച്ചാശുപത്രിയുടെ രണ്ടു കെട്ടിടങ്ങളിലായിരുന്നു. ആഘോഷ പരിപാടികളുടെ വിശദമായ ചർച്ച ആരംഭിച്ചപ്പോൾ മഹാകവിയുടെ ഒരു നാടകം അവതരിപ്പിക്കണമെന്ന് ആരോ ഒരാൾ അഭിപ്രായപ്പെട്ടു. അപ്പോൾ ഏതു നാടകമാണു വേണ്ടതെന്ന വിഷയത്തെപ്പറ്റി ചൂടുപിടിച്ച ചർച്ച തുടങ്ങി. ചിലരദ്ദേഹത്തിന്റെ നോവൽ നാടകമാക്കണമെന്നഭിപ്രായപ്പെട്ടു. വേറെ ചിലർ ചെറുകഥളിലേതെങ്കിലുമൊന്നു വേണമെന്നു ശഠിച്ചു, അപ്പോൾ പി. സി. യാണു പറഞ്ഞത് 'കാബൂളിവാല' വേണമെന്ന്. എതിരഭിപ്രായമുണ്ടായില്ല. എല്ലാവർക്കും എളുപ്പത്തിൽ യോജിക്കാൻ കഴിഞ്ഞു. അപ്പോൾ പുതിയൊരു പ്രശ്നം തലപൊക്കി. നാടകരചനയുടെ ഉത്തരവാദിത്വം ആരേറ്റെടുക്കും? ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്കു ശേഷം എല്ലാവരും ഒന്നിച്ച് ഒരേ ശബ്ദത്തിൽ പറഞ്ഞു: "പി. സി." നിഷേധിക്കാൻ പി. സി. തുനിഞ്ഞില്ല. അഭിപ്രായം കൊള്ളാമെന്ന മട്ടിൽ ചി

രിച്ചു. അടുത്ത നിമിഷത്തിൽ പി. സി. പറയുന്നു:

“ഇവിടെ നാടകരചന ആരു നിർവ്വഹിക്കണമെന്നതല്ല പ്രശ്നം. നാടകരചന നടക്കണം. അത് അവതരിപ്പിക്കാനും കഴിയണം. അതിന്നൊരു വഴിയേ ഉള്ളൂ. ചുമതല തിക്കോടിയൻ ഏല്ക്കണം.”

എതിരഭിപ്രായമില്ലാത്തതുകൊണ്ടാവണം, അല്ലെങ്കിൽ എന്നെ, വേണ്ടപോലെ അറിയാത്തതുകൊണ്ടാവണം ആരും ഒന്നും പറഞ്ഞില്ല. എതിരഭിപ്രായമുണ്ടായിട്ടും, വല്ലതും പറയാനെനിക്കു കഴിയും മുമ്പെ പിഷാരടിസ്സാറിന്റെ തീരുമാനം വരുന്നു:

“അഃ തിക്കോടിയൻ എഴുതട്ടെ. നമുക്കു പരിപാടികളൊക്കെ ഭംഗിയാക്കണം.”

ആ വലിയ മനുഷ്യന്റെ മുഖത്തു നോക്കി നിഷേധരൂപത്തിലെന്തെങ്കിലും പറയാൻ എനിക്കു കഴിഞ്ഞില്ല. എന്റെ മൗനം സമ്മതമെന്നു നിശ്ചയിച്ച കൺവീനർ മിനിട്ട്സ് ബുക്കിൽ തീരുമാനം എഴുതിച്ചേർത്തു. യോഗം പിരിഞ്ഞ് എഴുന്നേല്ക്കുമ്പോൾ, ജാലകപ്പഴുതിനപ്പുറം സന്ധ്യ മുഖം കറുപ്പിച്ചു നില്ക്കുന്നുണ്ടായിരുന്നു. അപ്പോൾ ഏതോ വലിയൊരു കാര്യം ഓർമ്മവന്നപോലെ പിഷാരടിസ്സാർ പറയുന്നു:

“ഇവിടത്തെ ‘മോർച്ചറി’ ആരും കണ്ടിട്ടില്ലല്ലോ. വരൂ, ഒന്നു നടന്നു കാണാം.”

അദ്ദേഹം മോർച്ചറിയുടെ താക്കോലിനുവേണ്ടി ആരെയോ തിരക്കുന്നു. ഞാൻ പരമദീനനായി പി. സി. യുടെ മുഖത്തു നോക്കി. ഇരുണ്ടു വരുന്ന സന്ധ്യയ്ക്കു ശവങ്ങളുടെ കലവറ കാണാനുള്ള ആ ക്ഷണം ഏതു തരത്തിലാണു സ്വീകരിക്കേണ്ടതെന്നറിഞ്ഞു കൂടാതെ പി. സി. യും ഒട്ടൊരു തളർച്ചയിലാണെന്ന് അദ്ദേഹത്തിന്റെ മുഖഭാവം സൂചിപ്പിക്കുന്നു. പലരും അത്ര സന്തോഷത്തോടെയല്ല ആ ക്ഷണം സ്വീകരിച്ചതെന്നു മനസ്സിലാക്കാൻ ഏറെ താമസം വേണ്ടിവന്നില്ല. ചിലർക്കു തിരക്ക്. മറ്റു ചിലർക്ക് ഉടനെ ചെന്നെത്തി തീർക്കേണ്ട ജോലികൾ. ഭാഗ്യം. താക്കോൽ സൂക്ഷിപ്പുകാരനെ കാണാനില്ല. അവൻ ദീർഘായുസ്സായിരിക്കട്ടെ.

“എന്നാൽ പിന്നീടൊരിക്കലാവാം.” പിഷാരടിസ്സാർ മനമില്ലാമനസ്സോടെ ഞങ്ങൾക്കു പിരിയാനനുമതി തന്നു. വലിയൊരു വിപത്തിൽനിന്നു രക്ഷപ്പെട്ടപോലെ ഞാൻ ബദ്ധപ്പെട്ടു നടന്നു. കോണിപ്പടവുകളിറങ്ങി നെടുതായൊന്നു നിശ്വസിച്ചപ്പോൾ അല്പമൊരാശ്വാസം കിട്ടി. പക്ഷേ, മനസ്സു പൂർണ്ണമായി തണുത്തില്ല. എന്റെ തോളിൽക്കേറി ഇരിപ്പാണല്ലോ ‘കാബൂളി വാല’, എല്ലാവരും പിരിഞ്ഞു. ഞാനും പി. സി. യും നടന്നു. മൂന്നാം റെയിൽവെഗേറ്റ് കടന്നു ഞങ്ങൾക്കു വേർപിരിയേണ്ട സ്ഥലത്തെത്തിയപ്പോൾ ഞാൻ പറഞ്ഞു:

“ഇതു വേണ്ടായിരുന്നു പി. സി.”

“ഏത്” ഒന്നുമറിയാത്തപോലെ പി. സി. യുടെ ചോദ്യം.

“എന്നോടിതു വേണ്ടായിരുന്നു.”

"എടോ, തന്നെപ്പോലൊരു മടിയൻ ഈ ഭൂമിയിൽ പിറന്നിട്ടുണ്ടോ? ഇങ്ങനെ വല്ല വെട്ടിലും വീഴ്ത്തിയില്ലെങ്കിൽ താൻ ഒരു ചുക്കും ചെയ്യില്ല."

വാദപ്രതിവാദത്തിനു സമയമില്ലാത്തതുകൊണ്ട് ഞാൻ മറുപടി പറഞ്ഞില്ല. കാബൂളിവാല വായിച്ചിട്ടുണ്ട്. കഥ നല്ലപോലെ അറിയാം. അതിൽനിന്ന് ഒരു നാടകമുണ്ടാക്കിയെടുക്കാൻ കഥയറിഞ്ഞാൽ മതിയോ? മിനിയെന്ന ആമ്പൽപ്പൂ പോലുള്ള പെൺകുഞ്ഞ്; 'കാബൂളിവാല'യെന്ന അതികായൻ. പർവ്വതതുല്യൻ. ഇവരുടെ ചേർച്ച, സൗഹൃദം, ഇതൊക്കെ പ്രേക്ഷകനെ വിശ്വസിപ്പിക്കുംവണ്ണം വേണമല്ലോ രചന നടത്താൻ. കുറേയൊക്കെ ക്ലേശിച്ചാൽ ഇതൊക്കെ മിതമായ മട്ടിൽ ചെയ്യാൻ കഴിഞ്ഞെന്നുവരും. പക്ഷേ, ശ്രീ ബാലഗംഗാധര മേനോനുണ്ടല്ലോ സമിതിയിൽ. വിശ്വഭാരതിയിൽ ശിക്ഷണം നേടിയ മനുഷ്യൻ. അദ്ദേഹം എന്റെ കൃതി വായിക്കില്ലേ? എന്തു തോന്നുമദ്ദേഹത്തിന്? ഈ ചിന്തയാണെന്നെ വിഷമിപ്പിച്ചത്. എന്തു വിഷമിപ്പിച്ചാലും എഴുതിയേ പറ്റൂ. തലപ്പത്തിരിക്കുന്നതു പിഷാരടിസ്സാറാണ്. സ്നേഹവാത്സല്യങ്ങൾകൊണ്ടു കീഴടക്കിയ മനുഷ്യൻ. അദ്ദേഹത്തിന്റെ മുന്നിൽ ഗുരുത്വദോഷിയാവാൻ വയ്യ. മടിച്ചു മടിച്ചാണെങ്കിലും സംഗതി ഒരു പരുവത്തിലാക്കി. അടുത്ത സമിതിയോഗത്തിൽ വെച്ചു കാലേ കൂട്ടി - ബാലഗംഗാധര മേനോനെക്കണ്ടു നാടകമേല്പിച്ച്, അതൊന്നു വായിച്ചുനോക്കാനും അബദ്ധങ്ങൾ ഏറെയുണ്ടെങ്കിൽ നിരസിക്കാനുമുള്ള അവകാശം അദ്ദേഹത്തിൽ സമർപ്പിച്ചു ഞാൻ തടിരക്ഷപ്പെടുത്തി.

എന്തായിരിക്കും മറുപടിയെന്നറിയാൻ താൽപര്യം വളരെയുണ്ടായിരുന്നു. എന്നിട്ടും അതൊന്നും ഭാവിക്കാതെ, അദ്ദേഹത്തെ ചെന്നു കാണാതെ, ഫോൺ ചെയ്തു വിവരം തിരക്കാതെ ഞാൻ കഴിച്ചുകൂട്ടി. ഒടുവിൽ അദ്ദേഹത്തെ കണ്ടുമുട്ടിയ ദിവസം അദ്ദേഹമിങ്ങോട്ടു ചോദിക്കുന്നു:

"എന്നാണു റിഹേഴ്സൽ"

ആശ്വാസമായി. അടുത്ത യോഗം റിഹേഴ്സലിന്റെ ദിവസം നിർണ്ണയിക്കുകയും അഭിനേതാക്കളെ തീരുമാനിക്കുകയും ചെയ്തു. കാബൂളിവാലയായി കുഞ്ഞാണ്ടി വേഷമിടണമെന്ന കാര്യത്തിൽ എല്ലാവർക്കും നിർബ്ബന്ധമായിരുന്നു. അന്ന് ആ കഥാപാത്രത്തെ രംഗത്തവതരിപ്പിക്കാൻ കുഞ്ഞാണ്ടിയല്ലാതെ, രണ്ടാമതൊരു നടന്റെ പേരു പറയാൻ സമിതിയിൽ ആരുമുണ്ടായിരുന്നില്ല. മിനിയുടെ അച്ഛനായി മി. സദാനന്ദനെ തീരുമാനിച്ചു. മി. സദാനന്ദൻ പിയേഴ്സ് ലസ്ലിയിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു. ദേശപോഷിണി വളർത്തിയെടുത്ത കഴിവുള്ള ഒരു നടനും. 'മിനി'യുടെ കാര്യത്തിലായിരുന്നു എല്ലാവർക്കും ആശങ്ക. ആ പ്രായത്തിൽ അതുപോലൊരു പെൺകുട്ടിയെ കിട്ടണം. അഭിനയിക്കാനുള്ള സാമർത്ഥ്യവും വേണം. ആരുണ്ട് എവിടെയുണ്ട് എന്നായി പിന്നത്തെ ആലോചന. അപ്പോൾ ആരാണു പറഞ്ഞതെന്നോർക്കുന്നില്ല. മി. ബാലഗംഗാധര മേനോന്റെ മകൾ, സുജാത, പ്രായത്തിലും ആകാരത്തിലും, മിനിക്കു ചേരും, സംശയിക്കാനില്ല. എല്ലാവർക്കും അഭിപ്രായം അതാണെങ്കിൽ ശ്രമിക്കാമെന്ന മറുപടി മാത്രമേ മി. മേനോൻ പറഞ്ഞുള്ളൂ.

റിഹേഴ്സലിന്റെ ആദ്യദിവസം. കാബൂളിവാലയും മിനിയും കണ്ടുമുട്ടുന്നു, അവർ അന്യോന്യം സുഹൃത്തുക്കളാകുന്നു. പ്രായത്തിനനുസരിച്ച വാക്കുകളിലൂടെ അവർ ആശയവിനിമയം നടത്തണമല്ലോ. മിനി മണിമണി പോലെ പറയുന്നു. മി. കുഞ്ഞാണ്ടി മുഴുവനായും സംഭാഷണം പഠിച്ചിട്ടില്ല, അതുകൊണ്ട് ഉടനടി മിനിക്ക് ഉത്തരം കൊടുക്കാൻ കഴിയുന്നില്ല. മി. കുഞ്ഞാണ്ടി സംശയിച്ചു നില്ക്കുന്നു. അപ്പോൾ മിനി പറഞ്ഞു കൊടുക്കുന്നു. കേട്ടുനില്ക്കുന്നവർ ചിരിക്കുന്നു. ആരും രംഗത്തു സംശയിച്ചുനില്ക്കാൻ പാടില്ല. അങ്ങനെ സംശയിച്ചു നിന്നാൽ ഉടനെ മിനി ആ സംഭാഷണം ഭംഗിയായി പറഞ്ഞു കൊടുക്കും. തുടക്കത്തിൽ മാത്രമല്ല, റിഹേഴ്സൽ നടക്കുന്ന എല്ലാ ദിവസവും ഒരു പ്രോംപ്റ്ററെപ്പോലെ മിനി പായുന്നതു കേട്ട് എല്ലാവർക്കും പരിഭ്രമമായി. നാടകം രംഗത്തവതരിപ്പിക്കുന്ന ദിവസവും മിനി പ്രോംപ്റ്ററുടെ ഭാഗം അഭിനയിച്ചാലുണ്ടാകുന്ന കുഴപ്പമാണ് പരിഭ്രമത്തിനു കാരണം. പക്ഷേ, അതുണ്ടായില്ലെന്നു വെച്ചോളൂ. അതിന്റെ അപകടം വേഗത്തിൽ മനസ്സിലാക്കാൻ മിനിക്കു കഴിഞ്ഞു. ഓ! മിനിയെന്നല്ല പറയേണ്ടതു സുജാതയെന്നാണ്. സുജാതയുടെ ഈ പ്രകടനത്തിന് അവളെ ഒരിക്കലും കുറ്റപ്പെടുത്താൻ വയ്യ. കാബൂളിവാലയുടെ 'സ്ക്രിപ്റ്റ്' മി. ബാലഗംഗാധരമേനോന്റെ കൈവശം കുറച്ചുനാളിരുന്നിട്ടുണ്ടല്ലോ. അച്ഛന്റെ മേശപ്പുറത്തു കിടന്ന സ്ക്രിപ്റ്റ് സുജാത എടുത്തുകൊണ്ടുപോയി വായിക്കുന്നു. രസമുണ്ട്. വീണ്ടും വീണ്ടും വായിക്കുന്നു. അറിയാതെ വായിച്ചുപോകുന്നു. സുജാതയെ കുറ്റപ്പെടുത്താൻ പറ്റുമോ?

നാടകം കഴിഞ്ഞുള്ള ദിവസങ്ങൾ എന്റെ മനസ്സ് വേദനിക്കുകയായിരുന്നു. റിഹേഴ്സൽ ദിവസങ്ങളിൽ ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ അടുത്തു കഴിഞ്ഞവർ പിരിഞ്ഞതിലുള്ള ദുഃഖം ചില്ലറയായിരുന്നില്ല. വല്യമ്മാവനെപ്പോലെ വാത്സല്യനിധിയായ പിഷാരടിസ്സാറുടെ സാന്നിധ്യം ഞങ്ങൾക്കു നല്കിയ മനക്കരുത്ത് അനല്പമായിരുന്നു. ഞങ്ങളുടെ അല്പമായ കഴിവുകൾ, ഊതിയൂതി, തീപ്പൊരിയിൽ നിന്ന് അഗ്നിജ്വാലകൾ വികസിപ്പിച്ചെടുക്കുമ്പോലെ, പ്രോത്സാഹനങ്ങളിലൂടെ അദ്ദേഹം പെരുപ്പിക്കുക തന്നെ ചെയ്തു. ഒരു കലാകാരനെന്നു പറഞ്ഞു കേട്ടാൽ മതി. ഇദ്ദേഹത്തിനു പിന്നെ എന്തൊരു വത്സല്യമാണെന്നോ? എന്തു സഹായം ചെയ്യാനും അദ്ദേഹത്തിനു മടിയില്ല. എല്ലാ കലകളേയും അദ്ദേഹം ആരാധിച്ചു. കഥകളിയെ പ്രത്യേകമായും. ആരും ആ വലിയ മനുഷ്യനെ, കലാസ്നേഹിയെ, നമസ്കരിച്ചു പോകുന്നൊരു സംഭവം.

ഞാൻ ജോലികഴിഞ്ഞു പതിവുപോലെ പട്ടണത്തിലലഞ്ഞു കല്ലായി റോഡിലൂടെ വന്നു കണ്ടംകുളത്തിനടുത്തെത്തിയപ്പോൾ അവിടെയൊരു വീട്ടിൽ വലിയ ആഘോഷം നടക്കുന്നു. അതിഗംഭീരമായ നാഗസ്വരക്കച്ചേരി, ഉച്ചഭാഷിണിയിലൂടെ ഒഴുകുന്നു. തെരുവു വെളിച്ചം കുറവാണ് ഞാൻ പതുക്കെ നടന്നുപോകുമ്പോൾ കുളത്തിനോടു ചേർന്നു പോകുന്ന നിരത്തിന്റെ ഓരത്ത് ഷാരടിസ്സാർ ഇരിക്കുന്നു. രണ്ടാംമുണ്ടു വിരിച്ചു ചമ്രംപടിഞ്ഞിരുന്നു നാഗസ്വരക്കച്ചേരി ആസ്വദിക്കുകയാണ്. അല്പമൊരമ്പരപ്പോടെ നില്ക്കുന്ന എന്നെ കണ്ടപ്പോൾ അദ്ദേഹം വിളിച്ചു:

“വര്വാ, വര്വാ, രസികൻ കച്ചേരിയാ”

ആരുടെയും ക്ഷണം വേണ്ടാ. പുറമ്പോക്കിൽ അല്പമൊരിടം മതി. തന്റെ സ്ഥാനമാനങ്ങളോ പദവിയോ ചിന്തിക്കാതെ, പരിസരം മറന്നു സംഗീതം ആസ്വദിക്കുന്നു. ആ ഇരിപ്പ് ഒരിക്കലും മറക്കാൻ കഴിയില്ല; ആ മഹത്ത്വവും!

അക്കാലത്തൊരു ദിവസം പത്തരക്കു വിയർത്തു കുളിച്ച് അദ്ദേഹം ആകാശവാണിയിൽ കയറി വരുന്നു. സന്ദർശകമുറിയിൽ ഇരുന്നതും, ആ വഴി നടന്നുപോകുന്ന എന്നെ കണ്ടതും ഒരുമിച്ചാണ്. വിളിച്ചു. ഞാൻ അടുത്തുചെന്ന് ആദരവോടെ നിന്നു. മുഖത്തു തെളിച്ചമില്ല. അല്പം ശുണ്ഠിയുള്ളപോലെ തോന്നി, തോന്നലല്ല, ശുണ്ഠിതന്നെ.

“എന്താ ഈ കാണിച്ചത്? ഏ? കഷ്ടായി. അവർക്കു വിവാഹം കഴിച്ചാലെന്താ? എന്താ കുഴപ്പം?”

അദ്ദേഹത്തിന്റെ ശുണ്ഠിയും വിഷവും കണ്ടു. ഞാനാകെ തളർന്നു. അറിഞ്ഞുകൊണ്ട് ഞാനൊൊരപരാധവും ചെയ്തിട്ടില്ല. കുറേ ചോദ്യങ്ങൾക്കു ശേഷം ഒരപരാധിയെപ്പോലെ നില്ക്കുന്ന എന്നെ നോക്കി സംഗതികളദ്ദേഹം വിശദീകരിച്ചു.

സംഗതി അത്ര ഗൗരവമല്ല. കലാമണ്ഡലത്തിൽ ഒരു പരിപാടിയിൽ സംബന്ധിച്ച് തിരിച്ചുവരികയാണദ്ദേഹം. തലേദിവസം രാത്രി അദ്ദേഹം അവിടെ പ്രസംഗിച്ചു. പ്രസംഗം കഴിഞ്ഞ് കലാപരിപാടികൾ മുഴുവനും കണ്ടു. പരിപാടികളുടെ കൂട്ടത്തിൽ എന്റെ ഒരു നാടകവുമുണ്ടായിരുന്നു—കന്യാദാനം. ആ നാടകത്തിൽ അനുരാഗികളായ രണ്ടു പേരെ, കൂടിച്ചേരാനും വിവാഹിതരാവാനും ഞാനനുവദിച്ചിട്ടില്ല. അദ്ദേഹത്തെ വേദനിപ്പിച്ചതതാണ്. ആ കലാഹൃദത്തിന്റെ നൈർമ്മല്യത്തിനുമുമ്പിൽ ആദരവിന്റെ പിച്ചിപ്പൂക്കളർപ്പിച്ചുകൊണ്ട് ഞാനാശ്വസിക്കട്ടെ.

— 54 —

## ആതുരസേവനത്തിൻ കഥ

'കാബൂളിവാല' പർവ്വതരൂപിയായ പത്താൻകാരൻ. ആ പർവ്വതത്തിലെവിടെയോ ഒരു കുളിർനീരുറവ: സ്നേഹം; കത്തിജ്ജ്വലിക്കുന്ന കണ്ണുകളിലെവിടെയോ, നേരിയ സ്ഫുരണം; വാത്സല്യം. 'മിനി'മോളതു കണ്ടെത്തുന്നു. അവർക്കിടയിലെ ബാഹ്യമായ വൈരുദ്ധ്യങ്ങളത്രയും അവിടെവച്ച് ആ നിമിഷത്തിൽ അസ്തമിക്കുന്നു. മതത്തിന്റെയും ജാതിയുടെയും മതിൽക്കെട്ടുകൾ തകർന്നു. ആചാരത്തിന്റെ, വിശ്വാസത്തിന്റെ, ദേശത്തിന്റെ, അതിരുകൾ മായുന്നു. നിറയെ മുള്ളുള്ളൊരു കള്ളിച്ചെടിയിൽ വിടരുന്ന പൂവിന്റെ പരിമളം മണത്തറിഞ്ഞ്, വർണ്ണഭംഗി കണ്ടറിഞ്ഞ്, പറന്നണയുന്ന ഒരു ചിത്രശലഭത്തെപ്പോലെ മിനി ആ പത്താൻകാരന്റെ മടിയിൽ കയറിയിരിക്കുന്നു; അവർ ഉറ്റ ചങ്ങാതിമാരാവുന്നു. കാബൂളിവാലയും മിനിയും ഒത്തുചേരുമ്പോൾ, മതിമറന്നു കളിക്കുകയും ചിരിക്കുകയും ചെയ്യുമ്പോൾ, പ്രേക്ഷകർക്കു കൗതുകം. സുഖകരമായ ഒരു അനുഭവം അവരെ പൊതിയുന്നു. കാണാൻ കൊതിച്ചതെന്തോ കണ്ടതുപോലുള്ള ചാരിതാർത്ഥ്യത്തിലവർ മുഴുകുന്നു.

കാബൂളിവാലയുടെ വേഷമിട്ടു അരങ്ങിൽ വന്ന കുഞ്ഞാണ്ടിയുടെ കണ്ണുകളിൽ സ്നേഹത്തിന്റെ സ്ഫുരണമുണ്ടായിരുന്നു. കിഴക്കൻ കാടുകൾക്കു പിറകിൽ വിരിയുന്ന ആദ്യകിരണത്തിന്റെ പ്രകാശം പോലെ കറുത്ത താടിരോമങ്ങൾക്കിടയിൽ തെളിയുന്ന ചിരിയിൽ വാത്സല്യത്തിന്റെ തിളക്കമുണ്ടായിരുന്നു. മിനിമോളായി വന്ന സുജാത സമർത്ഥമായി അതു കണ്ടെത്തുന്നു. അവർ തമ്മിലുള്ള ചേർച്ചയും അകൽച്ചയും കണ്ടു പിഷാരടിസ്സാർ പലവട്ടം കണ്ണീരൊപ്പുന്നതു ഞാൻ കണ്ടിട്ടുണ്ട്.

അതിദുസ്സഹമായ ഏകാന്തതയുടെ മണലാരണ്യത്തിൽപ്പെട്ടു വലയുന്ന നിമിഷങ്ങളിൽ ഒരു നീരുറവിപോലെ, പാദസരങ്ങൾ കിലുക്കിക്കൊണ്ട് 'മിനിമോൾ' ഇന്നും എന്റെ അകത്തളത്തിൽ കയറിവരുന്നു. അപ്പോൾ കാലം പിറകോട്ടു പറക്കുന്നു. ഒപ്പം ചില ദശകങ്ങളും! മിനിമോളായി ആസ്വാദകരുടെ സ്നേഹവാത്സല്യങ്ങളും അഭിനന്ദനങ്ങളും ഏറ്റുവാങ്ങിയ സുജാതയുടെ പിറകെ ഇന്ന് ആരെല്ലാമാണ് വരുന്നത്? ലോട്ടസ് സർക്കിളിലെ വിമല, പങ്കജലക്ഷ്മി, തങ്കം, രാജം, ഗിരിജ,

പ്രേമലത...വരൂ, വരൂ. സ്ഥലമുള്ളേടത്തൊക്കെ ഇരിക്കൂ. എന്തുണ്ടു വിശേഷം? സുഖമല്ലേ? സന്തോഷമല്ലേ? പറയൂ. ഞാൻ നിങ്ങളെ എങ്ങനെയാണു സല്ക്കരിക്കേണ്ടത്? നിങ്ങൾ സന്തോഷത്തിന്റെ, സൗഭാഗ്യത്തിന്റെ നെയ് വിളക്കു കാളുത്തി, ഭാഗ്യലക്ഷ്മി വിളയാടുന്ന ഏതേതു കുടുംബത്തിലാണ് പ്രകാശം പരത്തുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. ഇവിടെ എല്ലാവർക്കും സുഖം തന്നെ. വിശേഷിച്ച് കുഞ്ഞാണ്ടിയേട്ടന്. അദ്ദേഹത്തിന് ഇന്നും അരങ്ങ് ഒരു ലഹരിയാണ്. അഭിനയജീവിതത്തിന്റെ പടവുകൾ പലതും പിന്നിട്ട് ഉന്നതങ്ങളിലെത്തീട്ടും തളർന്നിട്ടില്ല. തളരാതിരിക്കട്ടെ. നമുക്കു പ്രാർത്ഥിക്കാം. നിങ്ങളിന്നും ആകാശവാണിയിലെ 'ബാലേട്ട'നായി എന്നെ കാണുന്നുണ്ടോ? സന്തോഷം. എന്റെ കണ്ണ് നനയുന്നതെന്തുകൊണ്ടെന്നോ? ചോദിക്കൂ. ഈ വിമലയോടു ചോദിക്കൂ. 'മഴവില്ലിന്റെ' വിമലയോട്. വിമലേ, വിമലേ...ഓ, പോയോ? നൂറ്റാണ്ടുകളെ പിടിച്ച് നിമിഷത്തിന്റെ അളുക്കിലൊതുക്കുന്ന മനസ്സല്ലേ? വേഗം വേഗം പലരും വരും, പോകും. സാരമില്ല.

ഇന്നാദ്യമായി കയറിവന്നത് പിഷാരടിസ്സാറായിരുന്നു. കാരണമുണ്ട്. ഞങ്ങൾ കോഴിക്കോട്ടുകാർക്ക് ഒരിക്കലും അദ്ദേഹത്തെ മറക്കാൻ പറ്റില്ല. കരയും കുറിയുമില്ലാത്ത ഒരു വെള്ളമുണ്ടും മുറിക്കൈയൻ കുപ്പായവും തോളിലൊരു തോർത്തുമായി ഇതിലെ കടന്നുപോയ പിഷാരടിസ്സാറിന്റെ കാല്പാടുകൾ കോഴിക്കോടിന്റെ മണ്ണിൽ ഇന്നും മായാതെ കിടപ്പുണ്ട്. ആറ്റുനോറ്റ്, അകം നിറയെ കൊതിയുമായി ഒരു മെഡിക്കൽ കോളെജിനുവേണ്ടി കാത്തിരുന്ന മലബാറുകാരുടെ അഭീഷ്ടസിദ്ധിക്ക് അന്നു കൈമെയ് മറന്നു പ്രയത്നിച്ചത് ആരോഗ്യ മന്ത്രി ശ്രീ എ. ആർ. മേനോനും ആദ്യത്തെ പ്രിൻസിപ്പലായി വന്ന ശ്രീ കെ. എൻ. പിഷാരടിയുമായിരുന്നു. അവരുടെ ആത്മാർത്ഥമായ പ്രവർത്തനമില്ലാതിരുന്നെങ്കിൽ മെഡിക്കൽ കോളെജ് ഇന്നും പ്രമേയങ്ങളിലും പ്രസ്താവനകളിലും ചുരുണ്ടുകൂടിക്കിടക്കുമായിരുന്നു. മലബാറിനൊരു മെഡിക്കൽ കോളെജ് എത്ര മാത്രം ആവശ്യമായിരുന്നെന്നു മനസ്സിലാവണമെങ്കിൽ പഴയ ചരിത്രപുസ്തകത്തിന്റെ ഏടുകൾ മറിച്ചുനോക്കുക തന്നെ വേണം.

ഇന്നത്തെ ആന്ധ്രപ്രദേശടക്കമുള്ള ഒരു വലിയ പ്രവിശ്യയുടെ വാലെന്നപോലെ കിടന്ന പ്രദേശമായിരുന്നു മലബാർ. തലസ്ഥാനമങ്ങ് മദിരാശിയിൽ. അവിടെയിരുന്ന് ഭരണം നടത്തുന്നതാണെങ്കിൽ സായ്പും. നിർലോഭമായി അന്നു മലബാറിന്ന് അനുവദിച്ചു കിട്ടിയത് 'പിന്നാക്കാവസ്ഥ'യായിരുന്നു. കൃത്യമായി, കണിശമായി എന്തെങ്കിലുമന്നു നടന്നിട്ടുണ്ടെങ്കിൽ, നികുതിപിരിവുമാത്രം. അത് ഒരിക്കലും മുടങ്ങിയിട്ടില്ല. മുടങ്ങുന്നേടത്ത് ജപ്തിയും വാറണ്ടും പറന്നെത്തും. കോടതിയും നിയമവുമൊക്കെ നികുതിയിലാണു കണ്ണുനട്ടിരുന്നത്. ഖജനാവ് നിറയണമെങ്കിൽ നികുതി പിരിയണമല്ലോ. വിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുമരാമത്ത് തുടങ്ങിയ എല്ലാ മേഖലകളിലും മലബാർ പിന്നാക്കം തന്നെ. കൂട്ടത്തിൽ ഏറെ ശോഷിച്ചു, ഗ്രഹണി പിടിച്ച കുഞ്ഞിനെപ്പോലെ വയറുന്തി, വിളർത്ത്, വികലരൂപിയായി നിന്നത് ആരോഗ്യവകുപ്പായിരുന്നു.

മലബാറിനാകെക്കൂടി എടുത്തുപറയാവുന്ന ഒരു സ്ഥാപനമുണ്ടായിരുന്നത് തലസ്ഥാന നഗരമായ കോഴിക്കോട്ടുള്ള ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലായിരുന്നു. വളരെ പരിമിതമായ സൗകര്യങ്ങളേ അവിടെ ഉണ്ടായിരുന്നുള്ളു. അവിടെ മേധാവിയായി വാഴുന്നത് എന്നും ഒരു സായ്പാണ്. അദ്ദേഹത്തെ ജനം 'അപ്പോത്തിക്കിരി' എന്നു വിളിച്ചുപോന്നു. അപ്പോത്തിക്കിരിമാരിൽ പ്രബലരായ പലരും അന്നവിടെ വാണിട്ടുണ്ട്. മേജർ കോക്സ്; ഷെപ്പേർഡ് തുടങ്ങിയവരുടെ പേരുകൾ സ്മരിക്കത്തക്കതാണ്.

ഗ്രാമങ്ങളിലെ സംഗതിയാണു വിചിത്രം. അവിടങ്ങളിലന്ന് നിലവിലുണ്ടായിരുന്ന സമ്പ്രദായം വിവരിച്ചുകേട്ടാൽ ഇന്നാരും വിശ്വസിക്കില്ല. അപൂർവ്വമായി ചിലയിടങ്ങളിൽ 'ലോക്കൽ ഫണ്ട് സിസ്പെൻസറി'യെന്ന പേരിൽ ചില സ്ഥാപനങ്ങൾ കാണാൻ കഴിയുമായിരുന്നു. അവ ഡിസ്ട്രിക്ട് ബോർഡോ താലൂക്ക് ബോർഡുകളോ നടത്തുന്നവയായിരിക്കും. ഏതെങ്കിലുമൊരു ചെറിയ വാടകക്കെട്ടിടത്തിന്റെ മുമ്പിൽ തൂങ്ങുന്ന ബോർഡിനു കീഴിൽ, ചുമച്ചും കിതച്ചും കുനിക്കൂടിയിരിക്കുന്ന, കുറച്ചു പേരെ കണ്ടാൽ തീരുമാനിക്കാം, അതൊരു ലോക്കൽ ഫണ്ട് ഡിസ്പെൻസറിയാണെന്ന്. ഒരു കമ്പോണ്ടറും ഡോക്ടറും അവിടെ ഉണ്ടായിരിക്കണം. മിക്കപ്പോഴും കമ്പോണ്ടർ മാത്രം കണ്ടെന്നുവരും. അദ്ദേഹത്തിനു വലിയ ജോലിയൊന്നുമില്ല. ഇടയ്ക്കിടയ്ക്ക് ഉറക്കം തൂങ്ങുകയും തൂങ്ങിത്തൂങ്ങി നിലത്തു വീഴുമെന്നാകുമ്പോൾ ഭിത്തിയിൽ ചാരി ഉറങ്ങുകയും ചെയ്യുന്നതാണ് കമ്പോണ്ടറുടെ പ്രധാന ജോലി. രാവിലെയും വൈകീട്ടും ഡോക്ടറുടെ സാന്നിദ്ധ്യമുണ്ടാകും. ഈ രോഗികളെ പരിശോധിക്കുകയല്ലാതെ ഔഷധം കൊടുക്കുകയെന്ന കർമ്മം നടക്കാറില്ല. ഡോക്ടറുടെ കുറ്റം കൊണ്ടല്ല; മരുന്നില്ലാത്തതുകൊണ്ട്. ഡിസ്ട്രിക്ട് ബോർഡിൽ നിന്നും 250 രൂപയ്ക്കുള്ള മരുന്നു ഡോക്ടറെ ഏല്പിക്കുന്നു. ഒരു മാസത്തേക്കുള്ള മരുന്നാണ്. മുഴവനും സൗജന്യമായി രോഗികൾക്കു കൊടുക്കാനുള്ളതല്ല. കുറച്ചു ധർമ്മ ചികിത്സയ്ക്കായുപയോഗിക്കാം. ബാക്കിയുള്ളതു വിറ്റു കിട്ടുന്നതുകൊണ്ട് ഡോക്ടറുടെ ശമ്പളമെടുക്കണം, കമ്പോണ്ടർക്കു ശമ്പളം കൊടുക്കണം. പിന്നെ കെട്ടിടത്തിന്റെ വാടകയ്ക്കും വക കാണണം. അതാണു വ്യവസ്ഥ. ഈ വ്യവസ്ഥയിൽ പാവപ്പെട്ട ഗ്രാമീണരുടെ ചികിത്സാ സൗകര്യം ഒതുങ്ങി നില്ക്കണം. ബഹുമാനപ്പെട്ട ഭരണവകുപ്പ് സൃഷ്ടിച്ചുവെച്ച ഈ വ്യവസ്ഥ രോഗങ്ങളുണ്ടോ അറിയുന്നു? അറിഞ്ഞാൽത്തന്നെ വ്യവസ്ഥയിലൊതുങ്ങിക്കൂടാനുള്ള നിയമബോധം രോഗങ്ങൾക്കുണ്ടോ? ലോക്കൽ ഫണ്ട് ഡിസ്പെൻസറിയുടെ ബോർഡ് കണ്ടു ഭയപ്പെടാതെ രോഗങ്ങൾ വളരുന്നു; പടരുന്നു; പ്രചരിക്കുന്നു; പാവപ്പെട്ട ഗ്രാമീണരുടെ. ജീവനപഹരിക്കുന്നു.

ഈ കാലഘട്ടത്തിൽ കോഴിക്കോട്ടും പരിസരപ്രദേശങ്ങളിലുമുള്ള ജനങ്ങൾക്ക് ആശ്വാസത്തിന്റെ തണലേകിയ മൂന്നു പ്രസിദ്ധരായ ഡോക്ടർമാർ നഗരത്തിലുണ്ടായിരുന്നു—ഡോക്ടർ ബാലകൃഷ്ണൻനായർ, ഡോക്ടർ വി. ഐ. രാമൻ, ഡോക്ടർ നാരായണസ്വാമി. ഇവരുടെ പടിക്കൽ എന്നും രോഗികളുടെ നീണ്ട നിര കാണാം. ആർക്കും നിരാശയ്ക്കവകാശമില്ല; പരാതിയുമില്ല. രോഗികളെ പരിശോധി

ക്കുന്നതിനുള്ള പ്രതിഫലം ഇരുപത്തിയഞ്ചു രൂപയെന്നോ, അമ്പതു രൂപയെന്നോ എഴുതിവെച്ച ബോർഡുകൾ ഇവരുടെ പരിശോധന സ്ഥലത്തു കാണില്ല. ശിപാർശിക്കാരേയും കൂട്ടി പോലീസ് സ്റ്റേഷനിലെന്ന പോലെ ഇവരുടെ മുമ്പിലാർക്കും ചെല്ലേണ്ടിവന്നിട്ടില്ല. അവയവങ്ങൾ ഭാഗം വെച്ച് ഡോക്ടർമാരെ ഏല്പിച്ച് ഓരോന്നിനും വെവ്വേറെ ചികിത്സ നടത്തുന്ന സമ്പ്രദായം നിലവിൽവരാത്ത കാലമായതുകൊണ്ട് ഈ മൂന്നു പേരിലാരെയെങ്കിലും കണ്ടാൽ രോഗിക്കു മനസ്സമാധാനത്തോടെ അന്നു തിരിച്ചുപോകാം; രോഗമെന്തായാലും ചികിത്സയുണ്ട്.

ഒരിക്കൽ ഡോക്ടർ നാരായണസ്വാമി എന്നോടൊരു കഥ പറയുകയുണ്ടായി. ഈ കഥയിൽനിന്നു മനസ്സിലാക്കാം അവരുടെ സേവനത്തിന്റെ മഹത്ത്വം. എന്റെ മകൾക്ക് അല്പമൊരസുഖം. ഞാൻ ഡോക്ടർ നാരായണസ്വാമിയെ ഫോൺ ചെയ്തു. അത്രയേ വേണ്ടൂ, ഉടനെ തന്റെ കാറെടുത്തദ്ദേഹം പുറപ്പെടും. റോഡിൽ കാത്തുനിന്നാൽ മതി; അതും പരിചയമില്ലാത്ത വഴിയാണെങ്കിൽ മാത്രം. ഉടനെ വരാമെന്നദ്ദേഹത്തിന്റെ മറുപടി കിട്ടി. ഞാൻ റോഡിൽ അദ്ദേഹത്തെയും കാത്തു നിന്നു. അദ്ദേഹം വന്നു. ഞങ്ങൾ മുമ്പിലും പിമ്പിലുമായി നടന്നു. ഇടവഴിയിലൂടെ കുറച്ചു നടക്കാനുണ്ട്. നടന്നു പോകുമ്പോൾ പെട്ടന്നദ്ദേഹം തിരിഞ്ഞു തടിച്ച കണ്ണടച്ചില്ലിലൂടെ എന്നെ നോക്കി അല്പനിമിഷം മിണ്ടാതെ നിന്നു. പിന്നെ സാവകാശത്തിലദ്ദേഹം പറയുന്നു:

"തിക്കോടിയൻ, നിങ്ങളൊക്കെ ആകാശവാണിയിൽ ജോലി ചെയ്യുന്നു. അവിടെ എന്നും പാട്ടു കച്ചേരി, കഥകളി, നാടകം. പരമ സുഖം. എന്നാൽ എന്നെപ്പറ്റി നിങ്ങളാലോചിച്ചിട്ടുണ്ടോ? ഇന്നോളം ഒരു പാട്ടുകച്ചേരി കേൾക്കാൻ എനിക്കു സൗകര്യമുണ്ടായിട്ടില്ല. എല്ലാവരെയും പോലെ സ്വസ്ഥമായിരുന്ന് ഉണ്ണാനെനിക്കു കഴിയാറില്ല. ഉണ്ണാൻ തുടങ്ങുമ്പോഴേക്കും ഏതെങ്കിലുമൊരു രോഗി വരും. ഇല്ലെങ്കിൽ ആരെങ്കിലും ഫോൺ ചെയ്യും. രോഗികളല്ലേ വരുന്നത്. ഞാൻ ഊണു കഴിക്കുന്നു; പാട്ടു കച്ചേരി കേൾക്കുന്നു; അല്ലെങ്കിൽ നാടകം കാണുന്നു എന്നു പറയാൻ പറ്റുമോ? എന്റെ തൊഴിൽ രോഗികളെ ശുശ്രൂഷിക്കലല്ലേ? അവർ വരുന്നു; നേരം പുലരുംമുമ്പേ വരുന്നു. പാതിരാവു കഴിയുവോളം വരുന്നു. എനിക്കവരെ മടക്കിയയയ്ക്കാൻ പറ്റുമോ? ഇതാ ഇങ്ങനെ കഴിയുന്നു. നടക്കട്ടെ, നടക്കട്ടെ."

ഞാനാലോചിച്ചു. എന്തൊരു ജീവിതം! ആരെങ്കിലും ഈ സേവനം മനസ്സിലാക്കുന്നുണ്ടോ? ഡോക്ടർ ബാലകൃഷ്ണൻ നായർ ഒരിക്കലൊരു സംഭവം വിവരിച്ചുകേട്ട് ഞാനത്ഭുതപ്പെട്ടിട്ടുണ്ട്. ഒരു തെരഞ്ഞെടുപ്പുകാലം. ശ്രീ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് കോഴിക്കോട്ടു സ്ഥാനാർത്ഥിയാണ്. ശ്രീ സി. അച്യുതമേനോനും ഇ. എം. എസ്സും പ്രചാരവേലയ്ക്കു കോഴിക്കോട്ടെത്തുന്നു. രണ്ടുപേർക്കും അന്നു സ്വതന്ത്രരായി പുറത്തിറങ്ങി നടക്കാൻ പാടില്ല. നടന്നാൽ അകത്താകും. തെരഞ്ഞെടുപ്പു പ്രചാരവേല മുഴുവനും ഒളിവിൽ നടത്തണം.

ഒരു ദിവസം, രാത്രി ഏതാണ്ട് രണ്ടരമണിക്ക് ഡോക്ടറുടെ വാതിലിൽ ആരോ ശക്തിയായി മുട്ടുന്നു. പകലത്തെ നിരന്തരമായ അദ്ധ്വാനംകൊണ്ടു ക്ഷീണിച്ച് ഒരിട

ത്തു കിടന്നതാണ്. വാതിലിൽ മുട്ടുന്ന ശബ്ദം കേട്ട ഡോക്ടർക്ക ഭയങ്കരമായ ശുണ്ഠി വന്നു. വാതിൽ തുറന്നതും അകത്തു കയറിയവരോട് അദ്ദേഹം തട്ടിക്കേറി, ആരാണെന്നറിയാതെ. ഉടനെ അവർ സ്വയം പരിചയപ്പെടുത്തി. നിരത്തിലൂടെ നടന്നുവരുമ്പോൾ ഒരു വാഹനത്തിന്റെ വെളിച്ചം കണ്ടു പോലീസാവുമെന്നു കരുതി കേറിയതാണെന്നോ മറ്റോ പറഞ്ഞെന്നാണ് എന്റെ ഓർമ്മ. ഉടനെ കമ്പോണ്ടറെ വിളിച്ച് ഒരു മുറി തുറന്നുകൊടുക്കാൻ ഏല്പിച്ചു. ഡോക്ടർ ചെന്നു കിടന്നു. കഥ ഇവിടംവരെ യായപ്പോൾ ഡോക്ടർ ഒന്നു ചിരിച്ചു.

"ഞാൻ അവിവേകമൊന്നും പറഞ്ഞു കാണില്ല. ക്ഷീണവും ഉറക്കപ്പിച്ചും നല്ല പോലെയുണ്ടായിരുന്നു. കാലം ഏറെ കഴിഞ്ഞു. സംഗതികളൊക്കെ മറന്നു. ചില തെരഞ്ഞെടുപ്പുകളും കഴിഞ്ഞു. കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വന്നു. ഇ. എം. എസ്സിനു കോഴിക്കോട്ടു പൗരസ്വീകരണം. ഏതു സ്വീകരണമായാലും എനിക്കു ണ്ടോ പോകാൻ നേരം. അന്നു സ്വീകരണമെല്ലാം കഴിഞ്ഞ് കണ്ണൂർക്കു പോകുന്ന ഇ. എം. എസ്. കരുണാകര ഫാർമസിക്കു മുമ്പിലെത്തിയപ്പോൾ കാറു നിർത്തി കയറിവരുന്നു. എന്നെ അന്വേഷിക്കുന്നു. കാണുന്നു. ഞാനാണ് ഇ. എം. എസ്. എന്നു പറഞ്ഞു പരിചയപ്പെടുത്തുന്നു. അപ്പോൾ അന്നു രാത്രിയിലെ മുഴുവൻ സംഭവങ്ങളും ഞാനോർത്തു. ഒരു വലിയ മനുഷ്യൻ അല്ലേ?"

ഡോക്ടർ ബാലകൃഷ്ണൻനായർ ഉണരുന്നതും ഉറങ്ങുന്നതും രോഗികളെ കണ്ടുകൊണ്ടാണ്. മലബാറിന്റെ ഏതു ഭാഗത്തുനിന്നു തേടി വന്നാലും അദ്ദേഹം പോകും. കോഴിക്കോട്ടുള്ള തന്റെ രോഗികളെ നിത്യവും അദ്ദേഹം വീട്ടിൽ ചെന്നു കാണും. സുഖവിവരം അന്വേഷിക്കും. രോഗികളിൽനിന്ന് എന്താണു പ്രതിഫലം കിട്ടുന്നതെന്ന് അദ്ദേഹത്തിനും മറ്റു രണ്ടു ഡോക്ടർമാർക്കും അറിയില്ലായിരുന്നു. ആരും നോക്കാറില്ല. ഡോക്ടർ വി. ഐ. രാമൻ ചില കാര്യങ്ങളിൽ വ്യത്യസ്തനായിരുന്നു. ചിട്ടയിലും പെരുമാറ്റത്തിലും വേഷത്തിലുമെല്ലാം അദ്ദേഹം തികച്ചും പടിഞ്ഞാറൻരീതി അനുകരിച്ചിരുന്നു. വിദേശബിരുദം നേടിയ അദ്ദേഹവും ഗ്രാമഗ്രാമാന്തരങ്ങളിൽ ചെന്നു രോഗികളെ പരിശോധിക്കാൻ മടികാണിച്ചിരുന്നില്ല.

ഒരിക്കൽ എന്റെ ഗ്രാമത്തിലും അദ്ദേഹം വരികയുണ്ടായി. അന്നാണ് ഞാനദ്ദേഹത്തെ കണ്ടത്. എന്റെ അമ്മാമൻ പനിപിടിച്ചു കിടപ്പിലായി. അത്യാസന്ന നില വരുമ്പോൾ കോഴിക്കോട്ടുനിന്നു ഡോക്ടറെ വരുത്തുകയാണ് പതിവ്. നിരത്തിറങ്ങി, പാടവും തോടും കടന്ന് ഏതാണ്ട് ഒരു കിലോമീറ്ററോളം നടക്കണം. ഡോക്ടർ വി. ഐ. രാമൻ വീട്ടുവരാന്തയിൽ കയറുന്നതു കണ്ടു വിസ്മയിക്കുകയായിരുന്നു ഞാൻ. അദ്ദേഹത്തെപ്പോലൊരാൾ പാടവും തോടും കടന്നു നടന്നു വന്നതോർത്തപ്പോൾ....

ആകാശവാണിയുടെ അയലത്തായിരുന്നു അന്നു മെഡിക്കൽ കോളെജ്. പിഷാരടിസ്സാറിനു പുറമെ ഡോക്ടർ കെ. പി. ജി. മേനോൻ, ഡോക്ടർ ഗോവിന്ദൻ, ഡോക്ടർ സി. കെ. രാമചന്ദ്രൻ, ഡോക്ടർ ജി. കെ. വാരിയർ തുടങ്ങിയ പ്രസിദ്ധ

രായ പലരും അന്നവിടെയുണ്ടായിരുന്നു. അക്കാലത്ത് ശ്രീ എൻ. വി. കൃഷ്ണവാരിയരുടെ ജേഷ്ഠൻ രോഗബാധിതനായി അവിടെ വരികയുണ്ടായി. ആപ്പീസിൽ വരുമ്പോഴും. പോകുമ്പോഴും ഞാൻ അദ്ദേഹത്തെ ചെന്നു കാണും.

ഒരു ദിവസം രാവിലെ കൃഷ്ണവാരിയരും ഞാനും രോഗിയുടെ സമീപത്തു നില്ക്കുമ്പോൾ ഒരു ചെറുപ്പക്കാരൻ ഡോക്ടർ പ്രസരിപ്പോടെ നടന്നുവരുന്നു. വന്നു രോഗിയെ പരിശോധിക്കുന്നു. പരിശോധന കഴിഞ്ഞപ്പോൾ കൃഷ്ണവാരിയർ അദ്ദേഹത്തെ പരിചയപ്പെടുത്തുന്നു—ഡോക്ടർ സി. ബി. സി. വാരിയർ.

പില്ക്കാലത്തു പലപല രോഗികളുടെ കാര്യത്തിൽ എനിക്കദ്ദേഹത്തെ സമീപിക്കേണ്ടിവന്നിട്ടുണ്ട്. കറുത്ത മുഖം കാട്ടാതെ, ഏതു കാര്യവും ശ്രദ്ധിച്ചു കേട്ട്, എത്ര ബുദ്ധിമുട്ടുണ്ടായാലും സഹായിക്കാൻ എപ്പോഴുമദ്ദേഹം സന്നദ്ധനാണ്,

കോഴിക്കോട്ടെ അറിയപ്പെടുന്ന നാടകനടിയായിരുന്നു ലീല. ചുടുകാടിനടുത്തുള്ള ചതുപ്പു പ്രദേശത്തൊരു വീട്ടിലാണു താമസം. ലീല രോഗബാധിതയായി കിടക്കുന്ന വിവരമറിയുന്നതു വളരെയേറെ താമസിച്ചാണ്. രോഗം മൂർച്ഛിച്ചിരുന്നു. ആരെയാണു കാണിക്കേണ്ടത്? ആരോടാണു പറയേണ്ടത്? മെഡിക്കൽ കോളേജിലുള്ള വല്ലവരോടും പറയാമെന്നു വെച്ചാൽ, ചളിയും വെള്ളവും കെട്ടിക്കിടക്കുന്ന ചതുപ്പു നിലത്തൂടെ നടന്നു ലീലയുടെ വീട്ടിൽ വരാൻ ആരെങ്കിലും തയ്യാറാവുമോ? ആലോചിച്ചാലോചിച്ച് ഒടുവിൽ ഞങ്ങൾ ഡോക്ടർ സി. ബി. സി. യെ സമീപിച്ചു. ഒരു പ്രാവശ്യം കണ്ടു പരിചയമേ ഉള്ളൂ, എന്തു പറയുമെന്നറിഞ്ഞു കൂടാ. എങ്കിലും, ധൈര്യമവലംബിച്ചു വിവരം പറഞ്ഞു. വളരെ സന്തോഷത്തോടുകൂടി അദ്ദേഹം പുറപ്പെട്ടു. ലീലയെ പരിശോധിച്ചു. രോഗം മാരകമാണ് ക്ഷയം. വളരെ കൂടിയിരിക്കുന്നു. ആശുപത്രിയിലെവിടെയെങ്കിലും കിടത്തി ചികിത്സിക്കണം. സ്ത്രീകൾക്കായുള്ള ആശുപത്രിയിൽ ക്ഷയരോഗവാർഡില്ല. ഡോക്ടർ സി. ബി. സി. തന്നെ ആശുപത്രി സൂപ്രണ്ടിനെ കണ്ട് അവിടെ ഐസലേഷൻ വാർഡിൽ ഒരിടം സമ്പാദിച്ചു. എല്ലാം അദ്ദേഹത്തിന്റെ നേതൃത്വത്തിൽത്തന്നെ നടന്നു. പക്ഷേ, ലീലയെ രക്ഷിക്കാൻ കഴിഞ്ഞില്ല. രോഗം അത്രയ്ക്കു മൂർച്ഛിച്ചുപോയിരുന്നു.

ഇതുപോലെ അനേക കാര്യങ്ങളിൽ അദ്ദേഹത്തിന്റെ ആത്മാർത്ഥമായ സേവനം ഞങ്ങൾക്കു കിട്ടിയിരുന്നു. കലാകാരന്മാരോടും കായിക താരങ്ങളോടും അദ്ദേഹത്തിനു പ്രത്യേകിച്ചൊരു മമതയുണ്ട് വളരെപ്പേറിയാത്ത ഒരു രഹസ്യം അതിലടങ്ങിയിട്ടുണ്ട്. അദ്ദേഹം ഒരു കലാകാരനും കായികതാരവും കൂടിയാണെന്നു വളരെപ്പേരറിയില്ല. ബാസ്കറ്റ് ബാളിൽ വിദഗ്ദ്ധനായ ഒരു കളിക്കാരനാണദ്ദേഹം. കോഴിക്കോട്ടു പ്രശസ്തമായ പല മത്സരക്കളികളും സംഘടിപ്പിക്കുന്ന കാര്യത്തിലദ്ദേഹം നേതൃതം വഹിച്ചതു പലർക്കുമറിയാം.

എന്നാൽ, ഞാനിവിടെ പ്രത്യേകമായോർക്കുന്നത് അദ്ദേഹത്തിന്റെ നാടകാഭിനയമാണ്. മെഡിക്കൽ കോളെജിൽ—അത്രയൊന്നും മുമ്പല്ല—ഒരു പരിപാടി നടക്കുകയുണ്ടായി: ‘ഈവ്നിങ് ടു റിമമ്പർ’. അതു സംഘടിപ്പിക്കുന്നതിലും ഡോ

കൂർ സി. ബി. സി. തന്നെ മുൻകൈയെടുത്തു. മാത്രമല്ല, പരിപാടിയിലെ മുഖ്യ ഇനമായ നാടകത്തിലെ പ്രധാന കഥാപാത്രമായി അദ്ദേഹം അരങ്ങത്തെത്തുകയും ചെയ്തു. ഡോക്ടർ അശോകൻനമ്പ്യാർ, ഡോക്ടർ എൻ. എസ്. വേണുഗോപാൽ, ഡോക്ടർ പിള്ള, ഡോക്ടർ മിസ്സിസ് രാമചന്ദ്രൻനായർ തുടങ്ങിയവർ അഭിനേതാക്കളായി അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. നാടകം പൊതുവെ പ്രക്ഷകരുടെ മുക്തകണ്ഠമായ പ്രശംസ നേടിയെടുത്തു. ഡോക്ടർ സി. ബി. സി. യാവട്ടെ പ്രത്യേകമായ പ്രശംസയും!

— 55 —

## ദൽഹിയിലൊരു സെമിനാർ

ഓർക്കാപ്പുറത്ത് ഒരു ദൽഹിയാത്ര. നാടുകാണാനുള്ള രസംകൊണ്ടു പുറപ്പെട്ടതല്ല. കാശിക്കു പകരം വെയ്ക്കാവുന്ന പുണ്യസ്ഥലമായി ദൽഹി മുഴുവനുമായി മാറീട്ടില്ല. അതുകൊണ്ടു പുണ്യം നേടാൻ പുറപ്പെട്ടതുമല്ല. എന്നെ സംബന്ധിച്ച് ഏതു യാത്രയും ദുസ്സഹമാണ്. എല്ലാ നാടും ഒന്നു പോലെ, എല്ലാ മനുഷ്യരും ഒന്നുപോലെ, എല്ലാ മലകളും നദികളും ഒന്നുപോലെ എന്നു വിശ്വസിച്ച് ഒതുങ്ങിക്കഴിയാനാണ് എന്നും ഞാനാഗ്രഹിച്ചത്. എന്റെ ഗ്രാമത്തിലെ വലിയമലയിൽ ഹിമാലയവും വിന്ധ്യനുമൊക്കെ ദർശിച്ച ഞാനാശ്വസിക്കുന്നു. വീട്ടിന്റെ ഉമ്മറത്തിരുന്നു കൺതുറക്കുമ്പോൾ, പാടത്തിനപ്പുറം അങ്ങു കിഴക്കു സഹ്യാദ്രിയുടെ നീലിമ കാണാനെനിക്കു സൗകര്യമുണ്ടായിരുന്നു. അതുകൊണ്ടു ഞാൻ തൃപ്തനുമായിരുന്നു. ദൽഹിയാത്ര തികച്ചും ഔദ്യോഗികമായതു കൊണ്ട്, എന്റെ വിശ്വാസത്തിനും സംതൃപ്തിക്കുമൊക്കെ ഇവിടെയെന്തു സ്ഥാനം?

ദൽഹിയിൽ സെമിനാർ നടക്കുന്നു. എന്നുവെച്ചാൽ ആകാശവാണിയിലെ പ്രൊഡ്യൂസർമാരേയും നാട്ടിലുള്ള പ്രമുഖ സാഹിത്യകാരന്മാരേയുമൊക്കെ വിളിച്ചു ചേർത്തുള്ള ഒരു സെമിനാർ. പോകാതിരിക്കാൻ പറ്റുമോ? പ്രമുഖ സാഹിത്യകാരന്മാരിലൊരാളെന്ന നിലയിൽ എനിക്കു നറുക്കു വീണതല്ല.

ഇവിടെ ഓർമ്മിക്കാൻ വിട്ടുപോയ ഒരു കാര്യമുണ്ട്. ഈ സമയമാകുമ്പോഴേക്കും ഞാൻ ആകാശവാണിയിലെ പ്രൊഡ്യൂസർമാരെന്ന ജാതിയിൽ ഒരു അംഗമായിക്കഴിഞ്ഞിരുന്നു. ആരുടെ ദയകൊണ്ടതു സംഭവിച്ചു എന്ന് എനിക്കറിഞ്ഞുകൂടാ. നാടകവിഭാഗത്തിന്റെ ചുമതലയുള്ള ഒരു അസിസ്റ്റന്റ് പ്രൊഡ്യൂസറായിരുന്നു ഞാനന്ന്. വെറും സ്ഥാനപ്പേരിലുള്ള മാറ്റം. ജോലിയെല്ലാം പഴയതുതന്നെ. ശമ്പളത്തിലും മാറ്റമില്ല. വേഷഭൂഷാദികളിൽ മാറ്റം വരുത്താൻ വേണമെങ്കിൽ സാധിക്കുമായിരുന്നു. പാന്റ്സിൽ കടന്നുകൂടാം. ടൈ കെട്ടുകയുമാവാം. പിന്നെ, എന്നെക്കാൾ താഴെ വല്ലവരുമുണ്ടെങ്കിൽ അവരോടു യജമാന ഭാവത്തിൽ പെരുമാറാം. ഇണ്ടാസ് അടിച്ചുകൊടുക്കാം. ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഭീരുത്വമെന്നു പറയട്ടെ.

എപ്പോൾ വേണമെങ്കിലും പിൻവലിക്കാനും നിഷേധിക്കാനും കഴിയുന്ന പദവിയായിരുന്നു. അതെപ്പോൾ എങ്ങനെ സംഭവിക്കുമെന്ന് നിശ്ചയമില്ലാത്തതുകൊണ്ട് അഭിനയം വേണ്ടെന്നുവച്ചു; അതാണു ശരി!

യാത്ര നിർബ്ബന്ധമായിരുന്നു. സെമിനാറിൽ പങ്കെടുക്കണമെന്ന ഉത്തരവ് അനുസരിച്ചേ പറ്റൂ. അതുകൊണ്ടു ഗത്യന്തരമില്ലാതെ പുറപ്പെട്ടു. കൂട്ടിനു പി. സി. യുമുണ്ടായിരുന്നു. പി. സി. എന്നെക്കാൾ മുമ്പ് പ്രൊഡ്യൂസറായതുകൊണ്ടു ദൽഹിക്കു യാത്രചെയ്തും സെമിനാറിൽ പങ്കെടുത്തും അദ്ദേഹത്തിനു പരിചയമുണ്ടായിരുന്നു. ആശ്വാസം! കോഴിക്കോട്ട് റെയിൽവെ സ്റ്റേഷനിലെത്തി. പരിസരമെല്ലാം ശ്രദ്ധാപൂർവ്വമൊന്നു നോക്കി. മദിരാശി മെയിലിനു ടിക്കറ്റു വാങ്ങാനുള്ള ജനത്തിന്റെ തിക്കും തിരക്കും ബഹളവുമെല്ലാം കണ്ടു കഴിഞ്ഞപ്പോൾ മനസ്സിലൊരു വെളിച്ചം. ദൽഹിയിൽ എത്തുവോളം ഇതുപോലെ കാഴ്ചകൾ പലതുണ്ടാവുമല്ലോ. ദൽഹിയിലെത്തിയാലുമുണ്ടാവും വേണ്ടുവോളം. ഒരു സഞ്ചാരസാഹിത്യം സൃഷ്ടിച്ചു കളയാം. ഈ യാത്രയിൽ അതിനുള്ള കരുക്കൾ വാരിക്കൂട്ടണം. ഇവനെ അങ്ങനെ വെറുതെ വിട്ടുകളയാൻ പാടില്ല, വണ്ടി ഓടാൻ തുടങ്ങിയപ്പോൾ പുതിയൊരാശയം, ദൽഹിയിൽ എത്തുവോളമുള്ള. റെയിൽവേ സ്റ്റേഷനുകളുടെ മുഴുവൻപേരുകളും വിട്ടുപോകാതെ എഴുതിയെടുക്കണം. സഞ്ചാരസാഹിത്യ സൃഷ്ടിയിലെ പകുതി ഭാരം അങ്ങനെ ലഘൂകരിക്കാം. പേരെഴുതുമ്പോൾ അവിടങ്ങളിൽ കണ്ട കാഴ്ചകൾ വർണ്ണിക്കുകയുമാവാം. വായിച്ചേടത്തോളമുള്ള സഞ്ചാര സാഹിത്യഗ്രന്ഥങ്ങളുടെ സമ്പ്രദായം വെച്ചു നോക്കുമ്പോൾ സംഗതിക്കാകെയൊരു സ്റ്റൈലുണ്ടെന്നു ഉള്ളിൽ നിന്നാരോ പറയാൻ തുടങ്ങി. ആലോചിച്ചാലോചിച്ച്, ഒടുവിൽ പരിസര ബോധമുദിക്കുമ്പോൾ വണ്ടി ഷൊർണ്ണൂർ ജങ്ഷനിലെത്തിയിരിക്കുന്നു. ഒരു ഞെട്ടലോടെ പിന്നിട്ട സ്റ്റേഷനുകളുടെ പേരോർക്കാൻ തുടങ്ങി. അറിയില്ല. ചിലതു മാത്രമേ ഓർക്കാൻ കഴിയുന്നുള്ളു. വേണ്ടാ, മലയാളക്കരയിലുള്ള സ്റ്റേഷന്റെ പേരു പോലും മുഴുവനായി നിശ്ചയമില്ലാത്ത ഞാൻ ഇന്ത്യ മുഴുവനായെന്തിനു വാരിപ്പിടിക്കാൻ ശ്രമിക്കണം? മോഹം മോഹമായിത്തന്നെ അവശേഷിക്കട്ടെ. ഇതിൽ ഞാനെന്തിനു ദുഃഖിക്കണം? വമ്പിച്ച നഷ്ടം പറ്റിയതു മലയാണ്മയ്ക്കാണല്ലോ.

"താനെന്തെടോ ആലോചിക്കുന്നത്?" പി. സി. യുടെ ചോദ്യം: "തന്റെ പരിഭ്രമം ഇനിയും മാറിയില്ലേ? ഷൊർണ്ണൂരെത്തി. ആഹാരം വല്ലതും കഴിക്കണ്ടേ?"

ആഹാരത്തിന് ഓർഡർ കൊടുത്തും വരുത്തി കഴിച്ചും ശീലമുള്ള പി. സി. തന്നെ പിന്നെ പുരോഹിതൻ.

കാലത്തു മദിരാശിയിൽ ഗ്രാന്റ് ട്രങ്ക് എക്സ്പ്രസ്സിനു ദൽഹിക്കു പുറപ്പെടാൻ തയ്യാറെടുത്തു പ്ലാറ്റ്ഫോമിൽ ചെന്നപ്പോൾ അതാ നില്ക്കുന്നു മഹാകവി 'ജി', ശ്രീ ഗുപ്തൻ നായർ, നാഗവള്ളി ആർ. എസ്. കുറുപ്പ്, ടി. എൻ. ഗോപിനാഥൻനായർ, പദ്മനാഭൻനായർ പിന്നെയും ആരൊക്കെയോ ഉണ്ട്. മുഴുവനായും ഓർക്കുന്നില്ല. കൂട്ടത്തിൽ പരിചയമില്ലാത്ത ചിലരും ഉണ്ടായിരുന്നു. തിരുച്ചിറപ്പള്ളിയിൽനി

ന്നു കന്തസ്വാമി. അദ്ദേഹം തിരുച്ചിറപ്പള്ളിയിലെ നാടകവിഭാഗം പ്രൊഡ്യൂസറാണ്, അതുപോലെ മദിരാശിയിൽനിന്നു 'സുഖി' സുബ്രഹ്മണ്യം, ശ്രീ സോമസുന്ദരം. എല്ലാവരുമായി പരിചയപ്പെട്ടു. അപ്പോൾ സംഗതി കൊള്ളാമെന്നു തോന്നി. യാത്ര മോശമല്ലെന്നും.

എല്ലാവരുമായി നേരമ്പോക്കു പറഞ്ഞും ചിരിച്ചും രസിച്ചുമാണു പിന്നീടു യാത്ര തുടർന്നത്. മലയാളികൾ വിഷുവും തമിഴ് നാട്ടുകാർ പുതുവത്സരപ്പിറവിയും, ആഘോഷിക്കുന്ന കാലമായിരുന്നു അത്. ആഘോഷപരിപാടിയുടെ മുഖ്യയിനവുമായാണു സുഖിയും കൂട്ടരും വന്നുചേർന്നത്. വലിയ ടിന്നു നിറയെ മധുരപലഹാരം. അങ്ങനെ ഏകവചനത്തിൽ പറഞ്ഞുനിർത്തിയാൽ ശരിയാവില്ല. ആകൃതിയിലും രുചിയിലും ഭിന്നത പുലർത്തിയ പലഹാരങ്ങൾ പലതുമുണ്ടായിരുന്നു. നമ്മുടെ കാലാവസ്ഥക്കാരന്റെ പ്രവചനംപോലെ അവ 'അല്പാല്പമായും അതികലശലായും' കമ്പാർട്ടുമെന്റ് നീളെ വിതരണം ചെയ്തു കൊണ്ടിരുന്നു. ഒപ്പം കൊടുക്കുന്നവരും വാങ്ങുന്നവരും സൗഹൃദത്തിന്റ മധുരവചസ്സുകൾ കൈമാറുകയും ചെയ്തിരുന്നു. രാത്രി അവനവന്റെ ബർത്തുകൾ തേടി കിടക്കകൾ വിരിക്കുവോളം നവവത്സരപ്പിറവിയുടെ മധുരം നുണഞ്ഞു കൊണ്ടേയിരുന്നു.

പകലത്തെ കൂട്ടായ്മയും സ്നേഹപ്രകടനങ്ങളും മധുരഭാഷണങ്ങളും കൊണ്ടു വിസ്മരിക്കപ്പെട്ട മേടച്ചൂടിന്റെ കെടുതി അതിരൂക്ഷമായി അനുഭവപ്പെടാൻ തുടങ്ങിയത് തനിച്ചൊരിടത്തു കിടന്നപ്പോഴാണ്. ജാലകപ്പൊളി അറിയാതെ ഒന്നു നീക്കിപ്പോയാൽ പൊടിപടലത്തോടൊപ്പം തീക്കാറ്റ് അകത്തേക്കടിച്ചുകയറും. എല്ലാം അടച്ചു ഭദ്രമാക്കി കടന്നാലോ, തലയ്ക്കു മുകളിൽ കറങ്ങുന്ന ഫാനിൽനിന്ന് അഗ്നിശകലങ്ങളാണുതിരുന്നത്.

അപ്പോൾ ചന്ദനക്കാറ്റുപോലെ ഉള്ളം കുളിർപ്പിച്ചുകൊണ്ടു ശ്രീ. ഗുപ്തൻനായരുടെ സ്വരം ഉയരുന്നു. തലപൊക്കി നോക്കി. ഗുപ്തൻ നായർ കവിത ചൊല്ലുകയാണ്. മേഘസന്ദേശത്തിന്റെ തർജ്ജമ. തിരുനല്ലൂർ കരുണാകരന്റെ രചനയും ഗുപ്തൻനായരുടെ സ്വരവും ചേർന്നപ്പോൾ അതിനൊരു പ്രത്യേക മാധുര്യം കൈവന്നു. 'ജി' അടുത്ത ബർത്തിൽ കിടന്നുകൊണ്ടു കവിതാപാരായണം ശ്രദ്ധിക്കുന്നു. ഇപ്പോൾ മേടച്ചൂടില്ല. കേൾക്കാനും ആലോചിക്കാനും ആലോചിച്ചാലോചിച്ചു ലയിക്കാനും വകയുള്ളപ്പോൾ പിന്നെന്തു ചൂട്?

ശ്രീ ഗുപ്തൻനായരെ നടാടെ കാണുന്നതും പരിചയിക്കുന്നതുമല്ല. ദശകങ്ങളുടെ പഴക്കമുള്ള പരിചയമാണ്. പ്രസംഗങ്ങൾ പലതും കേട്ടിട്ടുമുണ്ട്. കവിതാ പാരായണം കേട്ടു രസിക്കാനും അവസരമുണ്ടായിട്ടുണ്ട്. ഉത്തരകേരളത്തിൽ ഗ്രന്ഥശാലാപ്രസ്ഥാനം പടുത്തുയർത്താൻ അവിശ്രമ പരിശ്രമം നടത്തിയ ശ്രീ മധുരവനം കൃഷ്ണക്കുറുപ്പാണ് ആദ്യമായി ശ്രീ ഗുപ്തൻനായരെ മലബാറിലേക്കു ക്ഷണിച്ചുകൊണ്ടു വന്നത്. അന്നാണ് ആദ്യത്തെ കാഴ്ച. പിന്നീടൊരിക്കൽ ശ്രീ പി. ഭാസ്കരനും ഗുപ്തൻനായരും ഞാനും വി. കെ. എൻ. എന്ന പരമരസികനായ സാഹിത്യകാരനെ കാണാൻ അരീക്കോട്ടേക്കൊരു യാത്രയുണ്ടായി.

മുമ്പൊരിക്കൽ എന്റെ ഓർമ്മയിലൂടെ ഓടിയെത്തിയ മിസ്റ്റർ അബ്ദുറഹിമാന്റെ 'വാൻ' ഉണ്ടല്ലോ. അതിലായിരുന്നു ഞങ്ങളുടെ യാത്ര. അവിസ്മരണീയമായിരുന്നു ആ യാത്രയെന്നു പറയാൻ സന്തോഷമുണ്ട്. അന്നു വി. കെ. എൻ. തൃക്കളിയൂർ ക്ഷേത്രത്തിലെ എക്സിക്യൂട്ടീവ് ആപ്പീസറാണ്. തൃക്കളിയൂർ ക്ഷേത്രത്തിലെത്താൻ അരീക്കോട്ടു വാഹനമിറങ്ങി, പുഴകടന്നു കുറേ നടക്കണം. പ്രകൃതിമനോഹരമായ സ്ഥലമാണ്. കുന്നും കാടും മലഞ്ചെരിവും, പാടവും, തോടുമെല്ലാം ചേർന്ന സ്ഥലം. ഞങ്ങൾ മൂവരും ആ വഴിയിലൂടെ നടന്നാണു ക്ഷേത്ര പരിസരത്തെത്തിയത്. അനായാസമായി നടന്നെത്തിയെന്നു പറഞ്ഞു കൂടാ. വഴി കുറെയേറെ ബുദ്ധിമുട്ടുള്ളതായിരുന്നു. വഴിനീളെ പലരോടും ചോദിച്ചുവേണ്ടിയിരുന്നു മുമ്പോട്ടു നീങ്ങാൻ. ഒടുവിൽ ക്ഷേത്രത്തിലെത്തിച്ചേർന്നപ്പോൾ ക്ഷേത്രവും പരിസരവും, പിന്നിട്ട വഴി പോലെ തന്നെ സുന്ദരമായിരുന്നു. ജനബഹളമോ വാഹനത്തിരക്കോ ഇല്ലാത്ത, പക്ഷികൾ കൂട്ടമായി പറന്നുകൂടുകയും അകന്നു പോവുകയും ചെയ്യുന്ന വൻ മരങ്ങൾ തണൽവിരിച്ച പൊന്തകളും കുറ്റിക്കാടുകളും നിറഞ്ഞു നില്ക്കുന്നതിനിടയിലൂടെ നീണ്ടിഴഞ്ഞു പോകുന്ന ഒറ്റയടിപ്പാതയിലൂടെ നടന്നു വേണം അമ്പലപ്പടിക്കലെത്താൻ. എത്തിക്കഴിഞ്ഞാലോ പരമശാന്തമായ ആധുനിക കാലത്തെ ശീതീകരണ സ്ഥലങ്ങളെപ്പോലും വെല്ലുവിളിക്കുന്ന മുറികളോടുകൂടിയ പടിപ്പുര. പടിപ്പുരമാളികയിലേക്കുള്ള മരക്കോണി ചവുട്ടിക്കയറി മുകൾത്തട്ടിലെത്തിയാൽ തുടച്ചു മിനുക്കി വൃത്തിയാക്കിവച്ച തണുപ്പാർന്ന തറ, കേറിയ ഉടനെ അവിടെയങ്ങു നീണ്ടുനിവർന്നു കിടക്കാൻ തോന്നും. അത്ര മനോഹരം. അവിടെ ആ മുറിയിൽ വാഴുന്നു പണമിടപാടുകാരനായ ഒരു മുൽത്താനെപ്പോലെ കൊച്ചു കുമ്പയുടെ ഉടമയായ വി. കെ. എൻ. ഗുപ്തൻനായരുടെ കവിതാപാരായണം ശ്രവിച്ചും വി. കെ. എന്റെ ഫലിതരസം നിറഞ്ഞു വഴിയുന്ന കഥകൾ കേട്ടും, അതിചതുരമെന്നു വിശേഷിപ്പിക്കാവുന്ന ആതിഥ്യം സ്വീകരിച്ചും മൂന്നു ദിവസങ്ങൾ നിമിഷം പോലെ കഴിഞ്ഞു പോയതു് ഞങ്ങളറിഞ്ഞില്ല.

ശ്രീ ഗുപ്തൻനായരെപ്പോലെ, ടി. എന്നും നാഗവള്ളിയും എനിക്കു മുൻപരിചയമുള്ളവരായിരുന്നു. ദേശപോഷിണി വാർഷികത്തിൽ അവതരിപ്പിക്കുന്ന നാടകങ്ങളിലൂടെയാണ് ടി. എൻ. ആദ്യമായെന്റെ മനസ്സിൽ കടന്നുവരുന്നതു്. അതുപോലെ കഥകളിലൂടെ, നോവലിലൂടെ നാഗവള്ളിയും എന്റെ മനസ്സിൽ നേരത്തെ സ്ഥലം പിടിച്ചിരുന്നു. പിന്നീടാണ് ഞങ്ങൾ ഒരേ കൃഷിഭൂമിയിൽ വിത്തിറക്കാൻവേണ്ടി നിയോഗിക്കപ്പെട്ടതു്. അങ്ങനെ ഞങ്ങൾ കാണുകയും ഏറെ അടുക്കുകയും ചെയ്തവരാണ് ഇവരെല്ലാവരും ചേർന്നുള്ള ദൽഹിയാത്ര. അതീവ സുഖകരമായ അനുഭവമായിരുന്നു.

ഈ സുഖത്തിനും സന്തോഷത്തിനുമിടവരുത്തിയതു് ആകാശവാണിയിലെ സെമിനാറായിരുന്നല്ലോ. സെമിനാറിനെക്കുറിച്ചു പറയും മുമ്പ് ദൽഹിയിലെ താമസത്തെക്കുറിച്ചാവട്ടെ രണ്ടുവാക്ക്. മാതൃഭൂമിയിലെ മാധവൻകുട്ടി—കേരളത്തിൽനിന്നു ചെല്ലുന്നവർക്കൊക്കെ തന്നാലാവും വിധമുള്ള എല്ലാ സഹാ

യങ്ങളും ചെയ്തുകൊടുക്കുന്ന മാധവൻകുട്ടി. ഞാനും പി. സി. യും മാധവൻകുട്ടിയുടെ കൂടെയാണ് താമസിച്ചത്.

നിത്യകർമ്മങ്ങൾ കഴിഞ്ഞു രാവിലെ പുറപ്പെടണം. ആകാശവാണിയിൽ എത്തണം. അവിടെ അതിവിശാലമായ സ്റ്റുഡിയോവിൽ കാലേക്കൂട്ടി പുല്പായ വിരിച്ചിട്ടിരിക്കും. അവിടെച്ചെന്ന് ചമ്രം പടിഞ്ഞിരിക്കണം. ഹിന്ദിയിലാണ് പരിപാടികളേറെയും. അതുകൊണ്ട് മനസ്സിനോ ചെവിക്കോ ജോലിയൊന്നുമില്ല. ഇരുന്നു കാൽ കഴയ്ക്കുമ്പോൾ, ഇത്തിരിയൊന്നു ചെരിഞ്ഞിരിക്കണം. പിന്നെ മലർന്നിരിക്കണം. വീണ്ടും കഴിഞ്ഞതുതന്നെ ആവർത്തിക്കണം. ഇടയിൽ 'മുശായിര' എന്ന വസ്തുവുണ്ടാവും. ശബ്ദഘോഷം കേട്ട് അതു വരെ ചുരുണ്ടുകൂടിക്കിടന്ന മനസ്സൊന്നു ഞെട്ടിയുണരും. അപ്പോൾ ഹിന്ദി മേഖലയിലെ ശ്രോതാക്കൾ 'വ്വ് വാ വ്വ് വാ' എന്ന് ശബ്ദഘോഷമുതിർക്കുന്നതു കേൾക്കാം. മുശായിര നീളുമ്പോൾ തെക്കർക്ക് കൺപോളകൾ കനക്കും. പതുക്കെപ്പതുക്കെ ഒരു മയക്കത്തിന്റെ പിടിയിലവർ അമരും. മുശായിര തുടർന്നു കൊണ്ടേയിരിക്കും. ചിലപ്പോൾ അതിന്റെ അവസാനത്തിൽ ആരെങ്കിലുമൊരാൾ ഇംഗ്ലീഷിൽ വല്ലതും പറഞ്ഞെന്നുവരും. അപ്പോൾ തെക്കരിലുന്മേഷം പടരും, അത് ഏറെനേരം നീണ്ടുനില്ക്കില്ല. ഉച്ചഭക്ഷണത്തിന്റെ സമയം കേറിവന്ന് പ്രഭാഷണം മുടക്കും. എല്ലാവരും എഴുന്നേല്ക്കും. പുല്പായിൽ ചമ്രം പടിഞ്ഞിരുന്നപ്പോളുണ്ടായ വേദന സഹിച്ചുകൊണ്ട് ചിലർ നൊണ്ടിനൊണ്ടി നടക്കും. അപ്പോൾ അറിയിപ്പുവരും മൂന്നുമണിക്കു വീണ്ടും സെമിനാർ തുടരുമെന്ന്. ചിലർ ഊണു കഴിഞ്ഞ് സുഖമായി കിടന്നുറങ്ങും. നാലു വാചകം പ്രയോഗിക്കാനോ ഒരു കവിത വായിക്കാനോ ഉള്ളവർ വൈകീട്ടുള്ള സെമിനാറിൽ തിരിച്ചുവരും. മിക്കവരും വരില്ല. അങ്ങനെ മൂന്നുദിവസം സെമിനാർ നടന്നെന്നാണ് ഓർമ്മ. അതിനെപ്പറ്റി ഇതിലപ്പുറമൊന്നും എഴുതാനില്ല.

അന്നു ശ്രീ. വി. കെ. കൃഷ്ണമേനോൻ മിനിസ്റ്ററാണ്. കൃഷ്ണമേനോൻ മലയാളിയാണ്. വിശേഷിച്ച് കോഴിക്കോട്ടുകാരനും. അദ്ദേഹം അന്ന് ദൽഹിയിലുണ്ടായിരുന്നു. ഐക്യരാഷ്ട്രസഭയിൽ കാശ്മീർ പ്രശ്നത്തെ സംബന്ധിക്കുന്ന സുദീർഘവും സുപ്രസിദ്ധവുമായ പ്രസംഗം[1] കഴിഞ്ഞ് ലോകത്തിന്റെ മുഴുവൻ ശ്രദ്ധാകേന്ദ്രമായി മാറിയ അദ്ദേഹം ദൽഹിയിൽ തിരിച്ചെത്തിയ സമയം. അദ്ദേഹത്തെ ഒന്നു കണ്ടാൽ വേണ്ടില്ലെന്ന മോഹം പലർക്കുമുണ്ടായി. മഹാകവി 'ജി'ക്കു പ്രത്യേകിച്ചും. വിവരം മാധവൻകുട്ടിയെ ധരിപ്പിച്ചു. ശ്രമിക്കാമെന്നു മാധവൻ കുട്ടി സന്തോഷത്തോടെ

[1] Why is that we have never heard voices in connection with the freedom of people under the suppression and tyranny of Pakistani authorities on the other side of the cease-fire line? Why is it that we have not heard here that in ten years these people have not seen a ballot paper? With what voice can either the Security Council or anyone coming before it demand a plebiscite for a people on our side who exercise franchise, who have freedom of speech, who function under a hundred local bodies? – Excerpt from Menon's marathon 1957 address to the United Nations Security Council, The Hindu.

സമ്മതിച്ചെങ്കിലും സംഗതി അത്ര എളുപ്പമല്ലെന്നു സൂചിപ്പിക്കാൻ അദ്ദേഹം മറന്നില്ല. രാത്രിയാണ് മാധവൻകുട്ടിയുടെ ദൗത്യം വിജയിച്ച വിവരമറിയുന്നത്. എല്ലാവർക്കും ആഹ്ലാദം.

സന്ദർശനത്തിനുള്ള സ്ഥലവും സമയവുമൊക്കെ തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു. നൈജീരിയയിലും ഇറ്റലിയിലും ഡെന്മാർക്കിലുമൊക്കെ അംബാസിഡറായിരുന്ന ശ്രീമതി രുക്മിണി മേനോൻ അന്ന് വിദേശ വകുപ്പിൽ ഡെപ്യൂട്ടി സെക്രട്ടറിയായിരുന്നു. പിറ്റേന്നു വൈകീട്ട് കൃഷ്ണ മേനോൻ അവരുടെ വസതിയിലെത്തും. സാഹിത്യകാരന്മാരെ അവിടെവെച്ചു കാണാം. ഏതാനും മിനുട്ടുകൾ അവർക്കു വേണ്ടി ചെലവഴിക്കാം. അതായിരുന്നു തീരുമാനം. മഹാകവി 'ജി', പി. സി., ടി. എൻ. തുടങ്ങി ഏതാനും പേർ സംഘത്തിലുണ്ടായിരുന്നു. ഞങ്ങൾ കൃത്യസമയത്തുതന്നെ മാധവൻകുട്ടിയോടൊപ്പം മിസ്സിസ് മേനോന്റെ വീട്ടിലെത്തി. അവിടത്തെ അന്തരീക്ഷം തികച്ചും കേരളീയമായിരുന്നു. മിസ്സിസ് മേനോൻ കേരളത്തിലെ ഒരു കുലീന കുടുംബത്തിലെ വീട്ടമ്മയുടെ വേഷത്തിലാണ് ഞങ്ങളെ സ്വീകരിച്ചത്. ഒപ്പം അവരുടെ ഭർത്താവും സഹോദരനുമുണ്ടായിരുന്നു. എല്ലാവരും 'ഉണ്ണ്യേട്ട'നെന്നു വിളിക്കുന്ന ആർ. ആർ. മേനോനും കേണൽ കെ. ബി. മേനോനും. 'ഉണ്ണ്യേട്ടൻ' ഒരു നല്ല സാഹിത്യകാരനും സംഗീതജ്ഞനുമാണെന്നു മാധവൻകുട്ടി പരിചയപ്പെടുത്തി. കേണൽ മേനോൻ ലണ്ടൻ ഹൈക്കമ്മീഷനിലെ മിലിറ്ററി അറ്റാഷെ ആയിരുന്നു. കൃഷ്ണമേനോനുമായുള്ള ബന്ധം അവിടെവെച്ചാരംഭിച്ചതാണെന്നു മാധവൻകുട്ടി പറഞ്ഞു.

ഏറെനേരം കാത്തുനില്ക്കേണ്ടിവന്നില്ല, കൃഷ്ണമേനോൻ എത്തിച്ചേർന്നു. തൊഴുതു ചിരിച്ചുകൊണ്ടദ്ദേഹമിരുന്നു. എങ്ങനെയാണദ്ദേഹം സംഭാഷണമാരംഭിക്കുന്നതെന്ന് ഞങ്ങൾ ഉറ്റു നോക്കിയിരുന്നു. കേണൽ മേനോന്റെ മകൻ 'ശ്യാം' അന്ന് ആറോ ഏഴോ വയസ്സുള്ള ഒരു കുട്ടിയായിരുന്നു. അവനെ വിളിച്ചു അരികിലിരുത്തി അവനിലൂടെയായിരുന്നു അദ്ദേഹം സംഭാഷണം ആരംഭിച്ചത്. അദ്ദേഹം ശ്യാമിനോടു പലതും ചോദിക്കുന്നു. ശ്യാമിനറിയാത്ത കാര്യം അദ്ദേഹം പറഞ്ഞു കൊടുക്കുന്നു. മലയാളസാഹിത്യത്തെപ്പറ്റി, സാഹിത്യകാരന്മാരെപ്പറ്റിയെല്ലാം പരാമർശങ്ങളുണ്ടായി. ഒന്നും നേരിട്ടല്ല, ശ്യാമിലൂടെ. എന്നോ കേരളത്തിൽനിന്നു വിട്ടുപോയെങ്കിലും, വളരെ അപൂർവമായേ കേരളം സന്ദർശിക്കാറുള്ളുവെങ്കിലും, അദ്ദേഹത്തിനെല്ലാമറിയാം. അറിയേണ്ടവരെ അറിയാം. സഹിത്യാദികലകളെക്കുറിച്ച് കേവലം പരിമിതമല്ലാത്ത അറിവദ്ദേഹത്തിനുണ്ടെന്ന് ആ സംഭാഷണത്തിലൂടെ ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞു. ഏതാനും മിനുട്ടുകൾ ചെലവഴിക്കാമെന്നു പറഞ്ഞു വന്ന അദ്ദേഹം മണിക്കൂറുകൾതന്നെ ഞങ്ങളോടൊപ്പമുണ്ടായി. ദൽഹി സന്ദർശനത്തിലെ ഏറ്റവും വലിയ നേട്ടം. ജീവിതത്തിലെ അതീവധന്യമായ ഒരു സായാഹ്നം—ആ സന്ദർശനത്തെക്കുറിച്ച് ഇത്രമാത്രം പറഞ്ഞു നിർത്തട്ടെ.

— 56 —

# ദൃക്സാക്ഷിവിവരണം

കേരള കലാമണ്ഡലത്തിന്റെ രജതജൂബിലി ആഘോഷം. കലാകേരളത്തിന്റെ മഹോത്സവം. പരിപാടികൾ ഉദ്ഘാടനംചെയ്യാൻ സ്വതന്ത്ര ഭാരതത്തിലെ ആദ്യത്തെ പ്രധാനമന്ത്രി—ജനകോടികൾക്കു പ്രിയംകരനായ പണ്ഡിറ്റ്ജി—എത്തിയിരിക്കുന്നു. യവനിക നീങ്ങുന്നു. പ്രഭാപൂരത്തിൽ ആറാടിനില്ക്കുന്ന വേദി പ്രത്യക്ഷപ്പെടുന്നു. മഹാകവി വള്ളത്തോൾ പണ്ഡിറ്റ്ജിയെ പൂമാലയണിയിച്ചു സ്വീകരിക്കുന്നു. വടക്കും തെക്കുമുള്ള രണ്ടു മഹാനദികൾ–ഗംഗയും നിളയും—സംഗമിച്ചു പുതിയൊരു പുണ്യതീർത്ഥം രൂപം കൊള്ളുന്നു. നിലയ്ക്കാത്ത കരഘോഷം. ആവേശത്തള്ളിച്ചയിൽ പ്രകമ്പനം കൊള്ളുന്ന ജനസമുദ്രം. അതിലൊരു നീർത്തുള്ളിയായി ഞാനുമുണ്ടായിരുന്നു.

ഉത്സവപരിപാടികൾ റിക്കാർഡ് ചെയ്യാനും റിലേ ചെയ്യാനും ആകാശവാണിയിൽ നിന്ന് സാങ്കേതികവിദഗ്ദ്ധരും കലാകാരന്മാരും കാലേക്കൂട്ടി എത്തിച്ചേർന്നിരുന്നു. സംഭവസ്ഥലത്തുനിന്നു നേരിട്ടു പ്രക്ഷേപണം ചെയ്യുക എന്ന സമ്പ്രദായമാണ് അന്നു നിലവിലുണ്ടായിരുന്നത്. സാങ്കേതികവിദഗ്ദ്ധരുടെ സംഘത്തിനു നേതൃത്വം കൊടുത്തത് എഞ്ചിനീയർമാരായ കൃഷ്ണമൂർത്തിയും രാമറാവുവുമായിരുന്നു. അവർ സാങ്കേതിക വിദഗ്ദ്ധരെന്നതിനു പുറമെ ഒന്നാന്തരം കലാപ്രേമികളുമായിരുന്നു. കലാകാരന്മാർക്കു നേതൃത്വം വഹിച്ചത്, ശ്രീ. കെ. പദ്മനാഭൻനായരായിരുന്നു. പരിപാടിയുടെ ആരംഭം തൊട്ട് അവസാനംവരെ നിശ്ശബ്ദതയുടെ 'മുഷിപ്പ്' കയറിവരാതെ വളരെ ശ്രദ്ധാപൂർവ്വം സംഗതികൾ സംവിധാനം ചെയ്യേണ്ടിയിരുന്നു. അതത്ര എളുപ്പമുള്ള കാര്യമല്ല. രംഗവേദി, അവിടെ ഉപവിഷ്ടരായ വിശിഷ്ട വ്യക്തികൾ, അവർക്കു സവിശേഷതകൾ വല്ലതുമുണ്ടെങ്കിൽ അവ, രംഗസംവിധാനത്തിന്റെ പ്രത്യേകത, പരിപാടിയിൽ പങ്കെടുക്കുന്നവരുടെ രേഖാചിത്രങ്ങൾ എന്നിങ്ങനെ ഒന്നും വിട്ടുപോവാതെ, സമഗ്രമായ ശബ്ദ ചിത്രം ശ്രോതാവിനു കിട്ടിയിരിക്കണം. ദൃക്സാക്ഷിവിവരണമാണ് അതിനുള്ള ഏറ്റവും നല്ല ഒരേയൊരുപാധി. പദ്മനാഭൻനായരതു ഭംഗിയായി നിർവ്വഹിച്ചു. അന്നത്തെ പരിപാടിയുടെ ഡിസ്ക് റി

ക്കാർഡിങ് ഒരു അമൂല്യവസ്തുവായി ആകാശവാണിയുടെ ലൈബ്രറിയിൽ സൂക്ഷി ച്ചിട്ടുണ്ടായിരുന്നു.

നീർത്തുള്ളിയായി ജനസമുദ്രത്തിൽ ചേർന്നുനിന്ന എന്റെ കാര്യം പറഞ്ഞില്ല ല്ലോ. എനിക്കവിടെ ചുമതലയൊന്നുമുണ്ടായിരുന്നില്ല. വെറും പ്രേക്ഷകൻ. പരിപാ ടികൾ അവസാനിച്ചാൽ, ഏതാനും സാങ്കേതികവിദഗ്ധരേയും കൂട്ടി ഞാൻ തൃശ്ശൂരെ ത്തണമെന്നായിരുന്നു നിർദ്ദേശം. പിറ്റേദിവസം പണ്ഡിറ്റ്ജി ജനങ്ങളെ അഭിമുഖീ കരിച്ച് അവിടെ സംസാരിക്കുന്നുണ്ട്. ആ പരിപാടിയുടെ ദൃക്സാക്ഷി വിവരണം നട ത്തേണ്ട ചുമതല എന്റേതായിരുന്നു. പണ്ഡിറ്റ്ജി തൃശ്ശൂരിലെത്തുന്ന സമയത്തിന് ഏതാനും മുമ്പ് പ്രക്ഷേപണം ആരംഭിക്കും. അപ്പോൾ സമ്മേളനസ്ഥലത്തെപ്പറ്റി യും പങ്കെടുക്കുന്ന പ്രമുഖവ്യക്തികളെപ്പറ്റിയുമൊക്കെ ഞാനെന്തെങ്കിലും പറയണം. പണ്ഡിറ്റ്ജി വന്നു പ്രസംഗം ആരംഭിക്കുന്നവരെയുള്ള സമയം ശ്രോതാക്കൾ മുഷിയ രുതല്ലോ.

തൃശ്ശൂരിലേക്കുള്ള യാത്രയിൽ എന്റെ മനസ്സു നിറയെ പരിഭ്രമമായിരുന്നു. ആദ്യ മായിട്ടാണ് ദൃക്സാക്ഷിവിവരണം നടത്താൻ പോകുന്നത്. അതും പണ്ഡിറ്റ്ജി പങ്കെ ടുക്കുന്ന ഒരു സമ്മേളനത്തിൽ. പരിഭ്രമിക്കാൻ മതിയായ കാരണം. അപ്പോൾ, പരിഭ്രമത്തിന്റെ ഇരുട്ടിൽ ഒരു മിന്നാമിനുങ്ങിന്റെ വെളിച്ചം. എന്റെ സുഹൃത്ത് മു ഷ്താഖ് ശാസ്ത്രീയമായി ദൃക്സാക്ഷിവിവരണം നടത്താൻ പരിശീലനം നേടിയ മി. പി. എ. മുഹമ്മദ് കോയ. അദ്ദേഹത്തിന്റെ അടുത്തിരുന്നു പലവട്ടം ഫുട്ബാൾ കമന്ററി കേൾക്കാനും കാണാനും എനിക്കവസരം കിട്ടീട്ടുണ്ട്. കമന്ററിയെപ്പറ്റി പല അവസ രങ്ങളിലായി പല കഥകളും അദ്ദേഹമെന്നോടു പറഞ്ഞിട്ടുണ്ട്. കഥകളൊന്നും ഈ ഘട്ടത്തിൽ എന്നെ ആശ്വസിപ്പിക്കാൻ പറ്റിയതല്ലെന്നുകൂടി പറഞ്ഞു. കൊള്ളട്ടെ.

ഒരു കഥ ഇതാണ്. മുഷ്താഖ് പറഞ്ഞ കഥ: ഒരിക്കൽ ഒരു ദൃക്സാക്ഷിവിവരണ ക്കാരൻ ആവേശഭരിതമായ ഒരു ഫുട്ബാൾ മാച്ചിന്റെ ശബ്ദചിത്രം വരയ്ക്കുന്നു. സ്റ്റേ ഡിയം നിറഞ്ഞുകവിയുന്ന ജനാവലി. വിവരണം ആരംഭിച്ച് കുറേ കഴിഞ്ഞപ്പോൾ ആരുടെയോ, ഒരു ഉപദേശം അയാൾ ഓർക്കുന്നു. കേവലം സംഭവവിവരണം മാ ത്രമായാൽ, സംഗതി വളരെ വിരസമാവും. ശ്രോതാവ് മുഷിയും, അതുകൊണ്ടു ചുറ്റു പുറവുമുള്ള കാഴ്ചകൾ, കാണികളുടെ പ്രത്യേകത, ഒരു നുറുങ്ങു ഫലിതകഥ ഇതെല്ലാം വിവരണത്തിൽ ഉൾപ്പെടുത്തണം. തുല്യശക്തരായ രണ്ടു ടീമുകളാണ്. പൊരുതി ക്കൊണ്ടിരിക്കുന്നത്. ശരവേഗത്തിൽ ഇരുവശത്തേക്കും പന്തുരുളുന്നു. ആരും കീ ഴടങ്ങാൻ തയ്യാറില്ല. ഈ ഘട്ടത്തിലാണ് ദൃക്സാക്ഷി വിവരണക്കാരന് വിദഗ്ധോ പദേശം ഓർമ്മവരുന്നത്. പിന്നെ താമസിച്ചില്ല. സ്റ്റേഡിയത്തിൽനിന്ന് തലയു യർത്തി ആകാശത്തിലേക്കു നോക്കി. "ഹാ! എത്ര മനോഹരമായ നീലാകാശം. അതാ അവിടെ പരുന്തുകൾ വട്ടംകറങ്ങുന്നു. അന്തിച്ചുവപ്പ് മരത്തലപ്പുകളിൽ ചാ യംപൂശുന്നു." ഇത്രയും പറഞ്ഞപ്പോൾ അദ്ദേഹത്തിനൊരു കവിത ഓർമ്മവരുന്നു. അതും ഒപ്പമങ്ങു കാച്ചി. അതിന്റെ അവസാനപാദം "തെങ്ങോലപ്പഴുതിങ്കലൂടെ മറ യാൻ പോകുന്ന മാർത്താണ്ഡനും" എന്ന് ചൊല്ലിത്തീരുംമുമ്പേ, ഭയങ്കരമായ ജനാ

രവം. ഒരു ഗോൾ വീണിരിക്കുന്നു. അപ്പോൾ സംഗതിയുടെ ഗൗരവം മനസ്സിലാക്കി വിവരണക്കാരൻ ഖേദപൂർവ്വം ആത്മഗതംചെയ്യുന്നു: "പടച്ചോനേ, ഗോള്...ഗോള്!" അവസാനത്തെ ഗോള്, വരണ്ട തൊണ്ടയിൽ കുടിനീരുപോലെ താണിറങ്ങി. ശ്രോതാക്കൾ അമ്പരന്നു. ഈ കഥയും ഇതുപോലെ മുഷ്താഖ് പറഞ്ഞ മറ്റു പല കഥകളും എന്നിൽ അതികലശലായ ഭീരുത്വം കോരിനിറയ്ക്കാൻ തുടങ്ങി. പണ്ഡിറ്റ്ജി വഴി നീളെയുള്ള സ്വീകരണങ്ങളിൽ തങ്ങിത്തങ്ങി തേക്കിൻകാട്ടു മൈതാനിയിലെത്താൻ താമസിച്ചെങ്കിൽ എന്റെ കഥയെന്താവും! നീലാകാശവും മരത്തലപ്പുമൊക്കെ ഒരു വട്ടമല്ലാതെ രണ്ടാം വട്ടം ശ്രോതാവ് സഹിക്കുമോ? മുമ്പിൽ ജനാവലി നിറഞ്ഞു നില്പുണ്ടാവും. അവരെപ്പറ്റി എന്തെങ്കിലും പറഞ്ഞു രക്ഷപ്പെടാൻ ശ്രമിക്കാം. ഒരിക്കലും അതു വയ്യ. കാരണം, മുഷ്താഖ് തന്നെ വിവരിക്കട്ടെ, അദ്ദേഹം എന്നോടു പറഞ്ഞ വാക്കുകളിൽ:

"സംഭവം തിരുവനന്തപുരത്താണ്. ടെന്നീസ് ടൂർണമെന്റ്. മുഖ്യാതിഥി ശ്രീ വി. പി. മേനോൻ. പരിപാടികൾ ആരംഭിക്കുന്നു. മുഖ്യാതിഥി എത്തിച്ചേർന്നിട്ടില്ല. വരുവോളം ശ്രോതാക്കളെ വിരുന്നൂട്ടേണ്ട ചുമതല ദൃക്സാക്ഷിവിവരണക്കാരനാണ്. അദ്ദേഹമതു ഭംഗിയായി ആരംഭിച്ചു. പരിസരത്തെപ്പറ്റിയുള്ള വർണ്ണനയോടെ തുടക്കം. പിന്നെ ആകാശം, ആകാശത്തിൽ തലയുയർത്തിനില്ലുന്ന കെട്ടിടങ്ങൾ. കെട്ടിടങ്ങൾക്കു തണലേകുന്ന വൻമരങ്ങൾ...അങ്ങനെ വിവരിച്ചുപോകുമ്പോൾ ആരോ പതുക്കെപ്പറയുന്നു: അദ്ദേഹം വരുന്നു; ശ്രീ വി. പി. മനോൻ. മുഖ്യാതിഥി നടന്നടുക്കുമ്പോൾ വിവരണക്കാരൻ ചുവടൊന്നു മാറ്റി. 'വരുന്നു, അദ്ദേഹം വരുന്നു. ബഹുമാനപ്പെട്ട ശ്രീ വി. പി. മേനോൻ...അതിമനോഹരമായ ഒരു ബുഷ് ഷർട്ടാണദ്ദേഹം ധരിച്ചതു്." ഇത്രയുമായപ്പോൾ അടുത്തിരിക്കുന്ന ഒരാൾ പറയുന്നു. അയ്യോ പാൻറ്സിന്റെ കാര്യം പറഞ്ഞില്ല. സൂചന കിട്ടേണ്ട താമസം വിവരണക്കാരൻ പറയുന്നു: "മാന്യശ്രോതാക്കളെ, അദ്ദേഹം പാന്റ്സും ധരിച്ചിട്ടുണ്ട്" പോരേ? ഇതിലപ്പുറമെന്തു വേണം? ഇരുതല മൂർച്ചയുള്ള ഒരായുധമാണ് ദൃക്സാക്ഷി വിവരണം. ഏകാഗ്രത കൈവെടിഞ്ഞാൽ പരാജയപ്പെട്ടതുതന്നെ."

മുഷ്താഖിന്റെ ഈ കഥകൂടി ഓർമ്മവന്നപ്പോൾ ഞാനാകെ തളർന്നു. ഈ പ്രതിസന്ധിയിൽ എനിക്കു മോചനമില്ലെന്നുതന്നെ തീരുമാനിച്ചു. അതുകൊണ്ടെന്തു കാര്യം? തൃശ്ശൂർക്കുള്ള വഴിയിൽ മുക്കാൽ ഭാഗവും പിന്നിട്ടുകഴിഞ്ഞിരിക്കുന്നു. ഇനി വിധിക്കു കീഴടങ്ങുക മാത്രം.

തൃശ്ശൂരെത്തി. സാങ്കേതികവിദഗ്ദ്ധരും ഞാനും യന്ത്രസാമഗ്രികൾ ചുമക്കുന്ന ഒരു കൂലിക്കാരനും ചേർന്നു സംഭവസ്ഥലത്തു ചെന്നു റോസ്ട്രത്തിനു കീഴെ യഥാസ്ഥാനങ്ങളിൽ ഓരോന്നും സ്ഥാപിക്കാനുള്ള ശ്രമം തുടങ്ങി. ജനം വന്നുകൊണ്ടേയിരിക്കുന്നു. പല വഴികളിലൂടെ അരുവികളായി, പുഴകളായി ഒഴുകിച്ചേർന്നു കൊണ്ടിരിക്കുന്നു. എഞ്ചിനീയർ, ഫോൺവഴി കോഴിക്കോട്ടു നിലയവുമായി ബന്ധപ്പെടുന്നു. നിശ്ചിത സമയം അടുത്തടുത്തുവരുന്നു. ഞാൻ നീലാകാശം നോക്കി. നെടുവീർപ്പിട്ടു. പിന്നെ നിരത്തിലൂടെ പാഞ്ഞു പോകുന്ന വാഹനങ്ങളെ നോക്കി

ശബ്ദമില്ലാതെ എന്തൊക്കെയോ പിറുപിറുത്തു. മരത്തലപ്പ നോക്കാൻ മറന്നു പോയി. അപ്പോൾ യന്ത്രസാമഗ്രികളിലൊന്നിൽ മണി മുഴങ്ങി. കോഴിക്കോട്ടുനിന്നുള്ള വിളിയാണ്. എഞ്ചിനീയർ സംസാരിക്കുന്നു. പ്രക്ഷേപണം തുടങ്ങാൻ ഇനി അഞ്ചു മിനിട്ടു മാത്രം. എന്നോട്—എന്നുവെച്ചാൽ ദൃക്സാക്ഷിവിവരണക്കാരനോട്—തയ്യാറായി നില്ക്കാൻ നിർദ്ദേശം. എഞ്ചിനീയർ മൈക്രോഫോൺ എന്റെ കൈയിൽ തന്ന് എന്തെങ്കിലും സംസാരിക്കാൻ പറഞ്ഞു. ടെസ്റ്റാണ്. മൈക്രോഫോൺ പിടിച്ച എന്റെ കൈ വിറയ്ക്കുന്നുണ്ടായിരുന്നു. തൊണ്ടയും ചുണ്ടും വരണ്ടുപോയതുകൊണ്ടു ശബ്ദം വളരെ അവ്യക്തമായിരുന്നു. അക്ഷരങ്ങൾക്കു സ്ഫുടത കുറവായിരുന്നു. എന്നിട്ടും ഞാൻ സംസാരിച്ചു. "ഹല്ലോ, ഇതു തൃശ്ശൂരിൽനിന്നാണ്." അപ്പുറം പറയും മുമ്പ് ഫോണിന്റെ ശബ്ദം നിലച്ചു.

അഞ്ചു മിനിട്ട് അരനിമിഷം പോലെ കഴിഞ്ഞുപോയി. പരിപാടിയുടെ തുടക്കം. കോഴിക്കോടുമായുള്ള ടെലഫോൺബന്ധം തുടർന്നു. പണ്ഡിറ്റ്ജിയെ കാത്തിരിക്കുന്ന ജനാവലിയെ നോക്കി, ഞാൻ സംസാരിക്കാൻ തുടങ്ങി. ബഹുമാന്യ ശ്രോതാക്കളെ അഭിസംബോധന ചെയ്ത് തൃശ്ശൂരിൽനിന്നാണ് സംസാരിക്കുന്നതെന്നറിയിച്ചു. അപ്പോൾ ജനാവലിയിളക്കം. കരഘോഷം. എന്താണു സംഭവിക്കുന്നത്? ഭഗവാനേ രക്ഷപ്പെട്ടു. തുറന്ന ജീപ്പിൽ തൊഴുകൈയുമായി നിന്നുകൊണ്ടു പണ്ഡിറ്റ്ജി വരുന്നു. നിശ്ചിത സമയത്തിനും അല്പനിമിഷങ്ങൾക്കു മുമ്പായി. ഇല്ല. എനിക്കൊന്നും ചെയ്യേണ്ടിവന്നില്ല. പ്രധാനമന്ത്രി വരുന്നു, പണ്ഡിറ്റ്ജി വരുന്നു എന്ന് ആവർത്തിച്ചാവർത്തിച്ച് വിളിച്ചുപറയുകയായിരുന്നു ഞാൻ. ശ്രോതാക്കളതു കേട്ടോ എന്തോ?

പരിപാടി കഴിഞ്ഞ് അവിടെ അല്പ നിമിഷം പോലും ഞങ്ങൾക്കു നില്ക്കാനിടയുണ്ടായിരുന്നില്ല. കോഴിക്കോട്ടെത്തണം. കടപ്പുറത്തെ മഹായോഗമുണ്ട്. അവിടെയും ദൃക്സാക്ഷിയുടെ ചുമതല എനിക്കായിരുന്നു, കോഴിക്കോട്ടെത്തുമ്പോൾ നേരം വളരെ വൈകിയിരുന്നു. ആരുടെയോ ബുദ്ധിമോശം കൊണ്ടോ മറവികൊണ്ടോ പോലീസിൽ നിന്ന് എന്റെ പേരിലൊരു പാസു വാങ്ങിയിരുന്നില്ല. സമ്മേളന സ്ഥലത്തു കടക്കാൻ പാസ് വേണം. അവിടം അപ്പോൾ പോലീസിന്റെ വരുതിയിലാണ് എന്തു ചെയ്യും? ചുമ്മാ ചെല്ലണം. ധൈര്യമായി കടക്കണം. ആരെങ്കിലും തടഞ്ഞാൽ വിവരം പറയണം.

ഞാൻ പുറപ്പെട്ടു. യാത്രയുടെ ക്ഷീണം. ഊണുകഴിക്കാൻ പറ്റീട്ടില്ല. അതൊക്കെ എന്റെ വ്യക്തിപരമായ കാര്യം. ചുമതല നിർവ്വഹിക്കുന്ന കാര്യത്തിൽ അതൊന്നും എന്നെ രക്ഷിക്കില്ലല്ലോ. പ്രധാന ഗേറ്റു കടക്കുമ്പോൾ ആരും തടഞ്ഞില്ല. ഞാൻ നടന്നു. വരട്ടെ, വന്നു ചോദിക്കട്ടെ. പാസ്സില്ലാത്തത് എന്റെ കുറ്റമല്ലല്ലോ. ഓ! ഇനിയാരും വരില്ല. റോസ്ട്രത്തിനടുത്തെത്താറായല്ലോ. ധൃതിയിൽ നടക്കാൻ തുടങ്ങി. അപ്പോൾ എന്റെ തോളിൽ ബലമുള്ളൊരു കൈ. തിരിഞ്ഞു നോക്കി. ഒരു പോലീസ് ആപ്പീസർ. അദ്ദേഹം തമിഴിലാണു ചോദിച്ചത്. പാസ് കാണണം. കൈയിലുണ്ടെങ്കിലല്ലേ കാണിക്കാൻ പറ്റൂ. ഉള്ളിലല്പം പരുങ്ങലുണ്ടായെങ്കി

ലും അതു മറച്ചു പിടിച്ചു. പാതി മലയാളത്തിലും അതിൻപാതി ഇംഗ്ലീഷിലും മറ്റൊരുപാതി തമിഴിലുമായി സംഭവം വിവരിക്കാൻ തുടങ്ങി. മൂന്നു ഭാഷയും പരമാവധി അപകടമായിരുന്നെന്നു എനിക്കു നല്ല ബോധ്യമുണ്ടായിരുന്നു. പരിഭ്രമിച്ചുകൊണ്ടു സംസാരിക്കാൻ തുടങ്ങുമ്പോൾ ഒരു ഭാഷയും നമ്മളെ സഹായിക്കില്ല. എല്ലാം വഴിപോലെ വിവരിച്ചുകേട്ടപ്പോൾ ആപ്പീസർ ചിരിച്ചു. പിന്നെ ശുദ്ധമലയാളത്തിൽ ചോദിച്ചു:

"എന്നെ മനസ്സിലായോ?" ഞാൻ വിഷമിച്ചു. അദ്ദേഹം പേരു പറഞ്ഞു:

"സാമി."

എന്റെ വിഷമം വിട്ടുമാറിയില്ല. അദ്ദേഹം ശ്രീ വി. ആർ. നായനാരെപ്പറ്റി, മിസ്സിസ് നായനാരെപ്പറ്റി, മകളെപ്പറ്റി അന്വേഷിച്ചു. അതു കേട്ടപ്പോൾ ഒരു പഴയ ചിത്രം എന്റെ മനസ്സിൽ തെളിഞ്ഞു വന്നു. ശ്രീകണ്ഠേശ്വരക്ഷേത്രം. സാമി വരന്റെ വേഷത്തിൽ. പൂമാലയും കഴുത്തിലണിഞ്ഞു നില്ക്കുന്നു. അടുത്തുതന്നെ നവവധുവും. വാത്സല്യനിധിയായ ഒരു രക്ഷിതാവിനെപ്പോലെ അടുത്തു ശ്രീ നായനാരുമുണ്ട്. ഞങ്ങളുടെ ആപ്പീസിൽ ജോലിചെയ്യുന്ന കേശവന്റെ സഹോദരിയാണു വധു. എല്ലാമെല്ലാം തെളിഞ്ഞു വന്നപ്പോൾ ഞാൻ പറഞ്ഞു:

"ക്ഷമിക്കണം. പെട്ടെന്ന് ആളെ മനസ്സിലാക്കാൻ കഴിയാത്തതിൽ ദുഃഖമുണ്ട്."

ഞങ്ങൾ സുഹൃത്തുക്കളെപ്പോലെ സംസാരിച്ചുകൊണ്ടു നടന്നു. അദ്ദേഹം പോലീസിൽ ചേർന്നതും തമിഴ്നാട്ടിൽ ജോലി ചെയ്യുന്നതുമെല്ലാം വിസ്തരിച്ചുപറഞ്ഞു. സന്തോഷത്തോടെ ഞങ്ങൾ കൈപിടിച്ചു കുലുക്കി യാത്രപറഞ്ഞു. വീണ്ടും ഇതുപോലെ ജീവിതത്തിന്റെ ഏതെങ്കിലും തുറയിൽവെച്ചു കാണാമെന്നു പറഞ്ഞു കൊണ്ട്. പക്ഷേ, ഇന്നുവരെ അതു സംഭവിച്ചിട്ടില്ല. അദ്ദേഹം എവിടെയുണ്ട്. ഇന്നും എനിക്കറിഞ്ഞു കൂടാ. തീർച്ചയായും പോലീസിൽ വലിയൊരു പദവിയോളം വളർന്ന് അടുത്തുൺപറ്റി എവിടെയെങ്കിലും കുടുംബസമേതം സന്തോഷഭരിതനായി അദ്ദേഹമിന്നു ജീവിക്കുന്നുണ്ടാവും.

അന്നത്തെ സായാഹ്നം ഒരിക്കലും മറക്കാൻ കഴിയില്ല. പണ്ഡിറ്റ്ജിയെ കാത്തിരിക്കുന്ന മഹാപുരുഷാരം. പുരുഷാരത്തെ വെല്ലുവിളിച്ചുകൊണ്ട് അറബിക്കടൽ. തുടുത്തു തുടുത്ത് ഉരുക്കിയെടുത്ത സ്വർണ്ണനാണ്യംപോലുള്ള സൂര്യൻ കടലിൽ താഴുന്നതു വെറുതെ നോക്കിനില്ക്കേണ്ടിവന്നു. പരിപാടി തുടങ്ങിയിട്ടാണു സംഭവമെങ്കിൽ, ദൃക്സാക്ഷിക്ക് ആ ദൃശ്യമൊന്നു വർണ്ണിച്ചുകളയാമായിരുന്നു. കഴിഞ്ഞില്ല. ഒരു കാര്യം ഇവിടെ എടുത്തുപറയേണ്ടതായിട്ടുണ്ട്. പണ്ഡിറ്റ്ജി തൃശ്ശൂരിലെന്നപോലെ കോഴിക്കോട്ടെന്നെ അനുഗ്രഹിച്ചില്ല. വൈകിയാണു വന്നത്. പത്തോ പതിനഞ്ചോ മിനിട്ടു വൈകിയെന്നാണ് എന്റെ ഓർമ്മ. അത്രയും സമയം ഞാൻ ശ്രോതാക്കളെ വകവരുത്തുക തന്നെ ചെയ്തു. കാരണം പരിഭ്രമത്തിന്റെ ആദ്യഘട്ടം തൃശ്ശൂരിൽ കഴിഞ്ഞു പോയിരുന്നു. അതുകൊണ്ട് ആകാശത്തെയോ അലകടലിനെ

യോ ഞാൻ വെറുതെ വിട്ടില്ല. നക്ഷത്രങ്ങളെപ്പോലും കീഴെ ഇറക്കിക്കൊണ്ടുവന്നിരിക്കണം. വാചകമടിയുടെ കോലാഹലത്തിൽ ദ്രക്സാക്ഷി കിഴക്കോട്ടു നോക്കി. അപ്പോൾ ഇ. ആന്റ് എസ്. കെട്ടിടത്തിന്നു മുകളിൽ ചന്ദ്രൻ വന്നുനില്ക്കുന്നു. സന്തോഷം, സൂര്യനേയോ കിട്ടിയില്ല. ഇവനെ വകവരുത്താം. പൗർണ്ണമിയോടടുക്കുന്ന ചന്ദ്രനാണു പരമസുന്ദരൻ

> കണ്ണനുറ്റൊരളിയൻ ഹരന്നിടം
> കണ്ണനംഗന് സുമംഗളാസ്പദം
> വിണ്ണവർക്കമൃതു പാൽക്കടൽക്കു രു-
> വെണ്ണ വെണ്മതിമിഴിക്കൊരുത്സവം.

ഈ ശ്ലോകം അപ്പോൾ പെട്ടെന്ന് ഓർമ്മവന്നെങ്കിലും ഞാൻ ചൊല്ലിയോ എന്നു തീർത്തു പറയാൻ വയ്യ. ഒരു കാര്യം—പണ്ഡിറ്റ്ജി വരുവോളം ഞാൻ തളരാതെ അതുമിതും പറഞ്ഞു. തോല്ക്കാൻ കൂട്ടാക്കിയില്ല. പരുക്ക് ശ്രോതാക്കൾക്കല്ലേ.

— 57 —

## ഒരു പുസ്തകവും കുറെ അപവാദങ്ങളും

കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടി ആകാശവാണി സംഘടിപ്പിച്ച നാടക മത്സരത്തെപ്പറ്റി ഓർത്തുപോവുകയാണ്. രസകരമായ പല അനുഭവങ്ങളും സംഭാവന ചെയ്തതായിരുന്നു ആ മത്സരം. അന്ന് തൃശ്ശൂരിൽ ആകാശവാണിയുടെ ഒരു കേന്ദ്രം ആരംഭിച്ചു കഴിഞ്ഞിരുന്നില്ല. വടക്കു കാസർകോട്ട് മുതൽ തെക്ക് എറണാകുളം വരെയുള്ള എല്ലാ കോളേജുകളും കോഴിക്കോട്ടാണു മത്സരത്തിൽ പങ്കെടുക്കേണ്ടത്. കോളേജുകളെല്ലാം തന്നെ വലിയ ഉത്സാഹത്തോടുകൂടിയാണു പങ്കെടുത്തത്. നാടകത്തിന്റെ സ്ക്രിപ്റ്റ് കാലേക്കൂട്ടി അയയ്ക്കണം. അത് വിദ്യാർത്ഥികൾ തന്നെ രചിച്ചതാണെന്നു പ്രിൻസിപ്പൾ സാക്ഷ്യപ്പെടുത്തണം. സ്ക്രിപ്റ്റ് അംഗീകരിച്ചു കഴിഞ്ഞാൽ നിശ്ചിത തിയ്യതിക്കു നിലയത്തിൽവെച്ചു റിക്കാർഡ് ചെയ്യണം. അങ്ങനെ റിക്കാർഡ് ചെയ്ത ടെയ്പാണ് അവസാനപരിശോധനയ്ക്കു വേണ്ടി അയച്ചുകൊടുക്കുന്നത്. പരിശോധകരത് ശ്രദ്ധിച്ചു കേട്ടു സമ്മാനാർഹമായത് തിരഞ്ഞെടുക്കുന്നു.

മത്സരം നടക്കുന്ന കാലത്തു നിലയത്തിൽ വലിയ തിരക്കായിരിക്കും. പതിവു പരിപാടികൾക്കിടയിൽ കോളേജ് വിദ്യാർത്ഥികളുടെ നാടകങ്ങൾ റിക്കാർഡ് ചെയ്യാൻ സമയവും സൗകര്യവും കണ്ടെത്തുക വലിയ പ്രയാസമാണ്. എല്ലാ ആവശ്യങ്ങളും ഒരുമിച്ചു നിർവ്വഹിക്കാൻ സ്റ്റുഡിയോ സൗകര്യം കുറവായിരുന്നു. അതു പോലെ യന്ത്ര സാമഗ്രികളും വളരെ പരിമിതമായിരുന്നു. കോളേജിൽനിന്നു വരുന്നവർ അതിഥികളാണല്ലോ. വിശേഷിച്ചും വിദ്യാർത്ഥികൾ. അവർക്കും അസൗകര്യങ്ങളുണ്ടാകാത്ത വിധം കാര്യങ്ങൾ നിവർത്തിക്കണം. വലിയ പാടുതന്നെ. എങ്കിലും, ആവലാതിയോ ആക്ഷേപമോ കൂടാതെ അതൊക്ക ഭംഗിയായി നിർവ്വഹിക്കാൻ കഴിഞ്ഞു എന്നതിൽ ഇന്നും ചാരിതാർത്ഥ്യമുണ്ട്.

അന്നൊരു ദിവസം തിരക്കിനും ബഹളത്തിനുമിടയിൽ കേരളവർമ്മ കോളേജിലെ വിദ്യാർത്ഥികൾ പരിപാടിക്കെത്തിച്ചേരുന്നു. അവർ അകലെനിന്നു വണ്ടിക്കു വരുന്നവരാണ്. അന്നു തന്നെ തിരിച്ചു പോകേണ്ടവരും. എല്ലാവരേയും. സന്തോഷത്തോടെ സ്വീകരിച്ചു സ്റ്റുഡിയോവിലിരുത്തി. നാടകത്തിനു വേണ്ട പശ്ചാ

ത്തലസംഗീതത്തിന് ഏതൊക്കെ വാദ്യങ്ങൾ വേണമെന്നു ചോദിച്ചറിഞ്ഞു. അതിന്റെ വിദഗ്ധന്മാരെ തേടിപ്പിടിച്ചു. റിക്കാർഡിങ്ങിനു മുമ്പ് ഒരുവട്ടം റിഹേഴ്സൽ ചെയ്യാനുള്ള സൗകര്യമുണ്ടാക്കി. എത്രയൊക്കെ പോരായ്മകളുണ്ടെങ്കിലും, ബദ്ധപ്പാടുകലശലാണെങ്കിലും അതൊന്നും അതിഥികളെ അറിയിക്കാൻ പാടില്ലല്ലോ.

അങ്ങനെ പശ്ചാത്തലസംഗീതത്തോടെ അവസാനവട്ടം റിഹേഴ്സൽ നടന്ന് എല്ലാവരും റിക്കാർഡിങ്ങിനു തയ്യാറെടുത്തു. നാടകം ആരംഭിച്ചു. നാടകം അല്പം പുരോഗമിച്ചപ്പോൾ, അതിലൊരു കഥാപാത്രം അതീവ ദുഃഖിതനായി കരയേണ്ടിയിരുന്നു. കരച്ചിൽ ആരംഭിച്ചപ്പോൾ സംഗതി ആകെ വഷളാകുമല്ലോ എന്നൊരു തോന്നൽ. അനുഭവം കൊണ്ടങ്ങനെ തോന്നിയതാണ് പലപ്പോഴും ദുഃഖഭാരം കൊണ്ടു കരയേണ്ടവർ വാവിട്ടു നിലവിളിച്ചു നല്ല നാടകമായാൽപ്പോലും ശ്രോതാവിനെ പരമാവധി മുഷിപ്പിച്ചുകളയുന്ന സംഭവങ്ങൾ പലതുമുണ്ടായിട്ടുണ്ട് എന്താണു സംഭവിക്കുന്നതെന്നറിയാൻ വേണ്ടി കാതോർത്തു നില്ക്കുമ്പോൾ കുറഞ്ഞൊരദ്ഭുതമാണുണ്ടായത്. പരിചയസമ്പന്നനായ ഒരു അഭിനേതാവിനെപ്പോലെ ശോകരസം അല്പമാത്രപോലും തന്റെ കരച്ചിൽ കൊണ്ട് അതിഭാവുകത്വത്തിലേക്കുയർത്താതെ തേങ്ങിത്തേങ്ങി, കേൾക്കുന്നവരിൽ പോലും തേങ്ങലുണ്ടാക്കി അതീവ മനോഹരമായിത്തന്നെ തന്റെ ചുമതല ആ വിദ്യാർത്ഥി നിർവ്വഹിച്ചു. ക്ഷമിക്കണം, കരച്ചിലിനെ അതിമനോഹരമെന്നു വിശേഷിപ്പിച്ചതു മനപ്പൂർവ്വമാണ്. ആകാശവാണിയിലെ കലാകാരന്മാരായ ഞങ്ങൾക്കന്നു, ചിരിയായാലും കരച്ചിലായാലും കൊലപാതകമായാലും ബലാൽക്കാരമായാലും പ്രകടനത്തിന്റെ മാറ്റു കണക്കാക്കി മനോഹരമെന്നു വിശേഷിപ്പിക്കാനാണു താൽപര്യം. റിക്കാർഡിങ് കഴിഞ്ഞപ്പോൾ വലിയ സന്തോഷമായിരുന്നു. നല്ലൊരു നാടകം ആസ്വദിക്കാൻ കഴിഞ്ഞതിലും മികവുള്ള അഭിനയം കൊണ്ട് ആ നാടകത്തിന്റെ മാറ്റ് ഇരട്ടിപ്പിച്ചു കണ്ടതിലുമുണ്ടായ സന്തോഷം.

ടെയ്പ്പും സ്ക്രിപ്റ്റുമെല്ലാം വളരെ വേഗത്തിൽ ഒതുക്കി ഭദ്രമായൊരിടത്തു സൂക്ഷിച്ച് ഞാൻ ധൃതിയിൽ പുറത്തേക്കു ചെന്നു. സ്വീകരണമുറിയിൽ ഒത്തുചേർന്നു നില്ക്കുന്ന വിദ്യാർത്ഥികൾക്കിടയിലെത്തി. എനിക്കാ അഭിനേതാവിനെ കാണണം; ആ മനോഹരമായ കരച്ചിലിന്റെ ഉടമയെ, പിന്നെ നാടകരചന നിർവ്വഹിച്ച വിദ്യാർത്ഥിയേയും, രണ്ടാവശ്യങ്ങളും ഞാനവരെ അറിയിച്ചു. വളരെ ഒതുക്കമുള്ള കൂട്ടുതൽ വിനയത്തിനുടമയായ, ലജ്ജാശീലനെന്നു തോന്നിക്കുന്ന ഭാവപ്രകടനത്തോടുകൂടിയ, എന്നാൽ തിളങ്ങുന്ന വലിയ രണ്ടു കണ്ണുകളുടെ ഉടമയായ ഒരു വിദ്യാർത്ഥിയാണ് എന്റെ മുമ്പിൽ വന്നു നിന്നത്. രചയിതാവിനെ അന്വേഷിക്കേണ്ട ബുദ്ധിമുട്ടുണ്ടായില്ല. അതും ആ വിദ്യാർത്ഥി തന്നെയാണ് നിർവ്വഹിച്ചത്. ഞാനെന്റെ അഭിനന്ദനമറിയിച്ചു. വിദ്യാർത്ഥിയുടെ പേരന്വേഷിച്ചു. കെ. പി. ശങ്കരൻ. അതെ. മലയാള സാഹിത്യത്തിലെ പേരെടുത്ത നിരൂപകരിലൊരാളായ കെ. പി. ശങ്കരൻതന്നെ. എന്തു പറയുന്നു ആ അനുഭവത്തെപ്പറ്റി? ചെറിയ അനുഭവമാണോ? എന്റെ അഭിനന്ദനം മി. ശങ്കരനു വലിയ പ്രചോദനമൊന്നും നല്കിയില്ലെങ്കിലും അതിൽ നിന്നെനിക്കു സിദ്ധിച്ച മധുര സ്മരണ അവഗണിച്ചു തള്ളാൻ പറ്റിയതാണോ?

ഇതു പോലുള്ള സംഭവങ്ങൾ ഇനിയുമെത്രയെങ്കിലുമുണ്ട്. അന്നത്തെ ആ മത്സരനാളുകളിൽത്തന്നെ വേറെയും അനുഭവങ്ങളുണ്ടായി. ആദ്യത്തേതു തൃശ്ശൂരിൽ നിന്നാണെങ്കിൽ രണ്ടാമത്തേത് വടകരനിന്ന്. മടപ്പള്ളി കോളേജിലെ സംഘമാണു വന്നു ചേർന്നത്, പതിവുചടങ്ങുകളെല്ലാം കഴിഞ്ഞു റിക്കാർഡിങ് സമയത്തു നാടകം ശ്രദ്ധിച്ചുകൊണ്ടു നില്ക്കുമ്പോൾ പുതിയ തലമുറയെപ്പറ്റി ആവേശകരമായ ഒരനുഭവമുണ്ടാവുന്നു. ഇവിടെ മികവുറ്റ അഭിനയത്തിന്റെ മിടുക്കില്ല. ഇതിവൃത്തത്തിന്റെ മേന്മയാണു ശ്രദ്ധേയമായത്. സമുദായമൈത്രി. അതിൽ ഊന്നൽ നല്കിക്കൊണ്ടു രൂപപ്പെടുത്തിയൊരു നാടകം. നല്ല രചന, ഇതിവൃത്തത്തിനു യോജിച്ച സംഭാഷണം. കഥാപാത്രസൃഷ്ടിയും മോശമല്ല! നാടകം കഴിഞ്ഞപ്പോൾ നാടകകൃത്തിനെ കാണാൻ കൊതിയായി. അന്വേഷിച്ചു; കണ്ടെത്തി. തടിച്ചു കുറുതായ ശരീരം. നല്ല വെളുത്ത നിറം, ലജ്ജാശീലമോ അതിവിനയമോ കണ്ടില്ല. വിദ്യാർത്ഥിയല്ലേ, അഭിനന്ദിച്ചു. അങ്ങോട്ടന്വേഷിക്കാതെ പേരു പറഞ്ഞു. കുഞ്ഞബ്ദുള്ള. കുഞ്ഞു മൊയ്തീനായാലും കുഞ്ഞാലിക്കുട്ടിയായാലും വേണ്ടില്ല. ചെയ്ത കാര്യം ഒന്നാന്തരമായിരിക്കുന്നു. നമ്മുടെ നാടിനു പറ്റിയ നാടകം. ഇതുപോലുള്ള നാടകങ്ങൾ ഇനിയുമിനിയുമുണ്ടാകണമെന്നെല്ലാം അല്പം ഭവ്യതയോടെ പറഞ്ഞു. അങ്ങനെയാണല്ലോ, വിദ്യാത്ഥികളുടെ മുന്നിൽ അല്പമൊരാളാവാനും നാലുവാചകം ഉപദേശരൂപേണ ഭാവനചെയ്യാനും മുതിരുന്നവരാണല്ലോ, എന്നെപ്പോലുള്ളവർ. പേരു പറഞ്ഞപ്പോൾ, വീട്ടുപേരു പറഞ്ഞോ? ഓർക്കുന്നില്ല. ഓർത്താലുമില്ലെങ്കിലും അതു പുനത്തിൽ കുഞ്ഞബ്ദുള്ളയായിരുന്നു. പ്രസിദ്ധ കഥാകൃത്തും നോവലിസ്റ്റുമെന്ന നിലയിൽ ഇന്നെല്ലാവരാലും പ്രശംസിക്കപ്പെട്ടുവരുന്ന സാക്ഷാൽ പുനത്തിൽ കുഞ്ഞബ്ദുള്ള. ഈ സംഭവം മി. കുഞ്ഞബ്ദുള്ള തന്നെ ഒരു വലിയ സദസ്സിൽ അദ്ദേഹത്തോടൊപ്പം വേദിയിലിരിക്കുന്ന എന്റെ മുമ്പിൽ വെച്ച് ഉറക്കെ പ്രഖ്യാപിച്ചു കളഞ്ഞതു കേട്ടിരിക്കാനുള്ള യോഗവും എനിക്കുണ്ടായെന്നു പറയട്ടെ.

കെ. തായാട്ടെന്ന സാഹിത്യകാരനേയും ഇതുപോലൊരു സന്ദർഭത്തിലാണു ഞാൻ കാണുന്നതും പരിചയപ്പെടുന്നതും. ഒരു നാടകത്തിന്റെ പ്രക്ഷേപണം നടക്കുകയാണ് നല്ല കനത്ത ശബ്ദത്തിൽ ഒരാൾ സംസാരിക്കുന്നു. ഈ പ്രപഞ്ചത്തിലെ സമസ്തവസ്തുക്കളും ചെവിടെന്ന ഏകാവയവത്തിലൂടെ ഉൾകൊള്ളാനും ആസ്വദിക്കാനും വിധിക്കപ്പെട്ടവരാണല്ലോ ഞങ്ങൾ ആകാശവാണിക്കാർ. നല്ല ശബ്ദം കേട്ടാൽ വലിയ ഭ്രമം. അതിന്റെ ഉടമയെ കാണാനും പരിചയപ്പെടാനും അതിലേറെ ഭ്രമം. അങ്ങനെയാണ് നല്ല കനത്ത പുരുഷശബ്ദത്തിന്റെ ഉടമയെ കാണാൻ കാത്തുനിന്നത്. കണ്ടു. അറിഞ്ഞു. അടുത്തു. കെ. തായാട്ടെന്ന ആ വ്യക്തി പിൽക്കാലത്ത് മികച്ച അനേകം നാടകങ്ങളുടെ രചയിതാവും നല്ല അഭിനേതാവും ഗ്രന്ഥകാരനുമെന്ന നിലയിൽ റേഡിയോ ശ്രോതാക്കൾക്കു മാത്രമല്ല, സഹൃദയരായ മലയാളികൾക്കു മുഴുവനും ഇന്നു സുപരിചിതനാണ്.

ഇങ്ങനെ ചിന്തിക്കാൻ തുടങ്ങിയാൽ ഇതിനൊരവസാനമില്ല.

ഒരു ഭാഗ്യം ചുളുവിൽ വീണുകിട്ടിയ കഥയുണ്ട്. അതെങ്ങനെയെന്നുവെച്ചാൽ, ഒരു ദിവസം ഒരുവൻ ഫോണിൽ വിളിക്കുന്നു. ഒരുവനെന്നുവെച്ചാൽ മുപ്പത്തുമുക്കോടികളിൽ ഒരുവനല്ല. സാക്ഷാൽ ദേവൻ മാതൃഭൂമിയിൽനിന്നു വിളിക്കുന്നു:

"എഡേയ്—നോക്കണേ ധിക്കാരം—നിന്റെ കൈയിൽ പുസ്തകമുണ്ടോ?"

"എന്തിനാ വായിക്കാനോ?"

"ഛെ. തന്നോടു പുസ്തകം വാങ്ങി വായിക്കാൻ മാത്രം നിരക്ഷരനോ ഞാൻ? പറയുന്നതു കേൾക്ക്. നാലു കാശിന്റെ വഹയാണ് നിനക്കു കിട്ടട്ടെ."

"മനസ്സിലായില്ല."

"ഡേയ്, ഇത് പാഠപുസ്തകമാണു വിഷയം. മനസ്സിലായോ? കൃഷ്ണവാരിയർ പാഠപുസ്തകക്കമ്മറ്റിയിൽ ഒരംഗമാണ് ഒപ്പം മഹാകവി ജി. യും കുറ്റിപ്പുഴയുമുണ്ട്. അവർ ഉപപാഠപുസ്തകങ്ങൾ മുഴുവനുമെന്നു പറയാം തിരഞ്ഞെടുത്തു കഴിഞ്ഞു. ആറാം ക്ലാസ്സിലേക്കു പുസ്തകമൊന്നും കിട്ടിയില്ല. വല്ലതുമുണ്ടെങ്കിൽ ഒന്നെടുത്തു കൊട്. ദീപസ്തംഭമല്ലേ നമുക്കും കിട്ടിക്കോട്ടെ പണം."

എല്ലാം പറഞ്ഞുകേട്ടപ്പോൾ സംഗതി കൊള്ളാമെന്നെനിക്കു തോന്നി. കുടുംബത്തിലേക്കു നാലുകാശ് വരുമാനമുണ്ടാവുന്നതല്ലേ. പക്ഷേ, പുസ്തകമെവിടെ? ആലോചിച്ചാലോചിച്ച് വിഷമിക്കുമ്പോൾ ഒരാഗ്രഹം പോലെ അവൻ മനസ്സിലുദിക്കുന്നു. കേരള ബുക്ക് ഡിപ്പോ പ്രസാധനം ചെയ്ത 'പഴശ്ശിയുടെ പടവാൾ' എന്നൊരുവൻ കിടപ്പുണ്ട്. കുട്ടികൾക്കു വേണ്ടിയെന്ന പേരിൽ നിരന്തരമായ നിർബ്ബന്ധം വന്നപ്പോൾ അതേ പേരിൽ തന്നെ ഞാനെഴുതിക്കൊടുത്ത വസ്തുവാണ്. ഉടനെ മൂന്നു കോപ്പി സംഘടിപ്പിച്ചു ദേവനയച്ചുകൊടുത്തു. ദേവനത് കൃഷ്ണവാരിയർക്കു കൊടുത്തു. കൃഷ്ണവാരിയർ അത് എന്തു ചെയ്തെന്ന് ഞാനന്വേഷിച്ചില്ല. പക്ഷേ, പുസ്തകം ആറാം ക്ലാസ്സിൽ ഉപപാഠപുസ്തകമായി വന്നു. പഴശ്ശിയുടെ പടവാൾ ഇടവും വലവും വീശുകതന്നെ ചെയ്തു. ഏറെ കാശു കിട്ടിയില്ലെങ്കിലും കുറച്ചൊക്കെ കിട്ടി. അതു വേറൊരു കഥ. പക്ഷേ, പണത്തേക്കാളേറെ അപവാദമാണു കിട്ടിയത്: ഞാൻ പലരേയും കണ്ടു. കാലുപിടിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടിക്കു കൈക്കൂലി കൊടുത്തു. എന്തെല്ലാം പറയാമോ അതെല്ലാം പറഞ്ഞു. എല്ലാം കേൾക്കുകയും സഹിക്കുകയും ചെയ്തു. പക്ഷേ, നമ്മുടെ ഇടയിലൊരു ചൊല്ലുണ്ടല്ലോ—ദൈവം സാക്ഷിയെന്ന്. ഇവിടെ ചെറിയൊരു വ്യത്യാസമേയുള്ളൂ: ദേവൻ സാക്ഷി. ഓ, ഒരു കാര്യം പറയാൻ വിട്ടു. കമ്മ്യൂണിസ്റ്റുകാർക്കു കൈക്കൂലി കൊടുത്തെന്നു പറയാൻ കാരണം അന്നു കേരളം ഭരിച്ചത് ഇ. എം. എസ്സിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് മന്ത്രിസഭയായതുകൊണ്ടാണ്. അല്ലെങ്കിൽ ആരു ഭരിച്ചാലും എങ്ങനെ ഭരിച്ചാലും, ഇവിടെ അവാർഡ് കിട്ടുമ്പോഴും ടെക്സ്റ്റ് ബുക്ക് പരിഗണനയ്ക്കെടുക്കുമ്പോഴും ഏതിനെങ്കിലും അപവാദമില്ലാതെ പോയിട്ടുണ്ടോ?

— 58 —

# ബഷീർ കോഴിക്കോട്ടുകാരനാവുന്നു

കേന്ദ്ര കലാസമിതി കോഴിക്കോട്ടൊരു കലോത്സവം സംഘടിപ്പിക്കുന്നു. ശാസ്ത്രീയസംഗീതം, ലളിതഗാനം, നാടൻ കല, നാടകം. സമൃദ്ധമായിത്തന്നെ വിരുന്നൊട്ടിക്കളയാൻ സംഘാടകരൊരുങ്ങി. എല്ലാറ്റിനും അതതു വിഷയങ്ങളിൽ പ്രഗല്ഭരായവരെ ക്ഷണിക്കാൻ തീരുമാനിച്ചു. തിരുവനന്തപുരത്തുനിന്ന് ഒരു നാടകം വേണം. അതു നിർബ്ബന്ധം. അവിടെ നാടകവേദിയിൽ പുതിയ പരിവർത്തനത്തിന്റെ കാറ്റു വീശുന്നതു കോഴിക്കോട്ടെ നാടകപ്രേമികളായ ചെറുപ്പക്കാർ മനസ്സിലാക്കിയിരുന്നു. ശ്രീ എൻ. കൃഷ്ണപിള്ളയുടെ 'അനുരഞ്ജന'വും 'ഭഗ്നഭവന'വും പഠിച്ച് രംഗത്തവതരിപ്പിച്ചവരിൽ പലരും കലാസമിതി പ്രവർത്തകരിലുണ്ടായിരുന്നു. തിരുവനന്തപുരത്തിനു ക്ഷണമയയ്ക്കാം. അവർ സ്വീകരിക്കും; വരും; തർക്കമില്ല. രണ്ടു ദിവസത്തെ പരിപാടിയിൽ ഒരിനം അങ്ങനെ തീരുമാനിക്കപ്പെട്ടു. രണ്ടാം ദിവസത്തെ നാടകത്തെപ്പറ്റിയുള്ള ആലോചന വന്നപ്പോൾ മി. അബ്ദുള്ളയുടെ ഒരഭിപ്രായം: ശ്രീ വൈക്കം മുഹമ്മദ് ബഷീറിന്റെ 'ന്റുപ്പാപ്പാക്കൊരാനേണ്ടാർന്നു' എന്ന കഥ നാടകരൂപത്തിലാക്കി അവതരിപ്പിക്കണം, അഭിപ്രായം കൊള്ളാം. അതത്ര എളുപ്പമാണോ? ഒന്നാമത് അതിപ്പോൾ നാടക രൂപത്തിലല്ല. രണ്ടാമത് മി. ബഷീറിനെക്കൊണ്ട് നാടകമെഴുതിക്കുക; എഴുതിക്കഴിഞ്ഞിട്ടു പഠിക്കുക—ഇതെല്ലാം പരസ്പരം പറഞ്ഞാസ്വദിക്കാൻ പറ്റും. അതിലപ്പുറമൊന്നും സംഭവിക്കില്ല. പലരും ഒരേ സ്വരത്തിൽ അഭിപ്രായപ്പെട്ടു. പക്ഷേ, മി. അബ്ദുള്ള വഴങ്ങിയില്ല. ശ്രമിക്കണം. ശ്രമിച്ചാൽ സാധിക്കുമെന്നുതന്നെ ഉറപ്പിച്ചു പറഞ്ഞു. പ്രശ്നം അതോടെ മി. അബ്ദുള്ളയുടെ പരിഹാരത്തിനു വിട്ടു.

എന്റെ നേർക്കാണു പിന്നത്തെ ആക്രമണം. എന്റെ ചെറിയൊരു കൈക്കുറ്റപ്പാടാണതിനു കാരണം. അതിങ്ങനെയാണ്: ആകാശവാണിക്കൊരു മോഹം, ശ്രീ വൈക്കം മുഹമ്മദ് ബഷീറിന്റെ ഏതെങ്കിലുമൊരു കലാസൃഷ്ടി നാടകമാക്കി അരങ്ങത്തവതരിപ്പിക്കണമെന്ന്. അദ്ദേഹത്തോടാരു പറയും? ആരു പറഞ്ഞാലദ്ദേഹം അനുമതി നല്കും? ആലോചിച്ചാലോചിച്ച് ഒടുവിൽ അതിന്റെ ചുമതല എന്നിൽ

വന്നുവീണു. എനിക്കദ്ദേഹത്തെ അറിയും. കണ്ടിട്ടുണ്ട്. കുറഞ്ഞ പരിചയവുമുണ്ട്. അതുകൊണ്ടു മാത്രം എന്റെ അപേക്ഷ അദ്ദേഹം സ്വീകരിക്കണമെന്നില്ല. എങ്കിലും, ശങ്കിച്ചു ശങ്കിച്ച് ഞാനൊരപേക്ഷ വിട്ടു. പിന്നെ കാത്തിരിപ്പാണ്. അങ്ങനെയിരിക്കുമ്പോൾ മറുപടി വന്നു; പതിവു ശൈലിയിൽ: 'സംഗതി കൊള്ളാം'. പക്ഷേ, ഇന്ത്യൻ യൂണിയൻ പ്രസിഡണ്ടുമായി കരാറിലേർപ്പെടാൻ വയ്യ. വലഞ്ഞില്ലേ! പ്രക്ഷേപണത്തിനുള്ള ഉരുപ്പടിയുടെ ഉടമ കരാറിലേർപ്പെടേണ്ടത് പ്രസിഡണ്ടുമായിട്ടാണ്. അതിലൊരു വിട്ടുവീഴ്ചയുമില്ല. എന്തുചെയ്യും? വീണ്ടും എഴുതി. പൊറുതികേടുകൊണ്ടാവണം ഒടുവിലദ്ദേഹം അനുമതി തന്നു. 'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു' എന്ന കഥ. റേഡിയോ നാടകമാവുകയും പ്രക്ഷേപിക്കുകയും ചെയ്തു. ഏറെ നന്ദി പറഞ്ഞു കൊണ്ടുള്ള കത്തെഴുതാൻ തുടങ്ങുമ്പോൾ നേരിയൊരാശ്വാസം എനിക്കുണ്ടായിരുന്നു. കോഴിക്കോട്ടു കേന്ദ്രത്തിന്റെ പ്രസരണശേഷി അന്ന് ഒന്നേകാൽ കിലോവാട്ടായിരുന്നു. അതിലൂടെ പുറത്തുചാടുന്ന വസ്തു ഒരു നിലയിലും തലയോലപ്പറമ്പിലെത്തില്ല. അവിടെയാരും കേൾക്കില്ല. പക്ഷേ, സംഗതി മറിച്ചാണു സംഭവിച്ചത്. മീ. ബഷീറിന്റെ കത്തു വരുന്നു: "തന്റെ നാടകം കേട്ട്, രണ്ടു കാക്ക, ഒരു പൂച്ച ഇത്യാദികൾ മരിച്ചുവീണിരിക്കുന്നു!" സാരമില്ല. വധിച്ചില്ലല്ലോ എന്ന സമാധാനം.

തലയോലപ്പറമ്പിൽ ചെന്ന് മി. ബഷീറിനെ ക്ഷണിച്ചുകൊണ്ടുവന്ന് കോഴിക്കോട്ടു താമസിപ്പിക്കുക; റേഡിയോ നാടകത്തിന്റെ സ്ക്രിപ്റ്റും മൂലകഥയും വെച്ചുകൊണ്ട് പുതിയൊരു നാടകം അദ്ദേഹത്തെക്കൊണ്ട് എഴുതിക്കുക മി. അബ്ദുള്ളയുടെ പ്ലാൻ അതായിരുന്നു. പിന്നെ സംഗതികൾ നീങ്ങിയത് വളരെ ദ്രുതഗതിയിലായിരുന്നു. മി. അബ്ദുള്ളയും അബ്ദുറഹിമാനും ഞാനും കൂടി ഒരു നല്ല മുഹൂർത്തം നോക്കി തലയോലപ്പറമ്പിലേക്കു പുറപ്പെടുന്നു. എറണാകുളത്തെത്തി സീ വ്യൂ ഹോട്ടലിൽ നിന്നു ഭക്ഷണം കഴിച്ചു. പ്രാക്കുളം ഭാസിച്ചേട്ടനെ തിരക്കി. അദ്ദേഹം നെറ്റി നിറയെ ഭസ്മക്കുറിയുമായി ചാരുകസേരയിൽ കിടക്കുന്നു. കസേരത്തണ്ടിൽ മുറുക്കാൻ ചെല്ലമുണ്ട്; വായ നിറയെ മുറുക്കാനും. കണ്ട ഉടനെ സ്നേഹം നിറഞ്ഞ ചിരിയോടെ നിവർന്നിരുന്നു. ഞങ്ങൾ ഭാസിച്ചേട്ടനോടു സംഗതി വിവരിച്ചു. ചേട്ടൻ പൊട്ടിച്ചിരിച്ചു; പരിപാടി കൊള്ളാമെന്ന അർത്ഥത്തിൽ. ഞങ്ങളുടെ സംരംഭത്തിനു ചിരിച്ചുകൊണ്ടു തന്നെ വിജയമാശംസിച്ചു. ഭാസിച്ചേട്ടനെ കാണുന്നതും അദ്ദേഹവുമായി അല്പസമയം സംസാരിച്ചിരിക്കുന്നതും ആഹ്ലാദകരമായൊരനുഭവമാണ്.

ഞങ്ങൾ തലയോലപ്പറമ്പിലെത്തി. ബഷീർ സാഹിത്യത്തിലൂടെ പരിചയപ്പെട്ട ബന്ധുക്കളേയും സുഹൃത്തുക്കളേയും, ആട്, കോഴി മുതലായ ജന്തുവർഗ്ഗങ്ങളേയും, റോഡിനു നടുവിൽ വില്പന വസ്തുക്കൾ നിരത്തിവെച്ച് ഉപഭോക്താക്കളേയും കാത്തിരിക്കുന്ന വ്യാപാരികളേയും ഞങ്ങൾ കണ്ടു. റോഡിനു നടുവിൽ വ്യാപാരം നടത്തുന്ന സമ്പ്രദായം, ആദ്യമായി കാണുകയാണ്. ഇന്നും ആ രീതിയവിടെ നടക്കുന്നുണ്ടോ എന്തോ? ഇങ്ങനെ പറയാൻ തുടങ്ങിയാൽ ആ യാത്രയിലുണ്ടായ അനുഭവങ്ങൾ വിരാമമില്ലാതെ നീണ്ടുപോകും. ചുരുക്കിപ്പറയട്ടെ. ഞങ്ങൾ മി: വൈക്കം മുഹമ്മദ് ബഷീറിനേയും കൊണ്ടു കോഴിക്കോട്ടെത്തി...കണ്ടവർക്കും കേട്ടവർക്കുമൊക്കെ

അദ്ഭുതം. നാടകമെഴുതാൻ നല്ല വെളിച്ചവും കാറ്റും ഏകാന്തതയുമുള്ള ഒരു സ്ഥലം വേണം. എസ്. കെ. പൊറ്റെക്കാടിന്റെ ഭവനം 'ചന്ദ്രകാന്തം' ഒഴിഞ്ഞു കിടപ്പാണെന്ന് അന്വേഷണത്തിൽ മനസ്സിലായി. ഏറെ വിഷമിക്കേണ്ടിവന്നില്ല, കാഥികന്റെ പണിപ്പുരതന്നെ കിട്ടി. അവിടെ മേലന്വേഷണത്തിന്റെ ചുമതല കെ. പി. രാമൻനായരെ ഏല്പിച്ചു. ആളുകളെ നിയന്ത്രിക്കണം. അവശ്യവസ്തുക്കൾ സംഘടിപ്പിച്ചുകൊടുക്കണം. എഴുത്തുപണിയുടെ പുരോഗതിയെപ്പറ്റി ഇടയ്ക്കിടെ അന്വേഷിക്കുകയും വേണം. ഇല്ലെങ്കിൽ ആരാധകർ കേറി അമ്പലം തീണ്ടും. പരിപാടികൾ മുടക്കും.

നാടകനിർമ്മാണ യജ്ഞം ആരംഭിച്ചു. ഒപ്പം പാചകവേലയും. പാചകം വേലയിൽ ഒതുങ്ങിനിന്നില്ല. പലപ്പോഴും പാചകക്ലാസ്സുകൾ നടക്കുന്നു. വി. കെ. എൻ., ദേവൻ, പട്ടത്തുവിള, എം. ടി. തുടങ്ങി പ്രഗല്ഭരായ പലരും ക്ലാസ്സിൽ പങ്കെടുക്കുന്നു. ക്ലാസ്സ് കഴിയുമ്പോൾ അടുത്തുനിന്നും അകലെനിന്നും ആരാധകരെത്തുന്നു. ആകെ ബഹളം. നാടകരചനയല്ലാത്ത എല്ലാ കാര്യങ്ങളും ഭംഗിയായി അവിടെ നടക്കുന്നു. രാമൻനായർക്ക് അരിശം വരുന്നു. രാമൻനായർ പിറുപിറുക്കുന്നു. കണിശക്കാരനാണു രാമൻനായർ. ഏതു സംഗതിയും വഴിപോലെ നടക്കണം; നടന്നേപറ്റൂ. അദ്ദേഹം പൂർണ്ണമായും നിയന്ത്രണമേറ്റെടുക്കുന്നു. യജ്ഞം തടവില്ലാതെ തുടരുന്നു.

കലോത്സവത്തിന്റെ നാളുകളെത്തി. നിറഞ്ഞ സദസ്സിൽ മുഖ്യമന്ത്രി ഇ. എം. എസ്. കലോത്സവത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. തിരുവനന്തപുരത്തുനിന്നു നാടകസംഘം വന്നു. ശ്രീ സി. എൻ. ശ്രീകണ്ഠൻനായരുടെ 'കാഞ്ചനസീത'യാണു നാടകം. ശ്രീകണ്ഠൻ നായരെ നേരത്തെ പരിചയമുണ്ട്. അടുത്ത സുഹൃത്താണെന്നുവരെ അവകാശപ്പെടാം. ഗ്രീൻ റൂമിൽ ചെന്നപ്പോൾ ആദ്യം കണ്ടത്, എല്ലാവർക്കും ചേട്ടനായ ശ്രീ വിക്രമൻനായരെയാണ് ആകാശവാണിയുടെ ആവിർഭാവത്തോടെ, ശബ്ദതരംഗങ്ങൾ കൊണ്ടുവന്ന പരിചയപ്പെടുത്തിയ പ്രഗല്ഭരായ പലരിൽ ഒരാളാണ് ശ്രീ വിക്രമൻനായർ. അതിനപ്പുറമുണ്ട് ശ്രീ ടി. ആർ. സുകുമാരൻ നായർ. മലയാള നാടക വേദി എന്നുമെന്നും ആദരവോടെ സ്മരിക്കുന്ന അനുഗ്രഹീതരായ രണ്ടു വിശിഷ്ട വ്യക്തികൾ. ഒരാൾ നാടകകലയെ മുഴുവനായി സ്വാംശീകരിക്കുമ്പോൾ അപരൻ അഭിനയകലയുടെ ഉത്തുംഗശൃംഗങ്ങൾ കീഴടക്കുകയായിരുന്നു. ഈ പ്രതിഭാധനർക്കപ്പുറം വേണുക്കുട്ടൻ നായരേയും കാണാൻ കഴിഞ്ഞു. പ്രസംഗവേദിയിലല്ലാതെ നാടകവേദിയിലൊരിക്കലും കണ്ടു മുട്ടാത്ത പ്രഗല്ഭനടൻ കൗമുദി ബാലകൃഷ്ണനും അവിടെ ഗ്രീൻ റൂമിലുണ്ടായിരുന്നു. അദ്ദേഹത്തെ പരിചയമില്ലെന്നു വിട്ടുപറയാൻ വയ്യ. കൗമുദിയുടെ വാർഷികപ്പതിപ്പിന്റെ സാഹിത്യസംഭാവനകൾ തേടി കേരളത്തിലങ്ങോളമിങ്ങോളം ജൈത്രയാത്ര നടത്തുന്ന ശ്രീ ബാലകൃഷ്ണനെ ഒന്നുരണ്ടു തവണ കോഴിക്കോട്ടുവെച്ച് അതിനു മുമ്പു കണ്ടിട്ടുണ്ട്. സി. എൻ., അടൂർ ഭാസി എന്നിവരും കൂട്ടത്തിലുണ്ട്.

ഓർമ്മ മറുകണ്ടം ചാടും മുമ്പ് ഒരു ചെറിയ കാര്യം ഇവിടെ സൂചിപ്പിക്കട്ടെ: പ്രാതഃസ്മരണീയനായ ശ്രീ ടി. ആർ. സുകുമാരൻനായരെ സംബന്ധിച്ച്. സി. എൻ. ശ്രീകണ്ഠന്റെ നാടകത്രയം പാലക്കാട്ടുവതരിപ്പിക്കുന്നു. സി. എൻ. സുഖമില്ലാതെ

കിടപ്പാണ്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യമില്ലെങ്കിലും, ഉറ്റസുഹൃത്തുക്കളായ പലരും കേരളത്തിന്റെ പല ഭാഗത്തു നിന്നും പാലക്കാട്ടെത്തിയിരുന്നു: ശ്രീ എം. ഗോവിന്ദൻ, കാവാലം നാരായണപ്പണിക്കർ, അയ്യപ്പപ്പണിക്കർ, അരവിന്ദൻ, ദേവൻ, സാനുമാസ്റ്റർ, തോമസ് മാത്യു അങ്ങനെ പലരും. പകൽ ചർച്ചകളും സിമ്പോസിയങ്ങളും. രാത്രി നാടകം. മി. ആർ. ആർ. നായരുടെ നേതൃത്വത്തിൽ കലാ പ്രേമികളായ ഒരു സംഘം യുവാക്കളാണ് പരിപാടി സംഘടിപ്പിച്ചത്. ആകാശവാണിയുടെ പ്രതിനിധിയെന്നനിലയിൽ അവിടെ ചെല്ലാനും പരിപാടികളാസ്വദിക്കാനും എനിക്കൊരവസരം സിദ്ധിച്ചിരുന്നു.

ലങ്കാലക്ഷ്മി പ്രദർശിപ്പിക്കുന്ന ദിവസം. ഞാൻ ഗ്രീൻ റൂമിൽ ചെന്നു. എല്ലാവരേയും ഒന്നു കാണാമെന്ന വിചാരത്തോടെ. ടി. ആർ. മേക്കപ്പ് കഴിഞ്ഞു നില്ക്കുന്നു. അടുത്തു ചെന്നപ്പോൾ, അല്പമൊരസുഖമെന്തോ ഉള്ള പോലെ തോന്നി. ശരിയാണ് കണ്ണു കലങ്ങി ചുവന്നിരിക്കുന്നു. വെള്ളമൊഴുകിക്കൊണ്ടേയിരിക്കുന്നു. കണ്ണുദീനമാണ് ഈ ദീനവും വെച്ചുകൊണ്ട് എങ്ങനെ അഭിനയിക്കുമെന്നു ചോദിക്കാൻ തോന്നി.

ചോദിച്ചില്ല. മനഃപ്രയാസത്തോടെ മടങ്ങി. നാടകം കാണാൻ മുൻവരിയിൽ തന്നെ ചെന്നിരുന്നു. എനിക്കാകെ വിഷമമായിരുന്നു. കണ്ണുദീനവും വെച്ച് ലങ്കാലക്ഷ്മിയിലെ രാവണൻ എങ്ങനെ അഭിനയിക്കും? നാടകം തുടങ്ങി. രാവണൻ നാടകം നിറഞ്ഞു നില്ക്കുകയാണല്ലോ. ഞാൻ ശ്രദ്ധിച്ചു കൊണ്ടേയിരുന്നു. ഒട്ടും പതറാതെ അദ്ദേഹം അഭിനയിക്കുന്നു. അങ്ങനെ നിമിഷങ്ങൾ ഓരോന്നു പൊഴിഞ്ഞുവീഴുന്നു. ഉടനെ രാവണൻ സദസ്സിന്റെ അറ്റത്തേക്കു ഗൗരവപൂർവ്വം നോക്കി, രംഗമദ്ധ്യത്തിലേക്കു നടന്ന്, പാതി ഇടത്തോട്ടു തിരിഞ്ഞ്, വലതു കാലെടുത്തു സിംഹാസനത്തിന്റെ ചവിട്ടുപടിയിൽ വെച്ച് സാവകാശം വസ്ത്രമുയർത്തി ഒരു പനിനീർപൂ ചുംബിക്കും പോലെ വസ്ത്രാഗ്രംകൊണ്ടു കണ്ണുകളൊപ്പി. രാവണൻ തീർച്ചയായും അന്നു തന്റെ രാജധാനിയിൽവെച്ച് ഇതുപോലൊരു കർമ്മം നിർവ്വഹിച്ചിട്ടുണ്ടാവുമെന്ന വിശ്വാസം പ്രേക്ഷകരിൽ വരുത്തി വീണ്ടും തന്റെ കർത്തവ്യത്തിലേക്കു തിരിച്ചു വരുന്ന ഭാഗം കണ്ടു ഞാൻ അന്തംവിട്ടിരുന്നു. ആ അഭിനയസിദ്ധിക്കു മുമ്പിൽ എന്റെ മനസ്സ് തലകുനിച്ചു. നാടകം കഴിഞ്ഞ ഉടനെ ഞാൻ ഗ്രീൻ റൂമിലേക്ക് ഓടിച്ചെന്നു. അപ്പോൾ വള്ളത്തോൾ പാടിയ രണ്ടു വരികളാണെന്റെ മനസ്സുരുവിട്ടത്:

കിട്ടീലിടമെനിക്കാൾതിക്കുമൂലമാ-
ശിഷ്യന്റെ മുമ്പിൽ വടിപോലെ വീഴുവാൻ.

അതെ; ഗ്രീൻ റൂമിൽ, സാധനസാമഗ്രികൾ പലതുമുണ്ട്. അവിടെങ്ങനെ സാഷ്ടാംഗനമസ്കാരം സാധിക്കും? അദ്ദേഹമിന്നില്ല. ആ സ്മരണയ്ക്കു മുമ്പിൽ ഇന്നും പല തവണ എന്റെ മനസ്സ് സാഷ്ടാംഗം നമസ്കരിക്കുന്നു!

ഞാൻ കലോത്സവത്തിലേക്കുതന്നെ മടങ്ങട്ടെ. കാഞ്ചനസീത പ്രക്ഷക പ്രശംസ നേടിയെടുത്തു. 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു' എന്ന നാടകവും ജനപ്രീ

തി നേടി. സംഗതി ഇവിടം കൊണ്ടവസാനിക്കുന്നോ? ഇല്ല. ഇവിടെ ഇ. എം. എസ്സിന്റെ ഗവൺമെന്റിന് ഒരു നന്ദി പറയാതെ പോയാൽ അതേറ്റവും വലിയ കൃതഘ്നതയാവും. കലോത്സവത്തിൽ കനത്ത സാമ്പത്തിക ബാധ്യതയിൽനിന്നു കരകയറാൻ അന്നു കമ്മിറ്റിയെ സഹായിച്ചത് ഗവൺമെൻറായിരുന്നു. കലോത്സവത്തിന്റെ ചെലവിലേക്ക് ഗവൺമെൻറും ഒരു ഗ്രാന്റ് തന്നു. കൃതജ്ഞത അർഹിക്കുന്ന ഒരു വലിയ കാര്യമല്ലേ അത്? അന്നോളം ഏതെങ്കിലും ഗവൺമെന്റ് കലാസംഘടനകൾക്കുള്ള സഹായധനം നല്കിയതായ ചരിത്രമുണ്ടോ? അറിഞ്ഞുകൂടാ.

ചന്ദ്രകാന്തം ശബ്ദായമാനമായിരുന്നു. എഴുത്തുകാരും പത്രപ്രവർത്തകരായ പലരും വന്നുകൊണ്ടിരുന്നു. മി. ബഷീറിന്റെ മധുരം ചോരുന്ന ഫലിതം കേട്ടു വരുന്നവർ വരുന്നവർ മതിമറന്നു ചിരിച്ചു. അങ്ങനെ അങ്ങനെ സംഗതികൾക്കു മറ്റൊരു രൂപം കൈവരുന്നു. മി. ബഷീർ ഏകൻ. അവിവാഹിതൻ. അങ്ങനെയായാൽ പറ്റില്ലെന്ന് മി. അബ്ദുറഹിമാനൊരു തോന്നൽ. മി. അബ്ദുള്ളയ്ക്കും ആ തോന്നലുണ്ടായി. അന്നു ചന്ദ്രകാന്തത്തിൽ പതിവായി വന്നും പോയുമിരുന്ന സുഹൃത്തുക്കളിലെല്ലാവർക്കും ആ വിചാരമുണ്ടായി. വിചാരങ്ങൾ ഏകീകരിക്കുന്നു. കൂട്ടായ പ്രവർത്തനം നടക്കുന്നു. മി. അബ്ദുറഹിമാൻ തീരുമാനമെടുക്കുന്നു. അങ്ങനെ മി. ബഷീർ വിവാഹിതനാവുന്നു; വിവാഹത്തിലൂടെ കോഴിക്കോട്ടുകാരനാവുന്നു!

അന്ന്, തലയോലപ്പറമ്പിലേക്കുള്ള ആ യാത്ര, ഒരു നവവരനെ തേടിയുള്ളതായിരുന്നെന്നു മി. അബ്ദുള്ളയോ അബ്ദുറഹിമാനാ ഓർത്തിരുന്നോ? ഈ സംഭവത്തെ വിധിയെന്നു വിളിക്കാമോ? എന്തോ. അറിഞ്ഞു കൂടാ. "നാമിങ്ങറിയുവതല്പം എല്ലാമാമനേ ദൈവസങ്കല്പം" എന്നു പറയാമോ? അതും അറിഞ്ഞുകൂടാ.

## — 59 —

# സാനറ്റോറിയത്തിലെ കലാപരിപാടി

നറുക്കു വീണെന്നോ, തൊപ്പിയിൽ ത്തൂവൽ കേറിയെന്നോ എന്താണു പറയേണ്ടതു്? അതല്ല, രണ്ടും ഒരുമിച്ചു പറയണോ? പറഞ്ഞാലും കുഴപ്പമില്ല. സംഗതി അത്രമേൽ കൊള്ളാവുന്നതാണ്. കേരള സാഹിത്യ അക്കാദമി പുനഃസംഘടിപ്പിച്ച് അംഗങ്ങളുടെ പേരുവിവരം പ്രസിദ്ധീകരിച്ചപ്പോൾ അതിൽ ഇവനും പരമഭവ്യനായി സ്ഥലം പിടിച്ചിരിക്കുന്നു. ഒരദ്ഭുതം. കൈനിക്കര കുമാരപിള്ളസ്സാർ, ടി. എൻ. ഗോപിനാഥൻനായർ, കെ. പത്മനാഭൻനായർ, പി. ഭാസ്കരൻ, പി. സി. കുട്ടികൃഷ്ണൻ തുടങ്ങിയ പ്രഗല്ഭമതികളുടെ കൂട്ടത്തിൽ ഞാനും. കൊള്ളാം; എന്താണ് അക്കാദമി എന്നു കണ്ടുകളയാം. അതിന്റെ ഗുണം, മണം, സ്ഥിരം സ്വരൂപമെന്നിവ അടുത്തു ചെന്നു മനസ്സിലാക്കിക്കളയാം. ഏറെ കാത്തുനില്ക്കും മുമ്പ് തീട്ടൂരം വരുന്നു. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനത്തേക്ക് യാത്ര പുറപ്പെടുന്നു. അപ്പോൾ കേരളം ഭരിക്കുന്നത് ഇ. എം. എസ്. മന്ത്രിസഭയായിരുന്നു; എന്റേത് കേന്ദ്രസർക്കാരിന്റെ ആപ്പീസും. ആക്ഷേപമുണ്ടാവുമെന്ന നല്ല നിശ്ചയമുണ്ട്. ആക്ഷേപം വരട്ടെ, അപ്പോൾ നേരിടാം എന്ന് ഉറപ്പിച്ചുകൊണ്ടുതന്നെയാണു പുറപ്പെട്ടതു്.

അക്കാദമിയുടെ പ്രഥമയോഗം; എന്റെയും. ആരാണ് അദ്ധ്യക്ഷപദം അലങ്കരിച്ചതെന്നു വ്യക്തമായി ഇപ്പോൾ ഓർക്കുന്നില്ല. മറവി പാടില്ലാത്തതായിരുന്നു. എങ്കിലും മനസ്സിലൊരു പേരിപ്പോൾ ഉരുണ്ടു കളിക്കുന്നുണ്ട്. എത്രമാത്രം ശരിയെന്നറിഞ്ഞുകൂടാ: 'മങ്കുത്തമ്പുരാൻ'. തെറ്റെങ്കിൽ ക്ഷമിക്കുക. അദ്ധ്യക്ഷപദത്തെക്കുറിച്ച് ഇങ്ങനെയൊരു പ്രമാദം പറ്റാനുള്ള കാര്യം പിന്നാലെ വരുന്നുണ്ട്. അപ്പോൾ മനസ്സിലാവും. ക്ഷമിക്കുക.

യോഗനടപടികളാരംഭിക്കുന്നതിനല്പം മുമ്പ് മഹാകവി ഇടശ്ശേരിയെ കാണുന്നു. അകം നിറയെ കവിതയും കന്മഷം പുരളാത്ത സൗഹൃദവും ജൂബ്ബയുടെ പോക്കറ്റിൽ എമ്പാടും പൊന്നാനി ബീഡിയുമുള്ള ഇടശ്ശേരി എന്നെ കണ്ടാൽ ആദ്യമായി ചെയ്യുന്ന കർമ്മം ഒരു ബീഡിയെടുത്തു തരലാണ്. തന്നെപ്പോലെ ആസ്വദിച്ചു ബീഡിവലിക്കുന്നവരെ ഇടശ്ശേരി കൂടുതൽ ഇഷ്ടപ്പെടുന്നതായി പലപ്പോഴും എനിക്കു

തോന്നീട്ടുണ്ട്. എന്റെ വെറും തോന്നൽ. ബീഡിവലിയുടെ കാര്യത്തിൽ പി. സി. യും ഇടശ്ശേരിയുമായി മനപ്പൊരുത്തമില്ല. ഞാൻ കാണാൻ തുടങ്ങിയ കാലം മുതൽ പി. സി. ബീഡിവലിക്കെതിരായിരുന്നു. വെറ്റില മുറുക്കാണു പ്രധാനം. ഇടശ്ശേരി വർത്തമാനം ആരംഭിച്ചത് കടവനാട്ട് കുട്ടികൃഷ്ണനെ കാണാറുണ്ടോ എന്നു ചോദിച്ചുകൊണ്ടാണ്. ഒരു ഗുരുനാഥൻ ശിഷ്യന്റെ സുഖവിവരമന്വേഷിക്കുന്ന ഭാവമായിരുന്നു അപ്പോൾ ഇടശ്ശേരിക്ക്. അതാണ് പൊന്നാനി ഗുരുകുലത്തിന്റെ പ്രത്യേകത. അന്ന് കടവനാടൻ പിയേഴ്സ് ലെസ്ലിയിൽ ജോലിചെയ്യുന്ന കാലമായിരിക്കണം. തീർച്ചയില്ല. അവിടെയല്ലെങ്കിൽ മറ്റൊരിടത്ത്. നാല്പതുകളുടെ അവസാന വർഷത്തിലാണ് കടവനാടൻ കോഴിക്കോടുമായി ബന്ധപ്പെടുന്നത്. അന്നു മുതൽ ഞങ്ങൾ അടുത്ത സുഹൃത്തുക്കളാണ്. ഏതു ലാവണത്തിലായാലും ഞങ്ങളിടയ്ക്കിടെ കാണും. ഒരേകാലത്ത് ഞങ്ങൾ രണ്ടുപേരും പത്രപ്രവർത്തകരായിരുന്നിട്ടുണ്ട്. കോഴിക്കോട്ടുനിന്നു രണ്ടു ദിനപത്രങ്ങൾ. 'ഹിന്ദ്' എന്നും 'ദിനപ്രഭ'യെന്നും പേര്. 'ഹിന്ദി'ൽ കടവനാടൻ, 'ദിനപ്രഭ'യിൽ ഞാൻ. അന്നൊക്കെ രാത്രിയും പകലും ഞങ്ങൾ കാണാറുണ്ട്. ഏറെക്കാലം ഞങ്ങൾക്കാ സൗഭാഗ്യം നിലനിർത്താൻ കഴിഞ്ഞില്ല. തുടങ്ങിയതു പോലെത്തന്നെ ഏക കാലത്ത് രണ്ടു പത്രങ്ങളും പൊളിഞ്ഞു. പ്രസിദ്ധീകരണം നിലച്ചു. കുടുകുട്ടിയ മരം കടപുഴങ്ങിവീണപ്പോൾ ആത്മരക്ഷയ്ക്കു പറന്നകലുന്ന പക്ഷികളെപ്പോലെ, ഞങ്ങൾ പലവഴിക്കു പിരിഞ്ഞു. നെടുങ്ങാടിയും വിംസിയും മി. മുഹമ്മദ് കുഞ്ഞിയും വേറെ പലരും അക്കൂട്ടത്തിലുണ്ടായിരുന്നു. പക്ഷേ, കടവനാടനും ഞാനും പിന്നെയും കണ്ടുകൊണ്ടിരുന്നു. കോഴിക്കോട് ഞങ്ങളെ നിരസിച്ചാലും ഞങ്ങളതിനു വഴങ്ങാൻ തയ്യാറുണ്ടായിരുന്നില്ല. പണ്ടാരോ ഒരു കുസൃതിക്കാരൻ കവി പാടിയപോലെ 'പിരിഞ്ഞു പോരാണ്ടോരാണ്ടവിടെ കരഞ്ഞു കൂടിയ വീരനെടാ ഞാൻ' എന്ന മട്ടിൽ ഞങ്ങൾ കോഴിക്കോട്ടുതന്നെ പറ്റിപ്പിടിച്ചുനിന്നു.

യോഗനടപടികളാരംഭിക്കുംവരെ ഞാനും ഇടശ്ശേരിയും വർത്തമാനം പറഞ്ഞിരുന്നു. ഒച്ചയില്ല. ബഹളമില്ല. പതിഞ്ഞ സ്വരത്തിൽ. ഇടയ്ക്കിടെ നല്ല ഫലിതം കലർത്തി വേണ്ടേടത്ത് മിതമായി ചിരിച്ചു കൊണ്ട് ഇടശ്ശേരി സംസാരിക്കുന്നത് എത്ര നേരമെങ്കിലും കൗതുകത്തോടെ കേട്ടിരിക്കാൻ കഴിയും. അന്ന് ഏറെനേരമതു കേട്ടാസ്വദിക്കാൻ കഴിഞ്ഞില്ല. യോഗനടപടികൾ ആരംഭിച്ചു. വിസ്തരിക്കുന്നില്ല.. മുഖ്യമായും നടന്നത് ചില ഉപസമിതികളുടെ രൂപീകരണമായിരുന്നു. നാടകത്തിനും സനിമയ്ക്കുമൊക്കെ ഉപസമിതികളുണ്ടായിരുന്നു.

ഒന്നു രണ്ടെണ്ണത്തിൽ പി. ഭാസ്കരനോടൊപ്പം എന്റെ പേരും എഴുതിച്ചേർക്കുകയുണ്ടായി. എന്തായാലും കൊള്ളാമെന്ന മട്ടായിരുന്നു എനിക്ക്. അങ്ങനെ, എല്ലാം കഴിഞ്ഞ് വഴിച്ചെലവിന്റെ കാശു വാങ്ങി മടക്കയാത്രയ്ക്കുള്ള സമയമെത്തി. ടി. എ. ബിൽ. ആദ്യമായി കാണുന്നു. പരസഹായമില്ലാതെ അതു പൂരിപ്പിക്കുക വിഷമം. ആരൊക്കെയോ സഹായിച്ചു. ഒപ്പിട്ടു കൊടുത്തു സംഖ്യ വാങ്ങി. കൈയും മനസ്സും നിറഞ്ഞു. കോഴിക്കോട്ടുനിന്ന് തൃശ്ശൂർക്കും തിരിച്ചതുപോലെയും യാത്രചെയ്യാ

നുള്ള ചെലവ്. ഊണിനും ചായയ്ക്കുമുള്ള 'വഹ' വേറെ. എല്ലാം കൂടി നോക്കുമ്പോൾ അക്കാദമിയംഗത്വം അത്യാകർഷണീയം തന്നെയെന്നു മനസ്സിലായി. നൂറിലധികം രൂപയാണു കിട്ടിയത്. ശരിയായ കണക്ക് ഓർക്കുന്നില്ല. കോഴിക്കോട്ടുനിന്ന് ഏറ്റവും വേഗത്തിൽ പോകുന്ന സർക്കാർ ബസ്സിൽ സഞ്ചരിച്ച് തൃശ്ശൂരെത്താൻ അഞ്ചു രൂപയാണെന്നു വേണ്ടത്. അപ്പോൾ യാത്രച്ചെലവ് പത്തു രൂപ. ധാരാളിത്തത്തോടെ ചെലവഴിച്ചാൽ പോലും ഊണിനും ചായയ്ക്കും പത്തു രൂപയിലധികം വേണ്ടാ. അങ്ങനെ ആകെ മൊത്തം ചെലവ് കണക്കുകൂട്ടുമ്പോൾ ഇരുപതു രൂപ. എല്ലാം കഴിഞ്ഞു നോക്കുമ്പോൾ നൂറു രൂപയിൽ മേലെ കൈയിരുപ്പുണ്ട്. ഇവനെ എന്തു ചെയ്യണം? തൃശ്ശൂരിൽ നല്ല വെങ്കലപ്പാത്രങ്ങൾ കിട്ടാനുണ്ട് വാങ്ങിയാലോ? വയ്യ. ആകാശവാണി തരുന്ന പ്രതിഫലത്തുകയുടെ കാര്യമോർക്കുമ്പോൾ മൺപാത്രം വാങ്ങാൻ പോലും എനിക്കവകാശമില്ല. വേണ്ടെന്നുവെച്ച് സന്തോഷത്തോടെ തിരിച്ചുപോന്നു. പോരുമ്പോൾ ബസ്സിൽവെച്ച് മനോരാജ്യത്തിന്റെ ഭരണമേറ്റെടുത്തു. ഇനി പാലു കുറച്ചധികം വാങ്ങാം. കാരറ്റും ബീറ്റ് റൂട്ടും കോളിഫ്ളവറും പച്ചക്കറിയിലുൾപ്പെടുത്താം. രണ്ടുമൂന്നു കസേരകളും ഭംഗിയുള്ള ഒരു എഴുത്തുമേശയും സംഘടിപ്പിക്കാം. സോഫാ സെറ്റ് വേണോ? വേണം. പക്ഷേ, ഉടനെ വേണ്ടാ. അക്കാദമി മീറ്റിങ് ഒരു നാലഞ്ചെണ്ണമെങ്കിലും കഴിയട്ടെ. അപ്പോൾ വരുമാനം വർദ്ധിക്കും. പതിവു മീറ്റിങ്ങിനു പുറമേ ഇടയ്ക്കിടെ വിദഗ്ധസമിതിയുടെ യോഗവുമുണ്ടാവും. എല്ലാം കൂടിയാവുമ്പോൾ നല്ലൊരു സംഖ്യ കൈയിൽ വരും. തകർത്തുകളയാം. മാന്യന്മാരെ സ്വീകരിക്കാൻ പാകത്തിൽ പാർപ്പിടമൊന്ന് സംവിധാനം ചെയ്തെടുക്കണം...

പിറ്റേന്ന് ആപ്പീസിൽ കേറിച്ചെന്നതു പതിവില്ലാത്ത വിധം ഗൗരവം ഭാവിച്ചുകൊണ്ടാണ്. അക്കാദമി അംഗമല്ലേ. ഇനിയങ്ങനെ അഴിഞ്ഞാടാനും മറ്റും പറ്റില്ല. പക്ഷേ, ഈ അംഗത്വമെന്ന പദവി എന്റെ മനസ്സിൽ മാത്രമാണല്ലോ. മറ്റുള്ളവരാരും അതു ഗൗനിക്കുന്നില്ലല്ലോ. അറിയാത്തവരെ, മനസ്സിലാക്കാത്തവരെ എന്റെ ഭാവം കൊണ്ടും പെരുമാറ്റം കൊണ്ടും മനസ്സിലാക്കുകതന്നെ വേണം. അല്ലെങ്കിൽ ഈ പദവിക്കെന്തർത്ഥം? അങ്ങനെ ഉണ്ടാക്കിയാലും ഉണ്ടാവാത്ത ഗൗരവം പുറത്തു ഭാവിച്ചുനടക്കുമ്പോൾ ദില്ലിയിൽ ചലനമുണ്ടാവുന്നു. ചലനത്തെത്തുടർന്ന് ഉത്തരവു വരുന്നു. സത്യത്തിൽ ഇവിടെ 'ഇണ്ടാസ്' എന്നാണു പറയേണ്ടത്. ദില്ലിയിൽനിന്നായതുകൊണ്ട് വേണ്ടെന്നു വെച്ചു. കുറച്ചൊക്കെ സ്ഥാനമാനങ്ങൾ നോക്കിയും സ്ഥലംനോക്കിയും പദപ്രയോഗം നടത്തേണ്ടത് മുഖ്യധർമ്മമല്ലേ. ഉത്തരവു കഠിനമായിരുന്നു. ചെവി പിടിച്ചു പുറത്താക്കലെന്നോ ഗളഹസ്തമെന്നോ എന്തു പേരിട്ടതിനെ വിളിക്കാം. എന്നാൽ, ഇവിടെ ഞാനതിനെ ഗെറ്റൗട്ട് എന്നു പറയുന്നു. എന്നോടും പി. സി. യോടും പദ്മനാഭൻനായരോടും ടി. എൻ. ഗോപിനാഥൻ നായരോടും ഗറ്റൗട്ട് പറഞ്ഞെന്നാണ് ഓർമ്മ. എന്റെ കാര്യത്തിൽ സംശയമില്ല. അക്കാദമി അംഗമെന്ന പദവി അതോടെ അവസാനിച്ചു. ദില്ലിക്കിതിൽ കാര്യമെന്തെന്നു ചോദിക്കുന്നവരുണ്ടാവാം, പറയാം. ദില്ലി പുറത്തുകടക്കാൻ പറഞ്ഞു. ഞങ്ങളെല്ലാം

തന്നെ ആകാശവാണിയിലെ ജീവനക്കാരാണ്. പുറത്തു കടന്നില്ലെങ്കിൽ ആകാശ വാണിയിൽനിന്നു പുറത്തുകടക്കേണ്ടി വരും. അത്രതന്നെ. അദ്ധ്യക്ഷ പദവിയെപ്പ റ്റിയും മറ്റും എന്തുകൊണ്ട് മറവിപറ്റിയെന്നതിന്റെ രഹസ്യം ഇപ്പോൾ മനസ്സിലായ ല്ലോ. എല്ലാവരുമായൊന്ന് അടുക്കാനും ആരൊക്കെ എവിടെ നില്ക്കുന്നെന്നറിയാ നും അവസരം തന്നില്ല.

അംഗത്വം പോയതുകൊണ്ടു ഭയമില്ല. ദുഃഖിക്കാൻ നേരമില്ല. അത്രയ്ക്കു ജോ ലിയുണ്ട്. പിന്നെ അല്പസ്വല്പം സാമൂഹ്യസേവനവും. അതൊരു ഫാഷനെന്നനില യിൽ സ്വീകരിച്ചതല്ല. സാഹചര്യം, കൊണ്ടു വേണ്ടിവന്നതാണ്. നാട്ടിൻപുറത്തു നിന്നു ചില്ലറ ചില സഹായങ്ങൾക്കുവേണ്ടി വരുന്നവരുടെ മുമ്പിൽ പുറം തിരിഞ്ഞു നില്ക്കാൻ വയ്യ. അങ്ങനെയുള്ള ചെറിയൊരു സേവനത്തിന്റെ കഥ ഇവിടെ പറഞ്ഞു കൊള്ളട്ടെ. മലബാറിലെ ചികിത്സാ സൗകര്യങ്ങളെപ്പറ്റി ഒരിക്കൽ പറഞ്ഞിട്ടുണ്ട്. എന്നാൽ അന്ന് ഏറ്റവും അധികം നിസ്സഹായത അനുഭവിക്കേണ്ടിവന്നത് ക്ഷയ രോഗികളാണ്. മലബാറിൽ ക്ഷയരോഗ ചികിത്സാകേന്ദ്രങ്ങളില്ല. രോഗികൾ ചി കിത്സതേടി മദനപ്പള്ളിയോ പെരുന്തുറയോ താംബരത്തോ പോണം, പണക്കാർ ക്കങ്ങനെ പോകാനും വിദഗ്ദ്ധ ചികിത്സ നേടാനും കഴിയും. പാവങ്ങളുടെ കാര്യമാ ണു കഷ്ടം. രോഗം വന്നാൽ ചുമച്ചുചുമച്ചു മരിക്കുക ഈ ദുഃസ്ഥിതിക്കു പരിഹാരം കാ ണാൻ ശ്രീ സി. സാമുവേൽ ആരോന്റെ പരിശ്രമഫലമായി അദ്ദേഹത്തോടൊപ്പം വടക്കെ മലബാറിലെ വ്യവസായ പ്രമുഖരിൽ. ചിലരുടെ സഹായത്തോടെ അന്ന ത്തെ ചിറയ്ക്കൽ താലൂക്കിലെ പരിയാരം ഗ്രാമത്തിൽ പ്രകൃതിമനോഹരമായ ചുറ്റുപാ ടിൽ ഒരു ക്ഷയരോഗ സാനറ്റോറിയം രൂപംകൊണ്ടു മലബാറിനെ സംബന്ധിച്ച് പറയുമ്പോൾ ആ സ്ഥാപനം ഏറ്റവും വലിയൊരു അനുഗ്രഹമായിരുന്നു. നല്ല ഡോ ക്ടർമാരവിടെ ഉണ്ടായിരുന്നു. രോഗികൾക്ക് നല്ല പരിചരണം കിട്ടിയിരുന്നു.

അക്കാലത്തൊരു ദിവസം എന്റെ ഗ്രാമത്തിൽ നിന്ന് ഒരു സുഹൃത്ത് എന്നെ കാണാൻ വന്നു. അദ്ദേഹം ക്ഷയരോഗബാധിതനായിരുന്നു. അദ്ദേഹത്തിന് ഏതു വിധമെങ്കിലും പരിയാരം സാനിറ്റോറിയത്തിൽ പ്രവേശിക്കണം. അതിനെന്റെ സഹായം വേണം. ഏതു വഴിക്കു സഹായിക്കണമെന്നെനിക്കറിഞ്ഞുകൂടാ. അവി ടെ ആരേയും, എനിക്കു പരിചയമില്ല. സംഗതിയുടെ കിടപ്പ് വിവരിച്ചുകേട്ടപ്പോൾ അദ്ദേഹം പറയുന്നു ഞാനൊരുമിച്ചു ചെന്നാൽ മതിയെന്ന്. അങ്ങനെ ചെല്ലുന്നപ ക്ഷം അദ്ദേഹം രക്ഷപ്പെടുമെന്ന്. മറുത്തൊരക്ഷരം പറയാതെ ഞാനദ്ദേഹത്തോ ടൊപ്പം സാനറ്റോറിയത്തിലേക്കു പുറപ്പെട്ടു. ആകാശവാണിയിൽ എന്നോടൊപ്പം ജോലിചെയ്യുന്ന ഗോപിനാഥ ഭാഗവതരുടെ സഹോദരൻ പരിയാരം സാനറ്റോറി യത്തിലെ അക്കൗണ്ടന്റാണെന്നു കേട്ടിട്ടുണ്ട് അദ്ദേഹത്തെ കാണാം. സഹായം അഭ്യർത്ഥിക്കാം. കാര്യം സാധിച്ചാൽ എന്റെ സുഹൃത്തിന്റെ ഭാഗ്യം.

കാലത്തു പത്തുമണിക്കു ഞങ്ങൾ. സാനറ്റോറിയത്തിലെത്തി. അക്കൗണ്ടന്റി നെ കണ്ടു വിവരം പറഞ്ഞു. അദ്ദേഹം അത്യുത്സാഹത്തോടെ കാര്യങ്ങൾ മുമ്പോട്ടു നീക്കി. പത്തുമണിയാവുമ്പോൾ സംഗതി ശരിപ്പെട്ടു. എന്റെ സുഹൃത്തിനെ അവിടെ

കിടത്തി ചികിത്സിക്കാമെന്നു പ്രധാന ഡോക്ടർ സമ്മതിച്ചു. പിന്നെ നടപടിക്രമങ്ങളെല്ലാം പതിവിൻപടി നടന്നു. സുഹൃത്തിനെ അദ്ദേഹത്തിനായി അനുവദിച്ചുകൊടുത്ത മുറിയിൽ കൊണ്ടുചെന്നാക്കി. അക്കൗണ്ടന്റിനോടു നന്ദിയും യാത്രയും പറഞ്ഞു പിരിയുമ്പോൾ നേരം രണ്ടു മണി. പ്രധാന ഗേറ്റിലെത്തി പുറത്തേക്കു കടക്കാൻ തുടങ്ങുമ്പോൾ ആരോ പിറകിൽ നിന്നു കൈ തട്ടുന്ന ശബ്ദം. തിരിഞ്ഞു നോക്കി. സാനറ്റോറിയത്തിലെ ഒരു ജോലിക്കാരൻ ഓടിക്കിതച്ചു വരുന്നു. എന്നെ സാനറ്റോറിയം സൂപ്പിരന്റെന്റ് വിളിക്കുന്നു എന്നറിയിക്കുന്നു. ഞാനൊന്നമ്പരന്നു. എന്തിനാവോ വിളിക്കുന്നത്? ഞാൻ വല്ല അബദ്ധവും കാണിച്ചോ? ശങ്കിച്ചുശങ്കിച്ചു ഞാൻ ഡോക്ടറുടെ വസതിക്കു മുമ്പിലെത്തി. ഡോക്ടർ എന്നെയും കാത്തു പടിക്കൽത്തന്നെ നില്ക്കുന്നു. ചിരിച്ചുകൊണ്ടു സ്വീകരിക്കുന്നു. സ്വയം പരിചയപ്പെടുത്തുന്നു: 'കെ. ജി. മേനോൻ', ഭാഷ കേട്ടാൽ മലയാളിയാണെന്നു തോന്നില്ല. അറിയാവുന്ന മലയാള പദങ്ങൾ വളരെ കുറച്ച്. അതു പ്രയോഗിക്കുന്നതാവട്ടെ അന്യദേശക്കാരനെപ്പോലെ, മേനോനാണെന്നു പറയുന്നു. തനിക്കറിയാവുന്ന മലയാളവാക്കുകളും പോരാതെ വരുന്ന സ്ഥലത്ത് ഇംഗ്ലീഷും ഉപയോഗിച്ചു ഡോക്ടർ സംസാരിക്കാൻ തുടങ്ങി.

അദ്ദേഹത്തിനു മലയാളമറിയില്ല. ഏറെക്കാലം വിദേശത്തും കേരളത്തിനു പുറത്തുമായിരുന്നു. കേരളപ്പിറവിയുടെ കാലത്തദ്ദേഹം താംബരം സാനറ്റോറിയത്തിലായിരുന്നു. കേരളം പിറന്നതോടെ പിറന്ന നാട്ടിനെ സേവിക്കാനുള്ള ഔത്സുക്യത്തോടെ താംബരത്തെ ജോലി ഉപേക്ഷിച്ചു പരിയാരത്തു വന്നതാണ്. ആരേയും അറിയില്ല. സാഹിത്യകാരന്മാരേയും കലാകാരന്മാരേയും ഒന്നും അറിഞ്ഞു കൂടാ. അങ്ങനെയുള്ള വല്ലവരും വന്നാൽ തന്നെ അറിയിക്കണമെന്നു ജീവനക്കാരെ അദ്ദേഹം ഏല്പിച്ചിരുന്നു. ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മിസ്സിസ് മേനാൻ കടന്നുവന്നു, ഒയ്യാരത്തു ചന്തുമേനോന്റെ പൗത്രി. പരിചയപ്പെട്ടപ്പോൾ ഏതു മലയാളിക്കും തോന്നാവുന്ന കുടുംബബന്ധം എനിക്കും തോന്നി. ഏറെനേരം വർത്തമാനം പറഞ്ഞിരുന്നു ചായ കഴിച്ചു പുറപ്പെടുമ്പോൾ ഡോക്ടറുടെ ഒരഭ്യർത്ഥന: നിസ്സഹായരായി അവിടെ കഴിഞ്ഞു കൂടുന്ന രോഗികൾക്കു മനസ്സിനല്പം ഉന്മേഷവും സന്തോഷവും നല്കാൻ ഞാനദ്ദേഹത്തെ സഹായിക്കണമെന്ന്. ഓട്ടംതുള്ളലോ കഥാപ്രസംഗമോ ചാക്യാർകൂത്തോ ഏതെങ്കിലുമൊരു കലാപരിപാടി കാണിക്കാൻ സൗകര്യമുണ്ടാക്കിക്കൊടുക്കണം. ഡോക്ടറുടെ അഭ്യർത്ഥന കേട്ടു കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു: "ഇത് അഭ്യർത്ഥനയുടെ രൂപത്തിൽ പറയേണ്ടതല്ല. ഡോക്ടർ കല്പിക്കണം. ഞങ്ങളെപ്പോലുള്ളവർ അത് അനുസരിക്കാൻ ബാധ്യസ്ഥരാണ് അതുകൊണ്ടു തീർച്ചയായും ഇക്കാര്യത്തിൽ ഞാൻ പരമാവധി പരിശ്രമിക്കും."

കോഴിക്കോട്ടു തിരിച്ചെത്തി ഞാൻ ആദ്യമായി അന്വേഷിച്ചത് ഒരു ബസ്സാണ്. ബസ്സ് വെറുതെ കിട്ടണം. പെട്രോളും നിറച്ചുണ്ടാവണം. അങ്ങനെയൊരു ബസ്സ് തരാൻ സന്മനസ്സ് കാണിക്കുന്ന മുതലാളി ഏതുണ്ട്? ആലോചിച്ചാലോചിച്ച് എന്റെ മനസ്സ് ചെന്നുമുട്ടിയതു മുതലാളിയിലല്ല; ഒരു പത്രാധിപരിലാണ്. ദേശാഭിമാനി പത്രാധിപർ ശ്രീ വി. ടി. ഇന്ദുചൂഡനെ ഞാൻ ഫോണിൽ വിളിച്ചു. ഞങ്ങൾ

എന്നും കാണുന്നവരാണ്. ആകാശവാണിയും ദേശാഭിമാനിയും ഏതാണ്ട് അയൽക്കാരാണെന്നു പറയാം. പക്ഷേ, ബന്ധം വളരെ മോശമായിരുന്നു. എന്നെപ്പോലെ താഴെക്കിടയിലുള്ളവരുടെ കാര്യമല്ല പറയുന്നത്. ഏതായാലും സംഗതി വിവരിച്ചു കേട്ടപ്പോൾ മി. ഇന്ദുചൂഡന്, ആവേശമായി. ഒരു ബസ്സ്. ഏർപ്പെടുത്തിത്തരാൻ ശ്രമിക്കാമെന്നു വാക്കു തന്നു. അന്നുതന്നെ വൈകിട്ട് ഇന്ദുചൂഡൻ വിളിച്ചു പറയുന്നു: ബസ്സ് റെഡി. എൻ. വി. മോട്ടോഴ്സ് ഉടമ തരാമെന്നു പറഞ്ഞു. പെട്രോളും സൗജന്യം. സന്തോഷമായി. ഇനി കലാപരിപാടികൾ എന്തൊക്കെ വേണമെന്നു തീരുമാനിക്കണം. ആരെയൊക്കെ കാണണം? കുഞ്ഞാണ്ടിയിൽ നിന്നുതന്നെ തുടക്കം. അന്യരെ സഹായിക്കാൻ എത്ര ക്ലേശം സഹിക്കാനും എപ്പോഴും തയ്യാറാവുന്ന കുഞ്ഞാണ്ടിയോടൊപ്പം പ്രവർത്തനമാരംഭിച്ചു. അബ്ദുൾഖാദർ മാസ്റ്ററെ—ബഹുജന മുന്നേറ്റത്തിനു വിപ്ലവഗാനങ്ങൾകൊണ്ട് ആവേശം പകരുന്ന സാക്ഷാൽ കോഴിക്കോട് അബ്ദുൾ ഖാദറെ—അന്വേഷിച്ചു പോകേണ്ടിവന്നില്ല. വഴിയിൽ വെച്ചുതന്നെ കണ്ടു. വിവരം മുഴുവനായി പറയേണ്ടിവന്നില്ല. അമിതാവേശം. കോഴിക്കോട്ടു വന്ന കാലം മുതൽ മുടങ്ങാതെ എന്നുമെന്നവിധം കാണുകയും സൗഹൃദം ഊട്ടിയുറപ്പിക്കുകയും ചെയ്തവരാണു ഞങ്ങൾ. എന്റെ പേരിൽ എന്തു സ്വാതന്ത്ര്യമെടുക്കാനും അദ്ദേഹത്തിനവകാശമുണ്ടായിരുന്നു. ഞങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ സ്മരണ കുറിച്ചിടാൻ ഒരു വലിയ ഗ്രന്ഥം തന്നെ ആവശ്യമായി വരും, ആ സാഹസത്തിനിവിടെ തുനിയുന്നില്ല. കോഴിക്കോട്ടെ നാടകവേദിയിൽ അനിഷേധ്യമായൊരു സ്ഥാനം നേടിയെടുത്ത ശ്രീ കെ. പി. ഉമ്മറെയാണു പിന്നീടു കാണുന്നത്. സഹകരിക്കുന്നതിൽ സന്തോഷം. സന്തോഷിക്കാതെ വയ്യ. കാര്യം അങ്ങനെയുള്ളതാണ്. പിന്നെ കുഞ്ഞാണ്ടിക്കും എനിക്കുമൊക്കെ തലമൂത്ത ജ്യേഷ്ഠന്മാരുടെ അധികാരവും ആധിപത്യവും അന്നു ഉമ്മറുടെ പേരിലുണ്ടായിരുന്നെന്നു പറഞ്ഞാൽ അതൊരധികപ്രസംഗമായി ഗണിക്കരുത്. സിനിമയിലും നാടകവേദിയിലും ഒരുപോലെ തിളങ്ങിനില്ക്കുന്ന നെല്ലിക്കോട്ട് ഭാസ്കരനും ശാന്താദേവിയും സഹകരിക്കാൻ മുമ്പോട്ടു വന്നു. പിന്നെ പലരും. എല്ലാവരേയും കൊണ്ടുപോകാൻ ബസ്സിൽ സ്ഥലം വേണ്ടേ?

മി. ഇന്ദുചൂഡന്റെ ശ്രമത്തിൽ എൻ. വി. മോട്ടോഴ്സിന്റെ സംഭാവനയായി നിറച്ചും പെട്രോളുള്ള ബസ്സ് വന്നു. ബസ്സു നിറയെ കലാകാരന്മാരും കലാകാരികളും. എല്ലാ പേരും എടുത്തു പറയേണ്ടതായിരുന്നു; ഞാനെന്റെ ഓർമ്മശക്തിയെ പഴിക്കട്ടെ. നേരം ഇരുട്ടിയതോടെ ഞങ്ങൾ സാനട്ടോറിയത്തിലെത്തി. രാജകീയ സ്വീകരണം. ഡോക്ടർ കെ. ജി. മേനോൻ, മിസ്സിസ് മേനോൻ, ഡോക്ടർ ശിവദാസ്, ഡോക്ടർ മിസ്സിസ് ശിവദാസ് തുടങ്ങി സാനറ്റോറിയത്തിലെ മറ്റു ഡോക്ടർമാരും അന്തേവാസികളും രോഗികളുമടങ്ങിയ വലിയ സദസ്സ്. അവിടെ തീരെ അവശരായ രോഗികളെ സ്ട്രക്ചറിൽ കിടത്തിട്ടുണ്ട്. അവർക്കും കലാപരിപാടികൾ ആസ്വദിക്കണം. ഞങ്ങൾ കോഴിക്കോട്ടുനിന്നു തീരുമാനിച്ചതാണ് വേദനിപ്പിക്ക

ന്ന ഒരിനവും പ്രദർശിപ്പിക്കാൻ പാടില്ലെന്ന്. രോഗികളല്ലേ! നേരമ്പോക്കുള്ളൊരു നാടകം. പിന്നെ ഡാൻസ്, അബ്ദുൾഖാദർമാഷുടെ പാട്ട്.

അങ്ങനെ പരിപാടികളോരോന്നും ഭംഗിയായി മുന്നോട്ടു നീങ്ങുന്നു. മാഷ് പാടാൻ പുറപ്പെട്ടപ്പോൾ ഞാൻ പതുക്കെ പറഞ്ഞു:

"മാഷേ, ക്ഷമിക്കണം. ദുഃഖമുള്ള ഒരു പാട്ടും വേണ്ട."

മാഷ് ക്ഷമിച്ചു. എന്റെ നിർദ്ദേശം സ്വീകരിച്ചുകൊണ്ടു വേദിയിലെത്തി. ആദ്യത്തെ ഗാനം. അതിന്റെ അവസാനത്തിൽ രോഗികളുടെ കൈയടി. അടുത്ത ഗാനം. അതിന്റെ അവസാനത്തിലും രോഗികൾ തങ്ങളുടെ അവശത മറന്നുകൊണ്ടു കൈയടിക്കുന്നു. ഈ സമയമൊക്കെ, പ്രേക്ഷകരായി കിടക്കുകയും ഇരിക്കുകയും ചെയ്തുകൊണ്ടു പരിപാടികൾ ആസ്വദിക്കുന്ന രോഗികളുടെ കണ്ണുകളിൽ എന്തൊരു തിളക്കമായിരുന്നെന്നോ! അപ്പോൾ അവരെ ശ്രദ്ധിക്കുക ഒരു അസാധാരണ അനുഭവമായിരുന്നു. അങ്ങനെ ഗാനമേള പുരോഗമിക്കുമ്പോൾ ഒരുതുണ്ടം കടലാസിൽ കുറിച്ചിട്ട ഒരഭ്യർത്ഥന വരുന്നു; രോഗികളുട ഇടയിൽ നിന്ന്. മാഷ് അതു നിവർത്തി വായിച്ചു.

'എങ്ങിനെ നീ മറക്കും കുയിലേ' എന്ന ഗാനം പാടണം; അതായിരുന്നു അഭ്യർത്ഥന. മാഷ് പാടി. പരിസരത്തെ വൃക്ഷലതാദികളും കെട്ടിടങ്ങളും രോഗികളോടൊപ്പം കാതോർത്ത് ഏതോ ഗിരിഗഹ്വരങ്ങളെ തഴുകി വരുന്ന അരുവിയുടെ സ്വരം പോലുള്ള ആ ഗാനത്തിനു വേണ്ടി ആർത്തിയോടെ നില്ക്കുകയായിരുന്നു.

— 60 —

## വീണുകിട്ടിയ സിനിമാപ്പാട്ട്

പരിയാരം സദസ്സ്. അതൊരു പ്രത്യേക സദസ്സായിരുന്നു. അതു പോലൊന്നു പണ്ടെങ്ങും കണ്ട അനുഭവമില്ല. ആ സദസ്സിനുവേണ്ടി പാടുകയും ആടുകയും അഭിനയിക്കുകയും ചെയ്തവരുടെ മനസ്സിൽ അതു മായാതെ കിടന്നു. വിപ്ലവഗാനങ്ങൾ കൊണ്ടു പതിനായിരങ്ങളെ ആവേശം കൊള്ളിച്ച കോഴിക്കോട് അബ്ദുൾ ഖാദറാണു പറയുന്നത്:

"എന്റെ തിക്കോടിയൻ, ഇതു വല്ലാത്തൊരനുഭവം. വലിയ വലിയ സദസ്സുകൾക്കു വേണ്ടി ഞാൻ പാടീട്ടുണ്ട് അന്നൊന്നും ഇതു പോലൊരനുഭവം എനിക്കുണ്ടായിട്ടില്ല. മുമ്പിലിരിക്കുന്നവരുടെ വാടിത്തളർന്ന മുഖത്തു നോക്കി. പാടാൻ എനിക്കു വിഷമമുണ്ടായിരുന്നു. പക്ഷേ, പാട്ടു തുടങ്ങി കുറച്ചു കഴിഞ്ഞപ്പോൾ അവരുടെ മുഖം തെളിയുന്നു, കണ്ണുകൾ തിളങ്ങുന്നു. അതു കണ്ടപ്പോൾ ആയുഷ്കാലം മുഴുവനും അവർക്കു വേണ്ടി പാടണമെന്നു തോന്നി."

ഇതേ വികാരം എല്ലാവരുടെ ഉള്ളിലും ഉണ്ടായിരുന്നു. അതു കൊണ്ടുതന്നെ വീണ്ടും ഞങ്ങൾ പരിയാരത്തു പോയി സാനറ്റോറിയത്തിലെ അന്തേവാസികൾക്കു വേണ്ടി കലാപരിപാടികൾ അവതരിപ്പിച്ചു. അങ്ങനെ ക്ഷയരോഗത്തിനു ഫലപ്രദമായി ചികിത്സ നടത്തുന്ന ഒരു സ്ഥാപനം പരിയാരത്തുണ്ടെന്നു പലരും മനസ്സിലാക്കി. അവിടെ പ്രവേശിച്ച് രോഗം സുഖമായി പുറത്തുവരുന്നവർക്ക്, ഡോക്ടർ കെ. ജി. മേനോനേയും സഹപ്രവർത്തകരേയുംകുറിച്ച നല്ലവാക്കല്ലാതെ പറയാനുണ്ടായിരുന്നില്ല. ഡോക്ടർ മേനോനാണെങ്കിൽ കുടുംബാംഗങ്ങളെപ്പോലെ രോഗികളെ സ്നേഹിച്ചു. അവർക്കു വേണ്ടി ജീവിച്ചു എന്നു പറഞ്ഞാലും തെറ്റാവില്ല..

ഞങ്ങൾക്ക്, കോഴിക്കോട്ട് അന്നൊരു 'കാസ്മിക്ക' ഉണ്ടായിരുന്നു. പി. എം. കാസ്മി എന്ന കവി, ഗാനരചയിതാവ്, സാഹിത്യകാരൻ, വിമർശകൻ, പുരോഗമന പ്രസ്ഥാനങ്ങളുമായി സഹകരിച്ച പ്രവർത്തിച്ചിരുന്ന സഹൃദയൻ. കുറ്റങ്ങളും കുറവുകളും ഒരിത്രയും പൊറുക്കാത്ത മനുഷ്യൻ. തെറ്റ് ആരുടെ പക്ഷത്തു നിന്നായാലും, അതു മഹാ കവിയോ രാഷ്ട്രീയനേതാവോ, ആരുമായിക്കൊള്ളട്ടെ, ശക്തി

യായി പ്രതിഷേധിക്കാൻ ഒരിക്കലും കാസ്മിക്ക മടിച്ചിട്ടില്ല. അദ്ദേഹം ക്ഷയരോഗ ബാധിതനാണെന്നു അദ്ദേഹത്തിനറിയാം, അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്കുമറിയാം. പക്ഷേ, ആശുപത്രികളിൽ പോകാൻ അദ്ദേഹം തയ്യാറല്ല. നിലവിലുള്ള സമ്പ്രദായം വെച്ചു കൊണ്ട് ആശുപത്രികളെ ശരണം പ്രാപിക്കുന്നത് വെറും മണ്ടത്തരമാണെന്നു പറയും. അവിടെയെങ്ങും മനുഷ്യ സ്നേഹം കണികാണില്ലന്ന് ഉദാഹരണങ്ങൾ നിരത്തി തന്റെ വാദം സമർത്ഥിക്കും. പരിയാരത്തു പോകണമെന്നു ഞങ്ങൾ നിർബ്ബന്ധിച്ചു. അദ്ദേഹം വഴങ്ങിയില്ല. അദ്ദേഹം കരുതുന്നതു പോലുള്ള ഒരു ആശുപത്രിയല്ല പരിയാരമെന്നു ഞങ്ങൾ വാദിച്ചു. അവിടെയുള്ള ഡോക്ടർമാർ ആതുരശുശ്രൂഷ ജീവിതവ്രതമായി സ്വീകരിച്ചവരാണെന്ന് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു. ഞങ്ങൾ അദ്ദേഹത്തെ ബോധ്യപ്പെടുത്തി. ഒടുവിൽ പോകാമെന്നു കാസ്മിക്ക സമ്മതിച്ചു. പരിയാരത്തെ താമസവും ചികിത്സയും ഡോക്ടർമാരുടെ പെരുമാറ്റവും പരിചരണവുമെല്ലാം കൂടിയായപ്പോൾ കാസ്മിക്കയുടെ വിശ്വാസത്തിൽ നേരിയ മാറ്റം സംഭവിച്ചു. രോഗം മാറി. മുഖത്ത് ആരോഗ്യത്തിന്റെ തുടിപ്പും, മനസ്സിൽ തികഞ്ഞ സംതൃപ്തിയുമായി തിരിച്ചെത്തിയ കാസ്മിക്ക ഞങ്ങളോടു പറഞ്ഞു:

“ഇങ്ങനെയാവണം; നമ്മുടെ ആശുപത്രികളെല്ലാം ഇതുപോലിരിക്കണം. ഡോക്ടർമാർ പണത്തിനുവേണ്ടി പണിയെടുക്കരുത്. അവർ രോഗികളുടെ മുമ്പിൽ മാലാഖമാരാവണം. എന്റെ ഈ സ്വപ്നം യാഥാർത്ഥ്യമാവുമോ?”

കാസ്മിക്കയിന്നില്ല. അദ്ദേഹത്തിന്റെ സ്വപ്നം ഇന്ന് നമ്മുടെയൊക്കെ സ്വപ്നമാണ്. അദ്ദേഹത്തിന്റെ ചോദ്യം നമ്മളിന്നും ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഡോ. മേനോന്റെ ജീവകാരുണ്യപരമായ പ്രവർത്തനങ്ങളിൽ ഒരെണ്ണം ഇവിടെ പകർത്താൻ എന്നെ അനുവദിക്കുക. അദ്ദേഹം കോഴിക്കോട്ടു വരുമ്പോഴൊക്കെ എന്നെ കാണും. സുഖം പ്രാപിച്ചു സാനറ്റോറിയം വിട്ടാൽ രോഗികളെ ചെന്നു കാണുകയും സുഖവിവരങ്ങൾ അന്വേഷിക്കുകയും ചെയ്യും, അങ്ങനെ ഒരിക്കൽ ഞങ്ങളൊരുമിച്ച് ഒരു യാത്ര പുറപ്പെട്ടു; അദ്ദേഹത്തിന്റെ ഒരു ബന്ധുവിനെ കാണാൻ. കാറു പോകുന്ന വഴിയല്ല. നടക്കണം. ഞങ്ങൾ റയിൽപ്പാതയിലൂടെ നടന്നു. കുറെ ചെന്നപ്പോൾ ഒരു ‘കട്ടിങ്ങി’ലെത്തി. ഒരു കുന്ന് നടുവെ പിളർന്നാണു പാത പോകുന്നത്. കുന്നുകയറി നടക്കാമെന്നു അദ്ദേഹം പറഞ്ഞു. ഞങ്ങൾ കുന്നുകയറി. മുമ്പോട്ടു കുറച്ചു ചെന്നപ്പോൾ റെയിലിന്റെ മറുവശം കുന്നിൻപുറത്തൊരു കുടിൽ അതിന്റെ വരാന്തയിൽക്കിടന്ന് ഒരാൾ കഠിനമായി ചുമയ്ക്കുന്നു. ഭയങ്കരമായ ചുമ. ഡോക്ടർ നിന്നു. അല്പനേരത്തെ മൗനത്തിനു ശേഷം അദ്ദേഹം പറഞ്ഞു:

“നമുക്കവിടെ ചെന്നു നോക്കാം. ആ മനുഷ്യൻ വല്ലാതെ ചുമയ്ക്കുന്നു.”

എന്റെ മറുപടിക്കു കാത്തുനില്ക്കാതെ അദ്ദേഹം നടന്നു; ഒപ്പം ഞാനും. കുന്നിറങ്ങി മറുവശം കേറി കുടിലിന്റെ മുറ്റത്തെത്തി. എല്ലും തോലുമായൊരു മനുഷ്യൻ. കീറിപ്പൊളിഞ്ഞ തഴപ്പായിൽ കിടന്നു ഞെളിപിരിക്കൊള്ളുന്നു. നിർത്താതെ ചുമയ്ക്കുന്നു. ഡോക്ടർ അടുത്തു ചെന്ന് അയാളെ വിളിച്ചു വിവരമന്വേഷിച്ചു. പാവം! അയാൾ

എല്ലാ കാര്യങ്ങളും ചുമയ്ക്കിടയിൽ നിർത്തി നിർത്തി പറഞ്ഞു. 'ക്ഷയ' രോഗമാണ്. ചികിത്സയൊന്നുമില്ല. നാട്ടുകാർ പണം പിരിച്ചു. വണ്ടിക്കൂലി കൊടുത്ത് അയാളെ പരിയാരത്തേക്കയച്ചു. അവിടെ ചെന്നപ്പോൾ ഡോക്ടറില്ലെന്നു പറഞ്ഞു. അതു കേട്ട് ഒരു ഞെട്ടലോടെ ഡോക്ടർ ചോദിച്ചു:

"ആരു പറഞ്ഞു ഡാക്ടറില്ലെന്ന്?"

അതിനു വ്യക്തമായ മറുപടിയില്ല. അപ്പോൾ ഡോക്ടർ ചോദിക്കുന്നു:

"ആട്ടെ, ഒരിക്കൽക്കൂടി പരിയാരത്തു പോകാൻ പറ്റുമോ?"

മറുപടിയില്ല. ദീർഘനേരത്തെ ചുമ. അതല്പമൊന്നു ശമിച്ചപ്പോൾ ക്ഷീണിച്ച സ്വരം കേൾക്കുന്നു:

"പോയിട്ടെന്തു കാര്യം? അല്ലെങ്കിൽ പോകാനെവിടെ പൈസ?"

ഡോക്ടർ ഒരു തുണ്ടം കടലാസെടുത്തു ഒരു കുറിപ്പെഴുതി, വഴിച്ചെലവിനുള്ള പണത്തോടൊപ്പം അതു രോഗിയെ ഏല്പിച്ചു. അന്നൊരു തിങ്കളാഴ്ചയായിരുന്നു. ഞാൻ വ്യക്തമായോർക്കുന്നു. പണവും കുറിപ്പും വാങ്ങി ഇതിലൊന്നും ഒരു വിശ്വാസവുമില്ലാത്ത മട്ടിൽ രോഗി ഡോക്ടറുടെ മുഖത്തു നോക്കി. ഡോക്ടറുടെ മുഖത്തുനിന്ന് ആശ്വാസത്തിന്റെ വാക്കുകൾ ഉതിരുന്നു:

"പേടിക്കേണ്ടാ. പോയ്ക്കോ. ബുധനാഴ്ച അവിടെച്ചെന്ന് ഈ കത്തു കാണിച്ചാൽ ആശുപത്രിയിൽ ചേർക്കും. രോഗം സുഖമാവും. തീർച്ച."

നിരന്തരമായ ചുമ അല്പനേരത്തേക്കു നിലച്ചു; അദ്ഭുതംകൊണ്ടാവണം; അല്ലെങ്കിൽ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൊണ്ടാവണം. അതുമല്ലെങ്കിൽ തന്നെ രക്ഷിക്കാൻ പെട്ടെന്നു പ്രത്യക്ഷപ്പെട്ട മനുഷ്യനെപ്പറ്റി ചിന്തിച്ചാവണം. ഞങ്ങൾ നടന്നു. അല്പം നടന്നു തിരിഞ്ഞു നോക്കിയപ്പോൾ നിശ്ചലനായി ഒരു ബിംബം പോലെ ആ രോഗി ഇരിക്കുന്നു. തിങ്കളും ചൊവ്വയും കഴിഞ്ഞു ബുധനാഴ്ച വരുമ്പോൾ തന്റെ കൈയിലുള്ള കത്തുമായി രോഗി പരിയാരത്തെത്തും. അകത്തു കടന്നു കത്ത് ഡോക്ടറുടെ മേശപ്പുറത്തുവെച്ചു മുഖമുയർത്തുമ്പോൾ തന്റെ മുമ്പിലുള്ള കസേരയിലിരിക്കുന്നതാരാണ്? രോഗിയുടെ അപ്പോഴത്തെ മാനസികാവസ്ഥ ഒന്നാലോചിച്ചുനോക്കൂ. ഒരു നിമിഷാർദ്ധത്തിൽ, ആരോരും തുണയില്ലാത്ത ആ രോഗിയുടെ അന്തരാളത്തിൽ നിറഞ്ഞു വഴിഞ്ഞ ആഹ്ലാദത്തിന്റെ, കൃതജ്ഞതയുടെ അളവും തൂക്കവും ആർക്കെങ്കിലും തിട്ടപ്പെടുത്താനാവുമോ? ഇന്നു ഡോക്ടർ മേനോൻ നമ്മുടെ ഇടയിലില്ല. എന്നാൽ നല്ലവരായ, മനുഷ്യസ്നേഹികളായ, ഇതുപോലുള്ള ചിലരുടെ സേവനത്തിന്റെ കഥ കേൾക്കുന്നതുപോലും നമുക്കിന്നു ആശ്വാസമല്ലേ?

അങ്ങനെ ഓർക്കാനും പറയാനും എത്രയെത്ര കാര്യങ്ങൾ. മുമ്പോട്ടിനിയും പോകുന്നതിലിടെ, കോഴിക്കോട് അബ്ദുൾഖാദറുടെ ഓർമ്മയിൽനിന്നു ചിലതുകൂടി കുറിക്കട്ടെ. ശ്രീ പി. ഭാസ്കരനും രാഘവൻ മാഷും അബ്ദുൾഖാദറും ആരംഭകാലത്ത് ആകാശവാണിയിൽ ഇടയ്ക്കിടെ ഒത്തുചേരുന്നവരായിരുന്നു. അത്തരം ചില സന്ദർഭങ്ങളിൽ രാഘവൻ മാഷ് ഓടിക്കിതച്ചു വരും.

“മാഷേ, ഒരു പാട്ട്.”

ഭാസ്കരനോടാണ്. കേൾക്കേണ്ട താമസം, കടലാസ് വലിച്ചു മുമ്പിൽ വെക്കുന്നു. പെന്നിന്റെ ടോപ്പൂരുന്നു. ചുണ്ടുകൾ ശബ്ദമില്ലാതെ ചലിക്കുന്നു. വെള്ളക്കടലാസിൽ കുനുകുനുങ്ങനെയുള്ള അക്ഷരങ്ങൾ നിരക്കുന്നു. രാഘവൻ മാഷ് അസ്വസ്ഥനായി നടക്കുന്നു. അപ്പുറമൊരു കസേരയിൽ മഫ്ലറും കഴുത്തിൽ ചുറ്റി ബീഡി പുകച്ചുകൊണ്ട്. അബ്ദുൾഖാദർ മാഷ് ഇരിക്കുന്നു. എല്ലാവരും മാഷ് തന്നെ. ഏറെ കാത്തു നിൽക്കേണ്ടിവരില്ല. ഒരു പാട്ട് ജനിക്കുന്നു. രാഘവൻ മാഷ് പാട്ടുമായി സ്റ്റുഡിയോവിലേക്കു നടക്കുന്നു. ഒപ്പം ഖാദർ മാഷും. പിന്നെ ആ പാട്ടിനു വർണ്ണമട്ടിന്റെ—ഈണം—പൊൻചിറകുകൾ തുന്നിച്ചേർക്കുന്ന തിരക്കാണ് രാഘവൻ മാഷ്ക്ക്. തിരക്കു കഴിഞ്ഞാൽ അതേറ്റുവാങ്ങി ആസ്വാദക മനസ്സിന്റെ നീലാകാശത്തിലേക്കു പറത്തിവിടുന്ന ചുമതല ഖാദർമാഷ് ഭംഗിയായി നിവ്വഹിക്കുന്നു, നഗരത്തിലും നാട്ടിൻ പുറങ്ങളിലുമുള്ള നിരവധി ശ്രോതാക്കൾ അഭിനന്ദിച്ചു കരഘോഷം മുഴക്കുന്നു. ഭാസ്കരൻ മാഷ് രൂപം നല്ലി, രാഘവൻ മാഷ് ഈണം പകർന്ന്, ഖാദർ മാഷ്ടെ കളകണ്ഠത്തിലൂടെ ഒഴുകിപ്പരന്ന എത്രയെത്ര ഗാനങ്ങൾ! എന്തൊരു സുഖകാലമായിരുന്നു അത്. മൂന്നു പേരും ഒരുമിച്ചു മേളിച്ച് ആനന്ദം പകർന്ന നിമിഷങ്ങൾക്കുണ്ടോ കണക്ക്! നീലക്കുയിൽ നമ്മുടെയൊക്കെ ഓർമ്മയുടെ മാന്തോപ്പിലിരുന്നു ഇന്നും കളകൂജനം മുഴക്കുന്നില്ലേ—എങ്ങിനെ നീ മറക്കും, കുയിലേ?

രാഘവൻ മാസ്റ്ററുടെ സാഹസകൃത്യങ്ങൾ അല്പം കൂടി വിവരിക്കട്ടെ. മാഷ് വന്നാവശ്യപ്പെട്ടാൽ നിലയത്തിലെ കൽത്തൂണുപോലും ഒരു ഗാനമെഴുതിക്കൊടുത്തെന്നുവരും. തൃക്കോട്ടൂർപെരുമയുടെ കർത്താവും ഒരു ഖാദറാണെന്നറിയാമല്ലോ. എന്റെ നാട്ടുകാരൻ യു. എ. ഖാദർ. ആരോഗ്യവകുപ്പിൽനിന്നു കാലുമാറിച്ചാട്ടി ആകാശവാണിയിലെത്തി. വിനയനോടൊപ്പം സന്താനനിയന്ത്രണവകുപ്പിലദ്ദേഹം അല്പകാലം വിഹരിക്കുകയുണ്ടായി. വകുപ്പിനുവേണ്ടിയും അല്ലാതെയും നാടകങ്ങളും കഥകളും തുരുതുരെ എഴുതുന്ന കാര്യത്തിൽ വിനയനും മി. ഖാദറും കൊണ്ടുപിടിച്ചൊരു മത്സരം തന്നെയായിരുന്നു. അവരെക്കൊണ്ടു രാഘവൻ മാഷ് പാട്ടെഴുതിച്ചോ? നല്ല നിശ്ചയമില്ല. എഴുതിച്ചിട്ടുണ്ടാവണമെന്നു തന്നെയാണ് എന്റെ വിശ്വാസം. കൊടുങ്ങല്ലൂരിനെക്കൊണ്ടെഴുതിച്ചിട്ടില്ല. തീർച്ച. അവിടെ അതൊന്നും നടപ്പില്ല. ആരു പറഞ്ഞാലും വയ്യാത്ത കാര്യത്തിനദ്ദേഹം വഴങ്ങില്ല. ഞാൻ ഭീരു. മറ്റുള്ളവരെ മുഷിപ്പിക്കാൻ വയ്യ. എന്തു പറഞ്ഞാലും അനുസരിക്കും. വയ്യെങ്കിലും വഷളായെങ്കിലും ചെയ്യും. പി. സി. യും അക്കിത്തവും കക്കാടുമൊക്കെ സ്ഥിരം ഗാനരചയിതാക്കളായിരുന്നു. അവരുടെ സേവനം പോരാതെ വരുമ്പോൾ മാഷ് എന്നെ പിടികൂടും. ഞാൻ കീഴടങ്ങും. പിന്നെ മരണവെപ്രാളമാണ് മനസ്സിൽ സംഗീതമില്ലാത്തവൻ ഗാനരചനയ്ക്കു മുതിരരുത്. എനിക്കതശേഷമില്ല. പിന്നെന്താണൊരു പോംവഴി? പൂവിന്റെയും ആകാശത്തിന്റെയും മഴവില്ലിന്റെയും അതുപോലെ മറ്റേതാനും മധുരപദാർത്ഥങ്ങളുടേയും, പര്യായം തേടിപ്പിടിച്ച് എഴുതിവെക്കും. അതിൽ നിന്നും നല്ലതു നോക്കി തിരഞ്ഞെടുക്കും. അതെല്ലാം തുണ്ടുകടലാസിലാക്കി ചുരുട്ടും.

കൂടെ അനുരാഗം, പ്രേമം എന്നീ ചില പദങ്ങളും ചേർക്കും. എന്നിട്ടതൊരു അളുക്കിലിട്ടു കുലുക്കും. കുലുക്കി കിട്ടുന്നവനെ വഴിക്കുവഴി എഴുതും. മാഷ്ടെ കൈയിൽ കൊടുക്കും. മാഷതു കൊണ്ടുപോയാൽ മനസ്സിൽ നിന്നു ഭാരമിറങ്ങും. പക്ഷേ, അധികനേരം നില്ക്കില്ല. മാഷ് തിരിച്ചുവരുന്നു.

"പിന്നേയ്", ഈ സംസ്കൃതനെ ഒന്നു മാറ്റണമല്ലോ മാഷെ. ഈ സുഗന്ധസുമം വേണ്ടാ. അവൻ മുഴച്ചുനിൽക്കുന്നു. ഒന്നു മാറ്റണം. പെട്ടെന്നു വേണം. ശട്ടേന്നു മാറ്റണം."

"ഇപ്പത്തരാം മാഷെ." ഞാൻ വിനീതനായി പറയും "ഒരഞ്ചുമിനിട്ട്. സുഗന്ധനെ തട്ടിക്കളയും."

മാഷ് പോയാൽ പട്ടിക നിരത്തി പദങ്ങൾ തിരഞ്ഞു തുണ്ടുകടലാസിൽ പകർത്തിച്ചുരുട്ടി അളുക്കിലിട്ടു കുലുക്കി, ഞാനെന്റെ കൺകെട്ടുവിദ്യ തുടങ്ങും, സുഗന്ധനെ ത്തട്ടി വസ്തു മാഷെ ഏല്പിക്കും. ഈശ്വരകാരുണ്യം കൊണ്ടോ മാഷ്ടെ പ്രതിഭാവിലാസം കൊണ്ടോ എന്തോ, അതൊരു ഗാനമായി ആകാശത്തിലേക്കു കയറും. ഒപ്പം എന്റെ പേരും. പക്ഷേ, പേരിന്റെ കാര്യത്തിൽ ഞാനൊരു വേലയൊപ്പിക്കും: 'ഗാനരചന—പി. കെ. നായർ.' അതാണു വേല. പി. കെ. നായരെന്ന പേരിൽ എന്നെയാരും അറിയില്ല. അങ്ങനെ രക്ഷപ്പെടും. പക്ഷേ, നിലയത്തിലുള്ളവരറിയുമല്ലോ. അവിടെയാണു പങ്കപ്പാട്. ഒരിക്കൽ ഒരു ഭാഗവതർ എന്നെ സമീപിക്കുന്നു. മലയാളം കഷ്ടിച്ചു ഭയങ്കര തെറ്റോടുകൂടി ഉച്ചരിക്കാൻ മാത്രമറിയുന്ന ഭാഗവതർ. അദ്ദേഹത്തിനൊരു ഗാനം വേണം. വയ്യെന്നു പറയാൻപറ്റാത്ത ഹീന സ്വഭാവമാണല്ലോ എനിക്കുള്ളത്. അതുകൊണ്ടു രചനാഭാരം ഞാനേറ്റെടുത്തു. അത് എന്റെ നോട്ടത്തിൽ ഭംഗിയായി നിറവേറ്റി ഞാൻ ഭാഗവതരെ ഏല്പിച്ചു. അദ്ദേഹം അതു കൊണ്ടുപോയി മസാല, ചേർത്തു പചിക്കാൻ തുടങ്ങിയപ്പോഴാണു കുഴപ്പം സംഭവിക്കുന്നത്. എന്റെ കൺകെട്ടു വിദ്യയിലൂടെ പുറത്തുവന്ന ആദ്യവരി ഇതായിരുന്നു.

"വിടരൂ നീ പിച്ചിമലരേ, നേരേ..."

"ഇതു വേണാ മാഷേ?" ഭഗവതർ വിലപിക്കുന്നു.

"ഏത്

"ഈ നേരെ?" അപ്പോൾ അതാണു സംഗതി. അദ്ദേഹത്തിനു നേരെ പറയാൻ വയ്യ. രണ്ടക്ഷരവും തെറ്റിച്ച് 'നേറെ' എന്നുച്ചരിക്കുന്നു. കേട്ടവർ ചിരിക്കുന്നു. അതുകൊണ്ടവ തട്ടണം. തട്ടാനെന്തു വഴി?

ഒരിക്കൽ റഷ്യയിൽ നിന്നൊരു സാംസ്കാരിക സംഘം കോഴിക്കോട്ടെത്തുന്നു. മാനാഞ്ചിറ മൈതാനിയിൽ, അവരുടെ കലാപ്രകടനം. അവരോടൊപ്പം ആകാശവാണിയിലെ കലാകാരന്മാരും ചിലയിനങ്ങൾ അവതരിപ്പിക്കണമെന്നു തീരുമാനിക്കുന്നു. അന്നു വൈകീട്ടുണ്ട് രാഘവൻ മാഷ് ഓടിക്കിതച്ചു വരുന്നു.

"മാഷേ, പാട്ട്."

"എന്തു പാട്ട്?"

“ഒരു ചിമിടൻ പാട്ട്. റഷ്യക്കാരെ കേൾപ്പിക്കാനുള്ളതാ. നമ്മുടെ ജനവും കേൾക്കും.”

ഇത്രയും പറഞ്ഞ് മാഷൊരു നാടൻപാട്ടിന്റെ ഈരടി മൂളുന്നു.

“ഇതു പോലൊരെണ്ണം; വേഗം വേണം. ഈണം കൊടുക്കണം; പഠിപ്പിക്കണം, സമയം വളരെ കുറവ്”

മാഷ് ഓടിപ്പോകുന്നു. ഞാനെന്റെ കൺകെട്ടുവേലയ്ക്കിരിക്കുന്നു. ഇവിടെ മധുരപദങ്ങളുടെ പര്യായങ്ങളൊന്നും എന്റെ രക്ഷയ്ക്കു വന്നില്ല. നാടൻശീലാണു വേണ്ടത്. എന്തായാലും പാട്ടു വേണം. എഴുതാനിരുന്നു. മാഷ് തിരിച്ചുവന്ന് അതു വാങ്ങിക്കൊണ്ടുപോകുന്നു. പിന്നീടുള്ള കാര്യങ്ങളൊന്നും ഞാനറിയുന്നില്ല. വർഷങ്ങൾ പൊഴിഞ്ഞു വീഴുന്നു. മാഷ് ജോലിയിൽനിന്നു പിരിയുന്നു; ഏറെ താമസിയാതെ ഞാനും. വർഷങ്ങൾ പിന്നെയും പൊഴിയുന്നു. അങ്ങനെ പൊഴിഞ്ഞു കൊണ്ടിരിക്കുമ്പോൾ മദിരാശിയിൽ നിന്ന് മാഷ്ടെ ഒരു കത്തു കിട്ടുന്നു. സംഗതി നിസ്സാരം. റഷ്യൻ സാംസ്കാരിക പരിപാടിയിൽ അവതരിപ്പിക്കാൻ ഞാനെഴുതിക്കൊടുത്ത ഗാനം ഒരു സിനിമയിൽ ഉൾപ്പെടുത്താൻ എന്റെ അനുമതിപത്രം ഒപ്പിട്ടയച്ചുകൊടുക്കണം. കൊടുത്തു.

”അപ്പളും പറഞ്ഞില്ലേ പോരണ്ടാ പോരണ്ടാന്ന്...”

ദൈവമേ! അവൻ വരുന്നു. കല്യാണവീട്ടിൽ, ആകാശവാണിയിൽ, റസ്റ്റാറന്റിൽ; സമ്മേളനപ്പന്തലിലെല്ലാം അവൻ വരുന്നു. വന്നോട്ടെ, സാരമില്ല. പക്ഷേ, രചയിതാവിന്റെ പേരും ഒപ്പം വരുന്നു: തിക്കോടിയൻ.

മാഷെ, കേട്ടപ്പോൾ അല്പം സന്തോഷമുണ്ടായിരുന്നു. സംഗതി എന്നു വച്ചാൽ, വല്ല സിനിമക്കാരനും വിളിക്കും. വിളിച്ച് നാലു ഗാനമെഴുതിക്കും. പത്തു കാശു തരും. അതുതന്നെ. പക്ഷേ, ഒന്നും നടന്നില്ല മാഷേ. ആരും വിളിച്ചില്ല. പാട്ടു പഴയതായിത്തുടങ്ങി; ഇനിയാരു വിളിക്കാൻ, അല്ലേ?

— 61 —

# ആറാൾസംഘം

മാതൃഭൂമിയിൽനിന്നു കുഞ്ഞപ്പേട്ടൻ എന്നെ കാണണമെന്ന് ആവശ്യപ്പെടുന്നു. എനിക്കെന്തെങ്കിലും ഗുണമുണ്ടാവുമെന്നു തീർച്ച. അല്ലെങ്കിൽ അങ്ങനെ ആവശ്യപ്പെടില്ല. ഒഴിവുള്ളപ്പോഴൊക്കെ ഞാനദ്ദേഹത്തെ ചെന്നു കാണുകയാണു പതിവ്. നിർദ്ദേശപ്പടി ഞാൻ ചെന്നു കണ്ടു. പതിവുപോലെ ചിരിച്ചു. കുറഞ്ഞ വാക്കുകളിൽ കാര്യം പറഞ്ഞു. വാരാന്തപ്പതിപ്പ് തുടങ്ങുകയാണ് അതിലേക്ക് 'വിഭവ'ങ്ങൾ പലതും വേണം.

"എന്താ, വല്ലതും എഴുതിക്കൂടേ?"

കുഞ്ഞപ്പേട്ടന്റെ ചോദ്യം. ഞാനുത്തരമൊന്നും പറഞ്ഞില്ല. അദ്ദേഹത്തിന്റെ മുഖത്തു നോക്കി എഴുതാമെന്നു തറപ്പിച്ചു പറയാൻ എനിക്കു വിഷമമുണ്ടായിരുന്നു. ആഴ്ചപ്പതിപ്പിൽ വന്ന എന്റെ പല കവിതകളും വെട്ടിത്തിരുത്തി വെടിപ്പാക്കിയതദ്ദേഹമാണ്. എന്റെ പരിമിതികളും പോരായ്മകളും മറ്റാരേക്കാളും അദ്ദേഹത്തിനറിയാം. അതു കൊണ്ടു ഞാൻ മിണ്ടാതിരുന്നു. മൗനം സമ്മതമാണെന്നു ധരിച്ച് അദ്ദേഹം ഒരാനുകൂല്യം അനുവദിച്ചുതരുമ്പോലെ പറയുന്നു:

"എല്ലാ ആഴ്ചയും വേണമെന്നില്ല. ഇടയ്ക്കൊക്കെ എന്തെങ്കിലും എഴുതു."

വാത്സല്യപൂർവ്വമുള്ള ആ നിർബ്ബന്ധത്തിനു മുമ്പിൽ മടിച്ചുനില്ക്കുന്നതു തെറ്റാണ്. എങ്കിലും എന്റെ പരാധീനത അറിയിക്കണമല്ലോ:

"എന്തെഴുതിയാലും ആകാശവാണിയുടെ സമ്മതം വാങ്ങണം. അതു വലിയ വിഷമമാണ്."

ഞാൻ പറഞ്ഞവസാനിക്കുംമുമ്പ് കുഞ്ഞപ്പേട്ടന്റെ ചോദ്യം:

തൂലികാനാമമില്ലേ? അതുപയോഗിക്കണം."

"അതും അവിടെ കുടുങ്ങിക്കിടപ്പാണ്"

അതിനു വ്യക്തമായ മറുപടിയൊന്നും കുഞ്ഞപ്പേട്ടൻ പറഞ്ഞില്ല. കേട്ടതായി ഭാവിച്ചതുമില്ല. മറ്റേതെങ്കിലുമൊരു പേരിൽ എഴുതാൻ നിർദ്ദേശിക്കുകയാണുണ്ടായ

ത്. ആ നിർദ്ദേശം സ്വീകരിച്ച് ഞാൻ എനിക്ക് 'ആനന്ദ്' എന്നു പേരിട്ടു. പേരിലെങ്കിലും, ആനന്ദം കിടക്കട്ടെ എന്ന ഉദ്ദേശത്തോടെ. അങ്ങനെ വാരാന്തപ്പതിപ്പിൽ കുറെ ഹാസ്യകവിതകളും ചില ലേഖനങ്ങളും 'ആനന്ദി'ന്റെ പേരിൽ അക്കാലത്തു പ്രത്യക്ഷപ്പെടുകയുണ്ടായി. പിന്നെ കുറെ കഴിഞ്ഞാണ് പ്രഗല്ഭമതിയായൊ'രാനന്ദ്' സാഹിത്യനഭസ്സിലുദിച്ചുയർന്നത്. അതിനും എത്രയോ മുമ്പ് ഞാനെന്റെ പെട്ടിവെച്ചു കളി നടത്തിക്കഴിഞ്ഞിരുന്നു.

കുഞ്ഞപ്പേട്ടനോടൊപ്പം വാരാന്തപ്പതിപ്പിന്റെ പ്രവർത്തനത്തിൽ അന്ന് മി. കൊറാത്തുമുണ്ടായിരുന്നു. രാഷ്ട്രീയ-സാമൂഹികകാര്യങ്ങളിൽ അതീവതാൽപര്യം പുലർത്തിപ്പോരുന്നൊരാളായും നല്ലൊരു പത്രപ്രവർത്തകനായും ജനം കൊറാത്തിനെ അറിയുന്നു. എന്നാൽ ഞാനറിയുന്ന കൊറാത്ത് മറ്റൊരാളാണ്. സരസസംഭാഷണത്തിൽ, ചായയിൽ, സിഗററ്റിൽ അതീവതൽപരൻ. ഫലിതം ആസ്വദിക്കാനും പറയാനും കഴിവുള്ള അതിസരസൻ. ആക്ഷേപഹാസ്യത്തിലൂടെ ആരുടെ തെറ്റും മുഖം നോക്കാതെ വിമർശിക്കുന്ന സാഹിത്യകാരൻ, പ്രഗല്ഭനായ പത്രാധിപർ ഇതെല്ലാമാണ്, ഇങ്ങനെയെല്ലാമാണ് കൊറാത്ത്. എന്നാൽ ആദ്യമായി കാണുകയും പരിചയപ്പെടുകയും ചെയ്യുന്നൊരാൾക്കു ഇതൊരു തമ്പുരാൻകുട്ടിയല്ലേ എന്നു തോന്നിപ്പോകും. തന്റെ ഔദ്യോഗിക സ്ഥാനത്തിരുന്നുകൊണ്ട് അതിഥികളെ സ്വീകരിക്കുന്ന രീതിയിലും സംഭാഷണത്തിലും, എന്തിന് സിഗരറ്റ് വലിയിൽപോലും ഒരു പ്രത്യേകതയുണ്ട്, കൊറാത്തിന്. ശരീരപ്രകൃതിയും മുഖവും നോട്ടവും ചലനവുമെല്ലാം ആ തോന്നലിനെ ബലപ്പെടുത്തും. കണ്ടനാൾമുതൽ എന്നെക്കുറിച്ചുള്ള അഭിപ്രായവും എന്റെ പേരിലുള്ള സ്നേഹവും ഒരേ അളവിൽ അദ്ദേഹം സൂക്ഷിച്ചുപോന്നു. ആ ചിത്തവൃത്തിയുടെ മുമ്പിൽ പലപ്പോഴും ഞാൻ വിസ്മയഭരിതനായിട്ടുണ്ട്.

വാരാന്തപ്പതിപ്പിൽ 'ആനന്ദ്' എന്ന എന്നോടൊപ്പം ഇടയ്ക്കിടെ പ്രത്യക്ഷപ്പെടാറുള്ള 'പെരുമ്പടപ്പ്' വളരെ അടുപ്പമുള്ള ഒരു സുഹൃത്തായിരുന്നു. നർമ്മലേഖനങ്ങൾ പലതുമെഴുതീട്ടുണ്ട്. ഞാൻ തിക്കോടിയിൽനിന്നു വന്നപോലെ അദ്ദേഹം പെരുമ്പടപ്പിൽനിന്നു വന്നതാണ്. പരസ്പരസഹായ വകുപ്പിൽ ജോലിയായിരുന്നു. പെൻഷൻ പറ്റിയപ്പോൾ പെരുമ്പടപ്പിലേക്കു തിരിച്ചുപോയി. പിന്നെ അദ്ദേഹത്തെപ്പറ്റി കൂടുതലൊന്നും അറിയാൻ കഴിഞ്ഞിരുന്നില്ല. യൂനിയൻ ബാങ്കിലെ ഒരു ഓഫീസറായ അദ്ദേഹത്തിന്റെ മരുമകൻ ശ്രീ. ജി. കെ. മേനോന്റെ കത്തിൽനിന്നാണ് കഴിഞ്ഞവർഷം അദ്ദേഹത്തിന്റെ ചരമവാർത്ത ഞാനറിഞ്ഞത്.

പെരുമ്പടപ്പിൽ നിന്നു മടങ്ങുംമുമ്പ് മറ്റൊരു സുഹൃത്തിനെക്കൂടി ഓർക്കാതെ വയ്യ. തൃശ്ശൂരിലെ തേക്കിൻകാട്ടു മൈതാനത്തിലെവിടെയോ വെച്ച് അതിധൃതിയിലുള്ള യാത്രയിൽ കൂട്ടിമുട്ടി സൗഹൃദത്തിന്റെ ഒരു മുഴ സമ്മാനിച്ചു കടന്നുപോയ സാക്ഷാൽ കാട്ടുമാടമാണ് ആ സുഹൃത്ത്. കഥകളിയെപ്പറ്റി, പഞ്ചവാദ്യത്തെപ്പറ്റി, ഇടയ്ക്കയെപ്പറ്റി, ക്രിക്കറ്റിനെപ്പറ്റി മാത്രമല്ലാ നമുക്കൊക്കെ പരിചയമുള്ള മറ്റു പല കാര്യങ്ങളെപ്പറ്റി, തളരാതെ എഴുതുന്ന കാട്ടുമാടത്തിന്റെ സ്ഥായിയായ വിഷയം നാടക

മാണ്. നാടകം പഠിക്കാനും നാടകമെന്തെന്നറിയാനും താൽപര്യമുള്ളവർക്ക് വള രെയേറെ പ്രയോജനപ്രദമായ രണ്ടു ഗ്രന്ഥങ്ങളുടെ ഉടമയാണദ്ദേഹം: 'നാടക രൂപചർച്ച'യും 'മലയാളനാടക പ്രസ്ഥാന'വും.

നാടകം ജീവിതമാക്കിയ ശ്രീ കാവാലം നാരായണപ്പണിക്കരെ കാണുന്നതും പരിചയപ്പെടുന്നതും തൃശ്ശൂരിൽവെച്ചു തന്നെ. മലയാളനാടകവേദിയിൽ അദ്ഭുതങ്ങൾ വിരിയിച്ചെടുത്ത കാവാലം എത്രവേഗത്തിലും എളുപ്പത്തിലുമാണെന്റെ കുടുംബസുഹൃത്തായിക്കഴിഞ്ഞത്. സൗഹൃദം കൊണ്ടെന്നെ അദ്ഭുതപ്പെടുത്തുകയും വീർപ്പുമുട്ടിക്കുകയും ചെയ്ത ഒരു ചെറിയ സംഭവം. ഗുരുവായൂരിൽ എന്റെ മകളുടെ വിവാഹം നടക്കുകയാണ്. ഞങ്ങൾ തലേ ദിവസം രാത്രി അവിടെയെത്തി. സത്രത്തിലെ വരാന്തയിലൂടെ നടക്കുമ്പോൾ അതാ കാവാലം. കണ്ടു; ചിരിച്ചു; കുശലം പറഞ്ഞു. മിസ്സിസ് പണിക്കരും ഒരുമിച്ചുണ്ട്. കുശലപ്രശ്നത്തിനിടയിൽ അദ്ദേഹമെന്നോടു ചോദിക്കുന്നു:

"എന്തേ വന്നത്? തൊഴാൻ മാത്രമാണോ? അല്ല, മറ്റു വല്ല വിശേഷവുമുണ്ടോ?"

ചോദ്യം കേട്ട് ഞാനൊന്നു ഞെട്ടി. മകളുടെ വിവാഹത്തിനു ഞാനദ്ദേഹത്തെ ക്ഷണിച്ചിട്ടില്ല. അതു വലിയൊരപരാധമാണ്. എന്താണു പറയേണ്ടത്? സത്യം പറഞ്ഞാൽ അപകടം. ഒടുവിൽ കള്ളം പറഞ്ഞു രക്ഷപ്പെടാമെന്നു കരുതി:

"ചുമ്മാ വന്നു; ഒരു രസത്തിന്. ഇനി ഞാനൊന്നു ചോദിക്കട്ടെ. പ്രത്യേകിച്ചൊന്നുമില്ലല്ലോ?"

"ഇല്ലെന്നു പറയാൻ വയ്യ." നിർവ്വികാരനായിട്ടാണദ്ദേഹം പറയുന്നത്: "നാളെ തിക്കോടിയന്റെ മകളുടെ കല്യാണമാണ്. താലികെട്ടുകഴിഞ്ഞ് ഉണ്ടിട്ടു തിരിച്ചു പോകണം."

വീർപ്പുമുട്ടിയതിൽ തെറ്റുണ്ടോ? ആർക്കായാലും വീർപ്പുമുട്ടില്ലേ? ആ കറകളഞ്ഞ സൗഹൃദം ഒട്ടും തേമാനമില്ലാത്തവിധം ഇന്നും ഞങ്ങൾ സൂക്ഷിച്ചുപോരുന്നു. ജീവിതത്തിലെ ദുർല്ലഭം ചില വലിയ നേട്ടങ്ങളിലൊന്നല്ലേ ഈ സൗഹൃദം?.

ഞാൻ കോഴിക്കോട്ടേക്കുതന്നെ മടങ്ങട്ടെ. ഞങ്ങളന്നൊരാറാൾ സംഘം കോഴിക്കോടിനൊരലങ്കാരംപോലെ വർത്തിച്ചിരുന്നു. അധികപ്രസംഗം പറയുകയാണെന്നു ധരിക്കരുത്: ദേവൻ, പട്ടത്തുവിള, എൻ. പി., വി. കെ. എൻ., എം. ടി. പിന്നെ ഞാനും. ഇടയ്ക്കൊക്കെ സംഘത്തിൽ വിരുന്നുവരുന്ന ആളായിരുന്നു കൊറാത്ത്. കടലുണ്ടിയിൽ നിന്നു നിത്യവും വണ്ടിക്കു വരുന്ന ആളായതുകൊണ്ട് കൊറാത്തിനു സംഘം ചേരാൻ വിഷമമായിരുന്നു. വി. കെ. എൻ. തൃക്കളിയൂർ ക്ഷേത്രഭരണംവിട്ട് കോഴിക്കോട്ട് ഭരിക്കാനെത്തിയതാണ്. കോഴിക്കോട്ടുമുണ്ടല്ലോ ക്ഷേത്രങ്ങളും ഈശ്വരന്മാരും. ദേവനോടൊപ്പം മാതൃഭൂമിയിലെ ലാവണത്തിൽ എം. ടി. യും കയറിവന്ന സമയമാണ്. എന്നും ഞങ്ങൾ മാനാഞ്ചിറ മൈതാനിയിലെത്തും.

ഇന്നത്തെപ്പോലെ മൈതാനത്തിനു ചുറ്റുമുള്ള നിരത്തിൽ ആൾത്തിരക്കോ വാഹനത്തിരക്കോ ഇല്ല. മൈതാനത്തിലും ആളുകൾ ചുരുക്കം. ഏതെങ്കിലുമൊരു മൂലയിൽ നാലോ അഞ്ചോ കുട്ടികൾ കടലാസ് പന്തു തട്ടിക്കളിക്കുന്നുണ്ടാവും. ഇടിഞ്ഞു തകർന്ന മതിലിന്റെ കേടുപറ്റാത്തൊരു സ്ഥലത്ത് മൂന്നോ നാലോ പെൻഷൻകാർ കയറിപ്പറ്റി പൂർവ്വകഥകൾ അയവിറക്കുന്നുണ്ടാവും. അത്രതന്നെ. ഞങ്ങൾ മൈതാനിയുടെ നടുവിൽ പച്ചപ്പുൽവിരിപ്പിൽ വട്ടമിട്ടിരിക്കും. കഥ പറയും. മുഖ്യകാഥികൻ വി. കെ. എൻ. അതൊരമ്പൊഴിയാത്ത ആവനാഴിയാണ്. ആകാശത്തിനു കീഴിലുള്ള ഏതുവിഷയത്തെപ്പറ്റിയും സംസാരിക്കും. ചിരിക്കാനുള്ള വഹ കൂടുതലാണ്. പട്ടത്തുവിള വളരെ കരുതലോടെ മാത്രമേ വാക്കുകൾ ചെലവഴിക്കൂ. അക്കാര്യത്തിൽ വലിയ പിശുക്കാണ്. എൻ. പി. രസികൻ കഥ പറയും, പക്ഷേ, കഥയിലെ ഫലിതം ശ്രോതാക്കൾക്കു കിട്ടുംമുമ്പേ എൻ. പി. ചിരിക്കാൻ തുടങ്ങും. അപ്പോൾ നമ്മൾ ശ്രോതാക്കൾ അന്തം വിട്ടിരിക്കും. അങ്ങനെ ചിരിക്കുമ്പോൾ അതാ വരുന്നു ഫലിതം. നമ്മളും എൻ. പി. യോടൊപ്പം ചിരിയിൽ പങ്കെടുക്കും. ഫലിതം കേട്ടു ചിരിക്കുന്നതിൽ വിരോധമില്ലെന്ന മട്ടാണ് ദേവന്. മറ്റുള്ളവരെ ചിരിപ്പിച്ചു കളയാമെന്ന വ്യാമോഹമൊന്നുമില്ല. എന്നല്ല ചിരിക്കുമ്പോൾ തന്റെ സ്ഥായിയായ ഗൗരവം വിട്ടുകളയാൻ ദേവനൊരുങ്ങുകയുമില്ല. എം. ടി. ശ്രദ്ധിച്ചിരിക്കും. ആസ്വദിക്കും. മുഖത്തു നോക്കിയാൽ ചിരിക്കുമോ ചിരിക്കില്ലയോ എന്നു തീർത്തു പറയാൻ നമ്മൾ വിഷമിക്കും.

അങ്ങനെയിരിക്കുമ്പോൾ പുതുതായി പുറത്തിറങ്ങിയ ഏതെങ്കിലുമൊരു വിദേശ നോവലിനെപ്പറ്റിയോ ലസ്റ്റ് ഫോർ ലൈഫ് പോലുള്ള ജീവിത ചരിത്രാഖ്യായികയെക്കുറിച്ചോ എൻ. പി. ഒരു അമ്പുതൊടുക്കും. അതിൽ പങ്കെടുക്കാൻ എം. ടി. ക്കും വിഷമമില്ല. പട്ടത്തുവിളയും അപ്പോൾ ചുരുങ്ങിയ വാക്കു പറഞ്ഞെന്നുവരും. അതിൽ പങ്കെടുക്കാൻ ദേവനുമില്ല കുഴപ്പം.

അങ്ങനെ പടിഞ്ഞാറിന്റെ മുഖം കറുക്കുവോളം ഞങ്ങളിരിക്കും. ഇടയിൽ ചായയുടെ കാര്യം വരും. ഒരു രഹസ്യം പറയട്ടെ. അഞ്ചാറാളുകളൊരുമിച്ച് ഒരു ചായക്കടയിൽ കയറി വല്ലതും കഴിച്ചു പുറത്തിറങ്ങുമ്പോൾ ബില്ലിലെ സംഖ്യ എടുത്തു കൊടുക്കാൻ മാത്രം കീശയ്ക്കു ബലമുള്ളവർ ഞങ്ങളുടെ കൂട്ടത്തിൽ വളരെ കുറവായിരുന്നു. ഈ സത്യമിപ്പോൾ പറയുന്നത് ചിലർക്കെങ്കിലും രുചിച്ചില്ലെന്നുവരും. അതെന്തുമാവട്ടെ, കീശയ്ക്കു കനമില്ലാത്തതുകൊണ്ടു ചായകുടി ഒരിക്കലും മുടങ്ങീട്ടില്ല. അതു കോറസ്സായിട്ടുതന്നെ. പലപ്പോഴും പട്ടത്തുവിളതന്നെയായിരിക്കണം ബില്ലു വാങ്ങിയതും കാശുകൊടുത്തതും. ഇവിടെ ഓർമ്മ ഒട്ടും വ്യക്തമല്ല. വട്ടമിട്ടു ചായ കുടിക്കാനിരിക്കുമ്പോൾ നേരമ്പോക്കുകൾ പലതുണ്ടാവും. വെയ്റ്റർ വന്ന് എന്താ കഴിക്കേണ്ടതെന്നൊരു ചോദ്യമുണ്ട് അത് അയാളുടെ ഡ്യൂട്ടിയാണല്ലോ. ഒന്നും വേണ്ടെന്ന് ഒരപരാധിയെപ്പോലെ പറയാൻ പറ്റുമോ? സ്വരത്തിൽ ദീനതയുടെ കലർപ്പുണ്ടായാൽ സംഗതി കുഴഞ്ഞില്ലേ? അവിടെയാണു മനോധർമ്മം വരുന്നത്. "ഓ!

കഴിക്കാനോ? എന്തു കഴിക്കാൻ." ഒരാൾ പറയും "എനിക്കീ ഹോട്ടൽ ഭക്ഷണമൊന്നും വയറിനു പിടിക്കില്ല." മറ്റൊരാളുടെ മനോധർമ്മം. "വെറും ചായ, ചായമാത്രം." അതു രക്ഷകന്റെ ശബ്ദം. ഈ നേരമാകുമ്പോൾ നിന്നു മടുത്ത വെയ്റ്റർ സ്ഥലം വിട്ടിട്ടുണ്ടാവും.

ഒരിക്കൽ ഒരു വലിയ നേരമ്പോക്കുണ്ടായി. വെയ്റ്റർ വരുന്നു. പതിവുചോദ്യം തുടങ്ങുന്നു. അപ്പോൾ വി. കെ. എൻ. ഒരാത്മഗതം ദീനസ്വരത്തിൽ പുറത്തുവിടുന്നു, നെടുവീർപ്പിന്റെ പിറകെ;

"ഓ! എത്രകാലമായൊരു മസാലദോശ തിന്നിട്ട്!"

പിന്നെ കൂട്ടച്ചിരിയാണ്. ഓരോ സായന്തനത്തിന്റെ പാനപാത്രവും അന്നു സന്തോഷത്തിന്റെ മുന്തിരിച്ചാർ നിറഞ്ഞതായിരുന്നു.

അങ്ങനെ ഒരുനാളൊരു സായംസന്ധ്യയ്ക്കു സംഘം പിരിഞ്ഞു ഞാൻ വീടണയുന്നു. അപ്പോൾ എങ്ങും ഇരുളിൽ മുങ്ങിക്കിടക്കുന്ന അടുത്ത തൊടിയിൽ വെളിച്ചത്തിന്റെ സമൃദ്ധി. തെങ്ങിന്മേലൊക്കെ ട്യൂബ്

ലൈറ്റ്, ഉച്ചഭാഷിണി. അതിലൂടെ പുറത്തേക്കൊഴുകിവരുന്ന ദേശഭക്തിഗാനം. തിരഞ്ഞെടുപ്പു കാലമാണ്. പ്രചരണയോഗത്തിനൊരുക്കിവെച്ച സ്ഥലമാണ്. ഉറക്കം നഷ്ടപ്പെട്ടതു തന്നെ. തിരഞ്ഞെടുപ്പു പ്രസംഗമാവുമ്പോൾ യാതനയുടെ കാര്യം പറയുകയും വേണ്ട. ഏതായാലും സഹിക്കാതെ വയ്യല്ലോ. ക്ഷമയോടെ കാത്തിരുന്നു. അപ്പോൾ സ്വാഗതപ്രസംഗം വരുന്നു. ആദ്യമായി ഉദ്ഘാടകന്റെ പേരുവരുന്നു— സുകുമാർ അഴീക്കോട്. പേരു കേട്ടു മടുപ്പു നീങ്ങി. എനിക്ക് അഴീക്കോടിന്റെ പ്രസംഗം ഇഷ്ടമാണ്. രാഷ്ട്രീയമായാലും സാഹിത്യമായാലും വേദാന്തമായാലും മുഷിപ്പില്ലാതെ ഉടനീളം ഉത്സാഹത്തോടെ കേട്ടിരിക്കാം. പതുക്കെ എഴുന്നേറ്റു പുറപ്പെട്ടു. ജനസമൂഹത്തിലൊരിടത്തു സ്ഥലം പിടിച്ചു. ഉദ്ഘാടന പ്രസംഗം തുടങ്ങി. മന്ദഗതിയിൽ നേരിയ ശബ്ദത്തിൽ വഴുപ്പുള്ള സ്ഥലത്തൂടെ നടക്കുമ്പോലെ സൂക്ഷിച്ചുസൂക്ഷിച്ചാണ് വാക്കുകൾ പുറത്തുകടക്കുന്നത്. ആദ്യമായി കേൾക്കുന്നവർ ശങ്കിക്കും, ഇതെന്തു പ്രസംഗം, ഇതിനൊരു ജീവനില്ലല്ലോ എന്ന്. അങ്ങനെ ശങ്കിച്ചിക്കുമ്പോൾ കമ്പത്തിലെ തിരി പതുക്കെ കത്തിക്കയറാൻ തുടങ്ങുന്നു. പിന്നെ പകിരിയുടെയും പടക്കത്തിന്റെയും മഴവിൽപ്രഭ ചൊരിയുന്ന അമിട്ടിന്റെയും തകൃതിയാണ്. തിരഞ്ഞെടുപ്പു യോഗങ്ങളിൽ ഉപനിഷത്തും ഭഗവദ് ഗീതയുമൊക്കെ അനായാസമായി ഉദ്ധരിച്ച് കേവലം സാധാരണക്കാരനായ ശ്രോതാവിനുപോലും അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം ആസ്വദിക്കാൻ കഴിയുമാറ് പ്രസംഗിക്കാൻ അഴീക്കോടിനുള്ള കഴിവ് അസാമാന്യമാണ്.

ഞാനാലോചിക്കുകയാണ്. ഞങ്ങൾ തമ്മിൽ കണ്ടതും പരിചയപ്പെട്ടതുമായ കാലം. അതെത്ര ദശകങ്ങൾക്കുമുമ്പ്! അതിനുശേഷം പാലത്തിനു കീഴെ വെള്ളമെത്രയൊഴുകിയെന്നു പറയുംപോലെ പ്രസംഗങ്ങളെത്രയെത്ര ആസ്വദിച്ചു ഞാൻ. സദസ്യനായിരുന്നും ഒന്നിച്ചു വേദിയിലിരുന്നു കഥ പറഞ്ഞും രസിച്ചും ചിരിച്ചും കഴിച്ച അവസരങ്ങൾ അനേകമാണ്. അവയല്ലാം തന്നെ അവിസ്മരണീയങ്ങളുമാണ്.

വാഗ്ഭടാനന്ദഗുരുദേവരുടെ പരമ്പരയിൽ പെട്ടവരുടെ പ്രസംഗശൈലി ഒന്നു വേറെ തന്നെയാണ്. എം. ടി. കുമാരൻ മാസ്റ്ററുടെയും സ്വാമി ബ്രഹ്മവ്രതന്റെയും അഴീക്കോടിന്റെയുമൊക്കെ പ്രസംഗം കേൾക്കുമ്പോൾ 'ആത്മവിദ്യാ കാഹള'ത്തിലെ പ്രൗഢഗംഭീരമായ മുഖപ്രസംഗമാണോർത്തുപോവുക. അതിലെ മുഖപ്രസംഗത്തിൽ കമ്പം പിടിച്ച ഞാനതിന്റെ ഒരു വരിക്കാരനായി ചേർന്നിട്ടുണ്ട്. ഒരു കൊല്ലത്തെ വരിസംഖ്യ അടച്ചിട്ടുണ്ട്. അത്രയേ കഴിഞ്ഞിട്ടുള്ളൂ. അതിനു തന്നെ കാശുണ്ടാക്കാൻ വേണ്ടി പെട്ട പാട് എനിക്കല്ലേ അറിഞ്ഞുകൂടൂ. ഞാനും അഴീക്കോടും സമ്മേളനസ്ഥലങ്ങളിൽ വെച്ചാണ് അധികവും ബന്ധപ്പെട്ടത്. അല്ലാതെ മറ്റവസരങ്ങളിൽ സ്വന്തം കാര്യത്തിനോ മറ്റുള്ളവരുടെ കാര്യത്തിനോ എനിക്കദ്ദേഹത്തെ സമീപിക്കേണ്ടി വന്നിട്ടില്ല; ഉപദ്രവിക്കേണ്ടിവന്നിട്ടില്ല. അതുകൊണ്ടാവും തുടക്കത്തിലുള്ള സ്നേഹം ഉടവില്ലാതെ ഇന്നും നിലനിന്നുപോരുന്നത്. അഃ കള്ളം പറയരുതല്ലോ. സ്കൂൾ ഓഫ് ഡ്രാമയുടെ ഡയറക്ടറെ നിയമിക്കുന്ന കാര്യത്തിൽ ഒരുനാൾ ഞാനും ദേവനും ചേർന്ന് അദ്ദേഹത്തെ കണ്ടിട്ടുണ്ട്. ശ്രീ ജി. ശങ്കരപ്പിള്ളയുടെ കാര്യം സംസാരിച്ചിട്ടുണ്ട്. അന്ന് അഴീക്കോട്ട് പ്രോ വൈസ് ചാൻസലറായിരുന്നു. അതിലൊരു തെറ്റുമില്ലെന്നും അതു വളരെ ശരിയായൊരു കാര്യമായിരുന്നെന്നും ഞങ്ങളെപ്പോലെ അദ്ദേഹവും അന്നു ധരിച്ചിരുന്നു.

— 62 —

# മഹാകവി കേളപ്പൻ!

കോഴിക്കോട്ടെ നാടകപ്രവർത്തനങ്ങളുടെ ചരിത്രമെഴുതുമ്പോൾ പ്രത്യേകമായും ഓർക്കേണ്ടൊരു പേരുണ്ട്. പ്രൊഫസർ എം. പി. ശിവദാസമേനോൻ. സാമൂതിരി കോളെജിലെ ഇംഗ്ലീഷ് പ്രൊഫസ്സറായിരുന്ന അദ്ദേഹം, നല്ല നാടകകൃത്തായിരുന്നു, സംവിധായകനായിരുന്നു. തന്റെ ശിഷ്യഗണങ്ങളിൽ നിന്നു പ്രതിഭാശാലികളെ കണ്ടെത്തി, പരിശീലനവും പ്രോത്സാഹനവും നല്കി വളർത്തിയെടുക്കുന്നതിൽ അദ്ദേഹത്തിന്റെ കഴിവ് പ്രശംസനീയമായിരുന്നു. പലരേയും അദ്ദേഹം വളർത്തിയെടുത്തിട്ടുണ്ട്. ശ്രീ എം. വാസുദേവൻനായർ (സിനിക്), കോഴിക്കോട്ട് അപ്പുക്കുട്ടൻനായർ (കോഴിക്കോടൻ), പുരുഷോത്തമൻ നെടുങ്ങാടി (നാദിർഷ) എന്നിവർ ശ്രീ ശിവദാസമേനോന്റെ ശിഷ്യ പരമ്പരകളിൽ പ്രമുഖരാണ് നിർഭാഗ്യവശാൽ സിനിക് ഇന്നു നമ്മുടെ ഇടയിലില്ല. മറ്റു രണ്ടുപേരും ഗുരുനാഥൻ തെളിയിച്ച വഴിയിലൂടെ അടിപതറാതെ ഇന്നും സഞ്ചരിക്കുന്നു. പ്രൊഫസർ ശിവദാസമേനോൻ നല്ല പല നാടകങ്ങളുടെയും കർത്താവായിരുന്നു. പേരിലും പ്രസിദ്ധിയിലും നോട്ടമില്ലാത്തതുകൊണ്ട് അവയൊന്നും മുദ്രണം ചെയ്യിക്കാൻ അദ്ദേഹം മുതിർന്നില്ല. കേന്ദ്ര കലാസമിതിയും, ശ്രീ കെ. ടി. മുഹമ്മദിന്റെ നേതൃത്വത്തിൽ രൂപം പൂണ്ട ബ്രദേഴ്സ് മ്യൂസിക് ക്ലബ്ബും നാടകരചനയിലും അവതരണത്തിലും നൂതനരീതികൾ കണ്ടെത്തി, അവ പ്രാവർത്തികമാക്കാൻ തുടങ്ങിയ കാലഘട്ടംവരെ, കോഴിക്കോട്ടെ നാടക പ്രവർത്തനങ്ങൾ മങ്ങലേല്ക്കാതെ സൂക്ഷിച്ചുപോന്ന സ്ഥാപനങ്ങളിൽ ഒന്ന് സാമൂതിരി കോളെജാണെന്ന കാര്യം ഇവിടെ നന്ദിപൂർവ്വം സ്മരിച്ചുകൊള്ളട്ടെ. ശ്രീ ശിവദാസമേനോന്റെ ചുവടു പിടിച്ച്, പിന്നേയും അവിടെ നാടകകലയ്ക്കു പ്രോത്സാഹനം നല്കാൻ പലരുമുണ്ടായിരുന്നു. അവിടെ മുഖ്യമായും എടുത്തു പറയേണ്ടൊരു പേരുണ്ട്: ആർ. വി. ആർ. തമ്പുരാൻ. അദ്ദേഹം നാടകമെഴുതീട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. അദ്ദേഹം നല്ലൊരു നടനായിരുന്നു. അതുപോലെ കഴിവുറ്റൊരു സംവിധായകനും.

കോഴിക്കോട്ടെ ഫൈൻ ആർട്സ് ക്ലബ്ബിന്റെ സജീവ പ്രവർത്തകരിൽ ഒരാളാ

യിരുന്ന തമ്പുരാൻ. ഞാൻ ജോലിയിൽനിന്ന പിരിഞ്ഞു വീട്ടിൽ വെറുതെയിരിക്കു മ്പോൾ, അദ്ദേഹമെന്നെ നിരന്തരമായി പ്രേരിപ്പിച്ച് ഒരു നാടകം എഴുതിക്കുകയു ണ്ടായി. ഒഴിഞ്ഞു മാറാനുള്ള എന്റെ ശ്രമങ്ങളൊന്നും അദ്ദേഹത്തിന്റെ മുമ്പിൽ ഫല വത്തായില്ല. സ്നേഹപൂർവ്വമുള്ള പ്രേരണ അതിശക്തമായിരുന്നു. മാത്രമല്ല, നാടക ത്തിനുള്ള വിഷയം അദ്ദേഹം എനിക്കു പറഞ്ഞു തന്നു. തന്റെ മനസ്സിൽ ദീർഘകാ ലമായി കുടികൊള്ളുന്ന ഒരു ഇതിവൃത്തം. അതെങ്ങനെ രൂപപ്പെടുത്തിയെടുക്കണ മെന്ന കാര്യവും അദ്ദേഹം വിവരിച്ചുതന്നു. പിന്നെ, വിഷമമുണ്ടായില്ല. ഞാൻ നാ ടകമെഴുതി. അതിനു പേരിട്ടതും തമ്പുരാൻ തന്നെ: 'രാജയോഗം'. ക്ലബ്ബിലെ അം ഗങ്ങൾക്ക് അവതരിപ്പിക്കാൻ വേണ്ടിയായിരുന്നു നാടകം. 'രാജയോഗ'ത്തിലെ മുഖ്യ കഥാപാത്രമായി രംഗത്തു വന്നതും നാടകത്തിന്റെ സംവിധാന ചുമതല ഏറ്റെ ടുത്തതും അദ്ദേഹം തന്നെ. രണ്ടും ഭംഗിയായി നിർവ്വഹിച്ചു. നാടകവും ഭംഗിയാ യി. ഒരു ദുഃഖസത്യമിവിടെ കുറിച്ചുകൊള്ളട്ടെ തമ്പുരാൻ ജോലിയിൽനിന്നു വിരമിച്ചു. തൃപ്പൂണിത്തുറയിലേക്കു താമസം മാറ്റിയശേഷം അദ്ദേഹത്തെക്കുറിച്ച് അധികമൊ ന്നും അറിയാൻ കഴിഞ്ഞിരുന്നില്ല. ഒടുവിലറിഞ്ഞതാവട്ടെ, അദ്ദേഹത്തിന്റെ ചരമ വാർത്തയും. ആകസ്മികമായിരുന്നു അന്ത്യം. അന്ന് ആ വാർത്തയുടെ ആഘാ തത്തിൽനിന്നു തികച്ചും മോചനം നേടുന്നതിനു മുമ്പ് ഞാനൊരു ശപഥം ചെയ്തു: 'രാജയോഗം' മുഴുവനായും അദ്ദേഹത്തിന്റേതാണ്. ഞാനൊരു പകർപ്പെഴുത്തുകാ രൻ; കേവലം ഉപകരണം. അതുകൊണ്ട് ആ നാടകം മുദ്രണം ചെയ്ത് തമ്പുരാന്റെ പാവന സ്മരണയ്ക്കു മുമ്പിൽ സമർപ്പിക്കണമെന്നായിരുന്നു എന്റെ ശപഥം. പക്ഷേ, ആ ശപഥം ഇന്നും ശപഥമായിത്തന്നെ നിലനില്ക്കുന്നു. എന്നെങ്കിലുമെനിക്കതു നിർ വ്വഹിക്കാൻ കഴിയുമോ? കഴിയാത്ത കാലത്തോളം എന്റെ മനസ്സ് അസ്വസ്ഥമാ യിരിക്കും. ദുഃഖസത്യമെന്ന് ആദ്യമേ പറഞ്ഞു വെച്ചതിന്റെ കാര്യം ഇപ്പോൾ മനസ്സി ലായല്ലോ?

പല സ്ഥാപനങ്ങളിനിയുമുണ്ട്, കോഴിക്കോടിനകത്തും ചുറ്റുവട്ടത്തുമായി. ഫലാപേക്ഷ കൂടാതെ നാടകകലയ്ക്കു സേവനം ചെയ്ത വിശിഷ്ട വ്യക്തികൾ പല രുണ്ട്. എല്ലാം എടുത്തുപറയാൻ മാത്രം സമ്പന്നമല്ല എന്റെ ഓർമ്മ. ചിലതു ശി ലാരേഖപോലെ മനസ്സിൽ കിടപ്പുണ്ട്; ചില പേരുകളും. അതിലൊന്നാണു സെൻ ഗുപ്ത ലൈബ്രറി ആന്റ് റീഡിങ് റൂമും ആ സ്ഥാപനത്തിന്റെ ദേഹവും ദേഹിയുമാ യി പ്രവർത്തിച്ച 'ബേബ്യേട്ടനും! ശ്രീ എ. ബാലഗോപാലനെ 'ബേബ്യേട്ട'നെന്നു പറഞ്ഞാലേ പരക്കെ അറിയുകയുള്ളു. രാഷ്ട്രീയനേതാവ്, ജനപ്രതിനിധി, സാമൂ ഹിക പ്രവർത്തകൻ എന്നീ നിലകളിലെല്ലാം പ്രശസ്തനായ, പ്രവർത്തനനിരത നായ ബേബ്യേട്ടൻ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്കും സമയം കണ്ടെത്തി യിരുന്നു. 'സെൻഗുപ്ത' എല്ലാ കൊല്ലവും വാർഷികാഘോഷത്തിനു പണ്ടൊക്കെ ഒരു നാടകം അവതരിപ്പിക്കുമായിരുന്നു. കലാകാരന്മാരെ സംഘടിപ്പിക്കാനും നാട കം തിരഞ്ഞെടുക്കാനുമക്കെ മുൻനിന്നു പ്രവർത്തിക്കുന്നതു ബേബ്യേട്ടനായിരിക്കും. വർഷങ്ങൾക്കു മുമ്പ് ഒരവസരത്തിൽ 'സെൻഗുപ്ത' വാർഷികത്തിനു 'ഇന്ദുലേഖ'

നാടകമായി അവതരിപ്പിക്കുകയുണ്ടായി. ഇവിടെ വഴിവിട്ടൊരു കാര്യം പറഞ്ഞു കൊള്ളട്ടെ. ഏതാനും ചിലർ കരുതും പോലെ കോഴിക്കോട്ട് അന്നവതരിപ്പിച്ച 'ഇന്ദുലേഖ' നാടകം സരസ കവി കെ. സി. നാരായണൻ നമ്പ്യാരുടെ കൃതിയായിരുന്നില്ല. നമ്പ്യാരുടേതു പേരുകൊണ്ട് ഒരു നാടകമാണെങ്കിലും പൂർണ്ണരൂപത്തിൽ അവതരിപ്പിക്കാൻ പറ്റിയൊരു നാടകമല്ല എന്നു പലരും മനസ്സിലാക്കീട്ടില്ല. ആ നാടകത്തെപ്പറ്റി പലരും അക്കാലത്തു പറഞ്ഞു കേട്ടൊരു കഥയുണ്ട്. പതിവുപോലെ ഒരു ദിവസം സരസകവി നാരായണൻ നമ്പ്യാർ ഇന്ദുലേഖയുടെ കർത്താവായ ശ്രീ ചന്തുമേനോനെ കാണാൻ ചെല്ലുന്നു. കണ്ടപ്പോൾ, മേനോൻ ദുഃഖിതനാണെന്നു നമ്പ്യാർക്കു തോന്നി. അദ്ദേഹം കാരണം തിരക്കി. അപ്പോൾ മേനോന്റെ മറുപടി രസകരമായിരുന്നു: ഏതോ ഒരു ദ്രോഹി ഇന്ദുലേഖയെന്ന കഥാപുസ്തകം നാടകമാക്കാൻ പോകുന്നു. സംഗതി കഷ്ടമല്ലേ? എന്താണൊരു പരിഹാരം? കാരണമറിഞ്ഞപ്പോൾ നമ്പ്യാർ പറഞ്ഞത്രെ ഉടനെ പരിഹാരമുണ്ടാക്കാമെന്ന്. അങ്ങനെ ചന്തുമേനോന്റെ വിഷമം പരിഹരിക്കാൻവേണ്ടി എഴുതിയതാണ് ഇന്ദുലേഖ നാടകം. സൂത്രധാരനും നടിയും പ്രവേശിച്ച പ്രാരംഭ ചടങ്ങുകൾ അവസാനിപ്പിക്കും മുമ്പുതന്നെ പ്രേക്ഷകരുടെ ഇടയിൽ ബഹളമുണ്ടായി. അതു നിയന്ത്രണാതീതമായപ്പോൾ തിരശ്ശീല താഴ്ത്തുകയാണുണ്ടായത്. അല്ലാതെ നമ്പ്യാർ ഇന്ദുലേഖ നാടകമാക്കീട്ടില്ല. ഇവിടെ പറഞ്ഞു വന്നതു സെൻ ഗുപ്തയിൽ അവതരിപ്പിച്ച നാടകത്തിന്റെ കഥയാണല്ലോ. അതൊരു പൂർണ്ണ നാടകമായിരുന്നു. ഇന്ദുലേഖയുടെ കഥയായിരുന്നു. നാടകം ഭംഗിയായിട്ടു തന്നെ അവതരിപ്പിച്ചു. ബേബ്യേട്ടൻ അതിൽ വേഷമിട്ടിരുന്നോ എന്നെനിക്കോർമ്മയില്ല. വേണ്ടിവന്നാൽ അതിനും തയ്യാറായിരുന്നു ബേബ്യട്ടൻ. അവസാനകാലംവരെ, സെൻ ഗുപ്തയ്ക്കുവേണ്ടിയും ലൈബ്രറി അതോറിറ്റിക്കുവേണ്ടിയും, അതുപോലെ ബഹുജനങ്ങൾക്ക് ഉപകാരപ്രദമായ മറ്റു പല സ്ഥാപനങ്ങൾക്കുവേണ്ടിയും തളരാതെ പ്രവർത്തിക്കാൻ കഴിഞ്ഞ മഹാഭാഗ്യവാനായിരുന്നു ബേബ്യേട്ടൻ.

എടുത്തു പറയേണ്ട മറ്റൊരു സ്ഥാപനം ആ കാലഘട്ടത്തിലുണ്ടായിരുന്നത് കോഴിക്കോട്ടെ ബാർ അസോസിയേഷനായിരുന്നു. പല നല്ല നാടകങ്ങളും അവതരിപ്പിച്ചു പ്രേക്ഷകരുടെ പ്രശംസനേടാൻ അസോസിയേഷനു കഴിഞ്ഞിട്ടുണ്ട്. കപ്പന കൃഷ്ണമേനോൻ, പാട്ടത്തിൽ രാധാകൃഷ്ണമേനോൻ, സി. ആർ. കേരളവർമ്മ ഇവരെല്ലാം അരങ്ങു തകർത്ത നടന്മാരായിരുന്നു. കപ്പന കൃഷ്ണമേനോനാവട്ടെ നാടകകൃത്തും നോവലിസ്റ്റുമെന്ന നിലയിൽ പരക്കെ അറിയപ്പെടുകയും ചെയ്തിരുന്നു. നല്ല തിരക്കുള്ള വക്കീലന്മാരായിരുന്നിട്ടും കലാസപര്യയ്ക്കു സമയം കണ്ടെത്തിയ സ്മര്യപുരുഷന്മാരെ നമ്മുടെ നാടകവേദിക്കു മറക്കാൻ കഴിയുമോ?

ഇത്രയും ഓർത്തപ്പോൾ, കേരള സാഹിത്യ സമിതിയുടെ പ്രവർത്തനങ്ങൾ എന്റെ മനസ്സിലേക്കു തള്ളിക്കയറിവരുന്നു. നാടക കലാപ്രവർത്തകർക്ക് ഉപകാരപ്രദമാംവിധം, പല സ്ഥലങ്ങളിൽ വെച്ചും സമിതി നാടക സെമിനാറുകളും നാടക

ചർച്ചകളും സംഘടിപ്പിച്ചിരുന്നു. നാടക കലയിൽ വൈദഗ്ദ്ധ്യം നേടിയ ശ്രീ ജി. ശങ്കരപിള്ളയെപ്പോലുള്ള പലരേയും ക്ഷണിച്ചുവരുത്തി നാടക പ്രവർത്തകർക്കുവേണ്ടി ക്ലാസ്സുകൾ നടത്തിയിരുന്നു. ശ്രീ എൻ. വി. കൃഷ്ണവാര്യരായിരുന്നല്ലോ സാഹിത്യ സമിതിയുടെ ഉപജ്ഞാതാവ്. അദ്ദേഹത്തോടൊപ്പം എസ്. കെ. പൊറ്റെക്കാട്ട്, എം. ആർ. ചന്ദ്രശേഖരൻ, എ. പി. പി. നമ്പൂതിരി, എൻ. എൻ. കക്കാട്ട്, പ്രൊഫസർ എം. എസ്. മേനോൻ, തെരുവത്തു രാമൻ തുടങ്ങി ഒട്ടേറെ പ്രമുഖരായ പ്രവർത്തകർ സമിതിയുടെ മുൻനിരയിൽത്തന്നെയുണ്ടായിരുന്നു. അങ്ങു തെക്കു കൊല്ലങ്കോടു മുതൽ ഇങ്ങു വടക്കോളമുള്ള പല പ്രദേശങ്ങളിലും സമിതിയുടെ സന്ദേശമെത്തിക്കാൻ അന്നു കഴിഞ്ഞിരുന്നു. രണ്ടും മൂന്നും ദിവസങ്ങൾ നീണ്ടുനിൽക്കുന്ന സെമിനാറുകളും പഠനക്ലാസ്സുകളും സജീവ ചർച്ചകളുമായിരുന്നു മുഖ്യപരിപാടി. കേരളത്തിലങ്ങോളമിങ്ങോളമുള്ള സാഹിത്യകാരന്മാരെ ഇവയിലെല്ലാം പങ്കെടുപ്പിക്കാൻ സമിതിക്കു കഴിഞ്ഞിരുന്നു. മഹാകവി ജി. ശങ്കരക്കുറുപ്പ്, വൈലോപ്പിള്ളി, പ്രൊഫസർ മുണ്ടശ്ശേരി തുടങ്ങിയ പ്രഗല്ഭമതികളുടെ സഹകരണവും നിർലോഭമായ സഹായവും സമിതിക്കന്നു കിട്ടിയിരുന്നു.

സമിതിയുടെ വർഷാന്ത സമ്മേളനങ്ങളിൽ എടുത്തു പറയാവുന്ന ഒരു സവിശേഷത സാഹിത്യചർച്ചയായിരുന്നു. എ. പി. പി. യും കക്കാടും എം. ആർ. സി. യും ചേരിതിരിഞ്ഞ് ആശയസമരത്തിലേർപ്പെടുമ്പോൾ, കേട്ടിരിക്കുന്നവർ അമ്പരന്നു പോവും. എം. ആർ. സി. ചർച്ചയുടെ കാര്യത്തിൽ അധൃഷ്യനായിരുന്നു. ആർക്കും തല മടക്കില്ല. മുഖം നോക്കാത്ത ക്രൂരമായ വിമർശം എം. ആർ. സി. യുടെ പ്രത്യേകതയായിരുന്നു. പക്ഷേ, ചർച്ചയുടെ അഗ്നിജ്വാലകൾ ഒരിക്കലും സൗഹൃദത്തിലെ പനിനീർമലരിൽ വാട്ടമേല്പിക്കാറില്ല. സമിതിയുടെ വിജ്ഞാനപ്രദമായ പല ചർച്ചകളും എനിക്കു നഷ്ടപ്പെട്ടു പോയിട്ടുണ്ട്. വീടുവീട്ട് അകലങ്ങളിൽ ചെന്നു താമസിക്കാനുള്ള സൗകര്യമെനിക്കുണ്ടായിരുന്നില്ല. അതുകൊണ്ട് ഏതെങ്കിലുമൊരു പകൽ ഓടിച്ചെന്നു അപ്പോൾ നടക്കുന്ന കാഴ്ചയെന്തോ, അതിൽ പങ്കെടുക്കാനേ എനിക്കു കഴിഞ്ഞിരുന്നുള്ളൂ. ആ നഷ്ടത്തെ ചൊല്ലിയുള്ള ദുഃഖം ഇന്നും എന്റെ മനസ്സിലുണ്ട്.

എൻ. വി. കോഴിക്കോടു വിട്ടപ്പോൾ സമിതിയുടെ കാര്യം പരുങ്ങലാവുമെന്ന് പലരും ഭയപ്പെട്ടിരുന്നു. എന്നാൽ ഭാഗ്യം കൊണ്ടതുണ്ടായില്ല. എം. ആർ. സി. യും കോഴിക്കോട്ടുനിന്നകന്നു. അകന്നവരാരും സമിതിയെ മറന്നില്ല. എത്ര ദൂരെയായാലും സമിതിയുടെ പരിപാടിയിൽ പങ്കെടുക്കാൻ ഉത്സാഹത്തോടെ എല്ലാവരും എത്തിച്ചേരുമായിരുന്നു. ആരംഭകാലത്ത് സമിതിയുടെ പേരിൽ പൊങ്ങിവന്ന ഒരാക്ഷേപം കൂടി പറഞ്ഞുകൊള്ളട്ടെ. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോഷക സംഘടനയാണ് സമിതിയെന്ന് ഒരുവിഭാഗം ആളുകൾ പറഞ്ഞു നടന്നു. പക്ഷേ, കാലാന്തരത്തിൽ ആക്ഷേപിക്കാൻ മുതിർന്നവർതന്നെ അതു പിൻവലിക്കേണ്ടിയും വന്നു. കാരണം സമിതി ഒരു പ്രത്യേക വിഭാഗത്തിന്റേതു മാത്രമായിരുന്നില്ല. പല ആദർശങ്ങളിൽ വിശ്വസിക്കുന്നവരും, വിഭിന്ന രാഷ്ട്രീയ സംഘടനകളിൽ അംഗമായവരും സമിതിയുടെ പരിപാടികളിൽ സജീവമായി പങ്കെടുത്തിരുന്നു. അതുകൊ

ണ്ടുതന്നെ, സാഹിത്യാദികലകളുടെ അഭ്യുന്നതി ലക്ഷ്യം വെച്ചു പ്രവർത്തിക്കുന്ന ഒരു സാംസ്കാരിക സംഘടനയായതുകൊണ്ടു തന്നെ, സമിതി ഇന്നും ജീവിക്കുന്നു. എ. പി. പി. യെപ്പോലെ, പ്രൊഫസർ എം. എസ്. മേനോനെപ്പോലെ, പ്രൊഫസ്സർ കെ. ഗോപാലകൃഷ്ണനെപ്പോലെയുള്ളവർ ഇന്നും അതിന്റെ മുൻപന്തിയിൽ നിന്നു കൊണ്ടു പ്രവർത്തിക്കുന്നു.

ഇപ്പോൾ ഒരു രസകരമായ അനുഭവം ഓർമ്മയിലെത്തുന്നു. ശ്രീ എൻ. വി. യുമായി ബന്ധപ്പെട്ട ഒരു ഓർമ്മ. അരനൂറ്റാണ്ടോളം പഴക്കമുള്ള ഓർമ്മ. മറ്റൊരാൾ ഇതിൽ ഭാഗഭാക്കാവുന്നതു ശ്രീ എൻ. പി. ദാമോദരനാണ്. പ്രസിദ്ധ വാഗ്മിയും സ്വാതന്ത്ര്യസമരസേനാനിയും മാതൃഭൂമി സഹപത്രാധിപരും സാഹിത്യകാരനുമെന്ന നിലയിൽ വളരെയേറെ പ്രശസ്തനായിരുന്ന അന്ന് എൻ. പി. മാത്രമല്ല, ഗുരുവായൂർ ക്ഷേത്രപ്രവേശന സത്യാഗ്രഹത്തിലെ വളണ്ടിയർ ക്യാപ്റ്റനെന്ന നിലയിലും പ്രശസ്തൻ തന്നെ. ഞങ്ങൾ—ഞാനും എൻ. വി. യും എൻ. പി. യും—ഒരു യാത്രപുറപ്പെടുന്നു. പാവർട്ടി സംസ്കൃത കോളേജിൽ എൻ. വി. ക്കും എൻ. പി. ക്കും പ്രസംഗമുണ്ട്. ഞാൻ ചുമ്മാ ഒരു രസത്തിന് അവരോടൊപ്പം പുറപ്പെട്ടതാണ്. രാത്രിവണ്ടിക്കു ഞങ്ങൾ പട്ടാമ്പിയിലിറങ്ങുന്നു. അവിടെ വാഹനങ്ങളൊന്നുമില്ല. പുഴ കടന്നു നടന്നാൽ, കൂറ്റനാട്ടെത്തിയാൽ വല്ല വാഹനവും കിട്ടുമെന്ന പ്രതീക്ഷയോടെ ഞങ്ങൾ നടക്കുന്നു. സമയം പുലർച്ചെ നാലു മണി. തെളിഞ്ഞ ആകാശം. എണ്ണിപ്പെറുക്കിയെടുക്കാൻ പാകത്തിൽ നക്ഷത്രങ്ങൾ പ്രകാശം ചൊരിഞ്ഞു നില്ക്കുന്നു. അപ്പോൾ എൻ. വി. യുടെ ചോദ്യം:

"ത്രിശങ്കുവിനെ കണ്ടിട്ടുണ്ടോ?"

ഞാൻ വിചാരിച്ചു, എൻ. വി. എന്നെ പരിഹസിക്കുകയാണെന്ന്.

എങ്ങുമെത്താത്തവനാണല്ലോ ത്രിശങ്കു. എൻ. വി. ദക്ഷിണധ്രുവത്തിനുനേരെ വിരൽ ചൂണ്ടി പറയുന്നു:

"അതാ നോക്കു. കുരിശിന്റെ ആകൃതിയിൽ അവിടെയൊരു കൂട്ടം നക്ഷത്രങ്ങളെ കണ്ടില്ലേ? അതാണ 'ത്രിശങ്കു'. 'തെക്കൻ കുരിശെ'ന്നും പറയും. അതു ദക്ഷിണ ധ്രുവത്തിനു നേർക്കെത്തുമ്പോൾ ശരിയായ കുരിശിന്റെ രൂപം കൈക്കൊള്ളും. അല്ലാത്തപ്പോൾ ചെരിഞ്ഞിരിക്കും."

എൻ. വി. നക്ഷത്രങ്ങളെ പരിചയപ്പെടുത്തിക്കൊണ്ടു നടക്കുമ്പോൾ ഞങ്ങളറിയാതെ ഞങ്ങളുടെ കൂട്ടത്തിൽ ഒരു സഞ്ചാരികൂടി എത്തിപ്പെടുന്നു. സംഭാഷണത്തിൽ അയാളും പങ്കെടുക്കുന്നു. കണ്ടാൽ ഒരു നാടൻ കൃഷിക്കാരന്റെ കെട്ടും മട്ടും. വർത്തമാനം പറഞ്ഞു പറഞ്ഞു നടക്കുന്നതിന്നിടയിൽ അയാൾ എന്നോടു കൂടുതൽ അടുക്കുന്നു. പരിചയക്കാരനെപ്പോലെ സംസാരിക്കാൻ തുടങ്ങുന്നു. അതു കേട്ടു എൻ. വി. യുടെ ചോദ്യം:

"ഇയാളെ അറിയാമോ?"

"ഓ! ധാരാളം, പല സ്ഥലത്തുവെച്ചും കണ്ടിട്ടുണ്ട്."

മറുപടി കേട്ട ഞങ്ങൾ മൂന്നുപേരും അമ്പരന്നു. ഞാൻ കുറെ കൂടുതലും. ഞാനൊരിക്കലും അയാളെ കണ്ടിട്ടില്ല. പിന്നെ ഇപ്പറഞ്ഞതിനെന്തർത്ഥമെന്നായി എന്റെ വിചാരം. എൻ. വി. അയാളോട്ട പിന്നെയും ചോദിക്കുന്നു:

"അറിയാമെങ്കിൽ പേരു പറയൂ."

"പറയാം. മഹാകവി കേളപ്പൻ." മറുപടി കേട്ട് ആരും ചിരിച്ചില്ല. അമ്പരപ്പ് കൂടുകയാണ്.

ചങ്ങാതിക്കു കിറുക്കായിരിക്കുമോ? ഒന്നുകൂടി പരീക്ഷിച്ചുകളയാമെന്നുവെച്ച് എൻ. വി. ചോദ്യം തുടരുന്നു:

"മഹാകവിയെന്നെങ്ങനെ മനസ്സിലാക്കി?"

"അതിനോ വിഷമം?" വെടിതീരുംപോലെ മറുപടി "ഈ ചന്തകളിലൊക്കെ പാടിക്കൊണ്ടു പാട്ടുപുസ്തകം വില്ക്കുന്നത് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്."

അത് പരമാവധിയായിരുന്നു. എൻ. വി. യും എൻ. പി. യും അട്ടഹസിച്ചു ചിരിക്കുന്നു. ചിരിക്കിടയിൽ എന്നെ നോക്കി എൻ. വി. ഒരു മന്ത്രം പോലെ ഉച്ചരിക്കുന്നു:

"മഹാകവി കേളപ്പൻ! മഹാകവി കേളപ്പൻ!" മറ്റു വഴിയില്ലാത്തതുകൊണ്ട് അല്പമൊരു ജാള്യത്തോടെ ഞാനും കൂടെ ചേർന്നു ചിരിച്ചു.

ഞങ്ങൾ പാവറട്ടിയിലെത്തി. മഹാകവി വള്ളത്തോളിന്റെ അദ്ധ്യക്ഷതയിലാണ് യോഗം നടന്നതെന്നു തോന്നുന്നു. ഏതായാലും മഹാകവിയുടെ സാന്നിദ്ധ്യമവിടെ ഉണ്ടായിരുന്നു. അവിടെ അദ്ധ്യക്ഷ വേദിയിൽവെച്ച് എൻ. വി. ഒരു പ്രസംഗം ചെയ്തു. ഏതാണ്ട് മുക്കാൽ മണിക്കൂറോളം നീണ്ടുനില്ക്കുന്നൊരു പ്രസംഗം, സംസ്കൃതത്തിൽ. ഒരക്ഷരം എനിക്കു മനസ്സിലായില്ലെങ്കിലും എൻ. വി. യുടെ ആ നില്പും നീരൊഴുക്കുപോലെ പുറത്തേക്കുവന്ന അമരവാണിയും എന്റെ മനസ്സിലിന്നുമുണ്ട്.

— 63 —

## ഒരു സ്കൂളിന്റെ ജനനം

ഇപ്പോൾ ഓർമ്മ, നീർക്കോലിയെപ്പോലെ, ചിലപ്പോൾ, തല പൊക്കി ഉപരിതലത്തിലൂടെ ഇഴയുന്നു. പിന്നെ കൂപ്പുകുത്തി ആഴങ്ങളിലേക്കു കുതിക്കുന്നു. അങ്ങനെ കുതിക്കുമ്പോൾ പിളർന്നു പിടിച്ച വായിൽ ചില മത്സ്യക്കുഞ്ഞുങ്ങൾ വന്നുപെടുന്നു: സുഖം. അതുപോലൊരു സുഖം ഇവിടെ വിവരിക്കട്ടെ. എന്റെ ഗ്രാമം തൃക്കോട്ടൂർ. അവിടെയൊരു ഹൈസ്കൂൾ വേണം, പൗരപ്രമാണികൾ മോഹിച്ചു. ദുർമ്മോഹമല്ല. അന്നു തൃക്കോട്ടൂർ ഉൾപ്പെടുന്ന പഴയ കുറുമ്പ്രനാട് താലൂക്കിൽ മൂന്നു ഹൈസ്കൂളുകളും നാലു് മുൻസിഫ് കോടതികളുമാണുണ്ടായിരുന്നതു്. ഞങ്ങൾക്കു വിദ്യാഭ്യാസത്തെക്കാൾ ആവശ്യമായിരുന്നതു് അന്നു ദുർവ്യവഹാരമായിരുന്നു. അതിന്റെ തെളിവാണല്ലോ മൂന്നും നാലും. തൃക്കോട്ടൂരിനു തെക്കും വടക്കുമായി നിലകൊള്ളുന്ന കൊയിലാണ്ടിയിലും വടകരയിലും ഓരോ സ്കൂൾ ഉണ്ടു്. വിദ്യാർത്ഥികൾ നടന്നു തന്നെ പോണം. കൊയിലാണ്ടിക്ക് ആറുനാഴികയും വടകരയ്ക്കു് ഒമ്പതു നാഴികയും. ദുർമ്മോഹമല്ലെന്നു പറയാൻ കാരണമതാണ്.

പൗരപ്രധാനികൾ പലവട്ടം യോഗം ചേർന്ന് ഒടുവിൽ ഒരു തീരുമാനത്തിലെത്തി. സ്കൂൾ സ്ഥാപിക്കാൻ നായർ സർവീസ് സൊസൈറ്റിയെ ക്ഷണിക്കാമെന്ന്. സൊസൈറ്റി, തിരുവിതാംകൂർ ഭാഗത്തു ധാരാളം സ്കൂളുകളും കോളേജുകളും സ്ഥാപിച്ചു പ്രശസ്തമായ നിലയിൽ നടത്തിവരുന്നതായി അവർക്കറിയാമായിരുന്നു. അങ്ങനെ, സൊസൈറ്റിക്ക് ക്ഷണമാണോ അപേക്ഷയാണോ പോയതെന്നറിഞ്ഞുകൂടാ. രണ്ടിലൊന്നു പോയിട്ടുണ്ടാവണം. സൊസൈറ്റിയുടെ നേതാക്കന്മാർ, അപേക്ഷതന്നെയാവട്ടെ, സ്വീകരിച്ചു. ഉടനെ ഒരു പൊതുയോഗം വിളിച്ചുകൂട്ടി. അതിൽ സംബന്ധിക്കാൻ ശ്രീ മന്നത്തു പത്മനാഭനും പുത്തേഴത്തു രാമൻ മേനോനും എത്തിച്ചേർന്നു. ഇന്നു പയ്യോളി ഹൈസ്കൂൾ നില്ക്കുന്ന സ്ഥലം അന്ന് ഒഴിഞ്ഞു കിടക്കുന്ന ഒരു മൈതാനമായിരുന്നു. എന്നോ എങ്ങനെയോ മുടിയുകയോ മുടിക്കുകയോ ചെയ്ത ക്ഷേത്രത്തിന്റെ നഷ്ടാവശിഷ്ടങ്ങളായി മുക്കാലും തൂർന്നുകിടക്കുന്ന ഒരു കുളവും ഇടിഞ്ഞു തൂർന്നു കിടക്കുന്ന മതിലുകളുടെയും ക്ഷേത്രഭിത്തികളുടെയും അവശിഷ്ടങ്ങ

ളും അവിടെ കാണാമായിരുന്നു. അവിടെയാണ് യോഗം ചേർന്നത്.

യോഗത്തിൽ സംബന്ധിക്കാൻ എന്നെയും വിളിച്ചിരുന്നു. ഞാനെത്തിച്ചേരു മ്പോൾ മാന്യാതിഥികൾ വേദിയിൽ ഇരിക്കുന്നു. സ്വാഗത പ്രസംഗമെന്ന 'തിരിയുഴി ച്ചിൽ' ആരംഭിച്ചിരിക്കുന്നു. നാട്ടുകാർക്കിടയിൽ ഒരിടത്തു ഞാനും ചെന്നു പരുങ്ങി. യോഗനടപടികൾ ആരംഭിച്ചു. മന്നത്തിന്റെ പ്രസംഗം കഴിഞ്ഞു. അതു പ്രൗഢഗം ഭീരമായിരുന്നെന്നു പറയേണ്ടതില്ലല്ലോ. പുത്തേഴത്തിന്റെ ഊഴം കഴിഞ്ഞപ്പോഴാ ണ് എന്റെ പേർ മുഴങ്ങിയത്. ഞാൻ എഴുന്നേറ്റു മുണ്ടിലെ മണ്ണും പൊടിയും തട്ടി പതുക്കെ ചെന്നു വേദിയിൽ കയറി. കലശലായ പരിഭ്രമമുണ്ടായിരുന്നു. കേരളം മുഴക്കെ വിളികേട്ട രണ്ടു പ്രമുഖ വ്യക്തികളുടെ മുന്നിൽ ഞാനെന്തു പറയും? എങ്ങ നെ പറയും? പേരു വിളിച്ച നിലയിൽ പറയാതിരിക്കാനും വയ്യ. അല്പം സങ്കോച ത്തോടെയാണെങ്കിലും ഞാൻ പറഞ്ഞു, ഇവിടെ നായന്മാരുടെ പേരിൽ ഒരു സ്കൂൾ വേണമെന്നു തോന്നുന്നില്ല. മുസ്ലീങ്ങളും തിയ്യരും പാണരും മുക്കവരുമെല്ലാം ചേർ ന്നതാണ് ഈ പ്രദേശം. ഇതു നായന്മാരുടേതു മാത്രമല്ല. എന്റെ വാദം സ്ഥാ പിക്കാൻ പരിഭ്രമിച്ചുകൊണ്ടാണെങ്കിലും പിന്നേയും ചില ന്യായങ്ങൾ ഞാൻ നിര ത്തി. യോഗം പിരിയുമ്പോൾ നേരം രാത്രിയായിരുന്നു, എന്നെ ആരും ശ്രദ്ധിച്ചില്ല. ഞാൻ എല്ലാവരേയും ശ്രദ്ധിച്ചു. പലവഴി പിരിഞ്ഞു പോകുന്നവർക്കൊപ്പം ഞാനും നിരത്തിലിറങ്ങി നടന്നു. അടുത്തുതന്നെ എന്റെ ജ്യേഷ്ഠത്തിയുടെ വീടുണ്ടായിരുന്നു. ഞാനവിടെ ചെന്നു രാത്രി ഭക്ഷണം കഴിച്ച്, കോഴിക്കോട്ടേക്കു മടങ്ങാൻ വേണ്ടി പയ്യോളി റെയിൽവേ സ്റ്റേഷനിലെത്തി. അപ്പോൾ പ്ലാറ്റ്ഫോമിൽ അങ്ങു വടക്കു ഭാഗത്ത് ഒരു പെട്രോമാക്സ് ഒളിഞ്ഞു കത്തുന്നതായിക്കണ്ടു. അവിടെ വിശിഷ്ടാതിഥി കളും പൗരപ്രധാനികളിൽ ചിലരും നില്പുണ്ടായിരുന്നു. അല്പ നിമിഷങ്ങൾ കഴിഞ്ഞ പ്പോൾ ഒരു അപരിചിതൻ എന്നെ സമീപിച്ച് 'നിങ്ങളെ വിളിക്കു'ന്നെന്നു പറഞ്ഞു. ആരെന്നു ചോദിച്ചപ്പോൾ 'ശ്രീ മന്നത്തു പത്മനാഭ'നെന്നു മറുപടി. സംഗതി പിശ കുതന്നെ. നല്ല 'പൂശ' കിട്ടുമെന്നുറപ്പായി. ചുമ്മാ കേറി പുരോഗമനം പറഞ്ഞതിന്റെ കൂലി കൈയോടെ വാങ്ങാം, മനുഷ്യരെല്ലാം ഒന്നാണെന്നും, ജാതിമത വ്യത്യാസങ്ങ ളൊന്നും പാടില്ലെന്നും പറയാൻ എത്ര എളുപ്പം. ശരി, ചെന്നുകളയാം. പറയുന്നതു കേട്ടുകളയാം. ഭംഗികേടാവാത്തവിധം വല്ലതും മറുപടി പറഞ്ഞു രക്ഷപ്പെടാം.

ചെന്നു മുമ്പിൽ നിന്നു. അദ്ദേഹം തെളിനോട്ടം കൊണ്ടെന്നെ ഉഴിഞ്ഞു. പിന്നെ സൗമ്യമായ സ്വരത്തിൽ പറഞ്ഞു:

"ചൊവ്വെയുള്ള പേരില്ലാത്തവന്മാരൊക്കെ കമ്മ്യൂണിസ്റ്റെന്നാ എന്റെ വി ശ്വാസം."

എനിക്കു ചിരിക്കണമെന്നുണ്ടായിരുന്നു; ചിരിച്ചില്ല. പറഞ്ഞതിന്റെ പൊരുൾ ഉടനെയെനിക്കു പിടി കിട്ടി. ചൊവ്വെയുള്ള പേരില്ലാത്തവനെന്നു പറഞ്ഞാൽ അച്ഛ നമ്മമാരിൽനിന്നു സിദ്ധിച്ച പേരില്ലാത്തവനെന്നർത്ഥം. എനിക്കതില്ലല്ലോ; ഞാൻ തിക്കോടിയനല്ലേ. 'ഭാരതീയൻ' 'കേരളീയൻ' എന്നൊക്കെ പറയുന്ന പേരുകൾ

കമ്മ്യൂണിസ്റ്റ്കാരുടേതാണെന്നദ്ദേഹത്തിനറിയാമല്ലോ. അന്വേഷണത്തിൽ അതു പോലൊരു പേരല്ല എന്റേതെന്നു മനസ്സിലാക്കിയപ്പോൾ അദ്ദേഹത്തിനു സന്തോഷമായിരിക്കണം. വേദിയിൽ വെച്ച് എന്നെ ശ്രദ്ധിക്കാതിരിക്കാനുള്ള കാരണം ആ പ്രയോഗത്തിലൂടെ ഭംഗ്യന്തരേണ സൂചിപ്പിച്ചതുമായിരിക്കണം. ഏതായാലും നായന്മാരുടെ ഒരു സ്കൂൾ വേണ്ടെന്നു പറഞ്ഞതിനെക്കുറിച്ചോ അങ്ങനെ ഹൃദ്യമല്ലാത്ത ഒരഭിപ്രായം അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ വെച്ചു പ്രകടിപ്പിച്ചതിനെക്കുറിച്ചോ ഒന്നും അദ്ദേഹം സംസാരിച്ചില്ല. പയ്യോളിനിന്നു കോഴിക്കോട്ടുവരെ അന്നു അദ്ദേഹത്തിനൊപ്പമാണു ഞാൻ സഞ്ചരിച്ചത്. വഴിനീളെ. പലതുദ്ദേഹം സംസാരിക്കുകയുണ്ടായി. വാത്സല്യപൂർണ്ണമായ പെരുമാറ്റവും ഹൃദ്യമായ സംഭാഷണവും കൊണ്ട്, എന്റെ മനസ്സിൽ, വലിയവർക്കു വേണ്ടി ഞാൻ ഒരുക്കിവെച്ച ആസനങ്ങളിൽ ഒന്നിൽ അദ്ദേഹം ക്ഷണത്തിൽ ഇരുപ്പുറപ്പിച്ചു. ഇന്നും അദ്ദേഹമവിടെയുണ്ട്.

ഇനി ഹൈസ്കൂളിന്റെ കാര്യം പറയട്ടെ. നായർ സർവ്വീസ് സൊസൈറ്റി അവിടെ സ്കൂൾ ആരംഭിച്ചില്ല. പൗരപ്രമാണിമാർ പരിശ്രമം തുടർന്നും നടത്തുകയുണ്ടായി. ഞാൻ കോഴിക്കോട്ടായതു കൊണ്ടു തുടർന്നുള്ള പരിശ്രമങ്ങൾ നേരിട്ടറിയാൻ എനിക്കു കഴിഞ്ഞിരുന്നില്ല. എവിടെവെച്ചാണു സൊസൈറ്റിയുമായുള്ള ബന്ധം മുറിഞ്ഞു പോയതെന്നു വ്യക്തമായി പറയാൻ അതുകൊണ്ടെനിക്കു വിഷമമുണ്ട്. അന്നു കോഴിക്കോട് ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ട് ശ്രീ പി. ടി. ഭാസ്കരപ്പണിക്കരായിരുന്നു. എല്ലാ അർത്ഥത്തിലും സുന്ദരനായിരുന്നു മി. പണിക്കർ; കാഴ്ചയിൽ, പെരുമാറ്റത്തിൽ, സംഭാഷണത്തിൽ. പ്രസിഡണ്ട് സ്ഥാനം അദ്ദേഹത്തിനൊരലങ്കാരമായിരുന്നില്ല; ജനസേവനത്തിനുള്ള ഉപാധിയായിരുന്നു. എന്തെങ്കിലും കാരണമുണ്ടാക്കി അദ്ദേഹത്തെ ചെന്നു കാണുക എനിക്കൊരു രസമായിരുന്നു. ഇടയ്ക്കിടെ ഞാൻ ചെല്ലും. എന്റെ മുൻഗാമിയായ സന്ദർശകനെ സ്വാഗതം ചെയ്ത ചിരി, അപ്പോഴും ആ മുഖത്തു തങ്ങിനില്പുണ്ടാവും. ആത്മാർത്ഥമായ സൗഹൃദത്തിന്റെ തിളക്കം എപ്പോഴും ആ ചിരിക്കുണ്ടാവും. എന്റെ സാഹിത്യപ്രവർത്തനങ്ങളെ പല വഴിക്കും അദ്ദേഹം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഉപദേശ നിർദ്ദേശങ്ങൾ നല്കുന്ന കാര്യത്തിൽ ഒരിക്കലും ലുബ്ധു കാണിച്ചിട്ടില്ല. ഒരിക്കൽ സംഭാഷണത്തിനിടയിൽ തൃക്കോട്ടൂരിലെ ഹൈസ്കൂളിന്റെ കാര്യം ഞാനദ്ദേഹത്തെ ധരിപ്പിച്ചു. അന്നോളമുണ്ടായ പരിശ്രമങ്ങളുടെ കഥ മുഴുവനും കേട്ടുകഴിഞ്ഞപ്പോൾ ഡിസ്ട്രിക്ട് ബോർഡ് മുൻകൈയെടുത്ത് അവിടെയൊരു ഹൈസ്കൂൾ സ്ഥാപിക്കുമെന്നദ്ദേഹം പറഞ്ഞു. വിസ്തരിക്കുന്നില്ല. തുടർന്നു നാട്ടുകാരുടെ സഹകരണവും പണിക്കരുടെ നേതൃത്വവും ഒത്തുചേർന്നപ്പോൾ പഠിക്കാനാഗ്രഹിക്കുന്ന കുട്ടികൾക്കു പരമാനുഗ്രഹമായി ഒരു ഹൈസ്കൂൾ അവിടെ രൂപം പൂണ്ടു. അതാണ്, പയ്യോളി ഗവണ്മെന്റ് ഹൈസ്കൂൾ അതു നിലനില്ക്കുന്ന കാലത്തോളം മി. പണിക്കരുടെ പേരും അദ്ദേഹത്തോടുള്ള നന്ദിയും ഒപ്പമുണ്ടാവും, തീർച്ച.

സാന്ദർഭികമാണെങ്കിലും ശ്രീ ഭാരതീയന്റെയും കേരളീയന്റെയും പേരിവിടെ പരാമർശിച്ചുവല്ലോ. ഉത്തര കേരളത്തിലെ ത്യാഗമൂർത്തികളായ രണ്ടു വിശിഷ്ട വ്യക്തികൾ. അവരുടെ നാനാമുഖമായ പ്രവർത്തനങ്ങൾക്കു മുമ്പിൽ സ്മരണയുടെ പൂ

വിതളർപ്പിക്കാതെ കടന്നുപോകാൻ ആർക്കു കഴിയും? രാഷ്ട്രീയവിശ്വാസം എന്തുമാവട്ടെ, ആധുനിക കേരളത്തിനവരെ മറക്കാനാവുമോ? തങ്ങൾ ഉൾക്കൊണ്ട ആദർശത്തിൽ അടിയുറച്ചുനിന്ന് ജനനന്മയ്ക്കുവേണ്ടി എത്രയെത്ര ത്യാഗങ്ങളനുഷ്ഠിച്ചവരാണവർ. എത്ര കടുത്ത അഗ്നിപരീക്ഷണങ്ങളെ നേരിട്ടവർ! കാഴ്ചയിൽ ശമദമങ്ങൾക്ക് വിളനിലമായൊരു യതിവര്യന്റെ ഭാവവും ഒരു പെരുമാറ്റവുമായിരുന്നു ശ്രീ ഭാരതീയന്. എന്തു സൗമ്യമായ പെരുമാറ്റം. പ്രശ്നങ്ങളുടെ നേർക്ക് എത്രമേൽ ശാന്തമായ സമീപനം. പലപല വേദികളിൽ അദ്ദേഹം കൃഷിക്കാരുടെ, തൊഴിലാളികളുടെ ഉന്നമനത്ത ലക്ഷ്യം വെച്ചു പ്രസംഗിക്കുന്നതു കേട്ടിരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ തവണയും തന്റെ വിശിഷ്ട വ്യക്തിത്വത്തിന്റെ മാറ്റുരപ്പിക്കും വിധമായിരുന്നു ആ പ്രഭാഷണങ്ങളെല്ലാം. ഒടുവിൽ അദ്ദേഹത്തെ കണ്ടത് തിരുവനന്തപുരത്തെ കെ. എസ്. ആർ. ടി. സി. ആപ്പീസിൽ വെച്ചാണ് ആയുർവേദാശുപത്രിയിൽ നിന്നു ചികിത്സ കഴിഞ്ഞു പുറത്തിറങ്ങി നാട്ടിലേക്കു പോകാൻ വേണ്ടി ടിക്കറ്റെടുക്കാൻ വന്നതാണ്. ഒപ്പം ഒരു സഹായിയുമുണ്ട്. ആപ്പീസിലെ തിരക്കിനിടയിൽ എത്ര പേർ അദ്ദേഹത്തെ കണ്ടു മനസ്സിലാക്കിയെന്നറിഞ്ഞുകൂടാ. ഏറെ ക്ഷീണിച്ചിട്ടുണ്ട്. അകലെനിന്നേ എനിക്കാളെ തിരിച്ചറിയാൻ കഴിഞ്ഞു. നന്നേ ക്ഷീണിച്ചിട്ടുണ്ട്. നീണ്ട 'ക്യൂ'വിൽ നില്ക്കുകയാണ്. ഞാൻ അടുത്തുചെന്നു തൊഴുതു. അദ്ദേഹം കൈകൂപ്പിക്കൊണ്ട് ചിരിച്ചു; ഏറെ ക്ഷീണിച്ച ചിരി. എന്റെകൂടെ അന്ന് 'കൗമുദി'യിലെ ഫോട്ടോഗ്രാഫറായിരുന്ന മി. ബാലകൃഷ്ണനുണ്ടായിരുന്നു. ആളെ പറഞ്ഞറിയണ്ട താമസം മി. ബാലകൃഷ്ണൻ അവിടെ മുഴുവനും ഓടിനടന്നു ബഹളംവെച്ച്, ടിക്കറ്റ് വാങ്ങിച്ചുകൊണ്ടുവരികയും അദ്ദേഹത്തിനു സഞ്ചരിക്കേണ്ട ബസ്സിൽ എല്ലാ വിവരങ്ങളും കൃത്യമായി ശേഖരിച്ചറിയിക്കുകയും ചെയ്തു. അത് ഒടുവിലത്തെ കാഴ്ചയാണെന്നു കരുതിയില്ല. ത്യാഗഭ്രയിഷ്ഠമായ ആ ജീവിതം ഏറെക്കാലം പിന്നെ നീണ്ടുനിന്നില്ല.

കേരളീയൻ ഇന്നു കോഴിക്കോട്ടുണ്ട്. വാർദ്ധക്യസഹജമായ ചില്ലറ അസുഖങ്ങളുടെ ശല്യമൊഴിച്ചാൽ ജീവിതം സ്വസ്ഥമാണെന്നു പറയാം. പൊതുപ്രവർത്തനങ്ങളിൽ ഇടപെടാനുള്ള ആരോഗ്യമില്ല. ആയ കാലത്ത് ആരോഗ്യമെല്ലാം നാട്ടിനുവേണ്ടി ചെലവഴിച്ചു. ഒളിവിലും തെളിവിലും ഏറെനാൾ അതികഠിനമായി പ്രയത്നിച്ചു; എല്ലാം രാജ്യത്തിനുവേണ്ടി; അശരണരും ആലംബഹീനരുമായ ജനങ്ങൾക്കുവേണ്ടി. അവർക്കുവേണ്ടി അദ്ദേഹം പാടി. കവിത രചിച്ചു. ഊണും ഉറക്കവും ഉപേക്ഷിച്ചു. രാവും പകലും വ്യത്യാസമില്ലാതെ കല്ലും മുള്ളും കുന്നും മേടും തോടും പുഴയും കീഴടക്കി പ്രവർത്തിച്ചു. ഏറെ ദുരിതങ്ങളനുഭവിച്ചു. ഏറെ വേദനകൾ സഹിച്ചു. ഒന്നിലും ഒരിക്കലും സമചിത്തത കൈവെടിയാതെ, എവിടെയും എപ്പോഴും അടിയുറപ്പിച്ചു നിന്നു. വിശ്രമമറിയാതെ കടന്നുപോയ കാലം, ഇന്നൊരപരാധിയെപ്പോലെ അദ്ദേഹത്തെ അടുത്തുനിന്ന് ശുശ്രൂഷിക്കുന്നു. സ്നേഹധനനായ ആ വലിയ മനുഷ്യന് ഇന്നത്തെ ഏറ്റവും വലിയ ആഹ്ലാദം പഴയകാല സുഹൃത്തുക്കളെ കാണുന്നതാണ്; പിന്നെ നിരന്തരമായ വായനയും.

മറ്റൊരു കേരളീയനുണ്ടായിരുന്നു കോഴിക്കോടിന്: ശ്രീ വി. എസ്. കേരളീയൻ. ഒരുകാലത്ത് കോഴിക്കോട്ടെ കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ നിറഞ്ഞുനിന്ന മനുഷ്യൻ. നായനാർ ബാലികാസദനത്തിന്റെ ആദ്യകാല പ്രവർത്തനങ്ങളിൽ–അതിന്റെ ബാലാരിഷ്ട ദശയിൽ–മിസ്സിസ് നായനാരോടൊപ്പം പ്രവർത്തിക്കാൻ വി. എസ്സും ഉണ്ടായിരുന്നു. അദ്ദേഹം തന്നെപ്പറ്റി എപ്പോഴും പറയുക വി. എസ്. എന്നാണ്. വി. എസ്. പുതിയ പത്രം തുടങ്ങുന്നു; വി. എസ്. ഇന്നലെ ഉറങ്ങിയിട്ടില്ല; വി. എസ്സിന്റെ മനസ്സിൽ നിറച്ചും സദനത്തിലെ കുട്ടികളായിരുന്നു; അവർ പട്ടിണി കിടക്കാൻ പാടില്ല; വി. എസ്. അതിനനുവദിക്കില്ല. അങ്ങനെ പോകുന്നു ആ സംഭാഷണം. പുതിയ പദ്ധതികൾക്കു രൂപം നല്കുക അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. അതീവ ശോഷിച്ച ശരീരത്തിനു താങ്ങാൻ വയ്യാത്തവിധം ജോലിചെയ്യുമായിരുന്നു അദ്ദേഹം. ഞാൻ കാണുന്ന കാലത്തൊക്കെ ആരോഗ്യം വളരെ കഷ്ടിയായിരുന്നു. അന്നു ഞാൻ താമസിക്കുന്നതു പുതിയറയിലെ 'കസ്തൂർബാ' സദനത്തിനടുത്തായിരുന്നു. ഹരിജൻ പെൺകുട്ടികളുടെ ഹോസ്റ്റലായിരുന്നു. കസ്തൂർബാ സദൻ. അവിടത്തെ അന്തേവാസികളുടെ സുഖവിവരങ്ങൾ അറിയാനും അവർക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാനും എല്ലാ ആഴ്ചയും അദ്ദേഹം വരും, വരുമ്പാഴൊക്കെ എന്റെ വീട്ടിൽ കയറും. കയറിയ ഉടനെ പുതിയൊരു പദ്ധതിയെപ്പറ്റി പറയാൻ തുടങ്ങും. ചിലപ്പോൾ പറയുന്നത് സിലോൺ മലയാളികളെക്കുറിച്ചായിരിക്കും, സദനത്തിലെ കുട്ടികളെന്നപോലെ, സിലോൺ മലയാളികളും അദ്ദേഹത്തിന്റെ ദൗർബ്ബല്യമായിരുന്നു. "തിക്കോടിയരേ", അദ്ദേഹം അങ്ങനെയാണന്നെ വിളിക്കുക. "'മണപ്പുറം ടൈംസ്' ഉഗ്രമാക്കണം. തിക്കോടിയരതിൽ പതിവായി എഴുതണം. പാവപ്പെട്ടവർക്കുവേണ്ടി പൊരുതാൻ തൂലിക ചലിപ്പിക്കണം. ഇത്രയും പറഞ്ഞു തീർക്കുമ്പോഴേക്ക് അദ്ദേഹം ആവേശഭരിതനാവും. ആ ശോഷിച്ച ശരീരത്തിന് ഉൾക്കൊള്ളാൻ കഴിയാത്തവിധം വികാരാധീനനാവുക അദ്ദേഹത്തിന് ശീലമായിക്കഴിഞ്ഞിരുന്നു. എന്തൊരാത്മാർത്ഥത! എന്തൊരു മനുഷ്യസ്നേഹം! അതിധന്യയായ ആ സ്മരണയ്ക്കു മുമ്പിൽ അഞ്ജലി!

— 64 —

# പുള്ളിമാൻ

ഞാൻ എന്നെ വിസ്തരിക്കുന്നു. അല്ലെങ്കിൽ, ഇവിടെ മഹാന്മാർ പരസ്പരം ചെയ്യുമ്പോലെ ഞാൻ എന്റെ നേർക്കു ചോദ്യശരങ്ങൾ തൊടുക്കാൻപോകുന്നു. ദൂരദർശൻ മോഡലിൽ ത്തന്നെ.

“നീ കവിത എഴുതീട്ടുണ്ടോ?”

“ആ വഴിക്കായിരുന്ന എന്റെ തുടക്കം”

“കഥയോ?”

“കഥയോ, കഥകേടോ എന്നു നിശ്ചയമില്ലാത്ത അപരാധം അല്പം ചെയ്തുപോയിട്ടുണ്ടേ.”

“നോവൽ?”

“ഇവിടെ അപരാധം കൊഴുക്കുന്നു.”

“ഇനി നാടകം. എത്ര നാടകമെഴുതി?”

“അപരാധം പനപോലെ വളരുന്നു; ദുഷ്ടന്റെ മട്ടിൽ”

“ശരി; ജീവപര്യന്തത്തിനു ഇനി ചോദ്യങ്ങളാവശ്യമില്ല. ഒരു ചോദ്യം കൂടി തൊടുത്തു് പഞ്ചശരത്തിൽ നിർത്തിക്കളയാം. താൻ സിനിമയിലഭിനയിച്ചിട്ടുണ്ടോ? സിനിമക്കഥ എഴുതീട്ടുണ്ടോ?”

“തളരുന്നേ, എന്നെ പിടിക്കണേ, ബോധക്കേടു വരുന്നേ.”

“വീശേണമോ ക്ലമമറും കുളിർകാറ്റു കിട്ടാൻ, നാളീകശീതളദള വ്യഞ്ജനങ്ങളാലേ?”

“നന്ദി! വളരെ നന്ദി! നാളീകശീതളദളവ്യഞ്ജനപ്രയോഗം അസ്സലായി. ബോധം തിരിച്ചുകിട്ടി. ഇനിയെല്ലാം വഴിപോലെ പറയാം.”

അദ്ദേഹം, എന്നുവെച്ചാൽ സംവിധായക മഹാപ്രതിഭ, ത്രീസ്റ്റാർ എന്നു വിളിച്ചാൽ അബദ്ധം പറ്റാത്തവിധം അന്തസ്സുള്ള ഒരു ഹോട്ടലിലെ വിശാലമനോഹരമായ മുറിയിൽ പട്ടുമെത്തയിൽ രണ്ടു തലയണകൾ അട്ടിക്കിട്ടതിൽ ചാരി കണ്ണട

ച്ച കിടക്കുന്നു. ശയിക്കുന്നു എന്നു പറയേണ്ടതായിരുന്നു. സാരമില്ല. അല്പം മാറി ഒരു ചൂരൽക്കസേരയിൽ അതിക്രൂരനായ അദ്ധ്യാപകന്റെ മുമ്പിൽ ഒരു സ്കൂൾ കുട്ടിയെപ്പോലെ അടിയൻ പരിഭ്രമിച്ചിരിക്കുന്നു. കണ്ണു തുറന്ന് എന്താണാവോ കല്പിക്കാൻ പോകുന്നതെന്നറിയാനുള്ള ഉൽക്കണ്ഠയോടെ. അദ്ദേഹം ചിന്തിക്കുകയാവും. ചിന്തകനെ ഉണർത്താൻ പാടില്ലല്ലോ. കാത്തിരുന്നു. നിമിഷങ്ങൾ കൊഴിഞ്ഞു വീഴുമ്പോൾ കൺപോളകൾക്കു പകരം ചുണ്ടുകൾ ചലിക്കുന്നു. മന്ദ്രധ്വനിപോലെ ഒരു വാക്കു പുറത്തേക്കൊഴുകുന്നു:

"വായിക്കൂ."

ആരോടാണാവോ പറഞ്ഞത്? എന്താണാവോ വായിക്കേണ്ടത്? ഒരു പിടിയുമില്ല. ചോദിക്കാൻ ധൈര്യവുമില്ല. അപ്പോൾ പാർശ്വവർത്തിയായ ശിങ്കിടിയുടെ കല്പന വരുന്നു:

"ആ സ്ക്രിപ്റ്റ് ഒന്നു വായിക്കാൻ."

"വയ്യ."

ഞാൻ പറഞ്ഞു. "തൊണ്ടയ്ക്കു സുഖമില്ല; കോൾഡ്."

അതു കേൾക്കേണ്ടതാമസം, ശിങ്കിടി സ്ക്രിപ്റ്റെടുത്തു വായിക്കാൻ തുടങ്ങി. തപ്പിയും തടഞ്ഞും, ഇടയ്ക്കിടെ നിർത്തിയും ചുമച്ചും, അബദ്ധങ്ങളനേകം കലർത്തിയും വായിക്കുന്നതു കേട്ടപ്പോൾ ഇതിയാനൊരു നിരക്ഷരനാണല്ലോ എന്നു ശങ്കിക്കേണ്ടിവന്നു. മഹാപ്രതിഭയുടെ പ്രതികരണമറിയാൻ ഞാൻ പട്ടുമെത്തയിലേക്കു നോക്കി. അവിടെ നല്ല ഉറക്കം. കൂർക്കം വലി ചുണ്ടുകളിൽ നുരകുത്തുന്നു. നേരം നീളുന്നു. 'വലഞ്ഞല്ലോ ദൈവമേ' എന്ന വിചാരം എന്നെ അലട്ടുന്നു. തെറ്റിച്ച വേദമുച്ചരിക്കുന്നതു കേട്ട് 'കാട്ടു കാടെ'ന്നു പണ്ടു തുഞ്ചത്താചാര്യൻ പറഞ്ഞപോലെ എനിക്കും പറയണമെന്നു പലവട്ടം തോന്നി. പറഞ്ഞില്ല. അങ്ങനെ മനം മടുത്തിരിക്കുമ്പോൾ ശിങ്കിടി ഒരു സിഗരറ്റ് വലിക്കാൻ തുടങ്ങുന്നു. അപ്പോൾ താഴെ വച്ച സ്ക്രിപ്റ്റ് കൈയിലാക്കി ഞാനെഴുന്നേറ്റു. ശിങ്കിടി തടഞ്ഞു. അല്പം കഴിഞ്ഞു വരാമെന്നു പറഞ്ഞ് ഞാൻ പുറത്തുകടന്നു. വാതിലടച്ചു.

അദ്ദേഹം ഉണർന്നോ എന്ന് എനിക്കറിഞ്ഞുകൂടാ. ഞാൻ അന്വേഷിച്ചിട്ടുമില്ല. തിരിച്ചു കൊണ്ടുപോന്ന സ്ക്രിപ്റ്റ് കുറെനാൾ കഴിഞ്ഞപ്പോൾ ചാക്ക്, കുപ്പി, കടലാസുകാരനു വിറ്റ് ചില്ലിക്കാശു വാങ്ങി. അതു പിന്നെ അവനോടാരെങ്കിലും തട്ടിയെടുത്തു സിനിമയാക്കിയോ എന്നും എനിക്കറിഞ്ഞുകൂടാ, ആയെങ്കിൽ ഞാനൊട്ട് അദ്ഭുതപ്പെടുകയുമില്ല. ആദ്യാനുരാഗമങ്ങനെ വിഘ്നം കൊണ്ട് ഒഴുക്കുമുട്ടിപ്പോയെന്നു പറഞ്ഞാൽ മതിയല്ലോ.

സിനിമയുമായി ബന്ധപ്പെട്ടു കഴിയുന്ന ധാരാളം നല്ല സുഹൃത്തുക്കളെനിക്കുണ്ട് അവരിൽ ചിലർ എന്റെ അഭ്യുദയം കാംക്ഷിക്കുന്നവരുമാണ് എന്നിട്ടും എന്നെ കൈപിടിച്ചു കയറ്റണേ എന്ന് ഇന്നോളം ആരോടും അപേക്ഷിക്കാനുള്ള കരുത്തെനിക്കുണ്ടായിട്ടില്ല. ഭീരുക്കൾക്ക് ജയമില്ലെന്ന ചൊല്ലിൽ പതിരില്ല. എന്നാൽ എന്റെ

അപേക്ഷയും കാത്തുനില്ക്കാതെ എന്നെ കൈപിടിച്ചു കയറ്റാൻ മുമ്പോട്ടുവന്നവരെ ഞാനിവിടെ മറക്കുന്നതു ശരിയാണോ? നല്ല സിനിമകളെടുത്തു നഷ്ടം സഹിച്ചു കഴിയുന്ന ശോഭനാ പരമേശ്വരൻ നായർ എന്റെ നേർക്കു സഹായഹസ്തം നീട്ടുക മാത്രമല്ല, എന്നെ ബലംപ്രയോഗിച്ച് പിടിച്ചുവലിച്ച് സിനിമയിൽ കയറ്റാൻ പലതവണ ശ്രമിച്ചിട്ടുണ്ട്. സ്കൂളിൽ പോകാൻ മടിച്ചുനില്ക്കുന്ന മരുമകനെ പണ്ടൊരമ്മാവൻ പിടിച്ചു തല്ലിയപ്പോൾ ആ മരുമകൻ പറഞ്ഞ വാക്കാണിവിടെ ഓർത്തു പോകുന്നത് “എന്നെ തല്ലണ്ടമ്മാവാ, ഞാൻ നന്നാവില്ല.” ഫലിതമാസ്വദിക്കാനും നന്നായി ചിരിക്കാനും വേണ്ടിവന്നാൽ നല്ലൊരു പാട്ടുപാടാനും കഴിവുള്ള പരമേശ്വരൻനായർ, തിരുവനന്തപുരത്തായാലും മദിരാശിയിലായാലും ഇടയ്ക്കിടെ എന്നെ ഫോണിൽ വിളിക്കും, സുഖവിവരങ്ങൾ അന്വേഷിക്കും. സിനിമയ്ക്കുവേണ്ടി വല്ലതും എഴുതാൻ നിർബ്ബന്ധിക്കുകയും ചെയ്യും. ചിലപ്പോൾ മി. ഭാസ്കരനെയും. രാഘവൻ മാസ്റ്ററേയും കൂട്ടിക്കൊണ്ട് പരമേശ്വരൻ നായർ കോഴിക്കോട്ടെത്തും. ഏതെങ്കിലും പുതിയൊരു സിനിമയ്ക്കു തുടക്കമിടുന്ന സന്ദർഭമായിരിക്കും. രാഘവൻമാഷ്ക്കും പരമേശ്വരൻനായർക്കും അപാരമായ ജൂബ്ബയുണ്ട് അതിന്റെ പോക്കറ്റിൽ നിറച്ചും നർമ്മകഥകളാണ്. ഭാസ്കരന് ജൂബ്ബയില്ലാത്തതുകൊണ്ട് കഥയുടെ സ്റ്റോക്ക് കുറവാണെന്നു ധരിച്ചു കളയരുത്. മൂന്നുപേരും ഒത്തു ചേരുമ്പോൾ മത്സരിച്ചുള്ള കഥ പറച്ചിൽ നടക്കും. ജീവിച്ചിരിക്കുന്നവരും പണ്ടെന്നോ മരിച്ചു മണ്ണായവരുമൊക്കെ കഥാപാത്രങ്ങളായി ആ കഥകളിൽ നിറഞ്ഞുനില്ക്കും. കേൾക്കുന്നവർ ചിരിച്ചു ചിരിച്ചു തളരും. ഒന്നു വീർപ്പഴിക്കാൻപോലും ഇടവേള തരാതെ, അന്നു പല നാളുകളിലായി നടന്ന കഥാകാലാക്ഷേപങ്ങളേ നന്ദി. മനസ്സിലെ മൗഢ്യം കഴുകിത്തുടച്ചു വൃത്തിയാക്കിത്തന്ന നിങ്ങൾ അരോഗതയ്ക്ക് ആക്കംകൂട്ടിയ ഏകമൂലികകളായിരുന്നു. ഇന്നതൊക്കെ വെറും ഓർമ്മകളായി മാറിയിരിക്കുന്നു. എങ്കിലും പരമേശ്വരൻനായരുടെ ‘വിളി’ ഇപ്പോഴും ഇടയ്ക്കു വന്നെത്താറുണ്ട്. എനിക്കദ്ദേഹത്തെ ഒരു വഴിക്കും സഹായിക്കാൻ പറ്റില്ലെന്നു അനുഭവത്തിലൂടെ പലതവണ മനസ്സിലാക്കിയിട്ടും, സൗഹൃദത്തിന്റെ പേരിൽ മാത്രമുള്ള ആ വിളി, ആശിക്കാനൊന്നുമില്ലാതെ, നേടാനൊന്നുമില്ലാതെ കോഴിക്കോടിന്റെ ഒരു കോണിൽ ഭീകരബഹളത്തിന്റെ നടുവിൽ കഴിയുന്ന എനിക്ക്, സന്തോഷത്തിന്റെ നിമിഷങ്ങൾ വിതറിത്തരാറുണ്ട്. അപ്പോൾ കൂട്ടിലെ കോഴി നെന്മണികൾ കൊത്തിയെടുക്കുമ്പോലെ ആർത്തിയോടെ, ഉത്സാഹത്തോടെ, ഞാനാ നിമിഷങ്ങൾ പെറുക്കിക്കൂട്ടുന്നു.

‘ക്രോസ് ബെൽറ്റ്’ തുടങ്ങിയ ചിത്രങ്ങളുടെ നിർമ്മാതാവായ മി. പൊന്നപ്പനാണ് ചിരിച്ചുകൊണ്ടെന്റെ ഓർമ്മയിലേക്കു കടന്നുവരുന്ന മറ്റൊരു നിർമ്മാതാവ്. ഒപ്പം പ്രസിദ്ധ ഛായാഗ്രാഹകനായ ശ്രീ. ഇ. എൻ. ബാലകൃഷ്ണനും. പുതിയ പടംപിടിപ്പിനുള്ള ഒരു കമാണ്ട്. എസ്. കെ. പൊറ്റെക്കാടിന്റെ ‘പുള്ളിമാൻ’ എന്ന കഥയുടെ ചലച്ചിത്രാവകാശം വാങ്ങിക്കൊണ്ടാണു വരവ്. അതിന്റെ ചലച്ചിത്ര രൂപം ഞാനുണ്ടാക്കിക്കൊടുക്കണം.

“അയ്യോ, വയ്യ. എസ്. കെ. യുടെ കഥയ്ക്ക് എസ്. കെ. തന്നെ ചലച്ചിത്രരൂപം നൽകും.”

ഞാൻ പറഞ്ഞു: ”ഇല്ല.”

പൊന്നപ്പൻ നിഷേധിച്ചുകൊണ്ടു പറയുന്നു:

“അദ്ദേഹത്തിനു വയ്യെന്നു പറഞ്ഞു. നിങ്ങളെക്കൊണ്ടെഴുതിക്കാൻ കഴിഞ്ഞാൽ അദ്ദേഹത്തിനു തൃപ്തിയാണെന്നും.”

വലഞ്ഞല്ലോ. എസ്. കെ. യെപ്പോലെ സുപ്രസിദ്ധനായ ഒരു കാഥികന്റെ കഥ കൈകാര്യം ചെയ്യുന്നത് അത്ര എളുപ്പമല്ല. അതെങ്ങാനും പരാജയപ്പെട്ടാൽ ആയിരക്കണക്കിലുള്ള എസ്. കെ. യുടെ ആരാധകർ എന്നെ വകവരുത്തും. ഒഴിഞ്ഞുമാറാനുള്ള പല അടവുകളും ഞാൻ പ്രയോഗിച്ചു. കക്ഷികൾ വിട്ടുമാറാനുള്ള ഭാവമില്ല. വിശേഷിച്ച് മി. ബാലകൃഷ്ണന്റെ കഠിനമായ നിർബ്ബന്ധം. പുതുതായി പരിചയപ്പെടുന്ന സുഹൃത്ത്. അദ്ദേഹത്തിന്റെ നിഷ്കളങ്കമായ നിർബ്ബന്ധത്തിനുമുമ്പിൽ എനിക്കു തലമടക്കേണ്ടിവന്നു. ആലോചിച്ചു പറയാമെന്നു വാക്കുകൊടുത്തുകൊണ്ട് അന്നു ഞാനവരെ മടക്കി. പിന്നെ എസ്. കെ. യെ ചെന്നു കണ്ട് വിവരം പറഞ്ഞു. അവിടെ ഞാൻ പൂർണ്ണമായി കീഴടങ്ങേണ്ടിവന്നു.

“തിക്കോടിയനെഴുതു. സാരമില്ല. മടിച്ചുനിന്നാൽ മറ്റു വല്ലവരും കൊണ്ടുപോയി വധിക്കും. അതിലും ഭേദമല്ലേ തിക്കോടിയന്റെ കൈ കൊണ്ടാവുന്നത്?”

“അപ്പോൾ എവിടെയായാലും വധമാണ് നടക്കാൻ പോകുന്നതെന്നു തീർച്ചപ്പെടുത്തിക്കഴിഞ്ഞാ?”

എസ്. കെ. ചിരിച്ചു:

“അങ്ങനെത്തന്നെയാണ് തിക്കോടിയൻ. ഒരു കഥ ചലച്ചിത്രമാവുമ്പോൾ അതിന്റെ ചാരുത മുക്കാലും നഷ്ടപ്പെടുമെന്നു തീർച്ചയാണ് ധൈര്യമായി എഴുതിക്കോളൂ.”

പിന്നെ തർക്കം പറഞ്ഞില്ല. കല്ലല്ലാത്തതുകൊണ്ടും ഇരുമ്പല്ലാത്തതു കൊണ്ടും. കഥ നടന്നത്. കുടകിലാണല്ലോ. ഞങ്ങളവിടെ ചെന്നു. ഭൂസ്ഥിതി കണ്ടു കഥയ്ക്കു ചേർന്ന സ്ഥലങ്ങൾ തിരഞ്ഞെടുത്തു. അവയുടെ നിശ്ചലച്ഛായ പകർത്തിയെടുത്തു. പിന്നെ ധൃതിയിൽ ജോലിയാരംഭിച്ചു. ആർഭാടമില്ല. ബഹളമില്ല. സാത്വികശീലനായ മിസ്റ്റർ ബാലകൃഷ്ണൻ ഛായാഗ്രഹണവും സംവിധാനവും നിർവ്വഹിക്കുന്നു. ഇതൊരു മഹാത്ഭുതമാണെന്ന തെറ്റിദ്ധാരണ സൃഷ്ടിക്കാൻ സംവിധായകപക്ഷത്തുനിന്ന് ഒരു നീക്കവുമുണ്ടായില്ല. ജോലി പുരോഗമിക്കും തോറും ഇതാണ്, ഇങ്ങനെയാണു സിനിമയെങ്കിൽ കൊള്ളാമല്ലോ എന്നൊരു ധാരണ എനിക്കുണ്ടായി. നിരവധി ഘട്ടങ്ങളിൽ എനിക്കു സംശയമുണ്ടാവുന്നു. സൗമ്യമായ സംഭാഷണങ്ങളിലൂടെ മിസ്റ്റർ ബാലകൃഷ്ണൻ ആ സംശയങ്ങളെല്ലാം ദൂരീകരിക്കുന്നു. അദ്ദേഹം സിനിമയെന്ന മാധ്യമത്തിൽ ധാരാളം പരിചയം സിദ്ധിച്ച ആളായതുകൊണ്ട്

അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ സന്തോഷത്തോടെ സ്വീകരിക്കാൻ എനിക്കു കഴിഞ്ഞു. അങ്ങനെ ആദാനപ്രദാനന്യായേന, പുള്ളിമാനിന്റെ ജോലി സുഖകരമായ നിലയിൽ അവസാനിപ്പിക്കാൻ കഴിഞ്ഞു. പൂർത്തിയായി പുറത്തിറക്കിയ പുള്ളിമാൻ ഒരു വർണ്ണചിത്രമായിരുന്നു. അക്കാലത്തു പുറത്തുവരുന്ന ചിത്രങ്ങളത്രയും വർണ്ണഭംഗിയോടെ വേണമെന്ന നിർബ്ബന്ധം നിർമ്മാതാക്കളിലും പ്രേക്ഷകരിലും ഇന്നത്തെപ്പോലെ വേരൂന്നിക്കഴിഞ്ഞിരുന്നില്ല. പടം കണ്ടിരിക്കാൻ ബോറില്ലാത്തതാണെന്ന് അന്നു പല സുഹൃത്തുക്കളും എന്നോടു പറഞ്ഞിരുന്നു. ഭാഗ്യം. നിർമ്മാതാവായ മിസ്റ്റർ പൊന്നപ്പനു നല്ല പേരോടൊപ്പം നല്ല തോതിൽ സാമ്പത്തികനഷ്ടവും അത് വരുത്തിക്കൂട്ടിയെന്നാണറിവ്. പക്ഷേ, മിസ്റ്റർ പൊന്നപ്പൻ സംതൃപ്തനായിരുന്നു. ഒരു നല്ല പടം നിർമ്മിച്ചതിൽ അദ്ദേഹം അഭിമാനം കൊണ്ടിരുന്നു.

ഇന്നു ചലച്ചിത്രാസ്വാദകർക്കു പ്രിയംകരനായ പത്മരാജനെ അതിപ്രസിദ്ധനായ സംവിധായകനും നിർമ്മാതാവുമെന്ന നിലയിലല്ല. ഞാനിവിടെ ഓർക്കുന്നത്. ഓർക്കുന്നതിലെനിക്കു വിരോധമുണ്ടായിട്ടല്ല. എന്റെ മനസ്സിന്റെ വാതിൽ മുട്ടിവിളിച്ചത് ചലച്ചിത്രവുമായി പത്മരാജൻ ബന്ധപ്പെടുന്നതിനും വളരെ മുമ്പാണ്. അക്കാലത്തു മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഒരു കഥ പ്രത്യക്ഷപ്പെടുന്നു. നല്ല കഥ. നടാടെ കേൾക്കുന്ന പേര്. ഈ പത്മരാജനാരാണ്? എവിടത്തുകാരൻ? ജോലിയെന്ത്? അന്വേഷണമായി പിന്നെ. അപ്പോൾ ആരോ പറയുന്നു ആകാശവാണിയുടെ തിരുവനന്തപുരം നിലയത്തിലെ ഒരു അനൗൺസറാണ്. സംഗതി കൊള്ളാമല്ലോ. നമ്മുടെ സഹോദര സ്ഥാപനത്തിലെ ഒരു ജോലിക്കാരൻ. കുടുംബാംഗം. അന്നു തിരുവനന്തപുരം നിലയത്തിലെ പ്രോഗ്രാം എക്സിക്യൂട്ടിവായിരുന്ന മിസ്റ്റർ ശിവശങ്കരനു ഞാനൊരു കത്തെഴുതി. പത്മരാജൻ അവിടെ ജോലിയാണോ? ആണെന്നു കേട്ടു. കേട്ടതു ശരിയാണെങ്കിൽ എന്റെ അഭിനന്ദനം പത്മരാജനെ അറിയിക്കുക. കഥ ഉഗ്രമായിരിക്കുന്നു. ഇന്നാണെങ്കിൽ അങ്ങനെയൊരു കത്തു ഞാൻ മിസ്റ്റർ ശിവശങ്കരന്ന് അയയ്ക്കുമായിരുന്നില്ല. ഇന്നദ്ദേഹം സ്റ്റേഷൻ ഡയറക്ടറാണ്. പദവികൾ ദുരുപയോഗപ്പെടുത്താൻ പഠിച്ചവനല്ല ഞാൻ. അതെന്തുമാവട്ടെ. അടുത്ത പടി പത്മരാജന്റെ സ്നേഹം നിറഞ്ഞ കത്തെനിക്കു കിട്ടുന്നു, പിന്നെ ഞങ്ങൾ നല്ല സുഹൃത്തുക്കളായിത്തീരുന്നു. ചലച്ചിത്രമെന്ന ബദ്ധപ്പാടിനിടയിൽ മിസ്റ്റർ പത്മരാജൻ എന്നെ ഓർക്കുന്നില്ലെങ്കിൽ അതൊരു കുറ്റമല്ല. തിരക്കൊഴിഞ്ഞ, ബദ്ധപ്പാടൊഴിഞ്ഞ, ഉൽക്കണ്ഠ നീങ്ങിയ സമയമുണ്ടാവില്ലല്ലോ സിനിമാസംവിധായകർക്ക്. എങ്കിലും മിസ്റ്റർ പത്മരാജന്റെ വളർച്ചയിൽ എനിക്കതിയായ ആനന്ദമുണ്ട്.

ഞാൻ എത്ര ധൃതിവെച്ചു നടന്നിട്ടും എത്തേണ്ടിടത്ത് എത്തിയില്ല. ചലച്ചിത്രത്തെപ്പറ്റി പറയാൻ തുടങ്ങിയതുതന്നെ, ആ ലക്ഷ്യത്തിൽച്ചെന്നു ചിലതൊക്കെ പറയാനായിരുന്നു. അതിന്റെ ആമുഖമായി ഇത്രയും കുറിക്കട്ടെ. ശുഭകാലം പുണ്യകാലം. അതാണ് ഉത്തരായനകാലം. ആ കാലത്തെക്കുറിച്ച് പറയാനായിരുന്നു ആരംഭിച്ചത്.

— 65 —

## ഉത്തരായണത്തിന്റെ ഒരുക്കം

പഴഞ്ചൊല്ലിൽ പറഞ്ഞപോലെ. 'ഉണ്ടിരിക്കും നായർക്കൊരു വിളി'. തിളക്കമുള്ള വിളി. വിളിച്ചതും നായർ തന്നെ; ശോഭനാ പരമേശ്വരൻ നായർ. ഏതോ ആവശ്യത്തിനു മദിരാശിയിൽച്ചെന്നു പെട്ടതായിരുന്നു ഞാൻ. കേട്ടറിഞ്ഞാവും വിളിവന്നത്.

"ഏയ്, ഇങ്ങട്ട് വന്നാട്ടെ; നമുക്കിവിടെ കഴിയാം. ചുമ്മാ ഹോട്ടൽ മുറിയിലൊന്നും ചുരുണ്ടുകൂടേണ്ടാ. നമുക്കല്പം സൊള്ളാം."

കൊള്ളാവുന്ന പരിപാടി. പിന്നെ താമസിച്ചില്ല. പരമേശ്വരൻ നായരുടെ പാർപ്പിടത്തിലെത്തി. അവിടെ കൊട്ടും ബഹളം. താരങ്ങൾ പലരും വരുന്നു. സംവിധായകരിൽ ചിലർ വരുന്നു. വരുന്നവരുടെ മുറയ്ക്കു പരമേശ്വരൻനായർ എന്നെ പരിചയപ്പെടുത്തുന്നു, ചിലർ ചിരിച്ചുകൊണ്ടെനിക്കു കൈതരുന്നു. മറ്റു ചിലർ 'ഓ! ഇതാണോ' എന്നമട്ടിൽ നോക്കുന്നു. വന്നവർ വന്നവർ പോകുന്നു; മറ്റു ചിലർ വരുന്നു. ഒടുവിലത്തെ ഊഴം അദ്ദേഹത്തിന്റേതായിരുന്നു. പ്രസിദ്ധ നിർമ്മാതാവിന്റെ. വന്ന ഉടനെ അദ്ദേഹം എന്റെ മുമ്പിൽ കിടക്കുന്ന മേശയുടെ പുറത്തു നാടകീയമായി ചാടിക്കയറി ഇരിക്കുന്നു. പരമേശ്വരൻ നായർ പതിവു പരിപാടി ആരംഭിക്കുന്നു. എന്നെ പരിചയപ്പെടുത്തൽ. നിർമ്മാതാവ് ശരീരം ചലിപ്പിക്കാതെ, കഴുത്തു വെട്ടിച്ച് എന്നെ തിരിഞ്ഞുനോക്കി. താനൊക്കെ സിനിമാക്കഥ എഴുതാൻ വലിഞ്ഞു കേറി വന്നതാണല്ലേ എന്ന പുച്ഛം ആ നോട്ടത്തിൽ തെളിഞ്ഞു നിന്നിരുന്നു. 'രക്ഷിക്കണേ, അടിയനപരാധിയല്ലേ'ന്നു പറയാനുള്ള അവസരം പോലും എനിക്കു തരാതെ അദ്ദേഹം അനുകമ്പയുടെ പനിനീരിൽ ഉപദേശത്തിന്റെ ഗുളിക ചാലിച്ച് എനിക്കു തരുന്നു:

"കേട്ടോ സാറേ, അറിയില്ലെങ്കിൽ പറഞ്ഞു തരാം. നാട്ടിലാർക്കെങ്കിലും ഉടനെ വിവരം കൊടുത്ത് ഒരു കമ്പി വരുത്തണം. ഭാര്യയ്ക്കു പ്രസവവേദനയാണ്, ആശുപത്രിയിൽ ചേർത്തിരിക്കുന്നു. ഉടനെ കുറച്ചു പണം കമ്പിമണിയോർഡറായി

അയയ്ക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ നാലുചക്രം ഇവിടെനിന്നു കിട്ടില്ല. കറങ്ങി പ്പോകും.”

ഭാര്യയില്ലാത്തതുകൊണ്ട് അദ്ദേഹത്തിനു നന്ദി പറയേണ്ടിവന്നില്ല. ഇപ്പോൾ അദ്ദേഹം എവിടെയാണെന്നോ എന്തുചെയ്യുന്നെന്നോ അറിഞ്ഞു കൂടാ. അറിയാവുന്നതൊന്നുമാത്രം: പ്രമുഖ നിർമ്മാതാക്കളുടെ പട്ടികയിലൊന്നും ഇന്നദ്ദേഹത്തിന്റെ പേരില്ല.

സന്ദർശകരുടെ ബഹളം ശമിക്കുമ്പോൾ രാത്രിയായിരുന്നു. ഞങ്ങൾ ആഹാരം കഴിച്ചു കിടന്നു. ദീർഘനേരം ഞങ്ങൾ സംസാരിച്ചു. പരിസരമൊക്കെ മതികെട്ടുറങ്ങുമ്പോഴും ഞങ്ങൾ സംസാരം നിർത്തിയില്ല. സിനിമയെ സംബന്ധിച്ച് ഗൗരവമുള്ള കാര്യങ്ങളായിരുന്നു പരമേശ്വരൻനായർക്കു പറയാനുള്ളത്. എല്ലാം കേൾക്കാനും മൂളാനും ഞാൻ സന്നദ്ധനായിരുന്നു. ഉദ്ദേശിച്ചപോലെ സൊള്ളാനും മതിമറന്നു ചിരിക്കാനും കഴിഞ്ഞില്ല. സിനിമയിലുള്ള തന്റെ അനുഭവം വിവരിക്കുമ്പോൾ ചില നേരത്തു പരമേശ്വരൻ നായരുടെ ശബ്ദം ഇടറിയോ എന്നു ഞാൻ ശങ്കിച്ചു. ഇരുട്ടല്ലേ, മുഖം കാണാൻ വയ്യ. പറഞ്ഞു പറഞ്ഞ് ഒടുവിൽ എന്നുമെന്നപോലെ സിനിമയ്ക്കു പറ്റിയ ഒരു വിഷയം തേടിപ്പിടിക്കാൻ എന്നെ നിർബ്ബന്ധിച്ചു.

പിറ്റേന്നു, രാത്രിവണ്ടിക്കു തിരിച്ചുപോരാൻ തുടങ്ങുമ്പോൾ എന്നെ യാത്രയയയ്ക്കാൻ പരമേശ്വരൻ നായർ സ്റ്റേഷനിൽ എത്തിയിരുന്നു. ഞങ്ങൾ കൈവീശി പിരിഞ്ഞു. മനസ്സു നിറയെ പരമേശ്വരൻ നായരുടെ പ്രശ്നങ്ങളായിരുന്നു. ഓർത്തോർത്ത് ഉറക്കം വരാതെ കിടക്കുമ്പോൾ എന്റെ മനസ്സ് സിനിമയുടെ മേച്ചിൽപ്പുറം തേടുകയായി. പരമേശ്വരൻ നായർക്കു സിനിമയ്ക്കു പറ്റിയ നല്ല വിഷയം വേണം. സ്വാതന്ത്ര്യസമരകാലത്ത് ഏതെങ്കിലും സംഭവം എന്തുകൊണ്ടു സിനിമയ്ക്കു വിഷയമാക്കിക്കൂടാ? പ്രേക്ഷകർ അതു സ്വീകരിക്കില്ലേ? ഒരു വലിയ സാമ്രാജ്യത്തെ വെല്ലുവിളിക്കാൻ ആയുധമെന്ന പേരിൽ ഒരു പുൽനാമ്പുപോലും കൈയിലില്ലാത്ത ഒരു ജനത അടർക്കളത്തിലിറങ്ങി മർദ്ദനമേറ്റതും മരണം വരിച്ചതും എന്തുകൊണ്ടു വെള്ളിത്തിരയിലൂടെ പകർത്തിക്കാണിച്ചുകൂടാ? അങ്ങനെ ആലോചിച്ചാലോചിച്ചു കിടക്കുമ്പോൾ ചില രംഗങ്ങൾ എന്റെ മനസ്സിൽ തെളിഞ്ഞു വന്നു. നാടകീയ മുഹൂർത്തങ്ങൾ, കരളലിയിപ്പിക്കുന്ന കാഴ്ചകൾ, ആവേശത്തള്ളിച്ചയിൽ ഇളകിമറിയുന്ന സമരരംഗങ്ങൾ, അങ്ങനെ അനുഭവസ്ഥന്മാർ പറഞ്ഞു കേട്ടതും പത്രവാർത്തകളിലൂടെ മനസ്സിൽ പതിഞ്ഞതുമായ സംഭവങ്ങൾ പലതും അന്നു രാത്രി നേരിൽ കാണുമ്പോലുള്ള അനുഭവം എന്നിലുളവാക്കി. ഇവനെ വെറുതെ വിട്ടുകൂടാ. എവിടെയെങ്കിലും രേഖപ്പെടുത്തിവെക്കണം. വെക്കാതെ പറ്റില്ല. സിനിമാക്കഥയായില്ലെങ്കിലും വേണ്ടില്ല. ഒരു ചരിത്രമായെങ്കിലും ഇതെവിടെയെങ്കിലും രേഖപ്പെടുത്തിവെക്കണം.

പരമേശ്വരൻ നായരുടെ സ്നേഹപൂർവ്വമായ നിർബ്ബന്ധം മനസ്സിലുള്ളതുകൊണ്ടു രേഖപ്പെടുത്താൻ തുടങ്ങിയപ്പോൾ, അതിനേതാണ്ടൊരു സിനിമാ സ്വഭാവം അറിയാതെ കൈവന്നു. തുടർന്നു ദിവസങ്ങളോളം ഒഴിവുകിട്ടുമ്പോഴൊക്കെ

ആലോചനയും എഴുത്തുമായി കഴിഞ്ഞു. എത്ര ദിവസം അല്ലെങ്കിൽ മാസം എടുത്തെന്നു വ്യക്തമായി പറയാൻ വയ്യ. 'ശുഭം' വരെ എഴുതി മുഴുമിച്ചു. വീണ്ടും വീണ്ടും വായിച്ചു. ഞാൻ പൂനയിൽ ചെന്നു പഠിച്ചിട്ടില്ല. അവിടെ പഠിച്ചു ബിരുദമെടുത്തവരാരും എന്നെ പഠിപ്പിച്ചിട്ടില്ല. ഇടയ്ക്കും തലയ്ക്കും ചില സിനിമ കണ്ട പരിചയം മാത്രം. ആ പരിചയം വെച്ചു കൊണ്ട് ഒരു സൃഷ്ടി നടത്തുന്നത് അല്പം കടന്ന കൈയാണെന്നു തോന്നിയതുകൊണ്ടു സംഗതി ഞാൻ പരമേശ്വരൻനായരെ അറിയിച്ചില്ല. സൃഷ്ടി ആരെയും കാണിച്ചില്ല. ഇങ്ങനെയൊരപകടം ചെയ്തതായി ആരോടും പറഞ്ഞില്ല. അങ്ങനെ ആ സൃഷ്ടിയും വെച്ച് അടയിരിക്കുമ്പോൾ, കാലം ഞാനറിയാതെ എന്നെ കടന്നുപോവുകയായിരുന്നു. ദേവൻ മാതൃഭൂമിയോടു വിടപറഞ്ഞു; കൃഷ്ണവാരിയർ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ടിലെത്തി. വി. കെ. എൻ. ദില്ലി മഹാനഗരത്തിൽ സ്ഥിരവാസം. എ. എസ്. നായരും വാസുദേവൻ നമ്പൂതിരിയും മാതൃഭൂമിയിലുണ്ട്. പഴയപടി സംഘം ചേരാൻ അവരെ കിട്ടാറില്ല. അങ്ങനെയിരിക്കുമ്പോഴാണ് 'ചെറിയ മനുഷ്യരും വലിയ ലോകവും' കോഴിക്കോട്ടു വന്നുചേരുന്നത്. റബ്ബർ ബോർഡിന്റെ കോഴിക്കോട്ടുള്ള കേന്ദ്രത്തിൽ, മി. അരവിന്ദൻ വന്നു ചേരുന്നു. നേരത്തെ കേട്ടുകൾവിയിലൂടെ പരിചയമുണ്ട്. ഒന്നുരണ്ടു തവണ കണ്ടിട്ടുണ്ട്. അരവിന്ദന്റെ വരവോടെ സംഗതികൾക്കാകെ മാറ്റം വരുന്നു. പുതിയ സംഘം ഉണ്ടാവുന്നു. റെഡ്ക്രോസ് റോഡിലെ ലോഡ്ജിൽ അരവിന്ദന്റെ മുറിയിൽ പുതിയ സംഘം ഉദ്ഘാടനം ചെയ്യപ്പെടുന്നു. സ്റ്റേറ്റ് ബാങ്കിൽനിന്നു മി. രവി, സെൻട്രൽ എക്സൈസിൽനിന്നു മി. വിജയൻ, മാതൃഭൂമിയിൽനിന്നു മി. നമ്പൂതിരി, ഇടയ്ക്കിടെ എം. ടി., ഗവണ്മെന്റ് ആർട്സ് കോളേജിൽനിന്നു മറ്റൊരു മി. രവി, പട്ടത്തുവിള, പിന്നെ ഞാനും. മെഡിക്കൽകോളേജിൽനിന്ന് ഇടയ്ക്കൊക്കെ ഡോക്ടർ ഗോപിയും വരും. ഈ പറഞ്ഞ കക്ഷികളിൽനിന്നും അരവിന്ദന്റെ മുറിയിൽ രണ്ടുനേരം കയറിയിരുന്നതു ഞാനായിരുന്നു. ആപ്പീസിലേക്കു പോകുന്ന വഴിയിലാണു ലോഡ്ജ്, വളരെ സൗകര്യം. പോകുമ്പോഴും വരുമ്പോഴും ഞാനങ്ങു കേറും. സ്വസ്ഥമായി ഒരിടത്തിരുന്നു വല്ലതും ചിന്തിക്കാനോ വരയ്ക്കാനോ സൗകര്യം കൊടുക്കാത്തവിധം അരവിന്ദന് അത്രമേൽ ശല്യം ഞാൻ ചെയ്തിട്ടുണ്ട്. ഇന്നാണെങ്കിൽ ഞാനതു ചെയ്യില്ല. കാരണം, എനിക്ക് അല്പം കൂടി വകതിരിവു കൈവന്നിട്ടുണ്ടെന്നൊരു തോന്നൽ.

ആകാശത്തിനു ചോട്ടിലുള്ള എന്തും സംഘത്തിനു ചർച്ചാവിഷയമാണ്. ഒച്ചയും ബഹളവുമുണ്ടാവും. പക്ഷേ, അരവിന്ദന്റെ ശബ്ദം ആരും കേട്ടെന്നു വരില്ല. വളരെ അത്യാവശ്യത്തിനല്ലാതെ വാക്കുകൾ ചെലവഴിക്കുന്ന ശീലം അരവിന്ദനില്ല. അക്കാര്യത്തിൽ പട്ടത്തു വിളയും അരവിന്ദന്റെ പക്ഷത്താണ്. എല്ലാം ശ്രദ്ധിച്ചുകേൾക്കും. ഹൃദ്യമാണോ എന്നു മുഖത്തു നോക്കി തീരുമാനിക്കാൻ പറ്റില്ല. അരവിന്ദനു വേണ്ടുവോളം താടിയുണ്ട്; പട്ടത്തു വിളയ്ക്കുമുണ്ട് കുറച്ചൊക്കെ. ഒരു നാളൊരു ചർച്ചയിൽ, ഒരു സിനിമ നിർമ്മിച്ചാലെന്തെന്നൊരഭിപ്രായം ആരോ പുറത്തിട്ടു. ആരാണെന്നു വ്യക്തമായി പറയാൻ വയ്യ. ഞാനല്ലെന്നു നിഷേധിക്കാനും പാടില്ല. അസാധ്യ കാര്യങ്ങൾ പറഞ്ഞു സുഖിക്കുന്നൊരു സ്വഭാവം എനിക്കുള്ളതുകൊ

ണ്ട് ഒരുപക്ഷേ, ഞാൻ തന്നെയായിരിക്കണം. ഏതായാലും അന്നത് ഒരു ഉണ്ട യില്ലാ വെടിയായിരുന്നു. പക്ഷേ, പതുക്കെപ്പതുക്കെ, ആ അഭിപ്രായത്തിനു ജീവൻ കൈവരാൻതുടങ്ങി. ഒരു ദിവസം ജോലി കഴിഞ്ഞു ബാങ്കിൽ നിന്നു, തിരിച്ചെത്തിയ മി. രവി ഉറക്കെ പ്രഖ്യാപിക്കുന്നു:

"സിനിമാനിർമ്മാണത്തിനു ബാങ്ക് ലോൺ കിട്ടും."

അദ്ഭുതം. ആവേശം. പ്രത്യാശ. എല്ലാവരും കൂട്ടായും പ്രത്യേകമായും രവിയുടെ നേർക്കു ചോദ്യങ്ങളെറിഞ്ഞു. ഒടുവിൽ രവിയുടെ ബാങ്കിൽത്തന്നെ ലോണിനപേ ക്ഷിക്കാമെന്നു തീരുമാനിച്ചു. ലോണപേക്ഷയ്ക്കുള്ള ഫോറങ്ങൾ സമ്പാദിച്ചു. അതെ ല്ലാം വഴിയാംവണ്ണം പൂരിപ്പിച്ചു ഞാനും മി. അരവിന്ദനും പട്ടത്തുവിളയും ബാങ്ക് മാ നേജരെ കണ്ടു; അപേക്ഷ സമർപ്പിച്ചു. മാനേജർക്കു വലിയ സന്തോഷം. അപേ ക്ഷ സ്വീകരിക്കാനും ലോൺ പാസ്സാക്കാനും അദ്ദേഹത്തിന് അധികാരമില്ലാത്ത തുകൊണ്ട് എത്ര വേണമെങ്കിലും സന്തോഷിക്കാമല്ലോ. അപേക്ഷ ബാംഗ്ലൂർക്കു പോകണം. അവിടെയാണ് തീരുമാനമെടുക്കേണ്ടത്. ഉടനെ അപേക്ഷ ബാംഗ്ലൂർ ക്കയയ്ക്കാമെന്ന വാക്കു കേട്ട് ഞങ്ങൾ തിരിച്ചുപോന്നു. ബാംഗ്ലൂരിന്റെ വിളിയും കാ ത്തിരുന്നു. അപ്പോഴേക്കും കോഴിക്കോട്ടെ മാനേജർക്കു മാറ്റമായി. കാത്തിരുന്നു കാത്തിരുന്നു മടുത്തപ്പോൾ ബാംഗ്ലൂരിൽ വിവരം തിരക്കി. അപ്പോൾ മറുപടി വരു ന്നു, അപേക്ഷ ബോംബെയിലാണ്. അതിപ്പോഴും അവിടെത്തന്നെ കാണുമെന്നാ ണെന്റെ വിശ്വാസം. സംഗതി എന്തായെന്നന്വേഷിക്കാൻ പിന്നെയാരും മുതിർന്ന തായറിവില്ല.

അങ്ങനെ കാലം കഴിയവേ, ഒരുനാൾ പട്ടത്തുവിളയുടെ ചോദ്യം:

"എന്തെടേ തന്റെ സിനിമ?"

"അതു ബോംബെയിൽ കിടക്കുന്നു. ഉടനെ ബാങ്ക് പണം തരും." ഞാൻ പറ ഞ്ഞു. പട്ടത്തുവിളയുടെ മുഖത്തു പുച്ഛം.

"ഡേ, സിനിമ പിടിക്കാൻ പൂതിയുണ്ടെങ്കിൽ അവനേയുമിവനേയും കാത്തിട്ടു കാര്യമില്ല."

"പിന്നെ? പണത്തിനെന്തു ചെയ്യും?"

"ശരിയായ മോഹമാണെങ്കിൽ പറ. പണമുണ്ടാക്കാം, സിനിമ പിടിക്കാൻ ഉദ്ദേശിക്കുന്നൊരാൾ എന്റെ സ്വാധീനത്തിലുണ്ട്."

ഞാൻ ആവേശം കൊണ്ടു തുള്ളി.

"താൻ അടങ്ങ്. പണമുണ്ടാക്കാം. പക്ഷേ, കണ്ട അവനേയും ഇവനേയും വി ളിച്ചു തല്ലിപ്പൊളി പടമുണ്ടാക്കരുത്. നല്ല പടമായിരിക്കണം. തയ്യാറാണോ?"

പട്ടത്തുവിള നല്ല പടമെന്നു പറഞ്ഞാൽ അതു നല്ല പടം തന്നെയായിരിക്ക ണം. സിനിമയുടെ നാനാവശങ്ങളും പഠിച്ചറിഞ്ഞ പട്ടത്തുവിളയാണ്. നല്ല സി നിമയെടുക്കാമെന്ന് എങ്ങനെ ധൈര്യമായി വാക്കുകൊടുക്കും? അന്നു വൈകീട്ട് അരവിന്ദന്റെ മുറിയിൽ ഒത്തുചേർന്ന സംഘത്തിൽവെച്ച് മുതൽ മുടക്കിന്റെ കാര്യം

പ്രഖ്യാപിച്ചു. എല്ലാവരും സന്തോഷം. ഞാൻ ഒരപരാധിയെപ്പോലെ പട്ടത്തുവിള യോടു പറഞ്ഞു. എന്റെ കയ്യിൽ ഒരു വൻതുരുപ്പുണ്ടെന്ന്; സിനിമയ്ക്കു പറ്റിയവൻ. അതു പരിശോധിക്കാമെന്നായി. അപ്പോഴേക്കും ഞാനവന് ഒരു പേരിട്ടുകഴിഞ്ഞി രുന്നു: 'ദീപസ്തംഭം'. അരവിന്ദനതു പരിശോധിച്ചു. സംഗതി അപ്പോഴാണു പിടികിട്ടി യത്. അതൊരു കമേഴ്സ്യൽ സിനിമയ്ക്കു പാകത്തിലുള്ള സൃഷ്ടിയാണ്. സമസ്ത മസാ ലകളുമുണ്ട്—പോലീസ് മർദ്ദനം, വെടിവെപ്പ് അങ്ങനെ പലതും. പട്ടത്തുവിളയ തു വായിച്ചെങ്കിൽ അന്നുതന്നെ എന്നെ വധിക്കുമായിരുന്നു. സംഗതി അരവിന്ദന്റെ തീരുമാനത്തിനു വിട്ടു. അരവിന്ദൻ ഒരു പുതിയ സ്ക്രിപ്റ്റ് തയ്യാറാക്കി. സ്വാതന്ത്ര്യാ നന്തര കാലഘട്ടത്തിലെ യുവാക്കളുടെ മോഹഭംഗങ്ങളും തൊഴിലില്ലായ്മയുടെ, വി ഷമതകളുമെല്ലാം അതിലുണ്ടായിരുന്നു. കൂട്ടത്തിൽ സ്വാതന്ത്ര്യസമരത്തിലെ ചില രംഗങ്ങളും. അത് ഫ്ലാഷ്ബാക്കിലൂടെ പകർത്തിക്കാട്ടുകയാണുണ്ടായത്. ഫ്ലാഷ് ബാക്കിൽ വരുന്ന ഭാഗങ്ങൾ എന്റെ സ്ക്രിപ്റ്റിൽ നിന്നെടുത്തു. അങ്ങനെ ശ്രമങ്ങ ളാരംഭിച്ചു.

ക്യാമറ മങ്കട രവിവർമ്മ. മോഹഭംഗമേറ്റ യുവാവ് മി. മോഹൻ ദാസ്. പറ്റി യൊരു യുവാവിനെ തേടി പലപല അന്വേഷണങ്ങൾ നടത്തി; ഒടുവിൽ മെഡിക്കൽ കോളെജിൽവെച്ചാണ് മോഹൻ ദാസിനെ കിട്ടിയത്. സംവിധാനച്ചുമതല അര വിന്ദൻ ഏറ്റെടുത്തു. കലാസംവിധാനം വാസുദേവൻ നമ്പൂതിരി. വിപ്ലവകാരിയായ അദ്ധ്യാപകന്റെ റോളിൽ കുഞ്ഞാണ്ടി. ഒളിപ്രവർത്തകനായി ബാലൻ കെ. നായ രേയും പോലീസിന്റെ ഒറ്റുകാരനായി നെല്ലിക്കോടു ഭാസ്കരനെയും പോലീസ് ഇൻ സ്പെക്ടറായി യൂണിയൻ ബാങ്ക് മാനേജർ എം. ബി. കെ. നായരേയും തെരഞ്ഞെടു ത്തു. ഒരു അധികാരിയുടെ റോളാണ് പിന്നെ മുഖ്യമായിട്ടുള്ളത്. അതിനൊരാളെ അന്വേഷിച്ചുകൊണ്ടിരിക്കുമ്പോൾ പട്ടത്തുവിളയുടെ ചോദ്യം വരുന്നു:

“നമ്മുടെ ഭാസിയായാലെന്താ? അടൂർ ഭാസി?”

“കൊള്ളാം.”

എനിക്കഭിപ്രായവ്യത്യാസമുണ്ടായില്ല. പക്ഷേ, സംഘത്തിൽ പലർക്കും ആ അഭിപ്രായം രുചിച്ചില്ല. പട്ടത്തുവിള ഭാസിക്കെഴുതി. ഉടനെ അനുകൂലമായ മറുപ ടി വന്നു.

എല്ലാവരും ഒത്തു ചേർന്നു. ഒരു വീട് സംഘടിപ്പിച്ചു. മുന്തിയ ഹോട്ടലോ നി രന്തരം ഓടിക്കൊണ്ടിരിക്കുന്ന കാറുകളോ ഒന്നുമില്ല. എല്ലാവരും വീട്ടിൽ താമസം. ഭക്ഷണം പാകംചെയ്യാൻ ഒരു ബ്രാഹ്മണൻ. തീൻമേശയില്ല. കസേരയില്ല. തഴ പ്പായ മാത്രം. ഉണ്ണാനിരിക്കുന്നതും കിടക്കുന്നതുമെല്ലാം തഴപ്പായിൽ. ആർക്കും പരാതിയില്ല. ഏക മനസ്സോടെ എല്ലാവരും ഉത്സാഹിക്കുന്നു. സിനിമ നന്നാവണം. അനാവശ്യച്ചെലവുകളുണ്ടാവരുത്. താരനിരയില്ല. ലൈറ്റ് ബോയിയും അഭിനേ താവും ഛായാഗ്രഹണം നടത്തുന്ന ആളും എല്ലാവരും സമന്മാർ. പൊട്ടപ്പുഴിയിലോ പാറപ്പുറത്തോ എവിടെ ഇരിക്കാനും വിശ്രമിക്കാനും ഭക്ഷണം കഴിക്കാനും എല്ലാ വരും തയ്യാർ. മങ്കട രവിവർമ്മ പ്രത്യേകിച്ചും ഇത്തരം കാര്യങ്ങളിലൊരു മാതൃക

തന്നെയായിരുന്നു. അങ്ങനെ ആർഭാടവും ബഹളവുമില്ലാതെ ഉത്തരായണമെന്ന സിനിമ എല്ലാവരുടെയും ഒത്തൊരുമിച്ചുള്ള പരിശ്രമത്തിന്റെ വിജയമായി പുറത്തു വന്നു. കൊള്ളാം. ഇതാണ്, ഇങ്ങനെയാണ് സിനിമയെങ്കിൽ എന്നും അതിനുവേണ്ടി പ്രയത്നിക്കാൻ ആർക്കും ഒരു വിഷമവുമുണ്ടാവില്ലെന്നെനിക്കു തോന്നി. എനിക്കു മാത്രമല്ല പലർക്കും...

— 66 —

## കലാകാരനും അവശതയും

അറിയാതെ പറ്റിയ ഒരു കൈക്കുറ്റപ്പാടിന് മാപ്പപേക്ഷിച്ചുകൊണ്ട് ഞാനൊരു നാടകപ്രതിഭയെ ആദരവോടെ ഇവിടെ അവതരിപ്പിക്കുകയാണ്: 'ഡോക്ടർ അയ്യത്താൻ ഗോപാലൻ!' മലബാർ പ്രദേശത്തെ നാടകപരിശ്രമങ്ങളെക്കുറിച്ച് വിവരിക്കുന്നതിനിടയിൽ ആ വലിയ മനുഷ്യൻ എന്റെ ഓർമ്മയിൽനിന്നു വഴുതിപ്പോയി. 1903-ൽ ഒന്നാം പതിപ്പായി പ്രസിദ്ധപ്പെടുത്തിയ 'സുശീലാദുഃഖം' എന്ന തന്റെ സംഗീതനാടകത്തിനു ഡോക്ടർ ഗോപാലൻ എഴുതിച്ചേർത്ത പ്രസ്താവനയിൽ നിന്ന്, ഒരു വാചകം: 'സാരഞ്ജിനീ പരിണയം' എന്ന എന്റെ ഒന്നാമത്തെ സംഗീതനാടകം പൊതുജനങ്ങൾ സന്തോഷപുരസ്സരം കൊണ്ടാടുക കാരണമാണ് ചില മലയാള സമുദായസമ്പ്രദായങ്ങളെ വിശദീകരിക്കുന്നതായ ഈ 'സുശീലാദുഃഖം' എഴുതുവാൻ എനിക്കു ധൈര്യം വന്നത്. ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാവുന്നു. ഡോക്ടരുടെ ആദ്യത്തെ നാടകം 'സാരഞ്ജിനീ പരിണയം' 1903-നു മുമ്പ് എഴുതിയതാണ് മാത്രവുമല്ല, അതു ജനങ്ങൾ സഹർഷം സ്വാഗതം ചെയ്തെന്നു പറയുമ്പോൾ, ആ നാടകം പല വേദികളിൽ അവതരിപ്പിച്ചിട്ടുണ്ടാവുന്ന കാര്യത്തിൽ സംശയത്തിന്ന് അവകാശമില്ല. ഒരു നാടകം പഠിക്കാനും അവതരിപ്പിക്കാനും പ്രചരിപ്പിക്കാനും കാലം കുറെ ആവശ്യമായി വരുമല്ലോ. അങ്ങനെ വരുമ്പോൾ സാരഞ്ജിനീപരിണയത്തിന്റെ ആവിർഭാവം പത്തൊൻപതാം, നൂറ്റാണ്ടിന്റെ അന്ത്യദശകത്തിലാണെന്നു തീർച്ച. മലയാള നാടകവേദിയുടെ ശതാബ്ദിയാഘോഷം തീരുമാനിക്കാൻ ആധാരശിലയായി സ്വീകരിച്ചതും അതേ ദശകം തന്നെ. എന്നിട്ടും നാടകപ്രസ്ഥാനത്തിന്റെ വയസ്സെണ്ണുമ്പോൾ, കേരളീയ ഭാഷാശാകുന്തളമെങ്ങനെ ഒന്നാം സ്ഥാനത്തു വന്നു? കേരള കാളിദാസനോടുള്ള ആദരവിന് ഊനമൊട്ടും തട്ടാതെ തന്നെ ചോദിക്കട്ടെ. അന്നു സ്വതന്ത്ര നാടകങ്ങളൊന്നുമുണ്ടായിരുന്നില്ലേ? ഡോക്ടർ ഗോപാലനെപ്പോലെ തെക്കും വടക്കുമുള്ള പലരും അക്കാലത്തു സ്വതന്ത്ര നാടകങ്ങൾ എഴുതീട്ടുണ്ടാവില്ലേ? എന്തുകൊണ്ട് അന്വേഷണം ആ ഭാഗങ്ങളിലോട്ടൊന്നും ചെന്നില്ലാ? തിരുവിതാംകൂറും കൊച്ചിയും മലബാറുമൊക്കെ, വളരെ അകന്നുകിടക്കുന്ന

കാലമായതുകൊണ്ടു പരസ്പരം പലതും അറിയാതെ പോയെന്നു പറയുന്നതു ശുദ്ധ ഭോഷ്കല്ലേ? ആണെന്നതിനു നല്ലൊരു തെളിവിതാ. 'സുശീലാദുഃഖം' എന്ന തന്റെ രണ്ടാമത്തെ നാടകം ഡോക്ടർ സമർപ്പിച്ചത് അന്നത്തെ തിരുവിതാംകൂർ മഹാരാജാവിനാണ്. ഇങ്ങനെയാണു സമർപ്പണം: "മലയാളഭാഷാപോഷണ തല്പരനും പ്രജാക്ഷേമ നിരതനും സർവ്വഗുണ സമ്പന്നനും കേരളീയ ജനസമുദായത്തിന്റെ ഉറ്റ ബന്ധുവും ആയ മഹാരാജാ ബഹദൂർ സാർ രാമവർമ്മ ജി. സി. എസ്. ഐ. തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെക്കുറിച്ച് എനിക്കുള്ള അവാഗോചരമായ ഭക്തിയേയും കൃതജ്ഞതയേയും സൂചിപ്പിച്ചുകൊണ്ടു കല്പിച്ചു തന്ന അനുവാദപ്രകാരം ഈ പുസ്തകത്തെ പൊന്നുതമ്പുരാൻ തൃപ്പാദത്തിങ്കൽ, സമർപ്പണം ചെയ്യുന്നു."

ഇവിടംകൊണ്ടു കാര്യം അവസാനിക്കുന്നില്ല. സാക്ഷാൽ കേരള വർമ്മ വലിയ കോയിത്തമ്പുരാൻ സുശീലാദുഃഖം വായിച്ചു സന്തോഷിച്ച് ഒരു അഭിനന്ദന പദ്യം ഡോക്ടർക്ക് അയച്ചുകൊടുത്തു:

ഗോപാലൻ കുശലൻ ചമച്ചൊരു
സുശീലാദുഃഖമായ നാടകം
ഭൂപാലപ്രവാസ ഭൂരിതരമാം
ഭക്ത്യാദരേണാർപ്പിതം

വ്യാപാരാന്തരതാന്തനെങ്കിലുമലം
പാർത്തീടിനേൻ സമ്മദാ-
ക്രപാരത്തിനകത്തു പേർത്തുമധുനാ
കൂത്താടിനേൻ കിഞ്ച ഞാൻ.

ശ്രീ എ. ആർ. രാജരാജവർമ്മ, പുന്നശ്ശേരി നീലകണ്ഠശർമ്മ, കടത്തനാട്ട് പോർളാതിരി ഉദയവർമ്മരാജാ തുടങ്ങിയ പ്രഗത്ഭമതികളുടെ അഭിപ്രായങ്ങളും കൂട്ടത്തിലുണ്ട്. ശ്രീ എ. ആർ. രാജരാജ വർമ്മ എഴുതുന്നു: "ഇയ്യിടെയുണ്ടായ നാടകങ്ങളിൽ ഇതു ചരമമെങ്കിലും പ്രാഥമ്യത്തെ അർഹിക്കുന്നു. സ്വകപോലകല്പിതങ്ങളായ ഭാഷാനാടകങ്ങളിൽ ഇദംപ്രഥമമായ ഒരു ദുരിതനാടകം ഇതുതന്നെയാണെന്നു തോന്നുന്നു." ഇതിൽനിന്നെല്ലാം ഒരു കാര്യം വ്യക്തമാവുന്നുണ്ടല്ലോ: തമ്മിൽത്തമ്മിലറിയാത്തതുകൊണ്ടോ സ്വതന്ത്ര സാമൂഹ്യനാടകങ്ങളില്ലാത്തതുകൊണ്ടോ വന്നു ചേർന്ന ഒരു പിഴവല്ലാ നാടകശതാബ്ദിക്കു കേരളീയ ഭാഷാശാകുന്തളം തിരഞ്ഞെടുത്തതെന്ന്. അതിനു പ്രേരകശക്തിയായി നിന്നതു മറ്റെന്തോ കാരണമായിരിക്കണം.

അന്ന് കോഴിക്കോട്ടെ ഹജൂർ കച്ചേരിക്കടുത്തുള്ള ഒരു ഇരുനിലക്കെട്ടിടത്തിന്നു മുകളിൽ ഒരു നാടകസംഘം പ്രവർത്തിച്ചതായി പറഞ്ഞു കേട്ടിട്ടുണ്ട് കൊയിലാണ്ടിയിൽനിന്നുള്ള ഒരു വക്കീൽ കൃഷ്ണൻനായരായിരുന്നത്രെ അതിനു നേതൃത്വം കൊടുത്തത്. സാരഞ്ജിനീ പരിണയം, സുശീലാദുഃഖം തുടങ്ങിയ നാടകങ്ങൾ ആ

മാളികപ്പുറത്തുവെച്ച് പരിശീലിപ്പിക്കുകയും നാട്ടിന്റെ പല ഭാഗങ്ങളിലായി പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു. അതിൽ പങ്കെടുത്ത പലരും അടുത്തകാലംവരെ ജീവിച്ചിരിപ്പുണ്ടായിരുന്നു. ഒന്നു രണ്ടുപേരെ എനിക്കു തന്നെ നേരിൽ കാണാൻ കഴിഞ്ഞിരുന്നു. വളരെ അവശമായ നിലയിലാണ് കണ്ടത്. അവശ കലാകാരന്മാർക്കു സഹായധനം നല്കുന്നുണ്ടെന്നറിഞ്ഞ് എന്നെ വന്നു കണ്ടതാണ്. ചില സർട്ടിഫിക്കറ്റുകളും പൂരിപ്പിച്ച് കൈയൊപ്പുവെച്ച ഫോറവുമായി വന്ന് ഒരു ശിപാർശക്കത്തു വേണമെന്ന് ആവശ്യപ്പെട്ടു. ശിപാർശയും കത്തുമൊന്നും വേണ്ടാ, അർഹതയുണ്ടെങ്കിൽ കിട്ടുമെന്ന് ഞാൻ പറഞ്ഞു. അവർ അർഹതയുടെ കാര്യം വിവരിക്കാൻ തുടങ്ങിയപ്പോഴാണ് പഴയകാലത്തിന്റെ മഹിമ ഞാൻ മനസ്സിലാക്കിയത്. കലാസപര്യ നടത്തി, അവസാനകാലത്ത് ഒരു നേരത്തെ ആഹാരത്തിനുപോലും വിഷമിക്കുന്ന ആ നല്ലവരായ കലാകാരന്മാരുടെ പേരിൽ സഹതപിക്കയല്ലാതെ എനിക്കെന്തുചെയ്യാൻ കഴിയും? ഫലിക്കില്ലെന്നു പൂർണ്ണബോദ്ധ്യമുണ്ടായിട്ടും ഞാനൊരു കാര്യം ചെയ്തു. അവർ പറഞ്ഞതെല്ലാം അതേപടി എഴുതി ചുവടെ എന്റെ പേരെഴുതി ഒപ്പിട്ട്, ഹരജിയോടൊപ്പം അയയ്ക്കാൻ അവരെ ഏല്പിച്ചു. എന്തൊരു സന്തോഷമായിരുന്നു ആ മുഖത്ത്! കാര്യം സാധിച്ചപോലുള്ള സന്തോഷം. പക്ഷേ, ഒന്നും സാധിക്കാതെ, ഒരു സഹായവും കിട്ടാതെ അവശരായിട്ടുതന്നെ അവർക്കു കണ്ണടയ്ക്കേണ്ടിവന്നു.

ഇവിടെ ഒരു സംഭവം ഓർത്തുപോവുകയാണ്. അവശകലാകാരനെന്ന പേരു വിളിച്ച് സഹായധനം കൊടുക്കുന്ന സമ്പ്രദായത്തോട് അതാരംഭിച്ച കാലം തൊട്ട് എനിക്ക് എതിർപ്പാണ്. ജോലിയിൽ നിന്നു വിരമിക്കുന്ന, മറ്റാരേയും ഇന്നാട്ടിൽ അവശരെന്നു വിളിച്ചുകേട്ടിട്ടില്ല. ചുമട്ടു തൊഴിലാളികളും കർഷകത്തൊഴിലാളികളും കലക്ടർമാരുമെല്ലാം ഇവിടെ ജോലിയിൽനിന്നു വിരമിക്കുന്നു. അതുപോലെ ഇൻസ്പെക്ടർ ജനറൽമാരും ജഡ്ജിമാരും വിരമിക്കുന്നു. അവരിലാരെയെങ്കിലും അവശ കലക്ടറെന്നോ, അവശ ജസ്റ്റിസ്സെന്നോ വിളിച്ചുകേൾക്കാറില്ല. പിന്നെ, കലാകാരനു മാത്രം എന്തിനീ ഓമനപ്പേര്? ധർമ്മം കൊടുക്കാൻ പറ്റില്ലെങ്കിൽ വേണ്ട നായെക്കൊണ്ടു കടിപ്പിക്കാതിരുന്നാൽ മതി. എന്റെ ഈ എതിർപ്പ് ഞാനൊരിക്കൽ മുഖ്യമന്ത്രിയെ അറിയിക്കുകയുണ്ടായി. അന്നദ്ദേഹം മുഖ്യമന്ത്രിയായിരുന്നില്ല. സ്ഥലം ഒരു പ്രസംഗവേദി. അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞു മറ്റുള്ളവർ എന്തു പറയുന്നു എന്നു കേൾക്കാൻ അദ്ദേഹം ക്ഷമയോടെ ഇരിക്കുന്നു. എന്റെ ഊഴം വന്നു. ഞാൻ പ്രസംഗിക്കുന്നതിനിടയിൽ ഒരു സന്ദർഭം. കിട്ടിയപ്പോൾ അവശ കലാകാരൻ പ്രശ്നം പൊക്കിയെടുത്തു. ഞാൻ അദ്ദേഹത്തിന്റെ മുഖത്തു നോക്കി വിനയപൂർവ്വം ചോദിച്ചു:

“സാർ, അങ്ങ് ഒരു കാലത്ത് ഇവിടെ മുഖ്യമന്ത്രിയായിരുന്നല്ലോ?”

“അതെ.” അദ്ദേഹം സന്തോഷത്തോടെ മറുപടി തന്നു. ഞാൻ തുടർന്നു:

“അങ്ങിനിയും മുഖ്യമന്ത്രിയാവുമെന്നാണ് എന്റെ വിശ്വാസം.” അദ്ദേഹം ചിരിച്ചു.

“മുഖ്യമന്ത്രിയായാൽ സാർ, അങ്ങീ അവശപദം എടുത്തുകളയണം. സഹായം എന്തായാലും അതു മാന്യമായി സ്വീകരിക്കാൻ കലാകാരന്മാർക്ക് അവസരമുണ്ടാക്കിക്കൊടുക്കണം.”

അദ്ദേഹം ചിരിച്ചുകൊണ്ടു തന്നെ തലകുലുക്കി. പക്ഷേ, ഇന്നും പത്രങ്ങളിൽ ഔദ്യോഗിക അറിയിപ്പുകൾ വരുമ്പോഴൊക്കെ കലാകാരൻ അവശൻതന്നെ.

പോട്ടെ, അതല്ലല്ലോ പറഞ്ഞു വന്നത്. കോഴിക്കോട്ടെ നാടക പ്രവർത്തനങ്ങളുടെ കാര്യമാണല്ലോ. അതു പൂർണ്ണമാവണമെങ്കിൽ ഇനിയും പല പ്രസ്ഥാനങ്ങളേയും വ്യക്തികളേയും കുറിച്ചു പറയേണ്ടി വരും. ഇതിൽ വ്യക്തികളുടെ കാര്യമാകുമ്പോൾ അടുത്തൊന്നുമവസാനിക്കാത്തവിധം അതു നീണ്ടുപോകും. അതുകൊണ്ട് തൽക്കാലം സ്ഥാപനത്തിലൊതുക്കി നിർത്തിക്കളയാം. മലബാർ ക്രിസ്ത്യൻ കോളേജ് ഒരു കാലത്ത്. കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ വളരെയേറെ മുമ്പോട്ടു പോയിരുന്നു. അതു സഞ്ജയന്റെ കാലമായിരുന്നു. ആ കാലത്തെക്കുറിച്ച് സഞ്ജയന്റെ ശിഷ്യരിലൊരാളായ പ്രൊഫ. എം. പി. ശ്രീധരന് എന്തൊക്കെ, എത്രയൊക്കെ പറഞ്ഞാലും മതിയാവില്ല.

“ഷേക്സ്പിയറോ? സഞ്ജയൻ മാഷെപ്പോലെ മറ്റൊരാൾക്കും അത്ര മനോഹരമായി ഷേക്സ്പിയർ നാടകങ്ങൾ പഠിപ്പിക്കാൻ പറ്റില്ല.”

പ്രൊഫസർ പറഞ്ഞാണ് ആ കാലത്തെപ്പറ്റി പലതും ഞാൻ മനസ്സിലാക്കിയത്. വിദ്യാർത്ഥികളുടെ ഇടയിൽനിന്നു പ്രതിഭാശാലികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ സഞ്ജയൻ അന്ന് പലതും ചെയ്തിരുന്നു. കോളേജ് മാഗസിനിൽ വിഭവങ്ങൾ സമാഹരിക്കുന്നത് പ്രത്യേക രീതിയിലായിരുന്നു. ശിഷ്യഗണങ്ങൾക്കു നല്ല നല്ല വിഷയങ്ങൾ തിരഞ്ഞെടുത്തു കൊടുക്കും. അവരെക്കൊണ്ട് സ്വന്തമായെഴുതിക്കും. പിഴവുകൾ ചൂണ്ടിക്കാട്ടും. പരിഹരിക്കും.

ഒഥല്ലോ പരിഭാഷയുടെ ചില ഭാഗങ്ങൾ കോളേജിൽ അവതരിപ്പിച്ചതും എനിക്കു കാണാൻ കഴിഞ്ഞിട്ടുണ്ട്; അതുപോലെ ‘സഖാവിന്റെ ബ്ലീച്ചും’. അക്കാലത്ത് അതികലശലായ എതിർപ്പും ആക്ഷേപവുമെല്ലാം ആ നാടകത്തിനു സഹിക്കേണ്ടി വന്നിട്ടുണ്ട്. പക്ഷേ, ആസ്വാദകർക്കു ഹരമായിരുന്നു. സഞ്ജയനോടൊപ്പം ഇതിലെല്ലാം സജീവമായി പങ്കെടുത്ത ഒരാളായിരുന്നു ശ്രീ സൂര്യനെഴുത്തച്ഛൻ. സൂര്യൻ മുൻഷിയെന്ന പേരിൽ പരക്കെ അറിയപ്പെട്ടു; സാഹിത്യാസ്വാദകരുടെ ഇടയിൽ ‘സൂർജി’യെന്നും. ‘സഞ്ജയൻ’, ’വിശ്വരൂപം’ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ സൂർജിയെന്ന തൂലികാനാമത്തിൽ ഒട്ടേറെ നർമ്മലേഖനങ്ങൾ അദ്ദേഹം എഴുതിയിരുന്നു. ഒരു മികച്ച സ്റ്റേജ് നടൻ കൂടിയായിരുന്നു സൂര്യൻ മുൻഷി. സഞ്ജയനുശേഷം മുൻഷിയോടൊപ്പം കോളേജിലെ പരിപാടികളിൽ സജീവതാൽപര്യം പ്രകടിപ്പിച്ചത് പ്രൊഫ. ശ്രീധരനായിരുന്നു. പ്രൊഫസർക്കു നാടക കലയോടു കൂടുതൽ അടുപ്പവും ആഭിമുഖ്യവുമുണ്ട്. ആ വഴിക്കു കുറേയേറെ ചിന്തിക്കുകയും പഠിക്കുകയും ചെയ്തിട്ടുണ്ടെന്ന് അടുത്തറിയുന്നവർക്കു മാത്രം മനസ്സിലാവും. പ്രദർശനപരത തീണ്ടാത്ത മനുഷ്യനാണ്.

ക്രിസ്ത്യൻ കോളേജിനെക്കുറിച്ചോർക്കുമ്പോൾ എന്റെ മനസ്സിൽ നിറഞ്ഞു നില്ക്കുന്ന മറ്റൊരു വ്യക്തിയുണ്ട് നല്ല കവിയാണ്. കണ്ടാലതു തോന്നില്ല. തികഞ്ഞ പണ്ഡിതനാണ്. പുറത്തറിയില്ല. ഖദർ ജൂബ്ബയുടെ ഭാരം താങ്ങാൻ വയ്യാത്ത വിധം കൃശമായ ശരീരം. പട്ടണത്തിലെ തിരക്കു കൂടിയ വീഥികളിലൂടെ ഓരം ചേർന്ന് തല ഒരുവശത്തേക്കു ചരിച്ച്, തന്റെ കാൽക്കീഴിൽപ്പെട്ട് ഒരുറുമ്പുപോലും ചതഞ്ഞരഞ്ഞു പോകരുതെന്ന മട്ടിൽ സാവകാശം നടന്നുപോകുന്ന, ശ്രീ ആർ. രാമചന്ദ്രൻ മാസ്റ്ററെ പലരും കണ്ടിട്ടുണ്ടാവും. പക്ഷേ, അതു 'സ്വർണ്ണ'മാണെന്നു മനസ്സിലാക്കിയവർ ചുരുക്കം. ഞാൻ കോഴിക്കോട്ടു താമസമാക്കുമ്പോൾ അദ്ദേഹം ക്രിസ്ത്യൻ കോളേജിലുണ്ട്. അന്നോ ഇന്നോ ആരും അദ്ദേഹത്തെ പ്രൊഫസ്സറെന്നു വിളിച്ച് ഞാൻ, കേട്ടിട്ടില്ല. എല്ലാവർക്കും അദ്ദേഹം രാമചന്ദ്രൻ മാസ്റ്ററാണ്. പഠിക്കാൻ കഴിവില്ലാത്ത പലരേയും സ്വന്തം സമയവും ധനവും ചെലവഴിച്ചു പഠിപ്പിച്ച് അദ്ദേഹം ബിരുദധാരികളാക്കീട്ടുണ്ട്; സ്വന്തം വീട് കോളേജാക്കിട്ടും. അദ്ദേഹത്തിന്റെ ദാനശീലം മുതലെടുത്തു അവിടെവെച്ചു പഠിച്ച് പദവികൾ നേടിയവർ പോലും അദ്ദേഹത്തെ പ്രൊഫസ്സർ എന്നു വിളിച്ചിട്ടില്ല. വിളിക്കാനാർക്കും ധൈര്യമുണ്ടാവില്ല; അതാണു സ്വർണ്ണം; കറകളഞ്ഞ സ്വർണ്ണം. പഴയ ഗുരുകുലത്തെയും സാന്ദീപനിതൊട്ടു മുനിമാരേയും ഓർമ്മിപ്പിക്കുന്ന അദ്ദേഹത്തിന് ഒട്ടേറെ ശിഷ്യന്മാരുണ്ട്. അക്കൂട്ടത്തിൽ അദ്ദേഹമറിയാതെ ഞാനും ഒരു ശിഷ്യനായിട്ടുണ്ട്. എങ്ങനെയെന്നു ചോദിച്ചാൽ, അദ്ദേഹം ക്ഷമിക്കട്ടെ. മനസ്സിന്റെ പീഠത്തിൽ ആദരിച്ചിരുത്തി. അദ്ദേഹത്തെ ഞാൻ ആചാര്യനാക്കിയതാണ്.

— 67 —

# പത്രാതുരത്വം

'ഗൃഹാതുരത്വം' പോലെ 'പത്രാതുരത്വ'മെന്നൊന്നുണ്ടോ? ഉണ്ടെന്നു വേണം വിചാരിക്കാൻ. ആദ്യമായി കണ്ടതും വായിച്ചതും ഏതു പത്രം?' ഈ ചോദ്യത്തിനു മുമ്പിൽ 'മാതൃഭൂമി' പ്രത്യക്ഷപ്പെടുന്നു. എന്താണു വായിച്ചത്, എങ്ങനെ വായിച്ചതെന്നു ചോദിച്ചാൽ അബദ്ധം! എന്തോ വായിച്ചു; എങ്ങനെയോ വായിച്ചു; അത്രതന്നെ. വരികളിലൂടെ കൈവിരൽ സഞ്ചരിക്കുന്നു. പിറകെ കണ്ണും! മുമ്പിൽ പത്രം നിവർന്നു കിടക്കുന്നു: ചൊവ്വാഴ്ചയും വ്യാഴാഴ്ചയും ശനിയാഴ്ചയുമെന്ന ക്രമത്തിൽ ആഴ്ചയിൽ മൂന്നു തവണ പുറത്തുവരുന്ന 'മാതൃഭൂമി പത്രം.' വർഷങ്ങൾക്കുശേഷം ഇന്നു രാവിലെയും മാതൃഭൂമി വായിച്ചു. ഒരിക്കൽ പനിപിടിച്ച്, ഡോ. സി. ബി. സി. വാരിയരുടെ ചികിത്സയിൽ ഏതാനും ദിവസം മെഡിക്കൽ കോളേജിൽ കിടക്കുകയുണ്ടായി. തല പൊക്കാൻ വയ്യാത്തവിധമുള്ള ആ കിടപ്പിലും 'മാതൃഭൂമി' വായിച്ചിട്ടുണ്ട്. കേരളത്തിനു പുറത്തുള്ള ഏതെങ്കിലും പട്ടണത്തിൽ ചെന്നുപെട്ടാൽ ആദ്യത്തെ അന്വേഷണം 'മാതൃഭൂമി' എവിടെ കിട്ടുമെന്നാണ്. അന്വേഷിച്ചന്വേഷിച്ച് കണ്ടെത്തി, സന്തോഷത്തോടെ വാങ്ങിക്കൊണ്ടുവന്നു വായിച്ചുകഴിയുമ്പോഴാണ് പത്രത്തിനു രണ്ടുദിവസത്തെ പഴക്കമുണ്ടെന്നു മനസ്സിലാവുക. എങ്കിലും 'മാതൃഭൂമി' കണ്ടല്ലോ, വായിച്ചല്ലോ എന്ന ആശ്വാസം. ഏതെങ്കിലും ഒരു പത്രത്തിന്റെ പേരിൽ ഇത്തരമൊരു ആതുരത്വം പലർക്കുമുണ്ടാവണമെന്നു ഞാനിപ്പോൾ വിശ്വസിക്കുകയാണ്.

കോഴിക്കോട്ടുനിന്നുതന്നെ പുറപ്പെട്ടിരുന്ന വേറെ രണ്ടു പത്രങ്ങളുടെ പേരും കുട്ടിക്കാലത്ത് ഞാൻ പറഞ്ഞു കേട്ടിരുന്നു: കേരളസഞ്ചാരിയും, കേരളപത്രികയും. പിൽക്കാലത്ത് കേരളപത്രികയുടെ എട്ടാം പേജ് സഞ്ജയന്റെ കേളീരംഗമായിരുന്നു. എട്ടാംപേജിലൂടെ, സാമൂഹ്യ-രാഷ്ട്രീയകാര്യങ്ങളിലെ വൈകല്യങ്ങളെ തുറന്നുകാട്ടി, അതിതീക്ഷ്ണമായ നിലയിൽ സഞ്ജയനന്നു പരിഹസിച്ചിരുന്നു. സഞ്ജയഹാസ്യത്തിന്റെ മാധുര്യവും ലഹരിയും ആസ്വദിക്കാനുള്ള ബദ്ധപ്പാടിൽ, പത്രികയുടെ ഒരു പ്രതി കൈമാറി കൈമാറിയാണ് പലരുമന്നു വായിച്ചുത്. കോഴിക്കോട്ടുനിന്ന് പേരാമ്പ്രയ്ക്കു പോകുന്ന ബസ്സിലെ സഹൃദയനായ ഒരു കണ്ടക്ടർ—

കൃഷ്ണൻനായരെന്നു പേരു്; ഇപ്പോഴില്ല—എനിക്കു പത്രികയുടെ ഒരു പ്രതി മുട ങ്ങാതെ എത്തിച്ചുതരുമായിരുന്നു. പലരും പല രീതിയിൽ പെരുമാറി, പരുക്കും പഴക്കവുമേറ്റ പ്രതിയായിരിക്കും കൈയിൽ കിട്ടുക. എന്നാലും എന്തൊരാഹ്ലാദ മായിരുന്നു. അതു് കൈയിൽ കിട്ടുമ്പോൾ. പത്രികയുടെ എട്ടാംപേജിന്റെ കാ ര്യം പറയുമ്പോൾ, അതുപോലെ മറ്റൊരെണ്ണം ഓർമ്മയിൽ എത്തുകയാണു്; മല യാള മനോരമ ചിത്രവാരിക, അതിലൊരു സ്ഥിരം പംക്തി: 'നേത്രരോഗിയുടെ പം ക്തി.' പംക്തിയുടെ തലക്കുറിപ്പിനു തൊട്ടു്, ഒരു ജലാശയത്തിൽ തലകീഴായി പ്ര ത്യക്ഷപ്പെടുന്ന പ്രകൃതിയുടെ ദൃശ്യമുണ്ടായിരുന്നു. അതിനു കീഴെ നേത്രരോഗിയുടെ ഹാസ്യമാണു്. അതിൽ കമ്പം പിടിച്ചു്, കാശിനു ഗതിയില്ലാത്ത കാലത്തു ഞാൻ വളരെ ക്ലേശിച്ചു ചിത്രവാരികയുടെ വരിക്കാരനായി ചേർന്നിരുന്നു. പിന്നീടു് സാ ക്ഷാൽ ഇ. വി. കൃഷ്ണപിള്ളയാണു് 'നേത്രരോഗി'യെന്നറിഞ്ഞപ്പോൾ, ലോട്ടറിയിൽ ഒരു ബമ്പർ പ്രൈസ് അടിച്ചെടുത്ത സന്തോഷമായിരുന്നു എനിക്കു്. ക്ഷമിക്കണം. അന്നു ലോട്ടറിയും ബമ്പർ പ്രൈസുമൊന്നും പ്രചാരത്തിലില്ലാത്ത കാലമാണെന്ന ബോധത്തിന്നു് ഊനം തട്ടാതെതന്നെ 'ബമ്പർ' പ്രയോഗിച്ചതാണു്. ഇന്നാണല്ലോ ഈ ഓർമ്മക്കുറിപ്പെഴുതുന്നതു്.

'കേരളസഞ്ചാരി' കണ്ടിട്ടില്ലെങ്കിലും വായിച്ചിട്ടില്ലെങ്കിലും എനിക്കതിനോടു് വൈ കാരികമായൊരു ബന്ധമുണ്ടു്. എന്റെ അച്ഛൻ കേരളസഞ്ചാരിയുടെ ഒരു ലേഖക നായിരുന്നു എന്നു പറഞ്ഞുകേട്ടിട്ടുണ്ടു്. ഉറ്റവരെപ്പറ്റിയുള്ള കഥകൾ പറഞ്ഞു കേൾ ക്കാനേ എനിക്കു ഭാഗ്യമുണ്ടായിട്ടുള്ളു. അങ്ങനെ പറഞ്ഞുകേട്ട കഥകളിൽ ഒരെ ണ്ണം മരിച്ചാലും മായാത്തവിധം എന്റെ മനസ്സിൽ കിടപ്പുണ്ടു്. കഥ ഇങ്ങനെയാണ്: എന്റെ അച്ഛൻ ഉദ്യോഗസംബന്ധമായി തൃശ്ശൂരിൽ താമസിക്കുന്നു. അവിടെ ഒരു കുടുംബവുമായി അടുപ്പത്തിലാവുന്നു. ക്രമേണ അതു വിവാഹബന്ധത്തിൽ കലാശി ക്കുന്നു. ആ ബന്ധത്തിൽ അച്ഛനൊരു മകളുണ്ടായി. അച്ഛന്റെ സഹോദരിയാണ് ഈ കഥ എനിക്കു പറഞ്ഞു തന്നതു്. എന്താണ്, എവിടെയാണ്, പേരെന്താണെ ന്നൊന്നും അവർക്കറിഞ്ഞുകൂടായിരുന്നു. ആ കഥ വലിയ ആവേശത്തോടു കൂടിയാ ണു ഞാൻ കേട്ടതു്. എന്റെ സ്വന്തമെന്നു പറയാൻ എനിക്കന്നൊരു ജ്യേഷ്ഠത്തി മാത്രമേ ഉണ്ടായിരുന്നുള്ളു. കൺമുമ്പിലില്ലെങ്കിലും മറ്റൊരു ജ്യേഷ്ഠത്തികൂടി ഉണ്ടെ ന്നറിഞ്ഞപ്പോൾ സഹോദരിമാരും അവരുടെ മക്കളുമായി എനിക്കു വലിയൊരു കു ടുംബമുണ്ടായിത്തീരുമെന്നു് ഞാനാശിച്ചു. അച്ഛൻ പെങ്ങൾ കഥ പറഞ്ഞു തരു മ്പോൾ ആശ്വാസത്തിന്നു് ഒരേയൊരു അടയാളവാക്കാണു പറഞ്ഞു തന്നതു്. തൃശ്ശൂ രിലെ ബന്ധുവീട്ടുകാർ എന്റെ അച്ഛനെ 'പയ്യോളി നായരെ' ന്നാണു് വിളിച്ചിരുന്നതു്. ഈ അടയാളവാക്കു വെച്ചുകൊണ്ടു ആരോടെങ്ങനെ അന്വേഷിച്ചു് എനിക്കെന്റെ സഹോദരിയെ കണ്ടെത്താൻ കഴിയും? സാധ്യമല്ലെന്നു വ്യക്തമായ ബോധമുണ്ടാ യിരുന്നു. എന്നിട്ടും ഞാൻ പലരോടും തിരക്കി.

'എന്നെയും കാട്ടിലുറക്കിക്കിടത്തി നീ,യെന്നുടെ വസ്ത്രത്തിലർദ്ധം മുറിച്ചു കൊ ണ്ടു് അന്തർധാനം ചെയ്തു'തായി വിവരിക്കുന്ന ഏതാനും വരികളുണ്ടല്ലോ നളചരി

തത്തിൽ. ആ വരികൾ ഓർമ്മിക്കുമാറ് എന്റെ അന്വേഷണം തുടർന്നുകൊണ്ടിരുന്നു. ഇതിനിടയിൽ എന്റെ ഏക സഹോദരി അന്വേഷിച്ചാൽ കണ്ടെത്താത്ത സ്ഥലത്തേക്കു യാത്രപറഞ്ഞു പിരിയുകയും ചെയ്തു. പതുക്കെപതുക്കെ ഏകാന്തതയിലേക്കുള്ള ചുവടുവെപ്പ്; അല്ലേ? സന്ന്യാസിമാർ പറയും പോലെ അതിലും കാണുമായിരിക്കും ഒരു സുഖം. ഒരിക്കലും ശുഭപ്രതീക്ഷ കൈമോശം വരരുതല്ലോ. എന്റെ വയസ്സെണ്ണി നോക്കുമ്പോൾ തൃശ്ശൂരിലെ ജ്യേഷ്ഠത്തിയുടെ വാർത്തയ്ക്കു വേണ്ടിയുള്ള കാത്തിരിപ്പ് അർത്ഥശൂന്യമാവുന്നു.

'പത്രാതുരത്വ'മാണല്ലോ പറഞ്ഞു വന്നത്. ഞാൻ മാതൃഭൂമിയിലേക്കു തന്നെ മടങ്ങട്ടെ. അന്ന് പത്രപ്രവർത്തനത്തിന് മഹാത്യാഗമെന്നുകൂടി പേരുണ്ടായിരുന്നു. 'മാതൃഭൂമി'യുടെ നടത്തിപ്പിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വത്തോടു പൊരുതണം. അയിത്തത്തിന്റെപേരിലും അസമത്വത്തിന്റെ പേരിലും വാശിപിടിക്കുന്ന യാഥാസ്ഥിതികത്വത്തോട് തളരാതെ അങ്കംവെട്ടണം. എല്ലാറ്റിനും പുറമെ പത്രപാരായണം ഒരു ശീലമാക്കീട്ടില്ലാത്ത ജനതയ്ക്കിടയിൽ ശക്തിയായ പ്രചാരവേല നടത്തണം. അതിലൂടെ വരിക്കാരെ ഉണ്ടാക്കണം. പത്രത്തിനും സാമ്പത്തിക സ്ഥിരത കൈവരുത്തണം. സാമ്പത്തികസ്ഥിരതയെപ്പറ്റി പറയുമ്പോൾ, അക്കാലത്തു പറഞ്ഞു കേട്ടൊരു കഥ ഓർമ്മവരുന്നു:

ശ്രീ രാവുണ്ണി മേനോനും കേളപ്പജിയും ടി. പി. സി. കിടാവും ചേർന്ന് പത്രം നടത്തുന്ന കാലം. സാമ്പത്തികനില വളരെ മോശമാണ്. വല്ലപ്പോഴും ഉദാരമതികളിൽനിന്നു വരിപ്പണം മണിയോർഡറായി വരും. ചുരുങ്ങിയ സംഖ്യയാണ് കടലാസ്, മഷി, അച്ചുനിരത്തുന്നവർക്കും അടിക്കുന്നവർക്കും പ്രതിഫലം—അങ്ങനെ ചെലവുകളേറെ. വരുമാനം തുച്ഛവും. ഒരു ഓണക്കാലത്താണ് കഥ നടക്കുന്നത്. പൂരാടത്തിൻനാളിൽ. പിറ്റേന്ന് ഉത്രാടമാണ്, ആരുടെ കൈയിലും കാശില്ല." കിടാവിന് വീട്ടിലെത്താനുള്ള വണ്ടിക്കൂലി അന്ന് 6 അണ 3 പൈസ ആണ്. അതുപോലും കൈയിലില്ല. വീടെത്തിയാൽ ഓണം പിന്നെ ഒരു പ്രശ്നമല്ല. കേളപ്പജിക്കാവട്ടെ ഇത്തരം കാര്യങ്ങളിൽ ഒരു നോട്ടവുമില്ല. ഓണവും തിരുവാതിരയുമൊക്കെ സമം. രാജ്യസേവനമാണ് ആഘോഷം. അങ്ങനെയിരിക്കുമ്പോൾ, ഒരു മൂന്നു രൂപ മണിയോർഡർ വരുന്നു. ആയ്! ഓണംതന്നെ തിരുവോണം! മൂന്നുപേരും ചേർന്ന് അതു വീതിച്ചെടുക്കുന്നു. ഒരു രൂപ രാവുണ്ണി മേനോന്, ഒരു രൂപ കിടാവിന്, ഒരു രൂപ കേളപ്പജിക്കും. മി. കിടാവ് റെയിൽവേ സ്റ്റേഷനിലേക്കും ശ്രീ രാവുണ്ണി മേനോൻ വീട്ടിലേക്കും നടന്നു. അല്പം കഴിഞ്ഞ് കേളപ്പജി ഒരു രൂപയും കൈയിൽ വെച്ച് അതിസമ്പന്നനായി നിരത്തിലിറങ്ങുന്നു. അപ്പോൾ കാണാം അകലെനിന്ന് 'എ. കെ. ജി.' ബദ്ധപ്പെട്ടു വരുന്നു. അടുത്തെത്തുന്നതിനുമുമ്പുതന്നെ 'എ. കെ. ജി.' വിളിച്ചുപറയുന്നു:

"കേളപ്പേട്ടാ, വിശന്നിട്ടു വയ്യ. ഉച്ചയ്ക്കാഹാരം കഴിച്ചിട്ടില്ല."

കേളപ്പജി അനിയന്റെ വാക്കിൽ ഒട്ടും പരിഭ്രമിച്ചില്ല. സമ്പന്നനാണല്ലോ. കൈയിൽ ഒരു രൂപയുണ്ടല്ലോ. അവിടെ, ആ വീഥിയിൽവെച്ച്: ഒരു രൂപ അദ്ദേഹം രണ്ടു പേർക്കായി വീതിച്ചു. സന്തോഷം. അന്നതൊക്കെ മതി; സംതൃപ്തിക്ക്. ഒരു പത്രസ്ഥാപനം അന്നത്തെ, ചുറ്റുപാടിൽ, പടുത്തുയർത്തിക്കൊണ്ടുവന്ന്, ജനങ്ങളിൽ ആതുരത്വം സൃഷ്ടിക്കാൻ ആരൊക്കെ ഏതൊക്കെ മട്ടിലുള്ള ത്യാഗം അനുഷ്ഠിച്ചിരിക്കണമെന്ന് ഈ കഥയിൽനിന്നു നമുക്കൂഹിക്കാൻ കഴിയും. ഇത്രയും ഓർക്കുമ്പോൾ മറ്റൊരു വിശിഷ്ട വ്യക്തിയാണെന്റെ മനസ്സിൽ വന്നു നിറയുന്നത്. അന്നത്തെ മാനേജരായിരുന്ന ശ്രീ കൃഷ്ണൻ നായർ. ഉണ്ണാതെ, ഉറങ്ങാതെ 'മാതൃഭൂമി'യുടെ ഉന്നതിക്കു വേണ്ടി പ്രയത്നിച്ച മഹാശയൻ. കാലത്ത് ഉച്ചഭക്ഷണവും സഞ്ചിയിലാക്കി, ഗോവിന്ദപുരത്തു നിന്നു നടന്ന് പുതിയ പാലം കടന്ന് റോബിൻസൺ റോഡിലുള്ള ആപ്പീസിലദ്ദേഹമെത്തുന്നു. മുക്കിലും മൂലയിലുമദ്ദേഹം ചെന്നെത്തുന്നു. ന്യൂനതകൾ കണ്ടെത്തുന്നു; പരിഹാരനടപടികൾ കൈക്കൊള്ളുന്നു.

മറ്റൊരു ചിന്തയില്ല. മറ്റൊരു പ്രവൃത്തിയില്ല. കുടുംബകാര്യങ്ങൾക്കു പോലും ദ്വിതീയ സ്ഥാനമേ അദ്ദേഹം നല്കിയിരുന്നുള്ളൂ. പരിചയക്കാർ ആരെ വഴിക്കുവെച്ചു കണ്ടാലും ചിരിക്കും. നല്ല ഒന്നാന്തരം നിറമുള്ള ചിരിയാണ്. പക്ഷേ, മാതൃഭൂമിയുടെ താല്പര്യത്തിനു വിരുദ്ധമായ ഒരു കാര്യവും അദ്ദേഹം പൊറുപ്പിക്കില്ല. അപ്പോൾ ആ ചിരിക്കു നിറമില്ല; കുറ്റത്തിനു മാപ്പില്ല. ഊണിലും ഉറക്കിലും 'മാതൃഭൂമി'യെന്ന ഒരേ വിചാരം. സദാ മാതൃഭൂമിയുടെ ഉന്നതിക്കു വേണ്ടിയുള്ള പ്രവർത്തനം; അതായിരുന്നു ശ്രീ കൃഷ്ണൻനായർ. അദ്ദേഹത്തിന്റെ ചിരിക്കാണോ, അദ്ദേഹം ധരിക്കുന്ന തുവെള്ള ഖദർവസ്ത്രത്തിനാണോ കൂടുതൽ വെണ്മയെന്ന് ഖണ്ഡിച്ചുപറയാൻ വയ്യ. അദ്ദേഹത്തോടൊപ്പം മാതൃഭൂമിക്കുവേണ്ടി മതിമറന്നു പ്രവത്തിക്കാൻ അതിപ്രഗല്ഭരായ ഏതാനും പ്രവർത്തകരുമന്നുണ്ടായിരുന്നു. ശ്രീ കെ. എ. ദാമോദര മേനോൻ, എം. കെ. രാജ, കുഞ്ഞപ്പേട്ടൻ, പി. കെ. രാമൻ, കെ. എം. ഉണ്ണികൃഷ്ണൻനായർ എന്നിങ്ങനെ പലരും.

ശ്രീ കെ. പി. കേശവമേനോനെ ഒഴിച്ചുനിർത്തി മാതൃഭൂമിയെപ്പറ്റി ചിന്തിക്കാൻ ആർക്കെങ്കിലും കഴിയുമോ? ശ്രീ കേശവമേനോനെ ഞാനറിയും, അദ്ദേഹത്തെ എനിക്കു പരിചയമുണ്ട്, ഞാനദ്ദേഹത്തിന്റെ വീട്ടിൽ പോയിട്ടുണ്ട്, എനിക്കദ്ദേഹം കാപ്പി തന്നിട്ടുണ്ട് എന്നെല്ലാം പറയുന്നതും ഞാൻ എന്നെ വലുതാക്കലാണ്. ചുരുക്കത്തിൽ, ഞാനദ്ദേഹത്തെ നോക്കിക്കണ്ടതും അദ്ദേഹം എന്റെ പേരിൽ ചൊരിഞ്ഞ ദയാവാത്സല്യങ്ങളും ഒരു വല്യമ്മാവന്റെ നിലയിലായിരുന്നു. മാതൃഭൂമിയിൽ വെച്ച് ഞാനദ്ദേഹത്തെ പലവട്ടം കണ്ടിട്ടുണ്ട്. പക്ഷേ, കാഴ്ചയില്ലാത്തതുകൊണ്ട് ഒരിക്കലും അദ്ദേഹമെന്നെ കണ്ടിട്ടില്ല. ശബ്ദത്തിലൂടെ എന്നെ അദ്ദേഹത്തിനറിയാം. അങ്ങനെയിരിക്കുമ്പോഴാണു കണ്ണിനു ശസ്ത്രക്രിയ നടത്താൻ വേണ്ടി അദ്ദേഹം ലണ്ടനിലേക്കു പുറപ്പെട്ടത്. മി. അബ്ദുള്ളയും അബ്ദുറഹിമാനും ചേർന്ന്, കേന്ദ്രകലാസമിതിയുടെ ആഭിമുഖ്യത്തിൽ ഒരു യാത്രയയപ്പു നല്കണമെന്നഭിപ്രായപ്പെട്ടു.

പിന്നെ താമസിച്ചില്ല. അദ്ദേഹത്തെ ചെന്നു കണ്ടു് അനുമതിക്കപേക്ഷിച്ചു. അദ്ദേഹം സന്തോഷത്തോടെ അനുമതി നല്കി. വിഭവ സമൃദ്ധമായ ഒരു യാത്രയയപ്പു സൽക്കാരത്തിനുശേഷം ഞങ്ങളദ്ദേഹത്തിന് യാത്രാമംഗളം നേർന്നു.

കേവലം യാദൃച്ഛികമെന്നു പറയട്ടെ, ഒരു അത്യാവശ്യകാര്യം പ്രമാണിച്ചു് എനിക്കു മദിരാശിയിൽ പോകേണ്ടിവന്നു. സുഹൃത്തുക്കളുമൊത്തു് ഹോട്ടൽ മുറിയിൽ സംസാരിച്ചുകൊണ്ടിരിക്കെ ഒരാൾ പറഞ്ഞു, ശ്രീ കേശവമേനോൻ ശസ്ത്രക്രിയ കഴിഞ്ഞു. മദിരാശിയിൽ തിരിച്ചെത്തിയിട്ടുണ്ടെന്ന്. എവിടെയാണ് കാണാൻ സാധിക്കുകയെന്നന്വേഷിച്ചപ്പോൾ അമിഞ്ചിക്കരയിലുള്ള മാതൃഭൂമി ഓഫീസിലുണ്ടെന്നു മറുപടി കിട്ടി. ശസ്ത്രക്രിയയ്ക്കു ശേഷം കാഴ്ച തിരിച്ചുകിട്ടി ആരോഗ്യവാനായി മടങ്ങിയെത്തിയ അദ്ദേഹത്തെ കാണാനെനിക്കു തിടുക്കമായി. ഞാൻ മാതൃഭൂമി ആപ്പീസിലേക്കു ചെന്നു. അപ്പോൾ അദ്ദേഹത്തിന്റെ സഹോദരൻ ശ്രീ കരുണാകരമേനോൻ അന്നത്തെ തപാലുരുപ്പടികൾ പൊട്ടിച്ചു് ആവശ്യമെന്നു തോന്നിയ കാര്യങ്ങൾ അദ്ദേഹത്തെ വായിച്ചു കേൾപ്പിക്കുകയായിരുന്നു. ഞാൻ ചെന്ന വിവരം ആരോ അദ്ദേഹത്തെ അറിയിച്ചു. ഉടനെ

അദ്ദേഹം സന്തോഷത്തോടെ വിളിക്കുന്നു:

“വരൂ, വരൂ, ഇങ്ങട്ടടുത്തു വരൂ; ശരിക്കൊന്നു കാണട്ടെ.”

ഞാൻ അടുത്തുചെന്നു. ദൈവമേ, അദ്ദേഹം ആദ്യമായി എന്നെ കാണുകയാണല്ലോ. എന്റെ ഹൃദയത്തുടിപ്പു വർദ്ധിച്ചു. അടുത്തു ചെന്ന എന്റെ തോളിൽ പിടിച്ചു് അദ്ദേഹം വാതിലിനു നേർക്കു മാറ്റിനിർത്തി. അവിടെ പടിഞ്ഞാറുനിന്ന് സൂര്യവെളിച്ചം ധാരാളമായി ഊർന്നുവീണിരുന്നു. ആ വെളിച്ചത്തിലദ്ദേഹം എന്നെ സൂക്ഷിച്ചു നോക്കി. അദ്ദേഹം എന്നെ കണ്ടോ? കാണാനിടയില്ല; രണ്ടേരണ്ടു കാരണം കൊണ്ടു്: ഒന്ന്, എനിക്കതിനു ഭാഗ്യമില്ല. മറ്റേതു്, ശസ്ത്രക്രിയകൊണ്ടു് ഗണ്യമായ ഗുണമൊന്നും അദ്ദേഹത്തിനു കിട്ടിയില്ലെന്നു പില്ക്കാലസംഭവങ്ങൾ തെളിയിച്ചതുകൊണ്ടു്. എന്തായാലും അന്നത്തെ ആ രംഗം എന്നിലുളവാക്കിയ അനുഭൂതി അവിസ്മരണീയം തന്നെ.

ഞാൻ നാടകവിഭാഗത്തിൽ പ്രൊഡ്യൂസറായിരുന്നപ്പോൾ ഒരു ദിവസം അദ്ദേഹമെന്നെ വിളിച്ചു് കാണണമെന്നാവശ്യപ്പെട്ടു. ഞാൻ ചെന്നു. അദ്ദേഹത്തിന്റെ മനസ്സിലപ്പോൾ പ്രക്ഷേപണത്തിനു വേണ്ടിയുള്ള ഒരു നാടകം രൂപപ്പെടുകയായിരുന്നു. ‘അസ്തമന’മെന്ന അദ്ദേഹത്തിന്റെ കഥാസമാഹാരത്തിൽനിന്ന് ഒരു കഥ തിരഞ്ഞെടുത്തു വായിക്കാൻ പറഞ്ഞു. വായന കഴിഞ്ഞപ്പോൾ അതിന്റെ നാടകരൂപം വഴിക്കുവഴി അദ്ദേഹം വിവരിക്കുന്നു. അതൊക്കെ ഞാൻ പകർത്തുന്നു. പകർത്തിയതു വായിച്ചുകേൾപ്പിക്കുന്നു. ക്രമമായ തിരുത്തലുകൾ അപ്പപ്പോൾ നടക്കുന്നു. വീണ്ടും എഴുതുന്നു; വായിക്കുന്നു. അങ്ങനെ ആ വലിയ മനസ്സിൽനിന്നും ഒരു നാടകം ഉരുത്തിരിഞ്ഞു വരികയും എന്റെ തൂലികയതു കടലാസിൽ പകർത്തുകയും ചെയ്യുന്നു. എല്ലാം കഴിയുമ്പോൾ പ്രക്ഷേപണ കാര്യത്തിലും കഥാപാത്രങ്ങളെ തിര

ഞ്ഞെടുക്കുന്നതിലുമുള്ള നിർദ്ദേശങ്ങൾകൂടി അദ്ദേഹം നല്കുന്നു. ആരൊക്കെ വേണമെന്ന കാര്യത്തിൽ അദ്ദേഹത്തിനു നിർബ്ബന്ധമുണ്ട്. ആ പേരുകളൊക്കെ അദ്ദേഹം പറയും. പ്രക്ഷേപണത്തിന് അവരെത്തന്നെ വിളിക്കണം. നിർബ്ബന്ധമാണ്. റിഹേഴ്സലിന്റെ ദിവസവും സമയവും മുൻകൂട്ടി അറിയിക്കണം. അറിയിച്ച ദിവസം കൃത്യസമയത്ത് അദ്ദേഹം സ്റ്റുഡിയോവിലെത്തും. റിഹേഴ്സൽ മുഴുവനും ക്ഷമയോടെ കേട്ടിരിക്കും, വേണ്ട നിർദ്ദേശങ്ങൾ തരും. അപ്പോഴൊക്കെ എന്തൊരാവേശമാണന്നോ അദ്ദേഹത്തിന്! പ്രക്ഷേപണം കഴിഞ്ഞാൽ പിറ്റേദിവസം രാവിലെ വിളിക്കും. എന്നിട്ട് ഒരു പ്രോത്സാഹനമെന്ന നിലയിൽ പറയും:

"നന്നായി കേട്ടോ. വളരെ നന്നായി."

അപാരമായ സന്തോഷത്തോടെ ഞാനാ വാക്കുകൾ കേൾക്കും. അദ്ദേഹത്തോടുള്ള സ്നേഹവും ബഹുമാനവും കണക്കില്ലാതെ പെരുപ്പിക്കാനും ആ വലിയ മനസ്സിന്റെ ആഴമളക്കാനും ആ വാക്കുകളെന്നെ പ്രേരിപ്പിക്കും.

ഇതു പറഞ്ഞവസാനിപ്പിക്കാൻ തുടങ്ങുമ്പോൾ കട്ടയാട്ട് കരുണാകരമേനോന്റെ സൈക്കിൾ ചക്രങ്ങൾ എന്റെ മനസ്സിൽ ഉരുളുകയാണ്. അന്നു മാതൃഭൂമിയുടെ പര്യായം പോലെയായിരുന്നു കരുണാകരമേനോൻ. ഏതാപ്പീസിലും എപ്പോഴും, കടന്നുചെല്ലാം. ഏതു വാർത്തയും ചോർത്തിയെടുക്കാം. കലക്ടർ സായ്പ് ഭരിക്കുന്ന ആപ്പീസിൽ ഖദർ ധാരികളെ കാണുന്നേടത്തുവെച്ചു തല്ലിച്ചതയ്ക്കുന്ന കാലത്തും സങ്കോചമെന്യേ കരുണാകരമേനോൻ കേറിച്ചെല്ലും. ആവശ്യമുള്ള കാര്യം അരിച്ചെടുക്കും. ഖദർവസ്ത്രം അദ്ദേഹത്തിന്റെ ജോലിക്കൊരിക്കലും തടസ്സമായിട്ടില്ല, ഏറെപ്പൊക്കമില്ലാത്ത കരുണാകരമേനോൻ സദാ പ്രസരിപ്പുകാരനായിരുന്നു. സൈക്കിളിൽ നിന്നു താഴത്തിറങ്ങിയാൽ ഇടവും വലവും തലവീശി, ധൃതിയിൽ സംസാരിച്ച് ഏതു കുഴഞ്ഞ പ്രശ്നത്തിനും പരിഹാരം നിർദ്ദേശിച്ച് ചിരിച്ചട്ടഹസിച്ചു കടന്നു പോകുന്ന സ്വഭാവമാണ്. മാതൃഭൂമി ആപ്പീസിനകത്തുള്ളവർക്കും പരിചയക്കാരായ ബഹുജനങ്ങൾക്കും എന്തൊക്കെ പ്രശ്നമുണ്ടോ അതൊക്കെ സന്തോഷത്തോടെ പരിഹരിക്കാൻ സദാ സന്നദ്ധനാണ്. അതുകൊണ്ടുതന്നെ വിശ്രമം അദ്ദേഹത്തെ വിട്ടുമാറിക്കഴിയുന്നു. കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ട ദുഃഖമുണ്ടെങ്കിലും ആവേശത്തിന് തളർച്ച ഒരിത്രുപോലുമല്ലാത്ത ശ്രീ കരുണാകര മേനോൻ, എൺപതുകളെ പിന്നിട്ടെങ്കിലും പ്രായത്തെ അവഗണിച്ചു പരമസന്തോഷത്തോടെ ജീവിക്കുന്നു! ആയ കാലത്ത് എല്ലാം എന്തിനുവേണ്ടി സമർപ്പിച്ചുവോ? ആ സ്ഥാപനത്തിന്റെ, മാതൃഭൂമിയുടെ, പുരോഗതിക്കു കാതോർത്തു കഴിയുന്നു!

— 68 —

## തെയ്യന്റെ കുടിലിലെ കുളികെട്ട്

അതൊരു കുംഭമാസത്തിലെ സായാഹ്നമായിരുന്നു. മകരക്കൊയ്ത്തു കഴിഞ്ഞ പാടം. നെൽത്തണ്ടുകൾ കുറ്റിത്താടിപോലെ പരന്നു കിടക്കുന്നു. ചവിട്ടുമ്പോൾ വിനയത്തോടെ ഒതുങ്ങിത്തരുന്ന ഭൂമിയിൽ അപ്പോഴും ഈർപ്പമുണ്ടായിരുന്നു. അകലാപ്പുഴയുടെ തീരത്ത്, പള്ളിക്കരഗ്രാമത്തിലെ 'മടിയാരിത്താഴ' വയലാണ് രംഗം. അവിടെ അനേകമാളുകൾ ഒരു ഉത്സവം കാണാനെന്നവിധം തടിച്ചുകൂടിയിരിക്കുന്നു. 'നാലാംകണ്ട'ത്തിലെ 'തെയ്യ'ന്റെ കുടിലിൽ കുളികെട്ട്. ഹരിജനങ്ങളുടെ കുടിലിൽ പതിവുള്ളൊരു ചടങ്ങാണ് കുളികെട്ട്. ആളുകളെ ആകർഷിക്കാനുള്ള മേന്മയൊന്നും അതിനില്ല. പക്ഷേ, ഇന്നു തെയ്യന്റെ കുടിലിലെ കുളികെട്ടു പതിവില്ലാത്തവിധം ജനങ്ങളെ ആകർഷിച്ചിരിക്കുന്നു. കുടിലിനു ചുറ്റും വലിയ പന്തലുണ്ട്. പന്തലിനകത്ത്, അടുത്തും അകലത്തുമുള്ള ഹരിജന കുടുംബങ്ങൾ എത്തിച്ചേർന്നിട്ടുണ്ട്. എത്തിച്ചേർന്നവർക്കു വിഭവസമൃദ്ധമായ സദ്യ ഒരുങ്ങുകയാണ്. എരിശ്ശേരിയുടേയും പുളിശ്ശേരിയുടേയും പപ്പടം കാച്ചുന്നതിന്റേയും സുഖകരമായ ഗന്ധം കാറ്റിലൂടെ പരക്കാൻ തുടങ്ങുന്നു. ദേഹണ്ഡക്കാരുടെ വിളിയും തെളിയും മുഴങ്ങുന്നു. വിഭവങ്ങൾ പലതും പലവഴി വന്നു ചേരുന്നു.

സന്ധ്യ മയങ്ങിയപ്പോൾ നക്ഷത്രങ്ങൾക്കൊപ്പം തെയ്യന്റെ കുടിലിലും ചുറ്റിലും ഗ്യാസ് ലൈറ്റുകൾ കണ്ണിഴിക്കുന്നു. ഡസൻ കണക്കിൽ രാവു പകലാവും വിധം വെളിച്ചം പരക്കുന്നു. പലവഴി കൈത്തോടുകൾപോലെ ജനം പാടത്തേക്കൊഴുകിവീഴുന്നു. മഹാത്ഭുതം കണ്ട് ആൾക്കൂട്ടത്തിൽ വന്നുപെട്ട യാഥാസ്ഥിതികരുടെ നെറ്റി ചുളിയുന്നു.

"ഇതെല്ലാം ആ കേളപ്പൻനായരുടെ പണിയാ. തീണ്ടലും കുളിയുമില്ലാത്ത മനുഷ്യൻ."

ഒരു കാർന്നോപ്പാടു കാർക്കിച്ചു തുപ്പി.

"തന്നെ—തന്നെ. അയാളീ നാടു മുടിക്കും."

അടുത്തു നിന്ന ഒരു 'നായരിൽശുദ്ധൻ' ഏറ്റുപാടി. അതെ, പറഞ്ഞതു വിവരക്കേടാണെങ്കിലും അതിൽ സത്യമുണ്ടായിരുന്നു. പണി കേളപ്പൻനായരുടേതുതന്നെ. അദ്ദേഹത്തിന്റെ പേരിനു പിറകെയുണ്ടായിരുന്ന 'നായർവാൽ' വെട്ടിക്കളഞ്ഞതു കാർണോപ്പാടന്മാർക്കറിയില്ലായിരുന്നു. കേളപ്പജിയുടെ മനുഷ്യസ്നേഹവും ആദർശശുദ്ധിയും ജനസ്വാധീനവും കണ്ടറിയാനുള്ള ശേഷിയും അവർക്കില്ലായിരുന്നു. തെയ്യൻ കുടിലിലെ. കുളികെട്ട് ഒരു ചരിത്രസംഭവമാക്കിയതു കേളപ്പജിയുടെ കരുത്തും വാശിയുമായിരുന്നു. സംഭവത്തിന്റെ ചുരുക്കം ഇങ്ങനെയാണ്:

'പുത്തലത്തും', 'മടിയാരി'യുമെന്ന രണ്ടു നായർതറവാടുകൾ. അന്നു ഹരിജനങ്ങളില്ല. 'ചെറുമക്കളാ'ണ്. 'ചെറുമക്കളെ' തറവാട്ടുകാർ അടിമകളാക്കി വീതിച്ചെടുക്കുകയാണു പതിവ്. തറവാടിന്റെ കീഴിലുള്ള പാടത്തവർ എന്നും പണിയെടുത്തോളണം. എവിടെനിന്നെങ്കിലും ഒരു തുണ്ടം മുളയും നാലുമടൽ ഓലയും യാചിച്ചുവാങ്ങി പാടത്തുതന്നെ ഒരു കൂര കുത്തിമറച്ചുണ്ടാക്കി അവിടെ കഴിഞ്ഞോളണം. തറവാട്ടുവക ജോലിയില്ലെങ്കിൽ പട്ടിണി കിടന്നോളണം. മറ്റൊരാളുടെ ജോലിക്കു പോകാൻ പാടില്ല. അടിമയല്ലേ, സ്വന്തമായ താൽപര്യങ്ങൾ പാടുണ്ടോ? തല്ലിയാൽ കൊള്ളണം. കരയാൻ പാടില്ല. പാടത്തിന്റെ കരയ്ക്കു കയറി സഞ്ചരിച്ചുകൂടാ. തമ്പുരാക്കന്മാരെങ്ങാനും. അയിത്തമായാലോ! 'തള്ള വാലാട്ടുമിടം പൂച്ചക്കുട്ടികൾക്കില്ലത്തിൻ പടിഞ്ഞാറ്റ നമ്പൂരിമടവാർക്കു'മെന്നു കേട്ടിട്ടില്ലേ? അതുപോലെ ചെറുമക്കളുടെ ലോകം ചളിപ്പാടം. അതിനപ്പുറം അവർക്കൊരു ലോകമില്ല. എന്തിനും തമ്പുരാന്റെ സമ്മതം വേണം. വിവാഹത്തിനായാലും പുളികുടിക്കായാലും ശവസംസ്കാരത്തിനായാലും കുളികെട്ടിനായാലും തമ്പുരാനു വെറ്റിലയും പുകയിലയും വെച്ച് അനുമതി വാങ്ങണം. ഈ വെറ്റില വെക്കലിന്റെ പേരിലാണ് 'നാലാം കണ്ടത്തിലെ തെയ്യ'ന്റെ കാര്യത്തിലൊരു തർക്കമുണ്ടായത്. വെറ്റില വെക്കേണ്ടത് 'മടിയാരി'യാണെന്ന് അവിടത്തെ തമ്പുരാൻ, അല്ലാ, 'പുത്തലത്താണെ'ന്ന് അവിടത്തെ തമ്പുരാൻ. തെയ്യൻ വലഞ്ഞു. പുത്തലത്തെ കല്പനയ്ക്കാണ്, ശക്തി കൂടുതൽ. പക്ഷേ, മടിയാരി വിട്ടുകൊടുക്കാനൊരുക്കമില്ല. വാശി മൂത്തു. പാവപ്പെട്ട തെയ്യൻ നടുക്കു നിന്നാടി. ഒടുവിൽ മടിയാരിതമ്പുരാനുതന്നെ വെറ്റിലവെച്ചുകളയാമെന്നു തെയ്യൻ തീരുമാനമെടുക്കുന്നു. വെറ്റിലവെച്ചു കുളികെട്ടിന് അനുമതി വാങ്ങുന്നു. വാർത്ത കേട്ടു പുത്തലത്തെ തമ്പുരാനരിശം. നടക്കില്ലാ; എന്തുചെയ്തും കുളികെട്ടു മുടക്കുമെന്നു തമ്പുരാൻ ശപഥം ചെയ്തു. പ്രാബല്യത്തിൽ അല്പം മുൻതൂക്കമുള്ളതു പുത്തലത്താണ്. അവിടത്തെ തമ്പുരാൻ വിചാരിച്ചാൽ എന്തും നടക്കും. തെയ്യന്റെ കുടിൽ കത്തിച്ചുകളയാനോ തെയ്യനെ തല്ലിക്കൊല്ലാനോ അദ്ദേഹം വിചാരിച്ചാൽ കഴിയും. 'മടിയാരി' മുട്ടുമടക്കാൻ തയ്യാറില്ല. സമാധാനരക്ഷയ്ക്കു വേണ്ടി തുക്കിക്കും പോലീസിനുമൊക്കെ അപേക്ഷ കൊടുത്തു. അതെല്ലാം കൊടുത്തെങ്കിലും മാനം രക്ഷിക്കാൻ പറ്റുമെന്ന വിശ്വാസം തീരെ ഇല്ലാത്തതുകൊണ്ട് അറ്റകൈയ്ക്കു കേളപ്പജിയുടെ സഹായം തേടാമെന്നുവെച്ചു. സഹായിക്കാൻ കേളപ്പജിക്കു വിരോധമില്ല.

ഹരിജനങ്ങളുടെ കാര്യമല്ലേ, അതിന്റെ പേരിൽ യാഥാസ്ഥിതികരോടൊരു കൈ നോക്കുന്നതും അവരെ തോല്പിക്കുന്നതും രസമുള്ള കാര്യമാണ്. അദ്ദേഹം ഒരു നിബന്ധന വെച്ചു. അയിത്തം ഉപേക്ഷിക്കണം. നിങ്ങളുടെ സ്കൂളിൽ ഹരിജൻ കുട്ടികളെ ചേർത്താൽ നിങ്ങൾ വഴക്കുണ്ടാക്കുകയും നിങ്ങളുടെ കുട്ടികളെ സ്കൂളിൽനിന്നും പിൻവലിക്കുകയും, അരുത്. സമ്മതമാണെങ്കിൽ സഹായിക്കാം. അതായിരുന്നു കേളപ്പജിയുടെ നിബന്ധന. ഗത്യന്തരമില്ലാത്തതുകൊണ്ട് അപേക്ഷകർ വഴങ്ങി.

ദ്രുതഗതിയിലാണു പിന്നെ കാര്യങ്ങൾ നീങ്ങിയത്. ദേശത്തിനു പുറത്തുനിന്ന് ഹരിജനങ്ങളെ പലരേയും ക്ഷണിക്കാൻ തീരുമാനിച്ചു. അവരെ കൊണ്ടുവരാനും അവരുടെ ചെലവു വഹിക്കാനും തീരുമാനിച്ചു. അന്നു കേട്ടുകേൾവിപോലുമില്ലാത്ത സ്പോൺസർ സമ്പ്രദായമാണ് കേളപ്പജി അതിനു സ്വീകരിച്ചത്. ഇരിങ്ങൽനിന്നു കുറെയധികം ഹരിജനങ്ങളെ സംഘടിപ്പിച്ചയയ്ക്കാനുള്ള ഉത്തരവാദിത്വം അവിടത്തെ അധികാരിയെ ഏല്പിച്ചു. നല്ല ജനസ്വാധീനവും ഉൽപതിഷ്ണുത്വവുമുള്ള ആളായിരുന്നു അന്നത്തെ ഇരിങ്ങൽ അധികാരി. അതുപോല മേപ്പയ്യൂരിൽനിന്ന് ഹരിജനങ്ങളെ ഒരുക്കി അയയ്ക്കാനുള്ള ചുമതല കുത്താളി അപ്പുക്കുട്ടി നമ്പ്യാരെ ഏല്പിച്ചു. പോലീസ് അധികാരികളെ കേളപ്പജിതന്നെ ചെന്നു നേരിൽക്കണ്ടു വിവരം ധരിപ്പിച്ചു. സംഗതി, ഗൗരവമുള്ളതാണെന്നും നിസ്സഹായരായ, ഹരിജനങ്ങളെ തല്ലാനും കൊല്ലാനും ഒരുങ്ങിയവരെ നിലയ്ക്കു നിർത്തേണ്ടതും പാവങ്ങളെ രക്ഷിക്കേണ്ടതും പോലീസിന്റെ ചുമതലയാണെന്നും ബോധ്യപ്പെടുത്തി.

ആഘോഷച്ചടങ്ങുകളെക്കുറിച്ചുള്ള ആലോചനയാണു പിന്നെ. പുറമെനിന്നു വരുന്ന ഹരിജനങ്ങൾക്കും അവരോടൊപ്പമുള്ള 'തുടി'ക്കാർക്കും വിഭവസമൃദ്ധമായ സദ്യ കൊടുക്കണം. സദ്യവട്ടങ്ങളൊരുക്കാൻ ദേഹണ്ഡക്കാരായിട്ട്, നായന്മാർതന്നെ വേണം. പരിപ്പ്, നെയ്യ്, വലിയ പപ്പടംതൊട്ട് പാലടപ്രഥമൻവരെ ഒരിനവും ഒഴിച്ചു വിടാൻ പാടില്ല. സമ്പൂർണ്ണസദ്യയായിരിക്കണം. പിന്നെ കുളികെട്ടു ദിവസം വൈകീട്ട് ഒരു മഹാസമ്മേളനം ചേരണം. പ്രസംഗിക്കാൻ നേതാക്കന്മാരെ ക്ഷണിക്കണം. പന്തലിടണം, ഗ്യാസ് ലൈറ്റുകൾ വേണം. 'മടിയാരി' കാരണവർ ശ്രീ രൈരപ്പൻനായർ എന്തിനും തയ്യാർ. എന്തു ചെലവുചെയ്യാനും ഒരുക്കം. ഒരു ചാക്ക് അരിക്ക് നാലര ഉറുപ്പിക വിലയാണ് ഒരു തുലാം ശർക്കരയ്ക്ക് നാലു ഉറുപ്പികയും. അതു പോലെ മറ്റെല്ലാ വസ്തുക്കൾക്കും വിലക്കുറവ്. കുളികെട്ടിനു ചെലവഴിച്ച സംഖ്യയുടെ വ്യക്തമായ കണക്ക്, കാരണവർ എഴുതി വെച്ചത് ഇന്നും കേടുവരാതെ കിടപ്പുണ്ട്, ഒരു ചരിത്ര രേഖയായി. കാര്യങ്ങളുടെ നടത്തിപ്പിനു മുൻനിന്നു പ്രവർത്തിക്കാൻ കേളപ്പജിയോടൊപ്പം ശ്രീ ഇ. സി. കുഞ്ഞിക്കണ്ണൻ നമ്പ്യാരും പി. ടി. കുഞ്ഞനന്തൻ നായരും ഉണ്ടായിരുന്നു. പിന്നെ ഒട്ടനേകം യുവജനങ്ങളും.

കുളികെട്ടു ദിവസം പുലർന്നു. നാട്ടുനീളെ കിംവദന്തികൾ പരന്നു. തെയ്യന്റെ കുടിൽ തീയെരിക്കും. തെയ്യനേയും കുടുംബത്തേയും തല്ലിക്കൊല്ലും. തടിമിടുക്കുള്ള പോക്കിരികൾ തയ്യാറെടുത്തു നില്പുണ്ട്. ജനം അമ്പരന്നു. നേരം വൈകുന്തോറും അമ്പരപ്പിന് ആക്കം കൂടി.

ഒരു വലിയ ലഹള നടക്കാൻ പോകുന്നു. കണ്ടാൽ വേണ്ടില്ലെന്ന എല്ലാവർക്കും മോഹം. പക്ഷേ, എങ്ങനെ പോകും? തല്ല് കൂട്ടത്തല്ലായാലോ? സാരമില്ല. അകന്നു നില്ക്കാം. തല്ല തുടങ്ങുമ്പോൾ ഓടി രക്ഷപ്പെടാം. സന്ധ്യയ്ക്ക മുമ്പ പോലീസുകാർ സ്ഥലത്തെത്തി, സമാധാന രക്ഷയുടെ പേരിൽ. സന്ധ്യയോടെ വിളക്കുകൾ തെളിഞ്ഞു. തെയ്യന്റെ ഭാഗ്യംപോലെ. കേളപ്പജിയുടെ നേതൃത്വത്തിൽ നേതാക്കന്മാർ വന്നു ചേർന്നു; ആശ്വാസത്തിന്റെ ഇളം കാറ്റുപോലെ. മന്നത്തു പദ്മനാഭൻ, സ്വാമി ആനന്ദതീർത്ഥൻ, ശ്രീ സി. കുട്ടൻനായർ, കേശവപുലയനാർ.

പന്തലിൽ സദ്യയുടെ ബഹളം. ബഹളം കഴിഞ്ഞു തുടികൾ ഗർജ്ജിച്ചു. ഒപ്പം യാഥാസ്ഥിതികരുടെ ഹൃദയമിടിപ്പും. സമ്മേളനത്തിന്റെ ആരംഭം. അനീതിക്കെതിരെ, അന്യായത്തിനെതിരെ, അസമത്വത്തിനെതിരെ, അയിത്തത്തിനെതിരെ. പുരാണേതിഹാസങ്ങളിൽ നിന്നും വേദോപനിഷത്തുകളിൽ നിന്നും ഉദ്ധരണികൾ നിരത്തിക്കൊണ്ട് വിസ്മയജനകമാം വിധം നേതാക്കന്മാർ പ്രസംഗിച്ചു. ആയിരക്കണക്കിനുള്ള ഗ്രാമീണർക്ക് അതൊരു പുതിയ അനുഭവമായിരുന്നു. രാത്രി വളരെ വൈകുവോളം ഈറൻപാടത്തു ചടഞ്ഞിരുന്നു ജനം പ്രസംഗങ്ങൾ ശ്രദ്ധിച്ചു. ഒന്നും സംഭവിച്ചില്ല. ലഹളയ്ക്കാരും വന്നില്ല, കൊല്ലും കൊലയും തീവെപ്പും നടന്നില്ല. എല്ലാം കഴിഞ്ഞു. ജനം ശാന്തരായി തിരിച്ചുപോകുമ്പോൾ അവരുടെ കാൽക്കീഴിൽ കിടന്ന് അയിത്തമെന്ന ദുരാചാരം പിടയുകയായിരുന്നു.

സാമി ആനന്ദതീർത്ഥൻ! ജീവിതകാലം മുഴുവനും അവശരും ആലംബഹീനരുമായ ജനങ്ങൾക്കുവേണ്ടി പ്രയത്നിച്ച മഹാനായ മനുഷ്യസ്നേഹി, കലാശാലയിൽ നിന്നു ഉന്നത ബിരുദം നേടി പുറത്തിറങ്ങി നേരെ നടന്നു ചെന്നത് ജനമദ്ധ്യത്തിലേക്കാണ് എവിടെ ഗദ്ഗദമുയരുന്നോ അവിടെ ആശ്വസിപ്പിച്ചു തലോടാൻ സ്വാമിജിയുടെ കൈകളെത്തും. നഗ്നപാദനായി ഗ്രാമഗ്രാമാന്തരങ്ങളിൽ സഞ്ചരിച്ച് അവശരുടെ കണ്ണീരൊപ്പിയും അവരുടെ കൈപിടിച്ചുയർത്തിയും കഴിയുന്ന കാലത്തൊരു ദിവസം അദ്ദേഹം ആ ഷോട്ടിൽ വന്നുചേരുന്നു. അയിത്തോച്ചാടന പ്രവർത്തനത്തോടൊപ്പം ഹിന്ദി പ്രചാരവും അദ്ദേഹത്തിന്റെ പരിപാടികളിലുൾപ്പെട്ടിരുന്നു. തൃക്കോട്ടൂർ ബോർഡ് സ്കൂളിൽ അദ്ദേഹം ഒരു ഹിന്ദി ക്ലാസ് ആരംഭിച്ചു. ഞങ്ങൾ കുറേപ്പേർ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചു. ഗാന്ധി-ഇർവിൻ സന്ധി കാലമായിരുന്നു അത്. എവിടെനിന്നു വരുന്നെന്നറിയില്ല, എന്നും വൈകീട്ട് കൃത്യമായി അദ്ദേഹം ക്ലാസ്സിലെത്തും. സൗമ്യമായ പെരുമാറ്റം. വളരെ പതിഞ്ഞ, മന്ത്രോച്ചാരണം പോലുള്ള സംസാരം. ശിഷ്യഗണത്തിൽ ഞാനൊരുത്തനേ കുട്ടിയായിരുന്നുള്ളു. മറ്റുള്ളവരൊക്കെ തികഞ്ഞ യുവാക്കൾ. അവർക്കിടയിൽ ആകാരം കൊണ്ട് സ്വാമിജി ഒരു എളിയ ശിഷ്യനെപ്പോലെ വർത്തിച്ചു. അങ്ങനെ ഹിന്ദിപഠനം മുറയ്ക്കു നടക്കുന്നതിനിടയിൽ ഒരു നാൾ സ്വാമിജി ക്ലാസ്സിലെത്തിയില്ല. ഏറെനേരം കാത്തിരുന്നു ഞങ്ങൾ പിരിഞ്ഞു. വരാൻ പറ്റില്ലെങ്കിൽ സ്വാമിജി മുൻകൂട്ടി വിവരമറിയിക്കുമായിരുന്നു. അത്രയ്ക്കുണ്ട് കൃത്യനിഷ്ഠ. അന്നതുണ്ടായില്ല.

പിറ്റേന്നു രാവിലെയാണു വിവരമറിയുന്നത്. അദ്ദേഹം കീഴൂർ തെരുവിലുള്ള ഒരു ക്ഷേത്രത്തിൽ രണ്ടു ഹരിജൻ കുട്ടികളെയും കൂട്ടി ദർശനത്തിനു ചെന്നു. ക്ഷേത്രഭാരവാഹികൾക്കു സഹിച്ചില്ല. അവർ സാമിജിയെയും കുട്ടികളെയും പൊതിരെ തല്ലി. സ്വാമിജിയുടെ ജീവിതത്തിൽ അങ്ങനെ എത്രയെത്ര മർദ്ദനങ്ങൾ! എന്തൊക്കെ വിഷമങ്ങൾ അവസാനകാലംവരെ, സ്വാമിജി അനീതിക്കെതിരെ ശബ്ദമുയർത്തുകയും പടവെട്ടുകയും ചെയ്തു. മിക്കവാറും ഏകനായിത്തന്നെ. പിന്തുടരാനും സഹായിക്കാനും ആളുകളുണ്ടോ എന്ന് ഒരിക്കലും സ്വാമിജി തിരിഞ്ഞു നോക്കിയില്ല. "ത്യാഗമെന്നതേ നേട്ടം താഴ്മതാനഭ്യുന്നതി, യോഗവിത്തേവം ജയിക്കുന്നിതെൻ ഗുരുനാഥൻ."

സ്വാമിജിയെ അവസാനമായി കാണുന്നത് പയ്യന്നൂരിലെ ആശ്രമത്തിൽ വെച്ചാണ്. അസുഖം ബാധിച്ച കിടപ്പാണെന്നറിഞ്ഞു കാണാൻ ചെന്നതായിരുന്നു. അദ്ദേഹം അകത്തു കിടക്കുകയായിരുന്നു. സന്ദർശകർ വന്ന വിവരമറിയിച്ചപ്പോൾ ഒട്ടും വയ്യെങ്കിലും അദ്ദേഹം പുറത്തേക്കു വന്നു. പരസഹായം കൂടാതെ നടക്കാൻ വളരെയധികം ക്ലേശിക്കുന്നതായി തോന്നി. ആളെ തിരിച്ചറിയാനുള്ള ശക്തിപോലും അദ്ദേഹത്തിനു നഷ്ടപ്പെട്ടിരുന്നു. ഞങ്ങൾ ഭക്തിപൂർവ്വം തൊഴുതു വിട വാങ്ങി. അത് അവസാനക്കാഴ്ചയായിരുന്നു. തന്റെ സാന്നിദ്ധ്യമുള്ളേടത്തൊക്കെ ശാന്തിയുടെ, സമാധാനത്തിന്റെ സന്ദേശം പ്രചരിപ്പിച്ചു കൊണ്ട്, താങ്ങും തണലുമില്ലാതെ കഷ്ടപ്പാടിന്റെ കൂരിരുളിൽ കഴിയുന്ന പാവങ്ങൾക്ക് ആശ്വാസത്തിന്റെ കൈത്തിരി വെളിച്ചം കാണിച്ചുകൊണ്ട് ഈ മണ്ണിലൂടെ കടന്നുപോയ വലിയൊരു മനുഷ്യസ്നേഹി! എക്കാലത്തും ഓർക്കേണ്ടൊരു പേര്: സ്വാമി ആനന്ദ തീർത്ഥൻ!

— 69 —

## നിഷ്പക്ഷനിരൂപണവും ഗുളികായുദ്ധവും

'ഋഷിപ്രസാദം'—ശ്രീ കുട്ടികൃഷ്ണ മാരാരുടെ ഭവനം. ശങ്കിച്ചു ശങ്കിച്ചാണ് പടികയറിയത്. ധർമ്മപത്നിയുടെ ദേഹവിയോഗത്തിൽ മനം നൊന്തു കഴിയുന്ന ശ്രീ മാരാരെ എങ്ങനെ സമീപിക്കണം; എന്തു പറയണമെന്ന വിചാരമായിരുന്നു എനിക്ക്, കാലൊച്ച കേൾപ്പിക്കാതെ വരാന്തയിൽ കയറി. ഉമ്മറവാതിലിനു നേർക്ക് അപ്പുറത്തുള്ള മുറിയിൽ, തുറന്നിട്ട ജാലകത്തിലൂടെ തെക്കോട്ടു നോക്കി നില്ക്കുകയാണദ്ദേഹം. മുറിയിൽ എന്റെ നിഴൽ വീണതു കണ്ടിട്ടോ എന്തോ അദ്ദേഹം തിരിഞ്ഞു നോക്കി. സാവകാശം എന്റെ സമീപത്തേക്കു വന്നു. വേദനയും ക്ഷീണവും. കരിവാളിപ്പുകയറിയ കൺതടം. നനവാർന്ന കൺപീലി. നിമിഷങ്ങളോളം ഒന്നും മിണ്ടാതെ എന്റെ മുഖത്തു തറപ്പിച്ചു നോക്കി അദ്ദേഹം നിന്നു. പിന്നെ, ആരോടെന്നില്ലാതെ തളർന്ന സ്വരത്തിൽ പറഞ്ഞു:

"വിശക്കുമ്പോൾ ഇവിടെ എല്ലാവരും ഭക്ഷണം കഴിക്കുക, ഒരാൾ മാത്രം ഒരു തുള്ളി വെള്ളം പോലും കഴിക്കാൻ വയ്യാതെ കിടക്കുക."

അവസാനനാളുകളിൽ തന്റെ ജീവിതസർവ്വസ്വം അനുഭവിച്ച യാതനകളെക്കുറിച്ച് ഓർക്കുകയായിരുന്നു അദ്ദേഹം. ആരേയും ഉദ്ദേശിച്ചല്ലാതെ, ആർക്കും കേൾക്കാൻവേണ്ടിയല്ലാതെ, അപ്പോൾ ചില വാക്കുകൾ രൂപംകൊള്ളുന്നുവെന്നു മാത്രം. ദീനതയുടെ മുഴപ്പുള്ള ആ വാക്കുകൾ കേട്ടുകൊണ്ടു ഞാൻ മിണ്ടാതെ നിന്നു. എല്ലാം അറിയുന്ന, അറിഞ്ഞ കാര്യങ്ങൾ മറ്റുള്ളവരെ ശക്തിയായ ഭാഷയിൽ പഠിപ്പിക്കുന്ന, അദ്ദേഹത്തെ ആശ്വസിപ്പിക്കാനും ഉപദേശിക്കാനും ഞാനാര്? ആ രംഗം കഴിഞ്ഞിട്ടു കാലം കുറെയായെങ്കിലും അദ്ദേഹത്തെ കണ്ടതും പരിചയപ്പെട്ടതുമായ കാര്യങ്ങൾ ഞാനിപ്പോൾ ഓർത്തുപോവുകയാണ്. ഒരു അതൃപ്തിയോടെയാണ് തുടക്കം. മാതൃഭൂമി വിശേഷാൽ പ്രതിയിൽ ഒരു ലേഖനം പ്രത്യക്ഷപ്പെടുന്നു: 'രാമന്റെ ഏകപത്നീവ്രതം.' മാരാരുടെ പടം ആദ്യമായി കാണുന്നത് ആ ലേഖനത്തോടൊപ്പമാണ് ലേഖനം എനിക്കിഷ്ടമായില്ല. അതു വായിച്ചതോടെ ആൾ അല്പം പിശകാണെന്ന തോന്നലുണ്ടായി. ചിലരോടൊക്കെ ഞാനതു പറയുകയും ചെയ്തു.

കുറേ കഴിഞ്ഞ്, ഒരുദിവസം കുഞ്ഞപ്പേട്ടന്റെ വീട്ടിലിരുന്നു സംസാരിക്കുകയാണ്. ആരൊക്കെയോ വേറെയും ചിലരുണ്ടായിരുന്നു. അപ്പോൾ അവിടെ എങ്ങനെയെന്നോർക്കുന്നില്ലാ, മാരാർ സംസാരവിഷയമായി. ഇതുതന്നെ അവസരമെന്നു കരുതി ഞാനെന്റെ അഭിപ്രായം ഒരു വലിയ കണ്ടുപിടുത്തമെന്ന നിലയിൽ അവതരിപ്പിച്ചു. അല്പജ്ഞതയ്ക്ക് അങ്ങനെ ചില എടുത്തുചാട്ടമുണ്ടല്ലോ. ഉടനെ കുഞ്ഞപ്പേട്ടൻ എന്നെ വിലക്കി, മാരാരെപ്പറ്റി ഒരു ലഘുപ്രഭാഷണം നടത്തി. അത്ര ആവേശത്തോടുകൂടി ഒരു കാര്യവും കുഞ്ഞപ്പേട്ടൻ അതിനു മുമ്പോ പിമ്പോ പറഞ്ഞു ഞാൻ കേട്ടിട്ടില്ല. ഞാൻ കീഴടങ്ങി. അഭിപ്രായം മുഴുവനും മാറ്റി. പറഞ്ഞതു കുഞ്ഞപ്പേട്ടനാണല്ലോ, മാറ്റാതെ നിവൃത്തിയില്ല. ആരെയും കുറ്റപ്പെടുത്തി സംസാരിക്കുന്ന ആളല്ല കുഞ്ഞപ്പേട്ടൻ; അതുപോലെ അതിസ്തുതിയും അദ്ദേഹത്തിനു വശമല്ല.

അന്നുമുതൽ മാരാരെ കാണണം, പരിചയപ്പെടണമെന്ന മോഹം കലശലായി. അദ്ദേഹത്തിനു മാതൃഭൂമിയിലാണു ജോലിയെന്നറിയാം എങ്കിലും താമസസ്ഥലത്തു ചെന്നു കാണുന്നതാണു ഭംഗിയെന്നു കരുതി. അന്നു കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ കോഴിക്കോടു ബ്രാഞ്ചിലാണ് അദ്ദേഹം താമസിക്കുന്നത്. ഒരുദിവസം വൈകീട്ട് വൈദ്യശാലയിൽ ചെന്നു. അന്വേഷിച്ച് കണ്ടെത്തി. സംസാരിച്ചുതുടങ്ങിയപ്പോൾ എന്റെ കാര്യങ്ങൾ പലതും അദ്ദേഹത്തിനറിയാമെന്നു മനസ്സിലായി.

“മകളെങ്ങനെയിരിക്കുന്നു; സുഖമല്ലേ?”

ഇടയിൽ അങ്ങനെയൊരു ചോദ്യം. ചോദ്യത്തിൽ സഹതാപത്തിന്റെ കലർപ്പുണ്ടായിരുന്നു. അന്നുമുതൽ ഞാനെത്ര പ്രാവശ്യം അദ്ദേഹത്തെ കണ്ടോ, അപ്പോഴൊക്കെ ആ ചോദ്യം ആവർത്തിച്ചിരുന്നു. ഏറെയും നാട്ടുകാര്യങ്ങളാണെന്നോടു സംസാരിക്കുക. സാഹിത്യത്തെക്കുറിച്ചും നിരൂപണത്തെക്കുറിച്ചും മറ്റും എന്നെപ്പോലൊരുത്തനോടു സംസാരിക്കുന്നതു നിഷ്ഫലമാണെന്നദ്ദേഹം കരുതിയിരിക്കണം. അദ്ദേഹവുമായുള്ള പരിചയത്തിൽ സംഭവിച്ച ചില തമാശകളോർത്ത് ഞാനിപ്പഴും ചിരിക്കാറുണ്ട്.

ഒരിക്കൽ ആര്യവൈദ്യശാലയിൽ ചെന്നപ്പോൾ അദ്ദേഹം നടക്കാനിറങ്ങിയിരിക്കുന്നു. ഒപ്പം ഞാനും കൂടി. വർത്തമാനം പറഞ്ഞു കൊണ്ടു കടപ്പുറത്തുകൂടി നടന്നു. സന്ധ്യയോടെ തിരിച്ചു മാനാഞ്ചിറ മൈതാനത്തിനടുത്തെത്തിയപ്പോൾ ചെറിയ തോതിലൊരു മഴ. ഒരു കുടയേയുള്ളു. രണ്ടുപേരും അതിന്റെ കീഴിൽ ഒട്ടിച്ചേർന്നു നടന്നു. അങ്ങനെ നടക്കുമ്പോൾ ഒരാഗ്രഹം ജനിച്ചു. അക്കാലത്തു ഞാൻ കുറെ കവിതകളെഴുതിയിരുന്നു. എല്ലാം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നതാണ്, അതെല്ലാം സമാഹരിച്ച് ഒരു പുസ്തകരൂപത്തിലാക്കണമെന്ന മോഹം. ആ പ്രായത്തിൽ അങ്ങനെയൊരു മോഹം ജനിക്കുന്നതു വലിയൊരബദ്ധമൊന്നുമല്ലല്ലോ. അതുകൊണ്ട് അതെല്ലാമൊന്നു വായിച്ചു തെറ്റു കുറ്റങ്ങളുണ്ടെങ്കിൽ തിരുത്തിത്തരാൻ അദ്ദേഹത്തോടപേക്ഷിച്ചാലെന്തെന്നു തോന്നി. തോന്നലിനൊപ്പം അതു വേണോ എന്നൊരു ശങ്കയും. ഏതായാലും അദ്ദേഹത്തോട് അപേക്ഷിക്കാമെ

ന്നതന്നെ തീരുമാനിച്ചു. ഞാൻ സംഗതി സാവകാശം വിവരിക്കാൻ തുടങ്ങി, മുഴു വൻ പറഞ്ഞു കേൾക്കാനുള്ള ക്ഷമ അദ്ദേഹത്തിനുണ്ടായില്ല. ഇടയിൽ കടന്നദ്ദേ ഹം പറയുന്നു:

"ഇല്ല; ഞാനാർക്കും അങ്ങനെ അവതാരികയൊന്നും എഴുതിക്കൊടുക്കാറില്ല."

ഞാൻ തളർന്നോ? ഇല്ല. എനിക്കദ്ദേഹത്തോടു വൈരാഗ്യം തോന്നിയോ? ഇല്ല. അവതാരികയ്ക്കാവശ്യപ്പെട്ടെങ്കിൽ ഞാൻ തളരുകയും എനിക്കദ്ദേഹത്തോ ടു വൈരാഗ്യം തോന്നുകയും ചെയ്യുമായിരുന്നു. ഞാനും മനുഷ്യനല്ലേ? ഏതായാ ലും എന്റെ ആവശ്യം ഇന്നതായിരുന്നെന്ന് അവിടെ വെച്ചു തന്നെ ഞാൻ ധരിപ്പി ക്കുകയുണ്ടായി. അതിനദ്ദേഹം വൈമനസ്യമൊന്നും പറഞ്ഞില്ല. പക്ഷേ, അതി നു വേണ്ടി എനിക്കദ്ദേഹത്തെ സമീപിക്കേണ്ടിവന്നില്ല. കാരണം, ഞാനാ കവിത കൾ സമാഹരിക്കുകയോ പുസ്തകരൂപത്തിൽ പ്രകാശനം ചെയ്യുകയോ ഉണ്ടായില്ല. ഞങ്ങൾ പിന്നെയും പഴയപടി പലവട്ടം കാണുകയും ഞാനെന്റെ സ്നേഹവും ആദര വും പ്രകടിപ്പിക്കുകയും അദ്ദേഹം എന്റെ പേരിലുള്ള സഹതാപം തേമാനം പറ്റാതെ സൂക്ഷിച്ചുപോരുന്നതായി സൂചിപ്പിക്കുകയും ചെയ്തുകൊണ്ടേയിരുന്നു.

ഒരു തമാശകൂടി പറയട്ടെ. ഇന്നു 'മാലി'യെന്ന പേരിൽ അതിപ്രസിദ്ധനായ. ശ്രീ വി. മാധവൻനായർ, മദിരാശിയിൽ നിന്ന് 'കേരളോദയം' മാസിക പ്രസിദ്ധ പ്പെടുത്തുന്ന കാലം. മാസികയിൽ കുട്ടികൃഷ്ണമാരാരും കുഞ്ഞപ്പേട്ടനും നിഷ്പക്ഷനിരൂ പണത്തിന്റെ പേരിൽ ചെറിയൊരു ഉരസൽ നടന്നു. ഞാനതു വായിച്ച് പത്രാധി പർക്കൊരു കുറിപ്പെഴുതി. എന്റെ പേരു വെച്ചില്ല. 'പി. കെ. എൻ.' എന്ന് കുറിപ്പി ന്റെ ചുവടെ എഴുതിച്ചേർത്തു. അയയ്ക്കും മുമ്പ് ഞാനതു കുഞ്ഞപ്പേട്ടനെ കാണിച്ചിരു ന്നു. മാരാർക്ക് അനുകൂലമാവാത്ത കുറിപ്പായതു കൊണ്ടു ഞാനദ്ദേഹത്തെ കാണി ച്ചിരുന്നില്ല. അത് അച്ചടിച്ചുവന്നു. ഏറെ നാൾ കഴിയും മുമ്പെ, മാതൃഭൂമിയിൽ ചെന്നു പലരേയും കാണുന്ന കൂട്ടത്തിൽ മാരാരേയും ചെന്നു കണ്ടു. ഒരു ഭാവഭേദവുമില്ല.

"മകളെങ്ങനെയിരിക്കുന്നു; സുഖല്ലേ?"

പതിവുചോദ്യം. പിന്നെ എന്നുമില്ലാത്ത വിധം ഒരു കവിതാശകലം, അതു ഞാൻ വ്യക്തമായി കേൾക്കണമെന്ന ഉദ്ദേശത്തോടു കൂടിത്തന്നെ ചൊല്ലുകയാ യിരുന്നു:

> പണ്ടൊരു രജകന്റെ വസ്ത്ര ഭാണ്ഡവും പേറി-
> ക്കൊണ്ടൊരു കഴുതയുണ്ടങ്ങാടിത്തെരുവിൽ.

ഉടനെ എനിക്കു സംഗതി പിടികിട്ടി. കേരളോദയത്തിലെ കുറിപ്പിനുള്ള മറുപ ടി. അദ്ദേഹത്തിന്റെ പദവിയിലുള്ളൊരാൾ എന്നെപ്പോലൊരുത്തന് മറുപടി എഴു തുന്നതും പറയുന്നതും എത്ര മോശം! എന്നാലും തമ്മിൽ കണ്ടുമുട്ടിയ നിലയിൽ ഇതി രിക്കട്ടെ, കഴിവുണ്ടെങ്കിൽ മനസ്സിലാക്ക് എന്ന മട്ടിലാണു പ്രയോഗം. ദൈവാധീന മെന്നു പറയട്ടെ എനിക്കാ ഫലിതം മനസ്സിലായി. ഉറക്കെ ചിരിക്കണമെന്നുണ്ടാ യിരുന്നു. പക്ഷേ, പതുക്കെയും ചിരിച്ചില്ല. അദ്ദേഹത്തോട്ട് അനാദരവു കാട്ടരുത

ല്ലോ. ഒരു കാര്യത്തിൽ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. ഈ പദ്യശകലത്തിന്റെ സംഗതി കുഞ്ഞപ്പേട്ടനോടു പറഞ്ഞില്ല; ഞാൻ കഴുതയായാലും കുഞ്ഞപ്പേട്ടൻ രജകനാവരുതല്ലോ.

ജീവിതം കോഴിക്കോട്ടേക്കു പറിച്ചുനട്ടതുകൊണ്ട് ലാഭനഷ്ടങ്ങൾ പലതും നേരിട്ടു. രണ്ടും ഒരുമിച്ചു കൂട്ടി തട്ടിക്കിഴിച്ചുനോക്കുമ്പോൾ ലാഭം കൂടുതലാണെന്നു മനസ്സിലാക്കി ഞാനിപ്പോൾ സന്തോഷിക്കുകയാണ്. നല്ലവരായ പല മനുഷ്യരേയും കാണാൻ കഴിഞ്ഞതിലുള്ള സന്തോഷം. ഈ സന്തോഷത്തിന്റെ തെളിച്ചത്തിൽ എന്റെ മുമ്പിലിപ്പോൾ പ്രത്യക്ഷപ്പെടുന്നത് 'പരശുരാമ'നാണ്. "ജനകന്റെ പങ്കിനൊരു പൂണനൂലുമജ്ജനനിക്കു ചേർന്ന പടവില്ലുമായ്" വിന്ധ്യനപ്പുറത്തു നിന്ന് തെക്കോട്ടു നടന്ന്, സഹ്യാദ്രിയിൽ, പ്രവേശിച്ച്, കേരളം വീണ്ടെടുത്ത പരശുരാമനല്ല. ഈ പരശുരാമന് ജനകന്റെ പങ്കിൽ കൈവന്നത് ഒരു ഗുളികയാണ് അതുമായി, 'വിന്ധ്യപ്രഭേദ മുനി' തപിപ്പാനിറങ്ങിയ പോലെ, കേന്ദ്ര ഗവണ്മെന്റിലെ ഉന്നത പദിവിയിൽ നിന്നു വിരമിച്ച സാഹിത്യത്തിലെ ഒരു മുഴുവൻ സമയ തപസ്വിയാവാൻ വേണ്ടി കോഴിക്കോട്ടു വന്ന തലശ്ശേരിക്കാരനാണ് ഈ പരശുരാമൻ. നർമ്മകഥകൾകൊണ്ടും നർമ്മലേഖനങ്ങൾ കൊണ്ടും ശാസ്ത്രവിഷയങ്ങളെ പ്രതിപാദിക്കുന്ന ഉപന്യാസങ്ങൾ കൊണ്ടും, വിനയമധുരമായ പെരുമാറ്റം കൊണ്ടും ജനഹൃദയം കവർന്നെടുത്ത ശ്രീ മൂർക്കോത്തു കുഞ്ഞപ്പയാണ് ഈ പരശുരാമനെന്ന് ഇനി ഞാൻ പറയേണ്ടതുണ്ടോ? ദൽഹിയിലെ ആകാശവാണി ഭവന്റെ വരാന്തയിൽ വെച്ചാണ് ഞാൻ ആദ്യമായി അദ്ദേഹത്തെ കാണുന്നത്. ഭിത്തിയിലെ ചിത്രങ്ങൾ നോക്കിക്കൊണ്ട് ഒരു ചെറിയ മനുഷ്യൻ നില്ക്കുന്നു. അപ്പോൾ എന്റെ കൂട്ടത്തിലുള്ള ആരോ ഒരാൾ പറഞ്ഞു: "അതാ കുഞ്ഞപ്പസ്സാർ, പരശുരാമൻ." ഒന്നേ നോക്കിയുള്ളു. ഞാനെന്നോടു ചോദിച്ചു: "ഇതോ പരശുരാമൻ?" വിശ്വാസം വന്നില്ല. എന്റെ മനസ്സിലുള്ള പരശുരാമൻ മറ്റൊരാളായിരുന്നു. ഏതായാലും അന്ന് അവിടെവെച്ച് എന്നെ ആരും അദ്ദേഹത്തിനു പരിചയപ്പെടുത്തിയതായി ഞാൻ ഓർക്കുന്നില്ല. കോഴിക്കോട്ടുവെച്ചാണ് ഞങ്ങൾ പരിചയപ്പെടുന്നതും അടുക്കുന്നതും. നമുക്കു വിയോജിക്കേണ്ടതായ ഒരംശവും അദ്ദേഹത്തിലില്ല. പല പല വേദികളിൽ ഞങ്ങളൊരുമിച്ച് ജനദ്രോഹം നടത്തീട്ടുണ്ട്. പ്രസംഗത്തിന് അങ്ങനേയും ഒരു പര്യായമുണ്ടല്ലോ. അദ്ദേഹത്തോടൊപ്പമുള്ള യാത്രയാണ് ഏറെ രസകരം. എടുത്താലൊഴിയാത്ത നർമ്മകഥകളുടെ ഒരു മഹാഭണ്ഡാഗാരമാണ് കുഞ്ഞപ്പസ്സാർ. കഥ പറച്ചിലിൽ മാത്രമല്ല, പ്രവൃത്തിയിലും ചിലപ്പോൾ അദ്ദേഹം നർമ്മം കലർത്താറുണ്ട്.

ഒരു ദിവസം രാവിലെ എന്റെ വീട്ടുമുറ്റത്തൊരു കാറു വന്നു നില്ക്കുന്നു. ഞാൻ പരിഭ്രമിച്ചു. എവിടെയെങ്കിലും പ്രസംഗമേറ്റിട്ടുണ്ടോ? ഒന്ന് ഒളിക്കാൻ കൂടി അവസരം തന്നില്ല. ഡ്രൈവർ എന്നെ കണ്ടു കഴിഞ്ഞു. ആരായിരിക്കുമെന്ന ഉൽക്കണ്ഠയോടെ ഞാൻ നോക്കി നില്ക്കുന്നു. വാതിൽ തുറന്നു പുറത്തിറങ്ങിയതു കുഞ്ഞപ്പസ്സാറാണ്. ആശ്വാസമായി. അദ്ദേഹത്തെ സ്വീകരിക്കാൻ ഞാൻ മുന്നോട്ടു ചെന്നു.

"എന്താ സാർ?" ഉത്തരമില്ല.

"എന്താ വിശേഷം? ഒന്നു ഫോൺ ചെയ്താൽ മതിയായിരുന്നല്ലോ. ഞാനങ്ങോട്ടു വന്നു കാണില്ലേ?" അതിനും ഉത്തരമില്ല. മുഖത്തു വികാരമില്ല.

"എന്താവശ്യമായാലും എന്നെക്കൊണ്ടു സാധിക്കുന്നതാണങ്കിൽ ഞാൻ സാധിപ്പിക്കുമായിരുന്നല്ലോ. ഒന്നു വിളിച്ചു പറഞ്ഞാൽ പോരേ?"

"ഉം, നടക്കൂ" മറുപടി വരുന്നു. "അകത്തേക്കു നടക്കൂ."

എനിക്കൊന്നും മനസ്സിലായില്ല. അദ്ദേഹം തുടർന്നു പറയുന്നു:

"അകത്തു ചെന്നു കട്ടിലിൽ കേറി കിടക്കൂ. അവിടെ വെച്ചു പറയാം."

ഒന്നും മനസ്സിലാവാതെ ഞാൻ അകത്തേക്കു നടന്നു. പിറകെ അദ്ദേഹവും. അകത്തു കടന്നപ്പോൾ ചിരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു:

"ഞാൻ രോഗിയെ കാണാൻ വന്നതാണ് പുതച്ചു കിടന്നശേഷമല്ലേ കാര്യം പറയാൻ പറ്റൂ."

ഒപ്പം ഞാനും ചിരിച്ചു. ഒരു ചെറിയ നുണ ഇത്രയും വലിയൊരു അമളിയിൽ എന്നെ കൊണ്ടു ചാടിക്കുമെന്നു ഞാൻ അതു പറയുമ്പോൾ ധരിച്ചില്ല. ഏതോ സമ്മേളനക്കാരോട് എനിക്കു സുഖമില്ലെന്നു ഞാൻ പറഞ്ഞിട്ടുണ്ടാവും. പകരക്കാരെ തേടിനടക്കുന്ന കൂട്ടത്തിൽ അവരതെവിടെയെങ്കിലും വെച്ചു പൊട്ടിച്ചതാവും.

"ക്ഷമിക്കണം സാർ."

"എന്തിന്?"

"പ്രസംഗബോറിൽനിന്നു രക്ഷപ്പെടാൻ പറഞ്ഞൊരു ചെറിയ നുണ."

"സാരമില്ല." അദ്ദേഹമിരുന്നു. കുറെ നേരമ്പോക്കു പറഞ്ഞു. ഇന്നും എൺപതു പിന്നിട്ട പ്രായത്തിലും ഒരു സ്കൂൾക്കുട്ടിയുടെ പ്രസരിപ്പോടെ അദ്ദേഹം കഴിയുന്നു; താനുമായി ബന്ധപ്പെടുന്നവരെ നർമ്മം കൊണ്ടു രസിപ്പിക്കുന്നു.

കുഞ്ഞപ്പസ്സാറിന്റെ വിനയമധുരമായ പെരുമാറ്റവും ഉത്സാഹവും മറ്റൊരു നല്ല മനുഷ്യനെ എന്റെ ഓർമ്മയിൽ കൊണ്ടുവരുന്നു: ശ്രീ എ. സി. ഗോവിന്ദൻ! റവന്യൂ ഡിപ്പാർട്ടുമെന്റിൽ താസിൽദാരായിരുന്നു പെൻഷൻപറ്റിയ അദ്ദേഹം എന്നും പുതിയറ റോഡിലൂടെ വൈകീട്ട് നടക്കാനിറങ്ങും. വഴിയിൽ വെച്ചു കണ്ടുമുട്ടിയാൽ സന്തോഷിച്ചു ചിരിക്കും. മാനാഞ്ചിറ മൈതാനത്തിലെ മതിലിനരികിൽ എന്നും വൈകീട്ടു സമ്മേളിക്കുന്ന ഏതാനും പെൻഷൻകാരുണ്ട്. അവരോടൊപ്പം ചേരാനുള്ള യാത്രയാണ്. ഇടയ്ക്ക് ആ യാത്രയിൽ എന്റെ വീട്ടിലും കയറും. കുറച്ചിരുന്നു വത്തമാനം പറയും. റവന്യൂ ഡിപ്പാർട്ട്മെന്റിലെ ജോലിഭാരവും, അതിനിടയിൽ സാഹിത്യപ്രവർത്തനങ്ങൾക്കു വേണ്ടി സമയം കണ്ടെത്താൻ പാട്ടുപാടുന്നതുമൊക്കെ സംഭാഷണത്തിൽ ഉൾപ്പെടും. ജോലിയിൽ പരമാവധി സത്യസന്ധത പുലർത്തിപ്പോന്ന ആളായിരുന്ന അദ്ദേഹം കുറച്ചേറെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. വളരുംതലമുറയെ ലക്ഷ്യം വെച്ചുള്ള സൃഷ്ടികളായിരുന്നു അധികവും. 'ജീവിത വിജയം', 'വിചാരവീഥി', 'സമ്പൽസമൃദ്ധി', 'വിദ്യാർത്ഥി' തുടങ്ങിയവ അന്ന് വളരെയേറെ പ്രചാരത്തിലുള്ളവയായിരുന്നു. തന്റെ ജീവിതത്തിൽ അദ്ദേഹം പുലർത്തിപ്പോന്ന സ്ഥി

രോത്സാഹം, കൃത്യനിഷ്ഠ, ധർമ്മബോധം, സത്യസന്ധത തുടങ്ങിയ സദ്ഭാവങ്ങൾ അദ്ദേഹത്തിന്റെ കൃതികളിലും കാണാമായിരുന്നു. വിശിഷ്ട വ്യക്തികളുടെ തൂലികാ ചിത്രമുൾക്കൊള്ളുന്ന ഒരു ഗ്രന്ഥവും കാണാനിടയായിട്ടുണ്ട്. റവന്യൂവകുപ്പിലെ ഒരു മാതൃകാ ഉദ്യോഗസ്ഥനും കൂടിയായിരുന്നു ശ്രീ ഗോവിന്ദൻ.

— 70 —

# കുക്കുടഘൃതാന്നം

സംഭവത്തിന്റെ തുടക്കം അഷ്ടഗ്രഹയോഗത്തിൽ നിന്നായിരുന്നു. പൊതുയോഗം, ദുര്യോഗം, കരയോഗമെന്നെല്ലാം പറഞ്ഞാൽ സാമാന്യജനങ്ങൾക്കു മനസ്സിലാകും. എന്നാൽ ഈ അഷ്ടഗ്രഹയോഗം പിടികിട്ടാവസ്തു തന്നെ. പല പുരികങ്ങളും ഉയർന്നു. അന്വേഷണം പലവഴി നടന്നു. അപ്പോൾ ദൈവജ്ഞന്മാരുടെ അരുളപ്പാടുണ്ടാവുന്നു: "ലോകാവസാനം!" അതാണ് അഷ്ടഗ്രഹയോഗത്തിന്റെ ഫലം. സർവ്വ ചരാചരങ്ങളോടും കൂടി ലോകം നശിക്കാൻ പോകുന്നു. അഷ്ടഗ്രഹങ്ങളൊത്തുകൂടി നാശത്തിനു കളമൊരുക്കുന്നു. ആർക്കു തടുക്കാൻ കഴിയും? മാധ്യമങ്ങളിൽ വിദഗ്ധാഭിപ്രായങ്ങൾ കുമിഞ്ഞു കൂടുന്നു. വിശ്വാസികൾ പ്രാർത്ഥനയിൽ അഭയം തേടുന്നു, അവിശ്വാസികൾ അന്ധവിശ്വാസമെന്ന് ഉറക്കെയുറക്കെ പറഞ്ഞ്. വിശ്വാസികളെ പരിഹസിക്കുന്നു. എങ്ങും ബഹളം. നാലാൾ ചേരുന്നേടത്ത് ചർച്ച. ഏറെ പേരാവുമ്പോൾ സിമ്പോസിയം. പിന്നെ നിവാരണഹോമം. അഖണ്ഡ നാമജപയജ്ഞം, ലാകാവസാനത്തിന്റെ കൃത്യമായ തീയതിയും നാഴിക-വിനാഴികയും ദൈവജ്ഞന്മാർ പറഞ്ഞു വെച്ചിരിക്കുന്നു. അവസാനത്തിന്റെ ആരംഭം കുറിക്കുന്ന വിനാഴികയിൽ കണ്ണുംനട്ട് ശ്വാസമടക്കിപ്പിടിച്ച് ജനം തളർന്നിരിക്കുമ്പോൾ കോഴിക്കോട്ടു പട്ടണം ചരിത്രം സൃഷ്ടിക്കുന്നു.

ഇന്നും ഓർത്തു ചിരിക്കാൻ വകനല്കുന്ന സംഭവം. തളിയിൽ അഷ്ടഗ്രഹനിവാരണയജ്ഞം നടക്കുന്നു. അങ്ങനെയെങ്കിലും നിവാരണ യജ്ഞത്തിലൂടെ ലോകം രക്ഷപ്പെടട്ടേയെന്ന് ജനം പ്രാത്ഥിക്കുന്നു. അപ്പോൾ മി. സി. സി. ഗോപിയുടെ പ്രഖ്യാപനം വരുന്നു: "നമുക്കൊരു അഷ്ടഗ്രഹസഫലീകരണയജ്ഞം' നടത്തണം." അതായിരുന്നു പ്രഖ്യാപനം. മി. ഗോപി സ്വാതന്ത്ര്യസമരഭടനായിരുന്നു. സത്യാഗ്രഹമനുഷ്ഠിക്കുകയും ജയിൽവാസം വരിക്കുകയും ചെയ്തിട്ടുണ്ട്. അറിയപ്പെടുന്ന രാഷ്ട്രീയ സാമൂഹ്യപ്രവർത്തകനായിരുന്നു. അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും എതിരിടാൻ ഒരിക്കലും മടികാണിച്ചിട്ടില്ല. അക്കാര്യത്തിൽ തനിക്ക് അനുയായികളെ കിട്ടുമോ എന്ന ശങ്ക ഒരിക്കലും അദ്ദേഹത്തിനുണ്ടായിരുന്നില്ല. തനിച്ച

നിന്നും എതിരിടും. എന്നാൽ അഷ്ടഗ്രഹയോഗത്തോടെതിരിടാൻ ഏറെപ്പേരെ കിട്ടുന്നു. പ്രഖ്യാപനം നടത്തുമ്പോൾ അദ്ദേഹം പോലും വിചാരിച്ചിരിക്കില്ല. ഉടനെ അനുകൂലമായി പ്രതികരിച്ചത് ശ്രീ പുതുക്കുടി ബാലകൃഷ്ണനായിരുന്നു. സേവനപാരമ്പര്യം വേണ്ടുവോളമുള്ള മനുഷ്യൻ. മതേതരത്വമെന്ന സിദ്ധാന്തം പ്രാബല്യത്തിൽ വരുന്നതിനെത്രയോ മുമ്പു തന്നെ മതം ഒന്നേയുള്ളു അത് മനുഷ്യമതമാണെന്ന് അദ്ദേഹം തന്റെ പ്രവർത്തിയിലൂടെ തെളിയിച്ചിരിക്കുന്നു. ഒരുദാഹരണമിതാ: മൂത്ത മകന്റെ പേർ റഹീം, രണ്ടാമത്തവൻ ഫ്രഡ്രിക്, മൂന്നാമത്തേത് സീതാരാമയ്യ. ദേശീയ പ്രസ്ഥാനവുമായി അടുത്ത ബന്ധം പുലർത്തിയ ആളാണദ്ദേഹം. കേരള പ്രദേശ് കോൺഗ്രസ്സിന്റെ മുഖപത്രമായ 'സ്വതന്ത്രഭാരതം' പൊലീസ് കൈയേറി അച്ചുകൂടം പിടിച്ചെടുത്തപ്പോൾ, പത്രത്തിന്റെ പ്രസിദ്ധീകരണ ചുമതല ഏറ്റെടുത്തത്. പി. ബാലകൃഷ്ണനായിരുന്നു. പലകാലം കല്ലച്ചിൽ അടിച്ച് പത്രം വിതരണം ചെയ്യാനദ്ദേഹത്തിനു കഴിഞ്ഞു.

അന്ധവിശ്വാസത്തിനെതിരെ മുന്നിട്ടിറങ്ങിയ മി. ഗോപിക്ക് എല്ലാവിധ സഹായവും നല്കാൻ മി. ബാലകൃഷ്ണൻ സന്നദ്ധനായി. അറിയപ്പെടുന്നൊരു സാമൂഹ്യരാഷ്ട്രീയപ്രവർത്തകനായിരുന്ന ശ്രീ ഉണ്ണിമേനോന്റെ സഹായ വാഗ്ദാനം പിറകെ വന്നു. കോഴിക്കോട്ടു പട്ടണത്തിലെ മികച്ച ഫോട്ടോ സ്റ്റുഡിയോകളിൽ ഒന്നായ നാഷണൽ സ്റ്റുഡിയോവിന്റെ ഉടമകൂടിയായിരുന്നു മി. മേനോൻ. ബഹുജനപ്രസ്ഥാനങ്ങൾക്ക് നിർലോഭമായി സാമ്പത്തികസഹായം ചെയ്യാൻ അദ്ദേഹം ഒരിക്കലും മടികാണിച്ചിട്ടില്ല. മി മേനോനോടൊപ്പം മറ്റൊരു സ്റ്റുഡിയോ ഉടമയായ 'നീനാ ബാലനും' മി. ഗോപിയെ സഹായിക്കാനെത്തി. മി. ബാലനെ ഞാൻ ആദ്യമായി കാണുന്നത് നൃത്ത വേദിയിലാണ്. അന്ന് നല്ലൊരു നർത്തകിയായിരുന്ന മഞ്ചേരി അന്നപൂർണ്ണയോടൊപ്പം രാധാകൃഷ്ണനൃത്തമാടിയ മി. ബാലന്റെ തിളക്കമാർന്ന വേഷ ഭംഗി ഇന്നും എന്റെ മനസ്സിലുണ്ട്. അതിവിദഗ്ദ്ധനായ ഒരു ഫോട്ടോഗ്രാഫർ കൂടിയാണ് മി. ബാലൻ. എഴുപതു പിന്നിട്ട മി. ബാലനെ ഒരു ട്രസ്റ്റിക്കാരന്റെ നിലയിലാണ് ഇന്നും ഇഷ്ടജനങ്ങൾ കാണുന്നത്. നാടക നടനും സിനിമാ നടനുമാണ് മി. ബാലൻ. സ്വന്തമായി ചില നല്ല നാടകങ്ങൾ അദ്ദേഹം സംവിധാനം ചെയ്ത് അവതരിപ്പിച്ചിട്ടുണ്ട്. മി. ഗോപിയോടൊപ്പം ഈ ത്രിമൂർത്തികൾ ചേർന്നപ്പോൾ 'അഷ്ടഗ്രഹയോഗ സഫലീകരണയജ്ഞ'ത്തിനു കൊഴുപ്പും മുഴുപ്പും.

യജ്ഞവേദി ടൗൺഹാൾ. യജ്വാവ് മി. നീനാ ബാലൻ. യാജയിതാവ്, അതായത് യജ്ഞപുരോഹിതൻ മി. ഗോപി. യജ്ഞാംശം, എന്നുവെച്ചാൽ യജ്ഞത്തിന് അവശ്യം വേണ്ടത്. കുക്കുടഘൃതാന്നം. യജ്ഞമായതുകൊണ്ട്, അറിഞ്ഞു കൂടെങ്കിലും തെറ്റിച്ചായാലും സംസ്കൃതഭാഷ തന്നെ ഉപയോഗിക്കണമെന്നു എല്ലാവർക്കും നിർബ്ബന്ധമുണ്ടായിരുന്നു. ഇനി യജ്ഞത്തിന്റെ ചടങ്ങുകളാണ്. തളിയിൽ അഷ്ടഗ്രഹ നിവാരണ പൂജ നടക്കുന്ന കെട്ടിടത്തിനടുത്തുകൂടെ ഘോഷയാത്ര പുറപ്പെട്ടുവരണമെന്നു തീരുമാനിച്ചു. പക്ഷേ, പോലീസ് ഇടപെട്ട് അത് മു

ടക്കി. എങ്കിലും ഘോഷയാത്ര തളിയിൽ നിന്നു തന്നെയാണു പുറപ്പെട്ടത്. യജ്ഞ പുരോഹിതൻ–മി. ഗോപി—കാഷായ വസ്ത്രധാരിയാണ്. തുറന്ന ഒരു ബ്യൂക്ക് കാറിൽ യാത്ര പുറപ്പെടുന്നു. മാറി മാറി ഡ്രൈവ് ചെയ്യാൻ പുതുക്കുടി ബലകൃഷ്ണനും മി. അബ്ദുറഹിമാനും. ഇദ്ദേഹത്തെ മുമ്പു പലകുറി ഞാൻ പരിചയപ്പെടുത്തിയിട്ടുണ്ട്—തയ്യാറുണ്ട്. യജ്ഞ പുരോഹിതനെ, ചാമരം വീശാനും രണ്ടുപേർ പുറകിലുണ്ട്. ബ്യൂക്ക് സാവകാശം മുന്നോട്ടു നീങ്ങുന്നു. റോഡിനിരുവശത്തുമുള്ളവർ, കാഴ്ച കണ്ടന്തംവിടുന്നു. എന്താണു ഭാവമെന്നറിയാതെ ചിലർ കൈകൂപ്പുന്നു. പുരോഹിതൻ, സമഭാവനയോടെ, ആർക്കു വേണമെങ്കിലും സ്വീകരിക്കാമെന്ന മട്ടിൽ; കൈയുയർത്തി എല്ലാവരെയും സമൃദ്ധമായി, ആശീർവദിക്കുന്നു. വഴിനീളെ ജനങ്ങളിൽ ജിജ്ഞാസ വളർത്തിയും അമ്പരപ്പു വരുത്തിയും വീഥികളിലൂടെ ഘോഷയാത്ര മന്ദം മന്ദം സഞ്ചരിച്ച് ടൗൺ ഹാൾ പരിസരത്തുമ്പോൾ അവിടം ജനസമുദ്രമായിക്കഴിഞ്ഞിരുന്നു. സായംസന്ധ്യ ഹോമകുണ്ഡമൊരുക്കുകയായിരുന്നു. നക്ഷത്രങ്ങൾ കർപ്പൂരം കത്തിക്കുകയായിരുന്നു. മാനാഞ്ചിറയിലെ കൊച്ചോളങ്ങൾ പതുക്കെപ്പതുക്കെ ഏതോ മന്ത്രമുരുക്കഴിക്കുകയായിരുന്നു.

ടൗൺഹാളിനകത്തും പുറത്തും നിരത്തിലും ജനം. അവർക്കിതൊരു പുതിയ അനുഭവമായിരുന്നു. നാട്ടിന്റെ നാനാഭാഗത്തും അഷ്ടഗ്രഹ യോഗ നിവാരണ യജ്ഞങ്ങൾ നടക്കുമ്പോൾ, ഇവിടെയിതാ ഒരു സഫലീകരണ യജ്ഞം. യജ്ഞ പുരോഹിതൻ വേദിയിൽ ആസനസ്ഥനാവുന്നു. ഓ! ഒരു കാര്യം വിട്ടു പോയി. ഘോഷയാത്ര വന്നുചേരും മുമ്പുതന്നെ നിവേദ്യം സ്ഥലത്തെത്തിക്കഴിഞ്ഞിരുന്നു: കോഴിബിരിയാണി. തെറ്റ്, അങ്ങനെ പറയാൻ പാടില്ലെന്നു വിലക്കുണ്ട്. കുക്കുട ഘൃതാന്നം. നിവേദ്യമെന്നൊക്കെ പറയുമ്പോൾ അതിന്റെ ഗൗരവം നഷ്ടപ്പെടുന്നു. മി. പുതുക്കുടി ബാലകൃഷ്ണന്റെ വീട്ടിൽനിന്ന് ആയിരത്തഞ്ഞൂറു ഭക്ത ജനങ്ങൾക്കു കൊടുക്കാനുള്ള കുക്കുടഘൃതാന്നം പാകം ചെയ്തു പൊതിയാക്കി കൊണ്ടു വന്നു വേദിയിൽ വെച്ചിരുന്നു. അകത്തും പുറത്തുമുള്ള ജനം ശ്വാസമടക്കിപ്പിടിച്ച ശ്രദ്ധിക്കുകയാണ് എന്താണ്, എങ്ങനെയാണ് യജ്ഞം? കളിതമാശയാണോ? അല്ല പരമഗൗരവം. തന്നെ. യജ്ഞപുരോഹിതന്റെ അനുവാദത്തോടെ യജ്ഞം ആരംഭിക്കുന്നു, അകലെ സദസ്യരുടെ ഇടയിൽ നിന്നുകൊണ്ട് അവിടെ സംഭവിക്കുന്നതു മുഴുവനും കാണാനുള്ള സൗകര്യം എനിക്കുണ്ടായില്ല. അങ്ങനെ നില്ക്കുമ്പാൾ, യജ്വാവിന്റെ—മി. നീനാ ബാലന്റെ—മന്ത്രോച്ചാരണം കേൾക്കുന്നു:

യൽസ്മൃതം യദുക്തം
യൽകൃതം തൽസർവം
ബ്രഹ്മാർപ്പണം ഭവതു സ്വാഹാ
അസ്മൽ സ്വാമീനേ, തുഭ്യം
കുക്കട ഘൃതാന്നനിവേദ്യം
സമർപ്പയാമി.

ചടങ്ങിന്റെ അവസാനം പ്രസാദവിതരണം. ആയിരത്തിയഞ്ഞൂറ കോഴിബിരിയാണിപ്പൊതി സദസ്യരടെ കൈയിലെത്തി. തദനന്തരം സമ്മേളനമാണ നടന്നത്. വാഗ്ഭടാനന്ദഗുരുദേവരുടെ ശിഷ്യനായ ശ്രീ എം. ടി. കുമാരന്റെ ഉജ്ജ്വല പ്രസംഗം ഇന്നും ഓർമ്മയിലുണ്ട്. പരിഹാസത്തിന്റെ മൂർച്ചയുള്ള വാക്കുകൾകൊണ്ട് അന്ധവിശ്വാസത്തെ അരിഞ്ഞരിഞ്ഞു തള്ളിയ ആ വാഗ്ധോരണിയിൽ മുങ്ങിപ്പോയ സദസ്സ് ഹർഷാരവങ്ങൾകൊണ്ട് ഇടയ്ക്കിടെ അഭിനന്ദനം രേഖപ്പെടുത്തിയിരുന്നു. അഷ്ടഗ്രഹയോഗവും ലോകാവസാനത്തെക്കുറിച്ചുള്ള ചിന്തയും മറന്നുകൊണ്ടവർ, ഏതോ മാസ്മരലോകത്തിലകപ്പെട്ടപോലെ, ചടങ്ങുകളുടെ അവസാനംവരെ ടൗൺഹാളിൽ ഇരിക്കുകയായിരുന്നു. ആരും പ്രതീക്ഷിക്കാത്ത വിജയം. അഷ്ടഗ്രഹസഫലീകരണ യജ്ഞത്തിന്റെ അഭൂതപൂർവമായ വിജയം ഒരളവോളം അന്ധവിശ്വാസത്തെ ക്ഷതപ്പെടുത്തിയെന്നു പറഞ്ഞാൽ തെറ്റാവില്ല.

അന്യമായ, അർത്ഥശൂന്യമായ, അപഹാസ്യമായ ഒരാചാരത്തെ കണക്കറ്റു കളിയാക്കിയ മറ്റൊരു സംഭവം കൂടി ഇവിടെ ഓർത്തു പോകുന്നു. അതിന്റെ വേദിയും ടൗൺ ഹാൾ തന്നെയായിരുന്നു. 'യജ്ഞം'. അറുപതുകളുടെ ആരംഭകാലത്തായിരുന്നുവെങ്കിൽ ഇത് എഴുപതുകളുടെ തുടക്കത്തിലായിരുന്നു, വലിയവർക്കു വേണ്ടി ഒരുക്കുന്ന കലാവിരുന്നുകളിലും സമ്മേളനങ്ങളിലും പങ്കു പറ്റാനർഹതയില്ലാത്ത, വാദ്യോപകരണങ്ങളുടെയും ചിലങ്കകളുടെയും ശബ്ദ മാധുര്യം അകന്നു നിന്നാസ്വദിക്കാൻ പോലും അവകാശമില്ലാത്ത, തെണ്ടികളായി മുദ്രകുത്തി തെരുവിലലയാനും യാചിച്ചു ജീവിക്കാനും വിട്ട, ഒരു വിഭാഗത്തെ ടൗൺഹാളിന്റെ വേദിയിൽ അണിനിരത്തി ആയിരങ്ങളെ സാക്ഷിയാക്കി നടത്തിയ വിരൂപറാണി മത്സരത്തിന്റെ കാര്യമാണിവിടെ ഓർത്തുപോകുന്നത്. കേരള കൾച്ചറൽ സൊസൈറ്റിയാണു മത്സരം സംഘടിപ്പിച്ചത്. സൊസൈറ്റിയുടെ ജീവനാഡിയായിരുന്ന ശ്രീ കെ. സി. കെ. നമ്പ്യാരും സാമൂഹ്യ-സാംസ്കാരിക കാര്യങ്ങളിൽ അതീവ താൽപര്യം പ്രദർശിപ്പിച്ചുപോരുന്ന ശ്രീ കെ. എൻ. രാമദാസൻ വൈദ്യരുമായിരുന്നു മത്സരം സംഘടിപ്പിച്ചതും അതിന്നു വേണ്ടി പ്രയത്നിച്ചതും. മറ്റു സമ്മേളനങ്ങൾക്കുള്ള പോലെ വമ്പിച്ച പ്രസിദ്ധീകരണമോ പരിവേഷമോ ഒന്നും ഇല്ലാതിരുന്നിട്ടും മത്സരം കാണാനും അതു സംഘടിപ്പിച്ചവരെ അഭിനന്ദിക്കാനും ആയിരക്കണക്കിനാളുകളാണു വന്നചേർന്നത്. ടൗൺഹാളിലും പരിസരത്തും നിറയെ ജനങ്ങളായിരുന്നു. വിരൂപറാണി മത്സരം! എന്തൊരു പരിഹാസം! സാമൂഹ്യപരിഷ്കരണത്തിൽ പരിഹാസത്തിന്നു വഹിക്കാൻ കഴിയുന്ന പങ്ക് നിസ്സാരമല്ലെന്ന് ആ മത്സരമന്നു തെളിയിക്കുകയുണ്ടായി.

കെ. സി. കെ. നമ്പ്യാരും നാഷണൽ ഉണ്ണിമേനോനും സി. സി. ഗോപിയും ശ്രീ എം. ടി. കുമാരനും ഇന്നു നമ്മുടെ ഇടയിലില്ല. എങ്കിലും സമൂഹം ഇടയ്ക്കൊക്കെ അവരെ ഓർക്കേണ്ടതല്ലേ? അല്ലാഞ്ഞാൽ അതൊരു വലിയ കൃതഘ്നതയാവില്ലേ?

— 71 —

## മംഗളോദയവും ചുവന്ന കടലും

മംഗളോദയവുമായി ബന്ധപ്പെടുന്നത് അറുപതുകളുടെ ആദ്യവർഷത്തിലാണ് അന്നു മംഗളോദയം മാനേജർ മി. എം. സി. വാസുദേവനായിരുന്നു. വാസുദേവന്റെ ഒരു കത്തിലൂടെയാണ് തുടക്കം. പ്രസിദ്ധീകരണത്തിനുള്ള സൃഷ്ടി ആവശ്യപ്പെട്ടുകൊണ്ടായിരുന്നു കത്ത്. മറുപടി അയയ്ക്കാൻ അമാന്തിച്ചു. ഏറെ ദിവസം കഴിഞ്ഞില്ല, വാസുദേവൻ ആകാശവാണിയിൽ പ്രത്യക്ഷപ്പെടുന്നു. നല്ല ചെറുപ്പക്കാരൻ. വശ്യമായ ചിരി. സൗമ്യമായ പെരുമാറ്റം. എന്നെപ്പറ്റി കിട്ടാവുന്ന വിവരങ്ങളൊക്കെ ശേഖരിച്ചു കൊണ്ടാണ് വന്നതെന്ന് സംഭാഷണ വേളയിൽ മനസ്സിലായി. അലസനാണ്, അമാന്തക്കാരനാണ്. വാഗ്ദാനങ്ങൾ പാലിക്കുന്ന കാര്യത്തിൽ ഒട്ടും നിർബ്ബന്ധബുദ്ധി കാണിക്കാത്ത പുള്ളിയാണ്. ഒന്നും മറച്ചു വെക്കാതെ എല്ലാം മയത്തിൽ പറഞ്ഞു തീർത്ത് മി. വാസുദേവൻ ഒടുവിൽ കാതലായ പ്രശ്നത്തിലേക്കു കടന്നു:

"കൈയിലുള്ളതെല്ലാം എനിക്കു തരണം. എനിക്കല്ല, മംഗളോദയത്തിന്. ഉടനെ പ്രസിദ്ധപ്പെടുത്താം. അഡ്വാൻസ് വല്ലതും വേണമെങ്കിൽ അതും തരാം."

"ഒരു നാടകം തരാം." ഞാൻ പറഞ്ഞു.

"പോരാ."

"എങ്കിൽ രണ്ടെണ്ണം."

"അതും പോരാ."

മി. വാസുദേവനു വേണ്ടത് ഒരു നോവലാണ് മാതൃഭൂമിയിൽ ആയിടെ വന്നു തുടരനാണ് അദ്ദേഹത്തിന്റെ മനസ്സിൽ. 'ചുവന്ന കടൽ'. അതിന്റെ പേരിൽ ഞങ്ങളന്യോന്യം അല്പനേരം ഒളിച്ചുകളി നടത്തി. മി. വാസുദേവൻ വിടാൻ ഭാവമില്ല. 'ചുവന്ന കടലും' കൊണ്ടല്ലാതെ തിരിച്ചുപോവാൻ ഭാവമില്ലെന്ന് തുറന്നടിച്ചു പറഞ്ഞു ഞാൻ കീഴടങ്ങി. ആ കഴടങ്ങലിൽ എനിക്കല്പം വിഷമമുണ്ടായിരുന്നു. കറന്റ് ബുക്സിന്റെ ഉടമ മി. തോമസ് മുണ്ടശ്ശേരി ആ നോവൽ വേണമെന്നാവശ്യപ്പെട്ടിരുന്നു.

കൊടുക്കാമെന്ന വാക്ക പറഞ്ഞില്ലെങ്കിലും കൊടുക്കണമെന്നുണ്ടായിരുന്നു. അതു നടക്കാഞ്ഞതിലുള്ള വിഷമമായിരുന്നു.

'മംഗളോദയ'ത്തിന്റെ വക ആയിരം രൂപയ്ക്കൊരു ചെക്കു വരുന്നു. ബഹുസന്തോഷം. പക്ഷേ, ഇനിയൊരിക്കൽ കാണുമ്പോൾ തോമസ്സിനോടെന്തു പറയുമെന്ന ചിന്തയായിരുന്നു എനിക്ക്. താമസിയാതെ. ഞങ്ങൾ കാണുന്നു. ഒരു ഭാവഭേദവുമില്ല. പഴയ ചിരി, പെരുമാറ്റം, ബഹളം അതായിരുന്നു മി. തോമസ്. ബിസിനസ്സിന്റെ കണ്ണുകണ്ട മനുഷ്യൻ. ബ്രഹ്മാണ്ഡമിടിഞ്ഞു തലയിൽ വീഴാൻ പോകുന്നെന്നറിഞ്ഞാലും കുലുക്കമില്ല. താൻ നിശ്ചയിച്ചുറപ്പിച്ച വഴിയിലൂടെ അടിപതറാതെ പോകും. കറന്റ് ബുക്സും മംഗളോദയവുമായുള്ള ബന്ധം ഇടയ്ക്കിടെയുള്ള തൃശ്ശൂർ യാത്രയ്ക്കുകളമൊരുക്കിത്തന്നു. തൃശ്ശൂർക്കാണ് യാത്രയെങ്കിൽ എനിക്ക് മടിയില്ല. മറ്റെവിടെയ്ക്കായാലും ഞാൻ യാത്ര നീട്ടിവെക്കും. തരമുണ്ടെങ്കിൽ മുടക്കും. അക്കാലത്ത് മംഗളോദയത്തിൽ ചെലവഴിച്ച സായാഹ്നങ്ങൾ എന്നെ സംബന്ധിച്ച് വില കൂടിയവയായിരുന്നു. മി. തോമസുമായുള്ള ബന്ധത്തിലൂടെ എനിക്കു വിശിഷ്ട വ്യക്തികൾ പലരേയും കാണാനും പരിചയപ്പെടാനും കഴിഞ്ഞു. ഇടയ്ക്കിടയ്ക്കുള്ള ഒത്തുചേരൽ, കൊച്ചുകൊച്ചു സമ്മേളനങ്ങൾ. ചിലപ്പോഴത് തേക്കിൻ കാടു മൈതാനത്തിലെ ഒഴിഞ്ഞ ഏതെങ്കിലും മൂലയിലാവും. അല്ലെങ്കിൽ ഹോട്ടൽമുറിയിൽ. എല്ലാറ്റിലും നേതൃത്വം വഹിക്കുന്നത്. മി. തോമസ് തന്നെ. പ്രസിദ്ധീകരണ വിഷയത്തിൽ ഒരുപാടു പദ്ധതികൾ അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നു. അതൊക്കെ വിവരിച്ചു കേൾക്കാൻ ബഹുരസമാണ്. ശാസ്ത്രീയമായ നിലയിൽ വിവരിക്കുന്ന സമ്പ്രദായമേയില്ല. നാടൻശൈലിയിൽ ഒരു വെട്ട് തുണ്ടം രണ്ടെന്ന മട്ടിലാണ് ഏതു കാര്യവും വിവരിക്കുക. ഇതെല്ലാം ഓർക്കുമ്പോൾ മി. തോമസിന്റെ അഭാവം; പ്രസിദ്ധീകരണ മേഖലയിലും അദ്ദേഹത്തിന്റെ എണ്ണമറ്റ സുഹൃത്തുക്കളിലുമുണ്ടാക്കിത്തീർത്ത ഭീമമായ നഷ്ടം മനസ്സിനെ മഥിക്കുകയാണ്.

ഒരു അഞ്ചരമണിയോടെ മംഗളോദയത്തിൽ കയറിച്ചെന്നാൽ മുണ്ടശ്ശേരി മാഷ് അവിടെയുണ്ടാവും. നോക്കണേ, ബഹുമാനപ്പെട്ട മന്ത്രിയായിട്ടും, മഹാനായ പ്രൊഫസ്സറായിട്ടും അദ്ദേഹത്തെ ജനം മുണ്ടശ്ശേരി മാഷെന്നു വിളിക്കുന്നു. ഏറ്റവും സ്നേഹിക്കുന്നവരേയും ബഹുമാനിക്കുന്നവരെയും മാഷെന്നു വിളിക്കുന്നത് മലയാളിയുടെ ഒരു സ്വഭാവമായി മാറിയിട്ടുണ്ടെന്നാണന്റെ വിശ്വാസം. മാഷുടെ മുമ്പിലെ മേശപ്പുറത്ത് എപ്പോഴും വെള്ളിച്ചെല്ലമുണ്ടാവും. അതിൽ മുറുക്കിന്റെ വട്ടങ്ങളാണ്. കരയും കുറിയുമില്ലാത്ത മുണ്ട്. പഴയ മട്ടിൽ തൈപ്പിച്ചൊരു ഷർട്ട്, തോളിൽ രണ്ടാം മുണ്ട്. മാഷ്ടെ ഇരിപ്പു കണ്ടിട്ട് എന്റെ ഗ്രാമത്തിലെ പഴയ നായർ പ്രഭുകുടുംബത്തിലെ ഒരു കാരണവരാണോ അത് എന്നെനിക്കു തോന്നിപ്പോയിട്ടുണ്ട്. സംസാരിക്കുമ്പോഴുള്ള അംഗചേഷ്ട പോലും എന്റെ തോന്നലിനു ബലം കൂട്ടീട്ടുണ്ട്. കണ്ടാൽ ഉടനെ ചോദിക്കും:

"താനെപ്പ വന്നു?"

മറുപടി പറഞ്ഞാൽ പിന്നേയും ചോദ്യം:

"തന്റെ പി. സി. യും മറ്റും അവിടെയില്ലേ?"

അതിനും എന്റെ മറുപടി കിട്ടിയാൽ പിന്നെ കല്പനയാണ്:

"ഇരിക്ക്യാ."

ഇരുന്നു കഴിഞ്ഞാൽ അദ്ദേഹം ചെല്ലപ്പെട്ടി തുറന്ന് മുറുക്കിനുള്ള ചട്ടവട്ടം ആരംഭിക്കുകയായി. അപ്പോൾ വർത്തമാനം പറഞ്ഞു കൊണ്ടേയിരിക്കും. വ്യക്തികളെപ്പറ്റി, പ്രസ്ഥാനങ്ങളെപ്പറ്റി. ചിലപ്പോൾ അതിനിശിതമായ വിമർശങ്ങളുണ്ടാവും. പുതുതായി പുറത്തിറങ്ങിയ ഗ്രന്ഥങ്ങളെക്കുറിച്ചുള്ള അഭിപ്രായപ്രകടനങ്ങളും. പ്രശംസയായാലും നിശിത വിമർശനമായാലും കേട്ടിരിക്കാൻ കൗതുകമാണ് ശ്രോതാവിന്റെ യോജിപ്പും വിയോജിപ്പും ഇഷ്ടാനിഷ്ടങ്ങളും അദ്ദേഹത്തിനു പ്രശ്നമല്ല. തന്റെ അഭിപ്രായം, ആരോടും എവിടെവെച്ചും വെട്ടിത്തുറന്നു പറയും. സ്വകാര്യ സംഭാഷണത്തിൽ മാത്രമല്ല, പ്രസംഗവേദിയിൽ വെച്ചും ആ വാക്കുകൾ കേട്ടിരിക്കുകയെന്നത് ഉൽകൃഷ്ടമായൊരനുഭവം തന്നെയാണ്. ചിലപ്പോൾ മംഗളോദയത്തിന്റെ ലഘു സദസ്സിൽ പ്രൊഫ. അരവിന്ദാക്ഷനും പ്രേംജിയുമൊക്കെ ഉണ്ടായിരിക്കും. ആ നല്ല നാളുകൾ അസ്തമിച്ചുപോയെങ്കിലും ആരാധക ഹൃദയങ്ങളിൽ ഒളിവീശുന്ന ഭാസുരനക്ഷത്രമായി മുണ്ടശ്ശേരി മാഷ് ഇന്നും ജീവിക്കുന്നു.

പ്രേംജിയെപ്പറ്റി പറഞ്ഞപ്പോൾ വർഷങ്ങൾക്കു പിറകിലേക്കുള്ള എന്റെ ഓർമ്മ ഓടിപ്പോവുകയാണ്. നമ്മളൊന്നെന്ന നാടകം. എന്തൊരതിശയകരമായ അഭിനയമായിരുന്നു അന്നാ നാടകത്തിൽ. അദ്ദേഹം കാഴ്ചവെച്ചത്. ഒരിക്കലും മറക്കാനാവില്ല. 'ഋതുമതി' രംഗത്തവതരിപ്പിച്ചു കാണാനുള്ള ഭാഗ്യമെനിക്കുണ്ടായിട്ടില്ല. പല തവണ ഞാനാ നാടകം വായിച്ചിട്ടുണ്ട്. അപ്പോഴൊക്കെ കരഞ്ഞിട്ടുമുണ്ട്. അദ്ദേഹത്തെ കാണും മുമ്പേ—പരിചയപ്പെടും മുമ്പേ—അദ്ദേഹത്തിന്റെ അതീവ സുന്ദരങ്ങളായ കവിതകൾ വായിച്ചും പഠിച്ചും ഞാൻ അദ്ദേഹത്തിന്റെ ആരാധകനായിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തെ കണ്ടതും പരിചയപ്പെട്ടതുമായ സമയവും സ്ഥലവും കൃത്യമായി ഓർക്കാൻ കഴിയുന്നില്ല. എത്ര പഴയ സംഭവമാണത്. അദ്ദേഹത്തോടടുക്കാൻ കഴിഞ്ഞ കാലം കൃത്യമായി പറയാൻ കഴിയും. അന്നു തൃശ്ശൂരിൽ ആകാശവാണി നിലയമില്ല. പ്രക്ഷേപണത്തിന് കോഴിക്കോടു നിലയമാണ് അദ്ദേഹത്തെ ക്ഷണിക്കുക. ഏറെയും നാടകാഭിനയത്തിനാണു ക്ഷണം. ക്ഷണം ഒരിക്കലും നിരസിക്കാറില്ല. കൃത്യസമയത്തു വന്നുചേരും. റിഹേഴ്സലിന്ന് ഒരു വിദ്യാർത്ഥിയുടെ മട്ടിലാണ് പങ്കെടുക്കുക. താൻ എല്ലാവരേക്കാളും കീഴെയാണെന്നു പെരുമാറ്റത്തിലൂടെ സൂചിപ്പിക്കും. എന്തൊരു വിനയം! എന്തൊരു താഴ്മ! "ഔദാര്യമെത്രയും ഭീരുവാണത്തുംഗ സൗധമേറില്ലതു വീഴ്ച ശങ്കിക്കയാൽ." കവിവാക്യത്തിലെ ഈ ശങ്കയുണ്ടല്ലോ, അതെപ്പോഴും കൈമുതലായി സൂക്ഷിച്ചു പോരുന്നിൽ പ്രംജി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അക്കാലത്തെ അനുഭവങ്ങൾ ഒട്ടേറെ പറയാനുണ്ട്. എങ്കിലും ഞാനുമായി ബന്ധപ്പെട്ട ഒരു കാര്യം മാത്രമിവിടെ കുറിക്കട്ടെ.

ഒരു നവംബർ മുപ്പത്. അന്നാണല്ലോ വീരകേരളവർമ്മ പഴശ്ശി രാജ വീരസ്വർഗ്ഗം പ്രാപിച്ചത്. ചരിത്രപുരുഷന്മാരുടെ ചരമദിനങ്ങൾ ആചരിക്കുക എന്നത്

ആകാശവാണി ഒരിക്കലും മുടക്കാറില്ല. അന്നത്തെ മുപ്പതിനു ചരമദിനാചരണത്തിന്റെ ചുമതല ഞാനേൽക്കേണ്ടിവന്നു. അതിലേക്ക് ഞാനൊരു നാടകം തയ്യാറാക്കി. ചരിത്ര സത്യവുമായി പൊരുത്തപ്പെടുമോ എന്ന് അന്വേഷിക്കാനോ പഠിക്കാനോ നേരമില്ലാത്തതുകൊണ്ടു തെറ്റും ശരിയും ഗൗനിക്കാതെ, പറഞ്ഞുകേട്ടൊരു സംഭവം ഞാനതിൽ ഉൾക്കൊള്ളിച്ചു. സംഭവം ഇങ്ങനെയാണ്; വീരകേരള വർമ്മ രാജാവിനു അരിവെപ്പുകാരനായി ഒരു ബ്രാഹ്മണനുണ്ടായിരുന്നെന്നും, വിശ്വസ്തനായ ആ ബ്രാഹ്മണന്റെ കൈയിൽ താൻ അതീവ പവിത്രമായി കരുതി ആരാധിച്ചു പോന്ന സാളഗ്രാമവും ദേവീദത്തമെന്നു സങ്കല്പിച്ചിരുന്ന ഉടവാളും അവസാന നാളുകളിൽ ഏല്പിച്ചുകൊടുത്ത് കോട്ടയത്തേക്ക് അയച്ചുവെന്നും മറ്റുമാണ് പറഞ്ഞു കേട്ടത്. ബ്രാഹ്മണനെ ഞാൻ കഥാപാത്രമായി സ്വീകരിച്ചു. അപ്പോളൊരു കുഴപ്പം. രാജാവ് നമ്പൂതിരിയെ ഏതു വിധത്തിൽ സംബോധന ചെയ്യണം? എനിക്കു നിശ്ചയമില്ല. ചിലരോടൊക്കെ അന്വഷിച്ചെങ്കിലും തൃപ്തികരമായ മറുപടി കിട്ടിയില്ല. പിന്നെ ഒരു പോംവഴിയേയുള്ളൂ. ഇല്ലപ്പേരു കൊടുക്കുക. കറുത്തേടം, വെളുത്തേടം എന്നൊക്കെ വിളിക്കുമ്പോലെ വിളിക്കുക. അതുകൊണ്ടും കുഴപ്പമവസാനിച്ചില്ല. നമ്പൂതിരി രാജാവിനെ എങ്ങനെ സംബോധന ചെയ്യും? തിരുമേനി എന്നു വിളിക്കാമോ? അവിടേയും സംശയം തന്നെ. സാരമില്ല. രാജാവല്ലെ, തിരുമേനി എന്നുതന്നെ വിളിക്കട്ടെ എന്നു തീരുമാനിച്ചു ഞാനതുപോലെ എഴുതിവെച്ചു.

എന്റെ ഓർമ്മ ശരിയാണെങ്കിൽ പഴശ്ശിരാജാവിന്റെ ഭാഗമഭിനയിക്കാൻ പ്രസിദ്ധ നടനായ ശ്രീ- അരവിന്ദാക്ഷമേനോനെയാണ് നിലയത്തിൽനിന്നു ക്ഷണിച്ചുവരുത്തിയത്. നമ്പൂതിരിയുടെ ഭാഗത്തിനായി പ്രംജിയേയും. റിഹേഴ്സൽ ദിവസം സ്ക്രിപ്റ്റുമായി സ്റ്റുഡിയോവിലേക്കു കടന്നുചെല്ലുമ്പോൾ എനിക്കു പരിഭ്രമമുണ്ടായിരുന്നു. നാടകം വായിച്ചുനോക്കി പ്രേംജിക്ക് എന്തു തോന്നുമോ ആവോ? ഏതായാലും റിഹേഴ്സൽ തുടങ്ങും മുമ്പേ ഞാൻ പ്രേംജിയെ സമീപിച്ച് തെല്ലൊരപരാധബോധത്തോടെ കാര്യങ്ങൾ വിവരിച്ചു: വലിയവരുടെ ജീവിത ക്രമങ്ങളോ സംഭാഷണ രീതിയോ എനിക്കു നിശ്ചയമില്ല; വങ്കത്തം വല്ലതും കണ്ടെങ്കിൽ ക്ഷമിക്കണം തിരുത്തണം. പ്രേംജി ഒന്നും പറയാതെ സ്ക്രിപ്റ്റ് വായിക്കാൻ തുടങ്ങി. വായിക്കുമ്പോൾ ഇടയ്ക്കിടെ അദ്ദേഹം കണ്ണു തുടയ്ക്കുന്നതു കാണാമായിരുന്നു. വായനയോടൊപ്പം തന്നെ ചില വെട്ടലും തിരുത്തലും വരുത്തുന്നതു കണ്ടപ്പോൾ എനിക്കാശ്വാസമായി. നമ്പൂതിരിയും പഴശ്ശിരാജായും തമ്മിലുള്ള സംഭാഷണം, അവിടെയും ഇവിടെയുമായി ചില തിരുത്തലുകൾ വരുത്തി അദ്ദേഹം പറഞ്ഞു:

“ഇതേ വേണ്ടൂ; ഇത്രമതി. നമ്പൂതിരിമാർ രാജാക്കന്മാരെ തിരുമേനി എന്നു വിളിക്കില്ല. വളരെ അത്യാവശ്യമെന്നു തോന്നുന്നിടത്തു ‘തിരുമനസ്സേ’ എന്നാവാം. അങ്ങനെ മാറ്റീട്ടുണ്ട്.”

റിഹേഴ്സൽ കഴിഞ്ഞ് റിക്കാർഡിങ്ങിന്റെ സമയത്തു സത്യത്തിൽ പ്രേംജി കരഞ്ഞു. കൂടെ അഭിനയിക്കുന്നവർക്കും വല്ലാത്ത വിമ്മിട്ടം. ഞാനെഴുതിവെച്ച സംഭാഷണം അത്ര മികച്ചതൊന്നുമായിരുന്നില്ലെങ്കിലും ആ മുഹൂർത്തത്തിനൊരു പ്രത്യേക

തയുണ്ടായിരുന്നു. അന്നു രാത്രിയോ പിറ്റേന്നു രാവിലെയോ അവസാനത്തെ ഏറ്റുമുട്ടലുണ്ടാവും. എല്ലാം അവസാനിക്കും. അതിനുമുമ്പേ, നമ്പൂതിരിയെ പറഞ്ഞുവിടുകയാണ്. നമ്പൂതിരിക്കു പോകാൻ മനസ്സില്ല. രാജാവിന്റെ മാറിലൊരുണ്ട വീഴുമ്പോൾ അതു പോലൊരെണ്ണം ഏറ്റുവാങ്ങാനുള്ള കരുത്തു തനിക്കുണ്ടെന്നും താൻ അത്രയ്ക്കു ഭീരുവല്ലെന്നും തെളിയിക്കാൻ നമ്പൂതിരി പരിശ്രമിക്കുന്നതും, ശുദ്ധനായ ഒരു ബ്രാഹ്മണന്റെ തന്റേടം കണ്ട് രാജാവ്, അമ്പരക്കുന്നതുമായ മുഹൂർത്തമായിരുന്നു അത്. അവിടെ രാജാവിന്റെ കണ്ണും നനയുന്നു; നമ്പൂതിരി വിങ്ങിപ്പൊട്ടുന്നു! പ്രേംജി ആ മുഹൂർത്തം തനിത്തങ്കത്തിലുരുക്കി വാർക്കുകയായിരുന്നു. ആ ഒരു അനർഘനിമിഷം, എന്റെ മനസ്സിലും അന്നു പ്രേംജി തിരുത്തിയ സ്ക്രിപ്റ്റ് എന്റെ അലമാറയിലും ഞാൻ ഭദ്രമായി ഇന്നും സൂക്ഷിച്ചുപോരുന്നു. എനിക്കു പ്രേംജി അന്നും ഇന്നും ആചാര്യസ്ഥാനീയനാണ്.

പറഞ്ഞു വന്നത്, മംഗളോദയവും ചുവന്ന കടലും ആയിരം ഉറുപ്പികയുടെ ചെക്കുമായിരുന്നല്ലോ. അന്നു മംഗളോദയത്തിൽ മുദ്രണം ചെയ്യുന്ന എല്ലാ ഗ്രന്ഥങ്ങളും പ്രേംജിയുടെ സൂക്ഷ്മപരിശോധനയ്ക്കു വിധേയമാവാറുണ്ടായിരുന്നു. അങ്ങനെ 'ചുവന്ന കടൽ' പുറത്തിറങ്ങി. രേഖപ്പെടുത്താവുന്ന ഒരു സംഭവവും അതുകൊണ്ടുണ്ടായില്ല. പത്രങ്ങളിൽ നിരൂപണം വന്നോ? അറിഞ്ഞു കൂടാ. അന്വേഷിച്ചതുമില്ല. അങ്ങനെയിരിക്കുമ്പോൾ ഒരു കത്തു വരുന്നു. എനിക്കു വളരെ അപൂർവ്വമായേ കത്തു വരാറുള്ളു. കുറ്റം എന്റേതുതന്നെ. ഞാനാർക്കും എഴുതാറില്ല. അവിടെയാണു കുഴപ്പം. പ്രതീക്ഷിക്കാതിരിക്കുമ്പോൾ വന്ന ആ കത്ത് ഏതെന്നു നോക്കി. എറണാകുളത്തുനിന്നാണ് പ്രൊഫസർ എം. അച്യുതനാണ് എഴുതിയത്. ഞങ്ങൾ അടുപ്പമുള്ളവരല്ല. തീരെ ശത്രുക്കളല്ലെന്ന പ്രത്യേകതയേയുള്ളു. ആകാശവാണിയിൽ വെച്ച് ഒന്നോ രണ്ടോ തവണ പി. സി. യോടൊപ്പം കണ്ടിട്ടുണ്ട്. അത്രമാത്രം. കത്തു വായിച്ചപ്പോൾ അദ്ഭുതമാണു തോന്നിയത്. അഹങ്കരിച്ചില്ല. പ്രൊഫസർ ചുവന്ന കടലിനെപ്പറ്റിയാണെഴുതിയത്. നല്ല വാക്കുകൾ മാത്രം. പിന്നെ കുറച്ചു പ്രോത്സാഹനവും. ആദ്യത്തെ നോവലെഴുതിയവന്ന് അഹങ്കരിക്കാനതൊക്കെ പോരേ? അഹങ്കാരത്തിനു പകരം അദ്ഭുതമുണ്ടായത് വെറുതെയല്ല. അടുത്തു വേണ്ടുവോളം പരിചയമില്ലാത്ത, ഒരിക്കലും സേവപറഞ്ഞു പിറകെ നടക്കാത്ത, നല്ല നാലു വാക്ക് എന്റെ പുസ്തകത്തെപ്പറ്റി എഴുതണേയെന്നപേക്ഷിക്കാത്ത, പരിചിതനെന്നു തന്നെ പറഞ്ഞാലും തെറ്റില്ലാത്ത ഒരാളുടെ സാഹിത്യസൃഷ്ടി വായിച്ചു, അതിനെപ്പറ്റി നല്ല രണ്ടുവാക്കു ചെലവഴിക്കുമെന്നു തീരുമാനിച്ച ഒരാളെപ്പറ്റി അദ്ഭുതപ്പെടാതെ പറ്റുമോ? ഇങ്ങനെയുമുണ്ടോ നിരൂപകരെന്നോർത്തുപോവില്ലേ? ഏതായാലും കഥകളെപ്പറ്റി, നോവലിനെപ്പറ്റി ആധികാരികമായി പറയാനുള്ള പാണ്ഡിത്യവും അർഹതയുമുള്ള പ്രൊഫസറുടെ വാക്കുകളിലെ ആത്മാർത്ഥത എനിക്കൊരുജ്ജീവനൗഷധമായിരുന്നു.

— 72 —

## മലഞ്ചെരുവിലെ പാറക്കെട്ടുകൾ

ഏതോ ലക്ഷ്യത്തിലേക്ക് ഇഴഞ്ഞു നീങ്ങുന്ന ജീവിതം. അവിടവിടെ പ്രതിബന്ധ ങ്ങൾ. അവ തരണം ചെയ്യാനുള്ള തീവ്രശ്രമം. തളർച്ച. തരണം ചെയ്തു കഴിഞ്ഞാ ലുള്ള സംതൃപ്തി. പിന്നെയും മുമ്പോട്ട്. ജീവിതത്തിൽ മടക്കയാത്രയെന്നൊന്നില്ല ല്ലോ. അതുകൊണ്ട്, വയ്യെങ്കിലും യാത്ര തുടരുകതന്നെ വേണം. അങ്ങനെ യാത്ര തുടരുമ്പോൾ എവിടെ നിന്നെന്നില്ലാതെ ഒരു തണുത്ത നീരുറവ, ജീവിതത്തിലേ ക്ക് ഒഴുകി വീഴുന്നു. തളർന്ന മനസ്സിനതു താരും തളിരുമർപ്പിക്കുന്നു. സത്യത്തിൽ പ്രൊഫ. അച്യുതന്റെ കത്ത് അങ്ങനെയുള്ളൊരു നീരുറവയായിരുന്നു. എന്നെ പ്പോലൊരു അലസനല്ലായിരുന്നു ആ കത്തു കിട്ടിയതെങ്കിൽ, അതു വെച്ചുകൊണ്ടു തീവ്രപരിശ്രമം നടത്തി. ആരെങ്കിലുമൊക്കെ ആകുമായിരുന്നു. നേട്ടങ്ങൾ കൊ യ്തെടുക്കുമായിരുന്നു. അതൊന്നും കഴിഞ്ഞില്ല. എന്റെ അലസത മാത്രമായിരുന്നോ അതിന്നു കാരണമെന്നു ഞാനിപ്പോൾ ആലോചിക്കുകയാണ്. അല്ല, തീർച്ചയായും അല്ല. വേണമെങ്കിൽ അതും ഒരു ചെറിയ കാരണമായിരുന്നെന്നേ പറഞ്ഞുകൂടൂ. ഏറ്റവും വലിയ കാരണം ആ കാലഘട്ടമായിരുന്നു. എന്തൊരു സമ്പന്നമായ കാല ഘട്ടം. തകഴിച്ചേട്ടനും വർക്കിസ്സാറും കേശവദേവും തകർത്തെഴുതിക്കൊണ്ടിരിക്കു ന്ന കാലം. അത്യാഗ്രഹത്തോടെ അതെല്ലാം വായിച്ചുകൂട്ടുന്ന കാലം. വൈക്കം മുഹ മ്മദ് ബഷീറിന്റെ കഥകൾ പഞ്ചസാരപ്പായസം പോലെ ആസ്വദിച്ച് രസിക്കുന്ന കാലം. എന്റെ അടുത്ത കസേരയിലിരിക്കുന്ന ഉറൂബിന്റെ സുന്ദരികളെയും സുന്ദര ന്മാരെയും ആരാധിക്കുന്ന കാലം. അതോ പ്രേമിക്കുന്ന കാലമോ? സർവ്വോപരി പൊറ്റെക്കാടിന്റെ പൂത്തുലയുന്ന രാജമല്ലിയും നിശാഗന്ധിയും പ്രസരിപ്പിക്കുന്ന പരി മളം ആസ്വദിച്ചു സുഖിക്കുന്ന കാലം. ഈ കാലത്തു സൃഷ്ടിയുടെ ക്ലേശമനുഭവിക്കുന്ന തെന്തിന്ന്? വേണ്ടുവോളം വിഭവങ്ങൾ മുമ്പിലുള്ളപ്പോൾ അതാസ്വദിച്ചു സുഖിക്കല ല്ലേ നല്ലതെന്നു തോന്നിപ്പോയാൽ അതൊരു തെറ്റാണോ? ആ തോന്നൽ ഭീരുത്വ ത്തിന്റെ സന്തതിയല്ലേയെന്നു വല്ലവരുമിന്നു ചോദിച്ചാൽ ഞാനതു നിഷേധിക്കാൻ ഭാവമില്ല. ഭീരുത്വമെങ്കിൽ ഭീരുത്വം. ഞാൻ കിഴടങ്ങുന്നു.

ഇവിടന്നങ്ങോട്ടെനിക്ക് ഓർമ്മിക്കാനും പായാനുമുള്ളത് കീഴടങ്ങലിന്റെ ചില കഥകളാണ്. അല്ലെങ്കിൽ എന്റെ കഥ മുഴുവനായും കീഴടങ്ങലിന്റെ കഥയല്ലേ യെന്നു ഞാനിപ്പോൾ ശങ്കിക്കുകയാണ്. സ്നേഹത്തിന്റെ മുമ്പിലുള്ള കീഴടങ്ങൽ! ഇപ്പോൾ എന്റെ നേർക്കു ചീറ്റി വന്ന ദിവ്യായുധം ഒരു കത്താണ്. എഴിതയതു ശ്രീ നാഗവള്ളി. ആർ. എസ്. കുറുപ്പ്. ഉടനെ ഒരു നോവൽ വേണം. കൊല്ലത്തുനിന്നും ഒരു പ്രസിദ്ധീകരണശാലക്കാർ പത്തു നോവലുകൾ പുറത്തിറക്കുന്നു. അതിലൊ രെണ്ണം എന്റേതാവണം. നിർബ്ബന്ധം. ദൈവമേ, ഇതെന്നോടു വേണോ? ഈ നോവലും താങ്കൾക്കുതന്നെ വേണമെങ്കിൽ എഴുതാൻ കഴിയുമല്ലോ? പിന്നെന്തി നെന്നെ വലയ്ക്കുന്നു? തുരുതുരെ നാഗവള്ളിയുടെ കല്പനകളാണ് തുടർന്നുണ്ടായത്. ഞാൻ കീഴടങ്ങി. കത്തുകൾ പലതും വരുന്നു: 'നോവൽ. നോവൽ'. കൊല്ലത്തു നിന്നു ഫോൺ. പത്തു നോവലുകളുടെ ഉദ്ഘാടന മുഹൂർത്തം കുറിച്ചു കഴിഞ്ഞു. ഉട നെ വേണം. അല്ലെങ്കിൽ, സംഗതി വശക്കേടാവും. നോവൽ എനിക്കു വഴങ്ങില്ലെ ന്നു നന്നായറിഞ്ഞിട്ടും ഞാനെഴുതാൻ തുടങ്ങി. അല്ലാത പറ്റില്ലല്ലോ. നാഗവള്ളിയ ല്ലേ നിർബ്ബന്ധിക്കുന്നത്! അങ്ങനെയിരിക്കുമ്പോൾ വരുന്നു നാഗവള്ളിയുടെ ഒരു സന്ദേശവാഹകൻ. അദ്ദേഹത്തിനു രാത്രിവണ്ടിക്കു തന്നെ തിരിച്ചുപോണം. നോ വൽ കൈയോടെ കൊണ്ടുപോണം. ഞാൻ പറഞ്ഞു സംഗതി പാതിയേ തീർന്നിട്ടു ള്ളു. അതെങ്കിലത് ഉടനെ കൊണ്ടു പോയേ പറ്റൂ. സന്ദേശവാഹകൻ വിടുന്ന മട്ടി ല്ല. ഞാൻ കീഴടങ്ങി. പാതിയും വാരിക്കൂട്ടി അദ്ദേഹം റെയിൽവേ സ്റ്റേഷനിലേക്കു കുതിച്ചു. ശല്യമൊഴിവായെന്ന ആശ്വാസത്തോടെ, ഞാൻ ചെന്നു കിടന്നു. അന്നു സുഖമായി ഉറങ്ങുകയും ചെയ്തു.

പിറ്റേന്നത്തെ പ്രഭാതം പുതിയ സംഘർഷവുമായി പൊട്ടിവിടരുന്നു. മറ്റേ പാ തിയെവിടെ? കാര്യം പരമ വഷളാണ്. എല്ലാവരും ഒരു പോലെ അപമാനിതരാ വും. ആദ്യത്തെ പകുതി അടിച്ചുകഴിഞ്ഞു. അതു കേട്ടപ്പോൾ എനിക്കു ചിരി വന്നു. നേരിട്ടനുഭവമില്ലെങ്കിലും 'രാമേശ്വരത്തെ ക്ഷൗര'മെന്നു ഞാൻ പറഞ്ഞു കേട്ടിട്ടുണ്ട്. പാതി മാറ്റർ അച്ചടിച്ചു പുസ്തകരൂപത്തിലാക്കി, 'പാതിക്ഷൗര'മെന്നോ രാമേശ്വര ത്തെ ക്ഷൗരമെന്നോ പേരിട്ട് പുറത്തിറക്കിയാലെന്തെന്നു വരെ എനിക്കു തോന്നി. പക്ഷേ, എന്തു തോന്നിയിട്ടും കാര്യമില്ല. മറുവശത്ത് നാഗവള്ളിയാണ്. വെറുതെ വിടില്ല. വളരെ ക്ലേശിച്ചാണെങ്കിലും ഞാൻ ധൃതിവെച്ച് രണ്ടാമത്തെ പകുതിയും എഴുതിത്തീർത്തു. 'താളപ്പിഴ'യെന്നു പേരുമിട്ട് അപ്പോഴും അക്ഷമയോടെ കാത്തി രിക്കുന്ന സന്ദേശവാഹകന്റെ കൈയിലേല്പിച്ചു. നിശ്ചിത സമയത്തുതന്നെ പത്തു നോവലും പുറത്തിറങ്ങിയെന്നാണു പിന്നീടു ഞാനറിഞ്ഞത്. കുറച്ചുനാൾ കഴിഞ്ഞ പ്പോൾ ഒരു വിവരവും കൂടി അറിയാൻ കഴിഞ്ഞു. പ്രസിദ്ധീകരണശാല അടച്ചുപൂട്ടി യെന്ന്. തുടക്കവും ഒടുക്കവും താളപ്പിഴ തന്നെ. തീർന്നില്ല. പിന്നേയും കീഴടങ്ങൽ, പിന്നെയും താളപ്പിഴ. എന്റെ ഒരു സുഹൃത്തിനു താളപ്പിഴ സിനിമയാക്കാൻ മോഹം. സുഹൃത്ത് ആളും അകമ്പടിയുമായി വരുന്നു; കീഴടക്കുന്നു. പിന്നെ വർഷങ്ങൾത ന്നെ നീണ്ടുനിന്ന സിനിമായുദ്ധം. ഞാനതിൽ കക്ഷിയല്ല. താളപ്പിഴ തന്നെ കക്ഷി.

സമരാന്ത്യത്തിൽ പലരും പരാജയപ്പെട്ട് പൊടിമണ്ണിൽ വീഴുന്നു. പുതിയവർ രംഗപ്രവേശം ചെയ്യുന്നു. ആയുധമെടുക്കുന്നു; അങ്കം വെട്ടുന്നു. അവരും തളർന്നുവീഴുന്നു. ഒടുവിൽ ‘താളപ്പിഴ’ ‘ഉദയം കിഴക്കു തന്നെ’ എന്ന പേരിൽ ഉദയംകൊള്ളുന്നു. പടം കുതിച്ചോടുക തന്നെ ചെയ്തെന്നു പലരും പറഞ്ഞു. ഞാൻ കണ്ടില്ല. അത്ര വേഗത്തിൽ ഓടുമ്പോൾ എങ്ങനെ കാണാൻ കഴിയും?

ഇങ്ങനെ പറഞ്ഞു പോയാൽ പിന്നെയുമുണ്ട് കീഴടങ്ങലിന്റെ കഥ. കറന്റ് തോമസ്സെന്ന സുഹൃത്തിനുവേണ്ടിയും ഒരു നോവൽ എഴുതേണ്ടിവന്നു. പൂർണ്ണക്കാരനും അക്കാര്യത്തിൽ ഉപേക്ഷ കാണിച്ചില്ല. പ്രസിദ്ധീകരണ ശാലയുടെ ഉദ്ഘാടനം കുറിച്ചു. നോവൽ കിട്ടിയില്ല. പലരോടും ആവശ്യപ്പെട്ടെന്നു പറഞ്ഞു. ആരും സഹായിച്ചില്ല. നോവലില്ലാതെ പ്രസിദ്ധീകരണശാലയുടെ ഉദ്ഘാടനം നിർവഹിക്കുന്നതു മോശമല്ലേ? ഒരു നോവൽ വേണം; അത് ഞാനെഴുതണം. ഇങ്ങനെ ധൃതി പിടിച്ചു പറഞ്ഞാൽ തന്റെ സൃഷ്ടികളോടു നീതി പുലർത്തുന്ന വല്ലവരും വഴങ്ങുമോ? അവിടെയും എന്റെ വിധി കീഴടങ്ങൽതന്നെ. വിധിയെന്നോ വിവരമില്ലായ്മയെന്നോ എന്തു വേണമെങ്കിൽ വിളിച്ചോളൂ; ’പൂർണ’യ്ക്കും ഞാൻ കീഴടങ്ങി. മതി; ഇവിടെ നിർത്താം. ഇതെല്ലാം കൂട്ടിവെച്ചു വായിക്കുമ്പോൾ ഒരു ദുർബ്ബലമനസ്സിന്റെ ഉടമ പൂർണ്ണമായും നിങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നില്ലേ? മതി; എനിക്കതു മതി. രഹസ്യമായി പറയട്ടെ, ഈ ദൗർബല്യം ഒരിക്കലും എന്നെ വിട്ടു മാറരുതേ എന്നാണ് പ്രാർത്ഥന. സ്നേഹത്തിന്റെ മുമ്പിൽ കീഴടങ്ങുന്ന ഓരോ നിമിഷവും എനിക്കു വില കൂടിയതാണ്; അതു മാത്രമാണെന്റെ സമ്പാദ്യവും.

ജീവിതയാത്രയിൽ പല വഴികളിലായി വന്നു ചേരുന്ന സ്നേഹത്തിന്റെ നീരുറവകളെപ്പറ്റിയാണല്ലോ പറഞ്ഞു വന്നത്. അത്ര പ്രധാനമല്ലെങ്കിലും ഒന്നുരണ്ടു സന്ദർഭങ്ങൾകൂടി ഇവിടെ വിവരിച്ചു കൊള്ളട്ടെ. എന്റെ മരുമകൻ ഭാസ്കരൻ കോളേജിൽ പഠിക്കുന്ന കാലം. ഇന്നയാൾ തിക്കോടി ഭാസ്കരനാണ്. നോവലും കഥകളും മറ്റും എഴുതുന്ന മരുമകൻ. വെറും ഭാസ്കരനെന്നു വിളിക്കാൻ അല്പം ശങ്കയുണ്ട്; സാരമില്ല. ഒരു ദിവസം വൈകീട്ട് ഭാസ്കരനെത്തേടി ഒരു ഖദർധാരിയായ ചെറുപ്പക്കാരൻ വീട്ടിൽ വരുന്നു. ശോഷിച്ച ശരീരം. അതിവിനയംകൊണ്ടു കുനിഞ്ഞ തല. ഒതുക്കിപ്പിടിച്ചു സംസാരം. കുറഞ്ഞനേരമേ സംസാരിച്ചുള്ളുവെങ്കിലും അയാളെന്നെ ‘കുഞ്ഞമ്മാമൻ’ എന്നു വിളിച്ചു. കൊള്ളാമല്ലോ. എനിക്കൊരു മരുമകൻകൂടി ഉണ്ടായിരിക്കുന്നു; തല്ക്കാലം ഊരുംപേരും നിശ്ചയമില്ലാത്ത മരുമകൻ. ഭാസ്കരൻ എന്നെ കുഞ്ഞമ്മാമനെന്നു വിളിക്കുന്നു. അയാളുടെ സുഹൃത്തും അങ്ങനെത്തന്നെ വിളിക്കുന്നു, ഭാസ്കരനുമായുള്ള അടുപ്പം മൂലമുള്ള വിളിയാണോ, അതോ മാതുലസദൃശമായ സ്നേഹംമൂലമുള്ള വിളിയാണോ? എങ്ങനെ തീരുമാനിക്കാൻ കഴിയും? കോളേജ് വിദ്യാർത്ഥിയല്ലേ? തീരുമാനമെടുക്കാൻ ഏറെക്കാലം വേണ്ടിവന്നില്ല, എന്റെ മരുമകനാവാൻ അയാൾക്കു വളരെ സന്തോഷമാണെന്നു മനസ്സിലാക്കാൻ. ഈ മരുമകനുണ്ടല്ലോ, ഇത് ശ്രീ സി. രാധാകൃഷ്ണനാണ്; സുപ്രസിദ്ധ നോവലിസ്റ്റും കവിയും നാടകകൃത്തും സിനിമാ സംവിധായകനും ശാസ്ത്രജ്ഞനുമെല്ലാമായ സാക്ഷാൽ ശ്രീ

സി. രാധാകൃഷ്ണൻ. ഇന്നും എവിടെ വെച്ചെങ്കിലും കണ്ടാൽ 'കുഞ്ഞമ്മാമ'നെന്നു വിളിച്ചുകൊണ്ടാണ് മി. രാധാകൃഷ്ണൻ എന്നെ സമീപിക്കുക. ഈ അമ്മാമനാവട്ടെ, ഇന്നു മരുമകനെ നോക്കുന്നത് അകം നിറഞ്ഞ അഭിമാനത്തോടെ, സന്തോഷത്തോടെയാണ്. പക്ഷേ, കഴുത്തസാരം വേദനിക്കുന്നുണ്ടെന്നു പറയാതെ വയ്യ. അത്രയ്ക്കു വളർന്നുപോയിരിക്കുന്നു മരുമകൻ. ആയുസ്സ് നീട്ടിനീട്ടിക്കിട്ടിക്കൊണ്ടിരിക്കുമ്പോൾ മനുഷ്യർക്ക് ഇതു പോലെ സുഖകരങ്ങളും അദ്ഭുതകരങ്ങളുമായ അനുഭവങ്ങൾ പലതും നേരിടേണ്ടിവരും.

നമ്മൾ ചിലപ്പോൾ മലഞ്ചരുവിലെ പാറക്കെട്ടുകൾ പോലെയായിരിക്കും. ചില പാറക്കെട്ടുകളിൽ തെളിനീരുറവകളുണ്ടാവും. മല കയറാനിറങ്ങിപ്പുറപ്പെട്ടവർ അതുവഴി കടന്നുപോകുമ്പോൾ പാറക്കെട്ടുകളിലിരിക്കുന്നു. വിശ്രമിക്കുന്നു. തെളിനീരുറവയിൽനിന്ന് ഒരു കുടന്ന വെള്ളമെടുത്തു കണ്ണും മുഖവും കഴുകുന്നു. യാത്ര തുടരുന്നു. കൊടുമുടിയെ ലക്ഷ്യംവെച്ചുകൊണ്ടുള്ള യാത്ര. മലകയറ്റക്കാരൻ ഉയർന്നുയർന്നുപോകുന്നത് പാറക്കെട്ട് നിശ്ശബ്ദമായി നോക്കിയിരിക്കുന്നു. എന്റെ ജീവിതം ചില കാര്യങ്ങളിലെങ്കിലും ഇതുപോലൊരു പാറക്കെട്ടാണ്. മലകയറ്റക്കാർ പലരും ഇതു വഴി കടന്നുപോയിട്ടുണ്ട്. ഇവിടെ ഇരുന്നു വിശ്രമിച്ചിട്ടുണ്ട്. അവരുടെ ആരോഹണക്രമം കണ്ട് അദ്ഭുതപ്പെടുകയും സന്തോഷിക്കുകയും ചെയ്തിട്ടുണ്ട്. ആ കയറ്റത്തെപ്പറ്റി എന്തെങ്കിലും പറയാനുള്ള ഭാഷ കൈയിലില്ലാത്തതു കൊണ്ടു ദുഃഖിച്ചിട്ടുമുണ്ട്.

എന്റെ ഓർമ്മക്കുറിപ്പിന്റെ തുടക്കത്തിൽ ഞാനല്പകാലം ഒരു പത്രപ്രവർത്തകനായിരുന്ന കാര്യം പറഞ്ഞിട്ടുണ്ടല്ലോ. മി. അഹമ്മദ് കുഞ്ഞി, എം. ടി. ബി. നായർ, 'വിംസി' തുടങ്ങിയവർ അന്നെന്റെ സഹപ്രവർത്തകരായിരുന്നു. ഞാൻ മാത്രമാണ് പത്രപ്രവർത്തനത്തിൽ അന്നൊരു കന്നിക്കാരൻ. മറ്റുള്ളവരൊക്കെ അതീവ പ്രഗല്ഭരായിരുന്നു. ഒരേ കുടുംബംപോലെ ഞങ്ങളന്നു കഴിഞ്ഞുകൂടി എം. ടി. ബി. നായർ[1] രസികനായിരുന്നു. ഞങ്ങൾ വളരെ വേഗത്തിൽ അടുത്ത സുഹൃത്തുക്കളായി. പ്രഭാതപത്രമായതുകൊണ്ട് ഞങ്ങൾ എന്നും ഒത്തുചേരുന്നതു രാത്രിയായിരിക്കും. അങ്ങനെ ഒരുദിവസം സന്ധ്യയ്ക്ക് എം. ടി. ബി. വരുമ്പോൾ കൂടെ രണ്ടു പയ്യന്മാരുണ്ടായിരുന്നു. അദ്ദേഹം അവരെ ഞങ്ങൾക്കു പരിചയപ്പെടുത്തി. രണ്ടുപേരും എം. ടി. ബി. യുടെ സഹോദരന്മാർ. ഒരാൾ എം. ടി. എൻ.[2] മറ്റേത് 'വാസു', അതെ,

---

1 എം. ടി. ബാലൻ നായര്. കൂടല്ലൂരിൽ ജനനം. പത്ര പ്രവര്ത്തകന്, പക്ഷിനിരീക്ഷകന്, ഫോട്ടോഗ്രാഫര് എന്നീ നിലകളിൽ പ്രശസ്തനായി. കേരളത്തിലെ വിവിധ പത്രങ്ങൾക്കു വേണ്ടി ലേഖനങ്ങൾ എഴുതി. പക്ഷികളെ കുറിച്ചും ജൈവ വൈവിദ്ധ്യങ്ങളെക്കുറിച്ചും സചിത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. 1944 മുതൽ 47 വരെ റെയിൽവേയിൽ ജോലി ചെയ്തിരുന്നു. 1950 മുതൽ ബ്രൂക്ക് ബോണ്ട് കമ്പനിയിലായിരുന്നു ജോലി. 1955-ൽ അന്തരിച്ചു. എം. ടി. വാസുദേവന് നായരുടെ രണ്ടാമത്തെ ജ്യേഷ്ഠന്.

2 ചെറുകഥകളിലൂടെ സാഹിത്യരംഗത്ത് എത്തിയ എം. ടി. നാരായണൻ നായർ ഇംഗ്ലിഷ്, തമിഴ്, ചൈനീസ്, ജാപ്പനീസ് ഭാഷകളിലെ കൃതികൾ വിവർത്തനം ചെയ്തു. സാർത്രിന്റെ 'എറോ സ്ട്രാറ്റസ്', കാഫ്കയുടെ 'മെറ്റമോർഫോസിസ്', സരോജിനി നായിഡുവിന്റെ കവിതകൾ, ഡിഎച്ച് ലോ

അങ്ങനെത്തന്നെയാണു പറഞ്ഞത്. കൂടല്ലൂരിൽനിന്നു വന്ന ആ വിദ്യാർത്ഥികൾക്കൊപ്പം ഞങ്ങളന്നു ചായ കഴിച്ചു. എന്തൊക്കെയോ ഞാനും എം. ടി. ബി. യും വിംസിയുമൊക്കെയായി കഥ പറഞ്ഞു. വിദ്യാത്ഥികൾ രണ്ടുപേരും കേട്ടിരുന്നു. പിൽക്കാലത്തു റെയിൽവേയിലെ ഒരു ഉദ്യോഗസ്ഥനായി എം. ടി. എൻ. സാഹിത്യകാരനാണ്, കഥാകൃത്തും നല്ല പരിഭാഷകനുമാണ്. 'വാസു' എം. ടി. വാസുദേവൻ നായരായി. അന്നു ചായ കഴിച്ച വർത്തമാനം പറയുമ്പോൾ 'നന്നായി പഠിക്കണം കേട്ടോ' എന്ന് ആ കുട്ടിക്ക് ഒരുപദേശം കൊടുത്തതായി ഞാനോർമ്മിക്കുന്നു.

ഈ പാറക്കെട്ട് ഇന്നും മലഞ്ചരിവിലുണ്ട്. അധിത്യകയിലെ യാത്രക്കാരാ, ഉയർച്ചയിൽ നിന്ന് ഉയർച്ചയിലേക്കു കൊടുമുടികൾ കീഴടക്കിക്കൊണ്ടുള്ള താങ്കളുടെ തളരാത്ത യാത്രയ്ക്കു മൗനഭാഷയിൽ ആശംസകളയച്ചുകൊണ്ട്!

---

റൻസിന്റെയും ജിദ്ദു കൃഷ്ണമൂർത്തിയുടെയും കൃതികൾ, ജിദ്ദു കൃഷ്ണമൂർത്തിയുടെ ജീവചരിത്രം എന്നിവയാണു പ്രധാനകൃതികൾ. കഥകളും നോവലുകളുമായി 37 കൃതികൾ രചിച്ചു. റെയിൽവേയിൽ ജീവനക്കാരനായിരുന്ന ഇദ്ദേഹം 1982-ൽ കൊമേഴ്സ്യൽ കൺട്രോളർ പദവിയിലിരിക്കെ സ്വയം വിരമിച്ചു.

— 73 —

# അതികായന്മാരുടെ വേർപാട്

സ്ഥലം, എറണാകുളം. വേദി, അവിടത്തെ പ്രമുഖ ഹോട്ടലുകളിലൊന്നിലെ വിശാലമായ മുറി. ഒരു ചർച്ച നടക്കുന്നു; വളരെ ഗൗരവമുള്ള ചർച്ച. മദിരാശിയിൽ നിന്ന് എം. ഗോവിന്ദനും കൊച്ചിൻ യൂനിവേഴ്സിറ്റിയിൽ നിന്ന് ഡോ. പരമേശ്വരൻ നായരും തിരുവനന്തപുരത്തു നിന്ന് സർവ്വീസ് കമ്മീഷൻ മെമ്പർ. മി. രാമചന്ദ്രനും എറണാകുളത്തുനിന്നു പ്രൊഫസർ സാനുവും കോഴിക്കോട്ടു നിന്ന് മി. പട്ടത്തുവിള കരുണാകരനും എത്തിച്ചേർന്നു ചർച്ചയിൽ പങ്കെടുക്കുന്നു. മി. കരുണാകരനോടൊപ്പം ഞാനും അവിടെ എത്തിയിട്ടുണ്ടെന്നു പറയാതെ കഥ പൂർണ്ണമാവില്ലല്ലോ. ഞാൻ വെറും ശ്രോതാവായിരുന്നെന്നു കൂടി പറയട്ടെ. ഒരു പ്രസിദ്ധീകരണത്തെ ചുറ്റിപ്പറ്റിയാണ് ചർച്ച. എന്നുവെച്ചാൽ കെട്ടിലും മട്ടിലും മേന്മയും പുതുമയും പുലർത്തിക്കൊണ്ടുള്ള ഒരു വാരികയുടെ പ്രസിദ്ധീകരണം ആരംഭിക്കണം: അതെങ്ങനൊക്കെയാവണം, അതിനെന്തൊക്കെ വേണമെന്ന ആലോചനയാണ്. ഞാനൊഴിച്ച് മറ്റെല്ലാവരും പ്രസിദ്ധീകരണ വിഷയത്തിൽ പ്രവീണർതന്നെ. മി. കരുണാകരൻ അമേരിക്കയിൽ നിന്ന് പത്രപ്രവർത്തനത്തിൽ ബിരുദം നേടിയിട്ടുണ്ട്. ഡോക്ടർ പരമേശ്വരൻ നായരാണെങ്കിൽ അമേരിക്കയിൽ നിന്നുതന്നെ ബിരുദങ്ങൾ പലതും കൈക്കലാക്കിയിട്ടുണ്ട്. 'ഗോപുര'ത്തിന്റെയും 'സമീക്ഷ'യുടെയും ശില്പിയായ ഗോവിന്ദന്റെ കഴിവിനെ സംബന്ധിച്ച് വേറെ തെളിവുകളൊന്നും ആവശ്യമില്ല. മി. രാമചന്ദ്രനാവട്ടെ, 'കേരളകൗമുദി'യിൽ പ്രശസ്തമായ നിലയിൽ പ്രവർത്തിച്ച പാരമ്പര്യവുമുണ്ട്. ഈവക വിഷയങ്ങളിൽ പ്രൊഫ. സാനു മറ്റാരുടേയും പിന്നിലല്ലെന്നു പറയേണ്ടതില്ലല്ലോ. വാരികയുടെ വലുപ്പം, പുറംചട്ടയുടെ ആകൃതി, ഉള്ളടക്കത്തിലെ വൈവിധ്യം, അച്ചടി, വില്പന തുടങ്ങിയ എല്ലാറ്റിനെക്കുറിച്ചും ചർച്ചനടന്നു. വാരിക എപ്പോൾ തുടങ്ങണമെന്ന കാര്യത്തിൽ തീരുമാനമുണ്ടായോ? ഓർമ്മയില്ല. ബിരുദമോ പ്രവർത്തനപാരമ്പര്യമോ ആവശ്യമില്ലാത്തൊരു പദവിയാണല്ലോ ശ്രോതാവിനുള്ളത്. ആ പദവിക്ക് അല്പം പോലും ക്ഷതം പറ്റാതെ കഴിക്കാൻ ഞാൻ പരമാവധി ശ്രദ്ധിച്ചിരുന്നു. ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന എല്ലാ കാര്യങ്ങളും അതീവ താൽ

പര്യത്തോടെ കേട്ടിരിക്കുകയായിരുന്നു ഞാൻ. കേട്ടേടം കൊണ്ടു എന്റെ മനസ്സിൽ രൂപം കൊണ്ട ഒരു ചോദ്യം—അന്നു പുറത്തു വിടാത്തത്—ഞാനിവിടെ രേഖപ്പെടുത്തട്ടെ: ഇതുപോലൊരു വാരിക എന്നെങ്കിലും ഈ മലയാളനാടിൽ രൂപംകൊള്ളുമോ? അനുവാചകർക്ക് അതിനുള്ള ഭാഗ്യമുണ്ടാവുമോ?

എറണാകുളത്തെ ചർച്ചായോഗത്തിൽ പങ്കെടുത്തവരിൽ രണ്ടു പേരിന്ന് നമ്മോടൊപ്പമില്ല. മി. കരുണാകരനും മി. ഗോവിന്ദനും. രണ്ടുപേരെക്കുറിച്ചും പറയാനേറെയുണ്ട്; ഓർക്കാനും. ഏതാനും നാലു പതിറ്റാണ്ടുകൾക്കുമുമ്പാണ് മി. ഗോവിന്ദനെ കാണുന്നതും പരിചയപ്പെടുന്നതും. അതാവട്ടെ അത്യസാധാരണമട്ടിലുള്ള ഒരു പരിചയപ്പെടലായിരുന്നു. വ്യക്തിപരമായ ഒരാവശ്യത്തിനുവേണ്ടി, മദിരാശിയിൽ പോകേണ്ടിവന്നു. രണ്ടു ദിവസം അവിടെ താമസിച്ച് മടക്കയാത്രയ്ക്കു റെയിൽവേ സ്റ്റേഷനിൽ എത്തിയതാണ്. വണ്ടി പുറപ്പെടാൻ താമസമുണ്ട്. ഒരു കാപ്പി കുടിക്കാമെന്നുവെച്ച് 'സ്പെൻസറിൽ' കേറി. ഒഴിഞ്ഞ ഒരു മൂലയിൽ ചെന്നിരുന്നു. സമയം ധാരാളമുള്ളതുകൊണ്ട് സ്വൈരമായി ഒരിടത്തു ഇരിക്കാമെന്ന വിചാരത്തോടെ വളരെ സാവകാശമായാണ് കാപ്പി കുടിക്കാൻ തുടങ്ങിയത്. കുറച്ചു കഴിഞ്ഞപ്പോൾ ഒരാൾ വന്നു എനിക്കഭിമുഖമായി അവിടെ കിടപ്പുള്ള കസേരയിലിരുന്നു. ഞാൻ ശ്രദ്ധിച്ചില്ല. മദിരാശിയിൽ എനിക്കു പരിചയക്കാരാരുമില്ലാത്തതുകൊണ്ട് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അല്പനിമിഷങ്ങൾക്കുശേഷം എന്റെ മുമ്പിലിരിക്കുന്ന ആളിൽനിന്ന് ഒരു ചോദ്യമുയരുന്നു:

"തിക്കോടിയനല്ലേ?" ഞാൻ അമ്പരന്നു. എന്റെ മറുപടിക്കു കാത്തുനില്ക്കാതെ അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നു: "ഗോവിന്ദൻ."

നേരിട്ടന്നോളം കാണാൻ കഴിഞ്ഞിട്ടില്ലെങ്കിലും സുഹൃത്തുക്കൾ പറഞ്ഞും 'ജയകേരളം' മുഖേനയും ഗോവിന്ദനെ എനിക്കറിയാമായിരുന്നു. അമ്പരപ്പവിടെയല്ല. അദ്ദേഹം എങ്ങനെ എന്നെ മനസ്സിലാക്കി എന്ന കാര്യത്തിലായിരുന്നു. ഞാൻ വീട്ടുവിട്ടു പുറത്തങ്ങനെ സഞ്ചരിക്കാത്തവനാണ്. 'മാതൃഭൂമി'യിലോ മറ്റോ വല്ലതും എഴുതുകയല്ലാതെ വേറിട്ടൊരിടത്തും എഴുതാറില്ല. പിന്നെങ്ങനെ അദ്ദേഹമെന്നെ മനസ്സിലാക്കി? അതായിരുന്നു എന്റെ അമ്പരപ്പ്. എന്റെ ഫോട്ടോ അന്ന് പത്രത്തിലെവിടേയും വന്നിട്ടില്ല. ഗോവിന്ദനെപ്പോലൊരാളുടെ ശ്രദ്ധയിൽ പെടാൻ മാത്രം ഞാൻ പ്രസിദ്ധനുമല്ല. എല്ലാം ചോദിച്ചറിയണമെന്നുണ്ടായിരുന്നു. പക്ഷേ, ഞാൻ ചോദിച്ചില്ല. വണ്ടി വരുവോളം അദ്ദേഹമെന്നോടൊപ്പമുണ്ടായിരുന്നു. നിരന്തരമായി എഴുതണം, ധാരാളം വായിക്കണം എന്നൊക്കെ അന്നത്തെ കൂടിക്കാഴ്ചയിൽ അദ്ദേഹം എന്നെ ഉപദേശിക്കുകയുണ്ടായി. പിന്നെ വളരെ കഴിഞ്ഞാണ് മി. ഗോവിന്ദന്റെ ഒരു സവിശേഷ സ്വഭാവമെനിക്കു മനസ്സിലായത്. വല്ലതും ചുരുങ്ങിയമട്ടിൽ എഴുതുന്നവരെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും അദ്ദേഹത്തിനു ഉത്സാഹമുണ്ട്. ആരുടെ സഹായവും കൂടാതെ അത്തരക്കാരുമായി അദ്ദേഹം ബന്ധപ്പെടും. നിരന്തരമായി കത്തുകളെഴുതി ആ ബന്ധം നിലനിർത്തും. വളർച്ചയിൽ അവർക്കു വേണ്ട സഹായം നല്കും. കവിതയിലാണോ കഥയിലാണോ നാ

ടകത്തിലാണോ താൽപര്യമെന്നു മനസ്സിലാക്കി, അതിനു വേണ്ട നിർദ്ദേശങ്ങൾ നല്കും. വായിച്ചു മനസ്സിലാക്കേണ്ട പുസ്തകങ്ങളുടെ പേരുവിവരങ്ങൾ കുറിച്ചയയ്ക്കും. ചിലപ്പോൾ പുസ്തകങ്ങൾ തന്നെ വാങ്ങി അയച്ചുകൊടുക്കുകയും ചെയ്യും. ഒരപൂർവ്വ വ്യക്തിത്വത്തിനുടമയായിരുന്നു മി. ഗോവിന്ദൻ, വലിയ യോഗങ്ങളും സമ്മേളനങ്ങളും ബഹളങ്ങളും ഇഷ്ടമല്ല. അതിൽനിന്നെല്ലാം ഒഴിഞ്ഞു മാറി നില്ക്കും. ചെറിയ ചെറിയ സംഘങ്ങളോടൊത്തു ചേരാനാണിഷ്ടം. പലപ്പോഴും അത്തരം കൂടിച്ചേരലുകളിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിനു കളമൊരുക്കുന്ന രീതിക്കും ഒരു പ്രത്യേകതയുണ്ട് ഒരു കാർഡ് വരും, അതിൽ വെറും രണ്ടുവരി കുറിച്ചിട്ടുണ്ടാവും. ഇന്ന തീയതിക്ക് കോഴിക്കോട്ടെത്തുന്നു. ഇന്ന സ്ഥലത്ത് ഒരു മുറി വേണം. അതൊരിക്കലും പ്രസിദ്ധപ്പെട്ട ഹോട്ടലുകളിലാവരുത്. ബസ്സ്സ്റ്റാൻറിന്നടുത്തുള്ള ചെറിയ ലോഡ്ജിൽ ഏതെങ്കിലുമാവാം. റെയിൽവെ റിട്ടയറിങ് റൂമാണെങ്കിൽ വളരെ സന്തോഷം. ഗവണ്മെന്റ് റസ്റ്റ് ഹൗസും കൊള്ളാം. വന്നുകഴിഞ്ഞാൽ മുഖ്യമായ പ്രവൃത്തി വർത്തമാനം പറച്ചിലാണ്. വർത്തമാനത്തിന്നിടയിൽ നിർത്താതെ പുകവലിച്ചുകൊണ്ടിരിക്കും; സിഗരറ്റും ബീഡിയും മാറി മാറി. പുകവലിക്കൊപ്പം കലശലായ ചുമയുമുണ്ടാവും. വർത്തമാനം പറയുമ്പോൾ ശ്രോതാക്കൾ എത്ര കുറയുന്നോ അത്രയും സന്തോഷമാണ്. ഏതു വിഷയവും സംസാരിക്കും. അടിസ്ഥാനധാര മനുഷ്യസ്നേഹമായിരിക്കും. ഹ്യൂമനിസ്റ്റുകൾ എപ്പോഴും അങ്ങനെയാണല്ലോ. മറിച്ചാവാൻ തരമില്ലല്ലോ. കുത്താട്ടുകുളത്തുവെച്ച് ഇങ്ങനെയൊരു സുഹൃദ് സമ്മേളനത്തിൽ വെച്ചാണല്ലോ 'തനതു് നാടകവേദി' എന്ന ആശയം അദ്ദേഹം തൊടുത്തുവിട്ടത്. അതു സൃഷ്ടിച്ചുവിട്ട വാദകോലാഹലത്തിന്റെ അലകൾ ഇന്നും കെട്ടടങ്ങിയിട്ടില്ലെന്നു നമുക്കൊക്കെ അറിയാവുന്നതാണല്ലോ.

പിന്നെപ്പിന്നെ അദ്ദേഹത്തിന്റെ സന്ദർശനം സന്തോഷത്തേക്കാളേറെ വേദനയാണു നല്കിയിരുന്നത്. ആരോഗ്യം മോശമാവുകയായിരുന്നു. അതറിയാഞ്ഞിട്ടോ, അറിഞ്ഞിട്ടും അറിയാത്ത മട്ടിൽ എല്ലാം ഉള്ളിൽ ഒതുക്കിയിട്ടോ അദ്ദേഹം പെരുമാറിയിരുന്നു. പക്ഷേ, ഉള്ളിൽ കിടന്നു ചുരത്തുന്ന രോഗം ശരിക്കും തളർത്തുകതന്നെയായിരുന്നു. ഒരു ദിവസം അർദ്ധരാത്രിയാവോളം സംസാരിച്ചിരുന്നു. ശ്വാസംമുട്ടലുള്ളതുകൊണ്ട് വാക്കുകൾ കുറച്ചേ പുറത്തുവന്നുള്ളൂ. തനിച്ചാക്കി യാത്ര പറയാനെനിക്കു വിഷമം. അദ്ദേഹമാണെങ്കിൽ നിർബ്ബന്ധിക്കുന്നു. അവിടെ നില്ക്കാനനുവദിക്കുന്നില്ല. ഒടുവിൽ ലോഡ്ജിന്റെ ഉടമയെക്കണ്ട് സംഗതികൾ ധരിപ്പിച്ചു വല്ലതും ആവശ്യമായിവന്നാൽ എന്നെ വിളിച്ചറിയിക്കണമെന്നേല്പിച്ചാണു ഞാൻ സ്ഥലം വിട്ടത്. കാലത്തെ വന്നപ്പോൾ, കുറഞ്ഞൊരുന്മേഷം വീണ്ടെടുത്ത പോലെ തോന്നി. അങ്ങനെ എത്രയെത്ര സന്ദർഭങ്ങൾ.

അവസാനമായി മി. ഗോവിന്ദൻ കോഴിക്കോട്ടു വന്നത് ശ്രീ കെ. ബി. മേനോൻ അനുസ്മരണ പ്രഭാഷണത്തിനാണ്. ആരോഗ്യം കൂടുതൽ മോശമായിരിക്കുന്നു. ഇരുന്നുകൊണ്ടാണ് പ്രഭാഷണം നടത്തിയത്. ശ്വാസംമുട്ടും ചുമയും വേണ്ടുവോളമുണ്ടായിരുന്നു. അന്നു രാത്രിയും ഒത്തുചേരലുണ്ടായി. ഭാവിയെക്കുറിച്ചു

പലതും അദ്ദേഹത്തിനന്ന പറയാനുണ്ടായിരുന്നു. പ്രത്യേകിച്ച മകൻ തുടങ്ങിവെച്ച നാടക സമിതിയെപ്പറ്റി. റിഹേഴ്സൽ കാണാൻ ചെല്ലണമെന്ന പറഞ്ഞു. അതിനൊരു തീയതിയും നിശ്ചയിച്ചു. കൂട്ടത്തിൽ ഒരു വലിയ കാര്യം എന്നെ ഏല്പിച്ചു— പുതിയൊരു നാടകം വേണം. അതിന്റെ ഇതിവൃത്തം വിസ്തരിച്ചു പറഞ്ഞു. അതു ഞാനെഴുതണം. മടിക്കരുത്. ഉടനെ വേണം. എല്ലാം ഏല്പിച്ചു പിരിഞ്ഞു. അവിടം കൊണ്ടും നിർത്തിയില്ല. പോയിട്ടു രണ്ടുദിവസത്തിനകം കത്തു വരുന്നു, പറഞ്ഞ കാര്യങ്ങളെല്ലാം ഓർമ്മിപ്പിച്ചുകൊണ്ട്.

ഒന്നും വേണ്ടിവന്നില്ല. കുറ്റിപ്പുറത്തുള്ള തറവാട്ടുപറമ്പിൽ, മുറ്റിത്തഴച്ചുനിൽക്കുന്ന വൃക്ഷനിരകളുടെ തണലിൽ വീട്ടിനകത്തു നിശ്ചലനായി കിടക്കുന്ന അദ്ദേഹത്തെ നിറമിഴികളോടെ കണ്ടുനില്ക്കുന്ന ധാരാളം സുഹൃത്തുക്കളുടെ കൂട്ടത്തിൽ ഞാനും ചെന്നുചേർന്നു. എഴുതി വളരുന്ന തലമുറയുടെ ആശാകേന്ദ്രമായ, നിരവധി സുഹൃത്തുക്കളുടെ ആദർശമൂർത്തിയായ, അദ്ദേഹത്തിന്റെ ചിതയിൽനിന്നുയർന്ന കറുത്ത പുക കാഴ്ചകൾ മറയ്ക്കുമ്പോൾ, കവിയും കാഥികനും നാടകകൃത്തും മാർഗ്ഗദർശിയും ഉപദേഷ്ടാവുമെല്ലാമായ, സർവ്വോപരി മനുഷ്യസ്നേഹിയായ, ഒരു വലിയ മനുഷ്യന്റെ സ്മരണ ഒരിക്കലും മായാത്തവിധം ഞാനെന്റെ മനസ്സിൽ കൊത്തിവെക്കുകയായിരുന്നു...

ഇന്ന് എന്റെ ഓർമ്മകൾ കോരിവിളമ്പുന്നത് നൊമ്പരത്തിന്റെ കഥ മാത്രം. പട്ടത്തുവിള തറവാടിന്റെ തെക്കുവശത്തുള്ള പത്തായപ്പുര. അതാണോ അതിന്റെ പേരെന്നറിഞ്ഞുകൂടാ. അവിടെ അതിനകത്തു കുനിഞ്ഞിരിക്കുകയാണ്. ചുറ്റിലും പലരുണ്ട്. ഡോക്ടർ പരമേശ്വരൻ നായർ, മി. രാമചന്ദ്രൻ, പിന്നേയും ആരൊക്കെയോ. കാൽമുട്ടുകളിൽ നെറ്റിയമർത്തി കണ്ണടച്ചിരിക്കുമ്പോൾ, പുറത്തുള്ള ശബ്ദത്തിനുവേണ്ടി കാതോർക്കുകയായിരുന്നു. എങ്ങും ഒരു ശബ്ദമില്ല. ഇടയ്ക്കെവിടെയോ ഒരു നെടുവീർപ്പു കേൾക്കാം. അങ്ങനെ ശബ്ദമില്ലാത്ത, ചലനമില്ലാത്ത മരവിച്ച അവസ്ഥയിൽ, എന്റെ ഉള്ളിലൊരു വിളി മുഴങ്ങുന്നു:

"ഡേയ്."

അങ്ങനെ ഒരാളേ എന്നെ വിളിക്കാറുള്ളു. ആ വിളി ഇനിയൊരിക്കലും കേൾക്കില്ലെന്ന വിചാരത്തോടെ ഇരിക്കുന്നവനാണു ഞാൻ. എന്നിട്ടും വിളി കേൾക്കുന്നു. വിളിയോടൊപ്പം ആ കൊച്ചുരൂപം തെളിഞ്ഞുവരുന്നു: 'പൊടിയ'ന്റെ രൂപം. തിളങ്ങുന്ന കണ്ണുകൾ. അല്പമായ താടി. കാവിനിറത്തിലുള്ള ജുബ്ബ. ഞാൻ പരുങ്ങി. വഴക്കു പറയുമെന്നു തീർച്ച. എന്റെ കൊള്ളരുതായ്മ ഒരിക്കലും പൊറുപ്പിച്ചിട്ടില്ല. വഴക്കു പറഞ്ഞുകൊണ്ടാണു സ്നേഹപ്രകടനം. അഭ്യുദയ കാംക്ഷികളിൽനിന്ന് അതേ നമുക്കു പ്രതീക്ഷിച്ചുകൂടൂ. കുറ്റങ്ങൾ കണ്ടില്ലെന്നു നടിക്കുന്നവർ ഒരിക്കലും അഭ്യുദയകാംക്ഷികളല്ല. സമയം അരിച്ചരിച്ചു നീങ്ങുന്നു. സ്ഥലകാലബോധം നഷ്ടപ്പെടുന്നു...

കോഴിക്കോട്ടെ പിയേഴ്സ് ലസ്ലിയിലെ മാനേജരുടെ കസേരയിൽ കരുണാകരൻ ഇരിക്കുന്നു. പറയുന്ന വാക്കുകൾക്കു കുഴപ്പമില്ല. പക്ഷേ, കനപ്പിച്ചാണു പറയുന്നത്:

“താൻ നന്നാവില്ല; തനിക്കു ജീവിക്കാനറിയില്ല. ചുമ്മാ നടന്നു നേരം കളയു ന്നതിനു പകരം വല്ലതും എഴുതരുതോ? പേരും പ്രസിദ്ധിയും വേണ്ടെങ്കിൽ വേണ്ട. നാലു കാശുകിട്ടില്ലേ…ആട്ടെ, താൻ വന്നതു നന്നായി. ഇതൊന്നു വായിച്ചുനോക്ക്.”

മേശവലിപ്പിൽനിന്നും ഒരു കൊച്ചുകഥ കുനുകുനെയുള്ള അക്ഷരങ്ങളിൽ എഴു തിത്തീർത്തതു കൈയിൽ തരുന്നു. ഞാനതു വായിക്കാൻ തുടങ്ങുന്നു. ഇടയ്ക്കു സ്റ്റെ നോ വരുന്നു. ടൈപ്പു ചെയ്തുകൊണ്ടുവന്ന വസ്തു വായിച്ചുനോക്കുന്നു; തിരുത്തുന്നു. തുരുതുരെ ഫോണുകൾ വന്നുകൊണ്ടിരിക്കുന്നു. വലിയ വലിയ ബിസിനസ്സുകാര്യ ങ്ങൾ. എസ്റ്റേറ്റു കാര്യങ്ങൾ. കഥ വായിച്ചുകഴിഞ്ഞു തിരികെ കൊടുക്കുമ്പോൾ ഞാൻ പറയുന്നു:

“നന്നായിരിക്കുന്നു.”

“തന്റെ വളിച്ച മുഖസ്തുതി! ഞാനിതു വാസുവിനയച്ചുകൊടുക്കട്ടെ?”

“ഓ കൊടുക്കാം.” എനിക്കാവേശം.

”തന്നെ കാണിക്കേണ്ടിയിരുന്നില്ല.”

ശുണ്ഠിതന്നെ. വസ്തു മേശവലിപ്പിലിടുന്നു. എപ്പോഴും ഒരു കഥ എഴുതിത്തീർ ത്താൽ എന്നെക്കൊണ്ടതു വായിപ്പിക്കും. എന്തിനെന്നെനിക്കറിയില്ല. എന്റെ അഭി പ്രായം പുച്ഛിച്ചുതള്ളുകയും ചെയ്യും. കഥകളേറെയും നിലവിലുള്ള വ്യവസ്ഥിതിയെ വെല്ലുവിളിക്കുന്ന മൂർച്ചയുള്ള ആക്ഷേപഹാസ്യമായിരിക്കും. വാചകങ്ങൾകൊണ്ടു ള്ള കസർത്തോ, ആർഭാടപൂർണ്ണമായ സ്ഥലകാലവിവരണങ്ങളോ ഒന്നും കാണി ല്ല. എന്നാലും ആ കഥകളെല്ലാംതന്നെ നമ്മുടെ ഉള്ളിലേക്കു ചാട്ടുളിപോലെ ഊർ ന്നിറങ്ങും…

കാറുകളുടെ നിലയ്ക്കാത്ത പ്രവാഹത്തിന്റെ ഇരമ്പം…ആളുകൾ അങ്ങോട്ടുമി ങ്ങോട്ടും അമർത്തിച്ചവുട്ടി നടക്കുന്ന ശബ്ദം. തലയുയർത്തി നോക്കണോ? വേണ്ടാ, ഒന്നും കാണേണ്ടാ. കാണാതിരിക്കുകയാണ് നല്ലത്. അമർത്തിച്ചവുട്ടി നടക്കു ന്ന ശബ്ദം അകന്നകന്നു പോവുന്നു. അതെ; അതു സംഭവിക്കുന്നു; അവസാനയാ ത്ര…വേണ്ടാ, ഒന്നും കാണേണ്ട. നെറ്റി കാൽമുട്ടുകളിൽ കൂടുതൽ അമർത്തിവെച്ചു. എപ്പോഴാണിങ്ങനെ ഇരിക്കാൻ തുടങ്ങിയത്? എവിടെയാണിരിക്കുന്നത്? ഒന്നും വ്യക്തമായി ഓർക്കാൻ കഴിയുന്നില്ല. ഇപ്പോൾ എല്ലാ ശബ്ദവും നിലച്ചിരിക്കുന്നു. സമീപപ്രദേശത്തൊന്നും ആരുമില്ലാത്തതുപോലെ. ഈ ഭൂമിതന്നെ ശൂന്യമായതു പോലെ. മനസ്സ് പതുക്കെ അബോധതലത്തിലേക്കു തെന്നിമാറുകയാണ്…

ആരോ കഴുത്തിൽ സ്പർശിക്കുന്നു. തണുത്ത വിരലുകൾ. ചൂടുള്ള കൈവെ ള്ള. ആ വിരലുകളിൽ അമർത്തിയപ്പോൾ ആരുടെയോ സാന്നിദ്ധ്യം അനുഭവപ്പെ ടുമ്പോലെ. ആരായിരിക്കും? വെറും തോന്നലാണോ? നോക്കണോ? തലയുയർ ത്തണോ? നോക്കി: അനുരാധ!

“മോളേ!”

അതു ഹൃദയം പൊട്ടിയുള്ള കരച്ചിലായിരുന്നു. നിയന്ത്രിക്കാൻ കഴിഞ്ഞില്ല. കണ്ണീരിന്റെ മങ്ങലിലൂടെ ഡോക്ടർ പരമേശ്വരൻ നായർ കണ്ണു തുടയ്ക്കുന്നതു കണ്ടു. അപ്പുറമുള്ളതൊന്നും വ്യക്തമല്ല...

ഒരു കളങ്കമറ്റ സൗഹൃദത്തിന്റെ ചരിത്രം അങ്ങനെ പട്ടത്തുവിള തറവാട്ടിന്റെ ശ്മശാനത്തിൽ ചാരമായി പരിണമിച്ചു.

— 74 —

# ഓർമ്മകൾകൊണ്ടൊരു കുലുക്കിക്കുത്ത്

"ബൈ രാജാ ബൈ—ഒന്നുവെച്ചാൽ പത്ത്, പത്തുവെച്ചാൽ നൂറ്. ബൈ രാജാ ബൈ"

ഉൾനാടൻ കാവുകളിൽ തിറയുത്സവം നടക്കുമ്പോൾ, വാദ്യഘോഷങ്ങളുടേയും ആർപ്പുവിളികളുടേയും പഴുതിൽക്കൂടി പതിവായി ഒരു കിളിനാദം ഉയർന്നുവരാറുണ്ട്. 'കുലുക്കിക്കുത്ത്' കളിയുടമയായ കലാകാരന്റെ നാദമാണത്. മുനിഞ്ഞു കത്തുന്ന ഒരു മണ്ണെണ്ണ വിളക്കിന്റെ പ്രകാശത്തിൽ തറയിൽ ഏതാനും കള്ളികളുള്ള ഒരു തുണി വിരിച്ചിട്ടുണ്ടാവും. കലാകാരന്റെ കൈയിലെ തകരപ്പാട്ടയിൽ ഒരു 'കരു'വുണ്ടാവും. അതു കുലുക്കിക്കുലുക്കി, തനിക്കു ചുറ്റും കൂടിനില്ക്കുന്നവരെ അയാൾ പ്രലോഭിപ്പിക്കുന്നു:

"ബൈ രാജാ ബൈ—ഒന്നുവെച്ചാൽ പത്ത്, പത്തുവെച്ചാൽ നൂറ്."

'ലോട്ടറി' നടത്തുന്ന നമ്മുടെ ഗവണ്മെന്റുകളുടെ അടവുതന്നെ ഇയ്യാളും പ്രയോഗിക്കുന്നു. ഒന്നുവെച്ചാൽ പത്തു വാരിക്കോരി കൊടുക്കുന്നു. പാട്ടയിലെ 'കരു'വിലും മുമ്പിലെ കള്ളിത്തുണിയിലും നമ്പറുകളുണ്ടാവും. പാട്ട കുലുക്കിക്കുത്തുമ്പോൾ വീഴുന്ന നമ്പറേതോ, ആ നമ്പറിൽ കാശു മുടക്കിയവന് ഒന്നു പത്താവുന്നു. ഞാനിപ്പോൾ ഒരു 'കുലുക്കിക്കുത്ത്' കളിക്കാരനാണ്, മനസ്സിന്റെ തകരപ്പാട്ടയിലിട്ട് ഓർമ്മകൾ കുലുക്കിക്കുത്തുന്നു. "ബൈ രാജാ ബൈ" അറിയാതെ പറഞ്ഞു പോകുന്നു.

ഇന്നെന്റെ പാട്ടയിൽനിന്നു പുറത്തു ചാടിയത് ചിരകാല സുഹൃത്തായ 'കവി' ബി. മുഹമ്മദ് മാഷാണ് എനിക്കൊരിക്കൽ എം. എസ്. എ. ഡ്രാമാറ്റിക് അസോസിയേഷന്റെ ചരിത്രം വിവരിച്ചുതന്നതു മാഷാണ്. കോഴിക്കോടിന്റെ കലാ-സാംസ്കാരിക ചരിത്രവുമായി അസോസിയേഷന് അഭേദ്യമായ ബന്ധമുണ്ട്. സുപ്രസിദ്ധ നാടകകൃത്തും സംവിധായകനും നടനും ചലച്ചിത്ര കഥാസൃഷ്ടിയിൽ അദ്വിതീയനുമായ ശ്രീ. കെ. ടി. മുഹമ്മദിന്റെ നാടകപ്രസ്ഥാനവും എം. എസ്. എ. ഡ്രാമാറ്റിക്ക് അസോസിയേഷനും ഉദയം കൊള്ളുന്നത് ഏതാണ്ടൊരേകാലത്താണെന്നു പറയാം. രണ്ടിന്റെയും ലക്ഷ്യം ഒന്നുതന്നെ. മുസ്ലിം സമുദായത്തിൽ

വേരുറച്ചു പോയ അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും ദൂരീകരിച്ചു സമുദായത്തെ കെട്ടുറപ്പുള്ള ഒരടിത്തറയിൽ ഉറപ്പിച്ചുനിർത്തുകയെന്ന ആശയമായിരുന്നു ഇവരെ തളർച്ചപറ്റാതെ മുമ്പോട്ടു നയിച്ചത്. അസോസിയേഷന്റെ ചരിത്രം കവിയുടെ വാക്കുകളിൽത്തന്നെ ഇവിടെ പകർത്തട്ടെ:

"എം. എം. ഹൈസ്കൂളിലെ പൂർവിദ്യാത്ഥികൾ, ഒരു സംഘടന രൂപീകരിക്കുന്നു. അവർക്കു നല്ല ഉദ്ദേശമാണുണ്ടായിരുന്നത്. പിൽക്കാലത്തു വളരെയേറെ പ്രശസ്തരായിത്തീർന്ന പലരും അന്ന് അതിലെ പ്രവർത്തകരായിരുന്നു. ഇന്നും സമൂഹനന്മയ്ക്കും രാജ്യപുരോഗതിക്കും വേണ്ടി അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശ്രീ. പി. പി. ഉമ്മർകോയ അന്നത്തെ ചുണയും ചുറുചുറുക്കുമുള്ള യുവാക്കളിൽ ഒരാളായിരുന്നെന്നു പറഞ്ഞാൽ സംഘടനയുടെ ലക്ഷ്യവും മാർഗ്ഗവും പരിശുദ്ധമായിരുന്നെന്ന കാര്യത്തിൽ ആർക്കും സംശയിക്കേണ്ട കാര്യമില്ലല്ലോ? യുവാക്കളുടെ ആദ്യത്തെ ശ്രമം ഒരു നാടകം രചിച്ചു, നല്ല പോലെ പഠിച്ച് രംഗത്തവതരിപ്പിക്കാനായിരുന്നു. നാടകരചന നടന്നു. 'ആരാണപരാധി' എന്നു പേരിട്ടു. മൂന്നുനാലു മാസം കഠിനാധ്വാനംചെയ്തു നാടകം പഠിച്ചു. അത് അവതരിപ്പിക്കാനുള്ള ഒരുക്കങ്ങളും നടന്നു. അപ്പോളൊരു വിഘാതം—നാടകം പ്രദർശിപ്പിക്കാൻ സ്കൂളിൽ സ്ഥലമനുവദിക്കില്ല. നാടകം ഹറാമാണെന്നു യാഥാസ്ഥിതികരുടെ അഭിപ്രായം. പക്ഷേ, പരാജയം ഏറ്റുവാങ്ങാൻ യുവാക്കൾ തയ്യാറായില്ല. എങ്ങനേയും നാടകം രംഗത്ത് അവതരിപ്പിച്ചേ അടങ്ങൂവെന്ന വാശിയായി. തുടർന്നുള്ള പരിശ്രമത്തിൽ രാധാ തിയേറ്റർ വാടകയ്ക്കെടുത്തു, വലിയൊരു സദസ്സിനു മുമ്പിൽ 'ആരാണപരാധി' വിജയപൂർവ്വം അവതരിപ്പിച്ചു. നാടകം ഒന്നാന്തരമായി എന്ന അഭിപ്രായമായിരുന്നു എല്ലാവർക്കും. ഒരു തമാശയുള്ള കാര്യം ഇവിടെ പറയേണ്ടിയിരിക്കുന്നു. നാടകരംഗത്തും സിനിമാരംഗത്തും ഒരുപോലെ വിജയം കൊയ്തുകൂട്ടിയ ശ്രീ കെ. പി. ഉമ്മർ, ആരാണപരാധിയിൽ ഒരു സ്ത്രീവേഷമെടുത്തുകൊണ്ടാണ് ആദ്യമായി രംഗത്തു വന്നത്.

"എന്താ, കൈനേട്ടം മോശമാണോ?"

"അല്ലാ, ഒരിക്കലും മോശമല്ല." കവി മാഷ് പറഞ്ഞുനിർത്തിയതിനിടയിൽ കയറി. ഞാൻ പറഞ്ഞു: എന്നല്ല. കൈ നേട്ടം ഉഗ്രമായിരിക്കുന്നു. അപ്പോൾ, ആരാണപരാധി അവതരിപ്പിച്ചത്? എം. എസ്. എ. ഡ്രാമാറ്റിക്ക് അസോസിയേഷനായിരുന്നോ?"

"അല്ല." കവിമാഷ് പറയുന്നു: "അതു വരുന്നേയുള്ളൂ. അന്ന് ആ വിജയാഘോഷത്തിനിടയിൽ ഉരുത്തിരിഞ്ഞുണ്ടായ അഭിപ്രായത്തിൽ നിന്നാണ് എം. എസ്. എ. യുടെ ഉദ്ഭവം. സംഘടന വേണമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. സംഘടനയുടെ പേരിൽ തുടർന്നും നാടകം നടത്തണം. എതിർപ്പുകളെ ശക്തിയായി നേരിടണം. നാടകം പ്രദർശിപ്പിക്കുന്നതിൽനിന്നു വല്ല വരുമാനവും കിട്ടിയെങ്കിൽ അതു മുസ്ലിം സമുദായത്തിലെ പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവിടണം. അഭിപ്രായം, ഏകകണ്ഠമായി അംഗീകരിച്ചുകഴിഞ്ഞപ്പോൾ സം

ഘടനയ്ക്കൊരു പേരു വേണമെന്നായി. പേരിലും ആദർശശുദ്ധി പുലർത്താൻ പ്രവർത്തകർക്കു കഴിഞ്ഞു. സഹൃദയനും പുരോഗമനവാദിയും കലാസ്നേഹിയും കർമ്മകുശലനും മറ്റുമായിരുന്ന, ജിഫ്രി മാളിയക്കൽ, മർഹൂം എം. സെയ്ത് അഹമ്മദ് ശിഹാബുദ്ദീൻ ചെറുകുഞ്ഞിക്കോയത്തങ്ങളുടെ പവിത്ര നാമധേയത്തിൽ അദ്ദേഹത്തിന്റെ പാവനസ്മരണയെ മുൻനിർത്തിയാണ് എം. എസ്. എ. എന്ന ചുരുക്കപ്പേരു് സംഘടനയ്ക്കുണ്ടായതു്.

എം. എസ്. എ. യുടെ രണ്ടാമത്തെ നാടകം ‘എളാമ’ യായിരുന്നു. സമുദായപരിഷ്കരണം തന്നെയായിരുന്നു ഈ നാടകത്തിന്റെയും ലക്ഷ്യം. എം. ടി. അഹമ്മദ് കോയ, കുഞ്ഞാവ, കെ. പി. ഉമ്മർ, എ. എം. കോയ, എം. സി. അബ്ദുള്ളക്കോയ, സി. ആലിക്കോയ, പിന്നെ കവിമാഷായ ഈ ഞാനും എളാമയിൽ അഭിനയിച്ചിരുന്നു. സമുദായം നിസ്സീമമായ സന്തോഷത്തോടുകൂടിയാണ് ഈ നാടകത്തെ സ്വാഗതം ചെയ്തതു്. അന്ന് ആ നാടകവുമായി ബന്ധപ്പെട്ട പലരും ഇന്നു നമ്മോടൊപ്പമില്ല. എല്ലാവരും മികച്ച നടന്മാരായിരുന്നുവെന്നു പറയാൻ എനിക്ക് ഒരു മടിയുമില്ല.

തുടർന്നു പല നാടകങ്ങളും എം. എസ്. എ. വിജയപൂർവ്വം അവതരിപ്പിക്കുകയുണ്ടായി. കേന്ദ്ര കലാസമിതിയുടെ നാടകോത്സവത്തിൽ പങ്കെടുത്തു ബഹുമതി നേടിയ ‘തറവാടും മടിശ്ശീല’ യും അതിൽ എടുത്തുപറയേണ്ടുന്ന നാടകമാണ്. പി. എൻ. എം. ആലിക്കോയ ആ നാടകത്തിന്റെ കർത്താവായിരുന്നു. മിസ്റ്റർ ആലിക്കോയയുടെ മകൻ ‘ഹുദ്’ അക്കാലത്തെ മികച്ചൊരു ബാലനടനായിരുന്നു.”

കവി പറഞ്ഞുതീർന്നപ്പോൾ ‘കണ്ടംബെച്ച കോട്ടിന്റെ കർത്താവായ മിസ്റ്റർ മുഹമ്മദ് യൂസഫ് ചിരിച്ചുകൊണ്ടു് എന്റെ ഓർമ്മയിലേക്കു കടന്നുവന്നു ചോദിക്കുന്നു:

“താനെന്റെ നാടകം കണ്ടോ, ‘വിടരാത്ത പൂമൊട്ടു്’, എം. എസ്. എം അവതരിപ്പിച്ചതു്?”

അങ്ങനെ തള്ളിക്കേറി വന്ന് ആരേയും കൂസാതെ ആധികാരികമായി എന്തിനെക്കുറിച്ചും സംസാരിക്കുന്ന ശീലമായിരുന്നു അദ്ദേഹത്തിന്, ഒരുകാലത്തു കോഴിക്കോട്ടെ കലാ-സാംസ്കാരിക ജീവിതത്തിൽ നിറഞ്ഞു നിന്ന വലിയൊരു വ്യക്തിയായിരുന്നു മിസ്റ്റർ മുഹമ്മദ് യൂസഫ്. കഴിവുള്ള കലാകാരൻ. രചനയിലും അഭിനയത്തിലും സംവിധാനത്തിലും ഒരുപോലെ പ്രവീണൻ. മുന്നറിയിപ്പില്ലാതെ, ആരേയും മാടിവിളിച്ചു, ചേർത്തുപിടിച്ചുകൊണ്ടു പോകുന്ന കാലം ആ സുഹൃത്തിനേയും കോഴിക്കോട്ടുനിന്നു വിളിച്ചുകൊണ്ടുപോയി; അവശേഷിപ്പിച്ച സ്മരണയെ താലോലിച്ചുകൊണ്ടു കഴിയാൻ അദ്ദേഹത്തിന്റെ സുഹൃത്തുക്കളെ വിട്ടുകൊണ്ടു്.

കാലം വ്യക്തികളെ മാത്രമല്ല, പ്രസ്ഥാനങ്ങളേയും വിളിച്ചു കൂട്ടിക്കൊണ്ടുപോകുന്നെന്നു വേണം കരുതാൻ. എം. എസ്. എ. ഇന്നു പേരിൽ മാത്രം ഒതുങ്ങിക്കൂടുന്നു. പ്രവർത്തന രംഗത്തുനിന്നു പിന്മാറീട്ടു കാലം കുറച്ചായി. എന്നാൽ ഒപ്പം പുറപ്പെട്ട. ‘കെ. ടി.’ യുടെ പ്രസ്ഥാനമോ? അതു വിജയത്തിൽനിന്നു വിജയത്തിലേക്കു കടന്നു കയറി സഞ്ചരിക്കുകയാണ് മുസ്ലിം സമുദായോന്നമനം ലക്ഷ്യം വെച്ചു തുടങ്ങി. ലക്ഷ്യം വികസിപ്പിച്ചു, മാർഗ്ഗം തെളിയിച്ച്, മാനവസമൂഹത്തെ ഒന്നായി കണ്ടു

കെ. ടി. കലാസൃഷ്ടി നടത്തിക്കൊണ്ടിരിക്കുകയാണ്. അവശർക്കൊരു മതമേയുള്ള, കഷ്ടപ്പാടിന്റെ, നിത്യദുരിതത്തിന്റെ മതം. അവരുടെ ചേരിയിൽ നിന്നുകൊണ്ട്, തൂലിക ആയുധമാക്കി പൊരുതുമ്പോൾ ശാരീരികമായി ഇടയ്ക്കിടെ തന്നെ അലട്ടിക്കൊണ്ടിരിക്കുന്ന അവശതപോലും കെ. ടി. മറക്കുന്നു.

കോഴിക്കോട്ടെ ഒരു പ്രസ്ഥാനത്തിനും മറന്നുകൂടാത്ത ഒരു വ്യക്തിയുണ്ട്: ശ്രീ അപ്പുക്കുട്ടൻവൈദ്യർ. തന്നിലേക്ക് ഉൾവലിഞ്ഞ്, എങ്ങും പോകാതെ, ആരേയും കാണാതെ, കോട്ടൂളിയിലെ വീട്ടിൽ ഒതുങ്ങിക്കഴിയുകയാണിന്ന് വൈദ്യർ. ഒരുപക്ഷേ, നിരന്തരമായ, വിശ്രമമില്ലാത്ത പ്രവർത്തനങ്ങൾക്കു പ്രകൃതി നല്കുന്ന ശിക്ഷ ഇങ്ങനെയുള്ളതായിരിക്കുമോ? തികഞ്ഞ പണ്ഡിതൻ, ഫലസിദ്ധികൊണ്ടനുഗൃഹീതനായ ഭിഷഗ്വരൻ, ഒരുകാലത്ത് കോഴിക്കോട്ടെ പുരോഗമന പ്രസ്ഥാനങ്ങളോടും. കലാ സാംസ്കാരിക സ്ഥാപനങ്ങളോടും ഒട്ടിച്ചേർന്നുനിന്ന കരുത്തനായ പ്രവർത്തകൻ, സ്വാതന്ത്ര്യസമരഭടൻ എന്നീ നിലകളിലെല്ലാം പ്രശസ്തി നേടിയ ആളായിരുന്നു അപ്പുക്കുട്ടൻവൈദ്യർ. എവിടെയാണദ്ദേഹമില്ലാതിരുന്നത്? ഏതു രംഗത്താണദ്ദേഹം പ്രവർത്തിക്കാതിരുന്നത്? അഷ്ടഗ്രഹയോഗസഫലീകരണയജ്ഞം തൊട്ടു മുമ്പോട്ടും പിമ്പോട്ടും തിരിഞ്ഞു നോക്കിയാൽ എവിടെയും അപ്പുക്കുട്ടൻവൈദ്യരുണ്ട്. സംസ്കൃത കാവ്യങ്ങളിലോ അലങ്കാരങ്ങളിലോ അതുപോലുള്ള മറ്റു വിഷയങ്ങളിലോ നിങ്ങൾക്കുണ്ടാവുന്ന ഏതു സംശയവും തീർത്തുതരാനുള്ള കഴിവ് ഇന്നും വൈദ്യർക്കുണ്ട്. സ്ഥാനമാനങ്ങളിൽ കൊതിയില്ലാത്തവരുടെ ജീവിതത്തിൽ സ്വാഭാവികമായും വന്നുചേരാനിടയുള്ള പരിണാമമെന്നല്ലാതെ അദ്ദേഹത്തിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് മറ്റെന്തു പറയാൻ!

ആദ്യത്തെ കാഴ്ചയിലും പെരുമാറ്റത്തിലും ഒരഹങ്കാരിയാണെന്നു മറ്റുള്ളവരെ, തെറ്റിദ്ധരിപ്പിക്കാൻ അതീവ നിപുണനായ ശ്രീ. കെ. പി. ഉമ്മർ എന്റെ അടുത്ത സുഹൃത്തായിരുന്നു ഒരുകാലത്ത്. ബ്രദേഴ്സ് മ്യൂസിക്ക് ക്ലബ്ബിലെ നാടകങ്ങളിൽ, വിശേഷിച്ച്, 'ഇതു ഭൂമിയാണ്' എന്ന പ്രസിദ്ധ നാടകത്തിൽ, തന്റെ മികവുറ്റ പ്രകടനത്തിലൂടെ ജനശ്രദ്ധ പിടിച്ചെടുത്ത മിസ്റ്റർ ഉമ്മർ, കുറച്ചു കാലം രാജാ തിയേറ്ററിൽ പ്രവർത്തിച്ചിരുന്നു. രാജാ തിയേറ്റർ, മീഞ്ചന്തയിലെ മിസ്റ്റർ കൃഷ്ണരാജുവിന്റെ ഉടമസ്ഥതയിൽ പ്രവർത്തിച്ച ഒരു സംഘടനയായിരുന്നു. ആ സംഘടന ആദ്യകാലത്തു പ്രദർശിപ്പിച്ച മിക്ക നാടകങ്ങളും എഴുതിക്കൊടുത്തത് ഞാനായിരുന്നു. ആരാണ് സംവിധാനം ചെയ്തതെന്ന് എനിക്കറിഞ്ഞുകൂടാ. അതെന്റെ തൊഴിലല്ലാത്തതുകൊണ്ടു ഞാനതിന്നു മിനക്കെടാറില്ല. എന്റെ അനുഭവം വെച്ചു പറഞ്ഞാൽ അന്ന് സംവിധായകനെന്ന പദവിയിൽ ഒരാൾ ഒരു സംഘടനയിലും ഉണ്ടായിരുന്നില്ല. എല്ലാവരും ഒത്തൊരുമിച്ച്, അഭിപ്രായം പറഞ്ഞു, പരസ്പരം തെറ്റുകൾ കണ്ടറിഞ്ഞു തിരുത്തിയും തിരുത്തിച്ചും നാടകം രൂപപ്പെടുത്തിയെടുക്കുകയായിരുന്നു പതിവ്. രാജാ തിയേറ്ററിൽ മുഖ്യകഥാപാത്രമെടുക്കുന്ന ഏതോ നടൻ പെട്ടെന്ന് ഒഴിഞ്ഞുപോവുകയുണ്ടായി. മി. കൃഷ്ണരാജു ആകെ വിഷമിച്ചു. നാടകം ആരോ ബുക്ക് ചെയ്തിട്ടുണ്ട്, പകരക്കാരനെ കണ്ടെത്തണം. പഠിപ്പിക്കണം. അങ്ങനെയിങ്ങനെയുള്ളവ

രൊന്നും പോരാ. കഴിവുള്ള നടനായിരിക്കണം. കണ്ടാൽ കുറച്ചൊക്കെ ഭംഗിയും വേണം. അങ്ങനെയൊരാളെ തരപ്പെടുത്തിക്കൊടുക്കാൻ മിസ്റ്റർ കൃഷ്ണരാജു എന്നെ നിർബ്ബന്ധിക്കുന്നു. ഞാനെന്തു ചെയ്യും? അന്നും ഇന്നും പ്രമുഖനടന്മാരുമായി പരിചയമുണ്ടെന്നല്ലാതെ, അവരിൽ സ്വാധീനശക്തി ചെലുത്താനുള്ള കഴിവെനിക്കില്ലെന്നതാണു സത്യം. പക്ഷേ, കൃഷ്ണരാജു വിടാൻ ഭാവമില്ല. എങ്ങനെയെങ്കിലും ശ്രീ കെ. പി. ഉമ്മറെ സ്വാധീനിച്ചു കൊടുക്കണം. ലക്ഷണങ്ങൾ മുഴുവനും ശരിയാണ്. ഉമ്മർ സുന്ദരനാണ്. നന്നായഭിനയിക്കും. എല്ലാം സമ്മതിച്ചുകൊണ്ടുതന്നെ ഞാൻ ചോദിച്ചു:

“സായ്പിന്റെ കുതിര, ആറായിരം പവൻ വില. ഓടിയില്ലെങ്കിലോ? നിങ്ങൾ പറഞ്ഞ എല്ലാ ഗുണവും മിസ്റ്റർ ഉമ്മറിനുണ്ട്. ഞാൻ വിളിച്ചിട്ടു വന്നില്ലെങ്കിലോ?”

ഉത്തരമില്ല. വീണ്ടും വീണ്ടും നിർബ്ബന്ധം. സത്യത്തിൽ ഒരു വിഷമസന്ധിയായിരുന്നു അത്. നാടകം ബുക്ക് ചെയ്ത് അഡ്വാൻസ് കൊടുത്ത് കാത്തിരിക്കുന്നവരോടെന്തു പറയും? ഒടുവിൽ മി. ഉമ്മറിനെ കാണാൻ തന്നെ തീരുമാനിച്ചു. ചെന്നു കണ്ടു. മനമില്ലാമനസ്സോടെ കാര്യം വിവരിച്ചു. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ മിസ്റ്റർ ഉമ്മറിന്റെ തനതുശൈലിയിലുള്ള ഡയലോഗുണ്ടല്ലോ, അതിലൂടെ മറുപടി പുറത്തു വരുന്നു:

“ഓ! ഇതാണോ സംഗതി. വിഷമിക്കണ്ട. ഞാൻ വരാം, കണിശമായും വരാം.”

ആശ്വാസമായി. മി. കൃഷ്ണരാജു ആദ്യം ഉമ്മറിനു സ്തുതി പറയുന്നു. പിന്നെ ദൈവത്തിനു സ്തുതി പറയുന്നു. ഇതിവിടെ ഓർമ്മിക്കാനും പറയാനും ഒരു പ്രത്യേക കാരണമുണ്ട്. ഒരു വിഷമസന്ധിയിലകപ്പെടുമ്പോഴാണല്ലോ നാം സുഹൃത്തുക്കളുടെ മാറ്റുരച്ചുനോക്കുന്നത്. അവിടെ മാറ്റ് തെളിഞ്ഞു കിട്ടിയാൽ പിന്നീടൊരിക്കലും ആ സംഭവം നമ്മുടെ മനസ്സിൽനിന്നു പോവില്ല.

— 75 —

## പട്ടം പറപ്പിക്കുന്ന കുട്ടി

പട്ടം പറപ്പിക്കുന്ന കുട്ടി. അവന്റെ കൈയിൽ ഉയരങ്ങളിലേക്കു നീണ്ടുപോകുന്ന ചരടിന്റെ അറ്റം. കുട്ടി തലങ്ങും വിലങ്ങും ധൃതി പിടിച്ചോടുന്നതു കണ്ടാൽ പട്ടത്തിന്റെ നിയന്ത്രണം മുഴുവനും അവന്റെ കൈയിലാണെന്നു തോന്നും. പാവം കുട്ടി! ഓടിയോടിത്തളരുന്ന അവന്റെ ഇച്ഛാശക്തിക്കു വഴങ്ങുന്നതല്ലാ പട്ടത്തിന്റെ ഗതിവിഗതികളെന്ന് അവനുണ്ടോ അറിയുന്നു! അതു നിയന്ത്രിക്കുന്നവൻ കാറ്റ്. തെക്കും വടക്കും കാറ്റോടുന്നു; ഒപ്പം പട്ടവും; പട്ടത്തിന്റെ വാലിൽ തൂങ്ങി കുട്ടിയും.

ഈ ഓർമ്മക്കുറിപ്പെഴുതുന്ന ഞാൻ പട്ടത്തിന്റെ വാലിൽ തൂങ്ങുന്ന കുട്ടി മാത്രമാണ് ഒരു ലക്ഷ്യവുമില്ലാതെ, പട്ടത്തെയും കുട്ടിയെയും ഓട്ടുന്നതു കാറ്റാണെങ്കിൽ എന്നെ ഓട്ടുന്നത് ഓർമ്മയാണ്. അതിനുമില്ലൊരു ലക്ഷ്യം. ലക്കുംലഗാനുമില്ലാതെ മുമ്പോട്ടും പിറകോട്ടും അതോടുന്നു. എന്നെയും ഓടിക്കുന്നു...

"ഹല്ലോ, തിക്കു" ഫോണിലൊരു പരിചിത ശബ്ദം. "ഇന്നു വൈകീട്ട് കണിശം ആറുമണിക്ക് പൊടിയന്റെ വീട്ടിലെത്തണം." നിമിഷത്തിന്റെ നിശ്ശബ്ദതയ്ക്കു പിറകെ ആ സുപ്രസിദ്ധമായ ചിരി കേൾക്കുന്നു. "അ്ഹ, അ്ഹ, അ്ഹ. പൊടിയരിക്കഞ്ഞിയും പയറുപുഴുങ്ങിയതും. പിന്നെ രസികൻ ചമ്മന്തിയും പപ്പടവും."

എല്ലാം കേട്ടുകഴിയുമ്പോൾ ഞാൻ പറയും: "ഇല്ല. എന്നെ ക്ഷണിച്ചിട്ടില്ല. ഞാൻ വരില്ല."

"ബ്ഭ! എന്തോന്നു ക്ഷണം! സാറയുടെ (മിസ്സിസ് കരുണാകരൻ) കൈപ്പുണ്യമാണ്. വന്നില്ലെങ്കിൽ തനിക്കു നഷ്ടം, ഭയങ്കര നഷ്ടം."

പിന്നെയും ചിരി. നീണ്ട ചിരി. ചിരിയുടെ അവസാനം ഫോൺ നിശ്ശബ്ദമാവുന്നു. വൈകീട്ട് ആറു മണിക്ക് അല്ലെങ്കിൽ ഏഴു മണിക്ക് അതുമല്ലെങ്കിൽ ഷൂട്ടിങ് കഴിഞ്ഞ്, നിറപാതിരയ്ക്കായാലും മുഖത്തുതേപ്പുപോലും തുടച്ചുമാറ്റാതെ അടൂർഭാസി എന്ന മഹാനടൻ മി. കരുണാകരന്റെ വീട്ടിലെത്തുന്നു. പിന്നെ ബഹളമാണ്, പരിസരം മുഴക്കെ കോളിളക്കമുണ്ടാക്കുന്ന ചിരി. ഒന്നിനു പുറകെ മറ്റൊന്നായി കഥകൾ.

നേരം പോക്കു കുത്തിനിറച്ച കഥകൾ. വഴിപോക്കർ ഗയിറ്റിൽ തങ്ങി നിന്നു ശ്രദ്ധിക്കുന്നു. പരിസരത്തെ വീടുകളിലുള്ളവർ ജാലകപ്പഴുതിലൂടെ നോക്കുന്നു. ഏറെ ചിരിക്കുകയോ സംസാരിക്കുകയോ ചെയ്യാത്ത, വാചകമടിക്കാരെ പൊറുപ്പിക്കാത്ത മി. കരുണാകരൻ ഭാസിയുടെ സാന്നിധ്യം ഒരു മഹോത്സവമായി ആഘോഷിക്കുന്നു.

മി. ഭാസി ഉത്തരായണത്തിൽ അഭിനയിക്കാൻ വന്നതും അഭിനയിച്ചതുമൊക്കെ ഈ ഓർമ്മക്കുറിപ്പിന്റെ ആദ്യഭാഗത്തു ഞാൻ രേഖപ്പെടുത്തിയിട്ടുണ്ടാവണം. അതെല്ലാം ഒരു പ്രാവശ്യം കൂടി വായിച്ചു നോക്കി സംശയനിവാരണം വരുത്താൻ മാത്രം ഇപ്പോൾ ക്ഷമയില്ല. ഇപ്പോൾ ഭാസിയെപ്പറ്റി ഓർക്കാനുള്ള കാരണം മറ്റൊന്നാണ് ഈ സ്നേഹമെന്ന വിശിഷ്ടവസ്തു പതുക്കെപ്പതുക്കെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണല്ലോ ഇത്.

“ആരു പറഞ്ഞെടോ കിഴവാ?”

ഇങ്ങനെയൊരു ചോദ്യം ഇതു കേൾക്കുമ്പോൾ പല ഭാഗത്തുനിന്നും ഉയരാനിടയുള്ളതായി ഞാൻ മനസ്സിലാക്കുന്നു. ദയവു ചെയ്ത് അപമാനിക്കരുത്. വൃദ്ധസാഹിത്യകാരനെന്നും കിഴവൻ കവിയെന്നുമൊക്കെ പറഞ്ഞു പരിഹസിക്കുന്നൊരു സമ്പ്രദായം ഇവിടെയുള്ളതായി എനിക്കറിയാം.

വാർദ്ധക്യം ഒരു രോഗമാണ് സുഹൃത്തേ, ശരീരത്തെ ബാധിക്കുന്ന രോഗം. എന്നാൽ ആ രോഗം മനസ്സിനെ ബാധിക്കാനനുവദിക്കാതെ കഴിയുന്ന ചിലരും നമ്മുടെയിടയിലുണ്ട്. എന്നും യുവത്വത്തിനു മങ്ങലേല്ക്കാതെ മനസ്സ് സൂക്ഷിക്കുന്നവർ. ഒന്നുകൂടി പറയട്ടെ: ഈ സംബോധനക്കാരനും പരിഹാസിയുമൊക്കെ അവരറിയാതെ, നടന്നു നീങ്ങുന്നതെങ്ങോട്ടേക്കാണ്? വാർദ്ധക്യത്തിലേക്ക്. അതുകൊണ്ടു സൂക്ഷിക്കുക. രോഗിയെ രോഗിയെന്നു വിളിച്ചു പരിഹസിക്കാതെ, ആക്ഷേപിക്കാതെ കഴിക്കാൻ ശ്രമിക്കുക. ഇത്രയും പറഞ്ഞപ്പോൾ അത്യന്താധുനികമായ ഒരു സംഭവം ഇവിടെ കുറിക്കാതെ കഴിക്കാൻ മനസ്സു വരുന്നില്ല.

കോളേജധ്യാപകരുടെ ഒരു സദസ്സ്. പുതുമയുള്ളൊരു വിഷയം കൈകാര്യം ചെയ്യാൻ കുറച്ചു പേരെ ക്ഷണിച്ചിരിക്കുന്നു. വേദിയിൽ ഒരു രക്ഷിതാവ്, ഒരു വിദ്യാർത്ഥി, ഒരു അദ്ധ്യാപിക. സഭാനടപടികൾ നിയന്ത്രിക്കുന്ന ഒരു അധ്യക്ഷൻ. പിന്നെ ഞാനും. കോളേജധ്യാപകരുടെ യോഗത്തിൽ തനിക്കെന്താ കാര്യം? അവിടെ പൊന്നുരുക്കുമ്പോൾ, ഒരു പൂച്ചയെന്തിനു നോക്കിയിരിക്കണം? അങ്ങത്തേ ക്ഷമിക്കണം. ഈ പൂച്ച ക്ഷണം കിട്ടിയതുകൊണ്ടാണവിടെ ചെന്നതും പ്രസംഗിച്ചതും. “അഃ പ്രസംഗിച്ചോ?” “ഉം! പ്രസംഗിച്ചു.” ക്ഷണിച്ചാൽ എവിടെയും ചെല്ലും, പ്രസംഗിക്കും. കാരണം പറയാം. പശുവിനെ തല്ലാൻ വടിയുമായി നമ്പൂതിരി പിറകെ ഓടുന്നു. അടുത്തു ചെന്നപ്പോൾ പശുവിന്റെ ദേഹം മുഴുവനും മർമ്മം. എങ്ങും തല്ലാൻ വയ്യ. തല്ലിയാൽ പശു ചാവും. ഉടനെ നമ്പൂരി കാര്യസ്ഥനെ വിളിച്ചു. വടിയേല്പിച്ചു. അവൻ ഓടിച്ചെന്നു തലങ്ങും വിലങ്ങും തല്ലി പശുവിനെ പടിക്കു പുറത്താക്കുന്നു. പ്രസംഗവേദിയിൽ അടിയൻ നമ്പൂരിയുടെ കാര്യസ്ഥനാണ് മർമ്മമറിയാ

ത്തതുകൊണ്ടു തലങ്ങും വിലങ്ങും തല്ലും. ഇവിടേയും അതുതന്നെ സംഭവിക്കുന്നു. വിഷയം: ‘ഒരു കോളേജധ്യാപകനിൽനിന്നു നിങ്ങളെന്തു പ്രതീക്ഷിക്കുന്നു?’ എന്നതാണ്. ഞാൻ പ്രതീക്ഷിക്കുന്നതും പ്രതീക്ഷിക്കാത്തതുമൊക്കെ പറഞ്ഞു. മർമ്മം കാണാത്ത തല്ലാണല്ലൊ. വിഷയത്തിൽ എന്നെ കടത്തിവെട്ടാൻ കഴിവുള്ളവരാണു വേദി മുഴുക്കെ. അപ്പോൾ വിദ്യാത്ഥി പ്രതിനിധിയുടെ ഊഴമെത്തുന്നു. നല്ല പ്രതിഭാശാലിയായ കുട്ടി. സംസാരിക്കാൻ തുടങ്ങുമ്പോൾ അയാൾക്കല്പം ക്ഷോഭമുണ്ടോ എന്നൊരു സംശയം. പ്രസംഗം ആരംഭിക്കുന്നു:

“നിങ്ങളും ഞങ്ങളും തമ്മിൽ ഒരു കാലത്തും യോജിക്കില്ല. രണ്ടും രണ്ടു തട്ടിലാണ്. അധ്യാപകരെയും വിദ്യാർത്ഥികളെയും കുറിച്ചുള്ള പരാമർശം. സച്ചിദാനന്ദൻ പറഞ്ഞിരിക്കുന്നു, നാല്പത്തിയൊന്നു വയസ്സു കഴിഞ്ഞവരെ മുഴുവനും വെടിവെച്ചു കൊല്ലണമെന്ന്.”

ഞാൻ അറിയാതെ ഞെട്ടി. ശ്ശി കാലായി എനിക്കു നാല്പതു കഴിഞ്ഞിട്ട്. നാല്പതു കഴിഞ്ഞവർ വേറെയുമുണ്ട് സദസ്സിൽ. അവർ ഞെട്ടിയോ എന്നെനിക്കറിഞ്ഞുകൂടാ. ഞെട്ടലിന്നു ശേഷം ഞാനാ പ്രസംഗം കേട്ടില്ല. കാരണം, എന്റെ മനസ്സ് മറ്റൊരു വഴിക്കു സഞ്ചരിക്കുകയായിരുന്നു. ആരാണീ സച്ചിദാനന്ദൻ ? വരിഷ്ഠകവി സച്ചിദാനന്ദനായിരിക്കുമോ? ഏറെ പരിചയമില്ലെങ്കിലും ഒന്നുരണ്ടിടങ്ങളിൽവെച്ചു ഞാനദ്ദേഹത്തെ കണ്ടിട്ടുണ്ട്. ഞങ്ങൾ പരിചയക്കാരുമാണ്. കുറഞ്ഞ സമയത്തെ പരിചയം വെച്ചുകൊണ്ടും അദ്ദേഹത്തിന്റെ കവിതകൾ താൽപര്യത്തോടെ വായിക്കുന്നതുകൊണ്ടും തീർച്ചയായും ഈ കൊലയ്ക്ക് ആഹ്വാനം നല്കിയതു് ഒരിക്കലും, അദ്ദേഹമായിരിക്കില്ലെന്ന് എന്റെ മനസ്സ് എന്നോടാവർത്തിച്ചു പറയുന്നു. മറ്റേതു യുക്തി മാറ്റിവെച്ചു ചിന്തിച്ചാലും അദ്ദേഹം ഇങ്ങനെയൊരു വിഡ്ഢിത്തം പറയില്ലെന്നു തീർച്ച. അതിന്നുള്ള പ്രത്യേക തെളിവ്, എന്റെ അനുമാനം ശരിയാണെങ്കിൽ, അദ്ദേഹത്തിനു നാല്പതു കഴിഞ്ഞിട്ടുണ്ടാവണം. ആരേയും പ്രതിക്കൂട്ടിൽ കയറ്റാനുള്ള ദുരുദ്ദേശം വെച്ചുകൊണ്ടല്ല ഞാനിതിവിടെ എടുത്തു പറഞ്ഞതു്. സച്ചിദാനന്ദനെന്ന പേരിന്റെ പിറകെ ഇങ്ങനെയൊരു പ്രസ്താവന വന്നാൽ അതിന്റെ ദോഷഫലം എന്റെ സുഹൃത്തായ സച്ചിദാനന്ദനിൽ ചെന്നു ചേരാനാണിട. അതു കൊണ്ടാണ്, അതുകൊണ്ടുമാത്രമാണിതിവിടെ രേഖപ്പെടുത്തേണ്ടിവന്നതു്.

പാതവിട്ടു സഞ്ചരിച്ചതിനു മാപ്പുചോദിച്ചുകൊണ്ട് ഞാൻ അടൂർ ഭാസിയിലേ തന്നെ മടങ്ങട്ടെ. ഭാസിയും പട്ടത്തുവിളയുമായുള്ള അതിദൃഢമായ സ്നേഹബന്ധത്തിന്റെ ഒരു ചെറിയ കഥ പറയാനുണ്ട്. ‘ഉത്തരായണ’ കാലത്ത് നാലഞ്ചു ദിവസം ഞങ്ങളൊരുമിച്ചുണ്ടായിരുന്നു. അഭിനയ ജോലി കഴിഞ്ഞാൽ ഞങ്ങളൊത്തുചേരും, കഥ കേൾക്കാനും ചിരി കാണാനും. അങ്ങനെ മഹോത്സവമായി കൊണ്ടാടിയ ദിവസങ്ങൾ കഴിഞ്ഞു. ഭാസി മദിരാശിക്കു പുറപ്പെടുന്നു. യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്യുന്നതിന്നിടയിൽ കരുണാകരൻ എന്നെ വിളിച്ചുചോദിക്കുന്നു:

“നമ്മൾ ഭാസിക്കെന്തു കൊടുക്കണം?”

“എന്തു കൊടുക്കാൻ?”

“അതു പറ്റില്ല. എന്തെങ്കിലും കൊടുത്തേ പറ്റൂ. അതെന്താണെന്നു പറ.”

“വയ്യ. ഞാനെങ്ങനെ പറയും?”

“തന്നോടു, ചുമ്മാ ചോദിക്കുന്നതല്ല. നമ്മൾ വല്ലതും കൊടുക്കുമ്പോൾ കുറഞ്ഞു പോകരുത്. അതാണെനിക്കു പേടി. നീയെന്തെങ്കിലുമൊന്നു പറ.”

ഞാൻ വിഷമിച്ചു. അറിയാത്ത കാര്യം എങ്ങനെ പറയും? സിനിമാനടന്മാരുടെ—വിശേഷിച്ചും ഭാസിയെപ്പോലുള്ള ഉന്നതനടന്മാരുടെ നിലവാരം എനിക്കെങ്ങനെയറിയും? എന്റെ മൗനം മിസ്റ്റർ കരുണാകരനെ ശുണ്ഠിപിടിപ്പിച്ചു. ഒടുവിൽ ഒരു തീരുമാനത്തിലെത്തി. ഒരു ചെക്ക് ലീഫ് സംഖ്യ ചേർക്കാതെ, തീയതി എഴുതാതെ ഒപ്പിട്ടു കൊടുക്കാം. ഭാസിക്കിഷ്ടമുള്ളതെടുക്കട്ടെ. അങ്ങനെതന്നെ ചെയ്ത് ഒരു കവറിലിട്ട് അതു ഭാസിയെ ഏല്പിച്ചു. ആ സംഭവം കഴിഞ്ഞിട്ട് പത്തുപതിനാറു വർഷമായി. ഇന്നും ആ ചെക്ക് ബാങ്കിലെത്തിയിട്ടില്ല. ഇനിയൊട്ടെത്തുകയുമില്ല. സ്നേഹമെന്ന വിശിഷ്ട വസ്തുവിന് തേമാനം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇടയ്ക്കിടെ ഇത്തരം സ്മരണകൾ പൊടിതട്ടിയെടുത്തു താലോലിക്കുമ്പോൾ എന്തൊരു സുഖം!

ഭാസിയെപ്പറ്റിയുള്ള ഒട്ടേറെ സ്മരണകളിലൊന്ന് ഇവിടെ പറഞ്ഞു തീർക്കാൻ തുടങ്ങുമ്പോഴേക്ക് ചിരിച്ചുകൊണ്ടു നെടുമുടി വേണുവെന്ന സകലകലാവല്ലഭൻ വരുന്നു. ഇരിക്കാൻ ക്ഷണിച്ചിട്ടു കാര്യമില്ല. എവിടെ നേരം? പിറകെ, ആരാണ്? പ്രൊഡ്യൂസറോ? അതെ, പിടിയാലെ പിടിച്ചു ലൊക്കേഷനിലെത്തിക്കണം. അതിനുള്ള ഒരുക്കത്തോടെ വന്നതാണ് പിന്നെ എങ്ങനെ ഇരിക്കും? ഓ, ഒരു നിമിഷമൊന്നു സ്വൈരമായി ഒരിടത്ത്, ഇരുത്തിക്കിട്ടിയാൽ വേണ്ടില്ല. പാട്ടു വേണോ? നൃത്തം വേണോ? കഥാപ്രസംഗം വേണോ? മിമിക്രി വേണോ? എന്തു വേണമെങ്കിലും നെടുമുടിയുടെ ഭാണ്ഡത്തിലുണ്ട് കാവാലത്തിന്റെ നാടകത്തിലാണാദ്യം കാണുന്നത്. അന്നുതന്നെ മനം കവർന്നു. പിന്നെ ഒരുമിച്ച് ഒന്നായി മേളിക്കാൻ കിട്ടിയ സന്ദർഭം പാലക്കാട്ടുവെച്ചായിരുന്നു. ശ്രീ സി. എൻ. ശ്രീകണ്ഠൻ നാടകത്രയം അവതരിപ്പിച്ച നാളുകളിൽ. മൂന്നു ദിവസവും ഒഴിവുനേരങ്ങളിൽ നെടുമുടിയുടെ കലാപരിപാടിയുണ്ടാവും. അവിടം തൊട്ടു പരിചയത്തിനും സൗഹൃദത്തിനും മൂപ്പു കൂടി. കാവാലത്തിന്റെ കളിയോഗത്തിൽനിന്നു പിരിഞ്ഞ് സിനിമയിൽ കേറിയെന്നു കേട്ടപ്പോൾ സത്യത്തിൽ കലശലായി ദുഃഖിച്ചു. നാടകകലയോടുള്ള എന്റെ അടുപ്പവും ബന്ധവും കൊണ്ടാവും അങ്ങനെ ദുഃഖിച്ചത്; അതു വേറെ വിഷയം.

ഒരുനാളൊരു സന്ധ്യയ്ക്ക് ഞങ്ങൾ കുറെ സുഹൃത്തുക്കൾ ഒത്തുചേർന്നു സൊള്ളുന്ന സമയം. എൻ. ബി. കൃഷ്ണക്കുറുപ്പുണ്ട്. എൻ. ബി. എസ്സിലെ മാനേജർ ശ്രീധരനുമുണ്ട്. വി. കെ. എൻ. എന്ന പേരിലറിയപ്പെടുന്ന ശ്രീ വി. കെ. നാരായണനുണ്ട് പിന്നെയുമുണ്ട് പലരും. പേരൊന്നുമോർക്കുന്നില്ല. അപ്പോൾ കടന്നുവരുന്നു, ‘നെടുമുടി.’ അസാരം പരിഭ്രമിച്ച മട്ടുണ്ട്. സിനിമയിലഭിനയിക്കാൻ വന്നതാണ്. എവി

ടെയാണു ഷൂട്ടിങ്ങെന്നറിഞ്ഞു കൂടാ. നിർമ്മാതാവിന്റെ ദൂതന്മാരാരെങ്കിലും അന്വേഷിച്ചു വരേണ്ടതാണ് ആരേയും കണ്ടില്ല. എവിടെ പോണമെന്നും അന്വേഷിക്കണമെന്നും അറിഞ്ഞു കൂടാ. ഇവിടെയാണല്ലോ സേവനത്തിന്റെ സുന്ദരമുഹൂർത്തം പിറന്നുവീഴേണ്ടത്. മി. കൃഷ്ണക്കുറുപ്പിനാവേശം. ശ്രീധരന് ആവേശം. എല്ലാവർക്കും ആവേശം. ഉടനെ പുറപ്പെടാമെന്നായി. എങ്ങോട്ടെന്നു ചോദ്യമായി. അപ്പോൾ വിഷയം കേട്ടുകേൾപ്പിച്ച് ആരോ വന്നു പറയുന്നു, കൊയിലാണ്ടി ഭാഗത്താണു ഷൂട്ടിങ്ങ്. ഉടൻ ടാക്സി വരുത്തുന്നു. മി. കൃഷ്ണക്കുറുപ്പ് നേതൃത്വം ഏറ്റെടുക്കുന്നു. 'ഉത്തരാശാമുഖം നോക്കി' ടാക്സി കുതിക്കുന്നു. അതുപോലൊരുല്ലാസകരമായ യാത്രയ്ക്ക് ഉദാഹരണം വേറെ കണ്ടെത്താൻ വിഷമമുണ്ട്. മറ്റാരേക്കാളും ആഹ്ലാദം മി. കൃഷ്ണക്കുറുപ്പിനായിരുന്നു. മൂക്കോളം നാടകഭ്രാന്തിൽ മുങ്ങിയ മനുഷ്യനാണ്. ഒരു കഴിവുറ്റ നടനെന്ന നിലയിൽ നാടകവേദിയിൽ പലപ്പോഴും കണ്ടിട്ടുണ്ട്. സിനിമയിലും മി, കൃഷ്ണക്കുറുപ്പുണ്ട്. കലയോടും കലാകാരന്മാരോടും സ്നേഹമാണ്. അങ്ങനെ ഞങ്ങളെല്ലാവരും ചേർന്ന് പാട്ടും കൂത്തും ബഹളവുമായി കൊയിലാണ്ടിയിലെത്തി. പാതിരയോടടുത്ത നേരത്ത് അന്വേഷണമായി. "മയിലേ കുയിലേ കല്ലരയാലേ മാധവനീ വഴി പോയോ പോയോ?" പോയതും വന്നതും ആരും കണ്ടതില്ല. ടാക്സി വിട്ടു കാൽനടയായി ഇടവഴിയും പാടവും താണ്ടി നടന്നപ്പോൾ അസമയത്ത് ഏതോ വീട്ടിൽ സമൃദ്ധമായ വെളിച്ചം. "അതെ, അതുതന്നെ." എല്ലാവരും കൂടി പറഞ്ഞു. ചെന്നു നോക്കിയപ്പോൾ അതേ; അതുതന്നെ. നെടുമുടിയെ അവിടെ ഏല്പിച്ച് രശീതി വാങ്ങി, പാതിരാപ്പുറം കഴിഞ്ഞപ്പോൾ ഞങ്ങൾ കോഴിക്കോട്ടേക്കു മടങ്ങി.

ഇത്രയും പറഞ്ഞപ്പോഴാണ് ഒരു കാലത്തു കോഴിക്കോടിനെ മതി മറന്നു ചിരിപ്പിച്ച മൂന്നുപേർ അതിശക്തിയായി എന്റെ ഓർമ്മയിലെത്തുന്നത് പപ്പു, വേണു, കുഞ്ഞാവ. പപ്പു സിനിമയിലുണ്ട്, നാട്ടിലില്ല. വേണു വീട്ടിലുണ്ട്, സിനിമയിലും നാടകത്തിലുമില്ല. കുഞ്ഞാവ ഭൂമിയിലില്ല, സ്വർഗ്ഗത്തിലുണ്ട്. ഈ മൂന്നുപേരും മുമ്പു പലപ്പോഴായി എന്റെ ഓർമ്മയിൽ വന്നിട്ടുണ്ടാവണം. ഒന്നിച്ചല്ല. ഇപ്പോഴാണ് ഒന്നിച്ചുവരുന്നത്. ഇവരൊന്നിച്ചു വരുമ്പോഴാണു രേഖപ്പെടുത്താവുന്ന പല സംഭവങ്ങളുമുണ്ടാവുന്നത്. ഏതു സദസ്സിനേയും രണ്ടു രണ്ടര മണിക്കൂർ പിടിച്ചിരുത്തി രസിപ്പിക്കാനുള്ള കോപ്പുകൾ അന്നിവരുടെ കൈയിലുണ്ടായിരുന്നു. ഒരു മുഴുനീള നാടകം വേണോ? തയ്യാർ. ആരുടേതാണു നാടകം? ചോദിക്കരുത്. എന്തു നാടകമാണ്? കണ്ടു മനസ്സിലാക്കിക്കോളണം. ചോദ്യങ്ങൾക്കു മുഴുവനും കനപ്പെട്ട ഉത്തരമാണ്. മറിച്ചു മറ്റൊന്നു ചോദിക്കാൻ ചോദ്യകർത്താവിനിടം കൊടുക്കില്ല. കാരണം, വളരെ രഹസ്യമാണ്. ആരും എഴുതിക്കൊടുത്ത നാടകമല്ല. നാടകത്തിനു പേരില്ല. സദസ്സു ചേർന്ന് അവതരണത്തിനു സമയമാകുമ്പോൾ ഒരു പേരുണ്ടാവും. നറുക്കിട്ടെടുക്കുന്നതാണോ എന്നറിയില്ല.. യവനിക നീങ്ങിത്തുടങ്ങുമ്പാൾ മൂവരിലാരെങ്കിലുമൊരാൾ രംഗത്തുണ്ടാവും. അവിടെനിന്നെന്തെങ്കിലുമൊന്നു പറയും. ഏറ്റു പറഞ്ഞു കൊണ്ടു രണ്ടാമൻ വരും. മൂന്നാമനു വന്നു ചരാനുള്ള സന്ദർഭം ഈ രണ്ടു പേരും ചേർന്നുണ്ടാക്കും. അങ്ങനെ മൂന്നുപേരും ഒത്തു വന്നു കഴിഞ്ഞാൽ ഒരു ഹാ

സ്യനാടകം പുറന്തോട്ടു പൊളിച്ച് പതുക്കെ വെളിച്ചത്തിലേക്കു കഴുത്തു നീട്ടി, ഉടൽ കുടഞ്ഞ്, ഇടറുന്ന അടികളോടെ നടന്ന് പിന്നെ ചിറകിട്ടടിച്ച്, കൂവാൻ തുടങ്ങും. സദസ്സു ചിരിച്ചു ചിരിച്ചു തളരും. നാടകകൃത്തു വേണ്ട, സ്ക്രിപ്റ്റ് വേണ്ട, സംവിധായകൻ വേണ്ട, നടികൾ വേണ്ടാ, നടന്മാരും. നിങ്ങളെ രസിപ്പിക്കാൻ ഈ ത്രിമൂർത്തികൾ മതി. ആണായും പെണ്ണായുമൊക്കെ, വേഷം മാറാതെ, ഭാവാഭിനയങ്ങളിലൂടെ സംഗതി രസകരമായി ഒപ്പിച്ചെടുക്കും. ആസ്വാദകനു വിഭവസമൃദ്ധമായ സദ്യ കൊടുക്കും. ഞാനാദ്യം പറഞ്ഞപോലെ കുഞ്ഞാവയിന്നു സ്വർഗ്ഗത്തിലാണ്; പപ്പു സിനിമയിലും. അല്പകാലത്തെ ഇടവേളയ്ക്കു ശേഷം ആരോഗ്യം വീണ്ടെടുത്ത വേണു തൊഴിലില്ലാതെ, നാടക വേദിയോ വെള്ളിത്തിരയോ വിളിക്കുമെന്ന പ്രതീക്ഷയോടെ ദിവസം കഴിക്കുന്നു.

— 76 —

# എന്നും താലോലിക്കേണ്ട ഓർമ്മകൾ

എന്റെ ഗ്രാമത്തിൽ ഒരു കവി വിരുന്നു വന്ന കഥ കേൾക്കുന്നു. നഗരച്ചൂടിലുരുകി വേവുന്ന എന്റെ ഹൃദയത്തിലതു കുളിർ കോരിയിടുന്നു. 'വോൾഗ'യിലെ താമരപ്പൂവിന്റെ പരിമളം ചാർത്തി വടക്കൻ പാട്ടിന്റെ മാധുര്യം ചുണ്ടുകളിലാവാഹിച്ച്, കടത്തനാടിന്റെ മണ്ണിൽനിന്നു വരുന്ന കവി തൃക്കോട്ടൂർ ഗ്രാമത്തിലെ കുഞ്ഞുങ്ങൾക്ക് അക്ഷരവിദ്യ പകർന്നു കൊടുക്കാനെത്തിയതാണെന്ന വാർത്തയും കൂടി അറിഞ്ഞു കഴിഞ്ഞപ്പോൾ എന്റെ സന്തോഷം ഇരട്ടിച്ചു. നന്നാവട്ടെ, അവിടെയുള്ള കുട്ടികൾ കവിഭാഷ പഠിക്കട്ടെ, സർഗ്ഗവാസനാവൈഭവംകൊണ്ടു കവി അവരെ അനുഗ്രഹിക്കട്ടെ. അവരിൽനിന്നു പുത്തൻ കവികളുദയംകൊള്ളട്ടെ. നല്ലത്, നല്ലതെന്നെൻ മനസ്സ് ആവർത്തിച്ചു പറഞ്ഞു കൊണ്ടിരുന്നു.

തടിച്ച കണ്ണടച്ചില്ലുകൾക്കു പിറകിൽ മേധാശക്തിയുടെ തിളക്കമാർന്ന മിഴികളും ഹൃദയം നിറയെ ഓടക്കുഴൽ നാദവുമായി വന്നുചേർന്ന കവിയെ ഗ്രാമം വളരെ വേഗത്തിൽ തിരിച്ചറിഞ്ഞു. കവിക്കാവട്ടെ ഗ്രാമ ഹൃദയത്തിൽ കൂടൊരുക്കാൻ ഒട്ടും താമസം വേണ്ടിവന്നില്ല. അങ്ങനെ കവിയും കവിഹൃദയമുള്ള യുവജനങ്ങളും ഒത്തുവന്നപ്പോൾ 'സഹൃദയവേദി'യെന്നൊരു സാംസ്കാരിക സംഘടന അവിടെ രൂപം പൂണ്ടു. വി. ടി. കുമാരൻ മാഷെന്ന കവി വേദിയുടെ രക്ഷാധികാരിയും ഉപദേഷ്ടാവും എല്ലാമായിരുന്നു. സൗമ്യമായ പെരുമാറ്റത്തിലൂടെ, വശ്യമായ പുഞ്ചിരിയിലൂടെ, ഒതുക്കവും ചിട്ടയുമുള്ള പ്രവർത്തനശൈലിയിലൂടെ, കുമാരൻ മാഷ് വളരെ വേഗത്തിൽ എല്ലാവരുടെയും ശ്രദ്ധാകേന്ദ്രമായിത്തീർന്നു. നാടകകൃത്തും നോവലിസ്റ്റും രാഷ്ട്രീയപ്രവർത്തകനുമെല്ലാമായ മി. വി. പി. മുഹമ്മദും. പി. എൻ. കെ. നായരും, തിക്കോടി രാമചന്ദ്രനും പിന്നെ ഒട്ടേറെ ചെറുപ്പക്കാരും വളർന്നവരും വളർന്നുവരുന്നവരുമായ എഴുത്തുകാരുമെല്ലാം കുമാരൻ മാഷ്ക്കൊപ്പം ചേർന്നപ്പോൾ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കും ഒരു നവചൈതന്യം കൈവന്നു. ചിലപ്പോൾ സഹൃദയവേദിയുടെ ചില ചടങ്ങുകളിൽ പങ്കെടുക്കാൻ എന്നെയും വിളിക്കാറുണ്ടായിരുന്നു. മുഖ്യമായും വേദിയുടെ പ്രവർത്തനം സാഹിത്യ ചർച്ചകളിൽ ഒതുങ്ങിനി

ന്നിരുന്നു. ചർച്ചയിൽ എനിക്കു വലിയ താൽപര്യമില്ലെങ്കിലും കുമാരൻ മാഷെ കാണുക, അദ്ദേഹവുമായി അല്പനേരം സംസാരിച്ചിരിക്കുകയെന്നതു വലിയൊരു നേട്ടമായി ഞാൻ കണക്കാക്കിയിരുന്നു. എങ്ങനെ കണക്കാക്കാതിരിക്കും?

വെളച്ചത്തിൻ ചോക്കു കട്ട-
കൊണ്ടു ഞാൻ തെളിയിച്ചിടും
അക്ഷരപൊൻ ദീപമെന്റെ
നാട്ടിന്നിരുളകറ്റിടും.

ജ്ഞാനാഞ്ജനക്കോലുകൊണ്ട്
ഞാനെൻ ഭാവിപ്രതീക്ഷതൻ
ചക്ഷുസ്സുന്മീലനം ചെയ്യും
തിമിരാന്ധത നീക്കിടും!

ഈ തീരുമാനം, ആദർശപ്രഖ്യാപനം ഒഴുക്കിത്തന്ന ഗുളികയുടെ ഉടമയെ കാണാനും സംസാരിക്കാനും പരിചയം പുതുക്കാനും കിട്ടുന്ന ഏതവസരവും അതിധന്യമെന്നല്ലാതെ മറ്റെന്തു പറഞ്ഞു വിശേഷിപ്പിക്കും? എന്റെ ഗ്രാമത്തിനെന്നല്ല, ഈ നാട്ടിനു മുഴുവനായും കുമാരൻ മാഷുടെ വിശിഷ്ടസേവനം പൂർണ്ണമായും അനുഭവിക്കാനുള്ള ഭാഗ്യമുണ്ടായില്ല. ആരും ക്ഷണിക്കാതെ അനവസരത്തിൽ കേറിവന്ന് എല്ലാം തട്ടിമറിച്ച് നശിപ്പിച്ച ശീലിച്ച കാലം, അദ്ദേഹത്തെയും വാരിയെടുത്ത് അനന്തതയിലേക്കു മറഞ്ഞു.

വെളിച്ചത്തിൽ കുളിച്ചെത്തും
പുലർമാരുതനെന്നപോൽ
ഓടിയോടി നടക്കും ഞാൻ
നാടിൻ കരളുണർത്തിടും.

സുഹൃത്തെ, അടുത്തും അകലത്തും വീശുന്ന പൂങ്കാറ്റിൽ താങ്കളുടെ പുല്ലാങ്കുഴലിന്റെ നാദം ഇന്നും ഞങ്ങൾ കേൾക്കുന്നു. അതൊന്നുമാത്രം ഞങ്ങൾക്കിന്നാശ്വാസം നല്കുന്നു.

ഇവിടെയിരുന്നു ഞാനിതെഴുതുമ്പോൾ മി. വി. പി. മുഹമ്മദിന്റെ ശബ്ദം കേൾക്കുന്നു. സഹൃദയ സംഭാഷണത്തിന്റെ ശബ്ദമല്ലാ, ഒരു വലിയ സമ്മേളനത്തിൽ ഉച്ചഭാഷിണിക്കു മുന്നിൽ നിന്നുകൊണ്ടുള്ള പ്രസംഗത്തിന്റെ ശബ്ദം. ആ ശബ്ദം കേട്ടതു നന്നായി. കുമാരൻ മാഷുടെ അകാലവിയോഗത്തെക്കുറിച്ചുണ്ടായ ഓമ്മയിൽനിന്നു മനസ്സിനേറ്റ കഠിനമായ ആഘാതം ഒട്ടൊന്നു ലഘൂകരിക്കാൻ അതു വേണം.

ഉടനീളം ഫലിതമയമായ കഥകൾകൊണ്ട് സദസ്യരെ ആർത്തട്ടഹസിച്ചു ചിരിപ്പിക്കുന്ന വി. പി. യുടെ പ്രസംഗം നൊമ്പരം കൊള്ളുന്ന ഹൃദയത്തിനെപ്പോഴും ലേപനൗഷധമായിത്തീരാറുണ്ട്. കാറ്റുപോലെ വീശിയടിച്ചു സഞ്ചരിക്കുന്ന സ്വഭാവമാണു വി. പി. ക്ക്. ഏതു ദുർഘടം പിടിച്ച ചുമതലയും ഏറ്റെടുക്കും. ഏറ്റെടുത്തുകഴി

ഞ്ഞാൽ വിശ്രമമില്ല. എന്തു ചെയ്തും എന്തു ത്യാഗം സഹിച്ചും ഏറ്റെടുത്ത ചുമതല ഭംഗിയായി നിർവ്വഹിക്കുകതന്നെ ചെയ്യും. ഒന്നിലും വി. പി. യെ ഒതുക്കി നിർത്താൻ കഴിയില്ല; ആർക്കും തളച്ചിടാൻ സാധ്യമല്ല. ചെറുകഥയിലൊതുങ്ങാതെ നോവലിലേക്കും അവിടെ നിൽക്കാതെ ചലച്ചിത്രരംഗത്തേക്കുമെല്ലാം കാലു മാറ്റിച്ചവിട്ടുന്ന വി. പി. രാഷ്ട്രീയ രംഗവും തന്റെ പ്രവർത്തന പരിധിയിലേക്കു പിടിച്ചടുപ്പിച്ചിരിക്കുന്നു. പ്രവർത്തനം സാദാപ്രവർത്തനം. അതാണു വി. പി. യുടെ സ്ഥിരമുദ്രാവാക്യം.

ഏറ്റവും അടുത്തകാലത്തു വി. പി. ഏറ്റെടുത്തൊരു പരിപാടി, 'മീനാക്ഷി' നോവലിന്റെ ശതാബ്ദി ആഘോഷമായിരുന്നു. പള്ളിക്കര ഗ്രാമത്തിനും അതൊരു മഹോത്സവത്തിന്റെ മിഴിവുതന്നെ നൽകയിരുന്നു. മിക്കവാറും വിസ്മൃതിയിലാണ്ടു പോയൊരു ഒരു കൃതിയും അതിന്റെ കർത്താവായ ചെറുവലത്തു ചാത്തുനായരും അന്നാ ഗ്രാമത്തിൽ പുനർജ്ജനിക്കുകയായിരുന്നു. 'മീനാക്ഷി'യുടെ കർത്താവിന്റെ തറവാട്ടിൽ, പഴയ നാലുകെട്ടിന്റെ മുറ്റത്തൊരു മഹാസമ്മേളനമൊരുക്കി. നാട്ടുകാർ ആവേശത്തോടെ സമ്മേളനത്തിൽ പങ്കെടുത്തു. രണ്ടു ദിവസത്തെ ആവേശം പകർന്ന ഉത്സവമായതു് പരിണമിച്ചു. ഞാനോർക്കുകയാണു് കഴിഞ്ഞ രണ്ടു വർഷമായി ഈ ആഘോഷം വി. പി. മനസ്സിൽ സൂക്ഷിക്കുകയായിരുന്നു. കാണുമ്പോഴൊക്കെ പറയും "മറക്കണ്ടാ, മീനാക്ഷിയുടെ ശതാബ്ദിവരുന്നു; പൊടി പൊടിക്കണം." അക്ഷരാർത്ഥത്തിൽ അതു പൊടിപൊടിക്കുകതന്നെചെയ്തു. വി. പി. യോടൊപ്പം പ്രവർത്തിച്ച നല്ലവരായ ജനങ്ങളെ ഞാൻ ഓർക്കായ്കയല്ല. ഈ ആശയം പലകാലം മനസ്സിൽ വെച്ചു കൊണ്ടു നടക്കുകയും പലരോടും സഹായാഭ്യർത്ഥന നടത്തുകയും ചെയ്ത വി. പിയെ പ്രത്യേകം ഞാനോർത്തതിൽ അപാകം അശേഷവുമുണ്ടാവാനിടയില്ല.

ഇതിന്റെ തുടക്കത്തിൽ വി. ടി. കുമാരൻ മാഷെക്കുറിച്ചെഴുതാൻ തുടങ്ങിയപ്പോൾ ഞാൻ ബദ്ധപ്പെടുകയായിരുന്നു. ഓർമ്മയിലേക്കു തിളച്ചുമറിഞ്ഞു വന്ന മറ്റൊരു വിശിഷ്ടനാമധേയം; അതും രണ്ടക്ഷരം തന്നെ—വലിയ രണ്ടക്ഷരം. ആ പേരു് രണ്ടക്ഷരത്തിൽ ഒതുക്കിനിർത്താനെനിക്കു ധൈര്യമില്ല. ഒരു കാലഘട്ടത്തിന്റെ ഉജ്ജ്വല വിപ്ലവജ്വാലയെ ഞാൻ ഈ നിസ്സാരവിവരണത്തിലൊതുക്കിനിർത്തിയിലെങ്ങനെ ഒതുക്കിനിർത്തും? ഭവാന്മാരെനിക്കു മാപ്പു നൽകിയാലും. വി. ടി. ഭട്ടതിരിപ്പാടിനെ ഏതോ കാലം മുതൽ ആരാധിക്കാൻ തുടങ്ങിയ ഒരു നിസ്സാരവ്യക്തിയാണു് ഞാൻ. അദ്ദേഹത്തെ ആർക്കും പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. ഞാനതിനു മുതിരുന്നുമില്ല. എന്റെ ഓർമ്മയുടെ തുളസീദളം പെറുക്കിക്കൂട്ടി ഞാനദ്ദേഹത്തെ അർച്ചിക്കുകയാണെന്നു മാത്രം കരുതിയാൽ മതി.

മറ്റു വിശിഷ്ട വ്യക്തികൾ പലരേയുമെന്നപോലെ വി. ടി. ഭട്ടതിരിപ്പാടിനെ കാണാനും എനിക്കു സൗകര്യമുണ്ടാക്കിത്തന്നതും ആകാശവാണിയാണു്. ഒരിക്കൽ, ആരെല്ലാമോ ഒത്തുകൂടിയിരുന്നു സംസാരിക്കുന്ന സന്ദർശകമുറിയിലൂടെ ഞാൻ കടന്നു പോവുകയാണു്. പരിചയക്കാരാരെങ്കിലുമുണ്ടോ എന്നു നോക്കിക്കൊണ്ടാണു നടത്തം. ആരുമില്ല. ആരെങ്കിലുമുണ്ടെങ്കിൽ ശ്രദ്ധിക്കാതെ കടന്നു പോയെന്നു

ആക്ഷേപമുണ്ടാവും. അതു പാടില്ലല്ലൊ. നേരെ ചെന്ന് സീറ്റിലിരുന്നു. പി. സി. എന്തോ ധൃതിപിടിച്ചെഴുതുകയാണ്. അല്പനിമിഷങ്ങൾക്കു ശേഷം പി. സി. തലയുയർത്തി ഒരു ചോദ്യം:

“താൻ വി. ടി. യെ കണ്ടോ?”

“എവിടെ?” എന്റെ ചോദ്യം.

“സന്ദർശക മുറിയിലുണ്ട്. താനങ്ങോട്ടു പോയില്ലേ?”

“ഇല്ല.”

”അവിടെ ഇരിപ്പുണ്ട്.”

കേട്ടപാതി കേൾക്കാത്തപാതി, ഞാൻ ധൃതിവെച്ചു നടന്നു. സന്ദർശകമുറിയിലെത്തി. എല്ലാവരെയും മാറി മാറി സൂക്ഷിച്ചുനോക്കി. മുമ്പെവിടെയോ പടം കണ്ടിട്ടുണ്ട്. അതിലൂടെ മനസ്സിൽ പതിഞ്ഞ രൂപത്തിന്റെ അടയാളം തേടുകയായിരുന്നു ഞാൻ. ഒരു മൂലയിൽ ആരേയും ശ്രദ്ധിക്കാതെ ആരാലും ശ്രദ്ധിക്കപ്പെടാതെ, ഒരു ചെറിയ മനുഷ്യനിരിക്കുന്നു. അതായിരിക്കുമോ? അംഗീകരിക്കാൻ മനസ്സ് കൂട്ടാക്കുന്നില്ല. ആണെങ്കിൽ തന്നെ എങ്ങനെ ചെന്നു പരിചയപ്പെടും? സംസാരിക്കും? വല്ലാത്ത വിഷമസന്ധി. അതിനു വിരാമമിട്ടുകൊണ്ടു പി. സി. യുടെ ശബ്ദം:

“ഓ! താനിനിയും കണ്ടില്ലേ?” അങ്ങനെ ചോദിച്ചുകൊണ്ട് പി. സി. മുമ്പോട്ടു നടക്കുന്നു; ഒപ്പം ഞാനും.

“ഇതാ—ഇതാണ് വി. ടി.”

ഞാൻ ഒതുങ്ങിനിന്നു. അപ്പോൾ പി. സി. എന്നെ പരിചയപ്പെടുത്തുന്നു. ഉടനെ ആ പഴയ കണ്ണട മൂക്കത്തൊന്നുറപ്പിച്ചുവെച്ച് അദ്ദേഹം എഴുന്നേൽക്കുന്നു; ഞാൻ തലകുനിച്ചു, അദ്ദേഹം എന്റെ മൂർദ്ധാവിൽ കൈവെച്ചനുഗ്രഹിക്കണേ എന്ന പ്രാർത്ഥനയോടെ. പക്ഷേ, അതുണ്ടായില്ല. അതിനുള്ള ഭാഗ്യം എനിക്കില്ലെന്നർത്ഥം. അദ്ദേഹം എന്നെ ചേർന്നു നിന്നുകൊണ്ട് എന്റെ പുറം വാത്സല്യത്തോടെ തലോടി. ഏറെ പുണ്യം ചെയ്തു തഴമ്പിച്ച ആ കൈകൾകൊണ്ടുള്ള സ്പർശം, എന്നിലുളവാക്കിയ അനുഭൂതി എന്തെന്നു വിവരിക്കുക പ്രയാസം. എന്തെല്ലാം കാണുകയും കേൾക്കുകയും ചെയ്ത മനുഷ്യൻ. ഒരു സമുദായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി, അതിലള്ളിപ്പിടിച്ചുനിന്ന ദുഷിച്ച ആചാരങ്ങൾക്കും സമ്പ്രദായങ്ങൾക്കുമെതിരെ, മുരടിച്ച യാഥാസ്ഥിതികത്വത്തോടു പടവെട്ടി, പല്ലക്കും ആശ്വാസവും അഭയവും നേടിക്കൊടുത്ത ത്യാഗമൂർത്തിയായ ഒരു വലിയ മനുഷ്യൻ. അദ്ദേഹമാണ് വാമനരൂപത്തിൽ ഒരു കൊച്ചുരൂപനായി എന്റെ മുമ്പിൽ നില്ക്കുന്നതെന്നു ഞാനെന്നോടു തന്നെ പലവട്ടം പറയുകയായിരുന്നു. ദൈവമേ, ആയിരമായിരം ശാഖകളാകാശത്തിൽ പരത്തി, അനേകർക്കു തണലും തണുപ്പും നല്കുന്ന മഹാ ബോധിവൃക്ഷത്തിന്റെ ചെറിയൊരു വിത്ത്, അതെ, അതുതന്നെ; അല്ലെങ്കിൽ അതു പോലെതന്നെ. വി. ടി. ഭട്ടതിരിപ്പാടിനെ ആദ്യമായി കണ്ടു ഞാൻ നിർവൃതികൊണ്ടു. എം. ഗോവിന്ദനും കേളപ്പജിയും എൻ. പി. ദാമോദരനും മറ്റും പലവട്ടം പറഞ്ഞ് അദ്ദേഹത്തിന്റെ

അപദാനങ്ങൾ ഞാൻ മനസ്സിലാക്കിയിരുന്നു. നേരിൽ കണ്ടപ്പോൾ, അതിവിനയത്തിന്റെ ചിരിയേറ്റപ്പോൾ, അകൃത്രിമവാത്സല്യത്തിന്റെ സ്പർശനമേറ്റപ്പോൾ എന്റെ മനസ്സ് ആദരവുകൊണ്ടും ആരാധനകൊണ്ടും നിറഞ്ഞു വഴിയുക തന്നെ ചെയ്തു. പിന്നെയും പലവട്ടം, എനിക്കാ സൗഭാഗ്യം അനുഭവിക്കാൻ അവസരമുണ്ടായിട്ടുണ്ട്.

വി. ടി. യോടൊപ്പം മനസ്സിലെത്തുന്ന രണ്ടു വിശിഷ്ടവ്യക്തികളാണ് എം. ആർ. ബി. യും പ്രേംജിയും. പ്രേംജിയെ മുമ്പും ഞാനോർത്തിട്ടുണ്ടിവിടെ. ഇനിയും ഓർക്കും, എന്നും ഓർക്കും. ഓർക്കുന്തോറും മനസ്സിനു കുളുർമ്മ നല്കുന്ന പേരുകളാണിതെല്ലാം. എന്ന് എവിടെവച്ചു കണ്ടു, മനസ്സിൽ പ്രതിഷ്ഠിച്ചു എന്നൊന്നും പറയാൻ വയ്യ. എന്നും ഇവരെന്റെ മനസ്സിലുണ്ട്. ഞാനെന്റെ ആദരവിന്റെ വീരാളിപ്പട്ടു വിരിച്ചവരെ അകത്തളത്തിലിരുത്തി സ്നേഹത്തിന്റെ പനിനീർ തളിക്കൽ തുടങ്ങീട്ട് 'ശ്ശി' കാലായി. കരുതലോടെ തിരഞ്ഞെടുത്ത കമനീയ പദങ്ങളെക്കൊണ്ട് ഗദ്യം പദ്യമാക്കുന്ന ഇന്ദ്രജാലക്കാരനാണ് എം. ആർ. ബി. പ്രകൃതിചിത്രമാവട്ടെ, വ്യക്തികളുടെ തൂലികാചിത്രമാവട്ടെ; സംഭവ വിവരണമാവട്ടെ; എം. ആർ. ബി. കൈവെക്കുന്നതെന്തും കവിതയാവുന്നു. സംഭാഷണവും കവിതതന്നെ. ആ നോട്ടത്തിലും ചിരിയിലും ഭാവപ്രകടനങ്ങളിലുമുണ്ട് കവിത. അതുകൊണ്ടാവണം എന്നും ആരോടും ഒരേരീതിയിലുള്ള സൗഹൃദം സൂക്ഷിച്ചുപോരാനദ്ദേഹത്തിനു കഴിയുന്നത്. നല്ലതെന്തിനും വേണമല്ലോ ഒരു കവിഹൃദയം.

എം. ആർ. ബി. യോടൊപ്പം മഹാകവി ഒളപ്പമണ്ണയെ ഞാനോർത്തു പോയാൽ ആരും തെറ്റുപറയില്ലെന്നാണെന്റെ വിശ്വാസം. കാരണം, രണ്ടുപേരേയുമൊരുമിച്ചു പലവട്ടം ഞാൻ കണ്ടിട്ടുണ്ട്. ഇവിടെയൊരു ചോദ്യം വരാം. മഹാകവി ജി. യുടെയൊപ്പം, പി. സി. യുടെ ഒപ്പം; ഡോക്ടർ എം. സി. വാസുദേവനൊപ്പം എം. ആർ. ബി. യെ കണ്ടിട്ടില്ലേ എന്ന്. ശരിയാണ്, കണ്ടിട്ടുണ്ട്. മുണ്ടശ്ശേരി മാഷോടൊപ്പവും കണ്ടിട്ടുണ്ട്. ഇപ്പോൾ എനിക്കൊരു സംശയം. ഇപ്പറഞ്ഞവർക്കൊപ്പം എം. ആർ. ബി. യെ കണ്ടതോ, അതോ എം. ആർ. ബി. ക്കൊപ്പം അവരെ കണ്ടതോ എന്ന്. രണ്ടായാലും ആരും എം. ആർ. ബി. യുടെ സാന്നിധ്യം, കൊതിക്കുമെന്നു സ്പഷ്ടം. പാലപ്പൂവിന്റെ നറുമണവും പനിനീർപ്പൂവിന്റെ സൗന്ദര്യവും ഉൾക്കൊള്ളുന്ന ഒട്ടേറെ ശ്രേഷ്ഠകവിതകളുടെ സ്രഷ്ടാവെന്ന നിലയിൽ സഹൃദയലോകത്തിന്റെ ആദരവും സ്നേഹവും നേടിയ ഒളപ്പമണ്ണയെ മഹാകവിയെന്നു ചേർത്തു വിളിക്കുമ്പോൾ എനിക്കെന്തോ ഒരു വിമ്മിട്ടം. അദ്ദേഹവുമായി എനിക്കെന്തോ ഒരകൽച്ച വന്നുപോകുന്നുണ്ടോ എന്നു സംശയം. ഒളപ്പമണ്ണ—അനായാസമായി സംബോധനചെയ്യാവുന്ന, ഭംഗിയുള്ള, കവിതയുടെ ചെറിയൊരു മണിമുഴക്കമുള്ള ആ പേരു് മനസ്സിൽ വേരുറപ്പിച്ചുപോയതാണ് അതുകൊണ്ടുണ്ടാവുന്ന വിമ്മിട്ടമാവണം.

ഒരു വീഴ്ച. കവിതയിൽ നിന്നല്ല. നടക്കുമ്പോളൊരു വീഴ്ച. കാലിനു പരുക്ക്. കോഴിക്കോട്ട് മെഡിക്കൽ കോളേജിൽ കിടപ്പ്. ആ കാലത്താണ് മഹാകവി ഒളപ്പമണ്ണയുമായി ഞാൻ ഏറെ അടുപ്പത്തിലാവുന്നത്. അതിനു മുമ്പെ അറിയാം. കണ്ടിട്ടുണ്ട്. കവിതവഴി ധാരാളം പരിചയിച്ചിട്ടുമുണ്ട്. കുടുംബസമേതം മെഡി

ക്കൽ കോളേജിൽ കഴിയുന്ന കാലത്ത് ചില ദിവസങ്ങളിൽ അദ്ദേഹത്തെ സന്ദർശിക്കാൻ ഞാൻ എത്തും. ചിലപ്പോൾ ആ യാത്ര ഡോക്ടർ വാസുദേവനോടൊപ്പമായിരിക്കും. ഏറെനേരം ഞങ്ങൾ സംസാരിക്കും. നേരമ്പോക്കു പറഞ്ഞു ചിരിക്കും. അദ്ദേഹത്തിന്റെ വേദനയ്ക്കാശ്വാസം കിട്ടി മനസ്സു തണുക്കട്ടെയെന്ന് കരുതി ഞാൻ വാതോരാതെ പലതും അന്നു സംസാരിച്ചിട്ടുണ്ടാവും. ഏറെയും വിഡ്ഢിത്തങ്ങളുമായിരിക്കണം. എങ്കിലും അതിലദ്ദേഹത്തിനിഷ്ടക്കേടില്ലെന്നും ഒരു കോമാളിയുടെ സാന്നിധ്യം തനിക്കേറ്റവും അത്യാവശ്യമായ സമയമാണെന്നും അദ്ദേഹം കരുതിയിരിക്കണം. വേണമെങ്കിൽ ഇത്രയും കൂടി എനിക്കിവിടെ എഴുതിച്ചേർക്കാം: ഞാനദ്ദേഹത്തിന്റെ വീട്ടിൽ പോയിട്ടുണ്ട്; സ്നേഹപൂർവ്വം അദ്ദേഹമെന്നെ സ്വീകരിച്ചിരുത്തീട്ടുണ്ട്; കുശലപ്രശ്നം നടത്തീട്ടുണ്ട്; ഭക്ഷണം തന്നിട്ടുണ്ട്—എന്നെല്ലാം. എന്തായാലും അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്കൊപ്പം ഒരു പുല്ലായ എനിക്കും അദ്ദേഹം വിരിപ്പിച്ചു തന്നിട്ടുണ്ടെന്നാണെന്റെ വിശ്വാസം.

ഒരു ഗദ്ഗദത്തോടുകൂടി മാത്രമേ എനിക്കു പൂമുള്ളി രാമൻനമ്പൂതിരിപ്പാടിനെ ഓർക്കാൻ കഴിയൂ. എന്തൊരു വിശാലഹൃദയനായിരുന്നു. അദ്ദേഹം. ആകാശവാണിയുടെ ആരംഭ കാലം തൊട്ട്, പതിവായദ്ദേഹത്തിന്റെ സാന്നിധ്യം അവിടെ ഉണ്ടാകുമായിരുന്നു. കർണ്ണാടക സംഗീതത്തിലും ഉത്തരേന്ത്യൻ സംഗീതത്തിലും ഒരുപോലെ പ്രാവീണ്യം നേടിയ മനുഷ്യൻ. ആധികാരികമായി നാടൻകലകളെപ്പറ്റി എത്ര വേണമെങ്കിലും സംസാരിക്കും. നാടൻശീലുകൾ പാടും. നാടൻ വാദ്യങ്ങൾ സമർത്ഥമായി പ്രയോഗിക്കും. അന്നൊക്കെ ആകാശവാണിക്കുവേണ്ടി അദ്ദേഹം ഒരുക്കിത്തരുന്ന പരിപാടികൾ എത്രമേൽ ആസ്വാദ്യതരങ്ങളായിരുന്നുവെന്നും അതു കേൾക്കാനും ശ്രദ്ധിക്കാനും കഴിഞ്ഞവർക്കറിയാം. ഇന്നദ്ദേഹം ഒരു ഓർമ്മ മാത്രമാണ് എന്നും താലോലിക്കേണ്ടൊരോർമ്മ.

— 77 —

## കാര്യസ്ഥന്റെ തല്ല്

'അപർണ്ണ' യും 'അരുണും' രണ്ടു പേരക്കിടാങ്ങൾ. കാലത്ത് ആറു മണിമുതൽ ഒമ്പതുമണിവരെയുള്ള സമയവും ഞങ്ങളുടെ വീടും അവർക്കുള്ളതാണ്. പരസ്പരം കുറ്റംപറച്ചിൽ. അട്ടഹാസം. കരച്ചിൽ. ഒരാൾക്കുള്ള സ്കൂൾ ബാഗ് കാണാനില്ലാ, മറ്റേയാൾക്ക് ഇൻസ്ട്രുമെന്റ് ബോക്സ് നഷ്ടപ്പെട്ടിരിക്കുന്നു. അനിയനെടുത്ത് ഒളിപ്പിച്ചതാണെന്നു ചേച്ചി. ചേച്ചി നുണ പറയുന്നു എന്നനിയൻ. ആരും വഴക്കു ശ്രദ്ധിക്കില്ല. ഇടപെടുകയുമില്ല. അപ്പോളതു ശക്തിപ്രാപിക്കും. ശക്തി മഹാശക്തിയാവുമ്പോൾ അവരുടെ അമ്മ—എന്റെ മകൾ–അതിലിടപെടും. ഇപ്പോൾ സംഭവത്തിനു ക്ലൈമാക്സ് കൈവരുന്നു എന്നു നിങ്ങൾക്കു വേണമെങ്കിൽ പറയാം. ആരുടെ ശ്രദ്ധയിലും പെടാതെ പ്രഭാതപത്രത്തിന്റെ അരികുപറ്റി സഞ്ചരിക്കുന്ന എന്റെ മനസ്സിലപ്പോൾ മഹാകവി വള്ളത്തോളിന്റെ ഒരു ശ്ലോകാർദ്ധം പതുക്കെ കടന്നു വരും:

> പരസ്പരം കുട്ടികൾ കാട്ടുകാട്ടിയാ-
> ലൊരമ്മയിത്രയ്ക്കരിശപ്പെടാവതോ?

ഇതു മനസ്സിൽ കിടന്നു നുരകുത്തുകയല്ലാതെ, ഒട്ടും പുറത്തേക്കു വരില്ല. കാരണം, ജോലിഭാരംകൊണ്ടു തളരുന്നവരോടു പെൻഷൻകാർക്കുണ്ടോ പ്രമാണം ചൊല്ലാനവകാശം? ചുമ്മാ നിമിഷങ്ങൾ പെറുക്കിക്കൂട്ടി പൂത്താങ്കല്ലാടുന്ന ഞാൻ തത്ത്വോപദേശങ്ങൾക്കൊന്നും മുതിരാറില്ല. എങ്കിലും ഞാനുമൊരു മനുഷ്യനായതു കൊണ്ടു ചിലപ്പോൾ, ആട്ടക്കളത്തിലേക്കു ഞാനും ചാടിവീഴാറുണ്ട്. ഇവിടെ ക്ലൈമാക്സ് എന്ന വിശേഷണം ഒട്ടും ചേരില്ല. വേണമെങ്കിൽ ആന്റി ക്ലൈമാക്സെന്നു വിശേഷിപ്പിക്കാം. പിന്നെ പ്രാതലിന്നിരിക്കുമ്പോൾ ആരും ഒന്നും പരസ്പരം മിണ്ടില്ല.. ഏതോ റസ്റ്ററണ്ടിലെ തീൻമേശയ്ക്കു മുമ്പിലിരിക്കുന്ന അപരിചിതരെപ്പോലെ പെരുമാറ്റം. പക്ഷേ, കുട്ടികൾക്കുണ്ടോ അതിനു കഴിയുന്നു? ഒരു വികാരത്തിനും ഏറെനേരം അവരെ കീഴടക്കി നിർത്താൻ. കഴിയില്ല. ഈ വഴക്കിലൊന്നും പങ്കില്ലാത്ത, അവരുടെ അച്ഛന്റെ മുഖത്തവർ ഇടയ്ക്കിടെ ചാഞ്ഞു നോക്കും. പിന്നെ, മുത്തച്ഛന്റെ

നേർക്കും. അവിടെ, മുത്തച്ഛന്റെ മുഖത്ത്, അവർ ഒരു ചിരി പ്രതിക്ഷിക്കുന്നു. ഒന്നു കഴിഞ്ഞു രണ്ടാമത്തെ നോട്ടത്തിനതവർക്കു കിട്ടുന്നു. മതി. സന്തോഷം. എല്ലാ വിഷമങ്ങളും തീരുന്നു. സംഭവത്തിന്റെ പിരിമുറുക്കത്തിനയവു കിട്ടുന്നു.

പുറപ്പാടിന്റെ ബദ്ധപ്പാടാണ്, പിന്നെ. ഒരാൾ മുടി പിന്നുന്നു: മറ്റെയാൾ 'ഷൂ' പോളിഷ് ചെയ്യുന്നു. ധൃതിതന്നെ. എല്ലാം കഴിഞ്ഞ് ഒൻപതു മണിയോടെ യാത്രയാരംഭിക്കുമ്പോൾ പ്രത്യേകം പ്രത്യേകം എല്ലാവർക്കും മുത്തം കൊടുക്കുന്നു. പിന്നെ മകളെ സംബന്ധിച്ച് ക്ലോക്കിലെ സെക്കന്റ് സൂചിക്കു വേഗക്കൂടുതൽ കൈവന്നപോലെയാണ്. ചെയ്തുതീർക്കേണ്ട ജോലികളും സമയത്തിന്റെ പരിമിതിയും തമ്മിലാണു പിന്നെ സംഘട്ടനം. ചുരുക്കത്തിൽ ഈ പെൻഷൻകാരൻ എല്ലാം കണ്ടുകൊണ്ട് എല്ലാറ്റിനും സാക്ഷിയായിരിക്കുമ്പോൾ, ആപ്പീസ് ജോലിയുടെ നെട്ടംകയത്തിലേക്ക് എടുത്തുചാടാനുള്ള തയ്യാറെടുപ്പോടെ മകൾ പടിയിറങ്ങുന്നു. ഗേറ്റ് തുറന്ന് പുറത്തേക്കു കടക്കുമ്പോൾ അതുവരെ അറച്ചറച്ചു പുറത്തുനിന്ന ഏകാന്തത ആ പഴുതിലൂടെ അകത്തു കടക്കുന്നു. വളരെ കാലമായി ഞങ്ങൾ സുഹൃത്തുക്കളാണ്; ഞാനും ഏകാന്തതയും! വീട്ടിലവൻ ചുറ്റിപ്പറ്റിനില്ക്കുമ്പോൾ ആരുടെയോ സാന്നിധ്യമുണ്ടെന്ന തോന്നലിന്റെ ആശ്വാസം ഞാൻ അനുഭവിക്കുന്നു. അപ്പോൾ എവിടെനിന്നോ ഉച്ചഭാഷിണിയിലൂടെ ആ ഗാനം പതുക്കെ ഒഴുകിവരുന്നു:

"ഏകാന്തതയുടെ അപാരതീരം..."

അതു കോഴിക്കോടിന്റെ ഗാനമാണ്. കോഴിക്കോടിന്റെ മാത്രം ഗാനം. എന്റെ ആത്മസുഹൃത്ത് ബാബുരാജ് ഈണം നല്കിയ ഗാനം. ഇന്നും ജനഹൃദയങ്ങൾ താലോലിക്കുന്ന ഗാനം. എളിമയിൽ നിന്ന് നിരന്തരമായ പരിശ്രമത്തിലൂടെ, തപസ്യയിലൂടെ, പ്രസിദ്ധിയുടെ കൊടുമുടികൾ കീഴടക്കിയ ബാബുരാജ് വശ്യമായ പുഞ്ചിരിപൊഴിച്ചുകൊണ്ട്, കൈകൾ ഇരുവശങ്ങളിലേക്കും വീശി വീശി നടന്നടുത്ത് കെട്ടിപ്പിടിച്ച്, നിർവ്യാജമായ സ്നേഹം കൊണ്ടെന്നെ വീർപ്പു മുട്ടിച്ചത് ഏതാനും നിമിഷങ്ങൾക്കു മുമ്പായിരുന്നോ? അതോ ഇന്നലെയോ? ഓർമ്മയിൽ ഇന്നും പച്ച പിടിച്ചു നില്ക്കുന്ന ആ കൂടിക്കാഴ്ചകൾക്ക് ഒട്ടും മങ്ങലേറ്റിട്ടില്ല. എങ്കിലും ബാബുരാജ് വെറും സ്മരണയാണെന്ന ദുഃഖസത്യം എന്നെ കൂട്ടിക്കൊണ്ടു പോകുന്നതവിടേക്കാണ്? അവസാനയാത്രയ്ക്ക് അകമ്പടി സേവിക്കാൻ. ശവമഞ്ചത്തിനു പിറകെ ദുഃഖിതരായി സഞ്ചരിക്കുന്ന അനേകം സുഹൃത്തുക്കളുടെ കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു. മാത്തോട്ടം പള്ളിയിലെ മാവിൻ തണലിലെ മണ്ണിൽ ആ അനുഗൃഹീത ഗായകൻ അന്ത്യവിശ്രമത്തിനുള്ള സ്ഥലം തേടുമ്പോൾ, നൂറുനൂറു കണ്ണുകൾ നനഞ്ഞൊഴുകുകയായിരുന്നു.

"ഏകാന്തതയുടെ അപാരതീരം" തേടിയുള്ള ആ ഗാനം അവസാനിക്കുന്നു.. ഞാനും എന്റെ കൂട്ടുകാരനായ ഏകാന്തതയും ഇപ്പോൾ മുഖാമുഖം നോക്കിയിരിക്കുകയാണ്. വിരസതയ്ക്കൊരു വ്യതിയാനം വരുത്താൻ തുറന്നിട്ട ജാലകത്തിന്റെ പഴുതിലൂടെ നോക്കി. അലറി പായുന്ന ബസ്സുകൾ! എന്നു കാണാൻ തുടങ്ങിയതാണ്!

ഒരു പുതുമയുമില്ലാത്ത ദൃശ്യം. അതു തലങ്ങനെയും വിലങ്ങനെയും ഓടുന്നു. ചില തു നില്ക്കുന്നു. വൃക്ഷത്തണൽ തേടുന്നു. തണലിൽ കിടന്നു വിശ്രമിക്കുന്നു: തേട്ടിയ രയ്ക്കുന്നു. ചില മണിക്കൂറുകൾക്കു ശേഷം ഭീകരരവം മുഴക്കി. പുറപ്പെട്ടു പോകുന്നു. പോകുമ്പോൾ സമൃദ്ധമായ കരിമ്പുക ഞങ്ങൾ പരിസരവാസികൾക്കുവേണ്ടി വിട്ടേച്ചു പോകുന്നു. രാവും പകലും ഒരു പോലെ നടക്കുന്ന ഈ മഹായജ്ഞം കണ്ടു കണ്ടു കണ്ണുകഴച്ചിരിക്കുന്നു. മനസ്സ് മടുത്തിരിക്കുന്നു. പരിസമലിനീകരണവാദക്കാരാരും ഇതു വഴി കടന്നു പോകാറില്ലെന്നും അതുകൊണ്ടാണിതിന്നൊന്നുമൊരു പരിഹാരമില്ലാത്തതെന്നും വെറുതെ ചിന്തിച്ചു പോകുന്നു.

അങ്ങനെയങ്ങനെ ഹൃദ്യമല്ലെങ്കിലും കണ്ടേകഴിയൂവെന്നു വിധിക്കപ്പെട്ട കാഴ്ച കൊണ്ടു തളരുമ്പോൾ ആരോ ഒരാൾ ഗേറ്റു കടക്കുന്നു. ഭാഗ്യം, ഏകാന്തതയോടൊപ്പം മറ്റൊരു കൂട്ടുകാരനും വന്നു ചേർന്നല്ലോ. ഏതു ബോറനായാലും സഹിച്ചുകളയാം. നോക്കിനോക്കിയിരിക്കുമ്പോൾ ആ രൂപം തെളിയുന്നു. ചൊവ്വല്ലൂർ. സാക്ഷാൽ ചൊവ്വല്ലൂർ കൃഷ്ണൻ കുട്ടി. ഞങ്ങൾ പഴയ സുഹൃത്തുക്കളാണ്. വളരെ നന്നായി. ഞാനെഴുന്നേറ്റു സന്തോഷിച്ചു ചിരിച്ചു സ്വാഗതമരുളി. ചൊവ്വല്ലൂരുമായി അല്പനേരം സംസാരിച്ചിരുന്നാൽ വിഭവസമൃദ്ധമായ ഒരു ബ്രാഹ്മണസദ്യയിൽ പങ്കെടുത്ത സുഖമാണ്. പാലട പ്രഥമനും എരിശ്ശേരിയും പുളിശ്ശേരിയും വറുത്തുപ്പേരിയുമെല്ലാമുള്ള സദ്യ. കൈപ്പുണ്യത്തോടെ പാകംചെയ്തെടുത്തത്. ഏതേതിനാണ് സ്വാദു കൂടുതലെന്നു തിട്ടപ്പെടുത്താൻ കഴിയാത്തവിധം എല്ലാം മെച്ചപ്പെട്ടതുതന്നെ. ഏറെ തമാശ പറഞ്ഞു ചിരിച്ചുകഴിഞ്ഞപ്പോൾ ചൊവ്വല്ലൂർ കാര്യത്തിലേക്കു കടക്കുന്നു. സമൃദ്ധമായി ചിരിച്ചുകൊണ്ടു തന്നെ:

"അപ്പോൾ ഒരു കാര്യം വേണമല്ലോ."

"എന്താവോ?"

"മിഡിൽ പീസ്."

"ഏ?"

എന്റെ ചോദ്യത്തിൽ അല്പം പരുങ്ങലുണ്ടായിരുന്നു. ഈ മിഡിൽ പീസെന്നവൻ എനിക്കു തീരെ അപരിചിതൻ. ഏതു നാട്ടുകാരനെന്നുപോലും എനിക്കു നിശ്ചയമില്ല. എന്റെ പരുങ്ങലിനുപശാന്തി നല്കിക്കൊണ്ട് ചൊവ്വല്ലൂരിന്റെ വിശദീകരണം വരുന്നു:

"സ്വല്പം നേരമ്പോക്കു കലർത്തി—അതു പിന്നെ നിങ്ങൾക്കെളുപ്പം കഴിയുമല്ലോ—വല്ലതും എഴുതിത്തരണം. പത്രത്തിനുവേണ്ടിയാണ്. ജനങ്ങൾക്കല്പം നേരമ്പോക്കും മറ്റും കൊടുക്കണ്ടേ?"

വേണ്ടെന്നും വേണ്ടെന്നും ഞാൻ പറഞ്ഞില്ല. അങ്ങനെ വല്ലതും പറയാൻ എനിക്കെന്തവകാശം? പിന്നെയാണെങ്കിൽ നേരമ്പോക്കു കലർത്തി വല്ലതും എഴുതണമെങ്കിൽ പീസു പീസായിട്ടുതന്നെ അതു നിർവ്വഹിക്കാൻ കഴിവുള്ള ആളാണ് ചൊവ്വല്ലൂർ. ആ കഴിവും വെച്ച് എന്നെ തേടി വന്നതിലാണെനിക്കദ്ഭുതം. ഞാൻ

അതുമിതും പറഞ്ഞു തടിതപ്പാനുള്ള ശ്രമം നടത്തി. ചൊവ്വല്ലൂരിന്റെ മുമ്പിൽ ഒരു പരിപ്പും വെന്തില്ല. ഞാൻ കീഴടങ്ങി. എഴുത്തുകാരുടെ ഇടയിൽ നേരമ്പോക്കുകാർ അനേകരുള്ളപ്പോൾ എന്നെ തേടിയെത്തിയത് ഏതെങ്കിലും വിധത്തിൽ എന്നെയൊന്നു സഹായിക്കാമെന്നു വെച്ചിട്ടാവും. പിന്നെ വെറും എഴുത്തല്ലല്ലോ. പ്രതിഫലവും കിട്ടും. കൊള്ളാം. മടിച്ചിരിക്കുന്നതു വങ്കത്തമാണ്. പിന്നെ, എന്തെങ്കിലും പറഞ്ഞ് ഒഴിവാക്കുകയെന്നത് ഞങ്ങളുടെ സൗഹൃദത്തിനു ചേർന്നതുമല്ല.

ചൊവ്വല്ലൂരിനു നല്കിയ വാഗ്ദാനത്തിനനുസരിച്ച് ഞാൻ രണ്ടു നാലു് മിഡിൽ പീസിനെ വകവരുത്തുകയുണ്ടായി. പിന്നെയങ്ങു നിർത്തി. സംഗതി അല്പം ബോറാണെന്ന വിശ്വാസത്തിലാണു നിർത്തിയത്. ചൊവ്വല്ലൂരെന്നോട്ട് മുഷിഞ്ഞുവോ ആവോ? ഉണ്ടാവില്ല. അങ്ങനെ ക്ഷിപ്രകോപിയോ നിസ്സാര കാര്യനീരസക്കരനോ അല്ല ചൊവ്വല്ലൂർ.

ഈ വകുപ്പിലിവിടെ രണ്ടുപേരെക്കുറിച്ചുകൂടി എനിക്ക് ഓർക്കേണ്ടതുണ്ട്—ശ്രീ സി. പി. ശ്രീധരനും, ശ്രീ കൊളാടി ഗോവിന്ദൻ കുട്ടിയും. ചൊവ്വല്ലൂരിനെപ്പോലെ രണ്ടു പേരും നല്ല ഉദ്ദേശം വെച്ച് ഓരോ കാര്യത്തിനുവേണ്ടി എന്നെ സമീപിച്ചവരാണ് മി. ശ്രീധരനെ ഏറെക്കാലത്തെ പരിചയമുണ്ട്. ദേശാഭിമാനികളുടെ നാടായ പയ്യന്നൂരിൽ നിന്നു വരുന്ന ആൾ. പണ്ഡിതൻ, വാഗ്മി. പിന്നെ നല്ലൊരു സുഹൃത്ത്. പ്രസംഗവേദിയിൽ വെച്ച് എതിരഭിപ്രായക്കാരെ നിർദ്ദാക്ഷിണ്യം കടിച്ചുകീറുമെങ്കിലും വ്യക്തിബന്ധത്തിന്റെ പാവനത്വം കേടുപറ്റാതെ എന്നും പുലർത്തിപ്പോരുന്ന സ്വഭാവ വൈശിഷ്ട്യത്തിനുടമയാണ് മി. ശ്രീധരൻ. അദ്ദേഹം കത്തയയ്ക്കുന്നു. എന്നെ വന്നു കാണുന്നു. കലശലായി നിർബ്ബന്ധിക്കുന്നു. എന്തിനെന്നല്ലേ? സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ തെരഞ്ഞെടുപ്പിൽ നാമനിർദ്ദേശപത്രിക സമർപ്പിക്കാൻ. ഞാനൊരു സ്ഥാനാർത്ഥി ആവണമെന്ന്. നിർബ്ബന്ധം മുഴുത്തപ്പോൾ ഞാനെന്റെ മനസ്സിൽ പറയുകയായിരുന്നു:

“ദൈവമേ, ഈ നല്ല മനുഷ്യൻ എന്നെ മനസ്സിലാക്കിയില്ലല്ലോ. ഈ അശിക്ഷിതനും അനർഹനും അപടുവുമായ എന്നെ സ്ഥാനാർത്ഥിയാക്കുന്നതെന്തിനുവേണ്ടി? ആർക്കു വേണ്ടി?”

ഇതെല്ലാം വാസ്തവത്തിൽ ഉറക്കെ പറയേണ്ടതായിരുന്നു. പറഞ്ഞില്ല. പകരം കളവുകൾ പലതും പറഞ്ഞു. അങ്ങനെ രക്ഷപ്പെട്ടു ഒരുതവണ. പിന്നേയും മി. ശ്രീധരന്റെ നിർബ്ബന്ധമുണ്ടായിരുന്നു. അതിലും ഞാനുഴപ്പി. അന്നൊരു സമ്മതം മൂളിയെങ്കിൽ, സാഹിത്യപ്രവർത്തക സഹകരണ സംഘത്തിൽ ഞാനൊരു ഡയറക്ടറായേനെ. ചിലപ്പോൾ പ്രസിഡണ്ടുതന്നെയും ആയിക്കൂടെന്നില്ലല്ലോ. അല്ലാ, അങ്ങനെ ആവാൻ പാടില്ലെന്നൊന്നുമില്ലല്ലോ? പ്രിയപ്പെട്ട മി. ശ്രീധരൻ ക്ഷമിക്കൂ. ഇതിനെല്ലാറ്റിനും ഒരു യോഗം വേണമെന്നല്ലേ പണ്ടുള്ളവർ പറഞ്ഞത്. അതെനിക്കില്ലെന്നു ധരിച്ചാൽ മതി. അല്ലാതെ മറ്റൊന്നും എനിക്കു പറയാനില്ല. ധാരാളം ക്ഷമിച്ച ശീലമുള്ളവനാണല്ലോ താങ്കൾ.

മി. കൊളാടി ഗോവിന്ദൻകുട്ടിയും എന്റെ ചിരകാലസുഹൃത്താണ് അദ്ദേഹത്തിനൊരുനാൾ ഉണ്ടിരിക്കും നേരത്തൊരു വിളി തോന്നി. എന്നെയൊന്നു നന്നാക്കണമെന്ന്. എന്റെ അലസതയുടെ തായ്‌വേരറുക്കണമെന്ന്. അങ്ങനെ കോഴിക്കോട്ടു വരുന്നു. കാണുന്നു. അദ്ദേഹത്തെ കാണുന്നത് എന്നും എനിക്കു സന്തോഷപ്രദമായ കാര്യമാണ്. ശരീരസൗഷ്ഠവത്തിന്റെ കാര്യത്തിൽ മാത്രമല്ല, തടവില്ലാത്ത സ്നേഹത്തിന്റെയും ഉദാരമായ പെരുമാറ്റത്തിന്റെയും ഉടമയെന്ന നിലയിൽ, കണ്ടു ഉടനെ തന്നെ അദ്ദേഹം കാര്യം പറഞ്ഞു. വളച്ചുകെട്ടില്ല. ചൊവ്വല്ലൂരിനെപ്പോലെ കഥകൾ ധാരാളം പറയുന്ന ശീലമില്ല.

"പിന്നേയ്, ജനയുഗത്തിന്റെ വാരാന്ത്യത്തിൽ ഒരു കോളം മാറ്റർ നിങ്ങളുടെ വക."

"ഒരു പ്രാവശ്യത്തെ കാര്യമാണോ ഈ പറഞ്ഞത്?"

"അല്ലാ. എല്ലാ ആഴ്ചയും."

ഞാനാലോചിച്ചു. അപ്പോൾ കോളം റൈറ്റിങ്. ശിവനെ, ഇന്ത്യയിലെ ഏറ്റവും പ്രഗല്ഭരായവർ മാത്രം പയറ്റിത്തെളിഞ്ഞ വേദിയാണ്. വിവിധ വിഷയങ്ങളിൽ അഗാധജ്ഞാനമുണ്ടാവണം. നല്ല ഭാഷാസ്വാധീനം വേണം. ശൈലീവല്ലഭനായിരിക്കണം. അന്തസ്സുള്ള ഫലിതത്തിനുടമയാവണം. ഇതെല്ലാം ഒത്തുകൂടിയവർക്കു മാത്രമേ മേൽപ്പറഞ്ഞ കാര്യം സമർത്ഥമായി ചെയ്യാൻ പറ്റുകയുള്ളൂ. ഇതിലൊന്നും എനിക്കില്ല. മി. കൊളാടി എന്റെ ആലോചന പുറത്തു നിന്നു കൊണ്ടു തന്നെ വായിച്ചു മനസ്സിലാക്കി.

"ഇത്രയ്ക്കൊന്നും ചിന്തിക്കാനുള്ള വിഷയമല്ല. ചുമ്മാ എഴുതണം. എവിടെ വേണമെങ്കിൽ നമുക്കു നിർത്താമല്ലോ. നിങ്ങളെഴുതണം എഴുതിയാൽ മോശമാവില്ല. സംഗതി ഞാൻ തീരുമാനിച്ചുകഴിഞ്ഞു."

മി. കൊളാടിയെപ്പോലുള്ളൊരു നല്ല സുഹൃത്തിന്റെ കല്പന നിഷേധിക്കുന്നതു വകതിരിവുകേടല്ലേ? അതുകൊണ്ടു ഞാൻ കേറി സംഗതിയേറ്റു. മുൻപൊരിക്കൽ ഞാൻ പറഞ്ഞിട്ടുണ്ടല്ലോ എന്റെതു കാര്യസ്ഥൻ പശുവിനെ തല്ലലാണെന്ന്. ഞാൻ തല്ലി. കണ്ണും പൂട്ടി തല്ലി. ഏറെ തല്ലിയില്ല. മി. കൊളാടിയോ പത്രാധിപരോ "മതി; നിർത്തു" എന്നു പറയുന്നതിനു മുമ്പേ തല്ലു നിർത്തി ഞാനെന്റെ മാനം കാത്തു.

— 78 —

# അരങ്ങിലെ വെളിച്ചം

തെക്കുനിന്നും വടക്കുനിന്നും ഒരേസമയത്തു വിളി. രണ്ടറ്റവും കൂട്ടിമുട്ടുമ്പോഴാണ ല്ലോ പൂർത്തിയാവൽ. തെക്കുനിന്നു പഴവിള രമേശൻ. വടക്കുനിന്നു ശ്രീ ടി. പത്മ നാഭൻ. കവിയും കാഥികനും ഇടം വലം നിന്നു പിടിവലി. രണ്ടുപേരും എന്റെ ജീവി തത്തിലേക്കു കടന്നുവന്നതെങ്ങനെയെന്നാണു ഞാനിപ്പോൾ ആലോചിക്കുന്നത്. അടുത്ത ചില സുഹൃത്തുക്കളുടെ വിവരണങ്ങളിലൂടെയാണ് രണ്ടു പേരെയും ഞാൻ ആദ്യമായി അറിയുന്നത്. 'പട്ടത്തുവിള'യും 'പഴവിള'യും കൊല്ലത്തെ പ്രസിദ്ധിയു ള്ള രണ്ടു തറവാടുകൾ. പട്ടത്തുവിളയിലൂടെയാണ് പഴവിളയെ ഞാനറിയുന്നത്.

"നല്ല പയ്യനാണ്." പൊടിയനൊരിക്കൽ പറഞ്ഞു: "സ്നേഹമുള്ള പയ്യൻ."

അന്ന് അവിടെവെച്ച് സ്നേഹമുള്ള പയ്യൻ എന്റെ മനസ്സിൽ കയറിപ്പറ്റി. അതു പോലെ മറ്റൊരിക്കൽ ശ്രീ എം. ഗോവിന്ദന്റെ ഒരു ചോദ്യം:

"പത്മനാഭനെ അറിയില്ലേ? കഥകളിലൂടെ പ്രകാശം പരത്തുന്ന പത്മനാ ഭൻ?"

ഇല്ലെന്നെങ്ങനെ പറയും? മിസ്റ്റർ പത്മനാഭന്റെ കഥകൾ വായിച്ചിട്ടുണ്ട്; രസി ച്ചിട്ടുണ്ട്. രണ്ടു പേരും രണ്ടു രീതിയിലാണെന്നെ സ്വാധീനിച്ചതെന്നു പറയട്ടെ. പക്ഷേ, അക്കാലത്തൊന്നും രണ്ടു പേരെയും കാണാൻ കഴിഞ്ഞിരുന്നില്ല. കാലം കുറെ ചെന്നപ്പോൾ ഒരു ചെറിയ ആക്രമണമുണ്ടാകുന്നു. വേണമെങ്കിൽ കടലാ ക്രമണമെന്നു പറയാം. ഇന്ത്യയിലെ കടൽ തീരങ്ങളിലങ്ങോളമിങ്ങോളം സഞ്ച രിച്ച്, മണ്ണു ശേഖരിച്ചുവരുന്ന കലാകാരന്മാരുടെ ഒരു സംഘം കോഴിക്കോട്ടെത്തി ച്ചേരുന്നു. അവരെ സ്വീകരിക്കാൻ ഞങ്ങൾ ചെല്ലുന്നു. പൊടിയനുണ്ട്, എം. ടി. യുണ്ട്, അരവിന്ദനുണ്ട്. കടൽത്തീരത്തുവെച്ചല്ലാ, റസ്റ്റ് ഹൗസിൽ വച്ചാണ് അവ രെ കാണുന്നത്. സംഘത്തെ നയിക്കുന്നതു സുപ്രസിദ്ധ ചിത്രകാരനായ മിസ്റ്റർ വിശ്വനാഥൻ. വിശ്വനാഥനെക്കുറിച്ച് കേരളീയ ജനതയോട് എന്തെങ്കിലും പറ യുന്നതു അധിക പ്രസംഗമായിരിക്കും. അദ്ദേഹത്തെ കേൾക്കാത്തവരും അറിയാ ത്തവരും ആരുണ്ടിവിടെ. സംഘത്തിൽ 'കടമ്മനിട്ട'യുണ്ട്. 'പഴവിള'യുണ്ട്. വേ

റെയും പലരുണ്ട്. എല്ലാവരേയും വ്യക്തമായോർക്കാൻ കഴിയുന്നില്ല. കാലം ചെല്ലുമ്പോൾ ഇങ്ങനെയൊരു ഓർമ്മക്കുറിപ്പെഴുതേണ്ടിവരുമെന്ന വിചാരമുണ്ടായിരുന്നെങ്കിൽ എല്ലാം വിശദമായി അന്നുതന്നെ കുറിച്ചു വെക്കാമായിരുന്നു. അതുണ്ടായില്ല. ഇനി പറഞ്ഞിട്ടെന്തു കാര്യം? ഇവിടെ വിഷയം പഴവിളയാണല്ലോ. അന്ന് അവിടെവെച്ചു കണ്ടു. എല്ലാവരും ചേർന്നു പൊടിയന്റെ ആതിഥ്യം സ്വീകരിച്ചു. കുറേ മണിക്കൂറുകൾ ചെലവഴിച്ചു.

പിന്നെ പല സന്ദർഭങ്ങളിൽ പല സ്ഥലങ്ങളിൽ വെച്ചും പഴവിളയെ കണ്ടിട്ടുണ്ട്. സംഭാഷണപ്രിയനാണ്. പ്രമുഖരായ പല വ്യക്തികളുമായി അടുത്ത ബന്ധമുള്ള പഴവിളയ്ക്ക് രസകരങ്ങളായ പല അദ്ഭുത കഥകളും പറയാനുണ്ടാവും, മുഷിപ്പു കൂടാതെ സരസമായതു പറയുകയും ചെയ്യും, ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഉദ്യോഗസ്ഥനെന്ന നിലയിൽ കോഴിക്കോട്ടെത്തിച്ചേർന്നപ്പോഴാണ് ഞങ്ങൾ കൂടുതലടുക്കുന്നത്. ഇവിടെ ഒരല്പ വ്യസനം. പഴവിളയുടെ തിരുവനന്തപുരത്തുള്ള വീട് ഒരു ഊട്ടുപുരയാണെന്നും ആർക്ക് എപ്പോൾ കയറിച്ചെന്നാലും അവിടെ നിന്ന് ഊണു കിട്ടുമെന്നും എന്നോടു പലരും പറഞ്ഞിട്ടുണ്ട്. ഊണ് കിട്ടുക മാത്രമല്ല, സുഖമായി ഊണു കഴിച്ച് എത്ര ദിവസം വേണമെങ്കിലും അവിടെത്തന്നെ കഴിച്ചുകൂട്ടാനും ഒരു വിഷമവുമില്ലെന്നും കേട്ടിട്ടുണ്ട്. ഒരിക്കലെങ്കിലും അവിടെച്ചെല്ലാനോ, പഴവിളയുടെ ഊട്ടുപുരയിൽ നിന്ന് ഒരു നേരത്തെ ഭക്ഷണം കഴിക്കാനോ ഇന്നോളം സാധിച്ചിട്ടില്ല. അതാണാല്പ വ്യസനമെന്നു പറഞ്ഞത്. പഴവിളയുടെ കോഴിക്കോട്ടെ സങ്കേതം അരവിന്ദന്റെ സങ്കേതം പോലെ സന്തോഷപ്രദങ്ങളായ സായങ്കാലസമ്മേളനങ്ങളുടെ ഒരു കേന്ദ്രമായിരുന്നു. ഇടയ്ക്കിടെ വാരിയെടുത്തു പൊടിതട്ടി താലോലിക്കാൻ പറ്റിയ ഓർമ്മയായി മനസ്സിന്റെ അകക്കള്ളിയിൽ ഞാനിന്നുമതു ഭദ്രമായി സൂക്ഷിക്കുന്നു.

ഒത്തുചേരലിനും കൂട്ടം കൂടലിനും അത്രയൊന്നും താൽപര്യം കാണിക്കാത്ത വ്യക്തിയാണ് മിസ്റ്റർ പത്മനാഭൻ. ഒറ്റയാനെന്നു പലരും മിസ്റ്റർ പത്മനാഭനെ വിശേഷിപ്പിച്ചു കേട്ടിട്ടുണ്ട്. അടുത്തു പരിചയിക്കാൻ കഴിയാത്തവർക്കങ്ങനെ തോന്നുന്നതിലദ്ഭുതമില്ല. "പുറം കഠോരം, പരിശുഷ്കമൊട്ടുക്കുള്ളോ മൃദു സ്വാദുരസാനുവിദ്ധം"—ഇതേതെങ്കിലും കാഥികനെപ്പറ്റി കവി പാടിയതാണോ? എങ്കിൽ മിസ്റ്റർ പത്മനാഭനതു ചേരും. പൂവിതൾ പോലെ മൃദുലമാണ് പത്മനാഭന്റെ മനസ്സ്. പൂങ്കാറ്റുപോലെ നിങ്ങളെ പുല്കാൻ ഒരുങ്ങിനില്ക്കുന്നതാണ് പത്മനാഭന്റെ സൗഹൃദം. അദ്ദേഹത്തെപ്പറ്റി ഓർക്കുമ്പോഴൊക്കെ എന്റെ മനസ്സിന്റെ അടിത്തട്ടിൽ നിന്നൊരു മുഴക്കമുള്ള വാക്ക് ഉയർന്നു വരും: "അബദ്ധം" ഈ വാക്കു പത്മനാഭന്റെ സ്ഥിര മുദ്രാവാക്യമാണെന്നെനിക്കു പലപ്പോഴും തോന്നീട്ടുണ്ട്. നെറികേടിനുനേരെ, കുത്സിതവൃത്തിക്കുനേരെ വിട്ടുവീഴ്ച കാണിക്കുന്ന സ്വഭാവം അദ്ദേഹത്തിനില്ലല്ലോ. എങ്ങാനുമൊരു പാകപ്പിഴ കണ്ടെത്തിയാൽ ഉടനെ ആ ശബ്ദം മുഴങ്ങും: "അബദ്ധം". ഈ മുഴക്കം സ്വകാര്യസംഭാഷണത്തിൽ ഒതുങ്ങുന്നില്ല. പ്രസംഗവേദിയിൽ ആയിരങ്ങളുടെ മുമ്പിൽ വെച്ചും അദ്ദേഹമിതു പറയും. ഇങ്ങനെ വെട്ടിത്തുറ

ന്നു പറയുന്ന സമ്പ്രദായം ശത്രുക്കളെ സൃഷ്ടിക്കുമെന്നറിഞ്ഞിട്ടും അനുഭവപ്പെട്ടിട്ടും ഒറ്റ യ്ക്കു വെട്ടിക്കേറാനൊരുമ്പെട്ട മട്ടാണ്. ഇക്കാര്യത്തിൽ വിലക്കുകളോ വിലങ്ങുകളോ അദ്ദേഹത്തെ പിടിച്ചടക്കിയതായറിവില്ല. മിസ്റ്റർ പത്മനാഭനെ കാണുക, അദ്ദേഹ വുമായി അല്പനേരം സംസാരിച്ചിരിക്കുക. പല വ്യക്തികളെക്കുറിച്ചും പ്രസ്ഥാനങ്ങ ളെക്കുറിച്ചും അദ്ദേഹത്തിനുള്ള ശക്തിമത്തായ അഭിപ്രായം കേൾക്കുക, എനിക്കു വളരെയേറെ ഇഷ്ടമുള്ള കാര്യമാണ്. പ്രസിദ്ധിക്കുവേണ്ടി, സ്ഥാനമാനങ്ങൾക്കുവേ ണ്ടി സ്വാഭിപ്രായം ബലികഴിക്കാത്ത സ്ഥിതപ്രജ്ഞനായ പത്മനാഭന്റെ സുഹൃത്താ വാൻ കഴിഞ്ഞതിൽ എനിക്കഭിമാനമുണ്ട്.

കടമ്മനിട്ടയുടെ പേരിവിടെ പറഞ്ഞല്ലോ. അതങ്ങനെ ഒഴുക്കനായി പറഞ്ഞു വിട്ടുകളയേണ്ട പേരല്ല. ഞങ്ങൾ തമ്മിലുള്ള ബന്ധം ഒരിക്കലും അതനുവദിക്കുകയി ല്ല. അരവിന്ദനാണ് കടമ്മനിട്ടയെ പരിചയപ്പെടുത്തുന്നത്. അരവിന്ദനുള്ളപ്പോൾ ഇടയ്ക്കിടെ കടമ്മനിട്ട കോഴിക്കോട്ടെത്തും. എത്തിയാൽ അദ്ദേഹം തങ്ങുന്ന ഹോ ട്ടൽ കണ്ടുപിടിച്ചു ഞാനവിടെയെത്തും. വെറുതെ അന്വേഷിച്ചു ചെല്ലുന്നതല്ല. കവിത കേൾക്കാൻ. കടമ്മനിട്ട ചൊല്ലിക്കേൾക്കുമ്പോൾ കവിതയ്ക്കു പല പല മാനങ്ങളുള്ള തായി അനുഭവപ്പെടും. എന്തൊരു മുഴക്കമുള്ള ശബ്ദം. കോഴിക്കോട്ടെ ടൗൺഹാ ളിൽ, കോളേജുകളിൽ, സ്വകാര്യസദസ്സുകളിൽ, സുഹൃദ് സമ്മേളനങ്ങളിൽ രാത്രി കൾ പകലാക്കുന്ന കവിതാപാരായണങ്ങൾ പലതുമന്നു നടന്നിട്ടുണ്ട്. കടമ്മനിട്ട യുടെ കവിതാപാരായണത്തിന്റെ ആസ്വാദ്യതയെക്കുറിച്ചൊരു കഥ. ഒരു ദിവസം, അന്നു കോഴിക്കോട്ട് ഡെന്റൽ കോളേജിൽ പഠിക്കുന്ന മകളോടൊപ്പം കടമ്മനിട്ട എന്റെ വീട്ടിൽ വന്നു. രാത്രി ഒരു പത്തുമണിയായിട്ടുണ്ടാവും. രണ്ടു പോലീസ് ആപ്പീ സറന്മാർ വരുന്നു, ഒരു അരമണിക്കൂർനേരത്തേക്ക് കടമ്മനിട്ടയെ വിട്ടുകൊടുക്ക ണമെന്നു പറഞ്ഞു കൊണ്ട്. ആ രണ്ടുപേരുമല്ലാത്ത മറ്റേതെങ്കിലും ആപ്പീസറന്മാ രാണെങ്കിൽ കടമ്മനിട്ടയെ കൊണ്ടുപോകുന്നത് 'ചോദ്യം' ചെയ്യാനാണെന്നു കരു തി ഞാൻ പരിഭ്രമിക്കും. ഇതങ്ങനെയല്ല; അവർക്കു കടമ്മനിട്ടയുടെ കവിത ചൊ ല്ലൽ കേൾക്കണം. നിർബ്ബന്ധമാണ്. ഞങ്ങൾ അവരോടൊപ്പം പോയി. സംഗ തി പൊടിപൊടിക്കുകയും ചെയ്തു. അങ്ങനെ ഏതൊക്കെ മേഖലകളിൽനിന്നാണ് കടമ്മനിട്ടയ്ക്കു ക്ഷണം വന്നുകൊണ്ടിരുന്നത്; കൈയും കണക്കുമില്ല. ഉന്നത ശ്രേണി യിൽനിന്നു തുടങ്ങി, താഴേ പടവുവരേയുള്ളവർക്ക് കടമ്മനിട്ട ഒരു 'ഹര'മായിരുന്നു. അക്കാലത്തൊരു ദിവസം രാത്രി കോഴിക്കോട്ടെ തെരുവിലൂടെ ഞങ്ങൾ നടക്കുന്നു. അപ്പോൾ കടമ്മനിട്ട പറയുന്നു:

"നമുക്കു ഹോട്ടലിലേക്കു പോകാം. ഒരു കവിതയുണ്ട്; വായിക്കാം."

സന്തോഷം. പരമ സന്തോഷം. ഞാൻ നടത്തത്തിനു വേഗംകൂട്ടി. ഹോട്ടൽ മുറിയിലിരുന്നു ജൂബ്ബയുടെ പോക്കറ്റിൽ നിന്നു കവിതയെടുത്ത് വായന തുടങ്ങി:

ശാന്തേ,
കളികഴിഞ്ഞീറൻ പകർന്ന്

വാർകൂന്തൽ കോതിവകഞ്ഞ്, പുറകോട്ട വാരിയിട്ടാ-
വളക്കയ്യുകൾ മെല്ലെയിളക്കി...

പതുക്കെ തുടങ്ങി. വളക്കിലുക്കത്തിന്റെ മന്ദ്രസ്വരം കേൾപ്പിച്ച്, പിന്നെ മുഴക്കത്തിലൂടെ, ഉച്ചസ്ഥായിയിൽ കയറി ആ കവിത അങ്ങനെ നാലുപാടും പടരുകയാണ്. ചൊല്ലുന്നതിനിടയിൽ പറയുന്നു:

"ഇതു പൂർണ്ണമല്ല; എഴുതിത്തുടങ്ങിയതേയുള്ളൂ." എങ്കിലും ഉള്ളതു മുഴുവനും അമൃതമായിരുന്നു. അതിന്റെ ആസ്വാദ്യത ഇന്നും മനസ്സിലുണ്ട്. അതു തേട്ടിവരുമ്പോൾ ഇന്നും അറിയാതെ ഞാൻ മൂളിപ്പോകുന്നു; സംഗീതത്തിന്റെ നാലയലത്തുപോലുമെത്താത്ത എന്റെ അപസ്വരത്തിലൂടെ:

നീ വരൂ, നിത്യഹരിത സംതൃപ്തിപോൽ,
നീ വരൂ രാഗവിവശം
സരിത്തുപോൽ
നീ വരൂ ദുഃഖമായ് നീ വരൂ ശക്തിയായ്,
നീ വരൂ സത്യമായ്...

ഇതൊരാത്മാലാപമാണ്; കവിതയെ ഉദ്ദേശിച്ചും കവിയെ ഉദ്ദേശിച്ചും.

എനിക്കിനി ഓർക്കാനും പറയാനുമുള്ളത് രണ്ടു തമ്പുരാക്കന്മാരെപ്പറ്റിയാണ്—മങ്കട രവിവർമ്മയും ഡോക്ടർ കെ. ടി. രാമവർമ്മയും. രണ്ടു പേരെയും ഞാൻ തമ്പുരാനെന്നു സംബോധനചെയ്യുന്നു. അവർക്കിഷ്ടമായാലും ഇല്ലെങ്കിലും അതല്ലാതെ മറ്റൊരു പേരുകൊണ്ടവരെ സംബാധന ചെയ്യാനെനിക്കു വിഷമം.

ശ്രീ മങ്കട രവിവർമ്മയെ ഞാൻ കാണുന്നതും അടുത്തിടപഴകുന്നതും ഉത്തരായനത്തിന്റെ പ്രവർത്തനങ്ങൾ നടക്കുമ്പോഴാണ്. ഒരു സിനിമയിലെ ക്യാമറാമാൻ എന്നു പറഞ്ഞാൽ, ഏതെങ്കിലും വലിയ ഹോട്ടലിൽ താമസിക്കുകയും, പരിചാരകർ ചെന്നു വിളിച്ചുണർത്തി വലിയ കാറിൽ സംഭവസ്ഥലത്തു കൊണ്ടുവന്നിരുത്തി ആദരിക്കുകയും ചെയ്യു ന്ന ഒരു അദ്ഭുതവ്യക്തിയെന്ന നിലയിലാണ് ഞാൻ കരുതിപ്പോന്നത്. എന്നാൽ എന്റെ ആ അഭിപ്രായം പാടെ തിരുത്തിത്തന്നത് മങ്കട രവിവർമ്മതമ്പുരാനാണ്. സാധാരണക്കാരിലും സാധാരണക്കാരനായ ഒരു മനുഷ്യൻ. തന്റെ ജോലിയിലാണെങ്കിൽ അതിവിദഗ്ദ്ധൻ. ലൈറ്റ് ബോയി തുടങ്ങി ഡയരക്ടർ വരെ എല്ലാവരോടും ഒരേനിലയിലുള്ള പെരുമാറ്റം. വേണ്ടെടത്തു വേണ്ടത്ര വിനയം. ആവശ്യമുള്ള സന്ദർഭങ്ങളിൽ ഒട്ടും അമിതമാവാത്ത ഗൗരവം. തനിക്കു പ്രത്യേകമായ ആനുകൂല്യങ്ങളോ സൗകര്യങ്ങളോ ആവശ്യമില്ല. അറിഞ്ഞു വല്ലവരും വല്ലതും ചെയ്തുപോയാൽ വിനയത്തോടെ അതു നിരസിക്കുകയും ചെയ്യും. എല്ലാവരേയും പോലെയാണ് താനെന്നും തനിക്കൊരു പ്രത്യേകതയുമില്ലെന്നും തന്റെ പ്രവൃത്തിയിലൂടെ അദ്ദേഹം എപ്പോഴും തെളിയിച്ചുകൊണ്ടിരിക്കും. തെറ്റാരുടെ പക്ഷത്തുനിന്നു വന്നാലും അതു ക്ഷമാപൂർവ്വം തിരുത്തിക്കൊടുക്കും. അറിയാത്ത കാര്യങ്ങൾ

വാക്കുകൾ കൊണ്ടല്ല പ്രവൃത്തികൊണ്ടു കാണിച്ചു ബോദ്ധ്യപ്പെടുത്തിയാണ് പഠിപ്പിക്കുക. അദ്ദേഹം ജോലിചെയ്യുന്നതു കണ്ടുനില്ക്കുന്നതുപോലും വലിയൊരനുഭവമാണ്. ഉത്തരായനത്തിന്റെ വിജയത്തിൽ അദ്ദേഹത്തിനുള്ള പങ്ക് വളരെ വിലപ്പെട്ടതാണെന്ന് അറിയാത്തവരാരുമില്ല. അദ്ദേഹത്തിന്റെ ചില ലേഖനങ്ങൾ വായിക്കാനിടവന്നപ്പോഴൊക്കെ എനിക്കു തോന്നിയൊരു കാര്യമുണ്ട്. സാഹിത്യവിഷയത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ സമയമദ്ദേഹത്തിനു കിട്ടിയിരുന്നെങ്കിൽ, ചലച്ചിത്രത്തിലെന്ന പോലെ അവിടെയുമദ്ദേഹത്തിന് വലിയൊരു പദവി കിട്ടുമായിരുന്നു. അദ്ദേഹവുമായുള്ള അടുപ്പം എന്റെ ജീവിതത്തിലെ വലിയൊരു നേട്ടമായി ഞാൻ സൂക്ഷിക്കുകയാണ്.

അരവിന്ദന്റെ സദസ്സിൽ വെച്ചാണ് കാളപ്പോരിന്റെ നാട്ടിൽ നിന്ന് ഉന്നത ബിരുദമെടുത്ത് നാട്ടിൽ തിരിച്ചെത്തിയ ഡോ. കെ. ടി. രാമവർമ്മത്തമ്പുരാനെ ഞാൻ കാണുന്നത്. ഒഴിവുകിട്ടുമ്പോഴൊക്ക അന്നദ്ദേഹം കോഴിക്കോട്ട് വരും. അരവിന്ദനും പട്ടത്തുവിളയും എം. ടി. യുമെല്ലാമൊത്ത് കഥപറഞ്ഞും ചിരിച്ചും രസിച്ചും സമയം കഴിക്കും. ഞങ്ങളിലൊരാളായി മാറാനും ഞങ്ങളോടൊപ്പം ഏതു കാര്യത്തിൽ പങ്കുകൊള്ളാനും ആ വലിയ മനുഷ്യന് ഒരു മടിയും ഉണ്ടായിരുന്നില്ല. ചിത്രകലയെക്കുറിച്ചോ സംഗീതത്തെക്കുറിച്ചോ സാഹിത്യത്തെക്കുറിച്ചോ 'അതിഗഹനമായ' ശാസ്ത്രവിഷയങ്ങളെക്കുറിച്ചോ ആധികാരികമായി അഭിപ്രായം പറയാൻ അദ്ദേഹത്തിനു കഴിയും. നല്ല ലളിതമായ ഭാഷയിൽ എഴുതാനുള്ള പാടവം തെളിയിക്കുന്നതാണ് 'കാളപ്പോരിന്റെ നാട്ടിലെ'ന്ന ഗ്രന്ഥം. നോവലും ജീവചരിത്രവും അദ്ദേഹം രചിച്ചിട്ടുണ്ട്. ഇതിലേതെങ്കിലുമൊന്നു മതി; ഒന്നുമാത്രം മതി; അദ്ദേഹത്തിന്റെ കഴിവിന്റെ മാറ്ററച്ചു കാണിക്കാൻ. മലയാളവായനക്കാരോട് ഇതിലേറെ വിസ്തരിക്കേണ്ട ആവശ്യമില്ലല്ലോ. അദ്ദേഹവുമായി അരവിന്ദന്റെ താവളത്തിൽ ചെലവഴിച്ച നിമിഷങ്ങൾ എത്രയും വിലകൂടിയതാണെന്നു പറഞ്ഞു നിർത്തട്ടെ.

ക്ഷമിക്കുക. എന്നോടൊപ്പം എന്റെ സുഖദുഃഖങ്ങളിൽ പങ്കെടുത്ത് ഇതുവരെ വന്നെത്തിയ നിങ്ങൾക്ക് അല്പം കണ്ണീരിന്റെ ഉപ്പുരസം നല്കിക്കൊണ്ടിത് അവസാനിപ്പിക്കുന്നതിൽ മാപ്പുനല്കുക. എന്റെ ശങ്കരപ്പിള്ള! ശാസ്താംകോട്ട കോളേജിൽ പ്രൊഫസ്സറായ കാലത്ത് നിത്യവും രാത്രി, തിരുവനന്തപുരത്തെത്തി നാടക സംബന്ധിയായ പഠനവും പര്യവേക്ഷണവും പരിശ്രമവും നടത്തിപ്പോന്ന ശ്രീ ജി. ശങ്കരപ്പിള്ളയെപ്പറ്റിയാണ് ഞാൻ ഓർക്കുന്നതും പറയുന്നതും. നാടകരചനയെപ്പറ്റിയും അരങ്ങൊരുക്കലിനെപ്പറ്റിയും സംവിധാനത്തെപ്പറ്റിയുമൊക്കെ ചെറിയ ചെറിയ പ്രസിദ്ധീകരണങ്ങൾ അന്ന് തിരുവനന്തപുരത്തുവെച്ച് മുദ്രണം ചെയ്ത് പുറത്തിറക്കിയിരുന്നു. അവയെല്ലാം തന്നെ പ്രസിദ്ധീകരണത്തിന്റെ ആദ്യതാളിൽ ജി. ശങ്കരപ്പിള്ളയെന്നു വടിവൊത്ത ചെറിയ മലയാളലിപിയിൽ രേഖപ്പെടുത്തി എനിക്കയച്ചു തരുമായിരുന്നു. അമ്പരപ്പോടെയാണ് ഞാനതൊക്കെ കൈപ്പറ്റിയിരുന്നത്. അന്ന് അദ്ദേഹത്തെക്കുറിച്ചു പറഞ്ഞു കേട്ടും വായിച്ചറിഞ്ഞുമുള്ള പരിചയമേ എനിക്കുണ്ടായിരുന്നുള്ളൂ. എന്നെ ഏതു നിലയിൽ അദ്ദേഹം മനസ്സിലാക്കിയെന്നെനിക്ക

റിഞ്ഞു കൂടാ. പതിവായെനിക്കു പ്രസിദ്ധീകരണങ്ങൾ അയച്ചു തന്നുകൊണ്ടേയിരു ന്നു. അങ്ങനെയങ്ങനെ, കാണാതെ, പരിചയപ്പെടാതെ, സംജാതമായ ബന്ധം തൃശ്ശൂരിൽ വെച്ചാണ് കൂടുതൽ ശക്തിപ്രാപിച്ചത്. ഞങ്ങൾ രണ്ടുപേരുമന്നു സംഗീ തനാടക അക്കാദമി ജനറൽ കൗൺസിൽ അംഗങ്ങളായിരുന്നു. പരസ്പരം കാണാ നും അടുക്കാനുമുള്ള സന്ദർഭം അവിടെവച്ചുണ്ടായി. അത് സഹോദരനിർവിശേഷ മായ സ്നേഹമായി പിന്നീടു വളർന്നു: അടുത്ത ഊഴത്തിൽ അദ്ദേഹം അക്കാദമി ചെ യർമാനാവുന്നു. അപ്പോഴും പല സംരംഭങ്ങളിലും അദ്ദേഹം എന്നെ പങ്കാളിയാക്കു ന്നു. സ്കൂൾ ഓഫ് ഡ്രാമയുടെ ഡയറക്ടറായിക്കഴിഞ്ഞപ്പോൾ അദ്ദേഹം വിദഗ്ധസമി തിയിൽ പലതിലും എന്നെ അംഗമാക്കിയെടുത്തു. ശ്രീ വേണുക്കുട്ടൻനായർ അദ്ദേ ഹത്തിന്റെ അടുത്ത സുഹൃത്തും സഹപ്രവർത്തകനുമായിരുന്നു. ഞങ്ങൾ മൂന്നുപേ രും ഒരുമിച്ച് അരനാട്ടുകരയിലെ വസതിയിൽ കഴിച്ചുകൂട്ടിയ നല്ല ദിവസങ്ങളെക്കു റിച്ച് ഒരു ഗദ്ഗദത്തോടുകൂടി മാത്രമേ ഇപ്പോൾ ഓർക്കാൻ കഴിയുന്നുള്ളൂ. ഒരു ജീ വിതകാലമത്രയും മലയാളനാടകവേദിയുടെ അഭിവൃദ്ധിക്കു വേണ്ടി തളരാതെ അദ്ദേ ഹം പ്രവർത്തിച്ചു. പഠനവും പരിശീലനവമില്ലാതെ ആർക്കും ഏതു നിലയിലും കൈ കാര്യം ചെയ്യാൻ സ്വാതന്ത്ര്യമുള്ള ഒരു കലാരൂപമാണ് നാടകമെന്ന വിശ്വാസത്തി നദ്ദേഹം മാറ്റം വരുത്തി. നാടക കലയെ സംബന്ധിക്കുന്ന ആധികാരിക ഗ്രന്ഥ ങ്ങൾ രചിച്ചു. ശാരീരികമായ അസ്വാസ്ഥ്യങ്ങൾ അവഗണിച്ച് കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ സഞ്ചരിച്ച് നാടകകലയെ സംബന്ധിച്ചുള്ള ചർച്ചാ യോഗ ങ്ങളും ക്ലാസ്സുകളും നടത്തി, യുവജനങ്ങളിൽ ബോധം വളർത്തി. നിരന്തരമായ യാ ത്രയിലൂടെ തീവണ്ടിയിലും ബസ്സിലുമായി കഴിച്ചു കൂട്ടിയ ദിവസങ്ങൾക്ക് കൈയും കണക്കുമില്ല.

ഞങ്ങളുടെ അവസാനത്തെ കൂടിച്ചേരൽ. ദൂരദർശനിൽ ഒരു പരിപാടി. ഞങ്ങൾ തൊട്ടുതൊട്ടിരുന്നു. ഒരുമിച്ച് ഊണുകഴിച്ചു. വിശ്രമിച്ചതും ഒരുമിച്ചുതന്നെ. ഇടയിൽ സുകുമാരൻചേട്ടനെ അദ്ദേഹം ഓർക്കുന്നു. അദ്ദേഹം സുഖമില്ലാതെ കിട പ്പാണ്. ചെന്നു കാണണമെന്നായി. ഉടനെ പുറപ്പെട്ടു. സുകുമാരൻ ചേട്ടനെ കണ്ടു. ഏറെനേരം വർത്തമാനം പറഞ്ഞു. അസുഖം അത്ര സാരമില്ലെന്നും ഉടനെ പഴ യപോലെ പുറത്തിറങ്ങാമെന്നും പറഞ്ഞാശ്വസിപ്പിച്ച് യാത്ര പറഞ്ഞു. വഴിയിൽ വെച്ചദ്ദേഹം പറയുന്നു: ഞാനിന്നു മടക്കമില്ല. വിമൻസ് കോളജിൽ നാളെ ക്ലാസ്സു ണ്ട്. അതു കഴിഞ്ഞാണ് മടക്കം. താമസിയാതെ കോഴിക്കോട്ടു വരാം, കാണാം. ഞങ്ങൾ പിരിയുന്നു. ഒരാഴ്ച. അവസാനരംഗത്തിന്റെ തിരശ്ശീല വീണ് ആ ജീവിതം അവസാനിച്ച വാർത്തയാണ് പിന്നെ കേൾക്കുന്നത്. ധന്യമായ ആ ജീവിതത്തി ന്റെ സ്മരണയ്ക്കു മുമ്പിൽ ഒരിറ്റു കണ്ണീർ!

തീർന്നില്ല. നിങ്ങൾ 'ഗ്രാമീണ'നെ അറിയുമോ? ഒരുകാലത്തു മാതൃഭൂമി ആഴ്ച പ്പതിപ്പിൽ നല്ല വള്ളുവനാടൻ ശൈലിയിൽ, ഗ്രാമീണ ജീവിതത്തിന്റെ അതീവസുന്ദ രങ്ങളായ കഥകളെഴുതിയ ഗ്രാമീണനെ—ശ്രീ ടി. നാരായണനമ്പീശനെ നിങ്ങൾ മറന്നുപോയോ? പലപേരിൽ, പല രീതിയിൽ, അതിപ്രഗല്ഭമായ സംഭാവനകൾ

കൊണ്ടു മലയാണ്മയെ സമ്പന്നമാക്കിയ നാരായണനമ്പീശൻ ഫാറൂക്ക് കോളേജിലെ ഹിന്ദി പ്രൊഫസ്സറായിരുന്നു. ഹിന്ദി, സംസ്കൃതം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ പ്രവീണൻ. മാതൃഭൂമിയിൽ കുഞ്ഞപ്പേട്ടന്റെ മുറിയിൽവെച്ചാണ് ഞാനദ്ദേഹത്തെ ആദ്യമായി കാണുന്നത്. ആ ദിവസംതൊട്ട് ഒരു കുടുംബാംഗമെന്ന നിലയിൽ അദ്ദേഹമെന്ന സ്വീകരിച്ചു. ഞാൻ കോഴിക്കോട്ടു താമസിക്കാൻ തീരുമാനിച്ചപ്പോൾ അദ്ദേഹം വളരെ സന്തോഷിച്ചു. പെട്ടിയും പ്രമാണവുമായി ഒരു ദിവസം അദ്ദേഹമെന്റെ വീട്ടിൽ കയറിവന്ന്, ഞാനും ഇവിടെ കൂടിക്കളയാമെന്നു പറഞ്ഞു. അന്നദ്ദേഹം ആകാശവാണിയിൽ ഹിന്ദി പാഠം കൈകാര്യം ചെയ്യുകയായിരുന്നു. അതിരാവിലെ വരണം. ആ ബുദ്ധിമുട്ടൊഴിവാക്കാനാണ് എന്റെ കൂടെ താമസിക്കാമെന്നുവെച്ചത്. പക്ഷേ, അതൊരിക്കലുമുണ്ടായില്ല. ചില നേരങ്ങളിൽ വരും. കുളിച്ചു വൃത്തിയായി പടികടന്നു പോവുകയും ചെയ്യും. ഒരുദിവസം നോക്കുമ്പോൾ അദ്ദേഹത്തിന്റെ പെട്ടിക്കു കീഴിൽ അരിമണികൾ ചിതറിക്കിടക്കുന്നതു കണ്ടു. കാരണമറിയാൻവേണ്ടി പെട്ടി തുറന്നു നോക്കുമ്പോൾ നിറച്ചും കൈക്കുത്തരി. സന്തോഷം. അരിക്ക് അതികലശലായ ക്ഷാമമുള്ള കാലം. അദ്ദേഹത്തിന്റെ സമ്മതം ചോദിക്കാൻ ക്ഷമയുണ്ടായില്ല. അരിയെടുത്ത് ഞങ്ങൾ സുഭിക്ഷമായി ചില ദിവസങ്ങൾ ഊണുകഴിച്ചു. ബാബു രാജേന്ദ്രപ്രസാദിന്റെ ആത്മകഥ—ആ ബൃഹദ്ഗ്രന്ഥം—പരിഭാഷപ്പെടുത്തിയ ഗ്രാമീണൻ ഇന്നൊരോർമ്മ മാത്രമാണ്. ആ സ്നേഹസമ്പന്നനായ വലിയ മനുഷ്യൻ എനിക്കെന്റെ ഗുരുനാഥനെപ്പോലെയായിരുന്നു.

നിർത്തട്ടെ. എന്റെ കുടുംബകാര്യമൊന്നും പറഞ്ഞില്ലെന്ന പരാതിയുണ്ടോ? അതും തീർത്തുകളയാം. 1949-ലെ മഴക്കാലം. ആഗസ്റ്റു മാസം പിറന്നിട്ടും മഴയുടെ ശക്തി കുറഞ്ഞില്ല. ഓണം നേരത്തെയാണ്. തോടും പാടവും പുഴയുമൊക്കെ നിറഞ്ഞു നില്ക്കുന്നു. കഴുത്തോളം വെള്ളത്തിലൂടെ നീന്തിയിട്ടു വേണം ഇത്തവണ ഓണത്തിനു കടന്നു വരാനെന്നു പലരും പറഞ്ഞു. വ്യക്തമായി ഓർക്കുന്നു. അന്ന് ഉത്രമാണ്. പിറ്റേന്ന് അത്തവും. ആകാശത്തിന്റെ കനം വിട്ടിട്ടില്ല. എപ്പോൾ വേണമെങ്കിലും മഴ പെയ്യാമെന്ന മട്ടാണ്. സന്ധ്യയുടെ കറുപ്പും കരിമേഘത്തിന്റെ മുഴപ്പും കൂടിയായപ്പോൾ ഒരു ദുർദ്ദിനത്തിന്റെ ലക്ഷണം പൂർത്തിയായി. ഒന്നരവയസ്സായ എന്റെ മകൾ തോളിൽ കിടന്നുറങ്ങുന്നു. അവളുടെ അമ്മ രോഗശയ്യയിൽ. ആയുർവേദക്കാരും അലോപ്പതിക്കാരും മാറിമാറി നോക്കിയിട്ടും രോഗം വിട്ടുമാറുന്നില്ല. മരുന്നിനു തല മടക്കാത്ത പനി. കോഴിക്കോട്ടുനിന്നു വിദഗ്ധനായ ഡോക്ടർ വന്നു ചികിത്സ നിർദ്ദേശിച്ചു. പനി പിന്മാറുന്നില്ല. രണ്ടു മാസമായി കാട്ടുതീപോലെ കത്തിക്കയറുകയാണു പനി. രാവും മഴക്കാറും കൂടി പകലിനെ വിഴുങ്ങിക്കൊണ്ടിരിക്കുന്നു. പതുക്കെ ഒരു കാറ്റടിച്ചു. മഴക്കുള്ള ആരംഭം. അപ്പോൾ രോഗശയ്യയിൽ നിന്നു ക്ഷീണിച്ച സ്വരം:

"കുഞ്ഞേട്ടാ." അടുത്തു ചെന്നു.

"രാത്രിയായോ?" രോഗിണിയുടെ ചാദ്യം.

"ആവുന്നു."

“ഓ! എന്തൊരിരുട്ട്. ജാലകം തുറക്കണം.”

“വേണ്ടാ. ശക്തിയായ മഴ വരുന്നു. വിളക്കു കത്തിച്ചിട്ടുണ്ടല്ലോ. അതു പോരേ?”

“പോരാ, ഒന്നും കാണുന്നില്ല. വല്ലാത്ത ഇരുട്ട്.”

ഒടുവിൽ പറഞ്ഞുനിർത്തുമ്പോൾ കിതപ്പുണ്ടായിരുന്നു. അതു വർദ്ധിച്ചു. ക്രമേണ നേർത്തുനേർത്തു വരുന്ന കിതപ്പ്. കഴിഞ്ഞു. എല്ലാം കഴിഞ്ഞു. മകൾ ഒന്നുമറിയാതെ തോളിൽ കിടന്നുറങ്ങുന്നു. അവളുടെ അമ്മ കിടക്കയിൽ ദീർഘനിദ്രകൊള്ളുന്നു.

മതി. ഞാനിവിടെ അവസാനിപ്പിക്കട്ടെ. അകലെ എന്റെ അരങ്ങൊരുങ്ങുന്നു. വേദിയിൽ സമൃദ്ധമായ വെളിച്ചം. തിരശ്ശീലയ്ക്കു പിറകിൽ എന്താണെന്നറിഞ്ഞു കൂടാ. ഇരുട്ടോ വെളിച്ചമോ? എന്തായാലും എനിക്കരങ്ങിൽ കേറാതെ വയ്യ. നടനെന്ന പേരു വീണുപോയാൽ അവിടെ കേറിയേ പറ്റൂ. ഞാൻ സന്തോഷത്തോടെ വിട വാങ്ങുന്നു. സദസ്യർക്ക് ആശീർവാദം നേർന്നുകൊണ്ട് അരങ്ങിനെ ലക്ഷ്യംവെച്ചു നടക്കുന്നു: നമസ്കാരം!

SAYAHNA • FOUNDATION •

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.